

# മണ്ണിൽ പൊന്നു വിളയിച്ചവർ

## ഇഞ്ചക്കാട്ട് കുടുംബചരിത്രം

റവ. ഡോ. തോമസ് ആനിക്കുഴിക്കാട്ടിൽ
എഡിറ്റർ

Malayalam

**Mannil Ponnu Vilayichavar**
History of Inchakattu Family
Ed. by Rev. Dr. Thomas Anikuzhikattil
Kunchithanni, Pottankadu P.O.,
Idukki - 685565

April 21 (Easter) 2019
Copyright to the Editor
Rev. Dr. Thomas Anikuzhikattil
Type Setting & Printing
WiGi Printers, Manganam P.O.,
Kottayam - 686 018
Tel: 0481 2570862; Email:wigipress@gmail.com

Published by

Tomy Zacharias Adimakkeel, General Secretary
Inchakattu Kudumbayogam
Kadaplamattom P.O.,
Kottayam - 686 572



# ഇഞ്ചക്കാട്ടു കുടുംബത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥ



The Holy Father Francis
cordially imparts the requested
Apostolic Blessing to
Injakkattu Kudumbayogam
and Charithra Pusthaka Prakasanam
invoking through the intercession of the Virgin Mary
an abundance of Divine graces
St. Mary's Parish Hall, Poonjar, 18 May 2019

Ex Aedibus Vaticanis die, 26.03.2019



# POPE FRANCIS

George Cardinal Alencherry
Major Archbishop Syro-Malabar Church

Prot. No. 0713 /2019

# ആശീർവചസ്സുകൾ

കുടുംബബന്ധങ്ങൾ പരിപോഷിപ്പിച്ചു വളർത്തുന്നതിനും നിലനിർത്തുന്നതിനും വളരെ സഹായകരമായ സംവിധാനങ്ങളാണ് കുടുംബയോഗവും കുടുംബചരിത്രരചനയുമൊക്കെ. ഈ വഴിക്കുള്ള ഒരു പരിശ്രമമാണല്ലോ ഇഞ്ചക്കാട്ട് കുടുംബയോഗസമ്മേളനവും നടത്തുന്നത്. കുടുംബാംഗങ്ങൾ തമ്മിൽ കൂടുതൽ അടുത്തറിയാനും ആശയവിനിമയം നടത്താനും സ്നേഹത്തിൽ വളരാനും ഇത്തരം സംരംഭങ്ങൾ വളരെ സഹായിക്കുമെന്നതിന് സംശയമൊന്നുമില്ല. അടിയുറച്ച വിശ്വാസജീവിതത്തിന്റെയും അധ്വാനത്തിന്റെയും പരസ്പരസഹകരണത്തിന്റെയും സാക്ഷ്യമായി സഭയിലും പൊതുസമൂഹത്തിലും ജീവിച്ചുവരുന്ന ഇഞ്ചക്കാട്ട് കുടുംബത്തിന് ഭാവിയിലും അപ്രകാരം ജീവിക്കുവാൻ ദൈവം അനുഗ്രഹം നൽകട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹത്തിന്റെ ആനന്ദം എന്ന അപ്പസ്തോലികപ്രബോധനം 87–ാം നമ്പറിൽ സഭയെ കുടുംബങ്ങളുടെ കുടുംബമായി വിശേഷിപ്പിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പാ എഴുതുന്നു: വിവാഹം എന്ന കൂദാശയാൽ, ഓരോ കുടുംബവും, ഫലത്തിൽ സഭയ്ക്ക് ഒരു നൻമയായിത്തീരുന്നു. ഈ നിലപാടിൽ നിന്നുകൊണ്ട് കുടുംബത്തിന്റെയും സഭയുടെയും ഇടയിലുള്ള പരസ്പരപ്രവർത്ത നത്തെക്കുറിച്ചു വിചിന്തനം ചെയ്യുന്നത് നമ്മുടെ കാലത്തെ സഭയ്ക്ക് അമൂല്യമായ ഒരു ദാനമായിരിക്കും. കുടുംബത്തിന് സഭയും സഭയ്ക്ക് കുടുംബവും നല്ലതാണ്.

പൊതുവിൽ കെട്ടുറപ്പുള്ള കുടുംബങ്ങളാണ് നമ്മുടേത്. കുടുംബപ്രാർത്ഥന, കുട്ടികളുടെ വിശ്വാസപരിശീലനം, മാതാപിതാക്കളോടുള്ള ബഹുമാനം, എന്നിങ്ങനെ പല നല്ല പാരമ്പര്യങ്ങളും നാം നൂറ്റാണ്ടുകളായി നിലനിർത്തിപ്പോരുന്നവയാണ്. വിശുദ്ധമായ കുടുംബജീവിതത്തിലൂടെയും ഇടവകകേന്ദ്രീകൃതമായ വിശ്വാസജീവിതത്തിലൂടെയും ക്രിസ്തീയ സാക്ഷ്യം നൽകാൻ ഇഞ്ചക്കാട്ട് കുടുംബാംഗങ്ങൾക്ക് തുടർന്നും കഴിയട്ടെ എന്നാശംസിക്കുന്നു.



# MAJOR ARCHBISHOP
# MAR GEORGE ALENCHERRY

ഇഞ്ചക്കാട്ട് കുടുംബയോഗത്തിനുവേണ്ടി മണ്ണിൽ പൊന്നു വിളയിച്ചവർ എന്ന പേരിൽ കുടുംബചരിത്രം തയ്യാറാക്കാൻ നേതൃത്വമെടുത്ത ബഹു. തോമസ് ആനിക്കുഴിക്കാട്ടിൽ അച്ചനെ അനുമോദിക്കുന്നു.

പരിശുദ്ധ അമ്മയുടെയും വി. യൗസേപ്പിന്റെയും മദ്ധ്യസ്ഥതയ്ക്കും സംരക്ഷണത്തിനും ഇഞ്ചക്കാട്ട് കുടുംബത്തെ ഭരമേല്പിച്ച് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!


മിശിഹായിൽ സ്നേഹപൂർവ്വം,

+ GAlencherry

**കാർഡിനൽ ജോർജ് ആലഞ്ചേരി**

**സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്**

17 April 2019



# രക്ഷാധികാരി

# MAR MATHEW ANIKUZHIKATTIL
## BISHOP EMERITUS IDUKKI

Mar Mathew Anikuzhikattil
Emeritus Bishop of Idukki

# അനുഗ്രഹ മൊഴികൾ

സ്വന്തം കുടുംബസാഹചര്യങ്ങൾ ഒരു വ്യക്തിയെ വളരെയേറെ സ്വാധീനിക്കും. അതുപോലെതന്നെ, ഓരോ കുടുംബത്തിന്റെയും വളർച്ചയിൽ സ്വന്തം മൂലകുടുംബവും ബന്ധുജനങ്ങളും സാരമായ സ്വാധീനം ചെലുത്തുന്നുണ്ട്. ജീവിതവീക്ഷണം, പക്വതയാർന്ന വ്യക്തിത്വം, അഭിമാനബോധം ഇവയിലെല്ലാം കുടുംബപശ്ചാത്തലം നിർണ്ണായകമാണ്. മതപരവും സാമൂഹികവുമായ ബന്ധങ്ങൾ മാത്രമല്ല, രാഷ്ട്രീയ വീക്ഷണങ്ങൾപോലും തലമുറകളിലൂടെ കൈമാറപ്പെടുന്നു.

വിശ്വാസജീവിതവും സാംസ്കാരിക വളർച്ചയും കുടുംബത്തിൽ വേരുപാകിയതാണ്. വേരുകൾ ആഴപ്പെടുമ്പോഴേ ശാഖകളിൽ ബലവത്തായ വിശ്വാസവളർച്ച ഉണ്ടാകുകയുള്ളൂ. എന്നെ സംബന്ധിച്ചിടത്തോളം എന്റെ കുടുംബം എനിക്കു വിശ്വാസക്കളരിയാണ്. അവിടെയാണ് വിശ്വാസം വളർന്നത്, സംസ്കാരം പുഷ്ടിപ്പെട്ടത്. ഞാൻ കേവലം ബാലനായിരിക്കുമ്പോൾ എന്റെ ചാച്ചൻ പാഴൂർ കുടുംബത്തെക്കുറിച്ച് അഭിമാനപൂർവ്വം സംസാരിക്കുന്നത് കേട്ടിട്ടുണ്ട്. വലിയമതിപ്പോടും അഭിമാനത്തോടുംകൂടി സംസാരിക്കുന്നത് കേട്ടപ്പോൾ പാഴൂർ കുടുംബം എവിടെയുണ്ട് എന്ന് ഞാൻ ചോദിച്ചിട്ടുണ്ട്. മറ്റു കുടുംബങ്ങളിൽ നിന്നും ഒറ്റപ്പെട്ട് കുഞ്ചിത്തണ്ണിയിൽ വളർന്ന എനിക്കും സഹോദരങ്ങൾക്കും പാഴൂർ കുടുംബക്കാർ താമസിക്കുന്ന കിടങ്ങൂരും കടപ്ലാമറ്റവുമൊക്കെ വിദൂരദേശങ്ങളായിരുന്നു. പ്രായപൂർത്തിയായശേഷമാണ് സ്വന്തം കുടുംബക്കാരെ പരിചയപ്പെടുവാൻ സാധിച്ചത്.

പാഴൂർ കുടുംബത്തിന്റെ ചരിത്രം പഠിക്കണമെന്ന ആഗ്രഹം എന്റെ സെമിനാരി പഠനകാലത്തുതന്നെ ഉണ്ടായിരുന്നു. 1971– ൽ തിരുപ്പട്ടം സ്വീകരിച്ച ഞാൻ ഇടവകകളിലെ അജപാലനത്തിരക്കിൽ പ്രസ്തുത ആഗ്രഹം നിറവേറ്റാനാവാതെ നൊമ്പരപ്പെട്ടു. 1996 – ൽ വടവാതൂരിൽ പൗരസ്ത്യവിദ്യാപീഠത്തിൽ ഉപരിപഠനം നടത്തുന്ന ഫാ. തോമസിനോട് മുകളിൽ പറഞ്ഞ ആഗ്രഹം ഞാൻ പങ്കുവച്ചപ്പോൾ അദ്ദേഹം നല്ലമനസ്സോടെ ഏറ്റെടുത്തു. ഉപരിപഠനം പൂർത്തിയാക്കിയ തോമസച്ചനും കുടുംബചരിത്രപഠനം ഒരു തുടർ ദൗത്യമെന്നവണ്ണം നിറവേറ്റുവാനേ

സാധിച്ചുള്ളൂ. 2019 മെയ് മാസമാകുമ്പോൾ ഈ ദൗത്യതപസ്യയുടെ 23 വർഷങ്ങൾ പൂർത്തിയാകുകയാണ്. നിതാന്ത ജാഗ്രതയോടെയുള്ള പരിശ്രമം ഫലം ചൂടിയിരിക്കുന്നു എന്നതിൽ സംതൃപ്തിയുണ്ട്. 22 ശാഖകളുള്ള ഇഞ്ചക്കാട്ട് മഹാകുടുംബത്തിന്റെ ചരിത്രമാണ് പ്രസിദ്ധീകരണത്തിന് തയ്യാറായിരിക്കുന്ന 'മണ്ണിൽ പൊന്നു വിളയിച്ചവർ' എന്ന കുടുംബചരിത്ര രൂപീകരണത്തിൽ ത്യാഗോജ്ജ്വലമായ പങ്കാളിത്തം ഉറപ്പുവരുത്തിയ ഇഞ്ചക്കാട്ട് കുടുംബചരിത്ര കമ്മിറ്റി അംഗങ്ങളെ ഓരോരുത്തരെയും അഭിനന്ദിക്കുന്നു. ഈ മഹത്തായ പരിശ്രമത്തിന് നേതൃത്വം നൽകിയ കുടുംബയോഗം പ്രസിഡന്റ് അഡ്വ. ജോയി നടുക്കരയേയും സെക്രട്ടറി ശ്രീ. റ്റോമി സക്കറിയാസ് ആടിമാക്കീലിനേയും നന്ദിപൂർവ്വം സ്മരിക്കുകയും അഭിനന്ദനം അറിയിക്കുകയും ചെയ്യുന്നു. ചരിത്ര കമ്മിറ്റി ചെയർമാനും പുസ്തകത്തിന്റെ എഡിറ്ററുമായ ബഹു. തോമസച്ചനെ പ്രത്യേകം അഭിനന്ദിക്കുന്നു.

കുടുംബങ്ങൾ ശിഥിലമാകുന്ന ഈ കാലഘട്ടത്തിൽ ഓരോ കുടുംബത്തിന്റെയും ഭദ്രത ഉറപ്പുവരുത്തേണ്ടതുണ്ട്. പരസ്പരം സഹായിച്ചും ആശ്വസിപ്പിച്ചും പ്രോത്സാഹിപ്പിച്ചും കുടുംബങ്ങളുടെ നിലനില്പ് ഉറപ്പുവരുത്തണം. വിശ്വാസത്തിന്റെ അടിത്തറയിൽ പ്രാർത്ഥനാജീവിതം വഴി കുടുംബത്തിലെ സ്നേഹവും സന്തോഷവും വർദ്ധമാനമാക്കണം. നമ്മുടെ കുടുംബങ്ങൾക്ക് കിട്ടിയ വിശ്വാസ പൈതൃകം മാതൃസഭയോടൊത്ത് വിശ്വാസം ആഘോഷിച്ച് പരിപാലിക്കണം. നിലയ്ക്കലിൽ നമ്മുടെ പൂർവ്വികർ മാർത്തോമ്മാശ്ലീഹായിൽനിന്നും ഏറ്റുവാങ്ങിയ വിശ്വാസദീപം കൂവപ്പള്ളിയിലും പൂഞ്ഞാറിലും എത്ര ശ്രദ്ധയോടെ സംരക്ഷിച്ചു എന്ന് നമ്മുടെ ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. വലിയ ത്യാഗങ്ങൾ സഹിച്ച് കൈമാറിയ വിശ്വാസപൈതൃകം അവികലമായി കാത്തുസൂക്ഷിക്കുവാൻ പിന്നിട്ട ഇരുപതുനൂറ്റാണ്ടുകളിലും പിതാമഹന്മാർക്ക് സാധ്യമായി. ഇപ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മാർത്തോമ്മാ മാർഗ്ഗം അഭിമാനപൂർവം ജീവിക്കുന്ന ഇഞ്ചക്കാട്ട് കുടുംബാംഗങ്ങൾക്ക് സ്വന്തം കുടുംബചരിത്രം ഉത്തേജകമാകുമെന്നതിൽ സംശയമില്ല.

ഇഞ്ചക്കാട്ട് മഹാകുടുംബത്തിന് ഇപ്പോഴുള്ള 22 ശാഖാകുടുംബങ്ങളിൽ 19 എണ്ണം സീറോ മലബാർ സഭാപാരമ്പര്യത്തിലും പുതുപ്പള്ളിയിലെ ഇഞ്ചക്കാട്ട് ശാഖ ഓർത്തഡോക്സ്, യാക്കോബായ സുറിയാനി, മാർത്തോമ്മാസഭ തുടങ്ങി വിവിധ ക്രൈസ്തവപാരമ്പര്യങ്ങളിലും തോട്ടക്കാട്ട് താമസക്കാരായ കൊടുവയലിൽ ശാഖാകുടുംബവും കുറിച്ചിയിൽ താമസമാക്കിയ തയ്യിൽ കുടുംബവും ഓർത്തഡോക്സ് സുറിയാനി സഭാപാരമ്പര്യത്തിലുമാണ് എന്ന വസ്തുത വിസ്മരിക്കുന്നില്ല. വ്യത്യസ്ത പാരമ്പര്യങ്ങളിൽ വിശ്വാസം ആഘോഷിക്കുന്ന കുടുംബങ്ങളുടെ കൂട്ടായ പരിശ്രമം എന്ന വൈശിഷ്ട്യവും ഈ ചരിത്രകൃതിക്കുണ്ട്. 'മണ്ണിൽ പൊന്നു വിളയിച്ചവർ' എന്ന പുസ്തകത്തിന് സ്വന്തമായ പ്രസ്തുത എക്യുമെനിക്കൽ സ്വഭാവത്തിൽ നമുക്ക് അഭിമാനിക്കാം. നമ്മൾ ഒന്നാണ് എന്ന അവബോധത്തോടെ ഇഞ്ചക്കാട്ട് മഹാകുടുംബത്തിലെ 22 ശാഖാകുടുംബങ്ങളും പൂർവ്വികരിൽനിന്നും കൈമാറിക്കിട്ടിയ വിശ്വാസപാരമ്പര്യവും സംസ്കാരവും കാത്തുസൂക്ഷിക്കണം. ഓരോ കുടുംബത്തിലൂടെയും പോരാ, ഓരോ വ്യക്തിയിലൂടെയും പുതിയ തലമുറയ്ക്ക് നന്മനിറഞ്ഞ നമ്മുടെ വിശ്വാസദീപം കൈമാറുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**
ഇടുക്കിരൂപതയുടെ പ്രഥമ മെത്രാൻ

ഇടുക്കി
ഉയിർപ്പുതിരുനാൾ
2019

# ആശംസ



ഇഞ്ചക്കാട്ട് മഹാകുടുംബത്തിന്റെ ചരിത്രം മണ്ണിൽ പൊന്നു വിളയിച്ചവർ എന്ന പേരിൽ പുസ്തക രൂപത്തിൽ ആകുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. 22 ശാഖകളുള്ള കുടുംബത്തിന്റെ വിവരശേഖകരണം എത്രമാത്രം ദുഷ്കരമാണെന്ന് നന്നായിട്ടറിയാം. ഇതിനു പിന്നിൽ പ്രവർത്തിച്ച ഓരോരുത്തരെയും അഭിനന്ദിക്കുകയും ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്നു. ഈ സദുദ്യമത്തിൽ വ്യാപരിച്ച ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യുന്നു.

ഒരു കുടുംബത്തിന്റെ ശ്രേഷ്ഠത അതിന്റെ പൗരാണികത്വത്തെ മാത്രമല്ല മാതൃകാപരമായ ക്രിസ്തീയജീവിതത്തെ ആധാരമാക്കിയാണ് വിലയിരുത്തേണ്ടത്. ശ്രേഷ്ഠമായ ദൈവികപാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ ആണ് ഒരു കുടുംബത്തിന് ഔന്നത്യം കൈവരുന്നത്. നമ്മുടെ കുടുംബം ആ നിലയിൽ നിലനില്ക്കുന്നതിനാൽ നമുക്ക് അഭിമാനത്തിന് അവകാശമുണ്ട്. ഈ പാരമ്പര്യം കാത്തുസൂക്ഷിക്കുവാൻ ഒന്നാം നൂറ്റാണ്ടിൽതന്നെ ദൈവം മാർതോമാശ്ലീഹായാൽ നമ്മെ വിളിച്ചു വേർതിരിച്ചിരിക്കുന്നു. "നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിക്കാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തം ജനവുമാകുന്നു (1 പത്രോ. 2,9).

നമ്മുടെ കുടുംബത്തിന്റെ അഭിമാനം കാത്തുസൂക്ഷിച്ച് ക്രിസ്തീയപാരമ്പര്യങ്ങൾ നിലനിർത്തി സുവിശേഷഘോഷണത്തിൽ ഉറച്ച് സ്നേഹത്തിലും ഐക്യത്തിലും പ്രവർത്തിക്കുവാൻ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ ചരിത്രപുസ്തകം ഭാവിതലമുറകൾക്ക് മാർഗ്ഗദീപവും പ്രചോദനവും ആകട്ടെയെന്ന് ആശംസിക്കുന്നു.

01-05-2019
പരിയാരം - കോട്ടയം

**ഫാ. കുര്യൻ ഉതുപ്പ്**
പ്രസിഡന്റ് കൊടുവയലിൽ ശാഖ

# പ്രസിഡന്റ്



ജോയി നടുക്കര

ചരിത്ര കമ്മിറ്റി ചെയർമാൻ



ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ

ജനറൽ സെക്രട്ടറി & ചരിത്ര കമ്മിറ്റി കൺവീനർ



ടോമി ആടിമാക്കീൽ

വൈസ് പ്രസിഡന്റ്



പുന്നൂസ് കരിയാപുരയിടം

വൈസ് പ്രസിഡന്റ്



നൈജു നൈനാൻ
കൊടുവയലിൽ

സെക്രട്ടറി



ജീസൻ ജോർജ്ജ്
കല്ലോലിൽ

ട്രഷറർ



എ.വി. ജോസഫ്
അരയത്തിനാൽ

# ചരിത്ര കമ്മിറ്റി അംഗങ്ങൾ



എം.എം. ജോസഫ്
മൂഴിയാങ്കൽ



സണ്ണി
വലിയപറയ്ക്കാട്ട്



വി.വി. ജേക്കബ് വയലിൽ



റോയി പള്ളിപ്പറമ്പിൽ



ജോഷി
മൂഴിയാങ്കൽ



ലിനോ വലിയപറയ്ക്കാട്ട്
(ഓഡിറ്റർ)

# ഉള്ളടക്കം


ആശീർവ്വാദം - പരി.പിതാവ് ഫ്രാൻസീസ് മാർപാപ്പാ ............ 3

ആശീർവചസ്സുകൾ - അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ്
കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി.................................... 5

അനുഗ്രഹ മൊഴികൾ - അഭിവന്ദ്യമാർ മാത്യു
ആനിക്കുഴിക്കാട്ടിൽ............ 7

ആശംസ - ഫാ. കുര്യൻ ഉതുപ്പ് ................................................ 11

ഉള്ളടക്കം ...................................................................................... 17

അവതാരിക - അഡ്വ. ജോയി നടുക്കര .................................... 19

ആമുഖം - റവ. ഡോ. തോമസ് ആനിക്കുഴിക്കാട്ടിൽ ............ 21

കുടുംബയോഗം കമ്മിറ്റി.............................................................. 26

ഇഞ്ചക്കാട്ടുകുടുംബം പ്രാരംഭചരിത്രം ......................................... 29

1 മൂഴിയാങ്കൽ.............................................................................. 49

2 കല്ലുവരപ്പറമ്പിൽ ................................................................... 89

3 തടവനാൽ ............................................................................... 121

4 കല്ലോലിൽ ............................................................................... 137

5 കൊച്ചുപുരയ്ക്കൽ ................................................................... 142

6 വയലിൽ.................................................................................... 175

7 വയലിൽകരോട്ട് ........................................................................ 209

8 പള്ളിപ്പറമ്പിൽ ........................................................................ 228

9 അരയത്തിനാൽ........................................................................ 267

10 മറ്റത്തിൽ ............................................................................... 321

11 ഇഞ്ചക്കാട്ട് (പുതുപ്പള്ളി) .................................... 332

12 കൊടുവയലിൽ .................................... 413

13 തയ്യിൽ .................................... 476

14 കൊല്ലംപറമ്പിൽ .................................... 492

15 വലിയപരയ്ക്കാട്ട് .................................... 535

16 കരിയാപുരയിടം .................................... 579

17 മാലിക്കൽ .................................... 598

18 കോച്ചേരിൽ .................................... 617

19 ആടിമാക്കീൽ .................................... 665

20 ആനിക്കുഴിക്കാട്ടിൽ .................................... 695

21 നടുക്കര .................................... 745

22 പുതിയിടത്ത് .................................... 760

ഉപസംഹാരം .................................... 793

കൃതജ്ഞത .................................... 795

ചരിത്ര സ്രോതസ്സുകൾ .................................... 797

# അവതാരിക

രണ്ടു പതിറ്റാണ്ടുകളുടെ ശ്രമം ഫലമണിയുകയാണ്. കുടുംബചരിത്രരചന അനായാസമായി, സമയബന്ധിതമായി പൂർത്തീകരിക്കാവുന്ന ഒന്നാണ് എന്നായിരുന്നു പലരെയുംപോലെ എന്റെയും ധാരണ. പക്ഷേ രംഗത്തിറങ്ങിയപ്പോഴാണ് ഒളിഞ്ഞിരിക്കുന്ന പ്രതിസന്ധികളും, തടസ്സങ്ങളും മനസ്സിലാകുന്നത്. ഇതൊരു കുടുംബത്തിന്റെ മാത്രം ചരിത്രമല്ല, തമിഴ്നാട്ടിൽ തുടക്കംകുറിച്ച്, കേരളത്തിൽ പടർന്നു പന്തലിച്ച്, ലോകമാകെ വ്യാപിച്ചുനിൽക്കുന്ന 22 ശാഖാകുടുംബങ്ങളടങ്ങിയ ഒരു മഹാകുടുംബത്തിന്റെ ചരിത്രമാണ് 'മണ്ണിൽ പൊന്നു വിളയിച്ചവർ'. സമയം ഏറെയെടുത്തെങ്കിലും ഈ രചനയുടെ പൂർത്തീകരണം ഞങ്ങൾക്ക് അഭിമാനവും സന്തോഷവും പകരുന്നു.

ഈ മഹദ്ഗ്രന്ഥത്തിന്റെ പ്രകാശനവേളയിൽ ഇതിന്റെ രചനയിൽ പങ്കാളികളായ എല്ലാവരെയും കൃതജ്ഞതയോടും സ്നേഹാദരവോടും ഞാൻ സ്മരിക്കട്ടെ. അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് രക്ഷകർത്താവായും, ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ ചെയർമാനായും രൂപീകരിക്കപ്പെട്ട ചരിത്രരചന കമ്മിറ്റിയാണ് ഈ ചരിത്രനിർമ്മാണത്തിന് നേതൃത്വം നൽകിയതും അതു പൂർത്തീകരിച്ചതും. ചരിത്രകമ്മിറ്റിയുടെ കൺവീനർകൂടിയായി പ്രവർത്തിച്ച കുടുംബയോഗം ജനറൽ സെക്രട്ടറി ടോമി ആടിമാക്കീലിന്റെ ഊർജ്ജസ്വലതയും കർമ്മശേഷിയും ചരിത്രരചനയ്ക്ക് ഏറെ സഹായം ചെയ്തു. ചരിത്രകമ്മിറ്റിയംഗങ്ങളായ ജോഷി മൂഴിയാങ്കൽ, റോയി പള്ളിപ്പറമ്പിൽ, എം.എം. ജോസഫ് മൂഴിയാങ്കൽ, സണ്ണി വലിയപരയ്ക്കാട്ട് തുടങ്ങിയവർ ഈ രചനാ പൂർത്തീകരണത്തിൽ നിർണ്ണായക പങ്കാണ് വഹിച്ചത്. ഇതിനോടനുബന്ധിച്ച വിവരശേഖരണത്തിൽ ഏറെ പങ്കുവഹിച്ച കുടുംബയോഗം വൈസ് പ്രസിഡന്റുമാരായ പുന്നൂസ് കരിയാപുരയിടം, നൈജു നൈനാൻ കൊടുവയലിൽ, ട്രഷറർ എ.വി. ജോസഫ് അരയത്തിനാൽ, സെക്ര

ട്ടറി ജിസൺ ജോർജ് കല്ലോലിൽ, ലിനോ വലിയപരയ്ക്കാട്ട്, മാത്തുക്കുട്ടി തടവനാൽ, ജോർജ് കുര്യൻ തടവനാൽ, വി.വി. ജേക്കബ് വയലിൽ, റ്റി.എ. ഉതുപ്പ് ചിറപ്പുറത്ത്, സി.എം. ഐപ്പ് ഇഞ്ചക്കാട്ട് തുടങ്ങിയവരുടെ സേവനങ്ങളും പ്രത്യേകം സ്മരിക്കുന്നു. യശ്ശശരീരരായ വെരി. റവ.ഡോ. തോമസ് അരയത്തിനാൽ, സി. ബനീഞ്ഞാ കരിയാപുരയിടം, ഇമ്മാനുവൽ സേവ്യർ കൊല്ലംപറമ്പിൽ എന്നിവരും ഫാ. ജേക്കബ് അരയത്തിനാൽ, സി.എം. ഔസേപ്പ് ചെകിടിയേൽ തുടങ്ങിയവരും കാലങ്ങളായി സൂക്ഷിച്ചുവച്ചിരുന്ന പൗരാണികപ്രമാണങ്ങളും, കുറിപ്പുകളും ഈ രചനയ്ക്ക് ആധികാരികതയും പൂർണ്ണതയും നൽകി.

ഇഞ്ചക്കാട്ട്, കൊടുവയലിൽ, തയ്യിൽ, ആടിമാക്കീൽ കുടുംബങ്ങൾ പ്രസിദ്ധീകരിച്ച അവരുടെ ശാഖാ കുടുംബചരിത്രങ്ങളും ഈ രചനയെ സഹായിച്ചു. ഈ സംരംഭത്തിൽ നേരിട്ടും അല്ലാതെയും പങ്കുവഹിച്ച നിരവധിയായ കുടുംബാംഗങ്ങളുടെയും മഹദ്വ്യക്തികളുടെയും മുമ്പിൽ കൃതജ്ഞതയുടെ കൂപ്പുകൈ.

ജീവിതത്തിന്റെ എല്ലാ തുറകളിലും വ്യക്തിമുദ്ര പതിപ്പിച്ച പ്രഗത്ഭരായ നിരവധിയാളുകളെ സമൂഹത്തിന് സംഭാവന ചെയ്യുവാൻ നമ്മുടെ കുടുംബത്തിന് കഴിഞ്ഞിട്ടുണ്ട്. അവരുടെ കർമ്മമണ്ഡലങ്ങളിലെ പോരാട്ടങ്ങളും, വിജയകുതിപ്പുകളും ചരിത്രരേഖയാക്കി മാറ്റുവാൻ ഈ പുസ്തകരചനയ്ക്ക് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട് എന്നാണ് ഞങ്ങളുടെ വിശ്വാസം.

ഒരു കുടുംബത്തിന്റെ കരുത്ത്, ഒരു സൈന്യത്തിന്റേയെന്നപോലെ, കുടുംബാംഗങ്ങൾ തമ്മിലുള്ള കൂറിലും, വിശ്വാസത്തിലും നിലകൊള്ളുന്നു. പരസ്പര വിശ്വാസത്തോടും, കൂറോടും, സ്നേഹത്തോടും വരുംകാലങ്ങളിലും പ്രവർത്തിക്കുവാനും അതുവഴി നമ്മുടെ കുടുംബത്തിന്റെ യശസ്സ് ഉയർത്തുവാനും ഈ ഗ്രന്ഥം ഉത്തേജനമാകട്ടെയെന്നാശിക്കുന്നു.

**ജോയി നടുക്കര**
21-04-2019 പ്രസിഡന്റ്
ഇഞ്ചക്കാട്ട് മഹാകുടുംബയോഗം

# ആമുഖം

**1996–ൽ** വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ ഞാൻ എം.റ്റി.എച്ച്. പഠനം പൂർത്തിയാക്കി. സീറോ മലബാർ സഭയുടെ ദൈവശാസ്ത്ര പഠനകേന്ദ്രമായ ഈ ജ്ഞാനപീഠത്തിൽ തന്നെ ഡോക്ടറേറ്റ് പഠനം തുടർന്നു നടത്തുവാൻ കോതമംഗലം മെത്രാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ എന്നോട് ആവശ്യപ്പെട്ടു. ഇക്കാര്യത്തിന് ഒരുങ്ങുമ്പോഴാണ് എന്റെ ജ്യേഷ്ഠ സഹോദരനും കോതമംഗലം രൂപതയുടെ അന്നത്തെ ചാൻസിലറുമായ ഫാ. മാത്യു ആനിക്കുഴിക്കാട്ടിൽ എന്നെ പുതിയ ഒരു ദൗത്യം ഏൽപ്പിച്ചത്. ദൈവശാസ്ത്ര പഠനകാലത്ത് ഇടവേളകൾ കണ്ടെത്തി നമ്മുടെ കുടുംബചരിത്രം എഴുതണം. ചരിത്രപഠനം വിലപ്പെട്ടതാണെന്നറിയാമായിരുന്ന ഞാൻ പ്രസ്തുത ദൗത്യം ഏറ്റെടുത്തു. കോച്ചേരിൽ, ആടിമാക്കീൽ, നടുക്കര, പുതിയിടത്ത്, ആനിക്കുഴിക്കാട്ടിൽ എന്നിങ്ങനെ അഞ്ച് ശാഖകളുള്ള പാഴൂർ കുടുംബമാണ് എനിക്ക് പരിചിതമായ എന്റെ കുടുംബം. ഡോക്ടറേറ്റിനുള്ള പഠനത്തിൽ മുഴുകുന്നതിന് മുൻപ്, രണ്ടുമാസക്കാലംകൊണ്ട്, കുടുംബചരിത്രത്തിനുള്ള വിവരങ്ങൾ ശേഖരിക്കുവാൻ ഉത്സാഹത്തോടെ ഞാൻ പരിശ്രമം ആരംഭിച്ചു. ആനിക്കുഴിക്കാട്ടിലെ കാരണവർ എന്ന നിലയിൽ ആനിക്കുഴിക്കാട്ടിൽ (മുല്ലൂർ) കൊച്ചുകുട്ടി, പാഴൂർ കുടുംബത്തിലെ മേനംമൂട്ടിൽ കുഞ്ചാക്കോ എന്നിവരുമായി സംസാരിച്ചപ്പോൾ പുന്നത്ര മാലിക്കലേക്ക് കുടുംബത്തിന്റെ വേരുകൾ ചെന്നെത്തി. ആടിമാക്കീൽ കുഞ്ഞൗതയുടെ ചരിത്രബോധ്യങ്ങളാണ് പുന്നത്രയിൽ നിന്ന് പൂഞ്ഞാറിലേക്ക് അന്വേഷണം വ്യാപിപ്പിക്കുവാൻ പ്രേരണയായത്. പരിചയക്കാർ ആരുമില്ലാതെ പൂഞ്ഞാറിൽ കുടുംബത്തിന്റെ വേരുകൾ തേടിപ്പോകുന്നതിന് മടി തോന്നി. രണ്ടാഴ്ചകൾക്കുശേഷം വീണ്ടും ആടിമാക്കീൽ കുഞ്ഞൗതയുമായി ദീർഘനേരം സംസാരിച്ചു. അദ്ദേഹത്തിന്റെ പിതാവും ആനിക്കുഴിക്കാട്ടിൽ മുല്ലൂർ

തൊമ്മനും കൂടി പൂഞ്ഞാറിൽ പുന്നൂസ് മാത്യു കരിയാപുരയിട ത്തിലിനെ അന്വേഷിക്കാൻ പോയകാര്യം തറപ്പിച്ചു പറഞ്ഞു. എനിക്ക് കിട്ടിയ അറിവ് കുടുംബയോഗത്തിന്റെ പ്രസിഡന്റ് അഡ്വ. ജോയി നടുക്കരയുമായി ഞാൻ പങ്കുവച്ചു. പ്രസ്തുത പുന്നൂസ് മാത്യുവിന്റെ കൊച്ചുമകൻ പുന്നൂസ് കരിയാപുരയിടവുമായി ജോയി നടുക്കര കുടുംബബന്ധം വെളിപ്പെടുത്തിയതുവഴിയാണ് കുടുംബത്തിന്റെ വേരുകൾ തേടിയുള്ള പൂഞ്ഞാർ യാത്ര സുഗമമായത്.

പൂഞ്ഞാറിലേക്കുള്ള ഓരോ യാത്രയും കരിയാപുരയിടം കുടും ബവുമായി ബന്ധപ്പെട്ട് ഒന്നും രണ്ടും അതിൽ കൂടുതലും കുടുംബ ങ്ങളെ അറിയാനുള്ള അവസരമായിരുന്നു. കരിയാപുരയിടം കുടുംബം ഇഞ്ചക്കാട്ട് കുടുംബത്തിന്റെ ഭാഗമാണെന്നും ഇഞ്ചക്കാട്ട് കുടുംബത്തിന് 22 ശാഖാ കുടുംബങ്ങളുണ്ടെന്നുമുള്ള അറിവിലെ ത്താൻ പത്തു വർഷമെടുത്തു. ഇതിനിടയിൽ കടപ്ലാമറ്റം സെന്റ് മേരീസ് പാരീഷ് ഹാളിൽ 2009 മെയ് 10 ന് പ്രഥമ മഹാകുടുംബ സമ്മേളനവും 2011 ജൂൺ 11 ന് പൂഞ്ഞാർ സെന്റ് മേരീസ് പാരീഷ് ഹാളിൽ ദ്വിതീയ മഹാകുടുംബ സമ്മേളനവും നടന്നു. ഈ സമ്മേ ളനത്തിൽ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഇഞ്ചക്കാട്ട് കുടുംബ ചരിത്രത്തിന്റെ നക്കൽ പ്രകാശനം നടത്തി. സമ്പൂർണ്ണ ചരിത്ര ഗ്രന്ഥത്തിന്റെ ഒരു രൂപരേഖ മാത്രമായിരുന്നു പ്രസ്തുത പുസ്തകം.

2009 ജനുവരി 20 ന് കരിയാപുരയിടം പുന്നൂസിന്റെ ഭവന ത്തിൽ ചേർന്ന ഇഞ്ചക്കാട്ട് കുടുംബത്തിന്റെ ജനറൽബോഡി യോഗം സമ്പൂർണ്ണചരിത്ര രചനയ്ക്കായി ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു. കമ്മിറ്റി ചെയർമാനായി എന്നെയും ചരിത്ര കമ്മിറ്റി കൺവീനറായി ടോമി സക്കറിയാസ് ആടിമാക്കീലിനെയും തെരഞ്ഞടുക്കുകയു ണ്ടായി. ടോമിയുടെ സ്ഥിരോത്സാഹവും നിശ്ചയദാർഢ്യവുമാണ് 22 ശാഖാ കുടുംബങ്ങളുടെ ചരിത്രരചന സാധ്യമാക്കിയത്. ഓരോ കുടുംബത്തിന്റെയും പ്രതിനിധികളെ പ്രത്യേകം വിളിച്ചുകൂട്ടിയും അവർ കൂടുതൽ പേർ താമസിക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് കൃത്യ മായ അറിവുകൾ സമ്പാദിച്ചും കുടുംബസഭകൾ വിളിച്ചുചേർത്ത് രേഖപ്പെടുത്തിയ കാര്യങ്ങൾ ചർച്ച ചെയ്തും, ചരിത്രത്തിന് ആധി

കാരികത വരുത്തുവാൻ ടോമിയും ഇതരകമ്മിറ്റിയംഗങ്ങളും നടത്തിയ തീവ്രയത്നം പ്രശംസനീയമാണ്. യഥാകാലം വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും കുടുംബ സദസ്സുകളിൽ പങ്കെടുത്തും ഇഞ്ചക്കാട്ട് മഹാകുടുംബത്തിന്റെ പ്രസിഡന്റ് ജോയി നടുക്കര ചരിത്ര രചനയിൽ ക്രിയാത്മകമായ പങ്കുവഹിച്ചു. ശാഖാ കുടുംബങ്ങളുടെ ചരിത്രരചനയിൽ അതതു കുടുംബങ്ങളിലെ കാരണവൻമാരിൽ നിന്നും കിട്ടിയ വാമൊഴി അറിവും ആലേഖനം ചെയ്യപ്പെട്ട കുറിമാനങ്ങളും ആധാരങ്ങളും മരണ പത്രങ്ങളും പ്രസിദ്ധീകരിക്കപ്പെട്ട ശാഖാകുടുംബചരിത്രങ്ങളും ഉപകാരപ്പെട്ടു. 22 കുടുംബങ്ങളുടേയും പ്രത്യേക ചരിത്രങ്ങൾ പൂർത്തിയായി. ഓരോ ശാഖാ കുടുംബത്തിന്റേയും ഭാരവാഹികളുടെ ആത്മാർത്ഥതയും ത്യാഗബുദ്ധിയും ഉത്സാഹവും നന്ദിപൂർവ്വം അനുസ്മരിക്കുകയാണ്.

ഇഞ്ചക്കാട്ട് മഹാകുടുംബത്തിന്റെ പ്രാരംഭ ചരിത്രരചന തികച്ചും സാഹസികമായ ഒരു യജ്ഞം തന്നെയായിരുന്നു. ലഭ്യമായ രേഖകളുടെ പിൻബലത്തിൽ 1996-97 വർഷങ്ങളിൽ (ചരിത്രാന്വേഷണത്തിന്റെ ആദ്യഘട്ടം) നേരിട്ടുകാണുവാനും സംസാരിക്കുവാനും സാധിച്ച കുടുംബ കാരണവന്മാരുടെ വാമൊഴികൾക്ക് ചരിത്രാവിഷ്കാരം നൽകുകയായിരുന്നു ചരിത്ര കമ്മിറ്റി. ഇഞ്ചക്കാട്ട് മഹാകുടുംബത്തിന്റെ ഏതാനും ശാഖകൾ അവരവരുടെ കുടുംബ ചരിത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. പുതുപ്പള്ളിയിൽ താമസക്കാരായ ഇഞ്ചക്കാട്ടു കുടുംബത്തിന്റെ 'ഇഞ്ചക്കാട്ടു കുടുംബ ചരിത്രം' അതിൽ തന്നെ തനിമയാർന്നതാണ്. തോട്ടക്കാട്ട് ഭാഗത്ത് താമസക്കാരായ കൊടുവയലിൽ ശാഖയ്ക്കും സ്വന്തമായ ചരിത്ര പുസ്തകം ഉണ്ട് - 'കൊടുവയലിൽ കുടുംബ ചരിത്രം'. പുതുപ്പള്ളിയിൽ നിന്നും കുറിച്ചിയിലേക്ക് താമസംമാറ്റിയ തയ്യിൽ കുടുംബക്കാരും അവരുടെ കുടുംബചരിത്രം പ്രത്യേകം പ്രസിദ്ധീകരിച്ചു. കടപ്ലാമറ്റത്ത് അടിത്തറപാകിയതും കണ്ണൂർ, വയനാട് ജില്ലകളിൽ പടർന്നു വ്യാപിച്ചതുമായ ആടിമാക്കീൽ കുടുംബവും സ്വന്തം കുടുംബ ചരിത്രം പ്രസിദ്ധീകരിച്ചു. അവയെല്ലാം ഏകീകരിച്ചുള്ള ചരിത്രരചനയിൽ എം.എം. ജോസഫ് മൂഴിയാങ്കൽ, ജോഷി മൂഴിയാങ്കൽ, റോയി പള്ളിപ്പറമ്പിൽ, സണ്ണി വലിയപരയ്ക്കാട്ട് തുടങ്ങിയവരുടെ പങ്ക് പ്രത്യേകം സ്മരിക്കുന്നു.

മുകളിൽ പരാമർശിക്കപ്പെട്ട ശാഖാകുടുംബങ്ങളുടെ ചരിത്ര രചനകൾക്ക് പുറമേ, ഇഞ്ചക്കാട്ടു കുടുംബത്തിന്റെ ചരിത്രപരമായ മുന്നേറ്റങ്ങളിൽ ഏറെ സ്വാധീനം ചെലുത്തിയ ബന്ധുകുടുംബമായ മറ്റക്കാട്ടുകാരും 'കാലത്തിന്റെ കുറിമാനം' എന്ന പേരിൽ തങ്ങളുടെ ചരിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇഞ്ചക്കാട്ട്-കൊല്ലംപറമ്പിൽ ജോസഫ് സേവ്യർ തുറന്നുതന്ന, തലമുറകൾ കൈമാറികിട്ടിയതും കുടുംബ സമ്പത്തുമായ ഇഞ്ചക്കാട്ട് കുടുംബ ചരിത്ര പേടകവും ഇമ്മാനുവൽ സേവ്യർ കൊല്ലംപറമ്പിൽ പ്രസിദ്ധീകരിച്ച 'ഇഞ്ചക്കാടൻ കുറിമാനത്തിലൂടെ' എന്ന ലഘുഗ്രന്ഥവും ഈ ചരിത്ര രചനയ്ക്ക് സഹായമായി. കിരിയാപുരയിടം കുടുംബാംഗവും കവയത്രിയുമായ സി.മേരി ബനീഞ്ഞ സി.എം.സി. കുറിച്ചുവച്ച ചരിത്ര രേഖയും ചരിത്രവഴിയിൽ മുതൽക്കൂട്ടായി. ഇഞ്ചക്കാട്ട് മഹാകുടുംബം മർത്തോമ്മാനസ്രാണി സഭയ്ക്ക് നൽകിയ പണ്ഡിതശ്രേഷ്ഠനായ റവ.ഡോ.തോമസ് അരയത്തിനാൽ എഴുതിയ അരുവിത്തുറയുടെ ചരിത്രവും (A Short History of Irapuzhai) ചരിത്ര രചനയ്ക്ക് ആധികാരികത നൽകി.

ഇഞ്ചക്കാട്ട് കുടുംബ ചരിത്രരചന രണ്ടു ദശാബ്ദങ്ങൾ പിന്നിട്ടു. ദൈവകൃപയുടെ സമൃദ്ധിയിൽ പരസ്പര ബഹുമാനത്തോടെ അനേകരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലം 'മണ്ണിൽ പൊന്ന് വിളയിച്ചവർ' പ്രസിദ്ധീകരിക്കുന്നു. ചരിത്രഗവേഷണത്തിൽ ബോധ്യപ്പെട്ട ഒരു വസ്തുതയാണ് പുസ്തകത്തിന് ഈ പേരു നല്കുവാൻ കാരണം. നിലയ്ക്കലിൽ മാർതോമ്മാശ്ലീഹായിൽ നിന്നും മിശിഹാമാർഗ്ഗം സ്വീകരിച്ച നമ്മുടെ പൂർവ്വികർ കറതീർന്ന കർഷകരായിരുന്നു. കറുത്തപൊന്ന് എന്ന അപരനാമമുള്ള കുരുമുളകു കൃഷിയിൽ പ്രാഗത്ഭ്യം തെളിയിച്ച രാജശേഖരപട്ടരും അദ്ദേഹത്തിന്റെ സഹോദരന്മാരായ വാസുദേവപട്ടരും ദാമോദരപട്ടരും വസന്തരാജപട്ടരും അവരുടെ കുടുംബങ്ങളും ഒന്നിച്ച് ഈശോയിൽ വിശ്വാസമർപ്പിച്ചു. മണ്ണിൽ പൊന്നു വിളയിച്ച അവർ മിശിഹാ മാർഗ്ഗത്തെ തങ്കത്തെക്കാൾ വിലപ്പെട്ടതായി കരുതി. നസ്രായനായ ഈശോയുടെ നാമത്തിൽ സംലഭ്യമാകുന്ന പാപമോചനവും രക്ഷയും എന്ന പൊന്ന് നിലയ്ക്കലിലെ മണ്ണിൽ വിളയിക്കുവാൻ നമ്മുടെ പൂർവ്വികർ അശ്രാന്തപരിശ്രമമാണ് നടത്തിയിരുന്നത്. പൊതുവെ,

കാർഷിവൃത്തി തൊഴിലായി സ്വീകരിച്ചിരുന്ന പൂർവ്വികർ കൂവപ്പള്ളിയിലും അരുവിത്തുറയിലും പൂഞ്ഞാറിലും മണ്ണിൽ പൊന്ന് വിളയിച്ചവരായിരുന്നു.

ഇഞ്ചക്കാട്ട് മഹാകുടുംബത്തിലെ 22 ശാഖാകുടുംബങ്ങളുടേയും പൊതുസമ്പത്താണ് ഈ ഗ്രന്ഥം. തങ്ങളുടെ കുടുംബത്തിന്റെ വേരുകൾ കണ്ടെത്തുവാൻ ഉപകാരപ്പെടുന്നതിനൊപ്പം പരസ്പര ബഹുമാനം വർദ്ധിപ്പിക്കുവാനും ഈ ഗ്രന്ഥം പ്രചോദനം നൽകട്ടെ.

മൺമറഞ്ഞ പിതാമഹൻമാരുടെ പുണ്യസ്മരണയ്ക്കും, സമകാലീന തലമുറയുടെ അഭിമാന ബോധത്തിനും, വരും തലമുറകൾക്ക് ചരിത്ര വഴികളിൽ വെളിച്ചമേകുവാനും ഈ ഗ്രന്ഥം ഇഞ്ചക്കാട്ട് മഹാകുടുംബത്തിലെ ഓരോ കുടുംബത്തിനും സമർപ്പിക്കുന്നു.

പൂഞ്ഞാർ **ഡോ.ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ**
08.08.2018 (ചരിത്രകമ്മിറ്റി ചെയർമാൻ)

# കുടുംബയോഗം കമ്മിറ്റി

## രക്ഷാധികാരി

അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

## ഭാരവാഹികൾ

ജോയി നടുക്കര (പ്രസിഡന്റ്)

പുന്നൂസ് കരിയാപുരയിടം (വൈസ്പ്രസിഡന്റ്)

നൈജു നൈനാൻ കൊടുവയലിൽ (വൈസ്പ്രസിഡന്റ്)

റ്റോമി സക്കറിയാസ് ആടിമാക്കീൽ (ജനറൽ സെക്രട്ടറി)

ജീസൻ ജോർജ് കല്ലോലിൽ (സെക്രട്ടറി)

എ.വി. ജോസഫ് അരയത്തിനാൽ (ട്രഷറർ)

ലിനോ വലിയപരയ്ക്കാട്ട് (ഓഡിറ്റർ)

ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ (ജനറൽ കൺവീനർ)

## എക്സിക്യൂട്ടീവ്

റവ. ഫാ. ജേക്കബ് അരയത്തിനാൽ വി.സി.

ജോഷി മൂഴിയാങ്കൽ

കെ.എം. ജോസഫ് കല്ലുവരപറമ്പിൽ

ജോർജ് കുര്യൻ തടവനാൽ

കെ. എ. ജോസഫ് കൊച്ചുപുരയ്ക്കൽ

വി.ജെ. ജോർജ് വയലിൽ

എം.എം ജോസഫ് മൂഴിയാങ്കൽ

വി.വി. ജേക്കബ് വയലിൽ

വി.കെ. വർഗീസ് വയലിൽകരോട്ട്

റോയി പള്ളിപ്പറമ്പിൽ

പി.വി. ജോർജ് പള്ളിപ്പറമ്പിൽ

ജിമ്മി കുര്യൻ മറ്റത്തിൽ

സി.എം. ഐപ്പ് ഇഞ്ചക്കാട്ട്

സി.യു. വർക്കി ചിറപ്പുറത്ത്

റ്റി.എ. ജോർജ് ചിറപ്പുറത്ത്

റ്റി.എ. ഉതുപ്പ് ചിറപ്പുറത്ത്

ബാബു വർഗീസ് തയ്യിൽ

മത്തായി ജോസഫ് കൊല്ലംപറമ്പിൽ

സജി ജോർജ് വലിയപരയ്ക്കാട്ട്

സണ്ണി വലിയപരയ്ക്കാട്ട്

പി.സി. വർക്കി പോളച്ചിറ

ക്ലെമന്റ് ഇമ്മാനുവേൽ കരിയാപുരയിടം

സി.എം. ഔസേപ്പ് ചെകിടിയേൽ

സി.എം. ജെയിംസ് ചെകിടിയേൽ

ബിജു എം. ജോസഫ് മുക്കാട്ടിൽ

ഫിലോമിന ജോയി ആനിക്കുഴിക്കാട്ടിൽ

പി.എം. ജോസഫ് പുതിയിടത്ത്

## ചരിത്രരചന കമ്മിറ്റി

ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ (ചെയർമാൻ)

റ്റോമി ആടിമാക്കീൽ (കൺവീനർ)

എം.എം. ജോസഫ് മൂഴിയാങ്കൽ

സണ്ണി വലിയപരയ്ക്കാട്ട്

ജോഷി മൂഴിയാങ്കൽ

റോയി പള്ളിപ്പറമ്പിൽ

വി.വി. ജേക്കബ് വയലിൽ

# ഇഞ്ചക്കാട്ട് മഹാകുടുംബം

## പ്രാരംഭചരിത്രം

ബി.സി. രണ്ടാം നൂറ്റാണ്ടിൽ മധുരയിൽനിന്നും നിലയ്ക്കൽ പ്രദേശത്തേക്ക് വ്യാപകമായ കുടിയേറ്റമുണ്ടായി. മധുര രാജകുടുംബത്തിന്റെ ഭാഗമായിരുന്ന ശകലാപുരി കുടുംബക്കാരാണ് ഈ കുടിയേറ്റത്തിന് നേതൃത്വം നല്കിയത്. സുഗന്ധവ്യഞ്ജനങ്ങളുടെ കച്ചവടം, കുരുമുളക്, കൃഷി, മൃഗസംരക്ഷണം എന്നിവ വഴി പട്ടർ ജാതിക്കാരായ പ്രസ്തുത കുടിയേറ്റക്കാർ സമ്പന്നരായി. ബി.സി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ കുരുമുളക് കൃഷിയിൽ മികവുകാണിച്ച സത്യനാരായണ പട്ടരും അദ്ദേഹത്തിന്റെ സഹോദരന്മാരും തുടർന്ന് കുരുമുളക് വ്യാപാരത്തിലും വിജയംവരിച്ചു. നിലയ്ക്കലിന്റെ വളർച്ചയിൽ സാരമായ പങ്കുവഹിക്കുവാൻ ഈ സമ്പന്ന കുടുംബത്തിനു സാധിച്ചു.

നിലയ്ക്കലേക്ക് വ്യാപാരികളെ ആകർഷിച്ച ഒരു പ്രധാനഘടകം ഈ പ്രദേശത്ത് ഉല്പാദിപ്പിക്കപ്പെട്ട മേൽത്തരം കുരുമുളകാണ്. ബി.സി. ഒന്നാം നൂറ്റാണ്ടിന്റെ പകുതിയോടെ കച്ചവടക്കാരായി വന്ന യഹൂദരുടെ ഒരു കോളനിയും നിലയ്ക്കൽ പ്രദേശത്ത് ഉണ്ടായി. കല്ലൂപ്പാറ കേന്ദ്രീകരിച്ച് കുരുമുളക് വ്യാപാരം ആരംഭിച്ചത് സത്യനാരായണനാണ്. അദ്ദേഹത്തിന്റെ മകൻ രാജശേഖരപട്ടർ വ്യാപാരത്തിൽ മികവുറ്റവനായിരുന്നു. രാജശേഖരനുമായി വ്യാപാരബന്ധം പുലർത്തുവാൻ യഹൂദന്മാർ പ്രത്യേക താല്പര്യം കാട്ടി. ഇങ്ങനെ യഹൂദന്മാരുമായുള്ള കച്ചവടവും മധുരയുമായി നേരിട്ട് നടത്തിപ്പോന്ന കുരുമുളക് വ്യാപാരവും വഴി നിലയ്ക്കൽ പ്രദേശത്തെ ഏറ്റവും സമ്പന്നരും സ്വാധീനമുള്ളവരുമായി രാജശേഖരപട്ടരുടെ കുടുംബം വളർന്നു.

### മാർത്തോമ്മാശ്ലീഹാ നിലയ്ക്കലിൽ

തമിഴകത്തേക്കുള്ള യാത്രാമധ്യേ എ.ഡി. 67-ൽ ഈശോമിശിഹായുടെ പ്രിയശിഷ്യൻ മാർത്തോമ്മാശ്ലീഹാ നിലയ്ക്കലെത്തി.

അദ്ദേഹം പ്രഘോഷിച്ച മിശിഹാമാർഗ്ഗം നിലയ്ക്കലുണ്ടായിരുന്ന യഹൂദന്മാരിൽ ഭൂരിഭാഗവും സ്വീകരിച്ചു. അവരോടൊപ്പം മാമ്മോദീസാ സ്വീകരിച്ചവരിൽ രാജശേഖരപട്ടരുടെ മക്കളായ വാസുദേവ പട്ടർ, ദാമോദരപട്ടർ, വസന്തരാജ പട്ടർ എന്നിവരും അവരുടെ കുടുംബാംഗങ്ങളും ഉണ്ടായിരുന്നു. വാസുദേവ പട്ടർ ഔസേപ്പ്, ദാമോദര പട്ടർ അബ്രാഹം, വസന്തരാജ പട്ടർ യാക്കോബ് എന്നീ പേരുകൾ സ്വീകരിച്ചു. ഈ കുടുംബങ്ങൾ നസ്രാണി മാർഗ്ഗം സ്വീകരിച്ചതുവഴി നിലയ്ക്കലിൽ സ്ഥാപിച്ച മാർസ്ലീവാ അവർക്ക് ശക്തിസ്രോതസ്സായി നിലനിന്നു. മാറാനായ പ്രാർത്ഥന എന്നറിയപ്പെട്ടിരുന്ന "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥനയും മർത്ത മറിയത്തോടുള്ള അപേക്ഷകളും കുടുംബങ്ങളിൽ നമസ്കരിച്ചിരുന്നു. "മാർവാലാഹ്" (എന്റെ കർത്താവേ, എന്റെ ദൈവമേ) ഓരോ നസ്രാണിയുടെയും പ്രാർത്ഥനാമന്ത്രമായിരുന്നു.

## യഹൂദക്രൈസ്തവ ശൈലി

മിശിഹാമാർഗ്ഗം സ്വീകരിച്ച യഹൂദകുടുംബങ്ങളെ അവരുടെ രീതിയനുസരിച്ച് യാമങ്ങളിൽ സങ്കീർത്തനങ്ങൾ ആലപിച്ച് പ്രാർത്ഥിക്കുവാൻ തോമാശ്ലീഹാ പ്രോത്സാഹിപ്പിച്ചു. യഹൂദക്രൈസ്തവർ അറമായ ഭാഷയിൽ സങ്കീർത്തനങ്ങൾ പാടി പ്രാർത്ഥിക്കുന്നത് ശകലാപുരി കുടുംബങ്ങളിലെ വിശ്വാസം സ്വീകരിച്ച പട്ടർ നസ്രാണികൾക്ക് ആകർഷണീയമായി അനുഭവപ്പെട്ടു. യഹൂദക്രൈസ്തവരുമായുള്ള ഉറ്റ സൗഹൃദം വഴി അറമായ വശമാക്കിയ അവരും യാമങ്ങളിൽ സങ്കീർത്തനങ്ങൾ പ്രാർത്ഥിക്കുക പതിവാക്കി.

വി. മത്തായി അറമായ ഭാഷയിൽ രേഖപ്പെടുത്തിയ സുവിശേഷത്തിന്റെ കുറെ ഭാഗങ്ങളും നിലയ്ക്കലെ നസ്രാണി കുടുംബങ്ങളിൽ ആരാധനയ്ക്ക് ഉപയോഗിച്ചിരുന്നതായി പാരമ്പര്യമുണ്ട്. യഹൂദ ക്രൈസ്തവരുടെ കൈവശമുണ്ടായിരുന്ന പഴയനിയമ ഗ്രന്ഥവും നിലയ്ക്കലെ നസ്രാണി സമൂഹം പരിചയപ്പെട്ടിരുന്നു. അക്കാലത്ത് സുവിശേഷം വായിക്കുകയും അപ്പംമുറിക്കൽ ശുശ്രൂഷ നടത്തുകയും ചെയ്തിരുന്നത് ഭവനങ്ങളിലായിരുന്നു.

## നിലയ്ക്കൽ മാർത്തോമ്മാശ്ലീഹാ ദൈവാലയം

ഏ.ഡി. നാലാം നൂറ്റാണ്ടിൽ നിലയ്ക്കലിൽ നസ്രാണികൾക്ക് അനിഷേധ്യമായ നേതൃത്വമുണ്ടായിരുന്നു. ഏ.ഡി. 352-ൽ സുറിയാ

നിക്കാരായ മിഷനറിമാർ പേർഷ്യയിൽനിന്നും ഇവിടെ വരികയും നിലയ്ക്കലിൽ മാർത്തോമ്മാശ്ലീഹായുടെ നാമത്തിൽ ദൈവാലയം പണിയുന്നതിന് നേതൃത്വം നൽകുകയും ചെയ്തു. മർത്തമറിയത്തിന്റെയും മാർത്തോമ്മാശ്ലീഹായുടെയും പ്രതിഛായകൾ ദൈവാലയത്തിൽ സ്ഥാപിച്ചു. പരിശുദ്ധ കുർബാന കൂടുതൽ ചിട്ടയോടെ ദൈവാലയത്തിൽ അർപ്പിക്കുവാൻ തുടങ്ങിയതോടെ നസ്രാണി സമൂഹം സുസംഘടിതമായി. നിലയ്ക്ക്ൽ മാർത്തോമ്മാശ്ലീഹായുടെ നാമത്തിലുള്ള ദൈവാലയത്തിന്റെ നടത്തിപ്പിലും സമൂഹത്തിന്റെ നേതൃത്വത്തിലും ശകലാപുരി കുടുംബത്തിന്റെ പ്രമാണിത്തം 14–ാം നൂറ്റാണ്ടിലും നിലനിന്നു.

പെസഹാ ആചരണം ദൈവാലയത്തിൽ ആഘോഷമായ പരിശുദ്ധ കുർബാനയോടുകൂടി നടത്തിതുടങ്ങിയപ്പോഴും കുടുംബങ്ങളിൽ നടത്തിവന്നിരുന്ന പെസഹാ അനുസ്മരണ–അപ്പം മുറിക്കൽ കർമ്മങ്ങൾ – തുടർന്നുകൊണ്ടുപോകുവാൻ സുറിയാനി മിഷനറിമാർ പ്രോത്സാഹിപ്പിച്ചു. ഈ പതിവ് നസ്രാണി ഗാർഹിക പാരമ്പര്യത്തിന്റെ ഒരു അനന്യതയായി ഇപ്പോഴും നിലനിൽക്കുന്നു.

## നിലയ്ക്കൽ ഗീവറുഗീസ് സഹദായുടെ ദൈവാലയം

നിലയ്ക്കൽ പ്രദേശത്ത് ക്രിസ്തീയ സമൂഹം ശക്തി പ്രാപിക്കുകയും മാർത്തോമ്മാശ്ലീഹായുടെ നാമത്തിലുള്ള ദൈവാലയത്തിന് പുറമേ മറ്റൊരു ദൈവാലയത്തിന്റെ ആവശ്യകത അനുഭവപ്പെടുകും ചെയ്തു. അരുവിത്തുറക്കാരനും വലിയ ജന്മിയുമായ കല്ലറയ്ക്കൽ ഇട്ടിക്ക് നിലയ്ക്കൽ പള്ളിയുടെ പടിഞ്ഞാറു ഭാഗത്ത് വലിയ കൃഷി ഇടങ്ങളുണ്ടായിരുന്നു. ആ പ്രദേശത്തെ വിശ്വാസികളെ സംഘടിപ്പിച്ച് വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ ചായൽ എന്ന പ്രദേശം കേന്ദ്രീകരിച്ച് മറ്റൊരു ദൈവാലയം നിർമ്മിച്ചു. കൊല്ലവർഷം 506–ൽ ഈ ദൈവാലയം ആശീർവദിക്കുമ്പോൾ നസ്രാണികളായ ഏഴ് കത്തനാന്മാർ നിലയ്ക്കൽ സഭാസമൂഹത്തിൽ ഉണ്ടായിരുന്നു.

## വക്രപ്പുലികളുടെ ആക്രമണം.

നിലയ്ക്കൽ പള്ളിയുടെ ചുറ്റുവട്ടവും വടക്കേ പ്രദേശമാകെയും ശകലാപുരി കുടുംബക്കാരുടേതായിരുന്നു. നൂറ്റാണ്ടുകളുടെ പഴമയിൽ മതപരവും സാമ്പത്തികവും സാമൂഹികവുമായ തലങ്ങ

ളിൽ പ്രശോഭിച്ചിരുന്ന ഈ കുടുംബക്കാർക്ക് കൊല്ലവർഷം 557 (ഏ.ഡി. 1382) ഭീതിയുണർത്തിയ വർഷമായിരുന്നു. വക്രപ്പുലികൾ എന്ന മലയിൽകള്ളന്മാർ സംഘടിതമായി എത്തി വടക്കേ അതിർത്തി പ്രദേശത്ത് താമസസ്ഥലങ്ങളും കൃഷിയിടങ്ങളും ആക്രമിച്ചുകൊള്ളടയിച്ചു. കൊള്ളക്കാരെ തുരത്തുവാൻ ജനങ്ങൾ സംഘടിച്ചു പൊരുതി. വെടിവയ്പിൽ കൊള്ളക്കാരിൽ ചിലർ കൊല്ലപ്പെടുകും പലർക്കും പരിക്കേൽക്കുകയും ചെയ്തു. കടുത്ത ഭീഷണി മുഴക്കിക്കൊണ്ട് വക്രപ്പുലികൾ തൽക്കാലത്തേക്ക് പിന്തിരിഞ്ഞു. തുടർന്ന് ഗ്രാമവാസികൾ യോഗം ചേർന്ന് ചർച്ചകൾ നടത്തി. സുരക്ഷിതത്വത്തെകരുതി കുറേക്കാലത്തേയ്ക്കെങ്കിലും പ്രസ്തുത അതിർത്തിപ്രദേശത്തെ കുടുംബക്കാർ താമസം മാറ്റുവാൻ നിശ്ചയിച്ചു. എരുമേലിക്കു സമീപമുള്ള കൊരട്ടിയിൽ ഒളിത്താവളമൊരുക്കി ഈ കുടുംബങ്ങൾ താമസം മാറ്റി. നിലയ്ക്കൽ ഭാഗത്തേക്ക് തിരിച്ചുപോകുക സുരക്ഷിതമല്ലെന്നു കണ്ട ഈ കുടുംബങ്ങൾ സ്ഥിരതാമസത്തിനും കൃഷിക്കും യോഗ്യമായ സ്ഥലം കണ്ടെത്തുന്നതിന് ആഗ്രഹിച്ചു. ഈ കുടുംബങ്ങളുടെ സുരക്ഷിതത്വത്തെപ്രതി കുടുംബത്തലവൻ മത്തായിയുടെ മാതുലനനും പ്രമാണിയുമായ ശകലാപുരി ഔസേപ്പും കുടുംബവും നിലയ്ക്കലിൽ നിന്നും കൊരട്ടിയിലെത്തുകയും ഇരുകുടുംബങ്ങളുമൊരുമിച്ച് 1383-ൽ കൂവപ്പള്ളിയിലേക്ക് താമസം മാറ്റുകയും ചെയ്തു. ശകലാപുരി ഔസേപ്പ്, അദ്ദേഹത്തിന്റെ സഹോദരീ പുത്രൻ വടക്കേൽ മത്തായി എന്നിവരായിരുന്നു കൂവപ്പള്ളിയിൽ താമസമാക്കിയ കുടുംബങ്ങൾക്ക് നേതൃത്വം നല്കിയിരുന്നത്. അവരുടെ ആദ്ധ്യാത്മിക ആവശ്യങ്ങൾക്ക് അവർ അരുവിത്തുറ പള്ളിയേയാണ് ആശ്രയിച്ചിരുന്നത്.

## ശകലാപുരി കുടുംബം പൂഞ്ഞാറിൽ

യാത്രാ സൗകര്യങ്ങൾ ഒട്ടുമില്ലാതിരുന്ന അക്കാലത്ത് അരുവിത്തുറയിലെത്തി ആദ്ധ്യാത്മികകാര്യങ്ങൾ നിർവഹിക്കുക എന്നത് തികച്ചും ക്ലേശകരമായിരുന്നു. വിശ്വാസജീവിതത്തിന് മുൻതൂക്കം കൽപിച്ചിരുന്ന ഈ കുടുംബങ്ങൾക്ക് കൊരട്ടി, കൂവപ്പള്ളി പ്രദേശങ്ങളിലെ ജീവിതം വിശ്വാസമാർഗ്ഗത്തിൽനിന്നും ഒറ്റപ്പെട്ടുപോയ അനുഭവമാണു നല്കിയത്. അതുകൊണ്ട് ഔസേപ്പും മത്തായിയും പൂഞ്ഞാർ രാജാവിനെ സമീപിച്ച് വിവരങ്ങൾ ഉണർത്തിച്ചു. ദേശക്കൂറിന്റെയും സംസാരഭാഷയുടെയും പരിഗണനയിൽ ഈ കുടും

ബങ്ങൾക്ക് ഇടംകൽപിച്ചു കൊടുക്കാൻ രാജാവ് തിരുമനസ്സായി. ഇതനുസരിച്ച് ഈ കുടുംബക്കാർ കൊല്ലവർഷം 561 (1386) കന്നി 4-ാം തീയതി മീനച്ചിലാറിന്റെ തീരത്ത് താമസം തുടങ്ങി. ഇന്നും ഈരാറ്റുപേട്ട പൂഞ്ഞാർ വഴിയിൽ ഇഞ്ചക്കാട്ട്, മറ്റക്കാട്ട് എന്നീ പേരുകളിൽ പ്രദേശങ്ങളുള്ളത് പ്രസ്തുത ചരിത്രവസ്തുതയെ അനുസ്മരിപ്പിക്കുന്നു. ശകലാപൂരി ഔസേപ്പ് താമസമാക്കിയ പ്രദേശം ഇഞ്ചക്കാടായിരുന്നതിനാൽ അദ്ദേഹത്തിന്റെ കാലത്തു തന്നെ ഇഞ്ചക്കാട്ട് ഔസേപ്പ് എന്നറിയപ്പെട്ടു. പുഴയോരത്ത് സമതല പ്രദേശത്ത് താമസമാക്കിയ വടക്കേൽ മത്തായിക്ക് മറ്റക്കാട്ട് മത്തായി എന്ന പേരും ലഭിച്ചു.

## പൂഞ്ഞാർ

പുണ്യ ആറ് (പുണ്യാറ്) എന്ന വാക്ക് ലോപിച്ചാണ് പൂഞ്ഞാർ എന്ന പേര് ഉണ്ടായത്. സംസ്കൃതത്തിൽ പുണ്യനദീപുരം എന്നാണ് പൂഞ്ഞാർ ഇന്നും അറിയപ്പെടുന്നത്. ഈ ആറ് കുടമുരുട്ടി മലയിൽനിന്നുമാണ് ഉത്ഭവിക്കുന്നത്. അഗസ്ത്യമഹർഷി ഈ മലയിൽ തപസ്സു ചെയ്തിരുന്നുവെന്നും തപസ്സിനുശേഷം അഗസ്ത്യകൂടത്തിലേക്ക് പോകുവാൻ തുടങ്ങിയപ്പോൾ ഈ സ്ഥലത്തിന് അദ്ദേഹത്തിന്റെ പ്രത്യേക അനുഗ്രഹമുണ്ടാകണമെന്നും ഇതു പുണ്യഭൂമി ആയിത്തീരണമെന്നുമുള്ള ശിഷ്യരുടെ ആഗ്രഹം മനസ്സിലാക്കിയ അഗസ്ത്യമഹർഷി കയ്യിലുണ്ടായിരുന്ന തീർത്ഥകുടം ആ മലയിൽക്കൂടി ഉരുട്ടിയെന്നും കുടത്തിലെ തീർത്ഥം ഒരു നദിയായി താഴേയ്ക്കൊഴുകുവാൻ തുടങ്ങിയെന്നുമാണ് ഐതിഹ്യം. ഈ നദി പുണ്യാറ് (മീനച്ചിലാറ്) എന്നും ഈ മല കുടമുരുട്ടി മല എന്നും അറിയപ്പെട്ടു തുടങ്ങി. ഈ നദിയിലെ ജലം പോകുന്ന ദിക്കുകൾ പുണ്യഭൂമിയായിത്തീരുമെന്ന് അഗസ്ത്യമഹർഷി കൽപ്പിക്കുകയും ചെയ്തു. പുണ്യനദി -പുണ്യാറ്-പിന്നീട് പൂഞ്ഞാറായിത്തീർന്നു. തെക്കുംകൂർ രാജാവുമായുള്ള കരാറിൻ പ്രകാരം കൊല്ലവർഷം 405-ൽ (1230) പാണ്ഡ്യവംശരാജാവ് ചിരായൂവർമ്മൻ (മാനവർമ്മൻ) ഒരമൂല്യ രത്നവും ധാരാളം ദ്രവ്യങ്ങളും നല്കി അഞ്ഞൂറു ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള പൂഞ്ഞാർ രാജ്യം വിലയ്ക്കു വാങ്ങി. പിന്നീട് പല പ്രാവശ്യമായി കൂടുതൽ സ്ഥലം വിലയ്ക്കുവാങ്ങി. പൂഞ്ഞാർ രാജ്യത്തോട് ചേർക്കുകയും ചെയ്തു. ഇങ്ങനെ കൊല്ലവർഷം 600-ാം ആണ്ടിൽ പൂഞ്ഞാർ രാജ്യത്തിന് 56000 ഏക്കർ വിസ്തൃതിയുണ്ടായിരുന്നു.

മാനവർമ്മൻ പൂഞ്ഞാർ രാജ്യം വിലയ്ക്കു വാങ്ങുമ്പോൾ അവിടെ രണ്ടു ക്ഷേത്രങ്ങളുണ്ടായിരുന്നു. പാഴൂർ കുടുംബം വക യായുള്ള കാവുംകടവ് ദേവീക്ഷേത്രവും തെക്കുംകൂർ രാജാവിന്റെ വകയായുള്ള ശാസ്താക്ഷേത്രവും. കൊ.വ. 407-ൽ ശാസ്താ ക്ഷേത്രം പുതുക്കിപണിയുകയും ശാസ്താസദനം എന്ന മന്ദിരം സ്ഥാപിക്കുകയും ചെയ്തു. പൂഞ്ഞാറിന്റെ ആദ്യരാജാവായ മാന വർമ്മൻ പൂഞ്ഞാർ രാജ്യം വാങ്ങി ഭരണം ആരംഭിക്കുമ്പോൾ കൂടെ കൊണ്ടുവന്ന കുലദേവതയായ മധുരമീനാക്ഷിയുടെ വിഗ്രഹം ശാസ്താക്ഷേത്രത്തിൽ സ്ഥാപിക്കുകയും ചെയ്തു, കൊ.വ. 564 (എ.ഡി. 1389)-ൽ പുതിയ ക്ഷേത്രം പണിത് മധുരമീനാക്ഷീവി ഗ്രഹം അവിടെ പ്രതിഷ്ഠിച്ചു. ഈ ക്ഷേത്രങ്ങളും വിഗ്രഹങ്ങളും ഇപ്പോഴും പൂഞ്ഞാറിലുണ്ട്. ഈ ക്ഷേത്രത്തിലെ പൊന്നാഭരണ ങ്ങൾക്കും ചമയങ്ങൾക്കുമായി ഇഞ്ചക്കാട്ട്-മററയ്ക്കാട്ട് കുടുംബ ങ്ങൾക്കുവേണ്ടി കുടുംബത്തലവൻ 500 പൊൻപണം (ഇരട്ടവാലൻ രാസി) ചെലവാക്കിയതായി 572-ാം കാലം കുറിമാനത്തിൽ കാണുന്നു. ഇതുവഴി അന്യജാതിമതസ്ഥർക്ക് അയിത്തം കൽപ്പി ച്ചിരുന്ന അക്കാലത്ത് ആൺ-പെൺ അടക്കം ഇഞ്ചക്കാട്ട്-മററയ്ക്കാട്ട് കുടുംബാംഗങ്ങൾക്ക് ക്ഷേത്രത്തിൽ പ്രവേശനത്തിന് അനുവാദം ലഭിച്ചിരുന്നു എന്നു വ്യക്തമാണ്. ക്ഷേത്രവും ചമയങ്ങളും വെടി പ്പാക്കി സൂക്ഷിക്കുവാനുള്ള കടമയും ഈ കുടുംബാംഗങ്ങൾക്കാ യിരുന്നു. കൊ.വ. 810 (ഏ.ഡി. 1635)-ൽ ചെങ്ങമനാട്, ചെമ്പകശ്ശേരി മുതലായ സ്ഥലങ്ങളിൽ നിന്ന് 11 നായർ കുടുംബങ്ങൾ പൂഞ്ഞാ റിൽ വന്നു താമസിച്ചു. ഇതേത്തുടർന്ന് രാജകുടുംബത്തിന്റെ നട ത്തിപ്പുകാരായിരുന്ന നസ്രാണികളെ മേൽപറഞ്ഞ കടമകളിൽ നിന്ന് ഒഴിവാക്കി.

കൊല്ലവർഷം 931(1756) ആയപ്പോഴേക്കും തെക്കുംകൂറും വട ക്കുംകൂറും തിരുവിതാംകൂറിൽ ലയിക്കുകയും പൂഞ്ഞാറിനെ സ്വത ന്ത്രരാജ്യമായി മാർത്താണ്ഡവർമ്മ അംഗീകരിക്കുകയും ചെയ്തു. ടിപ്പുവിന്റെ മരണശേഷം തെക്കേ ഇന്ത്യയിൽ ഉണ്ടായ വ്യാപക മായ രാഷ്ട്രീയ അഴിച്ചുപണിയോടെ പൂഞ്ഞാർ രാജ്യം ഇല്ലാതായി. 640 വർഷക്കാലം പൂഞ്ഞാർ രാജ്യം സ്വതന്ത്രരാജ്യമായി നിലനിന്നു.

പുരാതന പൂഞ്ഞാർ പള്ളിയുടെ മുൻഭാഗത്തെ ആറ്റുതീരം വലിയ വ്യാപാരകേന്ദ്രമായിരുന്നു. മീനച്ചിലാറ്റിലൂടെ വലിയ കേവു വള്ളങ്ങൾ ആലപ്പുഴയിൽനിന്നും ഇവിടെ എത്തിയിരുന്നു. ഈ കേവു

വള്ളങ്ങൾ വഴി നെല്ല്, അരി, തുണിത്തരങ്ങൾ മുതലായ സാധന ങ്ങൾ ഇവിടെ എത്തിക്കുകയും കുരുമുളക്, നാളികേരം, കൊപ്ര, ചുക്ക് മുതലായ മലഞ്ചരക്കുകൾ ഇവിടെനിന്ന് കൊണ്ടുപോകുകയും ചെയ്തിരുന്നു. ഇഞ്ചക്കാട്ട് കുടുംബക്കാരിൽ ചിലർക്കും ഇവിടെ കച്ചവടം ഉണ്ടായിരുന്നു. കൊ.വ. 1112 (1937)-ൽ ഇന്നുള്ള പൂഞ്ഞാർ ടൗണിൽ ചന്ത ആരംഭിക്കുകയും പള്ളിക്കടവിലെ കടകൾ അങ്ങോട്ടു മാറ്റുകയും ചെയ്തു.

കൊ.വ. 1102 (ഏ.ഡി. 1927)-ൽ ശ്രീ നാരായണഗുരു പൂഞ്ഞാ റിൽ വരികയുണ്ടായി. പൂഞ്ഞാർ പള്ളിക്കടവിൽ അദ്ദേഹത്തെ വര വേൽക്കാൻ കൂടിയവരിൽ നാലു നസ്രാണികളും ഉണ്ടായിരുന്നു. അവർ കണ്ടമ്പറമ്പിൽ തൊമ്മൻ, അമ്പാട്ട് (ശകലാവുക്ക്) തൊമ്മൻ, കിടങ്ങത്താഴെ (മറ്റയ്ക്കാട്ട്) കുഞ്ഞുതൊമ്മൻ, കൊല്ലംപറമ്പിൽ (ഇ ഞ്ചയ്ക്കാട്ട്) കുഞ്ഞൗസേപ്പ് എന്നിവരായിരുന്നു. അവരും ശ്രീ നാരാ ണഗുരുവുമായി വിവിധ കാര്യങ്ങൾ ചർച്ച ചെയ്തു. ഗുരു വാലാനി വഞ്ചിത്തോട്ട് കുടുംബങ്ങളുടെ അതിഥിയായി രണ്ടുനാൾ താമസിച്ച് പൂഞ്ഞാർ മങ്കുഴി ക്ഷേത്രത്തിന് വേൽനാട്ടിയ (തറക്കല്ലിടിൽകർമ്മം) ശേഷം രാമപുരത്തിനു പോയി.

അക്കാലത്തു പൂഞ്ഞാറിൽനിന്നും മധുരയ്ക്ക് എട്ടുചുവടു വീതിയിൽ ഒരു വഴിയുണ്ടായിരുന്നു. ഈ വഴിയുടെ പലഭാഗങ്ങളും ഇന്നും പല സ്ഥലങ്ങളിൽ കാണാം. പൂഞ്ഞാർ കോയിക്കൽ നിന്ന് ആരംഭിച്ച്, വെട്ടിപ്പറമ്പ്, വയമ്പാമാണ്ടി, നാടുനോക്കൽ, വെടിക്കുഴി, വാഗമൺ, ചെങ്കര, വണ്ടിപ്പെരിയാർ, കുമിളി, ഗൂഡല്ലൂർ, കമ്പം, ഉത്ത മപാളയം, ചിന്നമന്നൂർ, തേനി, പെരിയകുളം, ഡിണ്ടിഗൽവഴി മധു രയിൽ ഈ പാത അവസാനിച്ചിരുന്നു. അതുപോലെ തന്നെ അന്നത്തെ പ്രധാന വഴികളിൽ ഒന്നായിരുന്നു “ഒരു കരവഴി”. ഈ പാത മന്നത്തുനിന്നും ആരംഭിച്ച് പാതാമ്പുഴ കല്ലറങ്ങാങ്കര, വള തൂക്ക്, മണിയാംകുന്ന്, മശരേട്ട്മുക്ക്, പെരുനിലം വഴി-അരുവിത്തു റയിലെത്തുന്നു. പെരുനിലത്തുനിന്നും ഞാലിപ്പുന്നവഴി -(പൂഞ്ഞാർ രാജ്യത്തിന്റെ തൂക്കുമരം) തിടനാടിനും പാതയുണ്ടായിരുന്നു.

## പൂഞ്ഞാർ ദൈവാലയവും ഇഞ്ചക്കാട്ട് കുടുംബവും

ശകലാപുരി (ഇഞ്ചക്കാട്ട്) കുടുംബം പൂഞ്ഞാറിലെത്തിയിട്ട് 17 വർഷങ്ങൾ പിന്നിടുകയാണ്. രാജാവ് കൽപിച്ചുകൊടുത്ത സ്ഥലത്തു കൃഷി ചെയ്ത് ജീവിതഭദ്രത കൈവന്നു എങ്കിലും നില

യ്ക്കലിലുണ്ടായിരുന്ന പ്രതാപമോ സമ്പന്നതയോ നേടിയെടുക്കുവാൻ അവർക്കായില്ല. ഇവർ ആദ്ധ്യാത്മികാവശ്യങ്ങൾക്കായി ഇക്കാലത്ത് അരുവിത്തുറ പള്ളിയെതന്നെയാണ് ആശ്രയിച്ചിരുന്നത്.

## അരുവിത്തുറ പള്ളി:

പണ്ട് ചെട്ടികളുടെ ആവാസകേന്ദ്രമായിരുന്നു അരുവിത്തുറ. ഇവരിലെ പ്രമുഖനും ധനികനുമായിരുന്ന ഉദയാൻ ചെട്ടി എന്ന വ്യാപാരിക്ക് നിലയ്ക്കൽ പ്രദേശവുമായി കച്ചവടബന്ധമുണ്ടായിരുന്നു. നിലയ്ക്കലിൽ വച്ച് ഇദ്ദേഹം തോമാശ്ലീഹായിൽനിന്ന് മാർഗ്ഗം സ്വീകരിച്ചു. തോമാശ്ലീഹാ ഉദയാൻ ചെട്ടിക്ക് കൊടുത്തയച്ച ഒരു കുരിശ് അദ്ദേഹം തന്റെ ഭവനത്തിന് സമീപം ജലയാനങ്ങൾ അടുക്കാൻ നിർമ്മിച്ചിരുന്ന ചെറിയ ജെട്ടിക്കടുത്ത് സ്ഥാപിച്ചു. കച്ചവടാവശ്യങ്ങൾക്ക് വന്നിരുന്നവർ കുരിശിങ്കൽ നേർച്ചകാഴ്ചകൾ സമർപ്പിച്ചിരുന്നു. കുരിശ് സ്ഥാപിക്കപ്പെട്ടിരുന്ന ജെട്ടി 'അരീത്ര' എന്ന് അറിയപ്പെട്ടിരുന്നു. പിൽക്കാലത്ത് ഇത് അരുവിത്തുറയായി (രണ്ട് അരുവികൾ സംഗമിച്ചിരുന്ന ഒരു തുറ എന്ന സങ്കൽപത്തിൽ നിന്നായിരിക്കണം അരുവിത്തുറ എന്ന പേരുണ്ടായത്). നാലാം നൂറ്റാണ്ടിൽ വിദേശ നസ്രാണികൾ അരുവിത്തുറയിലെത്തുകയും കുരിശ് സ്ഥാപിക്കപ്പെട്ടിരുന്ന സ്ഥലത്ത് പരി. കന്യകാമറിയത്തിന്റെ നാമത്തിൽ ഒരു ദൈവാലയം നിർമ്മിക്കുകയും ചെയ്തു. ഉദയാൻചെട്ടിയുടെ പിന്മുറക്കാരാണ് ഇന്നത്തെ തെങ്ങുംമൂട്ടിൽ കുടുംബക്കാർ.

അരുവിത്തുറ ഇടവകക്കാരനും പള്ളിയോഗക്കാരനുമായ കല്ലറയ്ക്കൽ ഇട്ടി എന്ന ജന്മിക്ക് നിലയ്ക്കലിൽ അഞ്ചു സ്ഥലങ്ങളിൽ കൃഷിയുണ്ടായിരുന്നു. തെക്കുംകൂർ രാജാവിൽനിന്ന് തീട്ടൂരം വാങ്ങി നടത്തുന്നവയായിരുന്നു ഈ അഞ്ചു സ്ഥലങ്ങളിലെയും കൃഷികൾ. ഇദ്ദേഹത്തിന് അരുവിത്തുറയിൽ ഉണ്ടായിരുന്ന പണ്ടകശാലയ്ക്ക് തെക്കുംകൂർ രാജാവ് നിയമിച്ചിരുന്ന പടയാളികൾ കാവലുണ്ടായിരുന്നു. നിലയ്ക്കൽ, ചായൽ പള്ളികൾക്ക് നേരെയുണ്ടാകാനിരുന്ന ആക്രമണം മുൻകൂട്ടി കണ്ട് കല്ലറയ്ക്കൽ ഇട്ടി അവിടെയുണ്ടായിരുന്ന വി. ഗീവർഗീസിന്റെ രൂപവും പള്ളിമണി ഒഴികെയുള്ള മറ്റു പള്ളിസാധനങ്ങളും അവിടെനിന്ന് മാറ്റി തിടനാടുള്ള മൂന്നാനപ്പള്ളിൽ എന്ന വീട്ടിലെ രഹസ്യഅറയിൽ സൂക്ഷിച്ചു. കാലങ്ങൾക്കുശേഷം പതിനാറാം നൂറ്റാണ്ടിന്റെ മധ്യഭാഗത്ത് കല്ലറയ്ക്കൽ

മത്തായി കത്തനാരുടെ നേതൃത്വത്തിൽ അരുവിത്തുറ പള്ളി പുതുക്കി പണിത് വി. ഗീവർഗീസിന്റെ രൂപം അവിടേക്കു മാറ്റി. ഇപ്രകാരം വളരെ പഴക്കവും പാരമ്പര്യവും അരുവിത്തുറപ്പള്ളിക്കുണ്ട് എന്ന കാര്യം നിസ്തർക്കാണ്.

## അരുവിത്തുറ പള്ളിയും ഇഞ്ചക്കാട്ടു കുടുംബവും

1403-ൽ ഇഞ്ചക്കാട്ട് ഔസേപ്പിന്റെ മകൻ മത്തായിയുടെ വിവാഹത്തോടനുബന്ധിച്ച് നൊമ്പരപ്പെടുത്തുന്ന ഒരനുഭവമുണ്ടായി. പുരാതന മഹിമയുള്ള അരുവിത്തുറപ്പള്ളിയിൽ അക്കാലഘട്ടത്തിലെ പ്രമാണി വലിയവീട്ടിൽ ഉതുപ്പായിരുന്നു. പാരമ്പര്യമനുസരിച്ച് വിവാഹശേഷം വീട്ടിലേക്ക് പോകുമ്പോൾ ഒരു മുത്തുക്കുട അകമ്പടിയായി കൊണ്ടുപോകുമായിരുന്നു. പസാരം, കുടപ്പണം മുതലായവ ഈടാക്കിയ പള്ളിപ്രമാണിമാർ മുത്തുക്കുട ഇഞ്ചക്കാട്ടിൽ കൊണ്ടുപോയാൽ ഇഞ്ചമുള്ളിൽ ഉടക്കി കീറിപ്പോകുമെന്നു പരിഹസിച്ച് വീട്ടിലേക്ക് കൊടുത്തുവിട്ടില്ല. ആകയാൽ പള്ളിയിൽ കൊടുത്ത പണം തിരികെ വാങ്ങാതെതന്നെ, കുടയെടുക്കാതെ നട വിളിക്കാതെ വിവാഹം നടത്തി. ഇഞ്ചക്കാട്ട് ഔസേപ്പിന് ഇത് വലിയ മനോവ്യഥയ്ക്ക് കാരണമായി.

അപമാനിതരായ ഔസേപ്പും ബന്ധുവായ മറ്റക്കാട്ട് മത്തായിയും രാജസന്നിധിയിൽ തങ്ങളുടെ സങ്കടമുണർത്തിച്ചു. തങ്ങൾ അരുവിത്തുറ പള്ളിപ്രമാണികളാൽ അപമാനിക്കപ്പെട്ടതിലുള്ള മനോദുഃഖവും അമർഷവും രാജസമക്ഷം ബോധിപ്പിച്ചു. ഇഞ്ചക്കാട്ട്, മറ്റക്കാട്ട് എന്നീ നസ്രാണി കുടുംബങ്ങൾക്ക് ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുവാൻ ഒരു പള്ളിക്ക് സ്ഥലം നൽകണമെന്ന് അവർ അപേക്ഷിക്കുകയും ചെയ്തു. രാജഭക്തരും വിശ്വസ്തരുമായ പ്രസ്തുത നസ്രാണികളോട് രാജാവ് ഉദയവർമ്മ പെരുമാൾ കോതവർമ്മന് അനുഭാവം തോന്നി. പള്ളി പണിയാൻ അനുവാദവും, കരം ഒഴിവാക്കിക്കൊണ്ട് സ്ഥലവും നല്കി. പൂഞ്ഞാർ ഇടവക (പൂഞ്ഞാർ രാജ്യം) അതിർത്തിക്കുള്ളിൽ ദൈവാലയങ്ങൾ പണിയുന്ന കാര്യത്തിൽ അനുവാദം കൊടുക്കുവാനോ നിഷേധിക്കുവാനോ ഉള്ള അധികാരം പൂഞ്ഞാർ രാജാവിനായിരുന്നു. അതനുസരിച്ച് പള്ളി നിർമ്മാണത്തിന് സ്ഥലം തരുന്നതിനെയും കുറിച്ച് രാജവംശചരിത്രത്തിന്റെ മൂന്നാം പേജിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കൽപന ഇപ്രകാരമാണ്: പൂഞ്ഞാർ ഉടയ അരസാൻ പെരുമാൾ കോതവർമ്മൻ തിരുവാമൊഴിയിനാലേ പള്ളിക്കാകെ ഇടം കല്പിച്ചു തന്നാൻ.

കൊല്ലവർഷം 579 കന്നി 4-ാം തീയതി

## പൂഞ്ഞാർ പള്ളി

അരുവിത്തുറ പള്ളിപ്രമാണിയുമായുണ്ടായ മാനസിക അകൽച്ച പൂഞ്ഞാർ പള്ളിയുടെ സ്ഥാപനത്തിനു വഴിതെളിച്ചതായി കാണുന്നു.

പള്ളിപണി ആരംഭിക്കുന്നതിനോടനുബന്ധിച്ച് രസകരവും തന്ത്രപരവുമായ ഒരു നടപടിയുണ്ടായി. പൂഞ്ഞാർ രാജാവ് ഇഞ്ചക്കാട്ട്, മറ്റക്കാട്ട് കുടുംബങ്ങൾക്ക് പള്ളി അനുവദിച്ചു എന്നറിഞ്ഞ അരുവിത്തുറ പള്ളിപ്രമാണിമാർ അതിനെ എതിർത്തു. അരുവിത്തുറ നിന്നും വൈദികർ വന്ന് പള്ളിക്ക് ശിലാസ്ഥാപനം നടത്തുകയില്ല എന്ന് അവർ ഉറപ്പു വരുത്തി. ഒരു വൈദികനെ മുഹമ്മദീയവേഷം കെട്ടിച്ച് പൂഞ്ഞാറിൽ എത്തിച്ചാണ് പൂഞ്ഞാർ പള്ളിക്ക് അടിസ്ഥാനക്കല്ലിട്ടത്. കൊട്ടും വെടിയും കേട്ടപ്പോഴാണ് അരുവിത്തുറക്കാർ കാര്യമറിഞ്ഞത്. കൊല്ലവർഷം 579 (ഏ.ഡി. 1404) തുലാം മാസം 10-ാം തീയതി പള്ളിയുടെ നിർമ്മാണമാരംഭിച്ചു. ഇഞ്ചക്കാട്ട് ഔസേപ്പും മറ്റക്കാട്ട് മത്തായിയും ചേർന്ന് പണിക്ക് നേതൃത്വം നല്കി.

പൂഞ്ഞാർ പള്ളിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുന്നതിനു മുൻപ് കൊല്ലവർഷം 580 (1405) കന്നിമാസം 10-ാം തീയതി ഇഞ്ചക്കാട്ട് ഔസേപ്പ് മരിച്ചു. അരുവിത്തുറ പള്ളിപ്രമാണിമാരുമായി മാനസികമായി അകൽച്ചയിൽ കഴിഞ്ഞിരുന്നതിനാൽ താൻ മരിച്ചാൽ സ്വന്തം പുരയിടത്തിൽ സംസ്കരിച്ചാൽ മതി എന്ന് ഔസേപ്പ് ആവശ്യപ്പെട്ടിരുന്നു. രാജാവിന്റെ പ്രത്യേക അനുമതിയോടെ സ്വന്തം പുരയിടത്തിൽ കുളത്തിൻമാട്ടേൽ ഭാഗത്ത് ഔസേപ്പിനെ സംസ്കരിച്ചു. അതേ വർഷംതന്നെ ഔസേപ്പിന്റെ ഭാര്യ മറിയവും മരിച്ചു. അവരേയും ഔസേപ്പിനെ സംസ്കരിച്ച കുളത്തിൻമാട്ടേലാണ് സംസ്കരിച്ചത്.

ഔസേപ്പിന്റെ മരണശേഷം പള്ളിനിർമ്മാണ ചുമതല ഏറ്റെടുത്ത മറ്റക്കാട്ട് മത്തായി, ഇഞ്ചക്കാട്ട് ഔസേപ്പിന്റെ മകൻ മത്തായിയുമൊത്ത് മനോഹരമായ ദൈവാലയം പൂർത്തിയാക്കി. പള്ളിയുടെ

നീളം 24 കോലും, വീതി 16 കോലും. പള്ളിപണിക്ക് നേതൃത്വം നൽകുന്നതിനു വേണ്ടിയാണ് ഇഞ്ചക്കാട്ട് മത്തായി പൂഞ്ഞാർ വലിയവീട്ടിൽ താമസമാക്കിയത്.

പണിതീർത്ത മുറയ്ക്ക് കാട്ടുമൃഗങ്ങളുടെ ശല്യം ഒഴിവാക്കാൻ പള്ളിക്കുചുറ്റും 160 കോൽ നീളത്തിൽ, 7 കോൽ ആഴമുള്ള കിടങ്ങു കുഴിച്ചു. കൊ.വ. 581 (ഏ.ഡി. 1406) ചിങ്ങം 10-ാം തീയതി പരി. കന്യകാമറിയത്തിന്റെ നാമപ്പേരിൽ രാമപുരത്തുകാരൻ പൂവത്തിങ്കൽ ചാക്കോ കത്തനാർ പള്ളി ശുദ്ധി ചെയ്തു (വെഞ്ചരിച്ചു). 10-ാം നാഴികയ്ക്ക് കുർബാന ആയിരുന്നു. അന്നുമുതൽ പൂഞ്ഞാർ പള്ളി ഇഞ്ചക്കാട്ട് മറ്റക്കാട്ട് കുടുംബക്കാർക്കും മറ്റ് അനേകം കുടുംബങ്ങൾക്കും ദൈവാനുഗ്രഹത്തിന്റെ പ്രഭവകേന്ദ്രമായി പ്രശോഭിക്കുന്നു.

നിലയ്ക്കൽ പള്ളിക്കു വടക്കു പടിഞ്ഞാറുള്ള പൂഞ്ഞാർ പള്ളിയിലേക്ക് 32 നാഴിക (ഏകദേശം 13 മണിക്കൂർ) യാത്രയുണ്ടായിരുന്നു. പള്ളിക്കുണ്ടായിരുന്ന സാധനങ്ങൾ താഴെപ്പറയുന്നവയായിരുന്നു.

അഴുവന് 25 ഇടങ്ങഴി അരി വേവുന്ന ചെമ്പ് -1
കുട്ടകം -1
നിലക്കാതം -1
ഏഴ് തിരി കത്തുന്ന കോൽവിളക്ക് -1
വെടിക്കുറ്റി -10
ആറു കാൽ വീതമുള്ള തീവെട്ടി -4

പള്ളിയുടെ പൂട്ട്, വെടിക്കുറ്റി, തീവെട്ടി എന്നിവ പണിത് തരുവാൻ നിയോഗമേറ്റത് കൊടൂശ്ശേരി കൊച്ചുഗോവിന്ദൻ ആയിരുന്നു. ഇയാൾ പള്ളിയുടെ അവകാശിക്കൊല്ലൻ ആയിരുന്നു.

1429 -ൽ ഇഞ്ചക്കാട്ട് മത്തായി നിര്യാതനായി. പൂഞ്ഞാർ പള്ളിയിൽ സംസ്കരിച്ചു. മത്തായിയുടെ ഏകമകൻ കുഞ്ഞൗസേപ്പ് ഇഞ്ചക്കാട്ട് തറവാടും വലിയവീടും അന്വേഷിച്ചുകൊണ്ട് പൂഞ്ഞാർ പള്ളിയുടെ സമീപത്തായിരുന്ന വലിയവീട്ടിൽ താമസിച്ചു.

കൊ.വ 614 (എ.ഡി. 1439)-ൽ 'ഫക്കീർ പൊലികൾ' എന്ന കൊള്ളക്കാരന്റെ നേതൃത്വത്തിലുള്ള കൊള്ളസംഘം നിലക്കൽ

പള്ളി കൊള്ളചെയ്തു നശിപ്പിച്ചു. നസ്രാണികൾ ഒന്നടങ്കം അവിടെനിന്ന് പലായനം ചെയ്തു. അക്കൂട്ടത്തിൽപ്പെട്ട ആറുകുടുംബക്കാർ പൂഞ്ഞാറിലെത്തി അവിടെ ഇഞ്ചക്കാട്ട്, മറ്റക്കാട്ട് കുടുംബക്കാർ പണിതീർത്തിരുന്ന പള്ളിയിൽ കൂടിച്ചേർന്നു. ഇവർ ശകലാപുരി, കണ്ടമ്പറമ്പിൽ, നെടുംകല്ലേൽ, കാരിയോരിക്കൽ, കല്ലാറ്റിൽ, കുന്നേൽ എന്നീ കുടുംബക്കാരായിരുന്നു. കൊ.വ. 631 (എ.ഡി. 1456)–ൽ പൂഞ്ഞാറിൽ വലിയദണ്ഡം (വസൂരി) ഉണ്ടായി. കുറേപ്പേർ മരിച്ചു. ഒട്ടേറെപ്പേർ മാറിത്താമസിച്ചു. പൂഞ്ഞാർപള്ളി അടച്ചു. ഏഴു വർഷങ്ങൾക്കുശേഷം കൊ.വ. 639 (എ.ഡി. 1464)–ൽ ഇഞ്ചക്കാടനും മറ്റയ്ക്കാടനും ഇണങ്ങരും ചേർന്ന് പള്ളി തുറന്ന് ചിതലരിച്ച് നാശം വന്ന ഭാഗങ്ങൾ പൊളിച്ചു മാറ്റി പുതുക്കിപ്പണിതു. പിന്നീട് അവിടെ മാസത്തിൽ ഒരു തവണ വി. കുർബാന അർപ്പിച്ചിരുന്നു.

കൊല്ലവർഷം 654 കന്നി 25 ന് (1479) കുറിമാനത്തിലെഴുതിയിരിക്കുന്നപ്രകാരം ശേഷം സംഭവങ്ങൾ ഏട് രണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഏട് കൈമോശം വന്നിരിക്കുന്നു. ചരിത്രപേടകത്തിലെ വിവിധ രേഖകളുടെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള ചരിത്രവും കുടുംബബന്ധങ്ങളെ സംബന്ധിച്ച കാര്യങ്ങളും രേഖപ്പെടുത്തുന്നത്.

കൊ.വ. 41 (എ.ഡി. 1766) ൽ പൂഞ്ഞാർ പള്ളി മൂന്നാം തവണയും പുതുക്കിപണിതു. ഇഞ്ചക്കാട്ട്, മറ്റയ്ക്കാട്ട് കുടുംബങ്ങളും നിലയ്ക്കലിൽനിന്നും വന്ന ആറു കുടുംബങ്ങളും കൂടാതെ പുറപ്പുഴ, മുതലക്കോടം എന്നീ പ്രദേശങ്ങളിൽനിന്നു വന്ന തോട്ടക്കര, കൊച്ചുപുര, പുത്തൻപുര തുടങ്ങിയ കുടുംബങ്ങളും, വാലാനി, വഞ്ചിത്തോട് എന്നീ ഹൈന്ദവ കുടുംബങ്ങളും ഉൾപ്പെടെ 91 കുടുംബങ്ങൾ ഒത്തുചേർന്നാണ് ഇത്തവണ പള്ളി പുതുക്കി പണിതത്. കൊ. വ. 943 (എ.ഡി. 1768) ൽ  പണി പൂർത്തിയായി. കൊ. വ. 943 തുലാം 15–ൽ കടനാട് പള്ളി വികാരി പാറേമ്മാക്കൽ തോമാക്കത്തനാർ പള്ളി ശുദ്ധിചെയ്ത് (വെഞ്ചരിച്ച്) പൂജ നടത്തി. പാലാക്കാരൻ പുഴുവേലിൽ കൊച്ചുമത്തായി കത്തനാർ സഹകാർമ്മികനായിരുന്നു. കർമ്മാനന്തരം നടന്ന വിരുന്നിനുശേഷം പള്ളി പ്രതിപുരുഷന്മാരുടെയും പട്ടക്കാരുടെയും ഇടവകജനങ്ങളുടെയും കൂട്ടായ സഭയിൽ പാറേമാക്കൽ തോമാക്കത്തനാർ താഴെപറയും വിധം പ്രസംഗിച്ചു:

"മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

മുമ്പിനാലെ ഇവിടെ ഉണ്ടായിരുന്നതും ഇഞ്ചക്കാട്ട്, മറ്റയ്ക്കാട്ട് കുടുംബങ്ങളുടെ വകയായിരുന്നതും ഇപ്പോൾ 91 കുടുംബങ്ങൾ ചേർന്ന് പുതുക്കി പണിതതുമായ പള്ളി നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ നാമപ്പേരിൽ അറിയപ്പെടുന്നു. വറുതിയുടെ ഇക്കാലത്ത് വളരെ ക്ലേശങ്ങൾ സഹിച്ച് പള്ളി പണിത നിങ്ങളെ മിശിഹാതമ്പുരാൻ അനുഗ്രഹിക്കട്ടെ".

തോമ്മാക്കത്തനാർ
943 തുലാം പതിനഞ്ചാം നാൾ

## ഒന്നാമത് പള്ളിപൊതുയോഗം:

1768-ൽ മൂന്നാമത് പുതുക്കി പണിത ദൈവാലയം പാറേമ്മാക്കൽ ഗോവർണദോർ വെഞ്ചരിച്ചതിനുശേഷം ആദ്യമായി നടന്ന പള്ളിപൊതുയോഗത്തിൽ വെളിയന്നൂർകാരൻ കൊച്ചൗസേപ്പ് രണ്ടു വ്യവസ്ഥകൾ യോഗം മുമ്പാകെ അവതരിപ്പിച്ചു.

1. പള്ളിപണിയിൽ ഏർപ്പെട്ട എല്ലാ കുടുംബങ്ങളുടെയും പേര് പ്രമാണത്തിൽ ചേർക്കുക.
2. ഇഞ്ചക്കാട്ട്, മറ്റയ്ക്കാട്ട് കുടുംബം വകയായുള്ള പള്ളി എന്ന കുറിപ്പ് മാറ്റിക്കുറിക്കുക.

കൊച്ചൗസേപ്പിന്റെ വ്യവസ്ഥകൾ ചർച്ച ചെയ്ത യോഗ പ്രതിനിധികൾ പള്ളിപ്രമാണങ്ങൾ പരിശോധിച്ചു. പരിശോധനയിൽ 'പൂഞ്ഞാർ തമ്പുരാൻ ഇനാമായി കൊടുത്ത സ്ഥലത്ത് ഇഞ്ചക്കാട്ട് കുടുംബക്കാർ ചെല്ലപ്പണം മുടക്കി പണിത പള്ളിയും പള്ളിക്കുള്ളിലെ മുതലുകളും' എന്നു സൂചിപ്പിച്ചിരിക്കുന്നതായി കണ്ടു. അതുപോലെ 'മരിച്ചടക്കിനുവേണ്ടി സിമിത്തേരിയുടെ കിഴക്കുഭാഗം എന്നേക്കും അവർക്ക്' എന്നും എഴുതിയിരിക്കുന്നതും കണ്ടു. 'ആയതിനാൽ നടപടിക്രമമനുസരിച്ച് പള്ളിയോഗക്കാരും മേൽപട്ടക്കാരും കൂടി ഈ കുടുംബങ്ങളോട് അവകാശം തീറോട്ട് വാങ്ങുംവരെയും മൂലത്തിൽനിന്ന് അവരെ മാറ്റാൻ യോഗക്കാർക്ക് അവകാശമില്ലെ'ന്ന് ചട്ടത്തിൽ കാണുകയാൽ കൊച്ചൗസേപ്പിന്റെ രണ്ടാമത്തെ ആവശ്യം നിരസിക്കാനും ഒന്നാമത്തെ വ്യവസ്ഥ അംഗീകരിച്ച് യോഗ തീരുമാനത്തിൽ കൂട്ടിച്ചേർക്കാനും അന്നത്തെ പള്ളിപ്രമാണിയും

താക്കോൽ സൂക്ഷിപ്പുകാരനുമായ കണ്ടംപറമ്പിൽ വലിയപാപ്പൻ യോഗത്തിൽ തീരുമാനമെടുത്തു. താക്കോൽ സൂക്ഷിപ്പുകാര (കൈ ക്കാരൻ) നെ തെരഞ്ഞെടുക്കുന്നതിനായി ഇതിനുശേഷം രണ്ടാ മതു ചേർന്ന പൊതുയോഗത്തിൽ ചില തർക്കവാദങ്ങൾ ഉണ്ടായി. 'ചില്ലറ ഏറുവാചകങ്ങളും' ചിലർ പറഞ്ഞു! എന്നാൽ കണ്ടംപറ മ്പിൽ വലിയപാപ്പൻ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. കാര്യങ്ങളെല്ലാം ഭംഗിയായി കലാശിച്ചു.

ഈ സംഭവവികാസങ്ങൾക്ക് ശേഷം രണ്ടാമത്തെ ആഴ്ചയിൽ പള്ളിയുടെ പൂട്ടു ഭേദിച്ച് ആരോ പള്ളിയിൽ പ്രവേശിക്കുകയും പള്ളിയിൽ സൂക്ഷിച്ചിരുന്ന പ്രമാണങ്ങൾ അടക്കം ചെയ്ത പെട്ടി പള്ളിയിൽ നിന്ന് മാറ്റുകയും ചെയ്തു. വിവരമറിഞ്ഞ് എത്തിച്ചേർന്ന വർ നടത്തിയ തെരച്ചിലിൽ പള്ളിയുടെ വടക്കുഭാഗത്തായി എന്തോ കത്തിക്കരിഞ്ഞ ചാരം കിടക്കുന്നതായി കാണപ്പെട്ടു. പള്ളിയിലു ണ്ടായിരുന്ന മറ്റു വകകൾക്ക് നാശമൊന്നുമുണ്ടായിരുന്നില്ല. അങ്ങനെ പള്ളിയുടെ മുൻപ്രമാണങ്ങൾ നഷ്ടപ്പെട്ടതിൽ വ്യസനിച്ചുകൊണ്ട് അവിടെ കൂടിയവർ പിരിഞ്ഞു.

ഇവയ്ക്കുശേഷം ഏഴാംദിവസം (കൊ.വ.943 മീനം 9 ന് – എ. ഡി. 768) വലിയവീട്ടിൽ പറമ്പിലെ കളപ്പുരക്കളത്തിൽ ('കളപ്പുര ക്കളം' ഇപ്പോഴും ഉണ്ട്) ഇഞ്ചക്കാട്ട്, മറ്റയ്ക്കാട്ട് കുടുംബക്കാർ ഒത്തു ചേർന്ന് പള്ളിയിൽ നടന്ന കാര്യങ്ങൾ മനോവേദനയോടെ പറ ഞ്ഞു. രാത്രിയുടെ രണ്ടാമത്തെയോ മൂന്നാമത്തെയോ യാമത്തിൽ (ഒരു യാമം മൂന്നു മണിക്കൂറാണ്) ആരോ നടത്തിയ കാര്യമാക യാൽ സംഭവത്തിന് ഒരു തുമ്പും ഉണ്ടായില്ല. 'തിരിഞ്ഞടി' (ഉച്ചക ഴിഞ്ഞ്) യായപ്പോൾ എല്ലാവരും ഭക്ഷണം കഴിച്ചുകഴിഞ്ഞ് ഒരുമി ച്ചുകൂടിയ വേളയിൽ കുടുംബത്തിലെ പ്രായംചെന്ന ആളും തലവ നുമായ കൊച്ചിട്ടിച്ചെറിയത് എഴുന്നേറ്റ് നിന്ന് ഇപ്രകാരം പറഞ്ഞു:

**"കൂടപ്പിറപ്പുകളേ, കുഞ്ഞുങ്ങളേ,**

നമ്മൾ സങ്കടപ്പെടേണ്ട കാര്യങ്ങൾ ഒന്നും ഇപ്പോഴില്ല. നമ്മുടെ നിധി ആരും കവർന്നിട്ടില്ല. അത് അടക്കപ്പെട്ടിരിക്കുകയാണ്. അതു മൂന്നാംനാൾ ഉയിർക്കപ്പെടും. മൂന്ന്, മൂന്ന് പത്ത്, മൂന്ന് നൂറ്, ആണ്ടു കളുംവരെയാകും. കാലത്തിന്റെ തികവിൽ നമ്മുടെ സന്തതികൾ കാഹളമൂതും. അപ്പോൾ നമ്മുടെ നിധി ഉയിർത്തെഴുന്നേൽക്കും. ഇതു പറയുന്ന ഞാനും കേട്ടിരിക്കുന്ന നിങ്ങളും മൺമറഞ്ഞുപോ

കുമെന്നിരിക്കിലും വീണ്ടും നമ്മുടെ സന്തതികൾ ഉണ്ടാകും. ഉയിർത്തെഴുന്നേല്ക്കുന്ന നിധി വിളംബരം ചെയ്യുംവരെ നമ്മുടെ സന്തതി ഈ മണ്ണിൽനിന്നും വേരറ്റുപോകില്ല. നമ്മുടെ പിതാക്കന്മാർക്ക് ജന്മദേശത്തു വേണ്ട കൃഷിസ്ഥലങ്ങളും പൊന്നും വെള്ളിയും ആടുമാടുകളും വലിയ പദവിയും ഉണ്ടായിരുന്നതായി നമുക്ക് അറിയാമല്ലോ. പഞ്ഞം, പട, വസന്ത എന്നിവയിൽനിന്ന് ഒഴിഞ്ഞുമാറണമെന്ന ചൊല്ലിന്റെ പേരിൽ പലതും ഉപേക്ഷിച്ച് പണവും പണ്ടങ്ങളും ആടുമാടുകളുമായി ജന്മദേശം വിട്ട് പ്രമാണികളായി ഈ ദേശത്ത് എത്തിച്ചേർന്നു. ഈ നാടിന്റെ ഉടയവൻ (രാജാവ്) അവരെ സ്നേഹത്തോടെ കണ്ട് തങ്ങാനിടവും സ്ഥാനമാനങ്ങളും കൽപിച്ചുതന്നു. രാജാവിങ്കൽനിന്ന് ദാനമായി തന്ന സ്ഥലത്ത് പള്ളി പണിതു. അതിന്റെ എല്ലാ പ്രമാണരേഖകളും രാജാവിങ്കൽ തന്നെ ഉള്ളതുമാകുന്നു. കൂടാതെ പിതാക്കന്മാർ ജന്മനാട്ടിൽനിന്ന് പുറപ്പെട്ട അന്നുമുതൽ ഇന്നുവരെയുള്ള വിവരങ്ങളും കാലങ്ങളും ഒന്നൊഴിയാതെ നമ്മുടെ പേടകത്തിൽ രേഖയായി സൂക്ഷിച്ചിട്ടുണ്ട്.

കുടുംബത്തിലെ മൂത്തയാൾ പ്രമാണം സൂക്ഷിച്ചുകൊള്ളണം. മൂത്തവന്റെ കാലശേഷം മൂത്തവന്റെ മൂത്തമകൻ എന്ന കണക്കിൽ പ്രമാണങ്ങൾ സൂക്ഷിക്കണം. കാലാകാലങ്ങളിൽ ലിഖിതങ്ങളിൽപ്പെട്ട വകകൾക്ക് കേടുപാടുകൾ കണ്ടാൽ വള്ളിക്കോ പുള്ളിക്കോ മാറ്റം വരുത്താതെ എഴുതി സൂക്ഷിക്കണം". (ഇവിടെ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ മേൽപറഞ്ഞപ്രകാരംതന്നെ കൈമാറ്റം ചെയ്യപ്പെട്ട് ഇഞ്ചക്കാട്ട് കുടുംബത്തിന്റെ ശാഖയായ കൊല്ലംപറമ്പിൽ കുടുംബത്തിൽ സൂക്ഷിച്ചുപോരുന്നു. ചരിത്രവിവരണത്തിന്റെ അടിസ്ഥാനം ഈ രേഖകളാണ്. കാലപ്പഴക്കം കൊണ്ട് നശിച്ചു തുടങ്ങിയ ചില രേഖകൾ പൂർണമായും വ്യക്തമല്ലാത്തതിനാൽ അവ ചരിത്രരചനയിൽ ഉൾപ്പെടുത്തിയിട്ടില്ല). ഈ വക കാര്യങ്ങൾ കേട്ടശേഷം ഇഞ്ചക്കാട്ട് കുടുംബാംഗങ്ങൾ സമാധാനപരമായി പിരിഞ്ഞുപോയി.

ഇന്ന് നിലവിലുള്ള പൂഞ്ഞാർ പള്ളിക്ക് ബഹു. പരിന്തിരിക്കൽ അച്ചൻ വികാരിയായിരുന്ന കാലത്ത് 1929-ൽ അടിസ്ഥാനമിട്ടു. 1937-ൽ ബഹു. പൊറ്റേടത്തച്ചന്റെ കാലത്ത് പണി പൂർത്തിയാക്കി. ഇന്നത്തെ ഗ്രോട്ടോയുടെ മുൻവശത്ത് നിലനിന്നിരുന്നതും 1768-ൽ ഗോവർണദോർ ശുദ്ധി ചെയ്തതുമായ ദൈവാലയം 1947-ൽ പൊളിച്ചുമാറ്റി.

ഇഞ്ചക്കാട്ട്, മറ്റയ്ക്കാട്ട് കുടുംബാംഗങ്ങളെ കാലാകാലത്തോളം സംസ്കരിക്കുന്നതിനായി പള്ളിയോഗം അനുവദിച്ച് നീക്കിവച്ചിരുന്ന സ്ഥലത്താണ് ഇന്നത്തെ ഗ്രോട്ടോ സ്ഥിതി ചെയ്യുന്നത്.

പൂഞ്ഞാറിലെ മൂന്നാമത്തെ പള്ളിയും സിമിത്തേരിയും മാറ്റി സ്ഥാപിച്ചപ്പോൾ തങ്ങൾക്ക് കാലാകാലത്തോളം മൃതസംസ്കാരത്തിന് അവകാശമായി കിട്ടിയിരുന്നതും ഇഞ്ചക്കാട്ട്, മറ്റയ്ക്കാട്ട് കുടുംബത്തിലെ പൂർവപിതാക്കന്മാരെ അടക്കിയിരുന്നതുമായ സ്ഥലം തിരിച്ചറിയുന്നതിനുവേണ്ടി ഇഞ്ചക്കാട്ട് കുടുംബത്തിലെ വലിയപരയ്ക്കാട്ട് ശാഖയിൽപ്പെട്ട വലിയകുഞ്ഞെന്നു വിളിക്കുന്ന തൊമ്മൻ തോമസ്, 1948-ൽ പണികഴിപ്പിച്ചതാണ് ഇന്നു നിലവിലുള്ള മാതാവിന്റെ ഗ്രോട്ടോ.

## രാജകുടുംബവുമായുള്ള ബന്ധം

ഇഞ്ചക്കാട്ടു കുടുംബത്തിന്റെ ചരിത്രം പൂഞ്ഞാർ രാജവംശവുമായും പൂഞ്ഞാർ ദേശവുമായും അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. പൂഞ്ഞാർ രാജകുടുംബത്തിൽനിന്ന് ഈ കുടുംബത്തിന് പ്രത്യേക അവകാശങ്ങളും പദവികളും കൽപിച്ചുതന്നിരുന്നു. അവയെക്കുറിച്ച് അല്പമായി പ്രതിപാദിക്കുകയാണ്.

കൊ. വ. 610 (എ.ഡി. 1435)-ൽ പൂഞ്ഞാർ രാജാവ് ആറു കുടുംബങ്ങളെ തന്റെ കുടിയാന്മാരായി അംഗീകരിച്ച് ഉത്തരവായി. അവർക്കു മാത്രമേ അന്ന് അടിയാന്മാരെക്കൊണ്ട് പണിചെയ്യിക്കാനും സ്ഥിര ദേഹണ്ഡങ്ങൾ നടത്തുവാനും അനുവാദമുണ്ടായിരുന്നുള്ളൂ. വാലാനി-വഞ്ചിത്തോട് (സിംഹളബ്രഹ്മർ), കോലാനി-കൊണ്ടൂച്ചേരി (നായന്മാർ), ഇഞ്ചക്കാട്-മറ്റയ്ക്കാട് (നസ്രാണികൾ) എന്നിവരായിരുന്നു ആ ആറു കുടുംബങ്ങൾ. ഈ കുടുംബങ്ങൾക്ക് കമ്പളവിന് തൊള്ളായിരം പെരുക്കം (ഉദ്ദേശം രണ്ടേക്കർ) 'തിരുവുളം' എന്ന പേരിൽ കരമൊഴിവായി കൽപിച്ചിരുന്നു. കൂടാതെ ഉത്സവത്തലേന്ന് അഞ്ചേകാൽ ഇടങ്ങഴി അരിയും അതിനടുത്ത കറിസാധനങ്ങളും ഈ കുടുംബത്തലവന്മാരുടെ വീടുകളിൽ എത്തിച്ചുകൊടുത്തിരുന്നു. ഇത് 'കോയിക്കലെ അഞ്ചേകാലും കോപ്പും' എന്ന പേരിലുള്ള ആനുകൂല്യമായി അറിയപ്പെട്ടിരുന്നു.

മേൽപറഞ്ഞ ആറു കുടുംബങ്ങളൊഴികെയുള്ള കുടുംബക്കാർ അടിയാന്മാർ എന്നറിയപ്പെട്ടിരുന്നു. ഇവരാണ് ഓണം, വിഷു തുട

ങ്ങിയ ഉത്സവകാലങ്ങളിൽ പൂഞ്ഞാർ കോയിക്കൽ നെല്ലുകുത്തി കൊടുക്കുക, വഴി നന്നാക്കിക്കൊടുക്കുക മുതലായ ജോലികൾ ചെയ്തിരുന്നത്. കൊ.വ. 1055 (എ.ഡി. 1880)-ൽ തെള്ളിയിൽ ചാക്കോ കത്തനാർ അടിമപ്പണി എന്നു പറഞ്ഞ് ഈ ജോലികൾ ചെയ്തു കൊടുക്കുന്ന പതിവ് അവസാനിപ്പിച്ചു. അന്നുവരെ രാജകുടുംബ വുമായി ഒരുമയിൽ കഴിഞ്ഞിരുന്ന നസ്രാണികളോട് രാജകുടുംബ ത്തിന് വെറുപ്പുണ്ടാകുവാൻ ഇതു കാരണമായി. ഇക്കാരണത്താൽ കൊ.വ. 610 (എ.ഡി. 1435) മുതൽ അനുവദിച്ചിരുന്ന അഞ്ചേകാലും കോപ്പും കൂടാതെ മറ്റ് ആനുകൂല്യങ്ങളും അവകാശങ്ങളും നിർത്തൽ ചെയ്തു.

## ഇഞ്ചക്കാട്ട് കുടുംബം: ശാഖകളിലൂടെ

ഇഞ്ചക്കാട്ട് കുടുംബത്തിന്റെ പിതാവായ ഇഞ്ചക്കാട്ട് ഔസേപ്പും മാതാവായ മറിയവും കൊ. വ. 580-ൽ (എ.ഡി. 1405) മരിക്കുകയും കുളത്തിന്മാട്ടേൽ അടക്കുകയും ചെയ്തു. ഔസേപ്പിന്റെ മകനാണ് മത്തായി. മത്തായിയുടെ മകൻ കുഞ്ഞൗസേപ്പ്. കുഞ്ഞൗ സേപ്പ് ഇഞ്ചക്കാട്ട് വീടും വലിയവീടും അന്വേഷിച്ച് വലിയവീട്ടിൽ താമസിച്ചു. കുഞ്ഞൗസേപ്പിന്റെ മകൻ മത്തായി: മത്തായിയുടെ മകൻ കൊച്ചൗസേപ്പ്. കൊച്ചൗസേപ്പിന് ആൺമക്കൾ നാല്- മത്തായിയും തൊമ്മനും അവിരാച്ചനും കറിയാക്കൊച്ചും. മത്തായി കൊല്ലവർഷം 704-ൽ(1529) നെടുംകേന്തിത്തറയിൽ മൂഴിയാങ്കൽ ചേരിക്കലിൽ (ചേ രിക്കൽ എന്നാൽ പൂഞ്ഞാർ രാജ്യത്തിന്റെ ഒരു നിശ്ചിത ഭൂപ്രദേശ മാണ്) മാറിപ്പാർത്തു. ഇട്ടിയവിര കൊച്ചുപുരയിടത്തിലും അവിരാ ച്ചൻ (അരയത്തിനാൽ) മറ്റം പുരയിടത്തിലും താമസമാക്കി. കറി യാക്കൊച്ച് തറവാട്ടിൽ താമസിച്ചു. കുഞ്ഞൗത മത്തായി എന്നിവ രാണ് കറിയാക്കൊച്ചിന്റെ മക്കൾ. കുഞ്ഞൗത, പള്ളിപ്പറമ്പിൽ ചേരി ക്കലേക്ക് മാറിപ്പാർത്തപ്പോൾ മത്തായി തറവാട്ടിൽ താമസിച്ചു. മത്താ യിയുടെ മൂന്ന് ആൺമക്കളിൽ മൂത്തയാൾ ദേവസ്യാച്ചൻ വയലിൽപു രയിടത്തിലും രണ്ടാമൻ തൊമ്മൻ വയലിൽ കരോട്ട് പുരയിടത്തിലും മൂന്നാമൻ കുഞ്ഞൗസേപ്പ് തറവാട്ടിലും താമസിച്ചു. കുഞ്ഞൗസേ പ്പിന്റെ ഏകപുത്രനാണ് മത്തായിക്കുഞ്ഞ്. മത്തായിക്കുഞ്ഞിന്റെ മക നാണ് കൊച്ചൗസേപ്പ്. കൊച്ചൗസേപ്പ് തറവാട്ടിൽ താമസിച്ചു വരവേ 1717-ൽ പൂഞ്ഞാർ പ്രദേശത്ത് വ്യാപകമായ ഒരു അഗ്നിബാധയു ണ്ടായി. അഗ്നി പടർന്നു പിടിച്ചതിന്റെ കാരണം അജ്ഞാതമാണ്.

ചുറ്റുപാടുമുള്ള കൃഷിയിടങ്ങളിലെല്ലാം തീ പടർന്നുപിടിച്ച് ദേഹ ണ്ഡങ്ങൾ നശിച്ചപ്പോൾ അന്നത്തെ ഇഞ്ചക്കാട്ട് തലമുറയിലെ കൊച്ചവുസേപ്പിന്റെ പുരയിടം മാത്രം തീ പിടിക്കാതെ സുരക്ഷിത മായി കിടന്നു. കരിയാത്ത പുരയിടത്തിനു നാട്ടുകാർ നൽകിയ പേരാണ് കരിയാപുരയിടം.

ഇഞ്ചക്കാട്ട് കരിയാപുരയിടം കൊച്ചവുസേപ്പിന് മക്കൾ രണ്ടു പേരായിരുന്നു. തൊമ്മനും ഇട്ടി എന്നു വിളിച്ചിരുന്ന ഔസേപ്പും. തൊമ്മൻ വേറെ പുരയിടം വാങ്ങി മാറിത്താമസിച്ചു. തറവാട്ടിൽ താമസിച്ച ഇട്ടിയുടെ ഏകപുത്രനാണ് കൊച്ചവുസേപ്പ്.

ചരിത്രപേടകത്തിൽനിന്ന് ലഭിക്കുന്ന കുറിമാനങ്ങളനുസരിച്ച് പിതാവായ ഇഞ്ചക്കാട്ട് ഔസേപ്പിൽനിന്നും അഞ്ചാം തലമുറയിൽ മൂഴിയാങ്കൽ-തടവനാൽ കുടുംബങ്ങളും കല്ലുവരപറമ്പിൽ, കല്ലോ ലിൽ കുടുംബങ്ങളും കൊച്ചുപുര കുടുംബവും ഏഴാം തലമുറയിലെ വയലിൽ കുടുംബവും എട്ടാം തലമുറയിൽ ഇഞ്ചക്കാട്ട്, കൊടുവയ ലിൽ-തയ്യിൽ എന്നീ കുടുംബങ്ങളും തറവാട്ടിൽനിന്നും മാറിത്താ മസിച്ചവരാണ്.

കരിയാപുരയിടം ഇട്ടിയുടെ മകൻ കൊച്ചൗസേപ്പിന് രണ്ടാൺമ ക്കളും മൂന്നു പെൺമക്കളുമുണ്ടായി. പെൺമക്കളെ മൂന്നുപേരെയും വിവാഹം ചെയ്തയച്ചു. മൂത്തമകൻ കൊച്ചുതൊമ്മൻ കടനാട് നടു വിലേക്കുറ്റ് ഔസേപ്പ് മകൾ മറിയത്തെയാണ് വിവാഹം ചെയ്തത്. ഇളയമകൻ മത്തായി കടനാട് പാറേമ്മാക്കൽ വീട്ടിൽനിന്നും വിവാഹം കഴിച്ചു. പ്രസ്തുത കുടുംബത്തിൽ ആൺമക്കൾ ഇല്ലാ തിരുന്നതിനാൽ അദ്ദേഹം അവിടേക്ക് ദത്തുപോയി (ഈ മത്താ യിയുടെ കൊച്ചുമകൻ - മകൻ കുരുവിളയുടെ മകൻ - പാറേമ്മാ ക്കൽ തോമ്മാക്കത്തനാർ (1736 - 1799) മാർത്തോമ്മാ നസ്രാണിക ളുടെ ഗോവർണ്ണദോരായത് (1786-1799) ഇത്തരുണത്തിൽ അനു സ്മരിക്കുന്നു). കൊച്ചുതൊമ്മന്റെ പുതനാണ് കൊച്ചിട്ടിച്ചെറിയ. കരിയാപുരയിടം വലിയവീട്ടിൽ കൊച്ചിട്ടിചെറിയയുടെ മക്കൾ തൊമ്മനും കൊച്ചുമത്തായിയും പുന്നൂസും. ഏകമകളായിരുന്ന റോസ. റോസയെ പുന്നത്തറ എന്ന സ്ഥലത്ത് പുന്നത്രവീട്ടിൽ തൊമ്മൻ വിവാഹം ചെയ്തു. കൊച്ചിട്ടിചെറിയയുടെ മൂത്ത മകൻ തൊമ്മൻ വിവാഹശേഷം കൊല്ലംപറമ്പിൽ പുരയിടത്തിലേക്ക് മാറി


താമസിച്ചു. കൊച്ചുമത്തായി പാലാ കാവുങ്കൽ വീട്ടിൽനിന്നും മറി യാമ്മയെ വിവാഹം കഴിച്ച് കാവുങ്കൽ മറ്റംപുരയിടത്തിൽ താമസ മാക്കി. ഇവിടെനിന്നും പുന്നത്തറയിലേക്ക് താമസം മാറ്റിയ കൊച്ചു മത്തായിയുടെ പിൻമുറക്കാരാണ് മാലിക്കൽ, പാഴൂർ കുടുംബങ്ങൾ. പാഴൂർ കുടുംബത്തിന്റെ ശാഖകളാണ് കോച്ചേരിൽ, ആടിമാക്കീൽ, ആനിക്കുഴിക്കാട്ടിൽ, നടുക്കര, പുതിയിടത്ത് കുടുംബങ്ങൾ.

തറവാട്ടിൽ താമസമാക്കിയ പുന്നൂസിന് രണ്ടുമക്കളാണ്. ഇട്ടി ച്ചെറിയതും മത്തായിയും. ഇട്ടിച്ചെറിയതിന്റെ മകൻ തൊമ്മന്റെ സന്താ നപരമ്പരയാണ് വലിയ പരയ്ക്കാട്ട് കുടുംബക്കാർ. മത്തായി പൂവ രണി പാറേക്കാട്ട് കുടുംബത്തിൽനിന്നും അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ടുമക്കൾ - പുന്നൂസും ഔസേപ്പും. ഔസേപ്പ് കർമ്മലീത്താ സന്ന്യാസ സമൂഹത്തിൽ ചേർന്ന് വൈദികനായി - വി. കുർബാനയുടെ ഔസേപ്പച്ചൻ (1864-1933). പുന്നൂസിന്റെ സന്താ നപരമ്പരയാണ് പൂഞ്ഞാറിൽ അറിയപ്പെടുന്ന കരിയാപുരയിടം കുടും ബക്കാർ.


# 1


# മൂഴിയാങ്കൽ

ഇഞ്ചക്കാട്ട് കുടുംബത്തിലെ ഇരുപത്തിരണ്ട് ശാഖകളിൽ ഒന്നാമത്തെ ശാഖയാണ് മൂഴിയാങ്കൽ. കൊല്ലവർഷം 704-ൽ ഇഞ്ചക്കാട്ട് കുടുംബത്തിലെ അഞ്ചാം തലമുറയിൽപെട്ട മത്തായി നെടുംകേന്തി തറയിൽപ്പെട്ട മൂഴിയാങ്കൽ ചേരിക്കലിൽ താമസമാരംഭിച്ചു. ഈ കുടുംബം പൂഞ്ഞാർ രാജകുടുംബത്തിൽ ഉന്നതസ്ഥാനം വഹിച്ചിരുന്നു. മാത്രമല്ല രാജാവിന്റെ അംഗസേവകരുമായിരുന്നു. 862-ാമാണ്ട് മേടമാസം നാലാം തീയതി ഇഞ്ചക്കാട്ട് പറമ്പും മൂഴിയാങ്കൽ പറമ്പും തിരുവുള്ളാകെ കരവും കെട്ടി വേറെ യാതൊരു ചോദ്യവും കൂടാതെ നീയും നിന്റെ സന്താനങ്ങളും എന്നാളും അനുഭവിച്ചുകൊള്ളുന്നതിന് രാജാവ് കല്പിച്ചരുളിയ ആധാരത്തിന്റെ പകർപ്പ് ഇന്നും സൂക്ഷിച്ചിട്ടുണ്ട്.




മാത്രമല്ല അന്നത്തെ കാലത്തെ വട്ടെഴുത്തിലെഴുതിയ താളിയോല ബൈബിൾ ഗ്രന്ഥം, ചെമ്പുതകിട്, തുകലെഴുത്ത്, കാലങ്ങളായി ചരിത്രം എഴുതി സൂക്ഷിക്കുന്ന പേടകം എന്നിവയും ഇന്നും മൂഴിയാങ്കൽ കുടുംബത്തിൽ സൂക്ഷിച്ചിട്ടുണ്ട്.









മൺപാത്രം, തടി എന്നിവയുടെ കച്ചവടം ആയിരുന്നു മുഖ്യതൊഴിൽ. മത്തായിയ്ക്ക് രണ്ട് മക്കൾ. ചാക്കോ എന്ന മകനും കൊച്ചന്ന എന്ന മകളും. മത്തായിയുടെ ഏകമകൻ ചാക്കോയുടെ ഏക മകനാണ് തൊമ്മൻ. തൊമ്മന് അഞ്ച് ആൺ മക്കൾ. I ഔസേപ്പ്, II കുര്യൻ, III പുന്നൂസ്, IV ലൂക്കാ, V വർക്കി.

## I മൂഴിയാങ്കൽ തൊമ്മൻ മകൻ ഔസേപ്പ്

മൂഴിയാങ്കൽ തൊമ്മന്റെ മൂത്ത മകനാണ് ഔസേപ്പ്. അരുവിത്തുറ ഉറുമ്പുമാക്കൽ മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഔസേപ്പ് എന്ന മകനും, മറിയം എന്ന മകളും. ഏക മകൾ മറിയത്തെ തീക്കോയി ഞള്ളമ്പുഴ ഔസേപ്പ് വിവാഹം ചെയ്തു. 1960-ൽ 80-ാം വയസ്സിൽ മറിയം മരിച്ചു. തീക്കോയി സെന്റ് മേരീസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. 1939-മാർച്ച് 20-ാം തീയതി 83-ാമത്തെ വയസ്സിൽ മത്തായിയുടെ ഭാര്യ ഉറുമ്പുമാക്കൽ മറിയം മരിച്ചു. ചെമ്മലമറ്റം പള്ളി സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ സംസ്കരിച്ചു.

## I A മൂഴിയാങ്കൽ ഔസേപ്പ് മകൻ ഔസേപ്പ് ഔസേപ്പ്

ഔസേപ്പിന്റെ ഏകമകനാണ് ഔസേപ്പ്. അച്ചൻ എന്നാണ് വിളിച്ചിരുന്നത്. അരുവിത്തുറ നീണ്ടൂർ കുടുംബാംഗം മറിയമാണ് ഭാര്യ. അമ്മായി എന്നാണ് മറിയത്തെ കുടുംബാംഗങ്ങൾ വിളിച്ചിരുന്നത്. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. മൂന്ന് പെണ്ണും, രണ്ട് ആൺമക്കളും. മറിയം, ഏലി, അന്നമ്മ എന്നിവരാണ് പെൺമക്കൾ. മത്തായി, മിഖായേൽ എന്നിവർ ആൺമക്കളും.

മൂത്ത മകൾ മറിയത്തെ വിളക്കുമാടം പാമ്പ്ലാനിയിൽ തൊമ്മൻ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ഏലിയെ തിട

നാട് പാലക്കീൽ തൊമ്മച്ചൻ വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ അന്നമ്മയെ എലിക്കുളം, ഈററത്തോട് തൊമ്മൻ വിവാഹം ചെയ്തു. ഔസേപ്പ് (അച്ചൻ) 1941 മാർച്ച് 10-ാം തീയതിയും, ഭാര്യ മറിയം (അമ്മായി) 1945 ഫെബ്രുവരി 21-ാം തീയതിയും മരിച്ചു. ഇരുവരേയും ചെമ്മലമറ്റം ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## I A-1 മൂഴിയാങ്കൽ ഔസേപ്പ് മകൻ മത്തായി ഔസേപ്പ്

ഔസേപ്പിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് മത്തായി. പ്ലാശനാൽ ഞള്ളംപുഴ യൗസേപ്പ്-റോസ ദമ്പതികളുടെ മകൾ റോസയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒൻപത് മക്കൾ. ആറ് ആൺമക്കളും, മൂന്ന് പെൺമക്കളും. ജോസഫ് (പാപ്പച്ചൻ), ജോർജ്ജ് (വർക്കി), മാത്യു (മത്തായി), തോമസ് (കുഞ്ഞൂഞ്ഞ്), മൈക്കിൾ (കുഞ്ഞുകുട്ടി), ജയിംസ് (ചാക്കോച്ചൻ) എന്നിവരാണ് ആൺമക്കൾ. മറിയം (കുഞ്ഞുപെണ്ണ്), ഏലിക്കുട്ടി, മറിയക്കുട്ടി (അച്ചാമ്മ) എന്നിവരാണ് പെൺമക്കൾ.

മൂത്ത മകൾ മറിയം (കുഞ്ഞുപെണ്ണ് 1936 ഒക്ടോബർ 01-ന് 18-ാം വയസ്സിൽ മരിച്ചു. ചെമ്മലമറ്റം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. രണ്ടാമത്തെ മകളായ ഏലിക്കുട്ടിയെ ചെമ്മലമറ്റം, പൊരിയത്ത് സെബാസ്റ്റ്യൻ വിവാഹം ചെയ്തു. മൂന്നാമത്തെ മകളായ മറിയക്കുട്ടി (അച്ചാമ്മ)യെ മൂന്നാനപ്പള്ളിൽ തൊമ്മൻ-അന്നമ്മ മകൻ തോമസ് വിവാഹം ചെയ്തു.

## I A-1a മൂഴിയാങ്കൽ മത്തായി ഔസേപ്പ് മകൻ ജോസഫ് (പാപ്പച്ചൻ)

മത്തായിയുടെ ആറ് ആൺമക്കളിൽ മൂത്ത മകനാണ് പാപ്പച്ചൻ എന്ന് വിളിക്കുന്ന ജോസഫ്. പൂവരണി പുളിക്കക്കുന്നേൽ കുടുംബാംഗം മറിയാമ്മയെ വിവാഹം ചെയ്തു. ഇവർ നിലമ്പൂരാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോയി (മാത്യു) എന്ന മകനും, ചിന്നമ്മ (റോസമ്മ) എന്ന മകളും. 1963 ഏപ്രിൽ 27-ാം തീയതി 33-ാമത്തെ വയസ്സിൽ പാപ്പച്ചൻ മരിച്ചു. ചെമ്മലമറ്റം പന്ത്രണ്ട് ശ്ലീഹന്മാരുടെ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. 2008 ഫെബ്രുവരി 4-ന് മറിയാമ്മയും മരിച്ചു. നിലമ്പൂർ തേൾപ്പാറ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. മകൾ ചിന്നമ്മ എലിക്കുളം കളരിക്കൽ തോമസ് - ഏലിയാമ്മ ദമ്പതികളുടെ മകൻ മാത്തുക്കുട്ടി 1975

ഒക്ടോബർ 26-ന് വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. രാജു, രേണു.

## I A-1a1 മൂഴിയാങ്കൽ പാപ്പച്ചൻ (ജോസഫ്) മകൻ ജോയി (മാത്യു)

പാപ്പച്ചന്റെ ഏക മകനാണ് ജോയി (മാത്യു). 1952-ൽ ജനിച്ചു. നിലമ്പൂർ തേൾപ്പാറ പൂവത്തുങ്കൽ മാണി-അന്നമ്മ മകൾ ഡെയ്സിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആണും, ഒരു പെണ്ണും. ജയ്സൻ, സോണിയാ, ചാൾസ് (അപ്പൂസ്) എന്നിവരാണ് മക്കൾ. ഏക മകൾ സോണിയാ 1989 സെപ്റ്റംബർ 18-ാം തീയതി ജനിച്ചു. 2012 ഒക്ടോബർ 17-ന് ചുങ്കപ്പുരയ്ക്കൽ മാത്യു വിവാഹം ചെയ്തു.

## I A-1a-1a1 മൂഴിയാങ്കൽ ജോയി (മാത്യു) മകൻ ജയ്സൺ

ജോയിയുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ജയ്സൻ. കുമരകം... റ്റിസിയെ 2012 ഒക്ടോബർ 17-ാം തീയതി വിവാഹം ചെയ്തു. MBA+CA ബിരുദധാരിയായ ജയ്സൻ അമേരിക്കയിലെ ഷിക്കാഗോയിൽ കുടുംബസമേതം താമസിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ഏവൻമോൻ, 10-09-2013-ൽ ജനിച്ചു. ഐസക് ജോൺ, ജനനം 11-12-2016.

## I A-1a-1a2 മൂഴിയാങ്കൽ ജോയി (മാത്യു) മകൻ ചാൾസ് (അപ്പൂസ്)

ജോയിയുടെ ഇളയമകനാണ് ചാൾസ്. അപ്പൂസ് എന്ന് വിളിക്കുന്നു. 1995 ഏപ്രിൽ 27-ന് ജനിച്ചു. B Com വിദ്യാർത്ഥിയാണ്.

## I A-1b മൂഴിയാങ്കൽ മത്തായി ഔസേപ്പ് മകൻ ജോർജ്ജ് (വർക്കി)

മത്തായിയുടെ രണ്ടാമത്തെ മകനാണ് ജോർജ്ജ് (വർക്കി). 23-02-1932-ൽ ജനിച്ചു. തിടനാട് കൊട്ടാരത്തിൽ ജോസഫ്-മറിയം ദമ്പതികളുടെ മകൾ മറിയം (കുഞ്ഞാമ്മ)യെ വിവാഹം ചെയ്തു. ഇടുക്കി ജില്ലയിലെ കൽത്തൊട്ടിയിൽ താമസമാക്കി. ഈ ദമ്പതികൾക്ക് ഏഴ് ആൺമക്കൾ. മാത്യു (അപ്പച്ചൻ), ജോസ് (കുട്ടിയച്ചൻ), ജോർജ്ജ് (കുഞ്ഞുമോൻ), തോമസ് (തങ്കച്ചൻ), ടോമി, ജയ്സൻ, ബോബി. ജോർജ്ജ് (വർക്കി) 1994 ഫെബ്രുവരി 7-ാം തീയതി 62-ാമത്തെ വയസ്സിൽ മരിച്ചു. കൽത്തൊട്ടി ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## I A-1b-1 മൂഴിയാങ്കൽ ജോർജ്ജ് മകൻ മാത്യു (അപ്പച്ചൻ)

ജോർജ്ജിന്റെ ഏഴ് ആൺമക്കളിൽ മൂത്ത മകനാണ് മാത്യു (അപ്പച്ചൻ). 1953 ഡിസംബർ 26-ന് ജനിച്ചു. വെള്ളികുളം, തുണ്ടത്തിൽ ജോസഫ്-മേരി മകൾ റോസിലിയെ 1982 ഒക്ടോബർ 25-ാം തീയതി വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ലിസ്സാ മേരി, ജിയോ.

## I A-1b-2 മൂഴിയാങ്കൽ ജോർജ്ജ് മകൻ ജോസ് (കുട്ടിയച്ചൻ)

ജോർജ്ജിന്റെ രണ്ടാമത്തെ മകനാണ് ജോസ് (കുട്ടിയച്ചൻ). 09-12-1956-ൽ ജനിച്ചു. ഇടുക്കി മേരികുളം കളെക്കാട്ട് തോമസ്-മറിയാമ്മ മകൾ എൽസമ്മയെ 1985-ജൂൺ 24-ന് വിവാഹം ചെയ്തു. ഇടുക്കി പാലാറിലാണ് താമസം. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ക്രിസ്റ്റീന, ഡോണ, ബിന്യ. ക്രിസ്റ്റീനയെ ഇടുക്കി, ബഥേൽ ഇലവുംപാറയിൽ മാത്യു 28-05-2009-ൽ വിവാഹം ചെയ്തു. കെവിൻ മാനുവൽ മാത്യു, കെൻസാ മാനുവൽ മാത്യു എന്നീ രണ്ട് മക്കൾ ഉണ്ട്. രണ്ടാമത്തെ മകൾ ഡോണാ ജോസ് 1988 മെയ് 15 ന് ജനിച്ചു. B Tech പാസ്സായി. 2015 നവംബർ 7-ന് തോപ്രാംകുടി ജീരകത്തിൽ ജോർജ്ജ് കാതറിൻ മകൻ ജിബിൻ വിവാഹംചെയ്തു. മൂന്നാമത്തെ മകൾ ബിന്യാ ജോസ് 03-11-1989-ൽ ജനിച്ചു. B Tech നു ശേഷം നെടുംകണ്ടത്ത് കോളേജ് അധ്യാപികയാണ്.

## I A-1b-3 മൂഴിയാങ്കൽ ജോർജ്ജ് മകൻ ജോർജ്ജ് (കുഞ്ഞുമോൻ)

ജോർജ്ജിന്റെ മൂന്നാമത്തെ മകനാണ് ജോർജ്ജ് (കുഞ്ഞുമോൻ). കുമളി കൊച്ചറതുമ്പേൽ ജേക്കബ് - പെണ്ണമ്മ ദമ്പതികളുടെ മകൾ ഓമനയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജിതിൻ എന്ന മകനും, അലീന എന്ന മകളും. ഇടുക്കി, പാലാറിലാണ് താമസം.

## I A-1b-4 മൂഴിയാങ്കൽ ജോർജ്ജ് മകൻ തോമസ് (തങ്കച്ചൻ)

ജോർജ്ജിന്റെ നാലാമത്തെ മകനാണ് തോമസ് (തങ്കച്ചൻ). പാലക്കാട്, ആഴാത്ത് ഫ്രാൻസീസ് - മേരി മകൾ ലിസിക്കുട്ടിയെ വിവാഹം ചെയ്തു. മുംബയിലാണ് താമസം. ഈ ദമ്പതികൾക്ക് ഒരു മകൻ - അനൂപ്.

## I A-1b-5 മൂഴിയാങ്കൽ ജോർജ്ജ് മകൻ ടോമി

ജോർജ്ജിന്റെ അഞ്ചാമത്തെ മകനാണ് ടോമി. 24-02-1064-ൽ ജനിച്ചു. കൽത്തൊട്ടി, കൊച്ചുവീട്ടിൽ മൈക്കിൾ-റോസമ്മ മകൾ സലോമിയെ 24-10-1992-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അലൻ, അലീന. അലൻ സൗത്ത് ഇൻഡ്യൻ ബാങ്ക് ഉദ്യോഗസ്ഥനാണ്. അലീന +2 വിദ്യാർത്ഥിനി.

## I A-1b-6 മൂഴിയാങ്കൽ ജോർജ്ജ് മകൻ ജയ്സൻ

ജോർജ്ജിന്റെ ആറാമത്തെ മകനാണ് ജയ്സൻ. അവിവാഹിതനാണ്.

## I A-1b-7 മൂഴിയാങ്കൽ ജോർജ്ജ് മകൻ ബോബി

ജോർജ്ജിന്റെ ഏഴ് ആൺമക്കളിൽ ഇളയ മകനാണ് ബോബി. 10-10-1975-ൽ ജനിച്ചു. ഈട്ടിത്തോപ്പ് ബഥേൽ, മാളിയേക്കൽ ജോസഫ്-മേരി ദമ്പതികളുടെ മകൾ സീനയെ 28-05-2005-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഇവർ കൽത്തൊട്ടിയിൽ തറവാട്ടിലാണ് താമസം.

## I A-1c മൂഴിയാങ്കൽ മത്തായി ഔസേപ്പ് മകൻ മാത്യു

മത്തായി ഔസേപ്പിന്റെ മൂന്നാമത്തെ മകനാണ് മാത്യു (മത്തായി). ചെമ്മലമറ്റം കുന്നത്തുപൊതിയിൽ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. അതിരമ്പുഴയിൽ താമസമാക്കിയ ഈ ദമ്പതികൾക്ക് മൂന്ന് പെണ്ണും, രണ്ട് ആണുമടക്കം അഞ്ച് മക്കൾ. റോസിലി, എൽസി, സുനി എന്നിവരാണ് പെൺമക്കൾ. വിൽസൻ, ബെന്നി എന്നിവർ ആൺമക്കളും. മാത്യു 17-10-1996-ൽ മരിച്ചു. അതിരമ്പുഴ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മൂത്ത മകൾ റോസിലി 11-03-1956-ൽ ജനിച്ചു. മൂന്നിലവ് പുന്നത്താനിയിൽ തൊമ്മച്ചൻ - തെയ്യാമ്മ മകൻ സണ്ണിച്ചൻ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ജസ്റ്റിൻ, ബിബിൻ എന്നീ രണ്ട് ആൺമക്കളുണ്ട്. രണ്ടാമത്തെ മകൾ എൽസിയെ എലിക്കുളം കുന്നപ്പള്ളിൽ ആഗസ്തി - റോസമ്മ മകൻ തോമസ് കുന്നപ്പള്ളി (മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കോട്ടയം) വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കൾ. ആൽബി, അരുൺ. അരുൺ എയർ ഇന്ത്യയിൽ പൈലറ്റ് ആയി സേവനം ചെയ്യുന്നു. മൂന്നാമത്തെ മകൾ സുനി 1973

മാർച്ച് 24-ാം തീയതി ജനിച്ചു. പാലാ കോളുതറ മത്തായി - ലീലാമ്മ മകൻ സാം വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൻ. ജോസഫ്.

## I A-1c-1 മൂഴിയാങ്കൽ മാത്യു (മത്തായി) മകൻ വിൽസൻ

മാത്യുവിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് വിൽസൺ. 17-11-1963-ൽ ജനിച്ചു. എലിക്കുളം, പഴേപറമ്പിൽ കറിയാച്ചൻ - ത്രേസ്യാമ്മ മകൾ ജസ്സിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. റിന്റു, റിയാ, റയൽ. അതിരമ്പുഴയിലാണ് താമസം. അതിരമ്പുഴയിൽ ബിസ്സിനസ്സ് നടത്തുന്നു. മൂത്തമകൾ റിന്റു (B Tech) 29-06-1992-ൽ ജനിച്ചു. രണ്ടാമത്തെ മകൾ റിയാ (B Tech) 12-11 -1996-ൽ ജനിച്ചു. ഇപ്പോൾ എറണാകുളത്ത് വിപ്രോയിൽ ജോലി ചെയ്യുന്നു. ഏക മകൻ റയൻ 17-06-2000ൽ ജനിച്ചു. വിദ്യാർത്ഥി യാണ്. 07-06-2018-ൽ വിൽസൺ മരിച്ചു. അതിരമ്പുഴ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## I A-1c-2 മൂഴിയാങ്കൽ മാത്യു (മത്തായി) മകൻ ബെന്നി

മാത്യുവിന്റെ രണ്ടാമത്തെ മകനാണ് ബെന്നി. 26-01-1965-ൽ ജനിച്ചു. പൂവരണി, ഈറ്റത്തോട് തൊമ്മച്ചൻ-മേരിക്കുട്ടി മകൾ ബിന്ദുവിനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. മാത്യു എന്ന മകനും, മരീസ, ഇസബെൽ എന്നീ രണ്ട് പെൺമ ക്കളും. ഏക മകൻ മാത്യു 1997 സെപ്റ്റംബർ 11-ാം തീയതി ജനിച്ചു. മരീസ 17-09-2003 ലും ഇസബെൽ 14-4-2004 ലും ജനിച്ചു. മൂവരും വിദ്യാർത്ഥികളാണ്.

## I A-1d മൂഴിയാങ്കൽ മത്തായി ഔസേപ്പ് മകൻ തോമസ് (കുഞ്ഞൂഞ്ഞ്)

മൂഴിയാങ്കൽ മത്തായി ഔസേപ്പിന്റെ ആൺമക്കളിൽ നാലാമ നാണ് കുഞ്ഞൂഞ്ഞ് എന്ന് വിളിക്കുന്ന തോമസ്. 23-05-1940-ൽ ജനി ച്ചു. പിണ്ണാക്കനാട് കോയിക്കുന്നേൽ ജോസഫ്-ത്രേസ്യാ- മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇടുക്കി ജില്ലയിലെ വാഴവരയി ലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളും, നാല് പെൺമക്കളുമടക്കം ആറ് മക്കൾ. ബേബി (മാത്യു), ബെന്നി (ജോ സഫ്) എന്നിവരാണ് ആൺമക്കൾ. സി. റെസി (വൽസമ്മ),

ത്രേസ്യാമ്മ (കുട്ടിയമ്മ), ഡയ്സി, ജോളി എന്നിവർ പെൺമക്കളുമടക്കം ആറ് മക്കൾ. 2011 ഡിസംബർ 3-ന് കുഞ്ഞൂഞ്ഞ് മരിച്ചു. വാഴവര സെന്റ് മേരീസ് പള്ളി സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ സംസ്കരിച്ചു. തോമസ് ദീർഘകാലം കട്ടപ്പന പഞ്ചായത്ത് വാഴവര വാർഡിന്റെ പ്രസിഡന്റായിരുന്നു. കുടിയേറ്റ പ്രദേശമായ വാഴവരയിലേയും സമീപപ്രദേശങ്ങളിലേയും വ്യവഹാരങ്ങൾ (വസ്തുതർക്കം, കുടുംബകലഹം, വഴിത്തർക്കം, അയൽക്കാർ തമ്മിലുള്ള തർക്കം)ക്ക് പരിഹാരം കണ്ടിരുന്നു. വാഴവര GLP സ്കൂൾ ഇദ്ദേഹത്തിന്റെ നിരന്തര പരിശ്രമത്തിന്റെ ഫലമാണ്. പൊതുജന നന്മയ്ക്കായി ഏകദേശം മുപ്പതു വർഷത്തോളം സേവനം ചെയ്തു.

മൂത്ത മകൾ വൽസമ്മ (സി. റെസി F.C.C.) ഇപ്പോൾ വിജയവാഡ പ്രോവിൻസിലാണ്. Khammam Naidupet School- ൽ സേവനം ചെയ്യുന്നു. 1958- ഡിസംബർ 8 ന് ജനിച്ചു. 1983- മെയ് 23-ന് സന്യാസവ്രതം സ്വീകരിച്ചു. രണ്ടാമത്തെ മകൾ കുട്ടിയമ്മ (ത്രേസ്യാമ്മ)1960 ഓഗസ്റ്റ് 7 ന് ജനിച്ചു. കൊച്ചറ, എടാട്ട് മത്തായി - റോസ മകൻ ടോമി വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നിഷ (റോസ), ഷോബിൻ എന്ന രണ്ട് മക്കൾ ഉണ്ട്. നിഷ 1988 ഒക്ടോബർ 31-ന് ജനിച്ചു. ഇപ്പോൾ ഗൾഫിൽ നഴ്സായി ജോലി ചെയ്യുന്നു. ഷോബിൻ 1990 മെയ് 21 ന് ജനിച്ചു. വിദ്യാർത്ഥിയാണ്. രണ്ടാമത്തെ മകൾ ഡെയ്സിയെ കൊച്ചറ, മണ്ണുകുളത്ത്, കുഞ്ഞമ്മൻ - മറിയം മകൻ കുര്യാച്ചൻ വിവാഹം ചെയ്തു. കൊച്ചറയിലാണ് താമസം. അഖിൽ, അരുൺ എന്നീ രണ്ട് ആൺമക്കളും ആഷ്‌ലി എന്ന ഒരു മകളുമുണ്ട്. മൂന്നാമത്തെ മകൾ ജോളിയെ ഇടുക്കി ജില്ലയിൽ നാരകക്കാനം, നെല്ലിക്കുന്നേൽ ഷാജി വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ. ജാസ്മിൻ.

## I A-1d-1 മൂഴിയാങ്കൽ തോമസ് (കുഞ്ഞൂഞ്ഞ്) മകൻ മാത്യു തോമസ് (ബേബി)

കുഞ്ഞൂഞ്ഞിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ബേബി എന്ന് വിളിക്കുന്ന മാത്യു. 26-05-1966-ൽ ജനിച്ചു. തങ്കമണി പവ്വത്ത് തോമസ് - മേരി മകൾ ഷൈനിയെ 1997 ഏപ്രിൽ 7-ന് വിവാഹം ചെയ്തു. വാഴവരയിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. മരിയ, ആഷ്ബിൻ (തോമസ് കുട്ടി). മരിയ 15-4-2008 ലും ആഷ്ബിൻ 22-12-2009 ലും ജനിച്ചു.

## IA-1d-2 മൂഴിയാങ്കൽ തോമസ് (കുഞ്ഞൂഞ്ഞ്) മകൻ ബെന്നി തോമസ് (ജോസഫ്)

മൂഴിയാങ്കൽ തോമസിന്റെ രണ്ടാമത്തെ മകനാണ് ബെന്നി (ജോസഫ്) 15-06-1971-ൽ ജനിച്ചു. കുമളി കുന്നുംപുറത്ത് ചാക്കോ -അന്നമ്മ മകൾ സ്മിതയെ 30-7-2007-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ അമൽ (06-09-2009-ൽ ജനിച്ചു), ആരോൺ (23-01-2013-ൽ ജനിച്ചു). ഇടുക്കി ജില്ലയിലെ കൽത്തൊട്ടിയിലാണ് താമസം.

## I A-1e മൂഴിയാങ്കൽ മത്തായി ഔസേപ്പ് മകൻ മൈക്കിൾ (കുഞ്ഞുകുട്ടി)

മൂഴിയാങ്കൽ മത്തായി ഔസേപ്പിന്റെ അഞ്ചാമത്തെ മകനാണ് മൈക്കിൾ (കുഞ്ഞുകുട്ടി). 20-12-1947-ൽ ജനിച്ചു. ഇരട്ടയാർ മാളിയേക്കൽ സ്കറിയാ-ത്രേസ്യാമ്മ മകൾ കുട്ടിയമ്മയെ 02-04-1972-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് പെൺമക്കൾ. മെർലി (റോസ), ബെറ്റി (ത്രേസ്യാമ്മ), മരിയ (മറിയം), കത്രീന. മൂത്തമകൾ മെർലിയെ കൊച്ചറ, കൂടല്ലി അപ്പച്ചൻ - തെയ്യാമ്മ മകൻ ഷൈജൻ 20-11-2000 -ൽ വിവാഹം ചെയ്തു. ഇവർ കൊച്ചറയിൽ താമസിക്കുന്നു. ആൽവിൻ എന്ന മകനും, ഏയ്ഞ്ചൽ എന്ന മകളുമുണ്ട്. രണ്ടാമത്തെ മകൾ ബെറ്റിയെ തങ്കമണി നടൂപ്പറമ്പിൽ മാത്യു -ത്രേസ്യാ മകൻ അപ്പച്ചൻ (വർഗീസ്) 30-10-2005-ൽ വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ മരിയയെ നെടുങ്കണ്ടം പൂങ്കാവനത്തിൽ ബിജു വിവാഹം ചെയ്തു. നാലാമത്തെ മകൾ കത്രീന ഇസ്രായേലിൽ നഴ്സായി ജോലി ചെയ്യുന്നു. കുട്ടിയമ്മ 22-11-1998-ൽ മരിച്ചു. ഈട്ടിത്തോപ്പ് ബഥേൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## I A-1f മൂഴിയാങ്കൽ മത്തായി ഔസേപ്പ് മകൻ ജയിംസ് (ചാക്കോച്ചൻ)

മൂഴിയാങ്കൽ മത്തായി ഔസേപ്പിന്റെ ആറാമത്തെ മകനാണ് ചാക്കോച്ചൻ എന്ന് വിളിക്കുന്ന ജയിംസ്. മല്ലികശ്ശേരി കണിയാംപറമ്പിൽ മത്തായി-മറിയം മകൾ മേരിക്കുട്ടിയെ 7-4-75-ൽ വിവാഹം ചെയ്തു. ചെമ്മലമറ്റത്ത് തറവാട്ട് വീട്ടിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഫാ. ബോണി (മാത്യു), ബിന്യ, ബിബിൻ (ജോർജ്ജ്). മകൾ ബിന്യാ (റോസ)യെ ശ്രീകണ്ഠാപുരം കൈതയ്ക്നിരപ്പേൽ അനീഷ് 06-02-2009-ൽ വിവാഹം ചെയ്തു. ഇവർക്ക്

ഡാവിൻ, ഡാനി എന്നീ രണ്ട് ആൺമക്കളുണ്ട്. ഡാവിൻ 5-2-2011 ലും ഡാനി 01-07-2013 ലും ജനിച്ചു. ബിന്യ സൗദിയിൽ സ്റ്റാഫ് നഴ്സായിരുന്നു. ഇപ്പോൾ ബാംഗളൂരുവിൽ സ്ഥിരതാമസമാണ്.

## I A-1f-1 മൂഴിയാങ്കൽ ചാക്കോച്ചൻ മകൻ ഫാ. ബോണി S.J (മാത്യു)

ചാക്കോച്ചന്റെ മൂത്ത മകനാണ് ബോണി (മാത്യു). 1976 മാർച്ച് 18 ന് ജനിച്ചു. ചെമ്മലമറ്റം ലിറ്റിൽഫ്ളവർ ഹൈസ്കൂളിൽ നിന്നും S.S.L.C പാസ്സായി. പാലാ സെന്റ് തോമസ് കോളേജിൽനിന്നും P.D.C യ്ക്കു ശേഷം രാമപുരം മാർ അഗസ്തീനോസ് കോളേജിൽനിന്നും B.C.A പാസ്സായി. തുടർന്ന് ഈശോസഭയിൽ ചേർന്നു. മദ്രാസ് ലയോള കോളേജിൽനിന്നും M.A ഫിലോസഫിയ്ക്കുശേഷം ജപ്പാനിലെ ടോക്കിയോയിൽനിന്നും M.A തിയോളജിയോടൊപ്പം വൈദികപഠനം പൂർത്തിയാക്കി. 2013 ആഗസ്റ്റ് 31-ാം തീയതി രാവിലെ 9.30ന് ചെമ്മലമറ്റം പന്ത്രണ്ട് അപ്പസ്തോലന്മാരുടെ ദൈവാലയത്തിൽവച്ച് രാജ്കോട്ട് രൂപതയുടെ മുൻ അദ്ധ്യക്ഷൻ മാർ ഗ്രിഗരി കരോട്ടെമ്പ്രേൽ പിതാവിന്റെ കൈവയ്പ് ശുശ്രൂഷവഴി പൗരോഹിത്യം സ്വീകരിച്ച് പ്രഥമ ദിവ്യബലി അർപ്പിച്ചു. ഫാ. ബോണി എസ്.ജെ. ടോക്കിയോ കത്തീഡ്രൽ പള്ളിയിൽ അസി. വികാരിയായി സേവനം ചെയ്യുന്നു. ഫോൺ. 00818035763479

## I A-1f-2 മൂഴിയാങ്കൽ ചാക്കോച്ചൻ മകൻ ബിബിൻ (ജോർജ്ജ്)

ചാക്കോച്ചന്റെ രണ്ടാമത്തെ മകനാണ് ബിബിൻ (ജോർജ്ജ്). തൃശ്നാപ്പള്ളി സെന്റ് ജോസഫ് കോളേജിൽനിന്നും M.C.A പാസ്സായി. ബാംഗളൂരുവിൽ IT കമ്പനിയിൽ ജോലി ചെയ്യുന്നു. കൊഴുവനാൽ വയലിൽ ചാക്കോച്ചൻ - അച്ചാമ്മ മകൾ അയോഷ്യയെ 2015 ഡിസംബർ 28-ാം തിയതി വിവാഹം ചെയ്തു. ഇപ്പോൾ ബാംഗ്ലൂരിൽ താമസിക്കുന്നു.

## I A-2 മൂഴിയാങ്കൽ ഔസേപ്പ് മകൻ മിഖായേൽ

ഔസേപ്പിന്റെ രണ്ട് ആൺമക്കളിൽ ഇളയ മകനാണ് മിഖായേൽ. തീക്കോയി പിണക്കാട് ഏലിയാണ് ഭാര്യ. അരുവിത്തുറയിലാണ് താമസം. ഈ ദമ്പതികൾക്ക് നാല് മക്കൾ. ഒരു മകനും മൂന്ന് പെൺമക്കളും. ജോസഫ് (കുഞ്ഞൂഞ്ഞ്) ഏകമകനും, മറിയം, ഏലി, അന്നക്കുട്ടി എന്നിവർ പെൺമക്കളും. മൂത്തമകൾ മറിയത്തെ വേല

ത്തുശ്ശേരി വാഴയ്ക്കാപ്പാറ സെബാസ്റ്റ്യനും, രണ്ടാമത്തെ മകൾ ഏലിയെ പ്ലാശനാൽ പുളിക്കൽ മാത്യുവും, ഇളയമകൾ അന്നക്കുട്ടിയെ അരുവിത്തുറ കിഴവഞ്ചിയിൽ ജോർജും വിവാഹം ചെയ്തു. 1988 നവംബർ 6–ന് മിഖായേലും 2006 ഫെബ്രുവരി 8–ന് ഭാര്യ ഏലിയും മരിച്ചു. ഇരുവരേയും അരുവിത്തുറ സെന്റ് ജോർജ്ജ് ഫൊ. ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## I A-2a മൂഴിയാങ്കൽ മിഖായേൽ മകൻ ജോസഫ് മൈക്കിൾ (കുഞ്ഞൂഞ്ഞ്)

മിഖായേലിന്റെ ഏക മകനാണ് ജോസഫ് (കുഞ്ഞൂഞ്ഞ്). തലനാട് വാഴയിൽ ബ്രിജിത്തിനെ വിവാഹം ചെയ്തു. അരുവിത്തുറയിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോർജ്ജ് (ജിജി) എന്ന മകനും, മെർലിൻ എന്ന മകളും. മേവട തുരുത്തിക്കുന്നേൽ ബെന്നി മെർലിനെ വിവാഹം ചെയ്തു. മെർലിൻ ഗൃഹനാഥയാണ്.

## I A-2a1 മൂഴിയാങ്കൽ കുഞ്ഞൂഞ്ഞ് (ജോസഫ്) മകൻ ജോർജ്ജ് (ജിജി)

കുഞ്ഞൂഞ്ഞിന്റെ ഏക മകനാണ് ജിജി എന്ന് വിളിക്കുന്ന ജോർജ്ജ്. പറത്താനം മേച്ചേരി തകിടിയേൽ ഷിജിയെ വിവാഹം ചെയ്തു. പിതാവിനൊപ്പം തറവാട്ടിൽ അരുവിത്തുറയിലാണ് താമസം. ഈ ദമ്പതികൾക്ക് നോയൽ എന്ന മകനും, നിവിത, നേഹ എന്നീ രണ്ട് പെൺമക്കളുമടക്കം മൂന്ന് മക്കൾ. ഈരാറ്റുപേട്ടയിൽ സാഗ ഇലക്ട്രോണിക്സ് എന്ന ബിസിനസ്സ് സ്ഥാപനത്തിന്റെ ഉടയമാണ്.

## II മൂഴിയാങ്കൽ തൊമ്മൻ മകൻ കുര്യൻ

മൂഴിയാങ്കൽ മത്തായി മകൻ മത്തായിയുടെ മൂന്നാമത്തെ മകനായ തൊമ്മന്റെ അഞ്ച് ആൺമക്കളിൽ രണ്ടാമത്തെ മകനാണ് കുര്യൻ. കുര്യന്റെ ഭാര്യയുടെ പേര് ലഭ്യമല്ല. കുര്യന്റെ ഏക മകനാണ് തൊമ്മൻ. കുര്യനും കുടുംബവും 18–ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ പൂഞ്ഞാറിൽനിന്നും ചെമ്മലമറ്റത്തേക്ക് കുടിയേറി. 1957 നവംബർ 18–ാം തീയതി കുര്യൻ മരിച്ചു. ചെമ്മലമറ്റം ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## II A മൂഴിയാങ്കൽ കുര്യൻ മകൻ തൊമ്മൻ

കുര്യന്റെ ഏകമകനാണ് തൊമ്മൻ. വിളക്കുമാടം കുന്നപ്പള്ളിൽ റോസയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. അഞ്ച് പെൺമക്കളും മൂന്ന് ആൺമക്കളും. മാമ്മി, ത്രേസ്യാ, കൊച്ചു ത്രേസ്യാ (ഏലി), അന്നമ്മ, റോസ എന്നിവരാണ് പെൺമക്കൾ. ജോസഫ് (കുഞ്ഞ്), തോമസ്, (പാപ്പച്ചൻ), കുര്യാക്കോസ് (കുട്ടി) എന്നിവരാണ് ആൺമക്കൾ. മാമ്മിയെ പ്ലാശനാൽ മഠത്തിലും കൊച്ചു ത്രേസ്യായെ മാവടി ചെറുവള്ളിയിലും വിവാഹം ചെയ്തയച്ചു. കൊച്ചുത്രേസ്യാ (ഏലി) എഫ്.സി.സി കോൺവെന്റിൽ ചേർന്ന് സി. കൊച്ചുത്രേസ്യാ എന്ന പേരിൽ സന്യസ്ത ജീവിതം നയിച്ചു. മണിയംകുന്ന് ക്ലാരമഠത്തിൽ വിശ്രമജീവിതം നയിച്ച സി. കൊച്ചു ത്രേസ്യാ, 18 -03-2003-ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. മണിയം കുന്ന് പള്ളിയിൽ സംസ്കരിച്ചു. അന്നമ്മയെ ചെമ്മലമറ്റം കാക്ക ല്ലിൽ ജോണും, റോസയെ തീക്കോയി പനയ്ക്കക്കുഴിയിൽ കുഞ്ഞും വിവാഹം ചെയ്തു. 1936 ഒക്ടോബർ 7-ന് തൊമ്മനും, 1935 ഒക്ടോ ബർ 7-ന് റോസയും നിര്യാതരായി. ഇരുവരേയും ചെമ്മലമറ്റം ദൈവാലയസെമിത്തേരിയിൽ സംസ്കരിച്ചു.

## II A-1 മൂഴിയാങ്കൽ തൊമ്മൻ മകൻ ജോസഫ് (കുഞ്ഞ്)

മൂഴിയാങ്കൽ കുര്യൻ മകൻ തൊമ്മന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് ജോസഫ് (കുഞ്ഞ്). തമ്പലക്കാട്ട് വെട്ടത്ത് ഔസേപ്പ് - റോസ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഒരാണും രണ്ട് പെൺമക്കളും. അദ്ധ്യാപകനായിരുന്ന കുഞ്ഞ് ചെമ്മലമറ്റം, എലിക്കുളം, വിളക്കുമാടം, കാളകെട്ടി എന്നി വിടങ്ങളിൽ സേവനമനുഷ്ഠിച്ചു. 1973-ൽ കാളകെട്ടി സ്കൂളിൽ നിന്നും വിരമിച്ചു. 1992 ആഗസ്റ്റ് 14-ന് കുഞ്ഞും, 1998 ഡിസംബർ 16 -ന് മറിയാമ്മയും മരിച്ചു. ഇരുവരേയും ചെമ്മലമറ്റം പള്ളി സെമി ത്തേരിയിൽ സംസ്കരിച്ചു.

ഗ്രേസി അക്കമ്മ എന്നിവരാണ് കുഞ്ഞിന്റെ പെൺമക്കൾ. തോമസ് മകനും. ഗ്രേസിയെ പാലൂർക്കാവ് ചൂരപ്പൊയ്കയിൽ മത്താ യി-മറിയാമ്മ മകൻ ചാക്കോച്ചൻ (ജേക്കബ്) വിവാഹം ചെയ്തു. ഇവർ കോഴിക്കോട് വിലങ്ങാട് താമസിക്കുന്നു. രണ്ടാമത്തെ മകൾ അക്കമ്മയെ ഉപ്പുതറ പ്ലാത്തറ വർക്കി-ഏലി മകൻ ജോർജ്ജ് വിവാഹം ചെയ്തു. അങ്കമാലിയിലാണ് താമസം.

## II A-1a മൂഴിയാങ്കൽ ജോസഫ് (കുഞ്ഞ്) മകൻ തോമസ്

മൂഴിയാങ്കൽ കുഞ്ഞിന്റെ ഏക മകനാണ് തോമസ്. ആനക്കല്ല് വട്ടക്കുന്നേൽ മത്തായി-റോസ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് ആണും രണ്ട് പെണ്ണും. ബെന്നിച്ചൻ, ബേബിച്ചൻ എന്നിവരാണ് ആൺമക്കൾ. ബിന്ദു, ബിൻസി എന്നിവർ പെൺമക്കളും.

തോമസിന്റെ മൂത്തമകൾ ബിന്ദു 1992-ൽ MSM HC കോൺവെന്റിൽ ചേർന്നു. 1997 ഡിസംബർ 3-ന് ഗോഹട്ടിയിൽ വച്ച് വ്രതവാഗ്ദാനം നടത്തി. പരിശീലനം പൂർത്തിയാക്കി 2007 ഡിസംബർ 8-ന് നിത്യവ്രതവാഗ്ദാനത്തിനുശേഷം അങ്കമാലി മൂക്കന്നൂരിൽനിന്ന് സിവിൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ കരസ്ഥമാക്കി. ഇപ്പോൾ ഷില്ലോംഗിൽ സിവിൽ എഞ്ചിനീയറായി സേവനം ചെയ്യുന്നു.

രണ്ടാമത്തെ മകൾ ബിൻസിയെ പൈക കപ്പലുമാക്കൽ തോമസ്-മറിയം മകൻ റോബി വിവാഹം ചെയ്തു.

## II A-1a1 മൂഴിയാങ്കൽ തോമസ് മകൻ ബെന്നിച്ചൻ

തോമസിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ബെന്നിച്ചൻ. 11-ാം വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ചെമ്മലമറ്റം ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## II A-1a2 മൂഴിയാങ്കൽ തോമസ് മകൻ ബേബിച്ചൻ

തോമസിന്റെ രണ്ടാമത്തെ മകനാണ് ബേബിച്ചൻ. പ്ലാച്ചേരി, ഇലവത്തുങ്കൽ വർഗീസ് - കുഞ്ഞമ്മ മകൾ ബീനയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൻ. ദീപക്. വിദ്യാർത്ഥിയാണ്.

## II A-2 മൂഴിയാങ്കൽ തൊമ്മൻ മകൻ തോമസ് (പാപ്പച്ചൻ)

തൊമ്മന്റെ രണ്ടാമത്തെ മകനാണ് പാപ്പച്ചൻ (തോമസ്). ചെമ്മലമറ്റം തോട്ടുങ്കൽ ജോസഫ്-ഏലി മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. നാല് ആണും മൂന്ന് പെണ്ണും. തോമസ് (കുഞ്ഞ്), ബ്ര. ജോസഫ് (കുഞ്ഞൂഞ്ഞ്), കുര്യാക്കോസ് (അപ്പച്ചൻ), ജോർജ്ജുകുട്ടി എന്നിവരാണ് ആൺമക്കൾ. സി. സബീന (മറിയാമ്മ), സി. ആലിസ് (ഏലിക്കുട്ടി), കുട്ടിയമ്മ എന്നിവരാണ് പെൺമക്കൾ. പാപ്പച്ചൻ 1998 ഒക്ടോബർ 21-നും,

ഭാര്യ അന്നമ്മ 2006 ഒക്ടോബർ നാലിനും മരിച്ചു. ഇരുവരേയും ചെമ്മലമറ്റം ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

പെൺമക്കളിൽ മൂത്ത മകളായ മറിയാമ്മ 1971 ജൂലൈ 12-ന് സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിൽ ചേർന്ന് സന്യസ്തജീവിതം ആരംഭിച്ചു. സി. സബീന SMS എന്ന പേരിൽ അറിയപ്പെടുന്നു. 1973 ആഗസ്റ്റ് 25-ന് സന്യാസ ജീവിത സമർപ്പണത്തിന്റെ പ്രതീകമായ വ്രതവാഗ്ദാനം ചെയ്യുകയും 1984 മെയ് 15-ന് നിത്യവ്രത വാഗ്ദാനം നടത്തുകയും ചെയ്തു. മണിയംകുളം, ഏന്തയാർ, പൂവത്തളിപ്പ്, പാലാ ബോയ്സ് ടൗൺ എന്നീ സ്ഥലങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. നിലവിൽ കൂത്താട്ടുകുളം, കരുണാഭവൻ SMS കോൺവെന്റിൽ സേവനം ചെയ്യുന്നു.

രണ്ടാമത്തെ മകളായ സി. ആലീസ് FCC (ഏലിക്കുട്ടി) 1966 ജൂൺ 15-ന് വളക്കാട്ട്കുന്ന് ക്ലാരമഠത്തിൽ ചേർന്ന് 6-4-1968-ൽ സഭാവസ്ത്രം സ്വീകരിച്ച് വ്രതവാഗ്ദാനം നടത്തി. പരിശീലനം പൂർത്തിയാക്കി 1974 മെയ് 2-ന് നിത്യവ്രതവാഗ്ദാനത്തിനുശേഷം മണിയംകുന്ന്, വാകക്കാട്, തിടനാട്, കൂട്ടിക്കൽ, മൂന്നിലവ് എന്നിവിടങ്ങളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. ഭരണങ്ങാനം, കാക്കോളി FC കോൺവെന്റിൽ സേവനം ചെയ്തുവരവേ 13-09-2015-ൽ 68-ാമത്തെ വയസ്സിൽ മരിച്ചു. ഭരണങ്ങാനം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. പെൺമക്കളിൽ ഇളയവളായ കുട്ടിയമ്മയെ തീക്കോയി കാക്കാനിയിൽ മത്തായി - അന്നമ്മ മകൻ ബേബിച്ചൻ വിവാഹം ചെയ്തു.

## II A-2a മൂഴിയാങ്കൽ പാപ്പച്ചൻ മകൻ തോമസ് (കുഞ്ഞ്)

പാപ്പച്ചന്റെ മൂത്ത മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന തോമസ്. ഇളങ്ങുളം പുള്ളോലിൽ ചാക്കോ-റോസ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരാണും അഞ്ച് പെൺമക്കളുമടക്കം ആറ് മക്കൾ. സി ആൻസി, ജെസ്സി, മോളി, ജോളി, ഷൈനി എന്നിവരാണ് പെൺമക്കൾ. ഷാജിമോൻ മകനും. 2003 മാർച്ച് 2-ന് കുഞ്ഞ് (തോമസ്) മരിച്ചു. ഏന്തയാർ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മൂത്തമകൾ ആൻസി 1982-ൽ ക്ലാരമഠത്തിൽ ചേർന്ന് സിസ്റ്റർ ആൻസി എന്ന പേരിൽ സന്യസ്തജീവിതം നയിക്കുന്നു. മണിപ്പൂ

രിൽ മിഷനറി സേവനത്തിൽ ഏർപ്പെട്ട സി. ആൻസി മണിപ്പൂർ ചുരച്ചന്ദപൂർ ഡോൺബോസ്കോ ദൈവാലയത്തിൽ വച്ച് 1987 മാർച്ച് 28-ന് ആദ്യവ്രതവാഗ്ദാനവും, 1993 ഒക്ടോബർ 30-ന് മണിപ്പൂർ സുഗ്ണു (sugnu) സെന്റ് ജോസഫ് പള്ളിയിൽ വച്ച് നിത്യവ്രതവാഗ്ദാനവും നടത്തി. 1995 മുതൽ അദ്ധ്യാപികയായിരുന്ന സി. ആൻസി ഹെഡ്മിസ്ട്രസ്, സുപ്പീര്യർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ നാഗാലാൻഡിൽ അദ്ധ്യാപികയായി സേവനം ചെയ്യുന്നു. രണ്ടാമത്തെ മകൾ ജെസ്സിയെ അയർക്കുന്നം പടിഞ്ഞാറേക്കുറ്റ് തോമസ് - ത്രേസ്യാ മകൻ ഷാജിയും, മൂന്നാമത്തെ മകൾ മോളിയെ ഞീഴൂർ ആലുങ്കൽ തോമസ് - മറിയം മകൻ പീറ്ററും, നാലാമത്തെ മകൾ ജോളിയെ രത്നഗിരി പൂതിയിടത്ത് മാണി-മറിയം മകൻ പയസും, ഇളയമകൾ ഷൈനിയെ കോതനല്ലൂർ വെള്ളാമറ്റത്തിൽ മാത്യു-ഏലി മകൻ രാജുവും വിവാഹം ചെയ്തു.

## II A-2a1 മൂഴിയാങ്കൽ തോമസ് (കുഞ്ഞ്) മകൻ ഷാജിമോൻ

കുഞ്ഞിന്റെ ആറ് മക്കളിൽ ഏക മകനാണ് ഷാജിമോൻ. വടക്കേമല തുണ്ടത്തിൽ വർക്കി- മേരിക്കുട്ടി മകൾ ഷിജിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ എഡ്വിൻ, എൽഡാ, എഡിസൻ.

## II A-2b മൂഴിയാങ്കൽ പാപ്പച്ചൻ മകൻ ബ്ര. ജോസഫ് (കുഞ്ഞൂഞ്ഞ്)

പാപ്പച്ചന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞൂഞ്ഞ്. കപ്പൂച്ചിൻ സഭയിൽ ബ്രദറായിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഭരണങ്ങാനം കപ്പൂച്ചിൻ സഭയിൽ ചേർന്ന് 1966 ജൂൺ 17-ന് സഭാവസ്ത്രം സ്വീകരിച്ചു. 1967 ജൂൺ 18-ന് വ്രതവാഗ്ദാനം നടത്തിയ ബ്ര. ജോസഫ് 1972 ഫെബ്രുവരി 5-ന് നിത്യവ്രതവാഗ്ദാനം നടത്തി. കേരളത്തിലെ കപ്പൂച്ചിൻ സഭയുടെ അമ്മത്തൊട്ടിലായ ഭരണങ്ങാനത്തുനിന്ന് 1965-ൽ ആരംഭിച്ച തന്റെ സന്യസ്തജീവിതം കേരളത്തിലെ തൃശൂർ, മൂവാറ്റുപുഴ, മുഖത്തല എന്നിവിടങ്ങളിലും, തമിഴ്നാട്ടിലെ കോട്ടഗിരി, ഉത്തരേന്ത്യയിൽ പഞ്ചാബ്, ഉത്തർപ്രദേശിലെ മസൂരി, ബിലാസ്പൂർ, രാംപൂർ, ഗാസിയാബാദ്, എന്നിവിടങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. ഷൊർണൂർ ക്രിസ്തുജ്യോതി

മിഷൻ ഹൗസിൽ സേവനമനുഷ്ഠിച്ചു വരവേ 2009 മാർച്ച് 8-ന് കർത്താവിൽ നിദ്രപ്രാപിച്ചു. ഭരണങ്ങാനം അസ്സീസി ദൈവാലയ ത്തിൽ സംസ്കരിച്ചു.

## II A-2c മൂഴിയാങ്കൽ പാപ്പച്ചൻ മകൻ കുര്യാക്കോസ് (അപ്പച്ചൻ)

പാപ്പച്ചൻ (തോമസ്)ന്റെ മൂന്നാമത്തെ മകനാണ് അപ്പച്ചൻ എന്ന് വിളിക്കുന്ന കുര്യാക്കോസ്. ചെമ്മലമറ്റത്ത് ബിസിനസ്സ് നടത്തുന്നു. കാഞ്ഞിരപ്പള്ളി പുതിയിടത്ത് മാത്യു-അന്നമ്മ മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ടാണും ഒരു പെണ്ണും. ജോമോൻ, ജിജോ എന്നിവരാണ് ആൺമക്കൾ. ജിജി മകളും. ജിജിയെ മുണ്ടക്കയം പുളിക്കിയിൽ മാത്യു - ത്രേസ്യാമ്മ മകൻ മനോജ് വിവാഹം ചെയ്തു. ജിജി മുണ്ടക്കയം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ജോലി ചെയ്യുന്നു. അപ്പച്ചന്റെ ഭാര്യ മേരിക്കുട്ടി 10-10-2017-ൽ നിര്യാതയായി. ചെമ്മലമറ്റം ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## II A-2c1 മൂഴിയാങ്കൽ കുര്യാക്കോസ് (അപ്പച്ചൻ) മകൻ ജോമോൻ

അപ്പച്ചന്റെ മൂത്ത മകനാണ് ജോമോൻ. താഴത്ത് വടകര വട ക്കേപുറത്തേട്ട് ചെറിയാൻ - ആനിയമ്മ മകൾ ആഷയെ വിവാഹം ചെയ്തു. ഇരുവരും സൗദിയിൽ ജോലി ചെയ്യുന്നു. ഈ ദമ്പതി കൾക്ക് മൂന്ന് മക്കൾ. നിയാ മേരി, ആൻ മേരി, എലൈൻ മേരി.

## II A-2c2 മൂഴിയാങ്കൽ കുര്യാക്കോസ് (അപ്പച്ചൻ) മകൻ ജിജോ

അപ്പച്ചന്റെ ഇളയ മകനാണ് ജിജോ. കപ്പാട്, ഇരുപ്പക്കാട്ട് മാത്യു-റോസമ്മ മകൾ സൂസനാണ് ഭാര്യ. അധ്യാപികയാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. വിയാൻ മാത്യു, ജൊവാക് മാത്യു.

## II A-2d മൂഴിയാങ്കൽ പാപ്പച്ചൻ (തോമസ്)മകൻ ജോർജ്ജ്കുട്ടി

പാപ്പച്ചന്റെ ആൺമക്കളിൽ ഇളയ മകനാണ് ജോർജ്ജുകുട്ടി. തിടനാട് താന്നിപ്പോതിയിൽ അപ്പച്ചൻ (ജേക്കബ്)- റോസമ്മ മകൾ മോളിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ടാണും ഒരു പെണ്ണും. റ്റിബിൻ, റ്റിജോ, റ്റിസ്മോൾ. റ്റിബിൻ ചക്കാമ്പുഴ കട്ടക്കയം ജോസ്-മേരി മകൾ ജിസ്മോളെ വിവാഹം ചെയ്തു. ഇരുവരും കുവൈത്തിൽ ജോലിചെയ്യുന്നു. റ്റിജോ ഹൈദരാബാ

ദിൽ നഴ്സായി ജോലി ചെയ്യുന്നു. റ്റിസ്മോൾ എറണാകുളം അമൃത ഹോസ്പിറ്റലിൽ സ്റ്റാഫ് നഴ്സാണ്.

## II A-3 മൂഴിയാങ്കൽ തൊമ്മൻ മകൻ കുര്യാക്കോസ് (കുട്ടി)

മുഴിയാങ്കൽ കുര്യൻ മകൻ തൊമ്മന്റെ ഇളയ മകനാണ് കുട്ടി എന്നു വിളിക്കുന്ന കുര്യാക്കോസ്. എലിക്കുളം രണ്ട്പ്ലാക്കൽ മത്തായി റോസ മകൾ ചിന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ടാണും ഒരു പെണ്ണും. ഈപ്പച്ചൻ, തോമസ് എന്നിവരാണ് ആൺമക്കൾ. കുട്ടിയമ്മ മകളും. കുട്ടിയമ്മയെ മണിയംകുളം കയ്യാണിയിൽ കുര്യൻ - റോസമ്മ മകൻ തോമസ് വിവാഹം ചെയ്തു. കുര്യാക്കോസ് (കുട്ടി) 1969 ജൂൺ ഏഴിന് മരിച്ചു. ഭാര്യ ചിന്നമ്മ 01-05-2018ൽ മരിച്ചു. ഇരുവരെയും ചെമ്മലമറ്റം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## II A-3a മൂഴിയാങ്കൽ കുര്യാക്കോസ് (കുട്ടി) മകൻ ഈപ്പച്ചൻ

കുര്യാക്കോസിന്റെ മൂത്ത മകനാണ് ഈപ്പച്ചൻ. അരുവിത്തുറ വെട്ടത്തേൽ സേവ്യർ-ത്രേസ്യാ മകൾ സോഫിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. ജോമി എന്ന മകനും, ജൂലി എന്ന മകളും. ജൂലിയെ പയ്യാനിത്തോട്ടം, കളപ്പുരയ്ക്കൽ പറമ്പിൽ ഫ്രാൻസീസ്-ചിന്നമ്മ മകൻ സണ്ണി വിവാഹം ചെയ്തു.

## II A-3a1 മൂഴിയാങ്കൽ ഈപ്പച്ചൻ മകൻ ജോമി

ഈപ്പച്ചന്റെ രണ്ട് മക്കളിൽ ഏക മകനാണ് ജോമി. പാലാ, കാപ്പിൽ നടയ്ക്കത്താഴെ മത്തായി-മേരി മകൾ സജിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ, അഞ്ജു, അഞ്ജലി. ജോമി ഈരാറ്റുപേട്ടയിൽ ബിസിനസ്സ് ചെയ്യുന്നു.

## II A-3b മൂഴിയാങ്കൽ കുര്യാക്കോസ് (കുട്ടി) മകൻ തോമസ്

കുര്യാക്കോസ് (കുട്ടി)ന്റെ രണ്ടാമത്തെ മകനാണ് തോമസ്. മണിമല ളാനിത്തോട്ടത്തിൽ ജോസഫ്-ഏലി മകൾ വൽസമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് ആണും മൂന്ന് പെണ്ണും. നൈസി, സി.പ്രിൻസി, വിൻസി എന്നിവരാണ് പെൺമക്കൾ. ജോബി, നോബി എന്നിവർ ആൺമക്കളും.

നൈസിയെ ചെമ്മലമറ്റം തൂങ്കുഴിയിൽ ജോസഫ്-അന്നമ്മ മകൻ കുര്യാച്ചൻ വിവാഹം ചെയ്തു. നൈസി പാലാ താലൂക്ക്

ഓഫീസിൽ ജോലിചെയ്യുന്നു. മൂന്നാമത്തെ മകൾ വിൻസിയെ തിട നാട് കാക്കനാട്ട് ചെറിയാൻ-ജസമ്മ മകൻ ജോബിൻ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ സിസ്റ്റർ പ്രിൻസി 1999 ജൂൺ 10ന് ക്ലാര സഭയിൽ ചേരുകയും 2005 നവംബർ 19-ന് വ്രതവാഗ്ദാനവും, 2011 ഏപ്രിൽ 30-ന് നിത്യവ്രതവാഗ്ദാനവും നടത്തി. ഇപ്പോൾ അരുവി ത്തുറ എ.ഇ.ഇ കോൺവെന്റിൽ സേവനം ചെയ്യുന്നു. ഭരണങ്ങാനം ഗേൾസ് ഹൈസ്കൂളിൽ അധ്യാപികയുമാണ്.

## II A-3b1 മൂഴിയാങ്കൽ തോമസ് മകൻ ജോബി

മൂഴിയാങ്കൽ തോമസിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മക നാണ് ജോബി. അദ്ധ്യാപകനാണ്. മണിമല മാരൂര് തോമസ് - അന്നമ്മ മകൾ ലിസ (എലിസബത്ത്) യാണ് ഭാര്യ. രണ്ടു മക്കൾ, നിയാ മരിയ, ഡിയാ അന്ന.

## II A-3b2 മൂഴിയാങ്കൽ തോമസ് മകൻ നോബി

മൂഴിയാങ്കൽ തോമസിന്റെ രണ്ടാമത്തെ മകനാണ് നോബി. MCom ബിരുദധാരിയാണ്.

## III മൂഴിയാങ്കൽ തൊമ്മൻ മകൻ പുന്നൂസ്

മൂഴിയാങ്കൽ തൊമ്മന്റെ മൂന്നാമത്തെ മകനാണ് പുന്നൂസ്. ഭാര്യയുടെ പേരോ മറ്റു വിവരങ്ങളോ ലഭ്യമല്ല. പുന്നൂസിന് മൂന്ന് മക്കൾ. രണ്ട് ആണും ഒരു പെണ്ണും. ഏകമകളെ തിടനാട് വാരണത്ത് വിവാഹം ചെയ്തു. മത്തായി, വർക്കി എന്നിവരാണ് ആൺമക്കൾ.


## III A മൂഴിയാങ്കൽ പുന്നൂസ് മകൻ മത്തായി

പുന്നൂസിന്റെ മൂത്തമകനാണ് മത്തായി. പൂഞ്ഞാർ ഏറത്തയിൽ നിന്ന് വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ ഒരു മകൻ ജനിച്ചു. ജോസഫ്. മകന്റെ ജനനത്തിനുശേഷം ഭാര്യ മരിച്ചു. തുടർന്ന് തലനാട്, പേണ്ടാനത്ത് ഏലിയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ കുട്ടികൾ ജനിച്ചില്ല.

## III A-1 മൂഴിയാങ്കൽ മത്തായി മകൻ ജോസഫ് മത്തായി

മത്തായിയുടെ ഏകമകനാണ് ജോസഫ്. ബ്രിട്ടീഷ് ആർമ്മി യിൽ സിഗ്നൽമാനായി സൈനികസേവനത്തിൽ തുടരവേ 1944 ജനുവരി 30-ന് രണ്ടാം ലോകമഹായുദ്ധത്തിൽ റാവൽപിണ്ടിയിൽ

വച്ച് ശത്രുസൈന്യത്തിന്റെ വെടിയേറ്റ് വീരചരമം പ്രാപിച്ചു. ബ്രിട്ടീഷ് രാജാവ് ഈ ധീരസൈനികന്റെ കുടുംബത്തിന് നേരിട്ട് അനുശോചന സന്ദേശം അയയ്ക്കുകയുണ്ടായി. ഈ സന്ദേശം ഇന്നും ഇദ്ദേഹത്തിന്റെ കുടുംബം സൂക്ഷിച്ചിട്ടുണ്ട്.



सत्यमेव जयते

THIS SCROLL COMMEMORATES
[illegible]
HELD IN HONOUR BY KING AND
COUNTRY AS ONE WHO GAVE HIS LIFE
IN THE WORLD WAR OF 1939-1945
TO [illegible] MANKIND [illegible] TYRANNY. MAY
HIS SACRIFICE [illegible]ELP TO BRING
THE PEACE AND FREEDOM FOR
WHICH HE DIED.

BUCKINGHAM PALACE

The Queen-Empress and I offer you our heartfelt sympathy in your great sorrow.

We pray that your country's gratitude for a life so nobly given in its service may bring you some measure of consolation.

George R.I.

K.V. MARIAM,
WIFE OF THE LATE
NO. 13C20164 SIGNALMAN JOSEPH.
4 INDIAN AIR FORMATION SIGNALS.
INDIAN SIGNAL CORPS.
DIED ON 30 JAN 44.

അരുവിത്തുറ കണ്ടത്തിൻകര മറിയത്തെ ജോസഫ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും ഒരു മകളുമടക്കം നാല് മക്കൾ. മാത്യു, വർക്കി, ജോസഫ് എന്നിവരാണ് ആൺമക്കൾ. തങ്കമ്മ മകളും. അരുവിത്തുറ പടന്നമാക്കൽ കൊച്ച് തങ്കമ്മയെ വിവാഹം ചെയ്തു.

## III A-1a  മൂഴിയാങ്കൽ ജോസഫ് മകൻ മാത്യു ജോസഫ്

ജോസഫിന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് മാത്യു. തീക്കോയി മേപ്രയിൽ വത്സമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകനും മൂന്ന് പെൺമക്കളും. മായ, അനിത, ദീപ എന്നിവരാണ് പെൺമക്കൾ. ഏകമകൻ ബിനു. മൂത്തമകൾ മായയെ ഏന്തയാർ, വടകര മാത്തുക്കുട്ടി വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ അനിതയെ മീനച്ചിൽ കല്ലുകുളത്ത് ഔസേപ്പച്ചൻ വിവാഹം ചെയ്തു. ഇളയമകൾ ദീപ അവിവാഹിതയാണ്.

## III A-1a1  മൂഴിയാങ്കൽ മാത്യു മകൻ ബിനു

മാത്യുവിന്റെ ഏകമകനാണ് ബിനു. കാഞ്ഞിരപ്പള്ളിയിൽ ഹോട്ടൽ നടത്തുന്നു. വരാപ്പുഴ, പുത്തൻപള്ളി സുനിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. അമൽ, ബനഡിക്ട്. ബിനു മരിച്ചു. ഏന്തയാർ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## III A-1b മൂഴിയാങ്കൽ ജോസഫ് മകൻ വർക്കി ജോസഫ്

ജോസഫിന്റെ രണ്ടാമത്തെ മകനാണ് വർക്കി. പൂഞ്ഞാർ കാപ്പിൽ പുത്തൻപുര കുര്യൻ - മറിയം ദമ്പതികളുടെ മകൾ മേരിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. നാല് ആൺമക്കളും ഒരു മകളും. ജോയി ജോർജ്ജ്, ജോഷി ജോർജ്ജ്, ജിമ്മി ജോർജ്ജ്, ജൂബി ജോർജ്ജ് എന്നിവരാണ് ആൺമക്കൾ. ജാൻസി ഏകമകളും. ഭരണങ്ങാനം അമ്പാറനിരപ്പേൽ പനയ്ക്കക്കുഴി തോമസ്-മറിയം ദമ്പതികളുടെ മകൻ ബേബി ജാൻസിയെ വിവാഹം ചെയ്തു. 2007 നവമ്പർ 18-ാം തീയതി വർക്കി മരിച്ചു. അരുവിത്തുറ ദേവാലയ സിമിത്തേരിയിൽ സംസ്കരിച്ചു.

## III A-1b-1 മൂഴിയാങ്കൽ വർക്കി ജോസഫ് മകൻ ജോയി ജോർജ്ജ്

വർക്കിയുടെ മൂത്തമകനാണ് ജോയി. പാലാ (കണ്ടത്തിൽ) വരിക്കയിൽ അപ്പച്ചൻ-റോസമ്മ ദമ്പതികളുടെ മകൾ ബീനായെ വിവാഹം ചെയ്തു. തടി വ്യാപാരിയാണ്. പാലാ കുരുവിനാലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. റ്റോണി ജോസഫ്, റ്റോൺ ജോസഫ്. ഇരുവരും വിദ്യാർത്ഥികൾ.

## III A-1b-2 മൂഴിയാങ്കൽ വർക്കി ജോസഫ് മകൻ ജോഷി ജോർജ്ജ്

വർക്കിയുടെ രണ്ടാമത്തെ മകനാണ് ജോഷി. കേരളാ കോൺഗ്രസ് (എം)ന്റെ സജീവപ്രവർത്തകനായ ജോഷി മൂഴിയാങ്കൽ ഇപ്പോൾ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി അംഗമാണ്. വിദ്യാർത്ഥി രാഷ്ട്രീയമായ KSC (M)ലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു. അരുവിത്തുറ സെന്റ് ജോർജ്ജ് കോളജ് KSC (M) യൂണിറ്റ് പ്രസിഡന്റ്, പാലാ സെന്റ് തോമസ് കോളജ് KSC(M) യൂണിറ്റ് പ്രസിഡന്റ്, പൂഞ്ഞാർ നിയോജകമണ്ഡലം യൂത്ത്ഫ്രണ്ട് പ്രസിഡന്റ്, കേരളാ കോൺഗ്രസ് (M) നിയോജകമണ്ഡലം സെക്രട്ടറി, മണ്ഡലം പ്രസിഡന്റ്, കോട്ടയം ജില്ലാകമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 2010-2015 കാലഘട്ടത്തിൽ പൂഞ്ഞാർ പഞ്ചായത്ത് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടു. ഈ കാലയളവിൽ മെമ്പർ, പ്രതിപക്ഷനേതാവ്, വൈസ്പ്രസിഡന്റ്, ആക്ടിംഗ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചു. അരുവിത്തുറ സെന്റ് ജോർജ് ഫൊറോനപ്പള്ളി കമ്മിറ്റിയംഗം, ഭരണങ്ങാനം അൽഫോൻസ റസിഡൻഷ്യൽ സ്കൂൾ പി.റ്റി.എ. പ്രസിഡന്റ് ജൂണിയർ ചേമ്പർ ഇന്റർ നാഷണൽ

(JCI) ഈരാറ്റുപേട്ട ചാപ്റ്റർ പ്രസിഡന്റ് എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. പൂഞ്ഞാറിന്റെ വികസന ത്തിൽ ജോഷിയുടെ പങ്ക് പ്രത്യേകം പ്രശംസനീയമാണ്.

കാഞ്ഞിരപ്പള്ളി കാവുങ്കൽ പൈലോ-ത്രേസ്യാമ്മ ദമ്പതിക ളുടെ മകൾ മേഴ്സിയെ വിവാഹം ചെയ്തു. മറ്റക്കാട്ടാണ് താമസം. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് പെൺമക്കളും ഒരു മകനും. എമി, ഫെമി, എമിൽ. മൂവരും വിദ്യാർത്ഥികളാണ്.

## III A-1b-3 മൂഴിയാങ്കൽ വർക്കി ജോസഫ് മകൻ ജിമ്മി ജോർജ്ജ്

വർക്കിയുടെ മൂന്നാമത്തെ മകനാണ് ജിമ്മി. ഈരാറ്റുപേട്ടയിൽ ബിസിനസ്സ് നടത്തുന്നു. മറ്റക്കാട്ടാണ് താമസം. പാലക്കാട് അഗളി, മണപ്പോയിൽ ജോൺസൺ-മോളി ദമ്പതികളുടെ മകൾ ബ്ലസ്സി യാണ് ഭാര്യ. കുവൈത്തിൽ സ്റ്റാഫ് നേഴ്സാണ്. ഈ ദമ്പതികൾക്ക് ഒരു മകൾ. അഡോണിയാ.

## III A-1b-4 മൂഴിയാങ്കൽ വർക്കി ജോസഫ് മകൻ ജൂബി ജോർജ്ജ്

വർക്കിയുടെ ഇളയ മകനാണ് ജൂബി. മറ്റക്കാട്ട് ജെ ആൻഡ് ജെ ഇൻഡസ്ട്രീസിന്റെ ഉടമയാണ്. മറ്റക്കാട്ടാണ് താമസം. പാലാ നെല്ലിയാനി, ചെറുകര സി.റ്റി. മാത്യു-സൂസമ്മ ദമ്പതികളുടെ മകൾ പ്രജീതയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരു മകളും മകനുമുണ്ട് - ഡിയോണ, ഡിയോൺ.

## III A-1c മൂഴിയാങ്കൽ ജോസഫ് മകൻ ജോസഫ് (കുഞ്ഞൂഞ്ഞ്)

ജോസഫിന്റെ രണ്ടാമത്തെ മകനാണ് ജോസഫ്. അരുവിത്തുറ നടയ്ക്കൽ താമസിക്കുന്നു. പൂവത്തോട് തെങ്ങനാക്കുന്നേൽ റോസ മ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ടാണും രണ്ട് പെണ്ണും. ജെസ്സി, ജോഹരി (സുജ) എന്നിവരാണ് പെൺമക്കൾ. ജോബി, ജിജോ എന്നിവർ ആൺമക്കളും. മൂത്തമകൾ ജെസ്സിയെ തീക്കോയി, അങ്ങാടിക്കൽ പാപ്പച്ചൻ-ചിന്നമ്മ ദമ്പതികളുടെ മകൻ സണ്ണിയും, രണ്ടാമത്തെ മകൾ ജോഹരി (സുജ)യെ പൂഞ്ഞാർ മലയിഞ്ചിപ്പാറ, പെരുമ്പള്ളിക്കുന്നേൽ ജോബിയും വിവാഹം ചെയ്തു. ജോബി മോനിപ്പള്ളി കിഴക്കേക്കുറ്റ് ജോസ് മകൾ നിമ്മിയെ വിവാഹം ചെയ്തു. ഇവർക്ക് ഒരാൺകുട്ടി - വില്യം. ഓസ്ട്രേലി യായിലാണ് താമസം. രണ്ടാമത്തെ മകൻ ജീജോ കൈതപ്പള്ളിൽ

ജോയിയുടെ മകൾ ടിന്റുവിനെ വിവാഹം ചെയ്തു. അവർക്ക് രണ്ട് പെൺകുട്ടികൾ - അൽഫോൻസായും, അന്നാ എലിസബത്തും. റോസമ്മ നിര്യാതയായി. അരുവിത്തുറ സെന്റ് ജോർജ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## III B. മൂഴിയാങ്കൽ പുന്നൂസ് മകൻ വർക്കി

പുന്നൂസിന്റെ രണ്ടാമത്തെ മകനാണ് വർക്കി. വർക്കിക്ക് മൂന്നു മക്കൾ. ഒരു മകനും രണ്ട് പെൺമക്കളും. മറിയം, ത്രേസ്യാ എന്നിവരാണ് പെൺമക്കൾ. വർക്കി ഏകമകനും. മൂത്തമകൾ മറിയത്തെ തീക്കോയി മാവടി, മുളങ്ങാശ്ശേരിൽ വിവാഹം ചെയ്തു. ഇളയമകൾ ത്രേസ്യായെ ഭരണങ്ങാനം ഇലഞ്ഞിമറ്റത്ത് വിവാഹം ചെയ്തു. ഭർത്താവിന്റെ അകാലനിര്യാണത്തെത്തുടർന്ന് ത്രേസ്യാ സഹോദരൻ വർക്കിയുടെ സംരക്ഷണയിലാണ് കഴിഞ്ഞത്. 08-09-2009-ൽ ത്രേസ്യാ മരിച്ചു. അരുവിത്തുറ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. വർക്കിയെയും ഭാര്യയേയും മരണശേഷം അരുവിത്തുറ ദേവാലയം സിമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## III B-1 മൂഴിയാങ്കൽ വർക്കി മകൻ വർക്കി വർക്കി

വർക്കിയുടെ ഏകമകനാണ് വർക്കി വർക്കി. അരുവിത്തുറ വെയിൽകാണാംപാറയിലാണ് താമസം. കാഞ്ഞിരപ്പള്ളി കണിയാപറമ്പിൽ അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. രണ്ട് ആൺമക്കളും ആറ് പെൺമക്കളും. ജോർജ്ജ്, ജോൺ എന്നിവരാണ് ആൺമക്കൾ. ഏലിക്കുട്ടി, ത്രേസ്യാ (അന്നമ്മ), സി. കാർമ്മൽ മൂഴിയാങ്കൽ, അന്നക്കുട്ടി, ബ്രിജിത്ത്, സിസിലി എന്നിവരാണ് പെൺമക്കൾ. മരണശേഷം വർക്കിയെയും അന്നമ്മയുടെയും (19-6-2012) അരുവിത്തുറ ദേവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

മൂത്തമകൾ ഏലിക്കുട്ടിയെ ചെമ്മലമറ്റം, കാക്കല്ലിൽ വർക്കി വിവാഹം ചെയ്തു. തൊടുപുഴ ആലക്കോട് താമസിക്കുന്നു. രണ്ടാമത്തെ മകൾ ത്രേസ്യായെ(അക്കാമ്മ) ഇടമറുക് നരിക്കാട്ട് ജോസഫ് വിവാഹം ചെയ്തു. ഇടുക്കി തോപ്രാംകുടിയിലാണ് താമസം. മൂന്നാമത്തെ മകൾ സി. കാർമ്മൽ കാഞ്ഞിരപ്പള്ളി സെന്റ് മർത്താസ് കോൺവെന്റിൽ സേവനമനുഷ്ഠിക്കുന്നു. നാലാമത്തെ മകൾ അന്നക്കുട്ടി ഉപ്പുതോട് കൂട്ടിയാനിക്കൽ ഔത വിവാഹം ചെയ്തു. അഞ്ചാമത്തെ മകൾ ബ്രിജിത്ത്(തെയ്യാമ്മ)നെ പ്ലാശനാൽ,

ചെറുവള്ളി കിഴക്കേൽ ആന്റണി വിവാഹം ചെയ്തു. ആറാമത്തെ മകൾ സിസിലിയെ മൂന്നിലവ് കുന്നക്കാട്ട് കുര്യൻ വിവാഹം ചെയ്തു. ഇടുക്കി പണിക്കൽ കുടിയിലാണ് താമസം.

## III B-1a മൂഴിയാങ്കൽ വർക്കി വർക്കി മകൻ ജോർജ്ജ് വർക്കി

വർക്കി വർക്കിയുടെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ജോർജ്ജ്. ഉപ്പുതോടാണ് താമസം. കുറുമണ്ണ് പനച്ചിക്കൽ അന്ന (അച്ചാമ്മ) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് ആൺമക്കളും ഒരു മകളും. ബിജു ജോർജ്ജ്, ബിനോ ജോർജ്ജ് എന്നിവരാണ് ആൺമക്കൾ. ജൂബി മകളും. ഉപ്പുതോട്, അയിലൂർ ബെന്നി ജൂബിയെ വിവാഹം ചെയ്തു.

## III B-1a1 മൂഴിയാങ്കൽ ജോർജ്ജ് വർക്കി മകൻ ബിജു ജോർജ്ജ്

ജോർജ്ജിന്റെ മൂത്തമകനാണ് ബിജു. മുരിക്കാശ്ശേരി ചേലനി ല്ക്കുംതടത്തിൽ ഷൈജിയെ വിവാഹം ചെയ്തു. ഇടുക്കി ഉപ്പുതോട്ടിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അശ്വിൻ ബിജു എന്ന മകനും, മേഘ ബിജു എന്ന മകളും.

## III B-1a2 മൂഴിയാങ്കൽ ജോർജ്ജ് വർക്കി മകൻ ബിനോ ജോർജ്ജ്

ജോർജ്ജിന്റെ രണ്ടാമത്തെ മകനാണ് ബിനോ. ഉപ്പുതോട്ടിൽ താമസിക്കുന്നു. ഇടുക്കി എഴുകുംവയൽ, കപ്പലുമാക്കൽ മിനിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. അലീനാ ബിനോ എന്ന മകളും അമൽ എന്ന മകനും.

## III B-2 മൂഴിയാങ്കൽ വർക്കി വർക്കി മകൻ ജോൺ വർക്കി

മൂഴിയാങ്കൽ വർക്കി വർക്കിയുടെ രണ്ടാമത്തെ മകനാണ് ജോൺ. അരുവിത്തുറ വെയിൽകാണാംപാറയിലാണ് താമസം. തൊടുപുഴ കരിമണ്ണൂർ, കുഴിക്കാട്ടുമ്യാലിയിൽ എത്സിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആൺമക്കളും ഒരു മകളും. ജിൽസൻ ജോൺ, ജയ്സൺ ജോൺ എന്നിവരാണ് ആൺ മക്കൾ. ജയ്മോൾ മകളും. കല്ലൂർക്കാട് പാലക്കോട്ടിൽ തോമസ്-ഹായ്സി മകൻ ജോർഡിൻ ജയ്മോളെ വിവാഹം ചെയ്തു.

## III B-2a മൂഴിയാങ്കൽ ജോൺ വർക്കി മകൻ ജിൽസൻ ജോൺ

ജോണിന്റെ മൂത്തമകനാണ് ജിൽസൻ. അരുവിത്തുറ വെയിൽ കാണാംപാറയിൽ താമസിക്കുന്നു. ചെമ്മലമറ്റം വാര്യാനിക്കാട്ട്,

കണിപ്പറമ്പിൽ റാണിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. ആഷ്ന ജിൽസൻ, അഷ്‌ലി ജിൽസൻ. ഇരുവരും വിദ്യാർത്ഥികൾ.

## III B-2b മൂഴിയാങ്കൽ ജോൺ വർക്കി മകൻ ജയ്സൺ ജോൺ

ജോണിന്റെ രണ്ടാമത്തെ മകനാണ് ജയ്സൻ. മൂവാറ്റുപുഴ വാഴക്കുളം, മുല്ലശ്ശേരിൽ ബ്രിൻലിയെ വിവാഹം ചെയ്തു. വെയിൽകാണാംപാറയിൽ താമസിക്കുന്നു.03-02-2014ൽ ജയ്സൻ മരിച്ചു. അരുവിത്തുറ ദേവാലയ സിമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. ഈ ദമ്പതികൾക്ക് ഒരു മകൻ. അഡ്രിയേൽ ജയ്സൻ.

## IV മൂഴിയാങ്കൽ തൊമ്മൻ മകൻ ലൂക്കാ

തൊമ്മന്റെ അഞ്ച് ആൺമക്കളിൽ നാലാമത്തെ മകനാണ് ലൂക്കാ. പൂഞ്ഞാർ ഇളം ചിങ്ങത്ത് അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആൺമക്കളും ഒരു മകളും. ദേവസ്യാ, പൈലോ എന്നിവരാണ് ആൺ മക്കൾ. ഏക മകൾ മറിയം. മറിയത്തെ മല്ലികശ്ശേരി എഴുപറയിൽ കൊച്ച് വിവാഹം ചെയ്തു. മരണശേഷം ലൂക്കായേയും അന്നമ്മയേയും സംസ്കരിച്ചിരിക്കുന്നത് പൂഞ്ഞാർ സെന്റ് മേരീസ് ദേവാലയ സിമിത്തേരിയിലാണ്.

## IVA മൂഴിയാങ്കൽ ലൂക്കാ മകൻ ദേവസ്യാ

ലൂക്കായുടെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ദേവസ്യാ. വിളക്കുമാടം തൂങ്കുഴിയിൽ അന്നമ്മയെ വിവാഹം ചെയ്ത് ചെമ്മലമറ്റത്ത് താമസം തുടർന്നു. ഈ ദമ്പതികൾക്ക് പത്തു മക്കൾ. ഏഴ് പെൺമക്കളും മൂന്ന് ആൺമക്കളും. മാമ്മി(അന്ന), മറിയാമ്മ, ഏലിക്കുട്ടി, ത്രേസ്യാമ്മ (സി. ആൻഡ്രൂസ്), കുഞ്ഞുറോത, അച്ചാമ്മ, ക്ലാര എന്നിവരാണ് പെൺമക്കൾ. ലൂക്കാ, കുഞ്ഞാപ്പൻ (ജോസഫ്), കുഞ്ഞൂഞ്ഞ് എന്നിവർ ആൺമക്കളും.

മൂത്തമകൾ മാമ്മി (അന്ന)യെ ചേർപ്പുങ്കൽ പുളിക്കാനത്ത് മത്തായിയും, രണ്ടാമത്തെ മകൾ മറിയാമ്മയെ ചെമ്മലമറ്റം, കൊരട്ടയിൽ കൊച്ചും, മൂന്നാമത്തെ മകൾ ഏലിക്കുട്ടിയെ തീക്കോയി ഇടയാടിയിൽ കൊച്ചും വിവാഹം ചെയ്തു. നാലാമത്തെ മകൾ ത്രേസ്യാമ്മ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസസമൂഹത്തിൽ ചേർന്ന് സന്യസ്തജീവിതം ആരംഭിച്ചു. സി. ആൻഡ്രൂസ് FCC പൂഞ്ഞാർ FC കോൺവെന്റിൽ വച്ച് 1993 ഡിസംബർ 16ന് ദിവംഗത

യായി. അധ്യാപികയായിരുന്ന സി. ആൻഡ്രൂസ് തീക്കോയി, ഭരണങ്ങാനം, പൂഞ്ഞാർ എന്നീ മഠങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അഞ്ചാമത്തെ മകളായ കുഞ്ഞുറോതയെ അമ്പാറനിരപ്പേൽ, വെട്ടുവയലിൽ തൊമ്മച്ചൻ വിവാഹം ചെയ്തു. ആറാമത്തെ മകളായ അച്ചാമ്മ അവിവാഹിതയായിരുന്നു. അസുഖബാധിതയായിരുന്ന അച്ചാമ്മയെ മരണശേഷം ചെമ്മലമറ്റം ദേവാലയ സിമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. ഏഴാമത്തെ മകളായ ക്ലാര ചെറുപ്പത്തിലേ മരിച്ചു. ദേവസ്യായേയും അന്നയേയും സംസ്കരിച്ചിരിക്കുന്നത് ചെമ്മലമറ്റം ദേവാലയ സിമിത്തേരിയിലാണ്.

## IV A1 മൂഴിയാങ്കൽ ദേവസ്യാ മകൻ ലൂക്കാ ദേവസ്യാ

ദേവസ്യായുടെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് ലൂക്കാ. പൂഞ്ഞാർ പെരിങ്ങുളം, കോലോത്ത് ത്രേസ്യായെ വിവാഹം ചെയ്തു. പൂഞ്ഞാറിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് പത്തുമക്കൾ. നാല് ആൺമക്കളും ആറ് പെൺമക്കളും. കുഞ്ഞ് (ദേവസ്യാ), ചാക്കോച്ചൻ (ജയിംസ്), ജോസ് (ജോസഫ്), സണ്ണി (ജോൺ) എന്നിവരാണ് ആൺമക്കൾ. മേരി (അന്ന), ലില്ലി (മറിയം), ലൂസി, സി. എലിസബത്ത്, കൊച്ചുറാണി (കൊച്ചുത്രേസ്യാ), അൽഫോൻസാ എന്നിവരാണ് പെൺമക്കൾ.

മൂത്തമകൾ മേരി(അന്ന)യെ തിടനാട് പുറത്തേമുതുകാട്ടിൽ ചാക്കോച്ചൻ വിവാഹം ചെയ്തു. ഇവർ വെള്ളരിക്കുണ്ടിലാണ് താമസം. രണ്ടാമത്തെ മകൾ ലില്ലി(മറിയം)യെ കുന്നോന്നി, മാറാമറ്റത്തിൽ വർക്കിച്ചൻ വിവാഹം ചെയ്തു. ഇപ്പോൾ കണ്ണൂർ. ഉദയഗിരിയിലാണ് താമസം. മൂന്നാമത്തെ മകൾ ലൂസിയെ വെള്ളികുളം, മറ്റത്തിൽ കൊച്ച് വിവാഹം ചെയ്തു. നാലാമത്തെ മകൾ സി. എലിസബത്ത് FCC സഭയിൽ സന്യസ്ത ജീവിതം നയിക്കുന്നു. അധ്യാപികയാണ്. അഞ്ചാമത്തെ മകൾ കൊച്ചുറാണി(കൊച്ചുത്രേസ്യാ)യെ കൊടുംപിടി, തെക്കേൽ ജോർജ്ജ് വിവാഹം ചെയ്തു. പെൺമക്കളിൽ ഇളയവളായ അൽഫോൻസായെ മുത്തോലി പ്ലാത്തോട്ടത്തിൽ ജോയി വിവാഹം ചെയ്തു.

## IV A-1a മൂഴിയാങ്കൽ ലൂക്കാ മകൻ കുഞ്ഞ് (ദേവസ്യാ)

മൂഴിയാങ്കൽ ലൂക്കായുടെ നാല് ആൺമക്കളിൽ മൂത്ത മകനാണ് കുഞ്ഞ് എന്നുവിളിക്കുന്ന ദേവസ്യാ. ചേന്നാട്, നീണ്ടൂക്കുന്നേൽ

കുര്യന്റെയും മറിയക്കുട്ടിയുടെയും മകൾ തെയ്യാമ്മയാണ് ഭാര്യ. മണിയംകുളം ഇടവക പെരുനിലത്താണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് ആണും ഒരു പെണ്ണുമടക്കം മൂന്നുമക്കൾ. ജോജി (ലൂക്കാ), ജോജോ (ജോസഫ്) എന്നിവർ ആൺമക്കളും ലിജി (ത്രേസ്യാ) ഏകമകളും. ലിജിയെ അന്തീനാട്, കാഞ്ഞിരപ്പള്ളിൽ അപ്പച്ചൻ - ഏലിക്കുട്ടി ദമ്പതികളുടെ മകൻ സാജൻ (സിബി) വിവാഹം ചെയ്തു.

## IV A-1a1 മൂഴിയാങ്കൽ കുഞ്ഞ് (ദേവസ്യാ) മകൻ ജോജി (ലൂക്കാ)

ദേവസ്യായുടെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ജോജി. ചെമ്മലമറ്റം, വെള്ളൂരാത്ത് അപ്പച്ചൻ (ജോസഫ്) -മേരി ദമ്പതികളുടെ മകൾ ജോമിയാണ് ഭാര്യ. മണിയംകുളത്താണ് താമസം. ജോജി പൂഞ്ഞാറിൽ തോംസൺ ഇലക്ട്രോണിക്സ് സെന്റർ നടത്തുന്നു. ഈ ദമ്പതികൾക്ക് രണ്ടു പെൺകുട്ടികൾ. അച്ചു (മരിയ), അമ്മു (അൽഫോൻസ).

## IV A-1a2 മൂഴിയാങ്കൽ കുഞ്ഞ് (ദേവസ്യാ) മകൻ ജോജോ (ജോസഫ്)

കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് ജോജോ.

## IV A-1b മൂഴിയാങ്കൽ ലൂക്കാ ദേവസ്യാ മകൻ ചാക്കോച്ചൻ (ജയിംസ്)

ലൂക്കായുടെ രണ്ടാമത്തെ മകനാണ് ചാക്കോച്ചൻ എന്നുവിളിക്കുന്ന ജയിംസ്. മേരിലാന്റ്, കരിമ്പനത്തടത്തിൽ വത്സമ്മയെ വിവാഹം ചെയ്തു. ഇടുക്കി, ജോസ്പുരത്താണ് താമസം. ഈ ദമ്പതികൾക്ക് നാല് മക്കൾ. ഏകമകൾ മരിയ, വിദ്യാർത്ഥിനിയാണ്. വിബിൻ, വിനിൽ, ആൽബിൻ എന്നിവരാണ് ആൺമക്കൾ.

## IV A-1b1 മൂഴിയാങ്കൽ ചാക്കോച്ചൻ മകൻ വിബിൻ (ലൂക്കോസ്)

ചാക്കോച്ചന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് വിബിൻ. ഖത്തറിൽ ജോലിചെയ്യുന്നു. ഇടുക്കി, കനകക്കുന്ന്, ഞാവള്ളിക്കുന്നേൽ അനുപമയാണ് ഭാര്യ.

## IV A-1b2 മൂഴിയാങ്കൽ ചാക്കോച്ചൻ മകൻ വിനിൽ (സ്കറിയ)

ചാക്കോച്ചന്റെ രണ്ടാമത്തെ മകനാണ് വിനിൽ. വിദ്യാർത്ഥിയാണ്.

### IV A-1b3 മൂഴിയാങ്കൽ ചാക്കോച്ചൻ മകൻ ആൽബിൻ (സെബാസ്റ്റ്യൻ)

ചാക്കോച്ചന്റെ മൂന്നാമത്തെ മകനാണ് ആൽബിൻ. വിദ്യാർത്ഥിയാണ്.

### IV A-1c മൂഴിയാങ്കൽ ലൂക്കാ ദേവസ്യാ മകൻ ജോസ് (ജോസഫ്)

ലൂക്കാ ദേവസ്യായുടെ മൂന്നാമത്തെ മകനാണ് ജോസ്. കർഷകനാണ്. അമ്പാറനിരപ്പേൽ കൂട്ടിയാനിയിൽ മിനിയെ വിവാഹം ചെയ്തു. ഇപ്പോൾ മാതാപിതാക്കൾക്കൊപ്പം പൂഞ്ഞാർ, വളതൂക്കിലാണ് താമസം. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ, ഒരു മകളും രണ്ട് ആൺമക്കളും. മെറിൻ (ത്രേസ്യാ) ആണ് ഏകമകൾ. ജിബിൻ (ലൂക്കാ), ഫെബിൻ (സെബാസ്റ്റ്യൻ) എന്നിവരാണ് ആൺമക്കൾ. മൂവരും വിദ്യാർത്ഥികളാണ്.

### IV A-1d മൂഴിയാങ്കൽ ലൂക്കാ ദേവസ്യാ മകൻ സണ്ണി (ജോൺ)

ലൂക്കാ ദേവസ്യായുടെ ഇളയമകനാണ് സണ്ണി. കർഷകനായ സണ്ണിയും കുടുംബവും വളതൂക്കിലാണ് താമസം. മൂഴിയാങ്കൽ കുഞ്ഞാപ്പൻ - ഏലിക്കുട്ടി മകൾ ജാസ്മിനാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺകുട്ടികൾ. അതുൽ (തോമസ്), അലൻ (ലൂക്കാ).

### IV A-2 മൂഴിയാങ്കൽ ദേവസ്യാ ലൂക്കാ മകൻ കുഞ്ഞാപ്പൻ (ജോസഫ്)

ദേവസ്യാ ലൂക്കായുടെ രണ്ടാമത്തെ മകനാണ് കുഞ്ഞാപ്പൻ. ഭരണങ്ങാനം ഈറ്റക്കുന്നേൽ മേരിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്നു പെൺമക്കളും ഒരു മകനും. ഗ്രേസി (അന്ന), ലൗലി (മേരി), ജെസി (അൽഫോൻസ) എന്നിവരാണ് പെൺമക്കൾ. ജോയി(സെബാസ്റ്റ്യൻ)യാണ് ഏകമകൻ. മൂത്തമകൾ ഗ്രേസിയെ മലപ്പുറം, ഇടിമണ്ണിൽ കരോട്ട് കിഴക്കയിൽ ബേബിച്ചൻ വിവാഹം ചെയ്തു. ലൗലിയെ പാല പുലിയന്നൂർ, കളത്തിപ്പുല്ലാട്ട് ജോയിയും, ജെസ്സിയെ ഉള്ളനാട് വട്ടപ്പലം ടോമിയും വിവാഹം ചെയ്തു.

കുഞ്ഞാപ്പന്റെ ആദ്യഭാര്യയായ മേരിക്കുട്ടിയുടെ അകാല നിര്യാണത്തെ തുടർന്ന് പുത്തൻപുരയ്ക്കൽ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ രണ്ട് പെൺകുട്ടികൾ. ജാസ്മിൻ, ജോസ്മി.

## IV A-2a മൂഴിയാങ്കൽ കുഞ്ഞാപ്പൻ മകൻ ജോയി (സെബാസ്റ്റ്യൻ)

കുഞ്ഞാപ്പന്റെ ഏകമകനാണ് ജോയി. പ്രേഷിതപ്രവർത്തനം നടത്തുന്നു. എറണാകുളം കോളഭാഗത്ത് സിനിയാണ് ഭാര്യ. എറണാകുളത്താണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് പെൺ മക്കൾ. മഹിമ (മേരി), പ്രത്യാശ (ത്രേസ്യാ).

## IV A-3 മൂഴിയാങ്കൽ ദേവസ്യാ ലൂക്കാ മകൻ കുഞ്ഞൂഞ്ഞ് (കുര്യാക്കോസ്)

ദേവസ്യാ ലൂക്കായുടെ ഇളയമകനാണ് കുഞ്ഞൂഞ്ഞ് എന്നു വിളിക്കുന്ന കുര്യാക്കോസ്. ചാമംപതാൽ കുറ്റുവേലിൽ തെയ്യാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകനും മൂന്നു പെൺ മക്കളുമടക്കം നാല് മക്കൾ. സാലി (അന്നമ്മ), ജെസ്സി (റോസമ്മ), മിനി (സെലിൻ) എന്നിവരാണ് പെൺമക്കൾ. സജി(സെബാസ്റ്റ്യൻ) യാണ് ഏകമകൻ. മൂത്തമകൾ സാലിയെ മല്ലികശ്ശേരി കീരംചിറയിൽ ജോർജ്ജുകുട്ടി വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ജെസ്സിയെ പൂവരണി പേരയ്ക്കാട്ട്, മറ്റപ്പള്ളിൽ ബൈജുവും, ഇളയമകൾ മിനിയെ എറണാകുളം സൗത്ത് പറവൂർ കല്ലറയ്ക്കൽ സിബിച്ചനും വിവാഹം ചെയ്തു. മിനിയും സിബിച്ചനും ഗൾഫിൽ ജോലി ചെയ്യുന്നു. 1986 ഫെബ്രുവരി 8-ന് കുഞ്ഞൂഞ്ഞ് മരിച്ചു. ചെമ്മലമറ്റം പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. 2012 ഫെബ്രുവരി 24-ന് തെയ്യാമ്മയും മരിച്ചു. തെയ്യാമ്മയെ എറണാകുളം ഇടപ്പള്ളി ദേവാലയ സിമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## IV A-3a മൂഴിയാങ്കൽ കുഞ്ഞൂഞ്ഞ് (കുര്യാക്കോസ്) മകൻ സജി (സെബാസ്റ്റ്യൻ)

കുഞ്ഞൂഞ്ഞിന്റെ നാല് മക്കളിൽ ഏകമകനാണ് സജി. എറണാകുളത്ത് ബിസ്സിനസ്സ് നടത്തുന്നു. ഇടപ്പള്ളിയിലാണ് താമസം. നെടുങ്കണ്ടം, കരിങ്ങാത്ത് ലിജിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ഒറിക് സജി (കുര്യാക്കോസ്), എൻഡ്രിക് സജി.

## IV B മൂഴിയാങ്കൽ ലൂക്കാ മകൻ പൈലോ (പൗലോസ്)

മൂഴിയാങ്കൽ തൊമ്മൻ മകൻ ലൂക്കായുടെ രണ്ട് ആൺമക്കളിൽ ഇളയമകനാണ് പൈലോ എന്നു വിളിക്കുന്ന പൗലോസ്.

അരുവിത്തുറ വെയിൽകാണാംപാറ, ചാലിൽ ഏലിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ മാത്രമാണുണ്ടായിരുന്നത്. മറിയം. മറ്റക്കര പുതുപ്പറമ്പിൽ കൊച്ച് മറിയത്തെ വിവാഹം ചെയ്തു.

### V മൂഴിയാങ്കൽ തൊമ്മൻ മകൻ വർക്കി

തൊമ്മന്റെ നാലാമത്തെ മകനാണ് വർക്കി. വർക്കിക്ക് രണ്ട് ആൺമക്കൾ (a) വർക്കി (b) മത്തായി.

### V A മൂഴിയാങ്കൽ വർക്കി മകൻ വർക്കി

വർക്കിയുടെ മൂത്തമകനാണ് വർക്കി. മറിയമാണ് ഭാര്യ. ഇവർക്ക് എട്ട് ആൺമക്കൾ. വർക്കി, ദേവസ്യാ, മത്തായി, ചാക്കോ, ജോസഫ് (വർക്കി), പൈലോ (പൗലോസ്), മിഖായേൽ, ആന്റണി. വയനാട് വാളാട് ആണ് താമസം.

### V A-1 മൂഴിയാങ്കൽ വർക്കി മകൻ വർക്കി

മൂഴിയാങ്കൽ വർക്കിയുടെ എട്ട് ആൺമക്കളിൽ മൂത്തമകനാണ് വർക്കി. പൂഞ്ഞാർ പുത്തൻ പുരയ്ക്കൽ മറിയത്തെ വിവാഹം ചെയ്തു. വയനാട് വാളാട് ആണ് താമസം. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും ഒരു മകളുമടക്കം നാല് മക്കൾ. ജോസഫ്, തോമസ്, ജോർജ്, എന്നിവരാണ് ആൺമക്കൾ. ഏലിക്കുട്ടി മകളും. ഏലിക്കുട്ടിയെ വാളാട് ആലാറ്റിൽ ഏറത്ത് പാച്ചൻ വിവാഹം ചെയ്തു.

### V A-1a മൂഴിയാങ്കൽ വർക്കി മകൻ ജോസഫ്

വർക്കിയുടെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് ജോസഫ്. വെള്ളാട് കട്ടോംപറമ്പിൽ മേരിയാണ് ഭാര്യ. ഇവർക്ക് മൂന്നു മക്കൾ. രണ്ട് ആൺമക്കളും ഒരു മകളും. ബെന്നി (ജോർജ്), കുഞ്ഞുമോൻ (ജോസ്) എന്നിവരാണ് ആൺമക്കൾ. കുഞ്ഞുമോൾ (സി. മേഴ്സി) മകളും. സിസ്റ്റർ മേഴ്സി കട്ടച്ചിറ മേരി മൗണ്ട് കോൺവെന്റിൽ സേവനം ചെയ്യുന്നു.

### V A-1a1 മൂഴിയാങ്കൽ ജോസഫ് മകൻ ബെന്നി

ജോസഫിന്റെ മൂത്ത മകനാണ് ബെന്നി. വയനാട് മുന്തിയാനിക്കൽ ലിസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് കുട്ടികളില്ല. വാളാട് ആണ് താമസം.

### V A-1a2 മൂഴിയാങ്കൽ ജോസഫ് മകൻ കുഞ്ഞുമോൻ (ജോസ്)

ജോസഫിന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞുമോൻ. വാളാട് ആലാറ്റിൽ, പെരുമ്പാനിക്കൽ സാലിയാണ് ഭാര്യ. ഇവർക്ക് രണ്ടു ആൺമക്കൾ. ജൂബിൻ, സുബിൻ.

### V A-1b മൂഴിയാങ്കൽ വർക്കി മകൻ തോമസ്

മൂഴിയാങ്കൽ വർക്കിയുടെ രണ്ടാമത്തെ മകനാണ് തോമസ്. കോഴിക്കോട് കുറ്റ്യാടി പൂതംപാറ മേരിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോബിൻ, ജോമോൾ.

### V A-1c മൂഴിയാങ്കൽ വർക്കി മകൻ ജോർജ്ജ് (കുഞ്ഞേപ്പ്)

വർക്കിയുടെ ഇളയമകനാണ് ജോർജ്ജ്. നിലമ്പൂർ വാളാട് മേരിയെ വിവാഹം ചെയ്തു. ഇപ്പോൾ വയനാട് കല്ലോടിയിലാണ് താമസം.

### V A-2 മൂഴിയാങ്കൽ വർക്കി മകൻ ദേവസ്യാ

വർക്കിയുടെ രണ്ടാമത്തെ മകനാണ് ദേവസ്യാ. കാസർഗോഡ് രാജപുരം മുണ്ടക്കൽ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. കാസർഗോഡ് പനത്തടിയിലാണ് താമസം. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. നാല് ആൺമക്കളും ഒരു മകളും. ജോയി, വർഗീസ്, ബേബി (ചാക്കോ), സണ്ണി എന്നിവരാണ് ആൺമക്കൾ. മോളി മകളും. മോളിയെ കാസർഗോഡ് മറ്റത്തിൽ ജയിംസ് വിവാഹം ചെയ്തു. വിവാഹിതയായ മോളി താമസിയാതെ മരിച്ചു.

### V A-2a മൂഴിയാങ്കൽ ദേവസ്യാ മകൻ ജോയി (ജോസഫ്)

ദേവസ്യായുടെ മൂത്ത മകനാണ് ജോയി. രാജഗിരി വഴുതക്കാട് തെയ്യാമ്മയെ വിവാഹം ചെയ്തു. ഇപ്പോൾ കണ്ണൂർ ജില്ലയിലെ ചെറുപുഴയ്ക്കടുത്ത് കക്കറിയിലാണ് താമസം. ഇവർക്ക് രണ്ട് മക്കൾ. ഒരു മകനും, ഒരു മകളും. ജോൺസി, ജോബിഷ്.

### V A-2b മൂഴിയാങ്കൽ ദേവസ്യാ മകൻ വർഗ്ഗീസ്

ദേവസ്യായുടെ രണ്ടാമത്തെ മകനാണ് വർഗ്ഗീസ്. കൊച്ചുപറമ്പിൽ ഫിലോമിനയാണ് ഭാര്യ. പനത്തടിയിലാണ് താമസം. ഇവർക്ക് രണ്ടു മക്കൾ. ഒരു മകനും, ഒരു മകളും. നിഷാന്ത് (ദേവസി) എന്ന

മകനും, നിഷ എന്ന മകളും. നിഷയെ കാസർഗോഡ് പെരിയ, ദിലീപ് വിവാഹം ചെയ്തു. നിഷ അധ്യാപികയാണ്.

## V A-2b-1 മൂഴിയാങ്കൽ വർഗ്ഗീസ് മകൻ നിഷാന്ത് (ദേവസി)

വർഗ്ഗീസിന്റെ ഏകമകനാണ് നിഷാന്ത്.

## V A-2c മൂഴിയാങ്കൽ ദേവസ്യാ മകൻ ബേബി (ചാക്കോ)

ദേവസ്യായുടെ മൂന്നാമത്തെ മകനാണ് ബേബി (ചാക്കോ). പടപ്പയങ്ങാട്, ചെമ്പകശ്ശേരി ലൂസി (ഏലിയാമ്മ)യാണ് ഭാര്യ. പനത്ത ടിയിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരു മകനും ഒരു മകളും. സ്നേഹ (ഏലിയാമ്മ), സുബിൻ (തോമസ്). ബേബി 2015-ൽ മരിച്ചു. പനത്തടി ദേവാലയസെമിത്തേരിയിൽ സംസ്കരിച്ചു.

## V A-2d മൂഴിയാങ്കൽ ദേവസ്യാ മകൻ സണ്ണി

ദേവസ്യായുടെ ഇളയമകനാണ് സണ്ണി. കാസർഗോഡ് ചുള്ളി തെക്കിനേത്ത് മേരിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. സജി, പൗലോസ്. 2014-ൽ സണ്ണി മരിച്ചു. പന ത്തടി ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## V A-3a മൂഴിയാങ്കൽ വർക്കി മകൻ മത്തായി

വർക്കിയുടെ മൂന്നാമത്തെ മകനാണ് മത്തായി. കുഴിപ്പാലയിൽ ത്രേസ്യയാണ് ഭാര്യ. ഇപ്പോൾ മാനന്തവാടിക്കടുത്ത വാളാട് ആണ് താമസം. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. ഒരു മകനും നാല് പെൺമക്കളും. ജോസ് (സെബാസ്റ്റ്യൻ) ആണ് ഏകമകൻ. അച്ചാമ്മ (മറിയം), അന്നക്കുട്ടി, ഏലമ്മ (ഏലിയാമ്മ), ഡോളി (ത്രേസ്യാമ്മ) എന്നിവരാണ് പെൺമക്കൾ. ഡോളി വത്തിക്കാനിൽ സിസ്റ്റർ ഡോളി എന്നപേരിൽ സന്യസ്തജീവിതം നയിക്കുന്നു.

## V A-3a1 മൂഴിയാങ്കൽ മത്തായി മകൻ ജോസ് (സെബാസ്റ്റ്യൻ)

മത്തായിയുടെ ഏകമകനാണ് ജോസ്. മൈക്കാട്ടുംകര റെറ്റി (മേരി)യാണ് ഭാര്യ. വാളാടാണ് താമസം. ഇവർക്ക് രണ്ടു മക്കൾ. അനൂപ് (മത്തായി) എന്ന മകനും, നീതു (ത്രേസ്യാ) എന്ന മകളും.

## V A-4 മൂഴിയാങ്കൽ വർക്കി മകൻ ചാക്കോ

മൂഴിയാങ്കൽ വർക്കിയുടെ നാലാമത്തെ മകനാണ് ചാക്കോ. ഇടമറുക് കറുകപ്പള്ളി ജോർജ്ജിന്റെ മകൾ ബ്രിജിത്ത് ആണ് ഭാര്യ.

വെള്ളാട് ആണ് താമസം. ഈ ദമ്പതികൾക്ക് ആറ് മക്കൾ. മൂന്ന് ആൺമക്കളും മൂന്നു പെൺമക്കളും. കുട്ടിയമ്മ (മേരി), ലീലാമ്മ (ത്രേസ്യാമ്മ), ഫിലോമിന (റോസമ്മ) എന്നിവരാണ് പെൺമക്കൾ. കുഞ്ഞുമോൻ (വർക്കി), തങ്കച്ചൻ (തോമസ്), ജോയി (സെബാസ്റ്റ്യൻ) എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ കുട്ടിയമ്മ (മേരി)യെ കണ്ണൂർ പടപ്പങ്ങാട് മുല്ലക്കര പാപ്പച്ചൻ (ജോസഫ്)-നും രണ്ടാമത്തെ മകൾ ലീലാമ്മ(ത്രേസ്യാമ്മ)യെ കണ്ണൂർ നെല്ലിപ്പാറ പള്ളിപ്പുറത്ത് കുഞ്ഞ് (ജോസഫ്) ഉം വിവാഹം ചെയ്തു. ഇളയമകൾ ഫിലോമിന(റോസമ്മ) മൂവാറ്റുപുഴ കല്ലൂർക്കാട്, നേത്രഗാന്ധി സിദ്ധവൈദ്യ ആശ്രമത്തിൽ സന്യസ്ത സേവനം ചെയ്യുന്നു. ചാക്കോ 31-08 -2007ലും ഭാര്യ ബ്രിജിത്ത് 27-10-1985ലും മരിച്ചു. ഇരുവരെയും വെള്ളാട് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## V A-4-a മൂഴിയാങ്കൽ ചാക്കോ മകൻ കുഞ്ഞുമോൻ (വർക്കി)

ചാക്കോയുടെ മൂത്തമകനാണ് കുഞ്ഞുമോൻ. മണക്കടവ് കുര്യാലപ്പുഴ ആഗസ്തി-മേരി മകൾ ഡെയ്സിയെ വിവാഹം ചെയ്തു. വെള്ളാടാണ് താമസം. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആണും ഒരു പെണ്ണും. സെബിൻ (ചാക്കോ), സെറിൻ (അഗസ്റ്റിൻ) എന്നിവരാണ് ആൺമക്കൾ. സെൻസി മകളും. സെൻസിയെ ആലക്കോട് ഒറ്റത്തൈ കാഞ്ഞിരക്കാട്ടുകുന്നേൽ വർഗ്ഗീസ്-അന്നമ്മ മകൻ വിൻസ്മോൻ വിവാഹം ചെയ്തു. മൂത്തമകൻ സെബിൻ സൗദിയിൽ ജോലി ചെയ്യുന്നു. സെറിൻ വിദ്യാർത്ഥിയാണ്.

## V A-4-b മൂഴിയാങ്കൽ ചാക്കോ മകൻ ജോയി (സെബാസ്റ്റ്യൻ)

ചാക്കോയുടെ ഇളയമകനാണ് ജോയി. പടപ്പങ്ങാട് വാളിയാങ്കൽ സോഫിയ (മേരി)യാണ് ഭാര്യ. വെള്ളാട് ആണ് താമസം. ഈ ദമ്പതികൾക്ക് ഒരു മകൾ, സോജ (മരിയ).

## V A-5 മൂഴിയാങ്കൽ വർക്കി മകൻ ജോസഫ്

വർക്കിയുടെ അഞ്ചാമത്തെ മകനാണ് ജോസഫ്. ഇടുക്കി വാഴവര, പന്തപ്ലാക്കൽ ഏലിയാണ് ഭാര്യ. ഇടുക്കി എഴുകും വയലിലാണ് താമസം. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. നാല് ആൺമക്കളും ഒരു മകളും. കുട്ടിച്ചൻ (ചെറിയാൻ), ജോസ് (ജോസഫ്), തങ്കച്ചൻ (വർക്കി), കുഞ്ഞ് (തോമസ്) എന്നിവരാണ് ആൺമക്കൾ.

മേരിക്കുട്ടി (മറിയം)യാണ് ഏകമകൾ. കിച്ചൻപറമ്പിൽ ജോയി മേരിക്കുട്ടിയെ വിവാഹം ചെയ്തു. 2011-ൽ മേരിക്കുട്ടി മരിച്ചു.

## V A-5a മൂഴിയാങ്കൽ ജോസഫ് മകൻ കുട്ടിച്ചൻ (ചെറിയാൻ)

ജോസഫിന്റെ മൂത്തമകനാണ് കുട്ടിച്ചൻ. പെരുവന്താനം കീരൻചിറയിൽ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇടുക്കി തൂവൽ, പച്ചടിയലാണ് താമസം. ഇവർക്ക് രണ്ട് ആൺമക്കൾ. അനിൽ, അനീഷ്. കുട്ടിച്ചൻ 2016-ൽ മരിച്ചു. പച്ചടി ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## V A-5b മൂഴിയാങ്കൽ ജോസഫ് മകൻ ജോസ് (ജോസഫ്)

ജോസഫിന്റെ രണ്ടാമത്തെ മകനാണ് ജോസ് (ജോസഫ്). ഇടുക്കി നെടുംകണ്ടം, ചെല്ലൻതറ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇടുക്കി, എഴുകുംവയലിലാണ് താമസം. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. ജോജോ (ജോസഫ്), ജോബി (മത്തായി), ജിന്റോ (വർക്കി). മൂഴിയാങ്കൽ ജോസിന്റെ മൂത്തമകൻ ജോജോ കല്ലാർ പത്തിച്ചിറയിൽ അപ്പച്ചൻ-തെയ്യാമ്മ മകൾ ജോസ്നിയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്നു മക്കൾ. രണ്ടു പെണ്ണും. ഒരാണും.

## V A-5c മൂഴിയാങ്കൽ ജോസഫ് മകൻ തങ്കച്ചൻ (വർക്കി)

ജോസഫിന്റെ മൂന്നാമത്തെ മകനാണ് തങ്കച്ചൻ. ഇടുക്കി, കട്ടപ്പന മരങ്ങാട് സെലിൻ ആണ് ഭാര്യ. എഴുകുംവയലിനടുത്ത് അഞ്ചുമുക്കിലാണ് താമസം. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് ആണും ഒരു പെണ്ണും. അഖില (ഏലി)യാണ് മകൾ. അരുൺ (ജോസഫ്), അമൽ (വർക്കി) എന്നിവർ ആൺമക്കളും. സെലിൻ 2016 മെയ് 18-ന് മരിച്ചു.

## V A-5d മൂഴിയാങ്കൽ ജോസഫ് മകൻ കുഞ്ഞ് (തോമസ്)

ജോസഫിന്റെ ഇളയമകനാണ് കുഞ്ഞ്. ഇടുക്കി, തങ്കമണി പന്തലാടിക്കൽ മേരിക്കുട്ടിയാണ് ഭാര്യ. എഴുകുംവയലിലാണ് താമസം. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഒരു മകനും, രണ്ട് പെൺമക്കളും. ജൂലി (ഏലിക്കുട്ടി), ജൂണ (മറിയം) എന്നിവരാണ് പെൺമക്കൾ. ജസ്റ്റിൻ (ജോസഫ്) ആണ് മകൻ.

## V A-6 മൂഴിയാങ്കൽ വർക്കി മകൻ പൈലോ (പൗലോസ്)

വർക്കിയുടെ ആറാമത്തെ മകനാണ് പൈലോ. വാളാട് നെല്ലി ക്കുന്നേൽ ത്രേസ്യായെ വിവാഹം ചെയ്തു. വാളാടാണ് താമസം. ഇവർക്ക് ആറ് മക്കൾ. ഒരു മകനും അഞ്ച് പെൺമക്കളും. മേരി, കുട്ടിയമ്മ (ത്രേസ്യാമ്മ), ആലീസ് (ഏലി), ജെസ്സി (ബ്രിജിത്ത്), ആൻസി (അന്ന) എന്നിവരാണ് പെൺമക്കൾ. പാച്ചൻ (ജോർജ്ജ്) ആണ് മകൻ. മൂത്തമകൾ മേരിയെ വാളാട്, കരിമ്പിൽ കാഞ്ഞിര ത്തുങ്കൽ പാപ്പു(മാത്യു)വും, രണ്ടാമത്തെ മകൾ കുട്ടിയമ്മയെ വാളാട്, അമ്പഴത്തിനാൽ പാപ്പച്ചൻ (ജോസഫ്)ഉം, മൂന്നാമത്തെ മകൾ ആലീ സിനെ കണ്ണൂർ കൊളക്കാട്, മുണ്ടയ്ക്കൽ ജോസും, നാലാമത്തെ മകൾ ജെസ്സിയെ ആലാറ്റിൽ, ചക്കാലപ്പറമ്പിൽ സേവ്യറും വിവാഹം ചെയ്തു. ഇളയമകൾ ആൻസിയും മകൻ അഖിലും വാളാട് താമ സിക്കുന്നു. പൈലോ 22-07-2009-ൽ മരിച്ചു. വാളാട് ദേവാലയ സെമി ത്തേരിയിൽ സംസ്കരിച്ചു.

## V A-6a മൂഴിയാങ്കൽ പൈലോ മകൻ പാപ്പച്ചൻ (ജോർജ്)

പൈലോയുടെ ആറു മക്കളിൽ ഏകമകനാണ് പാപ്പച്ചൻ. കല്ലോടി, പീച്ചാംകോട് കൊച്ചുകുടിയിൽ അന്നമ്മയെ വിവാഹം ചെയ്തു. വാളാട് താമസിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഒരാണും രണ്ട് പെണ്ണും. ബിബിൻ (പോൾ) ആണ് ഏകമകൻ. മഞ്ജു (ത്രേസ്യാ), അഞ്ജു (എലിസബത്ത്) എന്നിവരാണ് പെൺമക്കൾ. ബിബിൻ ചെന്നൈയിൽ ആയുർവേദ നഴ്സായി ജോലിചെയ്യുന്നു. മഞ്ജു വിവാഹിതയാണ്.

## V A-7 മൂഴിയാങ്കൽ വർക്കി മകൻ മിഖായേൽ

വർക്കിയുടെ ഏഴാമത്തെ മകനാണ് മിഖായേൽ. മക്കിയാട് പന്തിരിക്കൽ മേരിയെ വിവാഹം ചെയ്തു. വാളാട് ആണ് താമ സം. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ. ഷാജി, ഷൈൻ.

## V A-7a മൂഴിയാങ്കൽ മിഖായേൽ മകൻ ഷാജി

മിഖായേലിന്റെ മൂത്തമകനാണ് ഷാജി. മാനന്തവാടി പനമരം ബീനയാണ് ഭാര്യ. വാളാട് താമസിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. എബിൻ, ആൽബിൻ എന്നീ ആൺമക്കളും ആറ്റ്മ എന്ന മകളും.

## V A-7b മൂഴിയാങ്കൽ മിഖായേൽ മകൻ ഷൈൻ

മിഖായേലിന്റെ ഇളയ മകനാണ് ഷൈൻ. മാനന്തവാടി മക്കിയാട്, വിളങ്ങര ഷൈനിയെ വിവാഹം ചെയ്തു. വാളാട് താമസിക്കുന്നു. ഈ ദമ്പതികൾക്ക് ഒരു മകൻ. അലൻ.

## V A-8 മൂഴിയാങ്കൽ വർക്കി മകൻ ആന്റണി

വർക്കിയുടെ എട്ടു മക്കളിൽ ഇളയമകനാണ് ആന്റണി. വാളാട് വള്ളിക്കാട്ടിൽ മേരിയെ വിവാഹം ചെയ്തു. വാളാട് ആണ് താമസം. ഈ ദമ്പതികൾക്ക് കുട്ടികൾ ഇല്ല. 2013-ൽ ആന്റണി മരിച്ചു.

## V B മൂഴിയാങ്കൽ വർക്കി മകൻ മത്തായി

മൂഴിയാങ്കൽ തൊമ്മൻ മകൻ വർക്കിയുടെ രണ്ട് ആൺമക്കളിൽ ഇളയമകനാണ് മത്തായി. ഇടമറുക് വലിയമംഗലത്ത് റോസയെ വിവാഹം ചെയ്തു. കാസർഗോഡ് പാണത്തൂരാണ് താമസം. ഈ ദമ്പതികൾക്ക് ഒമ്പത് മക്കൾ. മൂന്ന് ആൺമക്കളും ആറ് പെൺമക്കളും. വർക്കി (കൊച്ച്), അന്തോനി, ഔസേപ്പച്ചൻ എന്നിവരാണ് ആൺമക്കൾ. അന്ന, മാമ്മി, ത്രേസ്യാമ്മ, കുഞ്ഞേലി, കുഞ്ഞുറോത, കുഞ്ഞുപെണ്ണ് എന്നിവരാണ് പെൺമക്കൾ. അന്ന, മാമ്മി എന്നീ പെൺമക്കളും, ആൺമക്കളായ അന്തോനിയും, ഔസേപ്പച്ചനും ചെറുപ്പത്തിലേ മരിച്ചു. ത്രേസ്യാമ്മയെ മേലുകാവ് പൂവേലിൽ ദേവസ്യാ വിവാഹം ചെയ്തു. ഇവർ ചെമ്പേരിയിൽ താമസിക്കുന്നു. കുഞ്ഞേലിയെ ഇടമറുക്, ഈറ്റക്കുന്നേൽ അവിരാ വിവാഹം ചെയ്തു. കുഞ്ഞുറോതയെ പൂഞ്ഞാർ ഇലവുങ്കൽ കുഞ്ഞൗസേപ്പ് (കുഞ്ഞേപ്പ്) വിവാഹം ചെയ്തു. ചിത്തരപുരത്താണ് താമസം. ഇളയമകളായ കുഞ്ഞുപെണ്ണിനെ തീക്കോയി മുതുകാട്ടിൽ കുഞ്ഞാപ്പൻ വിവാഹം ചെയ്തു. ഇപ്പോൾ തൃശൂരാണ് താമസം.

## V B-1 മൂഴിയാങ്കൽ മത്തായി മകൻ കൊച്ച് (വർക്കി)

മത്തായിയുടെ മൂത്തമകനാണ് കൊച്ച്. ചെമ്മലമറ്റം കുന്നത്തുപൊതിയിൽ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടാൺമക്കളും ആറ് പെൺമക്കളും. റോസമ്മ, മറിയം (കുഞ്ഞാമി), ഏലിക്കുട്ടി (കുഞ്ഞേലി), ചിന്നമ്മ, തെയ്യാമ്മ, കുട്ടിയമ്മ (ബ്രിജിത്ത്) എന്നിവരാണ് പെൺമക്കൾ. കുഞ്ഞേപ്പ് (ജോസഫ്), വക്കച്ചൻ (ജോർജ്ജ്) എന്നിവരാണ് ആൺമക്കൾ.

മൂത്തമകൾ റോസയെ പന്നിമറ്റം ഇടയാൽ വർക്കി വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മറിയം (കുഞ്ഞാമി)ത്തെ കാഞ്ഞിര പ്പള്ളി പുതുപ്പറമ്പിൽ ജോസഫ് വിവാഹം ചെയ്തു. ഇപ്പോൾ പാണ ത്തൂരാണ് താമസം. മൂന്നാമത്തെ മകൾ ഏലിക്കുട്ടി(കുഞ്ഞേലി)യെ ഇടമറുക് കരിങ്കുറ്റിക്കുളം ചാക്കോ വിവാഹം ചെയ്തു. നാലാമത്തെ മകൾ ചിന്നമ്മയെ ചെമ്മലമറ്റം വിളയാനിക്കൽ തൊമ്മച്ചനും, അഞ്ചാമത്തെ മകൾ തെയ്യാമ്മയെ ചിറ്റാരിക്കാൽ പൊടിമറ്റത്തിൽ ജോസും, ആറാമത്തെ മകൾ കുട്ടിയമ്മ(ബ്രിജിത്ത്)യെ പാണത്തൂർ കൊട്ടോടി, പെരുമ്പടപ്പിൽ ജോസും വിവാഹം ചെയ്തു. കൊച്ച് (വർക്കി)ഉം കുടുംബവും പാണത്തൂരാണ് താമസം. കൊച്ചിന്റെ ഭാര്യ അന്നമ്മ 04-05-2012-ലും കൊച്ച് 04-08-1985-ലും മരിച്ചു. ഇരുവരേയും പാണത്തൂർ ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കു ന്നത്.

## V A-1a മൂഴിയാങ്കൽ കൊച്ച് (വർക്കി) മകൻ കുഞ്ഞേപ്പ് (ജോസഫ്)

കൊച്ചിന്റെ മൂത്തമകനാണ് കുഞ്ഞേപ്പ്. പാണത്തൂർ കുമ്പകപ്പ ള്ളിൽ റീത്താമ്മയെ വിവാഹം ചെയ്തു. പാണത്തൂരാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. മിനി (അന്നമ്മ), ഷൈനി (ത്രേസ്യാമ്മ). മിനിയെ പാണത്തൂർ മൂലയിൽ സജി (വർഗീസ്) വിവാഹം ചെയ്തു. ഷൈനി (ത്രേസ്യാ) സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു. കോഴിക്കോട് കുളമ്പുകാട്ട് പത്രോസ് - ലില്ലി മകൻ തോമസാണ് ഭർത്താവ്.

## V A-1b മൂഴിയാങ്കൽ കൊച്ച് (വർക്കി) മകൻ വക്കച്ചൻ (ജോർജ്ജ്)

കൊച്ചിന്റെ ഇളയമകനാണ് വക്കച്ചൻ. കാസർഗോഡ് എളേരി ത്തട്ട്, ഇല്ലിക്കമുറിയിൽ മേഴ്സിയെ വിവാഹം ചെയ്തു. പാണത്തൂ രാണ് താമസം. ഈ ദമ്പതികൾക്ക് ഒരു മകൾ. അഞ്ജു (അന്നമ്മ). വെള്ളരിക്കുണ്ട് അറയ്ക്കപ്പറമ്പിൽ ജിജോ (മാത്യു) അഞ്ജുവിനെ വിവാഹം ചെയ്തു.

## മത്തായി മൂഴിയാങ്കൽ - പൂഞ്ഞാർ പെരുനിലം

മൂഴിയാങ്കൽ മത്തായിക്ക് രണ്ട് ആൺമക്കളും നാല് പെൺമക്കളും I. മത്തായി, II. തൊമ്മൻ എന്നിവരാണ് ആൺമക്കൾ. കൊച്ചേലി, മറിയം എന്നിവരെക്കൂടാതെ മറ്റ് രണ്ട് പെൺമക്കളുടെ പേരുകൾ ലഭ്യമല്ല. മൂത്തമകൾ കൊച്ചേലിയെ പ്രവിത്താനം വല്ലനാട്ട് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മറിയത്തെ അരുവിത്തുറ കുഴിവേലിപ്പറമ്പിൽ മത്തൻ വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ ചെറുപ്പത്തിലേ മരിച്ചു. ഇളയമകളെ വലക്കമറ്റത്താണ് വിവാഹം ചെയ്തത്.

### I മൂഴിയാങ്കൽ മത്തായി മകൻ മത്തായി (കുഞ്ഞുവാപ്പൻ)

മത്തായിയുടെ മൂത്തമകനാണ് കുഞ്ഞുവാപ്പൻ. കണിപ്പറമ്പിൽ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ മത്തായിക്ക് ഒരു മകൻ കൊച്ച് എന്ന് വിളിക്കുന്ന എം.എം. ജോസഫ്. കൊച്ചിന്റെ ജനനശേഷം 06-06-1912-ൽ മത്തായിയുടെ ഭാര്യ അന്നമ്മ മരിച്ചു. തുടർന്ന് മത്തായി പ്രവിത്താനം പുളിക്കൽ ഏലിയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ ഒരു മകൾ ജനിച്ചു. റോസമ്മ. റോസമ്മയെ കളപ്പുരയ്ക്കൽപറമ്പിൽ ജോസഫ് വിവാഹം ചെയ്തു. ഇവർ മൺകൂവയിൽ താമസിക്കുന്നു. മത്തായിയുടെ രണ്ടാമത്തെ ഭാര്യ ഏലി 04-09-1981-ൽ നിര്യാതയായി. മൺകൂവ സെന്റ് തോമസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. 30-06-1977-ൽ മത്തായി മരിച്ചു. പൂഞ്ഞാർ ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

### I-A മൂഴിയാങ്കൽ മത്തായി മകൻ എം.എം. ജോസഫ് (കൊച്ച്)

മത്തായി (കുഞ്ഞുവാപ്പൻ)യുടെ ഏക മകനാണ് ജോസഫ്. അരുവിത്തുറ പടന്നമാക്കൽ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു പെൺമക്കൾ. ചിന്നമ്മ, മേരിയമ്മ. ചിന്നമ്മയെ പായിക്കാട്ട് മാധവൻ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മേരിയമ്മയെ നടയ്ക്കൽ എൻ.എസ്. സിറിയക് വിവാഹം കഴിച്ച് ജോസഫിനോടൊപ്പം തറവാട്ടിൽ താമസിക്കുന്നു. ഇവർക്ക് രണ്ട് മക്കൾ. രാഹുൽ, ചിത്തിര. കോടിക്കുളം, മറ്റക്കര ജോസഫ്-ഗീതാ മകൻ ജിമ്മിയാണ് ചിത്തിരയുടെ ഭർത്താവ്. ഇരുവരും ഹൈദരാബാദിൽ ജോലി ചെയ്യുന്നു. 29-01-2001-ൽ ജോസഫിന്റെ ഭാര്യ അന്നമ്മ മരിച്ചു. 01-02-2006-ൽ ജോസഫും മരിച്ചു. ഇരുവരേയും പൂഞ്ഞാർ ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## I A-1 മൂഴിയാങ്കൽ സിറിയക് മകൻ രാഹുൽ

ജോസഫിന്റെ ഏകമനാണ് രാഹുൽ. പുൽപ്പള്ളി മുള്ളംകൊല്ലി, തയ്യിൽ ജോസഫ്-റോസമ്മ മകൾ പ്രസീദയാണ് ഭാര്യ.

## II മൂഴിയാങ്കൽ മത്തായി മകൻ തൊമ്മൻ

മത്തായിയുടെ രണ്ട് ആൺമക്കളിൽ ഇളയമകനാണ് തൊമ്മൻ. ഉപ്പുതറ വാലുമ്മേൽ ഏലിയെ വിവാഹംചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളും. കുഞ്ഞ് (മത്തായി), ചാക്കോ എന്നിവരാണ് ആൺമക്കൾ. റോസമ്മ, അന്നമ്മ, മേരി എന്നിവർ പെൺമക്കളും. റോസമ്മയെ മുള്ളൻകുഴിയിൽ കൊച്ചുവാപ്പൻ എന്ന് വിളിക്കുന്ന തോമസ് വിവാഹം ചെയ്തു. നെയ്യാറ്റിൻകര അമ്പൂരി മായത്ത് താമസിച്ചിരുന്ന ഇവർ ഇപ്പോൾ പൂയംകുട്ടിയിലാണ് താമസം. രണ്ടാമത്തെ മകൾ അന്നമ്മ മഞ്ഞപ്രപാതോലിൽ അന്തോണി വിവാഹംചെയ്തു. മൂന്നാമത്തെ മകൾ മേരിയെ തങ്കമണി പുത്തൻപുരയ്ക്കൽ തോമസ് വിവാഹം ചെയ്തു.

## II-A മൂഴിയാങ്കൽ തൊമ്മൻ മകൻ കുഞ്ഞ് (മത്തായി)

തൊമ്മന്റെ മൂത്തമകനാണ് കുഞ്ഞ്. നെയ്യാറ്റിൻകര വെട്ടിക്കാവുങ്കൽ കുടുംബാംഗമായ മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ കുഞ്ഞിന് മൂന്നു മക്കൾ. അപ്പച്ചൻ (ജെറാൾഡ്) എന്ന മകനും, മോളി, ത്രേസ്യാമ്മ എന്നീ പെൺമക്കളും. ത്രേസ്യാ ജനിച്ച് കുറച്ചുനാളുകൾക്കു ശേഷം മറിയാമ്മ മരിച്ചു. തുടർന്ന് കുഞ്ഞ് കാഞ്ഞിരപ്പള്ളി കൊച്ചുകിഴക്കേതിൽ കുടുംബാംഗമായ അന്നമ്മയെ വവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ കുഞ്ഞിന് മൂന്നു മക്കൾ. ഒരു മകളും രണ്ട് ആൺമക്കളും. തോമസ് (തൊമ്മച്ചൻ), റിച്ചാർഡ് എന്നിവരാണ് ആൺമക്കൾ. ത്രേസ്യാമ്മ മകളും.

കുഞ്ഞിന് ആദ്യഭാര്യ മറിയാമ്മയിൽ ജനിച്ച രണ്ട് പെൺമക്കളിൽ മൂത്തമകളായ മോളി അവിവാഹിതയാണ്. രണ്ടാമത്തെ മകൾ ത്രേസ്യാമ്മയെ കോഴിമലക്കുന്നേൽ ഔസേപ്പച്ചൻ വിവാഹം ചെയ്തു. കുഞ്ഞിന്റെ രണ്ടാം ഭാര്യ അന്നമ്മയിൽ ജനിച്ച ത്രേസ്യാമ്മയെ വെൺമണി പൊരിമറ്റത്തിൽ സജി വിവാഹം ചെയ്തു.

## IIA-1 മൂഴിയാങ്കൽ കുഞ്ഞ് (മത്തായി) മകൻ ജെറാൾഡ് (അപ്പച്ചൻ)

കുഞ്ഞിന് ആദ്യഭാര്യ മറിയാമ്മയിൽ ജനിച്ച മകനാണ്

ജെറാൾഡ്. ഭാര്യ മോളി (അൽഫോൻസാ). ഇവർക്ക് രണ്ട് മക്കൾ. ജെറിൻ, ജെർബിൻ.

## IIA-2 മൂഴിയാങ്കൽ കുഞ്ഞ് (മത്തായി) മകൻ തോമസ് (തൊമ്മച്ചൻ)

കുഞ്ഞിന് രണ്ടാം ഭാര്യ അന്നമ്മയിൽ ജനിച്ച രണ്ട് ആൺമക്കളിൽ മൂത്തമകനാണ് തോമസ്. ഉദയഗിരി പുതിയിടത്ത് കുടുംബാംഗമായ ലിസി (റോസമ്മ)യാണ് ഭാര്യ. ഒരു മകൻ, ക്രിസ്റ്റി.

## IIA-3 മൂഴിയാങ്കൽ കുഞ്ഞ് (മത്തായി) മകൻ റിച്ചാർഡ്

കുഞ്ഞിന്റെ ഇളയമകനാണ് റിച്ചാർഡ്. ആയുർവേദ തെറാപ്പിസ്റ്റാണ്. അവിവാഹിതനാണ്.

## II-B മൂഴിയാങ്കൽ കുഞ്ഞ് (മത്തായി) മകൻ ചാക്കോ (തോമസ്)

കുഞ്ഞിന്റെ രണ്ട് ആൺമക്കളിൽ ഇളയമകനാണ് ചാക്കോ. ഇടുക്കി കഞ്ഞിക്കുഴിയിലാണ് താമസം. കൊല്ലംപറമ്പിൽ കുഞ്ഞാപ്പൻ - ഏലി ദമ്പതികളുടെ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. മൂന്ന് ആൺ മക്കളും രണ്ട് പെൺമക്കളും. ബെന്നച്ചൻ, വിൻസെന്റ്, ബിനോയി എന്നിവരാണ് ആൺമക്കൾ. ഷേർളി, ജോളി എന്നിവർ പെൺമക്കളും. 11-03-1999-ൽ ചാക്കോ മരിച്ചു.

## IIB-1 മൂഴിയാങ്കൽ ചാക്കോ മകൻ ബെന്നച്ചൻ (തോമസ്)

ചാക്കോയുടെ മൂത്തമകനാണ് ബെന്നച്ചൻ. കൊച്ചറ കല്ലടയിൽ ആനിയമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് പെൺമക്കൾ.

## IIB-2 മൂഴിയാങ്കൽ ചാക്കോ മകൻ വിൻസെന്റ്

ചാക്കോയുടെ രണ്ടാമത്തെ മകനാണ് വിൻസെന്റ്. നീണ്ടപാറ തുരുത്തിയിൽ മത്തായിയുടെ മകൾ റെയ്സിയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് മക്കൾ. രണ്ട് ആൺമക്കളും ഒരു മകളും.

## IIB-3 മൂഴിയാങ്കൽ ചാക്കോ മകൻ ബിനോയ് ചാക്കോ

ചാക്കോയുടെ മൂന്ന് ആൺമക്കളിൽ ഇളയമകനാണ് ബിനോയ്. കോട്ടയം കൈതയിൽ വർഗ്ഗീസ് - അന്നമ്മ ദമ്പതികളുടെ മകൾ സുജയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ഗോഡ്സൺ, ഗ്ലാഡ്സൺ. ഇരുവരും ഡിഗ്രി വിദ്യാർത്ഥികളാണ്.

# 2

# കല്ലുവരപ്പറമ്പിൽ

മൂഴിയാങ്കൽ മത്തായിയുടെ മകനായ മത്തായിയുടെ രണ്ടാമത്തെ മകനാണ് കുര്യൻ. കുര്യന്റെ ഏകമകനായ മത്തായിയുടെ സന്താനപരമ്പരയാണ് കല്ലുവരപ്പറമ്പിൽ ശാഖ. മത്തായി പൂഞ്ഞാർ കിടങ്ങത്താഴെ റോസയെ വിവാഹം ചെയ്തു. മത്തായിയും കുടുംബവും അരുവിത്തുറ വെയിൽകാണാം പാറയിൽ താമസമാക്കി. ഈ പുരയിടം കല്ലുവരപ്പറമ്പിൽ എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. കല്ലുവരപ്പറമ്പിൽ താമസമാക്കിയ മത്തായിയുടെ കുടുംബം കല്ലുവരപ്പറമ്പിൽ എന്ന പേരിലറിയപ്പെട്ടു. അരുവിത്തുറയിലും പൂഞ്ഞാറിന്റെ വിവിധ സ്ഥലങ്ങളിലുമായി മാറിത്താമസിച്ചിരുന്ന ഈ ശാഖയിലെ അനേകം കുടുംബങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ മലബാറിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറി. മത്തായി റോസ ദമ്പതികളുടെ ഏകമകനാണ് കുര്യൻ.

## I മൂഴിയാങ്കൽ കല്ലുവരപ്പറമ്പിൽ കുര്യൻ

മത്തായി-റോസ ദമ്പതികളുടെ ഏകമകനാണ് കുര്യൻ. അരുവിത്തുറ വെട്ടുകാട്ടിൽ മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. **A.** കുഞ്ഞൂഞ്ഞ് (മത്തായി), **B.** ഔസേപ്പ്, **C.** വർക്കി.

## IA കല്ലുവരപ്പറമ്പിൽ കുര്യൻ മകൻ കുഞ്ഞൂഞ്ഞ് (മത്തായി)

കുര്യന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് കുഞ്ഞൂഞ്ഞ് എന്നു വിളിക്കുന്ന മത്തായി. പ്ലാശനാൽ തുലാമറ്റത്തിൽ അന്നയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളും അഞ്ച് പെൺമക്കളുമടക്കം ഏഴ് മക്കൾ. കുര്യൻ, ജോസഫ് എന്നിവരാണ് ആൺമക്കൾ. മറിയാമ്മ, ത്രേസ്യാ, അന്നക്കുട്ടി, സി. ബോണീഫെയ്സ്, സി. ജസ്റ്റിൻ എന്നിവരാണ് പെൺമക്കൾ. മൂത്തമകളായ മറിയാമ്മയെ മുക്കൂട്ടുതറ പാപ്ലാനിയിൽ കുഞ്ഞ് വിവാഹം ചെയ്തു. ത്രേസ്യായെ കരിങ്കുന്നം കട്ടക്കൽ ദേവസ്യായും, അന്നക്കുട്ടിയെ

തീക്കോയി മുകാലയിൽ കുഞ്ഞും വിവാഹം ചെയ്തു. സി. ബോണി ഫെയ്സ് JMJ സന്യസ്തസഭയിൽ ചേർന്ന് ആന്ധ്രാപ്രദേശിലെ ഗുണ്ടൂരിൽ സേവനം ചെയ്യുന്നു. സി. ജസ്റ്റിൻ ഗോവ JMJ കോൺ വെന്റിൽ സന്യസ്തജീവിതം നയിക്കുന്നു.

## IA-1 കല്ലുവരപ്പറമ്പിൽ കുഞ്ഞൂഞ്ഞ് (മത്തായി)മകൻ കുര്യൻ

കുഞ്ഞൂഞ്ഞിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് കുര്യൻ. പ്ലാശനാൽ കോട്ടയ്ക്കപ്പുറം മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ആറ് മക്കൾ. മൂന്ന് ആൺമക്കളും, മൂന്ന് പെൺമക്ക ളും. മാത്യു (അപ്പച്ചൻ), അബ്രാഹം (വക്കച്ചൻ), കുര്യൻ (തങ്കച്ചൻ) എന്നിവരാണ് ആൺമക്കൾ. ആലീസ്കുട്ടി, സലോമി, കൊച്ചുറാണി എന്നിവരാണ് പെൺമക്കൾ. മൂത്തമകളായ ആലീസ്കുട്ടിയെ ഏറ്റു മാനൂർ വേങ്ങത്തടത്തിൽ തോമ്മാച്ചൻ വിവാഹം ചെയ്തു. അമേ രിക്കയിൽ സ്റ്റാഫ് നേഴ്സായ ആലീസ്കുട്ടിയും കുടുംബവും അമേ രിക്കയിലാണ് താമസം. സലോമിയെ മുണ്ടക്കയം ശൂനാട്ട് ജോസ് വിവാഹം ചെയ്തു. സലോമി കുവൈത്തിൽ നേഴ്സായി ജോലി ചെയ്യുന്നു. ഇളയമകൾ കൊച്ചുറാണിയെ മുട്ടുചിറ കളപ്പുരയ്ക്കൽ ബാബു വിവാഹം ചെയ്തു. കൊച്ചുറാണി ഓസ്ട്രേലിയായിൽ സ്റ്റാഫ് നേഴ്സാണ്.

## IA-1a കല്ലുവരപ്പറമ്പിൽ കുര്യൻ മകൻ മാത്യു (അപ്പച്ചൻ)

കുര്യന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് മാത്യു (അപ്പ ച്ചൻ). അവിവാഹിതനായ മാത്യു 2012-ൽ മരിച്ചു. ചേന്നാട് പള്ളി സിമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## IA-1b കല്ലുവരപ്പറമ്പിൽ കുര്യൻ മകൻ അബ്രാഹം (വക്കച്ചൻ)

കുര്യന്റെ രണ്ടാമത്തെ മകനാണ് അബ്രാഹം. തീക്കോയി മുകാ ലയിൽ ലില്ലിയാണ് ഭാര്യ. ചേന്നാടാണ് താമസം. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ബോണിമോൾ എന്ന മകളും, ജിപ്സൻ, അപ്പൂസ് എന്നീ ആൺമക്കളും. ബോണിമോൾ ഡൽഹിയിൽ BSc നഴ്സാണ്. വിവാഹിതയാണ്.

## IA-1c കല്ലുവരപ്പറമ്പിൽ കുര്യൻ മകൻ കുര്യൻ (തങ്കച്ചൻ)

കുര്യന്റെ മൂന്നാമത്തെ മകനാണ് തങ്കച്ചൻ എന്നു വിളിക്കുന്ന കുര്യൻ. പൊൻകുന്നം വെമ്പേനി മേരിക്കുട്ടിയെ വിവാഹം ചെയ്തു.

ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആൺമക്കളും ഒരു മകളും. ഫ്രെഡി, വിശാഖ് എന്നിവരാണ് ആൺമക്കൾ. മരിയറ്റ് ഏകമകളും. തങ്കച്ചനും കുടുംബവും അമേരിക്കയിലാണ് താമസം.

## IA-2 കല്ലുവരപ്പറമ്പിൽ കുഞ്ഞൂഞ്ഞ് മകൻ കൊച്ച് (ജോസഫ്)

കുഞ്ഞൂഞ്ഞിന്റെ ഇളയമകനാണ് കൊച്ച് (ജോസഫ്). തീക്കോയി മുകാലയിൽ അച്ചാമ്മ(ഏലി)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആൺമക്കളും ഒരു മകളും. ബിനോയി, ബോബൻ എന്നിവരാണ് ആൺമക്കൾ. ബിന്ദു ഏക മകളും. ചേർപ്പുങ്കൽ തിരുനിലത്ത് ജോമോൻ വിവാഹം ചെയ്തു. ബിന്ദു സൗദിയിൽ സ്റ്റാഫ് നേഴ്സാണ്. ഭർത്താവ് ജോമോൻ ദമാമിൽ എഞ്ചിനീയറാണ്.

## IA-2a കല്ലുവരപ്പറമ്പിൽ കൊച്ച് മകൻ ബിനോയി

കൊച്ചിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ബിനോയി. മണിയംകുളം ചെറുവള്ളിൽ അപ്പച്ചൻ മകൾ ജെസ്സിയെ വിവാഹം ചെയ്തു. ഇരുവരും ഓസ്ട്രേലിയാ (സിഡ്നി)യിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. റൂത്ത്, റബേക്ക, റൂബൻ.

## IA-2b കല്ലുവരപ്പറമ്പിൽ കൊച്ച് മകൻ ബോബൻ

കൊച്ചിന്റെ ഇളയമകനാണ് ബോബൻ. പാലാ സെന്റ് തോമസ് കോളേജിൽ എം.എ. വിദ്യാർത്ഥിയാണ്.

## IB കല്ലുവരപ്പറമ്പിൽ കുര്യൻ മകൻ ഔസേപ്പ്

കുര്യന്റെ രണ്ടാമത്തെ മകനാണ് ഔസേപ്പ്. അമ്പാറ തോട്ടപ്പ ള്ളിൽ മറിയത്തെ വിവാഹം ചെയ്തു. പുല്ലൂരാംപാറയിലാണ് താമ സം. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. അഞ്ച് ആൺമക്കളും മൂന്ന് പെൺമക്കളും. കുര്യൻ (പാപ്പച്ചൻ), ചാക്കോ, മത്തായി (കുഞ്ഞൂ ഞ്ഞ്), ദേവസ്യാ, കുഞ്ഞേപ്പ് (ജോസഫ്) എന്നിവരാണ് ആൺമ ക്കൾ. റോസ, ഏലിക്കുട്ടി, മറിയാമ്മ എന്നിവരാണ് പെൺമക്കൾ. ഔസേപ്പിന്റെ മൂത്തമകളാണ് റോസ (കുഞ്ഞുപെണ്ണ്). റോസയെ കോഴിക്കോട് കൂമ്പാറ, പുതിയാപറമ്പിൽ വർക്കി വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ ഏലിക്കുട്ടി(കുഞ്ഞേലി)യെ ചെമ്മലമറ്റം,

തെക്കേക്കര ജോസഫ് വിവാഹം ചെയ്തു. ഇളയമകൾ മറിയാമ്മയെ ആനിയ്ക്കാംപൊയിൽ, കുന്നത്തുപറമ്പിൽ അപ്പച്ചൻ വിവാഹം ചെയ്തു.

## IB-1 കല്ലുവരപ്പറമ്പിൽ ഔസേപ്പ് മകൻ കുര്യൻ (പാപ്പച്ചൻ)

കല്ലുവരപ്പറമ്പിൽ ഔസേപ്പിന്റെ അഞ്ച് ആൺമക്കളിൽ മൂത്ത മകനാണ് പാപ്പച്ചൻ. പൂഞ്ഞാർ ചൂണ്ടിയാണിപ്പുറത്ത് ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർ ചേന്നാട്ട് താമസമാക്കി. ഈ ദമ്പതി കൾക്ക് നാല് ആൺമക്കളും, അഞ്ച് പെൺമക്കളുമടക്കം ഒൻപത് മക്കൾ. കുട്ടിയച്ചൻ (ജോസഫ്), തൊമ്മച്ചൻ, ജോസുകുട്ടി (കുര്യൻ), സിബി എന്നിവരാണ് ആൺമക്കൾ. മേരി, എലിസബത്ത് (കുട്ടി യമ്മ), തെയ്യാമ്മ (ത്രേസ്യാമ്മ), ആൻസി, റെജി എന്നിവരാണ് പെൺമക്കൾ. പെൺമക്കളിൽ മൂത്തമകളായ മേരിയെ ഇടുക്കി മടുക്ക വള്ളിയാംതടത്തിൽ കുട്ടിയച്ചൻ (തോമസ്) വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ എലിസബത്ത് (കുട്ടിയമ്മ) ബാംഗ്ലൂർ ക്ലൂണി കോൺവെന്റിൽ സന്യസ്തജീവിതം നയിക്കുന്നു. സി. എലിസബത്ത് എന്ന പേരിൽ അറിയപ്പെടുന്നു. അധ്യാപികയാണ്. മൂന്നാമത്തെ മകൾ തെയ്യാമ്മയെ പള്ളിത്താഴത്ത് റാഫേൽ വിവാഹം ചെയ്തു. നാലാമത്തെ മകൾ ആൻസിയെ പള്ളിത്താഴത്ത് സണ്ണി വിവാഹം ചെയ്തു. ഇരുവരും ജാർഖണ്ഡിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു. ഇളയമകൾ റെജി 17-ാം വയസ്സിൽ മരിച്ചു.

## IB-1a കല്ലുവരപ്പറമ്പിൽ പാപ്പച്ചൻ മകൻ കുട്ടിയച്ചൻ (ജോസഫ്)

പാപ്പച്ചന്റെ നാല് ആൺമക്കളിൽ മൂത്തമകനാണ് കുട്ടിയച്ചൻ (ജോസഫ്). കർഷകനാണ്. കുന്നത്ത് അന്നക്കുട്ടിയാണ് ഭാര്യ. ചേന്നാട്ടാണ് താമസം. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. ജിൻസ് (കുര്യൻ), ജിനോ (തോമസ്), ജെസ്റ്റിൻ (ജോസഫ്).

## IB-1a-1 കല്ലുവരപ്പറമ്പിൽ കുട്ടിയച്ചൻ മകൻ ജിൻസ് (കുര്യൻ)

കുട്ടിയച്ചന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് ജിൻസ്. ഈരാറ്റുപേട്ടയിൽ വെഹിക്കിൾ വർക്ക്ഷോപ്പ് നടത്തുന്നു. പ്ലാശ നാൽ പുന്നാംതടത്തിൽ ജോയി-മേരി ദമ്പതികളുടെ മകൾ ജിജി യാണ് ഭാര്യ. രണ്ടു മക്കൾ. ജനിലിയ (അന്ന), ജോയൽ.

## IB-1a-2 കല്ലുവരപ്പറമ്പിൽ കുട്ടിയച്ചൻ മകൻ ജിനോ (തോമസ്)

കുട്ടിയച്ചന്റെ രണ്ടാമത്തെ മകനാണ് ജിനോ. കർഷകനാണ്. മംഗലാപുരത്താണ് താമസം. പൈക വയലിൽകൊല്ലാട്ട് സണ്ണി-ലിസമ്മ മകൾ റോസ് മേരിയാണ് ഭാര്യ.

## IB-1a-3 കല്ലുവരപ്പറമ്പിൽ കുട്ടിയച്ചൻ മകൻ ജെസ്റ്റിൻ (ജോസഫ്)

കുട്ടിയച്ചന്റെ ഇളയമകനാണ് ജെസ്റ്റിൻ. പാറയിൽ ഫുഡ് എക്സ്പോർട്ടിന്റെ സൂപ്പർവൈസറായി ജോലിചെയ്യുന്നു. പൂത്തോട്ടയിൽ ഷാജി-പ്രസന്ന ദമ്പതികളുടെ മകൾ ആനിയാണ് ഭാര്യ. ഒരു മകൾ അന്ന ജെസ്റ്റിൻ.

## IB-1b കല്ലുവരപ്പറമ്പിൽ പാപ്പച്ചൻ (കുര്യൻ) മകൻ തൊമ്മച്ചൻ (തോമസ്)

പാപ്പച്ചന്റെ രണ്ടാമത്തെ മകനാണ് തൊമ്മച്ചൻ. കർഷകനാണ്. പൂഞ്ഞാർ കുന്നോന്നി കൊച്ചുപുരയിൽ ലിസ്സി (മേരി)യെ വിവാഹം ചെയ്തു. ചേന്നാട്ടാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ബിബിൻ, സെബിൻ. ഇരുവരും വിദ്യാർത്ഥികൾ.

## IB-1c കല്ലുവരപ്പറമ്പിൽ പാപ്പച്ചൻ (കുര്യൻ) മകൻ ജോസുകുട്ടി (കുര്യൻ)

പാപ്പച്ചന്റെ മൂന്നാമത്തെ മകനാണ് ജോസുകുട്ടി. കർഷകനാണ്. മേലുകാവ് മൂലേചാലിൽ മേരിയെ വിവാഹം ചെയ്തു. ചേന്നാട്ടാണ് താമസം. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെൺമക്കളും ഒരു മകനും. റിയാമോൾ (എലിസബത്ത്), റോണിമോൾ (അൽഫോൻസാ) എന്നീ പെൺമക്കളും റിജോ എന്ന മകനും.

## IB-1d കല്ലുവരപ്പറമ്പിൽ പാപ്പച്ചൻ (കുര്യൻ) മകൻ സിബി

പാപ്പച്ചന്റെ ഇളയമകനാണ് സിബി. ഈരാറ്റുപേട്ടയിൽ വെഹിക്കിൾ ഇലക്ട്രീഷനായി ജോലിചെയ്യുന്നു. മടുക്കക്കുന്ന് വട്ടക്കുന്നേൽ ജെൻസി (ത്രേസ്യാ)യെ വിവാഹം ചെയ്തു. ചേന്നാട്ടാണ് താമസം. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ആൽബിൻ (കുര്യൻ) എന്ന മകനും അലീന (ഏലിക്കുട്ടി), ആൽഫിയ (തെരേസ) എന്നീ പെൺമക്കളും.

## IB-2 കല്ലുവരപ്പറമ്പിൽ ഔസേപ്പ് മകൻ ചാക്കോ

ഔസേപ്പിന്റെ രണ്ടാമത്തെ മകനാണ് ചാക്കോ. ചെമ്മലമറ്റം വള്ളിയാംതടത്തിൽ അന്നമ്മയെ വിവാഹം ചെയ്തു. കോഴിക്കോട് ആനയ്ക്കാംപൊയിലിലാണ് താമസം. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും. അപ്പച്ചൻ, തങ്ക ച്ചൻ, ടോമി എന്നിവരാണ് ആൺമക്കൾ. ലീലാമ്മ, ലില്ലി എന്നിവർ പെൺമക്കളും. പെൺമക്കളിൽ മൂത്തമകളായ ലീലാമ്മ(ഏലി)യെ കോഴിക്കോട് ചിപ്പിലിത്തോട്, അറക്കത്തറ ജോയ്സ് വിവാഹം ചെയ്തു. ഇളയമകൾ ലില്ലി(അന്ന)യെ കോഴിക്കോട് ചിപ്പിലിത്തോട് കൊച്ചുപുരയ്ക്കൽ സണ്ണി വിവാഹം ചെയ്തു.

## IB-2a കല്ലുവരപ്പറമ്പിൽ ചാക്കോ മകൻ അപ്പച്ചൻ (ജോസഫ്)

ചാക്കോയുടെ മൂത്ത മകനാണ് അപ്പച്ചൻ. കോഴിക്കോട് കണ്ണോത്ത് വെള്ളയ്ക്കാക്കുടി ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ആനയ്ക്കാംപൊയിലിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. ഒരു മകനും, ഒരു മകളും. ജിനീഷ് (ചാക്കോ), ജിന്റു (അന്നമ്മ).

## IB-2b കല്ലുവരപ്പറമ്പിൽ ചാക്കോ മകൻ തങ്കച്ചൻ (ചാണ്ടി)

ചാക്കോയുടെ രണ്ടാമത്തെ മകനാണ് തങ്കച്ചൻ. കോഴിക്കോട് പുല്ലൂരാംപാറ, മാവുങ്കൽ ലെനി(മേരി)യെ വിവാഹം ചെയ്തു. ആന യ്ക്കാംപൊയിലിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ, ഒരു മകനും, ഒരു മകളും. ആൽബിൻ, അമ്പിളി.

## IB-2c കല്ലുവരപ്പറമ്പിൽ ചാക്കോ മകൻ ടോമി (കുര്യൻ)

ചാക്കോയുടെ ഇളയമകനാണ് ടോമി. ആനയ്ക്കാംപൊയിൽ ഉണ്ടക്കാംപറമ്പിൽ മാത്യു-ആൻസി മകൾ ബിൻസിയാണ് ഭാര്യ. മൂന്ന് മക്കൾ. നീന, സാഞ്ചസ്, സാവിയോ.

## IB-3 കല്ലുവരപ്പറമ്പിൽ ഔസേപ്പ് മകൻ മത്തായി (കുഞ്ഞൂഞ്ഞ്)

ഔസേപ്പിന്റെ മൂന്നാമത്തെ മകനാണ് കുഞ്ഞൂഞ്ഞ് എന്നു വിളി ക്കുന്ന മത്തായി. തിടനാട് തടിക്കൽ ചാച്ചി(ബ്രിജിത്ത്)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് ആൺമക്കളും, രണ്ട് പെൺമക്കളും. അപ്പച്ചൻ (ജോസഫ്), ജോയിച്ചൻ (ജോർജ്)

എന്നിവരാണ് ആൺമക്കൾ. വത്സമ്മ, ലിസ്സി എന്നിവരാണ് പെൺമക്കൾ. രണ്ട് പെൺമക്കളും എസ്.എച്ച്, സന്ന്യാസസഭാംഗങ്ങളാണ്. പുല്ലൂരാംപാറ(കോഴിക്കോട്)യിലാണ് താമസം.

## IB-3a കല്ലുവരപ്പറമ്പിൽ മത്തായി (കുഞ്ഞൂഞ്ഞ്) മകൻ അപ്പച്ചൻ (ജോസഫ്)

കുഞ്ഞൂഞ്ഞിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് അപ്പച്ചൻ. കോടഞ്ചേരി, തറയിൽ ഷേർളിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മെൽബിൻ, അനു.

## IB-3b കല്ലുവരപ്പറമ്പിൽ കുഞ്ഞൂഞ്ഞ് മകൻ ജോയിച്ചൻ (ഫാ. ജോർജ്ജ് C.M.I.)

കുഞ്ഞൂഞ്ഞിന്റെ ഇളയമകനാണ് ജോയിച്ചൻ (ഫാ. ജോർജ്ജ് കല്ലുവരപ്പറമ്പിൽ C.M.I.) C.M.I. സഭയിൽ വൈദികനായി സേവനം ചെയ്യുന്നു. കാഞ്ഞങ്ങാട് സ്കൂളിൽ അധ്യാപകനാണ്.

## IB-4 കല്ലുവരപ്പറമ്പിൽ ഔസേപ്പ് മകൻ ദേവസ്യാ (കൊച്ച്)

ഔസേപ്പിന്റെ നാലാമത്തെ മകനാണ് ദേവസ്യാ. കൊച്ച് എന്നാണ് വിളിക്കുന്നത്. പൂഞ്ഞാർ മലയിഞ്ചിപ്പാറ, ആനന്ദശ്ശേരിൽ മറിയക്കുട്ടിയെ വിവാഹം ചെയ്തു. ഇടുക്കി ജില്ലയിലെ പെരിഞ്ചാംകുടിയിലാണ് താമസം. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് ആൺമക്കളും, രണ്ട് പെൺമക്കളും. ഗ്രേസി, സലോമി എന്നിവരാണ് പെൺമക്കൾ. ബെന്നി (ജോസഫ്), സജി (വർക്കി) എന്നിവർ ആൺമക്കളും. മൂത്തമകൾ ഗ്രേസിയെ കാരിക്കോട് കല്ലറയ്ക്കൽ റ്റോമിയും, ഇളയ മകൾ സലോമിയെ മാമലക്കണ്ടം, നാമത്തോലി വർക്കിച്ചനും വിവാഹം ചെയ്തു.

## IB-4a കല്ലുവരപ്പറമ്പിൽ ദേവസ്യാ മകൻ ബെന്നി (ജോസഫ്)

ദേവസ്യായുടെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ബെന്നി. ഇടുക്കി പെരിഞ്ചാംകുട്ടി, പാറശ്ശേരിൽ ഓംസിയെ വിവാഹം ചെയ്തു. പെരിഞ്ചാംകുട്ടിയിലാണ് താമസം. ഇവർക്ക് ഒരു മകൻ – അലോഷി.

## IB-4b കല്ലുവരപ്പറമ്പിൽ ദേവസ്യാ മകൻ സജി (വർക്കി)

ദേവസ്യായുടെ ഇളയമകനാണ് സജി. ഇടുക്കി നെടുംകണ്ടം, മാവടി പാറപ്പള്ളിൽ സിനോബിയെ വിവാഹം ചെയ്തു. പെരിഞ്ചാം കുട്ടിയിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. സാന്ദ്ര (മറിയം), അഞ്ജലി (അന്ന).

## IB-5 കല്ലുവരപ്പറമ്പിൽ ഔസേപ്പ് മകൻ കുഞ്ഞേപ്പ് (ജോസഫ്)

ഔസേപ്പിന്റെ ഇളയമകനാണ് കുഞ്ഞേപ്പ്. കോഴിക്കോട് ആനിയ്ക്കാംപൊയിൽ, കൂട്ടുങ്കൽ മറിയക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഒരു മകനും രണ്ട് പെൺമക്കളും. സജി (ജോസഫ്)യാണ് ഏകമകൻ. സോളി (മേരി), ബിന്ദു (അന്നമ്മ) എന്നിവർ പെൺമക്കളും. മൂത്തമകൾ സോളി S.A.B.S. സഭയിൽ ചേർന്ന് സന്യസ്തജീവിതം നയിക്കുന്നു. സി. സോളി എന്ന പേരിൽ അറിയപ്പെടുന്നു. ഇറ്റലിയിലാണ് സേവനം. ഇളയമകൾ ബിന്ദുവും S.A.B.S സഭയിൽ സന്യസ്തയാണ്. കെനിയയിൽ സേവനം ചെയ്യുന്നു.

## IB-5a കല്ലുവരപ്പറമ്പിൽ കുഞ്ഞേപ്പ് മകൻ സജി (ജോസഫ്)

കുഞ്ഞേപ്പിന്റെ ഏകമകനാണ് സജി. കോഴിക്കോട് കുളിക്കമുട്ടി, പെരുകിലം തറപ്പേൽ മിനിയെ വിവാഹം ചെയ്തു. കോഴിക്കോട്, പുല്ലൂരാംപാറയിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. ഒരു മകനും ഒരു മകളും. അഞ്ജന, എഡ്വിൻ.

## IC കല്ലുവരപ്പറമ്പിൽ കുര്യൻ മകൻ വർക്കി

കുര്യന്റെ ഇളയമകനാണ് വർക്കി. അവിവാഹിതനായിരുന്നു.

# മൂഴിയാങ്കൽ - ചെമ്മലമറ്റം



ജോയി മാത്യു
& ഫാമിലി



ജെയ്സൺ മാത്യു
& ഫാമിലി



ജോസ് &
ഫാമിലി



വിൽസൺ മാത്യു
& ഫാമിലി

# മൂഴിയാങ്കൽ – ചെമ്മലമറ്റം



വിൽസൺ മാത്യു (54)
മുഴിയാങ്കൽ
അതിരമ്പുഴ



ബെന്നി & ഫാമിലി



തോമസ് മാത്യു
& ഫാമിലി

ബെന്നി തോമസ്
& ഫാമിലി



# മൂഴിയാങ്കൽ – ചെമ്മലമറ്റം



എം.എം. മൈക്കിൾ
& ഫാമിലി


ജയിംസ്
(ചാക്കോച്ചൻ)
& ഫാമിലി





ഫാ. ബോണി
ജെയിംസ്
എസ്.ജെ

# മൂഴിയാങ്കൽ – ചെമ്മലമറ്റം



മൂഴിയാങ്കൽ
എം.റ്റി. ജോസഫ്
(കുഞ്ഞ്) ഭാര്യ
മറിയാമ്മ ജോസഫ്

മൂഴിയാങ്കൽ
എം.ജെ. തോമസ്
& ഫാമിലി





ബേബി തോമസ് (ബേബിച്ചൻ) ഭാര്യ
ബീന മകൻ ദീപക്



സി. ബിന്ദു

# മൂഴിയാങ്കൽ - ചെമ്മലമറ്റം



എം.റ്റി. തോമസ് (പാപ്പച്ചൻ) &
അന്നമ്മ തോമസ്



എം. റ്റി. തോമസ്
(കുഞ്ഞ്)



ഷാജി തോമസ് & ഫാമിലി



ബ്ര. ജോസഫ്



സി. ആലീസ്

## മൂഴിയാങ്കൽ – ചെമ്മലമറ്റം



എം.റ്റി. കുര്യാക്കോസ് & ഫാമിലി



ജോർജുകുട്ടി & ഫാമിലി



എം.കെ. ഈപ്പച്ചൻ

# മൂഴിയാങ്കൽ



ജോമി ജോസ്
& ഫാമിലി

എം. എം. ജോസഫ്
(കുഞ്ഞൂഞ്ഞ്)
ഭാര്യ പെണ്ണമ്മ
മകൻ ജോർജ്
ഭാര്യ ഷിജി മക്കൾ
നോയൽ, നിവിത,
നേഹ





എം.കെ. തോമസ് & ഫാമിലി

# മൂഴിയാങ്കൽ - പൂഞ്ഞാർ



മാത്യു ഭാര്യ വത്സമ്മ
മകൻ ബിനു ഭാര്യ
സിനു, മകൾ ദീപ
കൊച്ചുമക്കൾ അമൽ,
ബെനഡിക്ട്

ജോയി ജോർജ്
ഭാര്യ ബീനാ,
മക്കൾ
ഡോണി, ഡോൺ





ജോഷി ജോർജ്
ഭാര്യ മേഴ്സി
മക്കൾഎമി,
ഫെമി, എമിൽ

# മൂഴിയാങ്കൽ - പൂഞ്ഞാർ



ജിമ്മി ജോർജ് ഭാര്യ ബ്ലസ്സി,
മകൾ അഡോണിയ





വർക്കിച്ചൻ ഭാര്യ മേരി മകൻ ജൂബി ഭാര്യ പ്രജീത
കൊച്ചുമക്കൾ ഡിയോണ, ഡിലൺ



ജോസഫ് മകൻ ജീജോ
ഭാര്യ ടിന്റു കൊച്ചുമക്കൾ
അൽഫോൻസാ,
അന്നാ എലിസബത്ത്
എയ്ഡൺ

# മൂഴിയാങ്കൽ



പൗലോ & മറിയം,
അരുവിത്തറ



ലൂക്കാ & ഫാമിലി, പൂഞ്ഞാർ

എം.എസ്. ജോസഫ്
മകൻ ജോയി
ഭാര്യ സിനി മക്കൾ
മഹിമ, പ്രത്യാശ




# കല്ലുവരപറമ്പിൽ



കെ. എം. ജോസഫ് (കൊച്ച്) കല്ലുവരപറമ്പിൽ & ഫാമിലി

# തടവനാൽ (പൂഞ്ഞാർ)



മത്തായി മത്തായി ഭാര്യ അന്ന



മത്തായി ഭാര്യ മറിയം



സി. ലൂസ്യാന



സി. മരിയ വിയാനി

# തടവനാൽ (പൂഞ്ഞാർ)



മത്തായി മകൻ ജോസഫും കുടുംബാംഗങ്ങളും



മത്തായി മകൻ കുര്യനും
ഭാര്യ റോസമ്മ



ഫാ. ജോസ് CMI



ഡെയ്സി



വത്സമ്മ




ഡാർളി


# തടവനാൽ (പൂഞ്ഞാർ)



കുര്യൻ മകൻ സാബുവും കുടുംബവും



മാത്യു മത്തായി
മകൻ കുര്യൻ



മത്തായി കുര്യൻ മകൻ
ടി.കെ. വർക്കി



മത്തായി കുര്യൻ
മകൾ കുഞ്ഞേലി



മത്തായി കുര്യൻ
മകൾ മാമ്മി (മറിയം)

# തടവനാൽ (പൂഞ്ഞാർ)



മത്തായി കുര്യൻ
മകൻ മത്തായി
ഭാര്യ മാമ്മി

മത്തായി മകൻ
കുര്യാച്ചനും
കുടുംബവും





മത്തായി കുര്യൻ
മകൻ കുര്യനും
ഭാര്യ അന്നമ്മ

# തടവനാൽ (പൂഞ്ഞാർ)



കുര്യൻ കുര്യൻ മകൻ

കുര്യാക്കോസും

കുടുംബവും



കുര്യൻ കുര്യൻ മകൻ ജോർജും കുടുംബാംഗങ്ങളും



കുര്യൻ കുര്യൻ മകൻ റ്റി.കെ. ജോസഫും കുടുംബവും

# തടവനാൽ (പൂഞ്ഞാർ)



കുര്യൻ കുര്യൻ മകൻ
സണ്ണിയും കുടുംബവും



മേരി, ആലീസ്, ആനിയമ്മ

## (പൂഞ്ഞാർ വെട്ടിപറമ്പ്)



മത്തായി കുര്യൻ മകൻ ചാക്കോച്ചനും കുടുംബാംഗങ്ങളും

# തടവനാൽ (പൂഞ്ഞാർ)



മാത്യു മത്തായി മകൻ
വർക്കിയും ഭാര്യ അന്നമ്മയും



മത്തായി വർക്കി മകൻ
മത്തായിയും ഭാര്യ മറിയവും



സി. സൈമൺ FCC



റവ. ഫാ. മത്തായി



റവ. ഫാ. ജോസ് S.J.



സി. ചിന്നമ്മ F.C.C.



മത്തായി മകൻ
ജോർജ് ഭാര്യ കുട്ടിയമ്മ



ജോർജ് മകൻ
പ്രിൻസും ഭാര്യ ജൂലിയ

# തടവനാൽ (പൂഞ്ഞാർ)



ജോർജ് മകൻ എഡ്വിൻ
ഭാര്യ നീനു



മത്തായി മകൻ ജോൺ
ഭാര്യ ഏലിയാമ്മ



ജോൺ മകൻ സോജനും കുടുംബവും



ജോൺ മകൻ
റോഷനും
കുടുംബവും

# തടവനാൽ (പൂഞ്ഞാർ)



മത്തായി മകൻ സെബാസ്റ്റ്യനും കുടുംബവും



മത്തായി വർക്കി
മകൻ
സ്കറിയ
ഭാര്യ മേരി

സ്കറിയാ
മകൻ
ജിയോയും
കുടുംബവും





സ്കറിയാ
മകൻ ജിജിയും
കുടുംബവും

# തടവനാൽ (പൂഞ്ഞാർ)



സ്കറിയാ മകൻ
ജിൻസും
കുടുംബവും



സ്കറിയാ മകൻ
ജിമ്മിയും കുടുംബവും



മത്തായി വർക്കി
മകൻ
വർക്കി ഭാര്യ
മറിയക്കുട്ടി

# തടവനാൽ (പൂഞ്ഞാർ)



വർക്കി മകൻ ബാബുവും കുടുംബവും



വർക്കി മകൻ ജോയിയും കുടുംബവും

## (പൂഞ്ഞാർ വെട്ടിപറമ്പ്)



മാത്യു മകൻ

ചാക്കോ

# തടവനാൽ (പൂഞ്ഞാർ വെട്ടിപറമ്പ്)



ചാക്കോ ജോസഫ് ഭാര്യ മറിയം മാതാവ് ത്രേസ്യാ



ഔസേപ്പ് മക്കൾ സി. വെറോനിക്കാ FCC, സി. ജസീന്താ FCC, തെക്ലാമ്മ FCC



മേരി ജോസഫ്



കുഞ്ഞേലി ജോസഫ്



കുഞ്ഞുറോത



അന്നക്കുട്ടി

# തടവനാൽ (പൂഞ്ഞാർ വെട്ടിപറമ്പ്)



ജോസ് ജേക്കബ് ഭാര്യ സീനാ
മക്കൾ ജീതിൻ & ആഷ്‌ലി,
ശിൽപാ മരിയാ
കൊച്ചുമകൾ ജൊവാൻ മറിയം.



ബേബി ജേക്കബ് ഭാര്യ ലില്ലികുട്ടി മക്കൾ സ്നോമേരി, അലൻ



തെയ്യാമ്മ



അച്ചാമ്മ



മേരി

# കല്ലോലിൽ



കല്ലോലിൽ ഔസേപ്പ് മകൻ ജോർജും (പാപ്പച്ചൻ) കുടുംബവും

# കല്ലോലിൽ



ദേവസ്വമകൻ വർക്കി
(പാപ്പച്ചൻ) ഭാര്യ തങ്കമ്മ



ഷാജൻ ഭാര്യ ടെസി
മക്കൾ ജോർജ്, മരിയ



സുനിൽ
ഭാര്യ ബിൻസി
മക്കൾ രോഹൻ,
രോഹിത്ത്

# കല്ലോലിൽ



അനിൽ ഭാര്യ ബിജി മക്കൾ
ദേവൂസ്, മാർഷ, ഏയ്ഞ്ചല



ദിലീപ് ഭാര്യ ജിൻസി മക്കൾ
അബ്രാഹം, മിഖായേൽ



ആൽബി ഭാര്യ ദീപ മക്കൾ എവിയ, നോവ, സരിയ

# കല്ലോലിൽ



ദേവസ്യാ മകൻ
ഔസേപ്പച്ചൻ ഭാര്യ ത്രേസ്യാ



കുട്ടിയമ്മ



സി. ഷേർളി MSMHC



സി. ബീന MSMHC



റോസമ്മ



ബിൻസി

# കല്ലോലിൽ



ജോയിച്ചനും കുടുംബവും



ദേവസ്യാ മകൻ ഡി. സെബാസ്റ്റ്യൻ ഭാര്യ മറിയമ്മ

# 3

# തടവനാൽ

മൂഴിയാങ്കൽ കുടുംബത്തിന്റെ മറ്റൊരു ശാഖയാണ് തടവനാൽ. മൂഴിയാങ്കൽ മത്തായി മകൻ മാത്യു വിവാഹശേഷം പുത്രകളത്രാദികളോടൊപ്പം തടവനാൽ ചേരിക്കൽ (പൂഞ്ഞാർ രാജ്യത്തെ, പൂഞ്ഞാർ നടുഭാഗം, പൂഞ്ഞാർ തെക്കേക്കര, പൂഞ്ഞാർ വടക്കേക്കര എന്നിങ്ങനെ മൂന്നു പകുതി (വില്ലേജ്)കളായി തിരിച്ചിരുന്നു. പകുതികളെ നൂറ് ഏക്കർമുതൽ മുകളിലേക്ക് വിസ്തൃതിയുള്ള ചേരിക്കലുകളായി വിഭജിച്ചിരുന്നു.) താമസമാക്കി. തുടർന്ന് മാത്യുവും കുടുംബവും തടവനാൽ എന്ന വീട്ടുപേരിൽ അറിയപ്പെട്ടു. പൂഞ്ഞാർ നെടുംകീന്തി കയത്തിന്റെ താഴത്തുഭാഗത്തുനിന്ന് ഈ പുരയിടം പടിഞ്ഞാറോട്ടും മുഹമ്മദീയരുടെ പുതുപ്പള്ളി കടവിൽനിന്നും തെക്കോട്ടും ചേന്നാട്ട് റോഡിൽ തൈത്തോട് ഭാഗത്ത് ലബ്ബപറമ്പിന് കിഴക്കും ഉള്ള പ്രദേശമാണ് തടവനാൽ എന്നറിയപ്പെട്ടിരുന്നത് (ഇപ്പോൾ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റയിൽപെട്ട തടവനാൽ വാർഡ്).

പ്രധാനമായും നാല് പുരയിടങ്ങളാണ് തടവനാൽ കുടുംബത്തിന് ഉണ്ടായിരുന്നത്. പുത്തൻപുരയിൽ, അങ്ങേപ്പുരയിൽ, വീട്ടിൽ, കല്ലോലിൽ എന്നിങ്ങനെ അറിയപ്പെട്ടിരുന്നു. കല്ലോലി എന്ന പുരയിടം ഈരാറ്റുപേട്ട-കാഞ്ഞിരപ്പള്ളി റൂട്ടിൽ ഒൻപതാം മൈലിൽ റോഡിന് ഇരുവശത്തുമായി കിടക്കുന്നു.

മൂഴിയാങ്കൽ മത്തായി മകൻ മാത്യു തിടനാട് മൂന്നാനപ്പള്ളിയിൽ ഏലീശ്വായെ വിവാഹം ചെയ്തു. മൂഴിയാങ്കൽ നിന്നും തടവനാൽ ചേരിക്കലേക്ക് താമസം മാറ്റിയ മാത്യുവും കുടുംബവും തടവനാൽ എന്ന വീട്ടുപേരിൽ അറിയപ്പെട്ടു. മാത്യു-ഏലീശ്വാ ദമ്പതികൾക്ക് നാല് ആൺ മക്കളും മൂന്ന് പെൺമക്കളും. മറിയം, ഏലി, അന്ന എന്നിവരാണ് പെൺമക്കൾ. അന്നയെ ഉള്ളനാട് ഇടവക ഒറ്റതെങ്ങുങ്കൽ മാത്യു വിവാഹം കഴിച്ചു (അന്നയുടെ പേരക്കുട്ടിയാണ്

പാലാരൂപത വികാരിജനറാളും പാലാ സെന്റ് തോമസ് കോളേജ് പ്രിൻസിപ്പലുമായിരുന്ന ഫാ. ഒ.പി. ഈനാസ്.) മാത്യുവിന്റെ നാല് ആൺമക്കളുടെ സന്താനപരമ്പരകളെയാണ് മൂഴിയാങ്കൽ-തടവനാൽ കുടുംബചരിത്രത്തിൽ വിവരിക്കുന്നത്.

മാത്യുവിന്റെ ആൺമക്കളെ റോമൻ ലിപിയിൽ I. മത്തായി, II. ചാക്കോ, III. തൊമ്മൻ, IV. വർക്കി എന്നിങ്ങനെ രേഖപ്പെടുത്തുന്നു.

## I. മൂഴിയാങ്കൽ മാത്യു മകൻ മത്തായി

മാത്യുവിന്റെ നാല് ആൺ മക്കളിൽ മൂത്ത മകനാണ് മത്തായി. പൂഞ്ഞാർ ഇടവക മഠത്തിൽപറമ്പിൽ കുടുംബാംഗം മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. മത്തായി, കുര്യൻ, വർക്കി എന്നീ ആൺ മക്കളും ഏലി, അന്ന എന്നീ രണ്ട് പെൺ മക്കളും. ഏലിയെ പ്ലാശനാൽ ഇടവക കരോട്ടു കിഴക്കേൽ മത്തായിയും അന്നയെ പൂഞ്ഞാർ ഇടവക അമ്പാട്ട് തോമസും വിവാഹം ചെയ്തു.

## IA. തടവനാൽ മത്തായി മകൻ മത്തായി

മത്തായിയുടെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് മത്തായി. വിളക്കുമാടം ഇടവക നരിക്കുഴിയിൽ കുര്യൻ-മറിയം മകൾ അന്നയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. മറിയം, അന്ന, ഏലി, ത്രേസ്യാ, മാമ്മി (മറിയം) എന്നിവരാണ് പെൺമക്കൾ. മത്തായി, കുര്യൻ എന്നിവർ ആൺമക്കളും.

മൂത്തമകൾ മറിയം ചെറുപ്പത്തിൽ തന്നെ മരിച്ചു. രണ്ടാമത്തെ മകളായ അന്നയെ പൂഞ്ഞാർ ഇടവക കീച്ചേരിൽ അവിരാ മകൻ ഔസേപ്പ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ഏലിയെ നരിയങ്ങാനം ഇടവക എർത്തയിൽ വർക്കി-ത്രേസ്യാ മകൻ തൊമ്മനും മൂന്നാമത്തെ മകൾ ത്രേസ്യായെ ഭരണങ്ങാനം ഇടവക ചാമക്കാലായിൽ ദേവസ്യായും വിവാഹം ചെയ്തു. നാലാമത്തെ മകൾ മാമ്മി (മറിയം) ഡോട്ടേഴ്സ് ഓഫ് ക്രോസ് എന്ന സന്ന്യാസസമൂഹത്തിൽ ചേർന്ന് സന്ന്യസ്തജീവിതം നയിക്കുന്നു. സി. ലൂസ്യാന (104 വയസ്) എന്ന പേരിൽ അറിയപ്പെടുന്നു. ഇപ്പോൾ ഡാർജലിംഗിലാണ് സേവനം.

## IA-1. തടവനാൽ മത്തായി മകൻ മത്തായി

തടവനാൽ കുടുംബചരിത്രം ഇദ്ദേഹം എഴുതി സൂക്ഷിച്ചിരുന്നു. മുമ്പോട്ടുള്ള ചരിത്രങ്ങൾ എഴുതി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം തന്റെ മൂത്തമകനായ മാത്തുക്കുട്ടി (കുഞ്ഞൂഞ്ഞ്)യെ ഏല്പ്പിച്ചു. 2008 ജനുവരി 27-ന് 97-ാം വയസ്സിൽ നിത്യസമ്മാനത്തിന് വിളിക്കപ്പെട്ടു. പൂഞ്ഞാർ ദൈവാലയ സിമിത്തേരിയിൽ സംസ്കരിച്ചു.

മത്തായിയുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് മത്തായി. അമ്പാറനിരപ്പേൽ കുഴിത്തോട് ഔസേപ്പ്-റോസ മകൾ മാമ്മി (മറിയം) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളും. മാത്തുക്കുട്ടി (കുഞ്ഞൂഞ്ഞ്), ജോസഫ് (കുഞ്ഞേപ്പ്) എന്നിവരാണ് ആൺമക്കൾ. അന്നക്കുട്ടി, റോസമ്മ, മേരി എന്നിവർ പെൺ മക്കളും.

മൂത്ത മകൾ അന്നക്കുട്ടിയെ ഭരണങ്ങാനം ഇടവക കുറ്റിയാനിയ്ക്കൽ മത്തായി-അന്ന മകൻ ജോസഫ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ റോസമ്മ ഡോട്ടേഴ്സ് ഓഫ് ക്രോസ് എന്ന സന്ന്യാസിനീ സമൂഹത്തിൽ ചേർന്ന് സന്ന്യസ്ത ജീവിതം നയിക്കുന്നു. സി. മരിയവിയാനി എന്ന പേര് സ്വീകരിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയറായി കൽക്കട്ടായിൽ സേവനം ചെയ്യുന്നു. മൂന്നാമത്തെ മകൾ മേരിയെ (മരിയ) ചെമ്മലമറ്റം ഇടവക കാക്കനാട്ട് വർക്കി-അന്നമ്മ മകൻ ജോണി (ഡോൺബോസ്കോ) വിവാഹം ചെയ്തു.

## IA-1a. തടവനാൽ മത്തായി മകൻ മാത്തുക്കുട്ടി (കുഞ്ഞൂഞ്ഞ്)

മത്തായിയുടെ രണ്ട് ആൺ മക്കളിൽ മൂത്ത മകനാണ് മാത്തുക്കുട്ടി. കൊല്ലം ഇടവക മാമായി പുരയിടത്തിൽ ഡയസ്-ബിയാട്രീസ് മകൾ ജെറി എന്ന് വിളിക്കുന്ന ജെറിൽഡായെ ഭാര്യയായി സ്വീകരിച്ചു. ഇവർക്ക് രണ്ട് പെൺമക്കളും ഒരു മകനും. അമ്പിളി (മറിയം), ആമ്പൽ (ബിയാട്രീസ്) എന്നിവരാണ് പെൺ മക്കൾ. ആമോദ് (മത്തായി) ഏക മകനും.

മൂത്തമകൾ അമ്പിളിയെ കൂരോപ്പട ഇടവക കൊച്ചുകരോട്ട് വർക്കി-ഏലി മകൻ ഷാജി (മാത്യു) വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ആമ്പലിനെ മൂവാറ്റുപുഴ വാഴപ്പള്ളി നിരപ്പ്പള്ളി ഇട

വക തോട്ടത്തിൽ പോൾ-മറിയക്കുട്ടി മകൻ ജിജിമോൻ (ജോർജ്) വിവാഹം ചെയ്തു.

### IA-1a1. തടവനാൽ മാത്തുക്കുട്ടി മകൻ ആമോദ് (മത്തായി)

മാത്തുക്കുട്ടിയുടെ ഏക മകനാണ് ആമോദ് MCom, BEd. ഭരണങ്ങാനം ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകനാണ്. തൃശൂർ പാവറട്ടി ഇടവക ആലപ്പാട്ട് വാറുണ്ണി-ആനി മകൾ ജന്നിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. എഫ്രേൺ, എയ്ന.

### IA-1a2. തടവനാൽ മത്തായി മകൻ ജോസഫ് (കുഞ്ഞേപ്പ്)

മത്തായിയുടെ രണ്ടാമത്തെ മകനാണ് കുഞ്ഞേപ്പ് എന്ന് വിളിക്കുന്ന ജോസഫ് B.A. അരുവിത്തുറ ഇടവക പുള്ളോലിൽ ജോസഫ് ഏലി മകൾ അച്ചാമ്മയെ ഭാര്യയായി സ്വീകരിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. ചിഞ്ചു (മാത്യു), ഈപ്പച്ചൻ (ജോസഫ്), എബിൻ (അബ്രാഹം).

### IA-1a2a. തടവനാൽ ജോസഫ് (കുഞ്ഞേപ്പ്) മകൻ ചിഞ്ചു (മാത്യു)

കുഞ്ഞേപ്പിന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് ചിഞ്ചു. എം.ബി.എ. ബിരുദധാരിയാണ്. എറണാകുളത്ത് ഇൻഫോപാർക്കിൽ എഞ്ചിനീയറായി ജോലിചെയ്യുന്നു. മീങ്കുന്നം പിണക്കാട്ടുപറമ്പിൽ പോൾ-ആനീസ് ദമ്പതികളുടെ മകൾ ലിജയെ വിവാഹം ചെയ്തു. ലിജയും എം.ബി.എ. ബിരുദധാരിയാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഡറോൺ എന്ന മകനും, ഡിയ അന്നാ മാത്യു എന്ന മകളും.

### IA-1a2b. തടവനാൽ ജോസഫ് (കുഞ്ഞേപ്പ്) മകൻ ഈപ്പച്ചൻ (ജോസഫ്)

കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനാണ് ഈപ്പച്ചൻ. പോളിടെക്നിക് ഡിപ്ലോമാ ഹോൾഡറാണ്. ദുബായിൽ ജോലിചെയ്യുന്നു. എടത്വാ ആശാംപറമ്പിൽ എം.ഒ. തോമസ്-മറിയാമ്മ ദമ്പതികളുടെ മകൾ ടിജിനാ എൽസാ തോമസ് ആണ് ഭാര്യ. നഴ്സാണ്. ഇവർക്ക് ഒരു കുട്ടി. ഡെയ്ൻ ജോസ്.

### IA-1a2c. തടവനാൽ ജോസഫ് (കുഞ്ഞേപ്പ്) മകൻ എബിൻ (അബ്രാഹം)

കുഞ്ഞേപ്പിന്റെ ഇളയമകനാണ് എബിൻ. വിദ്യാർത്ഥിയാണ്.

## IA-2. തടവനാൽ മത്തായി മകൻ കുര്യൻ

തടവനാൽ മാത്യു മകൻ മത്തായിയുടെ രണ്ട് ആൺമക്കളിൽ ഇളയ മകനാണ് കുര്യൻ B.A. റിട്ടേർഡ് സെൻട്രൽ എക്സൈസ് ഇൻസ്പെക്ടർ. പ്ലാശനാൽ ഇടവക കാരുപറമ്പിൽ മാണി-അന്ന മകൾ റോസമ്മയെ വിവാഹം ചെയ്തു. കുര്യൻ റോസമ്മ ദമ്പതികൾക്ക് ഏട്ട് മക്കൾ. അഞ്ച് ആണും മൂന്ന് പെണ്ണും. ജോസ്, ജോയി, സാബു, മാമ്മച്ചൻ, ബെന്നി എന്നിവരാണ് ആൺമക്കൾ. ഡയ്സി, വത്സമ്മ, ഡാർളി എന്നിവർ പെൺ മക്കളും. ഡയ്സിയെ വയലാ ഇടവക കന്നുവെട്ടിയിൽ മാത്യു-ഏലി മകൻ സേവ്യർ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ വൽസമ്മയെ ചേർപ്പുങ്കൽ ഇടവക മുണ്ടിയാനിക്കൽ ജോസഫ്-റോസമ്മ മകൻ അബ്രാഹം വിവാഹം ചെയ്തു. അമേരിക്കയിലാണ് താമസം. മൂന്നാമത്തെ മകൾ ഡാർലിയെ തൊടുപുഴ ഇടവക പാലയ്ക്കാമറ്റത്തിൽ ജോസഫ്-റോസ മകൻ ജോൺ വിവാഹം ചെയ്തു. അമേരിക്കയിലാണ് താമസം. 10-6-2006-ൽ കുര്യനും 2-3-1999-ൽ ഭാര്യ റോസമ്മയും മരിച്ചു. പൂഞ്ഞാർ ദൈവാലയ സിമിത്തേരിയിൽ സംസ്കരിച്ചു.

## IA-2a. തടവനാൽ കുര്യൻ മകൻ ജോസ് (ഫാ. ജോസ് തടവനാൽ CMI)

തടവനാൽ കുര്യന്റെ മൂത്ത മകനാണ് ജോസ്. ഫാ. ജോസ് തടവനാൽ CMI (MA, Phd). ബാംഗ്ളൂർ ധർമ്മാരാം കോളജിൽ സൈക്കോളജി അധ്യാപകനായിരുന്നു.

## IA-2b. തടവനാൽ കുര്യൻ മകൻ ജോയി

കുര്യന്റെ രണ്ടാമത്തെ മകനാണ് ജോയി M.Sc. അതിരംപുഴ പുറക്കാട്ടിൽ ജോർജ്-ഏലിയാമ്മ മകൾ റാണിയെ വിവാഹം ചെയ്തു. കുടുംബസമേതം അമേരിക്കയിലാണ്. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ.

## IA-2c. തടവനാൽ കുര്യൻ മകൻ സാബു

കുര്യന്റെ മൂന്നാമത്തെ മകനാണ് സാബു M.Sc. കൂടല്ലൂർ കീറ്റുപ്ലാക്കീൽ പൈലി-ചിന്നമ്മ മകൾ ജിൻസിയെ വിവാഹം ചെയ്തു. കുടുംബസമേതം അമേരിക്കയിലാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും.

### IA-2d. തടവനാൽ കുര്യൻ മകൻ മാമ്മച്ചൻ

കുര്യന്റെ നാലാമത്തെ മകനാണ് മാമ്മച്ചൻ. ചെറുപ്പത്തിലെ മരിച്ചു.

### IA-2e. തടവനാൽ കുര്യൻ മകൻ ബെന്നി

കുര്യന്റെ അഞ്ചാമത്തെ മകനാണ് ബെന്നി. കുറുമ്പനാടം ഇടവക പുതുപ്പറമ്പിൽ മാത്യു-മേരി മകൾ സോളിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് കുട്ടികൾ. കുടുംബസമേതം അമേരിക്കയിലാണ്  താമസം.

### IB-2. തടവനാൽ മാത്യു മത്തായി മകൻ കുര്യൻ

തടവനാൽ മാത്യു മത്തായിയുടെ രണ്ടാമത്തെ മകനാണ് കുര്യൻ. അരുവിത്തുറ ഇടവക ചാലിൽ മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. നാല് ആൺമക്കളും മൂന്ന് പെൺമക്കളും. മത്തായി, കുര്യൻ, വർക്കി, ചാക്കോ എന്നിവരാണ് ആൺമക്കൾ. കുഞ്ഞേലി, മറിയം, അന്ന എന്നിവർ പെൺമക്കളും. അന്ന 30-ാമത്തെ വയസ്സിൽ മരിച്ചു. മൂത്തമകൾ കുഞ്ഞേലിയെ തീക്കോയി ഇടവക ചൊവ്വാറ്റുകുന്നേൽ മത്തായിയും രണ്ടാമത്തെ മകളായ മറിയത്തെ (മാമ്മി) പൂഞ്ഞാർ ഇടവക തോട്ടക്കര വയലിൽ ചാക്കോയും വിവാഹം ചെയ്തു.

### IB-2a. തടവനാൽ കുര്യൻ മകൻ മത്തായി

കുര്യന്റെ നാല് ആൺ മക്കളിൽ മൂത്ത മകനാണ് മത്തായി. ചെമ്മലമറ്റം കണിപറമ്പിൽ കുടുംബാംഗം മാമ്മി (മറിയം) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരാൺകുട്ടി. കുര്യൻ.

### IB-2a. തടവനാൽ മത്തായി മകൻ കുര്യൻ

മത്തായിയുടെ ഏക മകനാണ് കുര്യൻ. വെള്ളികുളം പുള്ളോലിൽ കുട്ടിയമ്മ (അന്നക്കുട്ടി) യെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺ കുട്ടികൾ. ഉല്ലാസ്, ജോസഫ്.

### IB-2a1a. തടവനാൽ കുര്യൻ മകൻ ഉല്ലാസ് (മത്തായി)

കുര്യന്റെ രണ്ട് ആൺ മക്കളിൽ മൂത്ത മകനാണ് ഉല്ലാസ്. എറണാകുളം പനമ്പള്ളിനഗർ തുണ്ടത്തിൽ ജനീസിനെ (മേരി) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് പെൺ കുട്ടികൾ. അന്നാ മരിയ ഉല്ലാസ് (മിന്നു), അൽഫോൻസ ഉല്ലാസ്.

## IB-2a1b. തടവനാൽ കുര്യൻ മകൻ ജോസഫ്

കുര്യന്റെ രണ്ടാമത്തെ മകനാണ് ജോസഫ്. എറണാകുളത്ത് ജോലി ചെയ്യുന്നു.

## IB-2b2. തടവനാൽ മത്തായി കുര്യൻ മകൻ കുര്യൻ

മത്തായി കുര്യന്റെ രണ്ടാമത്തെ മകനാണ് കുര്യൻ. പൂഞ്ഞാർ ഇടവക വാണിയപ്പുരയിൽ അന്നമ്മയെ വിവാഹം ചെയ്തു. സ്വാതന്ത്ര്യസമരസേനാനിയായിരുന്ന അദ്ദേഹം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പൂഞ്ഞാറിലെ അവസാന ഡിക്റ്റേറ്റർ ആയിരുന്നു. (അക്കാലത്ത് സ്വാതന്ത്ര്യസമരസേനാനികൾ സീനിയോരിറ്റിയനുസരിച്ച് ലിസ്റ്റ് തയ്യാറാക്കും. ഏറ്റവും സീനിയർ ആയ വ്യക്തിയാണ് (ലിസ്റ്റിൽ ഒന്നാമത്തെയാൾ) ഡിക്റ്റേറ്റർ അഥവാ ഏകാധിപതി. നിലവിലെ ഡിക്റ്റേറ്റർ അറസ്റ്റിലായാൽ അടുത്തയാൾ സ്വമേധയാ ഡിക്റ്റേറ്റർ ആയി ചുമതലയേല്ക്കും. ഒളിവിൽ കഴിയുന്ന സേനാനികൾക്ക് നിർദ്ദേശങ്ങൾ നല്കുന്നത് ഇദ്ദേഹമാണ്.) ഈ ദമ്പതികൾക്ക് ഏഴു മക്കൾ. നാല് ആണും മൂന്നു പെണ്ണും. കുര്യാക്കോസ് (അപ്പച്ചൻ), ജോർജ് (വർക്കിച്ചൻ), ജോസഫ് (ജോസ്), സണ്ണി (മത്തായി) എന്നിവരാണ് ആൺമക്കൾ. മേരി, ആലീസ്, ആനിയമ്മ എന്നിവർ പെൺമക്കളും.

മൂത്തമകൾ മേരിയെ പെരിങ്ങുളം ഇടവക ഇടയോടിയിൽ അബ്രാഹവും രണ്ടാമത്തെ മകൾ ആലീസിനെ BCom. തമ്പലക്കാട് കുന്നുംപുറത്ത് കുര്യനും ഇളയമകൾ ആനിയമ്മയെ BSc., LLB. കിഴക്കമ്പലം മുട്ടത്തോട്ടിൽ ജോസും വിവാഹം ചെയ്തു.

## IB-2b2a. തടവനാൽ കുര്യൻ കുര്യൻ മകൻ കുര്യാക്കോസ് (അപ്പച്ചൻ)

കുര്യന്റെ നാല് ആൺമക്കളിൽ മൂത്തമകനാണ് കുര്യാക്കോസ്. പാളയം കുറ്റാരപ്പള്ളിൽ തോമസ് മകൾ വത്സമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകൻ നെബു കുര്യാക്കോസ്. ചെന്നൈയിലാണ് താമസം.

## IB-2b2a1. തടവനാൽ കുര്യാക്കോസ് (അപ്പച്ചൻ) മകൻ നെബു

കുര്യക്കോസിന്റെ ഏകമകനാണ് നെബു കുര്യാക്കോസ് MA. ചെന്നൈയിലാണ് താമസം. ദുബായിൽ അരാമെക്സ് കമ്പനിയിൽ

ലോജിസ്റ്റിക് ആയി ജോലി ചെയ്യുന്നു. ആലുവ കാരേക്കാട്ടിൽ പോൾസൻ മകൾ ഡോ. ജാൻസി (MSc, Phd)യെ വിവാഹം ചെയ്തു. നാഷണൽ ബയോഡൈവേഴ്സിറ്റി അഥോറിറ്റിയിൽ സയന്റിസ്റ്റായി ജോലിചെയ്യുന്നു. ഇവർക്ക് ഒരു മകൻ. ജോഷ് നെബു കുര്യാക്കോസ്.

**IB-2b2b. തടവനാൽ കുര്യൻ കുര്യൻ മകൻ ജോർജ് കുര്യൻ**

കുര്യന്റെ രണ്ടാമത്തെ മകനാണ് ജോർജ് M.A. ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥനായിരുന്നു. അമയന്നൂർ പാലയ്ക്കൽ സാറാമ്മയെ MSc, BEd.(പാല ഗവ. ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലായിരുന്നു) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. സിറിയക് (കുര്യൻ), തോമസ് (തോമാച്ചൻ).

**IB-2b2b-1. തടവനാൽ ജോർജ് മകൻ സിറിയക് (കുര്യൻ)**

ജോർജിന്റെ മൂത്തമകനാണ് സിറിയക് MBBS, MD. തൊടുപുഴ ഇടുക്കി ജില്ലാ ആശുപത്രിയിൽ സൈക്യാട്രിസ്റ്റായി ജോലി ചെയ്യുന്നു. ഭാര്യ ഡോ. അനു MBBS, MS കോലഞ്ചേരി പനച്ചിയിൽ ചെറിയാൻ സാറാമ്മ ദമ്പതികളുടെ മകളാണ്. പാലാ കാർമ്മൽ ആശുപത്രയിൽ ഗൈനക്കോളജിസ്റ്റായി സേവനം ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. സാറാ സിറിയക്, അന്ന സിറിയക്.

**IB-2b2b-2. തടവനാൽ ജോർജ് മകൻ തോമസ് (തോമാച്ചൻ)**

ജോർജിന്റെ ഇളയമകനാണ് തോമസ് MTech. ചങ്ങനാശ്ശേരി കാഞ്ഞിരത്തിങ്കൽ സന്തോഷ് JKVയുടെ മകൾ രേണു BTech ആണ് ഭാര്യ. ഇരുവരും ജർമ്മനിയിൽ എഞ്ചിനീയറന്മാരാണ്.

**B-2b2c. തടവനാൽ കുര്യൻ കുര്യൻ മകൻ റ്റി.കെ. ജോസഫ്**

കുര്യന്റെ മൂന്നാമത്തെ മകനാണ് ജോസഫ് BA. എറണാകുളം ചേരാനല്ലൂരാണ് താമസം. കൂനമ്മാവ് കളത്തിപ്പറമ്പിൽ ആനീസിനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. വില്യം BCom, മരിയ MSc. വില്യം ദുബായിയിൽ ജോലിചെയ്യുന്നു. മരിയ കമ്പ്യൂട്ടർ എഞ്ചിനീയറാണ്.

**IB-2b2d. തടവനാൽ കുര്യൻ കുര്യൻ മകൻ സണ്ണി (മത്തായി)**

കുര്യന്റെ നാലാമത്തെ മകനാണ് സണ്ണി കുര്യൻ. തൊടുപുഴ ഇളംദേശത്താണ് താമസം. കോടഞ്ചേരി ഇടവക അഞ്ചേരി തോമസ്

മകൾ ബീനയെ വിവാഹം ചെയ്തു. ഈ ദമ്പതികളുടെ ഏകമക ളാണ് അന്നാ മെർലിൻ സണ്ണി. വിദ്യാർത്ഥിനിയാണ്.

**IB-2c. തടവനാൽ മത്തായി കുര്യൻ മകൻ വർക്കി**

മത്തായി കുര്യന്റെ മൂന്നാമത്തെ മകനാണ് വർക്കി BA. അവി വാഹിതനായിരുന്നു. ജനനം 15-9-1926. മരണം 7-11- 2014. തിട നാട് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

**IB-2d. തടവനാൽ മത്തായി കുര്യൻ മകൻ ചാക്കോച്ചൻ**

മത്തായി കുര്യന്റെ നാലാമത്തെ മകനാണ് ചാക്കോച്ചൻ. മല യിഞ്ചിപ്പാറ ഇടവക മേക്കലാത്ത് ജോസഫ് മകൾ വത്സമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് ആണും രണ്ട് പെണ്ണും. പ്രിൻസ്, ജോബിൻ എന്നിവരാണ് ആൺമക്കൾ. ബെറ്റി, രഞ്ചു എന്നിവർ പെൺമക്കളും. ബെറ്റിയെ താമരശ്ശേരി ഇടവക മൈലള്ളുംപാറ പുതുപ്പാടി കുമ്പുളുവേലിൽ സിറിയക് (ജോ ജോ) വിവാഹം ചെയ്തു. ഇളയ മകൾ രഞ്ചുവിനെ ഇടമറുക് ഇട വക പറയംകുഴിയിൽ ബേബിച്ചൻ വിവാഹം ചെയ്തു.

**IB-2d1. തടവനാൽ ചാക്കോച്ചൻ മകൻ പ്രിൻസ്**

ചാക്കോച്ചന്റെ രണ്ട് ആൺ മക്കളിൽ മൂത്ത മകനാണ് പ്രിൻസ്. കാഞ്ഞിരമറ്റം ആലുങ്കൽ കരോട്ട് കുടുംബാംഗം സീനായാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. അലൻ ജേക്കബ് പ്രിൻസ്, ആൽവിൻ ജേക്കബ് പ്രിൻസ്. കുടുംബസമേതം ഓസ്ട്രേലിയയിൽ മെൽബണിൽ സ്ഥിര താമസം.

**IB-2d2. തടവനാൽ ചാക്കോച്ചൻ മകൻ ജോബിൻ**

ചാക്കോച്ചന്റെ രണ്ടാമത്തെ മകനാണ് ജോബിൻ. കോതമം ഗലം ഭൂതത്താൻകെട്ട് തകിടിയേൽ ജോസിന്റെ മകൾ ലിബിയാണ് ഭാര്യ. രണ്ട് പെൺമക്കൾ. സേറാ എലിസബത്ത് ജോബിനും ഇസ്രാ എലിസബത്ത് ജോബിനും. സൗദിയിൽ ജോലി ചെയ്യുന്നു.

**IC മൂഴിയാങ്കൽ തടവനാൽ മാത്യു മത്തായി മകൻ വർക്കി**

മാത്യു മത്തായിയുടെ മൂന്നാമത്തെ മകനാണ് വർക്കി. അരു വിത്തുറ ഇടവക തട്ടാംപറമ്പിൽ സ്കറിയാ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നാണും നാല് പെൺമ

ക്കളുമടക്കം ഏഴ് മക്കൾ. മത്തായി, സ്കറിയാ, വർക്കി എന്നിവരാണ് ആൺമക്കൾ. മറിയം, ഏലി, ത്രേസ്യാ, അന്നമ്മ എന്നിവർ പെൺമക്കളും. മൂത്ത മകളായ മറിയത്തെ ഭരണങ്ങാനം വലിയപറമ്പിൽ ദേവസ്യായും രണ്ടാമത്തെ മകളായ ഏലിക്കുട്ടിയെ പൂഞ്ഞാർ ഞരളയ്ക്കാട്ട് തോമസും വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ ത്രേസ്യാ (സി. സൈമൺ) ക്ലാരിസ്റ്റ് സഭയിൽ സന്ന്യസ്തയായിരുന്നു. 22-03-2014-ൽ നിര്യാതയായി. കുടമാളൂർ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. നാലാമത്തെ മകൾ അന്നക്കുട്ടിയെ ഭരണങ്ങാനം പാറൻകുളങ്ങര തോമസ് വിവാഹം ചെയ്തു.

## IC-1. തടവനാൽ വർക്കി മകൻ മത്തായി

വർക്കിയുടെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് മത്തായി. അമ്പാറനിരപ്പേൽ തെങ്ങണാക്കുന്നേൽ മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് പതിനൊന്ന് മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. ജോർജ്, മത്തായി, ജോൺ, ജോസ്, സെബാസ്റ്റ്യൻ, റ്റോമി എന്നിവരാണ് ആൺമക്കൾ. ചിന്നമ്മ, ഏലമ്മ, തെയ്യാമ്മ, ഫിലോ, സിസ്സിലി എന്നിവർ പെൺമക്കളും.

മൂത്തമകൾ ചിന്നമ്മ ക്ലാരിസ്റ്റ് മഠാംഗമാണ്. കുടമാളൂർ FCC കോൺവെന്റിലാണ്. രണ്ടാമത്തെ മകൾ ഏലമ്മയെ പാലക്കാട് കല്ലടിക്കോട് കുന്നേമുറിയിൽ മാത്യുവും തെയ്യാമ്മയെ കരിപ്പലങ്ങാട്ട് അഞ്ചാനിക്കൽ ജോർജും ഫിലോയെ കടനാട് തോണിക്കുഴി തോമസും വിവാഹം ചെയ്തു. ഇളയമകൾ സിസിലിയെ അറക്കുളം കളരിപ്പറമ്പിൽ കുരുവിള മകൻ ബേബിയും വിവാഹം കഴിച്ചു.

## IC-1a. തടവനാൽ മത്തായി മകൻ ജോർജ്

മത്തായിയുടെ മൂത്ത മകനാണ് ജോർജ് BSc, BEd. ഭീമനടി ഇടവക തലാപ്പള്ളിൽ കുട്ടിയമ്മയാണ് ഭാര്യ. ഇരുവരും കിളിയന്തറ ഹൈസ്കൂൾ അധ്യാപകരായിരുന്നു. ഇരിട്ടി കിളിയന്തറയിലാണ് താമസം. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് ആണും രണ്ട് പെണ്ണും. ലിജി, അനുജ, പ്രിൻസ്, എഡ്വിൻ എന്നിവരാണ് മക്കൾ. മൂത്ത മകൾ ലിജിയെ കാക്കനാട് കുറുവന്താനത്ത് ടോമി. കെ. ജോസും രണ്ടാമത്തെ മകൾ അനുജയെ വൈറ്റില തളിക്കപ്പട്ടം നെയ്യാരപള്ളിൽ ഐസക്കും വിവാഹം ചെയ്തു.

## IC-1a1. തടവനാൽ ജോർജ് മകൻ പ്രിൻസ്

ജോർജിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് പ്രിൻസ്. ചിറ്റാരിക്കാൽ തുണിയമ്പ്രായിൽ തോമസ് ലിസി മകൾ ജൂലിയായെ വിവാഹം ചെയ്തു. ഇരുവരും ബാംഗ്ലൂരിൽ സോഫ്റ്റ് വെയർ എഞ്ചി നീയറന്മാരായി ജോലിചെയ്യുന്നു.

## IC-1a2. തടവനാൽ ജോർജ് മകൻ എഡ്വിൻ

ജോർജിന്റെ രണ്ടാമത്തെ മകനാണ് എഡ്വിൻ. താമരശ്ശേരി ഈങ്ങാപ്പുഴ തേവടിയിൽ ജോണി തങ്കമ്മ മകൾ നീനുവിനെ വിവാഹം ചെയ്തു. ഇരുവരും ബാംഗ്ലൂരിൽ സോഫ്റ്റ് വെയർ എഞ്ചി നീയറന്മാരായി ജോലിചെയ്യുന്നു.

## IC-1b. തടവനാൽ മത്തായി മകൻ മത്തായി (ഫാ. മാത്യു തടവനാൽ)

മത്തായിയുടെ രണ്ടാമത്തെ മകനാണ് ഫാ. മാത്യു തടവനാൽ. ഇൻഡോർ രൂപത വികാരി ജനറാളായിരുന്നു.

## IC-1c. തടവനാൽ മത്തായി മകൻ ജോൺ

മത്തായിയുടെ മൂന്നാമത്തെ മകനാണ് ജോൺ. കലയന്താനി ഇടവക തയ്യിൽ ഏലിയാമ്മയെ വിവാഹം ചെയ്തു. ജോൺ–ഏലി യാമ്മ ദമ്പതികൾക്ക് അഞ്ച് മക്കൾ. ലിനി, ഷീന, സരിത എന്നീ മൂന്ന് പെൺ മക്കളും, സോജൻ, റോഷൻ എന്നീ രണ്ട് ആൺ മക്കളും. മൂത്ത മകൾ ലിനിയെ കാലടി ശ്രീമൂലനഗരം നെടുംതളിയിൽ മാത്യുവും രണ്ടാമത്തെ മകൾ ഷീനയെ കാരൂർ ചിറ്റിലപ്പള്ളി ജോബിയും മൂന്നാമത്തെ മകൾ സരിതയെ കൊരട്ടി നാടുകെട്ട് പതി പ്പറമ്പിൽ മനോജും വിവാഹം ചെയ്തു. ചാലക്കുടിയിലാണ് താമസം.

## IC-1c. തടവനാൽ ജോൺ മകൻ സോജൻ

ജോണിന്റെ മൂത്ത മകനാണ് സോജൻ. ചാലക്കുടി കോട്ടാറ്റ് കണ്ണൂക്കാടൻ ജിബിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ടാണും ഒരു പെണ്ണും. ജോൺ, ജോസ്, പ്രിയ.

## IC-1c2. തടവനാൽ ജോൺ മകൻ റോഷൻ

തടവനാൽ ജോണിന്റെ രണ്ടാമത്തെ മകനാണ് റോഷൻ. നെന്മാറ കുറ്റിയാങ്കൽ തങ്കച്ചൻ മകൾ ചിഞ്ചുവിനെ വിവാഹം ചെയ്തു. ഏകമകൻ ബിജോൺ.

## IC-1d. തടവനാൽ മത്തായി മകൻ ജോസ് (ഫാ. ജോസ് തടവനാൽ S.J)

മത്തായിയുടെ നാലാമത്തെ മകനാണ് ജോസ്. ജസ്യൂട്ട് വൈദികൻ. പൂനാ പേപ്പൽ സെമിനാരി റെക്ടറായിരുന്നു.

## IC-1e. തടവനാൽ മത്തായി മകൻ സെബാസ്റ്റ്യൻ

മത്തായിയുടെ അഞ്ചാമത്തെ മകനാണ് സെബാസ്റ്റ്യൻ M.P.E. എറണാകുളം സെന്റ് ആൽബർട്ട്സ് കോളജിൽ പ്രൊഫസറായിരുന്നു. എറണാകുളം കച്ചേരിപ്പടി മരവെട്ടിയ്ക്കൽ ജെസ്സിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ. അമിത്, അനിൽ.

## IC-1e1. തടവനാൽ സെബാസ്റ്റ്യൻ മകൻ അമിത്

സെബാസ്റ്റ്യന്റെ മൂത്ത് മകനാണ് അമിത്. അയ്യപ്പൻ കാവ്, കുമരം വഞ്ചിത്താറ്റിൽ സോണായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ. അന്നിക.

## IC-1e2. തടവനാൽ സെബാസ്റ്റ്യൻ മകൻ അനിൽ

സെബാസ്റ്റ്യന്റെ ഇളയ മകനാണ് അനിൽ. എറണാകുളം കടുകൻമാക്കൽ ജോളി– ജെന്നി ദമ്പതികളുടെ മകൾ ലീനയെ വിവാഹം ചെയ്തു. ഏക മകൻ ലൂക്കാ.

## IC-1f. തടവനാൽ മത്തായി മകൻ റ്റോമി

മത്തായിയുടെ ആറാമത്തെ മകനാണ് റ്റോമി. അവിവാഹിതനായിരുന്നു. നിര്യാതനായി.

## IC-2. തടവനാൽ മത്തായി വർക്കി മകൻ സ്കറിയാ

വർക്കിയുടെ രണ്ടാമത്തെ മകനാണ് സ്കറിയാ. ഇടപ്പാടി വേലംകുന്നേൽ ഔസേപ്പ് മകൾ ഏലിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ അന്നക്കുട്ടി MA. ചേർത്തല സെന്റ് മൈക്കിൾ കോളേജ് പ്രൊഫസറായിരുന്നു. അന്നക്കുട്ടിയെ ചേർത്തല ഇടയിലവീട്ടിൽ ജോസ് വിവാഹം ചെയ്തു. സ്കറിയാ-ഏലി ദമ്പതികളുടെ ഏകമകൾ അന്നക്കുട്ടിയുടെ ജനനത്തോടെ ഏലി മരിച്ചു. തുടർന്ന് സ്കറിയാ തുടങ്ങനാട്, പടിഞ്ഞാറേൽ മേരിയെ വിവാഹം ചെയ്തു. സ്കറിയായ്ക്ക് തന്റെ രണ്ടാം വിവാഹത്തിൽ മേരിയിൽ പത്ത് കുട്ടികൾ ജനിച്ചു. ആറ് പെൺമക്കളും നാല് ആൺമക്കളും.

ഗ്രേസി, ലിസി, സെലിൻ, മേഴ്സി, എൽസി, ജെസി എന്നിവരാണ് പെൺമക്കൾ. ജിയോ, ജിജി, ജിൻസ്, ജിമ്മി എന്നിവർ ആൺമക്കളും.

മൂത്ത മകൾ ഗ്രേസിയെ ഇളംദേശം ഞരളക്കാട്ട് ജോണിയും രണ്ടാമത്തെ മകളായ ലിസിയെ പാറത്തോട് മുളയ്ക്കൽ ആന്റണിയും മൂന്നാമത്തെ മകളായ സെലിനെ ചേന്നാട് പേഴത്തുംമൂട്ടിൽ സെബാസ്റ്റ്യനും നാലാമത്തെ മകളായ മേഴ്സിയെ കോടികുളം ഇലഞ്ഞിക്കൽ പോളും അഞ്ചാമത്തെ മകളായ എൽസിയെ പാലക്കാട് കല്ലടിക്കോട് കുന്നേമുറിയിൽ തോമസും ആറാമത്തെ മകളായ ജെസ്സിയെ ആയവന കുറുവക്കാട്ട് ടോമിയും വിവാഹം ചെയ്തു.

## IC-2a. തടവനാൽ സ്കറിയാ മകൻ ജിയോ

സ്കറിയായുടെ നാല് ആൺ മക്കളിൽ മൂത്ത മകനാണ് ജിയോ. വാഴക്കുളം ബസ്ലഹം ഇടവക വെട്ടിയാങ്കൽ ഷൈനിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് ആണും ഒരു മകളും. സിറിൾ, ആന്റണി, ഇമ്മാനുവേൽ എന്നീ ആൺമക്കളും റോസ്മേരി എന്ന മകളും.

## IC-2b. തടവനാൽ സ്കറിയാ മകൻ ജിജി

സ്കറിയായുടെ രണ്ടാമത്തെ മകനാണ് ജിജി. നീലൂർ കുറുന്താനത്ത് ദേവസ്യാ-റോസ ദമ്പതികളുടെ മകൾ ജെസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജിസ് മരിയ, ജിബിൻ.

## IC-2c. തടവനാൽ സ്കറിയാ മകൻ ജിൻസ്

സ്കറിയായുടെ മൂന്നാമത്തെ മകനാണ് ജിൻസ്. കരിമണ്ണൂർ കൊടുവേലി കളപ്പുരയ്ക്കൽ ജോസഫ് - മേരി ദമ്പതികളുടെ മകൾ ജെസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. മെർളിൻ, അഞ്ജലി, അനൂപ.

## IC-2d. തടവനാൽ സ്കറിയാ മകൻ ജിമ്മി

സ്കറിയായുടെ ഇളയ മകനാണ് ജിമ്മി. മാൻവെട്ടം തലോടി തോമസ്-ആനിയമ്മ മകൾ ബിനി റോസിനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. റൂബി, എമിലി, ആൽഫി, സോഫി. സകുടുംബം ഓസ്ട്രേലിയായിലാണ്.

## IC-3. തടവനാൽ മത്തായി വർക്കി മകൻ വർക്കി

തടവനാൽ മത്തായി വർക്കിയുടെ മൂന്നാമത്തെ മകനാണ് വർക്കി. തിടനാട് പുറത്തേമുതുക്കാട്ടിൽ മറിയക്കുട്ടിയെ വിവാഹം ചെയ്തു. റോയൽ ഇന്ത്യൻ ആർമിയിൽ ബർമ്മയിൽ സേവനമനുഷ്ഠിച്ചു. രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. വർക്കി -മറിയക്കുട്ടി ദമ്പതികൾക്ക് ആറ് മക്കൾ. അന്നക്കുട്ടി, മേരി, ലില്ലി, മോളി എന്നീ നാല് പെൺമക്കളും, ബാബു, ജോയി എന്നീ രണ്ട് ആൺ മക്കളും. മൂത്തമകൾ അന്നക്കുട്ടിയെ ഇടുക്കി വാഴത്തോപ്പ് കിഴക്കേക്കര കെ.സി. ജോർജ് (Rtd.AEO) വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മേരിയെ നീലൂർ പ്ലാശനാൽ പ്രിൻസും മൂന്നാമത്തെ മകൾ ലില്ലിയെ അറക്കുളം മൈലാടൂർ ജോസും നാലാമത്തെ മകൾ മോളിയെ കല്ലൂർക്കാട് കോട്ടൂർ ഫ്രാൻസിസും വിവാഹം ചെയ്തു.

## IC-3a. തടവനാൽ വർക്കി മകൻ ബാബു

വർക്കിയുടെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ബാബു. വെള്ളിയാമറ്റം, കൊച്ചുമറ്റം ചെറിയാൻ ഏലിക്കുട്ടി മകൾ കൊച്ചുറാണിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ജിന്റോ, ജെറിൻ. ജിന്റോ എറണാകുളം ഇൻഫോപാർക്കിലും ജെറിൻ കാനഡയിലും എഞ്ചിനീയറന്മാരായി ജോലിചെയ്യുന്നു.

## IC-3b. തടവനാൽ വർക്കി മകൻ ജോയി

വർക്കിയുടെ ഇളയമകനാണ് ജോയി. കോടിക്കുളം വെള്ളിമൂഴയിൽ ജോസഫ്-അന്നമ്മ മകൾ സോളിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. മരിയറ്റ് എന്ന മകളും ടോണി എന്ന മകനും. മരിയറ്റ് സൗദിയിൽ സ്റ്റാഫ് നഴ്സായി ജോലിചെയ്യുന്നു. ടോണി എം.കോം. വിദ്യാർത്ഥിയാണ്.

## II. മൂഴിയാങ്കൽ തടവനാൽ മാത്യു മകൻ ചാക്കോ

മാത്യുവിന്റെ രണ്ടാമത്തെ മകനാണ് ചാക്കോ. മണിയംകുന്നേൽ പുളിക്കൽ അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെണ്ണും ഒരാണും. മറിയം, അന്ന, ഏലി എന്നിവരാണ് പെൺ മക്കൾ. ഏക മകൻ ഔസേപ്പ്.

മൂത്ത മകൾ മറിയത്തെ പ്ലാശനാൽ ഇടവക വടക്കേചിറയത്ത് വിവാഹം ചെയ്തയച്ചു. അന്നയെ വിളക്കുമാടം ഇടവക തെക്കേ

ക്കുറ്റും. ഏലിയെ പൂഞ്ഞാർ ഇടവക മങ്ങാട്ട് തൊമ്മനും വിവാഹം ചെയ്തു.

## II A. തടവനാൽ ചാക്കോ മകൻ ഔസേപ്പ്

തടവനാൽ ചാക്കോയുടെ ഏക മകനാണ് ഔസേപ്പ്. ഇടമറ്റം ഇടവക നരിതൂക്കിൽ ത്രേസ്യായെ വിവാഹം കഴിച്ചു. ഈ ദമ്പതി കൾക്ക് ഒരു മകനും ഏഴ് പെൺമക്കളുമടക്കം എട്ട് മക്കൾ. ചാക്കോ യാണ് ഏക മകൻ. അന്നമ്മ, മാമ്മി, കുഞ്ഞേലി, അന്നക്കുട്ടി, കുഞ്ഞു റോത, വേറോനിക്ക, ജസീന്ത എന്നിവർ പെൺമക്കളും.

മൂത്ത മകൾ അന്നമ്മ ക്ലാരിസ്റ്റ് സഭാംഗമായിരുന്നു. നിര്യാത യായി, മണിയംകുന്ന് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. രണ്ടാ മത്തെ മകളായ മാമ്മിയെ മക്കിയാട്(വയനാട്), ചിറയിൽ ജോസഫും, മൂന്നാമത്തെ മകൾ കുഞ്ഞേലിയെ രാമപുരം ഇടവക അഴികണ്ണി ക്കൽ അബ്രാഹവും നാലാമത്തെ മകൾ അന്നക്കുട്ടിയെ മുട്ടം ഇട വക എംബ്രയിൽ ജോസഫും അഞ്ചാമത്തെ മകൾ കുഞ്ഞറോതയെ അരുവിത്തുറ ഇടവക കവളംമാക്കൽ ചാണ്ടിയും വിവാഹം ചെയ്തു. (കുഞ്ഞുറോതയുടെ ഇളയപുത്രനാണ് സെൻട്രൽ ലോ യൂണിവേ ഴ്സിറ്റി വൈസ്ചാൻസലർ ഡോ.കെ.സി സണ്ണി LLM, Phd). ആറാ മത്തെ മകളായ വേറോനിക്ക ക്ലാരിസ്റ്റ് സഭാംഗമാണ്. നിര്യാതയായി പെരിങ്ങളം തിരുഹൃദയപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഏഴാമത്തെ മകളാണ് ജസീന്ത. ക്ലാരിസ്റ്റ് സഭാംഗമായിരുന്നു. നിര്യാ തയായി. സി. ജസീന്തയെ അമ്പാറനിരപ്പേൽ സെന്റ് ജോൺസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## II A-1. തടവനാൽ ഔസേപ്പ് മകൻ ചാക്കോ

ഔസേപ്പിന്റെ ഏകമകനാണ് ചാക്കോ. അരുവിത്തുറ ഇടവക ഇടയാടിയിൽ മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. മൂന്ന് പെണ്ണും രണ്ടാണും. തെയ്യാമ്മ, അച്ചാമ്മ, മേരി എന്നിവരാണ് പെൺമക്കൾ. ജോസ്, ബേബി എന്നിവർ ആൺ മക്കളും. മൂത്ത മകൾ തെയ്യാമ്മയെ ചൂണ്ടച്ചേരി ഇടവക പുതു പ്പള്ളി വീട്ടിൽ തോമസും രണ്ടാമത്തെ മകൾ അച്ചാമ്മയെ വാഴ ക്കുളം ഇടവക കല്ലിങ്കൽ മാത്യുവും മൂന്നാമത്തെ മകൾ മേരിയെ കുറിച്ചി ഇടവക മുള്ളൻകുഴിയിൽ ബേബിച്ചനും വിവാഹം ചെയ്തു.

## II A-1a. തടവനാൽ ചാക്കോ മകൻ ജോസ് ജേക്കബ്

ചാക്കോയുടെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ജോസ് ജേക്കബ്. ഏറ്റുമാനൂർ പേമലയിൽ സീനയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജിതിൻ എന്ന മകനും, ശിൽപാ മരിയാ ജോസ് (MCom) എന്ന മകളും. ഷെഡ്യൂൾഡ് ബാങ്ക് ഉദ്യോഗസ്ഥ യാണ്.

## II A-1a1. തടവനാൽ ജോസ് മകൻ ജിതിൻ

ജോസിന്റെ ഏകമകനാണ് ജിതിൻ ജോസ് (MBA) കളമേശ്ശേരി DHL-ൽ ഓഫീസറായി ജോലിചെയ്യുന്നു. കുറവിലങ്ങാട് ഈഴം കുന്നേൽ ജോസഫ് മകൾ ആഷ്‌ലിൻ ആണ് ഭാര്യ. എറണാകുളം ഇൻഫോപാർക്കിൽ ഉദ്യോഗസ്ഥയാണ്. ഈ ദമ്പതികൾക്ക് ഒരു മകൾ. ജോവാൻ മറിയം ജിതിൻ.

## II A-1b. തടവനാൽ ചാക്കോ മകൻ ബേബി ജേക്കബ്

ചാക്കോയുടെ രണ്ടാമത്തെ മകനാണ് ബേബി. പിഴക് കരിപ്പാകുടിയിൽ ലില്ലിയെ വിവാഹം ചെയ്തു. ബേബി-ലില്ലി ദമ്പതികൾക്ക് രണ്ട് മക്കൾ. സ്നോ മേരി എന്ന മകളും അലൻ (ചാക്കോ) എന്ന മകനും. സ്നോ മേരിയെ കല്ലൂർക്കാട് ഇടവക നെടുംകല്ലേൽ ജോൺ വിവാഹംചെയ്തു. അലൻ എഞ്ചിനീയറിംഗ് വിദ്യാർത്ഥി യാണ്.

# 4

# കല്ലോലിൽ

തടവനാൽ മാത്യുവിന്റെ മൂന്നാമത്തെ മകനായ തൊമ്മൻ ഈരാറ്റുപേട്ട കാഞ്ഞിരപ്പള്ളി റൂട്ടിൽ കല്ലോലിൽ പുരയിടം വാങ്ങി താമസമാരംഭിച്ചു. തുടർന്ന് കല്ലോലിൽ എന്ന വീട്ടുപേരിൽ അറിയപ്പെടാൻ തുടങ്ങി. ഈ സ്ഥലം പിന്നീട് ഇളയമകൻ ദേവസ്യായ്ക്ക് വീതമായി നൽകി. വിളക്കുമാടം ഇടവക തെക്കേക്കുറ്റ് മറിയത്തെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് പെൺമക്കളും മൂന്ന് ആൺമക്കളും. ഏലി, മാമ്മി എന്നിവരാണ് പെൺമക്കൾ. മത്തായി, ഔസേപ്പ്, ദേവസ്യാ എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ ഏലിയെ വിളക്കുമാടം ഇടവക നടയിൽ ഔസേപ്പ് വിവാഹം ചെയ്തു. ഇളയമകൾ മാമ്മിയെ പൈക തെക്കേൽ വിവാഹം ചെയ്തയച്ചു.

## I. കല്ലോലിൽ തൊമ്മൻ മകൻ മത്തായി

തൊമ്മന്റെ മൂത്തമകനാണ് മത്തായി. പൈക ഇടവക പാമ്പ്ലാനിയിൽ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. ആറ് പെൺമക്കളും, രണ്ട് ആൺമക്കളും. തൊമ്മൻ, പാപ്പച്ചൻ എന്നിവരാണ് ആൺമക്കൾ. മാമ്മി, അന്നക്കുട്ടി, ത്രേസ്യാമ്മ, ഏലിയാമ്മ, റോസമ്മ, ചിന്നമ്മ (ഇത്താമ്മ) എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ മാമ്മിയെ കുറുമണ്ണ് കദളിയിലും, രണ്ടാമത്തെ മകൾ അന്നക്കുട്ടിയെ അരുവിത്തുറ കണ്ടത്തിൻകര ദേവസ്യായും, മൂന്നാമത്തെ മകൾ ത്രേസ്യാമ്മയെ കളത്തൂക്കടവ് താഴത്തുപറമ്പിൽ കുഞ്ഞും, നാലാമത്തെ മകൾ ഏലിക്കുട്ടിയെ മേലുകാവ് അടുപ്പുകല്ലിങ്കൽ കുഞ്ഞേപ്പും, അഞ്ചാമത്തെ മകൾ റോസമ്മയെ പൊൻകുന്നം ഈരൂരിക്കൽ വർക്കിച്ചനും, ഇളയമകൾ ചിന്നമ്മയെ തമ്പലക്കാട് വെട്ടത്ത് കുറുവച്ചനും വിവാഹം ചെയ്തു.

## IIA. കല്ലോലിൽ ഔസേപ്പ് മകൻ ജോസഫ് (കുട്ടി)

ഔസേപ്പിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ജോസഫ് BSc(Eng). കുന്നോന്നി ആലാനിക്കൽ എൽസിയെ വിവാഹം ചെയ്തു. ജോസഫ് ഗുജറാത്ത് ഇലക്ട്രിക്സിറ്റി ബോർഡിൽ എക്സി ക്യൂട്ടീവ് എഞ്ചിനീയറായിരുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഷേർളി (അന്ന) എന്ന മകളും, ജോമോൻ എന്ന മകനും. ഷേർളിയെ കട്ടപ്പന പുളിക്കൽ സോബി വിവാഹം ചെയ്തു.

## IIA.1. കല്ലോലിൽ ജോസഫ് (കുട്ടി) മകൻ ഡോ. ജോമോൻ

ജോസഫിന്റെ ഏകമകനാണ് ജോമോൻ MBBS, MD. സോണി യാണ് ഭാര്യ. ജോമോൻ ഭരണങ്ങാനം മേരിഗിരി ഹോസ്പിറ്റലിൽ പീഡിയാട്രീഷൻ ആണ്. പൈക, വളയത്തിൽ ചാക്കോ ത്രേസ്യാ മകൾ ഡോ. സോണി MBBS, MS.നെ വിവാഹം കഴിച്ചു. കോട്ടയം മെഡിക്കൽ കോളജിൽ ഗൈനക്കോളജിസ്റ്റായി സേവനംചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. അരവിന്ദ് (ജോസഫ്), റ്റോം (ജേക്കബ്). ഇരുവരും വിദ്യാർത്ഥികളാണ്.

## IIB. കല്ലോലിൽ ഔസേപ്പ് മകൻ ജോർജ് (പാപ്പച്ചൻ)

ഔസേപ്പിന്റെ രണ്ടാമത്തെ മകനാണ് ജോർജ് MA. കാഞ്ഞിര പ്പള്ളിൽ കിഴക്കേതലയ്ക്കൽ ഗ്രേസിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളും ഒരു മകളും. ജീസൻ (ജോസ ഫ്), ജോപ്പൻ (ഡൊമിനിക്) എന്നിവരാണ് ആൺമക്കൾ. പൊന്നു (അന്ന) എന്ന മകളും. പൊന്നു വിദ്യാർത്ഥിനിയാണ്.

## IIB.1. കല്ലോലിൽ ജോർജ് (പാപ്പച്ചൻ) മകൻ ജീസൻ

ജോർജിന്റെ മൂത്തമകനാണ് ജീസൻ. മുട്ടാർ പുത്തൻപുര യ്ക്കൽ പി.എസ്.ഈപ്പൻ-റോസമ്മ മകൾ സീമയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഒരു മകനും രണ്ട് പെൺമക്കളും. റോഷൻ (ജോർജ്) ആണ് മകൻ. റിയ (അന്ന), റീമ (റോസ്) എന്നിവർ പെൺമക്കളും. മൂവരും വിദ്യാർത്ഥികളാണ്.

## IIB.2. കല്ലോലിൽ ജോർജ് (പാപ്പച്ചൻ) മകൻ ജോപ്പൻ

ജോർജിന്റെ രണ്ടാമത്തെ മകനാണ് ജോപ്പൻ. കണ്ണൂർ ആല ക്കോട് കുളമാംകുഴിയിൽ സുജയെ വിവാഹം ചെയ്തു. ഇവർ

കുടുംബസമേതം ഓസ്ട്രേലിയായിൽ ആണ്. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. ഒരു മകനും ഒരു മകളും. ക്ലോയിയാണ് മകൾ. ജോർജ് മകനും.

## III. കല്ലോലിൽ തൊമ്മൻ മകൻ ദേവസ്യാ

തൊമ്മന്റെ ഇളയമകനാണ് ദേവസ്യാ. പ്ലാത്തോട്ടത്തിൽ മേരിയാണ് ഭാര്യ. ഇവർക്ക് ഏഴു മക്കൾ. നാല് ആൺമക്കളും മൂന്ന് പെൺമക്കളും. വർക്കി (പാപ്പച്ചൻ), ഔസേപ്പച്ചൻ, തൊമ്മൻ, കുഞ്ഞ് (ദേവസ്യാ) എന്നിവരാണ് ആൺമക്കൾ. മറിയാമ്മ, ഏലി (അച്ചാമ്മ), അന്ന എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ മറിയാമ്മയെ ഇടമറുക് കൂട്ടുങ്കൽ ലൂക്കോസും, രണ്ടാമത്തെ മകൾ ഏലി(അച്ചാമ്മ)യെ തീക്കോയി കൊല്ലംപറമ്പിൽ കുഞ്ഞും, ഇളയമകൾ അന്നയെ തിടനാട് പാതാഴ, പനയ്ക്കക്കുഴി പാപ്പച്ചനും വിവാഹം ചെയ്തു.

## IIIA. കല്ലോലിൽ ദേവസ്യാ മകൻ വർക്കി (പാപ്പച്ചൻ)

ദേവസ്യായുടെ മൂത്തമകനാണ് വർക്കി. ഭരണങ്ങാനം കുന്നേൽപുരയിടം തങ്കമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. അഞ്ച് ആൺമക്കളും ഒരു മകളും. ഷാജൻ (ജോസഫ്), സുനിൽ (സെബാസ്റ്റ്യൻ), അനിൽ(വർക്കി), ദിലീപ് (മത്തായി), ആൽബി(ഇമ്മനുവേൽ) എന്നിവരാണ് ആൺമക്കൾ. സ്വപ്ന മകളും. സ്വപ്നയെ പാലക്കാട് കാഞ്ഞികുളം പരവരാകത്ത് ബേബി വിവാഹം ചെയ്തു.

## IIIA.1. കല്ലോലിൽ വർക്കി മകൻ ഷാജൻ (ജോസഫ്)

വർക്കിയുടെ മൂത്തമകനാണ് ഷാജൻ. ആലപ്പുഴ തത്തംപള്ളി വാളംപറമ്പിൽ ടെസ്സിയാണ് ഭാര്യ. ഭരണങ്ങാനത്താണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോർജ് എന്ന മകനും, മരിയ എന്ന മകളും. ഇരുവരും വിദ്യാർത്ഥികളാണ്.

## IIIA.2. കല്ലോലിൽ വർക്കി മകൻ സുനിൽ (സെബാസ്റ്റ്യൻ)

വർക്കിയുടെ രണ്ടാമത്തെ മകനാണ് സുനിൽ. കാവുംകണ്ടം എമ്പ്രയിൽ ബിൻസിയെ വിവാഹം ചെയ്തു. തിരുവനന്തപുരത്താണ് താമസം. ഇവർക്ക് രണ്ട് ആൺമക്കൾ. രോഹൻ (വർക്കി), രോഹിത് (മാത്യു) ഇവർ ഇരട്ടക്കുട്ടികളാണ്.

## IIIA.3. കല്ലോലിൽ വർക്കി മകൻ അനിൽ (വർക്കി)

വർക്കിയുടെ മൂന്നാമത്തെ മകനാണ് അനിൽ. ചങ്ങനാശ്ശേരി കാനാച്ചേരി ബിജിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ദേവൂസ് (ദേവസ്യാ) എന്ന മകനും മാർഷ (കാതറിൻ), ഏയ്ഞ്ചലാ (മറിയം) എന്നീ രണ്ടു പെൺമക്കളും.

## IIIA.4. കല്ലോലിൽ വർക്കി മകൻ ദിലീപ് (മത്തായി)

വർക്കിയുടെ നാലാമത്തെ മകനാണ് ദിലീപ്. ഇടമറ്റം കൂട്ടുമ്മേൽ ജിൻസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. അബ്രാഹം, മിഖായേൽ.

## IIIA.5. കല്ലോലിൽ വർക്കി മകൻ ആൽബി (ഇമ്മാനുവേൽ)

വർക്കിയുടെ ഇളയമകനാണ് ആൽബി. കുടമാളൂർ പന്തലുപറമ്പിൽ ദീപയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് പെൺമക്കളും ഒരു മകനും. എവിയ, സരിയ എന്നിവരാണ് പെൺമക്കൾ. നോവ മകനും.

## III B. കല്ലോലിൽ ദേവസ്യാ മകൻ ഔസേപ്പച്ചൻ

ദേവസ്യായുടെ രണ്ടാമത്തെ മകനാണ് ഔസേപ്പച്ചൻ. പൂഞ്ഞാർ മണിയംകുന്ന്, വെട്ടുമണിക്കൽ ത്രേസ്യാ (തെയ്യാമ്മ)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ആറ് മക്കൾ. അഞ്ച് പെൺമക്കളും, ഒരു മകനും. കുട്ടിയമ്മ, റോസമ്മ, ഷേർളി (അന്നമ്മ), ബീന (ത്രേസ്യാ), ബിൻസി എന്നിവരാണ് പെൺമക്കൾ. ജോയിച്ചൻ(ജോസഫ്) ഏകമകനും. മൂത്തമകൾ കുട്ടിയമ്മ വിവാഹത്തിന് മുമ്പേ മരിച്ചു. രണ്ടാമത്തെ മകൾ റോസമ്മ അവിവാഹിതയാണ്.

മൂന്നാമത്തെ മകൾ ഷേർളി (അന്ന) ആസ്സാമിലെ ടിൻബുകിയയിൽ സന്യസ്തജീവിതം നയിക്കുന്നു. സി. ഷേർളി എന്ന പേരിൽ അറിയപ്പെടുന്നു. നാലാമത്തെ മകൾ ബീനയും ആസ്സാമിലെ ടിൻബുകിയയിൽ സന്യസ്തജീവിതം നയിക്കുന്നു. സി.ബീന എന്ന പേരിൽ അറിയപ്പെടുന്നു. ഇരുവരും MSMHC യിൽ സഭാംഗങ്ങളാണ്. ഇളയമകൾ ബിൻസി(ഏലി)യെ ഇടുക്കി ചക്കിക്കാവ്, കൂട്ടുങ്കൽ ജിമ്മി വിവാഹം ചെയ്തു.

## III B.1. കല്ലോലിൽ ഔസേപ്പച്ചൻ മകൻ ജോയിച്ചൻ (ജോസഫ്)

ഔസേപ്പച്ചന്റെ ഏകമകനാണ് ജോയിച്ചൻ. ചേറ്റുതോട് കണി പറമ്പിൽ ഡെയ്സിയെ വിവാഹം ചെയ്തു. പൂഞ്ഞാറിലാണ് താമ സം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഡോൺ (ജോസഫ്) എന്ന മകനും, ഡോണ തെരേസാ (കൊച്ചുത്രേസ്യാ) എന്ന മകളും. ഇരു വരും വിദ്യാർത്ഥികളാണ്.

## III C. കല്ലോലിൽ ദേവസ്യാ മകൻ തൊമ്മൻ (തോമസ്)

ദേവസ്യായുടെ മൂന്നാമത്തെ മകനാണ് തൊമ്മൻ. ഏറ്റുമാനൂർ ആനാത്ത് തങ്കമ്മയെ വിവാഹം ചെയ്തു. പൂഞ്ഞാറിലാണ് താമ സം. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഒരു മകനും രണ്ട് പെൺമക്ക ളും. ബിജു(ദേവസ്യാ)വാണ് ഏകമകൻ. മിനി, ഹെലൻ എന്നിവർ പെൺമക്കളും. മൂത്തമകൾ മിനിയെ പൂഞ്ഞാർ പനയ്ക്കക്കുഴിയി ലും, ഇളയമകൾ ഹെലൻ(അൽഫോൻസ)നെ മൂന്നിലവ് ചേരിമല യിലും വിവാഹം ചെയ്തയച്ചു.

## III D. കല്ലോലിൽ ദേവസ്യാ മകൻ ഡി. സെബാസ്റ്റ്യൻ (കുഞ്ഞ്)

ദേവസ്യായുടെ ഇളയമകനാണ് കുഞ്ഞ് MA. തൃശൂർ ആല പ്പാട്ട് പാലത്തിങ്കൽ, കാട്ടൂർ മറിയമ്മയെ വിവാഹം ചെയ്തു. കൂത്തു പറമ്പ് നിർമ്മലഗിരി കോളജ് അധ്യാപകനായിരുന്ന കുഞ്ഞ് കുടും ബസമേതം കൂത്തുപറമ്പ് തൊക്കിലങ്ങാടിയിലാണ് താമസം. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഒരു മകനും രണ്ട് പെൺമക്കളും. മഞ്ജു, രഞ്ചു എന്നീ പെൺമക്കളും, സാജു (ജോസഫ്) എന്ന മകനും. മൂത്തമകൾ മഞ്ജു(മറിയം)വിനെ കണ്ണൂർ ആലക്കോട് നെല്ലിപ്പാറ, ഇളയാനിത്തോട്ടത്തിൽ സിബി വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ഡോ. രഞ്ചു MBBS, MD തൃശൂർ ഗവണ്മെന്റ് മെഡിക്കൽ കോള ജിൽ അനസ്ത്തേഷ്യസ്റ്റ് ആയി സേവനം ചെയ്യുന്നു. തൃശൂർ കൊള ന്നൂർ ഡോ. നിക്കി (സേവ്യർ) MSc, Phd ആണ് ഭർത്താവ്. വനംവ കുപ്പിൽ സേവനം അനുഷ്ഠിക്കുന്നു.

## III D.1. കല്ലോലിൽ കുഞ്ഞ് മകൻ സാജു (ജോസഫ്)

കുഞ്ഞിന്റെ ഏക മകനാണ് സാജു. നെസ്റ്റിൽ എഞ്ചിനീയറായി ജോലി ചെയ്യുന്നു. ആഷയാണ് ഭാര്യ. ഹയർ സെക്കണ്ടറി അധ്യാ പികയാണ്. ഈ ദമ്പതികൾക്ക് ഒരു മകൻ, ഷാൻ. വിദ്യാർത്ഥിയാണ്.

# 5

# കൊച്ചുപുരയ്ക്കൽ

ഇഞ്ചക്കാട്ട് തറവാട്ടിലെ അഞ്ചാം തലമുറയിലെ ഇട്ടി അവിരാ ഇഞ്ചക്കാട്ട് തറവാട്ടിൽനിന്നും അരുവിത്തുറപള്ളിയുടെ സമീപം കൊച്ചുപുര മറ്റം ഭാഗത്ത് താമസം തുടങ്ങി. ഇവരുടെ പിൻതലമുറക്കാർ "കൊച്ചുപുരയ്ക്കൽ" എന്ന് അറിയപ്പെടാൻ തുടങ്ങി.

ഇട്ടി അവിരായ്ക്ക് ആറ് മക്കൾ. അഞ്ച് ആൺമക്കളും ഒരു മകളും. ഏക മകൾ മറിയത്തെ രാമപുരത്ത് തുണ്ടത്തിൽ ഔസേപ്പ് വിവാഹം ചെയ്തു. I അവിരാ, II വർക്കി, III തൊമ്മൻ, IV ഇട്ടിരാ, V ദേവസ്യാ എന്നിവരാണ് ആൺമക്കൾ. ആൺമക്കളിൽ വർക്കിയും കുടുംബവും അരുവിത്തുറയിലും, ഇട്ടി അവിരായും കുടുംബവും തീക്കോയി മ്ലാക്കുഴി എന്ന സ്ഥലത്തും പിന്നീട് പൂഞ്ഞാറിലേക്കും താമസമാക്കി. മൂത്തമകൻ അവിരായും ഇളയമകൻ ദേവസ്യായും പൂഞ്ഞാർ കല്ലേക്കുളത്തും താമസമാക്കി. കല്ലേക്കുളത്തു താമസിച്ച കുടുംബങ്ങൾ ഇടുക്കി ചെമ്മണ്ണാറിലേക്ക് കുടിയേറി.

## I. കൊച്ചുപുരയ്ക്കൽ അവിരാ മകൻ അവിരാ

അവിരായുടെ അഞ്ച് ആൺമക്കളിൽ മൂത്തമകനാണ് അവിരാ. അവിരായ്ക്ക് ആറു മക്കൾ. അഞ്ച് ആൺമക്കളും ഒരു മകളും. അവിരാ അവിരാ, ജോസഫ് അവിരാ, അവിരാ വർക്കി, തോമസ് അവിരാ, ജോസഫ് അവിരാ എന്നിവരാണ് ആൺമക്കൾ. ഏകമകൾ അച്ചാമ്മ (മേരി). അച്ചാമ്മയെ പന്നിയാർകുട്ടി കല്ലുംപ്ലാക്കൽ കൊച്ച് വിവാഹം ചെയ്തു.

## IA. കൊച്ചുപുരയ്ക്കൽ അവിരാ മകൻ അവിരാ അവിരാ

അവിരായുടെ മൂത്തമകനാണ് അവിരാ അവിരാ. കാവിപുരയിടത്തിൽ അന്നക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. അബ്രാഹം, ഔസേപ്പച്ചൻ എന്നീ രണ്ട് ആൺമക്കളും, റോസമ്മ, മേരി, വത്സമ്മ, ലാലി, ആൻസി, ഡെയ്സി എന്നീ ആറ് പെൺമക്ക

ളും. പെൺമക്കളിൽ മൂത്തമകളായ റോസമ്മയെ ചെമ്മണ്ണാർ മാരിപ്പുറത്ത് പാപ്പച്ചൻ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മേരിയെ ചെമ്മണ്ണാർ നെല്ലുവേലിയിൽ പാപ്പച്ചൻ വിവാഹം ചെയ്തു. മേരി മരിച്ചു. മൂന്നാമത്തെ മകൾ വത്സമ്മയെ തൊടുപുഴയിൽ വിവാഹം ചെയ്തയച്ചു. തോമായാണ് ഭർത്താവ്. നാലാമത്തെ മകൾ ലാലിയെ രാജാക്കാട്ട് വിവാഹം ചെയ്തയച്ചു. ബാബുവാണ് ഭർത്താവ്. അഞ്ചാമത്തെ മകൾ ആൻസിയെ രാജകുമാരി നിവാസി തോമാ വിവാഹം ചെയ്തു. ഇളയമകൾ ഡെയ്സിയെ ചെമ്മണ്ണാർ കാപ്പിൽ ജോയി വിവാഹം ചെയ്തു. അവിരാ അവിരാ ഇളയമകൾ ഡെയ്സിക്കൊപ്പം താമസിക്കുന്നു.

## IA.1. കൊച്ചുപുരയ്ക്കൽ അവിരാ മകൻ എബ്രാഹം(കുട്ടിച്ചൻ)

അവിരാ അവിരായുടെ മൂത്തമകനാണ് എബ്രാഹം. ചെമ്മണ്ണാർ പുളിക്കൽ ചാക്കോ-അന്നമ്മ മകൾ മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഒരു മകനും, രണ്ട് പെൺമക്കളും. സിജോ ആണ് മകൻ. റിൻസി, റീന എന്നിവർ പെൺമക്കളും. ഏകമകൻ സിജോ അവിവാഹിതനാണ്. മൂത്തമകൾ റിൻസിയെ മങ്കൂവ മാപ്പള്ളിൽ സുനീഷും, ഇളയമകൾ റീനയെ മങ്കൂവ വാഴപ്പള്ളിൽ സിബിയും വിവാഹം ചെയ്തു. 2004 ഫെബ്രുവരി 9-ാം തീയതി കുട്ടിയച്ചൻ അപകടത്തിൽപെട്ട് മരിച്ചു. ചെമ്മണ്ണാർ ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## I A.2. കൊച്ചുപുരയ്ക്കൽ അവിരാ അവിരാ മകൻ ഔസേപ്പച്ചൻ

അവിരാ അവിരായുടെ രണ്ട് ആൺമക്കളിൽ ഇളയമകനാണ് ഔസേപ്പച്ചൻ. പൂഞ്ഞാർ ചെറുവള്ളിൽ സെബാസ്റ്റ്യൻ-റോസമ്മ മകൾ ലിസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് കുട്ടികൾ. ജിയോ എന്ന മകനും, ജിൻസി എന്ന മകളും. ജിൻസിയെ മുള്ളരിങ്ങാട് മാറാപ്പള്ളി ജോർജ്-ക്ലാരമ്മ മകൻ സിജോ വിവാഹം ചെയ്തു. ഔസേപ്പച്ചൻ 2009 ഡിസംബർ 5-ാം തീയതി മരിച്ചു.

## I A.2a. കൊച്ചുപുരയ്ക്കൽ ഔസേപ്പച്ചൻ മകൻ ജിയോ

ഔസേപ്പച്ചന്റെ ഏകമകനാണ് ജിയോ. നീണ്ടപാറ, കോണിക്കൽ തോമസ്-പുഷ്പമ്മ മകൾ രമ്യയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജീവൻ എന്ന മകനും, ജൂവൽ എന്ന മകളും.

## I B. കൊച്ചുപുരയ്ക്കൽ അവിരാ അവിരാ മകൻ മാണി അവിരാ

അവിരാ അവിരായുടെ രണ്ടാമത്തെ മകനാണ് മാണി. ചെമ്മണ്ണാറിലാണ് താമസം. ചെമ്മണ്ണാർ ചെറുവള്ളിൽ മറിയാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒൻപതു മക്കൾ. ജോസ് (അബ്രാഹം), ബേബി (ജോസഫ്), സേവ്യർ (വാവച്ചൻ), സിജു, സാജു, സജി എന്നിവരാണ് ആൺമക്കൾ. മോളി, ലിസി, സിജി എന്നിവർ പെൺമക്കളും. പെൺമക്കളിൽ മൂത്തമകളായ മോളിയെ രാജകുമാരി ചെട്ടിത്തറയിൽ ചാക്കോച്ചനും, രണ്ടാമത്തെ മകൾ ലിസിയെ ചെമ്മണ്ണാർ മുത്തോലിൽ ടോമിയും, ഇളയമകൾ മിനിയെ ചെമ്മണ്ണാർ പുതുപ്പറമ്പിൽ ജോൺസനും വിവാഹം ചെയ്തു.

## I B.1. കൊച്ചുപുരയ്ക്കൽ മാണി അവിരാ മകൻ ജോസ്(അബ്രാഹം)

മാണിയുടെ ആറുമക്കളിൽ മൂത്തമകനാണ് ജോസ്. പൊട്ടൻകാട് നാമറ്റത്തിൽ തോമസ്-ഏലിക്കുട്ടി മകൾ തെയ്യാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. റോയി, റിജു.

## I B.2. കൊച്ചുപുരയ്ക്കൽ മാണി അവിരാ മകൻ ബേബി (ജോസഫ്)

മാണിയുടെ രണ്ടാമത്തെ മകനാണ് ബേബി. മാവിസിറ്റി, കാപ്പിൽ ജോണി-അന്നമ്മ മകൾ ചിന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. സനീഷ്, ജോൺ എന്നീ ആൺമക്കളും, സൗമ്യ എന്ന മകളും. മകൾ സൗമ്യയെ അതിരമ്പുഴ കൂർക്കക്കാലായിൽ സെബാസ്റ്റ്യൻ മകൻ റോബിൻ വിവാഹം ചെയ്തു. റോബിൻ ഏറ്റുമാനൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ജീവനക്കാരനാണ്. ജോൺ ഡിഗ്രി വിദ്യാർത്ഥിയാണ്.

## I B.2a. കൊച്ചുപുരയ്ക്കൽ ബേബി (ജോസഫ്) മകൻ സനീഷ്

ബേബിയുടെ മൂത്തമകനാണ് സനീഷ്. രാജാക്കാട് തൊട്ടിയിൽ കുടുംബാംഗം ബിൻസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരു മകൻ, ആൽഡ്രിൻ.

## I B.3. കൊച്ചുപുരയ്ക്കൽ മാണി അവിരാ മകൻ വാവച്ചൻ (സേവ്യർ)

മാണിയുടെ മൂന്നാമത്തെ മകനാണ് വാവച്ചൻ. പൊൻമുടി കാര

യ്ക്കാട്ട് തോമസ്-റെജീന മകൾ ഡെയ്സിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. റ്റീന, അനൂപ്, റ്റിൻസി.

## I B.4. കൊച്ചുപുരയ്ക്കൽ മാണി അവിരാ മകൻ സിജു

മാണിയുടെ നാലാമത്തെ മകനാണ് സിജു. ചെമ്മണ്ണാർ മൂവേലിൽ സോണിയയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് ആൺകുട്ടികൾ. ആൽവിൻ, അശ്വിൻ, അൻവിൻ.

## I B.5. കൊച്ചുപുരയ്ക്കൽ മാണി അവിരാ മകൻ സാജു

മാണിയുടെ അഞ്ചാമത്തെ മകനാണ് സാജു. ചുരുളി വാഴേപ്പറമ്പിൽ ബിൻസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. അഖിൽ എന്ന മകനും, രണ്ടു പെൺമക്കളും.

## I B.6. കൊച്ചുപുരയ്ക്കൽ മാണി അവിരാ സജി

മാണിയുടെ ഇളയമകനാണ് സജി. എഴുകുംവയൽ ഇടവകയിൽപ്പെട്ട റ്റിന്റുവാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. നിഖിൽ, നിമിയാ.

## I C. കൊച്ചുപുരയ്ക്കൽ അവിരാ അവിരാ മകൻ വർക്കി അവിരാ

അവിരാ അവിരായുടെ മൂന്നാമത്തെ മകനാണ് വർക്കി. റാത്തപ്പള്ളി ഔസേപ്പ്-അന്നമ്മ മകൾ മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് എട്ടു മക്കൾ. മൂന്ന് ആൺമക്കളും അഞ്ച് പെൺമക്കളും. കുര്യാച്ചൻ (ജോസഫ്), ജിജോ, ജോർജ് (ബിജു), എന്നിവരാണ് ആൺമക്കൾ. മേഴ്സി, കൊച്ചുറാണി, ജെൻസി, സീജ, റീജ എന്നിവരാണ് പെൺമക്കൾ. ചെമ്മണ്ണാറിലാണ് താമസം. മൂത്തമകൾ മേഴ്സിയെ കാഞ്ചിയാർ കുമ്പുക്കൽ സേവ്യറും, രണ്ടാമത്തെ മകൾ കൊച്ചുറാണിയെ ചെമ്മണ്ണാർ കടപ്രയിൽ സെബാസ്റ്റ്യൻ (തങ്കച്ചൻ) ഉം, മൂന്നാമത്തെ മകൾ ജെൻസിയെ നെടുങ്കണ്ടം മാവടി, കളത്തൂർ വിനുവും, നാലാമത്തെ മകൾ സീജയെ രാജകുമാരി ഉള്ളാട്ടിൽ ബിജുവും, ഇളയമകൾ റീജയെ നെടുങ്കണ്ടം കൈതോലിൽ ജോണും വിവാഹം ചെയ്തു.

## I C.1. കൊച്ചുപുരയ്ക്കൽ വർക്കി അവിരാ മകൻ കുര്യാച്ചൻ (ജോസഫ്)

വർക്കിയുടെ മൂത്തമകനാണ് കുര്യാച്ചൻ. കമ്പളികണ്ടം പാറത്തോട്, അരയത്തിനാൽ കുര്യൻ-അന്നമ്മ മകൾ സാലിയാണ്

ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെൺമക്കളും ഒരു മകനും. ഡോണ, ഡേന, ഡിൽന എന്നിവരാണ് പെൺമക്കൾ. ഡോൺ മകനും. നാലുപേരും വിദ്യാർത്ഥികളാണ്.

## I C.2. കൊച്ചുപുരയ്ക്കൽ വർക്കി അവിരാ മകൻ ജിജോ

വർക്കിയുടെ രണ്ടാമത്തെ മകനാണ് ജിജോ. വട്ടപ്പാറ കാഞ്ഞിരത്തിങ്കൽ ജോൺ-മേരി മകൾ സിജയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മേഘാ മറിയം ജിജോ, ലോലക് ജിജോ. ജിജോയും കുടുംബവും മാതാപിതാക്കൾക്കൊപ്പം തറവാട്ടിൽ താമസിക്കുന്നു.

## I C.3. കൊച്ചുപുരയ്ക്കൽ വർക്കി അവിരാ മകൻ ബിജു (ഫാ. ജോർജ് കൊച്ചുപുരയ്ക്കൽ)

വർക്കിയുടെ ഇളയമകനാണ് ബിജു. 14-04-1978-ൽ ജനിച്ചു. ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ഹയർസെക്കൻഡറി സ്കൂളിൽ നിന്നും SSLC പാസ്സായി. 1993 ജൂൺ മാസത്തിൽ കോതമംഗലം മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽനിന്ന് ഫിലോസഫിയും, മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് തിയോളജിയും പാസ്സായി. 2003 ഡിസംബർ 26-ാം തീയതി ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ വച്ച് ഇടുക്കി രൂപതയുടെ അഭിവന്ദ്യപിതാവ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. പുതുതായി രൂപം കൊണ്ട ഇടുക്കിരൂപതയ്ക്കുവേണ്ടി വൈദികപട്ടം സ്വീകരിച്ച ആദ്യ വൈദികനാണ് അച്ചൻ. ഇരട്ടയാർ, വെള്ളയാംകുടി എന്നീ ദൈവാലയങ്ങളിൽ അസിസ്റ്റന്റ് വികാരിയായിരുന്നു. തുടർന്ന് ഇരുമ്പുപാലം ദൈവാലയത്തിന്റെ വികാരിയായി നിയോഗിക്കപ്പെട്ടു. 2007 ഒക്ടോ. 31-ന് വാളറ വടക്കോവിൽ സെന്റ് ജോസഫിന്റെ നാമധേയത്തിൽ ദൈവാലയം നിർമ്മിക്കുകയും ആ ദൈവാലയത്തിന്റെ പ്രഥമ വികാരിയും ആയിരുന്നു. കല്ലാർ, വട്ടയാർ, മഞ്ഞത്തൊട്ടി സെന്റ് മേരീസ് ചർച്ച്, ചേമ്പളം സെന്റ് ജോസഫ് ചർച്ച്, ഉപ്പുതോട് സെന്റ് ജോസഫ് ചർച്ച്, മേരീലാൻഡ് സെന്റ് മേരീസ് ചർച്ച്, തട്ടേക്കണ്ണി സെന്റ് ജോർജ് ചർച്ച് എന്നിവിടങ്ങളിൽ വികാരിയായി സേവനം ചെയ്തു. ചേമ്പളം ദൈവാലയത്തിൽ വികാരിയായിരിക്കേ നെടുംങ്കണ്ടം

സെന്റ് സെബാസ്റ്റ്യൻ HSS-ന്റെ പ്രിൻസിപ്പാൾ ആയിരുന്നു. MA Mphil ബിരുദധാരിയായ അച്ചൻ കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസന യവും, മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ സംഭാവനകളും എന്ന വിഷയത്തിൽ PHD കരസ്ഥമാക്കി. ഇപ്പോൾ മേരിലാൻഡ് പള്ളി യിൽ വികാരിയായി സേവനം ചെയ്യുന്നു.

## I D. കൊച്ചുപുരയ്ക്കൽ അവിരാ അവിരാ മകൻ തോമസ് അവിരാ (തൊമ്മച്ചൻ)

അവിരാ അവിരായുടെ നാലാമത്തെ മകനാണ് തൊമ്മച്ചൻ. ഭാര്യ പെണ്ണമ്മ. ഈ ദമ്പതികൾക്ക് നാലു മക്കൾ. മൂന്ന് ആൺമ ക്കളും ഒരു മകളും. തങ്കച്ചൻ (അബ്രാഹം), അപ്പച്ചൻ (ജോസഫ്), ബേബി (തോമസ്) എന്നിവരാണ് ആൺമക്കൾ. ചിന്നമ്മ മകളും. ഏകമകൾ ചിന്നമ്മയെ ആനച്ചാൽ തെങ്ങുംപള്ളി ബെന്നി വിവാഹം ചെയ്തു.

## I D.1. കൊച്ചുപുരയ്ക്കൽ തോമസ് (തൊമ്മച്ചൻ) മകൻ തങ്കച്ചൻ (അബ്രാഹം)

തോമസിന്റെ മൂത്തമകനാണ് തങ്കച്ചൻ. നെല്ലിമറ്റം താഴത്തേട ടത്ത് വർഗ്ഗീസ്-മറിയാമ്മ മകൾ സാലിയാണ് ഭാര്യ. ഈ ദമ്പതി കൾക്ക് രണ്ട് പെൺകുട്ടികൾ. സോണിമോൾ, സൗമ്യ.

## I D.2. കൊച്ചുപുരയ്ക്കൽ തോമസ് (തൊമ്മച്ചൻ) മകൻ അപ്പച്ചൻ (ജോസഫ്)

തോമസിന്റെ രണ്ടാമത്തെ മകനാണ് അപ്പച്ചൻ. തോക്കുപാറ തെങ്ങുംതോട്ടത്തിൽ ചാക്കോ-മേരി ദമ്പതികളുടെ മകൾ സിമിലി യാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഒരു മകനും രണ്ട് പെൺമക്കളും. അരുൺ ആണ് മകൻ. അനില, അമല എന്നിവർ പെൺമക്കളും.

## I D.3. കൊച്ചുപുരയ്ക്കൽ തോമസ് (തൊമ്മച്ചൻ) മകൻ ബേബി (തോമസ്)

തോമസിന്റെ ഇളയമകനാണ് ബേബി. വെള്ളത്തൂവൽ മാരാ പറമ്പിൽ ബേബിയുടേയും മേരിയുടേയും മകൾ സിജി(അന്ന)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജിതിൻ എന്ന മകനും സോന എന്ന മകളും.

## I E. കൊച്ചുപുരയ്ക്കൽ അവിരാ അവിരാ മകൻ ജോസഫ് അവിരാ (പാപ്പച്ചൻ)

അവിരാ അവിരായുടെ ഇളയമകനാണ് പാപ്പച്ചൻ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരു മകനും, ഒരു മകളും. പ്രേമൻ ജോസഫ് ആണ് മകൻ. അമ്പിളി മകളും.

## I E.1. കൊച്ചുപുരയ്ക്കൽ ജോസഫ് അവിരാ (പാപ്പച്ചൻ)മകൻ പ്രേമൻ

പാപ്പച്ചന്റെ ഏകമകനാണ് പ്രേമൻ ജോസഫ്. ചെമ്പകപ്പാറ കുളത്തിങ്കൽ ബിന്ദുവാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ഡിയോൺ, എബിൻ.

## II. കൊച്ചുപുരയ്ക്കൽ അവിരാ മകൻ വർക്കി

ഇട്ടി അവിരായുടെ രണ്ടാമത്തെ മകനാണ് വർക്കി. പൂഞ്ഞാർ വരത്തുകരോട്ട് മറിയമാണ് ഭാര്യ. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും. വർക്കി, അബ്രാഹം, കുര്യൻ (കുട്ടിയച്ചൻ) എന്നിവരാണ് ആൺമക്കൾ. ഏലി, മറിയാമ്മ എന്നിവർ പെൺമക്കളും. ഏലിയെ പൂഞ്ഞാർ ചാലിക്കോട്ടയിൽ വർക്കിയും, മറിയാമ്മയെ തമ്പലക്കാട് കുന്നേൽ ലൂക്കായും വിവാഹം ചെയ്തു.

## II A. കൊച്ചുപുരയ്ക്കൽ വർക്കി മകൻ കുഞ്ഞാപ്പൻ (വർക്കി)

വർക്കിയുടെ മൂത്തമകനാണ് കുഞ്ഞാപ്പൻ (വർക്കി). മരങ്ങാട്ടുപള്ളി (ഇപ്പോൾ തങ്കമണിയിൽ) കറുകപ്പള്ളിയിൽ ത്രേസ്യായാണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. നാല് പെൺമക്കളും രണ്ട് ആൺമക്കളും. ഏലിക്കുട്ടി, അച്ചാമ്മ, തെയ്യാമ്മ, മറിയം എന്നിവരാണ് പെൺമക്കൾ. പാപ്പച്ചൻ (വർക്കി), കുട്ടിയച്ചൻ (മാത്യു) എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ ഏലിക്കുട്ടിയെ മണക്കാട് മിഖായേലും, രണ്ടാമത്തെ മകൾ അച്ചാമ്മയെ ആനൂർ വർക്കിയും, മൂന്നാമത്തെ മകൾ തെയ്യാമ്മയെ ആലാനിക്കൽ ജോസഫും, ഇളയമകൾ മറിയത്തെ ഏറത്തേൽ ജോസഫും വിവാഹം ചെയ്തു. വർക്കിയും കുടുംബവും ഇടുക്കി തങ്കമണിയിലാണ് താമസം.

## II A.1. കൊച്ചുപുരയ്ക്കൽ കുഞ്ഞാപ്പൻ (വർക്കി) മകൻ പാപ്പച്ചൻ (വർക്കി)

കുഞ്ഞാപ്പന്റെ മൂത്തമകനാണ് പാപ്പച്ചൻ. എഴുകനാൽ അന്ന ക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. നാല് ആൺമ ക്കളും മൂന്ന് പെൺമക്കളും. വർക്കി, ജോസഫ്, തോമസ്, ദേവസ്യാ എന്നിവരാണ് ആൺമക്കൾ. ത്രേസ്യാമ്മ, അന്നമ്മ, മേരി എന്നിവർ പെൺമക്കളും. മൂത്തമകൾ ത്രേസ്യാമ്മയെ മലഞ്ചെരുവിൽ മാത്യുവും, രണ്ടാമത്തെ മകൾ അന്നമ്മയെ പാലക്കാട് ജോർജും, ഇളയമകൾ മേരിയെ ഇരുവേലിക്കുന്നേൽ ആഗസ്തിയും വിവാഹം ചെയ്തു.

## II A.1a. കൊച്ചുപുരയ്ക്കൽ പാപ്പച്ചൻ (വർക്കി) മകൻ വർക്കി

പാപ്പച്ചന്റെ മൂത്തമകനാണ് വർക്കി. കോയിത്തറ അൽഫോൻസ യാണ് ഭാര്യ.

## II A.1b. കൊച്ചുപുരയ്ക്കൽ പാപ്പച്ചൻ (വർക്കി) മകൻ ജോസഫ്

പാപ്പച്ചന്റെ രണ്ടാമത്തെ മകനാണ് ജോസഫ്. പ്ലാക്കാട്ട് റോസ മ്മയാണ് ഭാര്യ.

## II A.1c. കൊച്ചുപുരയ്ക്കൽ പാപ്പച്ചൻ (വർക്കി) മകൻ തോമസ്

പാപ്പച്ചന്റെ മൂന്നാമത്തെ മകനാണ് തോമസ്. പാറയിൽ അന്ന മ്മയാണ് ഭാര്യ.

## II A.1d. കൊച്ചുപുരയ്ക്കൽ പാപ്പച്ചൻ (വർക്കി) മകൻ ദേവസ്യാ

പാപ്പച്ചന്റെ ഇളയമകനാണ് ദേവസ്യാ. കളപ്പുരയ്ക്കൽ റീസ യാണ് ഭാര്യ.

## II A.2. കൊച്ചുപുരയ്ക്കൽ കുഞ്ഞാപ്പൻ (വർക്കി) മകൻ കുട്ടിയച്ചൻ (മാത്യു)

കുഞ്ഞാപ്പന്റെ ഇളയമകനാണ് കുട്ടിയച്ചൻ. കിഴക്കേപ്പറമ്പിൽ അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. അഞ്ച് പെൺമ ക്കളും ഒരു മകനും. ത്രേസ്യാമ്മ, മറിയം, അന്നമ്മ, സി. ഡാനിയ, റോസമ്മ എന്നിവരാണ് പെൺമക്കൾ. വർക്കി ഏകമകനും. മൂത്ത മകൾ ത്രേസ്യാമ്മയെ പുതുപ്പറമ്പിൽ സെബാസ്റ്റ്യനും, രണ്ടാമത്തെ മകൾ മറിയത്തെ കൂരാപ്പിള്ളിൽ ജോസഫും, മൂന്നാമത്തെ മകൾ അന്നമ്മയെ ചെറുവള്ളിയിൽ ജോമോനും വിവാഹം ചെയ്തു. നാലാ മത്തെ മകൾ സി. ഡാനിയ സെന്റ് മർത്താസ് കോൺവെന്റിൽ

സന്യസ്ത ജീവിതം നയിക്കുന്നു. ഇളയമകൾ റോസമ്മ അവിവാഹിതയാണ്.

### II A.2a. കൊച്ചുപുരയ്ക്കൽ കുട്ടിയച്ചൻ (മാത്യു) മകൻ വർക്കി

കുട്ടിയച്ചന്റെ ഏകമകനാണ് വർക്കി. ത്രേസ്യാമ്മയാണ് ഭാര്യ.

### II B. കൊച്ചുപുരയ്ക്കൽ വർക്കി മകൻ അബ്രാഹം

വർക്കിയുടെ രണ്ടാമത്തെ മകനാണ് അബ്രാഹം. കണ്ണൂർ കേളകത്താണ് താമസം. നെടുംകീന്തി വരകുകാലായിൽ മറിയമാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഏഴ് ആൺമക്കൾ. ജോർജ്, ജോസഫ്, അബ്രാഹം, കുര്യൻ, തോമസ്, ജോസ് (സ്കറിയ), ജോയി (ദേവസ്യാ).

### II B.1. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ ജോർജ്

അബ്രാഹത്തിന്റെ ഏഴ് ആൺമക്കളിൽ മൂത്തമകനാണ് ജോർജ്. കേളകം കുന്നിൻപുറത്ത് അന്ത്രോയസ്-കത്രീന മകൾ റോസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് ആൺമക്കളും മൂന്നു പെൺമക്കളും. തങ്കച്ചൻ (അബ്രാഹം), ടോമി എന്നിവരാണ് ആൺമക്കൾ. മേരിക്കുട്ടി, സാലി (കത്രീന), ലൗലി എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ മേരിക്കുട്ടിയെ പയ്യാവൂർ മൂലന്തുരിത്തിൽ ജോസും, രണ്ടാമത്തെ മകൾ സാലി(കത്രീന)യെ പേരാവൂർ, നെടുമ്പുറംചാൽ വള്ളിക്കുന്നേൽ തോമസും വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ ലൗലി സി. റോസ്‌വിൻ SD എന്ന പേരിൽ ചണ്ഡിഗഡിലെ യമുനാ നഗറിൽ SD കോൺവെന്റിൽ സന്യസ്തജീവിതം നയിക്കുന്നു. 1993 ഏപ്രിൽ 19-ന് വ്രതവാഗ്ദാനം ചെയ്തു.

### II B.1a. കൊച്ചുപുരയ്ക്കൽ ജോർജ് മകൻ തങ്കച്ചൻ (അബ്രാഹം)

ജോർജിന്റെ മൂത്തമകനാണ് തങ്കച്ചൻ. CMI സഭയിൽ വൈദികനാണ്. അമേരിക്കയിലാണ് സേവനം.

### I B.1a. കൊച്ചുപുരയ്ക്കൽ ജോർജ് മകൻ ടോമി ജോർജ്

ജോർജിന്റെ ഇളയമകനാണ് ടോമി. കേളകം, ചെങ്ങോം പുല്ലാപ്പള്ളിൽ ജിൻസിയാണ് ഭാര്യ.

### II B.2. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ ജോസഫ്

അബ്രാഹത്തിന്റെ രണ്ടാമത്തെ മകനാണ് ജോസഫ്. കേളകം, പാലാപ്പറമ്പിൽ ത്രേസ്യാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ്

മക്കൾ. നാല് പെൺമക്കളും രണ്ട് ആൺമക്കളും. ആൻസമ്മ (മറിയം), ഷേർളി(അന്നമ്മ), ലിൻസി(ലൂസി), ഷിജു (അൽഫോൻസാ) എന്നിവരാണ് പെൺമക്കൾ. ജയ്സൺ(ജോസഫ്), ജിൻസൺ(അബ്രാഹം) എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ ആൻസമ്മയെ കേളകം മുഞ്ഞേലിൽ ജോസും, രണ്ടാമത്തെ മകൾ ഷേർളിയെ ഗൂഡല്ലൂർ നിവാസി അലേഷ്യസ് സെക്യൂറയും, മൂന്നാമത്തെ മകൾ ലിൻസിയെ കുളക്കാട്ട് ചെമ്പരത്തിക്കൽ ജോസും, ഇളയമകൾ ഷിജുവിനെ ചുങ്കക്കുന്ന് പള്ളിക്കമാലിൽ ജഗേഷും വിവാഹം ചെയ്തു.

### II B.2a. കൊച്ചുപുരയ്ക്കൽ ജോസഫ് മകൻ ജയ്സൺ(ജോസഫ്)

ജോസഫിന്റെ മൂത്തമകനാണ് ജയ്സൺ. ബീന(കാതറിൻ)യാണ് ഭാര്യ.

### II B.2b. കൊച്ചുപുരയ്ക്കൽ ജോസഫ് മകൻ ജിൻസൺ (അബ്രാഹം)

ജോസഫിന്റെ ഇളയമകനാണ് ജിൻസൺ. വയനാട് സുൽത്താൻ ബത്തേരി നിവാസിയായ ആനിയാണ് ഭാര്യ.

### II B.3. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ അബ്രാഹം

അബ്രാഹത്തിന്റെ മൂന്നാമത്തെ മകനാണ് അബ്രാഹം. പേരാവൂർ, അറയ്ക്കൽ മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് ആൺമക്കളും ഒരു മകളും. മേഴ്സിയാണ് മകൾ. ഷാജി (ജോസഫ്), വിൽസൺ (അബ്രാഹം) എന്നിവർ ആൺമക്കളും. ഏകമകൾ മേഴ്സിയെ കേളകം കാട്ടുതുരുത്തി കുര്യാച്ചൻ വിവാഹം ചെയ്തു.

### II B.3a. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ ഷാജി (ജോസഫ്)

അബ്രാഹത്തിന്റെ മൂത്തപുത്രനാണ് ഷാജി. ചുങ്കക്കുന്ന് ആനക്കല്ലിൽ ലിസിയാണ് ഭാര്യ.

### II B.3b. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ വിൽസൻ (അബ്രാഹം)

അബ്രാഹത്തിന്റെ ഇളയമകനാണ് വിൽസൻ. ഇരിട്ടി വരിക്കാംതൊട്ടിയിൽ വിൻസി(മേരി)യാണ് ഭാര്യ.

## II B.4. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ കുര്യൻ

അബ്രാഹത്തിന്റെ നാലാമത്തെ മകനാണ് കുര്യൻ. കേളകം കുന്നുംപുറത്ത് അന്ത്രയോസ്-കത്രീന മകൾ അന്നക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് ആൺമക്കളും രണ്ട് പെൺമക്കളും. ജെസി(മറിയം), അനില എന്നിവരാണ് പെൺമക്കൾ. ബാബു (അബ്രാഹം), ബേബി (അന്ത്രയോസ്) എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ ജെസിയെ വെള്ളൂന്നി കുറുമുള്ളിൽ സണ്ണി വിവാഹം ചെയ്തു. ഇളയമകൾ അലീന S.H. പ്രൊവിൻഷ്യലിൽ സന്യസ്ത ജീവിതം നയിക്കുന്നു. സി. അനില S.H. ജർമനിയിലാണ് സേവനം.

## II B.4a. കൊച്ചുപുരയ്ക്കൽ കുര്യൻ മകൻ ബാബു(അബ്രാഹം)

കുര്യന്റെ മൂത്തമകനാണ് ബേബി നെടുംപുറംചാൽ സ്വദേശിനി കാതറിൻ ആണ് ഭാര്യ.

## II B.4b. കൊച്ചുപുരയ്ക്കൽ കുര്യൻ മകൻ ബോബി (അന്ത്രയോസ്)

കുര്യന്റെ ഇളയമകനാണ് ബോബി.

## II B.5. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ തോമസ്

അബ്രാഹത്തിന്റെ അഞ്ചാമത്തെ മകനാണ് തോമസ്. കോഴിക്കോട്, കോടഞ്ചേരി പള്ളത്തുകുടിയിൽ മറിയാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെൺമക്കളും ഒരു മകനും. ജിഷ (മറിയം), ഷിജി എന്നിവരാണ് പെൺമക്കൾ. ഷിജോ (അബ്രാഹം) മകനും. മൂത്തമകൾ ജിഷയെ മാണിപ്പറമ്പ് മണിപ്പറമ്പിൽ ബിജുവും, രണ്ടാമത്തെമകൾ ഷിജിയെ ചെട്ടിയാംപറമ്പ് വാടയിൽ സണ്ണിയും വിവാഹം ചെയ്തു.

## II B.5. കൊച്ചുപുരയ്ക്കൽ തോമസ് മകൻ ഷിജോ (അബ്രാഹം)

തോമസിന്റെ ഏകമകനാണ് ഷിജോ.

## II B.6. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ ജോസ്(സ്കറിയാ)

അബ്രാഹത്തിന്റെ ആറാമത്തെ മകനാണ് ജോസ്. കേളകം വെട്ടുപറമ്പിൽ മേരിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് പെൺമക്കളും ഒരു മകനും. ലിജു (അബ്രാഹം)വാണ്

മകൻ. റീന(മറിയം), ജോമി എന്നിവർ പെൺമക്കളും. മൂത്തമകൾ റീനയുടെ ഭർത്താവ് ഷാജി. ഇളയമകൾ ജോമിയെ മലയാംപടി നാരകത്തിൽ ബോബി വിവാഹംചെയ്തു.

## II B.6a. കൊച്ചുപുരയ്ക്കൽ ജോസ് മകൻ ലിജു (അബ്രാഹം)

ജോസിന്റെ ഏകമകനാണ് ലിജു. ജിൻസിയാണ് ഭാര്യ.

## II B.7. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ ജോയി (ദേവസ്യാ)

അബ്രാഹത്തിന്റെ ഇളയമകനാണ് ജോയി. കണിച്ചാട് കളപ്പുരയ്ക്കൽ ലില്ലിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നുമക്കൾ. രണ്ട് ആൺമക്കളും ഒരു മകളും. ലിജോ (ജോസഫ്), റ്റിജോ (അബ്രാഹം) എന്നിവരാണ് ആൺമക്കൾ. ജിസ്ന(മറിയം) മകളും. ജിസ്ന അവിവാഹിതയാണ്.

## II B.7a. കൊച്ചുപുരയ്ക്കൽ ജോയി മകൻ ലിജോ (ജോസഫ്)

ജോയിയുടെ മൂത്തമകനാണ് ലിജോ.

## II B.7b. കൊച്ചുപുരയ്ക്കൽ ജോയി മകൻ റ്റിജോ (അബ്രാഹം)

ജോയിയുടെ ഇളയമകനാണ് റ്റിജോ. SDV സഭയിൽ വൈദികനാണ്. തൃശൂരാണ് സേവനം.

## II C. കൊച്ചുപുരയ്ക്കൽ വർക്കി മകൻ കുര്യൻ

വർക്കിയുടെ ഇളയമകനാണ് കുര്യൻ. കിഴക്കേപ്പറമ്പിൽ അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഒരു മകളും രണ്ട് ആൺമക്കളും. മേരിയാണ് മകൾ. ജോർജ്, കുര്യാച്ചൻ എന്നിവർ ആൺമക്കളും. പനന്താനത്ത് വക്കച്ചനാണ് മേരിയുടെ ഭർത്താവ്.

## II C.1. കൊച്ചുപുരയ്ക്കൽ കുര്യൻ മകൻ ജോർജ്

കുര്യന്റെ മൂത്തമകനാണ് ജോർജ്. കാഞ്ഞരാത്താംകുന്നേൽ ത്രേസ്യായാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെൺമക്കളും ഒരു മകനും. റീന (മറിയം), വിജി (ഏലിക്കുട്ടി), സ്വപ്ന (ത്രേസ്യാ) എന്നിവരാണ് പെൺമക്കൾ. ബിനോയ്(വർക്കി) മകനും. മൂത്തമകൾ റീനയെ കൊളത്തിനാൽ ജോർജും, വിജിയെ ചേന്നപ്പള്ളിയിൽ ഇമ്മാനുവലും, സ്വപ്നയെ ആനിമൂട്ടിൽ ജോസഫും വിവാഹം ചെയ്തു.

## II C.1a. കൊച്ചുപുരയ്ക്കൽ ജോർജ് മകൻ ബിനോയ് (വർക്കി)

കുര്യന്റെ ഏകമകനാണ് ബിനോയ്.

## II C.2. കൊച്ചുപുരയ്ക്കൽ കുര്യൻ മകൻ കുര്യാച്ചൻ

കുര്യന്റെ ഇളയമകനാണ് കുര്യാച്ചൻ. ഭാര്യ റോസമ്മ.

## III. കൊച്ചുപുരയ്ക്കൽ ഇട്ടി അവിരാ മകൻ തൊമ്മൻ

ഇട്ടിഅവിരായുടെ മൂന്നാമത്തെ മകനാണ് തൊമ്മൻ. അവിവാഹിതനായ തൊമ്മൻ അപകടത്തിൽപ്പെട്ട് മരിച്ചു.

## IV. കൊച്ചുപുരയ്ക്കൽ വർക്കി മകൻ ഇട്ടിരാ

വർക്കിയുടെ നാലാമത്തെ മകനാണ് ഇട്ടിരാ. തീക്കോയി കൊണ്ടാട്ടുപറമ്പിൽ റോസയെ വിവാഹം കഴിച്ചു. 1952-ൽ ഇട്ടിരാ മരിച്ചു. തീക്കോയി ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. ഇട്ടിരായുടെ മരണശേഷം തീക്കോയിയിൽ നിന്നും ഈ കുടുംബം 1962-ൽ പൂഞ്ഞാറിലേക്ക് താമസം മാറ്റി. 1966-ൽ ഇട്ടിരായുടെ ഭാര്യ റോസയും മരിച്ചു. റോസയെ പൂഞ്ഞാർ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. ഇട്ടിരായ്ക്ക് മൂന്ന് ആൺമക്കൾ. അബ്രാഹം, വർക്കി, ജോസഫ്.

## IV A. കൊച്ചുപുരയ്ക്കൽ ഇട്ടിരാ മകൻ അബ്രാഹം

ഇട്ടിരായുടെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് അബ്രാഹം. പൂഞ്ഞാർ മണിയംകുന്ന് പെരയ്ക്കൽ വർക്കി-ഏലി മകൾ മറിയാമ്മയെ വിവാഹംകഴിച്ചു. ഈ ദമ്പതികൾക്ക് ഒമ്പത് മക്കൾ. ആറ് ആൺമക്കളും മൂന്ന് പെൺമക്കളും. അബ്രാഹം അവിരാ(പാപ്പച്ചൻ), തോമസ് അബ്രാഹം, സെബാസ്റ്റ്യൻ അബ്രാഹം, ചാക്കോ അബ്രാഹം, വർക്കി, ജോസഫ് എന്നിവരാണ് ആൺമക്കൾ. റോസമ്മ, എൽസി, മേരി എന്നിവരാണ് പെൺമക്കൾ. 1975 മെയ് 20-ാം തീയതി മറിയാമ്മയും, 1989 നവമ്പർ 11-ാം തീയതി അബ്രാഹവും മരിച്ചു. ഇരുവരെയും പൂഞ്ഞാർ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. പെൺമക്കളിൽ മൂത്തമകൾ റോസമ്മയെ തീക്കോയി മംഗളഗിരി, ഒഴാക്കൽ ജോസഫ്-റോസമ്മ മകൻ ചാക്കോച്ചനും, രണ്ടാമത്തെ മകൾ എൽസിയെ ഞള്ളമ്പുഴ തോമസും (Rtd HM ഇടമറുക്), ഇളയമകൾ മേരിയെ മുട്ടം കാക്കൊമ്പ്, തെങ്ങനാക്കുന്നേൽ തോമസും വിവാഹം ചെയ്തു.

## IV A.1. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ അബ്രാഹം അവിരാ (പാപ്പച്ചൻ)

അബ്രാഹത്തിന്റെ ആറ് ആൺമക്കളിൽ മൂത്തമകനാണ് പാപ്പച്ചൻ എന്നു വിളിക്കുന്ന അബ്രാഹം അവിരാ. തീക്കോയി കല്ലേകുളത്താണ് താമസം. കൂട്ടിക്കൽ മുണ്ടുപാലംവീട്ടിൽ വർക്കി-ത്രേസ്യാ മകൾ മറിയക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. മൂന്ന് ആൺമക്കളും അഞ്ച് പെൺമക്കളും. ബേബി, സിബി, രാജൻ എന്നിവരാണ് ആൺമക്കൾ. മേരിക്കുട്ടി (കുട്ടിയമ്മ), ത്രേസ്യാമ്മ, ആലീസ്, ഡെയ്സി, ജെസി എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ മേരിക്കുട്ടിയെ പൂഞ്ഞാർ പയ്യാനിത്തോട്ടം, വലിയപറമ്പിൽ മത്തച്ചൻ-ഏലി മകൻ സേവ്യർ (പാപ്പച്ചൻ) വിവാഹം കഴിച്ചു. രണ്ടാമത്തെ മകൾ ത്രേസ്യാമ്മയെ മൂന്നിലവ് കണ്ടത്തിൽ ജോസഫ്-മറിയം മകൻ ദേവസ്യാച്ചൻ വിവാഹം കഴിച്ചു. മൂന്നാമത്തെ മകൾ ആലീസിനെ പൂഞ്ഞാർ കുന്നേൽ ജോസഫ്-മറിയം മകൻ ജോസ് വിവാഹം ചെയ്തു. നാലാമത്തെ മകൾ ഡെയ്സിയെ ചെറായാത്ത് കുഞ്ഞൂഞ്ഞ്-മറിയം മകൻ ജോസ് വിവാഹം ചെയ്തു. ഇളയമകൾ ജെസിയെ കയ്യൂർ അടയ്ക്കാപാറ കുഞ്ഞുകുട്ടി-ത്രേസ്യാ മകൻ കുര്യാച്ചൻ വിവാഹം ചെയ്തു.

## IV A.1a. കൊച്ചുപുരയ്ക്കൽ അബ്രാഹം(പാപ്പച്ചൻ) മകൻ ബേബി

അബ്രാഹത്തിന്റെ മൂത്തമകനാണ് ബേബി. കുന്നോന്നിയിലാണ് താമസം. വട്ടോത്ത് ഔസേപ്പ്-ത്രേസ്യാ മകൾ ആൻസിയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ ഒരു മകൻ. ബിൻസ്. ഈ ദാമ്പത്യം പതിനൊന്നുവർഷം പിന്നിട്ടപ്പോൾ ഭാര്യ ആൻസി മരിച്ചു. തുടർന്ന് ചെറ്റകാരിയ്ക്കൽ കുഞ്ഞേപ്പിന്റെ മകൾ മോളിയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ രണ്ടു പെൺമക്കൾ. ജിൻസു, അനു.

## IV A.1a1. കൊച്ചുപുരയ്ക്കൽ ബേബി മകൻ ബിൻസ്

ബേബിക്ക് ആദ്യഭാര്യ ആൻസിയിൽ ജനിച്ച ഏകമകനാണ് ബിൻസ്. ബികോമിനു ശേഷം കൊഴുവനാൽ സർവ്വീസ് സഹകരണ ബാങ്കിൽ ജോലിചെയ്യുന്നു.

## IV A.1b. കൊച്ചുപുരയ്ക്കൽ അബ്രാഹം (പാപ്പച്ചൻ) മകൻ സിബി

അബ്രാഹത്തിന്റെ രണ്ടാമത്തെ മകനാണ് സിബി. തീക്കോയി കല്ലേക്കുളത്ത് തറവാട്ടിലാണ് താമസം. പാതാമ്പുഴ അമ്പഴത്തിങ്കൽ ജോർജ്-മേരി മകൾ സുബിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആണും ഒരു പെണ്ണും. സെസിൽ, ഐവാൻ എന്നിവരാണ് ആൺമക്കൾ. വെൽസ മകളും. മൂവരും വിദ്യാർത്ഥി കളാണ്.

## IV A.1c. കൊച്ചുപുരയ്ക്കൽ അബ്രാഹം (പാപ്പച്ചൻ) മകൻ രാജൻ

അബ്രാഹത്തിന്റെ ഇളയമകനാണ് രാജൻ. കല്ലേക്കുളത്താണ് താമസം. ഇടനാട് മുഞ്ഞനാട്ട് തോമസ്-ഏലി മകൾ ലീലാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. മെറിൻ, മെർലിൻ. ഇരുവരും പഠിക്കുന്നു.

## IV A.2. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ തോമസ്

അബ്രാഹത്തിന്റെ രണ്ടാമത്തെ മകനാണ് തോമസ് (തൊമ്മൻ). പാതാമ്പുഴ മുരിങ്ങപ്പുറത്താണ് താമസം. തലപ്പലം ഇളംതുരുത്തി യിൽ അന്നക്കുട്ടിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒമ്പതു മക്കൾ. ആറ് ആൺമക്കളും മൂന്ന് പെൺമക്കളും. മേരിക്കുട്ടി, ഗ്രേസ മ്മ, മേഴ്സി എന്നിവരാണ് പെൺമക്കൾ. അബ്രാഹം, ജോർജ്, സന്തോഷ്, സാബു, സിബി, ഷൈജു എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ മേരിക്കുട്ടിയെ ചേന്നാട് വാഴേക്കാട്, കണ്ടംപറമ്പിൽ ജോയ്സ്(ജോയ്ച്ചൻ) വിവാഹം ചെയ്തു. രണ്ടാമത്തെമകൾ ഗ്രേസ മ്മയെ പിണ്ണാക്കനാട്, താന്നിക്കപ്പാറ ചാക്കോച്ചൻ വിവാഹം കഴി ച്ചു. ഇളയമകൾ മേഴ്സിയെ തീക്കോയി, മുതുകാട്ടിൽ ജോണി വിവാഹം ചെയ്തു.

## IV A.2a. കൊച്ചുപുരയ്ക്കൽ തോമസ് (തൊമ്മച്ചൻ) മകൻ അബ്രാഹം തോമസ് (സണ്ണി)

തൊമ്മച്ചന്റെ മൂത്തമകനാണ് സണ്ണി. തീക്കോയിയിലാണ് താമ സം. വെള്ളികുളം ചെറുശ്ശേരിയിൽ മിനിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. നിക്സൻ, നിധിൻ, നെൽസൻ. നിധിൻ വൈദികവിദ്യാർത്ഥിയാണ്. മറ്റു രണ്ടുപേരും പഠിക്കുന്നു.

## IV A.2b. കൊച്ചുപുരയ്ക്കൽ തോമസ് (തൊമ്മച്ചൻ) മകൻ ജോർജ് (ജോണി)

തൊമ്മച്ചന്റെ രണ്ടാമത്തെ മകനാണ് ജോർജ്. ഏഴാച്ചേരിയിലാണ് താമസം. ഏഴാച്ചേരി മലേപ്പറമ്പിൽ മിനിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. എബിൻ, ആനി. ഇരുവരും വിദ്യാർത്ഥികൾ.

## IV A.2c. കൊച്ചുപുരയ്ക്കൽ തോമസ് (തൊമ്മച്ചൻ) മകൻ സന്തോഷ്

തൊമ്മച്ചന്റെ ഇളയമകനാണ് സന്തോഷ്. പാതാമ്പുഴയാണ് താമസം. ഏന്തയാർ കളപ്പുരയ്ക്കൽ പറമ്പിൽ ജോൺസിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെൺമക്കളും ഒരു മകനും. അക്സ, ഏയ്ഞ്ചൽ, തോമസ്കുട്ടി. മൂവരും വിദ്യാർത്ഥികളാണ്.

## IV A.2d. കൊച്ചുപുരയ്ക്കൽ തോമസ് (തൊമ്മച്ചൻ) മകൻ സാബു

തൊമ്മച്ചന്റെ നാലാമത്തെ മകനാണ് സാബു. ചെറുപ്പത്തിലേ മരിച്ചു. മണിയംകുന്ന് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IV A.2e. കൊച്ചുപുരയ്ക്കൽ തോമസ് (തൊമ്മച്ചൻ) മകൻ സിബി

തൊമ്മച്ചന്റെ അഞ്ചാമത്തെ മകനാണ് സിബി. അപകടത്തിൽപ്പെട്ട് മരിച്ചു. മണിയംകുന്ന് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IV A.2f. കൊച്ചുപുരയ്ക്കൽ തോമസ് (തൊമ്മച്ചൻ) മകൻ ഷൈജു

തൊമ്മച്ചന്റെ ഇളയമകനാണ് ഷൈജു. തറവാട്ടിലാണ് താമസം. അവിവാഹിതനാണ്.

## IV A.3. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ സെബാസ്റ്റ്യൻ (കുഞ്ഞൂഞ്ഞ്)

അബ്രാഹത്തിന്റെ മൂന്നാമത്തെ മകനാണ് സെബാസ്റ്റ്യൻ. വെള്ളികുളത്താണ് താമസം. പൂഞ്ഞാർ മാളിയേക്കൽ ജോസഫ്–അന്നമ്മ മകൾ മറിയക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. സണ്ണി, റോയി, റോബി എന്നിവരാണ് ആൺമക്കൾ. വത്സമ്മ, ഷാലമ്മ, എത്സമ്മ, സി. മെൽബി, സി. റോസ്ബി

എന്നിവരാണ് പെൺമക്കൾ. 28-08-2002-ൽ സെബാസ്റ്റ്യൻ മരിച്ചു. മൂത്തമകൾ വത്സമ്മയെ കിഴവഞ്ചിയിൽ വർക്കി-ഏലി മകൻ കെ. വി. ജോസഫ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ഷാലമ്മ ചേർത്തല അസ്സീസി കോൺവെന്റിൽ സന്യസത്ജീവിതം നയിക്കുന്നു. സി. കോൾബി ഫ്രാൻസീസ് ASMI എന്നപേരിൽ അറിയപ്പെടുന്നു. പ്രഥമ വ്രതവാഗ്ദാനം 01-02-1989. മൂന്നാമത്തെ മകൾ എത്സമ്മ അവിവാഹിതയായിരുന്നു. 2016-ൽ മരിച്ചു. നാലാമത്തെ മകൾ സി. മെൽബി ഫ്രാൻസീസ് എറണാകുളം അസ്സീസി കോൺവെന്റിൽ സന്യസ്തജീവിതം നയിക്കുന്നു (പ്രഥമ വ്രതവാഗ്ദാനം 05-02-1998). ഇളയമകൾ സിസ്റ്റർ റോസ്ബി ഫ്രാൻസീസ് തലവടി അസ്സീസി കോൺവെന്റിൽ സേവനം ചെയ്യുന്നു (പ്രഥമ വ്രതവാഗ്ദാനം 05-02-2005).

## IV A.3a. കൊച്ചുപുരയ്ക്കൽ സെബാസ്റ്റ്യൻ മകൻ സണ്ണി

സെബാസ്റ്റ്യന്റെ മൂത്തമകനാണ് സണ്ണി. വെള്ളികുളത്താണ് താമസം. വലവൂർ ചാലിൽ, ജോസഫ്-അന്നമ്മ മകൾ ബെൻസിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. പ്രിൻസ്, ജിൽസ്, ലിൻസ്. മൂവരും വിദ്യാർത്ഥികളാണ്.

## IV A.3b. കൊച്ചുപുരയ്ക്കൽ സെബാസ്റ്റ്യൻ മകൻ റോയി

സെബാസ്റ്റ്യന്റെ രണ്ടാമത്തെ മകനാണ് റോയി. പ്ലാശനാലാണ് താമസം. പ്ലാശനാൽ തേനംമാക്കൽ മാത്യു-റോസ മകൾ ഷാന്റിയെ വിവാഹം കഴിച്ചു. റോയി വിദേശത്ത് ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. ഇരുവരും പഠിക്കുന്നു.

## IV A.3c. കൊച്ചുപുരയ്ക്കൽ സെബാസ്റ്റ്യൻ മകൻ റോബി

സെബാസ്റ്റ്യന്റെ ഇളയമകനാണ് റോബി. ഇറ്റലിയിൽ സ്റ്റാഫ് നഴ്സായി ജോലിചെയ്യുന്നു. തീക്കോയി പുല്ലാട്ട് ജിൻസിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ.

## IV A.4. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ ചാക്കോ

അബ്രാഹത്തിന്റെ നാലാമത്തെ മകനാണ് ചാക്കോ. തീക്കോയിയിലാണ് താമസം. ഭരണങ്ങാനം മണ്ഡപത്തിൽ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. മൂന്ന് ആൺമക്കളും അഞ്ച് പെൺമക്കളും. പയസ്, സുനിൽ, ബിജു എന്നിവരാണ് ആൺമക്കൽ. പുഷ്പ, ഷൈനി, ജെസി, അമ്പിളി, ആമ്പൽ എന്നി

വർ പെൺമക്കളും. മൂത്തമകൾ പുഷ്പയെ മരങ്ങാട്ടുപള്ളി മാങ്ങിലേട്ട് റ്റോമി വിവാഹം കഴിച്ചു. രണ്ടാമത്തെ മകൾ ഷൈനിയെ പാറമ്പുഴ മേക്കുന്നേൽ ബെന്നി ജേക്കബ് വിവാഹം കഴിച്ചു. മൂന്നാമത്തെ മകൾ ജെസിയെ പെരുമ്പാവൂർ വട്ടക്കുന്നേൽ മനോജ് വി. ജോൺ വിവാഹം കഴിച്ചു. നാലാമത്തെ മകൾ അമ്പിളിയെ വെളിച്ചിയാനി, പുളിക്കൽ ജിജോ പി. സ്റ്റീഫൻ വിവാഹം കഴിച്ചു. ഇളയമകൾ ആമ്പലിനെ തൃശൂർ മുണ്ടകത്തറപ്പേൽ റെജി തോമസ് വിവാഹം കഴിച്ചു.

## IV A.4a. കൊച്ചുപുരയ്ക്കൽ ചാക്കോ മകൻ പയസ് ജേക്കബ്

ചാക്കോയുടെ മൂത്തമകനാണ് പയസ്. തീക്കോയിയിലാണ് താമസം. അറക്കുളം മീനാട്ടൂർ മിനിയെ വിവാഹം ചെയ്തു. പയസ് തീക്കോയി സർവ്വീസ് സഹകരണ ബാങ്കിൽ മനേജരാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. നോബിൾ, നിയ. ഇരുവരും വിദ്യാർത്ഥികളാണ്.

## IV A.4b. കൊച്ചുപുരയ്ക്കൽ ചാക്കോ മകൻ സുനിൽ ജേക്കബ്

ചാക്കോയുടെ രണ്ടാമത്തെ മകനാണ് സുനിൽ. തീക്കോയിയിലാണ് താമസം. കടനാട് ചിറ്റേട്ട് ഡാലിയെ വിവാഹം ചെയ്തു. സുനിൽ ബിസിനസ്സ് ചെയ്യുന്നു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഡോൺ, ഡീൻ, ഡിയോണ. ഇവർ വിദ്യാർത്ഥികളാണ്.

## IV A.4c. കൊച്ചുപുരയ്ക്കൽ ചാക്കോ മകൻ ബിജു ജേക്കബ്

ചാക്കോയുടെ ഇളയമകനാണ് ബിജു. തീക്കോയിയിലാണ് താമസം. ബിസിനസ്സ് ചെയ്യുന്നു. കുഴിമറ്റത്തിൽ അന്നമോളെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ആൻഡ്രിയ, കുഞ്ഞുമോൾ. ഇരുവരും വിദ്യാർത്ഥികളാണ്.

## IV A.5. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ വർക്കി അബ്രാഹം

അബ്രാഹത്തിന്റെ അഞ്ചാമത്തെ മകനാണ് വർക്കി. വെള്ളിക്കുളത്താണ് താമസം. പൂഞ്ഞാർ വാണിയപുരയ്ക്കൽ സിസിലി (ലില്ലി)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് പെൺമക്കളും രണ്ട് ആൺമക്കളും. സോണിയാ, സോളി എന്നിവരാണ് പെൺമക്കൾ. ജോസഫ് (ബോബി), ജോർജ് (സോജി) എന്നിവർ ആൺമക്കളും. മൂത്തമകൾ സോണിയായെ പൂവരണി, ഈറ്റത്തോട് ജോസഫ്-മറിയം മകൻ സാജുവും, ഇളയമകൾ സോളിയെ പയപ്പാർ അറക്കക്കണ്ടത്തിൽ സെബാസ്റ്റ്യൻ മകൻ സാജുവും വിവാഹംചെയ്തു. സാജു 08-04-2014-ൽ നിര്യാതനായി.

## IV A.5a. കൊച്ചുപുരയ്ക്കൽ വർക്കി മകൻ സോബി

വർക്കിയുടെ മൂത്തമകനാണ് സോബി. മേലുകാവ് വെള്ളിയാം കണ്ടത്തിൽ തോമസ് മകൾ ഷീബുവിനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് പെൺകുട്ടികൾ. അൽഫോൻസ, ആൻമരിയാ, തേരേസാ.

## IV A.6. കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ ജോസഫ്(കൊച്ചേപ്പ്)

അബ്രാഹത്തിന്റെ ഇളയമകനാണ് ജോസഫ് (കൊച്ചേപ്പ്). പൂഞ്ഞാറിലാണ് താമസം. തിടനാട് ഒട്ടലാങ്കൽ വർക്കി-മറിയക്കുട്ടി മകൾ മേരിക്കുട്ടിയെ 1975 മെയ് 25-ാം തീയതി വിവാഹംചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആൺമക്കളും ഒരുമകളും. ജോബിൻ, ജോജിൻ എന്നിവരാണ് ആൺമക്കൾ. ജോസ്മി മകളും. ഏകമകൾ ജോസ്മി 1976 ഏപ്രിൽ 20-ാം തീയതി ജനിച്ചു. കൊഴുവ നാൽ HSS-ൽ അധ്യാപികയാണ്. തിടനാട് മൂന്നാനപ്പിള്ളിൽ ജെസ്റ്റിൻ വിവാഹം ചെയ്തു. ജസ്റ്റിൻ പ്ലാശനാൽ HSS-ൽ അധ്യാപകനാണ്.

## IV A.6a. കൊച്ചുപുരയ്ക്കൽ കൊച്ചേപ്പ് മകൻ ജോബിൻ

കൊച്ചേപ്പിന്റെ മൂത്തമകനാണ് ജോബിൻ. അതിരംപുഴ ഓണം കുളത്ത് ജോയി-മറിയാമ്മ മകൾ ഷാനിയെ വിവാഹം കഴിച്ചു. ജോബിൻ കുട്ടിക്കാനം മരിയൻ കോളജിൽ ജോലിചെയ്യുന്നു. ഷാനി അതിരംപുഴ HSS-ൽ അധ്യാപികയാണ്. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആണും ഒരു പെണ്ണും. അഡോൺ, ഡിയോൺ എന്നീ ആൺമക്കളും മറിയമ്മ എന്ന മകളും.

## IV A.6b. കൊച്ചുപുരയ്ക്കൽ കൊച്ചേപ്പ് മകൻ ജോജിൻ

കൊച്ചേപ്പിന്റെ രണ്ടാമത്തെ മകനാണ് ജോജിൻ. ആലുവാ ഫെഡറൽ ബാങ്കിൽ മാനേജരാണ്. തോട്ടയ്ക്കാട് ചിറയ്ക്കൽ അപ്പ ച്ചൻകുട്ടി-ലൈസമ്മ മകൾ ലിസ്മോളെ വിവാഹം ചെയ്തു. ലിസ്മോൾ ചങ്ങനാശ്ശേരി അസംപ്ഷൻ കോളജിൽ അസി. പ്രൊഫ സർ ആണ്.

## IV B. കൊച്ചുപുരയ്ക്കൽ ഇട്ടിയവിരാ മകൻ വർക്കി

ഇട്ടിയിവിരാ-റോസ ദമ്പതികളുടെ മൂന്നാമത്തെ മകനാണ് വർക്കി. 1905-ൽ ജനിച്ചു. 1925-ൽ ചൂണ്ടച്ചേരി കളത്തിനാൽ മിഖാ

യേൽ-മറിയം ദമ്പതികളുടെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. അപ്പച്ചൻ എന്ന മകനും അച്ചാമ്മ എന്ന മകളും. 1939-ൽ വർക്കി നിര്യാതനായി. 1999 ആഗസ്റ്റ് 20-ന് ഏലിയാമ്മയും നിര്യാതയായി. ഈ കുടുംബം പൂഞ്ഞാറിലാണ് താമസം. വർക്കിയുടെ മകൾ അച്ചാമ്മ 1934-ൽ ജനിച്ചു. 1952-ൽ മണിയാംകുന്ന് കളത്തിൽ ജോസഫിനെ വിവാഹം ചെയ്തു.

## IV B.1. കൊച്ചുപുരയ്ക്കൽ വർക്കി മകൻ അപ്പച്ചൻ (അവിരാവർക്കി)

വർക്കിയുടെ ഏകമകനാണ് അപ്പച്ചൻ. പൂഞ്ഞാറിലാണ് താമസം. 1939-ൽ ജനിച്ചു. തീക്കോയി സ്കൂളിൽനിന്നും പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കൃഷിയിൽ ഏർപ്പെട്ടു. 1961 ജനുവരി 16-ന് വേലത്തുശ്ശേരി മുത്തനാട്ട് മത്തായി-അന്നമ്മ മകൾ അന്നക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. മൂന്ന് ആൺമക്കളും നാല് പെൺമക്കളും. ബാബു, റോയി, ബിജു എന്നിവരാണ് ആൺമക്കൾ. റൂബി, മിനി, ബിന്ദു, ഷെല്ലി എന്നിവർ പെൺമക്കളും. പെൺമക്കളിൽ മൂത്തമകളായ റൂബി 1965-ൽ ജനിച്ചു. 1987-ൽ പാളയം ഇടവക പ്ലാത്തോട്ടത്തിൽ കുര്യാക്കോസ് മറിയം മകൻ ജോസ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മിനി 1968-ൽ ജനിച്ചു. 1992-ൽ പിഴക് തോട്ടുങ്കൽ അഗസ്റ്റ്യൻ-മറിയം മകൻ ജോയിയെ വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ ബിന്ദു 1978-ൽ ജനിച്ചു. 2001-ൽ ചേന്നാട് അരിമറ്റത്ത് മാത്യു-മറിയം മകൻ ബിജു വിവാഹം ചെയ്തു. ഇളയ മകൾ ഷെല്ലി 1985-ൽ ജനിച്ചു. ബാംഗ്ലൂരിൽ നിന്നും നഴ്സിംഗ് പാസ്സായശേഷം മുംബയിൽ ജോലി ചെയ്യുന്നു.

## IV B.1a. കൊച്ചുപുരയ്ക്കൽ അപ്പച്ചൻ മകൻ ബാബു

അപ്പച്ചന്റെ മൂത്തമകനാണ് ബാബു അബ്രാഹം. 1963-ൽ ജനിച്ചു. 1977 ഫെബ്രുവരി 24-ന് പതിനാലാമത്തെ വയസ്സിൽ മരിച്ചു. വേലത്തുശ്ശേരി ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IV B.1b. കൊച്ചുപുരയ്ക്കൽ അപ്പച്ചൻ മകൻ റോയി അബ്രാഹം

അപ്പച്ചന്റെ രണ്ടാമത്തെ മകനാണ് റോയി. 03-01-1969-ൽ ജനിച്ചു. തീക്കോയി സ്കൂളിൽനിന്നും SSLCയ്ക്കുശേഷം കൃഷിയിൽ ഏർപ്പെട്ടു. 1988-ൽ മല്ലികശ്ശേരി പുത്തൻപുരയ്ക്കൽ ഫിലിപ്പ്-ക്ലാരമ്മ മകൾ സുനിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. മേഘ, നേഘ.

## IV B.1c. കൊച്ചുപുരയ്ക്കൽ അപ്പച്ചൻ മകൻ ബിജു അബ്രാഹം

അപ്പച്ചന്റെ മൂന്നാമത്തെ മകനാണ് ബിജു. 1973-ൽ ജനിച്ചു. SSLCയ്ക്കുശേഷം കൃഷിയിൽ ഏർപ്പെട്ടു. 2003-ൽ ചേന്നാട് അരിമറ്റത്തിൽ മാത്യു-മേഴ്സി മകൾ സീമയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. നിഖിത, നേഖ.

## IV C. കൊച്ചുപുരയ്ക്കൽ ഇട്ടിരാ മകൻ ജോസഫ്

ഇട്ടിരായുടെ ഇളയമകനാണ് ജോസഫ്. വാകത്താനത്ത് ത്രേസ്യയാണ് ഭാര്യ. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും. അബ്രാഹം (പാപ്പച്ചൻ), കുര്യൻ (കുട്ടിയച്ചൻ), ജോസഫ് (തങ്കച്ചൻ) എന്നിവരാണ് ആൺമക്കൾ. ലില്ലി, ത്രേസ്യാമ്മ എന്നിവർ പെൺമക്കളും. ലില്ലിയെ പ്ലാത്തോട്ടത്തിൽ ജോസ് വിവാഹം ചെയ്തു. ചെമ്മണ്ണാറിലാണ് താമസം. ത്രേസ്യാമ്മ അവിവാഹിതയായിരുന്നു. ഇട്ടിരായും ഭാര്യ ത്രേസ്യാമ്മയും നിര്യാതരായി. ഇരുവരെയും ചെമ്മണ്ണാർ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IV C.1. കൊച്ചുപുരയ്ക്കൽ ജോസഫ് മകൻ അബ്രാഹം(പാപ്പച്ചൻ)

ജോസഫിന്റെ മൂത്തമകനാണ് അബ്രാഹം. വെമ്പള്ളിൽ അന്നക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആണും ഒരു പെണ്ണും. അനീഷ്, അജേഷ് എന്നിവരാണ് ആൺമക്കൾ. അനുമോൾ മകളും.

## IV C.2. കൊച്ചുപുരയ്ക്കൽ ജോസഫ് മകൻ കുര്യൻ (കുട്ടിയച്ചൻ)

ജോസഫിന്റെ രണ്ടാമത്തെ മകനാണ് കുര്യൻ. രാജകുമാരി, മറ്റത്തിൽ റോസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരാണും മൂന്ന് പെൺമക്കളുമടക്കം നാലു മക്കൾ. അരുൺ എന്ന മകനും, ദിവ്യ, രമ്യ, സൗമ്യ എന്നീ പെൺമക്കളും.

## IV C.3. കൊച്ചുപുരയ്ക്കൽ ജോസഫ് മകൻ തങ്കച്ചൻ

ജോസഫിന്റെ ഇളയമകനാണ് തങ്കച്ചൻ. വാഗമൺ കുരിശുമല ആശ്രമത്തിൽ ബ്രദറായി സന്യസ്ത ജീവിതം നയിക്കുന്നു.

## V. കൊച്ചുപുരയ്ക്കൽ ഇട്ടി അവിരാ മകൻ ദേവസ്യാ

ഇട്ടി അവിരായുടെ ഇളയമകനാണ് ദേവസ്യാ. അവിരായ്ക്ക് ആറ് മക്കൾ. മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും. അവിരാ,

ജോസഫ്(കുട്ടി), ദേവസ്യാ എന്നിവരാണ് ആൺമക്കൾ. മറിയാമ്മ, അച്ചാമ്മ, അന്നമ്മ എന്നിവർ പെൺമക്കളും. മൂത്തമകൾ മറിയാമ്മയെ പുല്ലാട്ടും, രണ്ടാമത്തെ മകൾ അന്നമ്മയെ കരിവേലിക്കലും, ഇളയമകൾ അച്ചാമ്മയെ മാടപ്പാട്ടും, വിവാഹം ചെയ്തയച്ചു.

## VA. കൊച്ചുപുരയ്ക്കൽ ദേവസ്യാ മകൻ കുഞ്ഞാപ്പൻ (അവിരാ)

ദേവസ്യായുടെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് കുഞ്ഞാപ്പൻ എന്ന് വിളിക്കുന്ന അവിരാ. ഇരട്ടയാർ നടുവത്തേട്ട് ജോസഫിന്റെ മകൾ റോസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. നാല് പെൺമക്കളും മുന്ന് ആൺമക്കളും. അന്നക്കുട്ടി, ചിന്നമ്മ, റോസമ്മ, കുട്ടിയമ്മ (റോസമ്മ) എന്നിവരാണ് പെൺമക്കൾ. ദേവസ്യാ(കുട്ടിമോൻ), ജോസഫ് (കുഞ്ഞൂഞ്ഞ്), ആന്റണി (ബാബു) എന്നിവരാണ് ആൺമക്കൾ. പെൺമക്കളിൽ മൂത്തമകൾ അന്നക്കുട്ടിയെ ചെമ്മണ്ണാർ കിഴക്കയിൽ പീലിപ്പോസും, രണ്ടാമത്തെ മകൾ ചിന്നമ്മയെ രാജകുമാരി തോളത്തിൽ തോമസും, മൂന്നാമത്തെ മകൾ റോസമ്മയെ പന്നിയാർകുട്ടി ഒഴുകയിൽ ജോസഫും, ഇളയമകൾ കുട്ടിയമ്മ(റോസമ്മ)യെ ജോസ്ഗിരി തയ്യിൽ ജോസഫ്-ഏലിക്കുട്ടി മകൻ ജെയിംസും വിവാഹം ചെയ്തു.

## V A.1. കൊച്ചുപുരയ്ക്കൽ കുഞ്ഞാപ്പൻ (അവിരാ) മകൻ ദേവസ്യാ (കുട്ടിമോൻ)

കുഞ്ഞാപ്പന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് കുട്ടിമോൻ എന്നു വിളിക്കുന്ന ദേവസ്യാ. പന്നിയാർകുട്ടി, നരിക്കുഴി കുര്യൻ-ഏലിക്കുട്ടി മകൾ മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. ആറ് പെൺമക്കളും രണ്ട് ആൺമക്കളും. ഡെയ്സി (റോസ), ഓമന (മറിയം), മേഴ്സിക്കുട്ടി (ഏലിക്കുട്ടി), ഷിൽബി, ബിൻസി, മഞ്ജു (അൽഫോൻസ). ജയ്മോൻ, ജയേഷ് എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ ഡെയ്സിയെ കൊച്ചറ, എടാട്ട് ചാക്കോച്ചൻ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ഓമന SABS സന്യസ്തസഭയിൽ ചേർന്ന് സന്യസ്തജീവിതം നയിക്കുന്നു. സി. ജോയ്സ് എന്ന പേരിൽ അറിയപ്പെടുന്നു. മരിയാപുരത്താണ് സേവനം. മൂന്നാമത്തെ മകൾ മേഴ്സിക്കുട്ടിയെ രാജാക്കാട് പഞ്ഞിക്കുന്നേൽ ജോസഫും, നാലാമത്തെ മകൾ ഷിൽബിയെ കാന്തിപ്പാറ മാവറയിൽ ബെന്നിയും, അഞ്ചാമത്തെ മകൾ ബിൻസിയെ രാജകുമാരി നൂറനാനിക്കൽ സാജുവും, ഇളയമകൾ മഞ്ജുവിനെ ജോസ്ഗിരി ഒറ്റയാങ്കൽ

പ്രിൻസും വിവാഹം ചെയ്തു. 02-07-2018-ൽ കുട്ടിമോൻ മരിച്ചു. ചെമ്മണ്ണൂർ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

### V A.1a. കൊച്ചുപുരയ്ക്കൽ ദേവസ്യാ(കുട്ടിമോൻ) മകൻ ജയ്മോൻ

ദേവസ്യായുടെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ജയ്മോൻ. എല്ലക്കൽ ഇടവക തോളത്തിൽ തൊമ്മൻ മകൾ ജോസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഡിയോൺ, ലിയോണ, അച്ചു.

### V A.1b. കൊച്ചുപുരയ്ക്കൽ ദേവസ്യാ(കുട്ടിമോൻ) മകൻ ജയേഷ്

ദേവസ്യായുടെ ഇളയമകനാണ് ജയേഷ്. പോലീസിൽ ട്രയിനിയായിരുന്ന ജയേഷ് പാസിംഗ് ഔട്ട് പരേഡിനുള്ള തയ്യാറെടുപ്പിനിടെ 2013 ജനുവരി 25-ന് മരിച്ചു. ചെമ്മണ്ണാർ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

### V A.2. കൊച്ചുപുരയ്ക്കൽ കുഞ്ഞാപ്പൻ (അവിരാ) മകൻ ജോസഫ് (കുഞ്ഞൂഞ്ഞ്)

കുഞ്ഞാപ്പന്റെ രണ്ടാമത്തെ മകനാണ് ജോസഫ്(കുഞ്ഞൂഞ്ഞ്). കാന്തിപ്പാറ ഒറ്റാനിച്ചുവട്ടിൽ മാണി മകൾ മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആൺമക്കളും ഒരു മകനും. ബിജു, വിജീഷ് എന്നിവരാണ് ആൺമക്കൾ. ഏകമകൾ ബിൻസി. പുറ്റടി കൊട്ടാരത്തിൽ ബിനോയിയാണ് ഭർത്താവ്.

### V A.2a. കൊച്ചുപുരയ്ക്കൽ ജോസഫ്(കുഞ്ഞൂഞ്ഞ്) മകൻ ബിജു

കുഞ്ഞൂഞ്ഞിന്റെ മൂത്തമകനാണ് ബിജു. കട്ടപ്പനയാണ് താമസം. റവന്യൂവകുപ്പിൽ ഉദ്യോഗസ്ഥനാണ്. ഭാര്യ മഞ്ജു. ഇവർക്ക് രണ്ട് ആൺമക്കൾ. ഗ്രിഫൻ, ഔസേപ്പച്ചൻ.

### VA.2b. കൊച്ചുപുരയ്ക്കൽ ജോസഫ്(കുഞ്ഞൂഞ്ഞ്) മകൻ വിജീഷ്

കുഞ്ഞൂഞ്ഞിന്റെ ഇളയമകനാണ് വിജീഷ്. കർഷകനായ വിജീഷ് അവിവാഹിതനാണ്.

### VA.3. കൊച്ചുപുരയ്ക്കൽ കുഞ്ഞാപ്പൻ മകൻ ആന്റണി (ബാബു)

കുഞ്ഞാപ്പന്റെ ഇളയമകനാണ് ആന്റണി. പൊതുപ്രവർത്തകനാണ്. സേനാപതി പഞ്ചായത്ത് മെമ്പറായിരുന്നു. സേനാപതി കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡ് അംഗമാണ്. രാജകുമാരി,

പരുത്തിപ്പള്ളി ജോസഫ്-ഏലിക്കുട്ടി മകൾ ജാൻസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. ബിനു, ബിനോജ്, ജോമോൻ. ബിനു ദുബായ്യിൽ ജോലിചെയ്യുന്നു. രണ്ടാമത്തെ മകൻ ബിനോജ് എറണാകുളത്ത് ഓഡിറ്ററായി ജോലിചെയ്യുന്നു. ഇളയമകൻ ജോമോൻ CA വിദ്യാർത്ഥിയാണ്.

## VB. കൊച്ചുപുരയ്ക്കൽ ദേവസ്യാ മകൻ ജോസഫ് (കുട്ടി)

ദേവസ്യായുടെ രണ്ടാമത്തെ മകനാണ് ജോസഫ് (കുട്ടി). പൂഞ്ഞാർ പുരയ്ക്കൽ ഏലിയാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. ആറ് ആൺമക്കളും ഒരു മകളും. പാപ്പച്ചൻ(ദേവസ്യാ), ബേബി(വർക്കി), ജോയി(ജോസഫ്), സാന്റോച്ചൻ(അബ്രാഹം), സാബു(ജോസ്), സണ്ണി(ഫ്രാൻസീസ്) എന്നിവരാണ് ആൺമക്കൾ. മേരിയാണ് ഏകമകൾ. എഴുകുംവയൽ പള്ളിയാടിയിൽ തോമാച്ചൻ മേരിയെ വിവാഹം ചെയ്തു.

## VB.1. കൊച്ചുപുരയ്ക്കൽ ജോസഫ് (കുട്ടി) മകൻ പാപ്പച്ചൻ (സെബാസ്റ്റ്യൻ)

കുട്ടിയുടെ ആറ് ആൺമക്കളിൽ മൂത്തമകനാണ് പാപ്പച്ചൻ. പന്നിയാർകുട്ടി ചക്കാലയ്ക്കൽ മേരിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഒരു മകളും രണ്ട് ആൺമക്കളും. വിജിയാണ് ഏകമകൾ. വിജു, ജിനു എന്നിവർ ആൺമക്കളും. ഏകമകൾ വിജി SABS സന്യസ്തസഭയിൽ ചേർന്ന് സന്യസ്തജീവിതം നയിക്കുന്നു. സി. വിജി എന്നപേരിൽ അറിയപ്പെടുന്നു. തങ്കമണി ഹയർസെക്കൻഡറി സ്കൂളിൽ അധ്യാപികയാണ്.

## VB.1a. കൊച്ചുപുരയ്ക്കൽ പാപ്പച്ചൻ മകൻ വിജു

പാപ്പച്ചന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് വിജു. പാറത്തോട് പണിക്കൻകുടി, മുല്ലപള്ളി ആഷയാണ് ഭാര്യ. ഇരുവരും അദ്ധ്യാപകരാണ്. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെണ്ണും ഒരു മകനും. മരിയാ, അൽഫോൻസ, കൊച്ചുത്രേസ്യാ എന്നിവരാണ് പെൺമക്കൾ. ജോഷ്വാ മകനും.

## VB.1b. കൊച്ചുപുരയ്ക്കൽ പാപ്പച്ചൻ മകൻ ജിനു

പാപ്പച്ചന്റെ ഇളയമകനാണ് ജിനു. നെടുങ്കണ്ടം വേലംപറമ്പിൽ ഫ്രാൻസിസ്-മേരി മകൾ അൽഫോൻസായാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ക്രിസ്റ്റോ, ജിയന്ന, ജോപോൾ

## VB.2. കൊച്ചുപുരയ്ക്കൽ ജോസഫ് മകൻ ബേബി (വർക്കി)

കുട്ടിയുടെ രണ്ടാമത്തെ മകനാണ് ബേബി. പൊട്ടൻകാട് കിഴക്കേൽ പീലിപ്പോസ്-മറിയം മകൾ ത്രേസ്യാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. ഒരു മകനും മൂന്ന് പെൺമക്കളും. ജിസ് ആണ് ഏകമകൻ. ജെയ്സ്, ജെയ്മി, നീതു എന്നിവർ പെൺമക്കളും. പെൺമക്കളിൽ മൂത്തമകൾ ജെയ്സിയെ മങ്കൂവ നെയ്ക്കുഴി സാബുവും, രണ്ടാമത്തെ മകൾ ജെയ്മിയെ ഉപ്പുതറ ആലനോലിക്കൽ സനീഷും, ഇളയമകൾ നീതുവിനെ കൊച്ചുതോവാള പാറപ്പുറത്ത് ബിബിനും വിവാഹം ചെയ്തു.

## VB.2a. കൊച്ചുപുരയ്ക്കൽ ബേബി മകൻ ജിസ്

ബേബിയുടെ ഏകമകനാണ് ജിസ്. ഉപ്പുതോട് താഴത്തേവീട്ടിൽ ബെന്നി-ബീന മകൾ കിരൺ ആണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഐവിൻ, എവിലിൻ.

## VB.3. കൊച്ചുപുരയ്ക്കൽ ജോസഫ് മകൻ ജോയി (ജോസഫ്)

കുട്ടിയുടെ മൂന്നാമത്തെ മകനാണ് ജോയി. കർഷകനാണ്. ജോസ്ഗിരി കുന്നേൽ മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോബിൻ എന്ന മകനും, ജോബിമോൾ എന്ന മകളും. പാലാ കാവുംകണ്ടം, കണ്ടത്തിൽ ജോണി മകൻ ബിന്റോ ജോബിമോളെ വിവാഹം ചെയ്തു.

## VB.3a. കൊച്ചുപുരയ്ക്കൽ ജോയി മകൻ ജോബിൻ

ജോയിയുടെ ഏകമകനാണ് ജോബിൻ. ഹോട്ടൽ മാനേജ്മെന്റിനുശേഷം കാനഡയിൽ ജോലി ചെയ്യുന്നു. കല്ലുപാലം, കടുപ്പിൽ ജോണി-ബീനാ മകൾ നീതുവാണ് ഭാര്യ(കാനഡ). ഈ ദമ്പതികൾക്ക് ഒരു മകൾ. ജോഹന്ന.

## VB.4. കൊച്ചുപുരയ്ക്കൽ ജോസഫ് മകൻ സാന്റോച്ചൻ (അബ്രാഹം)

കുട്ടിയുടെ നാലാമത്തെ മകനാണ് സാന്റോച്ചൻ. കരിമല, പുതുപ്പറമ്പിൽ മാത്യു-അന്ന മകൾ ലിസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരു മകളും ഒരു മകനും. സൗമ്യ(മേരി)യാണ് മകൾ. അനൂപ്(ജോസഫ്) മകനും. സൗമ്യയെ തൂക്കുപാലം വല്യറയ്ക്കൽ

സജിൻ വിവാഹം ചെയ്തു. അനൂപ് നെടുങ്കണ്ടത്ത് ബാങ്കിൽ ജോലി ചെയ്യുന്നു.

## V B.5. കൊച്ചുപുരയ്ക്കൽ ജോസഫ് (കുട്ടി) മകൻ സാബു (തോമസ്)

കുട്ടിയുടെ അഞ്ചാമത്തെ മകനാണ് സാബു. കരിമല, പുതുപ്പറമ്പിൽ മാത്യു-അന്ന മകൾ ഗ്രേസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. സോബിൻ(ജോസഫ്), എബിൻ (മാത്യു). സോബിൻ അബുദാബിയിൽ ജോലി ചെയ്യുന്നു.

## V B.6. കൊച്ചുപുരയ്ക്കൽ ജോസഫ് (കുട്ടി) മകൻ സണ്ണിയച്ചൻ (ഫാ. ഫ്രാൻസീസ് കൊച്ചുപുരയ്ക്കൽ)

കുട്ടിയുടെ ഇളയമകനാണ് സണ്ണിയച്ചൻ. കോതമംഗലം രൂപതയിൽ വൈദികനായിരുന്നു. 25-09-1964-ൽ ജനിച്ചു. വഴിത്തല ദൈവാലയത്തിൽ അസിസ്റ്റന്റ് വികാരിയായിരിക്കേ കല്ലാറിൽ വച്ചുണ്ടായ ഒരു വാഹനാപകടത്തിൽ 29-04-2001-ൽ നിര്യാതനായി. ചെമ്മണ്ണാർ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## V C. കൊച്ചുപുരയ്ക്കൽ ദേവസ്യാ മകൻ ദേവസ്യാ

ദേവസ്യായുടെ ഇളയമകനാണ് ദേവസ്യാ. തീക്കോയി മൈലംപറമ്പിൽ ചാക്കോ-കുഞ്ഞേലി മകൾ മറിയക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് പെണ്ണും രണ്ട് ആണും. അപ്പച്ചൻ (ദേവസ്യാ), ഷാജി എന്നിവരാണ് ആൺമക്കൾ. പെണ്ണമ്മ, മേരിക്കുട്ടി എന്നിവർ പെൺമക്കളും. പെണ്ണമ്മയെ കാന്തിപ്പാറ ആലനോലിക്കൽ അപ്പച്ചനും, മേരിക്കുട്ടിയെ വലിയതോവാള കളപ്പുരയ്ക്കൽ ജയിംസും വിവാഹം ചെയ്തു.

## V C.1. കൊച്ചുപുരയ്ക്കൽ ദേവസ്യാ മകൻ ദേവസ്യാ

ദേവസ്യായുടെ മൂത്തമകനാണ് അപ്പച്ചൻ. പൊട്ടൻകാട് മുതിരക്കാലായിൽ മത്തായി-റോസമ്മ മകൾ മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. സനീഷ് എന്ന മകനും, സീനിയ എന്ന മകളും. ചേമ്പളം, പനച്ചിയ്ക്കൽ സിബി സീനിയായെ വിവാഹംചെയ്തു. 30-01-2019-ൽ മേരി മരിച്ചു. ശ്ലീവാമല ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## V C.1a. കൊച്ചുപുരയ്ക്കൽ അപ്പച്ചൻ (ദേവസ്യാ) മകൻ സനീഷ്

അപ്പച്ചന്റെ ഏകമകനാണ് സനീഷ്. K.S.E.B. യിൽ ഉദ്യോഗസ്ഥനാണ്. വെൺമണി ഈന്തുങ്കൽ ലിസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. ഡോൺ, ഡിക്സൻ, ജയിംസ്കുട്ടി, ജറമിയ.

## V C.2. കൊച്ചുപുരയ്ക്കൽ ദേവസ്യാ മകൻ ഷാജി

ദേവസ്യായുടെ ഇളയമകനാണ് ഷാജി. കീരിത്തോട് മംഗലത്തിൽ മത്തായി-മേരി മകൾ മിനിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരു മകനും ഒരു മകളും. സാവിയോ എന്ന മകനും, ജിസ്മരിയ എന്ന മകളും.

### മത്തായി കൊച്ചുപുരയ്ക്കൽ

മത്തായിയുടെ ഭാര്യ അരുവിത്തുറ (അടിവാരം) പേഴത്തുങ്കൽ ഏലി. മത്തായിക്ക് എട്ട് മക്കൾ. ആറ് ആൺമക്കളും, രണ്ട് പെൺമക്കളും. മത്തായി, ഔസേപ്പ്, തൊമ്മൻ, ദേവസ്യാ, വർക്കി, ആഗസ്തി എന്നിവരാണ് ആൺമക്കൾ. ത്രേസ്യാമ്മ, അന്നമ്മ എന്നിവർ പെൺമക്കളും. മൂത്തമകൾ ത്രേസ്യാമ്മയെ ഇളങ്കാട് കൊടുങ്ങ, നെല്ലിക്കുന്നേൽ കുഞ്ഞ് വിവാഹം ചെയ്തു. അന്നമ്മയെ പ്ലാശനാൽ വേനപ്പാട്ട്പിക്കൽ കുഞ്ഞൂഞ്ഞ് വിവാഹം ചെയ്തു.

## I. കൊച്ചുപുരയ്ക്കൽ മത്തായി മകൻ മത്തായി (കൊച്ച്)

മത്തായിയുടെ ആറ് ആൺമക്കളിൽ മൂത്തമകനാണ് മത്തായി. മത്തായിയുടെ ആദ്യഭാര്യയുടെ പേര് ലഭ്യമല്ല. ഈ ദാമ്പത്യത്തിൽ മത്തായിക്ക് രണ്ടു മക്കൾ. മാത്യു (കുഞ്ഞുമോൻ) എന്ന മകനും തങ്കമ്മ (ത്രേസ്യാ) എന്ന മകളും. മാത്യു 25-ാം വയസ്സിൽ മരിച്ചു. തങ്കമ്മയുടെ വിവരം ലഭ്യമല്ല. ആദ്യഭാര്യയുടെ മരണശേഷം മത്തായി ഏയ്ഞ്ചൽവാലി കാരുവള്ളിൽ റോസമ്മ (ഓറോത)യെ വിവാഹം കഴിച്ചു. ഈ ദാമ്പത്യത്തിൽ മത്തായിക്ക് ആറ് മക്കൾ ജനിച്ചു. അഞ്ച് പെൺമക്കളും, ഒരു മകനും. പെണ്ണമ്മ, അന്നമ്മ, മേരിക്കുട്ടി, ഗ്രേസി, കുഞ്ഞൂഞ്ഞമ്മ എന്നിവരാണ് പെൺമക്കൾ. തങ്കച്ചൻ (ജേക്കബ്) ആണ് ഏക മകൻ. പെണ്ണമ്മയെ ചെമ്മണ്ണാർ, ചെറുവള്ളിൽ സ്റ്റീഫൻ (അപ്പച്ചൻ)നും, അന്നമ്മയെ കാസർഗോഡ് ചിറ്റാരിക്കാൽ, കപ്പലുമാക്കൽ കുഞ്ഞും, മേരിക്കുട്ടിയെ പാലാ മൂന്നാനി, പള്ളിത്താഴെ ജോസ് (ജോസഫ്)ഉം വിവാഹം കഴിച്ചു. 06-11-1999-ൽ മേരിക്കുട്ടി

മരിച്ചു. അരുവിത്തുറ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. അവിവാഹിതയായ ഗ്രേസി സഹോദരൻ തങ്കച്ചനൊപ്പം തറവാട്ടിൽ താമസിക്കുന്നു. ഇളയമകളായ കുഞ്ഞൂഞ്ഞമ്മയെ കൈപ്പള്ളി പുളിമൂട്ടിൽ പാപ്പച്ചൻ വിവാഹം ചെയ്തു. 28-10-2001-ൽ മത്തായിയും, 19-06-1997-ൽ റോസമ്മയും മരിച്ചു. ഇരുവരേയും അരുവിത്തുറ ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## I A. കൊച്ചുപുരയ്ക്കൽ മത്തായി മകൻ തങ്കച്ചൻ (ജേക്കബ്)

മത്തായിക്ക് രണ്ടാം ഭാര്യയിൽ ജനിച്ച ഏകമകനാണ് തങ്കച്ചൻ. K.S.R.T.C. ഉദ്യോഗസ്ഥനാണ്. അരുവിത്തുറയിൽ തറവാട്ടിൽ താമസിക്കുന്നു. പെരിങ്ങുളം, പൊടിപാറ ചാക്കോ-മറിയം മകൾ മേഴ്സിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. അരുൺ, അജിത്, അമൽ.

## II. കൊച്ചുപുരയ്ക്കൽ മത്തായി മകൻ ഔസേപ്പ്

മത്തായിയുടെ രണ്ടാമത്തെ മകനാണ് ഔസേപ്പ്. വൈക്കം വല്ലകം, പാറേൽ ഏലിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് പത്തു മക്കൾ. അഞ്ച് ആൺമക്കളും അഞ്ച് പെൺമക്കളും. ചാണ്ടി, ജോയി (മാത്യു), അപ്പച്ചൻ (ജോസഫ്), തങ്കച്ചൻ (സെബാസ്റ്റ്യൻ), ബാബു (തോമസ്) എന്നിവരാണ് ആൺമക്കൾ. ചിന്നമ്മ, കുഞ്ഞുപെണ്ണ്, ഇത്തമ്മ, തെയ്യാമ്മ, ഓമന എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ ചിന്നമ്മയെ കാൽവരിമൗണ്ട്, ഇടയാട്ട് പറമ്പിൽ ദേവസ്യായും, കുഞ്ഞുപെണ്ണിനെ നീലൂർ കൊച്ചുവീട്ടിൽ കുഞ്ഞേപ്പും, ഇത്തമ്മയെ പാലാ വെള്ളിയേപ്പള്ളിൽ, പുരയിടത്തിൽ അപ്പച്ചനും, തെയ്യാമ്മയെ കലയന്താനി നെല്ലിച്ചുവട്ടിൽ മാത്യുവും, ഇളയമകൾ ഓമനയെ കൈപ്പള്ളി കൊച്ചുപറമ്പിൽ സണ്ണിയും വിവാഹം കഴിച്ചു. 08-08-1994-ൽ ഔസേപ്പ് മരിച്ചു. അരുവിത്തുറ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## II A. കൊച്ചുപുരയ്ക്കൽ ഔസേപ്പ് മകൻ ചാണ്ടി

ഔസേപ്പിന്റെ മൂത്തമകനാണ് ചാണ്ടി. പനച്ചികപ്പാറയിലാണ് താമസം. പൂഞ്ഞാർ, അത്തിയാലിൽ വർഗ്ഗീസ്-ക്ലാര മകൾ കുട്ടിയമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. കൊച്ചുറാണി എന്ന മകളും, ജെയിംസ് എന്ന മകനും. ഈരാറ്റുപേട്ട നിവാസിയായ രഘു

വാണ് കൊച്ചുറാണിയുടെ ഭർത്താവ്. 2005 മാർച്ചിൽ ചാണ്ടി മരിച്ചു. അരുവിത്തുറ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## II A.1. കൊച്ചുപുരയ്ക്കൽ ചാണ്ടി മകൻ ജെയിംസ്

ചാണ്ടിയുടെ ഏകമകനാണ് ജെയിംസ്. പെരിങ്ങുളം, നെടുംപാറ റെനിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് ആൺമക്കളും ഒരു മകളും. ജിസ്, ജോസ്, ജോയിസ് എന്നിവരാണ് ആൺമക്കൾ. ലയോണി മകളും.

## II B. കൊച്ചുപുരയ്ക്കൽ ഔസേപ്പ് മകൻ ജോയി

ഔസേപ്പിന്റെ രണ്ടാമത്തെ മകനാണ് ജോയി. കൊഴുവനാൽ തണ്ണിപ്പാറ പാപ്പുവിന്റെ മകൾ മേരിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജിബിൻ എന്ന മകനും, ജോമി എന്ന മകളും. ജോമിയെ എറണാകുളം കലൂർ, പൂവൻകേരി ഷിനോ ആന്റണി വിവാഹം ചെയ്തു.

## II C. കൊച്ചുപുരയ്ക്കൽ ഔസേപ്പ് മകൻ അപ്പച്ചൻ

ഔസേപ്പിന്റെ മൂന്നാമത്തെ മകനാണ് അപ്പച്ചൻ. മുത്തോലി അള്ളുങ്കൽ ലിസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. സുമി എന്ന മകളും സുബിൻ എന്ന മകനും. സുമിയെ കൊണ്ടൂർ നെല്ലിക്കുന്നേൽ ഷിന്റോ വിവാഹം ചെയ്തു. 2012 ജൂലൈ 12-ാം തിയതി അപ്പച്ചൻ മരിച്ചു. അരുവിത്തുറ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## II D. കൊച്ചുപുരയ്ക്കൽ ഔസേപ്പ് മകൻ തങ്കച്ചൻ(സെബാസ്റ്റ്യൻ)

ഔസേപ്പിന്റെ നാലാമത്തെ മകനാണ് തങ്കച്ചൻ. പെരിങ്ങുളം ഉപ്പൂട്ടിൽ മത്തായി-ഏലി മകൾ ആനിയമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ടു പെൺകുട്ടികൾ. അഞ്ചു, ചിഞ്ചു.

## II E. കൊച്ചുപുരയ്ക്കൽ ഔസേപ്പ് മകൻ ബാബു (തോമസ്)

ഔസേപ്പിന്റെ ഇളയമകനാണ് തോമസ്. ഭരണങ്ങാനം കിഴപറയാർ, ഈഴക്കുന്നേൽ തോമസ്-അന്നമ്മ മകൾ സെലിനാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ടു കുട്ടികൾ. സിൻസി, സിജോ.

## III. കൊച്ചുപുരയ്ക്കൽ മത്തായി മകൻ തൊമ്മൻ

മത്തായിയുടെ മൂന്നാമത്തെ മകനാണ് തൊമ്മൻ. ഉപ്പുതറ,

രാജഗിരി ഇടവക ചെറുവള്ളിൽ മോനിയാണ് ഭാര്യ. ഇവർക്ക് മൂന്ന് ആൺമക്കൾ. മാനുവൽ, മാത്യു, ജോസ്.

## III A. കൊച്ചുപുരയ്ക്കൽ തൊമ്മൻ മകൻ മാനുവൽ (കുട്ടിയച്ചൻ)

തൊമ്മന്റെ മൂത്തമകനാണ് മാനുവൽ. കുറ്റിയാനിക്കൽ ദേവസ്യാ-മറിയക്കുട്ടി മകൾ ഏലിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. ഒരു മകനും അഞ്ച് പെൺമക്കളും. ടോമിയാണ് ഏകമകൻ. ബീന, ലാലി, ലിസി, മിനി, ബിന്ദു എന്നിവരാണ് പെൺമക്കൾ. മാനുവലിന്റെ ഏകമകൻ ടോമി 12-12-1976-ൽ ഒരു ബസ് അപകടത്തിൽ മരിച്ചു. നാരകക്കാനം ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. പെൺമക്കളിൽ മൂത്തമകൾ ബീനയെ കട്ടപ്പന, വാതല്ലൂർ തോമസ്കുട്ടിയും, രണ്ടാമത്തെ മകൾ ലാലിയെ കുതിരക്കല്ല് പരവരാകത്ത് ബിജുവും, മൂന്നാമത്തെമകൾ ലിസിയെ നാരകക്കാനം നല്ലൂക്കുന്നേൽ ജെയിംസും, നാലാമത്തെ മകൾ മിനിയെ മുരിക്കാശ്ശേരി പൊട്ടനാനിയിൽ ബിജേഷും, ഇളയ മകൾ ബിന്ദുവിനെ ഉദയഗിരി കല്ലുവച്ചേൽ സജയ്മോനും വിവാഹം ചെയ്തു.

## III B. കൊച്ചുപുരയ്ക്കൽ തൊമ്മൻ മകൻ മാത്യു (കുഞ്ഞ്)

തൊമ്മന്റെ രണ്ടാമത്തെ മകനാണ് മാത്യു. ഭാര്യ റോസമ്മ 8-ാം മൈൽ(കട്ടപ്പന) ഇടശ്ശേരിൽ മാത്യു-റോസമ്മ ദമ്പതികളുടെ മകളാണ്. ഈ ദമ്പതികൾക്ക് നാലു മക്കൾ. രണ്ട് പെൺമക്കളും, രണ്ട് ആൺമക്കളും. ജോൺസൺ, ജോജി എന്നിവരാണ് ആൺമക്കൾ. സെലിൻ, ബിന്ദു എന്നിവർ പെൺമക്കളും. മൂത്തമകൾ സെലിനെ കൽത്തൊട്ടി, തെക്കേപ്പുറമ്പിൽ ജയ്സൺ വിവാഹം ചെയ്തു. ഇളയമകൾ ബിന്ദുവിനെ ചേറ്റുകുഴി കൊടിത്തോട്ടത്തിൽ ബിനോയി വിവാഹം ചെയ്തു.

## III B.1. കൊച്ചുപുരയ്ക്കൽ മാത്യു (കുഞ്ഞ്) മകൻ ജോൺസൻ

മാത്യുവിന്റെ മൂത്തമകനാണ് ജോൺസൻ. കനകക്കുന്ന്, വടുതലക്കുന്നേൽ ജാസ്മിനാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. റോസ്മരിയ, അൻസാ മരിയാ.

## III B.2. കൊച്ചുപുരയ്ക്കൽ മാത്യു (കുഞ്ഞ്) മകൻ ജോജി

മാത്യുവിന്റെ ഇളയമകനാണ് ജോജി. അവിവാഹിതനാണ്.

## III C. കൊച്ചുപുരയ്ക്കൽ തൊമ്മൻ മകൻ ജോസ് (ഫാ. ജോസ് കൊച്ചുപുരയ്ക്കൽ)

തൊമ്മന്റെ മൂന്നാമത്തെ മകനാണ് ജോസ്. 16-03-1956-ൽ ജനിച്ചു. പൂഞ്ഞാർ SMV HSS-ൽനിന്നും നാരകക്കാനം സെന്റ് ജോസഫ് LPS-ൽനിന്നും LP വിദ്യാഭ്യാസവും, വാഴത്തോപ്പ് സെന്റ് ജോർജ് UP-സ്കൂളിൽനിന്നും അപ്പർ പ്രൈമറിയും, വാഴത്തോപ്പ് ഗവ. ഹൈസ്കൂളിൽ നിന്നും SSLC-യും പാസ്സായി. 1976 ജൂണിൽ കോതമംഗലം സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ ചേർന്ന് കോതമംഗലം രൂപതയ്ക്കുവേണ്ടി വൈദികപഠനം ആരംഭിച്ചു. തുടർന്ന് കാർമ്മൽ ഗിരി സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമി നാരിയിൽനിന്നും ഫിലോസഫിയും, മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് ദൈവശാസ്ത്രവും നേടി. 1986 ഡിസംബർ 27-ാം തിയതി നാരകക്കാനം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വച്ച് കോതമംഗലം രൂപതയുടെ അഭിവന്ദ്യപി താവ് മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിൽനിന്നും വൈദിക പട്ടം സ്വീകരിച്ചു. ഇപ്പോൾ ഇടുക്കി രൂപതയ്ക്കുവേണ്ടി സേവനം ചെയ്യുന്നു. എല്ലക്കൽ പള്ളി വികാരിയാണ്.

## IV. കൊച്ചുപുരയ്ക്കൽ മത്തായി മകൻ വർക്കി

മത്തായിയുടെ നാലാമത്തെ മകനാണ് വർക്കി. പെരിങ്ങുളം പാറടിയിൽ ത്രേസ്യയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് പെൺമ ക്കൾ. തങ്കമ്മ, മേരി, അച്ചാമ്മ, തെയ്യാമ്മ എന്നിവരാണ് പെൺമ ക്കൾ. മൂത്തമകൾ തങ്കമ്മയെ വാഴവര തകടിയേൽ വിവാഹം ചെയ്ത യച്ചു. രണ്ടാമത്തെ മകൾ മേരിയെ കാൽവരിമൗണ്ട് പൊൻപനാൽ ചാക്കോച്ചൻ വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ അച്ചാമ്മ അവി വാഹിതയാണ്. ഇളയമകൾ തെയ്യാമ്മയെ തങ്കമണി വിളക്കുമാട ത്തുങ്കൽ സാബു വിവാഹം ചെയ്തു. മരണശേഷം ഇരുവരെയും നാരകക്കാനംപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IV. കൊച്ചുപുരയ്ക്കൽ മത്തായി മകൻ ദേവസ്യാ

മത്തായിയുടെ നാലാമത്തെ മകനാണ് ദേവസ്യാ. മാമ്മിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. നാല് ആൺമക്കളും, രണ്ട്

പെൺമക്കളും. മത്തായി (കൊച്ച്), ജോസ്, തൊമ്മച്ചൻ, ചാക്കോ ച്ചൻ എന്നിവരാണ് ആൺമക്കൾ. ഏലിക്കുട്ടി, ജെസ്സി എന്നിവർ പെൺമക്കളും. മൂത്തമകൾ ഏലിക്കുട്ടിയെ കുന്നോന്നി ചോങ്കര ടോമി യും, ഇളയമകൾ ജെസ്സിയെ കുന്നോന്നി ചാലിൽ ഷാജിയും വിവാഹം ചെയ്തു.

## IV A. കൊച്ചുപുരയ്ക്കൽ ദേവസ്യാ മകൻ മത്തായി (മാത്യു)

മത്തായിയുടെ മൂത്തമകനാണ് മാത്യു. വെള്ളികുളം ആനക്കു ഴിയിൽ മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഷൈജു എന്ന മകനും ഷാന്റി, ഷൈബി എന്നീ പെൺമക്കളും. മൂത്തമകൾ ഷാന്റിയെ പാതാമ്പുഴ മാളിയേക്കൽ ഡെന്നിയും, ഇളയമകൾ ഷൈബിയെ ഉടുമ്പന്നൂർ ചാലിപ്ലാക്കൽ സിജുവും വിവാഹം ചെയ്തു.

## IVA.1. കൊച്ചുപുരയ്ക്കൽ മാത്യു മകൻ ഷൈജു

മാത്യുവിന്റെ ഏകമകനാണ് ഷൈജു. ഇടുക്കി കഞ്ഞിക്കുഴി, പടിഞ്ഞാറേമ്യാലിൽ അനുവാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് ആൺകുട്ടികൾ. ആൽബിൻ, എബിൻ, അലൻ.

## IVB. കൊച്ചുപുരയ്ക്കൽ ദേവസ്യാ മകൻ ജോസ്

ദേവസ്യായുടെ രണ്ടാമത്തെ മകനാണ് ജോസ്. പെരിഞ്ചാം കുട്ടി കുന്നത്ത് ലിസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് കുട്ടി കൾ. റ്റിബിൻ എന്ന മകനും റ്റിന്റു എന്ന മകളും.

## IVC. കൊച്ചുപുരയ്ക്കൽ ദേവസ്യാ മകൻ തൊമ്മൻ

ദേവസ്യായുടെ മൂന്നാമത്തെ മകനാണ് തൊമ്മച്ചൻ. വെള്ളി കുളം പുന്നശ്ശേരിൽ ജോസഫ്-മോനി മകൾ ജോളിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. സെബിൻ എന്ന മകനും, ജോസ്ന എന്ന മകളും.

## IVD. കൊച്ചുപുരയ്ക്കൽ ദേവസ്യാ മകൻ ചാക്കോച്ചൻ (സെബാസ്റ്റ്യൻ)

ദേവസ്യായുടെ ഇളയമകനാണ് ചാക്കോച്ചൻ. വെള്ളക്കയം മൈലേട്ട് ജോയി-മറിയാമ്മ മകൾ ജീനയാണ് ഭാര്യ. ഈ ദമ്പതി കൾക്ക് മൂന്ന് ആൺകുട്ടികൾ. ജോയൽ, ജെറിൻ, ജെസ്റ്റിൻ.

## VI. കൊച്ചുപുരയ്ക്കൽ മത്തായി മകൻ ആഗസ്തി

മത്തായിയുടെ ഇളയമകനാണ് ആഗസ്തി. കൈലാസം മാളി കപ്പുറത്ത് ജോസ്-മറിയാമ്മ മകൾ അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് ആൺമക്കളും ഒരു മകളും. മാത്യു (ബേബി), ജോസ്, ജോർജ് (വർക്കിച്ചൻ) എന്നിവരാണ് ആൺമക്കൾ. മേഴ്സി മകളും. നീലിവയൽ പുത്തൂർ സണ്ണി മേഴ്സിയെ വിവാഹം ചെയ്തു. ആഗസ്തി 1988 നവം. 9ന് മരിച്ചു. നാരകക്കാനംപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VI A. കൊച്ചുപുരയ്ക്കൽ ആഗസ്തി മകൻ മാത്യു (ബേബി)

ആഗസ്തിയുടെ മൂത്തമകനാണ് ബേബി. വിമലഗിരി വെട്ടിയാങ്കൽ വർഗ്ഗീസ്-ഏലിക്കുട്ടി മകൾ ജെസ്സി (അൽഫോൻസ)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അന്നമ്മ (മിനു) എന്ന മകളും, ആഗസ്റ്റിൻ (മനു) എന്ന മകനും.

## VI B. കൊച്ചുപുരയ്ക്കൽ ആഗസ്തി മകൻ ജോസ്

ആഗസ്തിയുടെ രണ്ടാമത്തെ മകനാണ് ജോസ്. നെല്ലിപ്പാറ, കപ്പലുമാക്കൽ ജെസ്സിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് കുട്ടികളില്ല. 1996 ജനുവരി 26-ന് ജോസ് മരിച്ചു. നാരകക്കാനം ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## VI C. കൊച്ചുപുരയ്ക്കൽ ആഗസ്തി മകൻ വർക്കിച്ചൻ(ജോർജ്)

ആഗസ്തിയുടെ ഇളയമകനാണ് ജോർജ്. വാഴത്തോപ്പ് നെടുംപുറത്ത് മാത്യു-അന്നമ്മ മകൾ ബിന്ദു (കൊച്ചുത്രേസ്യാ) വാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. സാന്ദ്ര (അന്നമ്മ) എന്ന മകളും, ആഗസ്റ്റിൻ (സംഗീത്) എന്ന മകനും.

# 6

# വയലിൽ

മൂലകുടുംബമായ ഇഞ്ചക്കാട്ടു കുടുംബത്തിലെ ഏഴാംതലമുറ യിൽപ്പെട്ട ഒരു കുടുംബം മാറിത്താമസിച്ചപ്പോഴാണ് വയലിൽ കുടും ബത്തിന്റെ ഉത്ഭവം. നിരപ്പായി, വയലായി കിടന്ന സ്ഥലത്ത് വീടു വച്ച് താമസിച്ചതുകൊണ്ടായിരിക്കണം വയലിൽ എന്ന വീട്ടുപേര് ഉണ്ടായതെന്ന് കരുതുന്നു. ഇപ്പോഴും ഇവിടെയുള്ള ഒരു പുരയിട ത്തിന് വയലിൽപറമ്പ് എന്ന പേരുണ്ട്.

## I - വയലിൽ ഔസേപ്പ് കുര്യൻ മകൻ കുര്യൻ ചാക്കോ

ഔസേപ്പ് കുര്യന്റെ ഏക മകനാണ് കുര്യൻ ചാക്കോ. പൂഞ്ഞാർപള്ളി ഇടവക വരയാത്ത് കരോട്ട് മറിയത്തെ വിവാഹം കഴിച്ചു. ഈ ദാമ്പത്യത്തിൽ ഇവർക്ക് ഒരു കുട്ടി ജനിച്ചു. ജോസഫ്. താമസിയാതെ മറിയം മരിച്ചു. തുടർന്ന് വിളക്കുമാടം പള്ളി ഇട വക അമ്പാട്ട് മറിയത്തെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ നാല് മക്കൾ ജനിച്ചു. വർക്കി, അന്നമ്മ, ഏലിയാമ്മ, ചാക്കോ. നെടും കീന്തിയിൽനിന്നും വെയിൽകാണാംപാറയിൽ താമസമാക്കിയ ചാക്കോ പിന്നീട് ചേന്നാട്ടിന് താമസം മാറ്റി. ചാക്കോയുടെ രണ്ട് പെൺമക്കളിൽ മൂത്ത മകളായ അന്നമ്മയെ (കുഞ്ഞന്ന) ചേറ്റുതോട് പള്ളി ഇടവക പുത്തൻവീട്ടിൽ വർക്കി വിവാഹം കഴിച്ചു. 31-10 -95-ൽ അന്നമ്മ നിര്യാതയായി. രണ്ടാമത്തെ മകളായ ഏലിയാമ്മ (കുഞ്ഞേലി)യെ കൂട്ടിക്കൽ പള്ളി ഇടവക ആറ്റുചാലിൽ വർക്കി വിവാഹം കഴിച്ചു. ഏലിയാമ്മ 19-01-2001-ൽ നിര്യാതയായി. ചാക്കോ 17-8-1955-ൽ 85-ാം വയസ്സിലും, ഭാര്യ മറിയം 14-9-1-84-ൽ 101-ാം വയസ്സിലും നിര്യാതരായി. ഇരുവരേയും ചേന്നാട് പള്ളി സെമി ത്തേരിയിൽ സംസ്കരിച്ചു.

## I A - വയലിൽ കുര്യൻ ചാക്കോ മകൻ ജോസഫ് (കുഞ്ഞേപ്പ്)

ചാക്കോയുടെ ആദ്യഭാര്യയിലെ ഏകമകനാണ് കുഞ്ഞേപ്പ് എന്ന് വിളിക്കുന്ന ജോസഫ്. പൈക പള്ളി ഇടവക ഈഴക്കുന്നേൽ

മറിയത്തെ വിവാഹം ചെയ്തു. തറവാട്ടിൽ പിതാവിനോടൊപ്പമായിരുന്നു താമസം. ഈ ദമ്പതികൾക്ക് മൂന്ന് ആണും ഒരു പെണ്ണുമടക്കം നാല് മക്കൾ. ചാക്കോ, ഏലിക്കുട്ടി, ജോസ്, ജോർജ്ജ്. ഏകമകൾ ഏലിക്കുട്ടിയെ പൂഞ്ഞാർ മങ്ങാട്ടുതാഴെ ചാക്കോ വിവാഹം ചെയ്തു. 21-3-1971-ൽ 78-ാം വയസ്സിൽ ജോസഫും, 14-4-1979-ൽ 74-ാം വയസ്സിൽ ഭാര്യ മറിയവും മരിച്ചു. ഇരുവരേയും അരുവിത്തുറ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## I A1 - വയലിൽ ജോസഫ് മകൻ ചാക്കോ (V. J. ചാക്കോ)

ജോസഫിന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് ചാക്കോ. ഹൈസ്കൂൾ അദ്ധ്യാപകനായി സർവ്വീസിൽനിന്നും വിരമിച്ചു. കവീക്കുന്ന് പള്ളി ഇടവക കണ്ടത്തിൽ കുടുംബാംഗം റോസമ്മയാണ് ഭാര്യ. ചാക്കോ റോസമ്മ ദമ്പതികൾക്ക് നാല് മക്കൾ. രണ്ടാണും രണ്ട് പെണ്ണും. ജോജോ (ജോസഫ്), ജിജി (ജോർജ്ജ്), ജോയ്സ്, ജിഷാറാണി എന്നിവരാണ് മക്കൾ. തീക്കോയി സഹകരണബാങ്കിൽ ഉദ്യോഗസ്ഥയായ ജോയിസിയെ അരുവിത്തുറ വലിയവീട്ടിൽ റോയി വിവാഹം കഴിച്ചു. ജിഷാ റാണിയെ അരുവിത്തുറ ഒരുപ്പൂഴിക്കരയിൽ ജോസി വിവാഹം കഴിച്ചു. 01-10-2016-ൽ ചാക്കോ മരിച്ചു. അരുവിത്തുറ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IA 1a - വയലിൽ V.J. ചാക്കോ മകൻ ജോജോ (ജോസഫ്)

V.J. ചാക്കോയുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ജോജോ. B com ബിരുദ ധാരിയായ ജോജോ ഗുജറാത്തിൽ ആർക്കിടെക്ച്ചറൽ കമ്പനിയിൽ ജോലി ചെയ്യുന്നു. പുനലൂർ മേമല അമ്പാട്ടുപറമ്പിൽ ഷൈനിയാണ് ഭാര്യ. ഇവർക്ക് രണ്ട് കുട്ടികൾ. ജോസഫ്, ജോയൽ. വിദ്യാർത്ഥികളാണ്.

## I A 1b - വയലിൽ V.J. ചാക്കോ മകൻ ജിജി (ജോർജ്ജ്)

V.J. ചാക്കോയുടെ രണ്ടാമത്തെ മകനാണ് ജിജി. ആർട്ടിസ്റ്റായി ഡൽഹിയിൽ ജോലി ചെയ്യുന്നു. ഭാര്യ ദീപ (M.Sc. Bed) തോപ്രാംകുടി മുണ്ടുചിറയിൽ കുടുംബാംഗം. ഒരു മകൻ. അഭിഷേക്.

## I A2 - വയലിൽ ജോസഫ് മകൻ ജോസ് (Rev.Fr. ജോസ് വയലിൽ SVD)

ചാക്കോയുടെ രണ്ടാമത്തെ മകനാണ് ജോസ്. (Rev.Fr. ജോസ് വയലിൽ SVD) ഗുജറാത്തിലെ ഗോദ്രയിൻ പള്ളി വികാരിയായി സേവനം ചെയ്യുന്നു.

## I A3 - വയലിൽ ജോസഫ് മകൻ ജോർജ്ജ് (പാപ്പച്ചി)

ചാക്കോയുടെ ഇളയ മകനാണ് പാപ്പച്ചി എന്നു വിളിക്കുന്ന ജോർജ്ജ്. പത്രപ്രവർത്തനം നടത്തുന്നു. പ്രവിത്താനം പള്ളി ഇട വക വടക്കേടത്തു കുടുംബാംഗം തെയ്യാമ്മയാണ് ഭാര്യ. ഈ ദമ്പ തികൾക്ക് രണ്ട് മക്കൾ. അൽഫോൻസ്, ജോൺ. അൽഫോൻസ് സിവിൽ എഞ്ചിനീയറാണ്. ജോൺ വൈദികവിദ്യാർത്ഥിയും. V.J. ചാക്കോ 1-10-2016-ൽ നിര്യാതനായി. അരുവിത്തുറ പള്ളി സെമി ത്തേരിയിൽ സംസ്കരിച്ചു.

## I B - വയലിൽ കുര്യൻ ചാക്കോ മകൻ വർക്കി (കുട്ടി)

വയലിൽ ചാക്കോയുടെ രണ്ടാം വിവാഹത്തിലെ രണ്ട് ആൺമ ക്കളിൽ മൂത്ത മകനാണ് വർക്കി. ചേന്നാട്ട് ആയിരുന്നു താമസം. തിടനാട് പള്ളി ഇടവക നീണ്ടൂക്കുന്നേൽ മറിയമാണ് ഭാര്യ. വർക്കി -മറിയം ദമ്പതികൾക്ക് എട്ട് മക്കൾ. ആറ് പെൺമക്കളും രണ്ട് ആൺ മക്കളും. മറിയാമ്മ, സി. അനിറ്റ, സി. ബെറ്റി, ത്രേസ്യാമ്മ, റോസമ്മ, ഗ്രേസി എന്നിവരാണ് പെൺമക്കൾ. VV ജേക്കബ്, VV വർക്കി എന്നി വർ ആൺമക്കളും.

മൂത്തമകൾ മറിയാമ്മയെ പൂഞ്ഞാർ ഇടവക നടവിലെകിഴ ക്കയിൽ തോമസ് വിവാഹം കഴിച്ചു. 1970-ൽ 40-ാം വയസ്സിൽ നിര്യാ തയായി. കണ്ണൂർ കീപ്പള്ളി മാങ്കോട്ട് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. രണ്ടാമത്തെ മകളായ അനീറ്റ (സി.അനീറ്റ SMC) പാലാ സെന്റ് മർത്താസ് കോൺവെന്റിൽ സന്യസ്ത ജീവിതം നയി ക്കുന്നു. മൂന്നാമത്തെ മകളായ ബെറ്റി (സി. ബെറ്റി SMI) പശ്ചിമ ബംഗാളിലെ കൃഷ്ണനഗറിൽ സിസ്റ്റേഴ്സ് ഓഫ് മേരി ഇമാക്കു ലേറ്റ് സഭയിൽ സേവനം ചെയ്യുന്നു. നാലാമത്തെ മകളായ റോസ മ്മയെ ഇടപ്പള്ളി ഇടവക കടവിൽ ജേക്കബ് മാത്യു വിവാഹം കഴി ച്ചു. അഞ്ചാമത്തെ മകളായ VV ത്രേസ്യാമ്മ (അച്ചാമ്മ) പുന്നവേലി

ജീസസ്സ് ഹോം കോൺവെന്റിൽ സന്ന്യസ്ത സഭാംഗമായിരുന്നു. 14-09-2012-ൽ VV ത്രേസ്യാമ്മ (അച്ചാമ്മ) നിര്യാതയായി. ചേന്നാട് ലൂർദ് മാതാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ആറാമത്തെ മകളായ ഗ്രേസി സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു. തുടങ്ങനാട് കണ്ണംകുളത്ത് കെ.ടി.ജോസഫ് വിവാഹം കഴിച്ചു. തൊടുപുഴ ഇട വെട്ടിയിലാണ് താമസം.

## I B1 - വയലിൽ വർക്കി (കുട്ടി) മകൻ VV ജേക്കബ് (കൊച്ച്)

വയലിൽ കുട്ടിയുടെ മൂത്തമകനാണ് VV ജേക്കബ്. കൊച്ച് എന്ന പേരിൽ അറിയപ്പെടുന്നു. B.A. BEd കാരനായ കൊച്ച് 1988-ൽ മാനന്തവാടി AEO പദവിയിൽ സർവ്വീസിൽനിന്നും വിരമിച്ചു. മികച്ച സാമൂഹ്യപ്രവർത്തകനാണ്. പാലാ കത്തീഡ്രൽ പള്ളി ഇടവക നെല്ലിയാനി കുടുംബാംഗം മറിയാമ്മയാണ് ഭാര്യ. നഴ്സിംഗ് സൂപ്ര ണ്ടായിരുന്ന മറിയാമ്മ 1986-ൽ സർവ്വീസിൽനിന്നും വിരമിച്ചു. 1963-മുതൽ തലയോലപ്പറമ്പിലാണ് താമസം. ജേക്കബ് - മറിയാമ്മ ദമ്പ തികൾക്ക് ജോസ്. ജോർജ്ജ്, ജയിംസ്, സിബി എന്നീ നാല് ആൺമ ക്കൾ. മറിയാമ്മ 10-12-2014-ൽ നിര്യാതയായി. തലയോലപ്പറമ്പ് സെന്റ് ജോർജ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IB 1a - വയലിൽ VV ജേക്കബ് മകൻ ജോസ് (Dr. ജോസ് ജേക്കബ്)

VV ജേക്കബിന്റെ മൂത്ത മകനാണ് ഡോ. ജോസ് ജേക്കബ് MBBS.MD (കാർഡിയോളജിസ്റ്റ്). ആമ്പല്ലൂർ പള്ളി ഇടവക മഞ്ഞളി ജോയ്സിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ക്രിസ്റ്റി, ക്ലെയർ. ക്രിസ്റ്റി, ഡിഗ്രി വിദ്യാർത്ഥിയും ക്ലെയർ ഹൈസ്കൂൾ വിദ്യാർത്ഥിയുമാണ്. അമേരിക്കയിൽ ജോലി ചെയ്യുന്ന ഡോ. ജോസും കുടുംബവും അമേരിക്കയിലാണ് താമസം.

## IB 1b - വയലിൽ VV ജേക്കബ് മകൻ ജോർജ്ജ് ജേക്കബ്

VV ജേക്കബിന്റെ രണ്ടാമത്തെ മകനാണ് കേണൽ ജോർജ്ജ് ജേക്കബ്. ജിജി എന്ന പേരിൽ അറിയപ്പെടുന്നു. MSC. Mphil ബിരുദധാരിയാണ്. ഇൻഡ്യൻ ആർമിയുടെ ഇൻഫന്ററി വിഭാഗ ത്തിലെ 10 ആസ്സാം റെജിമെന്റിന്റെ കമാൻഡിംഗ് ഓഫീസറായി രുന്നു. സർവ്വീസിൽനിന്നും വിരമിച്ചശേഷം മൈസൂറിൽ BEML അഡീഷണൽ ജനറൽ മാനേജരായി ജോലിചെയ്യുന്നു. പറവട്ടാനി ഇടവക ചാഴൂർ ആൻഡ്രൂസ് മകൾ ഷൈനിയാണ് ഭാര്യ. MSc. Mphil.

Bed ബിരുദധാരിയാണ്. രണ്ട് മക്കൾ. ജേക്കബ് ജോർജ്ജ് (ജയ്) B.Tech, കാതറീൻ ജോർജ്ജ് (ക്രിതി) M.B.B.S.

## I B 1c - വയലിൽ VV ജേക്കബ് മകൻ ജയിംസ് ജോർജ്ജ് (ജിമ്മി)

VV ജേക്കബിന്റെ മൂന്നാമത്തെ മകനാണ് ജിമ്മി എന്ന് വിളിക്കുന്ന ജയിംസ്. B Tech  ബിരുദധാരിയായ ജിമ്മി അമേരിക്കയിൽ റെയിൽവേയിൽ എഞ്ചിനീയറാണ്. അതിരമ്പുഴ കരീപ്പറമ്പിൽ കുടുംബാംഗം ജിജി (മറിയാമ്മ)യാണ് ഭാര്യ. MSc, BEd പാസ്സായ ജിജി അമേരിക്കയിൽ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്നു. ജിമ്മി- ജിജി ദമ്പതികൾക്ക് കുട്ടികളില്ല.

## I B 1d - വയലിൽ VV ജേക്കബ് മകൻ സിബി ജേക്കബ്

വി.വി.ജേക്കബിന്റെ നാലാമത്തെ മകനാണ് സിബി. MA. MBA ബിരുദത്തിനുശേഷം അമേരിക്കയിൽ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യുന്നു. കുറവിലങ്ങാട്, വടക്കേമണവത്ത് കുടുംബാംഗം മിനിയാണ് ഭാര്യ. BSc, BEd  കാരിയായ മിനി അമേരിക്കയിൽ മെഡിക്കൽ ടെക്നോളജിസ്റ്റ് ആയി ജോലിചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോർഡൻ, ജോവന്ന.

## B 2 - വയലിൽ വർക്കി (കുട്ടി) മകൻ വി.വി വർക്കി (വക്കച്ചൻ)

വയലിൽ വർക്കിയുടെ രണ്ടാമത്തെ മകനാണ് വക്കച്ചൻ എന്ന് വിളിക്കുന്ന വി.വി. വർക്കി. പാലാ വടക്കേക്കര കുടുംബാംഗം. ലീലാമ്മയാണ് ഭാര്യ. BSc BEd  ന് ശേഷം ഹൈസ്കൂൾ അധ്യാപകനായിരുന്ന വക്കച്ചൻ 1992-ൽ ഹെഡ്മാസ്റ്ററായി സർവ്വീസിൽനിന്നും വിരമിച്ചു. ഭാര്യ ലീലാമ്മ BA.BEd, HSA അദ്ധ്യാപികയായിരുന്നു. 1996-ൽ വിരമിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജിയോ എന്ന മകനും, ബിനു എന്ന മകളും. ഏകമകളായ ബിനു (MSc BEd) ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപികയാണ്. അരുവിത്തുറപള്ളി ഇടവക ചെറുവള്ളിൽ ജോൺസനാണ് ബിനുവിന്റെ ഭർത്താവ്. ജോൺസനും ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകനാണ്.

## I B 2a - വയലിൽ (വി.വി. വർക്കി) മകൻ ജിയോ ജോർജ്ജ്

വക്കച്ചന്റെ ഏകമകനാണ് ജിയോ. MCA പാസ്സായശേഷം ബാംഗ്ലൂർ ഇൻഫോസിസിൽ ജോലി ചെയ്യുന്നു. ആലുവാ തോട്ട

ക്കാട്ടുകര മുട്ടത്ത് കുടുംബാംഗം സിമിയാണ് ഭാര്യ. M.Tech ബിരുദത്തിനുശേഷം ബാഗ്ളൂർ വിപ്രോയിൽ ജോലി ചെയ്യുന്നു. ജിയോ-സിമി ദമ്പതികൾക്ക് ഒരു മകൻ - സ്റ്റെവിൻ. വി.വി. വർക്കി 13-01 -2018-ൽ നിര്യാതനായി ചേന്നാട് ലൂർദ് മാതാ പള്ളി സെമി ത്തേരിയിൽ സംസ്കരിച്ചു.

## I C - വയലിൽ കുര്യൻ ചാക്കോ മകൻ ചാക്കോ (പാപ്പച്ചൻ)

വയലിൽ കുര്യൻ ചാക്കോയുടെ രണ്ടാം വിവാഹത്തിലെ രണ്ടാ മത്തെ മകനാണ് പാപ്പച്ചൻ എന്ന് വിളിക്കുന്ന ചാക്കോ. കൂട്ടിക്കൽ പള്ളി ഇടവക ആറ്റുചാലിൽ വർക്കി മകൾ മറിയക്കുട്ടിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകൻ. ജയിംസ്. 8-09-1901-ൽ 25-ാം വയസ്സിൽ പാപ്പച്ചൻ മരിച്ചു.

## I C1 - വയലിൽ പാപ്പച്ചൻ മകൻ ജയിംസ് (അപ്പച്ചൻ)

പാപ്പച്ചന്റെ ഏക മകനാണ് അപ്പച്ചൻ എന്ന് വിളിക്കുന്ന ജയിംസ്. മണിയാംകുളം ഇടവക അരിമറ്റത്ത് ത്രേസ്യാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് പെൺമക്കൾ. ഷിമ്മി, ഷാജി, ജാസ്മിൻ, ഹണി. മൂത്തമകൾ ഷിമ്മി (മറിയക്കുട്ടി)യെ ചെങ്ങളംപള്ളി ഇടവക കണികത്തോട് തോമസ് ആന്റണി വിവാഹം കഴിച്ചു. ഷിമ്മി കുവൈറ്റിൽ സ്റ്റാഫ് നഴ്സാണ്. രണ്ടാ മത്തെ മകളായ ഷിജി(ത്രേസ്യാമ്മ)യെ കൊഴുവനാൽ പള്ളി ഇട വക തെക്കേമൈലാടിയിൽ സോജോ വിവാഹം കഴിച്ചു. ഷാജി ഇറ്റലിയിൽ സ്റ്റാഫ് നഴ്സാണ്. മൂന്നാമത്തെ മകളായ ജാസ്മിൻ (ആ ഗ്നസ്) മസ്കറ്റിൽ നഴ്സാണ്. നാലാമത്തെ മകളായ ഹണി (അൽഫോൻസാ)യെ കടപ്ലാമറ്റം പാളയം പള്ളി ഇടവക മാടപ്പള്ളിൽ ബേബി വിവാഹം കഴിച്ചു. ഹണി നേഴ്സായി ജോലി ചെയ്യുന്നു.

## II - ഔസേപ്പ് ദേവസ്യ വയലിൽ

വയലിൽ കുടുംബത്തിലെ ഔസേപ്പ് ദേവസ്യാ തെടും കീന്തി യിൽനിന്നും വെയിൽകാണാംപാറയിലേക്ക് താമസം മാറ്റി. ഔസേപ്പ് ദേവസ്യായ്ക്ക് മൂന്ന് ആൺമക്കൾ. A ഔസേപ്പ്, B തൊമ്മൻ, C ദേവസ്യാ.

## II A - ഔസേപ്പ് വയലിൽ

ആദ്യം വെയിൽകാണാംപാറയിലേക്കും അവിടെനിന്ന് ചേന്നാ ട്ടേയ്ക്കും മാറിത്താമസിച്ചു. തിടനാട് ആലാനിക്കൽ കുടുംബാംഗം

അന്നയാണ് ഭാര്യ. ഔസേപ്പ്-അന്ന ദമ്പതികൾക്ക് മൂന്ന് മക്കൾ. ദേവസ്യാ, ജോസഫ്, തൊമ്മൻ. ഔസേപ്പ് 1957-ൽ 80-ാം വയസ്സിലും, അന്ന 1967-ൽ 88-ാം വയസ്സിലും നിര്യാതരായി. ഇരുവരേയും ചേന്നാട്ട്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## II A1 - വയലിൽ ഔസേപ്പ് മകൻ ദേവസ്യാ (കുഞ്ഞൂഞ്ഞ് ചേട്ടൻ)

ഔസേപ്പിന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് കുഞ്ഞൂഞ്ഞ് എന്ന് വിളിക്കുന്ന ദേവസ്യാ. തിടനാട് പള്ളി ഇടവക. മറ്റപ്പള്ളിയിൽ കുടുംബാംഗം. ത്രേസ്യായാണ് ഭാര്യ. 1950-ൽ ദേവസ്യായും കുടുംബവും കാഞ്ഞാറിലേക്ക് താമസം മാറ്റി. തുടർന്ന് 1953-ൽ അടിമാലിയിൽ താമസമാക്കി. ദേവസ്യാക്ക് ജോസഫ് (പാപ്പച്ചൻ), വർക്കി, ദേവസ്യാ (കുഞ്ഞ്) എന്നീ മൂന്ന് ആൺമക്കളും, ഏലി, ത്രേസ്യാ (അച്ചാമ്മ), ചിന്നമ്മ, അന്നക്കുട്ടി (കുട്ടിയമ്മ) എന്നീ നാല് പെൺമക്കളുമടക്കം ഏഴ് മക്കൾ. ദേവസ്യാ 1984-ൽ 85-ാം വയസ്സിലും ഭാര്യ ത്രേസ്യാ 1984-ൽ 80-ാം വയസ്സിലും മരിച്ചു.

ദേവസ്യായുടെ പെൺമക്കളിൽ മൂത്തവളായ ഏലിയെ അറക്കുളംപള്ളി ഇടവക കിഴക്കേക്കര കുടുംബാംഗം കുഞ്ഞൂഞ്ഞ് കല്യാണം കഴിച്ചു. 2003-ൽ 75-ാം വയസ്സിൽ ഏലി മരിച്ചു. രണ്ടാമത്തെ മകളായ ത്രേസ്യാ (അച്ചാമ്മ)യെ കുടയത്തൂർ ഇടവക താഴത്തെകുടിയിൽ വർക്കി വിവാഹം കഴിച്ചു. മൂന്നാമത്തെ മകളായ ചിന്നമ്മ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയിൽ ചേർന്ന് സന്ന്യസ്തജീവിതം നയിക്കുന്നു. സി.എർമീനിയ എന്ന പേരിൽ അറിയപ്പെടുന്നു. കൃഷ്ണനഗറിലാണ് സേവനം. നാലാമത്തെ മകളായ അന്നക്കുട്ടി (കുട്ടിയമ്മ)യെ മാങ്കുളം ഇടവക കിഴക്കേത്തോട്ടം തോമസ് വിവാഹം കഴിച്ചു.

## II A1a - വയലിൽ കുഞ്ഞൂഞ്ഞ് (ദേവസ്യാ) മകൻ ജോസഫ് (പാപ്പച്ചൻ)

കുഞ്ഞൂഞ്ഞ് ചേട്ടന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് പാപ്പച്ചൻ എന്ന് വിളിക്കുന്ന ജോസഫ്. രാജാക്കാട് ആണ് താമസം. തീക്കോയി ഇടവക കാട്ടിപ്പറമ്പ് കുടുംബാംഗം ഏലമ്മയാണ് ഭാര്യ. പാപ്പച്ചൻ - ഏലമ്മ ദമ്പതികൾക്ക് ഏഴ് മക്കൾ. ജോസഫ്, ബേബി,, കുര്യൻ എന്നീ മൂന്ന് ആൺമക്കളും, മേരി, ലില്ലി, അന്നക്കുട്ടി, റോസിലി എന്നീ നാല് പെൺമക്കളും.

മൂത്തമകൾ ഹണി എന്ന് വിളിക്കുന്ന മേരിയെ കുമളി, രാജാക്കാട്ട് മടത്തിശ്ശേരി കുഞ്ഞ് വിവാഹം കഴിച്ചു. രണ്ടാമത്ത മകളായ ലില്ലിയെ മല്ലപ്പിള്ളി കിഴക്കേൽ ഈപ്പൻ വർഗീസ് വിവാഹം ചെയ്തു. മൂന്നാമത്തെ മകളായ അന്നക്കുട്ടി ഇരട്ടയാറിൽ ഹൈസ്കൂൾ അദ്ധ്യാപികയാണ്. വാഴവര പറമുട്ടത്ത് ഉലഹന്നാൻ ആണ് ഭർത്താവ്. ഉലഹന്നാൻ 2006-ൽ മരിച്ചു. നാലാമത്തെ മകളായ റോസിലിയെ കട്ടപ്പന വെള്ളയാൻകുടി മറ്റത്തിൽ ജോസഫ് വിവാഹം കഴിച്ചു.

## II AI a1 - വയലിൽ പാപ്പച്ചൻ മകൻ അപ്പച്ചൻ (ജോസഫ്)

പാപ്പച്ചന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് അപ്പച്ചൻ എന്ന് വിളിക്കുന്ന ജോസഫ്. കർഷകനാണ്. കമ്പിളിക്കണ്ടം പുളിക്കമ്യാലിൽ കുടുംബാംഗം ത്രേസ്യാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. സിന്ധുമോൾ എന്ന മകളും, സന്തോഷ് (സോണി ജോസഫ്), ഡോണി ജോസ് (ഉണ്ണി) എന്നീ രണ്ട് ആൺമക്കളും. മൂവാറ്റുപുഴ, നാഗപ്പുഴ പ്ലാത്തോട്ടത്തിൽ ന്യൂമാൻ സിന്ധുമോളെ വിവാഹം ചെയ്തു. ന്യൂമാൻ ആസ്ത്രേലിയായിൽ സോഫ്റ്റ് വെയർ എഞ്ചനീയറാണ്.

## II AIa1a - വയലിൽ അപ്പച്ചൻ മകൻ സന്തോഷ് (സോണി ജോസഫ്)

അപ്പച്ചന്റെ മൂത്ത മകനാണ് സന്തോഷ് എന്ന് വിളിക്കുന്ന സോണി ജോസഫ്. ബാംഗാളൂരിൽ സോഫ്റ്റ് വെയർ എഞ്ചിനീയറാണ്. മണ്ണുത്തി ചിറയത്ത് റ്റിറ്റുവാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരു മകൻ സാൻജോ (അപ്പു).

## II AIa1b - വയലിൽ അപ്പച്ചൻ മകൻ ഡോണി ജോസ് (ഉണ്ണി)

വയലിൽ അപ്പച്ചന്റെ രണ്ടാമത്തെ മകനാണ് ഉണ്ണിയെന്ന് വിളിക്കുന്ന ഡോണി ജോസ്. MCA ബിരുദധാരിയാണ്.

## II AIa2 - വയലിൽ പാപ്പച്ചൻ (ജോസഫ്)മകൻ ബേബി

പാപ്പച്ചന്റെ രണ്ടാമത്ത മകനാണ് ബേബി. കുമളി അണക്കര കാട്ടുമാക്കൽ കുടുംബാംഗം ആലീസ് ആണ് ഭാര്യ.

## II AIa3 - വയലിൽ പാപ്പച്ചൻ മകൻ കുര്യൻ (കുര്യാച്ചൻ)

പാപ്പച്ചന്റെ മൂന്നാമത്തെ മകനാണ് കുര്യാച്ചൻ എന്ന് വിളിക്കുന്ന കുര്യൻ. ചെമ്പകപ്പാറ എഴുത്തുപുരയിൽ ലിസമ്മയാണ് ഭാര്യ.

രണ്ട് മക്കൾ. റാണി എന്ന മകളും, റോയി എന്ന മകനും. റാണി BSc.BEd ന് പഠിക്കുന്നു. റോയി കുര്യൻ BCA വിദ്യാർത്ഥിയാണ്.

## II A2 - വയലിൽ ദേവസ്യാ മകൻ വർക്കി

വയലിൽ ദേവസ്യായുടെ രണ്ടാമത്തെ മകനാണ് വർക്കി. 2000-ൽ 62-ാം വയസ്സിൽ മരിച്ചു. വർക്കി-മേരി ദമ്പതികൾക്ക് അഞ്ച് ആൺമക്കൾ. ഷാജി, ബിനു, സന്തോഷ്, ടോമി, സാബു.

## II A2a - വയലിൽ വർക്കി മകൻ ഷാജി

വർക്കിയുടെ മൂത്തമകനാണ് ഷാജി. ചിന്നാർ തെക്കേ വയലിൽ ലൗലിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മാനസൻ, ഫ്രാങ്ക്ളിൻ. ഇരുവരും വിദ്യാർത്ഥികൾ.

## II A2b - വയലിൽ വർക്കി മകൻ ബിനു

വർക്കിയുടെ രണ്ടാമത്തെ മകനാണ് ബിനു. ചിന്നാർ ചേനപ്പാടിയിൽ കുടുംബാംഗം മിനിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. നവ്യ, ദിവ്യ, റെൻ.

## II A2c - വയലിൽ വർക്കി മകൻ സന്തോഷ്

വർക്കിയുടെ മൂന്നാമത്തെ മകനാണ് സന്തോഷ്. കട്ടപ്പന പാമ്പാടുംപാറ കാരക്കാട്ട് കുടുംബാംഗം മിനിയാണ് ഭാര്യ. കർഷകനായ സന്തോഷ്-മിനി ദമ്പതികൾക്ക് രണ്ട് മക്കൾ. മാർട്ടിൻ, അലക്സ്.

## II AIc - വയലിൽ വർക്കി മകൻ സാബു

വർക്കിയുടെ അഞ്ചാമത്തെ മകനാണ് സാബു. കർഷകനാണ്. തോപ്രാംകുടി ആനിക്കാട്ടിൽ കുടുംബാംഗം മിനിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരു മകൻ. ഇമ്മനുവേൽ.

## II AIc - വയലിൽ ദേവസ്യാ (കുഞ്ഞൂഞ്ഞ് ചേട്ടൻ) മകൻ ദേവസ്യാ (കുഞ്ഞ്)

വയലിൽ ദേവസ്യാ (കുഞ്ഞൂഞ്ഞ് ചേട്ടൻ)യുടെ മൂന്നാമത്തെ മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന ദേവസ്യാ. അടിമാലിയിലാണ് താമസം. കുഞ്ചിത്തണ്ണി കൊച്ചറയ്ക്കൽ കുടുംബാംഗം ലീലാമ്മയാണ് ഭാര്യ. 1974-ൽ 30-ാം വയസ്സിൽ കുഞ്ഞ് മരിച്ചു. ഇവർക്ക് മൂന്ന് മക്കൾ. ജെറി സെബാസ്റ്റ്യൻ, സുനിൽ സെബാസ്റ്റ്യൻ എന്നീ

രണ്ട് ആൺമക്കളും ജസ്സി എന്ന ഏക മകളും. ജസ്സിയെ കട്ടപ്പന വെട്ടിക്കുഴിയിൽ ടോമി വിവാഹം ചെയ്തു.

## II AIc - വയലിൽ കുഞ്ഞ് (ദേവസ്യാ) മകൻ ജെറി സെബാസ്റ്റ്യൻ

വയലിൽ കുഞ്ഞിന്റെ മൂത്ത മകനാണ് ജെറി. അടിമാലിയിൽ ബിസിനസ്സ് നടത്തുന്നു. പടമുഖം മാൻതോട്ടത്തിൽ കുടുംബാംഗം സുമയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഷോൺ, മരിയ. ഇരുവരും വിദ്യാർത്ഥികൾ.

## II AIca - വയലിൽ കുഞ്ഞ് (ദേവസ്യാ) മകൻ സുനിൽ സെബാസ്റ്റ്യൻ

കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് സുനിൽ, അടിമാലിയിൽ ബിസിനസ്സ് നടത്തുന്നു. അടിമാലി കടപ്പൂര് കുടുംബാംഗം പ്രിറ്റിയാണ് ഭാര്യ. ഇവർക്ക് രണ്ട് മക്കൾ. ആൽബിൻ സുനിൽ, ആൻമരിയ. ഇരുവരും വിദ്യാർത്ഥികൾ.

## II A2 - വയലിൽ ഔസേപ്പ് മകൻ ജോസഫ് (കൊച്ചേട്ടൻ)

വയലിൽ ഔസേപ്പിന്റെ രണ്ടാമത്തെ മകനാണ് കൊച്ചേട്ടൻ എന്ന് വിളിക്കുന്ന ജോസഫ്. തറവാട്ടിൽ നിന്നും മാറി ചേന്നാട്ട് താമസിച്ചു 1950-ൽ രാജാക്കാട്ടിന് താമസം മാറി. പാലാ വട്ടോത്ത് കുടുംബാംഗം ത്രേസ്യാമ്മയാണ് ഭാര്യ. ജോസഫ് - ത്രേസ്യാമ്മ ദമ്പതികൾക്ക് ഒൻപത് മക്കൾ. രണ്ട് ആൺമക്കളും ഏഴ് പെൺമക്കളും. ജോസഫ് തോമസ് എന്നിവരാണ് ആൺമക്കൾ. അന്നമ്മ, ഏലിക്കുട്ടി, ത്രേസ്യാമ്മ, മറിയക്കുട്ടി, സി. റോസ് എസ്.എം.ജെ, സി. മേരി ജോ എസ്.എം.ജെ, സിസിലി എന്നിവരാണ് പെൺമക്കൾ. ജോസഫ് 31-11-1987-ാം വയസ്സിലും, ഭാര്യ ത്രേസ്യാമ്മ 4-10-1978-ൽ 78-ാം വയസ്സിലും മരിച്ചു. ഇരുവരേയും രാജാക്കാട് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മൂത്ത മകളായ അന്നമ്മയെ രാജാക്കാട്, ഇലഞ്ഞിമറ്റത്തിൽ മാത്യു വിവാഹം കഴിച്ചു. 1954-ൽ 74-ാം വയസ്സിൽ അന്നമ്മ നിര്യാതയായി. രണ്ടാമത്തെ മകളായ ഏലിക്കുട്ടിയെ പെരിങ്ങുളം പള്ളി ഇടവക മണ്ണഞ്ചേരിൽ കുര്യൻ വിവാഹം ചെയ്തു. മൂന്നാമത്തെ മകളായ ത്രേസ്യാമ്മയെ ചേന്നാട്ട് പള്ളി ഇടവക തോട്ടത്തിൽ തൊമ്മൻ വിവാഹം കഴിച്ചു. നാലാമത്തെ മകളായ മറിയക്കുട്ടിയെ തിടനാട്പള്ളി ഇടവക പൊട്ടനാനിയിൽ ദേവസ്യാ വിവാഹം

ചെയ്തു. അഞ്ചാമത്തെ മകൾ സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് സഭയിൽ ചേർന്ന് സന്ന്യസ്ത ജീവിതം നയിക്കുന്നു. സി. റോസ് എന്ന പേരിൽ അറിയപ്പെടുന്നു. പശ്ചിമബംഗാളിലെ കൃഷ്ണ നഗറിലാണ് സേവനം. ആറാമത്തെ മകൾ മേരി സിസ്റ്റേഴ്സ് ഓഫ് മേരി ഇമാക്കുലേറ്റ് സഭയിൽ ചേർന്ന് നാഗാലാന്റിൽ സന്യസ്ത സേവനം ചെയ്യുന്നു. സി. മേരി ജോ എന്ന പേരിൽ അറിയപ്പെടുന്നു. എഴാമത്തെ മകളായ സിസിലി കുവൈറ്റിൽ സ്റ്റാഫ് നഴ്സാണ്. മല്ലപ്പള്ളിൽ  പൊന്നച്ചൻ ആണ് ഭർത്താവ്.

## II A2a- വയലിൽ ജോസഫ് (കൊച്ചേട്ടൻ) മകൻ ജോസഫ് (കുഞ്ഞുകുട്ടി)

വയലിൽ കൊച്ചേട്ടന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് കുഞ്ഞുകുട്ടി എന്ന് വിളിക്കുന്ന ജോസഫ്. അടുക്കം ചെങ്ങനാശ്ശേരിൽ കുടുംബാംഗം അന്നമ്മയാണ് ഭാര്യ. കുഞ്ഞുകുട്ടി-അന്നമ്മ ദമ്പതികൾക്ക് എട്ട് മക്കൾ. ഗ്രേസി, മോളി, ബിന്ദു എന്നീ മൂന്ന് പെൺമക്കളും, ജോസ്, വക്കച്ചൻ, ഷാജി, കുഞ്ഞ്, റജി എന്നീ അഞ്ച് ആൺമക്കളും.

മൂത്ത മകളായ ഗ്രേസിയെ എല്ലക്കല്ല് ഇടവക മണ്ണാറുകണ്ടത്തിൽ ജോസഫും, രണ്ടാമത്തെ മകളായ മോളിയെ മൂന്നിലവ് കുറ്റിയാനിക്കൽ തൊമ്മനും, മൂന്നാമത്തെ മകളായ ബിന്ദുവിനെ കാഞ്ഞിരപ്പള്ളി ഇടവക ആരാച്ചേരിൽ ജോപ്പനും വിവാഹം ചെയ്തു.

## II A2a1- വയലിൽ കുഞ്ഞുകുട്ടി മകൻ ജോസ്

കുഞ്ഞുകുട്ടിയുടെ മൂത്ത മകനാണ് ജോസ്. ഖത്തറിൽ എഞ്ചിനീയറാണ്. ചേന്നാട്ട് വെള്ളിയാംകുളം കുടുംബാംഗം മോൻസിയാണ് ഭാര്യ. ജോസ്-മോൻസി ദമ്പതികൾക്ക് രണ്ട് മക്കൾ. ജോമോൻ, ജീനാമോൾ.

## II A2a2- വയലിൽ കുഞ്ഞുകുട്ടി മകൻ വക്കച്ചൻ

കുഞ്ഞുകുട്ടിയുടെ രണ്ടാമത്തെ മകനാണ് വക്കച്ചൻ. നിലവിൽ ചുരുളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്. ആമ്പാറ നിരപ്പേൽ വെളുത്തേടത്ത് കുടുംബാംഗം ലിലിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജീനു, നീതു. ജിനു ബാംഗളൂരിൽ നഴ്സായി ജോലിചെയ്യുന്നു. നീതുവിനെ ഐക്കരകുഴിയിൽ വർക്കി വിവാഹം ചെയ്തു.

## II A2a3- വയലിൽ കുഞ്ഞുകുട്ടി മകൻ ഷാജി

വയലിൽ കുഞ്ഞുകുട്ടിയുടെ മൂന്നാമത്തെ മകനാണ് ഷാജി. നിലവിൽ രാജാക്കാട് പഞ്ചായത്ത് പ്രസിഡന്റാണ്. നെടുംകണ്ടം ഇടവക പ്ലാപ്പള്ളിൽ കുടുംബാംഗം ബിനിയാണ് ഭാര്യ. രണ്ട് മക്കൾ. അനീഷ്, രാരിക്കുട്ടി.

## II A2a4- വയലിൽ കുഞ്ഞുകുട്ടി മകൻ കുഞ്ഞ്

കുഞ്ഞുകുട്ടിയുടെ നാലാമത്തെ മകനാണ് കുഞ്ഞ്. കർഷക നാണ്. എല്ലക്കല്ല് ഇടവക പൂതക്കുഴിയിൽ കുടുംബാംഗം റാണി യാണ് ഭാര്യ.

## II A2a5- വയലിൽ കുഞ്ഞുകുട്ടി മകൻ റെജി

കുഞ്ഞുകുട്ടിയുടെ ഇളയ മകനാണ് റെജി. അമേരിക്കയിൽ ബാങ്കിൽ ഓഫീസറാണ്. കാഞ്ഞിരപ്പള്ളി ഇടവക കുറുമണ്ണിൽ കുടും ബാംഗം ജിനോൾ ആണ് ഭാര്യ. കുടുംബത്തോടെ അമേരിക്കയി ലാണ് താമസം. രണ്ട് മക്കൾ ബഞ്ചമിൻ, ഹിനർ.

## II A3- വയലിൽ ഔസേപ്പ് മകൻ തൊമ്മൻ

ഔസേപ്പിന്റെ മൂന്നാമത്തെ മകനാണ് തൊമ്മൻ. പിതാവിനോ ടൊപ്പം തറവാട്ടിലായിരുന്നു താമസം. ഭാര്യ എലിക്കുളം കുമ്പള ന്താനത്ത് കുടുംബാംഗം. തൊമ്മന് പന്ത്രണ്ട് മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. ഒൻപത് ആൺമക്കളും മൂന്ന് പെൺമക്കളും. ജോസ ഫ്, തോമസ്, ജേക്കബ്, മാത്യു, കുര്യൻ, ദേവസ്യ, വർഗ്ഗീസ്, ഫിലി പ്പ്, എബ്രാഹം എന്നിവരാണ് ആൺമക്കൾ. മേരി, അന്നമ്മ, ഏലി യാമ്മ എന്നിവർ പെൺമക്കളും. പെൺമക്കളിൽ മൂത്തവളായ മേരിയെ വിളക്കുമാടം തെക്കേക്കുററ് ജോർജ്ജും രണ്ടാമത്തെ മക ളായ അന്ന എന്ന അന്നക്കുട്ടിയെ ചേന്നാട് ഇടവക പുതിയാത്ത് അപ്പച്ചനും, മൂന്നാമത്തെ മകളായ ഏലിയാമ്മയെ നീലൂർ പള്ളി ഇടവക കണ്ടനാട്ട് മത്തായിയും വിവാഹം കഴിച്ചു.

## II A3a- വയലിൽ തൊമ്മൻ മകൻ ജോസഫ് (കുഞ്ഞ്)

വയലിൽ തൊമ്മന്റെ മൂത്ത മകനാണ് കുഞ്ഞ് എന്ന് വിളി ക്കുന്ന ജോസഫ്. പൈക തൂങ്കുഴി കുടുംബാംഗം മേരിയെ വിവാഹം ചെയ്തു. മേരി അകാലത്തിൽ നിര്യാതയായി. തുടർന്ന് ഇടമറ്റം പാറയിൽ കുടുംബാംഗം ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ മൂന്ന് പെൺകുട്ടികൾ. അന്നക്കുട്ടി, ഗ്രേസി, ലിസി.

മൂത്തമകൾ അന്നക്കുട്ടി പൂഞ്ഞാർ ഈസ്റ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് ജീവനക്കാരിയാണ്. കോഴിക്കോട് പുരയിടത്തിൽ ജോസ് വിവാഹം കഴിച്ചു. രണ്ടാമത്തെ മകളായ ഗ്രേസിയെ നെടുംകുന്നം ഇടവകയിലാണ് വിവാഹം കഴിച്ചത്. മൂന്നാമത്തെ മകൾ ലിസിയെ പറത്താനത്ത് വിവാഹം ചെയ്ത് അയച്ചു.

## II A3b- വയലിൽ തൊമ്മൻ മകൻ തോമസ് (തോമാച്ചൻ)

തൊമ്മന്റെ രണ്ടാമത്തെ മകനാണ് തോമാച്ചൻ. കട്ടപ്പനയിൽ ആയിരുന്നു താമസം. 1983-ൽ 48-ാം വയസ്സിൽ നിര്യാതനായി.

## II A3c- വയലിൽ തൊമ്മൻ മകൻ ജേക്കബ്

തൊമ്മന്റെ മൂന്നാമത്തെ മകനാണ് ജേക്കബ്. ഇടുക്കി പണിക്കൻകുടിയിലാണ് താമസം. വിമുക്തഭടൻ. ഭാര്യ ലൗലി. ഈ ദമ്പതികളുടെ ഏക മകളാണ് ജ്യോതി. പാലാ പുതിയാപറമ്പിൽ ജോൺസൺ ആണ് ജ്യോതിയുടെ ഭർത്താവ്. MCA ബിരുദധാരികളായ ഇരുവരും അമേരിക്കയിൽ ജോലി ചെയ്യുന്നു.

## II A3d- വയലിൽ തൊമ്മൻ മകൻ മാത്യു

തൊമ്മന്റെ നാലാമത്തെ മകനാണ് മാത്യു. ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് സൂപ്രണ്ടായിരുന്നു. 2004-ൽ 62-ാം വയസ്സിൽ മരിച്ചു. ഭാര്യ റോസമ്മ കുടയത്തൂർ പറയംചാലിൽ കുടുംബാംഗം. ഒരു മകൻ റോയി.

## II A3d1- വയലിൽ മാത്യു മകൻ റോയി മാത്യു

മാത്യുവിന്റെ ഏക മകനാണ് റോയി. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ യു. ഡി. ക്ലാർക്കാണ്.

## II A3e- വയലിൽ തൊമ്മൻ മകൻ കുര്യൻ (അപ്പച്ചൻ)

തൊമ്മന്റെ അഞ്ചാമത്തെ മകനാണ് കുര്യൻ. ചെങ്ങളം പള്ളി ഇടവക ഇടയോടിൽ കുടുംബാംഗം റോസമ്മയാണ് ഭാര്യ. ഏകമകൾ ജിൻസി കുര്യൻ MSc. കണ്ണൂർക്കാട് ഇടവക വട്ടക്കുഴിയിൽ ലിജോ ജേക്കബ് വിവാഹം ചെയ്തു.

## II A3f- വയലിൽ തൊമ്മൻ മകൻ ദേവസ്യാ (ദേവസ്യാച്ചൻ)

തൊമ്മന്റെ ആറാമത്തെ മകനാണ് ദേവസ്യാച്ചൻ. വെള്ളിയാമറ്റം ഏഴുകല്ലേൽ കുടുംബാംഗം കുട്ടിയമ്മയാണ് ഭാര്യ. ഇവർക്ക്

രണ്ട് മക്കൾ. ജോബിൻ, ജ്യോതി. ജ്യോതി BSc. നഴ്സിംഗിന് പഠിക്കുന്നു.

## II A3f1- വയലിൽ ദേവസ്യാ മകൻ ജോബിൻ

ദേവസ്യായുടെ ഏക മകനാണ് ജോബിൻ. MBA. പാസ്സായ ശേഷം എറണാകുളത്ത് ജോലി ചെയ്യുന്നു. അരുവിത്തുറ പ്ലാത്തോട്ടത്തിൽ നിന്നാണ് വിവാഹം.

## II A3g- വയലിൽ തൊമ്മൻ മകൻ വർഗീസ് (വക്കച്ചൻ)

തൊമ്മന്റെ ഏഴാമത്തെ മകനാണ് വക്കച്ചൻ എന്ന് വിളിക്കുന്ന വർഗീസ്. കുറവിലങ്ങാട്, കപ്പലുമാക്കൽ കുടുംബാംഗം ഏലിയാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. വിനോദ് (BA), മഞ്ജു (MSc.BEd).

## II A3h- വയലിൽ തൊമ്മൻ മകൻ ഫിലിപ്പ്

തൊമ്മന്റെ എട്ടാമത്തെ മകനാണ് ഫിലിപ്പ്. പറത്താനം പൊട്ടനാനിയിൽ കുടുംബാംഗം അച്ചാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ബാബു (BSc) മെഡിക്കൽ റെപ്രസെന്റേറ്റീവ്, ബിന്ദു (BSc).

## II A3i- വയലിൽ തൊമ്മൻ മകൻ എബ്രാഹം (കുഞ്ഞൂഞ്ഞ്)

തൊമ്മന്റെ ഒൻപതാമത്തെ മകനാണ് കുഞ്ഞൂഞ്ഞ് എന്ന് വിളിക്കുന്ന എബ്രാഹം. ഐൻപ്പാറയിൽ പൊട്ടനാനിയിൽ കുടുംബാംഗം മറിയക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികളുടെ ഏക മകനാണ് ടോം എബ്രാഹം. BTch -ന് ശേഷം ബാംഗ്ളൂരിൽ ജോലി ചെയ്യുന്നു.

## II B- വയലിൽ ഔസേപ്പ് ദേവസ്യാ മകൻ തൊമ്മൻ

വയലിൽ ഔസേപ്പ് ദേവസ്യായുടെ രണ്ടാമത്തെ മകനാണ് തൊമ്മൻ. വെയിൽകാണാംപാറയിൽ താമസം. തിടനാട് പള്ളി ഇടവക ആലക്കപറമ്പിൽ അന്നമ്മയാണ് ഭാര്യ. തൊമ്മൻ-അന്നമ്മ ദമ്പതികൾക്ക് എട്ട് മക്കൾ. ആറ് ആൺമക്കളും രണ്ട് പെൺമക്കളും. ദേവസ്യാ, തൊമ്മൻ, വർക്കി, ജോസഫ്, ചാക്കോ, മത്തായി എന്നിവരാണ് ആൺമക്കൾ. റോസ, അന്നമ്മ എന്നിവർ പെൺമക്കളും. അന്നമ്മ 1930 ലും തൊമ്മൻ 1950 ലും മരിച്ചു. പെൺമക്കളിൽ മൂത്തവളായ റോസയെ ചെമ്മലമറ്റം പള്ളി ഇടവക മുകളേൽ കൊച്ച് വിവാഹം ചെയ്തു. റോസ 1988-ൽ 40-ാം വയസ്സിൽ മരിച്ചു.

രണ്ടാമത്തെ മകളായ അന്നമ്മയെ തിടനാട് പള്ളി ഇടവക വടക്കേട്ട് ജോസഫ് വിവാഹം ചെയ്തു. കാസർഗോഡ് ജില്ലയിലെ ഭീമനടിയിലാണ് താമസം.

## II B1- വയലിൽ തൊമ്മൻ മകൻ ദേവസ്യാ (കൊച്ചേട്ടൻ)

തൊമ്മന്റെ ആറ് ആൺമക്കളിൽ മൂത്തമകനാണ് കൊച്ചേട്ടൻ എന്നു വിളിച്ചിരുന്ന ദേവസ്യാ. 1957-ൽ കണ്ണൂർ ജില്ലയിലെ കൊട്ടിയൂരിന് അടുത്തുള്ള അമ്പായിതോട് എന്ന സ്ഥലത്തേക്ക് കുടിയേറി. തീക്കോയി നെല്ലുവേലി കുടുംബാംഗം മറിയമാണ് ഭാര്യ. 1975 -ൽ മറിയവും, 1980-ൽ ദേവസ്യായും മരിച്ചു. ദേവസ്യാ-മറിയം ദമ്പതികൾക്ക് ഏഴ് മക്കൾ. നാല് ആൺമക്കളും മൂന്ന് പെൺമക്കളും. കുര്യൻ, ജോസഫ്, സെബാസ്റ്റ്യൻ, ജോർജ്ജ് എന്നിവരാണ് ആൺമക്കൾ. അന്നക്കുട്ടി, മറിയക്കുട്ടി, റോസമ്മ എന്നിവർ പെൺമക്കളും. മൂത്തമകൾ അന്നകുട്ടിയെ സ്വർണ്ണപ്പള്ളിൽ പാപ്പച്ചൻ വിവാഹം ചെയ്തു. 1970-ൽ അന്നക്കുട്ടി മരിച്ചു. മറിയക്കുട്ടിയെ കൊട്ടിയൂർ വേലിക്കകത്ത് സെബാസ്റ്റ്യനും റോസമ്മയെ കേളകം വട്ടോലിൽ അപ്പച്ചനും വിവാഹം ചെയ്തു. അപ്പച്ചൻ 2011-ൽ മരിച്ചു.

## II B1a- വയലിൽ ദേവസ്യാ മകൻ കുര്യൻ (പാപ്പച്ചൻ)

ദേവസ്യായുടെ മൂത്ത മകനാണ് പാപ്പച്ചൻ എന്ന് വിളിക്കുന്ന കുര്യൻ. കണ്ണൂർ അമ്പായിത്തോടാണ് താമസം. മോളോത്ത് അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും, നാല് പെൺമക്കളും അടക്കം എട്ട് മക്കൾ. ദേവസ്യാ, ബിജു, ഷാജു, ഷിജു എന്നിവരാണ് ആൺമക്കൾ. മേരി, ഗ്രേസി, ലിസ്സി, സിൻസി എന്നിവർ പെൺമക്കളും.

മൂത്തമകൾ മേരിയെ വേണ്ടാമറ്റത്തിൽ മാനുവലും, രണ്ടാമത്തെ മകളായ ഗ്രേസിയെ തളിപ്പറമ്പ് പന്തിരിപ്പാടൻ ജോയിയും വിവാഹം ചെയ്തു. മൂന്നാമത്തെ മകളായ ലിസ്സി (MA) കൊട്ടിയൂർ സ്കൂളിൽ പ്രിൻസിപ്പാൾ ആണ്. കണ്ണൂർ കേളകം തട്ടാരപ്പള്ളിൽ ടോമി വിവാഹം ചെയ്തു. ഇളയമകൾ സിൻസിയെ മാനന്തവാടി പൂവത്തിൻതറ ബിജു വിവാഹം ചെയ്തു.

## II B1a1- വയലിൽ കുര്യൻ മകൻ ദേവസ്യാ

കുര്യന്റെ മൂത്തമകനായ ദേവസ്യാ ഡ്രൈവറായി ജോലിചെയ്യുന്നു. ഭാര്യ നിഷ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അജിൽ, ആസിൽ.

## II B1a2- വയലിൽ കുര്യൻ മകൻ ബിജു

കുര്യന്റെ രണ്ടാമത്തെ മകനാണ് ബിജു. അങ്കമാലിയിൽ കമ്പനി സൂപ്രർവൈസർ ആയി ജോലിചെയ്യുന്നു. വണ്ണപ്പുറം മുകളേൽ കുടുംബാംഗം സൗമ്യമാണ് ഭാര്യ.

## II B1a3- വയലിൽ കുര്യൻ മകൻ ഷാജു

കുര്യന്റെ മൂന്നാമത്തെ മകനാണ് ഷാജു. പെയിന്റിംഗ് ആണ് തൊഴിൽ. ഭാര്യ ബിൻസി.

## II B1a4- വയലിൽ കുര്യൻ മകൻ ഷിജു

കുര്യന്റെ നാലാമത്തെ മകനാണ് ഷിജു. മിലിട്ടറി സർവ്വീസിലാണ്.

## II B1b- വയലിൽ ദേവസ്യാ മകൻ ജോസഫ് (കുഞ്ഞേപ്പ്)

ദേവസ്യായുടെ രണ്ടാമത്തെ മകനാണ് കുഞ്ഞേപ്പ് എന്ന് വിളിക്കുന്ന ജോസഫ്. കൊട്ടിയൂർ വാലുകണ്ടത്തിൽ റോസയാണ് ഭാര്യ. 1990-ൽ ദേവസ്യാ മരിച്ചു. ഈ ദമ്പതികൾക്ക് മൂന്നുമക്കൾ. രണ്ട് ആണും ഒരു പെണ്ണും. ബന്നി, ജോയി എന്നിവരാണ് ആൺമക്കൾ. സജി ഏകമകളാണ്. സജിയെ അടയ്ക്കാത്തോട് ചിറക്കുഴി ജോർജ്ജ്കുട്ടി ഭാര്യയായി സ്വീകരിച്ചു.

## II B1b1- വയലിൽ കുഞ്ഞേപ്പ് മകൻ ബന്നി

കുഞ്ഞേപ്പിന്റെ മൂത്ത മകനാണ് ബന്നി. കച്ചവടമാണ് തൊഴിൽ. ഭാര്യ ഉഷ.

## II B1b2- വയലിൽ കുഞ്ഞേപ്പ് മകൻ ജോയി

കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനാണ് ജോയി. കൃഷിക്കാരനാണ്. ഭാര്യ ലില്ലി.

## II B1C- വയലിൽ ദേവസ്യാ മകൻ സെബാസ്റ്റ്യൻ (കൊച്ച്)

ദേവസ്യായുടെ മൂന്നാമത്തെ മകനാണ് കൊച്ച് എന്ന് വിളിക്കുന്ന സെബാസ്റ്റ്യൻ. അമ്പായിത്തോട് ആണ് താമസം. കൊട്ടിയൂർ കണ്ണന്താനത്ത് കുടുംബാംഗം ലീലാമ്മയാണ് ഭാര്യ. സെബാസ്റ്റ്യൻ - ലീലാമ്മ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. സജി, ബിനു, സിനു.

## II B1c1- വയലിൽ സെബാസ്റ്റ്യൻ മകൻ സജി

സെബാസ്റ്റ്യന്റെ മൂത്ത മകനാണ് സജി.  ഇടവകയിൽ സ്കൂളിൽ

ജോലി ചെയ്യുന്നു. അമ്പായിത്തോട് ചോലപ്പള്ളിൽ കുടുംബാംഗം റജീനയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. അനിൽ, അമൽ, അലക്സ്. അമലും, അലക്സും ഇരട്ടകുട്ടികളാണ്.

## II B1c2- വയലിൽ സെബാസ്റ്റ്യൻ മകൻ ബിനു

സെബാസ്റ്റ്യന്റെ രണ്ടാമത്തെ മകനാണ് ബിനു. പെയിന്റിംഗ് ജോലിയാണ്. വയനാട് ചിറമുഖത്ത് കുടുംബാംഗം വിനീതയാണ് ഭാര്യ. ഒരു മകൻ ജിനിൽ.

## II B1c3- വയലിൽ സെബാസ്റ്റ്യൻ മകൻ സിനു

സെബാസ്റ്റ്യന്റെ മൂന്നാമത്തെ മകനാണ് സിനു. പെയിന്റിംഗ് ജോലിയാണ്.

## II B1d- വയലിൽ ദേവസ്യാ മകൻ ജോർജ്

ദേവസ്യായുടെ നാലാമത്തെ മകനാണ് ജോർജ്. അമ്പായി ത്തോട് ആണ് താമസം. മുണ്ടയ്ക്കൽ കുടുംബാംഗം ലൂസിയാണ്. ഭാര്യ. ജോർജ്-ലൂസി ദമ്പതികൾക്ക് ഒരു മകളും രണ്ട് ആൺമക്കളു മടക്കം മൂന്നു മക്കൾ. ഏക മകൾ ബിന്ദു. ബിനു, ദിനേഷ് എന്നിവ രാണ് ആൺമക്കൾ. തമിഴ്നാട് ഗൂഡല്ലൂർ താമസക്കാരനായ ആന്റണി യാണ് ബിന്ദുവിന്റെ ഭർത്താവ്.

## II B1d1- വയലിൽ ജോർജ്ജ് മകൻ ബിനു

ജോർജ്ജിന്റെ മൂത്തമകനാണ് ബിനു. പെയിന്റിംഗ് ജോലി ചെയ്യുന്നു. ഭാര്യ സോജി. ഒരു മകളുണ്ട്.

## II B1d2- വയലിൽ ജോർജ്ജ് മകൻ ദിനേഷ്

ജോർജിന്റെ രണ്ടാമത്തെ മകനാണ് ദിനേഷ്. ദുബായിൽ മാരുതി കമ്പനിയിൽ ജോലി ചെയ്യുന്നു.

## II B2- വയലിൽ തൊമ്മൻ മകൻ തോമസ് (തൊമ്മൻ)

വയലിൽ തൊമ്മന്റെ രണ്ടാമത്തെ മകനാണ് തോമസ് (തൊ മ്മൻ). ഇടുക്കി, ജോസ് പുരം കൊന്നക്കാമാലിയിലാണ് താമസം. തിടനാട് അനന്തശേരി കുടുംബാംഗം ഏലിയാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും മൂന്ന് പെൺമക്കളുമടക്കം ഏഴ് മക്കൾ. ഫാ. തോമസ് വയലിൽ, ജോസഫ്, ദേവസ്യാ, ജോർജ്ജ് എന്നിവരാണ് ആൺമക്കൾ. അന്നക്കുട്ടി, മേരി, ഏലിയാമ്മ എന്നി

വർ പെൺമക്കളും. മൂത്തമകൾ അന്നക്കുട്ടിയെ കൊന്നക്കാമാലി വട്ടക്കുഴിയിൽ മാത്യുവും, രണ്ടാമത്തെ മകളായ മേരിയെ കാസർ ഗോഡ്, കൊന്നക്കാട് തൈലം മാനായിൽ ജോസഫും, മൂന്നാമത്തെ മകളായ ഏലിയാമ്മ (കുട്ടിയമ്മ)യെ മുരിക്കാശ്ശേരി മംഗളത്തിൽ മാത്യുവും വിവാഹം കഴിച്ചു.

## II B2a- വയലിൽ തോമസ് മകൻ ഫാ. തോമസ് വയലിൽ

വയലിൽ തോമസിന്റെ മൂത്ത മകനാണ് ഫാ. തോമസ് വയ ലിൽ. പശ്ചിമബംഗാളിലെ സിലിഗുരിയിൽ ബിഷപ്പ് ഹൗസിൽ സേവനം ചെയ്യുന്നു.

## II B2- വയലിൽ തോമസ് മകൻ ജോസഫ് (പാപ്പച്ചൻ)

തോമസിന്റെ രണ്ടാമത്തെ മകനാണ് പാപ്പച്ചൻ എന്ന് വിളി ക്കുന്ന ജോസഫ്. ഇടുക്കി ജില്ലയിലെ പെരിഞ്ചാം കുടിയിലാണ് താമസം. പെരിങ്ങളം വെള്ളിയാംതടത്തിൽ റോസയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. നാല് ആൺമക്കളും, രണ്ട് പെൺമ ക്കളും. ടോമി, ഷാജി, ബിന്ദു, ജോർജ്ജ് എന്നിവരാണ് ആൺമക്കൾ. ലിസി, റീന എന്നിവർ പെൺമക്കളും.

മൂത്തമകൾ ലിസ്സിയെ വെള്ളിയാമറ്റം ഇടവക കോളാശ്ശേരിൽ ടോം തോമസും, രണ്ടാമത്തെ മകളായ റീനയെ ഇരട്ടയാർ ഇടവക വെട്ടിക്കാട്ട് മാത്യുവും വിവാഹം കഴിച്ചു.

## II B2b1- വയലിൽ തൊമ്മൻ മകൻ തോമസ് (തൊമ്മൻ)

പാപ്പച്ചന്റെ മൂത്ത മകനാണ് ടോമി MCom. ബിരുദധാരിയാണ്. LIC. ഏജന്റായി ജോലി ചെയ്യുന്നു. അടിമാലിയിലാണ് താമസം. രാജാക്കാട് ഇടവക പെരിയക്കോടിൽ വിജിയാണ് ഭാര്യ. ഈ ദമ്പ തികൾക്ക് രണ്ട് മക്കൾ. ജോസഫ്, ഹെലേന.

## II B2b2- വയലിൽ പാപ്പച്ചൻ മകൻ ഷാജി

പാപ്പച്ചന്റെ രണ്ടാമത്തെ മകനാണ് ഷാജി. കുവൈത്തിൽ ജോലി ചെയ്യുന്നു. ഉപ്പുതറ കിളിക്കാട്ട് കുടുംബാംഗം ബിൻസിയാണ് ഭാര്യ. ബിൻസി കുവൈത്തിൽ സ്റ്റാഫ് നഴ്സാണ്. ഇവർക്ക് രണ്ട് മക്കൾ: കെവിൻ, ജിസ്ബിൻ.

## II B2b3- വയലിൽ പാപ്പച്ചൻ മകൻ ബിജു

പാപ്പച്ചന്റെ മൂന്നാമത്തെ മകനാണ് ബിജു. ബിസിനസ്സാണ്

തൊഴിൽ. അറക്കുളം ഇടവക വലിയകുന്നത്ത് കുടുംബാംഗം സോണിയയാണ് ഭാര്യ. ബിജു-സോണിയ ദമ്പതികൾക്ക് മൂന്ന് മക്കൾ. ജോസ്‌വിൻ, ജോസ്ന, മോനിക്ക.

## II B2b4- വയലിൽ പാപ്പച്ചൻ മകൻ ജോർജ്ജ് (ഫാ.ജോർജ്ജ് വയലിൽ)

പാപ്പച്ചന്റെ നാലാമത്തെ മകനാണ് ഫാ.ജോർജ്ജ് വയലിൽ. MCBS കോട്ടയം പ്രോവിൻസിൽ വൈദികസേവനം ചെയ്യുന്നു.

## II B2c- വയലിൽ തൊമ്മൻ (തോമസ്) മകൻ ദേവസ്യാ (കുഞ്ഞുകുട്ടി)

വയലിൽ തോമസിന്റെ മൂന്നാമത്തെ മകനാണ് കുഞ്ഞുകുട്ടി എന്നു വിളിക്കുന്ന ദേവസ്യാ. കോട്ടയം ജില്ലയിലെ പൂഞ്ഞാറിനടുത്ത് കുന്നോന്നിയിലാണ് താമസം. കുറ്റിയാനിക്കൽ കുടുംബാംഗം മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. സിജി, നിമ്മി, റെനി, സിനി എന്നീ നാല് പെൺമക്കളും ബിജു എന്ന ഏകമകനും.

മൂത്ത മകൾ സിജിയെ അടിവാരം മറ്റമുണ്ടയിൽ കറിയാച്ചനും, രണ്ടാമത്തെ മകളായ നിമ്മിയെ നീലൂർ മുതുപ്ലാക്കൽ ബാബുവും, മൂന്നാമത്തെ മകളായ റെനിയെ മേനോംതുണ്ടത്തിൽ റോയി (അബുദാബി)യും നാലാമത്തെ മകളായ സിനിയെ പൂവരണി നിറത്തൊട്ടിയിൽ ജോമിയും വിവാഹം ചെയ്തു.

## II B2c1- വയലിൽ കുഞ്ഞുകുട്ടി മകൻ ബിജു

കുഞ്ഞുകുട്ടിയുടെ ഏകമകനാണ് ബിജു. കർഷകനാണ്. കൈപ്പള്ളി തോട്ടപ്പള്ളി കുടുംബാംഗം സോണിയാണ് ഭാര്യ.

## II B3- വയലിൽ തൊമ്മൻ മകൻ വർക്കി

തൊമ്മന്റെ മൂന്നാമത്തെ മകനാണ് വർക്കി. കണ്ണൂർ അമ്പായിത്തോട് ആണ് താമസം. ഭരണങ്ങാനം തെക്കേൽ കുടുംബാംഗം ഏലിക്കൊച്ചാണ് ഭാര്യ. വർക്കി 1959-ൽ 41-ാം വയസ്സിൽ മരിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും. തോമസ്, ദേവസ്യാ, ജോർജ്ജ് എന്നിവരാണ് ആൺമക്കൾ. അന്നമ്മ, മറിയക്കുട്ടി എന്നിവർ പെൺമക്കളും. മൂത്തമകൾ അന്നമ്മയെ വയനാട് ജില്ലയിലെ പുതുപ്പാടിയിൽ വിവാഹം ചെയ്തു. സെബാസ്റ്റ്യൻ ആണ് ഭർത്താവ്. 2002-ൽ അന്നമ്മ മരിച്ചു.

രണ്ടാമത്തെ മകൾ മറിയക്കുട്ടിയെ അമ്പായിത്തോട് ചെറിയംപറ മ്പിൽ അപ്പച്ചൻ വിവാഹം ചെയ്തു.

## II B3a- വയലിൽ വർക്കി മകൻ തോമസ് (തൊമ്മൻ)

വർക്കിയുടെ മൂത്ത മകനാണ് തൊമ്മൻ എന്ന് വിളിക്കുന്ന തോമസ്. തളിപ്പറമ്പ് പുല്ലുവേലിൽ കുടുംബാംഗം മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും ഒരാണും. ലൗലി, മിനി എന്നിവരാണ് പെൺമക്കൾ. തങ്കച്ചൻ ഏകമകനും. ലൗലിയെ നാഗവള്ളി  രാജൻ വിവാഹം ചെയ്തു. ഷിമോഗയിലാണ് താമസം. മിനിയെ കുടക് മടിക്കേരിൽ ഷാബു വിവാഹം ചെയ്തു.

## II B3a1- വയലിൽ തോമസ് മകൻ തങ്കച്ചൻ

തോമസിന്റെ ഏകമകനാണ് തങ്കച്ചൻ. കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കാൻ മുട്ടത്തുകുന്നേൽ കുടുംബാംഗം ജാൻസിയാണ് ഭാര്യ. തങ്കച്ചൻ ജാൻസി ദമ്പതികൾക്ക് മൂന്ന് മക്കൾ. ഷാജൻ, ജോസ്ന, എബിൻ (അപ്പു). ഷാജൻ CST സഭയിൽ വൈദികവിദ്യാർത്ഥിയാണ്.

## II B3b- വയലിൽ തോമസ് മകൻ ദേവസ്യ (പാപ്പ)

വർക്കിയുടെ രണ്ടാമത്തെ മകനാണ് പാപ്പ എന്ന് വിളിക്കുന്ന ദേവസ്യ. തളിപ്പറമ്പ് മണിയാംകണ്ടത്തിൽ ചിന്നമ്മയാണ് ഭാര്യ. കർണാടകയിലെ ഉടുപ്പി കുന്താപുരത്താണ് താമസം. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. സജോയ്, സിബിൻ എന്നിവരാണ് ആൺമക്കൾ. സോണി ഏകമകളും. സോണി ഡൽഹിയിൽ നേഴ്സാണ്.

## II B3b1- വയലിൽ ദേവസ്യാ മകൻ ഷാജി

ദേവസ്യായുടെ മൂത്തമകനാണ ഷാജി. വ്യാപാരിയാണ്. കുന്താപുരം സ്വദേശി സുനിതയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരു മകൻ സ്നേഹൻ.

## II B3b2- വയലിൽ ദേവസ്യാ മകൻ സിനോയ്

ദേവസ്യായുടെ രണ്ടാമത്തെ മകനാണ് സിനോയ്. മെയിൽ നേഴ്സാണ്. ഭാര്യ മഞ്ജു തൊടുപുഴ തെക്കേൽ കുടുംബാംഗം. നഴ്സായ മഞ്ജുവും സിനോയ്‌യും ഡൽഹിയിൽ ജോലിചെയ്യുന്നു. ഈ ദമ്പതികൾക്ക്. ഒരു മകൾ-അനീറ്റ.

## II B3b3- വയലിൽ ദേവസ്യാ മകൻ സിജോയ്

ദേവസ്യായുടെ മൂന്നാമത്തെ മകനാണ് സിജോയ്. കൃഷികാര്യങ്ങളുമായി കഴിയുന്നു.

## II B3b4- വയലിൽ ദേവസ്യാ മകൻ സിബിൻ

ദേവസ്യായുടെ നാലാമത്തെ മകനാണ് സിബിൻ. CST. സഭയിൽ വൈദികപഠനം നടത്തുന്നു.

## II B3c- വയലിൽ വർക്കി മകൻ ജോർജ്ജ് (ജോസ്)

വർക്കിയുടെ മൂന്നാമത്തെ മകനാണ് ജോസ് എന്ന് വിളിക്കുന്ന ജോർജ്ജ്. ചങ്ങനാശ്ശേരി കാടഞ്ചിറ കുടുംബാംഗം ക്ലാരമ്മയാണ് ഭാര്യ. കർണാടകയിലെ കുന്താപുരത്താണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഷൈജു, ബിജു.

## II B3c1- വയലിൽ ജോസ് മകൻ ഷൈജു

ജോസിന്റെ മൂത്ത മകനാണ് ഷൈജു. പ്രിൻസിയാണു (BA, BEd, MA) ഭാര്യ. അദ്ധ്യാപികയാണ്.

## II B3c2- വയലിൽ ജോസ് മകൻ ബിജു

ജോസിന്റെ രണ്ടാമത്തെ മകനാണ് ബിജു. ഭാര്യ ലിജിൽ അദ്ധ്യാപികയാണ്.

## II B34- വയലിൽ തൊമ്മൻ മകൻ ജോസഫ്

തൊമ്മന്റെ നാലാമത്തെ മകനാണ് ജോസഫ്. അമ്പായിത്തോടാണ് താമസം. വടക്കേറ്റ് മറിയയാണ് ഭാര്യ. ജോസഫ് 2006-ൽ 90-ാം വയസ്സിലും ഭാര്യ മറിയം 2011-ൽ 96-ാം വയസ്സിലും മരിച്ചു. ഇവർക്ക് മൂന്ന് മക്കൾ. അന്നക്കുട്ടി, ത്രേസ്യാ, തോമാച്ചൻ. അന്നക്കുട്ടിയെ അമ്പായിത്തോട് മുണ്ടാക്കൽ വർഗീസ് വിവാഹം ചെയ്തു. ത്രേസ്യ (തെയ്യാമ്മ)യെ കാട്ടാക്കോട്ടിൽ കുഞ്ഞുവർക്കി വിവാഹം ചെയ്തു. ഇവരുടെ മകനാണ് ഫാ. ബിജോ (ജിജി) കാട്ടാംക്കോട്ടിൽ. ഇറ്റലിയിലാണ് സേവനം.

## II B4- വയലിൽ ജോസഫ് മകൻ തോമാച്ചൻ

ജോസഫിന്റെ ഏക മകനാണ് തോമാച്ചൻ. അമ്പായിത്തോടാണ് താമസം. കണ്ണൂർ ചുങ്കക്കുന്ന് കൊട്ടാരത്തിൽ മേരിയാണ്

ഭാര്യ. ഇവർക്ക് മൂന്ന് മക്കൾ. ജോസുകുട്ടി, തോമസ് കുട്ടി എന്ന രണ്ട് ആൺമക്കളും ജസ്സി എന്ന മകളും. ജസ്സിയെ പാൽപുരം, ഏറ ത്തേടത്ത് കുര്യാക്കോസ് വിവാഹം ചെയ്തു.

## II B4a1- വയലിൽ തോമാച്ചൻ മകൻ ജോസുകുട്ടി

തോമാച്ചന്റെ മൂത്ത മകനാണ് ജോസുകുട്ടി. കർഷകനാണ്. ചുങ്കക്കുന്ന് മണ്ഡപത്തിൽ കുടുംബാംഗം മേഴ്സിയാണു ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. തോംസൺ, ജെൻസൺ.

## II B4a2- വയലിൽ തോമാച്ചൻ മകൻ തോമ്മസ്കുട്ടി

തോമാച്ചന്റെ രണ്ടാമത്തെ മകനാണ് തോമസ്കുട്ടി. ഡ്രൈവ റായി ജോലി ചെയ്യുന്നു. ലില്ലിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഏയ്ഞ്ചൽ മേരി, ജോഹാന തെരേസ്.

## II B5- വയലിൽ തൊമ്മൻ മകൻ ചാക്കോ

വയലിൽ തൊമ്മന്റെ അഞ്ചാമത്തെ മകനാണ് ചാക്കോ. പിതാ വിനൊപ്പം തറവാട്ടിലായിരുന്നു താമസം. 1989-ൽ താമസം കണ്ണൂർ ജില്ലയിലെ അമ്പായിത്തോടിലേക്ക് മാറി. പൂഞ്ഞാർ മുതലക്കുഴി യിൽ കുടുംബാംഗം മറിയമാണ് ഭാര്യ.1995-ൽ 72-ാം വയസ്സിൽ ചാക്കോ മരിച്ചു. ചാക്കോ-അന്നമ്മ ദമ്പതികൾക്ക് അഞ്ച് മക്കൾ രണ്ട് പെണ്ണും മൂന്ന് ആണും. ചിന്നമ്മ, മേരി എന്നിവരാണ് പെൺമ ക്കൾ. തോമസ്, ജോസ്, ജോർജ്ജ് എന്നിവർ ആൺമക്കളും.

മൂത്ത മകൾ ചിന്നമ്മയെ പെരിങ്ങുളം വള്ളിയാംതടത്തിൽ പാപ്പച്ചനും ഇളയ മകളായ മേരിയെ പെരിങ്ങുളം തയ്യിൽ തോമ്മാ ച്ചനും വിവാഹം ചെയ്തു.

## II B5a- വയലിൽ ചാക്കോച്ചൻ മകൻ തോമസ് (പാപ്പച്ചൻ)

ചാക്കോയുടെ മൂത്ത മകനാണ് പാപ്പച്ചൻ എന്ന് വിളിക്കുന്ന തോമസ്. കോട്ടയം വില്ലൂന്നി ഇടവക കാട്ടുപറയിൽ കുടുംബാംഗം ചിന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ജോബി (ചാക്കോ), ജിബി (ജോസഫ്) എന്നീ രണ്ട് ആൺമക്കളും, ജൂബി എന്ന മകളുമടക്കം മൂന്ന് മക്കൾ. ഏക മകൾ ജൂബിയുടെ ഭർത്താവ് ബിനോയി പാല ക്കാട് മഹീന്ദ്രി കമ്പനി ജീവനക്കാരനാണ്.

## II B5a1- വയലിൽ തോമസ് (പാപ്പച്ചൻ) മകൻ ജോബി (ചാക്കോ)

പാപ്പച്ചന്റെ മൂത്ത മകനാണ് ജോബി. തിടനാട് പള്ളി ഇടവക. പുന്നയ്ക്കൽ കുടുംബാംഗം റ്റിനുവാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കളുണ്ട്. അൽഫോൻസ, ആൻസിൻ, എയ്ഞ്ചൽ.

## II B5a2- വയലിൽ തോമസ് (പാപ്പച്ചൻ) മകൻ ജിബി (ജോസഫ്)

പാപ്പച്ചന്റെ രണ്ടാമത്തെ മകനാണ് ജിബി. പെയിന്റിംഗ് ആണ് തൊഴിൽ

## II B5b- വയലിൽ ചാക്കോച്ചൻ മകൻ ജോസ്

ചാക്കോയുടെ രണ്ടാമത്തെ മകനാണ് ജോസ്. കർഷകനാണ്. കണ്ണൂരാണ് താമസം. ചേന്നാട് ചവർപുഴ കുടുംബാംഗം ഏലമ്മായാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും ഒരാണുമടക്കം മൂന്ന് മക്കൾ. ജിൻസി, ജിൻസ എന്നിവരാണ് പെൺമക്കൾ. ജിൻസൻ ഏക മകനും. മൂത്ത മകൾ ജിൻസി സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു. കുടിയാമ്മല കാവുങ്കൽ മനോജാണ് ഭർത്താവ്. രണ്ടാമത്തെ മകളായ ജിൻസ IT വിദ്യാർത്ഥിനിയാണ്.

## II B5b1- വയലിൽ ചാക്കോച്ചൻ മകൻ ജിൻസൻ

ജോസിന്റെ ഏക മകനാണ് ജിൻസൻ. കമ്പ്യൂട്ടർ പഠനം കഴിഞ്ഞ് സൗദിയിൽ ജോലി ചെയ്യുന്നു.

## II B5c- വയലിൽ ചാക്കോ മകൻ ജോർജ്ജ് (അപ്പച്ചൻ)

ചാക്കോയുടെ മൂന്നാമത്തെ മകനാണ് അപ്പച്ചൻ (ജോർജ്ജ്). പൂഞ്ഞാർ മാവടിയിലാണ് താമസം. കൃഷി കാര്യങ്ങളുമായി കഴിയുന്നു. പഴയന്നൂർ വടക്കേടത്ത് കുടുംബാംഗം ഏലിയാമ്മയാണ് ഭാര്യ. അജിൽ, മരിയ (ആശ) എന്നീ രണ്ട് മക്കൾ. അജിൽ ഹോട്ടൽ മാനേജ്മെന്റ് പഠനം കഴിഞ്ഞ് കോവളത്ത് ജോലി ചെയ്യുന്നു. നഴ്സായ മരിയയെ കോതമംഗലം പെരുമണ്ണൂർ വേഞ്ഞൂരാൻ ജോർജ് മകൻ റിജോ വിവാഹം ചെയ്തു.

## II B6- വയലിൽ തൊമ്മൻ മകൻ മത്തായി

തൊമ്മന്റെ ഇളയ മകനാണ് മത്തായി. കാസർഗോഡ് ജില്ലയിലെ ബളാലിലാണ് താമസം. വിളക്കുമാടം കോഴികൊത്തിക്കൽ

കുടുംബാംഗം ഏലിക്കുട്ടിയാണ് ഭാര്യ. 2004-ൽ 82-ാം വയസ്സിൽ മത്തായി മരിച്ചു. മത്തായി-ഏലിക്കുട്ടി ദമ്പതികൾക്ക് ആറ് മക്കൾ. തോമസ്, ജോയി(ജോസഫ്), സെബാസ്റ്റ്യൻ എന്നീ മൂന്ന് ആൺമക്കളും, കുട്ടിയമ്മ, മേരി, ജെസ്സി എന്നീ മൂന്ന് പെൺമക്കളും. മൂത്ത മകളായ കുട്ടിയമ്മ ദീനസേവസസഭയിൽ ചേർന്ന് സന്യസ്ത ജീവിതം നയിക്കുന്നു. സി. സ്വാതി DSS. കോടിക്കോട് ദീനസേവന സഭയിലാണ് സേവനം. രണ്ടാമത്തെ മകളായ മേരിയെ കൊന്നക്കാട് പാലാപറമ്പിൽ മത്തച്ചൻ വിവാഹം ചെയ്തു. മൂന്നാമത്തെ മകളായ ജെസ്സിയെ കൊന്നക്കാട് പുളിക്കത്തടത്തിൽ ടോമി വിവാഹം ചെയ്തു.

## II B6a- വയലിൽ മത്തായി മകൻ തോമസ്

മത്തായിയുടെ മൂത്ത മകനാണ് തോമസ്. അരുവിത്തുറപള്ളി ഇടവക കണ്ടത്തിങ്കര കുടുംബാംഗം മേരിയാണ് ഭാര്യ. തോമസ് 1965-ൽ 35-ാം വയസ്സിൽ മരിച്ചു. തോമസ്-മേരി ദമ്പതികൾക്ക് ജിജി, സിജി എന്നീ രണ്ട് പെൺമക്കളും, ജിസ്, ബിനോയി എന്നീ രണ്ട് ആൺമക്കളുമടക്കം നാല് മക്കൾ. മൂത്ത മകൾ ജിജി ബാംഗളൂരിൽ സ്റ്റാഫ് നഴ്സാണ്. മാനമംഗലത്ത് സിബിയാണ് ഭർത്താവ്. രണ്ടാമത്തെ മകളായ സിജിയെ താബോർ പറവക്കാട്ടിൽ ഷാജി വിവാഹം ചെയ്തു.

## II B6a1- വയലിൽ തോമസ് മകൻ ജിസ്

തോമസിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ജിസ്. കർഷകനാണ്. വെള്ളരിക്കുണ്ട് കല്ലറയ്ക്കൽ കുടുംബാംഗം മഞ്ജുവാണ് ഭാര്യ.

## II B6a2- വയലിൽ തോമസ് മകൻ ബിനോയ്

തോമസിന്റെ ഇളയമകനാണ് ബിനോയ്. കൃഷി കാര്യങ്ങളുമായി കഴിയുന്നു.

## II B6b- വയലിൽ മത്തായി മകൻ ജോയി (ജോസഫ്)

മത്തായിയുടെ രണ്ടാമത്തെ മകനാണ് ജോയി. കാസർഗോഡ് ജില്ലയിലെ ബളാലിനടുത്ത കുഴിങ്ങോട്ടാണ് താമസം. പടിമരുത് ആടുകുഴിയിൽ കുടുംബാംഗം ലൂയിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നുമക്കൾ. ജിന്റോ, ജിനോ, ജിന. ജിന്റോ കാണങ്ങാട്ട് ഗവ.ഹോസ്പിറ്റലിൽ നഴ്സായി ജോലി ചെയ്യുന്നു. ജിനോ MBA വിദ്യാർത്ഥിയാണ്. ജിന ഡിഗ്രി വിദ്യാർത്ഥിനിയും.

## II BC-വയലിൽ മത്തായി മകൻ സെബാസ്റ്റ്യൻ (ഫാ. സെബാസ്റ്റ്യൻ CMI)

മത്തായിയുടെ ഇളയമകനാണ് സെബാസ്റ്റ്യൻ CMI സഭയിൽ വൈദികനാണ്. ഫാദർ സെബാസ്റ്റ്യൻ CMI മഹാരാഷ്ട്രയിൽ ശാന്ത മിഷനിൽ വൈദിക സേവനം ചെയ്യുന്നു.

## II C- വയലിൽ ഔസേപ്പ് ദേവസ്യാ മകൻ ദേവസ്യാ

വയലിൽ ഔസേപ്പ് ദേവസ്യായുടെ മൂന്നാമത്തെ പുത്രനാണ് ദേവസ്യാ. വെയിൽകാണാംപാറയിൽ നിന്നും താമസം മുളക്കുളത്തേക്ക് മാറി. ദേവസ്യായ്ക്ക് ഏഴ് മക്കൾ. നാല് പെൺമക്കളും മൂന്ന് ആൺമക്കളും. റോസ, ഏലി, മറിയം, ത്രേസ്യാ എന്നിവരാണ് പെൺമക്കൾ. ദേവസ്യാ, വർക്കി, തോമസ് എന്നിവരാണ് ആൺമക്കൾ. ദേവസ്യായുടെ ഭാര്യയുടെ പേരോ, മറ്റ് വിവരങ്ങളോ ലഭ്യമല്ല.

മൂത്ത മകളായ റോസയെ (മാമ്മി) ചേന്നാട് (മണിയംകുളം) കൊല്ലംപറമ്പിൽ കുഞ്ചാക്കോ വിവാഹം ചെയ്തു. 1999-ൽ 70-ാം വയസ്സിൽ റോസ മരിച്ചു. രണ്ടാമത്തെ മകളായ ഏലിയെ അരുവിത്തുറ പള്ളി ഇടവക വെളുത്തേടത്ത് പറമ്പിൽ ദേവസ്യാ വിവാഹം ചെയ്തു. ഏലി 1981-ൽ 60-ാം വയസ്സിൽ മരിച്ചു. മൂന്നാമത്തെ മകളായ മറിയത്തെ തീക്കോയിപള്ളി ഇടവക നെല്ലുവേലിൽ പാപ്പച്ചൻ വിവാഹം ചെയ്തു. നാലാമത്തെ മകളായ ത്രേസ്യായെ തീക്കോയിപള്ളി ഇടവക അടുക്കം പൊതനപ്പറക്കുന്നേൽ മത്തായി വിവാഹം ചെയ്തു. 2012-ൽ 78-ാം വയസ്സിൽ ത്രേസ്യാ മരിച്ചു.

## II C1- വയലിൽ ദേവസ്യാ മകൻ ദേവസ്യാ (കൊച്ച്)

വയലിൽ ദേവസ്യായുടെ മൂത്തമകനാണ് കൊച്ച് എന്ന് വിളിക്കുന്ന ദേവസ്യാ. മുളക്കുളത്താണ് താമസം. കൂട്ടിക്കൽ പള്ളി ഇടവക കൂട്ടലാങ്കൽ കുടുംബാംഗം ത്രേസ്യായാണ് ഭാര്യ. 2007-ൽ 85-ാം വയസ്സിൽ കൊച്ച് മരിച്ചു. വർക്കിക്ക് ആറ് മക്കൾ. നാല് ആൺമക്കളും രണ്ട് പെൺമക്കളും. സെബാസ്റ്റ്യൻ, വർക്കി, ജോസ്, തോമസ് എന്നിവരാണ് ആൺമക്കൾ. ലീലാമ്മ-കുട്ടിയമ്മ എന്നിവർ പെൺമക്കളും.

മൂത്ത മകൾ ലീലാമ്മയെ ഇഞ്ചിയാനി ഇടവക തേൻകുളത്തിൽ ദേവസ്യാ വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ കുട്ടിയമ്മ 1981-ൽ 26-ാം വയസ്സിൽ മരിച്ചു.

## II C1a- വയലിൽ കൊച്ച് മകൻ സെബാസ്റ്റ്യൻ (അപ്പച്ചൻ)

വയലിൽ കൊച്ചിന്റെ മൂത്ത മകനാണ് അപ്പച്ചൻ എന്ന് വിളിക്കുന്ന സെബാസ്റ്റ്യൻ. കൃഷിയാണ് തൊഴിൽ. കുമളി തറപ്പേൽ കുടുംബാംഗം മോളിയാണ് ഭാര്യ. ഒരു മകൻ. ബിനു.

## II C1a1- വയലിൽ അപ്പച്ചൻ മകൻ ബിനു

അപ്പച്ചന്റെ ഏക മകനാണ് ബിനു. പാറത്തോട് മലനാട് മിൽക്ക് സൊസൈറ്റിയിൽ ജോലി ചെയ്യുന്നു. ഉപ്പുതറ നന്തിയാട്ട് ചെരുവിൽവീട്ടിൽ കുടുംബാംഗം ജോളിയാണ് ഭാര്യ.

## II C1b- വയലിൽ കൊച്ച് മകന് വർക്കി (തങ്കച്ചൻ)

കൊച്ചിന്റെ രണ്ടാമത്തെ മകനാണ് തങ്കച്ചൻ. മേലോരം ഇടവക മുക്കാട്ട് കുടുംബാംഗം മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരു മകളും, ഒരു മകനും. മഞ്ജു, മനു എന്നിവരാണ് മക്കൾ. ഏക മകൾ മഞ്ജുവിനെ വടക്കേമല പള്ളി ഇടവക ചെറുകാരിക്കൽ ഷാജി വിവാഹം ചെയ്തു.

## II C1b1- വയലിൽ വർക്കി (തങ്കച്ചൻ) മകൻ മനു

തങ്കച്ചന്റെ ഏക മകനാണ് മനു. കോഴിക്കോട് പാരഗൺ ഹോട്ടലിൽ ജോലി ചെയ്യുന്നു. പാലാ, കൊഴുവനാൽ തണ്ണിപ്പാറചെരുവിൽ കുടുംബാംഗം ആവണിയാണ് ഭാര്യ.

## II C1c- വയലിൽ ദേവസ്യാ (കൊച്ച്) മകൻ ജോസ്

വയലിൽ കൊച്ചിന്റെ മൂന്നാമത്തെ മകനാണ് ജോസ്. കൃഷിക്കാരനാണ്. ഏന്തയാർ ഇടവക ഒലിവിക്കാട്ട് കുടുംബാംഗം ലൂസിയാണ് ഭാര്യ.

## II C1d- വയലിൽ ദേവസ്യാ (കൊച്ച്) മകൻ തോമസ് (ടോമി)

വയലിൽ കൊച്ചിന്റെ മൂന്നാമത്തെ മകനാണ് ടോമി. BSF-ൽ ആയിരുന്നു സേവനം. സർവ്വീസിൽനിന്നും വിരമിച്ചു. വേലനിലം പീടികപ്പറമ്പിൽ കുടുംബാംഗം ജെസ്സിയാണ് ഭാര്യ. ജെസ്സി പീരുമേട് ഗവ. യു.പി സ്കൂൾ അദ്ധ്യാപികയാണ്. ടോമി-ജെസ്സി ദമ്പതികൾക്ക് രണ്ട് മക്കൾ. ആൻ തെരേസ്, ആന്റ്.

## II C2- വയലിൽ ദേവസ്യാ മകൻ വർക്കി

ദേവസ്യായുടെ രണ്ടാമത്തെ മകനാണ് വർക്കി. മുളക്കുളം നെല്ലോലപയ്യയിൽ കുടുംബാംഗം അന്നമ്മയാണ് ഭാര്യ. അന്നമ്മ 2008-ൽ 85-ാം വയസ്സിലും വർക്കി 2010-ൽ 88-ാം വയസ്സിലും മരിച്ചു. വർക്കി അന്നമ്മ ദമ്പതികൾക്ക് എഴ് മക്കൾ. നാല് അൺമക്കളും മൂന്ന് പെൺമക്കളും. പാപ്പച്ചൻ (ജോർജ്ജ്), തോമാച്ചൻ (തോമസ്), ജോയി (സെബാസ്റ്റ്യൻ), ജോസ് (ജോസഫ്) എന്നിവരാണ് ആൺമക്കൾ. മേരി, കുട്ടിയമ്മ (ആൻസി), റെസി (എൽസമ്മ) എന്നിവർ പെൺമക്കളും. മൂത്തമകൾ മേരിയെ ചിന്നാർ പുല്ലാട്ട് ചാണ്ടി വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ കുട്ടിയമ്മ (ആൻസി)യെ പാറത്തോട് അമ്പഴത്തുങ്കൽ സെബാസ്റ്റ്യനും മൂന്നാമത്തെ മകളായ റെസി (എൽസമ്മ)യെ കട്ടപ്പന കരുവിക്കാട്ട് തോമസും വിവാഹം ചെയ്തു.

## II C2a- വയലിൽ വർക്കി മകൻ പാപ്പച്ചൻ (ജോർജ്ജ്)

വയലിൽ വർക്കിയുടെ മൂത്ത മകനാണ് പാപ്പച്ചൻ. മരിയാപുരത്താണ് താമസം. എല്ലക്കല്ല് മുത്തനാട്ട് കുടുംബാംഗം മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരു മകൻ ജോഷി.

## II C2a1- വയലിൽ പാപ്പച്ചൻ മകൻ ജോഷി

പാപ്പച്ചന്റെ ഏക മകനാണ് ജോഷി. ഇടുക്കി കളക്ട്രേറ്റിലാണ് ജോലി. മാവടി മണ്ണന്മേരിൽ കുടുംബാംഗം മഞ്ജുവാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരു മകൻ ഏഡ്വിൻ.

## I C2b- വയലിൽ വർക്കി മകൻ തോമാച്ചൻ (തോമസ്)

വർക്കിയുടെ രണ്ടാമത്തെ മകനാണ് തോമാച്ചൻ. തങ്കമണി കൊല്ലംപറമ്പിൽ കുടുംബാംഗം വൽസമ്മയാണ് ഭാര്യ. തോമാച്ചൻ -വൽസമ്മ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ. ദീപ, ദീപ്തി, വീണ. മൂത്ത മകൾ ദീപയെ കോതമംഗലം കടുത്താല വീട്ടിൽ സണ്ണിയും രണ്ടാമത്തെ മകളായ ദീപ്തിയെ മീൻകുന്നം ചേർക്കാട്ട് ദീപക്കും വിവാഹം ചെയ്തു. മൂന്നാമത്തെ മകളായ വീണ (BA,TTC). കൊള്ളിമല യു.പി.സ്കൂൾ അദ്ധ്യാപികയാണ്.

## II C2c- വയലിൽ വർക്കി മകൻ ജോയി (സെബാസ്റ്റ്യൻ)

വർക്കിയുടെ മൂന്നാമത്തെ മകനാണ് ജോയി. ഇടുക്കി, മരിയാപുരത്ത് പോസ്റ്റുമാസ്റ്ററാണ്. പാറത്തോട് കമ്പിലിക്കണ്ടം ഇടവക

കാഞ്ഞാമല കുടുംബാംഗം ലിസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും ഒരാണുമടക്കം മൂന്നു മക്കൾ. ജിഷ. ലിസാ എന്നിവരാണ് പെൺമക്കൾ. ജിതിൻ ഏക മകനും.

മൂത്ത മകൾ ജിഷ BSc Nursing പാസ്സായശേഷം UK യിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു. എരൂർ പുതുശ്ശേരിൽ സണ്ണിയാണ് ഭർത്താവ്. രണ്ടാമത്തെ മകൾ ലിസ SBI ബ്രാഞ്ച് മാനേജരാണ്. കോയമ്പത്തൂരാണ് ജോലി. പറവൂർ ചിത്തിരപ്പള്ളി ഹാൻസൺ ആണ് ഭർത്താവ്.

## II C2c1- വയലിൽ ജോയി മകൻ ജിതിൻ

ജോയിയുടെ ഏക മകനാണ് ജിതിൻ. സിങ്കപ്പൂരിൽ എഞ്ചിനീയറാണ്.

## II C3 - വയലിൽ ദേവസ്യാ മകൻ തോമാച്ചൻ (തോമസ്)

വയലിൽ ദേവസ്യായുടെ മൂന്നാമത്തെ മകനാണ് തോമാച്ചൻ. മുളക്കുളത്താണ് താമസം. കൽത്തൊട്ടി ചിറയ്ക്കൽ കുടുംബാംഗം ഏലിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെൺമക്കളും ഒരു മകനും. ആലീസ്, ലിസ്സി, മിനി എന്നിവരാണ് പെൺമക്കൾ. ഏക മകൻ ബേബി.

മൂത്തമകൾ ആലീസിനെ മുളക്കുളം ഇടവക ഇടത്തൊട്ടിയിൽ അബ്രാഹമും രണ്ടാമത്തെ മകളായ ലിസ്സിയെ കൈപ്പള്ളി ഇടവക മുത്തനാട്ട് ജോസഫും, മൂന്നാമത്തെ മകളായ മിനിയെ മുളക്കുളം ഇടവക പന്തനാലിക്കൽ മാത്യുവും വിവാഹം ചെയ്തു. മിനി 2010-ൽ 40-ാം വയസ്സിൽ മരിച്ചു.

## II C3a- വയലിൽ തോമസ് മകൻ ബേബി

തോമസിന്റെ ഏക മകനാണ് ബേബി. മുളക്കുളത്തെ വ്യാപാരിയാണ്. ഇരട്ടയാർ മറ്റമുണ്ടേൽ കുടുംബാംഗം ജെസ്സിയാണ് ഭാര്യ.

## II L- ചാക്കോ തൊമ്മൻ വയലിൽ

ഇഞ്ചക്കാട്ട് കുടുംബത്തിൽനിന്നും മാറി വയലിൽ കുടുംബത്തിൽ താമസിച്ച ചാക്കോ തൊമ്മൻ പൂഞ്ഞാർ നടയ്ക്കാലേക്ക് താമസം മാറ്റി. പൂഞ്ഞാർ വരയാത്ത് കുടുംബാംഗം ഏലിയായിരുന്നു ഭാര്യ. 1887-ൽ ചാക്കോ തൊമ്മൻ നിര്യാതനായി. ഈ ദമ്പതികൾക്ക് ഒരു മകൻ ചാക്കോ.

### III A- വയലിൽ ചാക്കോ തൊമ്മൻ മകൻ ചാക്കോ

ചാക്കോ തൊമ്മന്റെ ഏക മകാണ് ചാക്കോ. അമ്പാറ നിരപ്പേൽ മൂലേച്ചാലിൽ മറിയത്തെ വിവാഹം ചെയ്തു. ചാക്കോ-മറിയം ദമ്പതികൾക്ക് അഞ്ച് മക്കൾ. തൊമ്മൻ, ജോസഫ്, ജേക്കബ് എന്നീ മൂന്ന് ആൺമക്കളും, ഏലിക്കുട്ടി, മറിയക്കുട്ടി എന്നീ രണ്ട് പെൺമക്കളും. 1945-ൽ 65-ാം വയസ്സിൽ ചാക്കോയും, 1955-ൽ 74-ാം വയസ്സിൽ മറിയവും മരിച്ചു. മൂത്ത മകൾ ഏലിക്കുട്ടിയെ അരുവിത്തുറ ഏടയാടിയിൽ ജോർജ്ജും, രണ്ടാമത്തെ മകളായ മറിയക്കുട്ടിയെ തീക്കോയി മുത്തനാട്ട് മാത്യുവും വിവാഹം ചെയ്തു.

### III A1- വയലിൽ ചാക്കോ മകൻ തൊമ്മൻ

ചാക്കോയുടെ മൂത്ത മകനാണ് തൊമ്മൻ. മണിയാംകുന്ന് തയ്യിൽ ഏലിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ജേക്കബ്, ജോസഫ്. 2005-ൽ 84-ാം വയസ്സിൽ തൊമ്മൻ മരിച്ചു.

### III A1a- വയലിൽ തൊമ്മൻ മകൻ ജേക്കബ്

തൊമ്മന്റെ മൂത്ത മകനാണ് ജേക്കബ്. ചങ്ങനാശ്ശേരി അടുക്കം സ്വദേശി ടെസ്സിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. തോമസ്കുട്ടി, നയന. തോമസ്കുട്ടി BCom- ന് പഠിക്കുന്നു. നയന ഡിഗ്രി വിദ്യർത്ഥിനിയാണ്.

### III A1b- വയലിൽ തൊമ്മൻ മകൻ ജോസഫ്

തൊമ്മന്റെ ഇളയ മകനാണ് ജോസഫ്. പെരിങ്ങുളം തെങ്ങുംപള്ളിൽ കുടുംബാംഗം ചിന്നമ്മയാണ് ഭാര്യ. ഒരു മകൻ- ക്രിസ്റ്റോ

### III A2- വയലിൽ ചാക്കോ മകൻ കുഞ്ഞേപ്പ് (ജോസഫ്)

ചാക്കോയുടെ രണ്ടാമത്തെ മകനാണ് കുഞ്ഞേപ്പ്. അരുവിത്തുറ വെളിയാംകുളത്ത് കുടുംബാംഗം റോസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. മൂന്ന് പെൺമക്കളും രണ്ട് ആൺമക്കളും. മരിയ, റോസമ്മ, അന്നമ്മ എന്നിവരാണ് പെൺമക്കൾ. ജയിംസ്, ജിജി (തോമസ്) എന്നിവർ ആൺമക്കളും. മൂത്ത മകൾ മരിയയെ മൂന്നിലാവ് കരിയാനിക്കൽ തോമസും, രണ്ടാമത്തെ മകളായ റോസമ്മയെ തൃശൂർ, ചിറയാത്ത് തൈക്കൂടൻ വീട്ടിൽ ജോസും, മൂന്നാ

മത്തെ മകളായ അന്നമ്മയെ കുടക്കച്ചിറ പള്ളി ഇടവക നാടുകാണിയിൽ മാത്യുവും വിവാഹം ചെയ്തു.

## III A2a- വയലിൽ കുഞ്ഞേപ്പ് മകൻ ജയിംസ്

കുഞ്ഞേപ്പിന്റെ മൂത്ത മകനാണ് ജയിംസ്. BSc ഡിഗ്രിക്ക് ശേഷം ബോംബെയിൽ സ്റ്റീൽ കമ്പനിയിൽ ജോലി ചെയ്യുന്നു. മാന്നാർ ഇടവക പനയ്ക്കൽ കുടുംബാംഗം ത്രേസ്യാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോസഫ്, റോസമ്മ. ഇരവരും വിദ്യാർത്ഥികൾ.

## III A2b- വയലിൽ കുഞ്ഞേപ്പ് മകൻ ജിജി (തോമസ്)

കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനാണ് ജിമ്മി. കൃഷികാര്യങ്ങളുമായി കഴിയുന്നു. തിടനാട് കുന്നേൽ കുടുംബാംഗം ഏലിയാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. റോസമ്മ, ജോസ്മി (ത്രേസ്യാ). ഇരുവരും വിദ്യാർത്ഥികൾ.

## III A3- വയലിൽ ചാക്കോ മകന് ജേക്കബ്ബ്

ചാക്കോയുടെ ഇളയ മകനാണ് ജേക്കബ്ബ്. 2005-ൽ 46-ാം വയസ്സിൽ ചാക്കോ മരിച്ചു. മറ്റക്കര, ഇടപ്പള്ളി കുന്നേൽ കുടുംബാംഗം എൽസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും ഒരു മകളും. ജേക്കബ്, ജോബിച്ചൻ, ബോൺസൺ എന്നിവരാണ് ആൺമക്കൾ. ജയിസമ്മ ഏക മകളും. ജയിസമ്മയെ (BSc നഴ്സ്) മണിമല മുണ്ടപ്ലാക്കൽ ജോപ്പച്ചൻ വിവാഹം ചെയ്തു.

## III A 3a - വയലിൽ ജേക്കബ്ബ് മകൻ ജേക്കബ്ബ്

ജേക്കബ്ബിന്റെ മൂത്ത മകനാണ് ജേക്കബ്ബ്. MBA ബിരുദത്തിനു ശേഷം ഖത്തറിൽ എഞ്ചിനീയറാണ്. മുട്ടുചിറ കൊല്ലപ്പള്ളിൽ കുടുംബാംഗം പ്രിയയാണ് ഭാര്യ. പ്രിയ BSc നഴ്സ് ആണ്.

## III A 3c - വയലിൽ ജേക്കബ് മകൻ ബോൺസൺ

ജേക്കബ്ബിന്റെ ഇളയ മകനാണ് ബോൺസൺ. MBA പാസ്സായ ശേഷം ചെന്നൈയിൽ ജോലി ചെയ്യുന്നു.

# കല്ലോലിൽ



കല്ലോലിൽ ഔസേപ്പ് മകൻ  ജോർജും (പാപ്പച്ചൻ) കുടുംബവും


# കല്ലോലിൽ



ദേവസ്വമകൻ വർക്കി
(പാപ്പച്ചൻ) ഭാര്യ തങ്കമ്മ



ഷാജൻ ഭാര്യ ടെസി
മക്കൾ ജോർജ്, മരിയ



സുനിൽ
ഭാര്യ ബിൻസി
മക്കൾ രോഹൻ,
രോഹിത്ത്

# കല്ലോലിൽ



അനിൽ ഭാര്യ ബിജി മക്കൾ
ദേവൂസ്, മാർഷ, ഏയ്ഞ്ചല



ദിലീപ് ഭാര്യ ജിൻസി മക്കൾ
അബ്രാഹം, മിഖായേൽ



ആൽബി ഭാര്യ ദീപ മക്കൾ എവിയ, നോവ, സരിയ

# കല്ലോലിൽ



ദേവസ്യാ മകൻ
ഔസേപ്പച്ചൻ ഭാര്യ ത്രേസ്യാ



കുട്ടിയമ്മ



സി. ഷേർളി MSMHC



സി. ബീന MSMHC



റോസമ്മ



ബിൻസി

# കല്ലോലിൽ



ജോയിച്ചനും കുടുംബവും



ദേവസ്യാ മകൻ ഡി. സെബാസ്റ്റ്യൻ ഭാര്യ മറിയമ്മ

# കൊച്ചുപുരയ്ക്കൽ



കൊച്ചുപുരയ്ക്കൽ അവിരയും ഭാര്യ റോസയും



കൊച്ച് ഭാര്യ ഏലിക്കുട്ടി



ജോസ് ഭാര്യ തെയ്യാമ്മ മകൾ റീജ

# കൊച്ചുപുരയ്ക്കൽ



അവിര വർക്കി ഭാര്യ മേരി മക്കൾ ഫാ. ജോർജ്,
ജിജോ ഭാര്യ സിജ മക്കൾ മേഘ, ലോലക്



കുര്യാച്ചൻ ഭാര്യ സാലി
മക്കൾ ഡോണ, ഡേന, ഡോൺ, ഡിൽന



ഫാ. ജോർജ് (ബിജു)
കൊച്ചുപുരയ്ക്കൽ



തോമസ് ഭാര്യ ത്രസ്യാമ്മമകൻ തോമസ്
ഭാര്യ സിജിമക്കൾ ജിതിൻ, പൊന്നു



ജോസഫ് ഭാര്യ സ്മിജി
മക്കൾ അപ്പു, അന്നു, മിന്നു

# കൊച്ചുപുരയ്ക്കൽ



തങ്കച്ചൻ ഭാര്യ സാലി (കുഞ്ചിത്തണ്ണി)
മക്കൾ സോണിയ, സൗമ്യാ



പ്രേം ഭാര്യ ബിൻസി



അബ്രാഹത്തിന്റെ കുടുംബം (കണ്ണൂർ ജില്ല, കേളകം)



ഫാ. തങ്കച്ചൻ
(അബ്രാഹാം) CMI



സി. റോസ്വിൻ S.D



ഫാ. അബ്രാഹം SVD

# കൊച്ചുപുരയ്ക്കൽ



പേപ്പ് (കുട്ടിയച്ചൻ) ഭാര്യ റോസമ്മ മക്കൾ ദിവ്യ, അരുൺ



പാപ്പച്ചൻ (അബ്രഹാം) ഭാര്യ അന്നക്കുട്ടി
മക്കൾ അനീഷ്, അജേഷ്, അനു



അബ്രാഹം ഭാര്യ റോസമ്മ



കുട്ടിമാൻ (ആവിര) &
മേരി കൊച്ചുപുരയ്ക്കൽ മകൻ ജയേഷ്

# കൊച്ചുപുരയ്ക്കൽ



ബാബു (ആന്റണി)
ഭാര്യ ജാൻസി
മക്കൾ ബിനു,
ബിനോജ്, ജോമോൻ



പാപ്പച്ചൻ ഭാര്യ മേരിമക്കൾ സി. വിജി, വിജു ഭാര്യ ആഷ മക്കൾ
എലിസബത്ത്, അൽഫോൻസാ, കൊച്ചുത്രേസ്യാ. ജിനു ഭാര്യ അൽഫോൻസാ

ബേബി (ജോർജ്)
ഭാര്യ കുട്ടിയമ്മ
മക്കൾ ജീസ്, ജയ്സി,
ജയ്മി, നിതു



# കൊച്ചുപുരയ്ക്കൽ



ജോയി (ജോസഫ്)
& മേരി
മകൻ ജോബിൻ,
ജോബിമോൾ



ഏലിക്കുട്ടി ജോസഫ്
(അമ്മച്ചി)
സൻോച്ചൻ (അബ്രഹം)
ഭാര്യ ലിസ്സി
മക്കൾ സൗമ്യ, അനൂപ്



സാബു (തോമസ്)
ഭാര്യ ഗ്രേസി
മക്കൾ സോബിൻ,
എബിൻ

# കൊച്ചുപുരയ്ക്കൽ



ദേവസ്യാ (അപ്പച്ചൻ) ഭാര്യ മേരിമകൻ സനീഷ് ഭാര്യ
ലിസിക്കുട്ടി മക്കൾ തോമസുകുട്ടി, ജോസുകുട്ടി



കൊച്ചുപുരയ്ക്കൽ മത്തായി
മകൻ ആഗസ്തി



ഷാജി ദേവസ്യാ ഭാര്യ മിനി അമ്മ മറിയാമ്മ
മക്കൾ സാവിയോ, ജിസ്മരിയ



ഫാ. ജോസ്
കൊച്ചുപുരയ്ക്കൽ



കൊച്ചുപുരയ്ക്കൽ തൊമ്മ ൻ  ഭാര്യ മോനി , മക്കൾ
മാനുവൽ (കുട്ടിയച്ചൻ) ഭാര്യ ഏലികുട്ടി, മാത്യു (കുഞ്ഞ്)
ഭാര്യ റോസമ്മ മക്കൾ ജോൺസൺ ജോജി, ജോസ് (ഫാ. ജോസ്)

# കൊച്ചുപുരയ്ക്കൽ



ഇട്ടിഅവര മകൻ അബ്രാഹം ഭാര്യ മറിയാമ്മ



അവര മകൻ
അബ്രാഹം (ബേബി)

അവര മകൻ
സിബി



അവര മകൻ രാജൻ
ഭാര്യ ലീമ,
മക്കൾ മെറിൻ, മെർലിൻ

# കൊച്ചുപുരയ്ക്കൽ



കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ
തോമസ് ഭാര്യ അന്നക്കുട്ടി



തോമസ് മകൻ സണ്ണി ഭാര്യ മിനിയും കുടുംബവും



തോമസ് മകൻ ജോണി
ഭാര്യ മിനി
മക്കൾ എബിൻ, ആനി

# കൊച്ചുപുരയ്ക്കൽ



തോമസ് മകൻ
സന്തോഷ്
ഭാര്യ ജോൺസിയും
കുടുംബവും



തോമസ് മകൻ സാബു



തോമസ് മകൻ സിബി



കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ സെബാസ്റ്റ്യൻ (കുഞ്ഞൂഞ്ഞ്)
ഭാര്യ മറിയക്കുട്ടി

# കൊച്ചുപുരയ്ക്കൽ



സെബാസ്റ്റ്യൻ മകൻ സണ്ണി ഭാര്യ ബെൻസിയും കുടുംബവും



സെബാസ്റ്റ്യൻ മകൻ റോയി
ഭാര്യ ഷാന്റിയും മക്കളും



സെബാസ്റ്റ്യൻ മകൻ റോബി
ഭാര്യ ജിൻസി



സി. കോൾബി



സി. മെൽബി



സി. റോസ്ബി

# കൊച്ചുപുരയ്ക്കൽ



കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ ചാക്കോ



കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ വർക്കിയും കുടുംബവും



കൊച്ചുപുരയ്ക്കൽ അബ്രാഹം മകൻ ജോസഫ് ഭാര്യ മേരിക്കുട്ടി
മക്കൾ ജോബിൻ, ജോജിൻ, ജോസ്മിയും കൊച്ചുമക്കളും

# കൊച്ചുപുരയ്ക്കൽ



കൊച്ചുപുരയ്ക്കൽ ഇട്ടിയവിരാ
മകൻ വർക്കിയുടെ ഭാര്യ ഏലിയാമ്മ



അവിര മകൻ ബാബു



വർക്കി മകൻ അവിര ഭാര്യ അന്നക്കുട്ടി



അപ്പച്ചൻ ഭാര്യ അന്നക്കുട്ടി മക്കൾ റൂബി, മിനി, റോയി, ബിജു,
ബിന്ദു ഷെല്ലിയും കൊച്ചുമക്കളും

# വയലിൽ



ജോസഫ് ചാക്കോ & റോസമ്മ ജോസഫ്
വയലിൽ, നടയ്ക്കൽ
സ്നേഹസ്മരണയ്ക്ക്



ചാക്കോ ജോസഫ് (77) മറിയം ജോസഫ് (76)
ചരമം: 21-3-1971 ചരമം: 14-4-1979
വയലിൽ, അരുവിത്തുറ

# വയലിൽ


## സ്നേഹസ്മരണയ്ക്ക്



മറിയം ചാക്കോ (101),
ചേന്നാട്
ചരമം 14-9-1984



മറിയം വർക്കി (72)
ചേന്നാട്
ചരമം 12-9-1984



ചാക്കോ വർക്കി വയലിൽ (79)
ചേന്നാട്
ചരമം 31-5-1988




വി. ജെ. ചാക്കോ (82)
(ചാക്കോസാർ)
വെയിൽ കാണാംപാറ
ചരമം 01-10-2016

# വയലിൽ

## സ്നേഹസ്മരണയ്ക്ക്



**മറിയാമ്മ ജേക്കബ് (82)**
**ചരമം 10-12-2014**





**വി.വി. ത്രേസ്യാമ്മ**
**(അച്ചാമ്മ) (67)**
**ചേന്നാട്**
**ചരമം 14.09.2012**



**വി.വി. വർക്കി**
**ചേന്നാട്**

# വയലിൽ



റവ. സിസ്റ്റർ അനീറ്റ SMS



റവ. ഫാ ജോസ് SVD



റവ. സിസ്റ്റർ ബറ്റി SMI

# വയലിൽ

## വി.വി. ജേക്കബ്ബ് & വി.വി. വർക്കി വയലിൽ, സഹോദരങ്ങളോടൊപ്പം



ഇരിക്കുന്നവർ: സി: അനീറ്റാ SMS, മറിയാമ്മ ജേക്കബ്ബ്, വി.വി. വർക്കി, വി.വി. ജേക്കബ്ബ്
നിൽക്കുന്നവർ: റോസമ്മ ജേക്കബ്ബ്, ജേക്കബ്ബ് മാത്യു, സി: ബെറ്റി SMI, വി.വി. ത്രേസ്യാമ്മ, ലീലാമ്മ വർക്കി, ഗ്രേസി ജോസഫ്, കെ.റ്റി. ജോസഫ്

# വയലിൽ



വി.ജെ ചാക്കോ & ഫാമിലി (അരുവിത്തറ)



ജെയിംസ് &
ത്രേസ്യാമ്മ
(ചേന്നാട്)

ഫാ. ജോസഫ്
വയലിൽ,
വി.ജെ. ജോർജ്
& ഫാമിലി
(അരുവിത്തറ)



# 7

# വയലിൽകരോട്ട്

ഇഞ്ചക്കാട്ട് കുടുംബശാഖയിൽപെട്ട വയലിൽ കുടുംബാംഗം കുര്യന്റെ മകൻ വർക്കിയും ഭാര്യയും ഏകമകൻ കുര്യനും ഭാര്യ ഏലിയും കൊച്ചുമക്കളുമടങ്ങുന്ന കുടുംബം വെയിൽകാണാംപാറ യിലെ ഉയർന്ന പ്രദേശത്തേക്ക് മാറി താമസിച്ചപ്പോൾ "വയലിൽ കരോട്ട്" എന്ന വീട്ടുപേരിൽ അറിയപ്പെട്ടു.

കുര്യൻ ഏലി ദമ്പതികൾക്ക് അഞ്ച് മക്കൾ. ഒരു മകളും നാല് ആൺമക്കളും. ഏക മകൾ ത്രേസ്യാമ്മ. വർക്കി (കുഞ്ഞാപ്പൻ), ചാക്കോ, തോമസ് (തൊമ്മൻ), കുര്യൻ (കുഞ്ഞൂഞ്ഞ്) എന്നിവ രാണ് ആൺമക്കൾ. ഇവരെ യഥാക്രമം റോമൻലിപിയിൽ I, II, III, IV എന്നിങ്ങനെ രേഖപ്പെടുത്തുന്നു. ത്രേസ്യാമ്മയെ ഭരണങ്ങാനം അമ്പാറ ഇടയാൽവീട്ടിൽ മത്തായി വിവാഹം ചെയ്തു.

## I വർക്കി (കുഞ്ഞാപ്പൻ)

കുര്യൻ ഏലി ദമ്പതികളുടെ നാല് ആൺമക്കളിൽ മൂത്ത മക നാണ് വർക്കി. വർക്കിയുടെ ആദ്യ വിവാഹത്തിലെ ഭാര്യ മരണമട ഞ്ഞു. തുടർന്ന് കുന്നോന്നി അട്ടപ്പാട്ട് റോസയെ വിവാഹം ചെയ്തു. മാതാപിതാക്കൾക്കൊപ്പം തറവാട്ടിൽ താമസമാക്കി. വർക്കി-റോസ ദമ്പതികൾക്ക് രണ്ട് ആണും അഞ്ച് പെൺമക്കളുമടക്കം ഏഴ് മക്കൾ. ഏലി, അന്നമ്മ, മറിയം, ത്രേസ്യാ, മറിയാമ്മ എന്നിവരാണ് പെൺമ ക്കൾ. കുര്യൻ, വർക്കി എന്നിവർ ആൺമക്കളും. മൂത്തമകൾ ഏലിയെ പൂഞ്ഞാർ കരോട്ട്ചിറയ്ക്കൽ ദേവസ്യായും, രണ്ടാമത്തെ മകൾ അന്നമ്മയെ കപ്പാട് കറുകപ്പള്ളിയിൽ ജോസഫും വിവാഹം ചെയ്തു. ജോസഫ് രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തു. കണ്ണൂർ ജില്ലയിലെ കുടിയാൻമലയിലേക്ക് കുടിയേറി. മൂന്നാമത്തെ മകൾ മറിയം (മാമ്മി) കപ്പാട് ചൂരപ്പൊയ്കയിൽ ആന്റണി വിവാഹം ചെയ്തു. കോഴിക്കോട് വിലങ്ങാടാണ് താമസം. നാലാമത്തെ മകൾ ത്രേസ്യായെ അടിവാരം കരിപ്പടത്ത് ആന്റണി വിവാഹം ചെയ്തു.

2008-ൽ ത്രേസ്യാ മരിച്ചു. അടിവാരം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. അഞ്ചാമത്തെ മകൾ മറിയാമ്മ 12-ാം വയസ്സിൽ മരിച്ചു. 1967-ൽ റോസയും, 1974-ൽ വർക്കിയും മരണമടഞ്ഞു. ഇരുവരേയും ചെമ്മലമറ്റം പള്ളിസെമിത്തേരിയിൽ സംസ്കരിച്ചു.

## IA കുര്യൻ (കുഞ്ഞ്)

വർക്കി-റോസ ദമ്പതികളുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന കുര്യൻ. മണിയംകുന്ന് ഇലവും പാറയിൽ ഔസേപ്പ് മകൾ റോസയെ വിവാഹം ചെയ്തു. 1961-ൽ ഇടുക്കി ഉപ്പുതോട് പ്രദേശത്തേക്ക് കുടിയേറി. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. ജോസഫ് (അപ്പച്ചൻ), വി. കെ. വർഗ്ഗീസ്, വി. കെ. തോമസ്. 15-06-1983-ൽ 76-ാം വയസ്സിൽ കുര്യനും, 07-04-1999-ൽ 88-ാം വയസ്സിൽ റോസയും മരിച്ചു. ഇരുവരേയും ഉപ്പുതോട് സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-1 വയലിൽകരോട്ട് കുഞ്ഞ് മകൻ ജോസഫ് (അപ്പച്ചൻ)

കുഞ്ഞിന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് ജോസഫ് (അപ്പച്ചൻ). 21-ാം വയസ്സിൽ അപകടത്തിൽപെട്ട് മരിച്ചു. ഉപ്പുതോട് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-2 വലയിൽകരോട്ട് കുഞ്ഞ് മകൻ വി.കെ. വർഗ്ഗീസ് (കുഞ്ഞുമോൻ)

കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞുമോൻ എന്നു വിളിക്കുന്ന വി. കെ. വർഗ്ഗീസ്. മികച്ച കർഷകനായ ഇദ്ദേഹം ഉപ്പുതോട് ക്ഷീര ഉത്പാദക സഹകരണസംഘം പ്രസിഡന്റ്, മുരിക്കാശ്ശേരി കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ, ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇടുക്കി പൊൻമുടി നിരപ്പേൽ തോമസ് മകൾ അന്നകുട്ടിയാണ് ഭാര്യ. തോപ്രാംകുടിയിലാണ് താമസം. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് ആണും ഒരു പെണ്ണും. ബൈജു (ജോസഫ്), മനോജ് (ജോർജ്ജ്) എന്നിവരാണ് ആൺമക്കൾ. മീര (മേരി) മകളും. ഏകമകൾ മീരയെ വിമലഗിരി പള്ളി ഇടവക നെടുങ്കല്ലേൽ ക്ലമന്റ് മകൻ ജോസഫ് (ഹോജോ) വിവാഹം ചെയ്തു. ഇരുവരും തിരുവനന്തപുരത്ത് ജോലിചെയ്യുന്നു.

## I A-2a വയലിൽകരോട്ട് വർഗ്ഗീസ് മകൻ ബൈജു (ജോസഫ്)

വർഗ്ഗീസിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ബൈജു. ഇടുക്കി പാറത്തോട് മണിമല വീട്ടിൽ ജോണി മകൾ സോണിയാണ് ഭാര്യ. ബൈജു കുവൈത്തിൽ ജോലി ചെയ്യുന്നു. ഭാര്യ സോണി കുവൈത്തിൽ സ്റ്റാഫ് നഴ്സാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺകുട്ടികൾ. ക്രിസ് ബൈജു, അലക്സ്. ഇരുവരും വിദ്യാർത്ഥികളാണ്.

## I A-2b വയലിൽകരോട്ട് വർഗ്ഗീസ് മകൻ മനോജ് (ജോർജ്ജ്)

വർഗ്ഗീസിന്റെ രണ്ടാമത്തെ മകനാണ് മനോജ്. കർഷകനാണ്. ഉദയഗിരി പൂന്നോലിക്കുന്നേൽ ജോസഫ് മകൾ സോണിയയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. സച്ചിൻ (ജോർജ്ജ്) എന്ന മകനും, മിന്നു (അന്നമ്മ) എന്ന മകളും. ഇരുവരും വിദ്യാർത്ഥികളാണ്.

## I A-3 വയലിൽകരോട്ട് കുര്യൻ മകൻ വി. കെ. തോമസ് (കുഞ്ഞുമ്മൻ)

കുര്യന്റെ മൂന്നാമത്തെ മകനാണ് കുഞ്ഞുമ്മൻ എന്ന് വിളിക്കുന്ന വി. കെ. തോമസ്. കർഷകനാണ്. ഇരട്ടയാർ വെട്ടിക്കൊമ്പിൽ ജോസഫ്-ഏലിക്കുട്ടി ദമ്പതികളുടെ മകൾ റോസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. ഒരു മകനും മൂന്ന് പെൺമക്കളും. പ്രശാന്ത് (ജോസഫ്) ആണ് ഏകമകൻ. റോസ (സോണിയ), മേരി (റാണി), നീതു (അൽഫോൻസാ) എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ സോണിയായെ വാഴവര കുടകല്ലുങ്കൽ ജോസഫ് മകൻ ജോയിച്ചൻ (ജോസഫ്) വിവാഹം ചെയ്തു. ഇരുവരും അദ്ധ്യാപകരാണ്. രണ്ടാമത്തെ മകൾ റാണിയെ ഇടുക്കി തൂക്കുപാലം കുത്താപ്പള്ളിൽ ബോബി (ജോസഫ്) വിവാഹം ചെയ്തു. റാണി PMRGY -ൽ സൂപ്പർവൈസറാണ്. ബോബി ബിസിനസ്സ് ചെയ്യുന്നു. ഇളയ മകൾ നീതു പീരുമേട് ഗവ. ഹോസ്പിറ്റലിൽ സ്റ്റാഫ് നഴ്സായി ജോലിചെയ്യുന്നു. ഭർത്താവ് കുമളി അട്ടപ്പള്ളം പ്ലാവുവച്ചതിൽ ജോൺ-പൗളിൻ ദമ്പതികളുടെ മകൻ അബ്രാഹം (ഫെബിൻ). ബിസിനസ്സ് ചെയ്യുന്നു. തോമസ് 31-03-2018-ൽ നിര്യാതനായി. ഉപ്പുതോട് സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-3 വയലിൽകരോട്ട് വി. കെ. തോമസ് മകൻ പ്രശാന്ത് (ജോസഫ്)

തോമസിന്റെ ഏകമകനാണ് പ്രശാന്ത്. എൽ.ഐ.സി. ഏജന്റായി ജോലിചെയ്യുന്നു. ഇടുക്കി മുതിരക്കല്ല്, വള്ളിയാംതടത്തിൽ തോമസ്-മേരി ദമ്പതികളുടെ മകൾ അന്ന (ജിസി)യാണ് ഭാര്യ. ജിസ് അധ്യാപികയാണ്. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. ഒരാണും ഒരുപെണ്ണും.

## I B വയലിൽകരോട്ട് വർക്കി മകൻ വർക്കി (കുഞ്ചെറുക്കൻ)

വർക്കി-റോസ ദമ്പതികളുടെ രണ്ട് ആൺമക്കളിൽ രണ്ടാമനാണ് കുഞ്ചെറുക്കൻ എന്ന് വിളിക്കുന്ന വർക്കി. പിണ്ണക്കനാട് നെടുമ്പള്ളിക്കുന്നേൽ ഏലിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. നാല് ആൺമക്കളും, നാല് പെൺമക്കളും. റോസ (കുട്ടി), മേരി, ഏലി (ഏലിക്കുട്ടി), അന്നക്കുട്ടി എന്നിവരാണ് പെൺമക്കൾ. വർക്കി (പാപ്പച്ചൻ), ഫ്രാൻസീസ് (കുഞ്ഞുമോൻ), കുര്യൻ (കുഞ്ഞ്), ജോസഫ് (ജോസ്) എന്നിവരാണ് ആൺമക്കൾ. 22-05-1984-ൽ ഏലി മരിച്ചു. ചെമ്മലമറ്റം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. 24-04-2010-ൽ വർക്കിയും മരിച്ചു. വാരിയാനിക്കാട് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മൂത്ത മകൾ റോസ(കുട്ടി)യെ എലിക്കുളം വടക്കുന്നേൽ ഔസേപ്പ് മകൻ ദേവസ്യായും രണ്ടാമത്തെ മകൾ മേരിയെ മൂന്നിലവ് കപ്പിയാങ്കൽ ഔസേപ്പ്-ത്രേസ്യാ മകൻ മാത്യുവും വിവാഹം ചെയ്തു. മാത്യു 2010-ൽ മരണമടഞ്ഞു. മൂന്നാമത്തെ മകൾ ഏലിക്കുട്ടിയെ ആനിയ്ക്കാംപൊയ്കയിൽ തടിക്കൽ ദേവസ്യാ വിവാഹം ചെയ്തു. 29-08-1998-ൽ ഏലിക്കുട്ടി മരിച്ചു. നാലാമത്തെ മകൾ അന്നക്കുട്ടി ചിറ്റടി കടകപ്പറമ്പിൽ തോമസ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് സന്താനഭാഗ്യം ഉണ്ടായില്ല.

## I B-1 വയലിൽകരോട്ട് വർക്കി (കുഞ്ചെറുക്കൻ) മകൻ പാപ്പച്ചൻ (വർക്കി)

കുഞ്ചെറുക്കന്റെ മൂത്ത മകനാണ് പാപ്പച്ചൻ. മുക്കൂട്ടുതറ കാക്കനാട് തോമസ് മകൾ അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ജോമോൻ, ജിജോ. മുക്കൂട്ടുതറയിലാണ് താമസം.

## I B-1a വയലിൽകരോട്ട് പാപ്പച്ചൻ മകൻ ജോമോൻ

പാപ്പച്ചന്റെ മൂത്തമകനാണ് ജോമോൻ. മാതാപിതാക്കൾക്കൊപ്പം താമസിക്കുന്നു. കോരുത്തോട് വള്ളിക്കാട്ടിൽ അബ്രാഹം -മേരി ദമ്പതികളുടെ മകൾ ബീനയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺകുട്ടികൾ. ആൽബീന, ആൽബിയ.

## I B-1b വയലിൽകരോട്ട് പാപ്പച്ചൻ മകൻ ജീജോ

പാപ്പച്ചന്റെ രണ്ടാമത്തെ മകനാണ് ജീജോ. ജീജോയും ഭാര്യയും കുവൈത്തിൽ ജോലിചെയ്യുന്നു.

## I B-2 വയലിൽകരോട്ട് കുഞ്ചെറുക്കൻ (വർക്കി) മകൻ ഫ്രാൻസീസ് (കുഞ്ഞുമോൻ)

കുഞ്ചെറുക്കന്റെ രണ്ടാമത്തെ മകനാണ് ഫ്രാൻസിസ്. കുഞ്ഞുമോൻ എന്ന് വിളിക്കുന്നു. കണ്ണൂർ ജില്ലയിലെ പേരാവൂർ വടക്കേടത്ത് ചാക്കോ മകൾ അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും ഒരാണും. സോണിയ, സെലിൻ എന്നിവരാണ് പെൺമക്കൾ. സോജൻ മകനും. മൂത്തമകൾ സോണിയയെ തിടനാട് പനയ്ക്കക്കുഴി തോമസ് മകൻ മാത്യു ജോർജ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ സെലിനെ കടനാട് പടിഞ്ഞാറെ കൈതയ്ക്കൽ ജോർജ്ജ് മകൻ ജോർജ്ജ് വിവാഹം ചെയ്തു.

## I B-2a വയലിൽകരോട്ട് ഫ്രാൻസീസ് (കുഞ്ഞുമോൻ) മകൻ സോജൻ

കുഞ്ഞുമോന്റെ ഏക മകനാണ് സോജൻ. ബിസിനസ്സ് ചെയ്യുന്നു. അവിവാഹിതൻ.

## I B-3 വയലിൽകരോട്ട് കുഞ്ചെറുക്കൻ (വർക്കി) മകൻ കുര്യൻ (കുഞ്ഞ്)

കുഞ്ചെറുക്കന്റെ മൂന്നാമത്തെ മകനാണ് കുര്യൻ (കുഞ്ഞ്). കുന്നോന്നി കുറ്റിയാനിക്കൽ വർക്കി മകൾ അന്നമ്മ (അച്ചാമ്മ)യാണ് ഭാര്യ. വാരിയാനിക്കാടാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ റൺസ് (വർക്കി), നൈസ് (കുര്യൻ).

### I B-3a വയലിൽകരോട്ട് കുഞ്ഞ് മകൻ റൺസ് (വർക്കി)

കുഞ്ഞിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് റൺസ്. ഹോട്ടൽ മാനേജ്മെന്റ് പഠിച്ചശേഷം ഖത്തറിൽ ജോലിചെയ്യുന്നു. കുടുംബസമേതം ഖത്തറിലാണ് താമസം. ഒരു കുട്ടി.

### I B-3b വയലിൽ കുഞ്ഞ് മകൻ നൈസ് (കുര്യൻ)

കുഞ്ഞിന്റെ ഇളയ മകനാണ് നൈസ്. ഹോട്ടൽമാനേജ്മെന്റി നുശേഷം ഖത്തറിൽ ഭാര്യയോടൊപ്പം ജോലി ചെയ്യുന്നു.

### I B-4 വയലിൽകരോട്ട് കുഞ്ചെറുക്കൻ (വർക്കി) മകൻ ജോസ് (ജോസഫ്)

കുഞ്ചെറുക്കന്റെ നാല് ആൺമക്കളിൽ ഇളയമകനാണ് ജോസ്. കൊമ്പറ കണയ്ക്കൽ മാത്യു മകൾ ലിൻഡയാണ് ഭാര്യ. ഈ ദമ്പ തികൾക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. ലിസ്മി (എലിസ ബത്ത്) യാണ് മകൾ. ആൽബിൻ (ജോർജ്ജ്) മകനും. വാരിയാനി ക്കാടാണ് താമസം. പന്നിമറ്റം പൂമാല പടിഞ്ഞാറയിൽ ജോസഫ്-സാലി ദമ്പതികളുടെ മകൻ ഡോണിയാണ് ലിസ്മിയുടെ ഭർത്താവ്.

### I B-4a വയലിൽകരോട്ട് ജോസ് മകൻ ആൽബിൻ (ജോർജ്ജ്)

ജോസിന്റെ ഏക മകനാണ് ആൽബിൻ. ഹോട്ടൽ മാനേജ്മെന്റ് പഠിച്ചശേഷം ഖത്തറിൽ ജോലിചെയ്യുന്നു. അവിവാഹിതൻ.

### II വയലിൽകരോട്ട് കുര്യൻ മകൻ ചാക്കോ

കുര്യൻ - ഏലി ദമ്പതികളുടെ രണ്ടാമത്തെ മകനാണ് ചാക്കോ. ആനിക്കാട് സ്വദേശി അന്നയെ വിവാഹം കഴിച്ചു. പൂഞ്ഞാറിനടുത്ത പാതാമ്പുഴയിൽ താമസമാക്കി. ചാക്കോ - അന്ന ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരു പെണ്ണും, ഒരാണും. ഏലിക്കൊച്ചാണ് മകൾ. വർക്കി മകനും. ഏലിക്കൊച്ചിനെ പൂഞ്ഞാർ കുന്നേൽ ഔസേപ്പ് - റോസ മകൻ തോമസ് വിവാഹം ചെയ്തു. 20-06-1994-ൽ ഏലിക്കൊച്ച് മരിച്ചു. ചാക്കോയുടെ ഭാര്യ അന്ന അകാലത്തിൽ നിര്യാതയായി. തുടർന്ന് ചാക്കോ അരുവിത്തുറ പെരുന്നിലത്ത് ഏലിയെ വിവാഹം കഴിച്ചു. ഈ ദാമ്പത്യത്തിൽ ചാക്കോയ്ക്ക് മൂന്ന് മക്കൾ. രണ്ട് ആൺമ ക്കളും ഒരു മകളും. വർക്കി (കുഞ്ഞ്), തോമസ്, (തൊമ്മിക്കുഞ്ഞ്) എന്നിവരാണ് ആൺമക്കൾ. ത്രേസ്യാക്കുട്ടി മകളും. ത്രേസ്യാക്കു

ട്ടിയെ കട്ടച്ചിറ കളരിക്കൽ തോമസ് - അന്ന ദമ്പതികളുടെ മകൻ ജോസഫ് വിവാഹം ചെയ്തു. 29-11-2005-ൽ ഏലിയും മരിച്ചു. ഇരുവരേയും മലയിഞ്ചിപ്പാറ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## II A വയലിൽകരോട്ട് ചാക്കോ മകൻ വർക്കി

ചാക്കോയ്ക്ക് ആദ്യഭാര്യ അന്നയിൽ ജനിച്ച മകനാണ് വർക്കി. ചെമ്മലമറ്റം പഴേമഠം ചാണ്ടി - ത്രേസ്യാ മകൾ അന്നയെ വിവാഹം ചെയ്തു. തറവാട് വീടായ പാതമ്പുഴയിൽനിന്നും മലയിഞ്ചിപ്പാറ നെടുമല ഭാഗത്തേക്ക് മാറി താമസിക്കുകയും പിന്നീട് പറത്താനം ആനക്കുഴിയിൽ സ്ഥിരതാമസമാക്കുകയും ചെയ്തു. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. മൂന്ന് ആൺമക്കളും അഞ്ച് പെൺമക്കളും. വി. വി. ചാക്കോ (കുഞ്ഞ്), അലക്സാണ്ടർ (പാപ്പച്ചൻ), ജോസഫ് എന്നിവരാണ് ആൺമക്കൾ. അന്നമ്മ (മാമ്മി), ത്രേസ്യാമ്മ (അച്ചാമ്മ), ഏലിക്കുട്ടി, റോസമ്മ (തെയ്യാമ്മ), മേരിക്കുട്ടി എന്നിവരാണ് പെൺമക്കൾ. മൂത്ത മകൾ അന്നമ്മ (മാമ്മി)യെ പൂഞ്ഞാർ ചോലത്തടം വടക്കേ പുത്തൻപുരയ്ക്കൽ മത്തായി - മറിയം മകൻ ജോസഫ് വിവാഹം ചെയ്തു. ഏന്തയാറിലാണ് താമസം. രണ്ടാമത്തെ മകൾ ത്രേസ്യാമ്മ (അച്ചാമ്മ)യെ ചേന്നാട് തെക്കേവയലിൽ വർക്കി മകൻ തോമസ് വിവാഹം ചെയ്തു. 08-08-2000-ൽ തോമസ് മരണമടഞ്ഞു. മൂന്നാമത്തെ മകൾ ഏലിക്കുട്ടി 10-04-1948-ൽ ജനിച്ചു. അവിവാഹിതയാണ്. നാലാമത്തെ മകൾ റോസമ്മ (തെയ്യാമ്മ) മുണ്ടക്കയം മൊളംകുന്ന് തുരുത്തിപ്പള്ളിൽ ഉലഹന്നൻ-അന്നമ്മ മകൻ അബ്രാഹം (അപ്പച്ചൻ) വിവാഹം ചെയ്തു. അഞ്ചാമത്തെ മകൾ മേരിക്കുട്ടി (റോസമ്മയുടെ ഇരട്ട സഹോദരി)യെ വൈക്കം ഇടയാഞ്ഞൊടിയനേത്ത് ദേവസ്യാ-അന്നമ്മ മകൻ കുര്യാക്കോസ് വിവാഹം ചെയ്തു. 15-02-1985-ൽ കുര്യാക്കോസ് മരണമടഞ്ഞു.

വർക്കി 04-06-1996 ലും ഭാര്യ അന്ന 15-01-2005 ലും മരിച്ചു. ഇരുവരേയും പറത്താനം വ്യാകുലമാതാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## II A-1 വയലിൽകരോട്ട് വർക്കി മകൻ വി.വി.ചാക്കോ(കുഞ്ഞ്)

വർക്കിയുടെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് കുഞ്ഞ്. 22-12-1939-ൽ ജനിച്ചു. പൂഞ്ഞാറിലാണ് താമസം. കൈപ്പള്ളി വരി

യ്ക്കാനിക്കൽ ഉലഹന്നാൻ - റോസ മകൾ അന്നമ്മ (തെയ്യാമ്മ)യെ 1958 ജൂൺ 30 ന് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ആറ് മക്കൾ. നാല് ആൺമക്കളും രണ്ട് പെണ്ണും. വി.സി. ജോർജ്ജ്, ജോണി (ഫാ. ജോൺ ജേക്കബ്), ജോബിച്ചൻ, ജോജി എന്നിവരാണ് ആൺമക്കൾ. വത്സമ്മ, റോസമ്മ (സി. ജോൺസി) എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ വത്സമ്മ കൈപ്പള്ളി, കുന്നേൽ ചാക്കോ-ഏലിക്കുട്ടി മകൻ ജോൺ ചാക്കോ (ജോണി) വിവാഹം ചെയ്തു. ഇവർക്ക് മക്കളില്ല. രണ്ടാമത്തെ മകൾ റോസമ്മ RFTS സന്യാസ സഭയിൽ ചേർന്ന് സന്യസ്തജീവിതം നയിക്കുന്നു. സി. ജോൺസി RFTS എന്ന പേരിൽ അറിയപ്പെടുന്നു. 02-03-1963 ലാണ് ജനനം. കോട്ടയം അസ്സീസി ഭവനിൽ സേവനമനുഷ്ഠിക്കുന്നു. 12-04-2004-ൽ അന്നമ്മ മരിച്ചു. പൂഞ്ഞാർ സെന്റ് മേരീസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. കുഞ്ഞ് 29-09-2016-ൽ മരിച്ചു. പൂഞ്ഞാർ പള്ളിയിൽ സംസ്കരിച്ചു.

## II A-1a വയലിൽകരോട്ട് വി.വി. ചാക്കോ മകൻ വി.സി. ജോർജ് (വക്കച്ചൻ)

വി.വി. ചാക്കോയുടെ മൂത്തമകനാണ് വക്കച്ചൻ. ചേന്നാട് തെക്കേവയലിൽ പി.വി. ജോസഫ്-മറിയക്കുട്ടി ദമ്പതികളുടെ മകൾ ആനിയമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കൾ. അഖിൽ വി. ജോർജ്, അമൽ വി. ജോർജ്. പൂഞ്ഞാർ സെന്റ് മേരീസ് പള്ളിയ്ക്കടുത്ത് താമസിക്കുന്നു.

## II A-1a1 വയലിൽകരോട്ട് വക്കച്ചൻ മകൻ അഖിൽ വി. ജോർജ്ജ്

വക്കച്ചന്റെ മൂത്ത മകനായ അഖിൽ കുറവിലങ്ങാട് കളത്തൂർ ഇടവക നെല്ലിക്കാട്ടിൽ കുഞ്ഞുമോൻ-ഗ്രേസി ദമ്പതികളുടെ മകൾ മഞ്ജു(റോസ)വിനെ വിവാഹം ചെയ്തു. ഒരു പെൺകുട്ടി. അഖിൽ പാലാ സൊസൈറ്റിയിൽ ജോലിചെയ്യുന്നു. മഞ്ജു ഭരണങ്ങാനം നേഴ്സിംഗ് സ്കൂളിൽ ട്യൂട്ടറായി ജോലിചെയ്യുന്നു. തറവാട്ടിൽ മാതാപിതാക്കൾക്കൊപ്പം താമസിക്കുന്നു.

## II A-1a 2 വയലിൽകരോട്ട് വക്കച്ചൻ മകൻ അമൽ വി. ജോർജ്ജ്

വക്കച്ചന്റെ ഇളയ മകനാണ് അമൽ. 31-12-2008-ൽ 19-ാം വയസ്സിൽ മരിച്ചു. പൂഞ്ഞാർ സെന്റ് മേരീസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## II A-1b വയലിൽകരോട്ട് വി.വി. ചാക്കോ മകൻ ജോണി (ഫാ. ജോൺ ജേക്കബ് OFM)

ചാക്കോയുടെ രണ്ടാമത്തെ മകനാണ് ജോണി. 27-01-1970-ൽ ജനിച്ചു. OFM സഭയിൽ വൈദികനാണ്. ഓസ്ട്രേലിയായിലെ മെൽബണിലാണ് സേവനം. ഇദ്ദേഹത്തിന് സൈക്കോളജിക്കൽ മെഡിസിനിൽ ഡോക്ടറേറ്റും, അമേരിക്കയിലെ ഫ്ളോറിഡ ആസ്ഥാനമായുള്ള ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓർഗനൈസേഷൻ സൈക്കോളജിക്കൽ മെഡിസിൻ ഫെലോഷിപ്പും ലഭിച്ചിട്ടുണ്ട്.

## II A-1c വയലിൽകരോട്ട് വി.വി. ചാക്കോ മകൻ ജോബിച്ചൻ (ജേക്കബ്)

ചാക്കോയുടെ മൂന്നാമത്തെ മകനാണ് ജോബിച്ചൻ. 18-08-1972-ൽ ജനിച്ചു. ഇരിങ്ങാലക്കുട മാഞ്ഞൂരാൻ പന്തലിപാടൻ ജോസ് ആലീസ് മകൾ ഡെലിയ (മേരി)യെ 29-09-2002-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ജോയൽ, ജിയോ. വിദ്യാർത്ഥികളാണ്. പൂഞ്ഞാറിൽ താമസിക്കുന്നു.

## II A-1d വയലിൽകരോട്ട് വി.വി. ചാക്കോ മകൻ ജോജി (ജോസഫ്)

ചാക്കോയുടെ ഇളയ മകനാണ് ജോജി. 24-02-1974-ൽ ജനിച്ചു. നെല്ലാപ്പാറ കാക്കല്ലിൽ സേവ്യർ-റോസമ്മ മകൾ റിൻസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോ ജോസഫ്, ജെറി ജോസഫ്. ഇവർ വിദ്യാർത്ഥികളാണ്. അടിവാരത്താണ് താമസം.

## II A-2 വയലിൽകരോട്ട് വർക്കി മകൻ അലക്സാണ്ടർ (പാപ്പച്ചൻ)

വർക്കിയുടെ രണ്ടാമത്തെ മകനാണ് പാപ്പച്ചൻ. 01-06-1950-ൽ ജനിച്ചു. ഏന്തായാർ മുത്തനാട്ട് വർക്കി-ഏലിയാമ്മ മകൾ ഏലിയാമ്മയെ 30-1-1971-ൽ വിവാഹം ചെയ്തു. വിവാഹശേഷം പറത്താനം ആനക്കുഴിയിൽ നിന്നും ഇടുക്കി വെൺമണിയിൽ താമസമാക്കി. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ടാണും ഒരു പെണ്ണും. ബിജോ, ബിനോജ് (അലക്സ്) എന്നിവരാണ് ആൺമക്കൾ. ബിൻസി മകളും. ഏക മകൾ ബിൻസി 07-01-1982-ൽ ജനിച്ചു. മുണ്ടക്കയം 34-ാം മൈൽ തൈപ്പറമ്പിൽ മാത്യു-മേരി മകൻ ഷിബി മാത്യു വിവാഹം

ചെയ്തു. 26-01-2004-ൽ ആയിരുന്നു വിവാഹം. ഇടുക്കി വെൺമ ണിയിൽ താമസിക്കുന്നു.

## II A-2a വയലിൽകരോട്ട് അലക്സാണ്ടർ മകൻ ബിജോ

അലക്സാണ്ടറുടെ മൂത്തമകനായ ബിജോ മുണ്ടൻമുടി കളരി ക്കൽ മാണി-ഏലിക്കുട്ടി ദമ്പതികളുടെ മകൾ സ്മിതയെ വിവാഹം ചെയ്തു. ബിജോ കോൺട്രാക്റ്റ് വർക്കു ചെയ്യുന്നു. സ്മിത അധ്യാ പികയാണ്. ഇവർക്ക് രണ്ടു കുട്ടികൾ അബിയ എന്ന പെൺകു ട്ടിയും അലൻ എന്ന ആൺകുട്ടിയും. ഇരുവരും വിദ്യാർത്ഥികൾ. അടിമാലിയിൽ താമസിക്കുന്നു.

## II A-2b വയലിൽകരോട്ട് അലക്സാണ്ടർ മകൻ ബിനോജ് (അലക്സ്)

അലക്സാണ്ടറുടെ ഇളയമകനാണ് ബിനോജ്. ബിനോജ് തൃശൂ രിൽ ജോലിചെയ്യുന്നു. അവിവാഹിതനാണ്.

## II A3 വയലിൽകരോട്ട് വർക്കിയുടെ മകൻ ജോസഫ്

വർക്കിയുടെ മൂന്നാമത്തെ മകനായ ജോസഫ് മുണ്ടക്കയം കരുനിലം പരുവനാനിയ്ക്കൽ ജോസഫ്-ബ്രിജിത്ത് ദമ്പതികളുടെ മകൾ ആൻസിയെ വിവാഹം ചെയ്തു. ഇവർ പറത്താനം ആനക്കു ഴിയിൽ താമസിക്കുന്നു. മൂന്ന് മക്കൾ. അനുമോൾ, ജിനുമോൾ എന്നീ പെൺമക്കളും ജിജോ എന്ന മകനും. അനുമോളെ എറണാകുളം വാളൂരാൻ ജോസ്-വത്സമ്മ മകൻ ജോണി വിവാഹം കഴിച്ചു. ജിനു മോളെ അടുക്കം ചെരുവിൽ കുര്യൻ-മേരി മകൻ ജോബിച്ചൻ വിവാഹം കഴിച്ചു.

## II A-3a വയലിൽകരോട്ട് ജോസഫ് മകൻ ജിജോ

ജോസഫിന്റെ ഏക മകനാണ് ജിജോ. 18-04-1985-ൽ ജനിച്ചു. ആലപ്പുഴ പുതുക്കരപ്പള്ളി ഇടവകയിൽ മിത്രക്കരി കളരിപ്പറമ്പിൽ ടോമി-ഡെയ്സി ദമ്പതികളുടെ മകൾ ഡിറ്റിയാണ് ഭാര്യ. രണ്ടു കുട്ടി കൾ. മേരി എന്ന മകളും ജോസഫ് എന്ന മകനും. ഇരുവരും വിദ്യാർത്ഥികൾ. ജിജോ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. തറ വാട്ടിലാണ് താമസം.

## II B വയലിൽകരോട്ട് ചാക്കോ മകൻ കുഞ്ഞ് (വർക്കി)

ചാക്കോയുടെ രണ്ടാം വിവാഹത്തിലെ ഭാര്യ ഏലിയിൽ ജനിച്ച രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് കുഞ്ഞ് (വർക്കി). 1922-ൽ ജനിച്ചു. കാഞ്ഞിരപ്പള്ളി വെളിച്ചിയാനി ഇടവക പനച്ചിക്കൽ വർഗീസ്-മറിയം മകൾ ഏലിക്കുട്ടിയാണ് ഭാര്യ. 1944-ൽ ആയിരുന്നു വിവാഹം. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെണ്ണും ഒരാണും. മേരിക്കുട്ടി, തെയ്യാമ്മ, വത്സമ്മ എന്നിവരാണ് പെൺമക്കൾ. ജോർജ്ജുകുട്ടി മകനും. മൂത്ത മകൾ മേരിക്കുട്ടി 1954-ൽ ജനിച്ചു. പാലാ ചക്കാമ്പുഴ പാറയിൽ ഔസേപ്പ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ തെയ്യാമ്മ 1957-ൽ ജനിച്ചു. M.S.J സന്യസ്തസഭയിൽ ജീവിതം നയിക്കുന്നു. കാക്കനാട് കുസുമഗിരി ഹോസ്പിറ്റലിൽ സേവനമനുഷ്ഠിക്കുന്നു. മൂന്നാമത്തെ മകൾ വത്സമ്മ 1962-ൽ ജനിച്ചു. തീക്കോയി തലനാട് മുതുകാട്ടിൽ ചാക്കോ-അന്നമ്മ മകൻ തങ്കച്ചൻ (ജേക്കബ്) വിവാഹം ചെയ്യു. പാലക്കാട് മങ്ങോട്ട് എന്ന സ്ഥലത്താണ് താമസം. 03-01-2001-ൽ വർക്കിയും, 15-07-2009-ൽ ഏലിക്കുട്ടിയും മരിച്ചു. ഇരുവരേയും മലയിഞ്ചിപ്പാറ മാർസ്ലീവാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## II B-1 വയലിൽകരോട്ട് കുഞ്ഞ്(വർക്കി) മകൻ ജോർജ്ജുകുട്ടി

കുഞ്ഞിന്റെ ഏക മകനാണ് ജോർജ്ജുകുട്ടി. 26-05-1967-ൽ ജനിച്ചു. ചോലത്തടം മടിയ്ക്കാങ്കൽ മാത്യു-അന്നമ്മ മകൾ ജാൻസി (അൽഫോൻസാ)യെ 10-09-1995 ൽ വിവാഹം ചെയ്തു. പാതാമ്പുഴ തറവാട്ടിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. എബിൻ (ജനനം-07-09-1999), എമിൽ (ജനനം 21-04-2003), എയ്ഞ്ചൽ (ജനനം-06-09-2007) മൂവരും വിദ്യാർത്ഥികളാണ്.

## II C വയലിൽകരോട്ട് ചാക്കോ മകൻ തൊമ്മിക്കുഞ്ഞ് (തോമസ്)

ചാക്കോ-ഏലി ദമ്പതികളുടെ ഇളയ മകനാണ് തൊമ്മിക്കുഞ്ഞ് (തോമസ്). 1926-ൽ ജനിച്ചു. 1954-ൽ മണിയംകുന്ന് തുണ്ടത്തിൽ ദേവസ്യാ-മറിയം മകൾ ത്രേസ്യായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും ഒരാണും. കുട്ടിയമ്മ, ലൈസമ്മ എന്നിവരാണ് പെൺമക്കൾ. പാപ്പച്ചൻ (സെബാസ്റ്റ്യൻ) മകനും. മൂത്ത മകൾ കുട്ടിയമ്മ 1955-ൽ ജനിച്ചു. കുന്നോന്നി

ഒട്ടലാങ്കൽ ചാക്കോ-മറിയം മകൻ ചാക്കോച്ചൻ വിവാഹം ചെയ്തു. ഇളയ മകൾ ലൈസമ്മ 1967-ൽ ജനിച്ചു. തീക്കോയി വെള്ളികുളം കളത്തിപറമ്പിൽ ജോൺ-ഏലിക്കുട്ടി മകൻ കുഞ്ഞുമോൻ (ജോസഫ്) വിവാഹം ചെയ്തു. രാമുപുരം ഐങ്കൊമ്പിലാണ് താമസം. 21-04-2007-ൽ തൊമ്മിക്കുഞ്ഞ് മരിച്ചു. മലയിഞ്ചിപ്പാറ മാർസ്ലീവാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## II C-1 വയലിൽകരോട്ട് തൊമ്മിക്കുഞ്ഞ് (തോമസ്) മകൻ പാപ്പച്ചൻ (സെബാസ്റ്റ്യൻ)

തൊമ്മിക്കുഞ്ഞിന്റെ ഏകമകനാണ് പാപ്പച്ചൻ. 1959-ൽ ജനിച്ചു. ആലപ്പുഴ പള്ളിക്കൂട്ടുമ്മ മേടയിൽ ചാക്കോച്ചൻ-തങ്കമ്മ മകൾ കുഞ്ഞുമോൾ (ഏലിയാമ്മ)യെ 1986-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഐഡ 07-04-1987-ൽ ജനിച്ചു. വിവാഹിതയാണ്. മകൻ റ്റിജോ അവിവാഹിതനാണ്. സെബാസ്റ്റ്യൻ 2010-ൽ മരിച്ചു. മലയിഞ്ചിപ്പാറ മാർസ്ലീവാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഈ കുടുംബം പൂഞ്ഞാറിലാണ് താമസം. മകൻ റ്റിജോ. അവിവാഹിതൻ.

## III വയലിൽകരോട്ട് കുര്യൻ മകൻ തൊമ്മൻ (തോമസ്)

കുര്യൻ ഏലി ദമ്പതികളുടെ മൂന്നാമത്തെ മകനാണ് തൊമ്മൻ. ഇളങ്കുളം മാനാക്കുഴിയിൽ അന്നയാണ് ഭാര്യ. വിവാഹശേഷം വെയിൽകാണാം പാറയിൽ താമസമാക്കി. ഇവർക്ക് ആറ് മക്കൾ. മൂന്നാണും മൂന്ന് പെണ്ണും. വർക്കി, കുര്യൻ (കുഞ്ഞൂഞ്ഞ്, തോമസ് (കുഞ്ഞ്) എന്നിവരാണ് ആൺമക്കൾ. ഏലി, മറിയം, അന്നമ്മ എന്നിവർ പെൺമക്കളും. മൂത്ത മകൾ ഏലിയെ (കുഞ്ഞുപെണ്ണ്) തീക്കോയി പൂത്തൻപുരയ്ക്കൽ ചാക്കോ വിവാഹം ചെയ്തു. ഉപ്പുതോടാണ് താമസം. ഏലിയും ഭർത്താവ് ചാക്കോയേയും മരണശേഷം ഉപ്പുതോട് സെന്റ് ജോസഫ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. രണ്ടാമത്തെ മകൾ മറിയം (മറിയാമ്മ)ത്തെ കൊണ്ടൂർ ചെറ്റകാരിയ്ക്കൽ ജോസഫ് (മത്തായി) വിവാഹം ചെയ്തു. തോപ്രാംകുടിയിലാണ് താമസം. മൂന്നാമത്തെ മകൾ അന്നമ്മയെ മുട്ടുചിറ മുകളേൽ കുടുംബാംഗം മാത്യു വിവാഹം ചെയ്തു. മാത്യു മരണമടഞ്ഞു. ഇവർ ഇടുക്കി വെൺമണിയിലാണ് താമസം.

## III A വയലിൽകരോട്ട് തൊമ്മൻ മകൻ കൊച്ചാപ്പൻ (വർക്കി)

തൊമ്മന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് കൊച്ചാപ്പൻ (വർക്കി). മണിമല ആർക്കാട് വീട്ടിൽ മത്തായി-ഏലി മകൾ മറിയമാണ് ഭാര്യ. ഈ ദമ്പതികൾക്ക് പത്ത് മക്കൾ. നാല് ആൺമക്കളും ആറ് പെൺമക്കളും. തോമസ് (അപ്പച്ചൻ), മാത്യു, കുര്യൻ, വർക്കി എന്നിവരാണ് ആൺമക്കൾ. അന്ന, ഏലിക്കുട്ടി, മേരി, ത്രേസ്യാ, റോസമ്മ, മോളി എന്നിവരാണ് പെൺമക്കൾ.

മൂത്ത മകൾ അന്നയെ (അന്നക്കുട്ടി) അരുവിത്തുറ തറക്കുന്നേൽ ജോസഫ് മകൻ ദേവസ്യാ വിവാഹം ചെയ്തു. വെയിൽകാണാം പാറയിൽ താമസിക്കുന്നു. രണ്ടാമത്തെ മകൾ ഏലിക്കുട്ടിയെ പൈക കരിപ്പാമറ്റം കുഞ്ഞുവർക്കി മകൻ ജോസ് വിവാഹം ചെയ്തു. പാലക്കാട് മംഗലം ഡാമിലാണ് താമസം. മൂന്നാമത്തെ മകൾ മേരിയെ പാലാ മുത്തോലി മാളിയേക്കൽ ദേവസ്യാ മകൻ സാനി വിവാഹം ചെയ്തു. നാലാമത്തെ മകൾ ത്രേസ്യാ (തെയ്യാമ്മ)യെ പൈക കളരിപ്പറമ്പിൽ തോമസ് മകൻ മാത്യു വിവാഹം ചെയ്തു. 08-07-2012-ൽ മാത്യു മരിച്ചു. അഞ്ചാമത്തെ മകൾ റോസമ്മയെ ഭരണങ്ങാനം മച്ചിയാനിക്കൽ ദേവസ്യാ മകൻ ദേവസ്യാ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മക്കളില്ല. ആറാമത്തെ മകൾ മോളിയെ വെള്ളികുളം കൊച്ചുപുരയ്ക്കൽ ജോസഫ് മകൻ ജോസുകുട്ടി (ജോസഫ്) വിവാഹം ചെയ്തു. ഈ ദമ്പതികളുടെ ഏക മകൾ 1999-ൽ മരണമടഞ്ഞു. കൊച്ചാപ്പൻ (വർക്കി)യും ഭാര്യ മറിയത്തേയും മരണശേഷം അരുവിത്തുറ സെന്റ് ജോർജ്ജ് ദേവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## III A-1 വയലിൽകരോട്ട് കൊച്ചാപ്പൻ (വർക്കി) മകൻ അപ്പച്ചൻ (തോമസ്)

കൊച്ചാപ്പന്റെ നാല് ആൺമക്കളിൽ മൂത്ത മകനാണ് അപ്പച്ചൻ എന്ന് വിളിക്കുന്ന തോമസ്. ഉപ്പുതോട് വെട്ടിക്കൽ വർക്കി മകൾ മേരിയാണ് ഭാര്യ. വെയിൽകാണാംപാറയിലാണ് താമസം. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെണ്ണും ഒരാണും. മരിയ, ത്രേസ്യാ, അന്ന എന്നിവരാണ് പെൺമക്കൾ. ജോബി മകനും. മൂത്ത മകൾ സോജ (മരിയ)യെ നീണ്ടൂർ-കല്ലറ മാത്തിൽപറമ്പിൽ ജോസഫ്

മകൻ ഫിലിപ്പ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ജെസി (ത്രേസ്യാ)യെ ഉള്ളനാട് ചൊവ്വേലിക്കുടിയിൽ ചാക്കോ മകൻ മാത്യു വിവാഹം ചെയ്തു.

### III A-1a വയലിൽകരോട്ട് അപ്പച്ചൻ (തോമസ്) മകൻ ജോബി

അപ്പച്ചന്റെ ഏക മകനാണ് ജോബി. അവിവാഹിതനാണ്. ഡ്രൈവറായി ജോലിചെയ്യുന്നു.

### III A-2 വയലിൽകരോട്ട് കൊച്ചാപ്പൻ (വർക്കി) മകൻ ബേബി (മാത്യു)

കൊച്ചാപ്പന്റെ രണ്ടാമത്തെ മകനാണ് ബേബി. തോപ്രാംകുടി -കിളിയാറുകണ്ടം പടന്നോലിൽ ജോസഫ് മകൾ ത്രേസ്യായാണ് ഭാര്യ. കിളിയാർകണ്ടത്താണ് താമസം. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെണ്ണും ഒരാണും. സോണി, സോളി, സോമി എന്നിവരാണ് പെൺമക്കൾ. ജോബി മകനും. മൂത്തമകൾ സോണി (മറിയം)യെ ഉപ്പുതോട് പെരുമാംകുന്നേൽ റോയിയും, രണ്ടാമത്തെ മകൾ സോളി (ഏലിക്കുട്ടി)യെ തോപ്രാംകുടി-പെരുംതൊട്ടി കോച്ചേരി പടവിൽ ജയിസനും, മൂന്നാമത്തെ മകൾ സോമി (അന്ന) യെ ഉദയഗിരി തുണ്ടിയിൽ സിജുവും വിവാഹം ചെയ്തു.

### III A-2a വയലിൽകരോട്ട് ബേബി (മാത്യു) മകൻ ഷോബിൻ (ജോർജ്ജ്)

ബേബിയുടെ ഏക മകനാണ് ഷോബിൻ. എറണാകുളത്ത് സെയിൽസ് മാനായി ജോലിചെയ്യുന്നു.

### III A-3 വയലിൽകരോട്ട് കൊച്ചാപ്പൻ (വർക്കി) മകൻ കുര്യൻ

കൊച്ചാപ്പന്റെ മൂന്നാമത്തെ മകനാണ് കുര്യൻ. ചെറുപ്പത്തിൽത്തന്നെ മരിച്ചു.

### III A-4 വയലിൽകരോട്ട് കൊച്ചാപ്പൻ (വർക്കി) മകൻ ജോസ് (വർക്കി)

കൊച്ചാപ്പന്റെ ഇളയമകനാണ് ജോസ്. പള്ളത്ത് ലൂക്കോസ് മകൾ ലൗലി(മേരി)യാണ് ഭാര്യ. വെയിൽ കാണാംപാറയിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആണും ഒരു പെണ്ണും. മരിയയാണ് ഏകമകൾ. ജോർജ്, ജോയൽ (ലൂക്കോസ്) എന്നിവർ ആൺമക്കളും. മൂവരും വിദ്യാർത്ഥികളാണ്.

## III B വയലിൽകരോട്ട് തൊമ്മൻ മകൻ കുഞ്ഞൂഞ്ഞ് (കുര്യൻ)

തൊമ്മന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞൂഞ്ഞ് എന്നു വിളിക്കുന്ന കുര്യൻ. കാഞ്ഞിരപ്പള്ളി വയല കൊച്ച് തൊമ്മൻ മകൾ അന്നമ്മയാണ് ഭാര്യ. ഉപ്പുതോടാണ് താമസം. ഈ ദമ്പതികൾക്ക് ആറ് മക്കൾ. നാല് ആൺമക്കളും രണ്ട് പെൺ മക്കളും. കുര്യൻ 2008-ൽ മരിച്ചു. ഉപ്പുതോട് സെന്റ് ജോസഫ് ദൈവാലയ സിമിത്തേരിയിൽ സംസ്കരിച്ചു.

അച്ചാമ്മ (അന്നമ്മ), ബിന്ദു (ത്രേസ്യ) എന്നിവരാണ് പെൺമക്കൾ. ബേബി (തോമസ്), ജോസ് (ജോസഫ്), ടോമി (തോമസ്), ബിജു (സെബാസ്റ്റ്യൻ) എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ അച്ചാമ്മ(അന്നമ്മ)യെ വെള്ളത്തൂവൽ, പന്നിയാർകുട്ടി ഏറത്തുകുന്നേൽ അപ്പച്ചൻ (ജോസഫ്) വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ബിന്ദു (ത്രേസ്യ)വിനെ കുടത്തൂർ വേരുങ്കൽ കുരുവിള മകൻ ജോസഫ് വിവാഹം ചെയ്തു.

## III B-1 വയലിൽകരോട്ട് കുഞ്ഞൂഞ്ഞ് മകൻ ബേബി (തോമസ്)

കുഞ്ഞൂഞ്ഞിന്റെ മൂത്തമകനാണ് ബേബി. ഇടുക്കി പതിനാറാംകണ്ടം മുരിയ്ക്കനാംകുഴി ജോസഫ് മകൾ അച്ചാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരു മകൾ അനിത. വിവാഹിതയാണ്.

## III B-2 വയലിൽകരോട്ട് കുഞ്ഞൂഞ്ഞ് മകൻ ജോസ് (ജോസഫ്)

കുഞ്ഞൂഞ്ഞിന്റെ രണ്ടാമത്തെ മകനാണ് ജോസ്. അവിവാഹിതനാണ്.

## III B-3 വയലിൽകരോട്ട് കുഞ്ഞൂഞ്ഞ് മകൻ റ്റോമി (തോമസ്)

കുഞ്ഞൂഞ്ഞിന്റെ മൂന്നാമത്തെ മകനാണ് റ്റോമി. അവിവാഹിതനായ റ്റോമി 33-ാം വയസ്സിൽ മരിച്ചു. ഉപ്പുതോട് ദൈവാലയ സിമിത്തേരിയിൽ സംസ്കരിച്ചു.

## III B-4 വയലിൽകരോട്ട് കുഞ്ഞൂഞ്ഞ് മകൻ ബിജു (സെബാസ്റ്റ്യൻ)

കുഞ്ഞൂഞ്ഞിന്റെ ഇളയമകനാണ് ബിജു. ഇടുക്കി കീരിത്തോട് മരുതുംമൂട്ടിൽ ജോസഫ് മകൾ ബിന്ദു(റോസമ്മ)വാണ് ഭാര്യ. ഈ

ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. അജയൻ, അമൽ. ഇരുവരും വിദ്യാർത്ഥികളാണ്. ഉപ്പുതോടാണ് താമസം.

## III C വയലിൽകരോട്ട് തൊമ്മൻ മകൻ തോമസ് (കുഞ്ഞ്)

തൊമ്മന്റെ ഇളയ മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന തോമസ്. വെയിൽകാണാംപാറ കുഴിവേലിപ്പറമ്പിൽ വർക്കി മകൾ റോസയാണ് ഭാര്യ. വണ്ണപ്പുറത്തിനടുത്ത് വെള്ളെള്ളിൽ ആണ് താമസം. ഈ ദമ്പതികൾക്ക് പത്ത് മക്കൾ. അഞ്ച് ആൺമക്കളും അഞ്ച് പെൺമക്കളും. അച്ചാമ്മ(അന്ന), മേരി, മോളി(ത്രേസ്യ), ഫിലോമിന, എൽസി എന്നിവരാണ് പെൺമക്കൾ. ജോയി (തോമസ്), കുര്യൻ, ജോസ് (ജോസഫ്), വർക്കിച്ചൻ(ജോർജ്), കുഞ്ഞുമോൻ (ഫ്രാൻസീസ്) എന്നിവരാണ് ആൺമക്കൾ.

മൂത്തമകൾ അച്ചാമ്മ(അന്ന)യെ ഉപ്പുതോട് മണർകാട് ചാക്കോ മകൻ പീറ്റർ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മേരിയെ തിട നാട് കയ്യാണിയിൽ അപ്പച്ചൻ (ജോസഫ്) വിവാഹം ചെയ്തു. മൂന്നാ മത്തെ മകൾ മോളി(ത്രേസ്യാ)യെ വെൺമണി കള്ളിപ്പാറ ചെറ്റകാ രിക്കൽ ബേബി (കുര്യൻ) വിവാഹം ചെയ്തു. നാലാമത്തെ മകൾ ഫിലോമിനയെ ഇടുക്കി കുളംപള്ളിയിൽ ലാലു (തോമസ്) വിവാഹം ചെയ്തു. അഞ്ചാമത്തെ മകൾ എൽസിയെ ഇടുക്കി വാഴവര നെടും പള്ളിൽ സാബു (തോമസ്) വിവാഹം ചെയ്തു.

## III C-1 വയലിൽകരോട്ട് കുഞ്ഞ് (തോമസ്) മകൻ ജോയി (തോമസ്)

കുഞ്ഞിന്റെ അഞ്ച് ആൺമക്കളിൽ മൂത്തമകനാണ് ജോയി. പൈക വിരുത്തിയിൽ ലീലാമ്മ(മരിയ)യാണ് ഭാര്യ. ഈ ദമ്പതി കൾക്ക് രണ്ട് ആൺമക്കൾ. അനൂപ് (തോമസ്), അരുൺ (ജോർജ്). വെൺമണിയിലാണ് താമസം.

## III C-1a വയലിൽകരോട്ട് ജോയി (തോമസ്) മകൻ അനൂപ് (തോമസ്)

ജോയിയുടെ മൂത്ത മകനാണ് അനൂപ്. BCom ബിരുദധാരിയായ അനൂപ് അബുദാബിയിൽ അക്കൗണ്ടന്റായി ജോലിചെയ്യുന്നു. അവി വാഹിതനാണ്.

## III C-1b വയലിൽകരോട്ട് ജോയി (തോമസ്) മകൻ അരുൺ (ജോർജ്)

ജോയിയുടെ രണ്ടാമത്തെ മകനാണ് അരുൺ. MCom ബിരുദ ധാരിയായ അരുൺ എറണാകുളത്ത് അക്കൗണ്ടന്റായി ജോലിചെയ്യുന്നു. അവിവാഹിതനാണ്.

## III C-2 വയലിൽകരോട്ട് കുഞ്ഞ് മകൻ കുര്യൻ

അവിവാഹിതനായ കുര്യൻ 33-ാം വയസ്സിൽ മരിച്ചു.

## III C-3 വയലിൽകരോട്ട് കുഞ്ഞ് മകൻ ജോസ് (ജോസഫ്)

കുഞ്ഞിന്റെ മൂന്നാമത്തെ മകനാണ് ജോസ്. അവിവാഹിതനാണ്.

## III C-4 വയലിൽകരോട്ട് കുഞ്ഞ് മകൻ വർക്കിച്ചൻ (ജോർജ്)

കുഞ്ഞിന്റെ നാലാമത്തെ മകനാണ് വർക്കിച്ചൻ. അവിവാഹിതനാണ്.

## III C-5 വയലിൽകരോട്ട് കുഞ്ഞ് മകൻ കുഞ്ഞുമോൻ (ഫ്രാൻസീസ്)

കുഞ്ഞിന്റെ ഇളയമകനാണ് കുഞ്ഞുമോൻ. അവിവാഹിതനാണ്.

## IV വയലിൽകരോട്ട് കുര്യൻ മകൻ കുര്യൻ (കുഞ്ഞൂഞ്ഞ്)

കുര്യൻ-ഏലി ദമ്പതികളുടെ നാലാമത്തെ മകനാണ് കുര്യൻ (കുഞ്ഞൂഞ്ഞ്). പാലാ മിറ്റത്താനിക്കൽ വർക്കി മകൾ ബ്രിജീത്തായാണ് ഭാര്യ. വിവാഹശേഷം പൂഞ്ഞാർ കുന്നോന്നിയിലേക്കും പിന്നീട് മലബാറിലെ ഇടത്തൊട്ടിയിലേക്കും കുടിയേറി. മരണശേഷം കുര്യനെ പെരുംപുന്ന പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. അഞ്ച് പെൺമക്കളും രണ്ട് ആൺമക്കളും. ഏലി(കുഞ്ഞേലി), മറിയം, ത്രേസ്യാ, അന്നമ്മ, ഇത്താമ്മ(ബ്രിജിത്ത്) എന്നിവരാണ് പെൺമക്കൾ. ജോസഫ്, വർക്കിച്ചൻ (വർക്കി) എന്നിവർ ആൺമക്കളും.

മൂത്തമകൾ കുഞ്ഞേലിയെ പെരുവന്താനം പരുത്തിക്കൽ വർക്കി വിവാഹം ചെയ്തു. കോഴിക്കോടാണ് താമസം. രണ്ടാമത്തെ

മകൾ മറിയത്തെ പൂഞ്ഞാർ പുത്തൻവീട്ടിൽ ജോസഫ് വിവാഹം ചെയ്തു. ഇരുവരും മരണമടഞ്ഞു. മൂന്നാമത്തെ മകൾ ത്രേസ്യായെ മുണ്ടക്കയം കണയങ്കവയൽ മഠത്തിനാത്ത് കുഞ്ഞിന്റെ മകൻ മാത്യു വിവാഹം ചെയ്തു. നാലാമത്തെ മകൾ അന്നമ്മയെ കൂട്ടുപുഴ ചരളിക്കുത്തനാൽ ജോസഫ് വിവാഹം ചെയ്തു. ജോസഫ് മരണ മടഞ്ഞു. അഞ്ചാമത്തെ മകൾ ഇത്താമ(ബ്രിജിത്ത്)യെ പുറക്കാട് മണ്ണാറത്ത് ജോസഫ് മകൻ ജോസഫ് വിവാഹം ചെയ്തു. ഇവർക്ക് മക്കളില്ല.

## IV A വയലിൽകരോട്ട് കുര്യൻ (കുഞ്ഞൂഞ്ഞ്) മകൻ ജോസഫ്

കുഞ്ഞൂഞ്ഞിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ജോസഫ്. പെരുവന്താനം കണയങ്കവയൽ കല്ലുപറമ്പിൽ ചാക്കോ – ഏലി മകൾ ത്രേസ്യാമ്മയാണ് ഭാര്യ. 1985-ൽ ഇരുട്ടിയിൽനിന്നും കോതമംഗലം പുത്തൻകുരിശിൽ താമസമാക്കി. 2010-ൽ 82-ാം വയസ്സിൽ ജോസഫ് മരിച്ചു. അമ്പികാപുരം പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. ജോസഫ് – ത്രേസ്യാമ്മ ദമ്പതികൾക്ക് എട്ട് പെൺമക്കൾ. ലീലാമ്മ (ബ്രിജിത്ത്), മറിയം, ഏലി, അന്നമ്മ, ത്രേസ്യാ, റോസമ്മ, അൽഫോൻസാ, മാർഗരറ്റ്.

മൂത്തമകൾ ലീലാമ്മയെ പെരുവന്താനം പുതിയിടത്ത് കുഴിയിൽ സെബാസ്റ്റ്യനും, രണ്ടാമത്തെ മകൾ മറിയത്തെ പെരുവന്താനം പതിയ്ക്കൽ സെബാസ്റ്റ്യനും, മൂന്നാമത്തെ മകൾ ഏലിയെ എരുമേലി കണമല കുന്നേമുറിയിൽ ജോണും വിവാഹം ചെയ്തു. നാലാമത്തെ മകൾ അന്നമ്മ തിരുഹൃദയസഭയിൽ ചേർന്ന് സന്യസ്ത ജീവിതം നയിക്കുന്നു. സിസ്റ്റർ അന്നമ്മ എസ്.എച്ച്. മധ്യപ്രേദശിലാണ് സേവനം. അഞ്ചാമത്ത മകൾ ത്രേസ്യായെ ഇടുക്കി ഉപ്പുതോട് വട്ടക്കുന്നേൽ ജോൺസൺ വിവാഹം ചെയ്തു. ആറാമത്തെ മകൾ റോസമ്മയെ ഉടമ്പന്നൂർ കിഴക്കേടത്ത് ജോസഫ് വിവാഹം ചെയ്തു. ജോസഫ് മരിച്ചു. ഇപ്പോൾ പന്നിമറ്റത്താണ് താമസം. ഏഴാമത്തെ മകൾ അൽഫോൻസയെ കറുകപ്പള്ളി നെല്ലിമലയിൽ ജോസഫ് വിവാഹം ചെയ്തു. ഇളയമകൾ മാർഗരറ്റിനെ പടിഞ്ഞാറേകോടിക്കുളം മൂലശ്ശേരിൽ വർഗ്ഗീസ് വിവാഹം ചെയ്തു.

## IV B വയലിൽകരോട്ട് കുര്യൻ (കുഞ്ഞൂഞ്ഞ്) മകൻ വക്കച്ചൻ (വർക്കി)

കുഞ്ഞൂഞ്ഞിന്റെ ഇളയമകനാണ് വക്കച്ചൻ. മലബാറിൽ ഇട ത്തൊട്ടിയിൽ താമസിക്കുന്നു. കിളിയന്തറ ചെറുചെറുക്കിൽ ജോസഫ് മകൾ അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും. ബ്രിജിത്ത്, അന്ന മ്മ, മേരി എന്നിവരാണ് പെൺമക്കൾ. കുര്യൻ, ജോർജ്, ജോസഫ് എന്നിവർ ആൺമക്കളും. മൂത്തമകൾ ബ്രിജിത്തിനെ പുറക്കാട് ആയി ലിക്കുന്നേൽ ഫിലിപ്പ് മകൻ കുരുവിളയും, രണ്ടാമത്തെ മകൾ അന്ന മ്മയെ പോരാവൂർ മുണ്ടയ്ക്കൽ ജോസഫ് മകൻ ജോഷിയും മൂന്നാ മത്തെ മകൾ മേരിയെ ഇരിട്ടി ചെടിക്കുളം തറപ്പിൽ സേവ്യർ മകൻ ബെന്നിയും വിവാഹം ചെയ്തു.

## IV B-1 വയലിൽകരോട്ട് വക്കച്ചൻ മകൻ കുര്യൻ

വക്കച്ചന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് കുര്യൻ. സൗദിയിൽ ജോലിചെയ്യുന്നു. ചോക്കാട് പാലമലയിൽ ജോസഫ് മകൾ ബിജി(മേരി)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരു മകളും ഒരു മകനും. തറവാട്ടിൽ താമസിക്കുന്നു.

## IV B-2 വയലിൽകരോട്ട് വക്കച്ചൻ മകൻ ജോർജ്

വക്കച്ചന്റെ രണ്ടാമത്തെ മകനാണ് ജോർജ്. 23-ാമത്തെ വയ സ്സിൽ അപകടത്തിൽപ്പെട്ട് മരിച്ചു.

## IV B-3 വയലിൽകരോട്ട് വക്കച്ചൻ മകൻ ജോസഫ്

വക്കച്ചന്റെ ഇളയമകനാണ് ജോസഫ്. പെരുംപുന്ന വിനുവി ല്ലയിൽ രാജന്റെ മകൾ മേരിയാണ് ഭാര്യ. മേരി ഹൈസ്കൂൾ അദ്ധ്യാ പികയാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺകുട്ടികൾ. ജോസഫ് ഫെഡറൽ ബാങ്കിൽ ജോലിചെയ്യുന്നു. മലബാറിൽ ഇടത്തൊട്ടിയി ലാണ് താമസം.

# 8

# പള്ളിപ്പറമ്പിൽ

ഇഞ്ചക്കാട്ട് മഹാകുടുംബത്തിലെ എട്ടാമതു ശാഖയാണ് പള്ളിപ്പറമ്പിൽ. പൂഞ്ഞാർ പള്ളിയുടെ പടിഞ്ഞാറുവശത്ത് താമസമാക്കിയിരുന്ന പ്രസ്തുത കുടുംബത്തിലെ ഒരു മകൻ മറ്റക്കാടിന് തെക്ക് ആറിന്റെ അക്കരെ മാറി താമസിച്ചു. ഇവർ വയലിൽ എന്ന വീട്ടുപേരിൽ അറിയപ്പെട്ടു. വയലിൽ കൊച്ച് എന്ന് വിളിച്ചിരുന്ന പിതാമഹന്റെ മക്കളിൽ ഒരാളാണ് തൊമ്മൻ. ഇദ്ദേഹം അരുവിത്തുറ പള്ളിവക പെരുന്നിലത്തുള്ള പുരയിടം പാട്ടത്തിന് കൃഷിചെയ്തു പോന്നു. (ഈ സ്ഥലത്താണ് ഇപ്പോൾ ആരാധനമഠം സ്ഥിതിചെയ്യുന്നത്). കാട്ടുമൃഗങ്ങളുടെ ശല്യത്തിൽ നിന്നും തന്റെ കൃഷികളുടെ സംരക്ഷണത്തിനായി അവിടെ താമസമാരംഭിച്ചു. പള്ളിവക പറമ്പിൽ താമസമാക്കിയപ്പോൾ പള്ളിപ്പറമ്പിൽ എന്ന് വീട്ടുപേരിൽ അറിയപ്പെടാൻ തുടങ്ങി. ഈ പുരയിടത്തിൽ എത്രകാലം താമസിച്ചു എന്നത് വ്യക്തമല്ല. കുറെക്കാലങ്ങൾക്ക് ശേഷം ഈ കുടുംബം രണ്ട് കല്ലേറ് ദൂരം തെക്കോട്ട് മാറി കല്ലുംതലയ്ക്കൽ പുരയിടത്തിൽ താമസമാരംഭിച്ചു.

ഈ ശാഖ പ്രധാനമായും പള്ളിപ്പറമ്പിൽ, കല്ലുംതലയ്ക്കൽ എന്നീ രണ്ട് വീട്ടുപേരുകളിൽ അറിയപ്പെടുന്നു. അരുവിത്തുറയാണ് ആദ്യകാല ഇടവക ദൈവാലയം. ഇന്ന് കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, തിരുവനന്തപുരം എന്നീ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്നു. മൂന്ന് വൈദികരും ഏഴ് കന്യാസ്ത്രീകളും രണ്ടു ബ്രദേഴ്സും ഈ കുടുംബത്തിന്റെ സംഭാവനയാണ്. കൂടാതെ സർക്കാർ സർവ്വീസിലും രാഷ്ട്രീയ സാമൂഹികരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച അനേകം വ്യക്തികൾ ഈ കുടുംബത്തിന്റെ മാറ്റ് കൂട്ടുന്നു.

മുകളിൽ പേരുപറഞ്ഞ തൊമ്മന്റെ ഭാര്യയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമല്ല. നാല് ആൺ മക്കളും ഒരു മകളുമടക്കം അദ്ദേഹത്തിന് അഞ്ച് മക്കളായിരുന്നു. ഏക മകളുടെ പേരോ വിവരങ്ങളോ

ലഭ്യമല്ല. I. വർക്കി, II. ദേവസ്യാ, III. ചാക്കോ, IV തൊമ്മൻ എന്നിവരാണ് ആൺമക്കൾ. ഇവരുടെ സന്താന പരമ്പരയാണ് പള്ളിപ്പറമ്പിൽ കുടുംബം.

## I. പള്ളിപ്പറമ്പിൽ തൊമ്മൻ മകൻ വർക്കി

തൊമ്മന്റെ നാല് ആൺമക്കളിൽ മൂത്ത മകനാണ് വർക്കി. തിടനാട് കളത്തൂർ (ചിറ്റപ്പനാട്ട്) മറിയത്തെ വിവാഹം ചെയ്തു. വർക്കി-മറിയം ദമ്പതികൾക്ക് മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളുമടക്കം അഞ്ച് മക്കൾ. തൊമ്മൻ, ചാക്കോ, ദേവസ്യാ എന്നിവരാണ് ആൺമക്കൾ. ത്രേസ്യാ, റോസ എന്നിവർ പെൺമക്കളും. പെൺമക്കളിൽ മൂത്തവളായ ത്രേസ്യായെ പിണ്ണാക്കനാട് കണ്ണോത്ത് വിവാഹം ചെയ്തയച്ചു. ഇളയ മകൾ റോസയെ ചെമ്മലമറ്റം വരിക്കമാക്കൽ വിവാഹം ചെയ്തയച്ചു. മരണശേഷം വർക്കിയെ അരുവിത്തുറപ്പള്ളി സെമിത്തേരിയിലും മറിയത്തെ തിടനാട് പള്ളി സെമിത്തേരിയിലും സംസ്കരിച്ചു.

## I A. പള്ളിപ്പറമ്പിൽ വർക്കി മകൻ തൊമ്മൻ

വർക്കിയുടെ മൂത്ത മകനാണ് തൊമ്മൻ. ഇളംതുരുത്തിയിൽ ചാക്കോയുടെ മകൾ ത്രേസ്യായെ വിവാഹം കഴിച്ചു. രണ്ട് ആൺമക്കളും നാല് പെൺമക്കളുമടക്കം ആറ് മക്കൾ ജനിച്ചു. വർക്കി, ജോസഫ് (കുഞ്ഞേപ്പ്) എന്നിവരാണ് ആൺമക്കൾ. മാമ്മി, അന്നമ്മ, മറിയക്കുട്ടി, ത്രേസ്യാക്കുട്ടി എന്നിവരാണ് പെൺമക്കൾ. കൊല്ലവർഷം 13-11-1119 (27-06-1944)-ൽ തൊമ്മനും 23-08-1986-ൽ ത്രേസ്യായും മരിച്ചു. ഇരുവരേയും അരുവിത്തുറപ്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

തൊമ്മന്റെ മൂത്തമകൾ മാമ്മി (ഏലി)യെ മൂന്നിലവ്, നെല്ലിക്കൽ തൊമ്മൻ മകൻ മാത്യു വിവാഹം ചെയ്തു. ഉദയഗിരിയിലാണ് താമസം. രണ്ടാമത്തെ മകൾ അന്നമ്മയെ ഇടമറ്റം ഇടവക കട്ടയ്ക്കൽ ആഗസ്തി മകൻ കുരുവിള വിവാഹം ചെയ്തു. കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കാൽ ഇടവകയിലാണ് താമസം. മൂന്നാമത്തെ മകൾ മറിയക്കുട്ടിയെ പൂഞ്ഞാർ, മങ്കുന്നത്ത് (കുന്നേൽ) കുര്യൻ മകൻ അബ്രാഹം (ഈപ്പൻ) വിവാഹം ചെയ്തു. നാലാമത്തെ മകളായ ത്രേസ്യാക്കുട്ടിയെ അഞ്ഞൂറ്റിമംഗലം എംബ്രയിൽ ഔസേപ്പ് മകൻ തോമസ് വിവാഹം ചെയ്തു. 6-9-1997 ൽ ത്രേസ്യാ

ക്കുട്ടി മരിച്ചു. കാസർഗോഡ് ജില്ലയിലെ തയ്യാനി പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## IA-1. പള്ളിപ്പറമ്പിൽ തൊമ്മൻ മകൻ വർക്കി

തൊമ്മന്റെ രണ്ട് ആൺ മക്കളിൽ മൂത്ത മകനാണ് വർക്കി. മൂന്നിലവ് കോനുകുന്നേൽ തൊമ്മൻ മകൾ കുഞ്ഞന്നയെ (അന്ന) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് ആൺ മക്കൾ. ജോർജ്, തൊമ്മച്ചൻ, ജോസഫ് (ജോസി), സാവിയോ, ബോസ് എന്നിവരാണ് മക്കൾ. 10-01-1972 ൽ വർക്കി നിര്യാതനായി. അരുവിത്തുറപ്പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. വർക്കിയുടെ ഭാര്യ കുഞ്ഞന്ന (അന്ന) മകൻ സാവിയോടൊപ്പം ഇടുക്കി ജില്ലയിലെ കാഞ്ചിയാറാണ് താമസിച്ചിരുന്നത്. 27-07-2017-ൽ മരിച്ചു. കാഞ്ചിയാർ ലൂർദ്ദ്മാതാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-1a. പള്ളിപ്പറമ്പിൽ വർക്കി മകൻ ജോർജ്

വർക്കിയുടെ അഞ്ച് ആൺമക്കളിൽ മൂത്തമകനാണ് ജോർജ്. അരുവിത്തുറ സെന്റ് ജോർജ് കോളജിൽനിന്ന് റിട്ടയർ ചെയ്തു. വെള്ളികുളം കാപ്പിലിപ്പറമ്പിൽ മാത്യു മകൾ റോസമ്മയെ 20-10-1980ൽ വിവാഹം ചെയ്തു. തിടനാട് പാക്കയത്താണ് താമസം. 1998 മുതൽ ഈരാറ്റുപേട്ടയിലെ സഭയുടെ Elder ആയും സുവിശേഷകനായും ശുശ്രൂഷ ചെയ്തുവരുന്നു. ഈ ദമ്പതികൾക്ക് ഒരാണും മൂന്ന് പെണ്ണുമടക്കം നാല് മക്കൾ. അനീഷാണ് ഏകമകൻ. അനു, ലുദിയ, ഗ്രേസ് എന്നിവർ പെൺമക്കളും. മൂത്തമകൾ അനു ബാംഗളൂർ NIMHANS ൽ സ്റ്റാഫ് നഴ്സാണ്. കല്ലൂർക്കാട് ഇടത്തട്ടേൽ ജോസ് -റോസക്കുട്ടി ദമ്പതികളുടെ രണ്ടാമത്തെ മകൻ ജേക്കബ് (ഷിൽസൻ) വിവാഹം ചെയ്തു. ബാംഗളൂരാണ് താമസം. രണ്ടാമത്തെ മകൾ ലുദിയ മൂന്നര വയസ്സുള്ളപ്പോൾ മരിച്ചു. മൂന്നാമത്തെ മകൾ ഗ്രേസ് BSc BEd കഴിഞ്ഞ് ബാംഗ്ലൂരിൽ അധ്യാപികയാണ്.

## IA-1a1. പള്ളിപ്പറമ്പിൽ ജോർജ് മകൻ അനീഷ്

ജോർജിന്റെ ഏക മകനാണ് അനീഷ്. കുറുപ്പംപടി കാവുങ്കൽ ജേക്കബ് - അന്ന മകൾ അനുവാണ് ഭാര്യ. അനീഷ് സുവിശേഷവേല ചെയ്യുന്നു. BSc നഴ്സിംഗ് പാസായ ഭാര്യ അനു ഭർത്താവിനൊപ്പം സുവിശേഷവേലയിലാണ്. ഇവർക്ക് ഒരു മകൻ ഗോഡ്ലിയേൽ.

### IA-1b. പള്ളിപ്പറമ്പിൽ വർക്കി മകൻ തൊമ്മച്ചൻ (P.V. തോമസ്)

വർക്കിയുടെ രണ്ടാമത്തെ മകനാണ് തൊമ്മച്ചൻ (P.V. തോമസ് BCom, ICWA). ഹൈദരാബാദിൽ കുക്കാട്ട് പള്ളിയിലാണ് താമസം. 28-12-1989 ൽ മാലിപ്പറമ്പിൽ ജോസഫ് മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഗ്രീഷ്മ (അന്നമ്മ) എന്ന മകളും. അപ്പു എന്ന് വിളിക്കുന്ന ആൽബ്രട്ടും. ഗ്രീഷ്മ MBA യ്ക്കുശേഷം CA കഴിഞ്ഞ് അമേരിക്കയിൽ ജോലി ചെയ്യുന്നു. ഡെറിക് ജാക്സണെ വിവാഹം ചെയ്ത് അമേരിക്കയിൽ താമസിക്കുന്നു. അപ്പു MTechനുശേഷം അമേരിക്കയിൽ PhD ചെയ്യുന്നു.

### IA-1c. പള്ളിപ്പറമ്പിൽ വർക്കി മകൻ ജോസി (P.V. ജോസഫ്)

വർക്കിയുടെ മൂന്നാമത്തെ മകനാണ് ജോസി എന്ന് വിളിക്കുന്ന പി.വി. ജോസഫ്. ബിജ്നോർ മിഷനിൽ വൈദിക വിദ്യാർത്ഥിയായിരിക്കെ 20-ാം വയസ്സിൽ 18-05-1981 ൽ മീററ്റിൽ വച്ചുണ്ടായ വാഹന അപകടത്തിൽ മരിച്ചു. ബിജ്നോർ രൂപതയിലെ നജീബാബാദ് പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

### IA-1d. പള്ളിപ്പറമ്പിൽ വർക്കി മകൻ സാവിയോ (P.V. ഡൊമിനിക് സാവിയോ)

വർക്കിയുടെ നാലാമത്തെ മകനാണ് സാവിയോ. വിദ്യാഭ്യാസത്തിനുശേഷം കാഞ്ചിയാറിൽ താമസിച്ച് കോൺട്രാക്റ്റ് വർക്ക് ചെയ്യുന്നു. കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റായിരുന്നു. ഇപ്പോൾ പഞ്ചായത്ത് മെമ്പറാണ്. കട്ടപ്പന പാറയിൽ അപ്പച്ചൻ (വർക്കി) മകൾ സെലിൻ (ഏലിയാമ്മ) നെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അനിറ്റ് (മുത്ത്) എന്ന മകളും സ്റ്റാലിൻ (അപ്പു) എന്ന മകനും. 18-07-2016-ൽ അപ്പു മരിച്ചു. കാഞ്ചിയാർ ലൂർദ്ദ്മാതാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. അനിറ്റ് BCom വിദ്യാർത്ഥിനിയാണ്.

### IA-1e. പള്ളിപ്പറമ്പിൽ വർക്കി മകൻ ബോസ് (P.V. ഡോൺ ബോസ്ക്കോ)

വർക്കിയുടെ അഞ്ചാമത്തെ മകനാണ് ബോസ്. വിദ്യാഭ്യാസത്തിനുശേഷം ഇടുക്കി ജില്ലയിലെ കാഞ്ചിയാറിൽ ബിസ്സിനസ്സ് നടത്തുന്നു. കാഞ്ചിയാറിലാണ് താമസം. കാഞ്ചിയാർ പേഴുംകണ്ടം,

മാണിക്കത്തിനാൽ ആന്റണി-പെണ്ണമ്മ മകൾ ഷൈനിയെ വിവാഹം ചെയ്തു. ഷൈനി ഇസ്രായേലിൽ നഴ്സായി ജോലിചെയ്യുന്നു. ഇവർക്ക് രണ്ട് കുട്ടികൾ. സോന (അന്ന) എന്ന മകളും ഡോൺ (കിച്ചു) എന്ന മകനും. ഇരുവരും വിദ്യാർത്ഥികളാണ്.

## IA-2. പള്ളിപ്പറമ്പിൽ തൊമ്മൻ മകൻ കുഞ്ഞേപ്പ് (ജോസഫ്)

തൊമ്മന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞേപ്പ് എന്നു വിളിക്കുന്ന ജോസഫ്. ഇടുക്കിജില്ലയിൽ കാഞ്ചിയാറിനടുത്ത ലബ്ബക്കടയിലാണ് താമസം. കൊല്ലംപറമ്പിൽ മത്തായി മകൾ ഏലി(കുഞ്ഞുപെണ്ണ്)യെ വിവാഹം ചെയ്തു. കുഞ്ഞേപ്പ്-ഏലി ദമ്പതികൾക്ക് ആറ് മക്കൾ. മൂന്ന് പെൺ മക്കളും മൂന്ന് ആൺ മക്കളും. തോമ്മാച്ചൻ, മാത്യു, റോയി എന്നിവർ ആൺ മക്കളും തെയ്യാമ്മ, മേരി, ഫെമിലി എന്നിവർ പെൺമക്കളും. 07-08-1983 ൽ കുഞ്ഞേപ്പ് മരിച്ചു. കാഞ്ചിയാർ ലൂർദ്മാതാ ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

മൂത്ത മകൾ തെയ്യാമ്മയെ കട്ടപ്പന ഇരുപതേക്കർ മുതുപ്ലാക്കൽ അപ്പച്ചൻ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മേരി (സി. മരിയാ ജോസ് FCC) ആലുവ FC കോൺവെന്റിലാണ്. FC സഭയുടെ ഓഡിറ്റർ ജനറലായി സേവനമനുഷ്ഠിക്കുന്നു. മൂന്നാമത്തെ മകൾ ഫെമിലി (സി. ഫെമിലി ജോസ് SD) തൊടുപുഴ SD കോൺവെന്റിൽ സന്യസ്തജീവിതം നയിക്കുന്നു.

## IA-2a. പള്ളിപ്പറമ്പിൽ കുഞ്ഞേപ്പ് മകൻ തോമ്മാച്ചൻ

കുഞ്ഞേപ്പിന്റെ മൂത്ത മകനാണ് തോമ്മാച്ചൻ. ഇടുക്കി ജില്ലയിലെ ആനക്കുളം ഇടവകയിലാണ് താമസം. പെരുവന്താനം കുഴിവേലിമറ്റത്തിൽ ജോസഫ് മകൾ തെയ്യാമ്മ (ത്രേസ്യ) യെ 07-07-1985 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ദിവ്യ, ദീപു. ദിവ്യാ മുംബൈയിൽ ഫാർമസിസ്റ്റായി ജോലി ചെയ്യുന്നു. പാലൂർക്കാവ് ഇടശ്ശേരി പൗവത്ത് ജോസ്-ഗ്രേസി ദമ്പതികളുടെ മകൻ ജോമി ജോസ് വിവാഹംചെയ്തു.

## IA-2a1. പള്ളിപ്പറമ്പിൽ തോമ്മാച്ചൻ മകൻ ദീപു

തോമ്മാച്ചന്റെ ഏകമകനാണ് ദീപു. ചെമ്മലമറ്റം കൊച്ചുകരോട്ട് കെ.എം. തോമസ്-ലില്ലിക്കുട്ടി ദമ്പതികളുടെ മകൾ റോസ്മിയെ

വിവാഹം ചെയ്തു. Bcom ബിരുദധാരിയായ ദീപു സഹകരണ മേഖലയിൽ ജോലിചെയ്യുന്നു.

### IA-2b. പള്ളിപ്പറമ്പിൽ കുഞ്ഞേപ്പ് മകൻ മാത്യു

കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനാണ് മാത്യു. കർഷകനാണ്. ഇടുക്കി കഞ്ഞിക്കുഴി ഞാറ്റുകാലായിൽ ജോസഫ് മകൾ ജെസ്സിയെ 14-08-1992 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. അനു, മീനു, ഉണ്ണി (ജോബിൻ). മൂവരും വിദ്യാർത്ഥികളാണ്. മാത്യു 21-07-2006 ൽ 43-ാം വയസ്സിൽ മരിച്ചു. കാഞ്ചിയാർ ലൂർദ്ദ്മാതാ ദൈവാലയം സെമിത്തേരിയിൽ സംസ്കരിച്ചു.

### IA-2c. പള്ളിപ്പറമ്പിൽ കുഞ്ഞേപ്പ് മകൻ റോയി (Br. Roy Palliparambil OH)

കുഞ്ഞേപ്പിന്റെ മൂന്നാമത്തെ മകനാണ് റോയി എന്ന് വിളിക്കുന്ന ജോർജ്. ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് എന്ന സന്ന്യാസസഭയിൽ സന്ന്യാസജീവിതം നയിക്കുന്നു. കട്ടപ്പന സെന്റ് ജോൺസ് മിഷൻ ഹോസ്പിറ്റലിലാണ് സേവനം.

### IB. പള്ളിപ്പറമ്പിൽ വർക്കി മകൻ ചാക്കോ

വർക്കിയുടെ രണ്ടാമത്തെ മകനാണ് ചാക്കോ. അരുവിത്തുറ മൂഴിയാങ്കൽ മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. ഏലിയാമ്മ, മറിയാമ്മ, റോസമ്മ, ത്രേസ്യാമ്മ എന്നീ നാല് പെൺമക്കളും വർക്കി എന്ന ഏക മകനും. മൂത്ത മകൾ ഏലിയാമ്മയെ കാരമുള്ളിൽ വർക്കി വിവാഹം ചെയ്തു. ഇടുക്കി ജില്ലയിലെ കട്ടപ്പനയ്ക്കടുത്ത് പുളിയൻമല അന്യാർ തൊളുവിലാണ് താമസം. രണ്ടാമത്തെ മകൾ മറിയത്തെ കട്ടപ്പന വെളിയാംകുളത്ത് ചാക്കോ വിവാഹം ചെയ്തു. മറിയം മരിച്ചു. മൂന്നാമത്തെ മകൾ റോസമ്മയെ ഏന്തയാർ വരിക്കയാനിയ്ക്കൽ വർക്കി വിവാഹം ചെയ്തു. റോസമ്മയെ ഏന്തയാർ പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. നാലാമത്തെ മകൾ ത്രേസ്യാമ്മയെ വേലനാത്ത് വർക്കി (കുഞ്ഞ്) വിവാഹം ചെയ്തു.

### IB-1. പള്ളിപ്പറമ്പിൽ ചാക്കോ മകൻ വർക്കി

ചാക്കോയുടെ ഏക മകനാണ് വർക്കി. വെയിൽകാണാംപാറ ചാലിൽ ചാക്കോ-മറിയം ദമ്പതികളുടെ മകൾ അന്നമ്മയെ വിവാഹം

ചെയ്തു. തിടനാട് തണ്ണിനാൽ ആണ് താമസം. വർക്കി-അന്നമ്മ ദമ്പതികളുടെ മകൻ ജേക്കബിന് (പാപ്പച്ചൻ) പതിമൂന്ന് വയസ്സുള്ളപ്പോൾ അന്നമ്മ മരിച്ചു. അന്നമ്മയെ അരുവിത്തുറപ്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. തുടർന്ന് വർക്കി വെള്ളികുളം കാപ്പിലിപ്പറമ്പിൽ മാത്യു-അന്നമ്മ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ വർക്കിക്ക് ജെസി എന്ന പെൺകുട്ടിയും സിബി എന്ന ആൺകുട്ടിയും ജനിച്ചു. ജെസിയെ തിടനാട് പൊരിയത്ത് ജോസുകുട്ടി വിവാഹം ചെയ്തു. 09-05-2013-ൽ വർക്കി നിര്യാതനായി. തിടനാട് ദൈവാലയ സെമിത്തിരേയിൽ സംസ്കരിച്ചു.

## IB-1a. പള്ളിപ്പറമ്പിൽ വർക്കി മകൻ ജേക്കബ് (പാപ്പച്ചൻ)

വർക്കിയുടെ ആദ്യ ഭാര്യയിലെ ഏക മകനാണ് പാപ്പച്ചൻ എന്ന് വിളിക്കുന്ന പി.വി. ജേക്കബ്. MSc ബിരുദധാരിയായ പാപ്പച്ചൻ BSNL പാലാ ഡിവിഷൻ ഓഫീസിൽ നിന്നും DET ആയി 2011 ൽ വിരമിച്ചു. കൂട്ടിക്കൽ ഇടത്തിൽ അബ്രാഹം-ത്രേസ്യാമ്മ മകൾ മേരിക്കുട്ടിയാണ് ഭാര്യ. സ്കൂൾ അദ്ധ്യാപികയാണ്. 2010-ൽ വിരമിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺ മക്കൾ. സ്മിത, ആഷ. സ്മിതയെ ചങ്ങനാശ്ശേരി, ഇരയമംഗലത്ത് ജോസ്-ലീലാമ്മ മകൻ ടോണി വിവാഹം ചെയ്തു. സ്മിതയും കുടുംബവും അമേരിക്കയിലാണ്. ആഷയെ പൂഞ്ഞാർ മാത്തൻ കുന്നേൽ ദേവസ്യാ-കുട്ടിയമ്മ മകൻ ജന്റിൽ വിവാഹം ചെയ്തു. ആഷയും കുടുംബവും എറണാകുളത്ത് താമസിക്കുന്നു.

## IB-1b. പള്ളിപ്പറമ്പിൽ വർക്കി മകൻ സിബി (ജോർജ്)

വർക്കിയുടെ രണ്ടാം വിവാഹത്തിലെ ഏക മകനാണ് സിബി. ചെമ്മലമറ്റത്ത് റബ്ബർ ബിസിനസ്സ് നടത്തുന്നു. ചിറക്കടവ് മണ്ണംപ്ലാവ് പാഴിയാങ്കൽ ഈപ്പച്ചൻ-മേരിക്കുട്ടി ദമ്പതികളുടെ മകൾ ജാൻസിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. റ്റിങ്കിൾ, നോബിൾ, നോയൽ. മൂവരും വിദ്യാർത്ഥികളാണ്.

## IC പള്ളിപ്പറമ്പിൽ വർക്കി മകൻ ദേവസ്യ

വർക്കിയുടെ മൂന്നാമത്തെ മകനാണ് ദേവസ്യാ. തിടനാട് കണിയാശ്ശേരി അന്നമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ നാല് മക്കൾ. മാമ്മി, മറിയക്കുട്ടി എന്നീ രണ്ട് പെൺ മക്കളും പാപ്പച്ചൻ, ചാക്കോ എന്നീ രണ്ട് ആൺ മക്കളും. 1938 ൽ അന്നമ്മ മരിച്ചു.

തുടർന്ന് ദേവസ്യാ തിടനാട് വടക്കേട്ട് ഏലിയാമ്മയെ വിവാഹം ചെയ്തു. ദേവസ്യായുടെ രണ്ടാം വിവാഹത്തിൽ ഏഴു മക്കൾ. മൂന്ന് പെൺ മക്കളും നാല് ആൺ മക്കളും. ത്രേസ്യാ, കുട്ടിയമ്മ, ഏലിയാമ്മ എന്നിവരാണ് പെൺമക്കൾ. സെബാസ്റ്റ്യൻ, കുഞ്ഞുവർക്കി, തൊമ്മച്ചൻ, ഫിലിപ്പ് എന്നിവർ ആൺ മക്കളും.

ദേവസ്യായുടെ ആദ്യ വിവാഹത്തിൽ ജനിച്ച മാമ്മിയെ തിടനാട് വടക്കേട്ട് കറിയാച്ചൻ വിവാഹം കഴിച്ചു. മാമ്മിയെ തിടനാട് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. മറിയക്കുട്ടിയെ തിടനാട് മണിയാക്കുപാറയിൽ അപ്പി വിവാഹം കഴിച്ചു. മരണശേഷം കാസർഗോഡ് ജില്ലയിലെ പാലവയൽ പള്ളിയിലാണ് സംസ്കരിച്ചിരിക്കുന്നത്. ദേവസ്യായുടെ രണ്ടാം വിവാഹത്തിൽ (ഏലിയാമ്മ) ജനിച്ച മൂന്ന് പെൺമക്കളിൽ മൂത്തമകളായ ത്രേസ്യാമ്മയെ മേരികുളം കുന്നേൽ പാപ്പച്ചൻ വിവാഹം കഴിച്ചു. രണ്ടാമത്തെ മകളായ കുട്ടിയമ്മയെ ശാന്തിഗ്രാം, ഇടഞ്ഞമല പെരുമണ്ണിൽ അപ്പച്ചനും, മൂന്നാമത്തെ മകളായ ഏലിയാമ്മയെ കൂടരഞ്ഞി, മൂലേച്ചാലിൽ മത്തച്ചനും വിവാഹം ചെയ്തു. 2-11-1979-ൽ ഏലിയാമ്മയും 10-7-1984-ൽ ദേവസ്യായും മരിച്ചു. ഇരുവരേയും മേരികുളം ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IC-1. പള്ളിപ്പറമ്പിൽ ദേവസ്യ മകൻ പാപ്പച്ചൻ

ദേവസ്യായുടെ ആദ്യ വിവാഹത്തിലെ രണ്ട് ആൺ മക്കളിൽ മൂത്തമകനാണ് പാപ്പച്ചൻ. ഇടപ്പാടി താണോലിൽ വർക്കി മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് പെൺമക്കളും മൂന്ന് ആൺ മക്കളുമടക്കം എട്ട് മക്കൾ. കുട്ടിയച്ചൻ, ജോർജ്, ജോസ് എന്നിവരാണ് ആൺ മക്കൾ. അച്ചാമ്മ, ലൂസിക്കുട്ടി, മേരിക്കുട്ടി, സെലിൻ, സോളി എന്നിവരാണ് പെൺ മക്കൾ. മൂത്തമകൾ അച്ചാമ്മയെ കോട്ടയം കരിമ്പാനി, കണ്ണംകുളത്ത് ദേവസ്യാ-അന്നമ്മ മകൻ ജോസും, രണ്ടാമത്തെ മകൾ ലൂസിക്കുട്ടിയെ ഇടുക്കി കാൽവരിമൗണ്ട് ഒട്ടലാങ്കൽ ജോസഫ്-മറിയാമ്മ മകൻ സജിയും, മൂന്നാമത്തെ മകൾ മേരിക്കുട്ടിയെ പെരുവന്താനം തുരുത്തിപ്പള്ളിയിൽ ലൂക്കാ-അന്നമ്മ മകൻ ജോയിയും, നാലാമത്തെ മകൾ സെലിനെ ചിന്നാർ, പുത്തൻപുരയിൽ ജോസഫ്-ഏലിക്കുട്ടി മകൻ സിബിയും, ഇളയമകൾ സോളിയെ ലബ്ബക്കട എഴുത്തുപുരയ്ക്കൽ ജോസഫ് -മേരിക്കുട്ടി മകൻ റോയിയും വിവാഹംചെയ്തു. 18-01-2005-ൽ പാപ്പ

ച്ചനും 20-11-2007-ൽ മറിയാമ്മയും മരിച്ചു. രണ്ടുപേരെയും മേരി കുളം ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IC-1a. പള്ളിപ്പറമ്പിൽ പാപ്പച്ചൻ മകൻ കുട്ടിയച്ചൻ

പാപ്പച്ചന്റെ മൂന്ന് ആൺ മക്കളിൽ മൂത്ത മകനാണ് കുട്ടിയ ച്ചൻ. വിദ്യാഭ്യാസത്തിനുശേഷം മേരികുളത്ത് ഹയർ സെക്കൻഡറി സ്കൂൾ ലാബ് അസിസ്റ്റന്റായിരുന്നു. 2-8-1982-ൽ പെരുവന്താനം കാരയ്ക്കാട്ട് ഇമ്മാനുവൽ മകൾ ആൻസമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഡാനിയ, ഡെന്നീസ് (ജോസഫ്). Mcom പാസ്സായ ഡാനിയായെ ചേന്നാട് അരിമറ്റത്ത് മത്തച്ചൻ-മേഴ്സി മകൻ അനീഷ് വിവാഹം ചെയ്തു.

## IC-1a1. പള്ളിപ്പറമ്പിൽ കുട്ടിയച്ചൻ മകൻ ഡെന്നീസ്

കുട്ടിയച്ചന്റെ ഏകമകനാണ് ഡെന്നീസ്. ഡെന്നീസ് പീരുമേട് സൗത്ത് ഇന്ത്യൻ ബാങ്കിൽ അസി. മാനേജരാണ്. നെടുങ്കണ്ടം കല്ലാർ പ്ലാമ്മൂട്ടിൽ ബാബു-സുമ ദമ്പതികളുടെ മകൾ സുബിയാണ് ഭാര്യ. ഇവർക്ക് ഒരു മകൻ നെയ്തൻ.

## IC-1b. പള്ളിപ്പറമ്പിൽ പാപ്പച്ചൻ മകൻ ജോർജ്

പാപ്പച്ചന്റെ രണ്ടാമത്തെ മകനാണ് ജോർജ്. മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറായി ജോലിയിൽനിന്നും വിരമിച്ചു. 26-8-1985 ൽ പുഞ്ചവയൽ പാനാപ്പള്ളി ഔത (ജോസഫ്) മകൾ മോളിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജിതിൻ, ജിൽസൻ.

## IC-1b1. പള്ളിപ്പറമ്പിൽ ജോർജ് മകൻ ജിതിൻ

ജോർജിന്റെ മൂത്തമകനാണ് ജിതിൻ. കർഷകനായ ജിതിൻ കാറ്ററിംഗ് സർവ്വീസും നടത്തുന്നുണ്ട്. ജിതിൻ തെക്കേമല തെക്കേ വയലിൽ വാവച്ചൻ-ഷേർളി മകൾ ചിന്നുവിനെ വിവാഹം ചെയ്തു. ഒരു മകൾ. യുവാന മറിയം.

## IC-1b2. പള്ളിപ്പറമ്പിൽ ജോർജ് മകൻ ജിൽസൻ

ജോർജിന്റെ രണ്ടാമത്തെ മകനാണ് ജിൽസൻ. കട്ടപ്പന വണ്ടർകുന്നേൽ റ്റോമിച്ചൻ-വത്സമ്മ ദമ്പതികളുടെ മകൾ ഹെലനെ വിവാഹം ചെയ്തു. രണ്ടുപേരും യു.പി.യിലെ ഇറ്റാവയിൽ അധ്യാപകരാണ്.

## IC-1c. പള്ളിപ്പറമ്പിൽ പാപ്പച്ചൻ മകൻ ജോസ്

പാപ്പച്ചന്റെ മൂന്നാമത്തെ മകനാണ് ജോസ്. ITI വിദ്യാഭ്യാസ ത്തിനുശേഷം ഉപ്പുതറ പരപ്പിൽ ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് നടത്തുകയായിരുന്നു. 25-01-1989 ൽ കൂവപ്പള്ളി കൊള്ളികൊളവിൽ മത്തായി മകൾ ലിസമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ജിൻസ്, ജിലു, ജിസ്മി, ജിലു (സി. മേരി ദയ L.S.D.P.) L.S.D.P. സന്ന്യാസിനി സഭാംഗമാണ്. ജിസ്മി ബിരുദധാരിയാണ്. ജോസ് 21-04-2017-ൽ നിര്യാതനായി. മേരികുളം സെന്റ് ജോർജ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IC-1c1. പള്ളിപ്പറമ്പിൽ ജോസ് മകൻ ജിൻസ് (ഫാ. ജിൻസ് പള്ളിപ്പറമ്പിൽ OFM Cap)

ജോസിന്റെ ഏകമനായ ജിൻസ് കപ്പൂച്ചിൻ സഭയിൽ വൈദിക നാണ്. ഇപ്പോൾ കട്ടപ്പന ഇരുപതേക്കറിൽ സഭയുടെ മൈനർ സെമി നാരി അസി. റെക്ടറാണ്.

## IC-2. പള്ളിപ്പറമ്പിൽ ദേവസ്യാ മകൻ ചാക്കോ

ദേവസ്യായുടെ ആദ്യ വിവാഹത്തിലെ രണ്ടാമത്തെ മകനാണ് ചാക്കോ. ഇടുക്കി ജില്ലയിലെ മേരികുളത്താണ് താമസം. കർഷ കനാണ്. 25-09-1983 ൽ ചെമ്മലമറ്റം തയ്യിൽ കുര്യൻ മകൾ ചിന്നമ്മ (ഏലിക്കുട്ടി) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ. റോബിനും എബിനും. എബിൻ കാക്കനാട് നെസ്റ്റ് എന്ന കമ്പനിയിൽ ജോലിചെയ്യുന്നു.

## IC-2a. പള്ളിപ്പറമ്പിൽ ചാക്കോ മകൻ റോബിൻ

ചാക്കോയുടെ മൂത്തമകനാണ് റോബിൻ. ഉപ്പുതറ മാട്ടുതാവളം പൂക്കൊമ്പിൽ ചാക്കോ-മേരി ദമ്പതികളുടെ മകൾ ഷിനുവിനെ വിവാഹം ചെയ്തു. റോബിൻ കാക്കനാട് നെസ്റ്റ് എന്ന കമ്പനി യിൽ ജോലിചെയ്യുന്നു.

## IC-3. പള്ളിപ്പറമ്പിൽ ദേവസ്യാ മകൻ സെബാസ്റ്റ്യൻ

ദേവസ്യായുടെ രണ്ടാം വിവാഹത്തിൽ ഏലിയാമ്മയിൽ ജനിച്ച നാല് ആൺ മക്കളിൽ മൂത്ത മകനാണ് സെബാസ്റ്റ്യൻ. മേരികുളം ഇടക്കര ഏലിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക്

മൂന്ന് മക്കൾ. ഷാജി, മനോജ് എന്നീ ആൺമക്കളും സ്മിത ഏക മകളും. സ്മിതയെ ഇരട്ടയാർ നാങ്കുതൊട്ടി കൊട്ടാരംകുന്നേൽ മാത്യു-ലീലാമ്മ ദമ്പതികളുടെ മകൻ സോമി വിവാഹം ചെയ്തു. 4-7-2002 ൽ സെബാസ്റ്റ്യൻ മരിച്ചു. ഇടുക്കി നെല്ലിപ്പാറ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IC-3a. പള്ളിപ്പറമ്പിൽ സെബാസ്റ്റ്യൻ മകൻ ഷാജി

സെബാസ്റ്റ്യന്റെ മൂത്ത മകനാണ് ഷാജി. ഇടുക്കി ജില്ലയിലെ കാമാക്ഷിയിൽ താമസിച്ച് കൃഷി ചെയ്തുവരുന്നു. 5-1-1987 ൽ ഇരട്ടയാർ കുമ്പുളുവേലിൽ പാപ്പച്ചൻ (വർക്കി) മകൾ എൽസമ്മ (ഏലിയാമ്മ) യെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് ആൺമക്കൾ. ഡോൺ, അനൂപ്, അലന്റ്. അനൂപ് Bcomനുശേഷം കുവൈറ്റിൽ ജോലിചെയ്യുന്നു. അലന്റ്(ജോസഫ്) CMI സഭയിൽ വൈദികവിദ്യാർത്ഥിയാണ്.

## IC-3a1. പള്ളിപ്പറമ്പിൽ ഷാജി മകൻ ഡോൺ (ഫാ. ഡോൺ പള്ളിപ്പറമ്പിൽ CMI)

ഷാജിയുടെ മൂത്തമകനായ ഡോൺ CMI സഭയിൽ വൈദികനാണ്. ഇപ്പോൾ മൂവാറ്റുപുഴ കാർമ്മൽ പ്രൊവിൻസിൽ അംഗമാണ്.

## IC-3b. പള്ളിപ്പറമ്പിൽ സെബാസ്റ്റ്യൻ മകൻ മനോജ് (മാത്യു)

സെബാസ്റ്റ്യന്റെ രണ്ടാമത്തെ മകനാണ് മനോജ് (മാത്യു). ഇടുക്കി ജില്ലയിലെ നാലുമുക്കിലാണ് താമസം. കർഷകനാണ്. 19-4-1999-ൽ വെള്ളിയാംകുടി ഇടവകയിൽ കുന്നേപ്പറമ്പിൽ ജോസഫ് മകൾ ഷാന്റിയെ ജീവിത പങ്കാളിയായി തിരഞ്ഞെടുത്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. അലൻ, അലീന, അൽഫോൻസ. അലൻ CMI സഭയിൽ വൈദികവിദ്യാർത്ഥിയാണ്. അലീന, അൽഫോൻസ എന്നിവർ വിദ്യാർത്ഥിനികളാണ്.

## IC-4. പള്ളിപ്പറമ്പിൽ ദേവസ്യാ മകൻ കുഞ്ഞുവർക്കി

ദേവസ്യായുടെ നാലാമത്തെ മകനാണ് കുഞ്ഞുവർക്കി. ഇടുക്കി ജില്ലയിലെ മേരികുളത്താണ് താമസം. 4-01-1965 ൽ തൊപ്പിപ്പാള മണിക്കൊമ്പേൽ കുഞ്ഞാപ്പൻ (ജോസഫ്) മകൾ അന്നക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളും രണ്ട്

പെൺമക്കളും. മോളി, സ്വപ്ന എന്നിവരാണ് പെൺമക്കൾ. ബൈജു, സോബിൻ എന്നിവർ ആൺമക്കളും. മൂത്തമകൾ മോളിയെ കട്ടപ്പന പുതിയേടത്തുകുഴിയിൽ കുര്യൻ (തോവരയാർ പള്ളി ഇടവക) വിവാഹം ചെയ്തു. 17-08-1987 ൽ ആയിരുന്നു വിവാഹം. രണ്ടാമത്തെ മകൾ സ്വപ്ന (റോസമ്മ) യെ 7-04-1997 ൽ ഇടുക്കി ജില്ലയിലെ എഴുകുംവയൽ കാരക്കടയിൽ ഷാജി വിവാഹം ചെയ്തു.

## IC-4a. പള്ളിപ്പറമ്പിൽ കുഞ്ഞുവർക്കി മകൻ ബൈജു

കുഞ്ഞുവർക്കിയുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ബൈജു. 31-03-1968 ൽ ജനിച്ച ബൈജു, 8-8-1994 ൽ മരിച്ചു. മേരികുളം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IC-4b. പള്ളിപ്പറമ്പിൽ കുഞ്ഞുവർക്കി മകൻ സോബിൻ (ജോസഫ്)

കുഞ്ഞുവർക്കിയുടെ രണ്ടാമത്തെ മകനാണ് സോബിൻ (ജോസഫ്). കർഷകനായ സോബിൻ മേരികുളം ഇടവകയിലാണ് താമസം. 07-01-2008 ൽ ആനവിലാസം വെള്ളാരംകുന്ന് ഇടവക പേഴും കാട്ടിൽ മാത്യുവിന്റെ മകൾ റിന്റുവിനെ ജീവിത പങ്കാളിയായി സ്വീകരിച്ചു. ഈ ദമ്പതികൾക്ക് രണ്ടാൺകുട്ടികൾ. ഐബിൻ, മാത്യു. രണ്ടുപേരും വിദ്യാർത്ഥികളാണ്.

## IC-5. പള്ളിപ്പറമ്പിൽ ദേവസ്യാ മകൻ തൊമ്മച്ചൻ

ദേവസ്യായുടെ അഞ്ചാമത്തെ മകനാണ് തൊമ്മച്ചൻ. ഇടുക്കി ജില്ലയിലെ മേരികുളത്താണ് താമസം. 1967-ൽ വെള്ളാരംകുന്ന് വട്ടക്കുന്നേൻ ജോസഫ് മകൾ അച്ചാമ്മ(മറിയാമ്മ)യെ ജീവിതപങ്കാളിയായി സ്വീകരിച്ചു. ഈ ദമ്പതികൾക്ക് മൂന്നു പെൺ മക്കളും രണ്ട് ആൺ മക്കളുമടക്കം അഞ്ചു മക്കൾ. ബിജി, മിനി, ഷൈനി എന്നിവരാണ് പെൺമക്കൾ. ബിജു, ജോസ് എന്നിവർ ആൺ മക്കളും.

മൂത്ത മകൾ ബിജി (ഏലിയാമ്മ)യെ വാഴവര, പുളിയംകുന്നേൽ റോയി (മാനുവൽ) വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മിനി (റോസമ്മ)യെ അണക്കര വടക്കേൽ ബേബിച്ചൻ (തോമസ്) 1993-ൽ ജീവിത പങ്കാളിയായി സ്വീകരിച്ചു. മൂന്നാമത്തെ മകൾ ഷൈനിയെ വലിയ തോവാള അറയ്ക്കൽ കുഞ്ഞുമോൻ (മത്തായി) 1995-ൽ വിവാഹം ചെയ്തു.

## IC-5a. പള്ളിപ്പറമ്പിൽ തൊമ്മച്ചൻ മകൻ ബിജു

തൊമ്മച്ചന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ബിജു. ഇരട്ടയാർ പള്ളി ഇടവക മോർക്കാലായിൽ തോമസ് മകൾ സോഫി (ത്രേസ്യാമ്മ) യെ 29-11-1997 ൽ വിവാഹം ചെയ്തു. ഈ ദമ്പതി കൾക്ക് മൂന്ന് മക്കൾ. ബിന്റോ, ബിന്റു, ബിറ്റി. മൂവരും വിദ്യാർത്ഥിക ളാണ്.

## IC-5b. പള്ളിപ്പറമ്പിൽ തൊമ്മച്ചൻ മകൻ ജോസ് (ജോസഫ്)

തൊമ്മച്ചന്റെ രണ്ടാമത്തെ മകനാണ് ജോസ്. കീരിക്കര ഇട വക ചെറുവള്ളിയിൽ രാജി (മരിയ) യെ 2000 ൽ ജീവിത പങ്കാളി യായി സ്വീകരിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. നേഹ (മരിയ), നോയൽ (തോമസ്). ഇരുവരും വിദ്യാർത്ഥികളാണ്.

## IC-6. പള്ളിപ്പറമ്പിൽ ദേവസ്യാ മകൻ ഫിലിപ്പ്

ദേവസ്യായുടെ ഇളയ മകനാണ് ഫിലിപ്പ്. മുണ്ടക്കയം നരി ക്കാട്ട് കൊച്ച് (ജോസഫ്) മറിയക്കുട്ടി (മറിയം) ദമ്പതികളുടെ മകൾ ലീലാമ്മ(മേരിക്കുട്ടി)യെ 01-01-1973 ൽ വിവാഹം ചെയ്തു. മേരികു ളത്താണ് താമസം. കർഷകനാണ്. ഈ ദമ്പതികൾക്ക് ഒരു മകളും രണ്ട് ആൺ മക്കളുമടക്കം മൂന്ന് മക്കൾ. ജയ്മോൻ, ജോയ്സ് എന്നി വരാണ് ആൺമക്കൾ. ജൂബി ഏകമകളും. ജൂബി (ഏലിയാമ്മ)യെ കാഞ്ഞിരപ്പള്ളി ആനക്കല്ല് വെട്ടത്ത് റ്റോം (തോമസ്) 20-02-2011 ൽ വിവാഹം ചെയ്തു.

## IC-6a. പള്ളിപ്പറമ്പിൽ ഫിലിപ്പ് മകൻ ജയ്മോൻ

ഫിലിപ്പിന്റെ രണ്ട് ആൺ മക്കളിൽ മൂത്ത മകനാണ് ജയ്മോൻ. 22-4-96 ൽ വാഴത്തോപ്പ് മണിമലയിൽ തോമസ്-ത്രേസ്യാമ്മ ദമ്പ തികളുടെ മകൾ ഷൈനിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും ഒരാണും. ആൽബറ്റ് (മരിയ), ആൽബിൻ (ഫിലിപ്പ്), അനിറ്റ് (തെരേസ). മൂന്നുപേരും വിദ്യാർത്ഥികളാണ്.

## IC-6b. പള്ളിപ്പറമ്പിൽ ഫിലിപ്പ് മകൻ ജോയ്സ് (ജോസഫ്)

ഫിലിപ്പിന്റെ രണ്ടാമത്തെ മകനാണ് ജോയ്സ്. തെക്കേമല കല്ലമ്മാരുകുന്നേൽ വർഗീസ് മകൾ സാന്റി(റോസമ്മ)യെ 04-05 -1998-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അമൽ (ഫിലിപ്പ്), അലൻ (ജോർജ്). ഇരുവരും വിദ്യാർത്ഥികളാണ്.

## II. പള്ളിപ്പറമ്പിൽ തൊമ്മൻ മകൻ ദേവസ്യാ

തൊമ്മന്റെ രണ്ടാമത്തെ മകനാണ് ദേവസ്യാ. പ്രവിത്താനം നരിക്കാട്ട് മറിയത്തെ വിവാഹംചെയ്തു. ഈരാറ്റുപേട്ട-കാഞ്ഞിര പ്പള്ളി ഹൈവേയിൽ വെയിൽകാണാംപാറയിൽ റോഡിന് മുകൾ ഭാഗത്തായിരുന്നു താമസം. ദേവസ്യക്ക് ഒരാണും മൂന്ന് പെണ്ണുമ ടക്കം നാല് മക്കൾ. ഏക മകൻ തൊമ്മൻ. റോസ, മറിയാമ്മ, കുഞ്ഞേലി എന്നിവരാണ് പെൺമക്കൾ. റോസമ്മയെ പൂഞ്ഞാർ വടക്കേലും മറിയാമ്മയെ കാരിക്കൂട്ടത്തും കുഞ്ഞേലിയെ തിടനാട് ചെമ്മരപ്പള്ളിലും വിവാഹം ചെയ്തു. ദേവസ്യായെയും മറിയ ത്തെയും തിടനാട് പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരി ക്കുന്നത്.

## II-A. പള്ളിപ്പറമ്പിൽ ദേവസ്യാ മകൻ തൊമ്മൻ

ദേവസ്യായുടെ ഏകമകനാണ് തൊമ്മൻ. പാതാഴ തെക്കേൽ അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് അഞ്ചു മക്കൾ. മൂന്ന് ആൺ മക്കളും രണ്ട് പെൺമക്കളും. കുഞ്ഞ് (പി. റ്റി. ജോസഫ്), കുഞ്ഞാ പ്പൻ (പി.റ്റി. ദേവസ്യാ), വർക്കിച്ചൻ (പി. റ്റി. ജോർജ്) എന്നിവ രാണ് ആൺ മക്കൾ. മാമ്മി, കുഞ്ഞുപെണ്ണ് എന്നിവർ പെൺ മക്ക ളും. മാമ്മിയെ തിടനാട് വടക്കേട്ട് കുഞ്ഞ് വിവാഹം ചെയ്തു. കുഞ്ഞുപെണ്ണിനെ ചേന്നാട് മുണ്ടിയാത്ത് പാപ്പച്ചൻ വിവാഹം ചെയ്തു. തൊമ്മന്റെ ഭാര്യ അന്ന 14-04-1985 ൽ മരിച്ചു. തൊമ്മൻ 14 -08-1995-ലും മരിച്ചു. രണ്ടുപേരെയും ഉപ്പുതോട് പള്ളി സെമിത്തേ രിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## IIA-1. പള്ളിപ്പറമ്പിൽ തൊമ്മൻ മകൻ കുഞ്ഞ് (പി.റ്റി. ജോസഫ്)

തൊമ്മന്റെ മൂത്തമകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന പി.റ്റി. ജോസഫ്. അരുവിത്തുറ ആലയ്ക്കപ്പറമ്പിൽ വർക്കി മകൾ അന്ന മ്മയെ വിവാഹം ചെയ്തു. ഇടുക്കി ജില്ലയിലെ ഉപ്പുതോട്ടിലാണ് താമസം. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് ആണും മുന്ന് പെണ്ണും. തൊമ്മച്ചൻ, ജോജ്ജുകുട്ടി എന്നിവരാണ് ആൺമക്കൾ. ആനി, മരിയ, മീന (ജീന) എന്നിവർ പെൺ മക്കളും. അന്നമ്മ 2-6 -2018-ൽ നിര്യാതയായി. ഉപ്പുതോട് സെന്റ് ജോസഫ്സ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മൂത്തമകൾ ആനി (അന്നക്കുട്ടി) യെ വിളക്കുമാടം കോഴികൊത്തിക്കൽ കുര്യൻ-മറിയക്കുട്ടി ദമ്പതികളുടെ മകൻ ബേബി വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മരിയ(മേരി)യെ പിഴക് കൈതയ്ക്കൽ സെബാസ്റ്റ്യൻ-മേരി മകൻ ജോണിയും ഈരാറ്റുപേട്ട കോടതിയിൽ ബഞ്ച് ക്ലാർക്കായ ഇളയമകൾ മീനയെ പൂഞ്ഞാർ വഴക്കുഴ സെബാസ്റ്റ്യൻ-റോസമ്മ മകൻ അനിലും വിവാഹം ചെയ്തു.

### IIA-1a. പള്ളിപ്പറമ്പിൽ കുഞ്ഞ് (പി.റ്റി. ജോസഫ്) മകൻ തൊമ്മച്ചൻ

കുഞ്ഞിന്റെ രണ്ട് ആൺ മക്കളിൽ മൂത്ത മകനാണ് തൊമ്മച്ചൻ. അരുവിത്തുറ വെയിൽകാണാംപാറയിലാണ് താമസം. കൃഷി കാര്യങ്ങളുമായി കഴിയുന്നു. അടുക്കം പൊട്ടനാനിയിൽ തൊമ്മൻ -മറിയം മകൾ കുട്ടിയമ്മ (ഏലി) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജിൽസ്, റ്റിൻസ് (ഉല്ലാസ്).

### IIA-1a1. പള്ളിപ്പറമ്പിൽ തൊമ്മച്ചൻ മകൻ ജിൽസ്

തൊമ്മച്ചന്റെ രണ്ട് ആൺ മക്കളിൽ മൂത്ത മകനാണ് ജിൽസ്. കോടനാട് ആലാട്ടുകുടി അബ്രാഹം-അച്ചാമ്മ മകൾ സ്വപ്ന (സാറ) യെ 10-06-2002 ൽ വിവാഹം ചെയ്തു. ഇരുവരും UK ൽ ജോലി ചെയ്യുന്നു. ജിൽസ്-സ്വപ്ന ദമ്പതികൾക്ക് രണ്ട് ആൺമക്കൾ ജോഷ്മോൻ (തോമസ്) നോയൽ (അബ്രാഹം). ഇരുവരും വിദ്യാർത്ഥികളാണ്.

### IIA-1a2. പള്ളിപ്പറമ്പിൽ തൊമ്മച്ചൻ മകൻ റ്റിൻസ് (ഉല്ലാസ്)

തൊമ്മച്ചന്റെ രണ്ടാമത്തെ മകനാണ് ഉല്ലാസ്. BSc നഴ്സിംഗ് പാസ്സായശേഷം UK-യിൽ ജോലിചെയ്യുന്നു. കുറുപ്പന്തറ അപ്പോഴിപ്പറമ്പിൽ ജോസഫ്-അന്നമ്മ മകൾ ഷിൻസിമോളെ വിവാഹം ചെയ്തു. രണ്ട് പെൺമക്കൾ. എലനമോൾ, നൊവേനമോൾ. ഇരുവരും വിദ്യാർത്ഥികളാണ്.

### IIA-1b. പള്ളിപ്പറമ്പിൽ കുഞ്ഞ് (പി.റ്റി. ജോസഫ്) മകൻ ജോർജുകുട്ടി

കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് ജോർജ്കുട്ടി. ഉപ്പ്തോട്ടിൽ താമസിക്കുന്നു. ബി.എസ്സ്.സി. ബിരുദധാരിയായ ഇദ്ദേഹം ട്രഷറി അക്കൗണ്ടന്റ് ആയി ജോലി ചെയ്യുന്നു. 15-09-1997 ൽ ആയിരുന്നു വിവാഹം. ഭാര്യ ജൂഡി (മേരി). ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ആൻ (അൻമരിയ), ആഗ്നസ് (ആഗ്നസ് മരിയ). ഇരുവരും വിദ്യാർത്ഥികളാണ്.

## IIA-2. പള്ളിപ്പറമ്പിൽ തൊമ്മൻ മകൻ കുഞ്ഞാപ്പൻ (പി.റ്റി. ദേവസ്യാ)

തൊമ്മന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞാപ്പൻ എന്ന് വിളിക്കുന്ന പി.റ്റി. ദേവസ്യാ. റമ്പാൻ എന്ന പേരിൽ അറിയപ്പെടുന്നു. അരുവിത്തുറ സെന്റ് ജോർജ് ഹൈസ്കൂളിൽ അനദ്ധ്യാപകനായിരുന്നു. ഇപ്പോൾ അരുവിത്തുറയിൽ ബിസ്സിനസ്സ് ചെയ്യുന്നു. കോട്ടയം പുത്തൻപറമ്പിൽ മാത്യു-കുട്ടിയമ്മ മകൾ കുഞ്ഞൂഞ്ഞമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺ മക്കൾ. സുരേഷ്, സന്തോഷ്. കുഞ്ഞൂഞ്ഞമ്മ മരിച്ചു. അരുവിത്തുറ സെന്റ് ജോർജ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IIA-2a. പള്ളിപ്പറമ്പിൽ പി.റ്റി. ദേവസ്യാ മകൻ സുരേഷ്

ദേവസ്യായുടെ മൂത്തമകനാണ് സുരേഷ്. നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ ഇന്ത്യാ ലിമിറ്റഡ് (NLCIL) എഞ്ചിനീയറാണ്. കങ്ങഴ, പത്തനാട്, മുരിക്കനാനിയ്ക്കൽ രാജൻ-പൊന്നമ്മ ദമ്പതികളുടെ മകൾ ബെറ്റിയെ വിവാഹം ചെയ്തു. രണ്ട് മക്കൾ. അശ്വിൻ, ഏയ്ഞ്ചൽ. അശ്വിൻ സൈനികസ്കൂളിൽ പഠിച്ച് മിലിട്ടറി ക്യാപ്റ്റനാണ്. ഏയ്ഞ്ചൽ ഡിഗ്രി വിദ്യാർത്ഥിനിയും.

## IIA-2b. പള്ളിപ്പറമ്പിൽ പി.റ്റി. ദേവസ്യാ മകൻ സന്തോഷ്

ദേവസ്യായുടെ രണ്ടാമത്തെ മകനാണ് സന്തോഷ്. തൃശൂരാണ് താമസം. ബിസിനസ്സ് ചെയ്യുന്നു. അരുവിത്തുറ പുത്തൻപുരയ്ക്കൽ തങ്കച്ചൻ-മേരി മകൾ ജയയാണ് ഭാര്യ. രണ്ട് പെൺമക്കൾ. ഗീതു, റബേക്ക. ഗീതുവിനെ ഇരിങ്ങാലക്കുട വള്ളിവട്ടം ചേലക്കാട്ടുപറമ്പിൽ ജോണി-മേഴ്സി ദമ്പതികളുടെ മകൻ അലൻ വിവാഹംചെയ്തു. ഗീതു ബാംഗ്ലൂരിൽ എഞ്ചിനീയറാണ്. റബേക്ക എറണാകുളത്ത് BBA വിദ്യാർത്ഥിയാണ്. സിനിമാ, സീരിയൽ ആർട്ടിസ്റ്റാണ്.

## IIA-3. പള്ളിപ്പറമ്പിൽ തൊമ്മൻ മകൻ വർക്കിച്ചൻ (പി.റ്റി. ജോർജ്)

തൊമ്മന്റെ മൂന്നാമത്തെ മകനാണ് വർക്കിച്ചൻ എന്ന് വിളിക്കുന്ന പി.റ്റി. ജോർജ്. പൊതുപ്രവർത്തകനാണ്. വർക്കിച്ചനും കുടുംബവും ഉപ്പുതോട്ടിലാണ് താമസം. ഉപ്പുതോട് ഗ്രാമപഞ്ചായത്ത് മെമ്പറായിരുന്നു. നെല്ലിപ്പാറ മണിയംപ്രായിൽ കൊച്ചിന്റെ മകൾ ഏലിക്കുട്ടിയെ 19-10-1970 ൽ വിവാഹം ചെയ്തു. 2-11-2005 ൽ വർക്കി

ച്ചൻ മരിച്ചു. ഉപ്പുതോട് പള്ളിസെമിത്തേരിയിലാണ് സംസ്കരിച്ചി രിക്കുന്നത്. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും. ഒരാണും. ഷേർളി, ബീന എന്നിവരാണ് പെൺമക്കൾ. സന്തേഷ് ഏകമകനും.

മൂത്ത മകൾ ഷേർളിയെ മുരിക്കാശ്ശേരി കൂനംമ്മാക്കൽ വർക്കി ച്ചൻ-ഏലിക്കുട്ടി മകൻ സജി വിവാഹം ചെയ്തു. രണ്ടാമത്തെ മക ളായ ബീനയെ ആലപ്പുഴ ജില്ലയിലെ എടത്വാ കണ്ടത്തിൽ കെന്നഡി വിവാഹം ചെയ്തു.

## IIA-3a. പള്ളിപ്പറമ്പിൽ വർക്കിച്ചൻ മകൻ സന്തോഷ്

വർക്കിച്ചന്റെ ഏക മകനാണ് സന്തോഷ്. ഉപ്പുതോടാണ് താമ സം. ആന്റോപുരം നരീക്കാട്ട് വർഗീസ്-അച്ചാമ്മ ദമ്പതികളുടെ മകൾ ഷൈബി (ത്രേസ്യാമ്മ) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. ഒരാണും മൂന്നു പെണ്ണും. ജോർജ് ക്ലമന്റ്, അഞ്ജന (എലിസബത്ത്), അഞ്ജു (റോസ്മേരി), ഹെലൻ (അൽഫോൻസ). നാലുപേരും വിദ്യാർത്ഥികളാണ്.

## III. പള്ളിപ്പറമ്പിൽ തൊമ്മൻ മകൻ ചാക്കോ

തൊമ്മന്റെ മൂന്നാമത്തെ മകനാണ് ചാക്കോ. കർഷകനായ ചാക്കോയും കുടുംബവും ചേന്നാടാണ് താമസം. അരുവിത്തുറ ഇടത്തിൽ മറിയാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് പെണ്ണും മൂന്ന് ആണും. റോസമ്മ, ത്രേസ്യാ എന്നിവരാണ് പെൺമക്കൾ. വർക്കി, ചാക്കോ, കുഞ്ഞ് (അബ്രാഹം) എന്നിവർ ആൺമക്കളും. മരണശേഷം ചാക്കോയെ അരുവിത്തുറ പള്ളി സെമി ത്തേരിയിലും ഭാര്യ മറിയാമ്മയെ ചേന്നാട് പള്ളി സെമിത്തേരിയി ലുമാണ് സംസ്കരിച്ചിരിക്കുന്നത്.

മൂത്തമകൾ റോസമ്മയെ ആലപ്പാട്ട് ചാക്കോ വിവാഹം ചെയ്തു. ഇടുക്കി ജില്ലയിലെ കൽത്തൊട്ടിയായിരുന്നു താമസം. മരണശേഷം ഇരുവരേയും കൽത്തൊട്ടിപ്പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. രണ്ടാമത്തെ മകളായ ത്രേസ്യായെ തിട നാട് ചോറ്റേൽ വിവാഹം ചെയ്തു.

## III A പള്ളിപ്പറമ്പിൽ ചാക്കോ മകൻ വർക്കി

ചാക്കോയുടെ മൂന്ന് ആൺ മക്കളിൽ മൂത്ത മകനാണ് വർക്കി. ഉള്ളനാട് സ്രാട്ടേൽ മറിയമാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട്

പെൺമക്കളും, രണ്ട് ആൺ മക്കളും. മാമ്മിയും അന്നമ്മയുമാണ് പെൺമക്കൾ. കുഞ്ഞുകുട്ടി, കുഞ്ഞാപ്പൻ എന്നിവർ ആൺ മക്കൾ. വർക്കിയേയും മറിയത്തേയും മരണശേഷം ചേന്നാട് പള്ളി സെമി ത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. മൂത്തമകൾ മാമ്മിയെ പൂഞ്ഞാർ ചെരിയംപുറത്ത് കുട്ടിയച്ചൻ വിവാഹം ചെയ്തു. രണ്ടാ മത്തെ മകൾ അന്നമ്മയെ കാസർഗോഡ് ആനക്കല്ല് എട്ടിയിൽ ജോസഫ് വിവാഹം ചെയ്തു.

## III A-1 പള്ളിപ്പറമ്പിൽ വർക്കി മകൻ കുഞ്ഞുകുട്ടി (ജോസഫ്)

വർക്കിയുടെ രണ്ട് ആൺ മക്കളിൽ മൂത്ത മകനാണ് കുഞ്ഞു കുട്ടി (ജോസഫ്). ചേന്നാട്ടുനിന്നും തീക്കോയി ശാന്തിഗിരിയിലേക്ക് താമസംമാറ്റി. ഇടുക്കി ജില്ലയിലെ നെറ്റിത്തൊഴു, വടക്കുംമുറിയിൽ കുഞ്ഞമ്മ (റോസമ്മ) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് ആൺ മക്കളും രണ്ട് പെൺ മക്കളും. സജി, ജോർജ് എന്നിവരാണ് ആൺ മക്കൾ. റെസി, ആൻസി എന്നിവർ പെൺമക്കളും. മൂത്ത മകൾ റെസി (മറിയം) യെ തീക്കോയി നമ്പു ടാകം ആന്റണി-മറിയക്കുട്ടി മകൻ സാവിയോ വിവാഹം ചെയ്തു. ആൻസി (അന്നമ്മ)യെ കാഞ്ഞിരപ്പള്ളി ചെങ്കല്ലേൽ ഇടവക പുളിമൂട്ടിൽ ദേവസ്യാ-ഏലിയാമ്മ മകൻ ബെന്നി (ഡൊമിനിക്) വിവാഹം ചെയ്തു.

## III A-1a. പള്ളിപ്പറമ്പിൽ കുഞ്ഞുകുട്ടി മകൻ സജി (തോമസ്)

കുഞ്ഞുകുട്ടിയുടെ മൂത്ത മകനാണ് സജി. ബിസിനസ്സുകാര നായ സജിയും കുടുംബവും ഡൽഹിയിലാണ് താമസം. തോപ്രാം കുടി തേനകരയിൽ ജോസഫ്-റോസമ്മ ദമ്പതികളുടെ മകളായ മിനു(അന്നമ്മ)വിനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അമന്റാ (റോസമ്മ)യെ അലൻ (ജോസഫ്) ഇരുവരും വിദ്യാർത്ഥികളാണ്.

## III A-1b. പള്ളിപ്പറമ്പിൽ കുഞ്ഞുകുട്ടി മകൻ ജോർജ് (ഫാ. ജോർജ് പള്ളിപ്പറമ്പിൽ PIME)

കുഞ്ഞുകുട്ടിയുടെ രണ്ട് ആൺമക്കളിൽ ഇളയമകനാണ് ജോർജ്. PIME സഭയിൽ വൈദികനായി അമേരിക്കയിൽ സേവനമ നുഷ്ഠിക്കുന്നു.

## III A-2. പള്ളിപ്പറമ്പിൽ വർക്കി മകൻ കുഞ്ഞാപ്പൻ (ചാക്കോ)

വർക്കിയുടെ രണ്ടാമത്തെ മകനാണ് കുഞ്ഞാപ്പൻ. ചിങ്ങവനം ആഞ്ഞിലിമൂട്ടിൽ ചാക്കോ-നൈതോമ്മാ ദമ്പതികളുടെ മകളായ മോളമ്മ (ഏലിയാമ്മ) യെ 09-02-1986 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ. മാക്സിൻ (ജോർജ്), ടിക്സൻ (ചാക്കോ). മാക്സിൻ നഴ്സായി ഡൽഹിയിൽ ജോലി ചെയ്യുന്നു. ടിക്സൻ അബുദാബിയിൽ ജോലിചെയ്യുന്നു.

## IIIA-2a. പള്ളിപ്പറമ്പിൽ കുഞ്ഞാപ്പൻ (ചാക്കോ) മകൻ മാക്സിൻ

കുഞ്ഞാപ്പന്റെ മൂത്തമകനാണ് മാക്സിൻ. നഴ്സായ മാക്സിൻ ഡൽഹിയിൽ ജോലിചെയ്യുന്നു. തെങ്ങണ കുറുമ്പനാടം കരിപ്പാൽ എ.കെ. ശ്രീധരൻ-മണിയമ്മ ദമ്പതികളുടെ മകൾ മരിയ (സീമ)യെ വിവാഹം ചെയ്തു.

## IIIB. പള്ളിപ്പറമ്പിൽ ചാക്കോ മകൻ ചാക്കോ

ചാക്കോയുടെ രണ്ടാമത്തെ മകനാണ് ചാക്കോ. അവിവാഹിതനായ ചാക്കോ 24-02-1994-ൽ 82-ാം വയസ്സിൽ മരിച്ചു. ചേന്നാട് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IIIC. പള്ളിപ്പറമ്പിൽ ചാക്കോ മകൻ കുഞ്ഞ് (അബ്രാഹം)

ചാക്കോയുടെ മൂന്നാമത്തെ മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന അബ്രാഹം. ചേന്നാട് കൊല്ലംകുന്നേൽ ജോസഫ്-ബ്രിജിത്ത് ദമ്പതികളുടെ മകൾ മാമ്മി (മറിയാമ്മ) യെ വിവാഹം ചെയ്തു. ചേന്നാടാണ് താമസം. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. അഞ്ച് ആൺ മക്കളും രണ്ട് പെൺമക്കളും. പാപ്പച്ചി, ജോയി, അപ്പച്ചൻ, ടോമി, ജോർജ് എന്നിവരാണ് ആൺ മക്കൾ. അച്ചാമ്മ, റോസമ്മ എന്നിവർ പെൺമക്കളും. അച്ചാമ്മയെ ചിറ്റാനപ്പാറ മേനാച്ചേരിൽ ജോസഫ് വിവാഹം ചെയ്തു. റോസമ്മയെ കല്ലേക്കുളം മുതുപേഴത്തുങ്കൽ വർക്കി മകൻ തോമസ് വിവാഹം ചെയ്തു. 19-09-2005 ൽ കുഞ്ഞ് 84-ാം വയസ്സിൽ മരിച്ചു. ഭാര്യ മാമ്മി 25-01-2013-ലും മരിച്ചു. ഇരുവരെയും ചേന്നാട് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IIIC-1. പള്ളിപ്പറമ്പിൽ കുഞ്ഞ് (അബ്രാഹം) മകൻ പാപ്പച്ചി (ചാക്കോ)

കുഞ്ഞിന്റെ അഞ്ച് ആൺമക്കളിൽ മൂത്തമകനാണ് പാപ്പച്ചി എന്ന് വിളിക്കുന്ന ചാക്കോ. കുറിച്ചിത്താനം നാരകത്തുങ്കൽ വർക്കി

-മറിയം ദമ്പതികളുടെ മകൾ ആലീസി(അന്ന)നെ വിവാഹം ചെയ്തു. ചേന്നാടാണ് താമസം. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് പെണ്ണും രണ്ട് ആണും. മിനി (മറിയം), റാണി (കൊച്ചുത്രേസ്യാ) എന്നിവരാണ് പെൺ മക്കൾ. ബെന്നി (അബ്രാഹം), ബിജു (വർക്കി) എന്നിവർ ആൺ മക്കളും. മൂത്ത മകളായ മിനിയെ കാഞ്ഞിരപ്പള്ളി പള്ളിയമ്പികുന്നേൽ തോമസ്-കത്രിനാ ദമ്പതികളുടെ മകൻ ഷാജി (ദേവസ്യാ) 13-04-1998 ൽ വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ റാണി (കൊച്ചുത്രേസ്യാ) യെ വെള്ളികുളം കുന്നേൽ ആന്റണി-മേരി ദമ്പതികളുടെ മകൻ സിബി (കുര്യാക്കോസ്) വിവാഹം ചെയ്തു.

### IIIC-1a. പള്ളിപ്പറമ്പിൽ പാപ്പച്ചി (ചാക്കോ) മകൻ ബെന്നി (അബ്രാഹം)

പാപ്പച്ചിയുടെ രണ്ട് ആൺ മക്കളിൽ മൂത്ത മകനാണ് ബെന്നി. ചേന്നാടാണ് താമസം. മണലുങ്കൽ കുട്ടിച്ചൻ-മേരി ദമ്പതികളുടെ മകൾ ഷൈനി(അന്ന)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. അലൻ എന്ന മകനും, ആൻമരിയ എന്ന മകളും. ഇരുവരും വിദ്യാർത്ഥികളാണ്.

### IIIC-1b. പള്ളിപ്പറമ്പിൽ പാപ്പച്ചി (ചാക്കോ) മകൻ ബിജു (വർക്കി)

പാപ്പച്ചിയുടെ രണ്ടാമത്തെ മകനാണ് ബിജു. ചേന്നാടാണ് താമസം. കളത്തുക്കടവ് മാണിക്കാത്തുകുന്നേൽ ജോയി-മേരി ദമ്പതികളുടെ മകൾ ജോളി (ബ്രിജിത്ത്) നെ 3-9-2005 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. സോന (അന്ന), സോണി, സോഫി. മൂന്നുപേരും വിദ്യാർത്ഥികളാണ്.

### IIIC-2. പള്ളിപ്പറമ്പിൽ കുഞ്ഞ് (അബ്രാഹം) മകൻ ജോയി

കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് ജോയി. ചേന്നാടാണ് താമസം. മല്ലികശ്ശേരി ഇല്ലിക്കൽ ദേവസ്യാ-മേരി ദമ്പതികളുടെ മകൾ ചിന്നമ്മ(അന്നമ്മ)യെ 05-09-1983 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ജോബി (അബ്രാഹം), ജിബി (ദേവസ്യാ), ജിജി (മറിയം). ജിജിയെ അടിമാലി ചിന്നാർ മുണ്ടയ്ക്കൽ റിന്റു (ജോൺ) വിവാഹം ചെയ്തു.

### IIIC-2a. പള്ളിപ്പറമ്പിൽ ജോയി മകൻ ജോബി

ജോയിയുടെ മൂത്തമകനാണ് ജോബി. നിലമ്പൂർ മഠത്തിക്കുന്നേൽ അബ്രാഹം-ഡെയ്സി മകൾ അമ്പിളിയെ വിവാഹം ചെയ്തു.

ജോബി ദുബായിൽ ജോലിചെയ്യുന്നു. ഇവർക്ക് ഒരുമകൾ. കാത റിൻ അന്ന ജോബി.

## IIIC-2b. പള്ളിപ്പുറമ്പിൽ ജോയി മകൻ ജിബി

ജോയിയുടെ ഇളയമകനാണ് ജിബി (ദേവസ്യ). അവിവാഹി തനാണ്. കർഷകനാണ്. ചേന്നാടാണ് താമസം.

## IIIC-3. പള്ളിപ്പുറമ്പിൽ കുഞ്ഞ് (അബ്രാഹം) മകൻ അപ്പച്ചൻ (ജോസഫ്)

കുഞ്ഞിന്റെ മൂന്നാമത്തെ മകനാണ് അപ്പച്ചൻ എന്ന് വിളിക്കുന്ന ജോസഫ്. ചേന്നാടാണ് താമസം. പൂഞ്ഞാർ മ്യാലിൽ ആന്റണി-അന്നമ്മ ദമ്പതികളുടെ മകൾ കുഞ്ഞുമോ(അന്നമ്മ) ളെ 26-12-1983ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. അനു (അൽഫോൻസ), ലിനു (മറിയം). അപ്പച്ചൻ 20-04-2012-ൽ മരിച്ചു. ചേന്നാട് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IIIC-4. പള്ളിപ്പുറമ്പിൽ കുഞ്ഞ് മകൻ ടോമി

കുഞ്ഞിന്റെ നാലാമത്തെ മകനാണ് ടോമി. അവിവാഹിതനാ യിരുന്നു. 24-ാം വയസിൽ മരിച്ചു. ചേന്നാട് ദൈവാലയ സെമി ത്തേരിയിൽ സംസ്കരിച്ചു.

## IIIC-5. പള്ളിപ്പുറമ്പിൽ കുഞ്ഞ് മകൻ ജോർജ്

കുഞ്ഞിന്റെ അഞ്ചാമത്തെ മകനാണ് ജോർജ്. ചേന്നാടാണ് താമസം. കുമരകം കൂട്ടുമ്മേൽ പാപ്പച്ചൻ-കുഞ്ഞമ്മ ദമ്പതികളുടെ മകൾ ജയിനമ്മ (ത്രേസ്യാമ്മ) യെ 9-05-1996 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. മരിയ (മറിയം), ആൽബിൻ (അബ്രാഹം), ഐഡാ (കത്രീനാ). മൂവരും വിദ്യാർത്ഥികൾ.

## IV. പള്ളിപ്പുറമ്പിൽ തൊമ്മൻ മകൻ തൊമ്മൻ (കൊച്ചുകൊച്ച്)

പള്ളിപ്പുറമ്പിൽ തൊമ്മന്റെ ഇളയ മകനാണ് കൊച്ചുകൊച്ച് എന്ന് വിളിക്കുന്ന തൊമ്മൻ. അരുവിത്തുറ വെയിൽകാണാംപാറ യിലാണ് താമസം. കല്ലുംതലയ്ക്കൽ പുരയിടത്തിൽ താമസമാരം ഭിച്ച തൊമ്മൻ മുതലാണ് കല്ലുംതലയ്ക്കൽ ശാഖയുടെ ആരംഭം. അരുവിത്തുറ തെങ്ങുംമൂട്ടിൽ റോസയെ ജീവിത സഖിയായി സ്വീക രിച്ചു. തൊമ്മൻ-റോസ ദമ്പതികൾക്ക് ഒൻപത് മക്കൾ. അഞ്ച് ആൺ

മക്കളും നാല് പെൺമക്കളും. ഔസേപ്പ് (കുഞ്ഞേപ്പ്), തൊമ്മൻ (കൊച്ച്), വർക്കി (കുഞ്ഞുവർക്കി), ദേവസ്യാ (കുഞ്ഞൂഞ്ഞ്), മാണി (കുട്ടി) എന്നിവരാണ് ആൺമക്കൾ. മാമ്മി, അന്നമ്മ, മറിയാമ്മ, കുഞ്ഞേലി എന്നിവർ പെൺമക്കളും. 1951-ൽ റോസ മരിച്ചു. 21-02 -1958-ൽ തൊമ്മനും മരിച്ചു. ഇരുവരെയും അരുവിത്തുറ പള്ളി സെമി ത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

മൂത്ത മകൾ മാമ്മിയെ തലപ്പലം വെട്ടുകാട്ടിൽ കുഞ്ഞലോ വിവാഹം ചെയ്തു. സി. ഇഗ്നേഷ്യ CMC കുഞ്ഞലോ-മാമ്മി ദമ്പതി കളുടെ മകളാണ്. രണ്ടാമത്തെ മകളായ അന്നമ്മയെ അരുവിത്തുറ പുത്തൻവീട്ടിൽ ചാക്കോ വിവാഹം ചെയ്തു. സി. ജോസഫാ PSA, സി. ഗ്രാസിയ PSA, സി. ലീനൂസ് SH എന്നിവർ ചാക്കോ-അന്നമ്മ ദമ്പതികളുടെ മക്കളാണ്. മൂന്നാമത്തെ മകൾ മറിയാമ്മയെ ഉള്ളനാട് ഒരപ്പൂഴിക്കൽ മത്തായി വിവാഹം ചെയ്തു. നാലാമത്തെ മകളായ കുഞ്ഞേലിയെ ചെമ്മലമറ്റം ഏറത്ത് കൊച്ച് വിവാഹം ചെയ്തു. സി. ലൂസി SABS കൊച്ച്-കുഞ്ഞേലി ദമ്പതികളുടെ മകളാണ്.

## IV A. കല്ലുംതലയ്ക്കൽ (പള്ളിപ്പറമ്പിൽ) തൊമ്മൻ മകൻ ഔസേപ്പ് (കുഞ്ഞേപ്പ്)

തൊമ്മൻ (കൊച്ചുകൊച്ച്) ന്റെ അഞ്ച് ആൺ മക്കളിൽ മൂത്ത മകനാണ് കുഞ്ഞേപ്പ് എന്ന് വിളിക്കുന്ന ഔസേപ്പ്. വെയിൽകാണാം പാറ മൂഴിയാങ്കൽ മറിയത്തെ വിവാഹം ചെയ്തു. വെയിൽകാണാം പാറ കല്ലുംതലയ്ക്കൽ നിന്നും നടയ്ക്കലിലേക്ക് താമസം മാറ്റി. കുഞ്ഞേപ്പിന് രണ്ട് ആണും മൂന്ന് പെണ്ണുമടക്കം അഞ്ച് മക്കൾ. മാമ്മി, ത്രേസ്യാ, മറിയക്കുട്ടി എന്നിവരാണ് പെൺമക്കൾ. തൊമ്മൻ (കൊച്ച്), വർക്കി (കുഞ്ഞ്) എന്നിവരാണ് ആൺമക്കൾ.

ഇളയമകൾ മറിയക്കുട്ടി മുപ്പത്തഞ്ചാം വയസ്സിൽ 22-4-1970-ൽ മരിച്ചു. അരുവിത്തുറ പള്ളിയിലാണ് സംസ്കരിച്ചിരിക്കുന്നത്. മൂത്ത മകൾ മാമ്മിയെ തീക്കോയി കടപ്ലാക്കൽ മത്തായിയും രണ്ടാമത്തെ മകൾ ത്രേസ്യായെ പൂഞ്ഞാർ അമ്പാട്ട് പി.ഐ. മത്തായിയും (കുട്ടി) വിവാഹം ചെയ്തു. 12-2-1965-ൽ മറിയവും 20-10-1978-ൽ കുഞ്ഞേപ്പും മരിച്ചു. ഇരുവരെയും അരുവിത്തുറപള്ളി സെമിത്തേ രിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## IV A-1. പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) കുഞ്ഞേപ്പ് മകൻ തൊമ്മൻ (കൊച്ച്)

കുഞ്ഞേപ്പിന്റെ മക്കളിൽ മൂത്ത മകനാണ് കൊച്ച് എന്ന് വിളിക്കുന്ന തൊമ്മൻ. കാസർഗോഡ് നാട്ടക്കല്ല് ആയിരുന്നു താമസം. പൂഞ്ഞാർ ചേരുമല ചെറ്റകാരിക്കൽ മറിയമാണ് ഭാര്യ. ഈ ദമ്പതികൾക്ക് അഞ്ചു മക്കൾ. മൂന്ന് പെൺമക്കളും രണ്ട് ആൺ മക്കളും. മേരി, സി. റോസമ്മ, ചിന്നമ്മ എന്നിവർ പെൺമക്കൾ. കുട്ടി, വർക്കിച്ചൻ എന്നിവർ ആൺമക്കളും. 02-04-1995-ൽ കൊച്ച് മരിച്ചു. നാട്ടക്കല്ല് വള്ളിക്കടവ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. മൂത്തമകൾ മേരിയെ പുല്ലൂരാംപാറ പുളിമൂട്ടിൽ ജോസ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ റോസമ്മ (Sr. ലിസിയ) PSA സന്ന്യസ്ത സഭയിൽ അംഗമാണ്. രാജസ്ഥാനിലെ കോട്ടയിൽ നഴ്സായി സേവനം അനുഷ്ഠിക്കുന്നു. മൂന്നാമത്തെ മകൾ ചിന്നമ്മയെ പുല്ലൂരാംപാറ കളത്തൂർ ജോണി വിവാഹം ചെയ്തു.

## IV A-1a. പള്ളിപ്പറമ്പിൽ തൊമ്മൻ (കൊച്ച്) മകൻ കുട്ടി

തൊമ്മന്റെ (കൊച്ച്) മൂത്തമകനാണ് കുട്ടി. അവിവാഹിതനാണ്. കാസർഗോഡ് എണ്ണപ്പാറ സർക്കാറിയയിൽ അനിയൻ വർക്കിച്ചനൊപ്പം താമസിക്കുന്നു.

## IV A-1b. പള്ളിപ്പറമ്പിൽ തൊമ്മൻ (കൊച്ച്) മകൻ വർക്കിച്ചൻ

തൊമ്മന്റെ (കൊച്ച്) രണ്ടാമത്തെ മകനാണ് വർക്കിച്ചൻ. കാസർഗോഡ് എണ്ണപ്പാറ സർക്കാരിയയിൽ താമസിക്കുന്നു. സർക്കാരിയയിൽ ബിസിനസ് നടത്തുന്നു. പുല്ലൂരാംപാറ കളത്തൂർ തോമസ്-അച്ചാമ്മ ദമ്പതികളുടെ മകൾ തെയ്യാമ്മയെ വിവാഹംചെയ്തു. വർക്കിച്ചൻ-തെയ്യാമ്മ ദമ്പതികൾക്ക് മൂന്ന് മക്കൾ. ജാസ്മിൻ ഏകമകളും ഡെലീഷ്, ചാൾസ് എന്നിവർ ആൺമക്കളും. ജാസ്മിനെ എണ്ണപ്പാറ മാപ്പിളപറമ്പിൽ ജോസഫ്-മേരി ദമ്പതികളുടെ മകൻ ജോസ് വിവാഹം ചെയ്തു.

## IV A-1b1. പള്ളിപ്പറമ്പിൽ വർക്കിച്ചൻ മകൻ ഡെലീഷ്

വർക്കിച്ചന്റെ മൂത്തമകനാണ് ഡെലീഷ്. എണ്ണപ്പാറ സർക്കാരിയയിൽ താമസിക്കുന്നു. ഏറെ വർഷം ഗൾഫിൽ ജോലി ചെയ്തു. ഇപ്പോൾ പെരുമ്പാവൂരിലാണ് ജോലി. ചെമ്പേരി അരീക്കമല

മുക്കാംകുഴി ദേവസ്യാ-മേരി മകൾ ഷിംനയെ വിവാഹം ചെയ്തു. ഡെലീഷ്-ഷിംന ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് ആണും ഒരു പെണ്ണും. അഭിനവ്, അഭിഷേക് എന്നിവരാണ് ആൺമക്കൾ. ആൻമരിയ ഏകമകളും.

## IV A-1b2. പള്ളിപ്പുറമ്പിൽ വർക്കിച്ചൻ മകൻ ചാൾസ്

വർക്കിച്ചന്റെ രണ്ടാമത്തെ മകനാണ് ചാൾസ്. എണ്ണപ്പാറ സർക്കാരിയയിൽ താമസിക്കുന്നു. കുവൈറ്റിൽ ജോലിചെയ്യുന്നു. പുല്ലൂരാംപാറ വരിക്കാനിയ്ക്കൽ ജോയി-മേരി ദമ്പതികളുടെ മകൾ ഒലിവിയായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടാൺമക്കൾ. പി.സി. ജോർജ്, രൂപൻ.

## IV A-2. പള്ളിപ്പുറമ്പിൽ (കല്ലുംതലയ്ക്കൽ) കുഞ്ഞേപ്പ് മകൻ വർക്കി (കുഞ്ഞ്)

കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന വർക്കി. നടയ്ക്കലാണ് താമസം. മണിയംകുളം അരിമറ്റത്തിൽ കുഞ്ഞേപ്പ്-മാമ്മി ദമ്പതികളുടെ മകൾ ഏലിക്കുട്ടിയെ 18-02-1957-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് ആണും രണ്ട് പെണ്ണും. ജോസ്, റോയി (ജോർജ്) എന്നിവരാണ് ആൺ മക്കൾ. മോളി, മായ എന്നിവർ പെൺ മക്കളും. മൂത്ത മകൾ മോളിയെ കടനാട് പൂവത്തുങ്കൽ മാത്യു-അന്നമ്മ മകൻ റ്റോമി (തോമസ്) യും രണ്ടാമത്തെ മകളായ മായ (റോസ) യെ ചേന്നാട് അരിമറ്റം മാത്യു -മാമ്മി ദമ്പതികളുടെ മകൻ അപ്പച്ചൻ (ഫ്രാൻസിസ്) ഉം വിവാഹം ചെയ്തു.

## IV A-2a. പള്ളിപ്പുറമ്പിൽ വർക്കി (കുഞ്ഞ്) മകൻ ജോസ് (ജോസഫ്)

കുഞ്ഞിന്റെ രണ്ട് ആൺ മക്കളിൽ മൂത്തമകനാണ് ജോസ് (ജോസഫ്). തൊടുപുഴ കലയന്താനിയിലാണ് താമസം. മൂന്നിലവ് പാറയിൽ പാപ്പച്ചൻ (ദേവസ്യാ)-ഗ്രേസി (റോസ) മകൾ റ്റെസി (ഏലീശ്വാ) യെ 14-05-1984 ൽ വിവാഹം ചെയ്തു. ജോസ്-റ്റെസി ദമ്പതികൾക്ക് ചിഞ്ചു (എലിസബത്ത്), സോനു (ജോർജ്) എന്നീ രണ്ട് മക്കൾ. ചിഞ്ചുവിനെ കൊല്ലം ചക്കുവള്ളി പടിഞ്ഞാട്ടുകിഴക്കേൽ മാത്യു-വത്സമ്മ മകൻ ഷാജൻ വിവാഹം ചെയ്തു. സോനു Bcomന് ശേഷം മുംബൈയിൽ ജോലി ചെയ്യുന്നു.

## IV A-2b. പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) വർക്കി (കുഞ്ഞ്) മകൻ റോയി (ജോർജ്)

കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് റോയി (ജോർജ്). നീറന്താനം ഇടത്തട്ടാംകുന്നേൽ ജോസഫ്-ത്രേസ്യാമ്മ ദമ്പതികളുടെ മകൾ ഷൈനി (അന്ന)യെ 22-06-1996 ൽ വിവാഹം ചെയ്തു. ഹയർ സെക്കന്ററി അദ്ധ്യാപകനായ റോയി മൂവാറ്റുപുഴ TTHSS ൽ ജോലിചെയ്യുന്നു. ഭാര്യ ഷൈനി മൂന്നിലവ് സെന്റ് പോൾസ് H.S.Sൽ അദ്ധ്യാപികയാണ്. റോയി-ഷൈനി ദമ്പതികൾക്ക് രണ്ട് മക്കൾ. ക്രിസ്റ്റി (എലിസബത്ത്), ക്രിസ്റ്റോ (ജോർജ്). ക്രിസ്റ്റി ഡിഗ്രി വിദ്യാർത്ഥിനിയും ക്രിസ്റ്റോ ബി.ടെക് വിദ്യാർത്ഥിയുമാണ്.

## IV B. പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) തൊമ്മൻ (കൊച്ചുകൊച്ച്) മകൻതൊമ്മൻ (കൊച്ച്)

തൊമ്മൻ (കൊച്ചുകൊച്ച്) ന്റെ രണ്ടാമത്തെ മകനാണ് കൊച്ച് എന്ന് വിളിക്കുന്ന തൊമ്മൻ. ഉപ്പുതോട്ടിലാണ് താമസം. തിടനാട് കളത്തൂർ കുടുംബാംഗമായ മറിയം ആണ് ഭാര്യ. കൊച്ചിന് രണ്ട് ആൺ മക്കളും, മൂന്ന് പെൺ മക്കളും. ജോസഫ് (കുഞ്ഞാപ്പൻ), ദേവസ്യാ (കുഞ്ഞ്) എന്നിവരാണ് ആൺ മക്കൾ. മാമ്മി (മറിയം), റോസ (കുട്ടി), അന്നമ്മ എന്നിവർ പെൺ മക്കളും. മാമ്മിയെ ഉപ്പുതോട് അത്യാലിൽ ജോസഫ് (കൊച്ച്)ഉം, റോസ (കുട്ടി)യെ നെടുങ്കണ്ടം വലിയപറമ്പിൽ ചാക്കോയും, അന്നമ്മയെ നെടുങ്കണ്ടം കല്ലാനിക്കൽ തോമസും വിവാഹം ചെയ്തു. 55-ാം വയസ്സിൽ മറിയം മരിച്ചു. ഉപ്പുതറ സെന്റ് ഫിലോമിനസ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. 89-ാം വയസ്സിൽ തൊമ്മനും മരിച്ചു. ഉപ്പുതോട് സെന്റ് ജോസഫ്സ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IV B-1. പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) കൊച്ച് മകൻ ജോസഫ് (കുഞ്ഞാപ്പൻ)

കൊച്ചിന്റെ മൂത്ത മകനാണ് കുഞ്ഞാപ്പൻ എന്ന് വിളിക്കുന്ന ജോസഫ്. കണ്ണൂർ ജില്ലയിൽ വെമ്പുവയിലാണ് താമസം. തീക്കോയി കുന്നത്ത് ബ്രിജിത്തായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് ആൺ മക്കളും ഒരു മകളും. തൊമ്മച്ചൻ, കുഞ്ഞൂഞ്ഞ് (ജോസഫ്), പാപ്പച്ചൻ, കുട്ടിയച്ചൻ എന്നിവരാണ് ആൺ മക്കൾ.

മറിയക്കുട്ടി ഏക മകളും. മറിയക്കുട്ടിയെ ഇടുക്കി ജില്ലയിൽ തോവര യാർപള്ളി ഇടവക ഇളംതുരുത്തിയിൽ അപ്പച്ചൻ വിവാഹം ചെയ്തു. കുഞ്ഞാപ്പൻ 12-09-2007-ലും ഭാര്യ ബ്രജീത്ത 26-12-2013-ലും മരിച്ചു. ഇരുവരെയും വെമ്പുവ മാർ സ്ലീവാ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IV B-1a. പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) കുഞ്ഞാപ്പൻ മകൻ തൊമ്മച്ചൻ

കുഞ്ഞാപ്പന്റെ മൂത്ത മകനാണ്. തൊമ്മച്ചൻ. കണ്ണൂർ ജില്ലയിൽ പൈസക്കരിയിലാണ് താമസം. ഫാർമസിസ്റ്റായിരുന്നു. കോട്ടയം ജില്ലയിൽ തീക്കോയി പനച്ചിയ്ക്കവയലിൽ (പോർക്കാട്ടിൽ) സെബാസ്റ്റ്യൻ-ത്രേസ്യാമ്മ ദമ്പതികളുടെ മകൾ പെണ്ണമ്മ (റോസമ്മ)യെ 27-05-1968 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് പെൺ മക്കളും രണ്ട് ആൺ മക്കളും. മോളി, ലാലി എന്നിവർ പെൺ മക്കളും. ജോസ്, സെബിൻ എന്നിവർ ആൺ മക്കളും. മോളി UKയിൽ നഴ്സാണ്. കണ്ണൂർ ജില്ലയിൽ നീണ്ടുനോക്കി ഇടവകയിൽ വാണിയപ്പുരയ്ക്കൽ ബെന്നി (ജോസഫ്) വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ലാലി കാനഡയിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു. കണ്ണൂർ ജില്ലയിൽ എടൂർ ഇടവകയിൽ നെടിയംതേട്ട് ബെന്നി (തോമസ്) വിവാഹം ചെയ്തു.

## IV B-1a1. പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) തൊമ്മച്ചൻ മകൻ ജോസ് (ജോസഫ്)

തൊമ്മച്ചന്റെ രണ്ട് ആൺ മക്കളിൽ മൂത്ത മകനാണ് ജോസ്. മെക്കാനിക്കൽ എഞ്ചിനീയറായി UAEയിൽ ജോലി ചെയ്യുന്നു. കണ്ണൂർ ജില്ലയിൽ പൈസക്കരി കുഞ്ഞിപ്പറമ്പ്, വാളിപ്ലാക്കൽ സന്ധ്യ(ഏലിക്കുട്ടി)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ആൻ ജോസ്, ഐവാൻ ജോസ്. രണ്ടുപേരും വിദ്യാർത്ഥികൾ.

## IV B-1a2. പള്ളിപ്പറമ്പിൽ(കല്ലുംതലയ്ക്കൽ) തൊമ്മച്ചൻ മകൻ സെബിൻ

തൊമ്മച്ചന്റെ ഇളയ മകനാണ് സെബിൻ. മെയിൽ നഴ്സായി ഇറ്റലിയിൽ ജോലി ചെയ്യുന്നു. ഇരിട്ടി ഉളിക്കല്ലിൽ, ഇരുമ്പനത്ത് അനുമോളെ വിവാഹം ചെയ്തു.

## IV B-1b. പള്ളിപ്പറമ്പിൽ കുഞ്ഞാപ്പൻ മകൻ കുഞ്ഞൂഞ്ഞ് (പി.ജെ. ജോസഫ്)

കുഞ്ഞാപ്പന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞൂഞ്ഞ് എന്ന് വിളിക്കുന്ന ജോസഫ്. അരുവിത്തുറ സെന്റ് ജോർജ് കോളജിൽ സീനിയർ സൂപ്രണ്ടായിരുന്നു. 30-06-2003-ൽ സർവ്വീസിൽനിന്നും വിരമിച്ചു. ഇടുക്കി ജില്ലയിലെ ചിലവ് ഇടവകയിൽ കൊങ്ങോല പാപ്പച്ചൻ-അന്നമ്മ ദമ്പതികളുടെ മകൾ മേരിക്കുട്ടിയെ 27-01-1980 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും ഒരാണും. സോമി, സിമി എന്നിവരാണ് പെൺ മക്കൾ. സോണി മകനും. പാലായിൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥയായ മൂത്തമകൾ സോമിയെ (MSc, BEd) കോട്ടയം ജില്ലയിൽ പ്ലാശനാൽ ഇളംതുരുത്തിയിൽ കുഞ്ഞൂഞ്ഞ്-അന്നക്കുട്ടി ദമ്പതികളുടെ മകൻ സോജൻ (ആന്റണി) വിവാഹം ചെയ്തു. സോജൻ അദ്ധ്യാപകനാണ്. തീക്കോയി സെന്റ് മേരീസ് എച്ച്.എസ്.എസിൽ അധ്യാപികയായ രണ്ടാമത്തെ മകൾ സിമിയെ(MSc, BEd) പ്ലാശനാൽ ഇടവക വടക്കേൽ കുര്യാക്കോസ്-മേരിക്കുട്ടി മകൻ മോബിൻ വിവാഹം ചെയ്തു. ഏക മകൻ സോണി (ജോസഫ്) MBA കഴിഞ്ഞ് പാലാ ഇൻഡസ് ഇൻഡ് ബാങ്കിൽ ജോലിചെയ്യുന്നു.

## IV B-1c. പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) കുഞ്ഞാപ്പൻ മകൻ പാപ്പച്ചൻ (സെബാസ്റ്റ്യൻ)

കുഞ്ഞാപ്പന്റെ മൂന്നാമത്തെ മകനാണ് പാപ്പച്ചൻ. കണ്ണൂർ ജില്ലയിലെ വെമ്പുവ ഇടവകയിലാണ് താമസം. കർഷകനാണ്. പയ്യാവൂർ തുപ്പലഞ്ഞി ജോൺ-അന്നമ്മ ദമ്പതികളുടെ മകൾ സോളി (അന്നമ്മ)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മായ (ബ്രിജിത്ത്), ടോം (തോമസ്). മായ MA കഴിഞ്ഞ് ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. ടോം CA യ്ക്ക് പഠിക്കുന്നു.

## IV B-1d. പള്ളിപ്പറമ്പിൽ(കല്ലുംതലയ്ക്കൽ) കുഞ്ഞാപ്പൻ മകൻ കുട്ടിയച്ചൻ (ജോർജുകുട്ടി)

കുഞ്ഞാപ്പാന്റെ നാലാമത്തെ മകനാണ് കുട്ടിയച്ചൻ. കണ്ണൂർ ജില്ലയിൽ പയ്യാവൂരാണ് താമസം. UAE-യിൽ ഇലക്ട്രിക്കൽ സൂപ്പർ വൈസറാണ്. കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഐക്കരശ്ശേരി മത്തായി അന്നമ്മ ദമ്പതികളുടെ മകൾ ലിസി(ഏലിക്കുട്ടി)യെ

വിവാഹം ചെയ്തു. ഈ ദമ്പതികളുടെ ഏക മകനാണ് മാർട്ടിൻ. ബി.ടെക് വിദ്യാർത്ഥിയാണ്.

## IV B-2. പള്ളിപ്പറമ്പിൽ കൊച്ച് (തൊമ്മൻ) മകൻ കുഞ്ഞ് (ദേവസ്യാ)

കൊച്ചിന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞ് (ദേവസ്യാ). ഇടുക്കി ജില്ലയിലെ ഉപ്പുതോടാണ് താമസം. കർഷകനായിരുന്നു. ഉപ്പുതറ ആലാനിയ്ക്കൽ ഉലഹന്നാൻ-കുഞ്ഞേലി മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് പെണ്ണും മൂന്ന് ആണും. അച്ചാമ്മ, അന്നക്കുട്ടി എന്നിവർ പെൺമക്കളും തോമാച്ചൻ, ജോണിച്ചൻ, ബെന്നിച്ചൻ എന്നിവർ ആൺ മക്കളും. 28-12-2014-ന് കുഞ്ഞ് മരിച്ചു. ഉപ്പുതോട് സെന്റ് ജോസഫ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. മൂത്തമകൾ അച്ചാമ്മ(ഫിലോമിന)യെ ഉപ്പുതോട് മറ്റപ്പള്ളിൽ ജോയി (ജോസഫ്) വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ അന്നക്കുട്ടിയെ (അന്നമ്മ) ഇടുക്കി വാഴവര ഇളംതുരുത്തിയിൽ കുഞ്ഞൂഞ്ഞ് (മാനുവൽ) വിവാഹം ചെയ്തു.

## IV B-2a. പള്ളിപ്പറമ്പിൽ കുഞ്ഞ് (ദേവസ്യാ) മകൻ തോമാച്ചൻ

കുഞ്ഞിന്റെ ആൺ മക്കളിൽ മൂത്തയാളാണ് തോമാച്ചൻ. ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴിയിലാണ് താമസം. കർഷകനാണ്. കോട്ടയം ജില്ല അയ്യമ്പാറ മുത്തനാട്ട് അച്ചാമ്മ(അന്നമ്മ)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജിൻസ്, ജിജോ. ജിജോ യു.കെ.യിൽ നഴ്സായി ജോലി ചെയ്യുന്നു.

## IV B-2a1. പള്ളിപ്പറമ്പിൽ തോമാച്ചൻ മകൻ ജിൻസ്

തോമാച്ചന്റെ മൂത്ത മകനാണ് ജിൻസ്. ഇടുക്കി കഞ്ഞിക്കുഴിയിലാണ് താമസം. കർഷകനാണ്. കീരിത്തോട് കിഴക്കേടത്ത് ജോസ്-റോസിലി ദമ്പതികളുടെ മൂത്ത മകൾ ലിസ് മേരിയെ വിവാഹം ചെയ്തു. ലിസ് മേരി മരിയാപുരം പഞ്ചായത്ത് ഉദ്യോഗസ്ഥയാണ്. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഒരു പെണ്ണും, രണ്ട് ആൺമക്കളും. ഏയ്ഞ്ചലിൻ ഏകമകളും ഡിവോൺ, ഡിയോൺ എന്നിവർ ആൺമക്കളും. മൂന്നുപേരും വിദ്യാർത്ഥികളാണ്.

## IV B-2a2 പള്ളിപ്പറമ്പിൽ തോമാച്ചൻ മകൻ ജിജോ

തോമാച്ചന്റെ രണ്ടാമത്തെ മകനാണ് ജിജോ. BSc നഴ്സിംഗിനുശേഷം ലണ്ടനിൽ സ്റ്റാഫ് നഴ്സായി ജോലിചെയ്യുന്നു.

## IV B-2b പള്ളിപ്പറമ്പിൽ കുഞ്ഞ് മകൻ ജോണിച്ചൻ (ജോൺ)

കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് ജോണിച്ചൻ. കർഷകനായ ജോണിച്ചനും കുടുംബവും ഉപ്പുതോടാണ് താമസം. ഇടുക്കി കഞ്ഞിക്കുഴി കൂനംപാറയിൽ ജയ്സമ്മ (ഏലിയാമ്മ) യെ 27-04-1992 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ജിബിൻ, ജോസ്ന, ജോബിൻ. ജിബിൻ BTech കഴിഞ്ഞ് തിരുവനന്തപുരം ടെക്നോപാർക്കിൽ സോഫ്റ്റ്വെയർ എഞ്ചിനീയറാണ്. ജോസ്ന, ജോബിൻ എന്നിവർ വിദ്യാർത്ഥികളാണ്.

## IV B-2c പള്ളിപ്പറമ്പിൽ കുഞ്ഞ് മകൻ ബെന്നിച്ചൻ (സെബാസ്റ്റ്യൻ)

കുഞ്ഞിന്റെ ഇളയ മകനാണ് ബെന്നിച്ചൻ. ഇടുക്കി ഉപ്പുതോടാണ് താമസം. ഇടുക്കി കഞ്ഞിക്കുഴി ആർക്കാട്ട് ജോസഫ്-റോസമ്മ ദമ്പതികളുടെ മകൾ റ്റീന (അന്നമ്മ) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. അമല റോസ് (എലിസബത്ത്), ആർദ്ര (റോസ് മരിയ), ആൻ മരിയ (അൽഫോൻസ). മൂവരും വിദ്യാർത്ഥിനികളാണ്.

## IV C പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) തൊമ്മൻ (കൊച്ചുകൊച്ച്) മകൻ കുഞ്ഞുവർക്കി

തൊമ്മന്റെ ആൺ മക്കളിൽ മൂന്നാമത്തെ ആളാണ് കുഞ്ഞുവർക്കി. തീക്കോയി മംഗളഗിരിയിലായിരുന്നു താമസം. അരുവിത്തുറ പുത്തൻവീട്ടിൽ മാമ്മി(മോനി)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. മൂന്ന് ആൺമക്കളും നാല് പെൺമക്കളും. പെൺ മക്കളിൽ രണ്ട് പേർ സന്ന്യസ്ത ജീവിതം നയിക്കുന്നു. കുഞ്ഞ്, തൊമ്മച്ചൻ, കുട്ടി എന്നിവരാണ് ആൺ മക്കൾ. ഒറോക്കുട്ടി (റോസക്കുട്ടി), അന്നക്കുട്ടി (സി. അലക്സിസ് PSA), അച്ചാമ്മ (സി. മേരി ഗ്രാസിയ MC), മേരി എന്നിവരാണ് പെൺമക്കൾ.

മൂത്ത മകൾ ഒറോക്കുട്ടിയെ ചെമ്മലമറ്റം തെക്കേടത്ത് ആഗസ്തി(അപ്പച്ചൻ) വിവാഹം ചെയ്തു. കുഞ്ഞ്, ജോയി, മോളി, ജോണി എന്നിവർ മക്കളാണ്. ഫാ. സെബാസ്റ്റ്യൻ CMI (ജോയി) ബാംഗ്ലൂർ ക്രൈസ്റ്റ് കോളജ് മുൻപ്രിൻസിപ്പലും CMI സഭയുടെ കൗൺസിലറുമാണ്. രണ്ടാമത്തെ മകൾ സി. അലക്സിസ്, PSA സഭാംഗമായി ഡൽഹിയിൽ സേവനം അനുഷ്ഠിക്കുന്നു. മൂന്നാ

മത്തെ മകൾ അച്ചാമ്മ വി. മദർ തെരേസായുടെ സഭയായ MC സഭ യിൽ ചേർന്നു സന്ന്യസ്തജീവിതം നയിക്കുന്നു (സി. മേരി ഗ്രാസിയാ MC). ഇളയമകൾ മേരിയെ ആലുവ പാത്തിക്കുളങ്ങര ജോർജ് വിവാഹം ചെയ്തു. മേരിയും ജോർജും ഡൽഹിയിൽ സ്കൂൾ നടത്തുന്നു. 23-09-1953-ൽ കുഞ്ഞുവർക്കിയും, 04-04-1998-ൽ ഭാര്യ മാമ്മിയും മരിച്ചു. കുഞ്ഞുവർക്കിയെ തീക്കോയി സെന്റ് മേരീസ് സെമിത്തേരിയിലും, മാമ്മിയെ മംഗളഗിരി ദൈവാലയ സെമിത്തേ രിയിലുമാണ് സംസ്കരിച്ചിരിക്കുന്നത്.

## IV C-1 പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) കുഞ്ഞുവർക്കി മകൻ കുഞ്ഞ്

കുഞ്ഞുവർക്കിയുടെ മൂത്ത മകനാണ് കുഞ്ഞ്. കണ്ണൂർ പൈസ ക്കരിയിലാണ് താമസം. തീക്കോയി വരകുകാലായിൽ ദേവസ്യാ (കുട്ടി)-കുട്ടിയമ്മ (മേരി) മകൾ അന്നക്കുട്ടിയാണ് ഭാര്യ. ഈ ദമ്പ തികൾക്ക് അഞ്ചു മക്കൾ. നാല് ആൺ മക്കളും ഒരു മകളും. ബേബി, ഷാജു, ജിജി, ജിൻസ് എന്നിവരാണ് ആൺ മക്കൾ. ഏക മകൾ സാലി (സി. ഉഷ) PSA സഭയിൽ സന്ന്യസ്ത ജീവിതം നയിക്കുന്നു. റോമിൽ സേവനമനുഷ്ഠിക്കുന്നു.

## IV C-1a പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) കുഞ്ഞ് മകൻ ബേബി

കുഞ്ഞിന്റെ നാല് ആൺ മക്കളിൽ മൂത്ത മകനാണ് ബേബി. കണ്ണൂർ ചെമ്പേരി, ചുണ്ടക്കുന്നാണ് താമസം. ഓട്ടോ കൺസൾട്ടന്റ് ആയിരുന്നു. അരുവിത്തുറ പുതനപ്ര കുറുവച്ചൻ-അന്ന ദമ്പതിക ളുടെ മകൾ ഷേർളിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. അനീഷ് എന്ന മകനും, അനൂഷ എന്ന മകളും. തളിപ്പറമ്പ് നെടു മുണ്ട തയ്യിൽ കുഞ്ഞൂഞ്ഞ് (അഗസ്റ്റിൻ)-ഡോളി ദമ്പതികളുടെ മകൻ ഡോ. അജീഷ് അനൂഷയെ വിവാഹം ചെയ്തു.

## IV C-1a1 പള്ളിപ്പറമ്പിൽ ബേബി മകൻ അനീഷ്

ബേബിയുടെ ഏകമകനാണ് അനീഷ്. അമേരിക്കയിലെ ടെക്സാസിൽ സ്റ്റാഫ് നഴ്സായി ജോലിചെയ്യുന്നു. കോട്ടയം നീ ണ്ടൂർ വട്ടക്കുന്നേൽ ജെയിംസ്-അമ്മിണി ദമ്പതികളുടെ മകൾ ലീന യാണ് ഭാര്യ. ലീനയും ടെക്സാസിൽ നഴ്സാണ്. ഇവരുടെ ഏക മകനാണ് ഡസ്റ്റിൻ.

## IV C-1b പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) കുഞ്ഞ് മകൻ ഷാജു (ദേവസ്യാ)

കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് ഷാജു. പയ്യാവൂരിൽ താമസിക്കുന്നു. മലബാർ ഹണി ആന്റ് ഫുഡ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ MD, കണ്ണൂർ റൂറൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രസിഡന്റ് എന്നീ നിലകലളിൽ പ്രവർത്തിക്കുന്നു. നെല്ലിക്കുറ്റി, മുണ്ടയ്ക്കൽ മാണി-മേരി മകൾ ബീനയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഒരാണും, രണ്ട് പെണ്ണും. മെൽവിനാണ് മകൻ. മേഘ, മിഹില എന്നിവരാണ് പെൺമക്കൾ. മെൽവിൻ ജർമ്മനിയിൽ MTech വിദ്യാർത്ഥിയാണ്. മേഘ BDS വിദ്യാർത്ഥിനിയും മിഹില BSc നഴ്സിംഗ് വിദ്യാർത്ഥിനിയുമാണ്.

## IV C-1c പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) കുഞ്ഞ് മകൻ ജിജി (ജോസഫ്)

കുഞ്ഞിന്റെ മൂന്നാമത്തെ മകനാണ് ജിജി. ചെമ്പേരി വളയൻകുണ്ടിലാണ് താമസം. ചന്ദനക്കാംപാറ എളയാനിത്തോട്ടത്തിൽ ജോസഫ്-ഏലിക്കുട്ടി ദമ്പതികളുടെ മകൾ ലൈസമ്മയാണ് ഭാര്യ. ഇവർക്ക് രണ്ട് പെൺകുട്ടികൾ. ഗ്രീഷ്മ, എൽസിറ്റ. ഗ്രീഷ്മ നഴ്സിംഗ് വിദ്യാർത്ഥിയാണ്. എൽസിറ്റ വിദ്യാർത്ഥിയുമാണ്.

## IV C-1d പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) കുഞ്ഞ് മകൻ ജിൻസ് (തോമസ്)

കുഞ്ഞിന്റെ ഇളയ മകനാണ് ജിൻസ്. കണ്ണൂർ പൈസക്കരിയിൽ പിതാവ് കുഞ്ഞിനോടൊപ്പം താമസിക്കുന്നു. ഈ മേഖലയിലെ മികച്ച കർഷകനാണ്.

## IV C-2 പള്ളിപ്പറമ്പിൽ കുഞ്ഞുവർക്കി മകൻ തൊമ്മച്ചൻ

കുഞ്ഞുവർക്കിയുടെ രണ്ടാമത്തെ മകനാണ് തൊമ്മച്ചൻ. കണ്ണൂർ ജില്ലയിലെ ചെമ്പേരിയിലാണ് താമസം. ആലക്കോട്, പരപ്പ മൂന്നാനപ്പള്ളിൽ ഏലിയാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. അഞ്ച് ആൺ മക്കളും ഒരു മകളും. ചാൾസ്, ടോമി, ജിജോ, സിബി, സനീഷ് എന്നീ ആൺമക്കളും ഷൈനി എന്ന മകളും. 13-01-2008 ൽ തൊമ്മച്ചനും 25-01-2016-ൽ ഭാര്യ ഏലിയാമ്മയും

നിര്യാതരായി. ഇരുവരേയും ചെമ്പേരി ലൂർദ്മാതാ ഫൊറോന ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. ഏകമകൾ ഷൈനിയെ കരുവഞ്ചാൽ ചെത്തിപ്പുഴ ജോസഫ്-അന്നമ്മ ദമ്പതികളുടെ മകൻ പയസ് വിവാഹം ചെയ്തു.

## IV C-2a പള്ളിപ്പറമ്പിൽ തൊമ്മച്ചൻ മകൻ ചാൾസ്

തൊമ്മച്ചന്റെ അഞ്ച് ആൺ മക്കളിൽ മൂത്ത മകനാണ് ചാൾസ്. ബാംഗളൂർ സെന്റ് തോമസ് നഗറിൽ (എസ്.ജി.പാളയ) താമസിക്കുന്നു. ബാംഗ്ലൂർ ചിക്പേട്ടിലും സൗദിയിലുമായി റെഡിമെയ്ഡ് ഹോൾ സെയിൽ ബിസിനസ്സ് ചെയ്യുന്നു. കണ്ണൂർ ജില്ലയിലെ കുന്നോത്ത് പുല്ലാട്ട് ലിസി (ഏലിയാമ്മ) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. പ്രിയങ്ക, പ്രശോഭ് (തോംസൻ), സംഗീത് (ജോർജ്). പ്രിയങ്ക MBA കഴിഞ്ഞ് ബാംഗ്ലൂരിൽ ജോലിചെയ്യുന്നു. പ്രശോഭ് എഞ്ചിനീയറായി ബാംഗ്ലൂരിൽ ജോലിചെയ്യുന്നു. സംഗീത് ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വിദ്യാർത്ഥിയുമാണ്.

## IV C-2b പള്ളിപ്പറമ്പിൽ തൊമ്മച്ചൻ മകൻ ടോമിച്ചൻ (തോമസ്)

തൊമ്മച്ചന്റെ രണ്ടാമത്തെ മകനാണ് ടോമിച്ചൻ. കണ്ണൂർ ശ്രീകണ്ഠപുരത്താണ് താമസം. കൃഷിക്കാരനാണ്. പൈസക്കരി ചിറ്റാമഠത്തിൽ വർക്കി-ഏലിയാമ്മ ദമ്പതികളുടെ മകൾ മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. സച്ചിൻ (തോമസ്), സോണിയ (എലിസബത്ത്). സച്ചിൻ എറണാകുളത്ത് ജോലിചെയ്യുന്നു. സോണിയ കോഴിക്കോട് ഡിഗ്രി വിദ്യാർത്ഥിയാണ്.

## IV C-2c പള്ളിപ്പറമ്പിൽ തൊമ്മച്ചൻ മകൻ ജിജോ (ജോസഫ്)

തൊമ്മച്ചന്റെ മൂന്നാമത്തെ മകനാണ് ജിജോ. കണ്ണൂർ ജില്ലയിലെ ചെമ്പേരിയിലാണ് താമസം. ചെമ്പേരിയിൽ ബിസിനസ്സ് നടത്തുന്നു. ചെമ്പേരി അഴികണ്ണിക്കൽ മാത്യു-മറിയക്കുട്ടി മകൾ ഡെയ്സി (ത്രേസ്യാമ്മ)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അരുണിമ (എലിസബത്ത്), അശ്വിൻ (തോംസൺ). അരുണിമ കോഴിക്കോട് ഡിഗ്രി വിദ്യാർത്ഥിനിയാണ്. അശ്വിൻ വിദ്യാർത്ഥിയാണ്.

## IV C-2d പള്ളിപ്പറമ്പിൽ തൊമ്മച്ചൻ മകൻ സിബി (സെബാസ്റ്റ്യൻ)

തൊമ്മച്ചന്റെ നാലാമത്തെ മകനാണ് സിബി. കണ്ണൂർ ജില്ലയിലെ ചെമ്പേരിയിലാണ് താമസം. KSRTC-യിൽ ജോലിചെയ്യുന്നു.

പയ്യാവൂർ വെള്ളാപ്പുഴയിൽ മാത്യു-എമിലി ദമ്പതികളുടെ മകൾ നിഷ (ഏലിയാമ്മ) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അരുൺ (തോമസ്), അനിൽ (മാത്യു). ഇരുവരും വിദ്യാർത്ഥികൾ.

## IV C-2e പള്ളിപ്പറമ്പിൽ തൊമ്മച്ചൻ മകൻ സനീഷ് (എമ്മാനുവേൽ)

തൊമ്മച്ചന്റെ ഇളയമകനാണ് സനീഷ്. കണ്ണൂർ ജില്ലയിലെ ചെമ്പേരിയിലാണ് താമസം. എറണാകുളത്ത് ജോലിചെയ്യുന്നു. കണ്ണൂർ കണിച്ചാർ, തോമ്പിൽ ജോർജുകുട്ടി-അച്ചാമ്മ ദമ്പതികളുടെ മകൾ ടെൻസി (ശോശാമ്മ)യാണ് ഭാര്യ. രണ്ട് പെൺകുട്ടികൾ. എലേന, ഹാമിയ. ഇരുവരും വിദ്യാർത്ഥികളാണ്.

## IV C-3 പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) കുഞ്ഞുവർക്കി മകൻ കുട്ടി (വർക്കി)

കുഞ്ഞുവർക്കിയുടെ മൂന്ന് ആൺമക്കളിൽ ഇളയ മകനാണ് കുട്ടി എന്ന് വിളിക്കുന്ന വർക്കി. കണ്ണൂർ ചന്ദനയ്ക്കാം പാറയിലാണ് താമസം. കോട്ടയം ജില്ലയിൽ പ്ലാശനാൽ തട്ടാംപറമ്പിൽ പെണ്ണമ്മയെ വിവാഹം ചെയ്തു. 14-10-1966 ൽ ആയിരുന്നു വിവാഹം. ഈ ദമ്പതികൾക്ക് നാല് മക്കൾ. ഒരു മകളും മൂന്ന് ആൺ മക്കളും. ഷാന്റി (മേരി)യാണ് ഏക മകൾ. ഷോബി, ഷിബി, ഷിൻസ് എന്നിവരാണ് ആൺ മക്കൾ. ഏക മകൾ ഷാന്റിയെ കണ്ണൂർ നെല്ലിക്കുറ്റി കൈപ്പള്ളി മ്യാലിൽ സജി (ജോർജ്) 5-4-1992 ൽ വിവാഹം ചെയ്തു. പെണ്ണമ്മ 04-04-2004 ൽ നിര്യാതയായി. മംഗളഗിരി ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. കുട്ടി പിന്നീട് ചന്ദനയ്ക്കാംപാറ വഴുതനപ്പള്ളിൽ തോമാച്ചന്റെ മകൾ എത്സിയെ പുനർവിവാഹം ചെയ്തു.

## IV C-3a പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) കുട്ടി (വർക്കി) മകൻ ഷോബി

കുട്ടിയുടെ മൂന്ന് ആൺ മക്കളിൽ മൂത്ത മകനാണ് ഷോബി. കോട്ടയം ജില്ലയിലെ പാലായിലാണ് താമസം. 20-08-1990 ൽ പാലാ പുളിയ്ക്കൽ ചാക്കോച്ചൻ-ലീലാമ്മ മകൾ ബിന്ദുവിനെ (മറിയം) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ മരിയ. സ്കൂൾ വിദ്യാർത്ഥിനിയാണ്.

## IV C-3b പള്ളിപ്പുറമ്പിൽ (കല്ലുംതലയ്ക്കൽ) കുട്ടി (വർക്കി) മകൻ ഷിബി (കുര്യാച്ചൻ)

കുട്ടിയുടെ രണ്ടാമത്തെ മകനാണ് ഷിബി. കണ്ണൂർ ചന്ദന യ്ക്കാംപാറയിലാണ് താമസം. കൃഷികാര്യങ്ങളുമായി കഴിയുന്നു.

## IV C-3c പള്ളിപ്പുറമ്പിൽ (കല്ലുംതലയ്ക്കൽ) കുട്ടി (വർക്കി) മകൻ ഷിൻസ് (തോമസ്)

കുട്ടിയുടെ ഇളയമകനാണ് ഷിൻസ്. കണ്ണൂർ ജില്ലയിലെ ചന്ദന യ്ക്കാംപാറയിലാണ് താമസം. കമ്പ്യൂട്ടർ ഹാർഡ്‌വെയർ എഞ്ചിനീ യറായി ഡൽഹിയിൽ ജോലിചെയ്യുന്നു. കടുത്തുരുത്തി, വാലാച്ചിറ തോമസ്-ത്രേസ്യാമ്മ മകൾ ജയ്മിയെ വിവാഹംചെയ്തു. ഒരു മകൻ. നിക്ഷോർ.

## IV D പള്ളിപ്പുറമ്പിൽ കല്ലുംതലയ്ക്കൽ തൊമ്മൻ മകൻ ദേവസ്യാ (കുഞ്ഞൂഞ്ഞ്)

തൊമ്മന്റെ നാലാമത്തെ മകനാണ് കുഞ്ഞൂഞ്ഞ് എന്ന് വിളി ക്കുന്ന ദേവസ്യാ. തിടനാട് തെക്കേവയലിൽ വർക്കി-അന്ന മകൾ അന്നകൊച്ച് (അന്ന) ആണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. നാല് ആൺ മക്കളും രണ്ട് പെൺ മക്കളും. തോമാച്ചൻ, കൊച്ച്, കുട്ടി, കുഞ്ഞ് എന്നിവരാണ് ആൺ മക്കൾ. റോസമ്മ, ചിന്നമ്മ എന്നി വർ പെൺ മക്കളും. 26-10-2000 ൽ കുഞ്ഞൂഞ്ഞും 03-03-1997 ൽ ഭാര്യ അന്നകൊച്ചും നിര്യാതരായി. ഇരുവരെയും ചെമ്പൻതൊട്ടി പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. മൂത്ത മകൾ റോസമ്മയെ പൂഞ്ഞാർ പെരുന്നിലം ഐക്കരയിൽ, മാണി-ഏലി മകൻ വർക്കിയും (കുഞ്ഞൂഞ്ഞ്), ചിന്നമ്മയെ ആലക്കോട്ട് പഴൂത്ത ടത്തിൽ ജോസഫ്-അന്നമ്മ മകൻ തോമാച്ചനും വിവാഹം ചെയ്തു.

## IV D-1 പള്ളിപ്പുറമ്പിൽ കല്ലുംതലയ്ക്കൽ കുഞ്ഞൂഞ്ഞ് മകൻ തോമസ് (തോമാച്ചൻ)

കുഞ്ഞൂഞ്ഞിന്റെ നാല് ആൺ മക്കളിൽ മൂത്ത മകനാണ് തോമാ ച്ചൻ. അരുവിത്തുറ സെന്റ് ജോർജ് കോളജിൽ സീനിയർ സൂപ്രണ്ട് ആയിരുന്നു. 30-05-1994-ൽ സർവ്വീസിൽനിന്നും വിരമിച്ചു. അരുവി ത്തുറ കോളജിനു സമീപമാണ് താമസം. ചേന്നാട് അരിമറ്റത്തിൽ ദേവസ്യാ-കുഞ്ഞേലി ദമ്പതികളുടെ മകൾ റോസമ്മയാണ് ഭാര്യ.

ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് ആണും ഒരു പെണ്ണും. സണ്ണി, ബെന്നി എന്നിവരാണ് ആൺ മക്കൾ. അനിത ഏക മകളും. അനിത BA, LLB യ്ക്കു ശേഷം ഈരാറ്റുപേട്ട കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു. പൂവരണി മണിക്കൊമ്പേൽ തൊമ്മച്ചൻ-സിസിലി മകൻ സോമു വിവാഹം ചെയ്തു. സോമു V.H.S.S-ൽ അദ്ധ്യാപകനാണ്.

## IV D-1a പള്ളിപ്പറമ്പിൽ കല്ലുംതലയ്ക്കൽ തോമസ് മകൻ സണ്ണി

തോമസിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് സണ്ണി. Bcom ബിരുദധാരിയായ സണ്ണി അരുവിത്തുറയിൽ മാതാപിതാക്കൾക്കൊപ്പം താമസിക്കുന്നു. അരുവിത്തുറയിൽ ബിസിനസ്സ് നടത്തുകയായിരുന്നു. മറയൂരിൽ കൃഷിയുണ്ട്. തൃശൂർ ജില്ലയിലെ പീച്ചി ആയല്ലൂർ എ.എം. ഫിലിപ്പ്-അന്നമ്മ മകൾ അൻസു (എൽസി) ആണ് ഭാര്യ.

## IV D-1b പള്ളിപ്പറമ്പിൽ കല്ലുംതലയ്ക്കൽ തോമസ് മകൻ ബെന്നി (ജോർജ്)

തോമസിന്റെ രണ്ടാമത്തെ മകനാണ് ബെന്നി. ITI കഴിഞ്ഞ് ബിരുദമെടുത്ത ബെന്നി ഖത്തറിൽ ജോലി ചെയ്യുന്നു. പാലക്കാട് നീതിപുരം വളയംപള്ളിൽ പാപ്പച്ചൻ (മാത്യു) - അന്നമ്മ ദമ്പതികളുടെ മകൾ സോളിയാണ് ഭാര്യ. BSc നഴ്സായ സോളി ഖത്തറിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. ഓസ്റ്റിൻ (തോമസ്) ആണ് മകൻ. ലെയ മകളും. ഇരുവരും വിദ്യാർത്ഥികളാണ്.

## IV D-2 പള്ളിപ്പറമ്പിൽ ദേവസ്യാ (കുഞ്ഞൂഞ്ഞ്) മകൻ ജോർജ് (കൊച്ച്)

കുഞ്ഞൂഞ്ഞിന്റെ രണ്ടാമത്തെ മകനാണ് കൊച്ച് എന്ന് വിളിക്കുന്ന ജോർജ്. മണ്ഡലം വഴക്കുഴയിൽ തൊമ്മൻ-റോസമ്മ മകൾ കുട്ടിയമ്മയാണ് ഭാര്യ. കാസർഗോഡ് ബദിയടുക്കയിലാണ് താമസം. ഈ ദമ്പതികൾക്ക് നാലു മക്കൾ രണ്ടാണും, രണ്ടുപെണ്ണും. സിജു, ജിമ്മി എന്നിവർ ആൺമക്കളും, സിജി, സിന്ധു എന്നിവർ പെൺമക്കളും. സിജിയെ പേരാവൂർ മണത്തണ കൂനപ്പള്ളിൽ ജോസഫ്-മറിയം ദമ്പതികളുടെ മകൻ ബെന്നി വിവാഹംചെയ്തു. സിന്ധുവിനെ കരുവഞ്ചാൽ മുല്ലക്കര ജോസഫ്-മറിയക്കുട്ടി ദമ്പതി

കളുടെ മകൻ തോമാച്ചൻ വിവാഹംചെയ്തു. 2-6-2009 ൽ കൊച്ച് മരിച്ചു. ബദിയടുക്ക സെന്റ്മേരീസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IV D-2a. പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) ജോർജ് (കൊച്ച്) മകൻ സിജു

കൊച്ചിന്റെ മൂത്തമകനാണ് സിജു. ബദിയടുക്കയിൽ കോൺട്രാക്ടറാണ്. അമ്മ കുട്ടിയമ്മ സിജുവിനോടൊപ്പം ബദിയടുക്കയിലാണ് താമസം. കാസർഗോഡ് ഗോസാദാ ക്രാസ്റ്റാവില്ലയിൽ ജൊവാക്കിം ക്രാസ്റ്റാ-പൗളിൻ ക്രാസ്റ്റാ ദമ്പതികളുടെ മകൾ സുനിതയെ വിവാഹം ചെയ്തു. സുനിത അധ്യാപികയാണ്. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. ഒരു പെണ്ണും ഒരാണും. സെറീന, സിയോൺ. ഇരുവരും വിദ്യാർത്ഥികളാണ്.

## IV D-2b പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) ജോർജ് (കൊച്ച്) മകൻ ജിമ്മി

കൊച്ചിന്റെ ഇളയമകനാണ് ജിമ്മി. ബദിയടുക്ക കെ.എസ്.എഫ്.ഇ.യിൽ അസി. മാനേജരാണ്. ബദിയടുക്കയിലാണ് താമസം. ചിറ്റാരിക്കാൽ കണ്ണിവയൽ പരുത്തപ്പാറയിൽ ആന്റണി-ജസി ദമ്പതികളുടെ മകൾ ജിജിൽ ആണ് ഭാര്യ. ജിജിൽ നഴ്സാണ്. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ടാണും ഒരു പെണ്ണും. ക്രിസ്റ്റി, എഡ്റിക് എന്നിവർ ആൺമക്കളും എസ്തേർ ഏകമകളും. മൂവരും വിദ്യാർത്ഥികളാണ്.

## IV D-3 കല്ലുംതലയ്ക്കൽ (പള്ളിപ്പറമ്പിൽ) ദേവസ്യാ (കുഞ്ഞൂഞ്ഞ്) മകൻ ജോസഫ് (കുട്ടി)

കുഞ്ഞൂഞ്ഞിന്റെ മൂന്നാമത്തെ മകനാണ് കുട്ടി എന്ന് വിളിക്കുന്ന ജോസഫ്. ആലക്കോട് വലിയവീട്ടിൽ ജോൺ-ഏലിക്കുട്ടി ദമ്പതികളുടെ മകൾ പെണ്ണമ്മയാണ് ഭാര്യ. കണ്ണൂർ പടപ്പേങ്ങാടാണ് താമസം. കർഷകനാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ആൻസി എന്ന മകളും അനിൽ എന്ന മകനും. പടപ്പേങ്ങാട് കണംകൊമ്പിൽ മാത്യു-മറിയം ദമ്പതികളുടെ മകൻ കുഞ്ഞുമോൻ (ജോസഫ്) ആൻസിയെ വിവാഹം ചെയ്തു.

## IV D3-1 പള്ളിപ്പറമ്പിൽ(കല്ലുംതലയ്ക്കൽ) കുട്ടി (ജോസഫ്) മകൻ അനിൽ

കുട്ടിയുടെ ഏകമകനാണ് അനിൽ. ആശാൻകവല കളത്തിനാംതടത്തിൽ ജോസഫ്-അന്നമ്മ മകൾ രാജി (ഫിലോമിന) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അബിന, അബിൻ. ഇരുവരും വിദ്യാർത്ഥികളാണ്.

## IV D-4 പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) ദേവസ്യാ (കുഞ്ഞൂഞ്ഞ്) മകൻ കുഞ്ഞ് (ഇമ്മാനുവേൽ)

കുഞ്ഞൂഞ്ഞിന്റെ ഇളയമകനാണ് കുഞ്ഞ്. കണ്ണൂർ ചെമ്പൻതൊട്ടിയിലാണ് താമസം. കർഷകനാണ്. ചെമ്പൻതൊട്ടി ചിരട്ടവേലിൽ ദേവസ്യാ-സാറാമ്മ ദമ്പതികളുടെ മകൾ ലിസിയാണ് ഭാര്യ. ലിസി റിട്ടയേർഡ് അദ്ധ്യാപികയാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അഥീന, അക്കിൻസ. അധ്യാപികയായ അഥീനയെ പൊള്ളയാട് പയ്യംപള്ളി ആന്റണി-മോളി മകൻ ടിങ്കിൾ വിവാഹം ചെയ്തു. ടിങ്കിൾ ഖത്തറിലാണ് ജോലി ചെയ്യുന്നത്. ഇവരുടെ മകൻ എഡ്വിൻ. അക്കിൻസ MSc വിദ്യാർത്ഥിനിയാണ്.

## IV E പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) തൊമ്മൻ മകൻ മാണി (കുട്ടി)

തൊമ്മന്റെ ഇളയമകനാണ് മാണി (കുട്ടി). ഈരാറ്റുപേട്ട, കുറ്റിപ്പാറ ഗവ. മിഡിൽ സ്കൂളിൽ അദ്ധ്യാപകനായിരുന്ന മാണിസാർ ഹെഡ്മാസ്റ്റർ ആയി സർവ്വീസിൽനിന്നും വിരമിച്ചു. അരുവിത്തുറ വെയിൽകാണാംപാറയിൽ മാതാപിതാക്കൾക്കൊപ്പം തറവാട്ടിലായിരുന്നു താമസം. റിട്ടയർമെന്റിനുശേഷം തന്റെവക സ്ഥലം വിറ്റ് മലബാറിലേക്ക് താമസം മാറ്റി. കാഞ്ഞിരപ്പള്ളി ഇടക്കുന്നം കണ്ടംപറമ്പിൽ ജോസഫ്-ത്രേസ്യാ ദമ്പതികളുടെ മകൾ മറിയക്കുട്ടിയാണ് ഭാര്യ. മാണി-മറിയക്കുട്ടി ദമ്പതികൾക്ക് മൂന്ന് ആണും നാല് പെണ്ണുമടക്കം ഏഴ് മക്കൾ. തോംസൺ (തോമാച്ചൻ), ബേബിച്ചൻ, ജോർജ് എന്നിവരാണ് ആൺമക്കൾ. റോസമ്മ, ശാന്തമ്മ, ആൻസി, ഷാലി എന്നിവരാണ് പെൺമക്കൾ. റോസമ്മയെ 01-02-1973 ൽ കലയന്താനി അരയത്തിനാൽ കുര്യാച്ചനും, ശാന്തമ്മ (മേരി)യെ കണ്ണൂർ ചെറുപുഴ കോന്തല കാനാട്ട് ഫിലിപ്പും, ആൻസി (അന്ന)യെ കണ്ണൂർ മണ്ടളം, മുക്കാട്ട് അച്ചൻകുഞ്ഞ് (ഫിലിപ്പ്) 08-11-1979 ലും, ഷാലി

(ലീനാ)യെ കണ്ണൂർ വായാട്ടുപറമ്പ്, ഇഞ്ചിപ്പറമ്പിൽ രാജുവും വിവാഹംചെയ്തു. 09-08-1995 ൽ മൂത്ത മകൾ റോസമ്മ മരിച്ചു. 15 -12-2004 ൽ മാണി (കുട്ടി) നിര്യാതനായി. ഇടപ്പള്ളി സെന്റ് ജോർജ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IV E-1 പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) മാണി (കുട്ടി) മകൻ തോംസൺ

മാണിയുടെ മൂത്ത മകനാണ് തോംസൺ. MA, BEd കാരനായ ഇദ്ദേഹം ഗോവയിൽ അദ്ധ്യാപകനായിരുന്നു. പ്രിൻസിപ്പൽ ആയി സർവ്വീസിൽ നിന്നും വിരമിച്ചു. കൂവപ്പള്ളി കല്ലറയ്ക്കൽ തോമസ്-മേരി മകൾ ലിസി(മേരി)യാണ് ഭാര്യ. റിട്ടയേർഡ് ഹൈസ്കൂൾ അദ്ധ്യാപികയാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ. റോഷൻ, ഹർഷൻ. തോമാച്ചനും ഭാര്യയും ഗോവയിലാണ് താമസം.

## IV E-1a പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) തോംസൺ മകൻ റോഷൻ

തോംസണിന്റെ മൂത്ത മകനാണ് റോഷൻ. ഗോവയിൽ സാംസംഗിൽ മാർക്കറ്റിംഗ് മാനേജരാണ്. പാലാ നരിയങ്ങാനം, പൂവത്തിങ്കൽ തോമസ്-ആലീസ് മകൾ ആൽബിൻ ആണ് ഭാര്യ. ആൽബിൻ ഗോവാ യൂണിവേഴ്സിറ്റിയിൽ അസി. പ്രൊഫസർ ആണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. രോഹിൻ, ആഷ്വിൻ. ഇരുവരും വിദ്യാർത്ഥികളാണ്.

## IV E-1b പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) തോംസൺ മകൻ ഹർഷൻ

തോംസണിന്റെ രണ്ടാമത്തെ മകനാണ് ഹർഷൻ. ചെന്നൈയിൽ ആർക്കിടെക്ട് ആയി ജോലിചെയ്യുന്നു. ചെന്നൈ ശ്രീനിവാസ അയ്യർ മകൾ മീനാക്ഷിയാണ് ഭാര്യ.

## IV E-2 പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) മാണി (കുട്ടി) മകൻ കെ.എം. ജോസഫ് (ബേബിച്ചൻ)

മാണിയുടെ രണ്ടാമത്തെ മകനാണ് ബേബിച്ചൻ. BSc ബിരുദധാരിയായ ഇദ്ദേഹം എ.ജി.ഓഫീസിൽ അക്കൗണ്ട് ഓഫീസറായിരുന്നു. ചേന്നാട്, താന്നിയിൽ ജോർജ്-ത്രേസ്യാമ്മ മകൾ

ലീലാമ്മയാണ് ഭാര്യ. P.S.C. ഓഫീസിൽ ജോയിന്റ് സെക്രട്ടറി ആയിരുന്നു. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. ടോണി, ബോബി. 03-01-2000-ൽ സർവ്വീസിലിരിക്കെ ബേബിച്ചൻ നിര്യാതനായി. തിരുവനന്തപുരം ലൂർദ് പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## IV E-2a പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) ബേബിച്ചൻ മകൻ ടോണി

ബേബിച്ചന്റെ മൂത്തമകനാണ് ടോണി. തിരുവനന്തപുരം KSFE-ൽ അസി. മാനേജരാണ്. ഭാര്യ ഷെൽമി കണ്ണൂർ കൊയ്‌ലി കോളേജ് ഓഫ് നഴ്സിംഗ് അസോസിയേറ്റ് പ്രൊഫസറാണ്.

## IV E-2b പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) ബേബിച്ചൻ മകൻ ബോബി

ബേബിച്ചന്റെ രണ്ടാമത്തെ മകനാണ് ബോബി. കണ്ണൂർ പാപ്പിനിശ്ശേരി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മാനേജരാണ്. ഭാര്യ ടിങ്കിൾ കണ്ണൂരിൽ ഡയറി എക്സ്റ്റെൻഷൻ ഓഫീസറാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. ഷോൺ, ഷാരോൺ. ഇരുവരും വിദ്യാർത്ഥികളാണ്.

## IV E-3 പള്ളിപ്പറമ്പിൽ (കല്ലുംതലയ്ക്കൽ) മാണി (കുട്ടി) മകൻ ജോർജ്

മാണിയുടെ മൂന്നാമത്തെ മകനാണ് ജോർജ്. ഇന്ത്യൻ ബാങ്ക് റിട്ടയേർഡ് മാനേജരാണ്. എറണാകുളം ഇടപ്പള്ളിയിലാണ് താമസം. ആലക്കോട് നമ്പ്യാപറമ്പിൽ ജോർജ്-ത്രേസ്യാ മകൾ ജെയിൻ ആണ് ഭാര്യ. 20-05-1984-ൽ ആയിരുന്നു വിവാഹം. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. അനു, മെറിൻ. എഞ്ചിനീയറായ അനുവിനെ എറണാകുളം കിളിത്താട്ടിൽ ബാബു-മിനി മകൻ നിഖിൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നുമക്കൾ. റ്റിയ, നോറ, ഡേവിഡ്. നിഖിൽ എഞ്ചിനീയറാണ്. സി.എ. പാസായ മെറിനെ പാലാ മാളിയേക്കൽ എബ്രഹാം-അന്നമ്മ മകൻ ടോം വിവാഹം ചെയ്തു. ടോം എഞ്ചിനീയറാണ്. ഈ ദമ്പതികൾക്ക് ഒരു മകൻ- ലൂക്കസ്.

# 9

# അരയത്തിനാൽ

**ഇ**ഞ്ചക്കാട്ട് കുടുംബത്തിലെ ഒൻപതാമത് ശാഖയാണ് അരയത്തിനാൽ. തെക്കുംകൂർ രാജാവിന്റെ സൈന്യത്തിലെ പ്രശസ്തമായ ധീര സേവനത്തിന് ഇഞ്ചക്കാട്ട് കുടുംബത്തിലെ ഒരംഗത്തിന് തെക്കുംകൂർ രാജാവ് കല്പിച്ചുകൊടുത്ത ബഹുമതിയാണ് "അരശൻ അകത്താൾ" (രാജാവിന്റെ വിശ്വസ്ത സേവകൻ) എന്ന സ്ഥാനപ്പേര്. ഇത് ലോപിച്ച് അരെത്തിനാൽ എന്ന രൂപമുണ്ടായി. അതിൽ നിന്നും വന്ന വ്യതിയാനമാണ് അരയത്തിനാൽ. അങ്ങനെ രാജാവ് നൽകിയ പേര് കുടുംബപ്പേരായി മാറി.

ഈരാറ്റുപേട്ട അടുത്ത് നെടും കീന്തിയിൽ താമസിച്ചിരുന്ന ഇഞ്ചക്കാട്ട് കൊച്ചിട്ടി ചെറിയാന്റെ മകൻ അരയത്തിനാൽ കുഞ്ഞു വർക്കി - കൊച്ചുമറിയം ദമ്പതികൾ വെയിൽകാണാം പാറയിൽ 1880 കളിൽ താമസമാക്കി. ഈ ദമ്പതികൾക്ക് പതിനൊന്ന് മക്കൾ. ഒൻപത് ആൺമക്കളും രണ്ട് പെൺമക്കളും. ഇവരുടെ സന്താനപരമ്പരകളാണ് ഇന്ന് അറിയപ്പെടുന്ന പ്രശസ്തമായ അരയത്തിനാൽ കുടുംബം. പണ്ഡിതനും ഗവേഷകനും ഗ്രന്ഥകാരനുമായിരുന്ന ഫാ. തോമസ് അരയത്തിനാലിനൊടൊപ്പം അഞ്ച് വൈദികരും പത്ത് സന്യാസിനികളും ഈ കുടുംബത്തിന്റെ സംഭാവനയാണ്.

I കുര്യൻ, II ഔസേപ്പ്, III ഔസേപ്പ്, IV മിഖായേൽ, V വർക്കി, VI തോമാച്ചൻ (ഫാ. തോമസ് അരയത്തിനാൽ), VII ചാക്കോ, VIII മത്തായി, IX ദേവസ്യാ എന്നിവരാണ് ആൺമക്കൾ. ഏലിക്കുട്ടി, മേരി എന്നിവർ പെൺമക്കളും. ഏലിക്കുട്ടി ചെറുപ്പത്തിലേ മരിച്ചു. ഇളയ മകൾ മേരി FC സഭയിൽ ചേർന്ന് സന്യസ്തജീവിതം നയിച്ചു. 1999 ഒക്ടോബർ ഒന്നിന് മരിച്ചു. മണിയംകുന്ന് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### I അരയത്തിനാൽ വർക്കി-മറിയം ദമ്പതികളുടെ മകൻ കുര്യൻ

വർക്കിയുടെ ഒൻപത് ആൺമക്കളിൽ മൂത്ത മകനാണ് കുര്യൻ. കണ്ടംപറമ്പിൽ മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക്

ഏഴ് മക്കൾ. രണ്ട് ആൺമക്കളും അഞ്ച് പെൺമക്കളും. വർക്കി കുര്യൻ. മാത്യു കുര്യൻ എന്നിവരാണ് ആൺമക്കൾ. മാമ്മി, സി. ജെൽത്രൂദ് FCC, ത്രേസ്യാ, അന്നക്കുട്ടി എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ മാമ്മിയെ വാരണത്ത് കുര്യൻ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ FCC സഭയിൽ ചേർന്ന് സന്യസ്ത ജീവിതം നയിച്ചു. സി. ജെൽത്രൂദ് എന്ന പേരിൽ അറിയപ്പെട്ടു. മണിയംകുന്ന് മഠത്തിൽവച്ച് നിര്യാതയായി. മൂന്നാമത്തെ മകൾ ത്രേസ്യായെ കാക്കല്ലിൽ തോമസ് വിവാഹം ചെയ്തു. നാലാമത്തെ മകൾ അന്നക്കുട്ടിയെ വരകുകാലായിൽ കുഞ്ഞേപ്പ് വിവാഹം ചെയ്തു. ഇളയ പുത്രി മണിയംകുന്ന് മഠത്തിൽ സന്യസ്തജീവിതം നയിക്കുന്നു. സി. സബീന എന്ന പേരിൽ അറിയപ്പെടുന്നു.

## I A അരയത്തിനാൽ കുര്യൻ മകൻ കുര്യൻ വർക്കി

കുര്യന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് കുര്യൻ വർക്കി. പുളിക്കൽ ത്രേസ്യായെ ഭാര്യയായി സ്വീകരിച്ചു. ഈ ദാമ്പത്യത്തിൽ മൂന്ന് മക്കൾ. ഒരു മകളും രണ്ട് ആൺമക്കളും. സി. കാഷ്മീർ ആണ് ഏക മകൾ. എ. വി. കുര്യൻ, ജോസ് വി. കൊണ്ടൂർ (Late) എന്നിവർ ആൺമക്കളും. കുര്യൻ വർക്കി-ത്രേസ്യാ ദമ്പതികളുടെ ഏകമകൾ സി. കാഷ്മീർ എന്ന പേരിൽ പൂഞ്ഞാർ FC കോൺവെന്റിൽ സേവനം ചെയ്യുന്നു.

കുര്യൻ വർക്കിയുടെ ആദ്യഭാര്യ ത്രേസ്യായുടെ മരണശേഷം തീക്കോയി തുണ്ടത്തിൽ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ മൂന്ന് മക്കൾ. രണ്ട് ആണും ഒരു പെണ്ണും. തോമസ് ജോർജ്ജ്, ബേബി ജോർജ്ജ് എന്നിവരാണ് ആൺമക്കൾ. മേഴ്സി ഫ്രാൻസിസ് മകളും. വിവാഹിതയായ മേഴ്സി കുടുംബസമേതം അതിരമ്പുഴയിൽ താമസിക്കുന്നു.

## I A-1 അരയത്തിനാൽ കുര്യൻ വർക്കി മകൻ എ.വി. കുര്യൻ

വർക്കി കുര്യന് ത്രേസ്യായിൽ ജനിച്ച രണ്ട് ആൺമക്കളിൽ മൂത്തമകൻ എ.വി. കുര്യൻ (Late). മുരിക്കാശ്ശേരിയിൽ താമസിച്ചിരുന്നു.

## I A-2 അരയത്തിനാൽ കുര്യൻ വർക്കി മകൻ ജോസ് വി. കൊണ്ടൂർ (Late)

കുര്യൻ വർക്കി - ത്രേസ്യാ ദമ്പതികളുടെ രണ്ടാമത്തെ മകനാണ് ജോസ്. അരുവിത്തുറയിൽ താമസിച്ചിരുന്നു.

### I A-3 അരയത്തിനാൽ കുര്യൻ വർക്കി മകൻ തോമസ് ജോർജ്ജ്

കുര്യൻ വർക്കിക്ക് രണ്ടാംഭാര്യ അന്നമ്മയിൽ ജനിച്ച രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് തോമസ്. പൂഞ്ഞാറിൽ താമസിക്കുന്നു.

### I A-4 അരയത്തിനാൽ കുര്യൻ വർക്കി മകൻ ബേബി ജോർജ്ജ്

കുര്യൻ വർക്കി- അന്നമ്മ ദമ്പതികളുടെ ഇളയ മകനാണ് ബേബി. നടയ്ക്കൽ താമസിക്കുന്നു.

### I B അരയത്തിനാൽ വർക്കി കുര്യൻ മകൻ മാത്യു കുര്യൻ

വർക്കി കുര്യന്റെ രണ്ടാമത്തെ മകനാണ് മാത്യു. കാഞ്ഞിരപ്പള്ളി പുൽപ്പേൽ മറിയത്തെ വിവാഹം ചെയ്തു. ഇവർക്ക് ഏഴ് മക്കൾ. നാല് പെൺമക്കളും മൂന്ന് ആൺമക്കളും. അച്ചാമ്മ, തങ്കമ്മ, മിക്കലി, (സി. വിറ്റോർബാ) എന്നിവരാണ് പെൺമക്കൾ. കുഞ്ഞൂഞ്ഞ്, അപ്പച്ചൻ, ബേബിച്ചൻ എന്നിവർ ആൺമക്കളും. മൂത്തമകൾ അച്ചാമ്മയെ ഭരണങ്ങാനം പാംബ്ലാനിയിൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ മകൾ തങ്കമ്മയെ പാലാ പൂവക്കുളം സ്ക്കറിയാ വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ മിക്കിലിയെ വരകുകാലാ തോമസ് വിവാഹം ചെയ്തു. നാലാമത്തെ മകൾ സിസ്റ്റർ വിറ്റോർബാ FC കോൺവെന്റ് പെരിങ്ങുളത്ത് സേവനം ചെയ്യുന്നു.

### I B-1 അരയത്തിനാൽ മാത്യു കുര്യൻ മകൻ കുഞ്ഞൂഞ്ഞ്

മാത്യു കുര്യന്റെ മൂത്ത മകനാണ് കുഞ്ഞൂഞ്ഞ്. അറക്കുളത്ത് താമസിക്കുന്നു.

### I B-2 അരയത്തിനാൽ മാത്യു കുര്യൻ മകൻ അപ്പച്ചൻ

മാത്യുവിന്റെ രണ്ടാമത്തെ മകനാണ് അപ്പച്ചൻ. തിരുവനന്തപുരത്ത് താമസിക്കുന്നു.

### I B-3 അരയത്തിനാൽ മാത്യു കുര്യൻ മകൻ ബേബിച്ചൻ

മാത്യുവിന്റെ ഇളക മകനാണ് ബേബിച്ചൻ. തീക്കോയി ഞണ്ടുകല്ലിൽ താമസിക്കുന്നു.

### II അരയത്തിനാൽ കുഞ്ഞുവർക്കി മകൻ ഔസേപ്പ്

കുഞ്ഞുവർക്കിയുടെ ആൺമക്കളിൽ രണ്ടാമനാണ് ഔസേപ്പ്. ചെറുപ്പത്തിൽതന്നെ മരിച്ചു.

## III അരയത്തിനാൽ കുഞ്ഞുവർക്കി മകൻ ഔസേപ്പ്

കുഞ്ഞുവർക്കിയുടെ മൂന്നാമത്തെ മകനാണ് ഔസേപ്പ്. രണ്ടാമത്തെ മകൻ ഔസേപ്പിന്റെ മരണശേഷം ജനിച്ച ഈ മകന് ഔസേപ്പ് എന്ന് പേരു നല്കി. ഭാര്യ റോസ. ഈ ദമ്പതികൾക്ക് പത്ത് മക്കൾ. വർക്കി, ഫാ. മെലാനിയൂസ്, കുഞ്ഞുകുട്ടി, കുട്ടി (കുര്യൻ), ഫാ. ചാക്കോ അരയത്തിനാൽ, മാത്യു (മത്തായി), എ.ജെ. മൈക്കിൾ, ദേവസ്യാ എന്നീ എട്ട് ആൺമക്കളും, മാമ്മി, ത്രേസ്യാ എന്നീ രണ്ട് പെൺമക്കളും. മാമ്മിയെ മൂന്നാനപ്പള്ളി ജോസഫ് വിവാഹം ചെയ്തു. വാഴവരയിൽ താമസിക്കുന്നു. ത്രേസ്യായെ വരകുകാലായിൽ ജോസഫ് (പാപ്പച്ചൻ) വിവാഹം ചെയ്തു. ഇടുക്കി ജില്ലയിലെ മേരികുളത്താണ് താമസം.

## III A അരയത്തിനാൽ ഔസേപ്പ് മകൻ വർക്കി

ഔസേപ്പിന്റെ എട്ട് ആൺമക്കളിൽ മൂത്ത മകനാണ് വർക്കി. ഭാര്യ ത്രേസ്യാ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അച്ചാമ്മ (മറിയം) എന്ന മകളും, കുഞ്ഞേപ്പ് (ജോസഫ്) എന്ന മകനും. വർക്കിയും ഭാര്യ ത്രേസ്യായും നിര്യാതരായി. ഇരുവരേയും ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## III A-1 അരയത്തിനാൽ വർക്കി മകൻ കുഞ്ഞേപ്പ് (ജോസഫ്)

വർക്കിയുടെ ഏക മകനാണ് കുഞ്ഞേപ്പ്. ഭാര്യ റോസ.

## III B അരയത്തിനാൽ ഔസേപ്പ് മകൻ ഫാ. മിലേനിയൂസ് CMI

ഔസേപ്പിന്റെ രണ്ടാമത്തെ മകനാണ് ഫാ. മിലേനിയൂസ്. വിദ്യാഭ്യാസം പാളയം കോട്ട് സെന്റ് സേവ്യേഴ്സ് കോളേജിൽ. വൈദികനായശേഷം രാജസ്ഥാനിലെ അജ്മീറിൽ വച്ച് ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിൽ ഡിഗ്രി എടുത്തു. കോഴിക്കോട് ദേവഗിരി കോളേജിൽ ഹോസ്റ്റൽ വാർഡനായി ചുമതലയേറ്റു. പിന്നീട് പ്രസ്തുത കോളേജിന്റെ പ്രിൻസിപ്പളായിരുന്നു. ഗുജറാത്തിലെ രാജ്കോട്ട് രൂപതയിലെത്തിയ അച്ചൻ അവിടെ കോളേജ് അദ്ധ്യാപകനായി തുടർന്നു. 1976-ൽ മുത്തോലി മൈനർ സെമിനാരി റെക്ടറായി സേവനം തുടരവേ 1978-ൽ സെന്റ് ജോസഫ്സ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യലായി നിമയിതനായി. കാലാവധിക്കുശേഷം വീണ്ടും സെമിനായുടെ റെക്ടറായി സേവനം തുടർന്നു.

പാലാ സെന്റ് വിൻസെന്റ് കൊവേന്തയിൽ വിശ്രമജീവിതം നയിക്കവേ 07-08-2007-ൽ നിര്യാതനായി. പാലാ ആശ്രമ ദൈവാലയത്തിൽ സംസ്കരിച്ചു.

1999-ൽ പ്രസിദ്ധീകരിച്ച "Some common prepositions". 2003-ൽ പ്രസിദ്ധീകരിച്ച A Study in to the English language എന്നീ പുസ്തകങ്ങളുടെ രചയിതാവാണ്. അച്ചന്റെ അവസാനകാലഘട്ടങ്ങളിൽ തയ്യാറാക്കിയ English Grammer എന്ന പുസ്തകം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. "ഫാ. തോമസ് അരയത്തിനാൽ - പണ്ഡിത ഗവേഷകനും ഗ്രന്ഥകാരനും" എന്ന പുസ്തകത്തിന്റെ ചീഫ് എഡിറ്ററായിരുന്നു.

## III C അരയത്തിനാൽ ഔസേപ്പ് മകൻ കുഞ്ഞുകുട്ടി (ജോസഫ്)

ഔസേപ്പിന്റെ മൂന്നാമത്തെ മകനാണ് കുഞ്ഞുകുട്ടി. ഉപ്പുതോട് വേലംകുന്നേൽ ഏലിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒൻപത് മക്കൾ. എട്ട് ആൺമക്കളും ഒരു മകളും. അപ്പച്ചൻ, ജോർജ്ജ് (ആഗസ്തി), തോമസ്, വർക്കിച്ചൻ, ചാക്കോ, മാത്തുകുട്ടി, ബേബി, തങ്കച്ചൻ എന്നിവരാണ് ആൺമക്കൾ. മേരി ഏക മകളും. മേരിയെ കുമ്പളാങ്കൽ കുഞ്ഞേപ്പ് വിവാഹം ചെയ്തു. പടമുഖത്ത് താമസിക്കുന്നു.

## III C-1 അരയത്തിനാൽ കുഞ്ഞുകുട്ടി മകൻ അപ്പച്ചൻ

കുഞ്ഞുകുട്ടിയുടെ മൂത്ത മകനാണ് അപ്പച്ചൻ. അംഗവൈകല്യമുള്ള അപ്പച്ചൻ അവിവാഹിതനായിരുന്നു. മരണശേഷം നെടുങ്കണ്ടം ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## III C-2 അരയത്തിനാൽ കുഞ്ഞുകുട്ടി മകൻ ജോസ് (ആഗസ്തി)

കുഞ്ഞുകുട്ടിയുടെ രണ്ടാമത്തെ മകനാണ് ജോസ്. കർഷകനായ ജോസ് കരിമ്പനിലാണ് താമസം. ചേലച്ചുവട് വരകിൽ ജോസഫ് - അന്നമ്മ മകൾ ചിന്നമ്മ (ഏലി)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ. സിബി, ഷീനാ, ഷിന്റു. മൂത്ത മകൾ സിബിയെ എറണാകുളം നെടുങ്ങാട്ട് നോബി വിവാഹം ചെയ്തു. നഴ്സായ സിബി ഭർത്താവിനൊപ്പം എറണാകുളത്താണ് താമസം. രണ്ടാമത്തെ മകൾ ഷീനാ കുവൈത്തിൽ സ്റ്റാഫ് നഴ്സാണ്. ഭർത്താവ് ജോർജ്ജ് USA -ൽ ജോലി ചെയ്യുന്നു. ഇളയ മകൾ ഷിന്റു MSC Maths പാസ്സായശേഷം ബാഗ്ലൂരിൽ ഒരു കമ്പനിയിൽ ജോലി ചെയ്യുന്നു.

## III C-3 അരയത്തിനാൽ  കുഞ്ഞുകുട്ടി മകൻ തോമസ്

കഞ്ഞുകുട്ടിയുടെ മൂന്നാമത്തെ മകനാണ് തോമസ്. തൂക്കുപാലം മണ്ണുംമൂട്ടിൽ ചാക്കോ-അന്നമ്മ മകൾ തങ്കമ്മയാണ് ഭാര്യ. നെടുങ്കണ്ടത്താണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. ജിജി, ജിഷ. ജിജിയെ കൽത്തൊട്ടി ചെറ്റയിൽ ബിജുവും ജിഷയെ നാലുമുക്ക് ചീരംകുന്നേൽ സജിയും വിവാഹം ചെയ്തു. 2001 ഏപ്രിൽ പന്ത്രണ്ടാം തീയതി തോമസ് മരിച്ചു. നെടുംങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## III C-4 അരയത്തിനാൽ  കുഞ്ഞുകുട്ടി മകൻ വർക്കിച്ചൻ

കുഞ്ഞുകുട്ടിയുടെ നാലാമത്തെ മകനാണ് വർക്കിച്ചൻ. കല്ലാർ 17-ാം ബ്ലോക്ക് മാന്തറ തോമസ് മകൾ ഓമനയാണ് ഭാര്യ. നെടുങ്കണ്ടത്താണ് താമസം. ഈ ദമ്പതികൾക്ക രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. സജിയാണ് മകൻ. സ്മിത മകളും. സജി ചിന്നക്നാലിൽ റിസോർട്ടിൽ ജോലി ചെയ്യുന്നു. വാഴത്തോപ്പ് നിവാസി സോളിയാണ് ഭാര്യ. സ്മിതയെ പാലാവയൽ പൊടിമറ്റത്തിൽ വിവാഹം ചെയ്തയച്ചു.

## III C-5 അരയത്തിനാൽ കുഞ്ഞുകുട്ടി മകൻ ചാക്കോ (പാപ്പച്ചൻ)

കുഞ്ഞുകുട്ടിയുടെ അഞ്ചാമത്തെ മകനാണ് ചാക്കോ. നെടുങ്കണ്ടത്താണ് താമസം. ചിന്നാർ ഏഴിയകുന്നേൽ മത്തായി മകൾ റോസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് ആൺമക്കളും ഒരു മകളും. റിനു, റിജോ എന്നിവരാണ് ആൺമക്കൾ. റിന്റോ മകളും  വിദ്യാർത്ഥിനിയുമാണ്.

## III C-5a അരയത്തിനാൽ ചാക്കോ മകൻ റിനു

ചാക്കോയുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് റിനു. തോപ്രാംകുടി തുണ്ടിയിൽ വർഗീസ് മകൾ ബിസ്മിയാണ് ഭാര്യ. നെടുംങ്കണ്ടത്ത്  പിതാവിനൊപ്പം  താമസിക്കുന്നു.

## III C-5b അരയത്തിനാൽ ചാക്കോ മകൻ റിജോ (ഫാ. മാത്യു അരയത്തിനാൽ)

ചാക്കോയുടെ രണ്ടാമത്തെ മകനാണ് റിജോ. ഇടുക്കി ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. ഇടുക്കി രൂപതാ മിഷൻലീഗ് ഡയറക്ടറായി സേവനം ചെയ്യുന്നു.

## III C-6 അരയത്തിനാൽ കുഞ്ഞുകുട്ടി മകൻ മാത്തുക്കുട്ടി

കുഞ്ഞുകുട്ടിയുടെ ആറാമത്തെ മകനാണ് മാത്തുക്കുട്ടി. നെടുങ്കണ്ടത്താണ് താമസം. എഴുകുംവയൽ കോങ്ങമല (Kongamala) കുര്യാക്കോസ് - ഏലി മകൾ എലിസബത്താണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. അൻസു, അമലു. അൻസു സൗത്ത് ഇൻഡ്യൻ ബാങ്ക് ജീവനക്കാരിയാണ്. അമലു MCom വിദ്യാർത്ഥിനിയും.

## III C-7 അരയത്തിനാൽ കുഞ്ഞുകുട്ടി മകൻ ബേബി

കുഞ്ഞുകുട്ടിയുടെ ഏഴാമത്തെ മകനാണ് ബേബി. നെടുങ്കണ്ടത്ത് താമസിക്കുന്നു. ഉപ്പുതോട് പാറേക്കുടിയിൽ തൊമ്മച്ചന്റെ മകൾ ലാലി (മറിയം) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരു മകളും ഒരു മകനും. സീനാ മകളും, ബിബിൻ മകനും. സീനായെ മേരികുളം വാലുമ്മേൽ അജിത്ത് വിവാഹം ചെയ്തു.

## III C-7 അരയത്തിനാൽ ബേബി മകൻ ബിബിൻ

ബേബിയുടെ ഏക മകനാണ് ബിബിൻ. വിവാഹിതനാണ്.

## III C-8 അരയത്തിനാൽ കുഞ്ഞുകുട്ടി മകൻ തങ്കച്ചൻ

കുഞ്ഞുകുട്ടിയുടെ ഇളയമകനാണ് തങ്കച്ചൻ. നെടുങ്കണ്ടത്ത് താമസിക്കുന്നു. ഷിൻസിയാണു ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അജിത്, നിജിത്. ഇരുവരും വിദ്യാർത്ഥികൾ. 2006 മാർച്ച് പതിനാലാം തീയതി ഒരു അപകടത്തിൽപെട്ട് തങ്കച്ചൻ മരിച്ചു. നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## III D അരയത്തിനാൽ ഔസേപ്പ് മകൻ കുട്ടി (കുര്യൻ)

ഔസേപ്പിന്റെ നാലാമത്തെ മകനാണ് കുട്ടി. പടിഞ്ഞാറേയിൽ ത്രേസ്യാമ്മയാണ് ഭാര്യ. കണയങ്കവയലിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ഔസേപ്പച്ചൻ, തങ്കച്ചൻ (തോമസ്). കുര്യനും ഭാര്യയും മരിച്ചു. കണയങ്കവയൽ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## III D-1 അരയത്തിനാൽ കുട്ടി മകൻ ഔസേപ്പച്ചൻ

കുട്ടിയുടെ മൂത്ത മകനാണ് ഔസേപ്പച്ചന്. ഇളംമ്പള്ളിയിൽ

താമസിക്കുന്നു. എലിക്കുളം തകിടിയിൽ ഏലിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഷെറിൻ, അരുൺ. ഷെറിൻ ഭർത്താവ് ജോസഫിനൊപ്പം സെക്കന്തറബാദിൽ താമസിക്കുന്നു. അരുൺ ബോംബെയിൽ ജോലി ചെയ്യുന്നു.

## III D-2 അരയത്തിനാൽ കുട്ടി മകൻ തങ്കച്ചൻ (തോമസ്)

കുട്ടിയുടെ ഇളയ മകനാണ് തങ്കച്ചൻ. കണയങ്കവയലിലാണ് താമസം. എടത്തിനകത്ത് മേരിക്കുട്ടിയാണ് ഭാര്യ.

## III E അരയത്തിനാൽ ഔസേപ്പ് മകൻ ചാക്കോ (Fr. Chacko Arayathinal)

ഔസേപ്പിന്റെ അഞ്ചാമത്തെ മകനാണ് ചാക്കോ. പാലാ സെന്റ് ജോസഫ്സ് മിഷൻ ഹോം, പൂനമല്ലി സെമനാരി, ചെന്നൈഎന്നി വിടങ്ങളിൽ വൈദികപഠനം പൂർത്തിയാക്കി 1960 ഏപ്രിൽ 1-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. ആന്ധ്രാപ്രദേശിലെ വിശാഖപ ട്ടണം രൂപതയിലെ വിവിധ പള്ളികളിൽ മിഷൻപ്രവർത്തനം നട ത്തിക്കൊണ്ടിരിക്കുന്നു. രൂപതയ്ക്കുവേണ്ടി പതിനൊന്ന് പുതിയ പള്ളികൾ പണികഴിപ്പിച്ചു. 16-01-2019-ൽ വിശാഖപട്ടണത്ത് മരിച്ചു. അവിടെ സംസ്കരിച്ചു.

## III F അരയത്തിനാൽ ഔസേപ്പ് മകൻ മത്തായി (മാത്യു)

ഔസേപ്പിന്റെ ആറാമത്തെ മകനാണ് മാത്യു. SB കോളേജ് ചങ്ങനാശ്ശേരി, മാർ ഇവാനിയോസ് കോളേജ് തിരുവനന്തപുരം, അജ്മീർ കോളേജ് എന്നിവിടങ്ങളിൽ പഠനം പൂർത്തിയാക്കിയ ശേഷം മൂവാറ്റുപുഴ നിർമ്മല കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപക നായി പതിനഞ്ചു വർഷം ജോലി നോക്കി. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽനിന്നും വിരമിച്ചു. 31-05-2010-ൽ മരിച്ചു, ഭാര്യ പെണ്ണമ്മ 26-03-2003-ൽ മരിച്ചു. ഇരുവരെയും മരുത്തോർവട്ടം സെന്റ് സെബാസ്റ്റ്യൻസ് പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.

ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. റോയി, നിമ്മി, ബിജു. ഏക മകൾ നിമ്മിയുടെ ഭർത്താവ് ജോയി ബിസ്സിനസ് നടത്തുന്നു. നിമ്മി ബാഗ്ലൂരിൽ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപികയാണ്.

## III F-1 അരയത്തിനാൽ മാത്യു മകൻ റോയി

മാത്യുവിന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് റോയി. ഭാര്യ ഷീല. റോയി SBI കണ്ണനല്ലൂർ ബ്രാഞ്ചിന്റെ മാനേജരാണ്. ഭാര്യ ഷീല ആലപ്പുഴ കാത്തലിക് സിറിയൻ ബാങ്കിൽ ഓഫീസറാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. റോഷൻ, ഷാരോൺ.

## III F-2 അരയത്തിനാൽ മാത്യു മകൻ ബിജു

മാത്യുവിന്റെ ഇളയ മകനാണ് ബിജു. ഹോസ്പിറ്റൽ മാനേജ്മെന്റ് ഡിഗ്രി എടുത്തശേഷം എറണാകുളം മെഡിക്കൽട്രസ്റ്റ് ഹോസ്പിറ്റലിൽ മാനേജരാണ്. ഭാര്യ ഷീജ തുറവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപികയാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. നിർമ്മൽ, നമിത.

## III G അരയത്തിനാൽ ഔസേപ്പ് മകൻ
## എ.ജെ. മൈക്കിൾ (കുഞ്ഞ്)

ഔസേപ്പിന്റെ ഏഴാമത്തെ മകനാണ് മൈക്കിൾ തൊടുപുഴയിലാണ് താമസം. ഭാര്യ തങ്കമ്മ. പാലാ സെന്റ് തോമസ് കോളേജിലും മൂവാറ്റുപുഴ നിർമ്മല കോളേജിലും വിദ്യാഭ്യാസം പൂർത്തിയാക്കിയ മൈക്കിൾ ഏഴുവർഷം ഗോവയിൽ ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നു. തുടർന്ന് ഇരുപത് വർഷം തൊടുപുഴ ഡി പോൾ സ്കൂളിൽ അദ്ധ്യാപകനായിരുന്നു. കളമശ്ശേരി രാജഗിരി ഹൈസ്കൂളിൽ നിന്നും വിരമിച്ചു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. നാല് പെൺമക്കളും മൂന്ന് ആൺമക്കളും. ഷീല, ഷൈനി, ഷീബാ, ഷീജാ എന്നിവരാണ് പെൺമക്കൾ. ഷാജു, ഷാമി, ഷിനു എന്നിവർ ആൺമക്കളും.

പെൺമക്കളിൽ മൂത്ത മകൾ ഷീല, രണ്ടാമത്തെ മകൾ ഷൈനി, ഭർത്താവ് സെബാസ്റ്റ്യനോടൊപ്പം ഗൾഫിൽ ജോലി ചെയ്യുന്നു. മൂന്നാമത്തെ മകൾ ഷീബയുടെ ഭർത്താവ് തോമസ് പത്രപ്രവർത്തകനാണ്. നാലാമത്തെ മകൾ ഷീജയും ഭർത്താവ് ജോർജ്ജും ആസ്ട്രേലിയായിൽ ജോലി ചെയ്യുന്നു.

## III G-1 അരയത്തിനാൽ മൈക്കിൾ മകൻ ഷാജു

മൈക്കിളിന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് ഷാജു. കമ്പനി എക്സിക്യൂട്ടീവായി ചെന്നൈയിൽ ജോലിചെയ്യുന്നു. ലൂസി

ചെന്നൈ അപ്പോളോ ഹോസ്പിറ്റലിൽ സ്റ്റാഫ് നഴ്സാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. മൈക്കിൾ, ജോർജ്ജ്.

## III G-2 അരയത്തിനാൽ മൈക്കിൾ മകൻ ഷാമി

മൈക്കിളിന്റെ രണ്ടാമത്തെ മകനാണ് ഷാമി. പെരുമ്പാവൂർ 1CICI ബാങ്കിൽ ജോലിചെയ്യുന്നു. ഭാര്യ ആൻസി. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മൈക്കിൾ എന്ന മകനും, മേരി എന്ന മകളും.

## III H അരയത്തിനാൽ ഔസേപ്പ് മകൻ ദേവസ്യാച്ചൻ (സെബാസ്റ്റ്യൻ)

ഔസേപ്പിന്റെ ആൺമക്കളിൽ ഇളയ മകനാണ് ദേവസ്യാച്ചൻ. ഇടുക്കി ജില്ലയിലെ മാന്നാത്തറയിലാണ് താമസം. ഭാര്യ വിളകുന്നേൽ അച്ചാമ്മ. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. അഞ്ച് ആൺമക്കളും മൂന്ന് പെൺമക്കളും. റീന, ലാലി, മിനി എന്നിവരാണ് പെൺമക്കൾ. ബേബി, സിബി, ജിജോ, ബന്നി, റോബിസ് (ജയിംസ്) എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ റീന (റോസ)യുടെ ഭർത്താവ് ജോസഫ്. ഇവർ മലയാറ്റൂരാണ് താമസം. രണ്ടാമത്തെ മകൾ ലാലി (ബ്രിജിത്ത്) യുടെ ഭർത്താവ് ജോയി (ഇടുക്കി). മൂന്നാമത്തെ മകൾ മിനി (ഏലി) യുടെ ഭർത്താവ് വിൽസൺ (തങ്കമണി).

## III H-1 അരയത്തിനാൽ ദേവസ്യാച്ചൻ മകൻ ബേബി (ജോസഫ്)

ദേവസ്യാച്ചന്റെ മൂത്ത മകനാണ് ബേബി. ഇടുക്കി തൊടുപുഴ വണ്ടമറ്റത്താണ് താമസം. ഭാര്യ മോളി (അന്ന). ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. സെബാസ്റ്റ്യൻ, അബ്രാഹം, ഏലി.

## III H-2 അരയത്തിനാൽ ദേവസ്യാച്ചൻ മകൻ സിബി (സെബാസ്റ്റ്യൻ)

ദേവസ്യാച്ചന്റെ രണ്ടാമത്തെ മകനാണ് സിബി. മാന്നാത്തറയാണ് താമസം. ഭാര്യ എൽസി (ഏലി). ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. മൈക്കിൾ, സെബാസ്റ്റ്യൻ.

## III H-3 അരയത്തിനാൽ ദേവസ്യാച്ചൻ മകൻ ജിജോ

ദേവസ്യാച്ചന്റെ മൂന്നാമത്തെ മകനാണ് ജിജോ. ഭാര്യ സൂസൻ. ഇരുവരും രാജസ്ഥാനിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. ഏലി, റോസ.

## III H-4 അരയത്തിനാൽ ദേവസ്യാച്ചൻ മകൻ ബന്നി (തോമസ്)

ദേവസ്യാച്ചന്റെ നാലാമത്തെ മകനാണ് ബന്നി. ഇടുക്കി ജില്ല യിലെ തോപ്രാംകുടിയിലാണ് താമസം. ഭാര്യ കാതറിൻ. ഈ ദമ്പ തികൾക്ക് ഒരു മകൻ സെബാസ്റ്റ്യൻ.

## III H-5 അരയത്തിനാൽ ദേവസ്യാച്ചൻ മകൻ റോബിസ് (ജയിംസ്)

ദേവസ്യാച്ചന്റെ ഇളയ മകനാണ് റോബിസ്. തോപ്രാംകുടി യിലാണ് താമസം. ഭാര്യ റോസ. ഒരു മകൾ ഏലി.

## IV കുഞ്ഞുവർക്കി - കൊച്ചുമറിയം മകൻ മിഖായേൽ

അരയിത്തനാൽ കുഞ്ഞുവർക്കിയുടെ നാലാമത്തെ മകനാണ് മിഖായേൽ. 1895-ൽ ജനിച്ചു. മണിയംകുന്ന് പുളിക്കൽ ത്രേസ്യായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. നാല് ആൺമ ക്കളും ഒരു മകളും. എ.എം.വർക്കി, തോമസ്, കുഞ്ഞേപ്പ് (ജോസ ഫ്), മൈക്കിൾ എന്നിവരാണ് ആൺമക്കൾ. മാമ്മിക്കുട്ടി (മേരി) യാണ് ഏകമകൾ. പനയ്ക്കക്കുഴിയിൽ മത്തായി മാത്യു മാമ്മിക്കു ട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് ആറ് മക്കൾ.

## IV A അരയത്തിനാൽ മിഖായേൽ മകൻ എ.എം. വർക്കി

മിഖായേലിന്റെ മൂത്ത മകനാണ് വർക്കി. 16-02-1917-ൽ ജനി ച്ചു. കല്ലുടുക്കനാനിക്കൽ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പ തികൾക്ക് എട്ട് മക്കൾ. രണ്ട് ആൺമക്കളും, ആറ് പെൺമക്കളും. എ.റ്റി. മൈക്കിൾ, ബേബി ജോർജ്ജ് എന്നിവരാണ് ആൺമക്കൾ. മറിയാമ്മ, ട്രീസാ, കുട്ടിയമ്മ, ലില്ലി, മായ, ഉഷ എന്നിവരാണ് പെൺമ ക്കൾ. 11-10-1982-ൽ വർക്കിയും, 11-02-2002-ൽ അന്നമ്മയും മരിച്ചു.

വർക്കിയുടെ മൂത്തമകൾ മറിയാമ്മയെ കഴുത്തുവീട്ടിൽ തോമസ് വിവാഹം ചെയ്തു. മറിയാമ്മ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സായി റിട്ടയർ ചെയ്തു. രണ്ടാമത്തെ മകൾ ട്രീസാ ജോസ് (Rtd Paramedic). കുമ്പമറ്റം ജോസഫാണ് ഭർത്താവ്. മൂന്നാമത്തെ മകൾ കുട്ടിയമ്മ (Rtd Paramedic) യെ നെല്ലിയ്ക്കാമണ്ണിൽ എൻ.വി. ജോസഫ് (Rtd HM) വിവാഹം ചെയ്തു. നാലാമത്തെ മകൾ ലില്ലി ജോർജ്ജിനെ കടമ്പമറ്റത്തിൽ തോമസ് വിവാഹം ചെയ്തു. അഞ്ചാമത്തെ മകൾ മായ ജോർജ്ജ് (MSc BEd) പ്രിൻസിപ്പൽ ആയി ജോലി ചെയ്യുന്നു.

ഇടക്കളത്തൂർ മേരി ദാസാണ് ഭർത്താവ്. ഇളയമകൾ ഉഷാ ജോർജ്ജ് (MSc BEd) അദ്ധ്യാപികയാണ്. Ganesh parameswaran MA BEd (Principal) ആണ് ഭർത്താവ്.

## IV A-1 അരയത്തിനാൽ എ.എം. വർക്കി മകൻ എ.റ്റി. മൈക്കിൾ

വർക്കിയുടെ മൂത്തമകനാണ് എ.റ്റി. മൈക്കിൾ. 29-09-1940-ൽ ജനിച്ചു. നെല്ലോലപൊയ്കയിൽ മേരിയാണ് ഭാര്യ. കണ്ണൂർ ജില്ല യിലെ ചെറുപുഴയിലായിരുന്നു താമസം - നിര്യാതനായി. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് ആൺമക്കളും മൂന്ന് പെൺമക്ക ളും. സണ്ണി ജോർജ്ജ്, സജി മൈക്കിൾ എന്നിവരാണ് ആൺമക്കൾ. സുമ, സീമ, സിന്ധു എന്നിവർ പെൺമക്കളും. മൂത്ത മകൾ സുമയെ മടുക്കക്കുഴിയിൽ ബന്നി വിവാഹം ചെയ്തു. ബന്നി ബിസിനസ്സ് നടത്തുന്നു. രണ്ടാമത്തെ മകൾ സീമയെ ചാലിൽ റോയി വിവാഹം ചെയ്തു. റോയിയും ബിസിനസ്സ്കാരനാണ്. ഇളയ മകൾ സിന്ധു സ്റ്റാഫ് നഴ്സാണ്. അഴുതപ്പാടം ജോജിയാണ് ഭർത്താവ്. ജോജി ടെക്നീഷനായി ജോലി ചെയ്യുന്നു.

## IV A-1a അരയത്തിനാൽ എ.റ്റി. മൈക്കിൾ മകൻ സണ്ണി ജോർജ്ജ്

മൈക്കിളിന്റെ മൂത്ത മകനാണ് സണ്ണി. ചെറുപുഴയിൽ ബിസി നസ്സ് ചെയ്യുന്നു. കടുകുന്നേൽ ഷേർളിയാണ് ഭാര്യ. ഈ ദമ്പതി കൾക്ക് രണ്ട് മക്കൾ. കിരൺ, ഷാരോൺ.

## IV A-1b അരയത്തിനാൽ എ.റ്റി. മൈക്കിൾ മകൻ സജി മൈക്കിൾ

മൈക്കിളിന്റെ ഇളയ മകനാണ് സജി. ചെറുപുഴയിൽ ബിസി നസ്സ്കാരനാണ്. പെരിയപ്പുറത്ത് ജാൻസിയാണ് ഭാര്യ. ഈ ദമ്പതി കൾക്ക് നാല് മക്കൾ. മില്ലറ്റ്, ജൂഡ്, മെറിൻ, റ്റീസാ.

## IV A-2 അരയത്തിനാൽ എ.റ്റി. മൈക്കിൾ

വർക്കിയുടെ രണ്ടാമത്തെ മകനാണ് ബേബി. പിലാക്കാട്ട് ലൂസിയെ വിവാഹം ചെയ്തു. 09-08-2007-ൽ ബേബി നിര്യാതനായി. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. സച്ചിൻ മകനും, മീര മകളും. ഇരുവരും നഴ്സായി ജോലി ചെയ്യുന്നു.

## IVB അരയത്തിനാൽ മിഖായേൽ മകൻ തോമസ്

മിഖായേലിന്റെ രണ്ടാമത്തെ മകനാണ് തോമസ്. കൊഴുവ നാൽ പാലയ്ക്കൽ മറിയത്തെ വിവാഹം ചെയ്തു. 23-10-1993-ൽ

മറിയം മരിച്ചു. ഈ ദാമ്പത്യത്തിൽ ഒരു മകൾ. അക്കാമ്മ. അക്കാമ്മയെ മുട്ടുചിറ ഇളമ്പാശ്ശേരിയിൽ ഔസേപ്പച്ചൻ വിവാഹം ചെയ്തു.

ആദ്യഭാര്യ മറിയത്തിന്റെ മരണശേഷം വിളക്കുമാടം വടക്കേൽ മറിയത്തെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ രണ്ട് പെൺമക്കൾ. ലീലാമ്മ (സി. വിമല), ആനിയമ്മ. ലീലാമ്മ Congregation of missionaries of Mary Immaculate സഭയിൽ ചേർന്ന് സന്യസ്തജീവിതം നയിക്കുന്നു. സി. വിമല എന്ന പേര് സ്വീകരിച്ചു. Anaesthesiologist ആണ്. ആനിയമ്മയെ പനയ്ക്കക്കുഴിയിൽ ചാക്കോച്ചൻ വിവാഹം ചെയ്തു.

## IV C അരയത്തിനാൽ മിഖായേൽ മകൻ ജോസഫ് (കുഞ്ഞേപ്പ്)

മിഖായേലിന്റെ മൂന്നാമത്തെ മകനാണ് കുഞ്ഞേപ്പ്. 1926-ൽ ജനിച്ചു. തീക്കോയി കുംബിളയാമാക്കൽ ത്രേസ്യായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് പെൺമക്കളും മൂന്ന് ആൺമക്കളും. ഇത്തമ്മ (മറിയം), തെരേസാ (പെണ്ണമ്മ) എന്നിവരാണ് പെൺമക്കൾ. രാജൻ (മൈക്കിൾ), സോമി (ജോർജ്ജ്), ജിമ്മി (ജോസഫ്) എന്നിവർ ആൺമക്കളും. മൂത്തമകൾ ഇത്തമ്മ (മറിയം) സിവിൽ എഞ്ചിനീയറിംഗിൽ B Tech എടുത്തശേഷം കേരളാ ഗവ. സർവ്വീസിൽനിന്നും വിരമിച്ചു. തിരുവനന്തപുരംകാരനായ സാമുവൽ ആണ് ഭർത്താവ്. രണ്ടാമത്തെ മകൾ തെരേസാ (പെണ്ണമ്മ) 29-10-1954-ൽ ജനിച്ചു. നെല്ലിയാനി വള്ളിച്ചിറ, നല്ല നിരപ്പേൽ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. ജോസി, തോംസൻ.

## IV C-1 അരയത്തിനാൽ ജോസഫ് (കുഞ്ഞേപ്പ്) മകൻ രാജൻ (മൈക്കിൾ)

കുഞ്ഞേപ്പിന്റെ മൂത്ത മകനാണ് രാജൻ. 02-06-1952-ൽ ജനിച്ചു. ആയാംകുടി കൊല്ലംപറമ്പിൽ മേരിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് മക്കൾ. മനു, സാജൻ, വിൻസ്.

## IV C-2 അരയത്തിനാൽ ജോസഫ് (കുഞ്ഞേപ്പ്) മകൻ സോമി (ജോർജ്ജ്)

കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനാണ് സോമി. 25-05-1959-ൽ

ജനിച്ചു. തൃശൂർ പൊരുന്നുകരോട്ട് ലില്ലിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു പെൺമക്കൾ.

## IV C-3 അരയത്തിനാൽ കുഞ്ഞേപ്പ് മകൻ ജിമ്മി (ജോസഫ്)

കുഞ്ഞേപ്പിന്റെ ഇളയമകനാണ് ജിമ്മി. 21-06-1964-ൽ ജനിച്ചു. തൃശൂർ പുരക്കാട്ടിൽ ലിസിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. ലിജി, സാജുമോൻ. ഇരുവരും വിദ്യാർത്ഥികളാണ്.

## IV D അരയത്തിനാൽ മിഖായേൽ മകൻ മൈക്കിൾ

മിഖായേലിന്റെ ഇളയ മകനാണ് ഡോ. എം.എം. മൈക്കിൾ. BSc. Agri. Engg. M Tech, PHD. ന്യൂഡെൽഹിയിലെ ഇന്ത്യൻ അഗ്രിക്കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ആയിരുന്നു. പിന്നീട് കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി റിട്ടയർ ചെയ്തു. ഇപ്പോൾ എറണാകുളം ഇടപ്പള്ളിയിൽ താമസിക്കുന്നു. കൃഷിയും വാട്ടർ മാനേജ്മെന്റ് സംബന്ധമായും അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. റിട്ടയർമെന്റ് ജീവിതത്തിലും വിശ്രമമില്ലാതെ ഗവേഷണപുസ്തകങ്ങളുടെ രചനയിലാണ്. തൊടുപുഴക്കടുത്ത് വഴിത്തല കൊച്ചുപറമ്പിൽ റോസയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. വിജയൻ, ഉദയൻ എന്നീ രണ്ട് ആൺമക്കളും, വിമല എന്ന മകളും.

ഏക മകൾ ഡോ. വിമല MBBS, MD. 13-08-1966 - ൽ ജനിച്ചു. Dubai, Emirates Diagnostic clinic -ൽ Dermatologist ആയി ജോലി ചെയ്യുന്നു. ഭർത്താവ് Dr. Vinod Joseph MBBS, MD.DM. ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു. രണ്ട് മക്കൾ. സജന, മേഘന. ഇരുവരും വിദ്യാർത്ഥികൾ

## IV D-1 അരയത്തിനാൽ ഡോ. എ.എം. മൈക്കിൾ മകൻ വിജയൻ (ജോസഫ് മൈക്കിൾ)

മൈക്കിളിന്റെ മൂത്ത മകനാണ് വിജയൻ. 22-09-1957-ൽ ജനിച്ചു. BCom (Hons) പാസ്സായി Govt. of India Ministry of Shipping - ൽ under secretary ആയി ജോലി ചെയ്യുന്നു. മാണ്ണാർക്കാട് കിഴക്കേക്കര ജാൻസി(B Tech, M Tech) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് കുട്ടികൾ. വിനീത, വിനോയി.

## IV D-2 അരയത്തിനാൽ ഡോ. എ.എം. മൈക്കിൾ മകൻ ഉദയൻ

മൈക്കിളിന്റെ രണ്ടാമത്തെ മകനാണ് ഉദയൻ. 17-10-1958-ൽ ജനിച്ചു. USA യിൽ C.H.A.D. Vice President ആയി വർക്ക് ചെയ്യുന്നു. ഭാര്യ Heather, Me Tok, Nebraska, USA) മൂത്തമകൾ Melissa USA യിൽ കമ്പനി സെക്രട്ടറിയായി ജോലി ചെയ്യുന്നു. മകൻ Brandon - Trainee.

## V കുഞ്ഞുവർക്കി - കൊച്ചുമറിയം മകൻ വർക്കി

കുഞ്ഞുവർക്കിയുടെ അഞ്ചാമത്തെ മകനാണ് വർക്കി. വെയിൽകാണാംപാറയിൽ തറവാട്ടിൽ മാതാപിതാക്കൾക്കൊപ്പം താമസമാക്കി. കുന്നേപ്പറമ്പിൽ ഏലിയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ ഒരു മകൾ മറിയം. മറിയം ജനിച്ച് കുറച്ചുനാളുകൾക്കുശേഷം ഏലി മരിച്ചു. മറിയത്തെ ഇലഞ്ഞി അരിശ്ശേരികുവയിൽ കുര്യൻ വിവാഹം ചെയ്തു.

ഏലിയുടെ മരണശേഷം കാഞ്ഞിരപ്പള്ളി പൊരുന്നപ്പറമ്പിൽ മറിയത്തെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ എട്ട് മക്കൾ. നാല് ആൺമക്കളും നാല് പെൺമക്കളും. മറിയക്കുട്ടി, അന്നക്കുട്ടി, ഏലിക്കുട്ടി, റോസമ്മ എന്നിവരാണ് പെൺമക്കൾ. വർക്കി, സെബാസ്റ്റ്യൻ (പാപ്പച്ചൻ), കുര്യാക്കോസ്, ജോസഫ് (അപ്പച്ചൻ) എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ മറിയക്കുട്ടി അവിവാഹിതയായിരുന്നു. മാതാപിതാക്കൾക്കൊപ്പം കഴിഞ്ഞു. 75-ാം വയസ്സിൽ മരിച്ചു. രണ്ടാമത്തെ മകൾ അന്നക്കുട്ടിയെ ഇടമറ്റം തുരുത്തിയിൽ മാത്യു വിവാഹം ചെയ്തു. കാസർഗോഡ് ജില്ലയിൽ പ്ലാച്ചിക്കരയാണ് താമസം. ഇവർക്ക് ആറ് മക്കൾ. ഭർത്താവ് മാത്യു 22-09-2014-ൽ മരിച്ചു. അന്നക്കുട്ടി 19-07-2017-ൽ മരിച്ചു. മൂന്നാമത്തെ മകൾ ഏലിക്കുട്ടി (സി. ഫെലിസിറ്റ) F.C. സഭയിൽ ചേർന്ന് സന്യസ്തജീവിതം നയിച്ച് 12-06-2018-ൽ മരിച്ചു. നാലാമത്തെ മകൾ റോസമ്മയെ മാന്നാനം തയ്യിൽ ലൂക്കാ വിവാഹം ചെയ്തു.

## V-A അരയത്തിനാൽ വർക്കി മകൻ പ്രൊ. എ.വി. വർക്കി MAMS

വർക്കിയുടെ മൂത്ത മകനാണ് എ.വി. വർക്കി. കരൂർ കാടൻകടവിൽ പെണ്ണമ്മയെ വിവാഹം ചെയ്തു. പാലാ സെന്റ് തോമസ് കോളജിൽ ദീർഘകാലം HOD ആയി സേവനം ചെയ്തു. പിന്നീട് അമേരിക്കയിൽ പോയി മൂന്ന് വർഷം ഉപരിപഠനം നടത്തി. 09-07-2014-ൽ നിര്യാതനായി. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ.

മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും. ജയ, മിനി എന്നിവരാണ് പെൺമക്കൾ. ജോളി, റ്റോമി, സിബി എന്നിവർ ആൺമക്കളും. മൂത്ത മകൾ Dr. Jaya MD യെ കോട്ടയം ഇല്ലത്തുപറമ്പിൽ ഡോ. ഐസക് തോമസ് (Ike) വിവാഹം ചെയ്തു. Dr. Ike കാർഡിയോളജിസ്റ്റായി അമേരിക്കയിലെ Illinois- ൽ ജോലി ചെയ്യുന്നു. ഡോ.ജയ പീഡിയാട്രീഷൻ ആണ്. രണ്ടാമത്തെ മകൾ മിനി (Mrs Mini Philip B.Tech) യെ ഇരുമ്പനംപുളിക്കൽ ഫിലിപ്പ് വിവാഹം ചെയ്തു. FACTയിൽനിന്നും ചീഫ് എഞ്ചിനീയറായി റിട്ടയർചെയ്ത് ഫിലിപ്പ് ഇപ്പോൾ ബിൽഡിംഗ് കൺസ്ട്രിക്ഷൻ ഫീൽഡിലാണ്. തൃപ്പൂണിത്തുറയാണ് താമസം.

## V A-1 അരയത്തിനാൽ പ്രൊഫ. എ.വി. വർക്കി (Dr. Mathew George MD)

എ. വി. വർക്കിയുടെ മൂത്ത മകനാണ് ജോളി. അമേരിക്കയിലെ ഷിക്കാഗോയിൽ ഡോക്ടറായി സേവനം ചെയ്യുന്നു. എറണാകുളം പുല്ലുകളം ആൽഫിയാണ് ഭാര്യ.

## V A-2 അരയത്തിനാൽ പ്രൊഫ. എ.വി. വർക്കി മകൻ റ്റോമി

എ. വി. വർക്കിയുടെ രണ്ടാമത്തെ മകനാണ് റ്റോമി (ഡോ. തോമസ് ജോർജ്ജ് BDS, MDS, FD. SR. CS (England), F.F. D.R.C.S.I. Dubai). അബുദാബിയിൽ Oral & Maxillo Facial Surgen ആയി സേവനം ചെയ്യുന്നു. തൃശൂർ മരത്താക്കര ജാനെറ്റ് ആണ് ഭാര്യ. ഇവർക്ക് രണ്ട് പെൺമക്കൾ. ഡോ. ക്രിസ്റ്റി, ക്ലെയർ.

## V A-3 അരയത്തിനാൽ പ്രൊഫ. എ.വി. വർക്കി മകൻ സിബി (സെബാസ്റ്റ്യൻ ജോർജ്ജ്)

എ. വി. വർക്കിയുടെ ഇളയ മകനാണ് സിബി. M Tech –ന് ശേഷം കാസർഗോഡ് ICAR- ൽ ടെക്നിക്കൽ ഓഫീസറായി ജോലി ചെയ്യുന്നു. മണിമല കളത്തൂർ ടെസ്സി(അച്ചാമ്മ)യാണ് ഭാര്യ. ഇവർക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും ഒരാണും. മൂവരും വിദ്യാർത്ഥികൾ.

## V B അരയത്തിനാൽ വർക്കി മകൻ സെബാസ്റ്റ്യൻ (Fr. Sebastian Carmel CMI. Late)

വർക്കിയുടെ രണ്ടാമത്തെ മകനാണ് ഫാ. സെബാസ്റ്റ്യൻ CMI. CMI സഭയിൽ ചേർന്ന് വൈദികനായി. അധികം താമസിയാതെ

സഭാധികാരികൾ അമേരിക്കയിലെ ഇടവകകളിൽ സേവനം ചെയ്യുന്നതിനായി അയച്ചു. അമേരിക്കയിൽനിന്നും PHD കരസ്ഥമാക്കി. 08-06-1997-ൽ അമേരിക്കയിൽ വച്ച് നിര്യാതനായി.

## V C അരയത്തിനാൽ വർക്കി മകൻ കുര്യാക്കോസ് (കുര്യാച്ചൻ)

വർക്കിയുടെ രണ്ടാമത്തെ മകനാണ് കുര്യാച്ചൻ. കൃഷിവകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്നു. ആനക്കല്ലിലാണ് താമസം. ഭാര്യ പൊൻകുന്നം കുരീക്കാട്ട് മേരിക്കുട്ടി. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് ആണും ഒരു പെണ്ണും. ബിജു, ബിജോയി എന്നിവരാണ് ആൺമക്കൾ. ബിന്ദു മകളും. MSc BEd കാരിയായ ബിന്ദു അദ്ധ്യാപികയാണ്. പാലാ കാപ്പിൽ സേവ്യർ ബിന്ദുവിനെ വിവാഹം ചെയ്തു. സേവ്യർ ഇൻകംടാക്സ് ഉദ്യോഗസ്ഥനാണ്.

## V C-1 അരയത്തിനാൽ കുര്യാച്ചൻ മകൻ ബിജു (Dr. Biju Ciriac B.D.S)

കുര്യാച്ചന്റെ മൂത്ത മകനാണ് ബിജു. ഡോ. ബിനി കരുവേലിത്തറ (ആലപ്പുഴ)യാണ് ഭാര്യ. ഇരുവരും അമേരിക്കയിൽ സേവനം ചെയ്യുന്നു. ഇവർക്ക് മൂന്ന് ആൺമക്കൾ. വിദ്യാർത്ഥികളാണ്.

## V C-2 അരയത്തിനാൽ കുര്യാച്ചൻ മകൻ ബിജോയി (Bijoy Ciriac M Tech)

കുര്യാച്ചന്റെ ഇളയ മകനാണ് ബിജോയി. M Tech. ന് ശേഷം എറണാകുളം ഇൻഫോപാർക്കിൽ ജോലി ചെയ്യുന്നു. ചിറക്കടവ് വെട്ടിക്കാട് ദിനായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു കുട്ടികൾ. എറണാകുളത്താണ് താമസം.

## V D അരയത്തിനാൽ വർക്കി മകൻ ജോസഫ് (അപ്പച്ചൻ)

വർക്കിയുടെ ഇളയ മകനാണ് അപ്പച്ചൻ. ബിസ്സിനസ്സ് ചെയ്യുന്നു. അയർക്കുന്നം കടുകശ്ശേരിൽ മോളിയാണ് ഭാര്യ. ഇവർക്ക് മൂന്ന് പെൺമക്കൾ. ജൂലി, ജൂണി, ജൂഡിത്ത്. മൂത്തമകൾ ജൂലിയെ കാഞ്ഞിരപ്പള്ളി പൂത്തൻപുരയ്ക്കൽ ജിൻസ് വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കൾ. രണ്ടാമത്തെ മകൾ ജൂണിയെ കാളകെട്ടി വെള്ളൂക്കുന്നേൽ ജോർജ്ജ് വിവാഹം ചെയ്തു. ഇളയ മകൾ ജൂഡിത്ത് എറണാകുളത്ത് മണമേൽ വിവാഹം കഴിച്ചു.

## VI കുഞ്ഞുവർക്കി - കൊച്ചുമറിയം മകൻ തോമസ് (ഫാ. തോമസ് അരയത്തിനാൽ MA. MOL)

കുഞ്ഞുവർക്കിയുടെ ആൺമക്കളിൽ ആറാമത്തെ മകനാണ് ഫാ. തോമസ് അരയത്തിനാൽ. 1903 ജനുവരി 15-ന് ജനിച്ചു. വെയിൽകാണാംപാറ, ഭരണങ്ങാനം, പനച്ചിപ്പാറ എന്നീ സ്കൂളുകളിൽനിന്നും പ്രൈമറി, മിഡിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ചങ്ങനാശ്ശേരി എസ്.ബി യിൽ ആയിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. പിന്നീട് വീട്ടിൽ താമസിച്ച് ലത്തീൻ, സുറിയാനി, സംസ്കൃതം എന്നീ ഭാഷകൾ പഠിച്ചു. തുടർന്ന് മംഗലപ്പുഴ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. 1932 ഡിസംബർ 22-ന് പ്രഥമ ദിവ്യബലി അർപ്പിച്ചു. 1930 മുതൽ രണ്ട് വർഷക്കാലം പ്ലാശനാൽ പള്ളിയിൽ അസി. വികാരിയായി സേവനം ചെയ്തു. തുടർന്ന് രണ്ട് വർഷം കോട്ടയം പെറ്റി സെമിനാരിയിൽ അദ്ധ്യാപകനും വൈസ് റെക്ടറും ആയിരുന്നു.

അതിനുശേഷം ലീവെടുത്ത് സ്വന്തം ഇടവകയായ അരുവിത്തുറയിൽ താമസമാക്കി. 1980 സെപ്തംബർ 30-ന് മരിച്ചു. അരുവിത്തുറ പള്ളി സെമിത്തേരിയിൽ വയലിൽ പിതാവിന്റെ കാർമ്മികത്വത്തിൽ സംസ്കരിച്ചു. ഇടവകയുടെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിച്ചു. 1980-ൽ ദിവംഗതനാകുന്നതുവരെ അരുവിത്തുറയിൽ തന്നെയായിരുന്നു സേവനം. വെയിൽകാണാംപാറയിലെ രണ്ട് ക്ലാസ് മാത്രമുള്ള സ്കൂൾ നിർത്തലാക്കിയപ്പോൾ പുതിയ കെട്ടിടം പണിയിച്ച് സ്കൂൾ തുടർന്ന് നടത്തിയത് തോമസച്ചനായിരുന്നു. ഇപ്പോൾ പ്രസ്തുത സ്കൂൾ അരുവിത്തുറപള്ളി വകയാണ്.

ഗോവയിൽവച്ച് നിര്യാതനായ മാർ കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ ഭൗതികാവശിഷ്ടങ്ങൾ ഗോവയിൽനിന്നും കൊണ്ടുവന്ന് മാർ കരിയാറ്റിയുടെ ഇടവകപ്പള്ളിയായ ആലങ്ങാട്ട് പള്ളിയിൽ സ്ഥാപിക്കുന്നതിനുവേണ്ടി രൂപീകൃതമായ കമ്മിറ്റിയുടെ കൺവീനർ ബ. അരയത്തിനാലച്ചനായിരുന്നു.

പൂർവ്വകാല ശിലാലിഖിതങ്ങൾ നഷ്ടപ്പെടാതെ വൈദികമന്ദിരത്തിൽ അർഹമായ സ്ഥാനങ്ങളിൽ വച്ച് സംരക്ഷിച്ചത് അച്ചന്റെ പരിശ്രമംകൊണ്ടാണ്. പഴയ അരുവിത്തുറ പള്ളി പൊളിച്ച് പുതിയ പള്ളി പണിതപ്പോൾ പഴയതിന്റെ മദ്ബഹാ പുതിയ പള്ളിയിൽ സംരക്ഷിച്ച് നിർത്തിക്കൊണ്ട് നിർമ്മാണം നടന്നത് അച്ചന്റെ ചരി

ത്രബോധത്തിന്റെ ഫലമാണ്. പള്ളിമതിലിനുള്ളിൽ നിലകൊള്ളുന്ന പഞ്ചലോഹ സ്ലീവായും അച്ചന്റെ ഭാവനയിൽ ഉദിച്ചതത്രെ. പാലാ രൂപതയുടെ രൂപീകരണം സംബന്ധിച്ച പശ്ചാത്തല നീക്കങ്ങളിൽ അച്ചന്റെ പങ്ക് സുപ്രധാനമായിരുന്നു. അരുവിത്തുറയേയും പള്ളി യേയും സംബന്ധിച്ച് സുദീർഘവും ഫലപ്രദവുമായ ഗവേഷണം നടത്തുകയും ഗവേഷണഫലങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

അരുവിത്തുറ ഹൈസ്കൂൾ, സെന്റ് ജോർജ്ജ് കോളേജ്, ജോർജ്ജിയൻ കോളേജ് ആശുപത്രി (സർക്കാരിന് വിട്ടുകൊടുത്തു), ഇവയൊക്കെ നിലവിൽ വന്നത് അച്ചന്റെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ്.

അച്ചൻ ദീർഘകാലം മദ്രാസ്, തിരുവിതാംകൂർ സർവ്വകലാ ശാലകളിൽ സുറിയാനിയുടെ പരീക്ഷകനായിരുന്നു. Aramaic Grammer ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചത് ശാശ്വതസ്മരണ അർഹി ക്കുന്നു. സ്വന്തമായിട്ടുണ്ടായിരുന്ന അമൂല്യമായ ഗ്രന്ഥശേഖരം പണ്ഡിത ഗവേഷണത്തിന് ഏറെ സഹായകമാകുംവിധം വടവാ തൂർ സെമിനാരിക്ക് സംഭാവന ചെയ്തിരിക്കുന്നു.

### VII കുഞ്ഞുവർക്കി - കൊച്ചുമറിയം ദമ്പതികളുടെ മകൻ വർക്കി ചാക്കോ

കുഞ്ഞുവർക്കിയുടെ ഏഴാമത്തെ മകനാണ് ചാക്കോ. വെയിൽകാണാംപാറയിൽനിന്നും പാതാംപുഴയിലേക്ക് മാറിത്താ മസിച്ചു. മണിയംകുന്ന് മുകിരേന്തിയ്ക്കൽ കുടുംബാംഗമായ അന്ന മ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒൻപത് മക്കൾ. അഞ്ച് ആൺമക്കളും നാല് പെൺമക്കളും. വർക്കി, ജോസഫ്, ജേക്കബ്, കുര്യൻ, തോമസ്സ് എന്നിവരാണ് ആൺമക്കൾ. സി. ട്രീസാ FCC, സി. മരിയ, റോസമ്മ, വത്സമ്മ എന്നിവരാണ് പെൺമക്കൾ.

മൂത്തമകൾ FCC സന്യസ്തസഭയിൽ ചേർന്ന് സന്യസ്തജീ വിതം നയിക്കുന്നു. സി. ട്രീസാ FCC എന്ന പേരിൽ അറിയപ്പെടു ന്നു. രണ്ടാമത്തെ മകൾ SABS സഭയിൽ ചേർന്ന് സന്യസ്തജീവിതം നയിക്കുന്നു. സി. മരിയ അരയത്തിനാൽ SABS ചെത്തിമറ്റം ആരാ ധനാ മഠത്തിലാണ് സേവനം. മൂന്നാമത്തെ മകൾ റോസമ്മ അവി വാഹിതയാണ്. കലയന്താനിയിൽ സഹോദരൻ തോമസ് ചാക്കോ യോടൊപ്പം താമസിക്കുന്നു. ഇളയമകൾ വത്സമ്മയെ അടപ്പൂർ

അബ്രാഹം വിവാഹം ചെയ്തു. രണ്ടു മക്കൾ. നിഷ, നിബു ഇരുവരും അയർലണ്ടിൽ ജോലി ചെയ്യുന്നു.

## VII A അരയത്തിനാൽ ചാക്കോ മകൻ വർക്കി ചാക്കോ (വക്കൻ)

വർക്കിയുടെ അഞ്ച് ആൺമക്കളിൽ മൂത്ത മകനാണ് വക്കൻ എന്ന് വിളിക്കുന്ന ചാക്കോ. അവിവാഹിതനായ വക്കൻ 25-8-2017-ൽ നിര്യാതനായി.

## VII B അരയത്തിനാൽ ചാക്കോ മകൻ ജോസഫ് ചാക്കോ (കുഞ്ഞ്)

ചാക്കോയുടെ രണ്ടാമത്തെ മകനാണ് കുഞ്ഞ്. തീക്കോയി പനയ്ക്കക്കുഴിയിൽ അന്നമ്മയാണ് ഭാര്യ. ഇവർക്ക് നാല് മക്കൾ. രണ്ട് ആൺമക്കളും രണ്ട് പെൺമക്കളും. ബേബി, ജോണി എന്നിവരാണ് ആൺമക്കൾ. സുമ, ജയ എന്നിവർ പെൺമക്കൾ. മൂത്തമകൾ സുമയെ ഇരട്ടയാർ വടക്കേടത്ത് ബേബി വിവാഹം ചെയ്തു. ഇളയമകൾ ജയയെ കടനാട് വെള്ളിലക്കാട്ട് ബേബിയും വിവാഹം ചെയ്തു.

## VII B-1 അരയത്തിനാൽ ജോസഫ് (കുഞ്ഞ്) മകൻ ബേബി ജോസഫ്

കുഞ്ഞിന്റെ മൂത്ത മകനാണ് ബേബി. സകുടുംബം അഞ്ചിരിയിലാണ് താമസം. ഇവർക്ക് രണ്ട് മക്കൾ.

## VII B-2 അരയത്തിനാൽ ജോസഫ് (കുഞ്ഞ്) മകൻ ജോണി ജോസഫ്

കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് ജോണി. സകുടുംബം മേരികുളത്ത് താമസിക്കുന്നു. ഇവർക്ക് മൂന്ന് മക്കൾ.

## VII C അരയത്തിനാൽ ചാക്കോ മകൻ ജേക്കബ് (Fr. Jacob Arayathinal V.C)

ചാക്കോയുടെ മൂന്നാമത്തെ മകനാണ് ജേക്കബ്. 14-01-1938-ൽ ജനിച്ചു. മലയിഞ്ചിപ്പാറ ഹോളിക്രോസ് എൽ.പി.സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും, പൂഞ്ഞാർ SMV HS-ൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. തുടർന്ന് അങ്കമാലി വിൻസെൻഷ്യൻ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ആലുവ സെന്റ് തോമസ് പൊന്തിഫിക്കൽ മേജർ സെമിനാരിയിൽനിന്നും വൈദികപഠനം പൂർത്തിയാക്കി. 1969 ഡിസംബർ 18-ാം തീയതി മംഗല

പ്പുഴ സെമിനാരിയിൽ വച്ച് കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽനിന്നും എം.എ. സൈക്കോളജിയിൽ ബിരുദം കരസ്ഥമാക്കി. തൊടുപുഴ വിൻസെൻഷ്യൻ മൈനർ സെമിനാരി റെക്ടർ, അടിച്ചിറ പരിത്രാണ ധ്യാനകേന്ദ്രം ഡയറക്ടർ, എന്നീ സ്ഥാനങ്ങൾ വഹിച്ചു. അറിയപ്പെടുന്ന ധ്യാനഗുരുവും കൗൺസലറുമായ അച്ചൻ ഇപ്പോൾ പാലാ വിൻസെൻഷ്യൻ സെമിനാരിയിൽ സേവനം ചെയ്യുന്നു.

## VII D അരയത്തിനാൽ ചാക്കോ മകൻ കുര്യൻ ചാക്കോ (B.Tech)

ചാക്കോയുടെ നാലാമത്തെ മകനാണ് കുര്യൻ. എറണാകുളത്താണ് താമസം. എക്സിക്യൂട്ടീവ് എഞ്ചിനീയറായി റിട്ടയർ ചെയ്തു. പള്ളിപ്പറമ്പിൽ റോസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ടിങ്കു, അഭിലാഷ്.

## VII D-1 അരയത്തിനാൽ കുര്യൻ മകൻ ടിങ്കു

കുര്യന്റെ മൂത്ത മകനാണ് ടിങ്കു. ബാംഗ്ലൂരിൽ സോഫ്റ്റ് വെയർ എഞ്ചിനീയറാണ്. ഭാര്യ മേരി. ബാങ്ക് ഉദ്യോഗസ്ഥയാണ്.

## VII D-2 അരയത്തിനാൽ ചാക്കോ മകൻ അഭിലാഷ് കുര്യൻ

കുര്യന്റെ ഇളയമകനാണ് അഭിലാഷ്. മർച്ചന്റ് നേവിയിൽ എഞ്ചിനീയറാണ്. ഭാര്യ വിനു. ബാങ്ക് ഉദ്യോഗസ്ഥയാണ്.

## VII E അരയത്തിനാൽ ചാക്കോ മകൻ തോമസ് ചാക്കോ (തൊമ്മൻ)

ചാക്കോയുടെ ഇളയ മകനാണ് തൊമ്മൻ. കലയന്താനിയിലാണ് താമസം. മേരികുളം ഐക്കരക്കുന്നേൽ അന്നക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ബിജി, ബിജോ എന്നീ രണ്ട് ആൺമക്കളും പ്രീതി എന്ന മകളും. ഏക മകൾ പ്രീതിയെ വണ്ണപ്പുറം കാക്കനാട്ട് ബോബി വിവാഹം ചെയ്തു.

## VII E-1 അരയത്തിനാൽ തൊമ്മൻ മകൻ ബിജി

തൊമ്മന്റെ മൂത്ത മകനാണ് ബിജി. മുരിക്കാശ്ശേരി പുറവക്കാട്ട് സിജിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അമൽ, ആന്റോ.

## VII E-2 അരയത്തിനാൽ തൊമ്മൻ മകൻ ബിജോ

തൊമ്മന്റെ ഇളയ മകനാണ് ബിജോ. മഞ്ഞപ്പാറ ബിന്ദുവാണ് ഭാര്യ.

## VIII കുഞ്ഞുവർക്കി

കുഞ്ഞുവർക്കിയുടെ എട്ടാമത്തെ മകനാണ് മത്തായി. ചെറുപ്പത്തിൽതന്നെ മരിച്ചു.

## VIII അരയത്തിനാൽ കുഞ്ഞുവർക്കി - കൊച്ചുമറിയം ദമ്പതികളുടെ മകൻ ദേവസ്യ

കുഞ്ഞുവർക്കിയുടെ ഇളയ മകനാണ് ദേവസ്യാ. കണ്ടത്തിൽകര ഏലിയെ വിവാഹം ചെയ്തു. കുടുംബസമേതം പാതാംപുഴയിൽ താമസമാക്കി. ഇവർക്ക് ആറ് മക്കൾ. മൂന്ന് ആൺമക്കളും, മൂന്ന് പെൺമക്കളും. ജോർജ്ജ്, തോമസ്, സെബാസ്റ്റ്യൻ എന്നിവരാണ് ആൺമക്കൾ. തെയ്യാമ്മ, കുട്ടിയമ്മ, അച്ചാമ്മ എന്നിവർ പെൺമക്കളും. പെൺമക്കളിൽ മൂത്ത മകളായ തെയ്യാമ്മ അവിവാഹിതയായിരുന്നു. നിര്യാതയായി. രണ്ടാമത്തെ മകൾ കുട്ടിയമ്മ (ഏലി)യെ നീലൂർ ഓലിക്കൽ മാമച്ചൻ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് മക്കൾ. ഇളയ മകൾ അച്ചാമ്മയുടെ ഭർത്താവ് നെഫർ സ്വിറ്റ്സർലണ്ടിലാണ് താമസം. ഇവർക്ക് മക്കളില്ല.

## IX A അരയത്തിനാൽ ദേവസ്യാ മകൻ ജോർജ്ജ്

ദേവസ്യായുടെ മൂത്ത മകനാണ് ജോർജ്ജ്. നിര്യാതനായിരുന്നു. താരയാണ് ഭാര്യ. നൈനിറ്റാളിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് പെൺകുട്ടികൾ.

## IX B അരയത്തിനാൽ ദേവസ്യാ മകൻ തോമസ് ദേവസ്യാ

പാതാംപുഴയിൽ താമസിച്ചിരുന്ന ദേവസ്യായുടെ രണ്ടാമത്തെ മകനാണ് തോമസ്. അവിവാഹിതനാണ്. നിര്യാതനായി.

## IX C അരയത്തിനാൽ ദേവസ്യാ മകൻ സെബാസ്റ്റ്യൻ

(Dr. Sebastian D. Arayathinal)

ദേവസ്യായുടെ ഇളയ മകനാണ് സെബാസ്റ്റ്യൻ. പാതാംപുഴയിൽ ഹോമിയോ ഡോക്ടറായി പ്രാക്ടീസ് ചെയ്യുന്നു. രണ്ട് മക്കൾ.

# വയലിൽകരോട്ട്



വയലിൽ കരോട്ട് വർക്കി മകൻ കുഞ്ഞും ഭാര്യ റോസയും



വയലിൽ കരോട്ട് കുഞ്ഞ് മകൻ വി.കെ. വർഗീസും കുടുംബവും



വർഗീസ് മകൻ ബൈജുവും കുടുംബവും

# വയലിൽകരോട്ട്



വർഗീസ് മകൻ
മനോജും
കുടുംബവും



വയലിൽ കരോട്ട് കുഞ്ഞ് മകൻ വി.കെ. തോമസും കുടുംബവും



വയലിൽകരോട്ട് വർക്കി മകൻ വി.വി. ചാക്കോയും കുടുംബവും

# വയലിൽകരോട്ട്



വി.വി. ചാക്കോയുടെ മകൻ വക്കച്ചനും കുടുംബവും



വയലിൽകരോട്ട് വർക്കി മകൻ അലക്സാണ്ടറും കുടുംബവും

# വയലിൽകരോട്ട്



വർക്കി മകൻ ജോർജുകുട്ടിയും കുടുംബവും




കൊച്ചാപ്പൻ മകൻ ബേബിയും കുടുംബവും



വയലിൽകരോട്ട് തൊമ്മിക്കുഞ്ഞ് മകൻ സെബാസ്റ്റ്യനും കുടുംബവും

# പള്ളിപ്പറമ്പിൽ



വർക്കി ഭാര്യ കുഞ്ഞന്ന



ജോർജ് ഭാര്യ റോസമ്മ മക്കൾ അനു & ഷിൽസൺ,
അനീഷ് & അനു, ഗ്രെയ്സ്, കൊച്ചുമക്കൾ എയിഞ്ചലിയ,
ഇവാൻസ, ഗോഡ്‌ലിയേൽ,

# പള്ളിപ്പറമ്പിൽ



പി.വി. തോമസ് ഭാര്യ
ഏലിയാമ്മ മക്കൾ
ഗ്രീഷ്മ
ഭർത്താവ് ഡെറിക്
ജാക്സൺ, അപ്പു
(ആൽബർട്ട്)



സാവിയോ ഭാര്യ സെലിൻ
മക്കൾ അപ്പു, അനിറ്റ്



ബോസ് ഭാര്യ ഷൈനി
മക്കൾ സോന, ഡോൺ



തോമാച്ചൻ ഭാര്യ
തെയ്യാമ്മ മക്കൾ
ദിവ്യ, ദീപു

# പള്ളിപ്പറമ്പിൽ



കുഞ്ഞുപെണ്ണ്
(ഏലി),
ജെസി മക്കൾ
അനു, മീനു, ഉണ്ണി



ബ്ര. റോയി
പള്ളിപറമ്പിൽ O.H



സി. മരിയ ജോസ്
FCC



സി. ഫെമിലി
ജോസ് S.D

# പള്ളിപ്പറമ്പിൽ



ചാക്കോ മകൻ
വർക്കി



ജേക്കബ് ഭാര്യ മേരിക്കുട്ടി മക്കൾ സ്മിത
& ടോണി, ആഷ & ലിയോൺ കൊച്ചുമ
ക്കൾ ജെന്റിൽ, ജോഹാൻ



അന്നമ്മ മകൻ സിബി & ജാൻസി കൊച്ചുമക്കൾ
റ്റിങ്കിൾ, നോബിൾ, നോയൽ

# പള്ളിപ്പറമ്പിൽ



കുട്ടിയച്ചൻ ഭാര്യ
ആൻസമ്മ മകൻ
ഡെന്നീസ് & സുബി
കൊച്ചുമകൻ
നെയ്തൻ



ജോർജ് ഭാര്യ മോളി മകൻ ജീതിൻ & ചിന്നു, ജിൽസൺ &
ഹെലൻ കൊച്ചുമകൾ യുവാന



ജോസ് ഭാര്യ എൽസമ്മ മക്കൾ ഫാ. ജിൻസ് OFM Cap,
സി. മേരി ദയ LSDP, ജിസ്മി

# പള്ളിപ്പറമ്പിൽ



ഫാ. ഡോൺ CMI



ഫാ. ജിൻസ് OFM Cap.



സി. മേരി ദയ LSDP



ചാക്കോ ഭാര്യ ചിന്നമ്മ മകൻ റോബിൻ & ഷിനു, എബിൻ



ഷാജി ഭാര്യ എൽസമ്മ
മക്കൾ ഫാ. ഡോൺ CMI, അനൂപ്, ബ്ര. അലന്റ്

# പള്ളിപ്പറമ്പിൽ

മനോജ് ഭാര്യ ഷാന്റി
മക്കൾ അലൻ,
അലീന, അൽ
ഫോൻസാ





കുഞ്ഞുവർക്കി ഭാര്യ
അന്നക്കുട്ടി മകൻ
സോബിൻ &
റിന്റു കൊച്ചുമക്കൾ
ഐബിൻ, മാത്യു

തൊമ്മച്ചൻ ഭാര്യ
അച്ചാമ്മ
മകൻ ജോസ് &
രാജി കൊച്ചുമക്കൾ
നേഹ, നോയൽ



# പള്ളിപ്പറമ്പിൽ



ബിജു ഭാര്യ സോഫി മക്കൾ ബിന്റോ, ബിന്റു, ബിറ്റി



ഫിലിപ്പ് ഭാര്യ ലീലാമ്മ
മകൻ ജോയിസ് &
ഡാന്റി കൊച്ചുമക്കൾ
അമൽ, അലൻ

ജെയ്മോൻ ഭാര്യ
ഷൈനി മക്കൾ
ആൽബറ്റ്,
ആൽബിൻ,
അനിറ്റ്



# പള്ളിപ്പറമ്പിൽ

പി.റ്റി. ജോസഫ് മ
കൻ ജോർജ്ജുകുട്ടി
& ജൂഡി
കൊച്ചുമക്കൾ
ആൻ, ആഗ്നസ്





പി.റ്റി. ദേവസ്യ
മകൻ സന്തോഷ്
& ജയ കൊച്ചു
മക്കൾ ഗീതു,
റബേക്ക

സുരേഷ് ഭാര്യ ബെറ്റി
മക്കൾ അശ്വിൻ,
എയ്ഞ്ചൽ





വർക്കിച്ചൻ ഭാര്യ
ഏലിക്കുട്ടി മകൻ
സന്തോഷ് &
ഷൈബി കൊച്ചുമക്കൾ
ജോർജ് ക്ലെമന്റ്,
അഞ്ജന,
അഞ്ജു, ഹെലൻ

# പള്ളിപ്പറമ്പിൽ



കുഞ്ഞുകുട്ടി ഭാര്യ കുഞ്ഞമ്മ മകൻ സജി & മിനു
കൊച്ചുമക്കൾ അമന്റാ, അലൻ



ഫാ. ജോർജ്
പള്ളിപ്പറമ്പിൽ PIME



ബിജു ഭാര്യ
ജോളി മക്കൾ
സോനാ,
സോണി,
സോഫി



കുഞ്ഞാപ്പൻ ഭാര്യ മോളമ്മ മക്കൾ മാക്സിൻ & മരിയ, ടിക്സൺ

# പള്ളിപ്പറമ്പിൽ




പാപ്പച്ചി ഭാര്യ ആലീസ്
മകൻ ബെന്നി ഭാര്യ ഷൈനി
കൊച്ചുമക്കൾ അലൻ, ആൻ മരിയ



അപ്പച്ചൻ ഭാര്യ കുഞ്ഞുമോൾ
മക്കൾ അനു, ലിനു



ജോയി ഭാര്യ ചിന്നമ്മ മക്കൾ ജോബി & അമ്പിളി, ജിബി,
ജിജി & റിന്റു കൊച്ചുമകൾ കാതറിൻ അന്ന



ജോർജ് ഭാര്യ ജയ്നമ്മ മക്കൾ മരിയ, ആൽബിൻ, ഐഡാ

# പള്ളിപ്പറമ്പിൽ



തൊമ്മൻ ഭാര്യ റോസ, മക്കൾ ഔസേപ്പ്, തൊമ്മൻ, കുഞ്ഞുവർക്കി, ദേവസ്യ, മാണി, മാമ്മി, അന്നമ്മ, മറിയാമ്മ, കുഞ്ഞേലി



മറിയം മക്കൾ കുട്ടി,
വർക്കിച്ചൻ & തെയ്യാമ്മ,
കൊച്ചുമകൻ ചാൾസ് &
ഒലിവിയ മക്കൾ
പി.സി. ജോർജ്, രൂപൻ



സി. ലിസിയ PSA



ഡെലീഷ് ഭാര്യ ഷിംന മക്കൾ
അഭിനവ്, അഭിഷേക്, ആൻമരിയ

# പള്ളിപ്പറമ്പിൽ



വർക്കി ഭാര്യ ഏലി
ക്കുട്ടി മകൻ റോയി
& ഷൈനി കൊച്ചു
മക്കൾ ക്രിസ്റ്റോ,
ക്രിസ്റ്റി

ജോസ് ഭാര്യ റ്റെസി
മക്കൾ ചിഞ്ചു &
ഷാജൻ, സോനു





ബ്രിജിത്ത് മകൻ
തൊമ്മച്ചൻ ഭാര്യ
പെണ്ണമ്മ
കൊച്ചു മകൻ
സെബിൻ & അനു

# പള്ളിപ്പറമ്പിൽ



ജോസ് ഭാര്യ സന്ധ്യ മക്കൾ ആൻ ജോസ്, ഐവാൻ ജോസ്



പാപ്പച്ചൻ ഭാര്യ സോളി മക്കൾ മായ, ടോം



കുട്ടിയച്ചൻ ഭാര്യ ലിസി മകൻ മാർട്ടിൻ

# പള്ളിപ്പറമ്പിൽ



കുഞ്ഞ് ഭാര്യ ഏലിക്കുട്ടി
മകൻ ജോണിച്ചൻ &
ജെയിസമ്മ
കൊച്ചുമക്കൾ ജിബിൻ,
ജോസ്നാ, ജോബിൻ

തോമാച്ചൻ ഭാര്യ
അച്ചാമ്മ മക്കൾ
ജിൻസ് &
ലിസ് മേരി, ജിജോ
കൊച്ചുമക്കൾ
എയ്ഞ്ചലിൻ,
ഡിവോൺ,
ഡിയോൺ





ബെന്നിച്ചൻ ഭാര്യ റ്റീനാ
മക്കൾ അമലാ റോസ്,
ആർദ്ര,
ആൻ മരിയ

# പള്ളിപ്പറമ്പിൽ



സി. മേരി ഗ്രാസിയ MC



സി. അലക്സിസ് PSA



കുഞ്ഞ് ഭാര്യ
അന്നക്കുട്ടി
മകൻ ജിൻസ്

ബേബി ഭാര്യ
ഷേർളി മകൻ
അനീഷ് & ലീനാ
കൊച്ചുമകൻ
ഡസ്റ്റിൻ



# പള്ളിപ്പറമ്പിൽ



സി. ഉഷ PSA





ഷാജു ഭാര്യ
ബീന
മക്കൾ മേഘ,
മിഹില,
മെൽവിൻ



ജിജി ഭാര്യ
ലൈസമ്മ മക്കൾ
ഗ്രീഷ്മ, എൽസിറ്റ

# പള്ളിപ്പറമ്പിൽ



ചാൾസ് ഭാര്യ
ലിസി മക്കൾ
പ്രിയങ്ക, പ്രശോഭ്,
സംഗീത്

റ്റോമിച്ചൻ ഭാര്യ മേരി
മക്കൾ സച്ചിൻ,
സോണിയ





ജിജോ ഭാര്യ
ഡെയ്സി മക്കൾ
അരുണിമ,
അശ്വിൻ

# പള്ളിപ്പറമ്പിൽ



സിബി ഭാര്യ നിഷ
മക്കൾ അരുൺ,
അനിൽ



സനീഷ് ഭാര്യ ടെൻസി
മക്കൾ എലേന,
ഹാമിയ




കുട്ടി ഭാര്യ എൽസി
മകൻ ഷിൻസ് & ജയ്മി
കൊച്ചുമകൻ നിക്ഷോർ

# പള്ളിപ്പറമ്പിൽ



ഷോബി ഭാര്യ ബിന്ദു
മകൾ മരിയ

തോമാച്ചൻ ഭാര്യ റോസമ്മ
മകൻ സണ്ണി & അൻസു,
മകൾ
അനിത & സോമു





ബെന്നി ഭാര്യ സോളി
മക്കൾ ഓസ്റ്റിൻ, ലെയ

# പള്ളിപ്പറമ്പിൽ



കുട്ടിയമ്മ മകൻ സിജു
ഭാര്യ സുനിത
കൊച്ചുമക്കൾ
സെറീന, സിയോൺ



ജിമ്മി ഭാര്യ ജിജിൽ
മക്കൾ
ക്രിസ്റ്റി, എഡ്‌റിക്,
എസ്തേർ

കുട്ടി ഭാര്യ പെണ്ണമ്മ
മകൻ അനിൽ
& രാജി
കൊച്ചുമക്കൾ അബിന,
അബിൻ



# പള്ളിപ്പറമ്പിൽ



കുഞ്ഞ് ഭാര്യ ലിസി മക്കൾ അഥീന, അക്കിൻസ
കൊച്ചു മകൻ എഡ്വിൻ



മറിയക്കുട്ടി മകൻ ജോർജ്ജ് ഭാര്യ ജെയിൻ
മക്കൾ അനു & നിഖിൽ, മെറിൻ & ടോം, കൊച്ചുമക്കൾ
റ്റിയ, നോറ, ഡേവിഡ്, ലൂക്കസ്

# പള്ളിപ്പറമ്പിൽ



തോംസൺ ഭാര്യ ലിസി മക്കൾ റോഷൻ & ആൽബിൻ,
ഹർഷൻ & മീനാക്ഷി കൊച്ചുമക്കൾ രോഹിൻ, ആഷ്‌വിൻ



ബേബിച്ചൻ ഭാര്യ
ലീലാമ്മ മകൻ
ടോണി & ഷെൽമി

ബോബി ഭാര്യ ടിങ്കിൾ
മക്കൾ ഷോൺ,
ഷാരോൺ



# അരയത്തിനാൽ



അരയത്തിനാൽ
കുഞ്ഞുവർക്കി
യുടെ ഭാര്യ
കൊച്ചുമറിയം



കുഞ്ഞുവർക്കി-
മറിയം ദമ്പതിക
ളുടെ മൂത്തമകൻ
കുര്യൻ



കുര്യന്റെ മകൾ
സി. ജെൽത്രൂദ്
FCC



കുര്യന്റെ മകൾ
സി. സബീന
FCC



സി. കാഷ്മീർ
FCC



സി. വിറ്റോർബാ
FCC

# അരയത്തിനാൽ



സി. നൈസി
FCC



കുഞ്ഞുവർക്കി മകൻ
യൗസേപ്പും റോസയും



ഫാ. മെലാനിയൂസ്
CMI




ഫാ. ചാക്കോ




ഫാ. മാത്യു

# അരയത്തിനാൽ



കുഞ്ഞുവർക്കി - മറിയം ദമ്പതികളുടെ മകൻ മിഖായേൽ ഭാര്യ ത്രേസ്യ

കുഞ്ഞുവർക്കി - കൊച്ചു മറിയം ദമ്പതികളുടെ മകൻ വർക്കി ഭാര്യ മറിയം





ഫാ. സെബാസ്റ്റ്യൻ കർമ്മൽ CMI



സി. ഫെലസിറ്റാ FCC

# അരയത്തിനാൽ



ഫാ. തോമസ് M.O.L MA., M.O.L.



കുഞ്ഞുവർക്കി - കൊച്ചുമറിയം മകൻ ചാക്കോ



സി.ട്രീസാ FCC


# അരയത്തിനാൽ



സി. മരിയ SABS



ഫാ. J. C.
അരയത്തിനാൽ V.C



കുഞ്ഞുവർക്കി-
കൊച്ചുമറിയം
മകൻ ദേവസ്യാ



കുഞ്ഞുവർക്കി-
കൊച്ചുമറിയം
മകൾ
സി. മേരുമ്മ FCC



വർക്കി മകൻ
ജോസഫ്
(അപ്പച്ചൻ)

# 10

# മറ്റത്തിൽ

അരയത്തിനാൽ തറവാട്ടിൽനിന്നും മറ്റത്തിൽ പുരയിടത്തിലേക്ക് ആറ് തലമുറകൾക്ക് മുൻപ് കുര്യൻ എന്ന കാരണവർ താമസമാക്കി. മറ്റത്തിൽ പുരയിടത്തിൽ താമസമാക്കിയപ്പോൾ മറ്റത്തിൽ എന്ന വീട്ടുപേരിൽ അറിയപ്പെടാൻ തുടങ്ങി. മറ്റത്തിൽ കുര്യന്റെ സന്താനപരമ്പരകളാണ് മറ്റത്തിൽ കുടുംബം.

അരയത്തിനാൽ മറ്റത്തിൽ കുര്യന് രണ്ട് ആൺമക്കൾ. വർക്കി, ഔസേപ്പ്. ഇവരെ യഥാക്രമം റോമൻ ലിപിയിൽ I, II എന്ന് രേഖപ്പെടുത്തുന്നു.

## I മറ്റത്തിൽ കുര്യൻ മകൻ വർക്കി

കുര്യന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് വർക്കി. പൂഞ്ഞാർ ശകലാപുരി ഏലിയാമ്മയാണ് വർക്കിയുടെ ഭാര്യ. മൂന്ന് ആൺമക്കളും, നാല് പെൺമക്കളുമാണ് വർക്കിക്ക്. കുര്യൻ, ഔസേപ്പ്, വർക്കി എന്നിവരാണ് ആൺമക്കൾ. കുഞ്ഞുപെണ്ണ്, അന്നമ്മ എന്നിവരെ കൂടാതെ മറ്റ് രണ്ട് പെൺമക്കളുടെ പേരുകൾ ലഭ്യമല്ല. മൂത്ത മകൾ കുഞ്ഞുപെണ്ണിനെ കൊണ്ടൂർ വാഴക്കുഴ കുടുംബത്തിലും രണ്ടാമത്തെ മകൾ അന്നമ്മയെ ചേനപ്പാടി ഉറുമ്പിൽ കുടുംബത്തിലും, മൂന്നാമത്തെ മകളെ പൂഞ്ഞാർ പെരിങ്ങുളത്ത് വടക്കേൽ മത്തയും, നാലാമത്തെ മകളെ മുലേച്ചാലിൽ വില്ലന്താനത്ത് കുടുംബത്തിലും വിവാഹം ചെയ്തു കൊടുത്തു.

## I-A മറ്റത്തിൽ വർക്കി മകൻ കുര്യൻ

വർക്കിയുടെ മൂത്തമകനാണ് കുര്യൻ. അരുവിത്തുറ കൊണ്ടൂർ വെട്ടത്തേൽ തൊമ്മച്ചന്റെ ഇളയ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. കുര്യൻ - ഏലിയാമ്മ ദമ്പതികൾക്ക് ഏഴ് മക്കൾ. മൂന്ന് ആൺമക്കളും, നാല് പെൺമക്കളും. വർക്കി, തോമസ്, കുര്യൻ എന്നിവരാണ് ആൺമക്കൾ. ഏലിക്കുട്ടി, മറിയാമ്മ, കുട്ടിയമ്മ, അന്ന എന്നിവരാണ് പെൺമക്കൾ.

മൂത്ത മകൾ ഏലിക്കുട്ടിയെ കുറവിലങ്ങാട് പതികുന്നേൽ സേവ്യർ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് പന്ത്രണ്ട് മക്കൾ ജനിച്ചു. രണ്ടാമത്തെ മകളായ മറിയാമ്മയെ കയ്യൂർ പാറപ്ലാക്കൽ ജോസഫും, മൂന്നാമത്തെ മകളായ കുട്ടിയമ്മയെ തലപ്പലം ഇളംതുരുത്തിയിൽ അപ്പച്ചൻ എന്ന് വിളിക്കുന്ന മത്തായിയും വിവാഹം ചെയ്തു. നാലാമത്തെ മകളായ ഇന്നാമ്മ എന്ന് വിളിക്കുന്ന അന്നയെ പുളിങ്കട്ട വരിക്കയാനിക്കൽ കുര്യാച്ചൻ വിവാഹം ചെയ്തു. കുര്യൻ 30-03-1993-ലും ഭാര്യ ഏലിയാമ്മ 27-09-1984-ലും മരിച്ചു. വെള്ളികുളം സെന്റ് ആന്റണീസ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## I A-1 മറ്റത്തിൽ കുര്യൻ മകൻ വർക്കി

കുര്യന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് വർക്കി. അഴകത്ത് റോസയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ വർക്കിക്ക് ഒരു മകൻ ജനിച്ചു. ഈ പുത്രന് വർക്കി എന്നു പേരിട്ടു. ഏകപുത്രൻ വർക്കിയുടെ ജനനത്തോടെ പിതാവ് വർക്കി നിര്യാതനായി. അമ്മ റോസയുടെ സംരക്ഷണത്തിലാണ് കുഞ്ഞുവർക്കി വളർന്നത്.

## I A - 1a മറ്റത്തിൽ വർക്കി മകൻ കുഞ്ഞുവർക്കി (വർക്കി)

മറ്റത്തിൽ വർക്കിയുടെ ഏക മകനാണ് കുഞ്ഞുവർക്കി എന്ന് വിളിക്കുന്ന വർക്കി. വെള്ളികുളം ഓലിയ്ക്കൽ പെണ്ണമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഒരു മകനും, രണ്ട് പെൺമക്കളും. ഏകമകൻ ബിനോയ് (കുര്യൻ). ബിൻസി. ലിൻസി (റോസമ്മ) എന്നിവരാണ് പെൺമക്കൾ. ബിൻസി F.C. കോൺവെന്റിൽ ചേർന്ന് ജർമ്മിനിയിൽ സന്യസ്ത സേവനം ചെയ്യുന്നു. (Sr. സുമ F.C.C) . ഇളയമകൾ ലിൻസിയെ പെരിങ്ങുളം കടപ്രയിൽ സജി വിവാഹം ചെയ്തു.

## I A 1-a1 മറ്റത്തിൽ കുഞ്ഞുവർക്കി മകൻ ബിനോയി (കുര്യൻ)

കുഞ്ഞുവർക്കിയുടെ ഏകമകനാണ് ബിനോയ്. കർഷകനായ ബിനോയ് ഭാര്യയും മക്കളുമൊപ്പം വെള്ളികുളത്താണ് താമസം.

## I A-2 മറ്റത്തിൽ കുര്യൻ മകൻ തോമസ് (തൊമ്മൻ)

കുര്യന്റെ രണ്ടാമത്തെ മകനാണ് തോമസ്. കുന്നോന്നി മങ്ങാട്ടുകുന്നേൽ പെണ്ണമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാലാണും

ഒരു പെണ്ണുമടക്കം അഞ്ച് മക്കൾ. കുര്യച്ചൻ (കുര്യാക്കോസ്), ടോമി (തോമസ്), ജോസ് (ജോസഫ്), ഷിന്റോ (ജോർജ്) എന്നിവരാണ് ആൺമക്കൾ. ലിസിയാണ് മകൾ. വെള്ളത്തൂവൽ, കുന്നപ്പള്ളിൽ ബെന്നി ലിസിയെ വിവാഹം ചെയ്തു.

## I A-2 a മറ്റത്തിൽ തൊമ്മച്ചൻ (തോമസ്) മകൻ കുര്യച്ചൻ (കുര്യാക്കോസ്)

തൊമ്മച്ചന്റെ മൂത്തമകനാണ് കുര്യച്ചൻ. പശുപ്പാറ കപ്പലുമാക്കൽ കുടുംബാംഗം മേരിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും ഒരാണും. സാന്ദ്ര (മറിയം), എലിസബത്ത് എന്നിവരാണ് പെൺമക്കൾ. അമൽ (തോമസ്)ആണ് ഏകമകൻ. മൂത്തമകൾ സാന്ദ്ര (സി. സാന്ദ്ര CMC) അടിമാലി കർമ്മലീത്താ കോൺവെന്റിൽ സന്യസ്ത സേവനം ചെയ്യുന്നു.

## I A-2 b മറ്റത്തിൽ തൊമ്മച്ചൻ മകൻ ടോമി (തോമസ്)

തൊമ്മച്ചന്റെ രണ്ടാമത്തെ മകനാണ് ടോമി. പൂഞ്ഞാർ മങ്ങാട്ട് ഫ്രാൻസീസിന്റെ മകൾ ലീലാമ്മ (അന്ന)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ടോം (തോമസ്), ഫ്രാൻസീസ്, മരിയ.

## I A-2 c മറ്റത്തിൽ തൊമ്മച്ചൻ മകൻ ജോസ് (ജോസഫ്)

തൊമ്മച്ചന്റെ മൂന്നാമത്തെ മകനാണ് ജോസ്. കട്ടപ്പന സ്വദേശിനി സാലി (ത്രേസ്യാ)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. ടോണി (തോമസ്), റോണി (ജോസഫ്) എന്നീ അൺമക്കളും റാണി (മറിയം), അൽഫോൻസാ എന്നിവർ പെൺമക്കളും.

## I A-2 d മറ്റത്തിൽ തൊമ്മച്ചൻ മകൻ ഷിന്റോ (ജോർജ്ജ്)

തൊമ്മച്ചന്റെ ഇളയ മകനാണ് ഷിന്റോ. ഇലഞ്ഞിമേൽ വടക്കേത്തലയ്ക്കൽ ബാബു ജോണിന്റെ മകൾ ജിഷ (എലിസബത്ത്) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഗവിൻ (തോമസ്), എൽവിൻ, എന്നീ രണ്ട് ആൺമക്കൾ. സകുടുംബം ഓസ്ട്രേലിയയിലാണ്.

## I A-3 മറ്റത്തിൽ കുര്യൻ മകൻ കുര്യൻ

കുര്യന്റെ മൂന്നാമത്തെ മകനാണ് കുര്യൻ. കുന്നോന്നി വടക്കേൽ സേവ്യർ - മറിയാമ്മ ദമ്പതികളുടെ മകൾ കൊച്ചുത്രേസ്യയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും ഒരാണും.

റോസമ്മ, വിൻസി (അൽഫോൻസ) എന്നിവർ പെൺമക്കളും, ജിമ്മി ഏകമകനും. 11-5-2014-ൽ കൊച്ചുത്രേസ്യായും, 06-09-2015-ൽ കുര്യനും മരിച്ചു. ഇരുവരേയും ഭരണങ്ങാനം ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. മൂത്തമകൾ റോസമ്മയെ അരുവിത്തുറ കൊണ്ടൂർ കളരിയാമ്മാക്കൽ തോമസ് മകൻ ഷാജി (വർക്കി) വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ വിൻസി (അൽഫോൻസ) കർമ്മലീത്താ കോൺവെന്റിൽ ചേർന്ന് സന്യസ്ത ജീവിതം നയിക്കുന്നു. സി. അർച്ചന CMC എന്ന പേരിൽ അറിയപ്പെടുന്നു. കാളികാവ് മഠത്തിലാണ് സേവനം.

## I A-3a മറ്റത്തിൽ കുര്യൻ മകൻ ജിമ്മി (കുര്യൻ)

കുര്യന്റെ ഏക മകനാണ് ജിമ്മി. വെള്ളികുളം കണിയാംകുന്നേൽ ജോസഫ് - മേരി മകൾ ബിജി (ഏലി)യെ സഹധർമ്മിണിയായി സ്വീകരിച്ചു. ഇവർക്ക് മൂന്ന് മക്കൾ. ജിബിൻ (കുര്യൻ), ജിമിൻ (ജോസഫ്) എന്നീ ആൺമക്കളും, ജോൽസന (കൊച്ചുത്രേസ്യാ) എന്ന മകളും.

## I -B മറ്റത്തിൽ വർക്കി മകൻ ഔസേപ്പ്

വർക്കിയുടെ രണ്ടാമത്തെ മകനാണ് ഔസേപ്പ്. തീക്കോയി പോർക്കാട്ടിൽ കുടുംബാംഗം മാമ്മിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും ഒരു മകളും. വർക്കി (കൊച്ച്), ജോസ് (ജോസഫ്), ജോയി എന്നിവരാണ് ആൺമക്കൾ. ഏക മകൾ കുഞ്ഞേലി. കുഞ്ഞേലി CMC സഭയിൽ ചേർന്ന് സന്യസ്ത ജീവിതം നയിക്കുന്നു. സി. ഫിനിയ CMC എന്ന പേരിൽ അറിയപ്പെടുന്നു. സൗത്ത് ആഫ്രിക്കയിലാണ് സേവനം.

## I B-1 മറ്റത്തിൽ ഔസേപ്പ് മകൻ കൊച്ച് (വർക്കി)

ഔസേപ്പിന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് കൊച്ച്. തലപ്പലം ഒഴാക്കൽ വക്കച്ചന്റെ മകൾ മേരിയെ ഭാര്യയായി സ്വീകരിച്ചു. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. അഞ്ച് ആൺമക്കളും, മൂന്ന് പെൺമക്കളും. ബേബി, ബാബു, സണ്ണി, വിൻസന്റ്, ജോജോ എന്നിവരാണ് ആൺമക്കൾ. ഗ്രേസി, ലിസ്സി, ബിസ്സി എന്നിവർ പെൺമക്കളും. മൂത്തമകൾ ഗ്രേസിയെ ബാംഗ്ളൂർ സ്വദേശി കിരൺ വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ ലിസി കർത്താവിൽ നിദ്ര പ്രാപിച്ചു. ഇളയമകൾ ബിസ്സിയെ കൊച്ചുപറമ്പിൽ ജോയി വിവാഹംചെയ്തു.

### I B-1a മറ്റത്തിൽ കൊച്ച് (വർക്കി) മകൻ ബേബി

കൊച്ചിന്റെ മൂത്തമകനാണ് ബേബി. വെള്ളാട് കളരിക്കൽ സലോമിയാണ് ഭാര്യ. ബാംഗ്ലൂരാണ് താമസം. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഏക മകൻ സജീഷ്. സൈബി, ആനി എന്നിവർ പെൺമക്കളും. അറക്കുളം കുഴിഞ്ഞാലിൽ ഷാജിയാണ് സൈബി യുടെ ഭർത്താവ്.

### I B-1a1 മറ്റത്തിൽ ബേബി മകൻ സജീഷ്

ബേബിയുടെ ഏകമകനാണ് സജീഷ്. കുറവിലങ്ങാട്ട് കോയി ക്കൽ പ്രീതിയാണ് ഭാര്യ.

### I B-1b മറ്റത്തിൽ കൊച്ച് (വർക്കി) മകൻ ബാബു

കൊച്ചിന്റെ രണ്ടാമത്തെ മകനാണ് ബാബു. വായാട്ടുപറമ്പ് പുല്ലൻകുന്നേൽ ഷേർളിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. അരുൺ, അൽക്ക.

### I B-1c മറ്റത്തിൽ കൊച്ച് (വർക്കി) മകൻ സണ്ണി

കൊച്ചിന്റെ മൂന്നാമത്തെ മകനാണ് സണ്ണി. ബാംഗ്ലൂർ ഡാനി കുപ്പർ മകൾ വലേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. സമാന്ത, എസു. ബാംഗ്ലൂരാണ് താമസം.

### I B-1d മറ്റത്തിൽ കൊച്ച് (വർക്കി) മകൻ വിൻസന്റ്

കൊച്ചിന്റെ നാലാമത്തെ മകനാണ് വിൻസന്റ്. പ്രീതിയാണ് ഭാര്യ. ബാംഗ്ലൂരാണ് താമസം.

### I B-1e മറ്റത്തിൽ കൊച്ച് (വർക്കി) മകൻ ജോജോ

കൊച്ചിന്റെ അഞ്ചാമത്തെ മകനാണ് ജോജോ. ടീനായാണ് ഭാര്യ. ബാംഗ്ലൂരാണ് താമസം.

### I B-2 മറ്റത്തിൽ ഔസേപ്പ് മകൻ ജോസ് (ജോസഫ്)

ഔസേപ്പിന്റെ രണ്ടാമത്തെ മകനാണ് ജോസ് (ജോസഫ്). തല യോലപ്പറമ്പ് ചെമ്പ് കൊല്ലംപറമ്പിൽ ലിസമ്മയെ വിവാഹം ചെയ്തു. ജോസ്-ലിസമ്മ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ. സിജി, സ്മിത, റ്റെസി. 04-05-2017-ൽ ലിസമ്മ മരിച്ചു. കാസർഗോഡ് വെള്ള രിക്കുണ്ട് പെരുമ്പായിൽ താമസിക്കുന്നു.

## I B-3 മറ്റത്തിൽ ഔസേപ്പ് മകൻ ജോയി (സെബാസ്റ്റ്യൻ)

ഔസേപ്പിന്റെ മൂന്നാമത്തെ മകനാണ് ജോയി. തീക്കോയി വില്ല ന്താനം മാത്യു മകൾ മേരിയാണ് ഭാര്യ. ജോയി–മേരി ദമ്പതികൾക്ക് മൂന്ന് ആണും രണ്ട് പെണ്ണുമടക്കം അഞ്ച് മക്കൾ. ബീന (അന്ന), അനു എന്നിവരാണ് പെൺമക്കൾ. സജി, സുബാഷ് (സെബാസ്റ്റ്യൻ), മാത്യു എന്നിവരാണ് ആൺമക്കൾ.

മൂത്ത മകൾ ബീനയെ കടുത്തുരുത്തി കണ്ടത്തിപറമ്പിൽ ജോയിച്ചൻ (തോമസ്) വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ അനുവിന്റെ ഭർത്താവ് കട്ടപ്പന കുര്യത്ത് മാർട്ടിൻ.

## I B-3a മറ്റത്തിൽ ജോയി മകൻ സജി

ജോയിയുടെ മൂത്ത മകനാണ് സജി. ബിന്ദുവാണ് ഭാര്യ. കർഷ കനായ സജിയും കുടുംബവും മുണ്ടക്കയത്താണ് താമസം.

## I B-3b മറ്റത്തിൽ ജോയി മകൻ സുബാഷ് (സെബാസ്റ്റ്യൻ)

ജോയിയുടെ രണ്ടാമത്തെ മകനാണ് സുബാഷ്. ഭാര്യ ലിബിയ. ഒരു മകൻ. ആൽബർട്ട് (സെബാസ്റ്റ്യൻ).

## I B-3c മറ്റത്തിൽ ജോയി മകൻ മാത്യു (രാജേഷ്)

ജോയിയുടെ ഇളയമകനാണ് രാജേഷ്. ഗൾഫിൽ ജോലി ചെയ്യുന്നു.

## I C മറ്റത്തിൽ വർക്കി മകൻ വർക്കി (കുഞ്ഞൂഞ്ഞ്)

വർക്കിയുടെ മൂന്നാമത്തെ മകനാണ് കുഞ്ഞൂഞ്ഞ്. ഭരണങ്ങാനം ചെരുവുംപുറത്ത് മറിയാമ്മയെ ഭാര്യയായി സ്വീകരിച്ചു. ഈ ദമ്പ തികൾക്ക് ഒൻപത് മക്കൾ. മൂന്ന് ആൺമക്കളും, ആറ് പെൺമക്ക ളും. വക്കച്ചൻ (വർക്കി), കുഞ്ഞ് (സ്കറിയാ), കൊച്ച് (ജോസഫ്) എന്നിവരാണ് ആൺമക്കൾ. ഏലിക്കുട്ടി, അന്നമ്മ, മാമ്മിക്കുട്ടി, ലിസമ്മ, ലീലമ്മ, ആശമ്മ എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ ഏലിക്കുട്ടിയെ പെരിങ്ങുളം നങ്ങ്യാപറമ്പിൽ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ അന്നമ്മ അവിവാഹിതയായിരുന്നു. 2003–ൽ മരിച്ചു. മൂന്നാമത്തെ മകൾ മാമ്മിക്കുട്ടിയെ മാരിടിയിൽ ജോസും, നാലാമത്തെ മകൾ ലിസമ്മയെ തലനാട്ടും, അഞ്ചാമത്തെ മകൾ ലീലമ്മയെ വെള്ളികുളം കാലാപ്പറമ്പിൽ ചാക്കോച്ചനും ഇളയമ കൾ ആശമ്മയെ കവീക്കുന്നും വിവാഹം ചെയ്തയച്ചു.

## I C-1 മറ്റത്തിൽ കുഞ്ഞൂഞ്ഞ് മകൻ വക്കച്ചൻ (വർക്കി)

മറ്റത്തിൽ കുഞ്ഞൂഞ്ഞിന്റെ മൂത്ത മകനാണ് വക്കച്ചൻ എന്നു വിളിക്കുന്ന വർക്കി. എരുമേലി അമ്പാട്ട് അന്നക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് ആൺമക്കളും, മൂന്ന് പെൺമക്കളും. കുട്ടിച്ചൻ, ലാലു എന്നിവരാണ് ആൺമക്കൾ. മേഴ്സി, ബീന, ഷേർളി എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ മേഴ്സിയെ മാങ്കുളം പത്തിൽച്ചിറയിൽ ജോണിയും, രണ്ടാമത്തെ മകൾ ബീനയെ മാങ്കുളം പൂവത്തിങ്കൽ തൊമ്മച്ചനും, ഇളയമകൾ ഷേർളിയെ മാങ്കുളം കുന്നും പാലയ്ക്കൽ സാബുവും വിവാഹം ചെയ്തു.

## I C-2 മറ്റത്തിൽ കുഞ്ഞൂഞ്ഞ് മകൻ കുഞ്ഞ് (സ്കറിയാ)

കുഞ്ഞൂഞ്ഞിന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞ്. ഭാര്യ മുണ്ടൻ മുടി ഇടവക കുടക്കച്ചിറയിൽ ലിസിയമ്മ (ഏലി). ഈ ദമ്പതികൾക്ക് ഒരു മകനും, രണ്ട് പെൺമക്കളും. ഏക മകൻ ലാൽസൺ (ജോർജ്ജ്). ജാസ്മിൻ (മേരി), ബിസ്മി (റോസമ്മ) എന്നിവരാണ് പെൺമക്കൾ. ജാസ്മിനെ പുളിങ്കുന്ന് മങ്കളത്തിൽ ബിനോയ് വിവാഹം ചെയ്തു.

## I C-2a മറ്റത്തിൽ കുഞ്ഞ് മകൻ ലാൽസൺ (ജോർജ്ജ്)

കുഞ്ഞിന്റെ ഏക മകനാണ് ലാൽസൺ. മേരികുളം ഇടവക കിഴക്കേക്കര താഴത്തുവീട്ടിൽ രജനി (മോനി)യാണ് ഭാര്യ.

## I-C 3 മറ്റത്തിൽ കുഞ്ഞൂഞ്ഞ് (വർക്കി) മകൻ കൊച്ച് (ജോസഫ്)

കുഞ്ഞൂഞ്ഞിന്റെ ഇളയ മകനാണ് കൊച്ച് എന്ന് വിളിക്കുന്ന ജോസഫ്. പൂഞ്ഞാർ മൂഴിയാങ്കൽ ലൂസിയാണ് ഭാര്യ. ജോസഫ് - ലൂസി ദമ്പതികൾക്ക് നാല് മക്കൾ. ഒരു മകളും മൂന്ന് ആൺമക്കളും. മരിയയാണ് ഏക മകൾ. പ്രിൻസ് (ജോർജ്ജ്), പ്രിവിൻ (ജോസഫ്), പ്രിജോ (തോമസ്) എന്നിവരാണ് ആൺമക്കൾ.

## II അരയത്തിനാൽ - മറ്റത്തിൽ കുര്യൻ മകൻ ഔസേപ്പ്

അരയത്തിനാൽ തറവാട്ടിൽനിന്നും മറ്റത്തിൽ പുരയിടത്തിലേക്ക് മാറിത്താമസിച്ച കുര്യന്റെ രണ്ടാമത്തെ മകനാണ് ഔസേപ്പ്. ആനന്ദശ്ശേരിൽ കുടുംബാംഗം ഏലിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും, ഒരാണും. ഏക മകൻ കുര്യൻ. മൂത്ത മകളെ വാരണത്ത് ചാക്കോയും രണ്ടാമത്തെ മകളെ മഠത്തിൽ തോമസും വിവാഹം ചെയ്തു.

## II A മറ്റത്തിൽ ഔസേപ്പ് മകൻ കുര്യൻ

ഔസേപ്പിന്റെ ഏക മകനാണ് കുര്യൻ. തെക്കേവയലിൽ കുടുംബാംഗം മറിയത്തെ വിവാഹം ചെയ്തു. കുര്യൻ - മറിയം ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെൺമക്കളും ഒരു മകനും. ഏലി, അന്നമ്മ, മറിയം എന്നിവരാണ് പെൺമക്കൾ. ജോസഫ് ഏകമകനും. 1931-ൽ മറിയം മരിച്ചു. തുടർന്ന് കുര്യൻ പൂഞ്ഞാർ പുത്തൻപുരയ്ക്കൽ ഏലിയെ വിവാഹം ചെയ്തു. കുര്യന്റെ രണ്ടാം വിവാഹത്തിൽ ഒൻപതു മക്കൾ ജനിച്ചു. കുര്യൻ, സെബാസ്റ്റ്യൻ, ജോർജ്ജ്, തോമസ്, ചാക്കോച്ചൻ, മാത്യു, ജോൺ എന്നിവരാണ് ആൺമക്കൾ.

കുര്യനും കുടുംബവും 1957-ൽ പൂഞ്ഞാറ്റിൽ നിന്നും കണ്ണൂർ ജില്ലയിലെ ആലക്കോടിനടുത്ത് മണക്കടവിലേക്ക് കുടിയേറി. മണക്കടവിലെ ആദ്യകാല കുടിയേറ്റ കർഷകനായ കുര്യൻ കാർഷിക വൃദ്ധിയിലൂടെ സാമ്പത്തികമായി വളരെ അഭിവൃദ്ധി പ്രാപിച്ചു. അക്കാലത്ത് മണക്കടവിലേക്ക് വാഹനങ്ങളോ മറ്റു സൗകര്യങ്ങളോ ഇല്ലായിരുന്നു. 1956-65 കാലഘട്ടങ്ങളിൽ ആലക്കോട്, അരങ്ങം, റയരോം പ്രദേശങ്ങൾ ക്രമേണ കുടിയേറ്റ കർഷകരാൽ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. ആലക്കോട് വരെ ബസ് സർവ്വീസ് ആരംഭിച്ചു. അരങ്ങത്ത് സിനിമാ തീയേറ്ററും ആരംഭിച്ചു. ധാരാളം വ്യാപാരസ്ഥാപനങ്ങൾ ആലക്കോട് നിലവിൽ വന്നു. പരപ്പ, അരങ്ങം, കുട്ടാപറമ്പ്, റയറോം, തേർത്തല്ലി, മണക്കടവ് തുടങ്ങിയ പ്രദേശങ്ങളുടെ ആശാകേന്ദ്രമായി ആലക്കോട് വളർന്നു. ആലക്കോട് പഞ്ചായത്തും നിലവിൽവന്നു. ഈ കാലഘട്ടത്തിൽ മറ്റത്തിൽ കുര്യൻ കൂടുതൽ സൗകര്യാർത്ഥം തന്റെ മണക്കടവിലെ സ്ഥലം വിറ്റശേഷം ആലക്കോടിനടുത്ത് സ്ഥലം വാങ്ങി താമസമാക്കി. 1980-ൽ കുര്യനും, 1997-ൽ ഏലിയും കർത്താവിൽ നിദ്ര പ്രാപിച്ചു. ഇരുവരേയും മണക്കടവ് സെന്റ് തോമസ് പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. കുര്യന്റെ രണ്ട് പെൺമക്കളിൽ മൂത്ത മകളായ തെയ്യാമ്മയെ അരുവിത്തുറ ഇടവക കിഴവഞ്ചിയിൽ ജോർജ്ജ് വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ റോസമ്മ പാലാ സ്നേഹഗിരി സന്യാസസമൂഹത്തിൽ സന്യസ്തജീവിതം നയിക്കുന്നു. സിസ്റ്റർ ലീമ എന്ന പേരിൽ അറിയപ്പെടുന്നു. മാനന്തവാടി പെരിയയിലാണ് സേവനം.

## II A-1 മറ്റത്തിൽ കുര്യൻ മകൻ ജോസഫ്

കുര്യന്റെ ആദ്യഭാര്യ മറിയത്തിൽ ജനിച്ച നാല് മക്കളിൽ ഏക

മകനാണ് ജോസഫ്. പുല്ലാട്ട് കുടുംബാംഗം അന്നക്കുട്ടിയെ ഭാര്യ യായി സ്വീകരിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് പെൺമക്കൾ. മേരി, ചിന്നമ്മ, എൽസി, സൂസമ്മ, ഡോളി. മൂത്തമകൾ മേരിയെ എടത്ത നാട്ട് കുഞ്ഞച്ചനും, രണ്ടാമത്തെ മകൾ ചിന്നമ്മയെ ആറ്റുപുറം ജോസും, മൂന്നാമത്തെ മകൾ എൽസിയെ പുളിമൂട്ടിൽ ഉമ്മച്ചനും നാലാമത്തെ മകൾ സൂസമ്മയെ കയ്യാരോട്ട് തടത്തിൽ സന്തോഷും അഞ്ചാമത്തെ മകൾ ഡോളിയെ മഞ്ഞളാങ്കൽ ജോസും വിവാഹം ചെയ്തു.

## II A-2 മറ്റത്തിൽ കുര്യൻ മകൻ കുര്യൻ (കുഞ്ഞൂഞ്ഞ്)

കുര്യന് തന്റെ രണ്ടാം വിവാഹത്തിൽ ജനിച്ച ഒൻപത് മക്ക ളിൽ മൂത്ത മകനാണ് കുഞ്ഞൂഞ്ഞ് എന്ന് വിളിക്കുന്ന കുര്യൻ. നെല്ലി ക്കുന്നേൽ അന്തോനി മകൾ റോസമ്മയാണ് ഭാര്യ. ഈ ദമ്പതി കൾക്ക് ഏഴ് മക്കൾ. മൂന്ന് ആൺമക്കളും, നാല് പെൺമക്കളും. ബേബി (കുര്യൻ), ബന്നി (ആന്റണി), ഷിനു (ആന്റോ) എന്നിവ രാണ് ആൺമക്കൾ. ഏലി (വൽസ), മേഴ്സി (മേരി), പൗളി (ത്രേ സ്യാമ്മ), ആൻസി (അന്നമ്മ) എന്നിവരാണ് പെൺമക്കൾ. മൂത്ത മകൾ വൽസയെ വെള്ളാട്ട് കപ്പലുമാക്കൽ ജോസും, രണ്ടാമത്തെ മകൾ മേഴ്സിയെ കാഞ്ഞാങ്ങാട് പാറത്താഴെ സണ്ണിയും, മൂന്നാ മത്തെ മകൾ പൗളിയെ മട്ടാറ മുളന്താനം ജോസും, നാലാമത്തെ മകൾ ആൻസിയെ കല്ലുങ്കൽ തങ്കച്ചനും വിവാഹം ചെയ്തു.

## II A-2a മറ്റത്തിൽ കുഞ്ഞൂഞ്ഞ് മകൻ ബേബി (കുര്യൻ)

കുഞ്ഞൂഞ്ഞിന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് ബേബി. മണക്കടവ് പെരുകോണിൽ ജോസഫ് മകൾ ഗ്രേസി (ത്രേസ്യാ മ്മ)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഷിനോജ് (ജോസഫ്), ഷിന (റോസ് മേരി), ഷിനു (ആന്റോ)

## II A - 2b മറ്റത്തിൽ കുഞ്ഞൂഞ്ഞ് മകൻ ബന്നി

കുഞ്ഞൂഞ്ഞിന്റെ രണ്ടാം ഭാര്യയിലെ രണ്ടാമത്തെ മകനാണ് ബന്നി. മഞ്ഞക്കടപ്പ് കൊല്ലംകുന്നേൽ ബറ്റിയാണ് ഭാര്യ.

## II A -2c മറ്റത്തിൽ കുഞ്ഞൂഞ്ഞ് മകൻ സിബി

കുഞ്ഞൂഞ്ഞിന്റെ മൂന്നാമത്തെ മകനാണ് സിബി. എരട്ടമുണ്ട യ്ക്കൽ മിനിയാണ് ഭാര്യ.

## II A 3 മറ്റത്തിൽ കുര്യൻ മകൻ സെബാസ്റ്റ്യൻ (ദേവസ്യ)

കുര്യന്റെ മൂന്നാമത്തെ മകനാണ് ദേവസ്യാ എന്ന് വിളിക്കുന്ന സെബാസ്റ്റ്യൻ. ആലക്കോട് കാഞ്ഞിരക്കാട്ട്കുന്നേൽ മത്തായി മകൾ ചിന്നമ്മ (റോസമ്മ)യാണ് ഭാര്യ. ദേവസ്യാ-ചിന്നമ്മ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെൺമക്കളും ഒരു മകനും. ഷാജി (കുര്യൻ) യാണ് ഏക മകൻ. ഷാന്റി (ഏലിയാമ്മ), മോളി (റോസമ്മ), ഷാലി (മേരി) എന്നിവരാണ് പെൺമക്കൾ. മൂത്ത മകൾ ഷാന്റിയെ വെള്ളാട് ചൊവ്വേലിക്കുടിയിൽ ബേബി (ഫ്രാൻസീസ്) വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മോളിയെ തേർത്തല്ലി കുളത്താനിയിൽ ബിജു (കുര്യാക്കോസ്)ഉം മൂന്നാമത്തെ മകൾ ഷാലിയെ അരങ്ങ് വടക്കേ മുറി ജോബി(ജോസഫും)യും വിവാഹം ചെയ്തു.

## II A 3-a മറ്റത്തിൽ ദേവസ്യാ മകൻ ഷാജി

ദേവസ്യായുടെ ഏക മകനാണ് ഷാജി. ഉദയഗിരി ഞാറയ്ക്കാട്ട് നൈസിയാണ് ഭാര്യ.

## II A-4 മറ്റത്തിൽ കുര്യൻ മകൻ ജോർജ്ജ് (വർക്കിച്ചൻ)

കുര്യന്റെ നാലാമത്തെ മകനാണ് വർക്കിച്ചായൻ എന്ന് വിളിക്കുന്ന ജോർജ്ജ്. ആലക്കോട് കരിമ്പൂഴിത്താഴെ ജോണിന്റെ മകൾ അമ്മിണി (ത്രേസ്യാമ്മ) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ടു പെണ്ണും രണ്ട് ആണും. ഷേർളി (ഏലിയാമ്മ), ഷൈനി (ത്രേസ്യാമ്മ), എന്നിവരാണ് പെൺമക്കൾ. ഷാജു (കുര്യൻ), ജോജോ (ജോൺ) എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ ഷേർളി 6-08-1970-ൽ നിര്യാതയായി. ഇളയമകൾ ഷൈനിയെ വിളക്കന്നൂർ ഇടവക കരിങ്ങാച്ചിര അലക്സ് വിവാഹം ചെയ്തു.

## II A-4a മറ്റത്തിൽ ജോർജ്ജ് മകൻ ഷാജു

ജോർജ്ജിന്റെ മൂത്ത മകനാണ് ഷാജു. ചെമ്പൻതൊട്ടി ഇടവക മാനത്തൂർ ബിന്ദു (റോസമ്മ)വാണ് ഭാര്യ. ഷാജു - ബിന്ദു ദമ്പതികൾക്ക് മൂന്ന് മക്കൾ. സാന്ദ്ര, അനീസിയ, ഷെബിൻ.

## II A-4b മറ്റത്തിൽ ജോർജ്ജ് മകൻ ജോജോ (ജോൺ)

ജോർജ്ജിന്റെ രണ്ടാമത്തെ മകനാണ് ജോജോ. ബാലേശുഗിരി ഇടവക കിഴക്കേക്കര ഹണി (അന്നമ്മ)യാണ് ജോജോയുടെ ഭാര്യ. ഇവർക്ക് ഒരു മകൻ-ജസ്റ്റോ.

## II A-5a മറ്റത്തിൽ കുര്യൻ മകൻ തോമസ്

കുര്യന്റെ അഞ്ചാമത്തെ മകനാണ് തോമസ്. പുതുപ്പള്ളി തകടിയേൽ കുടുംബാംഗം മേരിക്കുട്ടിയാണ് ഭാര്യ. തോമസ് മേരിക്കുട്ടി ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ. പ്രിയ, റാണി, സോയ.

## II A-6 മറ്റത്തിൽ കുര്യൻ മകൻ ജേക്കബ് (ചാക്കോച്ചൻ)

കുര്യന്റെ ആറാമത്തെ മകനാണ് ചാക്കോച്ചൻ എന്ന് വിളിക്കുന്ന ജേക്കബ്. തയ്യിൽ കുടുംബാംഗം ആലീസാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ ബിനോയ്, ബിജോയ്, ബിൻസി.

## II A-7 മറ്റത്തിൽ കുര്യൻ മകൻ മാത്യു (ഫാ. മാത്യു മറ്റത്തിൽ)

കുര്യന്റെ ഏഴാമത്തെ മകനാണ് മാത്യു

## II A-8 മറ്റത്തിൽ കുര്യൻ മകൻ ജോയി (ജോൺ)

കുര്യന്റെ എട്ടാമത്തെ മകനാണ് ജോയി എന്ന് വിളിക്കുന്ന ജോൺ. വെച്ചൂർ ചെരുവിൽ കുടുംബാംഗം ബ്രിജീത്താണ് ഭാര്യ. ജോയി- ബ്രിജീത്ത് ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. ജോഫിൻ, ജിയോ (ഫിലിപ്പ്), ജിന്റോ. ജോയിയും കുടുംബവും കാസർഗോഡ് ജില്ലയിലെ കുണ്ടാട്ട് ആണ് താമസം.

## II A-8a മറ്റത്തിൽ ജോയി (ജോൺ) മകൻ ജോഫിൻ (ഫാ. ജോഫിൻ മറ്റത്തിൽ)

മറ്റത്തിൽ ജോയിയുടെ മൂത്ത മകനാണ് ജോഫിൻ. ഹോളി സ്പിരിറ്റ് ഫാദേഴ്സ് എന്ന സന്യാസസഭയിൽ ചേർന്ന് 26-11-2009-ൽ വൈദികപട്ടം സ്വീകരിച്ചു. ഹൈദരബാദിലാണ് സേവനം.

## II A-8b മറ്റത്തിൽ ജോയി മകൻ ജിയോ (ഫിലിപ്പ്)

ജോയിയുടെ രണ്ടാമത്തെ മകനാണ് ജിയോ. ഹോട്ടൽ മാനേജ്മെന്റ് പഠനത്തിനുശേഷം ന്യൂസിലാൻഡിൽ ജോലി ചെയ്യുന്നു.

## II A-8c മറ്റത്തിൽ ജോയി മകൻ ജിന്റോ (ജോൺ)

ജോയിയുടെ ഇളയമകനാണ് ജിന്റോ. 24-1-2006-ൽ പതിനാലാമത്തെ വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. മണക്കടവ് സെന്റ് തോമസ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

# 11

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)

ഏകദേശം 300 വർഷങ്ങൾക്കു മുമ്പ് പൂഞ്ഞാറിൽനിന്നും ഇഞ്ചക്കാട്ട് കുടുംബത്തിലെ മാത്തുള എന്ന പിതാവ് വ്യാപാര ആവശ്യങ്ങൾക്കായി പുതുപ്പള്ളിയിൽ എത്തുകയും അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. മീനച്ചിൽ ആറ്റിലൂടെ വള്ളത്തിൽ കോട്ടയത്ത് എത്തി കൊടൂരാറ്റിലൂടെ പുതുപ്പള്ളിയിൽ എത്തിച്ചേർന്നു. പുതുപ്പള്ളി അങ്ങാടിയിൽ താമസമാക്കിയ ഈ കുടുംബത്തിൽ നിന്നും അദ്ദേഹത്തിന്റെ സഹോദരൻ ഉതുപ്പ് 1810-ൽ തോട്ടയ്ക്കാട്ട് താമസമാക്കി.

പൂഞ്ഞാർ ഇഞ്ചക്കാട്ട് നിന്നും പുതുപ്പള്ളിയിൽ താമസമാക്കിയ പ്രഥമ പിതാവിന്റെ പേര് മാത്തുള എന്നായിരുന്നു. മാത്തുളയ്ക്ക് മൂന്ന് ആൺമക്കൾ. I മാത്തൻ, II ചാണ്ടപ്പിള്ള, III മാത്തുള. മൂത്തമകൻ മാത്തൻ തെക്കേ ഇഞ്ചക്കാട്ടും, രണ്ടാമത്തെ മകൻ ചാണ്ടപ്പിള്ള വടക്കേ ഇഞ്ചക്കാട്ടും, ഇളയമകൻ മാത്തുള പടിഞ്ഞാറേ ഇഞ്ചക്കാട്ട് എന്നീ പേരുകളിൽ അങ്ങാടിയിൽ തന്നെ താമസമാക്കി. ഈ മൂന്ന് വീടുകൾക്കും ചെറിയ മാറ്റങ്ങൾ വരുത്തിയെങ്കിലും പൂർവ്വികമായ നിലയിൽ ഇന്നും കാണപ്പെടുന്നു.

### I ഇഞ്ചക്കാട്ട് മാത്തുള മകൻ മാത്തൻ

മാത്തുളയുടെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് മാത്തൻ. മാത്തന് രണ്ട് ആൺമക്കൾ. മൂത്ത മകൻ മാത്തുള. രണ്ടാമത്തെ മകൻ അന്ധനായിരുന്നു. അവിവാഹിതനായ ഇദ്ദേഹം ചെറുപ്രായത്തിൽ മരിച്ചു.

### IA ഇഞ്ചക്കാട്ട് മാത്തൻ മകൻ മാത്തുള

മാത്തന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് മാത്തുള. തൃക്കോതമംഗലം നരിമറ്റത്തിൽ മറിയാമ്മയെ വിവാഹം ചെയ്തു. ഓർത്തഡോക്സ് സഭയിലെ കാലം ചെയ്ത യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി മറിയാമ്മയുടെ കുടുംബാംഗമാണ്. ഈ

ദമ്പതികൾക്ക് നാല് ആൺമക്കൾ. പെൺമക്കളില്ലായിരുന്നു. മാത്തൻ, തോമസ്, വർക്കി, ചാണ്ടപ്പിള്ള എന്നിവരാണ് ആൺമക്കൾ. 1829 ഏപ്രിൽ 16-ാം തീയതി മാത്തുള മരിച്ചു.

## IA-1 ഇഞ്ചക്കാട്ട് മാത്തുള മകൻ മാത്തൻ

മാത്തുളയുടെ നാല് ആൺമക്കളിൽ മൂത്തമകനാണ് മാത്തൻ. 24-05-1855 ൽ ജനിച്ചു. മിതഭാഷിയും, ബുദ്ധിമാനും, സൽഗുണസമ്പന്നനും ആയിരുന്നു. തലപ്പാടി കൊച്ചുപുരയ്ക്കൽ ഐപ്പിന്റെ മൂത്തമകൾ മറിയാമ്മയെ പുതുപ്പള്ളി വലിയപള്ളിയിൽവച്ച് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഏബ്രാഹം, ഐപ്പ്, മാത്തുള എന്നീ മൂന്ന് ആൺമക്കളും, മറിയാമ്മ, ആച്ചിയമ്മ, അച്ചാമ്മ, അന്നാമ്മ എന്നീ നാല് പെൺമക്കളും ജനിച്ചു. പുതുപ്പള്ളി ഹൈസ്കൂളിന് വടക്കായി സ്ഥലം വാങ്ങിച്ച് അറയും നിരയുമുള്ള വീട് നിർമ്മിച്ചു. വീടിന്റെ മുൻവശത്ത് ചാവടി നിർമ്മിച്ച് പലചരക്കു കച്ചവടം തുടങ്ങി. വെന്നിമല കൈമളുമായുള്ള വ്യാപാരഇടപാടിൽ ലഭിക്കാനുള്ള പണത്തിനു പകരമായി തലപ്പാടി നെല്ലിമലയിൽ 22 ഏക്കർ സ്ഥലം മാത്തച്ചന് തീറെഴുതി ലഭിച്ചു. ഭാര്യ മറിയാമ്മ 14-07-1949ൽ 87-ാം വയസ്സിൽ മരിച്ചു.

## IA-1a ഇഞ്ചക്കാട്ട് മാത്തൻ (മാത്തച്ചൻ) മകൻ അബ്രാഹം

മാത്തച്ചന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് അബ്രാഹം. 02-05-1945-ൽ ജനിച്ചു. പുതുപ്പള്ളിയിൽനിന്നും പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം പിതാവിനോടൊപ്പം കാർഷികവൃത്തിയിലേർപ്പെട്ടു. 21-ാം വയസ്സിൽ അഞ്ചേരി കൊടുവയലിൽ അന്നമ്മയെ യുയോമയസഭയുടെ ക്രമം അനുസരിച്ച് വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് നാല് മക്കൾ. മറിയാമ്മ എന്ന മകളും, മാത്തൻ, മാണി, വർക്കി എന്നീ ആൺമക്കളും. ഏകമകൾ മറിയാമ്മ നാലാം വയസ്സിൽ മരിച്ചു.

1912-ൽ അബ്രാഹവും കുടുംബവും തെക്കേമഠത്തിൽ നിന്നും തലപ്പാടി നെല്ലിമലയിലേക്ക് താമസം മാറ്റി. കാടുപിടിച്ചുകിടന്ന 12 ഏക്കർ സ്ഥലം വെട്ടിത്തെളിച്ച് വീടുവയ്ക്കുകയും, കൃഷിചെയ്യുകയും ആടുമാടുകളെ വളർത്തുകയും ചെയ്തു. 1933-ൽ ഏബ്രാഹവും കുടുംബവും യുയോമയ സഭവിട്ട് പുതുപ്പള്ളി പള്ളിയിൽ ചേർന്നു. 02-05-1945-ൽ ഏബ്രഹാം മരിച്ചു. 22-04-1967-ൽ 82-ാം വയസ്സിൽ

ഭാര്യ അന്നമ്മയും മരിച്ചു. ഇരുവരേയും പുതുപ്പള്ളി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-1a1 ഇഞ്ചക്കാട്ട് നെല്ലിമല അബ്രാഹം മകൻ മാത്തൻ (കൊച്ചിക്ക)16-01-1908 - 04-03-1996

അബ്രാഹത്തിന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് മാത്തൻ. പുതുപ്പള്ളി വി.എം. സ്കൂളിൽ ആറാംക്ലാസ് വരെ പഠിച്ചു. 1927ൽ 19-ാം വയസ്സിൽ വെള്ളുക്കുട്ട കലിങ്കിന് സമീപം സ്വന്തമായി പീടിക പണിത് പലചരക്കു കച്ചവടം തുടങ്ങി. തലപ്പാടി പുളിമൂട്ടിൽ മാത്യുവിന്റെ മകൾ ശോശാമ്മയെ 04-06-1933 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കളും, നാല് ആൺമക്കളുമടക്കം ഏഴ് മക്കൾ. കുഞ്ഞൂഞ്ഞമ്മ, അമ്മിണി, സോമി എന്നിവരാണ് പെൺമക്കൾ. അച്ചൻകുഞ്ഞ്, ബേബി, കുഞ്ഞുമോൻ, ജോർജുകുട്ടി എന്നിവർ ആൺമക്കളും.

1938-ൽ പുതുപ്പള്ളികവലയിൽ കരോട്ടുവള്ളക്കാലായിൽ ഉമ്മൻ ചാണ്ടിയുടെ (മുൻകേരളാ മുഖ്യമന്ത്രി) കെട്ടിടത്തിൽ സ്റ്റേഷനറി കട ആരംഭിച്ചു. 1960-ൽ സ്റ്റേഷനറി നിർത്തി ജൗളിക്കട ആരംഭിച്ചു. 1984-ൽ സ്വന്തമായി കെട്ടിടം വാങ്ങി സെൻട്രൽ ടെക്സറ്റൈൽസ് എന്ന പേരിൽ ജൗളിക്കട തുടങ്ങി. എഴുപത് വർഷക്കാലം കച്ചവടവും, കൃഷിയും നടത്തി വലിയ ധനവും സമ്പാദിച്ചു. ഭാര്യ ശോശാമ്മ നാട്ടുകാർക്കും, വീട്ടുകാർക്കും ഏറെ പ്രിയങ്കരിയും, സൽസ്വഭാവിയും അഥിതിസൽക്കാരപ്രിയയും ആയിരുന്നു. 06-01-1976ൽ 60-ാം വയസ്സിൽ ഭാര്യ ശോശാമ്മ മരിച്ചു. 04-03-1996-ൽ മാത്തനും മരിച്ചു. ഇരുവരേയും പുതുപ്പള്ളി വലിയപള്ളി കുടുംബക്കല്ലറയിൽ സംസ്കരിച്ചു. പുതുപ്പള്ളി നിവാസികൾക്ക് ഏറെ പ്രിയങ്കരനായ മാത്തൻ തന്റെ രണ്ട് സഹോദരങ്ങളോട് മരണംവരെ സ്നേഹത്തോടെയും, സഹകരണത്തോടെയും ജീവിച്ചു. മൂത്തമകൾ അന്നമ്മ (കുഞ്ഞൂഞ്ഞമ്മ)യെ പാറമ്പുഴ തുരുത്തേൽ ഉതുപ്പിന്റെ മകൻ കെ.എം. ജോൺ 08-06-1953ൽ വിവാഹം ചെയ്തു. തിരുവഞ്ചൂർ പി.ഇ.എം. ഹൈസ്കൂൾ അധ്യാപികയായിരുന്ന സി.എം. അന്നമ്മ റിട്ടയർമെന്റിനുശേഷം തിരുവഞ്ചൂരിൽ താമസിക്കുന്നു. രണ്ടാമത്തെ മകൾ അമ്മിണിയെ കൊല്ലാട്, വാക്കപ്പറമ്പിൽ കുഞ്ഞിന്റെ മകൻ ബേബിച്ചൻ 12-09-1966ൽ വിവാഹം ചെയ്തു.

ഇളയമകൾ സോമിയെ കായംകുളത്ത് കൃഷ്ണപുരം, കന്നേൽവീട്ടിൽ ജോയിച്ചന്റെ മകൻ സജി 07-02-1973-ൽ വിവാഹം ചെയ്തു.

## IA-1a1a ഇഞ്ചക്കാട്ട്നെല്ലിമല മാത്തൻ മകൻ അബ്രാഹം (അച്ചൻകുഞ്ഞ്) ജനനം: 15-11-1938

മാത്തന്റെ നാല് ആൺമക്കളിൽ മൂത്തമകനാണ് അച്ചൻകുഞ്ഞ്. വെള്ളൂർ ഇഞ്ചക്കാട്ട് (വാളക്കട) കുഞ്ഞപ്പിയുടെ മകൾ അശ്വതിയെ വിവാഹം ചെയ്തു. 1965-ൽ അച്ചൻകുഞ്ഞ് മണർകാട് കവലയിൽ മെറീനാ ടെക്സ്റ്റൈൽസ് ആരംഭിച്ചു. തുടർന്ന് മണർകാട് കവലയിൽ പിതാവ് വാങ്ങി നൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് കച്ചവടം വിപുലീകരിച്ചു. 1974-ൽ തലപ്പാടിയിൽ വീട് പണിത് മെറീനാ റബർവർക്സ് എന്ന പേരിൽ റബർബാൻഡ് നിർമ്മാണം ആരംഭിക്കുകയും മെറീനാ ടെക്സ്റ്റൈൽസ് ഇളയസഹോദരൻ ജോർജുകുക്കു കൈമാറുകയും ചെയ്തു. റബർബാൻഡ് ഫാക്ടറിയോടു ചേർന്ന് ഏ.വി. എം. റബേഴ്സ് എന്ന സ്ഥാപനവും നടത്തിവരുന്നു.

അച്ചൻകുഞ്ഞ് - അശ്വതി ദമ്പതികൾക്ക് മൂന്നുമക്കൾ. സുനു, സുനിത, എന്നീ രണ്ടു പെൺമക്കളും, സുനിൽ എന്ന മകനും. മൂത്തമകൾ സുനുവിനെ മണർകാട് മേച്ചേരിൽ മാത്യുവിന്റെ മകൻ ജിജി വിവാഹം ചെയ്തു. ജിജി മണർകാട് കവലയിൽ ബിസിനസ്സ് നടത്തുന്നു. ഇളയപുത്രി സുനിതയെ തിരുവല്ല മുടിച്ചിലേടത്ത് മത്തായിച്ചന്റെ മകൻ മനോജ് വിവാഹം ചെയ്തു. മനോജ് കുവൈറ്റിൽ ബിസിനസ്സ് നടത്തുന്നു. കുടുംബസമേതം കുവൈറ്റിലാണ് താമസം.

## IA-1a1a1 ഇഞ്ചക്കാട്ട് നെല്ലിമല അച്ചൻകുഞ്ഞ് മകൻ സുനിൽ (ജനനം: 17-08-1968)

അച്ചൻകുഞ്ഞിന്റെ ഏകമകനാണ് സുനിൽ. BSc ബിരുദധാരിയായ സുനിൽ പിതാവിനോടൊപ്പം ഫാക്ടറി ചുമതലകൾ നടത്തിവരുന്നു. വാകത്താനം വെട്ടിയിൽ കുര്യന്റെ മകൾ ടീനായെ 23-07-1995-ൽ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും ഒരു മകനുമടക്കം മൂന്നു മക്കൾ. ലിയ, ലിൻഡ എന്നിവരാണ് പെൺമക്കൾ. ലിജിൻ എന്ന ഏകമകനും. സുനിൽ മണർകാട് YMCA സെക്രട്ടറി, കുമരംകോട് ഓർത്തഡോക്സ് പള്ളി സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

## IA-1a1b ഇഞ്ചക്കാട്ട് നെല്ലിമല മാത്തൻ മകൻ
## മാത്യു (ബേബി) (ജനനം:30-05-1941 - 14-09-2016)

മാത്തന്റെ രണ്ടാമത്തെ മകനാണ് മാത്യു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കച്ചവടത്തിലും കൃഷികാര്യങ്ങളിലും ഏർപ്പെട്ടു. തോട്ടയ്ക്കാട് കൊടുവയലിൽ ചെത്തികുളത്ത് കൊച്ചിന്റെ മകൾ അമ്മിണിയെ 04-04-1968 വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നുമക്കൾ. രണ്ട് പെൺമക്കളും ഒരു മകനും. ബിനു, ബിജി, എന്നിവരാണ് പെൺമക്കൾ. ബിനോജ് ഏകമകനും. മൂത്തമകൾ ബിനുവിനെ കളത്തിപ്പടി ഉള്ളാപ്പള്ളിൽ ജോയിയുടെ മകൻ സാബു വിവാഹം ചെയ്തു. ഇവർ കളത്തിപ്പടിയിലും, പുതപ്പള്ളിയിലും മെഡിക്കൽ സ്റ്റോർ നടത്തുന്നു. രണ്ടാമത്തെ മകൾ ബിജിയെ അഞ്ചേരി വലിയവീട്ടിൽ കുഞ്ഞച്ചന്റെ മകൻ അനി വിവാഹം കഴിച്ചു. ഇവർ കോട്ടയത്തും, ഏറ്റുമാനൂരും അഞ്ചേരി ഒപ്റ്റിക്കൽസ് എന്ന സ്ഥാപനം നടത്തുന്നു.

മിതഭാഷിയും ശാന്തസ്വഭാവക്കാരനുമായിരുന്ന മാത്യു(ബേബി) മാതാപിതാക്കൾക്കൊപ്പം താമസിച്ച് അവരെ മരണംവരെയും ശുശ്രൂഷിച്ചു. 14-09-2016-ൽ 75-ാം വയസ്സിൽ മരിച്ചു. പുതുപ്പള്ളി വലിയപള്ളി കുടുംബക്കല്ലറിയിൽ സംസ്കരിച്ചു.

## IA-1a1ba ഇഞ്ചക്കാട്ട് നെല്ലിമല മാത്യു മകൻ
## ബിനോജ് (കൊച്ചുമോൻ) (ജനനം 15-03-1971)

മാത്യു(ബേബി)വിന്റെ ഏകമകനാണ് ബിനോജ്. പുതുപ്പള്ളിയിൽ സെൻട്രൽ ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം നടത്തുന്നു. പുതുപ്പള്ളി മൂലയിൽ അച്ചൻകുഞ്ഞിന്റെ മകൾ സിന്ധുവിനെ 23-08-1998-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. അക്ഷയ്, അലക്സ്. ഇരുവരും വിദ്യാർത്ഥികൾ.

## IA-1a1c ഇഞ്ചക്കാട്ട് നെല്ലിമല മാത്തൻ മകൻ
## ഐപ്പ് (കുഞ്ഞുമോൻ) (ജനനം 04-11-1946)

മാത്തന്റെ മൂന്നാമത്തെ മകനാണ് ഐപ്പ്. BCom ബിരുദത്തിനുശേഷം പിതാവിനോടൊപ്പം ബിസിനസ്സിൽ ഏർപ്പെട്ടു. ആർപ്പൂക്കര മണത്തല അവറാച്ചന്റെ മകൾ അന്നമ്മയെ 09-01-1977-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഒരു മകളും രണ്ട് ആൺമക്കളും. നിസിയാണ് ഏകമകൾ. നെവിൻ, നോബിൻ എന്നിവർ

ആൺമക്കളും. ഏകമകൾ നിസിയെ കോഴഞ്ചേരി പുന്നയ്ക്കാട്ട് പള്ളിക്കൽ രാജുവിന്റെ മകൻ അജിത് ചെറിയാൻ വിവാഹം ചെയ്തു. എഞ്ചിനീയർമാരായ ഇരുവരും ഇറ്റലിയിൽ ജോലി ചെയ്യുന്നു.

ഐപ്പ് 1977-ൽ തലപ്പാടിയിൽ വികാസ് റബേഴ്സ് എന്ന സ്ഥാപനം ആരംഭിച്ചു. 1989-ൽ കുമരംകോട് ഭാഗത്ത് പിതാവ് വാങ്ങി നല്കിയ സ്ഥലത്ത് താമസം തുടങ്ങി. വീടിന് സമീപം മറ്റൊരു സ്ഥലം വാങ്ങി ബാൻകോ റബേഴ്സ് എന്ന സ്ഥാപനവും നടത്തിവരുന്നു. വിശ്വാസത്തിൽ വന്ന മാറ്റംമൂലം 1999-ൽ ഐപ്പ് കുടുംബസമേതം ഓർത്തഡോക്സ് സഭ വിട്ട് തലപ്പാടി നസ്രേത്ത് മാർത്തോമ്മാ പള്ളിയിൽ ചേർന്നു. പുതുപ്പള്ളി ഇഞ്ചക്കാട്ട് കുടുംബയോഗം സെക്രട്ടറി, തലപ്പാടി പൗരസമിതി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

## IA-1a1c1 ഇഞ്ചക്കാട്ട് നെല്ലിമല ഐപ്പ് (കുഞ്ഞുമോൻ) മകൻ നെവിൻ

ഐപ്പിന്റെ മൂത്ത മകനാണ് നെവിൻ. പത്താം വയസ്സിൽ മരിച്ചു. പുതുപ്പള്ളി വലിയപള്ളി സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ സംസ്കരിച്ചു.

## IA-1a1c2 ഇഞ്ചക്കാട്ട് നെല്ലിമല ഐപ്പ് (കുഞ്ഞുമോൻ) മകൻ നോബിൻ (ജനനം 24-06-1985)

ഐപ്പിന്റെ ഇളയമകനാണ് നോബിൻ. പീരുമേട് MBC കോളജിൽനിന്നും ബി.ടെക്.നുശേഷം U.K. ഗ്രീൻവിച്ച് യൂണിവേഴ്സിറ്റിയിൽനിന്നും എം.എസ്. പാസ്സായി. തുടർന്ന് അവിടെത്തന്നെ വികാസ് പോളിമേഴ്സ് എന്ന ബിസിനസ്സ് ആരംഭിച്ചു. ഇപ്പോൾ പിതാവിനോടൊപ്പം വികാസ് റബേഴ്സ്, ബാൻകോ റബേഴ്സ്, ഫ്ളോർമേറ്റ് എന്നീ ഫാക്ടറികളിൽ റബർ ഉല്പന്നങ്ങൾ നിർമ്മിച്ച് വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നു. 14-02-2012-ൽ തിരുവാങ്കുളം അഡ്വ. ജോസ് വാളോത്തിന്റെ മകൾ അനുവിനെ വിവാഹം ചെയ്തു. ഈ ദമ്പതികളുടെ മകൻ റയാൻ, മകൾ റിയ നോബിൻ. ഇവർ വിദ്യാർത്ഥിയാണ്.

## IA-1a1c3 ഇഞ്ചക്കാട്ട് നെല്ലിമല മാത്തൻ മകൻ ജോർജ് മാത്യു (ജോർജുകുട്ടി)

മാത്തന്റെ ഇളയമകനാണ് ജോർജുകുട്ടി. BSc പാസ്സായശേഷം

മണർകാട് ടൗണിൽ മെറീന ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം നടത്തുന്നു. കോട്ടയം പുത്തനങ്ങാടി ഏറത്ത് കുഞ്ഞച്ചന്റെ മകൾ ജെസ്സിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരു മകനും ഒരു മകളും. ജിബിനാണ് മകൻ, ജിനു മകളും. ഏകമകൾ ജിനുവിനെ അഞ്ചേരിൽ, ചക്കാലയിൽ കുഞ്ഞുമോന്റെ മകൻ കോൾസൻ വിവാഹം ചെയ്തു. മസ്കറ്റിൽ ജോലിചെയ്യുന്നു. കോൾസനും ജിനുവും മസ്കറ്റിലാണ് താമസം. മണർകാട്ടെ പ്രമുഖ വ്യാപാരിയും, സാമൂഹ്യപ്രവർത്തകനുമായ ജോർജുകുട്ടി മണർകാട് വൈ.എം.സി.എ., മണർകാട് വ്യാപാരി വ്യവസായി അസ്സോസിയേഷൻ എന്നീ സംഘടനകളുടെ പ്രസിഡന്റാണ്. 31-10-2019-ൽ 68-ാം വയസ്സിൽ നിര്യാതനായ ജോർജുകുട്ടിയുടെ മൃതശരീരം പുതുപള്ളി വലിയപള്ളി കുടുംബകല്ലറയിൽ അടക്കം ചെയ്തു.

## C3-a ഇഞ്ചക്കാട്ട് നെല്ലിമല ജോർജുകുട്ടി മകൻ ജിബിൻ

ജോർജുകുട്ടിയുടെ ഏകമകനാണ് ജിബിൻ. എറണാകുളം OEN-ൽനിന്നും Tools and Dye Making പാസ്സായശേഷം കാനഡയിൽ ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ മണർകാടു മെറീനാ ടെക്സ്റ്റൈൽസ് നടത്തുന്നു.

## IA-1a.2. ഇഞ്ചക്കാട്ട് നെല്ലിമല എബ്രാഹം മകൻ മാണി (16-01-1912 - 05-08-2009)

അബ്രാഹത്തിന്റെ രണ്ടാമത്തെ മകനാണ് മാണി. പുതുപ്പള്ളി VM സ്കൂളിൽ നിന്നും ഏഴാംക്ലാസ് വിദ്യാഭ്യാസത്തിനുശേഷം പിതാവിനോടൊപ്പം കൃഷികാര്യങ്ങളിലേർപ്പെട്ടു. 1936 മുതൽ 1938 വരെ മണർകാട് കവലയൽ സ്റ്റേഷനറി കട നടത്തി. 1940 മുതൽ 1970 വരെ കോട്ടയം തിരുനക്കര ചന്തയിൽ മരച്ചീനി (ഉണക്കക്കപ്പ) മൊത്തവ്യാപാരം നടത്തി. തൃക്കോതമംഗലം, ചിറത്തലാട്ട് നൈനാച്ചന്റെ മകൾ മറിയാമ്മയെ 11-12-1943-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ. തങ്കമ്മ. 22-05-1949-ൽ ജനിച്ചു. 1954-ൽ തലപ്പാടിയിൽ റോഡിനടുത്ത് പുതിയവീട് പണിയിച്ച് മാണിച്ചനും കുടുംബവും താമസമാക്കി. മണർകാട് കവലയിൽ മെറീനാ ബിൽഡിംഗിസിൽ ഇളയസഹോദരൻ വർക്കിച്ചനും ചേർന്ന് ഇഞ്ചക്കാട്ട് ബാങ്കേഴ്സ് എന്ന സ്ഥാപനം തുടങ്ങി. മാണിച്ചനും ഭാര്യ തങ്കമ്മയും എല്ലാ ബന്ധുവീടുകളുമായി സഹകരണത്തോടെയും, സ്നേഹബഹുമാനത്തോടെയും കഴിഞ്ഞുപോന്നു.

20-01-1980-ൽ 65-ാം വയസ്സിൽ മാണിയുടെ ഭാര്യ മറിയാമ്മയും, 05-03-2009-ൽ 97-ാം വയസ്സിൽ മാണിയും മരിച്ചു. ഇരുവരെയും കുമരംകോട് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയ സെമിത്തേരിയിലെ കുടുംബകല്ലറയിൽ സംസ്കരിച്ചു.

## IA-1a.2a ഇഞ്ചക്കാട്ട് നെല്ലിമല ഏ.സി.ജോൺ (കുഞ്ഞ്) (ജനനം 20-10-1947)

മാണിയുടെ ഏകമകൾ തങ്കമ്മയുടെ ഭർത്താവാണ് കുഞ്ഞ്. തലപ്പാടി ആണ്ടൂപ്പറമ്പിൽ കുടുംബാംഗമാണ്. MSc BEd കാരനായ ജോൺ മാണിയുടെ മകൾ തങ്കമ്മയെ 21-12-1974-ൽ തലപ്പാടി നസ്രേത്ത് മാർത്തോമ്മാ ദേവാലയത്തിൽ വച്ച് വിവാഹം ചെയ്തു. മറ്റു മക്കളില്ലായിതിരുന്ന മാണി കുഞ്ഞിനെ ദത്തുപുത്രനായി സ്വീകരിച്ചു. ജോണും, ഭാര്യ തങ്കമ്മയും മാണിയോടൊപ്പം താമസമാക്കി. തിരുവഞ്ചൂർ സ്കൂളിൽ അധ്യാപകനായിരുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. ജോമോൾ, ജീമോൾ. മൂത്ത മകൾ ജോമോളെ മാവേലിക്കര പുല്ലോലിൽ കിഴക്കേൽ തോമസിന്റെ മകൻ മനോജ് MBA 14-12-2002-ൽ വിവാഹം ചെയ്തു. ദുബായിൽ ജോലിചെയ്യുന്ന ഇരുവരും സകുടുംബം അവിടെയാണ് താമസം. രണ്ടാമത്തെ മകൾ ജീമോളെ സാബു മാടത്തേട്ട്, കുന്നത്തുംപടിക്കൽ ദാനിയേലിന്റെ മകൻ സാബു 20-06-2005-ൽ വിവാഹം ചെയ്തു. അമേരിക്കയിൽ എഞ്ചിനീയറായ സാബുവും കുടുംബവും അമേരിക്കയിലാണ് താമസം.

തങ്കമ്മ 30-10-2006-ൽ 57-ാം വയസ്സിൽ മരിച്ചു. തലപ്പാടി മാർത്തോമ്മാ ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ രണ്ടും വിദേശത്തായതിനാൽ ജോൺ നെല്ലിമലയിലെ വീട്ടിൽ ഏകനായി കഴിയുന്നു. തികഞ്ഞ ഭക്തനും സൽസ്വഭാവിയുമായ ജോൺ ഭാര്യ തങ്കമ്മയുടെ മരണശേഷം പിതാവ് മാണിച്ചനെ മരണംവരെയും സ്നേഹപൂർവം ശുശ്രൂഷിച്ചു.

## IA-1a3 ഇഞ്ചക്കാട്ട് നെല്ലിമല അബ്രാഹം മകൻ വർക്കി (ജനനം 28-07-1915- 28-08-1998)

അബ്രാഹത്തിന്റെ ഇളയമകനാണ് വർക്കി. TTCപാസായ ശേഷം പുതുപ്പള്ളി ഹൈസ്കൂളിൽ അധ്യാപകനായി. 1953-ൽ BAയും, 1958-ൽ BTയും പാസ്സായി. ഒമ്പതു വർഷം മിഡിൽ

സ്കൂളിലും പതിനഞ്ച് വർഷം ഹൈസ്കൂളിലും അധ്യാപകനായിരുന്നു. 25-05-1938-ൽ തലപ്പാടി തടത്തിൽ മാത്തന്റെ മകൾ സാറാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. നാല് പെൺമക്കളും ഒരു മകനും. ആനിയമ്മ, മോളിക്കുട്ടി, ഗ്രേസിക്കുട്ടി, സൂസമ്മ എന്നിവരാണ് പെൺമക്കൾ. എബ്രാഹം ഇ. ജോർജ് മകനും. സർവ്വീസിൽ നിന്നും വിരമിച്ച വർക്കി മണർകാട് മെറീനാ ബിൽഡിംഗ്സിൽ ഇഞ്ചക്കാട്ട് ഫൈനാൻസിയേഴ്സ് ആരംഭിച്ചു. ഇഞ്ചക്കാട്ട് കുടുംബയോഗത്തിന്റെ പ്രാരംഭ സെക്രട്ടറിയായിരുന്ന കാലത്ത് കുടുംബയോഗ വാർഷികങ്ങൾ ഓരോ വർഷവും ഭംഗിയായി നടത്തുകയും കുടുംബചരിത്രം തയ്യാറാക്കി സ്വന്തം ചെലവിൽ അച്ചടിച്ച് കുടുംബാംഗങ്ങൾക്ക് നൽകുകയും ചെയ്തു. പലരെയും സാമ്പത്തികമായി അദ്ദേഹം സഹായിച്ചിരുന്നു. വർക്കി 83-ാം വയസ്സിൽ നിര്യാതനായി. മരണശേഷം വർക്കിയെയും ഭാര്യ സാറാമ്മയെയും തലപ്പാടി മാർത്തോമ്മാ ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

മൂത്തമകൾ ആനിയമ്മയെ വടവാതൂർ ബഥേലിൽ മത്തായിച്ചന്റെ മകൻ രാജൻ 11-05-1966-ൽ വിവാഹം ചെയ്തു. കുവൈത്തിലും, അമേരിക്കയിലും ജോലി ചെയ്തിരുന്ന ഇവർ ഇപ്പോൾ നാട്ടിൽ വിശ്രമജീവിതം നയിക്കുന്നു. രണ്ടാമത്തെ മകൾ മോളിക്കുട്ടിയെ കുറിയന്നൂർ തോമസിന്റെ മകൻ ജേക്കബ് 17-06-1966-ൽ വിവാഹം ചെയ്തു. ഭിലായിയിൽ എഞ്ചിനീയറായിരുന്ന ജേക്കബും ഭാര്യയും ഇപ്പോൾ തലപ്പാടിയിൽ താമസിക്കുന്നു. മൂന്നാമത്തെ മകൾ ഗ്രേസിക്കുട്ടിയെ കൂത്താട്ടുകുളം പുതുവേലിൽ മാത്യുവിന്റെ മകൻ ജോൺ 09-05-1972-ൽ വിവാഹം ചെയ്തു. ഇരുവരും കുവൈത്തിൽ ജോലി ചെയ്തിരുന്നു. ഇളയമകൾ സൂസമ്മയെ അയിരൂർ വലിയ വീട്ടിൽ മാത്യുവിന്റെ മകൻ റോയി വിവാഹം ചെയ്തു. ഇരുവരും കുവൈത്തിലായിരുന്നു.

## ഇഞ്ചക്കാട്ട് നെല്ലിമല വർക്കി മകൻ
## എബ്രാഹം ഇ. ജോർജ് (മോൻ)

വർക്കിയുടെ ഏകമകനാണ് എബ്രാഹം. MA ബിരുദത്തിനു ശേഷം കുറെക്കാലം കുവൈത്തിൽ ജോലി ചെയ്തു. പിന്നീട് പിതാവ് നടത്തിവന്നിരുന്ന മണർകാട് ഇഞ്ചക്കാട്ട് ഫൈനാൻസ് വിപുലമായി നടത്തിവരുന്നു. കോതമംഗലം കല്ലായിപ്പറമ്പിൽ കുറി

യാക്കോസിന്റെ മകൻ ജിനിയെ 23-12-1987-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു പെൺമക്കൾ. ടിനു, ടീനാ, ടാനിയാ. മൂത്ത മകൾ ടിനുവിനെ MBBSനുശേഷം പാമ്പാടി കടവുംഭാഗത്ത് മാത്തന്റെ മകൻ വിശാൽ വിവാഹം ചെയ്തു. എഞ്ചിനീയറായ വിശാൽ സൗദിഅറേബ്യയിൽ ബിസിനസ്സ് നടത്തുന്നു. രണ്ടാമത്തെ മകൾ ടീനാ എഞ്ചിനീയറിംഗ് ബിരുദധാരിയാണ്. കോട്ടയം കല്ലു പാലത്തിൽ ഡോ. ജോർജ് ജോണിന്റെ മകൻ റിഷ് 08-08-2014-ൽ വിവാഹം ചെയ്തു. ഇളയമകൾ ടാനിയ കൽക്കത്തയിൽ BComന് പാസായശേഷം സ്കോട്ടുലാന്റിൽ ഉപരിപഠനം നടത്തുന്നു.

**തെക്കേമഠത്തിൽ മാത്തൻ മകൻ ഐപ്പ്**

**(07-03-1888 - 01-10-1931)**

മാത്തന്റെ രണ്ടാമത്തെ മകനാണ് ഐപ്പ്. ബുദ്ധിമാനും, കർമ്മ കുശലനും ആയിരുന്നു ഐപ്പ്. കോട്ടയത്ത് മരച്ചീനി കച്ചവടത്തിൽ ഏർപ്പെട്ടു. കൊട്ടാരക്കര ചക്കുപുരയ്ക്കൽ റാഹേലമ്മയെ വിവാഹം ചെയ്തു. 1925-ൽ കാണക്കാലിൽ പുരയിടത്തിൽ താമസം ആരംഭിച്ചു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ഒരു മകളും, രണ്ട് ആൺമക്കളും. തങ്കമ്മയാണ് മകൾ. പാപ്പച്ചൻ, മത്തായി എന്നിവർ ആൺമക്കളും. ഭാര്യ റാഹേലമ്മ 16-07-1930-ൽ മരിച്ചു. ആറുമാസത്തിനുശേഷം ടൈഫോയ്ഡ് ബാധിച്ച് 43-ാം വയസ്സിൽ ഐപ്പും മരിച്ചു. ഐപ്പിന്റെ ഇളയമകൻ മത്തായിച്ചൻ 1939-ലും, പാപ്പച്ചൻ 1941-ലും ചെറുപ്രായത്തിൽ മരിച്ചു. ഏകമകൾ തങ്കമ്മയെ തിരുവഞ്ചൂർ പായിപ്പാറ കറിയാച്ചൻ 1935-ൽ വിവാഹം ചെയ്തു.

## IA-1c തെക്കേമഠത്തിൽ മാത്തൻ മകൻ മാത്തുള (കൊച്ചുകുട്ടൻ)

മാത്തന്റെ ഇളയമകനാണ് മാത്തുള. കൊച്ചുകുട്ടൻ എന്ന് വിളിക്കുന്നു. ശാന്തനും, സൽസ്വഭാവിയും, മിതഭാഷിയും ആയിരുന്നു. ഏഴാം ക്ലാസ് പാസ്സായ മാത്തുള തലപ്പാടി പ്രൈമറി സ്കൂളിൽ കുറേക്കാലം അധ്യാപകനായിരുന്നു. പിന്നീട് ജോലി ഉപേക്ഷിച്ച് കൃഷി കാര്യങ്ങൾ ചെയ്തുപോന്നു. 1925-ൽ ഇലന്തൂർ, കോട്ടൂരത്ത് ഏബ്രഹാമിന്റെ മകൻ റാഹേലമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. അഞ്ച് പെൺമക്കളും, രണ്ട് ആൺ മക്കളും. മറിയാമ്മ, കുഞ്ഞമ്മ, കൊച്ചുകൊച്ച്, പൊടിക്കൊച്ച്, അശ്വതി എന്നിവരാണ് പെൺമക്കൾ. ജോർജ്, ജോയി എന്നിവർ ആൺമക്കളും.

മൂത്തമകൾ മറിയാമ്മയെ മല്ലപ്പള്ളിയിൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ മകൾ കുഞ്ഞമ്മയെ തേവലക്കര ആനിനല്ലൂർ, മേലേ കിഴക്കേതിൽ പീലിപ്പോച്ചൻ വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ കൊച്ചുകൊച്ചിനെ വാകത്താനത്ത് വഴീപ്പറമ്പിൽ പുന്നച്ചൻ വിവാഹം ചെയ്തു. നാലാമത്തെ മകൾ പൊടിക്കൊച്ച് വിവാഹിതയാകും മുമ്പ് മഞ്ഞപ്പിത്തം മൂലം മരിച്ചു. ഇളയമകൾ അശ്വതി നഴ്സിംഗ് പാസ്സായി ജാംനഗറിൽ ജോലി ചെയ്യുന്നു. മിലിട്ടറി സർവ്വീസിലുള്ള വർഗീസാണ് ഭർത്താവ്. 26-05-1976-ൽ 72-ാം വയസ്സിൽ മാത്തുള നിര്യാതനായി. പുതുപ്പള്ളി ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-1c1 ഇഞ്ചക്കാട്ട് മാത്തുള മകൻ ജോർജുകുട്ടി

മാത്തുളയുടെ മൂത്തമകനാണ് ജോർജുകുട്ടി. ഗുജറാത്തിലെ ജാംനഗറിൽ റെയിൽവേ സൂപ്രണ്ടായി ജോലിയിൽ പ്രവേശിച്ചു. ജാംനഗറിൽ നഴ്സായിരുന്ന പുനലൂർ കൊടുവത്രയിൽ വർഗീസ് മകൾ ഗ്രേസിയെ പുതുപ്പള്ളി പുമ്മറ്റം സെന്റ് ആന്റണീസ് കത്തോലിക്കാ ദേവാലയത്തിൽ വച്ച് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ, ഗ്രീനി, ബിനി, എന്നീ പെൺമക്കളും, ജിനു എന്ന മകനും. മൂത്ത മകൻ ഗ്രീനിയെ കിഴക്കുപുറം പുലരിയത്ത് സാം കുട്ടി വിവാഹം ചെയ്തു.

## IA-1c1a ഇഞ്ചക്കാട്ട് ജോർജുകുട്ടി മകൻ ജിനു

ജോർജുകുട്ടിയുടെ ഏകമകനാണ് ജിനു. പത്തനംതിട്ട കിഴക്കുപുറം, തുണ്ടിയത്ത് മാത്യുവിന്റെ മകൾ ജനിയെ 28-12-2000-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൻ. ഷാരോൺ. വിദ്യാർത്ഥിയാണ്. ജിനു ജാംനഗറിൽ LIC ഡെവലപ്മെന്റ് ഓഫീസറാണ്. ഭാര്യ ജനി സ്കൂൾ ടീച്ചറും.

## IA-1c2 ഇഞ്ചക്കാട്ട് മാത്തുള മകൻ ജോയി (അബ്രാഹം)

മാത്തുളയുടെ ഇളയമകനാണ് ജോയി. 06-06-1946-ൽ ജനിച്ചു. SSLCയ്ക്കുശേഷം കൃഷികാര്യങ്ങളുമായി കഴിയുന്നു. മാതാപിതാക്കൾക്കൊപ്പം തറവാട്ടിൽ താമസമാക്കിയ ജോയി തന്റെ വീടും പുരയിടവും വിറ്റശേഷം കങ്ങഴ മുണ്ടന്താനത്ത് സ്ഥലം വാങ്ങി താമസം ആരംഭിച്ചു. കല്ലൂപ്പാറ പുത്തൻപറമ്പിൽ ഏബ്രഹാമിന്റെ മകൾ ഏലിയാമ്മയെ 20-08-1973-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോമോൻ എന്ന മകനും, റെനി എന്ന മകളും.

റെനിയെ നാരകത്താനിത്തടത്തിൽ കുഞ്ഞുമോൻ മകൻ അജി വിവാഹംചെയ്തു. അജി സ്വാകാര്യ സ്ഥാപനത്തിൽ മാനേജരാണ്.

## IA-1c2a ഇഞ്ചക്കാട്ട് ഏബ്രഹാം (ജോയി) മകൻ ജോമോൻ (ജനനം 03-07-1974)

ജോയിയുടെ ഏകമകനാണ് ജോമോൻ. പുതുപ്പള്ളി മഠത്തിൽ അനിയന്റെ മകൾ ലിനിയെ (18-7-2001) വിവാഹം ചെയ്തു. രണ്ടു പേരും ദുബായിൽ ജോലിചെയ്യുന്നു. ഇവരുടെ പുത്രൻ ജോയേൽ.

## IA-2 തെക്കേ ഇഞ്ചക്കാട്ട് മാത്തുള മകൻ പുത്തൻമഠത്തിൽ തോമസ്

മാത്തുളയുടെ രണ്ടാമത്തെ മകനാണ് തോമസ്. വെളുത്തു തടിച്ച ശരീരപ്രകൃതിയായിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം പുതുപ്പള്ളി കവലയിൽ അറയും നിരയുമുള്ള വീടു വച്ച് താമസമാക്കി. ഒപ്പം വീടിനോട് ചേർന്ന് ചാവടി പണിയിച്ച് പലച രക്ക് കച്ചവടം ആരംഭിച്ചു. നീതിപൂർവ്വമായി വ്യാപാരം നടത്തിയി രുന്ന തോമാച്ചൻ പൊതുജന സമ്മതൻ കൂടിയായിരുന്നു. യുയോ മയസഭയുടെ വടക്കേ ഡിവിഷൻ ബോധകരായിരുന്ന അദ്ദേഹം പാട്ടിലും, പ്രസംഗത്തിലും നേതൃത്വം നൽകി സഭയിൽ പ്രവർത്തിച്ചു. അഞ്ചേരിയിൽ യുയോമയ സഭയ്ക്കുവേണ്ടി ആസ്ഥാനം പണിക ഴിപ്പിക്കുവാൻ നേതൃത്വം നൽകി. കുറേക്കാലം അഞ്ചേരിയിൽ പല ചരക്കു കച്ചവടവും നടത്തി. പയ്യപ്പാടിയിൽ നാൽപ്പത് ഏക്കർ കര ഭൂമിയും, പതിനഞ്ച് ഏക്കർ നിലവും വാങ്ങിച്ചു.

പുതുപ്പള്ളി പട്ടമ്മാപറമ്പിൽ മറിയാമ്മയെ അദ്ദേഹത്തിന്റെ പതിനേഴാം വയസ്സിൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ആറ് മക്കൾ. നാല് ആൺമക്കളും, രണ്ട് പെൺമക്കളും. മത്തായി, വർഗീ സ്, തോമസ്, ജോൺ എന്നിവരാണ് ആൺമക്കൾ. അമ്മിണി, ഐരാ സലാ എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ അമ്മിണിയെ വെണ്ണികുളം ഊരിയേപ്പടിക്കൽ യോഹന്നാനും, ഇളയമകൾ ഐരാ സലായെ തോട്ടയ്ക്കാട്ട് കൈതളാവിൽ ചാക്കോച്ചന്റെ മകൻ മാത്തൻ ചാക്കോയും വിവാഹം ചെയ്തു. കൊല്ലവർഷം 1109 കുംഭം 28-ന് തോമാച്ചൻ മരിച്ചു. യുയോമയ സഭാക്രമപ്രകാരം സ്വന്തം പുരയിടത്തിൽ സംസ്കരിച്ചു. പന്ത്രണ്ട് വർഷങ്ങൾക്കുശേഷം ഭാര്യ മറിയാമ്മയും മരിച്ചു.

## IA-2a ഇഞ്ചക്കാട്ട് പുത്തൻമഠത്തിൽ തോമസ് മകൻ മത്തായി

തോമാച്ചന്റെ നാല് ആൺമക്കളിൽ മൂത്തമകനാണ് മത്തായി. കച്ചവടകാര്യങ്ങളിൽ പിതാവിനെ സഹായിച്ചുപോന്നു. 12-10-1899-ൽ കല്ലൂപ്പാറ കവുംങ്ങുംപ്രയാർ കണയത്ത് കോശിയുടെ മകൾ റാഹേലിനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. കോശി, ഉമ്മൻ എന്നിവരാണ് ആൺമക്കൾ. മറിയക്കുട്ടി മകളും. പതിനൊന്നാം വയസ്സിൽ മറിയക്കുട്ടി മരിച്ചു.

വിവാഹശേഷം മത്തായി പുത്തൻമഠത്തിൽ നിന്ന് കിഴക്കേമഠത്തിലേക്ക് താമസം മാറ്റി. 1937-ൽ യുയോമയ സഭവിട്ട് യാക്കോബായ സഭയിൽ ചേർന്നു. 1948-ൽ ഭാര്യ റാഹേലമ്മ മരിച്ചു. ഓർത്തഡോക്സ് വിഭാഗത്തിന്റെ എതിർപ്പുമൂലം ഹൈക്കോടതി ഉത്തരവ് വാങ്ങി പുതുപ്പള്ളി ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. 16-12-1952-ൽ മത്തായിയും മരിച്ചു.

## IA-2a1 ഇഞ്ചക്കാട്ട് കിഴക്കേമഠത്തിൽ മത്തായി മകൻ (ഓദമൻ) തോമസ് (16-01-1913 - 18-03-1999)

മത്തായിയുടെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് തോമസ്. കച്ചവടകാര്യങ്ങളിൽ പിതാവിനെ സഹായിച്ചുപോന്നു. 15-06-1932-ൽ കായംകുളം പേരാത്ത് ചെറിയാൻ ഏബ്രഹാമിന്റെ പുത്രി തങ്കമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്നു പെൺമക്കളും ഒരു മകനും. ഗ്രേസിക്കുട്ടി, കുഞ്ഞമ്മ, ലില്ലിക്കുട്ടി എന്നിവരാണ് പെൺമക്കൾ. തോമസ് മാത്യു (ബേബിച്ചൻ) ഏകമകനും. മൂത്തമകൾ ഗ്രേസിക്കുട്ടിയെ മല്ലപ്പള്ളി കാവുങ്കൽ ആൻഡ്രൂസിന്റെ മകൻ റവ.ഫാ. എം.എ. തോമസും, രണ്ടാമത്തെ മകൾ കുഞ്ഞമ്മയെ നാലുന്നാക്കൽ, വയലാറ്റ് കുര്യന്റെ മകൻ ജോണിയും, ഇളയമകൾ ലില്ലിക്കുട്ടിയെ കുമളി പുത്തൻപുരയ്ക്കൽ തോമസിന്റെ മകൻ കുഞ്ഞുമോനും വിവാഹം ചെയ്തു. മരണശേഷം ഓദമനേയും, ഭാര്യ തങ്കമ്മയെയും പുതുപ്പള്ളി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## 2a-1a ഇഞ്ചക്കാട്ട് കിഴക്കേമഠത്തിൽ തോമസ് മകൻ തോമസ് മാത്യു (ബേബിച്ചൻ)

തോമസിന്റെ ഏകമകനാണ് ബേബിച്ചൻ. BA ബിരുദത്തിനുശേഷം FCI- യിൽ ഉദ്യോഗസ്ഥനായിരുന്നു. കുമരകം പൈലി

ത്താനത്ത് ചെറിയാൻ വർക്കിയുടെ മകൾ അധ്യാപികയായ ശാന്ത മ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. മോൻസി എന്ന മകനും, മൃദുല എന്ന മകളും. അധ്യാപികയായ മൃദുലയെ മൂവാറ്റുപുഴ, മാറാടി കോട്ടേക്കുടി പ്രൊ. പൗലൂസിന്റെ മകൻ ഡോ. ബ്രിജേഷ് പോൾ വിവാഹം ചെയ്തു. ബ്രിജേഷ് പോൾ കോതമംഗലം എഞ്ചിനീയറിംഗ് കോളജിൽ പ്രൊഫസറാണ്.

ഇഞ്ചക്കാട്ട് കുടുംബയോഗത്തിന്റെ ആദ്യകാല ജോയിന്റ് സെക്രട്ടറിയായിരുന്ന ബേബിച്ചൻ കുടുംബയോഗത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സജീവനേതൃത്വം നൽകി. യാക്കോബായ സഭ യുടെ ഊർജ്ജസ്വല പ്രവർത്തകനായിരുന്ന ഇദ്ദേഹം പുതുപ്പള്ളി പാത്രിയാർക്കാസെന്ററിന്റെ നിർമ്മാണത്തിൽ സജീവപ്രവർത്തക നായിരുന്നു. 4-4-1993-ൽ അകാലത്തിൽ ചരമമടഞ്ഞ ബേബിച്ചന്റെ മൃതശരീരം പുതുപ്പള്ളി വലിയപള്ളി സെമിത്തേരിയിലെ കുടും ബക്കല്ലറയിൽ സംസ്കരിച്ചു.

## 2a-1a.1 ഇഞ്ചക്കാട്ട് കിഴക്കേമഠത്തിൽ ബേബിച്ചൻ മകൻ മോൻസി മാത്യു

ബേബിച്ചന്റെ ഏകമകനാണ് മോൻസി. BCom, MBA ബിരുദ ത്തിനുശേഷം FCI- യിൽ ജോലിചെയ്യുന്നു. വടവുകോട്ട് ചന്ദനത്തിൽ ഷെവലിയാർ മോൻസി വാവച്ചന്റെ മകൾ മേഘയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൻ. എഡ്വിൻ മാത്യു.

## Ia-2a.2 ഇഞ്ചക്കാട്ട് തെക്കേമഠത്തിൽ മത്തായി മകൻ ഉമ്മൻ മത്തായി (ഓമലം)

മത്തായിയുടെ ഇളയമകനാണ് ഉമ്മൻ. 1090 കുംഭം 20ന് ജനിച്ചു. മികച്ച കർഷകനായിരുന്ന ഓമലം സഹോദരൻ തോമസിനോടൊപ്പം വ്യാപാരത്തിൽ പിതാവിനെ സഹായിച്ചു. വാകത്താനം മാവിലശ്ശേരി കോരയുടെ മകൾ പെണ്ണമ്മയെ 28-08-1937-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. തങ്കമ്മ, അക്കാമ്മ, കുട്ടിയമ്മ എന്നീ മൂന്നു പെൺമക്കളും രാജുക്കുട്ടി (മാത്യു) എന്ന മകനും. കൊല്ല വർഷം 1122-ൽ ഉമ്മനും കുടുംബവും പയ്യപ്പാടിയിലേക്ക് താമസം മാറ്റി. രണ്ടാമത്തെ മകൾ അക്കാമ്മയെ മീനടം കരുനാട്ട് അബ്രാഹ ത്തിന്റെ മകൻ മോനും, കുട്ടിയമ്മയെ പരിയാരം തൂമ്പുങ്കൽ വർഗീ സിന്റെ മകൻ സണ്ണിയും വിവാഹം ചെയ്തു. ഓമലം 09-06-1966ലും ഭാര്യ പെണ്ണമ്മ 07-03-1991-ലും മരിച്ചു.

## 2a.2a ഇഞ്ചക്കാട്ട് തെക്കേമഠത്തിൽ മാത്യു ഉമ്മൻ മകൻ രാജുക്കുട്ടി (17-04-1949 - 07-07-2014)

മാത്യു ഉമ്മന്റെ ഏകമകനാണ് രാജുക്കുട്ടി. മികച്ചകർഷകനും കഠിനാധ്വാനിയുമായിരുന്നു. 19-08-1974-ൽ തലവടി ചീരംകുന്നേൽ തോമസിന്റെ മകൾ കുഞ്ഞമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതി കൾക്ക് രണ്ട് പെൺമക്കളും ഒരു മകനുമടക്കം മൂന്നുമക്കൾ. റിനി, ലാനാ എന്നിവരാണ് പെൺമക്കൾ. കരുൺ മകനും. മൂത്തമകൾ റിനിയെ മല്ലപ്പള്ളി വായ്പൂർ തോട്ടുമണ്ണിൽ കുര്യൻ മകൻ മനോജ് 28-08-2003-ൽ വിവാഹം ചെയ്തു. ഇവർ കുടുംബസമേതം സൗദി യിലാണ്. 07-07-2014-ൽ രാജുക്കുട്ടി കർത്താവിൽ നിദ്രപ്രാപിച്ചു. ആറാട്ടുചിറ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി സെമിത്തേ രിയിൽ സംസ്കരിച്ചു.

## 2a-2a.1 ഇഞ്ചക്കാട്ട് തെക്കേമഠത്തിൽ രാജുക്കുട്ടി മകൻ കരുൺ

രാജുക്കുട്ടിയുടെ ഏകമകനാണ് കരുൺ. BCom ബിരുദധാരി യായ കരുൺ ദുബായിൽ ജോലിചെയ്യുന്നു. 11-04-2016-ൽ അമയ ന്നൂർ ലേരിയിൽ ഐപ്പിന്റെ മകൾ സൗമ്യയെ വിവാഹം ചെയ്തു. സൗമ്യ സൗദിയിൽ സ്റ്റാഫ് നഴ്സാണ്. മകൻ ഓസ്റ്റിൻ.

## IA-2c ഇഞ്ചക്കാട്ട് തെക്കമഠത്തിൽ തോമസ് മകൻ വർഗീസ് (വറുഗീച്ചൻ)

മാത്തുള തോമസിന്റെ രണ്ടാമത്തെ മകനാണ് വർഗീസ്. 16-08 -1885-ൽ ജനിച്ചു. പതിനേഴാം വയസിൽ തോട്ടയ്ക്കാട്ട് കൊടുവേ ലിൽ കിഴക്കേക്കര മാണിയുടെ മകൾ ആച്ചിയമ്മയെ വിവാഹം ചെയ്തു. വിവാഹശേഷം വറുഗീച്ചനും കുടുംബവും പയ്യപ്പാടിയിൽ വീട്വച്ച് താമസം തുടങ്ങി. അഞ്ചുവർഷം പയ്യപ്പാടി കവലയിൽ പലചരക്കു കച്ചവടം നടത്തി. മികച്ച കർഷകനും, കഠിനാധ്വാനിയു മായിരുന്ന വറുഗീച്ചൻ കൃഷിയോടുള്ള താൽപ്പര്യം മൂലം പലച രക്കു കച്ചവടം നിർത്തി പൂർണ്ണമായും കൃഷിയിൽ ഏർപ്പെട്ടു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളും രണ്ട് പെൺമക്കളും. വർക്കിച്ചൻ, യോഹന്നാൻകുട്ടി എന്നിവരാണ് ആൺമക്കൾ. കുഞ്ഞമ്മ, കുട്ടിയമ്മ എന്നീ രണ്ട് പെൺമക്കളും. മൂത്ത മകൾ കുഞ്ഞമ്മയെ പുതുപ്പള്ളി, തോണിപ്പുരയ്ക്കൽ റ്റി.സി. കുരുവിള (Rtd Teacher Govt HSS Thottackad)യും, ഇളയമകൾ കുട്ടിയമ്മയെ തിരുവഞ്ചൂർ വേങ്കടത്ത് അലക്സാണ്ടറുടെ മകൻ അന്ത്രയോച്ചനും വിവാഹം ചെയ്തു.

## IA-2c.1 ഇഞ്ചക്കാട്ട് വർഗീസ് മകൻ വർക്കിയച്ചൻ

വർഗീസിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് വർക്കിയച്ചൻ. 31-03-1913-ൽ ജനിച്ചു. ഏലന്തൂർ, താഴയിൽ ജോണിന്റെ മകൾ മറിയാമ്മയെ 12-06-1932-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. കുഞ്ഞുകുട്ടി, എന്ന മകനും മോളി എന്ന മകളും. ഏക മകൾ മോളിയെ പയ്യപ്പാടി തുരുത്തുവേലിൽ അബ്രാഹമിന്റെ മകൻ തമ്പി വിവാഹം ചെയ്തു.

## IA-2c.1a. ഇഞ്ചക്കാട്ട് വർക്കിയച്ചൻ മകൻ കുഞ്ഞുകുട്ടി

വർക്കിയച്ചന്റെ ഏകമകനാണ് കുഞ്ഞുകുട്ടി. വാകത്താനം തുഞ്ചത്ത് ഏബ്രഹാമിന്റെ മകൻ പൊന്നമ്മയെ വിവാഹം ചെയ്തു. കർഷകനാണ്. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഒരു മകനും രണ്ട് പെൺമക്കളും. ഷാജിയാണ് ഏകമകൻ. ഷൈനി, ഷിനു എന്നിവർ പെൺമക്കളും. മൂത്തമകൾ ഷൈനിയെ പത്താമുട്ടം, കാര്യകുളത്ത് രാജുവിന്റെ മകൻ സുനിൽ 27-12-1998ൽ വിവാഹം ചെയ്തു. ഇളയ മകൾ ഷിനുവിനെ നെടുമാവ്, പേരമറ്റത്ത് രാജുവിന്റെ മകൻ ഡിജോ 28-10-2002-ൽ വിവാഹം ചെയ്തു.

## 2c.1a.1 ഇഞ്ചക്കാട്ട് കുഞ്ഞുകുട്ടി മകൻ ഷാജി

കുഞ്ഞുകുട്ടിയുടെ ഏകമകനാണ് ഷാജി. മാടപ്പള്ളി കാപ്പിയിൽ വീട്ടിൽ വർഗീസ് മകൾ ബിന്ദുവിനെ 04-02-2010-ൽ വിവാഹംചെയ്തു. ഇരുവരും കുവൈത്തിൽ ജോലിചെയ്യുന്നു. മക്കൾ ഗിൽഡ, ജെറിൻ.

## IA-2c.2 ഇഞ്ചക്കാട്ട് വർഗീസ് മകൻ യോഹന്നാൻകുട്ടി (10-05-1916 - 06-05-1956)

തോമസ് വർഗീസിന്റെ രണ്ടാമത്തെ മകനാണ് യോഹന്നാൻ കുട്ടി. മികച്ച കർഷകനും, നാടൻ പന്ത് കളിക്കാരനുമായിരുന്നു. ഇഞ്ചക്കാട്ട് കുടുംബത്തിലെ എല്ലാ പ്രശ്നങ്ങളിലും ഓടിയെത്തുകയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്തിരുന്ന കുടുംബ പ്രമാണിയായിരുന്നു യോഹന്നാൻ കുട്ടി. വാകത്താനം മൂലയിൽ കോരുള വർഗീസിന്റെ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്നു ആൺമക്കൾ. പാപ്പച്ചൻ, അച്ചൻകുഞ്ഞ്, ബേബിച്ചൻ. ഭാര്യ ഏലിയാമ്മ 19-5-2011-ൽ നിര്യാതയായി. വെള്ളുക്കുട്ട സെന്റ് തോമസ് ഓർത്തഡോക്സ് പളളി സെമിത്തേരിയിൽ അടക്കം ചെയ്തു.

## 2c.2a ഇഞ്ചക്കാട്ട് യോഹന്നാൻ കുട്ടി മകൻ എൻ.ജെ. ആൻഡ്രൂസ് (പാപ്പച്ചൻ)

യോഹന്നാൻ കുട്ടിയുടെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് പാപ്പച്ചൻ. ചെന്നൈ MRF-ൽ ഉദ്യോഗസ്ഥനായിരുന്നു. ചെന്നൈയിലാണ് താമസം. എരുമേലി കനകപ്പാലം റവ.ഫാ. കെ.വി. തോമസിന്റെ മകൾ ലീലാമ്മയെ വിവാഹം ചെയ്തു. ലീലാമ്മ ചെന്നൈയിൽ ടെലഫോൺസിൽ ഉദ്യോഗസ്ഥയായിരുന്നു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രേഖ, റീന എന്നീ രണ്ട് പെൺമക്കളും ജോൺ എന്ന മകനും. മൂത്തമകൾ രേഖയെ നീരേറ്റുപുറം, അടങ്ങപ്പുറത്ത് ഈപ്പൻ മകൻ ബഹനാൻ 10-09-1995-ൽ വിവാഹം ചെയ്തു. രേഖ തിരുവനന്തപുരം ഓൾ ഇന്ത്യാ റോഡിയോയിലും, ബഹന്നാൻ Synergy Project consullaing Director ആയും ജോലിചെയ്യുന്നു. ഇളയമകൾ റീനയെ നിരണം, ഇലഞ്ഞിക്കൽ പ്രൊഫ. ജേക്കബിന്റെ മകൻ ഡോ. ജേക്കബ് ഈപ്പൻ 21-12-1999-ൽ വിവാഹം ചെയ്തു. ഇരുവരും അമേരിക്കയിലെ നോർത്ത് കരോലിനയിൽ ജോലിചെയ്യുന്നു.

## 2c-2a1 ഇഞ്ചക്കാട്ട് പാപ്പച്ചൻ മകൻ ജോൺ (ജനനം 3-1-1979)

പാപ്പച്ചന്റെ ഏക മകനാണ് ജോൺ. ചെന്നൈ TCSൽ എഞ്ചിനീയറാണ്. അഞ്ചൻ തടത്തിൽ യാക്കോബിന്റെ മകൾ സോണിയയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൻ - നീൽ ആൻഡ്രൂ ജോൺ.

## 2c-2b ഇഞ്ചക്കാട്ട് യോഹന്നാൻ കുട്ടി മകൻ അച്ചൻകുഞ്ഞ് (എൻ. ജെ. വറുഗീസ്)

യോഹന്നാൻ കുട്ടിയുടെ രണ്ടാമത്തെ മകനാണ് അച്ചൻകുഞ്ഞ്. മികച്ച കർഷകനും കഠിനാദ്ധ്വാനിയുമായിരുന്നു. തോട്ടയ്ക്കാട് കൊടുവേലിൽ കൊച്ചുകൊച്ചിന്റെ മകൾ അമ്മിണിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് പെൺമക്കൾ. സുജ, സുനു, രേണു, സോണിയ. മൂത്തമകൾ സുജയെ മീനടം ആലയ്ക്കപ്പറമ്പിൽ അബ്രാഹമിന്റെ മകൻ സജി 08-02-1993-ൽ വിവാഹം ചെയ്തു. ഇരുവരും സൗദിയിലാണ്. രണ്ടാമത്തെ മകൾ സുനുവിനെ കൊല്ലാട് വാക്കപ്പറമ്പിൽ ജോയി മകൻ ജേക്കബ് തോമസ് 10-02-1996-ൽ വിവാഹം ചെയ്തു. ജേക്കബ് തോമസ് വടവാതൂർ MRF -ൽ ഉദ്യോഗസ്ഥനാണ്. സുനു അദ്ധ്യാപികയും. മൂന്നാമത്തെ മകൾ രേണുവിനെ ആർപ്പൂക്കര ചെട്ടിശ്ശേരിൽ തമ്പിയുടെ മകൻ അബ്രാഹം (ലാലു)

23-01-1997-ൽ വിവാഹം ചെയ്തു. ഇരുവരും ആസ്ട്രേലിയയിലാണ്. ഇളയ മകൾ സോണിയായെ മണർകാട് പോത്താനിക്കൽ ചാക്കോയുടെ മകൻ വറുഗീസ് (മോൻസി) 17-01-1997-ൽ വിവാഹം ചെയ്തു. മോൻസി വടവാതൂർ MRF - ൽ ഉദ്യോഗസ്ഥനാണ്. 29-04-2008-ൽ അച്ചൻകുഞ്ഞ് മരണമടഞ്ഞു.

## 2c-2c ഇഞ്ചക്കാട്ട് യോഹന്നാൻ കുട്ടി മകൻ എൻ. ജെ. മാത്യു (ബേബിച്ചൻ)

യോഹന്നാൻ കുട്ടിയുടെ ഇളയ മകനാണ് ബേബിച്ചൻ. എയർഫോഴ്സിൽ നിന്നും വിരമിച്ചശേഷം പയ്യപ്പാടിയിൽ റബ്ബർ വ്യാപാരം നടത്തി. മാങ്ങാനം, കിണറ്റുംമൂട്ടിൽ ഇട്ടി ഐപ്പിന്റെ മകൾ കുഞ്ഞുമോളെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. പ്രീതി എന്ന മകളും ലിറ്റു, മോൻ എന്നീ ആൺമക്കളും. ഏക മകൾ പ്രീതിയെ പത്തനംതിട്ട, തലച്ചിറ ചൂരക്കുളത്ത് ചാണ്ടിയുടെ മകൻ ബിനു 23 08-2002-ൽ വിവാഹം ചെയ്തു. ഇരുവരും സൗദിയിൽ ജോലിചെയ്യുന്നു. ബേബിച്ചന്റെ ഭാര്യ കുഞ്ഞുമോൾ 06-04-2016-ൽ നിര്യാതയായി.

## 2c-2c1 ഇഞ്ചക്കാട്ട് ബേബിച്ചൻ മകൻ ലിറ്റു

ബേബിച്ചന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ലിറ്റു. അങ്കമാലി ചുണ്ടനാലിൽ ജോസിന്റെ മകൾ ദിവ്യയെ 27-01-2008-ൽ വിവാഹം ചെയ്തു. ഇരുവരും അയർലണ്ടിൽ ജോലി ചെയ്യുന്നു.

## 2c-2c2 ഇഞ്ചക്കാട്ട് ബേബിച്ചൻ മകൻ മോൻ

ബേബിച്ചന്റെ ഇളയ മകനാണ് മോൻ. BTec ന് ശേഷം കാനഡായിൽ ഉപരിപഠനം നടത്തി. ഇപ്പോൾ അബൂദാബിയിൽ ജോലി ചെയ്യുന്നു.

## IA-2c ഇഞ്ചക്കാട്ട് പുത്തൻ മഠത്തിൽ മാത്തുള തോമസ് മകൻ തോമസ് തോമസ് (27-04-1887-1930)

മാത്തുള തോമസിന്റെ മൂന്നാമത്തെ മകനാണ് തോമസ് (കൊച്ചുകുട്ടി). 1903 മെയ് 24-ന് പതിനാറാം വയസ്സിൽ പരിയാരത്ത് വടുകപ്പറമ്പിൽ പുന്നൂസിന്റെ മകൾ മറിയാമ്മയെ 11-ാം വയസ്സിൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് പുത്തൻമഠത്തിലെ സ്വത്തിന്റെ അവകാശവും വടുകപ്പറമ്പ് ഭവനവും സ്വത്തും അവകാ

ശമായി ലഭിച്ചു. ഇവർക്ക് നാല് ആൺമക്കൾ. പുന്നൂസ്, ഇസ്രായേൽ, തോമസ്, ശാമുവേൽ എന്നിവരാണ് മക്കൾ.

### -2c-1 ഇഞ്ചക്കാട്ട് തോമസ് (കൊച്ചുകുട്ടി) മകൻ പുന്നൂസ് (21-11-1909 - 2-10-1971)

കൊച്ചുകുട്ടിയുടെ നാല് ആൺമക്കളിൽ മൂത്തമകനാണ് പുന്നൂസ്. മികച്ച കർഷകനും കഠിനാദ്ധ്വാനിയുമായിരുന്ന പുന്നൂസ് സ്നേഹസമ്പന്നനും നല്ല സഹകാരിയുമായിരുന്നു. കുമ്പനാട് ചിറ്റഴികത്ത് യോഹന്നാന്റെ പുത്രി അയാമിനയെ 02-05-1929-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. ലീലാമ്മ, ശോശാമ്മ. മൂത്തമകൾ ലീലാമ്മയെ കായംകുളം എലമ്പടത്ത് മഠത്തിൽ കുട്ടപ്പൻ വിവാഹം ചെയ്തു. ഇളയമകൻ ശോശാമ്മയെ ചെന്നിത്തല കൊല്ലശ്ശേരിൽ ചാക്കോയുടെ മകൻ കോശി വിവാഹം ചെയ്തു.

### -2c-21 ഇഞ്ചക്കാട്ട് തോമസ് (കൊച്ചുകുട്ടി) മകൻ ഇസ്രായേൽ (കുട്ടച്ചൻ) (1925-2000)

കൊച്ചുകുട്ടിയുടെ രണ്ടാമത്തെ മകനാണ് കുട്ടച്ചൻ 03-01-1925-ൽ ജനിച്ചു. ചെറുപ്പം മുതലേ കച്ചവടത്തിലും വ്യവസായത്തിലും തല്പരനായിരുന്നു. സുവിശേഷപരമായ കാര്യങ്ങളിൽ പ്രത്യേക താല്പര്യം ഇദ്ദേഹത്തിനുണ്ടായിരുന്നു. ചെന്നിത്തല കൊല്ലശ്ശേരിൽ യോഹന്നാന്റെ മകൾ അമ്മിണിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. നാല് പെൺമക്കളും ഒരു മകനും. കുഞ്ഞമ്മ, ആലിക്കുട്ടി, പെണ്ണമ്മ, വത്സമ്മ എന്നിവരാണ് പെൺമക്കൾ. ബേബിച്ചൻ മകനും. മൂത്തമകൾ കുഞ്ഞമ്മയെ കൊട്ടാരക്കര തോണ്ടലിൽ ശാമുവേൽക്കുട്ടിയും രണ്ടാമത്തെ മകൾ ആലിക്കുട്ടിയെ കൊട്ടാരക്കര ചേപ്പലംകോട് ദേവദാസൻ ബോധകരുടെ മകൻ തോമാച്ചനും മൂന്നാമത്തെ മകൾ പെണ്ണമ്മയെ ഇലന്തൂർ താഴയിൽ ഓദമന്റെ മകൻ എബിയും വിവാഹം ചെയ്തു. എബി എയർഫോഴ്സിൽ ഉദ്യോഗസ്ഥനായിരുന്നു. ഇളയമകൾ വത്സമ്മയെ മല്ലപ്പള്ളി തുരുത്തിക്കാട്ട് താന്നിക്കൽ സ്കറിയാ മകൻ ജോൺ വിവാഹം ചെയ്തു.

### -2c-2a ഇഞ്ചക്കാട്ട് ഇസ്രായേൽ മകൻ വി. ഇ. തോമസ് (ബേബിച്ചൻ) (ജനനം 16-01-1951)

ഇസ്രായേലിന്റെ ഏകമകനാണ് ബേബിച്ചൻ. നാട്ടകം സിമിന്റ് ഫാക്ടറി ഫൈനാൻസ് മാനേജരായിരിക്കേ സർവ്വീസിൽ നിന്നും

വിരമിച്ചു. നെടുമ്പുറത്ത് ളാത്ര ജോയിയുടെ മകൾ ലില്ലിക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. റ്റോം എന്ന മകനും റ്റിന്റു എന്ന മകളും. മകൾ റ്റിന്റുവിനെ കൊട്ടാരക്കര ചേപ്പ ലംകോട്ട് പുത്തൻമഠം തോമസിന്റെ മകൻ സജീവ് വിവാഹം ചെയ്തു. സജീവ് ഷാർജയിൽ എഞ്ചിനീയറാണ്. ഇവർക്ക് ഒരു മകൾ സൈറ.

## 2c-2a1 ഇഞ്ചക്കാട്ട് വി.ഇ. തോമസ് (ബേബിച്ചൻ) മകൻ റ്റോം

ബേബിച്ചന്റെ ഏകമകനാണ് റ്റോം. ബാംഗ്ലൂരിൽ MBA വിദ്യാർത്ഥിയായിരുന്ന റ്റോം ബാംഗ്ലൂരിൽനിന്നും വരുന്നവഴി 11-04-2008-ൽ ട്രയിൻ അപകടത്തിൽ മരിച്ചു.

## 2c-3 ഇഞ്ചക്കാട്ട് തോമസ് മകൻ തോമസ് വി.റ്റി. (കുഞ്ഞുകുഞ്ഞ്) (1927-2006)

കൊച്ചുകുട്ടിയുടെ മൂന്നാമത്തെ മകനാണ് കുഞ്ഞുകുഞ്ഞ് എന്ന് വിളിക്കുന്ന വി.റ്റി. തോമസ്. തടിയൂർ കടയാറ്റ് പുത്തൻവീട്ടിൽ ജേക്കബ് വൈദ്യന്റെ മകൾ മണിയെ വിവാഹം ചെയ്തു. ഇരുവരും തോട്ടയ്ക്കാട് സെന്റ്തോമസ് ഹൈസ്കൂളിൽ അദ്ധ്യാപകരായിരുന്നു. 1983-ൽ വി.റ്റി.തോമസ് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് ആൺമക്കളും ഒരു മകളും. അച്ചൻകുഞ്ഞ്, കൊച്ചുമോൻ എന്നിവരാണ് ആൺമക്കൾ. ലത മകളും. കൈതളാവിൽ കുട്ടായിയുടെ മകൻ രാജു ലതയെ വിവാഹം ചെയ്തു.

## 2c-3a ഇഞ്ചക്കാട്ട് തോമസ് വി.റ്റി. മകൻ തോമസ് വി. തോമസ് (അച്ചൻ കുഞ്ഞ്)

വി.റ്റി. തോമസിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ഫാർമസിയിൽ ഡോക്ടറേറ്റുള്ള അച്ചൻകുഞ്ഞ്. കൊട്ടാരക്കര ആയൂർ, പുത്തൻവീട്ടിൽ കുരുവിളയുടെ മകൾ ആലീസിനെ വിവാഹം ചെയ്തു. അമേരിക്കയിലെ ഹൂസ്റ്റണിൽ ഇരുവരും ജോലിചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. പാൻസി എന്ന മകളും പ്രകാശ് എന്ന മകനും.

## 2c-3b ഇഞ്ചക്കാട്ട് തോമസ് വി.റ്റി. മകൻ ജേക്കബ് വി. തോമസ് (കൊച്ചുമോൻ)

വി.റ്റി. തോമസിന്റെ രണ്ടാമത്തെ മകനാണ് ബിസിനസ് രംഗത്തുള്ള ജേക്കബ്. 20-05-1969-ൽ ജനിച്ചു. MBA ബിരുദധാരിയാണ്.

തലവടി ളാത്ര വൈപ്പനയിൽ തോമസിന്റെ മകൾ ബീനയെ വിവാഹം ചെയ്തു. ബീന ചെന്നൈ ബിർളായിൽ സോഫ്റ്റ്വെയർ എഞ്ചിനീയറാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ എമിലാ എന്ന മകളും എബിൻ എന്ന മകനും. ഇരുവരും വിദ്യാർത്ഥികൾ.

## 2-C-4 ഇഞ്ചക്കാട്ട് തോമസ് തോമസ് മകൻ വി.റ്റി. ശാമുവേൽ (ഉണ്ണി)

തോമസ് തോമസിന്റെ ഇളയ പുത്രനാണ് 18-08-1929-ൽ ജനിച്ച ശാമുവേൽ. കോഴഞ്ചേരി മലയിൽ മത്തായിച്ചന്റെ മകൾ സാവിത്രിയെ വിവാഹം ചെയ്തു. തോട്ടയ്ക്കാട് ഗവ. ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന ശാമുവേൽ 1985-ൽ സർവ്വീസിൽനിന്നും വിരമിച്ചു. കേരളാ ഹോംഗാർഡിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ സാവിത്രി അമേരിക്കയിൽ ഉദ്യോഗസ്ഥയായിരുന്നു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. സാജൻ, സാബു എന്നീ ആൺമക്കളും സുജ എന്ന മകളും, സുജയെ ആഞ്ഞിലിത്താനം കോലത്തുപുത്തൻ വീട്ടിൽ ജോർജ് വർഗീസിന്റെ മകൻ പ്രസാദ് 25-05-1999-ൽ വിവാഹം ചെയ്തു. ശാമുവേൽ യുയോമയ സഭ വിട്ട് കുടുംബസമേതം പെന്തക്കോസ്തു വിശ്വാസം സ്വീകരിച്ചു.

## 2C-4a ഇഞ്ചക്കാട്ട് വി.റ്റി. ശാമുവേൽ മകൻ തോമസ് സാമുവേൽ (സാജൻ)

ശാമുവേലിന്റെ മൂത്ത മകനാണ് സാജൻ. 30-07-1963-ൽ ജനിച്ചു. MBBS-നുശേഷം അമേരിക്കയിലെ ഫ്ളോറിഡയിൽ ഉപരിപഠനത്തിനുശേഷം അവിടെത്തന്നെ പ്രാക്ടീസ് ചെയ്യുന്നു.

## 2C-4b ഇഞ്ചക്കാട്ട് വി.റ്റി. ശാമുവേൽ മകൻ സാബു

ശാമുവേലിന്റെ ഇളയ മകനാണ് സാബു. സാബു അമേരിക്കയിൽ ജോലിയിലിരിക്കേ 32-ാം വയസ്സിൽ അപകടത്തിൽ മരണമടഞ്ഞു.

## IA-2d ഇഞ്ചക്കാട്ട് മാത്തുള തോമസ് മകൻ തോമസ് ജോൺ (കുഞ്ഞച്ചൻ) (12-05-1905 - 26-05-1970)

മാത്തുള തോമസിന്റെ ഇളയമകനാണ് തോമസ് ജോൺ. 24-ാം വയസ്സിൽ പരിയാരം കൈതളാവിൽ ചാക്കോച്ചന്റെ മകൾ മറിയാമ്മ (കുട്ടിയമ്മ)യെ 02-05-1929-ൽ വിവാഹം ചെയ്തു. പിതാവിനോ

ടൊപ്പം പലചരക്കുകച്ചവടത്തിൽ പങ്കാളിയായിരുന്ന ജോൺ പിന്നീട് കാർഷികവൃത്തിയിൽ ഏർപ്പെട്ടു. ഇദ്ദേഹം തികഞ്ഞ സഭാഭക്ത നായിരുന്നു. പുതുപ്പള്ളി വലിയപള്ളിയോട് ചേർന്നുള്ള ചെറിയ പള്ളി യാക്കോബായക്കാർക്ക് അനുവദിച്ചുകിട്ടിയതിന്റെ പിറകിൽ ഇദ്ദേഹത്തിന്റെ പങ്ക് അവിസ്മരണീയമാണ്. ഈ ദമ്പതികൾക്ക് നാല് മക്കൾ. ജെ. കോശി, ജെ. തോമസ്, ജേക്കബ് ജോൺ എന്നീ മൂന്ന് ആൺമക്കളും മേരിക്കുട്ടി എന്ന മകളും. മേരിക്കുട്ടിയെ (കുഞ്ഞമ്മ) പരിയാരം പ്ലാഞ്ചിറയിൽ പി.കെ. ഇട്ടി (ഉണ്ണി) വിവാഹം ചെയ്തു. ഇരുവരും ഭോപ്പാലിൽ ഹെവി ഇലട്രിക്കൽസിൽ ഉദ്യോഗസ്ഥരാ യിരുന്നു. ഇട്ടി നിര്യാതനായി. മേരിക്കുട്ടി മക്കളോടൊപ്പം ഡൽഹി യിൽ താമസിക്കുന്നു. 65-ാം വയസ്സിൽ തോമസ് ജോണും 1982ൽ മറിയാമ്മയും നിര്യാതരായി. ഇരുവരേയും പുതുപ്പള്ളി ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-2d-1 ഇഞ്ചക്കാട്ട് തോമസ് ജോൺ (കുഞ്ഞച്ചൻ) മകൻ ജോൺ കോശി (കുഞ്ഞൂഞ്ഞ്)

തോമസ് ജോണിന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് ജോൺ കോശി. 1960-ൽ പുതുപ്പള്ളിയിൽ നിന്നും പയ്യപ്പാടിയി ലേയ്ക്ക് താമസം മാറ്റി. അയർക്കുന്നം തൈപ്പറമ്പിൽ ചെറിയാന്റെ മകൾ ബേബിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും ഒരു മകളും. കോശി ജോൺ, ചെറിയാൻ, മാത്യുകോ ശി, സാജു കോശി എന്നിവരാണ് ആൺമക്കൾ. മോളമ്മ മകളും. മോളമ്മ പന്ത്രണ്ടാം വയസ്സിൽ മരിച്ചു. കുഞ്ഞൂഞ്ഞ് എന്ന് വിളി ക്കുന്ന ജോൺ കോശി 19-08-2016-ൽ 85-ാം വയസ്സിൽ നിര്യാത നായി. പുതുപ്പള്ളി സെന്റ് ജോർജ് യാക്കോബായ സുറിയാനിപ്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-2d-1a ഇഞ്ചക്കാട്ട് ജോൺ കോശി മകൻ കോശി ജോൺ

ജോൺ കോശിയുടെ നാല് ആൺമക്കളിൽ മൂത്തമകനാണ് കോശി ജോൺ. മുപ്പത് വർഷം വിദേശത്ത് ജോലി ചെയ്തശേഷം ഇപ്പോൾ നാട്ടിൽവന്ന് ബിസ്സിനസ്സ് നടത്തുന്നു. കോട്ടയം തിരുന ക്കര വഴിയമ്പലത്തിൽ V.I കോരയുടെ മകൾ അന്നമ്മയെ 14-06-1987-ൽ വിവാഹം ചെയ്തു. അന്നമ്മ ബാങ്ക് മാനേജരാണ്. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. മീനു, മീര. ഡോ. മീനു ഒക്യു പ്പേഷനൽ തെറാപ്പിസ്റ്റും മീര കോളജ് അദ്ധ്യാപികയുമാണ്. അടൂർ

പറക്കോട്ട് നെടിയകാലായിൽ എം. ജോർജിന്റെ മകൻ യു.എ.ഇ. ൽ എഞ്ചിനീയറായ അനൂപിനെ മകൾ മീനു 21-8-2017-ൽ വിവാഹം ചെയ്തു.

## 2d-1b ഇഞ്ചക്കാട്ട് ജോൺ കോശി മകൻ ചെറിയാൻ (അനിയാച്ചൻ)

ജോൺ കോശിയുടെ രണ്ടാമത്തെ മകനാണ് ചെറിയാൻ. പുതുപ്പള്ളിയിൽ ഇഞ്ചക്കാട്ട് ബേക്കറി എന്ന സ്ഥാപനം നടത്തുന്നു. തോട്ടയ്ക്കാട് മാലത്ത് ചെറിയാന്റെ മകൾ മിനിയെ 26-11-1991-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. അജയ്, അനൂപ്. അജയ് MBA യ്ക്കും അനൂപ് BHM നും പഠിക്കുന്നു.

## 2d-1c ഇഞ്ചക്കാട്ട് ജോൺ കോശി മകൻ മാത്യു കോശി (ബിജു)

ജോൺ കോശിയുടെ മൂന്നാമത്തെ മകനായ മാത്യു കോശി. ന്യൂയോർക്കിൽ ഗവ. സർവ്വീസിൽ ജോലി ചെയ്യുന്നു. മീനടം കോട്ടയിറമ്പിൽ ടി.വി. ചാക്കോയുടെ മകൾ ലിബിയെ 26-05-1996-ൽ വിവാഹം ചെയ്തു. ലിബി അമേരിക്കയിൽ സ്റ്റാഫ് നഴ്സാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജനി എന്ന മകളും ജഫ് എന്ന മകനും. ജനി അമേരിക്കയിൽ ഓഫ്ത്താൽമോളജിക്കു പഠിക്കുന്നു. ജഫ് ഹൈസ്കൂൾ വിദ്യാർത്ഥിയാണ്.

## 2d-1d ഇഞ്ചക്കാട്ട് ജോൺ കോശി മകൻ സാജു കോശി

ജോൺ കോശിയുടെ ഇളയ മകനാണ് സാജൂ. മസ്കറ്റിൽ ബിസിനിസ്സ് നടത്തുന്നു. പെരുമ്പാവൂർ പൂവത്തിങ്കൽ, തോമ്പ്രായിൽ ജോയി വർഗീസിന്റെ മകൾ സിമിയെ 22-04-2002-ൽ വിവാഹം ചെയ്തു. സിമി മസ്കറ്റിൽ സ്റ്റാഫ് നഴ്സാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. റോഷൻ എന്ന മകനും റോഷ്നാ എന്ന മകളും. ഇരുവരും മസ്കറ്റിൽ പഠിക്കുന്നു.

## IA-2d-2 ഇഞ്ചക്കാട്ട് തോമസ് ജോൺ മകൻ ജെ. തോമസ് (കുഞ്ഞ്)

തോമസ് ജോണിന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞ്. കൊല്ലവർഷം 1113 കുംഭം 13-ന് ജനിച്ചു. കർഷകനാണ്. തോട്ടയ്ക്കാട് കുഴിച്ചകണ്ടത്തിൽ കുറിയാക്കോസിന്റെ മകൾ അച്ചാമ്മയെ വിവാഹം ചെയ്തു. കൊച്ചുമറ്റം എൽ.പി.സ്കൂളിൽ ഹെഡ്മിസ്ട്രസ് ആയി

രിക്കെ സർവ്വീസിൽ നിന്നും വിരമിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ബീന എന്ന മകളും ബിനു എന്ന മകനും. പ്രവിത്താനം ചൊവ്വേലിക്കുടിയിൽ തോമാച്ചന്റെ മകൻ സിബിച്ചൻ ബീനയെ വിവാഹം ചെയ്തു. സിബിച്ചൻ റബ്ബർ വ്യാപാരം നടത്തുന്നു. BSc BEd കാരിയായ ബീനാ ഹൈസ്കൂൾ അദ്ധ്യാപികയാണ്. 1960-ൽ മലങ്കര കത്തോലിക്കാ സഭാവിശ്വാസം സ്വീകരിച്ച കുഞ്ഞ് പുതുപ്പള്ളി സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിന്റെ പ്രാരംഭ പ്രവർത്തകനും ആദ്യ ഇടവകക്കാരനും നിലവിൽ ദേവാലയ ട്രസ്റ്റിയുമാണ്.

### 2d-2a ഇഞ്ചക്കാട്ട് ജെ. തോമസ് (കുഞ്ഞ്) മകൻ ബിനു

കുഞ്ഞിന്റെ ഏക മകനാണ് ബിനു. MSC. SET ബിരുദധാരിയായ ബിനു ബിസ്സിനസ്സ് നടത്തുന്നു. തീക്കോയി തടിയ്ക്കൽ ജോസിന്റെ മകൾ ജ്യോതിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്കു 2 മക്കൾ. ഡോൺ, ഡിലൻ.

### IA-2d-3 ഇഞ്ചക്കാട്ട് തോമസ് ജോൺ മകൻ ജേക്കബ് ജോൺ

തോമസ് ജോണിന്റെ ഇളയ മകനാണ് ജേക്കബ് ജോൺ. കൊല്ലവർഷം 1121 - മീനം 12-ന് ജനിച്ചു. നല്ല കായിക താരമായിരുന്ന ജേക്കബ് ജോൺ സംസ്ഥാന കായിക മൽസരങ്ങളിൽ പലതവണ കോട്ടയം ജില്ലയെ പ്രതിനിധീകരിച്ചിട്ടുണ്ട്. വാഴൂർ പൈങ്ങോലിൽ കുഞ്ഞച്ചന്റെ മകൾ ലീലാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോജോ എന്ന മകനും ജൈനി എന്ന മകളും. ജൈനിയെ എരുമേലി തങ്കമല ജേക്കബ് മാണിയുടെ മകൻ ജിബി 02-07-2000-ത്തിൽ വിവാഹം ചെയ്തു. 1991 ഫെബ്രുവരി 16-ാം തീയതി ജേക്കബ് ജോൺ നിര്യാതനായി.

### 2d-3-a ഇഞ്ചക്കാട്ട് ജേക്കബ് ജോൺ മകൻ ജോജോ

ജേക്കബ് ജോണിന്റെ ഏക മകനാണ് ജോജോ. പുതുപ്പള്ളി ജാസ്മിൻ ട്രാവൽസ് ഉടമയായ ജോജോ ഷോപ്പിംഗ് സെന്ററും നടത്തിവരുന്നു. വാഴൂർ കാഞ്ഞിരത്തറയിൽ ഏലിയാസിന്റെ മകൾ സൂസനെ 14-07-2003-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജാസ്മിൻ, എൽദോ.

### IA-3 തെക്കേ ഇഞ്ചക്കാട്ട് മാത്തൂള മകൻ വർക്കി

മാത്തൂളയുടെ മൂന്നാമത്തെ മകനാണ് വർക്കി. വർക്കിയും ഭാര്യയും തങ്ങളുടെ ഏകമകൾ കുഞ്ഞുമറിയാമ്മ ജനിച്ച് കുറച്ചു

നാളുകൾക്കുശേഷം മരിച്ചു. ചെറുപ്പത്തിലേ അനാഥയായ കുഞ്ഞു മറിയാമ്മയെ പിതാവ് വർക്കിയുടെ ഇളയ സഹോദരൻ ചാണ്ടപ്പിള്ള (കൊച്ചുപാപ്പൻ) വാത്സല്യത്തോടെ വളർത്തി മീനടത്ത് പുഞ്ചാൽ വിവാഹം ചെയ്തയച്ചു.

**IA-4 തെക്കേ ഇഞ്ചക്കാട്ട് മാത്തൂള ചാണ്ടപ്പിള്ള (കൊച്ചുപ്പാപ്പൻ)**

മാത്തൂളയുടെ ഇളയ മകനാണ് ചാണ്ടപ്പിള്ള. സഹോദര മക്കളും കൊച്ചുമക്കളും കൊച്ചുപ്പാപ്പൻ എന്ന് വിളിച്ചിരുന്നതിനാൽ നാട്ടുകാരും അദ്ദേഹത്തെ കൊച്ചുപ്പാപ്പൻ എന്നാണ് വിളിച്ചിരുന്നത്. എല്ലാവരോടും ധാരാളം സംസാരിക്കുന്ന പ്രകൃതക്കാരനായിരുന്നു. പുതുപ്പള്ളി വലിയപള്ളിയിലെ സുപ്രധാന അംഗമായിരുന്നു. യാക്കോബായ സുറിയാനിസഭ പാത്രിയാർക്കീസ് കക്ഷി, കതോ ലിക്കാ കക്ഷി എന്ന രണ്ട് വിഭാഗമായി പിരിഞ്ഞ 1912 മുതൽ അദ്ദേഹം പാത്രിയാർക്കീസ് പക്ഷക്കാരനായിരുന്നു. ഇടുങ്ങിയ കക്ഷി മത്സരങ്ങളോട് ശക്തമായി എതിർത്തിരുന്ന അദ്ദേഹം ചില കാര്യങ്ങളിൽ കടുത്ത യാഥാസ്ഥിതികൻ കൂടിയായിരുന്നു. ഓല ക്കുടയായിരുന്നു സാധാരണ ഉപയോഗിച്ചിരുന്നത്. ഇഞ്ചക്കാട്ട് കുടും ബത്തെ പരസ്പരം ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായിരുന്നു അദ്ദേ ഹം. കുടുംബങ്ങളിലെ പ്രശ്നങ്ങളും പ്രയാസങ്ങളും മനസ്സിലാക്കു കയും അവ പരിഹരിക്കുകയും ചെയ്തിരുന്നു. എല്ലാ കുടുംബങ്ങളും സന്ദർശിക്കുകയും കുടുംബത്തിൽ ഒരുമ നിലനിർത്തുകയും ചെയ്തി രുന്നു. ഏവർക്കും ആദരണീയനായ അദ്ദേഹം സവിശേഷമായ ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു.

മലയാള മനോരമ പുതുപ്പള്ളി ലേഖകനായിരുന്നു. വളരെ രസ കരവും സരളവുമായ വാർത്തകൾ നൽകുമായിരുന്നു. മനോരമ പത്രാധിപർ ശ്രീ കെ.സി. മാമ്മൻ മാപ്പിളയുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടി ശക്തമായി വാദിച്ചിരുന്നു. ഭർതൃകുടുംബത്തിൽ അടിമയെപ്പോലെ കുശിനി വേല ചെയ്യുന്നതും സ്വന്തം ഭർത്താവിനോട് സ്വതന്ത്രമായി സംസാരി ക്കാൻ സാധിക്കാത്ത അക്കാലത്തെ വ്യവസ്ഥിതിയെയും അദ്ദേഹം ശക്തമായി എതിർത്തിരുന്നു. മാതാപിതാക്കൾക്കൊപ്പം തറവാട്ടിൽ താമസമാക്കിയ അദ്ദേഹം അവരെ മരണംവരെ സ്നേഹവും ബഹു മാനവും നൽകി ശുശ്രൂഷിച്ചു. മാങ്ങാനം, നടയിൽ ഏലിയാമ്മയെ ഭാര്യയായി സ്വീകരിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അന്നമ്മ എന്ന മകളും വർക്കി എന്ന മകനും. ഏകമകൾ അന്നമ്മയെ കുമ്മനം

വടക്കേടത്ത് അബ്രാഹം വിവാഹം ചെയ്തു. കൊച്ചുപ്പാപ്പൻ 1957-ാംമാണ്ട് ജൂലൈ മാസത്തിൽ (കർക്കിടകം 16-ന്) മരിച്ചു. പുതുപ്പള്ളി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-4a തെക്കേ ഇഞ്ചക്കാട്ട് ചാണ്ടപ്പിള്ള (കൊച്ചുപ്പാപ്പൻ) മകൻ വർക്കി

കൊച്ചുപ്പാപ്പന്റെ ഏക മകനാണ് വർക്കി. കർഷകനായിരുന്നു. നാടൻ പന്തുകളിയിലും ചതുരംഗം കളിയിലും സമർത്ഥനായിരുന്നു. പുതുപ്പള്ളി വെട്ടുവള്ളിൽ ജോൺസാറിന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഈ സമയം അന്നമ്മ പുതുപ്പള്ളി വി.എം. സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ ദമ്പതികൾക്ക് ആറ് മക്കൾ. മൂന്ന് പെൺ മക്കളും മൂന്ന് ആൺമക്കളും. പെൺമക്കൾക്ക് ശേഷമാണ് ആൺമക്കൾ ജനിച്ചത്. ഏലിയാമ്മ, മേരിക്കുട്ടി, അന്നമ്മ എന്നിവരാണ് പെൺമക്കൾ. അന്ത്രയോസ്, ജോൺ, ജോർജ് എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ ഏലിയാമ്മയെ മൈക്കിൾ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മേരിക്കുട്ടിയെ കഞ്ഞിക്കുഴി ഒരപ്പൻ കുഴിയിൽ ജോയി വിവാഹം ചെയ്തു. ഇളയ മകൾ അന്നമ്മയെ പേരൂർ ചാക്കശ്ശേരിൽ സി.വി. കോര വിവാഹം ചെയ്തു. 1968 ജൂൺമാസം 21-ാം തീയതി വർക്കിയും ആഗസ്റ്റ് മാസം 17-ാം തീയതി ഭാര്യ അന്നമ്മയും നിര്യാതരായി.

## IA-4a-1 തെക്കേ ഇഞ്ചക്കാട്ട് വർക്കി മകൻ അന്ത്രയോസ്

വർക്കിയുടെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് അന്ത്രയോസ്. പോളിടെക്നിക് പാസ്സായശേഷം പൂനയിലെ ഓർഡിനൻസ് ഫാക്ടറിയിൽ ഉദ്യോഗസ്ഥനായിരുന്നു. ആലപ്പുഴ കളത്തിൽ ജെയിംസിന്റെ മകൾ കുഞ്ഞുമോളെ വിവാഹം ചെയ്തു. ഇവർക്ക് വിനീത, മിമി എന്നീ രണ്ട് പെൺകുട്ടികൾ. മൂത്തമകൾ വിനീത വിവാഹശേഷം വിദേശത്ത് ജോലി ചെയ്യുന്നു. ഇളയ മകൾ മിമി പൂനയിൽ കമ്പിനിയിൽ ജോലി ചെയ്യുന്നു.

## IA-4a2 തെക്കേ ഇഞ്ചക്കാട്ട് വർക്കി മകൻ ജോൺ

വർക്കിയുടെ രണ്ടാമത്തെ മകനാണ് ജോൺ. തറവാടിന് സമീപം താമസിക്കുന്നു. എസ്.എസ്.എൽ.സി.യ്ക്കുശേഷം സഹകരണ വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു. അയ്മനം പടിഞ്ഞാറേപ്പറമ്പിൽ ജോൺ മത്തായിയുടെ മകൾ മോളിക്കുട്ടിയെ വിവാഹം

ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. പ്രീതി എന്ന മകളും ബേസിൽ എന്ന മകനും. പ്രീതിയെ അടൂർ കോലത്ത് വീട്ടിൽ ഷിബു വിവാഹം ചെയ്തു.

**IA-4a-3 തെക്കേ ഇഞ്ചക്കാട്ട് വർക്കി മകൻ ജോർജ്**

വർക്കിയുടെ ഇളയ മകനാണ് ജോർജ്. തലപ്പാടിയിൽ റേഷൻകട നടത്തുന്നു. നാലുന്നാക്കൽ പാപ്പന്റെ മകൾ കുഞ്ഞുമോളെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. പ്രിയ എന്ന മകളും പ്രിൻസ് എന്ന മകനും. പ്രിയയെ നാലുകോടിയിൽ ഷിനു വിവാഹം ചെയ്തു. BSc നഴ്സായ പ്രിയ ഡൽഹിയിൽ ജോലിചെയ്യുന്നു. ജോർജുകുട്ടി തറവാട്ടിൽ താമസിക്കുന്നു.

**IA-4a-3a തെക്കേ ഇഞ്ചക്കാട്ട് ജോർജ് മകൻ പ്രിൻസ്**

ജോർജിന്റെ ഏക മകനാണ് പ്രിൻസ്. BCom ബിരുദധാരിയായ ഇദ്ദേഹം ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥനാണ്.

**II ഇഞ്ചക്കാട്ട് മാത്തുള മകൻ ചാണ്ടപ്പിള്ള**

മാത്തുളയുടെ രണ്ടാമത്തെ മകനാണ് ചാണ്ടപ്പിള്ള. ഇദ്ദേഹത്തിന് അഞ്ചു മക്കൾ. രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളും. വർഗീസ്, മാത്തുള എന്നിവരാണ് ആൺമക്കൾ. മൂത്തമകൻ വറുഗീസ്, വടക്കേ ഇഞ്ചക്കാട്ടും, ഇളയമകൻ മാത്തുള കീച്ചാലിൽ പോളച്ചിറയിലും താമസിച്ചു.

**II-B ഇഞ്ചക്കാട്ട് (വടക്കേ ഇഞ്ചക്കാട്ട്) ചാണ്ടപ്പിള്ള മകൻ വറുഗീസ്**

ചാണ്ടപിള്ളയുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് വറുഗീസ്. വറുഗീസിന്റെ ഏകമകനാണ് ചാണ്ടപ്പിള്ള എന്നറിയപ്പെടുന്ന പിള്ളച്ചായൻ.

**II-A-1 വടക്കേ ഇഞ്ചക്കാട്ട് വറുഗീസ് മകൻ പിള്ളച്ചായൻ (ചാണ്ടപ്പിള്ള)**

വറുഗീസിന്റെ ഏകമകനാണ് പിള്ളച്ചായൻ. പള്ളത്ത് തരകൻ വീട്ടിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് വറുഗീസ് (കുട്ടി) എന്ന മകനും, ആച്ചിയമ്മ, അന്നാമ്മ, ശോശാമ്മ എന്നീ മൂന്നു പെൺമക്കളുമടക്കം നാല് മക്കൾ. മൂത്ത മകൾ ആച്ചിയമ്മയെ

മംഗലപ്പള്ളിൽ വർക്കിയും, അന്നാമ്മയെ പേരൂർ പുല്ലാട്ട് വർക്കിയും, ശോശാമ്മയെ മീനടത്ത് പാണാപ്പറമ്പിൽ മാണിക്കുഞ്ഞും വിവാഹം ചെയ്തു.

## II-A-1a വടക്കേ ഇഞ്ചക്കാട്ട് പിള്ളച്ചായൻ (ചാണ്ടപ്പിള്ള) മകൻ വറുഗീസ്

പിള്ളച്ചായന്റെ ഏകമകനാണ് വറുഗീസ്. വറുഗീസ് ഏബ്രാഹം (കൊച്ച്), ഉലഹന്നാൻ (കൊച്ചുകൊച്ച്) എന്നീ രണ്ട് ആൺമക്കൾ.

## I- a1 വടക്കേ ഇഞ്ചക്കാട്ട് വറുഗീസ് മകൻ ഏബ്രഹാം (കൊച്ച്)

വറുഗീസിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് കൊച്ച്. കഞ്ഞിക്കുഴി മുപ്പാത്തിയിൽ അക്കാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. നാല് ആൺമക്കളും രണ്ട് പെൺമക്കളും. വറുഗീസ്, തോമസ്, ജോൺ, ചാണ്ടപ്പിള്ള എന്നിവരാണ് ആൺമക്കൾ. മേരി, സാറാമ്മ എന്നിവർ പെൺമക്കളും. മൂത്ത മകൾ മേരിയെ കഞ്ഞിക്കുഴി, ഈരയിൽ ഈപ്പനും, രണ്ടാമത്തെ മകൾ സാറാമ്മയെ ചാക്കോയും വിവാഹം ചെയ്തു. ചാക്കോ വിമുക്തഭടനാണ്. 02-12 -1998-ൽ ഏബ്രഹാമും, 29 -10-2002-ൽ ഭാര്യ അക്കാമ്മയും നിര്യാതരായി.

## Ia- 1a വടക്കേ ഇഞ്ചക്കാട്ട്  ഏബ്രഹാം മകൻ വറുഗീസ്

ഏബ്രഹാമിന്റെ നാല് ആൺമക്കളിൽ മൂത്തമകനാണ് വറുഗീസ്. മണർക്കാട് പോത്താനിക്കൽ പീലിപ്പോസിന്റേയും അച്ചാമ്മയുടേയും മകൾ മോളിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. ഷാജി, ഷിബു, ബൈജു. 8-12-2012-ൽ നിര്യാതനായ വർഗീസിന്റെ സംസ്കാരം പുതുപ്പള്ളി വലിയപള്ളിയിൽ നടത്തി.

## 1aa വടക്കേ ഇഞ്ചക്കാട്ട് വറുഗീസ് മകൻ ഷാജി

വറുഗീസിന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് ഷാജി. ആനത്താനം, മറ്റത്തിലായ കോതകേരിൽ തോമസ് - അന്ന ദമ്പതികളുടെ മകൾ ബിജിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. തേജസ്, ആൽവിൻ. ഷാജിയും കുടുംബവും ആനത്താനത്താണ് താമസം.

**1ab വടക്കേ ഇഞ്ചക്കാട്ട് വറുഗീസ് മകൻ ഷിബു**

വറുഗീസിന്റെ രണ്ടാമത്തെ മകനാണ് ഷിബു. കാരാപ്പുഴ മങ്ങാട്ട് പീലിപ്പോസിന്റേയും ലീലാമ്മയുടേയും മകൾ മിനിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. തരുൺ, അരുൺ. ഷിബു മാതാപിതാക്കൾക്കൊപ്പം താമസിക്കുന്നു.

**1ac വടക്കേ ഇഞ്ചക്കാട്ട് വറുഗീസ് മകൻ ബൈജു**

വറുഗീസിന്റെ ഇളയ മകനാണ് ബൈജു. മണർകാട് കാരക്കാട്ട് വീട്ടിൽ ഏബ്രഹാം - മറിയാമ്മ മകൾ ബിന്ദുവിനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ബിക്കു എന്ന മകനും, ബിയ എന്ന മകളും. സകുടുംബം ഖത്തറിലാണ്.

**1a1b വടക്കേ ഇഞ്ചക്കാട്ട് ഏബ്രാഹം മകൻ തോമസ്**

ഏബ്രഹാമിന്റെ രണ്ടാമത്തെ മകനാണ് തോമസ്. KSEB ഉദ്യോഗസ്ഥനായിരുന്നു. വേളൂർ കൊട്ടുവള്ളിൽ ഏബ്രഹാം - ഏലിയാമ്മ മകൾ പൊന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മിനി എന്ന മകളും, സാബു എന്ന മകനും. ഏകമകൾ മിനിയെ വെട്ടത്ത് കുര്യൻ തോമസിന്റേയും മറിയാമ്മയുടേയും മകൻ തോമസ് ഫിലിപ്പ് വിവാഹം ചെയ്തു. MRF- ൽ ജോലിചെയ്യുന്നു.

**1a1ba വടക്കേ ഇഞ്ചക്കാട്ട് തോമസ് മകൻ സാബു**

തോമസിന്റെ ഏകമകനാണ് സാബു. പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ജോലി ചെയ്യുന്നു. തിരുവാർപ്പ്, വാഴത്തറവീട്ടിൽ ഏലിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൻ നിഥിൻ. വിദ്യാർത്ഥിയാണ്.

**Ia-1c വടക്കേ ഇഞ്ചക്കാട്ട് ഏബ്രഹാം മകൻ ജോൺ**

ഏബ്രഹാമിന്റെ മൂന്നാമത്തെ മകനാണ് ജോൺ. പടിഞ്ഞാറേക്കര കമ്പനിയിൽനിന്നും വിരമിച്ച് വിശ്രമജീവിതം നയിക്കുന്നു. ഇല്ലിക്കൽ, കുറ്റിക്കൽ ഏബ്രഹാമിന്റേയും - മറിയാമ്മയുടേയും മകൾ അശ്വതിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഷൈനി എന്ന മകളും, ഷൈജു, ഷൈബു എന്നീ രണ്ട് ആൺമക്കളും. ഷൈനിയെ മണർകാട് പുത്തൻപുരയ്ക്കൽ തമ്പി-മോളി ദമ്പതികളുടെ മകൻ ബിനോ വിവാഹം ചെയ്തു. ഖത്തറിൽ എയർപോർട്ടിൽ ജോലിചെയ്യുന്നു.

## Ia-1ca വടക്കേ ഇഞ്ചക്കാട്ട് ജോൺ മകൻ ഷൈജു

ജോണിന്റെ മൂത്ത മകനാണ് ഷൈജു. പാരഗൺ കമ്പനിയിൽ ജോലി ചെയ്യുന്നു. പാമ്പാടി പെരുമ്പ്രക്കുന്നിൽ തങ്കച്ചൻ - തങ്കമ്മ മകൾ ലിന്റുവിനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോയൽ എന്ന മകനും, ജോസ്ന എന്ന മകളും.

## Ia-1cb വടക്കേ ഇഞ്ചക്കാട്ട് ജോൺ മകൻ ഷൈബു

ജോണിന്റെ ഇളയമകനാണ് ഷൈബു. നഴ്സിംഗ് പാസ്സായ ശേഷം ഖത്തറിൽ ജോലി ചെയ്യുന്നു. ഭാര്യ ജീവാ നഴ്സായി ഖത്തറിൽ ജോലിചെയ്യുന്നു. ഇവരുടെ മകൾ സൈറാമറിയം.

## Ia-1d വടക്കേ ഇഞ്ചക്കാട്ട് ഏബ്രഹാം മകൻ ചാണ്ടപ്പിള്ള

ഏബ്രഹാമിന്റെ ഇളയ മകനാണ് ചാണ്ടപ്പിള്ള. മണർകാട് പുത്തൻപുരയ്ക്കൽ ജോണിന്റേയും ഏലിയാമ്മയുടെയും മകൾ വത്സമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ റീന. റീനായെ മാങ്ങാനത്ത് കുറിയാക്കോസിന്റെയും, മോളിയുടേയും മകൻ കോരകോശി (സന്തോഷ്) വിവാഹം ചെയ്തു. ഇവർക്ക് അബി, ജിത്ത്, അഭിലാഷ് എന്നീ മൂന്ന് ആൺമക്കൾ. മൂവരും വിദ്യാർത്ഥികളാണ്. ചാണ്ടപ്പിള്ള 23-04-1982 ലും ഭാര്യ വത്സമ്മ 05-03-2007 ലും നിര്യാതരായി.

## IIA-1a2 വടക്കേ ഇഞ്ചക്കാട്ട് വറുഗീസ് മകൻ ഉലഹന്നാൻ (കൊച്ചുകൊച്ച്)

വറുഗീസിന്റെ രണ്ട് ആൺമക്കളിൽ ഇളയ മകനാണ് കൊച്ചുകൊച്ച് എന്ന് അറിയപ്പെടുന്ന ഉലഹന്നാൻ. കുറിച്ചി കൊച്ചില്ലത്ത് മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. ആൻഡ്രൂസ്, ജേക്കബ് (സണ്ണി) എന്നിവരാണ് ആൺമക്കൾ. മേരി, അമ്മിണി, അക്കാമ്മ എന്നിവർ പെൺമക്കളും. മൂത്ത മകൾ മേരിയെ കോഴിക്കോട്, കുറ്റിയാടി പുതുപ്പറമ്പിൽ കുറിയാക്കോസ് വിവാഹം ചെയ്തു. രണ്ടാമത്ത മകൾ അമ്മിണിയെ മല്ലപ്പള്ളി കൊല്ലകുന്നേൽ ജോയി വിവാഹം ചെയ്തു. ഇളയ മകൾ അക്കാമ്മ അവിവാഹിതയാണ്. സഹോദരൻ ജേക്കബിനൊപ്പം തറവാട്ടിൽ താമസിക്കുന്നു. 02-07-2009-ൽ ഉലഹന്നാനും, 01-02-1994-ൽ ഭാര്യ മറിയാമ്മയും നിര്യാതരായി.

## Ia 2a വടക്കേ ഇഞ്ചക്കാട്ട് ഉലഹന്നാൻ മകൻ ആൻഡ്രൂസ്

ഉലഹന്നാന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ആൻഡ്രൂസ്. കാനം തിജിയത്തിൽ കുന്നേൽ റ്റി.എ. ചെറിയാന്റേയും മറിയാമ്മയുടേയും മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ബീനാ എന്ന മകളും, ബിനു എന്ന മകനും. ബീനയെ ചമ്പക്കര പ്ലാവുങ്കൽ ഐപ്പ് - അന്നമ്മ ദമ്പതികളുടെ മകൻ സാം വിവാഹം ചെയ്തു.

## Ia-1aa വടക്കേ ഇഞ്ചക്കാട്ട് ആൻഡ്രൂസ് മകൻ ബിനു

ആൻഡ്രൂസിന്റെ ഏകമകനാണ് ബിനു. വാളകം കട്ടിയാംകോട്ട് ചരുവിളവീട്ടിൽ ബീനയെ 29-05-2008-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ. അബിയ 31-12-2010-ൽ ജനിച്ചു. അബിയ വിദ്യാർത്ഥിനിയാണ്.

## Ia-2b വടക്കേ ഇഞ്ചക്കാട്ട് ഉലഹന്നാൻ മകൻ ജേക്കബ് (സണ്ണി)

ഉലഹന്നാന്റെ രണ്ടാമത്തെ മകനാണ് ജേക്കബ്. മെഡിക്കൽ ഷോപ്പിൽ ജോലി ചെയ്യുന്നു. 1995 മുതൽ 2000-വരെ പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് മെമ്പറായിരുന്നു. ആനത്താനത്ത് മറ്റത്തിലായ കോതകേരിൽ എം. റ്റി തോമസിന്റേയും മറിയാമ്മയുടേയും മകൾ മോളിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. റിച്ചു എന്ന മകനും റിനു എന്ന മകളും. റിനു BSc നഴ്സിംഗിന് ശേഷം സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു.

## Ia-2ba വടക്കേ ഇഞ്ചക്കാട്ട് ജേക്കബ് മകൻ റിച്ചു

ജേക്കബിന്റെ ഏക മകനാണ് റിച്ചു. സൗത്ത് ഇൻഡ്യൻ ബാങ്കിൽ ഉദ്യോഗസ്ഥനാണ്.

## II B വടക്കേ ഇഞ്ചക്കാട്ട് ചാണ്ടപ്പിള്ള മകൻ മാത്തുള

ഇഞ്ചക്കാട്ട് കുടുംബത്തിലെ പൂർവ്വപിതാവ് മാത്തുളയുടെ രണ്ടാമത്തെ മകൻ ചാണ്ടപ്പിള്ളയുടെ ഇളയ മകനാണ് മാത്തുള. കുടുംബവീടായ വടക്കേ ഇഞ്ചക്കാട്ട് നിന്നും പുതുപ്പള്ളി കീച്ചാൽഭാഗത്ത് പോളച്ചിറ എന്ന സ്ഥലത്ത് താമസമാക്കി. പോളച്ചിറ എന്ന സ്ഥലപ്പേര് വീട്ടുപേരായി സ്വീകരിച്ചു. മാത്തുളയുടെ ഭാര്യ ആണ്ടമ്മ. മാത്തുളയ്ക്ക് നാല് മക്കൾ. മൂന്ന് ആൺമക്കളും ഒരു മകളും. വർക്കി,

മത്തായി, കോര എന്നിവരാണ് ആൺമക്കൾ. അന്നമ്മ മകളും. ഇളയ മകൻ കോര ചെറുപ്രായത്തിൽതന്നെ മരിച്ചു.

കൃഷിയിൽ അതീവ തല്പരനായ മാത്തുള പുതുപ്പള്ളിയിലെ തന്റെ പിതൃസ്വത്ത് ജ്യേഷ്ഠസഹോദരൻ വറുഗീസിന്റെ മകൻ ചാണ്ട പ്പിള്ളയ്ക്ക് ഇഷ്ടദാനമായി നൽകിക്കൊണ്ട്, 1877-ൽ പോളച്ചിറയിൽ വന്ന് താമസമാക്കി. ഈ സ്ഥലത്തെ കാട് വെട്ടിത്തെളിച്ച് തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചു. പുരയിട ത്തിന്റെ അടിവാരത്ത് ഓലകൊണ്ട് മേഞ്ഞ മൺപുരയുണ്ടാക്കി താമ സമാരംഭിച്ചു. പുരയിടത്തിന്റെ അതിരുകൾ കയ്യാല വച്ച് വേർതിരി ച്ചു. രണ്ട് ഏക്കർ തൊണ്ണൂറ്റിഅഞ്ച് സെന്റ് സ്ഥലമായിരുന്നു ഉണ്ടാ യിരുന്നത്. തുടർന്ന് പുന്നാംകുഴി കുടുംബക്കാരോട് ഒരേക്കർ തൊണ്ണൂറ്റി അഞ്ച് സെന്റ് സ്ഥലവും (വേലിയ്ക്കകം), ഇഞ്ചക്കാട് തെക്കേമഠത്തിൽ കാത്തച്ചന്റെ പത്ത് ഏക്കർ സ്ഥലവും (നെല്ലിമല ചേരിയ്ക്കൽ) വാങ്ങി സ്വന്തമാക്കി. പോളച്ചിറ പുരയിടത്തിലും, വേല യ്ക്കകം പുരയിടത്തിലും അറയും പുറവാരവുമുള്ള വലിയ രണ്ട് വീടുകൾ പണിയിച്ചു.

ഏക മകൾ അന്നമ്മയെ പുന്നോംകുഴിയിൽ ചാണ്ടിയുടെ മകൻ തോമസ് വിവാഹം ചെയ്തു. 1082-കന്നിമാസം 8-ാം തീയതി ഭാര്യ ആണ്ടമ്മയും, 1092 മിഥുനമാസം 27-ാം തീയതി 80-ാം വയസ്സിൽ മാ ത്തുളയും മരിച്ചു.

## II B-I പോളച്ചിറ മാത്തുള മകൻ വർക്കി

മാത്തുളയുടെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് വർക്കി. 22-09-1893-ൽ ജനിച്ചു. പിതാവിനൊപ്പം കാർഷികവൃത്തിയിൽ ഏർപ്പെട്ടു. പുന്നോംകുഴിയിൽ കുരുവിളയുടെ മകൾ ചേച്ചമ്മയെ വിവാഹം ചെയ്തു. ഇവർ വേലിക്കകം പുരയിടത്തിൽ താമസമാക്കി. വർക്കിയും സഹോദരൻ മത്തായിയും പരസ്പര സഹകരണ ത്തോടെ കഴിഞ്ഞിരുന്നു. പള്ളിയിലും മറ്റെല്ലാ ആവശ്യങ്ങളിലും ഇരുവരും ഒരുമിച്ചാണ് യാത്ര. ഇവരുടെ സഹോദരസ്നേഹവും, ദൈവഭക്തിയും നാട്ടിൽ സംസാരവിഷയമായിരുന്നു. വർക്കിക്ക് നാല് മക്കൾ. മൂന്ന് ആൺമക്കളും ഒരു മകളും. മത്തായി (കുഞ്ഞപ്പൻ), ചാക്കോ, കോര എന്നിവരാണ് ആൺമക്കൾ. ശോശാമ്മ മകളും. വെള്ളൂർ മുണ്ടമറ്റത്ത് പീലിപ്പോസിന്റെ മകൻ ചെറിയാൻ ശോശാ മ്മയെ വിവാഹം ചെയ്തു.

വാതരോഗംമൂലം കാഴ്ച നഷ്ടപ്പെട്ട് കിടപ്പിലായ വർക്കി 72-ാം വയസ്സിൽ 1945 ജൂൺ മാസം 2-ാം തീയതി മരിച്ചു. ഭാര്യ ചേച്ചമ്മ 1955 ഓഗസ്റ്റ് മാസം 7-ാം തീയതിയും മരിച്ചു. ഇരുവരേയും പുതുപ്പള്ളി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## II B-1a പോളച്ചിറ വർക്കി മകൻ മത്തായി (കുഞ്ഞപ്പൻ)

വർക്കിയുടെ മൂന്ന് ആൺമക്കളിൽ മൂത്ത മകനായ കുഞ്ഞപ്പൻ എന്ന് വിളിക്കുന്ന മത്തായി 25-12-1896-ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പിതാവിനൊപ്പം കാർഷികവൃത്തിയിൽ ഏർപ്പെട്ടു. മീനടം ഇലഞ്ഞിമറ്റത്തിലായ കരിമ്പിൽ വറുഗീസിന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ മത്തായിക്ക് ഒരു മകൾ ജനിച്ചു. ശോശാമ്മ (1991 മകരം-4). മഞ്ഞപ്പിത്തം ബാധിച്ച് മറിയാമ്മ അകാലത്തിൽ മരണമടഞ്ഞു. മകൾ ശോശാമ്മയെ അമയന്നൂർ വാഴപ്പറമ്പിൽ ഉലഹന്നന്റെ മകൻ മാത്യു വിവാഹം ചെയ്തു.

ആദ്യഭാര്യ മറിയാമ്മയുടെ മരണശേഷം തോട്ടയ്ക്കാട് പുളിമൂട്ടിൽ ജോസഫിന്റെ മകൾ ശോശാമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ മത്തായിക്ക് ഒരു മകൾ ജനിച്ചു, കുഞ്ഞമ്മ. കുഞ്ഞമ്മ ജനിച്ച് കുറച്ചുനാൾക്കകം ശോശാമ്മയും മരിച്ചു. മാതൃഭവനത്തിൽ വച്ച് മരിച്ചതിനാൽ ചമ്പക്കര ഇഗ്നാത്തിയോസ് പുതിയ പള്ളിയിൽ സംസ്കരിച്ചു. മത്തായിയുടെ രണ്ടാംവിവാഹത്തിൽ ജനിച്ച മകൾ കുഞ്ഞമ്മയെ എറികാട് തൈപ്പറമ്പിൽ വർക്കിയുടെ മകൻ കുര്യൻ വിവാഹം ചെയ്തു. കുര്യനെ മത്തായി തന്റെ ദത്തുപുത്രനായി സ്വീകരിച്ചു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ ജനിച്ചു. ഒരു മകളും നാല് ആൺമക്കളും. മറിയാമ്മ (ലീലാമ്മ (02-08-1953) യാണ് മകൾ. വർക്കി (05-12-1956), മാത്യു (13-02-1959), കോര (18-04-1963), ജോസഫ് (06-09-1968) എന്നിവരാണ് ആൺമക്കൾ. ലീലാമ്മയെ ചെങ്ങളം മഠത്തിപ്പറമ്പിൽ വറുഗീസിന്റെ മകൻ തോമസ് വിവാഹം ചെയ്തു. 13-02-1984-ൽ മത്തായി മരിച്ചു. പുതുപ്പള്ളി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## II B-1aI പോളച്ചിറ കുര്യൻ മകൻ വർക്കി (തങ്കച്ചൻ)

കുര്യന്റെ നാല് ആൺമക്കളിൽ മൂത്ത മകനാണ് വർക്കി. ആഗ്രയിൽ കമ്പനി അക്കൗണ്ടന്റ് ആയി ജോലി ചെയ്തു. മല്ലപ്പള്ളി കൊടു

വേലിക്കുളത്ത് മാത്തന്റെ മകൾ റാഹേലമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ആഷ്യൻ (കുര്യൻ 31-10-1984) എന്ന മകനും, അഞ്ചലി എന്ന മകളും. 11-11-2014 ന് വാകത്താനം ചില്ല വേലിൽ വിബിൻ അഞ്ചലിയെ വിവാഹം ചെയ്തു. അഞ്ചലി BSc നഴ്സാണ്. ആഗ്രയിൽ സ്റ്റാഫ് നഴ്സായിരുന്ന റാഹേലമ്മ കരൾ സംബന്ധമായ രോഗംമൂലം 03-07-2007-ൽ മരിച്ചു. നിലയ്ക്കൽ ദേവാ ലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## 1a 1a പോളച്ചിറ വർക്കി (തങ്കച്ചൻ) മകൻ ആഷ്യൻ (കുര്യൻ)

വർക്കിയുടെ ഏക മകനാണ് ആഷ്യൻ. പിറവം പള്ളിനിര പ്പേൽ ഏബ്രഹാമിന്റെ മകൾ സാറാമ്മയെ വിവാഹം ചെയ്തു. ആഷ്യൻ ഡൽഹിയിൽ എഞ്ചിനീയറാണ്. ഈ ദമ്പതികൾക്ക് ഒരു മകൾ റേച്ചൽ.

## II B-1b പോളച്ചിറ കുര്യൻ മകൻ മാത്യു

മത്തായിയുടെ രണ്ടാമത്തെ മകനാണ് മാത്യു. SSLC ക്ക് ശേഷം കോട്ടയത്ത് പ്രൈവറ്റ് ബാങ്കിൽ ക്ലാർക്ക് ആയി ജോലി നോക്കി. ഇപ്പോൾ കുമരകം, തറവാട് ഹെറിറ്റേജ് ഹോമിൽ ജോലി ചെയ്യു ന്നു. മണർകാട് പുറവന്താനത്ത് സ്കറിയായുടെ മകൾ സൂസമ്മയെ 10-02-1960-ൽ വിവാഹം ചെയ്തു. നഴ്സറി അദ്ധ്യാപികയായിരുന്ന സൂസമ്മ ഇപ്പോൾ LIC ഏജന്റാണ്. കോടിപതി ആയിട്ടുണ്ട്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരു മകനും ഒരു മകളും. ബിൻസി യാണ് മകൾ. എഞ്ചിനീയർ ബെൻ (07-12-1992) ആണ് മകൻ.

## II B-1c പോളച്ചിറ കുര്യൻ മകൻ കോര (പാപ്പച്ചി)

മത്തായിയുടെ മൂന്നാമത്തെ മകനാണ് കോര. സിവിൽ എഞ്ചി നീയറായ കോര കുറേക്കാലം ആഗ്രയിൽ ജോലിചെയ്തു. ഇപ്പോൾ സൗദി അറേബ്യയിൽ ജോലിചെയ്യുന്നു. പയ്യപ്പാടി കുറ്റിപ്പുറത്ത് തോമ സിന്റെ മകൾ മറിയാമ്മയെ 26-05-1984-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ആഷിഷ് (14-09-1991). അനീഷ് (22-12-2001). ആഷിഷ് BTec പാസ്സായി. അനീഷ് വിദ്യാർത്ഥിയാണ്.

## II B-1d പോളച്ചിറ കുര്യൻ മകൻ ജോസഫ് (കുഞ്ഞ്)

മത്തായിയുടെ ഇളയ മകനാണ് ജോസഫ്. SSLC യ്ക്കു ശേഷം വടവാതൂർ MRF- ൽ ജോലിചെയ്യുന്നു. തിരുവഞ്ചൂർ കോളശ്ശേരിൽ

കുര്യന്റെ മകൾ മോളമ്മയെ വിവാഹം ചെയ്തു. PDC വരെ പഠിച്ച മോളമ്മ ഗൃഹജോലിയിൽ കഴിയുന്നു. ഇവർക്ക് രണ്ട് ആൺമക്കൾ. അജു (11-11-1994), അജു (24-10-2000). അജു എഞ്ചിനീയറിംഗ് വിദ്യാർത്ഥിയാണ്. അജോ ഹയർ സെക്കണ്ടറി വിദ്യാർത്ഥിയും.

## II B-1e പോളച്ചിറ വർക്കി മകൻ ചാക്കോ (23-02-1903)

വർക്കിയുടെ രണ്ടാമത്തെ മകനാണ് ചാക്കോ. പഠിക്കാൻ സമർത്ഥനായിരുന്ന ചാക്കോ വാഹനസൗകര്യം ഇല്ലാതിരുന്ന അക്കാലത്ത് കോട്ടയം വരെ നടന്നുപോയി ഏഴാം ക്ലാസുവരെ പഠിച്ചു. തുടർന്ന് പുതുപ്പള്ളിയിൽ 3rd Form- ൽ ചേർന്നു പഠിച്ചു. തലപ്പാടി എൽ.പി.സ്കൂളിൽ അദ്ധ്യാപികനായി ജോലിയിൽ പ്രവേശിച്ചു. വെള്ളുക്കുട്ട എൽ.പി.സ്കൂളിൽ അദ്ധ്യാപകനായിരിക്കേ സർവ്വീസിൽനിന്നും വിരമിച്ചു.

കൊല്ലാട് കൊടുവത്ത് ചാക്കോയുടെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യം ആറുമാസം പിന്നിട്ടപ്പോൾ 1924 ആഗസ്റ്റ് 15-ാം തീയതി ഏലയാമ്മ മരിച്ചു. ഏലിയാമ്മയെ പുതുപ്പള്ളി വലിയപള്ളിയിൽ സംസ്കരിച്ചു. ഏലിയാമ്മയുടെ മരണ ശേഷം ചാക്കോ തിരുവഞ്ചൂർ പായിപ്ര അബ്രാഹമിന്റെ മകൾ ചാച്ചിയമ്മയെ 30-01-1909-ൽ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ നാല് മക്കൾ ജനിച്ചു. അന്നമ്മ, മറിയാമ്മ, ചിന്നമ്മ (ചേച്ചമ്മ) എന്നീ മൂന്ന് പെൺമക്കളും വർക്കി (കുഞ്ഞച്ചൻ) എന്ന മകനും.

മൂത്ത മകൾ അന്നമ്മയെ മണർകാട് വാലയിൽ ഐപ്പിന്റെ മകൻ വർക്കി വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മറിയാമ്മ TTCയ്ക്കുശേഷം ഗവ. സ്കൂളിൽ അദ്ധ്യാപികയായിരുന്നു. പാറമ്പുഴ തുരുത്തേൽ പായിക്കാട്ട് തോമസിന്റെ മകൻ കുര്യൻ വിവാഹം ചെയ്തു. കുര്യൻ ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നു. ഇളയമകൾ ചിന്നമ്മ മീനടം ഇലഞ്ഞിമറ്റത്തിലായ പുതുപ്പറമ്പിൽ കോരയുടെ മകൻ വറുഗീസ് വിവാഹം ചെയ്തു. ചാക്കോയുടെ ഭാര്യ ചാച്ചിയമ്മ 74-ാം വയസ്സിൽ 1982 നവംബർ 25-ാം തീയതി മരിച്ചു. കുമരംകോട് മാർ ഗ്രിഗോറിയോസ് ദേവാലയ സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ സംസ്കരിച്ചു. പി.വി. ചാക്കോ വെള്ളുക്കുട്ട ഗവ. LPS-ൽ ഹെഡ്മാസ്റ്റർ ആയിരിക്കേ 60-ാം വയസ്സിൽ വിരമിച്ചു. നാട്ടുകാർ "ചാക്കോസാർ" എന്ന് സ്നേഹപുരസ്സരം വിളിച്ചിരുന്നു. ഇഞ്ചക്കാട്ട് ശാഖാ കുടുംബയോഗം പ്രസിഡന്റായിരുന്ന അദ്ദേഹം കുടും

ബചരിത്രം എഴുതുന്നതിൽ മുഖ്യപങ്കുവഹിച്ചു. 25-01-1999-ൽ മരിച്ചു. കുമരംകോട് മാർ ഗ്രിഗോറിയോസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## II B-1ba പോളച്ചിറ ചാക്കോ മകൻ വർക്കി (കുഞ്ഞച്ചൻ)

ചാക്കോയുടെ ഏക മകനാണ് കുഞ്ഞച്ചൻ എന്ന് വിളിക്കുന്ന വർക്കി. 27-11-1936-ൽ ജനിച്ചു. BA, TTC ബിരുദധാരിയായ വർക്കി വെള്ളുക്കട്ട LPS-ൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. ചെന്നിത്തല MO LPS, പള്ളിവാതുക്കൽ MO LPS എന്നിവിടങ്ങളിൽ പ്രധാനാദ്ധ്യാപകനായിരുന്നു. വെള്ളുക്കുട്ട LPS-ൽ ഹെഡ്മാസ്റ്ററായിരിക്കേ സർവ്വീസിൽനിന്നും വിരമിച്ചു. കുമരംകോട് സൺഡേ സ്കൂളിൽ അൻപതുവർഷം അദ്ധ്യാപകനായിരുന്നതിന് പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്. പള്ളി ട്രസ്റ്റി, സെക്രട്ടറി, പ്രാർത്ഥനായോഗ സെക്രട്ടറി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കാവ്യരചനയിൽ അതീവ തല്പരനായ അദ്ദേഹം 'കാവ്യമുത്തുകൾ' എന്ന കവിതാഗ്രന്ഥത്തിന്റെ രചയിതാവാണ്. മറ്റനേകം കവിതകളും അദ്ദേഹം രചിച്ചിട്ടുണ്ട്. നിലവിൽ പുതുപ്പള്ളി ഇഞ്ചക്കാട്ട് കുടുംബയോഗം പ്രസിഡന്റാണ്. പുതുപ്പള്ളി കുത്തതേമറ്റത്തിൽ ഇട്ടൂപ്പിന്റെ മകൾ അന്നമ്മയെ 26-08-1938-ൽ വിവാഹം ചെയ്തു. അന്നമ്മയും അദ്ധ്യാപകയായിരുന്നു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ജയിംസ് (സാബു) എന്ന മകനും, സിസ്സി (07-01-1969), സൂസൻ (2-05-1970) എന്നീ രണ്ട് പെൺമക്കളും. പുതുപ്പാടി MGMHS-ൽ ജോലി ചെയ്യുന്ന സിസ്സിയെ കുഴിമറ്റം പട്ടശ്ശേരിൽ അന്ത്രയോസിന്റെ മകൻ വി. കുര്യൻ വിവാഹം ചെയ്തു. Pest control India ഉദ്യോഗസ്ഥനാണ് കുര്യൻ. ഇളയ മകൾ സൂസൻ BA, TTCയ്ക്കു ശേഷം MD മാനേജ്മെന്റ് സ്കൂളിൽ അദ്ധ്യാപികയാണ്. മണർകാട് വെട്ടിക്കുന്നേൽ ഏബ്രഹാമിന്റെ മകൻ കുര്യൻ വിവാഹം ചെയ്തു. കുര്യൻ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥനാണ്.

## 1a-baa പോളച്ചിറ വർക്കി മകൻ ജയിംസ് (സാബു)

വർക്കിയുടെ ഏക മകനാണ് ജയിംസ്. BCom ന് ശേഷം JDC പാസ്സായി. കോട്ടയം A.T.P Co. സൊസൈറ്റിയിൽ ക്ലാർക്ക് ആയിരുന്നു. ഇലഞ്ഞി അന്ത്യാലുങ്കൽ കുരുവിളയുടെ മകൾ ശേബയെ വിവാഹം ചെയ്തു. MA BEd കാരിയായ ശേബ വാകത്താനം യറൂശലേംമൗണ്ട് ഹൈസ്കൂളിൽ അദ്ധ്യാപികയായിരുന്നു. ജയിംസ്

46-ാം വയസ്സിൽ കിഡ്നി സംബന്ധമായ അസുഖംമൂലം കർത്താവിൽ നിദ്ര പ്രാപിച്ചു. കുമരംകോട് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. ശേബ പുനർവിവാഹം ചെയ്തു പോയി. ജയിംസ്-ശേബ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. അജയ് (13-04-1996) അജിത് (04-02-2000). അജയ് BTech പാസ്സായി, അജിത് BCom പഠിക്കുന്നു.

## IIB-1c പോളച്ചിറ വർക്കി മകൻ കോര

വർക്കിയുടെ ഏക മകനാണ് കോര. 24-01-1891-ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കൃഷിയിൽ ഏർപ്പെട്ടു. തറവാടുവീടായ വടക്കേവീട്ടിൽ പിതാവിനോടൊപ്പം താമസമാക്കി. പുതുപ്പള്ളി നെല്ലിമല ചേലയ്ക്കൽ കുരുവിളയുടെ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ചു മക്കൾ. മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളും. വർക്കി (പാപ്പച്ചൻ), കുരുവിള (കുട്ടച്ചൻ), മത്തായി (അച്ചൻകുഞ്ഞ്) എന്നിവരാണ് ആൺമക്കൾ. ശോശാമ്മ, മറിയാമ്മ എന്നിവർ പെൺമക്കളും. മൂത്ത മകൾ മറിയാമ്മയെ മണർകാട് ഇടശ്ശേരിൽ അന്ത്രയോസിന്റെ മകൻ കോരയും, ഇളയ മകൾ ശോശാമ്മയെ കുളനട ചേരാമ്പള്ളിൽ ഉണ്ണൂണ്ണിയുടെ മകൻ ജോർജ്ജും വിവാഹം ചെയ്തു. ജോർജ്ജ് അപ്പോളോ ടയേഴ്സിൽ ഉദ്യോഗസ്ഥനായിരുന്നു.

## IIB-1c-1 പോളച്ചിറ കോര മകൻ വർക്കി (പാപ്പച്ചൻ)

കോരയുടെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് വർക്കി. 28-07-1937-ൽ ജനിച്ചു. SSLCയ്ക്ക് ശേഷം മലയാള സാഹിത്യ വിശാരദ് പാസ്സായി. കോട്ടയം MDHS-ൽ അദ്ധ്യാപകനായിരുന്നു. നല്ല പ്രാസംഗികനായിരുന്ന വർക്കി ബൈബിൾ ആസ്പദമാക്കി പ്രാർത്ഥനായോഗങ്ങളിൽ പ്രസംഗിക്കുമായിരുന്നു. കുമരം കോട്ടുപള്ളി ട്രസ്റ്റി ആയിരുന്നു. അരീപ്പറമ്പ് വടക്കേൽ ചെറിയാന്റെ മകൾ കുഞ്ഞമ്മയെ 06-02-1961-ൽ വിവാഹം ചെയ്തു. SSLC-TTC ക്കാരിയായ കുഞ്ഞമ്മ ഗവ.സ്കൂളിൽ നിന്നും പ്രധാനാദ്ധ്യാപികയായി വിരമിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. സാജൻ (25-05-1966), സജി (26-05-1969) എന്നീ രണ്ട് ആൺമക്കളും, സുജ (20-08-1972) എന്ന മകളും. BSc,BEd-കാരിയായ സുജ അദ്ധ്യാപികയാണ്. വെള്ളൂർ പൈലിത്താനത്ത് ഐസക്കിന്റെ മകൻ പി.കെ. ഏബ്രഹാം (റോയി) സുജയെ വിവാഹം ചെയ്തു. സുജ ക്യാൻസർ രോഗംമൂലം 38-ാം വയസ്സിൽ മരിച്ചു.

## 1c-1a പോളച്ചിറ വർക്കി മകൻ സാജൻ

വർക്കിയുടെ മൂത്തമകനാണ് സാജൻ. BSc-BEd-ന് ശേഷം MD കോർപ്പറേറ്റ് സ്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ വാകത്താനം യെറുശലേം M.G.D HS-ൽ ഹെഡ്മാസ്റ്ററാണ്. കോഴിക്കോട് പുതുപ്പാടി താമരവിളയിൽ ജോൺ വറുഗീസിന്റെ മകൾ സുജയെ 30- 01-1989-ൽ വിവാഹം ചെയ്തു. സുജ (PDC, TTC) MD കോർപ്പറേറ്റ് സ്കൂളിൽ ഹെഡ്മിസ്ട്രസ്സാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. നിർമ്മൽ (23-04-1993), നോബിൾ (26-02-2003). നിർമ്മൽ BTech പാസ്സായി. നോബിൾ പഠിക്കുന്നു.

## 1c-1b പോളച്ചിറ വർക്കി മകൻ സജി

വർക്കിയുടെ ഇളയ മകനാണ് സജി. ദുബായിൽ എഞ്ചിനീയറാണ്. നരിയാപുരം കോട്ടയ്ക്കകത്ത് ചാക്കോയുടെ മകൾ വിൻസിയെ വിവാഹം ചെയ്തു. BSc, MEd-കാരിയായ വിൻസി ദുബായിൽ അദ്ധ്യാപികയാണ്. ഇവർക്ക് രണ്ട് ആൺമക്കൾ. എഡ്വിൻ (06-09-1996), ക്രിസ്റ്റോ (10-05-2003). എഡ്വിൻ MBBS ന് പഠിക്കുന്നു. ക്രിസ്റ്റോ ഹൈസ്കൂൾ വിദ്യാർത്ഥിയും.

## IB-1c-2 പോളച്ചിറ കോര മകൻ കുരുവിള

കോരയുടെ രണ്ടാമത്തെ മകനാണ് കുരുവിള. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പുതുപ്പള്ളിയിൽ സ്റ്റേഷനറി വ്യാപാരം നടത്തി. ഇപ്പോൾ കർഷകനാണ്. പാമ്പാടി വെമ്പിലാമറ്റത്തിൽ വറുഗീസിന്റെ മകൾ ശോശാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്നു മക്കൾ. രണ്ട് പെൺമക്കളും ഒരു മകനും. ജീമോൾ (അന്നമ്മ 30-04-1966), ശോശാമ്മ (കൊച്ചുമോൾ 30-05-1974) എന്നിവരാണ് പെൺമക്കൾ. ജോമോൻ മകനും. മൂത്തമകൾ ജീമോൾ സൗദിയിൽ സ്റ്റാഫ് നഴ്സാണ്. തൃശൂർ ചേമ്പേനാൽ ഉണ്ണൂണ്ണിയുടെ മകൻ സജി (വറുഗീസ്) ജീമോളെ വിവാഹം ചെയ്തു. സജി സൗദിയിൽ ജോലി ചെയ്യുന്നു. ഇളയ മകൾ കൊച്ചുമോളെ കുമ്പനാട്ട് വഞ്ചിപ്പത്ര ഇട്ടിയുടെ മകൻ മോനിച്ചൻ (ജോസഫ്) വിവാഹം ചെയ്തു. കൊച്ചുമോൾ ദുബായിൽ സ്റ്റാഫ് നഴ്സാണ്. മോനിച്ചൻ ദുബായിൽ ജോലി ചെയ്യുന്നു. ശോശാമ്മ (കുഞ്ഞാമ്മ) 2018 നവംബർ 3-ന് നിര്യാതയായി. കുമരംകോട് ഗ്രിഗോറിയോസ് പള്ളിയിൽ സംസ്കരിച്ചു.

## 1c-2a പോളച്ചിറ കുരുവിള മകൻ ജോമോൻ

കുരുവിളയുടെ ഏക മകനാണ് ജോമോൻ. ദുബായിൽ ഇലക്ട്രീഷനായി ജോലി ചെയ്യുന്നു. വാകത്താനം കിഴക്കേപ്പറമ്പിൽ ചാണ്ടിയുടെ മകൾ സിജിമോളെ വിവാഹം ചെയ്തു. സിജിമോൾ ദുബായിൽ സ്റ്റാഫ് നഴ്സാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. നോയൽ എന്ന മകനും നിയ എന്ന മകളും.

## IIB-IC3 പോളച്ചിറ കോര മകൻ മത്തായി (അച്ചൻകുഞ്ഞ്)

കോരയുടെ ഇളയ മകനാണ് മത്തായി. 1126 ചിങ്ങം 10-ന് ജനിച്ചു. SSLCക്കു ശേഷം ബോംബെയിൽ റെയിൽവേയിൽ ഉദ്യോഗസ്ഥനായി. ഇലവുംതിട്ട ക്രിസ്തീയഭവനത്തിൽ ജോർജിന്റെ മകൾ സൂസമ്മയെ വിവാഹം ചെയ്തു. സൂസമ്മ ബോംബെയിൽ സ്റ്റാഫ് നഴ്സായിരുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരു മകനും, ഒരു മകളും. ജോജിമോൻ (തോമസ് മത്തായി) ആണ് മകൻ. സുമ (04-11-1983) യാണ് മകൾ. സുമയെ ചെങ്ങന്നൂർ വെന്നവേലിൽ ജോസിന്റെ മകൻ ജിബു വിവാഹം ചെയ്തു. സുമ KTCL-ൽ എഞ്ചിനീയറാണ്.

## IC3a പോളച്ചിറ മത്തായി മകൻ ജോജിമോൻ (ഫാ. തോമസ് മത്തായി)

മത്തായിയുടെ ഏക മകനാണ് ജോജിമോൻ. MA MEd നോടൊപ്പം സൊറാമ്പൂർ വൈദികസെമിനാരിയിൽനിന്നും പഠനം പൂർത്തിയാക്കി ബോംബെ ഭദ്രാസനത്തിലേക്ക് പുരോഹിതനായി നിയോഗിക്കപ്പെട്ടു. ഫാ. തോമസ് മാത്യു എന്ന പേര് സ്വീകരിച്ചു. M.G.O.C. SH-ന്റെ ബോംബെ ഭദ്രാസന വൈസ് പ്രസിഡന്റാണ്. പുതുപ്പള്ളി ഇഞ്ചക്കാട്ട് കുടുംബത്തിലെ പ്രഥമ വൈദികനാണ്.

മല്ലപ്പള്ളി പുല്ലിയിൽ കുര്യൻ ദാനിയേലിന്റെ മകൾ ഷിനുവിനെ വിവാഹം ചെയ്തു. BE.MBA ബിരുദധാരിയായ ഷിനു ബോംബെയിൽ കുടുംബവക കുര്യൻ ദാനിയേൽ പ്രോജക്ടിൽ H.R. ആയി ജോലിചെയ്യുന്നു. ഇവർക്ക് രണ്ട് മക്കൾ. മാത്യു തോമസ് (06-05-2009) എന്ന മകനും, സൂസന്ന തോമസ് (09-07-2014) എന്ന മകളും.

## II B-2 പോളച്ചിറ മാത്തുള മകൻ മത്തായി

മാത്തുളയുടെ രണ്ടാമത്തെ മകനാണ് മത്തായി. കൊല്ലവർഷം 1057 ചിങ്ങമാസം 15-ാം തീയതി ജനിച്ചു. കർഷകനായ മത്തായി നല്ല ക്ഷമാശീലനായി അറിയപ്പെട്ടിരുന്നു. വാകത്താനം പൂവത്തും മൂട്ടിൽ ഐപ്പിന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പ തികൾക്ക് ആറ് മക്കൾ. രണ്ട് ആൺമക്കളും നാല് പെൺമക്കളും. ചാണ്ടപ്പിള്ള, ഐപ്പ് എന്നിവരാണ് ആൺമക്കൾ. ശോശാമ്മ, ഏലി യാമ്മ, ചേച്ചമ്മ, അന്നമ്മ എന്നിവർ പെൺമക്കളും. മൂത്ത മകൾ ശോശാമ്മയെ തിരുവഞ്ചൂർ മുണ്ടക്കുന്നേലായ കളപ്പുരയ്ക്കൽ തോമ സിന്റെ മകൻ കുര്യൻ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ഏലി യാമ്മയെ മണർകാട് കിഴകക്കേടത്ത് കൊച്ചിന്റെ മകൻ കുഞ്ഞപ്പ നും, മൂന്നാമത്തെ മകൾ ചേച്ചമ്മ (കുഞ്ഞമ്മ)യെ തോട്ടയ്ക്കാട് കള പ്പുരയ്ക്കൽ ഐപ്പിന്റെ മകൻ മർക്കോസും, ഇളയമകൾ അന്നമ്മ (ചിന്നമ്മ)യെ തിരുവഞ്ചൂർ കിടങ്ങേത്ത് കുട്ടായിയുടെ മകൻ കുട്ട പ്പായിയും വിവാഹം ചെയ്തു. കുട്ടപ്പായിയും കുടുംബവും ഹൈദ രാബാദിലാണ് താമസം. അസുഖബാധിതനായ മത്തായി 58-ാം വയസ്സിൽ മലയാളമാസം 02-06-1115-ൽ മരിച്ചു. ഭാര്യ മറിയാമ്മ 1132 മിഥുനമാസം 25-ാം തീയതിയും മരിച്ചു. ഇരുവരേയും പുതുപ്പള്ളി ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IIB-2a പോളച്ചിറ മത്തായി മകൻ ചാണ്ടപ്പിള്ള

മത്തായിയുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ചാണ്ട പ്പിള്ള. 1078 മിഥുനം 15-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസ ത്തിനുശേഷം പിതാവിനൊപ്പം കാർഷികവൃത്തിയിലേർപ്പെട്ടു. തോട്ട യ്ക്കാട് പടിഞ്ഞാറ്റുകര യോനയുടെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് അഞ്ച് മക്കൾ. രണ്ട് ആൺമക്കളും മൂന്ന് പെൺമ ക്കളും. മത്തായി (കുട്ടായി), ജോൺ എന്നിവരാണ് ആൺമക്കൾ. മറിയാമ്മ (തങ്കമ്മ), അന്നാമ്മ (കുഞ്ഞന്നാമ്മ), ശോശാമ്മ (അമ്മി ണി) എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ തങ്കമ്മയെ ഇരവിന ല്ലൂർ പഴയതുരുത്തേൽ വറുഗീസിന്റെ മകൻ വറുഗീസ് (കുഞ്ഞൂഞ്ഞ്) വിവാഹം ചെയ്തു. ഇവർ തെക്കൻ പാമ്പാടി കാഞ്ഞിരക്കാട്ട് അടുത്ത് കൈതമറ്റത്ത് താമസിക്കുന്നു. രണ്ടാമത്തെ മകൾ കുഞ്ഞ ന്നാമ്മയെ വാകത്താനം തുഞ്ചത്ത് വർക്കിയുടെ മകൻ പത്രോസ് വിവാഹം ചെയ്തു. ഇളയ മകൾ അമ്മിണിയെ തെക്കേപ്പുറമ്പിൽ

അബ്രഹാമിന്റെ മകൻ ജയിക്കബ് വിവാഹം ചെയ്തു. ഇവർ പാലക്കാട് മണ്ണാർക്കാട് ആണ് താമസം. 10-04-1954-ൽ ചാണ്ടപ്പിള്ള മരിച്ചു. പുതുപ്പള്ളി വലിയ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## 2a-1 പോളച്ചിറ ചാണ്ടപ്പിള്ള മകൻ മത്തായി (കുട്ടായി)

ചാണ്ടപ്പിള്ളയുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് മത്തായി. കൊല്ലവർഷം 9-6-1109-ൽ ജനിച്ചു. S.S.L.C പാസ്സായ മത്തായി കർഷകനാണ്. അമ്മയോടൊപ്പം തറവാട്ടിലായിരുന്നു താമസം. കുമരംകോട് പള്ളിയുടെ നിർമ്മാണത്തിൽ നിസ്തുല പങ്കുവഹിച്ചു. പള്ളി ട്രസ്റ്റി, സെക്രട്ടറി, പ്രാർത്ഥനായോഗ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഉദരസംബന്ധമായ അസുഖംമൂലം 78-ാം വയസ്സിൽ 18-02-2008-ൽ മരിച്ചു. കുമരംകോട് മാർ ഗ്രിഗോറിയോസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

അരീപ്പറമ്പ് പുളിയായിൽ കോരയുടെ മകൾ മറിയാമ്മയാണ് മത്തായിയുടെ ഭാര്യ. ഇവർക്ക് മൂന്ന് മക്കൾ. രണ്ട് പെൺമക്കളും ഒരു മകനും. ലിസമ്മ (05-01-1962), ആൻസി (05-04-1969) എന്നീ രണ്ട് പെൺമക്കളും റയ്മോൻ (20-11-1975) എന്ന മകനും. മൂത്ത മകൾ ലിസമ്മയെ എടത്വാ ഊരാംവേലിൽ ചാക്കോയുടെ മകൻ ഷിബു വിവാഹം ചെയ്തു. ലിസമ്മ ബോംബെയിൽ ക്ലാർക്കായി ജോലി ചെയ്യുന്നു. ഷിബു ദുബായിലാണ്. ഇളയ മകൾ ആൻസിയെ വാകത്താനം വാഴയ്ക്കൽ തോമസിന്റെ മകൻ അനിൽ വിവാഹം ചെയ്തു.

## 2a-1a പോളച്ചിറ മത്തായി മകൻ റയ്മോൻ

മത്തായിയുടെ ഏക മകനാണ് റയ്മോൻ. എഞ്ചിനീയറിംഗിൽ ഡിപ്ലോമ കരസ്ഥമാക്കിയ റയ്മോൻ ദുബായിൽ ജോലി ചെയ്യുന്നു. ഒളശ കണ്ടുമുണ്ടാരിൽ രാജന്റെ മകൾ പ്രീതിയെ വിവാഹം ചെയ്തു. പ്രീതി ദുബായിൽ സ്റ്റാഫ് നഴ്സാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. എയ്ഡർ (20-09-2007), എഡ്വിൻ (23-10-2009).

## IIB-2a2 പോളച്ചിറ ചാണ്ടപ്പിള്ള മകൻ ജോൺ (പി.സി.ജോൺ)

ചാണ്ടപ്പിള്ളയുടെ ഇളയമകനാണ് ജോൺ. S.S.LC വിദ്യാഭ്യാസത്തിനുശേഷം വടവാതൂർ MRF-ൽ ഉദ്യോഗസ്ഥനായിരുന്നു. നല്ല കർഷകനാണ്. വാകത്താനം കാട്ടാമ്പാക്കൽ കുര്യന്റെ മകൾ ചിന്നമ്മയെ 06-09-1952-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട്

മക്കൾ. നിഷ (12-02-1979) എന്ന മകളും നിബു (11-05-1984) എന്ന മകനും. അയർലണ്ടിൽ സ്റ്റാഫ് നഴ്സായ നിഷയെ അടൂർ ലിറ്റി ഭവനിൽ ടൈറ്റസിന്റെ മകൻ ലിറ്റി വിവാഹം ചെയ്തു. ലിറ്റി അയർലണ്ടിൽ ജോലി ചെയ്യുന്നു.

## 2a2a പോളച്ചിറ പി.സി.ജോൺ മകൻ നിബു

ജോണിന്റെ ഏക മകനാണ് നിബു. S.S.L.C. യ്ക്കുശേഷം വടവാതൂർ MRFൽ ജോലി ചെയ്യുന്നു. തിരുവല്ല വളഞ്ഞവട്ടം താന്നിമൂട്ടിൽ ബിന്ദുവിനെ വിവാഹം ചെയ്തു. മക്കൾ അലോന, ജൂവൽ മോൻ.

## IIB-2b പോളച്ചിറ മത്തായി മകൻ ഐപ്പ് (26-02-1090)

മത്തായിയുടെ ഇളയ മകനാണ് ഐപ്പ്. 7-ാം ക്ലാസ് വിദ്യാഭ്യാസത്തിനുശേഷം പിതാവിനോടൊപ്പം കൃഷിയിൽ ഏർപ്പെട്ടു. സമയം ദുർവിനിയോഗം ചെയ്യാതെ കഠിനാധ്വാനം ചെയ്ത് മാതൃകാപരമായി ജീവിച്ചു. തറവാട് മൂത്ത സഹോദരന് കൊടുത്തശേഷം വേലിക്കകത്ത് പുരയിടത്തിൽ തെക്കേഭാഗത്ത് വീടുവച്ച് താമസിച്ചു.

കുറിച്ചി, കൊച്ചില്ലം പീടികപ്പറമ്പിൽ കോരയുടെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മത്തായി (കുഞ്ഞ്), കോര (അവറാച്ചൻ) എന്നീ ആൺമക്കളും മറിയാമ്മ (കുഞ്ഞമ്മ) എന്ന മകളുമടക്കം മൂന്നു മക്കൾ. ഏക മകൾ കുഞ്ഞമ്മയെ കുമരകം പള്ളത്തുശ്ശേരിയിലായ പുത്തൻപറമ്പിൽ വർക്കിയുടെ മകൻ ഫിലിപ്പ് വിവാഹം ചെയ്തു. ഫിലിപ്പ് കാൺപൂരിൽ റബ്ബർ വ്യവസായം നടത്തുന്നു. വടവാതൂരിൽ സ്വന്തമായി സ്ഥലവും പുരയിടവും ഉണ്ട്.

## 2b-1 പോളച്ചിറ ഐപ്പ് മകൻ മത്തായി (കുഞ്ഞ്) (27-11-1114)

ഐപ്പിന്റെ മൂത്ത മകനാണ് മത്തായി. MCom ന് ശേഷം LLB പാസ്സായി. അമേരിക്കയിലെ കാലിഫോർണിയായിൽ DSP ഓഫീസിൽ അക്കൗണ്ടന്റായിരുന്നു. എറികാട് ചിറയ്ക്കൽ വർക്കിയുടെ മകൾ ഏലിയാമ്മയെ 12-07-1115-ൽ വിവാഹം ചെയ്തു. ഏലിയാമ്മ അമേരിക്കയിൽ മെഡിക്കൽ ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥയായിരുന്നു. ഇവരുടെ ഏക മകളാണ് എലിശബേത്ത് (24-01-1976). എലിശബേത്ത് (മായാമോൾ) നെ അമേരിക്കയിൽ താമസക്കാരനായ മല്ലപ്പള്ളി ആനിക്കാട് കരിയാമ്മനാൽ നൈനാന്റെ മകൻ എബി നൈനാൻ വിവാഹം ചെയ്തു. ഇരുവരും കാലിഫോർണിയായിൽ

ജോലിചെയ്യുന്നു. മത്തായി 2016 നവംബർ 9-ാം തീയതി കാലി ഫോർണിയായിൽവച്ച് ഹൃദയാഘാതം മൂലം നിര്യാതനായി. ലോസ് ഏഞ്ചൽസ് സെന്റ് മേരീസ് പള്ളിയിൽ 2016 നവംബർ 16-ന് സംസ്കരിച്ചു.

## 2b-2 പോളച്ചിറ ഐപ്പ് മകൻ കോര (അവറാച്ചൻ)(21-03-1125)

ഐപ്പിന്റെ ഇളയമകനാണ് അവറാച്ചൻ. MCom ബിരുദധാരി യാണ്. ഷിക്കാഗോ യൂണിവേഴ്സിറ്റിയിൽ അക്കൗണ്ടന്റായിരുന്നു. പരിയാരം തെക്കേപ്പറമ്പിൽ അബ്രഹാമിന്റെ മകൾ സാറാമ്മയെ 8-06-1126-ൽ വിവാഹം ചെയ്തു. സാറാമ്മ (ലീലാമ്മ) ഷിക്കാഗോ യിൽ മെഡിക്കൽ ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥയായിരുന്നു. ഇരു വരും സർവ്വീസിൽനിന്നും വിരമിച്ച് വിശ്രമജീവിതം നയിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ. ക്രിസ്റ്റീനാ (എലിസബേത്ത് 28-8-1980), ജൂലി (ലിസബേത്ത് 02-06-1982), ജനി (മറിയാമ്മ 26-03 -1988). മൂത്തമകൾ ക്രിസ്റ്റീനായെ അടൂർ പറുങ്കിമാവ് വിളയിൽ ജോൺ ഫിലിപ്പോസിന്റെ മകൻ സുനിൽ വിവാഹം ചെയ്തു. ഇളയ മകൾ ജനിയെ ചേപ്പാട് സ്വദേശി കെ.പി. യോഹന്നാന്റെ മകൻ ലജു യോഹന്നാൻ വിവാഹം ചെയ്തു. ഇരുവരും അമേരിക്കയിലാണ്.

പോളച്ചിറ ഭാഗത്തുള്ള നമ്മുടെ വീട്ടുകാർകൂടി താല്പര്യമെ ടുത്തു സ്ഥാപിച്ചിട്ടുള്ളതാണ് കുമരംകോട് മാർ ഗ്രിഗോറിയോസ് പള്ളി. പി.എം. ഐപ്പിന്റെ ഭവനത്തിൽ സൺഡേസ്കൂൾ ആരംഭി ക്കുകയും പിന്നീട് കുമരംകോട്ടേയ്ക്ക് മാറ്റുകയും ചെയ്തു. പുതു പ്പള്ളി വലിയപള്ളിയുടെ ഒരു ശാഖ സൺഡേസ്കൂൾ ആയിരുന്നു. സൺഡേസ്കൂൾ കെട്ടിടം 1976-ൽ കോട്ടയം ഭദ്രാസനത്തിന്റെ പാറാട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനി കൂദാശ ചെയ്ത് പള്ളി യായി അംഗീകരിച്ചു. ഐപ്പിന്റെ മകൻ പി.ഐ മത്തായി ആദ്യ കൈക്കാരന്മാരിൽ ഒരാളായിരുന്നു. പള്ളിയുടെ പുരോഗതിക്കു വേണ്ടി ഈ കുടുംബാംഗങ്ങൾ വളരെ സഹായ സഹകരണങ്ങൾ നൽകിയിട്ടുണ്ട്.

## II B -3 പോളച്ചിറ മാത്തുള മകൻ കോര

മാത്തുളയുടെ ഇളയ മകനാണ് കോര. കൗമാരപ്രായത്തിൽ മരിച്ചു.

## III ഇഞ്ചക്കാട്ട് മാത്തുള മകൻ മാത്തുള

ഇഞ്ചക്കാട്ട് കുടുംബത്തിന്റെ പൂർവ്വപിതാവായ മാത്തുളയുടെ ഇളയമകനാണ് മാത്തുള. പുതുപ്പള്ളി അങ്ങാടിക്ക് അല്പം പടിഞ്ഞാറായി മാത്തുള താമസിച്ചു. പടിഞ്ഞാറേ ഇഞ്ചക്കാട്ട് എന്ന് അറിയപ്പെട്ടു. മാത്തുളയ്ക്ക് മൂന്ന് മക്കൾ. രണ്ട് പെൺമക്കളും ഒരു മകനും. ഏക മകനാണ് വറുഗീസ്.

## III A പടിഞ്ഞാറേ ഇഞ്ചക്കാട്ട് മാത്തുള മകൻ വറുഗീസ്

മാത്തുളയുടെ ഏക മകനാണ് വറുഗീസ്. ഇദ്ദേഹത്തിന് അഞ്ച് മക്കൾ. വർക്കി എന്ന മകനും അന്നമ്മ, മറിയാമ്മ, ഏലിയാമ്മ, ശോശാമ്മ എന്നീ നാല് പെൺമക്കളും. മൂത്തമകൾ അന്നമ്മയെ പാമ്പാടി കണ്ണന്താനത്തും, രണ്ടാമത്തെ മകൾ മറിയാമ്മയെ വെള്ളൂർ വട്ടമലയിലും, മൂന്നാമത്തെ മകൾ ഏലിയാമ്മയെ കഞ്ഞിക്കുഴി വഴിയിൽ വീട്ടിലും, ഇളയമകൾ ശോശാമ്മയെ പുതുപ്പള്ളി കൊച്ചുപള്ളിക്കുന്നേൽ പുന്നൂസും വിവാഹം ചെയ്തു.

## III A.1 പടിഞ്ഞാറേ ഇഞ്ചക്കാട്ട് വറുഗീസ് മകൻ വർക്കി

വറുഗീസിന്റെ ഏക മകനാണ് വർക്കി. മുണ്ടകപ്പാടത്ത് പ്ലാച്ചേരിൽ ഇളച്ചിയമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ വർക്കിക്ക് ഒരു മകൾ ജനിച്ചു. അന്നമ്മ. ആറേഴു വർഷങ്ങൾക്ക് ശേഷം ഇളച്ചിയമ്മ മരിച്ചു. ഏക മകൾ അന്നമ്മയെ ഇരവിനല്ലൂർ കടിയാംതുരുത്തിലായ കുളുമ്പിത്തടത്തിൽ വറുഗീസ് വിവാഹം ചെയ്തു. അന്നമ്മ-വറുഗീസ് ദമ്പതികൾക്ക് ചിന്നമ്മ, ശോശാമ്മ, മറിയാമ്മ എന്നീ മൂന്ന് പെൺമക്കളും ജോർജ്ജ് എന്ന മകനുമടക്കം നാല് മക്കൾ. വർക്കി തന്റെ ആദ്യഭാര്യ ഇളച്ചിയമ്മയുടെ മരണശേഷം വാകത്താനം പുത്തൻപുരയ്ക്കൽ അന്നമ്മയെ പുനർവിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ കുട്ടികൾ ഇല്ലാതിരുന്നതിനാൽ ആദ്യ ദാമ്പത്യത്തിലെ മകൾ അന്നമ്മയുടെ ഭർത്താവ് വറുഗീസിനെ ദത്തുപുത്രനായി സ്വീകരിച്ച് കുടുംബാവകാശിയാക്കി. വർക്കിയും ഭാര്യ അന്നമ്മയും പെണ്ണമ്മ എന്ന കുട്ടിയെ വളർത്തുമകളായി സ്വീകരിച്ചു. വർക്കിയുടെ അനന്തരവനായ കൊച്ചുപള്ളിക്കുന്നേൽ മത്തായി പെണ്ണമ്മയെ വിവാഹം ചെയ്തു. 94-ാമത്തെ വയസ്സിൽ വർക്കി മരിച്ചു. ഭാര്യ അന്നമ്മ വളർത്തുമകളായ പെണ്ണമ്മയുടെ കാനത്തുള്ള വസതിയിൽ വച്ച് 80-ാം വയസ്സിൽ മരിച്ചു.

## III A-1a പടിഞ്ഞാറേ ഇഞ്ചക്കാട്ട് വറുഗീസ് മകൻ ജോർജ്ജ്

വർക്കിയുടെ ഏക മകൾ അന്നമ്മ-വറുഗീസ് ദമ്പതികളുടെ ഏക മകനാണ് ജോർജ്ജ്. തയ്യലായിരുന്നു തൊഴിൽ. വെള്ളുക്കുട്ട പൊടിമറ്റത്തിൽ ഏലിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതി കൾക്ക് എട്ട് മക്കൾ. നാല് ആൺമക്കളും, നാല് പെൺമക്കളും. സണ്ണി, കരുവിള, വർക്കി, ഉതുപ്പ് എന്നിവരാണ് ആൺമക്കൾ. ബേബി ക്കുട്ടി, അമ്മിണി, സൂസി, ലാലി എന്നിവരാണ് പെൺമക്കൾ. മൂത്ത മകൾ ബേബിക്കുട്ടിയെ എറണാകുളത്ത് വിവാഹം ചെയ്തയച്ചു. ജോൺ ആണ് ഭർത്താവ്. രണ്ടാമത്തെ മകൾ അമ്മിണിയെ കൂരോ പ്പട കീച്ചേരി യോഹന്നാൻ വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ സൂസിയെ കൊല്ലാട് പുളിമൂട്ടിൽ അനിയൻ വിവാഹം ചെയ്തു. ഇളയ മകൾ ലാലിയെ കൊല്ലത്ത് വിവാഹം ചെയ്തയച്ചു. ജോർജ്ജ് 2000-മെയ് മാസത്തിൽ മരിച്ചു.

## III A-Ia-1 പടിഞ്ഞാറേ ഇഞ്ചക്കാട്ട് ജോർജ്ജ് മകൻ സണ്ണി

ജോർജ്ജിന്റെ മൂത്തമകനാണ് സണ്ണി. പുനലൂർ നിവാസിയായ ലില്ലിയാണ് ഭാര്യ. ഒരു മകൾ. സീമ. സണ്ണി മരിച്ചു.

## III A-1 a2 പടിഞ്ഞാറേ ഇഞ്ചക്കാട്ട് ജോർജ്ജ് മകൻ കുരുവിള (തമ്പാൻ)

ജോർജ്ജിന്റെ രണ്ടാമത്തെ മകനാണ് കുരുവിള. പയ്യപ്പാടി മല്ല ത്തറ വീട്ടിൽ വർക്കി - കുഞ്ഞമ്മ മകൾ ഗ്രേസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. സിബി, ബിബിൻ. ഇരുവരും വിദ്യാർത്ഥികളാണ്.

## III A-1a3 പടിഞ്ഞാറേ ഇഞ്ചക്കാട്ട് ജോർജ്ജ് മകൻ വർക്കി

ജോർജ്ജിന്റെ മൂന്നാമത്തെ മകനാണ് വർക്കി. കൗമാരപ്രായ ത്തിൽ മരിച്ചു.


## III A-1a4 പടിഞ്ഞാറേ ഇഞ്ചക്കാട്ട് ജോർജ്ജ് മകൻ ഉതുപ്പ് (ഷാജി)

ജോർജ്ജിന്റെ ഇളയമകനാണ് ഉതുപ്പ്. പുത്തൻകണ്ടത്തിൽ റോഷ്നിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് പെൺമ ക്കൾ. ജാൻസി, ജിൻസി. ഷാജി മാതാവിനൊപ്പം തറവാട്ടിൽ താമ സിക്കുന്നു.

# മറ്റത്തിൽ



വർക്കി കുര്യൻ



കുര്യൻ കുര്യൻ
(കുഞ്ഞൂഞ്ഞ്)



എം. കെ. കുര്യൻ
ഭാര്യ തെയ്യാമ്മ
മകൻ ജിമ്മിയും
കുടുംബവും



കുര്യനും കുടുംബവും
(മണക്കടവ്)

# മറ്റത്തിൽ



ദേവസ്യയും ഭാര്യ ചിന്നമ്മയും കുടുംബവും (മണക്കടവ്)



വർക്കിയും (വക്കച്ചൻ) കുടുംബവും (വെള്ളികുളം)

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



റ്റി.എ. മാത്തൻ (കൊച്ചിക്ക)
ഭാര്യ ശോശാമ്മ



റ്റി. എം. എബ്രഹാമും
(അച്ചൻകുഞ്ഞ്)
കുടുംബവും



റ്റി. എം. മാത്യുവും
(ബേബി)
കുടുംബവും

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



സി. എം. ഐപ്പും (കുഞ്ഞുമോൻ) കുടുംബവും

ജോർജ് മാത്യുവും (ജോർജുകുട്ടി) കുടുംബവും





റ്റി. എ. മാണി



എ. സി. ജോണും കുടുംബവും

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



റ്റി. എ. വർക്കി



എബ്രഹാം ഇ. ജോർജ് (മോൻ) കുടുംബവും



വി. റ്റി. ഇസ്രായേൽ
ഭാര്യ അമ്മിണി

വി. ഇ. തോമസും
കുടുംബവും



# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



വി. റ്റി. തോമസ്
ഭാര്യ പത്മാവതി അമ്മ
(മണി ടീച്ചർ)



തോമസ് വി. തോമസും
കുടുംബവും



ജേക്കബ് വി. തോമസും
കുടുംബവും



വി. റ്റി. ശാമുവൽ ഭാര്യ
സാവിത്രി മകൻ
ഡോ. തോമസ് ശാമുവൽ


# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



ജോൺ കോശി (കുഞ്ഞൂഞ്ഞ്)
ഭാര്യ ബേബി



കോശി ജോണും
(മോനിച്ചൻ) കുടുംബവും



സാജു കോശിയും കുടുംബവും



മാത്യു കോശിയും (ബിജു)
കുടുംബവും

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



കെ. ചെറിയാനും
(അനിയാച്ചൻ)
കുടുംബവും



ജെ. തോമസ് (കുഞ്ഞ്) ഭാര്യ അച്ചാമ്മ മകൻ ബിനുവും കുടുംബവും



ജേക്കബ് ജോൺ ഭാര്യ
ലീലാമ്മയും മകൻ ജോൺ
ജേക്കബും (ജോജോ)
കുടുംബവും

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



എം. തോമസ് (ഓദമൻ)



തോമസ് മാത്യു (ബേബിച്ചൻ)

ബേബിച്ചൻ ഭാര്യ ശാന്തമ്മ
മകൻ മോൻസി മാത്യുവും
കുടുംബവും





മാത്യു ഉമ്മൻ ഭാര്യ
കുഞ്ഞമ്മ മകൻ
കരുണും
(കൊച്ചുമോൻ)
കുടുംബവും

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



എൻ. വി. വർഗ്ഗീസ് (കുഞ്ഞൂഞ്ഞുകുട്ടി) ഭാര്യ പൊന്നമ്മ മകൻ ഷാജി



എൻ. ജെ. ആൻഡ്രൂസ് (പാപ്പച്ചൻ) ഭാര്യ ലീലാമ്മ മകൻ ജോണും കുടുംബവും



എൻ. ജെ. വർഗീസ് (അച്ചൻകുഞ്ഞ്) ഭാര്യ അമ്മിണിയും മക്കളും


# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



എൻ. ജെ. മാത്യു (ബേബിച്ചൻ) ഭാര്യ കുഞ്ഞുമോളും കുടുംബവും



വർക്കി
ഭാര്യ അന്നമ്മ



അന്ത്രയോസ്
മകൾ മിമി

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



ഇ. വി. ജോൺ (ജോയി)
ഭാര്യ മോളിക്കുട്ടി



ഇ. വി. ജോർജ് ഭാര്യ കുഞ്ഞുമോളും കുടുംബവും



വർഗ്ഗീസ് (കുഞ്ഞ്)
ഭാര്യ മോളി

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



വർഗ്ഗീസ് മകൻ ഷാജിയും
കുടുംബവും



വർഗ്ഗീസ് മകൻ ഷിബുവും
കുടുംബവും



വർഗ്ഗീസ് മകൻ ബൈജുവും
കുടുംബവും

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



ഇ. എ. തോമസ് ഭാര്യ പൊന്നമ്മ മകൻ സാബുവും കുടുംബവും



ഇ. എ. ജോൺ ഭാര്യ അശ്വതിയും കുടുംബവും

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



ഉലഹന്നാൻ
(കൊച്ചുകൊച്ച്)



ഇ. ജെ. ആൺഡ്രൂസും
(അച്ചൻകുഞ്ഞ്) കുടുംബവും



ജേക്കബ് (സണ്ണി)
ഭാര്യ മോളി മകൻ റിച്ചു

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



ജോർജ് ഭാര്യ ഏലിയാമ്മ മകൻ
ഷാജിയും കുടുംബവും



കുരുവിള ഭാര്യ ഗ്രേസി മക്കൾ സിബി, ജിബി

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



റ്റി. എം. ജോർജ് ഭാര്യ ഗ്രേസിയും കുടുംബവും

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)





റ്റി. എം. ഏബ്രഹാം (ജോയി)
ഭാര്യ ഏലിയാമ്മ മകൻ ജോമോനും കുടുംബവും

# പുതുപ്പള്ളി ഇഞ്ചക്കാട്ട് (പോളച്ചിറ)



കുര്യൻ മകൻ
ജോസഫും
കുടുംബവും



കുര്യൻ മകൻ കോരയും
(പാപ്പച്ചി) കുടുംബവും



കുര്യൻ മകൻ
പി. കെ. വർക്കിയും
(തങ്കച്ചൻ)
കുടുംബവും

# പുതുപ്പള്ളി ഇഞ്ചക്കാട്ട് (പോളച്ചിറ)



കുര്യൻ ഭാര്യ കുഞ്ഞമ്മ



കുര്യൻ മകൻപി. കെ. മാത്യുവും
(കുഞ്ഞൂഞ്ഞുകുട്ടി) കുടുംബവും

# പുതുപ്പള്ളി ഇഞ്ചക്കാട്ട് (പോളച്ചിറ)



പി. സി. വർക്കി ഭാര്യ അന്നമ്മ കൊച്ചുമക്കൾ അജയ്, അജിത്ത്




കോര ഭാര്യ
അന്നമ്മ



പി.കെ. വർക്കി (പാപ്പച്ചൻ)
ഭാര്യ കുഞ്ഞമ്മ

# പുതുപ്പള്ളി ഇഞ്ചക്കാട്ട് (പോളച്ചിറ)



സാജൻ പി. വർക്കിയും കുടുംബവും



സജി പി. വർക്കിയും കുടുംബവും



പി.കെ. കുരുവിളയും (കുട്ടച്ചൻ) കുടുംബവും

# പുതുപ്പള്ളി ഇഞ്ചക്കാട്ട് (പോളച്ചിറ)



പി.കെ. മത്തായി
(അച്ചൻകുഞ്ഞ്)
ഭാര്യ സൂസമ്മ



റവ. ഫാ. തോമസ്
മത്തായിയും
കുടുംബവും



പി. സി. മത്തായി (കുട്ടായി)
ഭാര്യ മറിയാമ്മയും
കുടുംബവും

# ഇഞ്ചക്കാട്ട് (പുതുപ്പള്ളി)



പി. സി. ജോൺ ഭാര്യ ചിന്നമ്മ



നിബു ജോണും കുടുംബവും



അഡ്വ. പി. ഐ. മത്തായി
ഭാര്യ ഏലിയാമ്മ



പി. ഐ. കോര (അവറാച്ചൻ)
ഭാര്യ സാറാമ്മ

# 12

# കൊടുവയലിൽ

പൂഞ്ഞാർ ഇഞ്ചക്കാട്ടു കുടുംബത്തിൽ നിന്നും പുതുപ്പള്ളിയിൽ എത്തിയ മാത്തുള, ഉതുപ്പ് സഹോദരന്മാരിൽ ഉതുപ്പ് 1810-ൽ തോട്ടയ്ക്കാട്ട് പരിയാരം കരയിലെ കൊടുവയൽ ഭാഗത്ത് വന്നു താമസമാക്കി. ഇദ്ദേഹം മണർകാട് കല്ലക്കടമ്പിൽ മാണിയുടെ മകൾ അന്നാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് അഞ്ച് ആൺമക്കളുണ്ടായിരുന്നു. ഈ അഞ്ചുപേരുടെ സന്താനപരമ്പരയിൽ പെട്ടവരാണ് ഇന്നത്തെ കൊടുവയലിൽ കുടുംബക്കാർ. ഇവരുടെ വംശാവലി ഇപ്പോൾ എട്ടാം തലമുറയിൽ എത്തിനിൽക്കുന്നു. ഈ വംശാവലിയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണം നിലവിൽ നൂറിലധികമായിട്ടുണ്ട്.

### G. I ഉലഹന്നൻ ഉതുപ്പിന്റെ കുടുംബം

ഇദ്ദേഹം ദീർഘകായനും, നല്ല ആരോഗ്യവാനും ധീരനും ആയിരുന്നു. അതുകൊണ്ടുതന്നെ തദ്ദേശവാസികൾ അദ്ദേഹത്തെ ആദരവോടും ബഹുമാനത്തോടും സ്വീകരിച്ചിരുന്നു. തന്മൂലം കൊടുവയലിൽ കുടുംബത്തിന് ഒരു നല്ല പേരും പെരുമയും ഉണ്ടാക്കിയെടുക്കുവാൻ ഇദ്ദേഹത്തിന് കഴിഞ്ഞിരുന്നു. മണർകാട് കല്ലക്കടമ്പിൽ മാണിയുടെ മകൾ അന്നമ്മയാണ് ഭാര്യ. ഇവർ നല്ല കാര്യപ്രാപ്തിയുള്ള ഒരു സ്ത്രീയായിരുന്നു. ഇവർക്ക് ഉലഹന്നാൻ, മാണി, മാത്തൻ, ഉതുപ്പ്, വർക്കി എന്നിങ്ങനെ അഞ്ച് ആൺമക്കളും നാല് പെൺമക്കളും ഉണ്ടായിരുന്നു. പെൺമക്കളിൽ ഒരാളെ പുതുപ്പള്ളി പെരുമ്പഴമൂലയിലും ഒരാളെ മീനടത്ത് പ്ലാക്കിയിലും, ഒരാളെ അഞ്ചേരി ഇയ്യാടിയിലും ഒരാളെ മീനടത്തു കട്ടയിലും വിവാഹം കഴിപ്പിച്ചു.

മീനടത്ത് പ്ലാക്കിയിൽ വിവാഹം കഴിച്ച സഹോദരിയുടെ ഭർത്താവ് അകാലത്തിൽ നിര്യാതനായതിനെത്തുടർന്ന് സഹോദരിയേയും പുത്രനേയും തറവാട്ടിൽ കൊണ്ട് താമസിപ്പിക്കുകയും പിന്നീട് കുടുംബംവക കിഴക്കേക്കര പുരയിടത്തിൽ മാറ്റിപ്പാർപ്പി

ക്കുകയും ചെയ്തു. അവർ കൊടുവയലിൽ കിഴക്കേക്കര എന്നപേരിൽ അറിയപ്പെടുന്നു. ഇപ്പോൾ നമ്മോടൊപ്പം പരസ്പര സ്നേഹ സൗഹാർദ്ദ സാഹോദര്യ ബന്ധത്തിൽ കഴിയുന്നു.

(പെൺമക്കളുടെ പേരുകളും, വിവാഹം കഴിച്ചവരുടെ പേരുകളും ലഭ്യമല്ല)

ആൺ മക്കളിൽ മൂത്തയാൾ ഉലഹന്നാൻ കണ്ണൻ തുരുത്തിലും, രണ്ടാമൻ മാണി പുത്തൻപുരയിലും മൂന്നാമൻ മാത്തൻ മണലേലും നാലാമൻ ഉതുപ്പ് ചെത്തിക്കുളത്തും അഞ്ചാമൻ വർക്കി തറവാട്ടു വീടായ കൊടുവയലിലും താമസിച്ചു. അങ്ങനെ കൊടുവയലിൽ കുടുംബത്തിന് അവരവരുടെ വീട്ടുപേരിൽ കണ്ണൻതുരുത്തിൽ, പുത്തൻപുരയിൽ, മണലേൽ, ചെത്തിക്കുളത്ത്, കൊടുവയലിൽ എന്നിങ്ങനെ 5 ശാഖകളുണ്ടായി. ഈ ദമ്പതികൾ വാർദ്ധക്യത്തിൽ മരിച്ചു.. പുതുപ്പള്ളി പള്ളിയിൽ അടക്കപ്പെട്ടു.

## കണ്ണൻതുരുത്തിൽ ശാഖ

### 1 G. II. 1 കണ്ണൻതുരുത്തിൽ ഉലഹന്നാന്റെ കുടുംബം

ഒന്നാം തലമുറ ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ മൂത്തപുത്രൻ സാമാന്യ വിദ്യാഭ്യാസം. കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചു. കണ്ണൻ തുരുത്തിൽ പുരയിടത്തിൽ താമസമാക്കി. വാകത്താനം വള്ളിക്കാട്ടു മൂലയിൽ പഴഞ്ചിറ വർക്കി മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഉതുപ്പ്, കൊച്ചുവർക്കി, ഉലഹന്നാൻ എന്നിങ്ങനെ 3 ആൺമക്കളും ആച്ചിയമ്മ, ഏലിയാമ്മ എന്ന് 2 പെൺ മക്കളും ഉണ്ടായി. ആച്ചിയമ്മയെ താഴത്തങ്ങാടി കുരിശുംമൂട്ടിലും ഏലിയാമ്മയെ കാരാപ്പുഴ പുത്തൻപുരയ്ക്കലും വിവാഹം കഴിച്ചയച്ചു. മാർ അപ്രേം പള്ളി സ്ഥാപിക്കുന്നതിൽ മുൻകൈ എടുത്തവരിൽ പ്രമുഖൻ ആയിരുന്നു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

### 2 G. III. 1 കണ്ണൻതുരുത്തിൽ ഉതുപ്പിന്റെ കുടുംബം

രണ്ടാം തലമുറ ഉലഹന്നാൻ-ഏലിയാമ്മ ദമ്പതികളുടെ മൂത്ത പുത്രൻ. സാമാന്യവിദ്യാഭ്യാസം. കിളിരൂർ ചേരിക്കൽ ഉതുപ്പ് മകൾ അന്നാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ഉലഹന്നാൻ, ഉതുപ്പ്, അബ്രഹാം, സ്കറിയ എന്നിങ്ങനെ 4 ആൺമക്കളും മറിയാമ്മ,

അന്നമ്മ, സാറാമ്മ, ശോശാമ്മ എന്ന് 4 പെൺമക്കളും ഉണ്ടായി. മറി യാമ്മയെ മുട്ടം മേച്ചേരിൽ മാത്തൻ മകൻ തൊമ്മിയും, അന്നമ്മയെ കുഴിമറ്റം പട്ടശ്ശേരിൽ വർഗീസും, സാറാമ്മയെ മണർകാട് ചോറാ റ്റിൽ വർക്കിയും, ശോശാമ്മയെ നാലുന്നാക്കൽ മൂലയിൽ വർഗീസും വിവാഹം ചെയ്തു. ഉതുപ്പും അന്നാമ്മയും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

### 3 G. III. 2 കണ്ണൻതുരുത്തിൽ കൊച്ചുവർക്കിയുടെ കുടുംബം

ഉലഹന്നാൻ-ഏലിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. സാമാന്യവിദ്യാഭ്യാസം. പാമ്പാടി ചേനേപ്പറമ്പിൽ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് യാക്കോബ് എന്നൊരു മകനും കുട്ടി യമ്മ, മറിയക്കുട്ടി എന്ന് രണ്ട് പെൺമക്കളും ഉണ്ടായി. കുട്ടിയമ്മയെ തോട്ടയ്ക്കാട്ട് കൊച്ചുവീട്ടിലും മറിയക്കുട്ടിയെ മണർകാട് ആലയ്ക്ക പ്പറമ്പിലും വിവാഹം കഴിച്ചയച്ചു. യാക്കോബ് വിവാഹിതനായി മക്കളില്ലാതെ മരിച്ചു. ഭാര്യ പുനർ വിവാഹിതയായി പോയി. ഇവർ ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർഅപ്രേം പള്ളിയിൽ അടക്ക പ്പെട്ടു.

### 4 G. III. 3 കണ്ണൻതുരുത്തിൽ ഉലഹന്നാന്റെ (അക്കര അപ്പൻ) കുടുംബം

രണ്ടാം തലമുറ ഉലഹന്നാൻ-ഏലിയാമ്മ ദമ്പതികളുടെ മൂന്നാ മത്തെ പുത്രൻ. സാമാന്യ വിദ്യാഭ്യാസം. മീനടം പുഞ്ചാൽ ചാണ്ടി യുടെ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്കു മക്കളില്ല. വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്ക പ്പെട്ടു.

### 5 G. IV. 1 കണ്ണൻതുരുത്തിൽ ഉലഹന്നാന്റെ (വലിയകൊച്ച്) കുടുംബം

മൂന്നാം തലമുറ കണ്ണൻതുരുത്തിൽ ഉതുപ്പിന്റെയും അന്നമ്മ യുടെയും മൂത്തപുത്രൻ. സാമാന്യ വിദ്യാഭ്യാസം. തിരുവാർപ്പ് മണ ലേൽ ഉലഹന്നാൻ മകൾ അക്കാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഉതുപ്പ്, ഉലഹന്നാൻ എന്ന് രണ്ട് ആൺ മക്കളും ഏലിയാമ്മ, അന്നാ മ്മ, അച്ചാമ്മ എന്ന് 3 പെൺമക്കളും ഉണ്ടായി. ഏലിയാമ്മയെ വേളൂർ വാണിയപുരയ്ക്കൽ ഏലിയാസും, അന്നാമ്മയെ വാകത്താനം കൊച്ചുപിലാപ്പറമ്പിൽ പീലിപ്പോസും അച്ചാമ്മയെ എറികാട് മഞ്ഞാ

ക്കിയിൽ തോമസ്സും വിവാഹം കഴിച്ചു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 6 G. IV. 2 കണ്ണൻതുരുത്തിൽ ഉതുപ്പിന്റെ കുടുംബം

മൂന്നാം തലമുറ ഉതുപ്പിന്റേയും അന്നമ്മയുടെയും രണ്ടാമത്തെ പുത്രൻ. കണ്ണൻതുരുത്തിൽ താമസിച്ചു. മീനടത്തു പുഞ്ചാൽ ചാണ്ടി മകൾ അക്കാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക്, ഉതുപ്പ്, ചാണ്ടി എന്ന് 2 ആൺ മക്കളും അന്നാമ്മ, ഏലിയാമ്മ, മറിയാമ്മ, സാറാമ്മ എന്ന് 4 പെൺമക്കളും ഉണ്ടായി. ഇവരിൽ അന്നാമ്മയെ എറികാട് ചിറക്കിയിൽ പൗലോസും, ഏലിയാമ്മയെ തോട്ടയ്ക്കാട് തകിടിയേൽ കുരുവിളയും, മറിയാമ്മയെ നീലിമംഗലം പാഴൂർ മാണിയും, സാറാമ്മയെ എറികാട് വടക്കേക്കര കുഞ്ഞച്ചനും വിവാഹം കഴിച്ചു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേംപള്ളിയിൽ അടക്കപ്പെട്ടു.

## 7 G. IV. 3 കണ്ണൻതുരുത്തിൽ അബ്രഹാമിന്റെ (കൊച്ചൂട്ടി) കുടുംബം

മൂന്നാം തലമുറ ഉതുപ്പിന്റേയും അന്നമ്മയുടേയും മൂന്നാമത്തെ പുത്രൻ. കോളജ് വിദ്യാഭ്യാസം നേടി. 1914-ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ അദ്ദേഹം പട്ടാളത്തിൽ ചേർന്ന് ബാംഗ്ലൂരിൽ സേവനം അനുഷ്ഠിച്ചു. 1918-ൽ യുദ്ധം അവസാനിച്ചപ്പോൾ പിരിഞ്ഞുപോന്നു. പിന്നീട് കൊല്ലത്ത് കമ്പിനിയിൽ ജോലി ചെയ്തു. 1941-ൽ കൊല്ലത്തെ ജോലി ഉപേക്ഷിച്ച് ഗുജറാത്തിൽ സിദ്പൂരിൽ ഒരു കോട്ടൺ മില്ലിൽ എൻജിനീയറായി ജോലി അനുഷ്ഠിച്ചു. 1946-ൽ അവിടെനിന്നും ജോലി ഉപേക്ഷിച്ച് നാട്ടിൽ വന്ന് താമസിച്ചു. ഓത്താപ്പറമ്പിൽ വർക്കി മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഉതുപ്പ് എന്ന ഏകമകനും ആച്ചിയമ്മ, മറിയാമ്മ എന്ന് രണ്ട് പെൺ മക്കളും ഉണ്ടായി. ആച്ചിയമ്മയെ വെള്ളുക്കുട്ട പുത്തൻപറമ്പിൽ കൊച്ചും മറിയാമ്മയെ കൊല്ലാട്ട് കൊടുവത്ത് തോമസും വിവാഹം കഴിച്ചു. മാർ അപ്രേം പള്ളി കൈക്കാരനായി പ്രവർത്തിച്ചു. വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

| | | |
|---|---|---|
| Date of death | Abraham | 1952-April 30 |
| | Mariyamma | 1946-April 1 |

## 8 G. IV. 4 കണ്ണൻതുരുത്തിൽ സ്കറിയായുടെ കുടുംബം

മൂന്നാംതലമുറ ഉതുപ്പിന്റേയും അന്നമ്മയുടേയും നാലാമത്തെ പുത്രൻ കണ്ണൻ തുരുത്തിൽ താമസിച്ചു. കൃഷിയായിരുന്നു തൊഴിൽ. അയ്മനം ചെറുകൊമ്പിൽ ചെറിയാൻ മകൾ അച്ചാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജോസഫ് എന്ന ഏകമകനും അന്നാമ്മ, അച്ചാമ്മ, ഏലിയാമ്മ എന്ന് മൂന്ന് പെൺമക്കളും ഉണ്ടായി. ഇവരിൽ അന്നാമ്മയെ എറികാട് പുളിന്തറക്കുന്നേൽ ഉലഹന്നാൻ മകൻ ചാണ്ടിയും, അച്ചാമ്മയെ മീനടം കുറിയന്നൂർ ഫീലിപ്പോസ് മകൻ തോമസും (കൊച്ച്), ഏലിയാമ്മയെ വാകത്താനം പള്ളിക്കപ്പറമ്പിൽ മാണി മകൻ കോരയും വിവാഹം കഴിച്ചു. മാർ അപ്രേം പള്ളി കൈക്കാരനായി പ്രവർത്തിച്ചു. വാർദ്ധകൃത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

| | | |
|---|---|---|
| Date of death | Skariah | 2-11-1985 |
| | Achamma | 30-6-1989 |

## 9 G V 1 കണ്ണൻതുരുത്തിൽ (ചക്കൻചിറ) ഉതുപ്പിന്റെ കുടുംബം

നാലാംതലമുറ കണ്ണൻതുരുത്തിയിൽ ഉലഹന്നാന്റെയും അക്കാമ്മയുടെയും മകൻ. മലയാളം ഹയർ പാസ്സായി അധ്യാപക ജോലിയിൽ പ്രവേശിച്ചു. അയ്മനം മണപ്പുറത്ത് ഐപ്പ് മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് അച്ചൻകുഞ്ഞ് എന്ന മകനും കുഞ്ഞമ്മ, അച്ചാമ്മ എന്ന് രണ്ടു പെൺ മക്കളും ഉണ്ടായി. കുഞ്ഞമ്മയെ നാലുന്നാക്കൽ ഇടത്തറ തോമസും അച്ചാമ്മയെ പള്ളത്ത് തുണ്ടിയിൽ കുര്യനും വിവാഹം കഴിച്ചു. ഉതുപ്പും ഏലിയാമ്മയും വാർദ്ധകൃത്തിൽ മരിച്ച് മാർ അപ്രേംപള്ളിയിൽ അടക്കപ്പെട്ടു.

## 10 G V 2 കണ്ണൻതുരുത്തിൽ ഉലഹന്നാന്റെ കുടുംബം (കുഞ്ഞച്ചൻ)

നാലാം തലമുറ ഉലഹന്നാന്റെയും അക്കാമ്മയുടെയും രണ്ടാമത്തെ പുത്രൻ. സാമാന്യ വിദ്യാഭ്യാസം. കൃഷി പ്രധാന തൊഴിൽ പാമ്പാടി അമ്പ്രയിൽ വർഗീസ് മകൾ റഹേലമ്മയാണ് ഭാര്യ. ഇവർക്ക് ജോൺ, ജോർജ്ജ് എന്ന് രണ്ട് ആൺ മക്കൾ. ഇരുവരും വാർദ്ധകൃത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

| | | |
|---|---|---|
| Date of death | Ulahannan | 25-6-1978 |
| | Rahelamma | 10-6-1987 |

## 11 G V 3 കണ്ണൻതുരുത്തിൽ ഉതുപ്പിന്റെ (കൊച്ചുകുഞ്ഞച്ചൻ) കുടുംബം

നാലാംതലമുറ ഉതുപ്പ് -അക്കാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. 7-ാം ക്ലാസ്സ് വിദ്യാഭ്യാസം. നാലുന്നാക്കൽ പുളിയാക്കുന്നേൽ ചെറിയാൻ മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഉലഹന്നൻ എന്ന ഒരു മകനും അച്ചാമ്മ, ലീലാമ്മ, തങ്കമ്മ, കുഞ്ഞൂഞ്ഞമ്മ എന്നിങ്ങനെ 4 പെൺമക്കളും ഉണ്ട്. അച്ചാമ്മയെ നീലിമംഗലം കൊല്ലൻ കിഴക്കേതിൽ മാണി മകൻ തമ്പിയും ലീലാമ്മയെ കുറിച്ചി കൊച്ചില്ലത്ത്, കുഞ്ഞപ്പൻ മകൻ ചാക്കോച്ചനും തങ്കമ്മയെ ഓതറ കണിച്ചേരിൽ മത്തായി മകൻ മോനിച്ചനും കുഞ്ഞൂഞ്ഞമ്മയെ നെടുമാവ് പടനിലത്ത് കുഞ്ഞായിച്ചൻ മകൻ ബാബുവും വിവാഹം ചെയ്തു. ഉതുപ്പ് മാർ അപ്രേം പള്ളി സൺഡേസ്കൂൾ അധ്യാപകനായി ദീർഘകാലം പ്രവർത്തിച്ചതിനുള്ള പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്. വാർദ്ധ്യക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

| | | |
|---|---|---|
| Date of Death | Uthup | 7-5-1994 |

## 12 G. V. 4 കണ്ണൻതുരുത്തിൽ ചാണ്ടിയുടെ (കുറിയാക്കോ) കുടുംബം

നാലാം തലമുറ-ഉതുപ്പ് അക്കാമ്മ ദമ്പതികളുടെ ഇളയ മകൻ. സാമാന്യ വിദ്യാഭ്യാസം. കൃഷിയാണ് തൊഴിൽ. നാലുന്നാക്കൽ കിഴക്കേക്കര ചെറിയാൻ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ബാബു, ബോബി എന്ന് രണ്ട് ആൺ മക്കളും അച്ചാമ്മ. ലീലാമ്മ, ഗ്രേസി, സൂസമ്മ എന്ന് 4 പെൺ മക്കളും ഉണ്ട്. അച്ചാമ്മയെ കോളുത്ര പള്ളത്ത് ബാബുവും, ലീലാമ്മയെ തണുങ്ങുംപതിക്കലായ മറ്റത്തിൽ രാജുവും, ഗ്രേസിയെ വാകത്താനം പാറയ്ക്കൽ രാജുവും, സൂസമ്മയെ നെടുങ്ങാടപള്ളി പ്ലാഞ്ചിറ മോനിച്ചനും വിവാഹം ചെയ്തു. ചാണ്ടി 84-ാം വയസ്സിൽ നിര്യാതനായി. മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 13 G. V. 5 കണ്ണൻതുരുത്തിൽ കെ.എ. ഉതുപ്പിന്റെ (ഉണ്ണി) കുടുംബം

നാലാം തലമുറ അബ്രഹാം-മറിയാമ്മ ദമ്പതികളുടെ മകൻ B.A.B.Ed പാസ്സായി ഹൈസ്ക്കൂൾ അധ്യാപകനായി. കഞ്ഞിക്കുഴി ആലുംമൂട്ടിൽ കുര്യൻ മകൾ ലീലാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക്

സണ്ണി, കുര്യൻ, ജോയി, എന്നിങ്ങനെ മൂന്ന് ആൺ മക്കളും രാജമ്മ, സുധ എന്ന് 2 പെൺ മക്കളും ഉണ്ട്. ജോയി ചെറുപ്പത്തിൽ വാഹനാപകടത്തിൽ മരിച്ചു. കുര്യൻ വൈദിക പഠനം പൂർത്തിയാക്കി പട്ടമേറ്റ് ഫാ. കുര്യൻ ഉതുപ്പ് എന്ന പേരിൽ അറിയപ്പെടുന്നു. ഉതുപ്പിന്റെ ഭാര്യ ലീലാമ്മയും മൂത്തമകൻ സണ്ണിയും മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു. ഉതുപ്പ് സാർ റിട്ടയർ ചെയ്തശേഷം ബിസിനസ്സിൽ ശ്രദ്ധിക്കുന്നു. കഞ്ഞിക്കുഴിയിൽ പെട്രോൾ പമ്പ് നടത്തുന്നു. കുടുംബയോഗത്തിന്റെ പ്രസിഡന്റായും ട്രഷററായും പ്രവർത്തിച്ചിട്ടുണ്ട്. മാർ അപ്രേം പള്ളി ട്രസ്റ്റി ആയും സെക്രട്ടറി ആയി 8 വർഷവും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കോട്ടയം ഇടുക്കി ഡിസ്ട്രിക്ട് പെട്രോളിയം ഡീലേഴ്സ് അസോസിയേഷൻ പ്രസിഡന്റായി 5 വർഷവും മാർ അപ്രേം പള്ളി സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മീനടം റ്റി. എം. യു. യു.പി. സ്കൂൾ ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്തു. രാജമ്മയെ മൂലേടം ചിലമ്പത്ത് ചെറിയാനും സുധയെ പ്ലാക്കൽ പി.കെ. എബ്രഹാമും വിവാഹം കഴിച്ചു.

## 14 G. V 6 കണ്ണൻതുരുത്തിൽ Capt K.S. ജോസഫിന്റെ (പാപ്പച്ചൻ) കുടുംബം

നാലാം തലമുറ കണ്ണൻതുരുത്തിൽ സ്കറിയ-അച്ചാമ്മ ദമ്പതികളുടെ മകൻ. മിലിട്ടറി ഓഫീസറായി ജോലിചെയ്തു. അരുണാചൽ പ്രദേശിലും ജോഷിമഠിലും കമ്പനി കമാൻഡർ ആയിട്ട് സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹവും ഭാര്യയും നമ്മുടെ കുടുംബത്തിൽ നിന്ന് വിശുദ്ധനാടുകൾ (ജറുസലേം) സന്ദർശിച്ചവരാണ്. വിശുദ്ധ അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ റോമിൽ സന്നിഹിതരായിരുന്നു. ചൈന ബോർഡർ (കേദാർനാഥ്, ബഥരീനാഥ്) നിന്ന് ക്യാപ്റ്റൻ റാങ്കിൽ റിട്ടയർ ചെയ്തു. നാലുന്നാക്കൽ മൂലയിൽ മത്തായി മകൾ അധ്യാപികയായ ഏലിയാമ്മയെ വിവാഹം ചെയ്തു. ഏലിയാമ്മ സെന്റ് ഏലിയാസ് യു.പി.എസ് നാലുന്നാക്കൽ നിന്നും റിട്ടയർ ചെയ്തു. ഇവർക്ക് ഷാജി, ഷിബു, സുനിൽ, എന്ന് മൂന്ന് ആൺ മക്കൾ. റിട്ടയർ ചെയ്ത ശേഷം ബിസിനസ്സ് രംഗത്ത് പ്രവർത്തിക്കുന്നു. കഞ്ഞിക്കുഴിയിൽ പെട്രോൾപമ്പും ലോഡ്ജും നടത്തുന്നു. ആത്മീയ കാര്യങ്ങളിലും സാമൂഹ്യ സേവനരംഗത്തും സജീവമായി പ്രവർത്തിച്ചുവരുന്നു.

## 15 G VI 1 കണ്ണൻതുരുത്തിൽ ജോണിന്റെ (അച്ചൻകുഞ്ഞ്) കുടുംബം

അഞ്ചാം തലമുറ ഉതുപ്പ്-ഏലിയാമ്മ ദമ്പതികളുടെ ഏകമകൻ. S.S.L.C വരെ പഠിച്ചു. മണർകാട് പാലൂത്താനം ഐപ്പ് മകൾ അന്ന മ്മയാണ് ഭാര്യ. ഈ ദമ്പതികൾക്കുമക്കളില്ല ജോൺ മദ്ധ്യപ്രായ ത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു. അന്നമ്മ രണ്ടാ മത് വിവാഹിതയായി പോയി.

## 16 G. VI. 2 കണ്ണൻതുരുത്തിൽ ജോണിന്റെ (കുഞ്ഞൂഞ്ഞ്) കുടുംബം

അഞ്ചാം തലമുറ ഉലഹന്നൻ-റഹേലമ്മ ദമ്പതികളുടെ മൂത്ത പുത്രൻ. PDC യും Diploma Mechanical Engg. പാസ്സായി. സർക്കാർ സർവ്വീസിൽ ഗവ. പോളിടെക്നിക് നാട്ടകം, രാജീവ്ഗാന്ധി എഞ്ചി നീയറിംഗ് കോളേജ്, പാമ്പാടി എന്നിവടങ്ങളിൽ അധ്യാപകനായി ജോലി ചെയ്തു. മാർ അപ്രേം പള്ളി ട്രസ്റ്റിയായും സെക്രട്ടറി ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വാകത്താനം വള്ളാംകടവിൽ കുറുവ ച്ചൻ മകൾ പൊന്നമ്മയെ വിവാഹം കഴിച്ചു. പൊന്നമ്മ സർക്കാർ സർവ്വീസിൽ അധ്യാപികയായിരുന്നു. ഹെഡ്മിസ്ട്രസ് ആയി റിട്ട യർ ചെയ്തു. മർത്താമറിയം സമാജം ഭദ്രാസന സെക്രട്ടറി ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ജോണും വിരമിച്ച് സ്വഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു. ഇവർക്ക് ബിജു എന്ന ഒരു മകനും ബിനു, ബിന്ദു, ബ്ലസി എന്ന് മൂന്ന് പെൺമക്കളും ഉണ്ട്. ബിനുവിനെ തെങ്ങണ തലക്കുളത്ത് ഏബ്രഹാം മകൻ സാജനും ബ്ലെസിയെ ഏറണാകുളം കാട്ടുനിലം അലക്സാണ്ടർ മകൻ സുജിത്തും, ബിന്ദു വിനെ റാന്നി കല്ലമ്പറമ്പിൽ തോമസുകുട്ടി മകൻ അബുവും വിവാഹം കഴിച്ചു.

## 17 G. VI. 3 കണ്ണൻതുരുത്തിൽ ജോർജിന്റെ (കുഞ്ഞുമോൻ) കുടുംബം

അഞ്ചാംതലമുറ ഉലഹന്നൻ-റാഹേലമ്മ ദമ്പതികളുടെ ഇളയ പുത്രൻ. പത്താംക്ലാസ് വിദ്യാഭ്യാം. കൃഷിയാണ് തൊഴിൽ. കോൺഗ്രസ് ഐ. വാർഡ് കമ്മിറ്റി വൈസ്. പ്രസിഡന്റ്, മാർ അപ്രേം പള്ളി മാനേജിംഗ് കമ്മിറ്റി മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു. ആനിക്കാട് മുരട്ടുപൂവത്തുങ്കൽ അന്നമ്മയാണു ഭാര്യ. ഇവർക്ക് സുനിൽ എന്ന ഒരു മകനും സ്മിത, സ്വപ്ന എന്ന്

രണ്ടുപെൺമക്കളും ഉണ്ട്. സ്മിതയെ വെള്ളൂർ തറവട്ടത്തിൽ മാത്യു മകൻ ഈപ്പനും. സ്വപ്നയെ മറിയപ്പള്ളി വാലയിൽ ഉണ്ണി മകൻ സോണി ജോണും വിവാഹം ചെയ്തു.

## 18 G. VI. 4 കണ്ണൻതുരുത്തിൽ ഉലഹന്നന്റെ (മോനി) കുടുംബം

അഞ്ചാംതലമുറ കണ്ണൻതുരുത്തിൽ ഉതുപ്പ്-ശോശാമ്മ ദമ്പതികളുടെ മകൻ. പത്താംക്ലാസ് വിദ്യാഭ്യാസം. കൃഷിയോടൊപ്പം ബിസിനസ്സും നടത്തുന്നു. വെച്ചൂച്ചിറ ഇടത്തിനേത്ത് ശമുവേൽ മകൾ മോളിയാണു ഭാര്യ. ഇവർക്ക് ബ്ലനി, ബ്ലസ്സി, ബ്ലറ്റി, എന്നിങ്ങനെ 3 പെൺമക്കൾ. എല്ലാവരും BSc. നേഴ്സിംഗ് വിദ്യാർത്ഥിനികൾ.

## 19 G. VI. 5 കണ്ണൻതുരുത്തിൽ ബാബുവിന്റെ കുടുംബം

അഞ്ചാംതലമുറ ചാണ്ടി-അന്നമ്മ ദമ്പതികളുടെ മൂത്തപുത്രൻ. PDC, ITI കഴിഞ്ഞ് ഗൾഫിൽ ജോലി ലഭിച്ചു. തെക്കൻ പാമ്പാടി മാലത്ത് കുഞ്ഞച്ചന്റെ മകൾ മോളമ്മയെ വിവാഹം ചെയ്തു. മോളമ്മ ഗൾഫിൽ നഴ്സായി ജോലി ചെയ്യുന്നു. ഇവർക്ക് മേബിൾ, ഷെറിൽ, മെറിൻ എന്നിങ്ങനെ മൂന്നു പെൺമക്കൾ, മൂവരും വിദ്യാർത്ഥിനികൾ.

## 20 G VI 6 കണ്ണൻതുരുത്തിൽ ബോബിയുടെ കുടുംബം (കൊച്ചുമോൻ)

അഞ്ചാംതലമുറ ചാണ്ടി-അന്നമ്മ ദമ്പതികളുടെ ഇളയ പുത്രൻ. PDC, ITI കഴിഞ്ഞ് ഗൾഫിൽ ജോലി ലഭിച്ചു. കുമരകം പൊതുവിൽക്കാട്ട് ഫിലിപ്പിന്റെ മകൾ രേഖയാണു ഭാര്യ. രേഖയും ഗൾഫിൽ നഴ്സായി ജോലി ചെയ്യുന്നു. ഇവർക്ക് അലക്സ് എന്നൊരു മകനും, ജെബി എന്നൊരു മകളും ഉണ്ട്.

## 21 G. VI 7 കണ്ണൻ തുരുത്തിൽ ഏബ്രഹാമിന്റെ (സണ്ണി) കുടുംബം

അഞ്ചാംതലമുറ ഉതുപ്പ്-ലീലാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. PDC യും Diploma യും പാസ്സായി. പടിഞ്ഞാറെക്കര റബർ കമ്പനിയിൽ ഉദ്യോഗസ്ഥനായി. ഇരവിനല്ലൂർ പഴയതുരുത്തേൽ വർഗീസ് മകൾ ലീലാമ്മയെ വിവാഹം ചെയ്തു. ലീലാമ്മ BSc, BEd എം.ഡി. ഹൈസ്കൂൾ അധ്യാപികയായിരുന്നു. ഇവർക്ക് ബിബി, ബിലു, ബിഞ്ചു എന്നിങ്ങനെ മൂന്ന് പെൺമക്കൾ, ബിബി MA, BEd നെ കഞ്ഞിക്കുഴി ദീപ്തി നഗറിൽ കരിമ്പിലാക്കിൽ ജോർജ്ജ് വർഗീസും, ബിലു (MCA) വാഴൂർ കരിങ്ങണാമറ്റം ബന്നിമാത്യുവും വിവാഹം

കഴിച്ചു. ബിഞ്ചു (MSW) വിദ്യാർത്ഥിനിയാണ്. ഏബ്രഹാം 17–11 –2006–ൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു. ലീലാമ്മ റിട്ട യർ ചെയ്ത് കഞ്ഞിക്കുഴിയിലെ ഭവനത്തിൽ വിശ്രമജീവിതം നയി ക്കുന്നു.

| | | |
|---|---|---|
| Date of Death | Abraham | 17-11-2006 |

**22 G. VI. 8 കണ്ണൻതുരുത്തിൽ Rev Fr. കുര്യൻ ഉതുപ്പിന്റെ കുടുംബം**

അഞ്ചാം തലമുറ ഉതുപ്പ്-ലീലാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ BA പാസ്സായ ശേഷം കോട്ടയം ഓർത്തഡോക്സ് തിയോ ളജിക്കൽ സെമിനാരിയിൽ ചേർന്ന് വൈദിക പഠനം നടത്തി B D ബിരുദം നേടി. കല്ലൂപ്പാറ അഴകനപാറയിൽ വീട്ടിൽ മാത്യു മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. വിവാഹശേഷം പട്ടമേറ്റ് വൈദിക നായി. കോട്ടയം ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ വികാരി യായി സേവനം അനുഷ്ഠിച്ചു. ഇപ്പോൾ പുതുപ്പള്ളി വലിയ പള്ളി വികാരിമാരിലൊരാളായി സേവനം അനുഷ്ഠിക്കുന്നു. മറിയാമ്മ ഹിന്ദി സാഹിത്യാചാര്യയും ട്രെയിനിംഗും കഴിഞ്ഞ് ഹിന്ദി അധ്യാ പികയായി സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് ജിതിൻ എന്നൊരു മകനും മേഘ എന്നൊരു മകളും ഉണ്ട്. ജിതിൻ പീരുമേട് മാർ ബസേ ലിയോസ് എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥിയും മേഘ സ്കൂൾ വിദ്യാർത്ഥിനിയും ആണ്. റവ. ഫാ. കുര്യൻ ഉതുപ്പ് കൊടു വയലിൽ കുടുംബയോഗത്തിന്റെ സ്ഥിരം പ്രസിഡന്റാണ്.

**23 G. VI. 9 കണ്ണൻതുരുത്തിൽ ഷാജി ജോസഫിന്റെ കുടുംബം**

അഞ്ചാം തലമുറ ക്യാപ്റ്റൻ ജോസഫിന്റെയും ഏലിയാമ്മയു ടെയും മൂത്തപുത്രൻ. M.A പാസ്സായി ബിസിനസ്സ് രംഗത്തു പ്രവർത്തി ക്കുന്നു. കഞ്ഞിക്കുഴിയിൽ പെട്രോൾ പമ്പ് നടത്തുന്നു. കാനം തെക്കേക്കര പുന്നൂസ് മകൾ ഡാർലി B.Com. ആണ് ഭാര്യ. ഇവർക്കു സ്നേഹ എന്നൊരു മകളും സച്ചിൻ എന്നൊരു മകനും ഉണ്ട്. ഇരു വരും വിദ്യാർത്ഥികളാണ്.

**24 G. VI. 10 കണ്ണൻതുരുത്തിൽ ഷിബു ജോസഫിന്റെ കുടുംബം**

അഞ്ചാം തലമുറ ക്യാപ്റ്റൻ ജോസഫിന്റെയും ഏലിയാമ്മയു ടെയും രണ്ടാമത്തെ പുത്രൻ ബി.ടെക് പാസ്സായി. മസ്ക്കറ്റിൽ എഞ്ചി

നീയറായി ജോലി ചെയ്യുന്നു. ഭാര്യ സുനു വെള്ളുക്കുട്ട പുത്തൻപ റമ്പിൽ കോരയുടെ മകളാണ്. ഈ ദമ്പതികൾക്ക് റിച്ചാ എന്നൊരു മകളും രോഹൻ, രൂബൻ എന്ന് രണ്ട് ആൺമക്കളും ഉണ്ട്. എല്ലാ വരും വിദ്യാർത്ഥികൾ.

**25 G. VI. 11 കണ്ണൻതുരുത്തിൽ സുനിൽ ജോസഫിന്റെ കുടുംബം**

അഞ്ചാംതലമുറ ക്യാപ്റ്റൻ ജോസഫ്-ഏലിയാമ്മ ദമ്പതിക ളുടെ ഇളയമകൻ ബി.ടെക്. (മെക്കാനിക്കൽ) പാസ്സായി കംപ്യൂട്ടർ എൻജിനീയർ ആയി, USA യിലെ അറ്റ്ലാന്റായിൽ ജോലിചെയ്യു ന്നു. പത്തനംത്തിട്ട പുത്തൻവീട്ടിൽ കെ.ഇ. കുഞ്ഞപ്പിയുടെ മകൾ MCA ബിരുദധാരിയായ ജയ്സിയാണു ഭാര്യ. ജയ്സി അവിടെ കംപ്യൂ ട്ടർ പ്രോഗ്രാമർ ആയി ജോലി ചെയ്യുന്നു. ഇവർക്ക് ജോഷ്വാ, ജേക്ക ബ്, എന്ന് രണ്ട് ആൺമക്കൾ. ഇരുവരും വിദ്യാർത്ഥികൾ.

**26 G. VII. 1 കണ്ണൻതുരുത്തിൽ ബിജു കെ ജോണിന്റെ കുടുംബം**

ആറാം തലമുറ കണ്ണൻതുരുത്തിൽ ജോൺ-പൊന്നമ്മ ദമ്പ തികളുടെ മകൻ "ജോയ്സ് തോട്ടയ്ക്കാട്" എന്ന തൂലികാനാമ ത്തിൽ അറിയപ്പെടുന്ന ഒരു എഴുത്തുകാരൻ. പത്രപ്രവർത്തകനും പ്രസാധകനും കൂടിയാണ്. ലോക പ്രശസ്ത ചിന്തകനും, ദാർശനി കനും വേദശാസ്ത്രപണ്ഡിതനുമായിരുന്ന ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ ജീവചരിത്രം, "പ്രകാശ ത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര" എന്ന പേരിൽ, ബൃഹത്തായ ഒരു ഗ്രന്ഥം അദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഗ്രിഗോറി യോസ് തിരുമേനിയുടെ പേഴ്സണൽ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കോട്ടയത്ത് സോഫിയ പബ്ലിക്കേഷൻസ് എന്ന സ്ഥാപനം നടത്തുന്നു. കമ്പ്യൂട്ടർ ഓപ്പറേറ്ററായ ശോഭാമേരി ജോയ്സ് ആണ് ഭാര്യ. ഇവർക്ക് സോഫിയ മേരി ജോയ്സ് എന്ന ഒരു മകൾ.

**27 G. VII. 2 കണ്ണൻതുരുത്തിൽ സുനിൽ കെ ജോർജ്ജിന്റെ കുടുംബം**

ആറാം തലമുറ കണ്ണൻതുരുത്തിൽ ജോർജ്ജ്-അന്നമ്മ ദമ്പ തികളുടെ പുത്രൻ. ITC പാസ്സായി. ഏറ്റുമാനൂരിലെ വെട്ടൂർ കൺസ്ട്ര ക്ഷൻസിൽ ജോലി ചെയ്യുന്നു. നാട്ടകം ചെട്ടിക്കുന്ന് വാലയിൽ തോമസ് മകൾ ആഷ്‌ലി ആണ് ഭാര്യ. ആഷ്‌ലി നാലുന്നാക്കൽ

ഗ്രിഗോറിയൻ സ്കൂൾ ആദ്ധ്യാപികയാണ്. ഇവർക്ക് അമൽ ജിയോ ജോൺ എന്നൊരു മകനും എമി അന്നാജോൺ എന്നൊരു മകളും ഉണ്ട്. ഇരുവരും സ്കൂൾ വിദ്യാർത്ഥികൾ.

## പുത്തൻപുരയിൽ ശാഖ

### 28 G. II. 2 പുത്തൻപുരയിൽ മാണിയുടെ കുടുംബം

ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. തറവാടിനടുത്തുള്ള പറമ്പിൽ പുതിയവീട് വച്ച് താമസമാക്കി. അയ്മനം തോണ്ടുകുഴിയിൽ മുതൽപിടിക്കാരൻ മകൾ അന്നാമ്മയാണു ഭാര്യ. ഈ ദമ്പതികൾക്ക് ഉതുപ്പ്, ചാക്കോ എന്ന് രണ്ട് ആൺ മക്കളും മറിയാമ്മ, അച്ചാമ്മ, ഏലിയാമ്മ എന്ന് 3 പെൺ മക്കളും ഉണ്ടായി. ഇവരിൽ ചാക്കോ ബാല്യത്തിൽ തന്നെ മരിച്ചു. പെൺമക്കളിൽ മറിയാമ്മയെ തോട്ടയ്ക്കാട് കുഴിച്ചകണ്ടത്തിൽ ചാക്കോയും, അച്ചാമ്മയെ അഞ്ചേരി ഓത്താപ്പറമ്പിൽ കൊച്ചു കോരുളയും ഏലിയാമ്മയെ അഞ്ചേരി കോമടത്ത് ചെറിയാനും വിവാഹം കഴിച്ചു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേംപള്ളിയിൽ അടക്കപ്പെട്ടു.

### 29 G. III. 4 പുത്തൻപുരയിൽ ഉതുപ്പിന്റെ കുടുംബം

രണ്ടാം തലമുറ മാണി-അന്നാമ്മ ദമ്പതികളുടെ ഏകമകൻ. അഞ്ചേരി ആലഞ്ചേരിൽ ഇട്ടിമകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മാണി, ഇട്ടി, ഉതുപ്പ്, ചാക്കോ, വർക്കി എന്നിങ്ങനെ അഞ്ച് ആൺമക്കൾ. ഇദ്ദേഹം ഒരു നല്ല കർഷകനായിരുന്നു. ദമ്പതികൾ ഇരുവരും നല്ല വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേംപള്ളിയിൽ അടക്കപ്പെട്ടു.

### 30 G. IV. 5 പുത്തൻപുരയിൽ മാണിയുടെ (കുഞ്ഞപ്പൻ) കുടുംബം

മൂന്നാം തലമുറ പുത്തൻപരയിൽ ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. V.S.L.C പാസ്സായി. സർക്കാർ സർവ്വീസിൽ ജോലി ലഭിച്ചു. മുട്ടമ്പലം കാരയ്ക്കാട്ട് കുഞ്ഞപ്പൻ മകൾ സാറാമ്മയാണ് ഭാര്യ. തോട്ടയ്ക്കാട്ട് തെക്കേക്കര കടുപ്പിൽ താമസമാക്കി കുടുംബത്തിലെ ആദ്യത്തെ സർക്കാരുദ്യോഗസ്ഥൻ. ഈ ദമ്പതികൾക്ക് ജോസഫ്, ഏബ്രഹാം, മാണി, ഐസക് എന്നിങ്ങനെ നാല് പുത്രന്മാർ ഉണ്ടായി. മദ്ധ്യപ്രായത്തിൽ മരിച്ച് തോട്ടയ്ക്കാട് മാർ ഇഗ്നാത്തിയോസ് യാക്കോബായ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

സാറാമ്മ വാർദ്ധക്യത്തിൽ മരിച്ച് മാർ ഇഗ്നാത്തിയോസ് പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

### 31 G IV 6 പുത്തൻപുരയിൽ ഇട്ടിയുടെ (കൊച്ചുകുഞ്ഞൂഞ്ഞ്) കുടുംബം

പുത്തൻപുരയിൽ ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. സാമാന്യവിദ്യാഭ്യാസം. നല്ലൊരു കർഷകൻ വാകത്താനം ചാക്കച്ചേരിൽ ഉലഹന്നാൻ മകൾ ഏലിയാമ്മയാണ് ഭാര്യ. ഇവർക്ക് ജോസഫ്, ജോൺ, ബാബു എന്ന് 3 ആൺ മക്കളും അന്നമ്മ, ഏലിക്കുട്ടി എന്ന് 2 പെൺമക്കളും ഉണ്ടായി. അന്നമ്മയെ കങ്ങഴ പുളിയൻമാക്കൽ അബ്രഹാമും, ഏലിക്കുട്ടിയെ കോട്ടയം ചിലമ്പത്ത് കുഞ്ഞുമോനും വിവാഹം കഴിച്ചു. ഇദ്ദേഹം കുടുംബയോഗം പ്രസിഡന്റായിരുന്നിട്ടുണ്ട്. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

### 32 G. IV. 7 പുത്തൻ പുരയിൽ ഇളപ്പുങ്കൽ ഉതുപ്പിന്റെ (അവിരാച്ചൻ) കുടുംബം

ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. SSLC യ്ക്കു ശേഷം എക്സൈസ് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. വാകത്താനം വള്ളാങ്കടവിൽ മർക്കോസ് മകൾ അന്നമ്മയെ വിവാഹം കഴിച്ചു. അന്നമ്മ സ്കൂൾ അദ്ധ്യാപികയായിരുന്നു. ഇരുവരും റിട്ടയർചെയ്തു. ഇവർക്ക് കുഞ്ഞുബേബി, രാജൻ, ജേക്കബ്കുട്ടി എന്ന് മൂന്ന് ആൺമക്കൾ. അവിരാച്ചൻ വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേംപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

### 33 G. IV. 8 പുത്തൻ പുരയിൽ ചാക്കോയുടെ കുടുംബം

ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രൻ SSLC പാസ്സായി സർക്കാർ സർവ്വീസിൽ വില്ലേജ് ഓഫീസറായി ജോലിയിൽ പ്രവേശിച്ചു. മാങ്ങാനം തെക്കേ തുരുത്തേൽ കുരുവിളയുടെ മകൾ സാറാമ്മയാണു ഭാര്യ. ഇവർക്ക് ജോസഫ്, കുര്യൻ, മാണി, ചാക്കോ, കുരുവിള എന്ന് അഞ്ച് ആൺ മക്കളും, അമ്മിണി എന്ന് ഒരു മകളും ഉണ്ടായി. കുടുംബയോഗത്തിന്റെ ആദ്യകാല പ്രവർത്തകരിൽ ഒരാളായിരുന്നു. മകൾ അമ്മിണിയെ (അന്നമ്മ) കുമരകം ലക്ഷ്മിച്ചിറ ഫിലിപ്പ് വിവാഹം ചെയ്തു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

### 34 G. IV. 9 പുത്തൻപുരയിൽ വർക്കിയുടെ (പാപ്പച്ചി) കുടുംബം

ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ. പത്താംക്ലാസ് പാസ്സായി. പോലീസ് ഡിപ്പാർട്ടുമെന്റിൽ ജോലിയിൽ പ്രവേശിച്ചു. മല്ലപ്പള്ളി തേലമണ്ണിൽ മത്തായി മകൾ തങ്കമ്മയാണ് ഭാര്യ. ഇവർക്ക് ജോസഫ് എന്ന ഒരു മകനും, അന്നാമ്മ, ലീലാമ്മ എന്ന് രണ്ട് പെൺമക്കളും ഉണ്ട്. അന്നമ്മയെ അരീപ്പറമ്പ് താഴത്തേ ടത്ത് മാണി മകൻ കുരുവിളയും ലീലാമ്മയെ അമയന്നൂർ പനവേ ലിക്കുന്നേൽ അബ്രഹാം മകൻ ചാക്കോയും വിവാഹം ചെയ്തു. ഹെഡ് കോൺസ്റ്റബിളായി റിട്ടയർ ചെയ്തു. വാർദ്ധക്യത്തിൽ ഇരു വരും മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

### 35 G V 7 പുത്തൻപുരയിൽ കടുപ്പിൽ റ്റി.എം. ജോസഫിന്റെ (ജോർജുകുട്ടി) കുടുംബം

നാലാംതലമുറ മാണി-സാറാമ്മ ദമ്പതികളുടെ മൂത്തപുത്രൻ BA പാസ്സായി ഗവ. സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു. കുമ രകം പൊതുവിൽക്കാട്ട് മാത്തൻ മകൾ കുഞ്ഞൂഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് സന്തോഷ് എന്നൊരു മകനും ഗ്രേസിക്കുട്ടി, മേരി ക്കുട്ടി, കുഞ്ഞുമോൾ സൂസൻ എന്ന് നാല് പെൺ മക്കളുമുണ്ട്. ആർ.റ്റി ഓഫീസ് സൂപ്രണ്ടായി റിട്ടയർ ചെയ്തു. സൺഡേസ്കൂൾ, പ്രാർത്ഥനാ യോഗങ്ങൾ തുടങ്ങിയ ആത്മീയ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം വഹിക്കുന്നു. പെൺമക്കളിൽ ഗ്രേസിക്കുട്ടിയെ നെയ്യാ റ്റിൻകര ചേരിയിൽ വർഗീസും, മേരിക്കുട്ടിയെ റാന്നി മേലേടം സണ്ണി വർഗീസും കുഞ്ഞുമോളെ (ഉഷ) കങ്ങഴ കുന്നപ്പുഴ സജി (USA)യും സൂസനെ മല്ലപ്പള്ളി വടക്കേപറമ്പിൽ വർഗീസ് ഫിലിപ്പും വിവാഹം ചെയ്തു.

### 36 G. V. 8 പുത്തൻപുരയിൽ കടുപ്പിൽ ഏബ്രഹാമിന്റെ (കുഞ്ഞവറാച്ചൻ) കുടുംബം

നാലാംതലമുറ മാണി-സാറാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. വിദ്യാഭ്യാസത്തിനുശേഷം ബിസിനസ്സ് രംഗത്തു പ്രവേ ശിച്ചു. ബസ്സ് സർവ്വീസ് നടത്തി. വാകത്താനം വേണാട്ട് ചാക്കോ ച്ചൻ മകൾ ചിന്നമ്മയെ (ബേബി) വിവാഹം കഴിച്ചു. ഇവർക്ക് ബീന, ആൻസമ്മ, റീബ, റീന, റ്റീന എന്നിങ്ങനെ അഞ്ച് പെൺമക്കൾ. ഇവരിൽ ബീനയെ ഏറണാകുളത്ത് പാലാരിവട്ടം പുകലക്കാട്ടിൽ രമേശ് എന്നയാളും, ആൻസമ്മയെ വെണ്ണിക്കുളത്ത് പടുതോട്

മരുതൂർ എം. കെ. ഉമ്മൻ മകൻ സണ്ണിയും, റീബയെ വെല്ലൂരിൽ ജി. മത്തായി മകൻ ബിസിനസ്സ് നടത്തുന്ന ജോയിയും, റീനയെ പെരുമ്പാവൂർ തോട്ടപ്പാടൻ റ്റി.വി. ജോസഫ് മകൻ ബാബുവും, റ്റീനയെ പൊങ്ങന്താനം നാങ്കുളം തോമസ് മകൻ ബിനു (തോമസ് ചാക്കോ)വും വിവാഹം ചെയ്തു. ഏബ്രഹാമും ബേബിയും മരിച്ച് തോട്ടയ്ക്കാട് മാർ ഇഗ്നാത്തിയോസ് പള്ളിയിൽ അടക്കപ്പെട്ടു.

| | | |
|---|---|---|
| Date of Death | Abraham | 8-2-1997 |
| | Chinnamma | 22-3-2009 |

## 37 G. V. 9 പുത്തൻ പുരയിൽ കടുപ്പിൽ മാണിയുടെ (കുട്ടിക്കുഞ്ഞ്) കുടുംബം

നാലാം തലമുറ മാണി-സാറാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. RMP വിദ്യാഭ്യാസത്തിനുശേഷം മെഡിക്കൽ രംഗത്തു പ്രവേശിച്ചു. മെഡിക്കൽ പ്രാക്ടീഷണർ ആയി നെടുങ്കണ്ടത്ത് സ്വന്തം ഡിസ്പെൻസറി സ്ഥാപിച്ച് നടത്തിയിരുന്നു. പാമ്പാടി ആനിവേലിൽ കുഞ്ഞൂഞ്ഞ് മകൾ അമ്മിണിയെ വിവാഹം ചെയ്തു. ഇവർക്ക് സാജൂ, സിബി എന്ന് 2 ആൺ മക്കളും സ്റ്റെല്ല, സുജ, സജിനി എന്നിങ്ങനെ 3 പെൺമക്കളും ഉണ്ട്. സ്റ്റെല്ലയെ കളത്തിപ്പടി പുത്തൻവീട്ടിൽ കുഞ്ഞും, സുജയെ തിരുവഞ്ചൂർ വാണിയപുരയിൽ ജോയിയും, സജിനിയെ അടിമാലി സ്വദേശി സജിയും വിവാഹം ചെയ്തു. ഇരുവരും മരിച്ച് തോട്ടയ്ക്കാട് മാർ ഇഗ്നാത്തിയോസ് പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

## 38 G. V. 10 പുത്തൻപുരയിൽ കടുപ്പിൽ ഐസക്കിന്റെ (കുഞ്ഞൂഞ്ഞച്ചൻ) കുടുംബം

നാലാം തലമുറ മാണി-സാറാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രൻ. BA വിദ്യാഭ്യാസത്തിനുശേഷം ബസ്സേലിയസ് കോളജിലെ നോൺ ടീച്ചിംഗ് സ്റ്റാഫ് ആയി ജോലിയിൽ പ്രവേശിച്ചു. മീനടം കരുനാട്ട് അബ്രഹാം മകൾ മോളിയെ വിവാഹം കഴിച്ചു. ഇവർക്ക് സാം, സജി എന്ന് രണ്ട് ആൺ മക്കളും സുനി എന്ന ഒരു മകളും ഉണ്ട്. സുനിയെ പാമ്പാടി ഇലപ്പനാൽ സജി ജോർജ് വിവാഹം ചെയ്തു. ഐസക്ക് റിട്ടയർ ചെയ്ത് വീട്ടിൽ വിശ്രമജീവിതം നയിക്കുന്നു.

## 39 G. V. 11 പുത്തൻ പുരയിൽ ഓട്ടപ്പുന്നക്കൽ ജോസഫിന്റെ (ജോസഫ് കുട്ടി) കുടുംബം (കട്ടപ്പന)

നാലാം തലമുറ ഇട്ടി-ഏലിയാമ്മ ദമ്പതികളുടെ മൂത്തപുത്രൻ.

RMP പഠനത്തിന് ശേഷം മെഡിക്കൽ പ്രാക്ടീഷണർ ആയി ജോലി ചെയ്തു. കട്ടപ്പന ശാന്തിഗ്രാമിൽ ഡിസ്പെൻസറി സ്ഥാപിച്ചു നടത്തി. ആലപ്പുഴ കൈതമറ്റത്തു ജോണിന്റെ മകൾ അമ്മുക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് ജെബു, ജെനു, എന്ന് രണ്ട് ആൺ മക്കളും ജെസ്സി, ജെനി എന്ന് 2 പെൺമക്കളും ഉണ്ട്. ജെസ്സിയെ നരിയംപാറ കവിളിമാക്കൽ കെ.വി. തോമസ് മകൻ റോയിയും ജെനിയെ കുമളി കാട്ടുമറ്റത്ത് ഏബ്രഹാം മകൻ ബിജുവും വിവാഹം ചെയ്തു. ജോസഫ് 62-ാം വയസ്സിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 40 G. V. 12 പുത്തൻപുരയിൽ ജോണിന്റെ (ജോണിക്കുട്ടി) കുടുംബം

നാലാം തലമുറ ഇട്ടി-ഏലിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. പത്താംക്ലാസ് പാസ്സായശേഷം മിലിറ്ററിയിൽ ചേർന്നു. റിട്ടയർമെന്റിന് ശേഷം പോലീസ് ഡിപ്പാർട്ടുമെന്റിൽ ജോലി ലഭിച്ചു. എറികാട് മണലേൽ മാത്യു മകൾ സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് അനിൽ എന്ന ഒരു മകനും മിനി, അനി എന്ന് 2 പെൺമക്കളും ഉണ്ട്. H.C ആയി ജോലിയിൽ നിന്നു വിരമിച്ചു. മിനിയെ മന്ദമരുത പാണ്ടിയത്ത് ബിജു വിവാഹം കഴിച്ചു. 61-ാം വയസ്സിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു. സാറാമ്മയും മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 41 G. V. 13 പുത്തൻപുരയിൽ (ഓട്ടപ്പുന്നയ്ക്കൽ) ബാബുവിന്റെ കുടുംബം

നാലാം തലമുറ ഇട്ടി-ഏലിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. പത്താംക്ലാസ്സിന് ശേഷം കൃഷി കാര്യങ്ങളിലേർപ്പെട്ടു. പുതുപ്പള്ളി കൊച്ചുപള്ളിക്കുന്നേൽ ലിസിയെ വിവാഹം ചെയ്തു. ഇവർക്ക് ലിബിൻ എന്നൊരു മകനും ലീബാ എന്നൊരു മകളും ഉണ്ട്. ലിബിൻ ദുബായിലും ലീബാ ബി.എസ്സി നേഴ്സിംഗ് വിദ്യാർത്ഥിനിയുമാണ്. ലിസി അധ്യാപികയാണ്.

## 42 G. V. 14 പുത്തൻപുരയിൽ ഇളപ്പുങ്കൽ കുഞ്ഞുബേബിയുടെ കുടുംബം

നാലാം തലമുറ ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ മൂത്ത പുത്രൻ. പത്താംക്ലാസ്സിന് ശേഷം കൃഷിയിൽ ഏർപ്പെട്ടു. കൊല്ലാട് ഇലമ്പുലശ്ശേരിൽ കുഞ്ഞമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജൂബി,

ജോബി എന്ന് 2 ആൺ മക്കളും ജൂലി എന്നൊരു മകളും ഉണ്ട്. ജൂലിയെ പുനലൂർ സ്വദേശി റോയി വിവാഹം കഴിച്ചു. യു.എസ്.എ. (ഹൂസ്റ്റൺ) യിൽ താമസിക്കുന്നു.

## 43 G. V. 15 പുത്തൻ പുരയിൽ ഇളപ്പുങ്കൽ രാജന്റെ കുടുംബം (യു.എസ്.എ. Housten)

നാലാംതലമുറ ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. എൻജിനീയറിംഗ് ഡിപ്ലോമ പാസ്സായി. വേളൂർ കോമട ത്തുശ്ശേരിൽ തങ്കമ്മയെ വിവാഹം ചെയ്തു. അമേരിക്കയിൽപോയി. ഇരുവരും കുടുംബസമേതം യു.എസ്.എയിൽ താമസിക്കുന്നു. ഇവർക്ക് ആൻസി, അനിത എന്ന് രണ്ട് പെൺമക്കൾ. ആൻസിയെ ഊട്ടി സ്വദേശി സുനിൽ വിവാഹം ചെയ്ത് യുഎസ്.എ. യിൽ താമ സിക്കുന്നു. അനിത വിദ്യാർത്ഥിനിയാണ്. രാജൻ യു.എസ്.എ. (ന്യൂയോർക്ക്) യിൽ റെയിൽവേ ഉദ്യോഗസ്ഥനാണ്

## 44 G. V. 16 പുത്തൻപുരയിൽ ഇളപ്പുങ്കൽ ജേക്കബിന്റെ കുടുംബം (യു.എസ്.എ)

ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ ഇളയ പുത്രൻ. കോളേജ് വിദ്യാ ഭ്യാസം കഴിഞ്ഞ് അമേരിക്കയിൽ (വെർജീനിയ) ജോലി ലഭിച്ച് അവിടെയെത്തി. അവിടെയുള്ള ഒരു യു.എസ്. വനിതയെ (ലിസ്സ) വിവാഹം കഴിച്ച് കുടുംബമായി അവിടെ താമസിക്കുന്നു. ഇവർക്ക് ജയ, എലിസബത്ത് എന്ന് രണ്ട് പെൺ മക്കൾ ഇരുവരും ബാങ്ക് ഉദ്യോഗസ്ഥർ.

## 45 G. V. 17 പുത്തൻപുരയിൽ ജോസഫിന്റെ (ബേബിച്ചൻ) കുടുംബം

നാലാംതലമുറ ചാക്കോ-സാറാമ്മ ദമ്പതികളുടെ മൂത്തപുത്രൻ BSc പാസ്സായി ഗവ. സർവ്വീസിൽ ക്ലാർക്കായി ജോലിയിൽ പ്രവേ ശിച്ചു. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ ഹെഡ് ക്ലാർക്കായി റിട്ടയർ ചെയ്തു. കുഴിമറ്റം വാഴച്ചിറ വർഗീസ് മകൾ കുഞ്ഞമ്മ (മറിയാ മ്മ)യെ വിവാഹം കഴിച്ചു. കുഞ്ഞമ്മ റവന്യൂ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥയായിരുന്നു. സൂപ്രണ്ടായി റിട്ടർ ചെയ്തു. ഇവർക്ക് രഞ്ജിത്ത് എന്ന ഒരു മകനും രശ്മി എന്ന ഒരു മകളും ഉണ്ട്. രശ്മിയെ അടൂർ കൊല്ലന്റയ്യത്ത് മേജർ ലിൻസൻ വിവാഹം ചെയ്തു. ഇരുവരും റിട്ടയർ ചെയ്ത് വിശ്രമജീവിതം നയിക്കുന്നു.

## 46 G. V. 18 പുത്തൻപുരയിൽ പി.സി. കുര്യന്റെ കുടുംബം (അച്ചൻ)

ചാക്കോ-സാറാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. പി.ഡി.സി. പാസ്സായശേഷം I.A.F-ൽ ക്ലറിക്കൽ പോസ്റ്റിൽ ചേർന്നു. ലഡാക്ക്, Leh- ൽ ഉൾപ്പെടെ ഇന്ത്യയിൽ മിക്ക സ്ഥലങ്ങളിലും ജോലി ചെയ്തു. കങ്ങഴ പന്തനാലിൽ ജോർജ് മകൾ ഹൈസ്കൂൾ അദ്ധ്യാപികയായ മോളിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് അനു എന്ന ഏകമകൾ. അനുവിനെ അയർക്കുന്നം വട്ടക്കുന്നേൽ ബാബു മകൻ എൻജിനീയർ പിഞ്ചു വിവാഹം കഴിച്ചു. ഇരുവരും റിട്ടയർ ചെയ്ത് സ്വഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു.

## 47 G. V. 19 പുത്തൻ പുരയിൽ പി.സി. മാണിയുടെ (ജോയിച്ചൻ) കുടുംബം

ചാക്കോ-സാറാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. പത്താം ക്ലാസ്സിനുശേഷം കൃഷി തൊഴിലായി സ്വീകരിച്ചു. മല്ലപ്പള്ളി ഇലഞ്ഞിമൂട്ടിൽ ഇ. പി ഈപ്പൻ മകൾ സൂസമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ദിബിൻ എന്നൊരു മകനും ദിവ്യ എന്നൊരു മകളും ഉണ്ട്. ദിബിൻ മാർ അപ്രേം പള്ളി മദ്ബഹായിൽ ശുശ്രൂഷയ്ക്ക് കൂടിവരുന്നു. ബി.കോം. വിദ്ധ്യാർത്ഥിയാണ്

## 48 G. V. 20 പുത്തൻപുരയിൽ പി.സി. ചാക്കോയുടെ (അനിയച്ചൻ) കുടുംബം

ചാക്കോ-സാറാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രൻ, BSc വിദ്യാഭ്യാസം. കൃഷിയാണു തൊഴിൽ. അയ്മനം മുപ്പാത്തിയിൽ ഏബ്രഹാമിന്റെ മകൾ റൂബിയാണ് ഭാര്യ. ഇവർക്ക് പ്രറ്റി എന്ന മകളും ദീപു എന്ന മകനും ഉണ്ട്. ഇരുവരും സെന്റ് ഗിറ്റ്സ് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളാണ്.

## 49 G. V. 21 പുത്തൻപുരയിൽ പി.സി. കുരുവിള (കൊച്ച്) യുടെ കുടുംബം

ചാക്കോ-സാറാമ്മ ദമ്പതികളുടെ ഇളയപുത്രൻ. പി.ഡി.സി. ഐ.റ്റി.ഐ. പാസ്സായി. UAE യിലെ സേവനത്തിന് ശേഷം ഇപ്പോൾ K.S.E.B. യിൽ ഉദ്യോഗസ്ഥനാണ്. കുമരകം നല്ലാനിക്കൽ കുര്യച്ചന്റെ മകൾ ജയമോളാണ് ഭാര്യ. ഇവർക്ക് അലൻ, അബിൻ എന്ന് രണ്ട് ആൺമക്കൾ. ഇരുവരും വിദ്യാർത്ഥികൾ.

## 50 G. V. 22 പുത്തൻപുരയിൽ പി.വി. ജോസഫിന്റെ (തങ്കച്ചൻ) കുടുംബം

നാലാമത്തെ തലമുറ പുത്തൻപുരയിൽ വർക്കി-തങ്കമ്മ ദമ്പതികളുടെ മകൻ. M.Sc. പാസ്സായി F.C.I യിൽ ജോലി ലഭിച്ചു. പുതുപ്പള്ളി വെള്ളുക്കുട്ട പുത്തൻപറമ്പിൽ കോരയുടെ മകൾ അന്നമ്മ M.Sc. യെ വിവാഹം കഴിച്ചു. ഇവർക്ക് സൂസൻ എന്നൊരു മകളും സുജിത് എന്നൊരു മകനും ഉണ്ട്. സുജിത്ത് MBA യ്ക്ക് ശേഷം ഉദ്യോഗത്തിൽ പ്രവേശിച്ചു. അന്നമ്മ കോട്ടയം C.M.S. കോളേജ് ഫിസിക്സ് ഡിപ്പാർട്ടുമെന്റിൽ. H.O.D. ആയി റിട്ടയർ ചെയ്തു. മകൾ സൂസൻ B.Tech. M.B.A. കോയമ്പത്തൂർ തിരുവാമ്പാട്ട് ചാക്കോ മകൻ ഷോബി വിവാഹം ചെയ്തു. തങ്കച്ചൻ F.C.I യിൽ സീനിയർ അക്കൗണ്ടന്റായി ജോലിയിൽ തുടരുന്നു. സ്തുത്യർഹമായ സേവനത്തിനുള്ള ക്യാഷ് അവാർഡും ബഹുമതി പത്രവും കരസ്ഥമാക്കിയിട്ടുണ്ട്. കുടുംബയോഗത്തിന്റെ സജീവ പ്രവർത്തകനാണ്.

## 51 G. VI. 12 പുത്തൻ പുരയിൽ കടുപ്പിൽ സന്തോഷിന്റെ കുടുംബം

അഞ്ചാം തലമുറ കടുപ്പിൽ റ്റി.എം. ജോസഫ്-കുഞ്ഞൂഞ്ഞമ്മ ദമ്പതികളുടെ പുത്രൻ BSc, DMLT സയന്റിഫിക് അസിസ്റ്റന്റായി ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റൽ ബോംബെയിൽ ജോലി ചെയ്യുന്നു. കീഴ്പ്പണി സേവ്യറിന്റെ മകൾ ഷെൽമയാണു ഭാര്യ. ഷെൽമ BSc., MLT ബോംബെയിൽ ജോലിചെയ്യുന്നു. ഇവർക്ക് ജോഷ്വാ എന്നൊരു മകൻ ഉണ്ട്.

## 52 G. VI. 13 പുത്തൻപുരയിൽ കടുപ്പിൽ സാജുവിന്റെ കുടുംബം

അഞ്ചാംതലമുറ കടുപ്പിൽ മാണി-അമ്മിണി ദമ്പതികളുടെ മൂത്തപുത്രൻ. BCom നു ശേഷം ബിസിനസ്സ് രംഗത്തു പ്രവേശിച്ചു. കങ്ങഴ പുളിയൻമാക്കൽ മോളിയാണു ഭാര്യ. മക്കൾ ലിറ്റി, ലിജു. രണ്ടുപേരും വിദ്യാർത്ഥികൾ.

## 53 G. VI. 14 പുത്തൻപുരയിൽ കടുപ്പിൽ സിബിയുടെ കുടുംബം

അഞ്ചാംതലമുറ കടുപ്പിൽ മാണി-അമ്മിണി ദമ്പതികളുടെ ഇളയപുത്രൻ. വിദ്യാഭ്യാസത്തിനുശേഷം ബിസിനസ്സിൽ ഏർപ്പെട്ടു. പോത്താനിക്കാട് ഇടപ്പാട്ട് മാത്യുവിന്റെ മകൾ ജിലുവിനെ വിവാഹം കഴിച്ചു. നെടുംകണ്ടത്ത് കുടുംബസമേതം താമസിക്കുന്നു. ഇവർക്ക്

സാറാമറിയം, അന്നാമറിയം, ഇമ്മാനുവേൽ എന്ന് മൂന്ന് മക്കൾ. എല്ലാവരും വിദ്യാർത്ഥികൾ.

## 54 G. VI. 15 പുത്തൻ പുരയിൽ കടുപ്പിൽ സാമിന്റെ കുടുംബം

അഞ്ചാം തലമുറ കടുപ്പിൽ ഐസക്-മോളി ദമ്പതികളുടെ മൂത്ത പുത്രൻ. BCom പാസ്സായി എറണാകുളത്ത് സുവിശേഷ വേല ചെയ്യുന്നു. നെടുംകണ്ടം ഈപ്പൻചേരിൽ കുട്ടപ്പൻ മകൾ സൂസൻ ആണ് ഭാര്യ. കമ്പനി ജോലിക്കാരിയാണ്. ഇവർക്ക് ഫേബ എന്നൊരു കുട്ടിയുണ്ട്.

## 55 G. VI. 16 പുത്തൻപുരയിൽ കടുപ്പിൽ സജിയുടെ കുടുംബം

അഞ്ചാംതലമുറ കടുപ്പിൽ ഐസക്ക്-മോളി ദമ്പതികളുടെ ഇളയപുത്രൻ. ബാംഗ്ലൂരിൽ ബാങ്ക് ഉദ്യോഗസ്ഥനാണ്. കോട്ടയം പറങ്ങോട്ട് സക്കറിയാ മകൾ സിമിയാണ് ഭാര്യ. സിമി IELTS അധ്യാപികയാണ്.

## 56 G. VI. 17 പുത്തൻപുരയിൽ ജെബു ജോസഫിന്റെ കുടുംബം (ശാന്തിഗ്രാം)

അഞ്ചാംതലമുറ ജോസഫ്-അമ്മുക്കുട്ടി ദമ്പതികളുടെ മൂത്ത പുത്രൻ. ബിസിനസ്സ് ചെയ്യുന്നു. ഹൈറേഞ്ചിൽ ശാന്തിഗ്രാം എന്ന സ്ഥലത്ത് താമസിക്കുന്നു. അണക്കര ജേക്കബ് മകൾ ബിന്ദുവാണു ഭാര്യ. ഇവർക്ക് ഹെന്നാ എന്നൊരു മകളും ഹെവിൻ എന്നൊരു മകനും ഉണ്ട്. ബിന്ദു കഴിഞ്ഞവർഷം നിര്യാതയായി.

| | | |
|---|---|---|
| Date of death | Bindhu | 30 - 4-1909 |

## 57 G. VI. 18 പുത്തൻപുരയിൽ ജെനു ജോസഫിന്റെ കുടുംബം

അഞ്ചാംതലമുറ ജോസഫ്-അമ്മുക്കുട്ടി ദമ്പതികളുടെ ഇളയ പുത്രൻ. ITI യ്ക്കുശേഷം മെക്കാനിക് ആയി ജോലിചെയ്യുന്നു. മേരിക്കുളം കിഴക്കേമുറി തോമസ് മകൾ റാണിയാണു ഭാര്യ. ഇവർക്ക് നയന, സയന, എന്ന് രണ്ടു പെൺ മക്കൾ. തറവാടിനുടുത്ത് വീടുവച്ച് താമസിക്കുന്നു.

## 58 G. VI. 19 പുത്തൻപുരയിൽ അനിൽ ജോണിന്റെ കുടുംബം

അഞ്ചാംതലമുറ ജോൺ-സാറാമ്മ ദമ്പതികളുടെ പുത്രൻ. കൃഷിയോടൊപ്പം ബിസിനസ്സും നടത്തുന്നു. ആലപ്പുഴ പതിനെട്ടിൽചിറ

കുര്യൻ മകൾ ലിസ്സായാണു ഭാര്യ. ഇവർക്ക് സെറാ അനിൽജോൺ എന്നൊരു മകൾ

**59 G. VI. 20 പുത്തൻപുരയിൽ ഇളപ്പുങ്കൽ ജൂബിസുനിൽ ബേബിയുടെ കുടുംബം**

അഞ്ചാംതലമുറ കുഞ്ഞുബേബി-കുഞ്ഞമ്മ ദമ്പതികളുടെ മൂത്തപുത്രൻ BBA കഴിഞ്ഞു കാനഡായിൽ ജോലി ചെയ്യുന്നു. വാകത്താനം ചാക്കച്ചേരിൽ കുന്നത്തുചിറ ജോയി ഏബ്രഹാമിന്റെ മകൾ ദിവ്യ എലിസബത്ത് ആണു ഭാര്യ, BSc നഴ്സ് ആണ്. ഇവർക്ക് ജോസഫൈൻ എൽ സാജുബി എന്നൊരു മകൾ.

**60 G. VI. 21 പുത്തൻപുരയിൽ ഇളപ്പുങ്കൽ ജോബി സുനീഷ് ബേബിയുടെ കുടുംബം**

അഞ്ചാംതലമുറ കുഞ്ഞുബേബി-കുഞ്ഞമ്മ ദമ്പതികളുടെ ഇളയമകൻ. ITI കഴിഞ്ഞ് സൗദിയിൽ ജോലി ലഭിച്ചു. അനിമോൾ ജോബിയാണു ഭാര്യ. അനിമോൾ കുമരകം മൂലങ്കത്തറ എം. രാജു ഏബ്രഹാമിന്റെ മകൾ. സൗദിയിൽ നഴ്സായി ജോലി ചെയ്യുന്നു.

**61 G. VI. 22 പുത്തൻപുരയിൽ രഞ്ജിത്ത് ജോസഫിന്റെ കുടുംബം**

അഞ്ചാംതലമുറ ജോസഫ്-മറിയാമ്മ ദമ്പതികളുടെ മകൻ. വിദ്യാഭ്യാസത്തിനുശേഷം ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. എറണാകുളം അഡ്വക്കറ്റ് വിൻസന്റ് പാനിക്കുളങ്ങരയുടെ മകൾ എൻജിനീയറായ മീരയാണു ഭാര്യ.

## മണലേൽ ശാഖ

**62 G. II. 3 മണലേൽ മാത്തന്റെ കുടുംബം**

ഒന്നാം തലമുറ ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. സാമാന്യ വിദ്യാഭ്യാസം. കാഞ്ഞിരപ്പള്ളി തുറവാതുക്കൽ ശോശാമ്മയെ വിവാഹം കഴിച്ചു. മണലേൽ പുരയിടത്തിൽ താമസമാക്കി. അതുകൊണ്ട് ഈ ശാഖ മണലേൽ ശാഖ എന്ന് അറിയപ്പെടുന്നു. ഇവർക്ക് ഉതുപ്പ്, വർക്കി, ഉലഹന്നാൻ, കൊച്ചൂട്ടി എന്നിങ്ങനെ 4 ആൺ മക്കളും അന്നാമ്മ, ആച്ചിയമ്മ എന്ന് രണ്ട് പെൺമക്കളും ഉണ്ടായി. പെൺമക്കളിൽ അന്നാമ്മയെ കുറിച്ചി കൊച്ചില്ലത്ത്

തോമ്മാ മകൻ ചാക്കോയും ആച്ചിയമ്മയെ പുതുപ്പള്ളി പറപ്പള്ളി ച്ചിറ കുറുവച്ചനും വിവാഹം കഴിച്ചു. ഇവർ വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 63 G. III. 5 മണലേൽ ഉതുപ്പിന്റെ കുടുംബം

രണ്ടാം തലമുറ മണലേൽ മാത്തൻ-ശോശാമ്മ ദമ്പതികളുടെ മകൻ. മണർകാട് കരിമ്പന്നൂർ കുര്യൻ മകൾ കുഞ്ഞുമോളാണു ഭാര്യ. ഇവർക്ക് ശോശാമ്മ എന്ന ഏകമകൾ ഇരുവരും മദ്ധ്യപ്രായത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 64 G. III. 6 മണലേൽ വർക്കിയുടെ കുടുംബം

മണലേൽ മാത്തൻ-ശോശാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. സാമാന്യ വിദ്യാഭ്യാസം. മീനടം പന്നിക്കോട്ട് കോര മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മാത്തൻ, ഏബ്രഹാം എന്നിങ്ങനെ 2 ആൺമക്കളും കുഞ്ഞമ്മ, കുഞ്ഞൂഞ്ഞമ്മ, ശോശാമ്മ എന്ന് 3 പെൺമക്കളും ഉണ്ടായി. ഇവരിൽ കുഞ്ഞമ്മയെ കങ്ങഴ ഇരവികുളങ്ങര ചാക്കോയും കുഞ്ഞൂഞ്ഞമ്മയെ ചിറത്തലാട്ട് ചെറി യാൻ മകൻ കോരയും വിവാഹം ചെയ്തു. ശോശാമ്മ ചെറുപ്പ ത്തിൽ മരിച്ചു. ഈ ദമ്പതികളിരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 65 G. III. 7 മണലേൽ ഉലഹന്നന്റെ കുടുംബം

രണ്ടാം തലമുറ മാത്തൻ-ശോശാമ്മ ദമ്പതികളുടെ മൂന്നാ മത്തെ പുത്രൻ. സാമാന്യ വിദ്യാഭ്യാസം. ഐരാറ്റുനട അയർപുഞ്ച യിൽ ഈപ്പൻ മകൾ അന്നാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതി കൾ സന്താനമില്ലാതെ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 66 G. IV. 10 മണലേൽ മാത്തന്റെ കുടുംബം (കൊച്ച്)

മൂന്നാം തലമുറ വർക്കി-ഏലിയാമ്മ ദമ്പതികളുടെ മൂത്തപു ത്രൻ. സാമാന്യ വിദ്യാഭ്യാസം. കൃഷി. പനയമ്പാല പീലിക്കുഴിയിൽ വർഗീസ് മകൾ അച്ചാമ്മയാണു ഭാര്യ. ഇവർക്ക് വർക്കി, വർഗീസ്, എന്നീ രണ്ട് ആൺ മക്കളും ഏലിക്കുട്ടി, മേരി, കുഞ്ഞൂഞ്ഞമ്മ എന്നീ മൂന്ന് പെൺമക്കളും ഉണ്ടായി. ഏലിക്കുട്ടിയെ കങ്ങഴ വണ്ടാനത്തു വയലിൽ കുഞ്ഞൂഞ്ഞുകുട്ടി വിവാഹം കഴിച്ചു. മേരി അവിവാഹിത യായി മരിച്ചു. കുഞ്ഞൂഞ്ഞമ്മയെ നെടുമാവ് പട്ടശ്ശേരിൽ മത്തായി

മകൻ ജോർജ്ജ് വിവാഹം ചെയ്തു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

### 67 G. IV. 11 മണലേൽ അബ്രഹാമിന്റെ (അവറാച്ചൻ) കുടുംബം

വർക്കി ഏലിയാമ്മ-ദമ്പതികളുടെ ഇളയ പുത്രൻ. സാമാന്യ വിദ്യാഭ്യാസം. കൃഷിയാണു തൊഴിൽ. പാമ്പാടി ആലാംപള്ളിൽ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് വർക്കി എന്ന ഏകമകനും ഏലിയാമ്മ, അന്നമ്മ എന്ന് രണ്ട് പെൺമക്കളും ഉണ്ടായി. ഏലിയാമ്മയെ കങ്ങഴ പൂവാടിൽ പൗലോസ് മകൻ ചാക്കോയും അന്നമ്മയെ പാമ്പാടി ചേന്നാട്ടുമറ്റം അബ്രഹാം മകൻ തങ്കച്ചനും വിവാഹം ചെയ്തു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

### 68 G. V. 23 മണലേൽ വർക്കി (കുഞ്ഞൂഞ്ഞുകുട്ടി)യുടെ കുടുംബം

നാലാം തലമുറ മണലേൽ മാത്തൻ-അച്ചാമ്മ ദമ്പതികളുടെ മൂത്ത പുത്രൻ. 7-ാം ക്ലാസ്സ് വിദ്യാഭ്യാസം. അമയന്നൂർ ചെന്നിക്കര മത്തായി മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജോയി, ജോണി, രാജു എന്നിങ്ങനെ മൂന്ന് ആൺ മക്കൾ. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

### 69 G. V. 24 മണലേൽ വർഗീസ് (പാപ്പച്ചൻ) ന്റെ കുടുംബം

മണലേൽ മാത്തൻ-അച്ചാമ്മ ദമ്പതികളുടെ ഇളയപുത്രൻ തൊഴിൽ കൃഷി. മുണ്ടകപ്പാടം കരിമ്പിൽ അബ്രഹാം മകൾ ശോശാമ്മയാണു ഭാര്യ. ഈ ദമ്പതികൾക്ക് മക്കളില്ല.

### 70 G. V. 25 മണലേൽ വർക്കിയുടെ (തങ്കച്ചൻ) കുടുംബം

നാലാം തലമുറ മണലേൽ അബ്രഹാം-അന്നമ്മ ദമ്പതികളുടെ മകൻ. വാഴൂർ കരിങ്ങണാമറ്റത്തിൽ വർക്കിയുടെ മകൾ മറിയാമ്മയാണ് ഭാര്യ. ഇവർക്ക് ബാബു എന്ന് ഒരു മകനും, മിനി എന്നൊരു മകളും ഉണ്ട്. മിനിയെ ഇരവിനല്ലൂർ കൊല്ലമ്പറമ്പിൽ അബ്രഹാം മകൻ ഷാജി വിവാഹം കഴിച്ചു.

### 71 G. VI. 23 മണലേൽ മാത്തന്റെ (ജോയി) കുടുംബം

അഞ്ചാംതലമുറ മണലേൽ വർക്കിചിന്നമ്മ ദമ്പതികളുടെ മൂത്ത പുത്രൻ. കുറെ നാൾ ഗൾഫിൽ ജോലി ചെയ്തു. മടങ്ങിവന്ന് ഞാലിയാകുഴിയിൽ ബിസിനസ്സ് നടത്തുന്നു. നെടുമാവ് കുന്നേൽ ഏലി

യാസ് മകൾ എൽസിയാണ് ഭാര്യ. ഇവർക്ക് ജിബിൻ, ജെയിൻ എന്ന് രണ്ട് ആൺമക്കൾ. ജിബിൻ നൈജീരിയയിൽ ജോലി ചെയ്യുന്നു. ജെയിൻ വിദ്യാർത്ഥിയാണ്.

## 72 G. VI. 24 മണലേൽ ജോണിയുടെ കുടുംബം

അഞ്ചാം തലമുറ മണലേൽ വർക്കി-ചിന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. പഠനത്തിനുശേഷം ബിസിനസ്സിൽ ഏർപ്പെട്ടു. വെങ്ങയിൽ ചുഴികുന്ന് വർഗീസ് മകൾ സാലിയാണു ഭാര്യ. ഇവർക്ക് ജിനു എന്ന ഏക മകൻ. സാലി മരിച്ച് മാർ അപ്രേംപളളിയിൽ അടക്കപ്പെട്ടു.

Date of Death Sali 4-5-1995

## 73 G. VI. 25 മണലേൽ രാജുവിന്റെ കുടുംബം

അഞ്ചാം തലമുറ മണലേൽ വർക്കി-ചിന്നമ്മ ദമ്പതികളുടെ ഇളയപുത്രൻ. ഒരു തയ്യൽ വിദഗ്ധൻ. കർട്ടൻ സെറ്റുകളും മറ്റും ഭംഗിയായി തയ്ച്ചുകൊടുക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. കുറിച്ചി കൊച്ചില്ലത്ത് കുളക്കാട്ടുശ്ശേരി മർക്കോച്ചൻ മകൾ ഗ്രേസിയാണ് ഭാര്യ. ഇവർക്ക് ചിന്നുമോൾ എന്ന ഏകമകൾ നേഴ്സിംഗ് വിദ്യാർത്ഥിനിയാണ്.

## 74 G. VI. 26 മണലേൽ ബാബുവിന്റെ കുടുംബം

അഞ്ചാംതലമുറ മണലേൽ തങ്കച്ചൻ-മറിയാമ്മ ദമ്പതികളുടെ ഏക മകൻ. SSLC, ITI യ്ക്കുശേഷം പൂനയിൽ സ്വന്തം ബിസിനസ്സ് നടത്തുന്നു. വാകത്താനം തടത്തിൽ കുര്യൻ മകൾ അനിതയാണ് ഭാര്യ. ഇവർക്ക് ജെറിൻ എന്ന ഒരു മകൻ. സ്കൂൾ വിദ്യാർത്ഥിയാണ്.

# ചെത്തിക്കുളത്ത് ശാഖ

## 75 G. II. 4 ചെത്തിക്കുളത്ത് ഉതുപ്പിന്റെ കുടുംബം

ഒന്നാം തലമുറ ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രൻ. വാകത്താനം വള്ളിക്കാട്ട് തെക്കേക്കര വർക്കി മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ചെത്തിക്കുളം പുരയിടത്തിൽ താമസമാക്കി. അതിനാൽ ഈ ശാഖ ചെത്തിക്കുളം ശാഖ എന്നറിയപ്പെടുന്നു. ഈ ദമ്പതകിൾക്ക് ഉതുപ്പ്, വർക്കി, ഉലഹന്നാൻ എന്ന് മൂന്ന് ആൺമക്കളും അന്നാമ്മ, മറിയാമ്മ, ആച്ചിയമ്മ എന്ന് മൂന്ന് പെൺമക്കളും ഉണ്ടായി. അന്നാമ്മയെ അഞ്ചേരി കുഴിയാത്തുക

ടുപ്പിൽ ഇട്ടി മകൻ കോരയും, മറിയാമ്മയെ പനയമ്പാല കണ്ണംകുളത്ത് ഔസേപ്പും, ആച്ചിയമ്മയെ അഞ്ചേരി വടക്കുംപാടത്ത് മാത്തനും വിവാഹം കഴിച്ചു. ഉതുപ്പും ഭാര്യയും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 76 G. III. 8 ചിറപ്പുറത്ത് ഉതുപ്പിന്റെ (വലിയകൊച്ച്) കുടുംബം

രണ്ടാം തലമുറ ചെത്തിക്കുളത്ത് ഉതുപ്പ്-മറിയാമ്മ ദമ്പതികളുടെ മൂത്തമകൻ. സാമാന്യവിദ്യാഭ്യാസം. അഞ്ചേരി കാലായിൽപറമ്പിൽ ഇട്ടി മകൾ അന്നാമ്മയെ വിവാഹം ചെയ്തു. ചിറപ്പുറത്ത് പുരയിടത്തിൽ താമസമാക്കി. ഇദ്ദേഹത്തിന്റെ പിൻഗാമികളാണ് ചെത്തിക്കുളം ശാഖയുടെ ഉപശാഖയായ ചിറപ്പുറത്തു കുടുംബക്കാർ. ഈ ദമ്പതികൾക്ക് ഉതുപ്പ്, അബ്രഹാം എന്നീ 2 ആൺമക്കളും ശോശാമ്മ എന്ന ഒരു മകളും ഉണ്ടായി. ശോശാമ്മയെ പനയമ്പാല ഇളങ്കാവുങ്കൽ അബ്രഹാം വിവാഹം കഴിച്ചു. ഉതുപ്പു മദ്ധ്യപ്രായത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു. അന്നമ്മ വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 77 G. III. 9 ചക്കാലയിൽ വർക്കിയുടെ (കൊച്ചുകുട്ടി) കുടുംബം

രണ്ടാം തലമുറ ചെത്തിക്കുളത്ത് ഉതുപ്പ്-മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. സാമാന്യ വിദ്യാഭ്യാസം. കുഴിമറ്റത്തു പട്ടശ്ശേരിൽ അക്കാമ്മയെ വിവാഹം ചെയ്തു. ചാക്കാലയിൽ പുരയിടത്തിൽ താമസമാക്കി. ഇവരുടെ പിൻഗാമികളാണ് ചെത്തിക്കുളം ശാഖയുടെ ഉപശാഖയായ ചാക്കാലയിൽ കുടുംബക്കാർ. ഇവർക്ക് ഉതുപ്പ്, വർക്കി, കുഞ്ഞൂഞ്ഞ് എന്ന് മൂന്ന് ആൺമക്കളും, മറിയാമ്മ ഏലിയാമ്മ എന്ന് രണ്ടു പെൺമക്കളും ഉണ്ടായി. കുഞ്ഞൂഞ്ഞ് ചെറുപ്പത്തിൽ മരിച്ചു. മറിയാമ്മയെ അമയന്നൂർ ചെന്നിക്കര സ്കറിയയും ഏലിയാമ്മയെ അഞ്ചേരി പാണൂർ കടുപ്പിൽ പുന്നൂസും വിവാഹം ചെയ്തു. ഇദ്ദേഹം കൃഷിയോടൊപ്പം കച്ചവടവും തൊഴിലായി സ്വീകരിച്ചു. ഒരു പൊതുകാര്യ പ്രസക്തനായിരുന്നു. സാമൂഹ്യരംഗത്തും അറിയപ്പെടുന്ന ഒരു വ്യക്തിത്വമായിരുന്നു. ഇരുവരും നിര്യാതരായി മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

## 78 G. III. 10 ചെത്തിക്കുളത്ത് ഉലഹന്നാന്റെ കുടുംബം

രണ്ടാം തലമുറ ചെത്തിക്കുളത്ത് ഉതുപ്പ്-മറിയാമ്മ ദമ്പതികളുടെ ഇളയമകൻ. തറവാട്ടുവീടായ ചെത്തിക്കുളത്തു തന്നെ താമ

സിച്ചു. ഇദ്ദേഹം അഞ്ചേരി കളത്രക്കടുപ്പിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക്, ഉതുപ്പ്, അബ്രഹാം, വർക്കി എന്ന് മൂന്ന് ആൺമക്കൾ. ഇദ്ദേഹം മദ്ധ്യപ്രായത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു. ശോശാമ്മ വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

**79 G. IV. 12 ചിറപ്പുറത്ത് ഉതുപ്പിന്റെ (കൊച്ചുകൊച്ച്)കുടുംബം**

ചിറപ്പുറത്ത് ഉതുപ്പ്-അന്നമ്മ ദമ്പതികളുടെ മൂത്തപുത്രൻ, ഏഴാംക്ലാസ്സ് വിദ്യാഭ്യാസം. വസ്തു അളന്നു തിട്ടപ്പെടുത്തുക, തടി അളന്നു തിട്ടപ്പെടുത്തുക തുടങ്ങി കണക്കുകൂട്ടലിൽ വിദഗ്ദ്ധനായിരുന്നു. ഒരു പൊതുകാര്യപ്രസക്തൻ. വാകത്താനം കൈതയിൽ വാഴയ്ക്കൽ മാണി മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഉതുപ്പ്, മാണി, വർക്കി, ജോൺ, ഏബ്രഹാം, തോമസ്, മാത്യൂസ് എന്നിങ്ങനെ 7 ആൺ മക്കളും അന്നമ്മ, ഏലിയാമ്മ, ശോശാമ്മ, മറിയാമ്മ എന്ന് 4 പെൺമക്കളും ഉണ്ടായി. ഇവരിൽ അന്നമ്മയെ കഞ്ഞിക്കുഴി കണ്ണോത്ര കൈതയിൽ തോമാച്ചനും ഏലിയാമ്മയെ കിളിരൂർ കണ്ടാകേരിചിറയിൽ അബ്രഹാം മകൻ വർഗീസും, ശോശാമ്മയെ പനയമ്പാല കൊച്ചുപറമ്പിൽ കുഞ്ഞൂഞ്ഞിന്റെ മകൻ ഫിലിപ്പും മറിയാമ്മയെ പുതുപ്പള്ളി ഇഞ്ചക്കാട്ട് യോഹന്നാന്റെ മകൻ വർഗീസും വിവാഹം കഴിച്ചു. ദമ്പതികൾ ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

| | | |
|---|---|---|
| Date of Death | Uthuppu | 9-1-198 |
| | Aleyamma | 25-8-1960 |

**80 G. IV. 13 ചിറപ്പുറത്ത് ഏബ്രഹാമിന്റെ (അവറാച്ചൻ) കുടുംബം**

ഉതുപ്പ്-അന്നമ്മ ദമ്പതികളുടെ ഇളയ പുത്രൻ. ഏഴാം ക്ലാസ് വിദ്യാഭ്യാസം. അഞ്ചേരി പുളിന്തറക്കുന്നേൽ വർഗീസ് മകൾ ആച്ചിയമ്മയെ വിവാഹം കഴിച്ചു ഇവർക്ക് ഉതുപ്പ്, ജോർജ്ജ്, ശൈശവത്തിലെ നിര്യാതനായ ഒരു ആൺകുട്ടി ഇങ്ങനെ മൂന്ന് ആൺമക്കളും അന്നമ്മ, മേരിക്കുട്ടി എന്ന് രണ്ട് പെൺമക്കളും ഉണ്ടായി. അന്നമ്മയെ തൃക്കോതമംഗലം വന്നലയിൽ അവറാച്ചൻ മകൻ കുഞ്ഞുമോനും, മേരിക്കുട്ടിയെ കൊല്ലാട് കൈതയിൽ ബേബി മകൻ ജേക്കബും വിവാഹം കഴിച്ചു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

| | | |
|---|---|---|
| Date of Death | Abraham | 20-10-1983 |
| | Achiamma | 31-8-2007 |

## 81 G. IV. 14 ചാക്കാലയിൽ ഉതുപ്പിന്റെ കുടുംബം (കുഞ്ഞപ്പൻ)

മൂന്നാം തലമുറ ചാക്കാലയിൽ വർക്കി-അക്കാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. ഏഴാം ക്ലാസ് വിദ്യാഭ്യാസം. കൃഷിയോടൊപ്പം ബിസിനസ്സിലും കഴിവു തെളിയിച്ചു. കോട്ടയം പട്ടണത്തിൽ സ്വന്തമായി സ്ഥലം വാങ്ങി കാപ്പിപ്പൊടി ബിസിനസ്സ് തുടങ്ങി. അതു ക്രമേണ വളർന്ന് മൂന്നു മക്കൾക്കും വേറെ വേറെ കടകൾ തുടങ്ങാൻ സാഹചര്യം ഉണ്ടാക്കി. വെള്ളൂർ പൈലിത്താനം ചെറിയാൻ മകൾ ഉണിച്ചിയമ്മയാണു ഭാര്യ.ഇവർക്ക് വർക്കി, ചെറിയാൻ, ജോൺ, ഉതുപ്പ്, ഏബ്രഹാം എന്നിങ്ങനെ 5 ആൺ മക്കളും കുഞ്ഞമ്മ എന്ന ഒരു മകളും ഉണ്ട്. കുഞ്ഞമ്മയെ കങ്ങഴ പുള്ളോലിക്കൽ പുന്നച്ചൻ മകൻ ബേബി വിവാഹം ചെയ്തു. ഈ ദമ്പതികൾ ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 82 G IV 15 ചാക്കാലയിൽ വർക്കിയുടെ (പാപ്പച്ചൻ) കുടുംബം

വർക്കി-അക്കാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ സാമാന്യ വിദ്യാഭ്യാസം. കൃഷി. പുതുപ്പള്ളി കാവനാടിൽ കൊച്ചൂട്ടി മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് പുന്നൂസ്, വർക്കി, ഉതുപ്പ്, ഏബ്രഹാം, ജോൺ, മാത്യു, ജേക്കബ് എന്ന് 7 ആൺ മക്കളും പെണ്ണമ്മ, മോളി, കുഞ്ഞൂഞ്ഞമ്മ എന്ന് 3 പെൺമക്കളും ഉണ്ട്. പെണ്ണമ്മയെ പാമ്പാടി കൊല്ലമ്പറമ്പിൽ മത്തായി മകൻ ഏബ്രഹാമും മോളിയെ തൃക്കോതമംഗലം വന്നലയിൽ പീലിപ്പോസും കുഞ്ഞൂഞ്ഞമ്മയെ മീനടം തോണിപ്പുരയ്ക്കൽ ചെറിയാനും വിവാഹം കഴിച്ചു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

| | | |
|---|---|---|
| Date of Death | Varkey | 30-5-1998 |
| | Mariamma | 18-1-1996 |

## 83 G. IV. 16 ചെത്തിക്കുളത്ത് (മറ്റത്തിൽ) ഉതുപ്പിന്റെ (കൊച്ച്) കുടുംബം

മൂന്നാം തലമുറ ചെത്തിക്കുളത്ത് ഉലഹന്നാൻ-ശോശാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. സാമാന്യവിദ്യാഭ്യാസം. കൃഷിയോടൊപ്പം വ്യാപാരത്തിലും ഏർപ്പെട്ടു. പനയമ്പാല ഇളങ്കാവുങ്കൽ ഏബ്രഹാം മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജോൺ, വർക്കി എന്ന് 2 ആൺമക്കളും, ശോശാമ്മ, അന്നമ്മ, മറിയാമ്മ എന്നീ മൂന്ന്

പെൺമക്കളും ഉണ്ട്. ശോശാമ്മയെ കഞ്ഞിക്കുഴി കണ്ണോത്ര കുര്യൻ മകൻ ജേക്കബും, അന്നമ്മയെ പുതുപ്പള്ളിൽ ഇഞ്ചക്കാട്ട് കൊച്ചിക്കാ മകൻ ബേബിയും, മറിയാമ്മയെ പുന്നവേലി താന്നിമുണ്ടയ്ക്കൽ മത്തായി മകൻ മാത്യുവും വിവാഹം കഴിച്ചു. ഉതുപ്പും, ഏലിയാമ്മയും 84-ാം വയസ്സിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

| | | |
|---|---|---|
| Date of Death | Uthupu | 30-06-1991 |
| | Aleyamma | 27-02-1994 |

## 84 G. IV. 17 ചെത്തിക്കുളത്ത് കൊല്ലമ്പറമ്പിൽ അബ്രഹാമിന്റെ (അവറാച്ചൻ) കുടുംബം

ഉലഹന്നാൻ-ശോശാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. സാമാന്യ വിദ്യാഭ്യാസം. കൃഷിയോടൊപ്പം വ്യാപാരവും ചെയ്തിരുന്നു. പനയമ്പാല ഒറ്റതൈക്കൽ മാമ്മൻ മകൾ ശോശാമ്മയാണ് ഭാര്യ. ഇവർക്ക് വർക്കി, മാമ്മൻ, എന്ന് 2 ആൺ മക്കളും അമ്മിണി എന്ന ഒരു മകളും ഉണ്ട്. കൊല്ലമ്പറമ്പ് പുരയിടം വാങ്ങി അവിടെ താമസിച്ചു. അമ്മിണിയെ മാങ്ങാനം കുളക്കാട്ടിൽ പാപ്പി മകൻ ബേബി വിവാഹം കഴിച്ചു. അബ്രഹാം വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു. ശോശാമ്മ ജീവിച്ചിരിക്കുന്നു. കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ ആളാണ്.

| | | |
|---|---|---|
| Date of Death | Abraham | 29-09-1985 |

## 85 G. IV. 18 ചെത്തിക്കുളത്തു വർക്കിയുടെ (കുഞ്ഞൂഞ്ഞ്) കുടുംബം

മൂന്നാം തലമുറ ഉലഹന്നാൻ-ശോശാമ്മ ദമ്പതികളുടെ ഇളയ മകൻ ചെത്തിക്കുളത്തു തറവാട്ടിൽ താമസിച്ചു. മലയാളം ഹയർ, T.T.C പരീക്ഷകൾ പാസ്സായി അധ്യാപക വൃത്തിയിൽ പ്രവേശിച്ചു. മാർ അപ്രേം പള്ളിയിലെ സൺഡേസ്കൂൾ അധ്യാപകൻ, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിലും സജീവ പ്രവർത്തകൻ ആയിരുന്നു. കുഴിമറ്റം കുറ്റിക്കൽ പാപ്പി മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജോൺ, കുഞ്ഞമ്മ, ശോശാമ്മ, മോളിക്കുഞ്ഞ് എന്നിങ്ങനെ നാല് മക്കൾ. കുഞ്ഞമ്മയെ പാമ്പാടി കിഴക്കേക്കര വർഗീസ് മകൻ മാത്യുവും ശോശാമ്മയെ വാകത്താനം പോളച്ചിറ കുര്യൻ മകൻ ഫിലിപ്പും മോളിക്കുഞ്ഞിനെ തോട്ടയ്ക്കാട്

പുള്ളോലിക്കൽ കുര്യൻ മകൻ മാണിയും വിവാഹം കഴിച്ചു. ഇദ്ദേഹം സർക്കാൻ സർവ്വീസിൽ ഹെഡ്മാസ്റ്ററായി. റിട്ടയർ ചെയ്തശേഷം കുടുംബയോഗം സംബന്ധിച്ച കാര്യങ്ങളിൽ സജീവമായി പ്രവർത്തിച്ചു. കുടുംബചരിത്രം ഏഴുതിയുണ്ടാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. ഇരുവരും വാർദ്ധകൃത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

| | | |
|---|---|---|
| Date of Death | Varkey | 11-10-2005 |
| | Aleyamma | 17-12-2010 |

## 86 G. V 26 ചിറപ്പുറത്ത് ഉതുപ്പിന്റെ (പാപ്പച്ചൻ) കുടുംബം

നാലാം തലമുറ ചിറപ്പുറത്ത് ഉതുപ്പ്-ഏലിയാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. ഏഴാംക്ലാസ്സ് വിദ്യാഭ്യാസം. കൃഷിയോടൊപ്പം വ്യാപാരത്തിലും ഏർപ്പെട്ടു. നാലുന്നാക്കൽ മണിയമ്പടവത്ത് അബ്രഹാം മകൾ ആണ്ടമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് സണ്ണി, ഏബ്രഹാം എന്ന് 2 ആൺ മക്കളും ഏലാമ്മ, ആലീസ് എന്ന് രണ്ടു പെൺമക്കളും ഉണ്ട്. ഏലാമ്മയെ പാമ്പാടി കളരിക്കൽ യോഹന്നാൻ കുര്യൻ മകൻ ജോർജ്ജും ആലീസിനെ തൃക്കോതമംഗലം വാഴക്കാലാചിറയിൽ ഫിലിപ് മകൻ അനിയനും വിവാഹം കഴിച്ചു. ഉതുപ്പ് 84-ാം വയസ്സിൽ നിര്യാതനായി മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു. കുടുംബയോഗത്തിന്റെ സജീവ പ്രവർത്തകനായിരുന്നു.

| | | |
|---|---|---|
| Date of Death | Uthuppu | 5-8-2009 |

## 87 G. V. 27 ചിറപ്പുറത്ത് മാണിയുടെ (കുഞ്ഞൂഞ്ഞ്) കുടുംബം

നാലാം തലമുറ ഉതുപ്പ്-ഏലിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. കൃഷിയോടൊപ്പം ബിസിനസ്സിലും (ജൗളി വ്യാപാരം) ഏർപ്പെട്ടു. നീലിമംഗലം ഊരോത്തുപറമ്പിൽ മാത്തൻ മകൾ ശോശാമ്മയാണ് ഭാര്യ. ഇവർക്ക് രാജൻ, ബാബു, ബേബിച്ചൻ എന്ന് മൂന്ന് ആൺ മക്കളും ലീലാമ്മ, കുഞ്ഞന്നാമ്മ എന്ന് രണ്ടു പെൺമക്കളും ഉണ്ട്. ലീലാമ്മയെ കുറിച്ചി അമ്പലക്കടവിൽ കുഞ്ഞുമോനും, കുഞ്ഞന്നാമ്മയെ നാലുന്നാക്കൽ മാവിലശ്ശേരിൽ തമ്പിയും വിവാഹം കഴിച്ചു, മാണി 64-ാം വയസ്സിൽ മരിച്ച് മാർഅപ്രേംപള്ളിയിൽ അടക്കപ്പെട്ടു.

| | | |
|---|---|---|
| Date of Death | Mani | 31-31962 |

## 88 G. V. 28 ചിറപ്പുറത്ത് സി.യു. വർക്കിയുടെ (കുട്ടികൊച്ച്) കുടുംബം

ചിറപ്പുറത്ത് ഉതുപ്പ്-ഏലിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. മലയാളം ഹയർ, S.S.L.C, TTC പാസ്സായി അധ്യാപകനായി, സർക്കാർ സർവ്വീസിൽ പ്രവേശിച്ചു. തോട്ടയ്ക്കാട്ട് മാലത്ത് കുര്യൻ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജോസഫ്, കുര്യൻ, രാജു എന്നിങ്ങനെ 3 ആൺ മക്കൾ. മാർ അപ്രേംപള്ളി സൺഡേ സ്കൂൾ അധ്യാപകനായും ഹെഡ്മാസ്റ്ററായും ദീർഘകാലം പ്രവർത്തിച്ചു. അൻപതു വർഷത്തിലേറെ പ്രവർത്തിച്ചതിനുള്ള പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്. കുടുംബയോഗത്തിന്റെ സെക്രട്ടറി യായും പ്രവർത്തിച്ചു. റിട്ടയർ ചെയ്തശേഷം കൃഷികാര്യങ്ങളിലും ശ്രദ്ധിക്കുന്നു. ഇടവകയിലെ ആത്മീയ പ്രസ്ഥാനങ്ങൾക്കു നേതൃത്വം കൊടുത്തുവരുന്നു. ഈ കുടുംബചരിത്രം എഴുതിയുണ്ടാക്കാൻ പ്രധാ നപങ്കുവഹിച്ചു. R.P.S. പ്രസിഡന്റായും വാകത്താനം സംയുക്ത R.P.S. എക്സിക്യട്ടീവ് കമ്മിറ്റി മെമ്പറായും സേവനം അനുഷ്ഠിച്ചു വരുന്നു.

## 89 G. V. 29 ചിറപ്പുറത്ത് സി.യു. ജോണിന്റെ കുടുംബം (തൃശ്ശൂർ)

ഉതുപ്പ്-ഏലിയാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രൻ. ഏൻജി നീയറിംഗ് ഡിപ്ലോമാ പാസ്സായി. ഗവ: സർവ്വീസിൽ ഓവർസീയ റായി ജോലിയിൽ പ്രവേശിച്ചു. തൃശൂർ കിഴക്കൂടൻ വീട്ടിൽ പൊറി ഞ്ചുവിന്റെ മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. തൃശൂരിൽ മണ്ണു ത്തിയിൽ താമസമാക്കി. ഇവർക്ക് സീമ M.Com, L.L.B. എന്നൊരു മകളും സാജു M.Com എന്നൊരു മകനും ഉണ്ട്. സീമയെ മുണ്ടക്കയം എരുത്തിക്കൽ മർക്കോസ് മകൻ കൊച്ചുമോൻ വിവാഹം കഴിച്ചു. ജോണും തങ്കമ്മയും ഇരുവരും സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്ന് ഗസറ്റഡ് ഓഫീസർ റാങ്കിൽ റിട്ടയർ ചെയ്തു. മണ്ണുത്തിയിലെ വീട്ടിൽ വിശ്രമജീവിതം നയിക്കുന്നു. ഇദ്ദേഹം തൃശ്ശൂർ സെന്റ് ഇഗ്നാത്തിയോസ് ഓർത്തഡോക്സ് കത്തീ ഡ്രൽ പള്ളിയിൽ ട്രസ്റ്റിയായി പല വർഷങ്ങളിലും സേവനം അനു ഷ്ഠിച്ചു. കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയന്റെ യൂണിറ്റ് ട്രഷറാർ ആയും ബ്ലോക്ക് മെമ്പറായും സേവനം അനുഷ്ഠിക്കുന്നു. മണ്ണുത്തി മിൽക്ക് സൊസൈറ്റിയുടെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## 90 G. V. 30 ചിറപ്പുറത്ത് സി.യു ഏബ്രഹാമിന്റെ (കുഞ്ഞവറാച്ചൻ) കുടുംബം (USA)

ചിറപ്പുറത്ത് ഉതുപ്പ്-ഏലിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ. വിദ്യാഭ്യാസത്തിനുശേഷം മിലിട്ടറി സർവ്വീസിൽ ചേർന്നു. റിട്ടയർ ചെയ്ത് അമേരിക്കയിൽ നേഴ്സ് ആയ കണ്ണൂർ ഇരിട്ടി കോഴിവള്ളിൽ വർക്കി മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ലിസ്സാ, ലീനാ, എന്ന് രണ്ട് പെൺമക്കൾ. ലിസായെ തൃക്കോതമംഗലം ചിറയിൽ അച്ചൻകുഞ്ഞ് മകൻ എബിയും, ലീനായെ ചുങ്കപ്പാറ പ്ലാങ്കൂട്ടത്തിൽ അജുവും വിവാഹം ചെയ്തു. ഇദ്ദേഹം ഉദ്യോഗാർത്ഥം കാർഗിൽ, ഡാർജിലിംഗ് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഏബ്രഹാമും തങ്കമ്മയും റിട്ടയർ ചെയ്ത് അമേരിക്കയിൽ വിശ്രമജീവിതം നയിക്കുന്നു.

## 91 G. V. 31 ചിറപ്പുറത്ത് സി.യു. തോമസിന്റെ കുടുംബം (തൃശ്ശൂർ)

ഉതുപ്പ്-ഏലിയാമ്മ ദമ്പതികളുടെ ആറാമത്തെ പുത്രൻ JTSLC, ITC പാസ്സായി ഭിലായി സ്റ്റീൽ കമ്പനിയിൽ ജോലി ലഭിച്ചു. അവിടെനിന്ന് ഖത്തർ സ്റ്റീൽ പ്ലാന്റിൽ സെലക്ഷൻ കിട്ടി. ഖത്തറിൽ ജോലിചെയ്തു. പള്ളം പതിനഞ്ചിൽ ബേബി മകൾ ശാന്തമ്മയെ വിവാഹം ചെയ്തു. ഖത്തറിൽ നിന്നു തിരിച്ചു വന്ന് തൃശൂർ മണ്ണുത്തിയിൽ വീടുവച്ച് താമസിക്കുന്നു. അവിടെ സ്വന്തം കെട്ടിടത്തിൽ ബിസിനസ്സ് നടത്തുന്നു. ഇവർക്ക് സാം, സച്ചിൻ, സിബി എന്ന് മൂന്ന് ആൺ മക്കൾ ഉണ്ട്. ഇദ്ദേഹം പഞ്ചാബ് നാഷണൽ സ്പോർട്സ് ഇൻസ്റ്റിസ്റ്റ്യൂട്ടിൽ നിന്ന് നാഷണൽ കോച്ച് സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായി. നാഷണൽ സ്റ്റീൽ വോളിബോൾ ടീമിലെ മെമ്പറായിരുന്നു. സെന്റ് ഇഗ്നാത്തിയോസ് ഓർത്തഡോക്സ് കത്തീഡ്രൽ പള്ളിയിലെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. വോളിബോൾ കോച്ച് ആയി പ്രവർത്തിക്കുന്നു.

## 92 G. V. 32 ചിറപ്പുറത്ത് C.U മാത്യുസിന്റെ കുടുംബം (അനിയച്ചൻ)

ഉതുപ്പ്-ഏലിയാമ്മ ദമ്പതികളുടെ ഏഴാമത്തെ പുത്രൻ. PDC, Diploma in Electronics എന്നിവ പാസ്സായി IAF ൽ ചേർന്നു. കഞ്ഞിക്കുഴി ചെമ്പകശ്ശേരിൽ വർക്കിമകൾ ലീലാമ്മയെ വിവാഹം ചെയ്തു. റിട്ടയർചെയ്ത് ബിസിനസ്സ് രംഗത്തു പ്രവേശിച്ചു. നെയ്വേലി, ലിഗ്നൈറ്റ് കോർപ്പറേഷനിൽ എൻജിനീയറിംഗ് വർക്ക്ഷോപ്പ് നടത്തുന്നു. മാങ്ങാനത്തുവീടുവച്ച് താമസിക്കുന്നു. ഇദ്ദേഹം ഇന്ത്യൻ

എയർഫോഴ്സിൽ കാർ നിക്കോബാറിൽ ജോലി ചെയ്തിട്ടുണ്ട്. ഔദ്യോഗികമായി മോസ്കോ, ലണ്ടൻ, റെംഗൂൺ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ട് ഇവർക്ക് സുദീപ് എന്ന ഏകമകൻ. നെയ്‌വേലി പള്ളി ട്രസ്റ്റിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## 93 G. V. 33 ചിറപ്പുറത്ത് റ്റി.എ. ഉതുപ്പിന്റെ (അച്ചൻകുഞ്ഞ്) കുടുംബം

നാലാം തലമുറ ചിറപ്പുറത്ത് അബ്രഹാം-ആച്ചിയമ്മ ദമ്പതികളുടെ മൂത്തപുത്രൻ. SSLC, ITI, (Diploma in Machanical Engg). എന്നിവയ്ക്കു ശേഷം ഭോപ്പാൽ ഹെവി ഇലക്ട്രിക്കൽസിൽ ജോലി ലഭിച്ചു. അവിടെത്തന്നെ ജോലി ചെയ്തിരുന്ന വാകത്താനം വള്ളിക്കാട്ട് കുഞ്ഞൂഞ്ഞ് മകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. കുഞ്ഞമ്മ BHEL സൂപ്പർവൈസറായി ജോലി അനുഷ്ഠിച്ചു. ജോലിയോടൊപ്പം പഠനവും നടത്തി മെക്കാനിക്കൽ എൻജിനീയറിംഗ് ഡിപ്ലോമാ പാസ്സായി. ഇവർക്ക് എബി എന്ന ഏകമകൻ. ഇരുവരും റിട്ടയർ ചെയ്ത് സ്വഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു. കുടംബയോഗ സംബന്ധമായ കാര്യങ്ങളിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## 94 G. V. 34 റ്റി. എ. ജോർജ്ജ് ചിറപ്പുറത്തിന്റെ കുടുംബം (കുഞ്ഞ്)

ചിറപ്പുറത്ത് അബ്രഹാം-ആച്ചിയമ്മ ദമ്പതികളുടെ ഇളയപുത്രൻ. വിദ്യാഭ്യാസത്തിനുശേഷം മിലിട്ടറി സർവ്വീസിൽ (EME) ചേർന്നു. Diploma in Electronics (Military College of Engg. Secunderabad) AMI DiagE (Diogonistic Engineers) മിലട്ടറിയിൽ ടെലികോം ടെക്നീഷ്യനായും, ബയോ മെഡിക്കൽ ടെക്നീഷ്യനായും ജോലി ചെയ്തു. ഔദ്യോഗികമായി ഭൂട്ടാൻ, ചംങ്ഗ്ലാടോപ് (The highest Road ways in the world) സിന്ധു നദീതീരത്ത് ലേയിൽ നിന്ന് 200 കിലോമീറ്റർ കിഴക്ക് കേരി എന്ന സ്ഥലങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. ഹിമാലയ മലനിരകൾ സന്ദർശിച്ചിട്ടുണ്ട്. സൗദി അറേബ്യയിൽ ബ്രിട്ടീഷ് ടെലികോമിലും, സമാമായിലും സീനിയർ ബയോ മെഡിക്കൽ ടെക്നീഷ്യനായും ജോലി ചെയ്തു. ചീരഞ്ചിറ തലക്കുളത്ത് അക്കാമ്മയെ വിവാഹം കഴിച്ചു. അക്കാമ്മ സർവീസിൽനിന്ന് ലീവിൽ സൗദിയിൽ ജോലി ചെയ്തു. കോട്ടയം മെഡിക്കൽ കോളേജിൽ റേഡിയോഗ്രാഫർ ആയി ജോലി ചെയ്തു. സീനിയർ റേഡിയോഗ്രാഫർ (ഗസറ്റഡ് റാങ്ക്) ആയി റിട്ടയർ ചെയ്ത് വീട്ടിൽ വിശ്രമജീ

വിതം നയിക്കുന്നു. ജോർജ്ജ് ബിസിനസ്സ് രംഗത്തു പ്രവർത്തിക്കുന്നു. കുടുംബയോഗം ട്രഷററാണ് ഈ ദമ്പതികൾക്ക് അജിൻ എന്നൊരു മകനും അൻജൂ എന്നൊരു മകളുമുണ്ട്. മാർ അപ്രേം പള്ളിയിൽ ട്രസ്റ്റിയായും സെക്രട്ടറിയായും പല വർഷങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. സൺഡേസ്കൂൾ അദ്ധ്യാപകനായി തുടരുന്നു.

## 95 G. V. 35 ചാക്കാലയിൽ വർക്കിയുടെ കുടുംബം (കുഞ്ഞ്)

നാലാംതലമുറ ഉതുപ്പ്-ഉണിച്ചിയമ്മ ദമ്പതികളുടെ മൂത്തപുത്രൻ. കോളേജ് വിദ്യാഭ്യാസം നേടി. മണിപ്പാൽ ഗവ. ബിൽഡിംങ് ഇൻസ്പെക്ടറായും, കോയമ്പത്തൂരിൽ അസിസ്റ്റന്റ് ടൗൺ പ്ലാനിംഗ് ഓഫീസറായും ആലുവാ FACT ലും ജോലി ചെയ്തു. ജോലി രാജി വച്ച് ബിസിനസ്സ് (ബസ്സ് സർവീസ്) രംഗത്തു പ്രവേശിച്ചു. റയിൽവേ കോൺട്രാക്ടർ ആയി പ്രവർത്തിച്ചു. വാകത്താനം മള്ളിയിലായ വാണിയപുരയ്ക്കൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് സാം എന്ന ഒരു മകനും സുമ, ലിസി എന്ന് രണ്ടു പെൺമക്കളും ഉണ്ട്. സുമയെ തോട്ടയ്ക്കാട് ചേലമറ്റത്തിൽ തോമസ് മകൻ ജോർജ്ജ് തോമസും ലിസിയെ നീരേറ്റുപുറം കൊപ്പാറപ്പറമ്പിൽ വർക്കി മകൻ കെ.വി. തോമസും (കാനഡ) വിവാഹം ചെയ്തു. വർക്കി മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

Date of Death Varkey 24-6-1996

## 96 G. V. 36 ചാക്കാലയിൽ ചെറിയാന്റെ (ഉണ്ണി) കുടുംബം

ഉതുപ്പ്-ഉണിച്ചിയമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. SSLC പാസ്സായശേഷം ബിസിനസ്സ് രംഗത്തു പ്രവർത്തിച്ചു (പയനിയർ കോഫി വർക്സ്, കോട്ടയം). തൃക്കോതമംഗലം കോതകേരിൽ കുഞ്ഞുകൊച്ച് മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് രാജൂ എന്നൊരു മകനും ജെസ്സി എന്നൊരു മകളുമുണ്ട്. ജെസിയെ കൊശമറ്റം കുഞ്ഞൂഞ്ഞ് മകൻ രാജൻ വിവാഹം കഴിച്ചു. ചെറിയാൻ മദ്ധ്യപ്രായത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

Date of Death Cherian 24-11-1970

## 97 G. V. 37 ചാക്കാലയിൽ ജോണിന്റെ കുടുംബം

ഉതുപ്പ്-ഉണിച്ചിയമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ SSLC പാസ്സായി സിവിൽ എൻജിനീയറിംഗ് പഠിച്ചു. ബിസിനസ്സ് രംഗത്തു

പ്രവേശിച്ചു. കോട്ടയത്തു സ്വന്തം കെട്ടിടത്തിൽ കാപ്പിപ്പൊടി വ്യാപാരം നടത്തി (പോപ്പുലർ കോഫി വർക്സ്, കോട്ടയം). മാങ്ങാനം വേലങ്ങാട്ട് മോളിയെ വിവാഹം കഴിച്ചു. ഇവർക്ക് ജോസഫ്, ഗീവർഗീസ് എന്ന് രണ്ട് ആൺമക്കളും മിനി, അനിത എന്ന് രണ്ടു പെൺമക്കളും ഉണ്ട്. മിനിയെ വാകത്താനം കൈതയിൽ വാഴയ്ക്കൽ മർക്കോസ് മകൻ സക്കറിയായും അജിതയെ പുതുപ്പള്ളി കോയിക്കൽ ജോർജ്ജ് മകൻ ബിനോയിയും വിവാഹം കഴിച്ചു. ജോൺ മദ്ധ്യപ്രായത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

## 98 G. V. 38 ചാക്കാലയിൽ ഉതുപ്പിന്റെ (തങ്കച്ചൻ) കുടുംബം

ഉതുപ്പ്-ഉണിച്ചിയമ്മ ദമ്പതികളുടെ നാലാമത്തെ പുത്രൻ കോളേജ് വിദ്യാഭ്യാസം നേടിയിട്ടുണ്ട്. കൃഷിയും ഒപ്പം ബിസിനസ്സും (കേരളാ കോഫി വർക്സ്, കോട്ടയം) നടത്തുന്നു. അയ്മനം കല്ലുങ്കത്ര അബ്രഹാം മകൾ ബേബിയാണ് ഭാര്യ. ഇവർക്ക് ലാൽ, ഏബ്രഹാം എന്ന് രണ്ട് ആൺമക്കളും മോളമ്മ എന്നൊരു മകളും ഉണ്ട്. മോളമ്മയെ ചെങ്ങന്നൂർ മുപ്രയിൽ തങ്കച്ചൻ മകൻ റവ. ഫാദർ ഷിബു വിവാഹം കഴിച്ചു. കുടുംബയോഗത്തിന്റെ സജീവ പ്രവർത്തകനാണ്. ഇളയപുത്രൻ ഏബ്രഹാം ബി.ടെക്. മെക്കാനിക്കൽ എഞ്ചിനീയറിംഗും മറൈൻ എഞ്ചിനീയറിംഗും കഴിഞ്ഞ് ഷിപ്പിംഗ് കമ്പനിയിൽ ബൊംബെയിൽ ജോലി ചെയ്യുന്നു.

## 99 G. V. 39 ചാക്കാലയിൽ ഏബ്രഹാമിന്റെ (പൊടിച്ചൻ) കുടുംബം

ചാക്കാലയിൽ ഉതുപ്പ്-ഉണിച്ചിയമ്മ ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ. വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളിലേർപ്പെട്ടു. കുഴിമറ്റം കുറ്റിക്കൽ ചെറിയാൻ മകൾ കുഞ്ഞുമോൾ ആണ് ഭാര്യ. ഇവർക്ക് റെറ്റി എന്ന ഒരു മകനും റിറ്റു, റിനു എന്ന് രണ്ട് പെൺമക്കളും ഉണ്ട്. റിറ്റുവിനെ അഞ്ചേരി കൂലിപ്പറമ്പിൽ കുഞ്ഞൂഞ്ഞ് മകൻ സജിയും റിനുവിനെ തിരുവഞ്ചൂർ തുരുത്തേൽ കരിപ്പോലയിൽ ജോർജുകുട്ടി മകൻ ജോജിയും വിവാഹം കഴിച്ചു.

## 100 G. V. 40 ചാക്കാലയിൽ പുന്നൂസിന്റെ (കുട്ടച്ചൻ) കുടുംബം

നാലാം തലമുറ ചാക്കാലയിൽ വർക്കി-മറിയാമ്മ ദമ്പതികളുടെ സീമന്തപുത്രൻ. വിദ്യാഭ്യാസത്തിനുശേഷം കൃഷിയിൽ

ഏർപ്പെട്ടു. പള്ളം പള്ളിക്കുന്നേൽ തോമസ്സ് മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് സാബു, ബിജു, എന്ന് രണ്ട് ആൺമക്കൾ.

## 101 G .V. 41 ചാക്കാലയിൽ വർക്കിയുടെ (കുഞ്ഞൂഞ്ഞുകുട്ടി) കുടുംബം

വർക്കി-മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. വിദ്യാഭ്യാസത്തിന് ശേഷം കൃഷിയിൽ ഏർപ്പെട്ടു. കൊല്ലാട് കുന്നുവള്ളിൽ അബ്രഹാം മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മിനി എന്ന ഏകമകൾ. മിനിയെ പാമ്പാടി ആലഞ്ചേരിൽ ബെന്നി വിവാഹം ചെയ്തു.

Date of death Mr. Varkey 23-03-2011

## 102 G. V. 42 ചാക്കാലയിൽ സി.വി. ഉതുപ്പിന്റെ (അച്ചൻകുഞ്ഞ്) കുടുംബം

വർക്കി-മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ, കൃഷിയാണ് തൊഴിൽ. കോലഞ്ചേരി പൂതൃക്കയിൽ തടത്തിൽ ടി.പി. പത്രോസ് മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് ജയമോൾ എന്നൊരു മകളും ജിജോ എന്നൊരു മകനും ഉണ്ട്. ജിജോ ജി.എൻ.എം. പാസ്സായി കോട്ടയത്ത് മെഡിക്കൽ സെന്ററിൽ ജോലി ചെയ്യുന്നു.

## 103 G. V. 43 ചാക്കാലയിൽ സി.വി. ഏബ്രഹാമിന്റെ (കുഞ്ഞുമോൻ) കുടുംബം

വർക്കി-മറിയാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രൻ. BCom. പാസ്സായ ശേഷം മിലിട്ടറി സർവ്വീസിൽ ചേർന്നു. (EME, Diploma in Electronics, Military College of Engg. Secunderabad) 1971 ലെ പാക്കിസ്ഥാൻ യുദ്ധത്തിൽ പങ്കെടുത്തു. സൗദി അറേബ്യയിലെ ദഹറാനിൽ അമേരിക്കൻ കമ്പനിയിൽ ജോലിചെയ്തു. ഗൾഫ് യുദ്ധത്തിൽ പങ്കെടുത്തു. കുറിച്ചി എള്ളാലയിൽ ലിസ്സിയാണു ഭാര്യ. ഇവർക്ക് ആൻസി, അബിയ എന്ന് രണ്ടു പെൺമക്കൾ. ആൻസിയെ കോഴഞ്ചേരി ചാമക്കാലായിൽ തോമസ് തോമസ് മകൻ സജി തോമസ് വിവാഹം ചെയ്തു. അമേരിക്കയിൽ താമസിക്കുന്നു. അബിയ വിദ്യാർത്ഥിനിയാണ്.

### 104 G. V. 44 ചാക്കാലയിൽ
### സി.വി. ജോണിന്റെ (യോഹന്നാച്ചൻ) കുടുംബം

വർക്കി-മറിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ. കൃഷിയാണ് ജോലി. വാകത്താനം കരിത്തലയ്ക്കൽ കെ.വി. മാത്യു മകൾ മോളിയാണു ഭാര്യ. ഇവർക്ക് സി.ജെ. ജോൺസൺ എന്ന ഒരു മകനും ജിഷ, ജിനി എന്ന് രണ്ട് പെൺമക്കളും ഉണ്ട്. ജിഷയെ വട്ടക്കുന്നേൽ ചെറുപറമ്പിൽ സി.സി. കുര്യൻ മകൻ അനൂപ് കുര്യൻ വിവാഹം കഴിച്ചു. ജിനി സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമാ കഴിഞ്ഞ് ആന്ധ്രാപ്രദേശിൽ ജോലി ചെയ്യുന്നു. ജോൺസൺ ബി.റ്റി.എച്ച് കഴിഞ്ഞ് എം.ടി.എച്ച്. പഠിക്കുകയും ലക്നൗവിൽ ഒ.എം. പബ്ലിക്കേഷൻസിൽ ജോലിചെയ്യുകയും ചെയ്യുന്നു.

### 105 G. V. 45 ചാക്കാലയിൽ
### സി.വി. മാത്യുവിന്റെ (കുഞ്ഞ്) കുടുംബം

വർക്കി-മറിയാമ്മ ദമ്പതികളുടെ ആറാമത്തെ പുത്രൻ. കൃഷിയാണ് ജോലി. മണർകാട് കൊല്ലമല ഇട്ടി ഉലഹന്നൻ മകൾ ശാന്തമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഷിനോ എന്ന ഏകമകൻ. ജി.എൻ.എം.പാസ്സായി ജോലി ചെയ്യുന്നു.

### 106 G. V. 46 ചാക്കാലയിൽ
### സി.വി. ജേക്കബിന്റെ (ജെക്കോച്ചൻ) കുടുംബം

വർക്കി-മറിയാമ്മ ദമ്പതികളുടെ ഏഴാമത്തെ പുത്രൻ. കൃഷി യാണു തൊഴിൽ. നെടുംകുന്നം ചെറുശ്ശേരിൽ സി.കെ മാത്യു മകൾ എൽസമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജിൻസി, ജിഷ, ക്രിസ്റ്റി എന്ന് മൂന്നു മക്കൾ. എല്ലാവരും വിദ്യാർത്ഥികൾ. ഇദ്ദേഹം നാടൻ പന്തുകളിയിൽ വിദഗ്ധനായിരുന്നു. പല ട്രോഫികളും നേടിയിട്ടുണ്ട്.

### 107 G. V. 47 ചെത്തിക്കുളത്തു മറ്റത്തിൽ
### ജോണിന്റെ (പാപ്പച്ചൻ) കുടുംബം

നാലാം തലമുറ ചെത്തിക്കുളത്ത് ഉതുപ്പ്-ഏലിയാമ്മ ദമ്പതി കളുടെ മൂത്തപുത്രൻ. SSLC. TTC പാസ്സായി. അധ്യാപകനായി. വാക ത്താനം വാഴയ്ക്കൽ ഇട്ടിമകൾ മോളിയാണു ഭാര്യ. ഇവർക്ക് ആലീസ് എന്നൊരു മകളും റെജി ജോൺ, റോയി ജോൺ എന്ന് രണ്ട് ആൺ മക്കളുമുണ്ട്. ആലീസിനെ കണ്ണൂർ ഇരിട്ടി കോഴിവള്ളിൽ വർഗീസ് മകൻ കുര്യാച്ചൻ വിവാഹം കഴിച്ച് കുടുംബസമേതം അമേരിക്ക

യിൽ താമസിക്കുന്നു. ജോൺ മാർ അപ്രേം പള്ളിയിൽ സൺഡേ സ്കൂൾ അധ്യാപകനായി 40 വർഷത്തിലേറെ സേവനം ചെയ്തതിനുള്ള പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്. റിട്ടയർ ചെയ്ത് വിശ്രമജീവിതം നയിക്കുന്നു.

## 108 G. V. 48 ചെത്തിക്കുളത്തു മറ്റത്തിൽ വർക്കിയുടെ (കുഞ്ഞൻകുട്ടി) കുടുംബം

ഉതുപ്പ്-ഏലിയാമ്മ ദമ്പതികളുടെ ഇളയെ പുത്രൻ. പഠനം കഴിഞ്ഞ് ബിസിനസ്സിൽ ഏർപ്പെട്ടു. കല്ലൂപ്പാറ മൂത്തേടത്ത് വള്ളോത്രയിൽ ഈപ്പൻ മകൾ അച്ചാമ്മ (കുഞ്ഞമ്മ) യാണു ഭാര്യ. ഇവർക്ക് ഉതുപ്പ്, ഈപ്പൻ എന്ന് 2 ആൺമക്കൾ. മാർ അപ്രേം പള്ളിസൺഡേ സ്ക്കൂൾ അധ്യാപകനായി 50 വർഷം സേവനം ചെയ്തതിനുള്ള പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്. സൺഡേസ്കൂൾ അദ്ധ്യാപകനായി പ്രവർത്തിക്കുന്നു.

## 109 G. V. 49 ചെത്തിക്കുളത്തു കൊല്ലമ്പറമ്പിൽ വർക്കിയുടെ (ജോയിക്കുട്ടി) കുടുംബം.

നാലാം തലമുറ കൊല്ലമ്പറമ്പിൽ അബ്രഹാം-ശോശാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. SSLCയ്ക്കും RMP പഠനത്തിനും ശേഷം കുമളി, സുൽത്താൻബത്തേരി, പുതുപ്പാടി, കുമരകം, കവണാറ്റിൻകര, എന്നിവടങ്ങളിൽ ക്ലിനിക്കുകൾ സ്ഥാപിച്ച് മെഡിക്കൽ പ്രാക്ടീഷണർ ആയി ജോലി ചെയ്തു. ചിങ്ങവനം പുത്തൻ വീട്ടിൽ ജോർജ്ജ് മകൾ കുഞ്ഞുമോളാണ് ഭാര്യ. ഇവർക്ക് റവ.ഫാ. ജിനേഷ് വർക്കി, അനീഷ് വർക്കി എന്ന് 2 ആൺ മക്കളും ജിൻസി എന്നൊരു മകളും ഉണ്ട്. ജിൻസിയെ കങ്ങഴ കൊച്ചുകണ്ടത്തിൽ തോമസ് മകൻ സാജൻ വിവാഹം ചെയ്തു. ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു.

## 110 G. V. 50 ചെത്തിക്കുളത്തു കൊല്ലമ്പറമ്പിൽ മാമ്മന്റെ (കൊച്ച്) കുടുംബം

അബ്രഹാം-ശോശാമ്മ ദമ്പതികളുടെ ഇളയപുത്രൻ BSc. പാസ്സായി. സൗദിയിൽ (ജിസാൻ) ജോലി ലഭിച്ചു. റേഡിയോഗ്രാഫർ ആയി ജോലി ചെയ്യുന്നു. മല്ലപ്പള്ളി മോടയിൽ പാപ്പച്ചൻ മകൾ സുശീലയാണു ഭാര്യ. സൗദിയിൽ നഴ്സ് ആയി ജോലി ചെയ്യുന്നു. ഇവർക്ക് സ്വീറ്റി എന്നൊരു മകളും ചാംസ് എന്നൊരു മകനും ഉണ്ട്.

സ്വീറ്റിയെ ചെങ്ങന്നൂർ പാറയ്ക്കൽ കിഴക്കേതിൽ മർച്ചന്റ് നേവി ക്യാപ്റ്റൻ ജോൺ വിവാഹം ചെയ്തു.

## 111 G. V. 51 ചെത്തിക്കുളത്ത് സി.വി. ജോണിന്റെ (അച്ചൻകുഞ്ഞ്) കുടംബം

നാലാംതലമുറ ചെത്തിക്കുളത്ത് വർക്കി-ഏലിയാമ്മ ദമ്പതികളുടെ പുത്രൻ. പഠനത്തിൽ സമർത്ഥനായിരുന്നു. ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷന്റെ അഖിലമലങ്കര 10-ാം ക്ലാസ്സ് മത്സരപരീക്ഷയിൽ ഒന്നാമനായി വിജയിച്ച് സ്വർണ്ണ മെഡലും സർട്ടിഫിക്കറ്റും കരസ്ഥമാക്കി. പ്രശസ്തമായ നിലയിൽ BSc. പാസ്സായി. മാർത്തോമ്മാ കോളേജ് തിരുവല്ല, ലെക്ചററായി ജോലി ചെയ്തു. പ്രമുഖ പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയർ എത്ത്സ് (IRE) കമ്പനിയിൽ D.G.M & H.O.D, Production ആയി ജോലി ചെയ്തു വിരമിച്ചു. ഔദ്യോഗികാർത്ഥം ബെയ്ജിംഗ് ചൈനായിൽ വച്ച് 1994ൽ ഇന്റർനാഷണൽ റെയർ എർത്ത്സ് കോൺഫറസിൽ ഇന്ത്യൻ പ്രതിനിധിയായി പങ്കെടുത്തു. ഏലൂർ സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ സോഷ്യൽ സർവ്വീസ് സെക്രട്ടറിയായും പ്രവർത്തിച്ചു. പുതുപ്പള്ളി തറയിൽ മാത്തൻ സാറിന്റെ മകൾ ഹൈസ്ക്കൂൾ അധ്യാപികയായ മേഴ്സിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺ മക്കൾ. ഒന്നാമൻ ബിജു ജോൺ ഡോക്ടറും രണ്ടാമൻ അനിൽ ജോൺ എൻജിനീയറും ആണ്. മേഴ്സി 1984-ൽ നിര്യാതയായി മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

രണ്ടാം ഭാര്യ കോട്ടയം പുത്തനങ്ങാടി പുന്നച്ചിറയിൽ ജോസഫിന്റെ മകൾ സൂസൻ. ജോൺ IRE യിൽ ഡെപ്യൂട്ടി ജനറൽ മാനേജരായി റിട്ടയർ ചെയ്തു. ഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു.

## 112 G. VI. 27 ചിറപ്പുറത്ത് കെ.യു. സണ്ണിയുടെ കുടുംബം (മസ്ക്കറ്റ്)

അഞ്ചാംതലമുറ ചിറപ്പുറത്ത് ഉതുപ്പ്-ആണ്ടമ്മ ദമ്പതികളുടെ മൂത്തപുത്രൻ. SSLC, ITCക്ക് ശേഷം മസ്ക്കറ്റിൽ കമ്പനിയിൽ ജോലി ചെയ്യുന്നു. വാകത്താനം വള്ളിക്കാട്ട് തെക്കേക്കര പാപ്പച്ചൻ മകൾ ജെസ്സിയാണ് ഭാര്യ. ഇവർക്ക് അനു എന്നൊരു മകളും അജൂ എന്നൊരു മകനും ഉണ്ട്. അജൂ എൻജിനീയറിംഗ് വിദ്യാർത്ഥിയാണ്.

## 113 G. VI. 28 ചിറപ്പുറത്ത് ഏബ്രഹാമിന്റെ (കുഞ്ഞുമോൻ) കുടുംബം (അയർലൻഡ്)

അഞ്ചാംതലമുറ ചിറപ്പുറത്ത് ഉതുപ്പ്-ആണ്ടമ്മ ദമ്പതികളുടെ ഇളയമകൻ. PDC കഴിഞ്ഞ് മിലിട്ടറിയിൽ (Corps of Signals) ചേർന്നു. അതിനുശേഷം മനോരമയിൽ ജോലി ചെയ്തു. വെള്ളൂർ വടക്കേക്കര ലില്ലിക്കുട്ടിയാണു ഭാര്യ. ഇവർക്ക് ജോയൽ ഏബ്രഹാം എന്നൊരു മകനും ജോയ്സ് ഏബ്രഹാം എന്നൊരു മകളും ഉണ്ട്. ലില്ലിക്കുട്ടി സൗദി അറേബ്യയിൽ ജോലിക്ക് ശേഷം ഇപ്പോൾ അയർലൻഡിൽ നഴ്സ് ആണ്. കുഞ്ഞുമോൻ ദുബായിൽ ജോലിക്കുശേഷം ഇപ്പോൾ സകുടുംബം അയർലൻഡിൽ ജോലിചെയ്യുന്നു. Irland Drogheda - St. Peter's & St. Pauls Church ട്രസ്റ്റിയായി സേവനം അനുഷ്ഠിക്കുന്നു. കുട്ടികൾ ഇരുവരും അയർലൻഡിൽ പഠിക്കുന്നു.

## 114 G. VI. 29 ചിറപ്പുറത്ത് രാജന്റെ കുടുംബം (UK)

അഞ്ചാംതലമുറ ചിറപ്പുറത്ത് മാണി-ശോശാമ്മ ദമ്പതികളുടെ മൂത്തമകൻ. PDC യ്ക്കുശേഷം ITC പഠിച്ച് സൗദിയിൽ ജോലി സമ്പാദിച്ചു. സൗദിയിൽ നഴ്സ് ആയ തൃക്കോതമംഗലം പഴയതുരുത്തേൽ പി.റ്റി. തോമ്മസിന്റെ മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജോയ്സ് മാണി രാജൻ, ടോണി തോമസ് രാജൻ, റ്റീനാസൂസൻ രാജൻ. എന്നിങ്ങനെ മൂന്നുമക്കൾ. UK യിൽ ജോലി സമ്പാദിച്ച് ഈ കുടുംബം ഇപ്പോൾ അവിടെ താമസിക്കുന്നു. ജോയ്സ് Finance Investment-ൽ MSc എടുത്തു. ടോണിയും, റ്റീനയും വിദ്യാർത്ഥികളാണ്.

## 115 G. VI. 30 ചിറപ്പുറത്ത് സി.എം. മാത്യുവിന്റെ (ബാബു) കുടുംബം

ചിറപ്പുറത്ത് മാണി-ശോശാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. PDC യും ITC യും കഴിഞ്ഞ് കുവൈറ്റിൽ ജോലി സമ്പാദിച്ചു. അവിടെ അധ്യാപികയായ മണർകാട് ഉച്ചിമറ്റത്തിൽ ഒ. ഐ. കുര്യന്റെ മകൾ സാലിയാണ് ഭാര്യ. ഇവർക്ക് ഐറിൻ സൂസൻ മാത്യു എന്ന മകളും ബെൻമാണി മാത്യു എന്ന മകനും ഉണ്ട്. ഇരുവരും സ്കൂൾ വിദ്യാർത്ഥികൾ.

## 116 G. VI. 31 ചിറപ്പുറത്ത് സി.എം. ഏബ്രഹാമിന്റെ (ബേബിച്ചൻ) കുടുംബം

ചിറപ്പുറത്ത് മാണി-ശോശാമ്മ ദമ്പതികളുടെ ഇളയപുത്രൻ. പത്താംക്ലാസിന് ശേഷം ITI പഠിച്ചു. ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. പള്ളം എരമത്ത് വടക്കേൽ ചാക്കോ മകൾ ഷിജിമോളാണു ഭാര്യ. നഴ്സാണ്. ഇവർക്ക് ആഷ്‌ലിൻ ഏബ്രഹാം എന്നൊരു മകൻ. സ്കൂൾ വിദ്യാർത്ഥിയാണ്.

## 117 G .VI. 32 ചിറപ്പുറത്ത് ജോസഫ് വർക്കിയുടെ (ജോസുകുട്ടി പൂനെ) കുടുംബം

അഞ്ചാംതലമുറ ചിറപ്പുറത്ത് സി.യു. വർക്കി-മറിയാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. PDC കഴിഞ്ഞ് ഗവ. പോളിടെക്നിക്കിൽ ഇലക്ട്രിക്കൽ ഡിപ്ലോമാ പാസ്സായി. പൂനെയിൽ കമ്പനിയിൽ ജനറൽ മാനേജരായി ജോലി ചെയ്യുന്നു. ആർപ്പൂക്കര മുളക്കിയിൽ ജോർജ്ജ് മകൾ മിനിയാണു ഭാര്യ. മിനി സിവിൽ ഡിപ്ലോമ ഫസ്റ്റ് ക്ലാസ്സിൽ പാസ്സായിട്ടുണ്ട്. വീട്ടമ്മയാണ്. ഇവർക്ക് നീന, നൈന എന്ന് രണ്ടു പെൺമക്കൾ. ഇരുവരും സ്കൂൾ വിദ്യാർത്ഥികൾ. കുടുംബസമേതം പൂനെയിൽ താമസിക്കുന്നു. സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച് Bhosri പൂനെ നിർമ്മാണത്തിൽ പ്രധാന പങ്കുവഹിച്ചു. സ്ഥാപക ട്രസ്റ്റി ആയും പിന്നീട് പല വർഷങ്ങളിലും ട്രസ്റ്റിയായും സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## 118 G. VI. 33 ചിറപ്പുറത്ത് കുര്യൻ വർക്കി (കൊച്ചുമോൻ) യുടെ കുടുംബം

അഞ്ചാംതലമുറ ചിറപ്പുറത്ത് സി.യു. വർക്കി-മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ BSc, PGDCA, DSA (Annamalai University) ഇവ പാസ്സായി കോട്ടയത്ത് AVG & Co യിൽ ജോലി ചെയ്യുന്നു. കോട്ടയത്ത് സോഫ്റ്റ് ടെക് എന്ന കംപ്യൂട്ടർ സ്ഥാപനം നടത്തിയിരുന്നു. പാമ്പാടി മലയമറ്റത്തിൽ മാത്യുമകൾ അന്നമ്മയാണു ഭാര്യ. അന്നമ്മ സംസ്ഥാന റാങ്കോടെ മലയാളം MA യും BEd ഉം സെറ്റും പാസ്സായി. കോട്ടയം എം.ഡി. ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപികയായി സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് വിനുവർഗീസ് കുര്യൻ എന്ന ഒരു മകനും, മീനു മറിയം കുര്യൻ എന്ന ഒരു മകളും ഉണ്ട്. ഇരുവരും സ്കൂൾ വിദ്യാർത്ഥികൾ. വിനു വർഗീസ് അഖില മലങ്കര (2008) അടിസ്ഥാനത്തിൽ ജൂനിയർ വിഭാഗത്തിൽ സംഗീതത്തിന്

ഫസ്റ്റ് പ്രൈസ് വാങ്ങിയിട്ടുണ്ട്. സംസ്ഥാന തല മത്സരത്തിൽ ഉപ ന്യാസത്തിന് 2008-09 വർഷത്തിൽ 3 പ്രൈസ് ലഭിക്കുകയുണ്ടായി.

### 119 G. VI. 34 ചിറപ്പുറത്ത് രാജു സി. വർഗീസിന്റെ കുടുംബം (ആലുവ)

അഞ്ചാംതലമുറ ചിറപ്പുറത്ത് സി.യു. വർക്കി-മറിയാമ്മ ദമ്പ തികളുടെ ഇളയപുത്രൻ PDC കഴിഞ്ഞ് തമിഴ്നാട്ടിലെ ടെക്സ്റ്റൈൽ മാനുഫാക്ചറിംഗ് ഡിപ്ലോമാ ഡിസ്റ്റിംഗ്ഷനോടെ പാസ്സായി. ആലു വായിൽ ഒരു ടെക്സ്റ്റൈൽ കമ്പനിയിൽ മാനേജരായി ജോലി ചെയ്യു ന്നു. കുറുപ്പംപടി മേയ്ക്കാമാലിൽ ഗീവർഗീസ് മകൾ അനിതയാണു ഭാര്യ. അനിത BSc, BEd. ആലുവയിൽ സെന്റ് ഫ്രാൻസിസ് ഹൈസ്കൂൾ അധ്യാപികയായി ജോലി ചെയ്യുന്നു. ഇവർക്ക് റോഷ്നി മേരി രാജ്, ആൻ മേരി രാജ് എന്ന് രണ്ടു പെൺമക്കൾ. ഇരുവരും സ്കൂൾ വിദ്യാർത്ഥികൾ.

### 120 G. VI. 35 ചിറപ്പുറത്ത് ഷാജുജോണിന്റെ കുടുംബം (മണ്ണുത്തി)

അഞ്ചാംതലമുറ ചിറപ്പുറത്ത് സി.യു. ജോൺ-തങ്കമ്മ ദമ്പതി കളുടെ മകൻ MCom Computer Science പാസ്സായി LIC യിൽ പ്രോഗ്രാം ഡെവലപ്പറായി ജോലി ചെയ്യുന്നു. പാലക്കാട്ട് ഇരുമലയിൽ കുര്യാ ക്കോസ് മകൾ ഷീജയാണു ഭാര്യ. ഷീജ MSc, BEd തൃശ്ശൂരിൽ കോളജ് അധ്യാപികയാണ്. ഗാന്ധിയൂണിവേഴ്സിറ്റിയിൽ റിസേർച്ച് നട ത്തുന്നു. ഇവർക്ക് ജീവൻ എന്നൊരു മകനുണ്ട്.

### 121 G. VI. 36 ചിറപ്പുറത്ത് സാമിന്റെ കുടുംബം (ഖത്തർ)

അഞ്ചാംതലമുറചിറപ്പുറത്തു തോമസ്-ശാന്തമ്മ ദമ്പതികളുടെ മൂത്തപുത്രൻ. എൻജിനീയറിംഗ് ഡിപ്ലോമാ പാസ്സായി ഖത്തർ സ്റ്റീൽ പ്ലാന്റിൽ ജോലി ലഭിച്ചു. കുഴിമറ്റം എണ്ണശ്ശേരിലായ എരുമത്താനത്ത് മാത്യു മകൾ രേഖയാണ് ഭാര്യ. രേഖ ഖത്തറിൽ നഴസ് ആണ്.

### 122 G. VI. 37 ചിറപ്പുറത്ത് സുദീപ് സി. മാത്യുസിന്റെ കുടുംബം (മദ്രാസ്)

അഞ്ചാംതലമുറ ചിറപ്പുറത്ത് മാത്യൂസ്-ലീലാമ്മ ദമ്പതികളുടെ ഏകമകൻ. B Tech ഉം MBA യും പാസ്സായി മദ്രാസിൽ ബിസിനസ്സ് ചെയ്യുന്നു. പുതുപ്പള്ളി കൊല്ലനേത്ത് രാജന്റെ മകൾ സ്മിതയാണ് ഭാര്യ. സ്മിത MCom, MBA ഡിഗ്രികൾ എടുത്തിട്ടുണ്ട്. ബിസിന

സ്സിൽ ഭർത്താവിനെ സഹായിക്കുന്നു. ഇവർക്ക് ജോഷ്വാ, ജോഹൻ എന്ന് രണ്ട് ആൺ മക്കൾ.

## 123 G. VI. 38 ചിറപ്പുറത്ത് എബിയുടെ കുടുംബം (തിരുവനന്തപുരം)

അഞ്ചാംതലമുറ ഉതുപ്പ്-കുഞ്ഞമ്മ ദമ്പതികളുടെ ഏക മകൻ B. Tech. MBA ബിരുദങ്ങൾ എടുത്തു. ഇപ്പോൾ എഷ്യാനെറ്റ് ചാനലിന്റെ വൈസ് പ്രസിഡന്റായി തിരുവനന്തപുരത്ത് ജോലി ചെയ്യുന്നു. വീയപുരം പായിപ്പാട് എഴുത്തിൽ റവ. ഫാ. ബിജോയ് ഡേവിഡിന്റെ മകൾ എലിസബത്ത് ആണ് ഭാര്യ. ഇവർക്ക് കരുൺ ഏബ്രഹാം എന്ന ഒരു മകൻ.

## 124 G. VI. 39 ചാക്കാലയിൽ സാംസൻ വർക്കിയുടെ കുടുംബം

അഞ്ചാംതലമുറ ചാക്കാലയിൽ വർക്കി-ഏലിയാമ്മ ദമ്പതികളുടെ മകൻ. BE ഡിഗ്രി എടുത്തു. കേരളാഗവൺമെന്റ് ഇറിഗേഷൻ, പി.ഡബ്ല്യിയൂ. ഡി. വകുപ്പുകളിൽ എൻജിനീയറായി. എ.എക്സ്.ഇ. ആയി റിട്ടയർ ചെയ്തു വിശ്രമ ജീവിതം നയിക്കുന്നു. പ്രക്കാനം ഇലവുനിൽക്കുന്നതിൽ മത്തായി മകൾ മോളിയെ വിവാഹം ചെയ്തു. ഇവർക്ക് സ്വപ്ന, സ്നേഹ എന്ന് രണ്ടു പെൺ മക്കൾ. സ്വപ്നയെ ചാലക്കുടി വട്ടോലി ജോസഫ് മകൻ സിജോ വിവാഹം കഴിച്ചു. സ്നേഹ M.Tech. പാസ്സായി.

## 125 G. VI. 40 ചാക്കാലയിൽ രാജുവിന്റെ കുടുംബം (കോട്ടയം)

അഞ്ചാംതലമുറ ചാക്കാലയിൽ ചെറിയാൻ-ചിന്നമ്മ ദമ്പതികളുടെ മകൻ. വിദ്യാഭ്യാസത്തിനുശേഷം ബിസിനസ്സിൽ പ്രവേശിച്ചു. കോട്ടയം മാർക്കറ്റിൽ സ്വന്തം കെട്ടിടത്തിൽ കാപ്പിപ്പൊടി വ്യാപാരം നടത്തുന്നു. മല്ലപ്പള്ളി മുക്കൂർ തേലമണ്ണിൽ തോമസ് മകൾ അജി രാജുവാണു ഭാര്യ. ഇവർക്ക് നീമ ആൻ രാജു. പോപ്പി രാജൂ എന്ന് രണ്ടു പെൺമക്കളും ഡാനി രാജൂ എന്ന ഒരു മകനും ഉണ്ട്. മൂവരും വിദ്യാർത്ഥികൾ. ഇപ്പോൾ ആലുംമൂട് ടോൾഗേറ്റിനടുത്ത് താമസിക്കുന്നു.

## 126 G. VI. 41 ചാക്കാലയിൽ ജോസഫ് ജോണിന്റെ (കൊച്ചുമോൻ) കുടുംബം (ഓസ്ട്രേലിയ)

അഞ്ചാംതലമുറ ജോൺ-മോളി ദമ്പതികളുടെ മൂത്തമകൻ. കോട്ടയം മാർക്കറ്റിൽ വ്യാപാരസ്ഥാപനം നടത്തിയിരുന്നു. കോട്ടയം

പുളിമൂട്ടിൽ ചെറിയാൻ മകൾ മീതയാണു ഭാര്യ. ഇവർ ഇരുവരും ആസ്ത്രേലിയയിൽ ജോലി സമ്പാദിച്ച് അവിടെ താമസിക്കുന്നു.

### 127 G .VI. 42 ചാക്കാലയിൽ ഗീവർഗീസിന്റെ (മനോജ്) കുടുംബം (കാലിഫോൺണിയ)

അഞ്ചാംതലമുറ ജോൺ-മോളി ദമ്പതികളുടെ ഇളയപുത്രൻ. MCA പാസ്സായി. അമേരിക്കയിൽ ജോലി ലഭിച്ചു. എറണാകുളം പഴയിടത്ത് മഠത്തിൽ ജോയി മകൾ അഞ്ജുവാണ് ഭാര്യ. ഈ കുടുംബം USA കാലിഫോർണിയായിൽ താമസിക്കുന്നു.

### 128 G. VI. 43 ചാക്കാലയിൽ ലാലിന്റെ കുടുംബം

അഞ്ചാംതലമുറ ചാക്കാലയിൽ ഉതുപ്പ്-ബേബി ദമ്പതികളുടെ മൂത്തപുത്രൻ. വിദ്യാഭ്യാസത്തിനുശേഷം ബിസിനസ്സ് രംഗത്തു പ്രവർത്തിക്കുന്നു. പാമ്പാടി വെട്ടം കുറിയാക്കോസ് മകൾ ഷിജി യാണ് ഭാര്യ. ഇവർക്ക് ഷെർവിൻ എന്നൊരു മകൻ ഉണ്ട്. വിദ്യാർത്ഥി യാണ്.

### 129 G. VI. 44 ചാക്കാലയിൽ റെറ്റിയുടെ കുടുംബം

ചക്കാലയിൽ ഏബ്രഹാം-കുഞ്ഞുമോൾ ദമ്പതികളുടെ പുത്രൻ. വിദ്യാഭ്യാസത്തിനു ശേഷം ബിസിനസ്സ് നടത്തുന്നു. തോട്ടയ്ക്കാട് പാലത്തുങ്കൽ രാജു മകൾ അഞ്ജലിയാണ് ഭാര്യ.

### 130 G. VI. 45 ചാക്കാലയിൽ സാബു പുന്നൂസിന്റെ കുടുംബം

അഞ്ചാംതലമുറ പുന്നൂസ്-അന്നമ്മ ദമ്പതികളുടെ മൂത്തപു ത്രൻ. പഠനത്തിനുശേഷം കൺസ്ട്രക്ഷൻ ജോലികളിൽ ഏർപ്പെ ട്ടു. നരിക്കുഴി ആലുംമൂട്ടിൽ വർഗീസ് മകൾ വത്സമ്മയാണ് ഭാര്യ. ഇവർക്ക് സെബിൻ വർഗീസ്, സച്ചിൻ വർഗീസ് എന്ന് രണ്ട് ആൺമ ക്കൾ. ഇരുവരും വിദ്യാർത്ഥികൾ.

### 131 G. VI. 46 ചാക്കാലയിൽ ബിജു പുന്നൂസിന്റെ കുടുംബം

അഞ്ചാംതലമുറ പുന്നൂസ്-അന്നമ്മ ദമ്പതികളുടെ ഇളയ പുത്രൻ. പഠനത്തിനുശേഷം ബഹ്റെനിൽ ജോലി ചെയ്യുന്നു. തിരു വല്ല പുതുശ്ശേരി കൊച്ചുപുരയിൽ ജോർജ് മകൾ ബിന്ദുവാണു ഭാര്യ. ഇവർക്ക് ബിനോജ് പി. തോമസ് എന്നൊരു മകനും ബിൻസി ആൻ തോമസ് എന്നൊരു മകളും ഉണ്ട്. ഇരുവരും വിദ്യാർത്ഥികൾ. ബിന്ദു

മാർ അപ്രേം പള്ളിയിൽ സൺഡേസ്കൂൾ അദ്ധ്യാപികയാണ്.

## 132 G. VI. 46 ചെത്തിക്കുളത്ത് റജി ജോണിന്റെ കുടുംബം (തിരുവനന്തപുരം)

അഞ്ചാംതലമുറ ചെത്തിക്കുളത്തു മറ്റത്തിൽ ജോൺ-മോളി ദമ്പതികളുടെ മൂത്തപുത്രൻ. MSc പാസ്സായി. തിരുവനന്തപുരത്തു സെക്രട്ടറിയേറ്റിൽ (ഫൈനാൻസ്) ജോലി ലഭിച്ചു. അവിടെത്തന്നെ ജോലിയുള്ള തിരുവനന്തപുരം ആദർശ് നഗറിൽ കോട്ടയിൽ ജേക്കബ് മകൾ ശ്യാമയാണു ഭാര്യ. ശ്യാമ ഇൻകംടാക്സ് അസിസ്റ്റന്റ് ആയി ജോലി ചെയ്യുന്നു. ഇവർക്ക് ജിതിൻ ജോൺ, ജേക്കബ് ജോൺ എന്ന് രണ്ട് ആൺമക്കൾ.

## 133 G .VI. 47 ചെത്തിക്കുളത്ത് റോയി ജോണിന്റെ കുടുംബം

അഞ്ചാംതലമുറ ചെത്തിക്കുളത്തു മറ്റത്തിൽ ജോൺ-മോളി ദമ്പതികളുടെ ഇളയമകൻ. MSc പാസ്സായി. KSEB യിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. കൊട്ടാരക്കര തെങ്ങുവിള വടക്കേതിൽ യോഹന്നാൻ മകൾ അനിതയെ വിവാഹം കഴിച്ചു. അനിത MSc നേഴ്സിംഗ് പാസ്സായി കങ്ങഴ എം.ജി.ഡി.എം. ഹോസ്പിറ്റലിൽ റ്റ്യൂട്ടറായി ജോലി ചെയ്യുന്നു. ഇവർക്ക് ജസ്വിൻ ജോൺ എന്നൊരു മകൻ ഉണ്ട്.

## 134 G. VI. 49 ചെത്തിക്കുളത്ത് ഉതുപ്പ് (സജി)യുടെ കുടുംബം.

അഞ്ചാം തലമുറ ചെത്തിക്കുളത്തു മറ്റത്തിൽ വർക്കി-അച്ചാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. ITC പഠനം കഴിഞ്ഞ് ഷാർജയിൽ ജോലി ലഭിച്ചു. ഞാലിയാകുഴി വെള്ളൂത്തോട്ടത്തിൽ റ്റി. തോമസ് മകൾ റിനിയാണ് ഭാര്യ. റിനി അധ്യാപികയാണ്. ഇവർക്ക് അച്ചു, മേഘ എന്ന് രണ്ടു പെൺമക്കളും മെജോ എന്ന ഒരു മകനും ഉണ്ട്. എല്ലാവരും വിദ്യാർത്ഥികൾ.

## 135 G. VI. 50 ചെത്തിക്കുളത്ത് ഈപ്പൻ വർഗീസിന്റെ കുടുംബം (സണ്ണി)

അഞ്ചാംതലമുറ ചെത്തിക്കുളത്തു മറ്റത്തിൽ വർക്കി-അച്ചാമ്മ ദമ്പതികളുടെ ഇളയ പുത്രൻ. ITC പഠനത്തിനുശേഷം ഗൾഫിൽ ജോലി ലഭിച്ചു. മല്ലപ്പള്ളി കല്ലോലിക്കൽ വർഗീസ് മകൾ ഷീനാ വർഗീസാണു ഭാര്യ. ഇവർക്ക് ഹന്ന അച്ചു ഈപ്പൻ എന്നൊരു മകൾ.

## 136 G. VI. 51 ചെത്തിക്കുളത്തു കൊല്ലമ്പറമ്പിൽ അനീഷ് വർക്കിയുടെ കുടുംബം

അഞ്ചാം തലമുറ കൊല്ലമ്പറമ്പിൽ വർക്കി-കുഞ്ഞുമോൾ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. ITC പഠനത്തിനുശേഷം പാരഗൺ കമ്പനിയിൽ ജോലി ചെയ്യുന്നു. കങ്ങഴ മാരിപ്പാറ കുര്യന്റെ മകൾ ജോമിയാണ് ഭാര്യ.

## 137 G. VI. 52 ചെത്തിക്കുളത്ത് ഡോ. ബിജു ജോണിന്റെ കുടുംബം (തിരുവനന്തപുരം)

അഞ്ചാംതലമുറ ചെത്തിക്കുളത്തു ജോൺ-മേഴ്സി ദമ്പതികളുടെ മൂത്തപുത്രൻ. MBBS, MS, DO, DNB, FRCS (Ednb) Associate. Professor (Ophthalmology) Medical College Trivandrum. ഭാര്യ തിരുവനന്തപുരം ആഞ്ഞിലിവേലിൽ തോമസ് മാത്യു മകൾ Dr. Apuca Susan M.D. Associate Professor & Vice Principal, Medical College, Karakonam. ഇവർക്ക് ലിയമറിയം ജോൺ എന്നൊരു മകൾ. വിദ്യാർത്ഥിനിയാണ്.

## 138 G. VI. 53 ചെത്തിക്കുളത്ത് അനിൽ ജോണിന്റെ കുടുംബം (ഖത്തർ)

അഞ്ചാം തലമുറ ചെത്തിക്കുളത്ത് ജോൺ-മേഴ്സി ദമ്പതികളുടെ ഇളയമകൻ. B.Tech പാസ്സായി ഇപ്പോൾ ഖത്തറിൽ, ഖത്തർ കെമിക്കൽസിൽ എൻജിനീയറായി ജോലി ചെയ്യുന്നു. സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ സീനിയർ മാനേജരായി ജോലി ചെയ്തിരുന്നു. കോതമംഗലം ആഞ്ഞിലിവേലിൽ തമ്പി മകൾ റ്റീനാ ജോണാണ് ഭാര്യ. ഇവർക്ക് അനു എലിസബത്ത് ജോൺ, അന്നമറിയം ജോൺ എന്ന് രണ്ടു പെൺമക്കൾ.

### കൊടുവയലിൽ ശാഖ

## 139 G. II. 5 കൊടുവയലിൽ വർക്കിയുടെ കുടുംബം

ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ. ഇളയമകനായതുകൊണ്ട് തറവാട്ടിൽ താമസിച്ചു. ഈ ശാഖ കൊടുവയലിൽ ശാഖ എന്നറിയപ്പെടുന്നു. ഇദ്ദേഹം അയ്മനം തെക്കേത്തട്ടിൽ ഉലഹന്നാൻ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ഉതുപ്പ്, ഉലഹന്നൻ, മാണി, തോമസ്സ്, കുഞ്ഞൂഞ്ഞ്, എന്നിങ്ങനെ അഞ്ച് ആൺമക്കളും അന്നാമ്മ, മറിയാമ്മ, ആച്ചിയമ്മ, അച്ചാമ്മ

എന്നിങ്ങനെ 4 പെൺമക്കളും ഉണ്ട്. അന്നാമ്മയെ അഞ്ചേരി പുറത്തിയാട്ട് മാത്തനും, മറിയാമ്മയെ ഓലിക്കര പീടികയിൽ പോത്തനും ആച്ചിയമ്മയെ തോട്ടയ്ക്കാട്ട് പാലത്തുങ്കൽ അപ്രേം മകൻ വർഗീസും അച്ചാമ്മയെ മീനടം പുഞ്ചാൽ ഔസേഫ് മകൻ നൈനാനും വിവാഹം കഴിച്ചു. മാർ അപ്രേംപള്ളി സ്ഥാപനത്തിൽ പ്രധാന പങ്കുവഹിച്ചു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 140 G. III. 11 കൊടുവയലിൽ ഉതുപ്പിന്റെ കുടുംബം (വടക്കേപറമ്പിൽ)

രണ്ടാം തലമുറകൊടുവയലിൽ വർക്കി-ഏലിയാമ്മ ദമ്പതികളുടെ മൂത്തമകൻ. അഞ്ചേരി പോത്തുവയലിൽ ചാക്കോയുടെ മകൾ ഉണിച്ചിയമ്മയെ വിവാഹം ചെയ്തു. ഇവർക്ക് വർക്കി എന്ന ഏകമകൻ. ഇദ്ദേഹം മദ്ധ്യപ്രായത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു. ഉണിച്ചിയമ്മ വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 141 G. III. 12 കൊടുവയലിൽ മുല്ലശ്ശേരിൽ ഉലഹന്നന്റെ കുടുംബം

രണ്ടാം തലമുറ കൊടുവയലിൽ വർക്കി-ഏലിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. മീനടം പുഞ്ചാൽ ഔസേഫ് മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് വർക്കി, ഔസേഫ് എന്ന് രണ്ടു പുത്രന്മാരും ഏലിയാമ്മ എന്ന ഒരു പുത്രിയും ഉണ്ടായി. ഏലിയാമ്മയെ അമയന്നൂർ ചിറക്കരോട്ട് കുഞ്ഞപ്പി വിവാഹം കഴിച്ചു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 142 G. III. 13 കൊടുവയലിൽ ചെമ്പിത്താനത്തു മാണിയുടെ കുടുംബം

രണ്ടാം തലമുറ കൊടുവയലിൽ വർക്കി-ഏലിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. അഞ്ചേരി പ്ലാഞ്ചിറ കോരുളയുടെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ചെമ്പിത്താനത്തു കടുപ്പിൽ താമസമാക്കി. ഇവർക്ക് വർക്കി, കുറിയാക്കോസ്, തോമസ് എന്നിങ്ങനെ മൂന്ന് ആൺ മക്കളും, ഏലിയാമ്മ, മറിയാമ്മ, അച്ചാമ്മ, അന്നമ്മ, സാറാമ്മ എന്ന് അഞ്ച് പെൺമക്കളും ഉണ്ടായി. ഇവരിൽ ഏലിയാമ്മയെ കുമരകം മാണിക്കത്തറ യോഹന്നാൻ മകൻ കുഞ്ഞ

പ്പനും, മറിയാമ്മയെ വാകത്താനം കൊച്ചുപ്ലാപ്പറമ്പിൽ പുന്നൂസ് മകൻ കുര്യനും, അന്നമ്മയെ അഞ്ചൽ കുമരനല്ലൂർ കുഞ്ചാണ്ടിമകൻ കൊച്ചുമ്മനും, അച്ചാമ്മയെ തുമ്പോട്ട് കറ്റുവെട്ടിക്കുന്നേൽ ചാക്കോയും, സാറാമ്മയെ മല്ലപ്പള്ളി പട്ടുവയലിൽ മാത്തൻ മകൻ വർഗീസും വിവാഹം കഴിച്ചു. ഒരു പൊതുക്കാര്യപ്രസക്തനായിരുന്നു. ചെമ്പിത്താനത്തപ്പൻ എന്ന് അറിയപ്പെട്ടു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 143 G. III. 14 കൊടുവയലിൽ തോമസിന്റെ കുടുംബം

രണ്ടാം തലമുറ കൊടുവയലിൽ വർക്കി-ഏലിയാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രൻ. സാമാന്യ വിദ്യാഭ്യാസം. നാലുന്നാക്കൽ ആനക്കല്ലുങ്കൽ കോരുളയുടെ മകൾ കുടുക്കാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾ മക്കളില്ലാതെ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 144 G. III. 15 കൊടുവയലിൽ കൊച്ചുതുപ്പ് (കുഞ്ഞൂഞ്ഞ്)

രണ്ടാം തലമുറ കൊടുവയലിൽ വർക്കി–ഏലിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ. തറവാട്ടുവീടായ കൊടുവയലിൽ താമസിച്ചു. മല്ലപ്പള്ളി വട്ടശ്ശേരിൽ പാപ്പിയുടെ മകൾ അന്നാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് വർക്കി, പീലിപ്പോസ്, ജോൺ, എന്നിങ്ങനെ 3 ആൺ മക്കളും കുഞ്ഞമ്മ, ചിന്നക്കുട്ടി എന്നിങ്ങനെ രണ്ട് പെൺമക്കളും ഉണ്ടായി. കുഞ്ഞമ്മയെ പുന്നവേലി ചീരമറ്റത്ത് പാപ്പി മകൻ കുഞ്ഞൂഞ്ഞും ചിന്നക്കുട്ടിയെ കുഴിമറ്റം എരുമത്താനത്ത് മാത്യു മകൻ ജോർജ്ജും വിവാഹം കഴിച്ചു. മാർ അപ്രേം പള്ളി കൈക്കാരനായിരുന്നിട്ടുണ്ട്. ഇരുവരും വാർദ്ധ്യക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

## 145 G. IV. 19 കൊടുവയലിൽ വടക്കേപ്പറമ്പിൽ വർക്കിയുടെ കുടുംബം

മൂന്നാംതലമുറ വടക്കേപ്പറമ്പിൽ ഉതുപ്പ്-ഉണിച്ചിയമ്മ ദമ്പതികളുടെ ഏകമകൻ. സാമാന്യ വിദ്യാഭ്യാസം. തൃക്കോതമംഗലം എട്ടുപറയിൽ നൈനാൻ മകൾ ശോശാമ്മയാണു ഭാര്യ. ഇവർക്ക് ഉതുപ്പ്, നൈനാൻ, വർക്കി, ജോൺ എന്നിങ്ങനെ 4 ആൺ മക്കളും ഏലിയാമ്മ, അന്നാമ്മ, അച്ചാമ്മ എന്നിങ്ങനെ 3 പെൺ മക്കളും ഉണ്ട്. ഏലിയാമ്മയെ മണർകാട് മണ്ണുംമൂട് പാപ്പച്ചനും അന്നാമ്മയെ

പാറമ്പുഴ തുരുത്തേൽ തോമസ് മകൻ ജോണും, അച്ചാമ്മയെ പള്ള ത്തുവടക്കേപ്പറമ്പിൽ ഇട്ടി മകൻ തങ്കച്ചനും വിവാഹം കഴിച്ചു. ഇരു വരും നല്ല വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്ക പ്പെട്ടു.

## 146 G. IV. 20 കൊടുവയലിൽ മുല്ലശ്ശേരിൽ വർക്കിയുടെ കുടുംബം

മൂന്നാം തലമുറ മുല്ലശ്ശേരിൽ ഉലഹന്നാൻ-മറിയാമ്മ ദമ്പതി കളുടെ മൂത്ത പുത്രൻ. സാമാന്യ വിദ്യാഭ്യാസം. അഞ്ചേരി പോത്തു വയലിൽ കുര്യൻ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകൾ, കുഞ്ഞന്നാമ്മ. മറിയാമ്മ മദ്ധ്യപ്രായത്തിൽ മരിച്ചു. അമ യന്നൂർ വേലന്താനം കൊച്ച് മകൾ അന്നാമ്മയെ രണ്ടാം വിവാഹം കഴിച്ചു. ഇവർക്ക് ജോർജ് എന്ന ഒരു മകനും അച്ചാമ്മ, കുട്ടിയമ്മ, പെണ്ണമ്മ, കൊച്ചേലിയാമ്മ എന്നിങ്ങനെ 4 പെൺമക്കളും ഉണ്ടായി. കുഞ്ഞന്നാമ്മയെ വെള്ളുക്കുട്ട പുത്തൻപറമ്പിൽ കുഞ്ഞച്ചനും, അച്ചാ മ്മയെ വാകത്താനം തെക്കേൽ മാണി മകൻ കുര്യനും കുട്ടിയമ്മയെ കുമ്മനം ആശാരിപറമ്പിൽ തോമസ് മകൻ കുരുവിളയും പെണ്ണ മ്മയെ ചെങ്ങളം മങ്ങാട്ടുപാപ്പച്ചൻ മകൻ കുഞ്ഞച്ചനും കൊച്ചേലി യാമ്മയെ താഴത്തങ്ങാടി മാരാൻ മുപ്പതിൽ കുര്യൻ മകൻ ബേബിയും വിവാഹം കഴിച്ചു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 147 G. IV. 21 കൊടുവയലിൽ മുല്ലശ്ശേരിൽ ഉലഹന്നാൻ ഔസേഫിന്റെ കുടുംബം

ഉലഹന്നാൻ-മറിയാമ്മ ദമ്പതികളുടെ ഇളയ പുത്രൻ. സാമാന്യ വിദ്യാഭ്യാസം. കൃഷിയോടൊപ്പം വ്യാപാരവും നടത്തിയിരുന്നു. മീനടം ഇലവുക്കടുപ്പിൽ പൈലിമകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജോൺ എന്ന ഒരു മകനും ഏലിയാമ്മ, പെണ്ണമ്മ (അന്നമ്മ) എന്ന് 2 പെൺമക്കളും ഉണ്ട്. ഏലിയാമ്മയെ വാകത്താനം ചാക്കച്ചേരിൽ കുറിയാക്കോസ് മകൻ പാസ്റ്റർ കുഞ്ഞവറാച്ചനും, പെണ്ണമ്മയെ മീനടം പെരുമ്പലത്ത് സ്കറിയ മകൻ തോമ്മസും വിവാഹം കഴിച്ചു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

## 148 G. IV. 22 കൊടുവയലിൽ ചെമ്പിത്താനത്ത് വർക്കിയുടെ കുടുംബം

മൂന്നാം തലമുറ ചെമ്പിത്താനത്ത് മാണി-ഏലിയാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. സാമാന്യവിദ്യാഭ്യാസം. മണർകാട് നടുവിലേടത്ത് വർഗീസ് മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് അച്ചൻകുഞ്ഞ് എന്നൊരു മകനും മോളി, ലൂസി എന്ന് 2 പെൺമക്കളും ഉണ്ട്. മോളിയെ കോതനല്ലൂർ തയ്യിൽ കുഞ്ഞും ലൂസിയെ വെള്ളുക്കുട്ട ചെങ്ങളത്തുകൊച്ചും വിവാഹം കഴിച്ചു. ഏലിയാമ്മ മരിച്ച് മണർകാടുപള്ളിയിൽ അടക്കപ്പെട്ടു. വർക്കി കർണ്ണാടകയിലെ സൗത്ത് കാനറായിൽ താമസിച്ചു. അവിടെ വർക്കിയും നിര്യാതനായി.

## 149 G. IV. 23 കൊടുവയലിൽ ചെമ്പിത്താനത്ത് കുറിയോക്കോസിന്റെ (കുഞ്ഞുകൊച്ച്) കുടുംബം

മാണി-ഏലിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. ഏഴാം ക്ലാസ് വിദ്യാഭ്യാസം. കൃഷിയാണ് ജോലി. അഞ്ചൽ മണ്ണൂർ കൊച്ചുകരിക്കത്തിൽ ഗീവർഗീസ് മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ഇവർക്ക് കുറിയാക്കോസ്, രാജൻ, ബേബി, ജോൺ എന്നിങ്ങനെ നാല് ആൺമക്കളും ആലീസ്, ലിസി, കുഞ്ഞുമോൾ എന്നിങ്ങനെ മൂന്ന് പെൺമക്കളും ഉണ്ട്. ആലീസിനെ കുമരകം പൂണിത്തറ തോമസ് മകൻ ജോണും, ലിസ്സിയെ തൃക്കോതമംഗലം ചിറത്തലാട്ട് നൈനാച്ചൻ മകൻ രാജുവും കുഞ്ഞുമോളെ പെരുമ്പാവൂർ തെക്കേക്കര ബേബി മകൻ ഷൈനുവും വിവാഹം കഴിച്ചു. കുടുംബയോഗത്തിന്റെ ആരംഭം മുതൽ സജീവ പ്രവർത്തകനാണ്. തങ്കമ്മ 2008-ൽ നിര്യാതയായി മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 150 G. IV. 24 കൊടുവയലിൽ ചെമ്പിത്താനത്ത് തോമസിന്റെ കുടുംബം (മലേഷ്യ)

ചെമ്പിത്താനത്ത് മാണി-ഏലിയാമ്മ ദമ്പതികളുടെ ഇളയ മകൻ. വിദ്യാഭ്യാസത്തിനുശേഷം മലേഷ്യയിൽ ജോലി സമ്പാദിച്ച് അവിടെ താമസമാക്കി. ഏനാത്ത് കുളക്കട, വലിയതോട്ടത്തിൽ യോഹന്നാൻ മകൾ മറിയാമ്മയാണു ഭാര്യ. ഇവർക്ക് ജോയി, മോഹൻ എന്ന് രണ്ട് ആൺ മക്കളും സൂസി എന്നൊരു മകളുമുണ്ട്. ഇരുവരും മരിച്ച് മലേഷ്യയിൽ തന്നെ അടക്കപ്പെട്ടു.

## 151 G. IV. 25 കൊടുവയലിൽ ഇരവുചിറ വർക്കിയുടെ (കുഞ്ഞുകൊച്ച്) കുടുംബം

മൂന്നാം തലമുറ കൊടുവയലിൽ ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. ഏഴാംക്ലാസ്സ് വിദ്യാഭ്യാസം. കൃഷിയും ഗവൺമെന്റ് കോൺട്രാക്ടറായും ജോലി ചെയ്തു. പന്നിക്കോട്ട് പാലത്തിനു താഴെത്തെ ചീപ്പ് ഇദ്ദേഹമാണ് നിർമ്മിച്ചത്. വാകത്താനം മടത്തിറമ്പിൽ കുര്യൻ മകൾ ശോശാമ്മയാണ് ഭാര്യ. ഇവർക്ക് ഉതുപ്പ്, കുര്യൻ, വർക്കി, ജോൺ, മർക്കോസ്, ഫീലിപ്പോസ്, തോമസ്കുട്ടി എന്നിങ്ങനെ 7 ആൺ മക്കളും ഓമന എന്ന ഒരു മകളുമുണ്ട്. ഓമനയെ വടവാതൂർ അമ്പലത്തിങ്കൽ തമ്പി വിവാഹം കഴിച്ചു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 152 G. IV. 26 കൊടുവയലിൽ കിഴക്കേക്കര പീലിപ്പോസിന്റെ (ജോർജ്) കുടുംബം

ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. BA, B.Ed (U.C College Aluva) പാസ്സായി ഹൈസ്കൂൾ അധ്യാപകനായി. സെന്റ് തോമസ് ഹൈസ്കൂളിൽ നിന്ന് റിട്ടയർ ചെയ്തു. ഒളശ്ശ ഏനാദിക്കൽ ജോണിന്റെ മകൾ ഹൈസ്ക്കൂൾ അധ്യാപികയായ ആനിക്കുട്ടി BSc, BEd ആണ് ഭാര്യ. പള്ളം ബുക്കാനാ ഹൈസ്കൂളിൽ നിന്ന് റിട്ടയർ ആയി. ഇവർക്ക് ഡോ. സുരേഷ്, സുകു, സുജി എന്ന് മൂന്ന് ആൺ മക്കൾ. മൂവരും U.S.A യിൽ താമസിക്കുന്നു. ഈ ദമ്പതികൾ ഇരുവരും റിട്ടയർചെയ്ത് സ്വസ്ഥജീവിതം നയിക്കുന്നു. ഇദ്ദേഹം മാർ അപ്രേം പള്ളിട്രസ്റ്റിയായും ഭരണസമിതി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. സൺഡേസ്കൂൾ അദ്ധ്യാപകൻ ആയിരുന്നു. കുടുംബയോഗത്തിന്റെ സജീവ പ്രവർത്തകരിലൊരാളാണ്.

## 153 G. IV. 27 കൊടുവയലിൽ കെ.വി. ജോണിന്റെ (കുഞ്ഞപ്പൻ) കുടുംബം

ഉതുപ്പ്-അന്നാമ്മ ദമ്പതികളുടെ ഇളയപുത്രൻ. SSLC യ്ക്കു ശേഷം സിവിൽ എൻജിനീയറിംഗ് പഠിച്ചു. ബിസിനസ്സ് രംഗത്തു പ്രവർത്തിച്ചു. ഇദ്ദേഹം വാകത്താനം പഞ്ചായത്ത് മെമ്പറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കുഴിമറ്റം പ്ലാപ്പറമ്പിൽ കുര്യൻ മകൾ അമ്മിണിയാണു ഭാര്യ. ഇവർക്ക് ബിന്നി, ജോഷി എന്ന് 2 ആൺ മക്കളും ബിന്ദു എന്നൊരു മകളും ഉണ്ട്. ബിന്ദുവിനെ നാലുന്നാ

ക്കൽ കുറ്റിയിൽ ഏലിയാസ് മകൻ ബിജു വിവാഹം കഴിച്ചു. ഇരുവരും മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

## 154 G. V. 52 കൊടുവയലിൽ വഴീപ്പറമ്പിൽ ഉതുപ്പിന്റെ (പാപ്പച്ചൻ) കുടുംബം

നാലാം തലുമുറ വടക്കേപ്പറമ്പിൽ വർക്കി-ശോശാമ്മ ദമ്പതികളുടെ മൂത്തപുത്രൻ. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പിതാവിനോടൊപ്പം കൃഷിയിലേർപ്പെട്ടു. കുറിച്ചി അമ്പലക്കടവിൽ സ്കറിയയുടെ മകൾ പെണ്ണമ്മയെ (ഏലിയാമ്മ) വിവാഹം കഴിച്ചു. ഇവർക്ക് ജോർജ്ജുകുട്ടി, അച്ചൻകുഞ്ഞ് (സ്കറിയ), കുഞ്ഞൂഞ്ഞ് (നൈനാൻ) എന്ന് മൂന്ന് ആൺ മക്കളും കുഞ്ഞമ്മ, മറിയാമ്മ, തങ്കമ്മ എന്ന് മൂന്ന് പെൺമക്കളും ഉണ്ട്. കുഞ്ഞമ്മയെ തോട്ടയ്ക്കാട്ട് ഓലിക്കര കാക്കനാട്ട് മാത്തുക്കുട്ടി മകൻ കുഞ്ഞൂഞ്ഞച്ചനും, മറിയാമ്മയെ വാകത്താനം ചാക്കച്ചേരിൽ പോളച്ചിറ ചെറിയാൻ മകൻ ചെറിയാച്ചനും, തങ്കമ്മയെ തോട്ടയ്ക്കാട്ട് കളപ്പുരയ്ക്കൽ ഈപ്പൻ മകൻ വർഗീസും വിവാഹം ചെയ്തു. ഇരുവരും വാർദ്ധക്യത്തിൽ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

| | | |
|---|---|---|
| Date of Death | Uthuppu | 11-111982 |
| | Aleyamma | 9-12-2000 |

## 155 G .V. 53 കൊടുവയലിൽ വടക്കേപ്പറമ്പിൽ വി.വി. നൈനാന്റെ കുടുംബം

വടക്കേപ്പറമ്പിൽ വർക്കി-ശോശാമ്മ ദമ്പതികളുടെ രണ്ടാമത്തെപുത്രൻ. പഠനത്തിൽ വളരെ സമർത്ഥനായിരുന്നു. B.Sc. പാസ്സായശേഷം ഉപരിപഠനത്തിനായി ബനാറസിൽ പോയി. കെമിക്കൽ എൻജിനീയറിംഗിൽ MSc. Tech പാസ്സായി. അതിനുശേഷം ഗോദറേജ് & Boyce Mfg. കമ്പനി ലിമിറ്റഡിലും, ഇന്ത്യൻ അലുമിനിയം കമ്പനിയിൽ കെമിസ്റ്റായും, ബോംബെ ഓയിൽ ഇൻഡസ്ട്രീസിൽ പ്ലാന്റ് കെമിസ്റ്റായും, ടാറ്റാ ഓയിൽ മിൽസിൽ ഷിഫ്റ്റ് കെമിസ്റ്റായും ഗ്വാളിയർ & മൽവാർ ഇൻഡസ്ട്രീസിൽ ചീഫ് കെമിസ്റ്റായും, കോട്ടയത്ത് ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽ ഇൻഡസ്ട്രീസിൽ ടെക്നിക്കൽ അസിസ്റ്റന്റായും, പെരുമ്പാവൂർ റയോൺസിൽ പ്രൊഡക്ഷൻ സൂപ്രണ്ടായും ജോലി ചെയ്തു. അവിടെനിന്ന്

ബറോഡ റയോൺസിൽ പ്രൊഡക്ഷൻ മാനേജർ, ബിർള ഇന്ത്യൻ റയോൺ കോർപ്പറേഷനിൽ ടെക്നിക്കൽ അഡ്വൈസറായും ജോലി ചെയ്തു. ഫെലോ മെമ്പർഷിപ്പ് ഇന്ത്യൻ ഇസ്റ്റിസ്റ്റ്യൂട്ട് ഓഫ് കെമിക്കൽ എഞ്ചിനിയേഴസ് (F.I. Chem: E) ഇന്ത്യൻ മാനേജ്മെന്റ് ഫെലോ (F.I.M.A.) എന്നീ മെമ്പർഷിപ്പുകൾ ലഭിച്ചിരുന്നു. അമേരിക്കയിൽ ഹയർ സ്റ്റഡീസിന് ഫുൾ ബ്രൈറ്റ് സ്കോളർഷിപ്പ് ലഭിച്ചിരുന്നു. മണർകാട് കുറ്റിക്കാട്ട് കാലുകടവിൽ തര്യച്ചൻ മകൾ മേരിയാണ് ഭാര്യ. ഇവർക്ക് വൈവി, ലൈല, സുജ എന്ന് മൂന്ന് പെൺമക്കളും നൈജു, ബൈജു എന്ന് രണ്ട് ആൺ മക്കളും ഉണ്ട്. മൂത്തമകൾ ഡോ. വൈവിയെ കായംകുളം പൊൻവാണിഭം കുടുംബത്തിലെ T.D ദാനിയേൽ MS വിവാഹം കഴിച്ച് U.S.Aയിൽ താമസിക്കുന്നു. ലൈലയെ (M.A.BEd.) കൊല്ലാട് വൈക്കത്തു പുത്തൻപുരയിൽ രാജു (BSc. MBA, I.I.M.A) വിവാഹം കഴിച്ചു. സുജയെ (MSc. MEd.) എറികാട് മുളഞ്ഞിയിൽ കോര മാത്തൻ BSc. MBA, I.I.M.C. വിവാഹം ചെയ്തു. ഗുജറാത്തിൽ ബറോഡാ റയോൺസ് കോർപ്പറേഷൻ പ്രൊഡക്ഷൻ മാനേജരായി വിരമിച്ച് വടവാതൂരുള്ള വസതിയിൽ വിശ്രമജീവിതം നയിച്ചു വരവേ 84-ാം വയസ്സിൽ നിര്യാതനായി. മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു. കുടുംബത്തിലെ ആദ്യത്തെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രിക്കാരനാണ്.

| | | |
|---|---|---|
| Date of Death | Ninan | 31-7-2006 |

## 156 G. V. 54 വടക്കേപ്പറമ്പിൽ വി.വി. വർക്കിയുടെ (കുഞ്ഞൂഞ്ഞച്ചൻ) കുടുംബം

വർക്കി-ശോശാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. S.S.L.C, ITI, Electrical പഠനത്തിനുശേഷം ഗവ. കോൺട്രാക്ടറായി ജോലി ചെയ്തു. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് കോൺട്രാക്ട് പണികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. പന്നിക്കോട്ട് പാലത്തിന്റെ താഴെത്തെ ചീപ്പിന്റെ പണി ഇദ്ദേഹത്തിനായിരുന്നു. നാലുന്നാക്കൽ മേട്ടിൻപുറത്ത് അദ്ധ്യാപികയായ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മനോജ് എന്നൊരു മകനും, ഷൈനി, വിനു എന്ന് രണ്ടു പെൺമക്കളും ഉണ്ട്. ഷൈനിയെ പത്തനംതിട്ട നിരവത്ത് ഉമ്മൻ ജോർജും വിനുവിനെ ആർപ്പൂക്കര ചാലാശ്ശേരിൽ ഐപ്പ് സി. കുര്യനും വിവാഹം കഴിച്ചു. വർക്കിയും മറിയാമ്മയും സ്വഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു.

## 157 G. V. 55 വടക്കേപ്പറമ്പിൽ
## വി.വി. ജോണിന്റെ (കുഞ്ഞുകൊച്ച്) കുടുംബം

വർക്കി-ശോശാമ്മ ദമ്പതികളുടെ ഇളയപുത്രൻ. പി.ഡി.സി. യ്ക്കു ശേഷം എൻജിനീയറിംഗ് ഡിപ്ലോമാ പാസ്സായി. റയിൽവേ യിൽ ജോലി ലഭിച്ചു. സീനിയർ സെക്ഷൻ എഞ്ചിനീയറായി സതേൺ റെയിൽവേ പാലക്കാട്ടുനിന്ന് റിട്ടയർ ചെയ്തു. ഭാര്യ: പാത്താമുട്ടം മാളികയിൽ കരോട്ട് എം.വി. വർഗീസിന്റെ മകൾ തങ്കമ്മ ജോൺ MA, BEd റയിൽവേ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപി കയായിരുന്നു. ഇരുവരും റിട്ടയർ ചെയ്ത് വീട്ടിൽ വിശ്രമജീവിതം നയിക്കുന്നു. ഇവർക്ക് ദീപ എന്നൊരു മകളും സുഭാഷ്, രാജേഷ് എന്ന് രണ്ട് ആൺ മക്കളും ഉണ്ട്. ദീപയെ (MSc, BEd) അങ്കമാലി കുടുംബത്തിൽ ടി.വി. ജോൺ മകൻ ബിനു റ്റി. ജോൺ B.Tech, Mechanical Engineer വിവാഹം കഴിച്ച് അവിടെ താമസിക്കുന്നു.

## 158 G. V. 56 കൊടുവയലിൽ മുല്ലശ്ശേരിൽ
## ജോർജ്ജിന്റെ (കുഞ്ഞ്) കുടുംബം

നാലാംതലമുറ മുല്ലശ്ശേരിൽ വർക്കി-അന്നാമ്മ ദമ്പതികളുടെ മകൻ. SSLC യ്ക്കുശേഷം അദ്ധ്യാപക വൃത്തിയിൽ ടി.എം.യു.യു.പി സ്കൂൾ മീനടത്ത് ജോലിയിൽ പ്രവേശിച്ചു. വാകത്താനം കൊച്ചേ രിൽ കുര്യൻ മകൾ കുഞ്ഞന്നാമ്മയെ (അന്നമ്മ) വിവാഹം കഴിച്ചു. ഇവർക്ക് വർക്കി എന്നൊരു മകനും അന്നമ്മ, സൂസൻ, അശ്വതി എന്ന് മൂന്നു പെൺമക്കളും ഉണ്ട്. അന്നമ്മയെ മൂലേടം ചേറുമ്പാല ജേക്കബും, സൂസനെ ചെങ്ങന്നൂർ പറമ്പിൽ പടിഞ്ഞാറ്റിൻകര കുര്യനും, അശ്വതിയെ പയ്യപ്പാടി പറപ്പള്ളിൽ ജോൺ പി വർഗീസും വിവാഹം കഴിച്ചു. ജോർജ് മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്ക രിക്കപ്പെട്ടു.

Date of Death P.V. George 1-03-2010

## 159 G. V. 57 കൊടുവയലിൽ മുല്ലശ്ശേരിൽ
## ജോണിന്റെ (കുഞ്ഞൂഞ്ഞ്) കുടുംബം

നാലാംതലമുറ മുല്ലശ്ശേരിൽ ജോസഫ്-മറിയാമ്മ ദമ്പതികളുടെ മകൻ. വിദ്യാഭ്യാസത്തിനുശേഷം പെരുമ്പാവൂർ റയോൺസിൽ ജോലി ലഭിച്ചു. തഴവ വഴുവപ്പള്ളി തെക്കേതിൽ ഉണ്ണൂണ്ണി മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. മറിയാമ്മ സംഗീതാദ്ധ്യാപികയാ

യിരുന്നു. ഇവർക്ക് മനോജ് എന്ന ഒരു മകനും മീര എന്നൊരു മകളും ഉണ്ട്. മീര MSc Agriculture പാസ്സായി കൃഷി വകുപ്പിൽ കൃഷി ഓഫീസറായി ജോലി ചെയ്യുന്നു. കാർത്തികപ്പള്ളി പ്ലാവനാൽ മാത്യു മകൻ ഉമ്മൻ മാത്യു MSc (AG) വിവാഹം ചെയ്തു. ജോണും മറിയാമ്മയും റിട്ടയർ ചെയ്ത് സ്വസ്ഥജീവിതം നയിക്കുന്നു.

## 160 G. V. 58 കൊടുവയലിൽ ചെമ്പിത്താനത്ത് അച്ചൻകുഞ്ഞിന്റെ കുടുംബം (കൊരട്ടി)

നാലാംതലമുറ ചെമ്പിത്താനം വർക്കി-ശോശാമ്മ ദമ്പതികളുടെ മകൻ കൊരട്ടിയിൽ കമ്പനി ജോലി. വാകത്താനം കൊച്ചുപ്ലാപ്പറമ്പിൽ കോറിക്കൊച്ചിന്റെ മകൾ മറിയാമ്മയെ വിവാഹം കഴിച്ച് കൊരട്ടിയിൽ താമസിക്കുന്നു.

## 161 G. V. 59 കൊടുവയലിൽ ചെമ്പിത്താനത്ത് കെ.കെ. കുറിയാക്കോസിന്റെ (കുഞ്ഞുമോൻ) കുടുംബം

ചെമ്പിത്താനത്ത് കുറിയാക്കോസ്-തങ്കമ്മ ദമ്പതികളുടെ മൂത്തപുത്രൻ. പ്രീഡിഗ്രിയ്ക്കുശേഷം എയർ ഫോഴ്സിൽ ചേർന്നു. സർവ്വീസിലിരിക്കെ ഡിഗ്രിയെടുത്തു. കാനം പറപ്പള്ളിത്താഴെ ജോർജ് മകൾ ലാലിയാണ് ഭാര്യ. ഇവർക്ക് ജൂലി, ജോളി എന്ന് രണ്ടു പെൺമക്കൾ. റിട്ടയർ ചെയ്ത് ബോംബെയിൽ വിമാനക്കമ്പനിയിൽ ജോലിയിൽ ഇരിക്കെ മരിച്ച് മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു. ജൂലിയെ അടൂർ കല്ലേത്ത് പി.എം. ഫിലിപ്പിന്റെ മകൻ ബെൻസി ഫിലിപ്പും ജോളിയെ കനകപ്പാലം ചെങ്കോട്ടയിൽ തോമസിന്റെ മകൻ സൈമൺ സി. തോമസും വിവാഹം കഴിച്ചു. എല്ലാവരും USA യിൽ.

## 162 G. V. 60 കൊടുവയലിൽ ചെമ്പിത്താനത്ത് കെ.കെ. രാജന്റെ കുടുംബം

കുറിയാക്കോസ്-തങ്കമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. SSLC പാസ്സായശേഷം ഫിലിംകമ്പനിയിൽ ജോലി ലഭിച്ചു. മണർകാട് വട്ടത്തിൽചിറ ബേബിയുടെ മകൾ അശ്വതിയെ വിവാഹം കഴിച്ചു. ഇവർക്ക് ഷിജോ, ബിജോ എന്ന് രണ്ട് ആൺ മക്കൾ. ഷിജോ B.Com. കഴിഞ്ഞ് എറണാകുളത്ത് ഇന്ത്യാ ഇൻഫോലൈൻ എന്ന കമ്പനി

യിൽ ജോലിചെയ്യുന്നു. രാജൻ 2008 നിര്യാതനായി മാർ അപ്രേം പള്ളിയിൽ അടക്കപ്പെട്ടു.

| | | |
|---|---|---|
| Date of Death | Rajan | 25-08-2008 |

### 163 G. V. 61 ചെമ്പിത്താനത്ത് കെ.കെ. ജോയിയുടെ കുടുംബം

കുറിയാക്കോസ് - തങ്കമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. പ്രീ-ഡിഗ്രി പാസ്സായശേഷം ഇന്ത്യൻ നേവിയിൽ ചേർന്നു. വളരെക്കാലം ബെഹ്റിനിൽ ഉദ്യോഗസ്ഥനായിരുന്നു. അമയന്നൂർ തറയിൽ ചാക്കോ ഇട്ടി മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. തങ്കമ്മ ബെഹ്റയ്നിൽ വളരെക്കാലം നേഴ്സായി ജോലി ചെയ്തു. ഇവർക്ക് പ്രീതി, പ്രിയ, ജ്യോതി എന്നിങ്ങനെ മൂന്നു പെൺ മക്കൾ. പ്രീതിയെ വാഴൂർ അതുമ്പനാകുഴിയിൽ ജോയി ഫിലിപ്പോസ് മകൻ ഡോ. ആൽവിനും പ്രിയയെ കൂത്താട്ടുകുളം തേക്കും കാട്ടിൽ ഹാബേൽ മകൻ നിബുവും വിവാഹം കഴിച്ചു. ജ്യോതി M.B.B.S പാസായി ഹൗസ് സർജൻസി ചെയ്യുന്നു. ജോയി മരിച്ച് മാർ അപ്രേം പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

| | | |
|---|---|---|
| Date of death | Joy | 25-7-2005 |

### 164 G. V. 62 ചെമ്പിത്താനത്ത് കെ.കെ. ജോണിന്റെ (അച്ചൻകുഞ്ഞ്) കുടുംബം

കുറിയാക്കോസ്-തങ്കമ്മ ദമ്പതികളുടെ ഇളയപുത്രൻ. PDC യ്ക്കുശേഷം നാട്ടകം സിമന്റ് ഫാക്ടറിയിൽ ജോലി ലഭിച്ചു. മാങ്ങാനം ഓലിക്കര ഔസേഫ് മാണി മകൾ ആണ്ടമ്മയാണ് ഭാര്യ. ഇവർക്ക് മാരിററ് എന്നൊരു മകനും മരുത, മർളിൻ എന്ന് രണ്ടു പെൺമക്കളും ഉണ്ട്. മാരിററ് എഞ്ചിനീയറിംഗ് വിദ്യാർത്ഥിയാണ്. പെൺമക്കൾ രണ്ട് പേരും വിദ്യാർത്ഥിനികളാണ്.

### 165 G. V. 63 ചെമ്പിത്താനത്ത് മലേഷ്യയിൽ ജോയുടെ കുടുംബം

ഈ കുടുംബം മലേഷ്യയിലെ ക്വലാലംപൂരിൽ താമസിക്കുന്നു. മലേഷ്യൻ പൗരത്വം സ്വീകരിച്ചു.

### 166 G .V. 64 ചെമ്പിത്താനത്ത് മലേഷ്യയിൽ മോഹനന്റെ കുടുംബം

ഈ കുടുംബം മലേഷ്യയിലെ ഈപ്പോ എന്ന സ്ഥലത്ത് താമസിക്കുന്നു. മലേഷ്യൻ പൗരത്വം സ്വീകരിച്ചു.

## 167 G. V. 65 കൊടുവയലിൽ ഇരവുചിറ ഉതുപ്പ് കെ. വർക്കി യുടെ (പാപ്പച്ചൻ) കുടുംബം (ജയ്പൂർ)

നാലാം തലമുറ കൊടുവയലിൽ വർക്കി-ശോശാമ്മ ദമ്പതി കളുടെ മൂത്തപുത്രൻ. SSLC പാസ്സായശേഷം മിലിട്ടറി സർവ്വീസിൽ ചേർന്നു. അരീപ്പറമ്പ് ഞാറയ്ക്കൽ ഉലഹന്നൻ മകൾ ലില്ലിക്കുട്ടി യാണ് ഭാര്യ. ലില്ലിക്കുട്ടി ജയ്പൂർ മെഡിക്കൽ കോളജിൽ നഴ്സായി ജോലി ചെയ്യുന്നു. ഉതുപ്പ് സർവ്വീസിൽ നിന്നു വിരമിച്ച് ജയ്പ്പൂർ മെഡിക്കൽ കോളജിൽ ജോലി ചെയ്യുന്നു. ലീനയെ തൃശൂർ സ്വദേശി റോയി വിവാഹം കഴിച്ച് ജയ്പ്പൂരിൽ താമസിക്കുന്നു. ഉതുപ്പും ഭാര്യയും ജയ്പ്പൂരിൽ സ്വന്തം വീടുവച്ച് താമസിക്കുന്നു.

## 168 G. V. 66 കൊടുവയലിൽ ഇരവുചിറ കെ. വി. കുര്യൻ (കുര്യച്ചൻ) ന്റെ കുടുംബം

വർക്കി-ശോശാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. SSLC വിദ്യാഭ്യാസം. റേഷൻ വ്യാപാരിയാണ്. അമയന്നൂർ കിഴക്കേ പുളി യായിൽ മാത്തൻ മാണിയുടെ മകൾ ശാന്തമ്മയാണു ഭാര്യ. ഇവർക്ക് റിനു എന്നൊരു മകളും റോജി എന്നൊരു മകനും ഉണ്ട്. റിനുവിനെ മാമ്മൂട് ആഞ്ഞിലിമൂട്ടിൽ ചെറിയാൻ മകൻ ജോസഫ് വിവാഹം കഴിച്ചു. റോജി കെ. കുര്യൻ റയിൽവേ ഉദ്യഗസ്ഥനാണ്.

## 169 G. V. 67 കൊടുവയലിൽ ഇരവുചിറ കെ.വി. വർക്കിയുടെ (വർക്കിയച്ചൻ) കുടുംബം

വർക്കി-ശോശാമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. SSLC പാസ്സായശേഷം മിലിട്ടറി സർവ്വീസിൽ ചേർന്നു. കോന്നി പരങ്ങാം വിളയിൽ തോമസ് മകൾ ലീലാമ്മയാണ് ഭാര്യ. ലീലാമ്മ ജയ്പൂ രിൽ നഴ്സ് ആയിരുന്നു. ഇരുവരും റിട്ടയർ ചെയ്തു. വർക്കി കോട്ടയം മെഡിക്കൽ കോളേജിൽ ഉദ്യോഗസ്ഥനാണ്. ഇവർക്ക് ലിറ്റി കെ വർക്കി എന്ന ഒരു മകളും ലിബു കെ വർക്കി എന്ന ഒരു മകനും ഉണ്ട്. ലിറ്റി ജയ്പ്പൂരിൽ B.Sc. നഴ്സ് ആയി ജോലി ചെയ്യുന്നു. ലിബു B.Com പാസ്സായി എറണാകുളത്ത് ജോസ്കോ ജ്വല്ലറിയിൽ ജോലിചെയ്യുന്നു.

## 170 G. V. 68 കൊടുവയലിൽ ഇരവുചിറ കെ.വി. പീലിപ്പോസിന്റെ കുടുംബം (ജയ്പ്പൂർ)

വർക്കി-ശോശാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രൻ. SSLC യ്ക്കു ശേഷം ജയ്പൂരിൽ പോയി. അവിടെ ബിസിനസ്സ് ചെയ്യുന്നു. അവിടെ നഴ്സ് ആയ തിരുവല്ലയിലുള്ള ലീലാമ്മയാണു ഭാര്യ. ഇവർക്ക് ഷിമി എന്ന ഏക മകൾ B.Sc നഴ്സ് ആണ്.

## 171 G. V. 69 കൊടുവയലിൽ ഇരവുചിറ കെ.വി. ജോണിന്റെ (ജോണിക്കുട്ടി) കുടുംബം

വർക്കി-ശോശാമ്മ ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ. പത്താംക്ലാസ്സിന് ശേഷം കൃഷിയിൽ ഏർപ്പെട്ടു. പൊങ്ങന്താനം കാട്ടാമ്പാക്കൽ ചാക്കോയുടെ മകൾ ലീലാമ്മയാണു ഭാര്യ. ഇവർക്ക് ലിജോ, അജോ എന്ന് രണ്ട് ആൺമക്കൾ. ഇരുവരും ചെന്നൈയിൽ കമ്പിനിയിൽ ജോലിചെയ്യുന്നു. ഇവർ പള്ളിക്കത്തോട് ചെങ്ങളത്ത് താമസിക്കുന്നു.

## 172 G. V. 70 കൊടുവയലിൽ ഇരവുചിറ കെ.വി. മർക്കോസിന്റെ കുടുംബം

വർക്കി-ശോശാമ്മ ദമ്പതികളുടെ ആറാമത്തെ പുത്രൻ. പത്താംക്ലാസ്സിന് ശേഷം മിലിട്ടറി സർവ്വീസിൽ ചേർന്നു. കൊട്ടാരക്കര കരിക്കം ചരുവിള പുത്തൻവീട്ടിൽ യോഹന്നാന്റെ മകൾ റോസമ്മയാണു ഭാര്യ. റോസമ്മ ജയ്പ്പൂരിൽ നേഴ്സ് ആയിരുന്നു. റിട്ടയർ ചെയ്തു. ഇവർക്ക് റോമി മർക്കോസ്, റിയാം മർക്കോസ് എന്ന് രണ്ട് മക്കൾ, ഇരുവരും വിദ്യാർത്ഥികളാണ്. മർക്കോസ് ബി.എസ്. എൻ.എൽ. ഉദ്യോഗസ്ഥനാണ്.

## 173 G. V. 71 കൊടുവയലിൽ ഇരവുചിറ കെ.വി. തോമസ് (തോമസ് കുട്ടി) കുടുംബം (ജയ്പ്പൂർ)

വർക്കി-ശോശാമ്മ ദമ്പതികളുടെ ഏഴാമത്തെ പുത്രൻ. പത്താംക്ലാസിന് ശേഷം ജയ്പൂരിൽ ജോലി ചെയ്യുന്നു. ജയ്പ്പൂരിൽ കമ്പനിജോലിക്കാരിയായ പന്തളം കുടശ്ശനാട് വലിയവീട്ടിൽ കുഞ്ഞച്ചൻ മകൾ ജോളി BCom ആണ് ഭാര്യ. ജയ്പ്പൂരിൽ X-Ray Technician ആയി ജോലി ചെയ്യുന്നു.

## 174 G. V. 72 കൊടുവയലിൽ കിഴക്കേക്കര ഡോ. സുരേഷിന്റെ കുടുംബം USA

നാലാംതലമുറ കൊടുവയലിൽ കെ.യു. ഫിലിപ്പോസ്-ആനിക്കുട്ടി ദമ്പതികളുടെ മൂത്തപുത്രൻ. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ് അമേരിക്കയിൽ പോയി മെഡിസിനു പഠിച്ചു. M.D., D.M ഡിഗ്രികൾ എടുത്തു. കാർഡിയോളജിയിൽ സ്പെഷ്യലൈസ് ചെയ്തു. (FACC Washington) മെമ്പറാണ് അവിടെ അഡ്വക്കേറ്റ് ആയ സൻജൂ ഫിലിപ് (വെൺമണി പേരങ്ങാട്ട് തോമസ് മകൾ) ഷേർലി ആണു ഭാര്യ. ഇവർക്ക് സതീഷ് ഫിലിപ്പ്, സൻജയ് ഫിലിപ്പ് എന്നിങ്ങനെ 2 മക്കൾ ഇരുവരും വിദ്യാർത്ഥികൾ. സുരേഷ് അമേരിക്കയിൽ വച്ച് മരിച്ച് ഹൂസ്റ്റണിൽ സംസ്കരിക്കപ്പെട്ടു.

| | | |
|---|---|---|
| Date of Death | Dr. Suresh | 14-6-2010 |

## 175 G. V. 73 കൊടുവയലിൽ കിഴക്കേക്കര സുകുവിന്റെ കുടുംബം (USA )

കൊടുവയലിൽ കിഴക്കേക്കര പീലിപ്പോസ്-ആനിക്കുട്ടി ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. BSc പാസ്സായശേഷം അമേരിക്കയിൽ പോയി അവിടെ ബിസിനസ്സ് ചെയ്യുന്നു. അവിടെ BSc നഴ്സ് ആയ മിനിമോൾ ഫിലിപ്പ് (വേളൂർ തണ്ടാശ്ശേരി ജോൺ മകൾ) ആണു ഭാര്യ. ഇവർക്ക് അഖിൽ ഫിലിപ്പ്, കെവിൻഫിലിപ്പ്, ആൻ ഫിലിപ്പ് എന്ന് മൂന്ന് മക്കൾ. മൂവരും വിദ്യാർത്ഥികളാണ്.

## 176 G V 74 കൊടുവയലിൽ കിഴക്കേക്കര സുജിയുടെ കുടുംബം (USA )

കിഴക്കേക്കര പീലിപ്പോസ്-ആനിക്കുട്ടി ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ. BCom പാസ്സായി അമേരിക്കയിലെത്തി. അവിടെ ബിസിനസ്സ് ചെയ്യുന്നു. BSc നേഴ്സ് ആയ ആൻസി(മണർകാട് മാലം പുളിയാംപള്ളി ചാണ്ടി മകൾ)യാണ് ഭാര്യ. ഇവർക്ക് അജൂ പി. ജോൺ അരുൺ പി. ജോൺ എന്നിങ്ങനെ 2 മക്കൾ. ഇരുവരും വിദ്യാർത്ഥികൾ.

## 177 G V 75 കൊടുവയലിൽ ബിന്നിജോണിന്റെ കുടുംബം

നാലാംതലമുറ കൊടുവയലിൽ കെ.വി. ജോൺ-അമ്മിണി ദമ്പതികളുടെ മൂത്തപുത്രൻ. MCom, Set പാസ്സായി പത്തനംതിട്ട

കാതോലിക്കേറ്റ് കോളേജിൽ അധ്യാപകനാണ്. ഇദ്ദേഹം വാകത്താനം പഞ്ചായത്ത് മെമ്പറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നാട്ടകം പതിനഞ്ചിൽ ജോർജ്ജ് മകൾ ഷീന BA, BEd ആണ് ഭാര്യ. ഷീന ഞാലിയാകുഴി എം.ജി. എം. ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപികയാണ്. ഇവർക്ക് നിവേദിത, നിരഞ്ജന, നിയുക്ത എന്ന് മൂന്ന് പെൺമക്കൾ. മൂത്തവർ രണ്ടും വിദ്യാർത്ഥിനികൾ.

## 178 G V 76 കൊടുവയലിൽ ജോഷി ജോണിന്റെ (കൊച്ചുമോൻ) കുടുംബം

കൊടുവയലിൽ കെ.വി. ജോണിന്റെയും അമ്മിണിയുടെയും ഇളയപുത്രൻ. PDC, ITC ഇവ പാസ്സായി. ബിസിനസ്സ് രംഗത്തു പ്രവേശിച്ചു. വാകത്താനം പുല്ലുകാട്ട് ചെറിയാൻ മകൾ താരയാണ് ഭാര്യ. ഇവർക്ക് തുഷാര എന്നൊരു മകൾ കുടുംബയോഗം സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിരുന്നു.

## 179 G. VI. 54 കൊടുവയലിൽ വഴീപ്പറമ്പിൽ ജോർജ്ജിന്റെ കുടുംബം (പെരുമ്പാവൂർ)

അഞ്ചാംതലമുറ വഴീപ്പറമ്പിൽ ഉതുപ്പ്-പെണ്ണമ്മ ദമ്പതികളുടെ മൂത്തപുത്രൻ. SSLC യ്ക്കുശേഷം പെരുമ്പാവൂരിൽ ട്രാവൻകൂർ റയോൺസിൽ ജോലി ലഭിച്ചു. സുലോകോ ഓർത്തഡോക്സ് പള്ളിയിൽ സൺഡേസ്കൂൾ അധ്യാപകനാണ്. പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥ ആയിരുന്ന കുഴിമറ്റം ചാലുവേലിൽ മോളിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് ബിനു ജോർജ്ജ് എന്നൊരു മകനും, ബീന എന്ന ഒരു മകളും ഉണ്ട്. മോളിക്കുട്ടി 45-ാം വയസ്സിൽ നിര്യാതയായി. മാർ അപ്രേംപള്ളിയിൽ അടക്കപ്പെട്ടു. ബീനയെ കീഴില്ലം പരത്തുവയലിൽ ഏബ്രഹാം മകൻ റോജി വിവാഹം കഴിച്ചു. ജോർജ്ജിന്റെ രണ്ടാം ഭാര്യ കോലഞ്ചേരി താമരച്ചാലിൽ കൊച്ചുപുത്തൻപുര ഏബ്രഹാം മകൾ ഡെയ്സിയാണ്.

| | | |
|---|---|---|
| Date of Death | Mollykutty | 19-1-1994 |

## 180 G. VI. 55 കൊടുവയലിൽ വഴീപ്പറമ്പിൽ സ്കറിയയുടെ (അച്ചൻകുഞ്ഞ്) കുടുംബം (USA)

അഞ്ചാം തലമുറ വഴീപ്പറമ്പിൽ ഉതുപ്പ്-പെണ്ണമ്മ (ഏലിയാമ്മ) ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ. Graduate. USA യിൽ എത്തി അവിടെ ജോലി ചെയ്യുന്നു. ആനിക്കാട് കുത്താത്തയിൽ കുഞ്ഞു

മോളാണ് ഭാര്യ. ഇവർക്ക് ബോബി സ്കറിയാ, റോയിസ്കറിയ എന്ന് രണ്ട് ആൺമക്കൾ.

### 181 G. VI. 56 കൊടുവയലിൽ വഴീപ്പറമ്പിൽ കെ.യു. നൈനാന്റെ (കുഞ്ഞൂഞ്ഞ്) കുടുംബം

അഞ്ചാംതലമുറ ഉതുപ്പ്-ഏലിയാമ്മ ദമ്പതികളുടെ ഇളയ പുത്രൻ. PDC, Lab Technician കഴിഞ്ഞ് ദുബായിൽ അൽ മുത്തീം ഹോസ്പിറ്റലിൽ ജോലി ലഭിച്ചു. മാങ്ങാനം മാലത്തോട്ട് സാറാമ്മ (സോമി) യെ വിവാഹം കഴിച്ചു. ഇവർക്ക് എലിസബത്ത് നൈനാൻ, ജസ്റ്റിൻ നൈനാൻ എന്ന് രണ്ടുമക്കൾ. ഇരുവരും വിദ്യാർത്ഥികൾ.

### 182 G. VI. 57 കൊടുവയലിൽ വടക്കേപ്പറമ്പിൽ നൈജു ഫിലിപ്പ് നൈനാൻ കുടുംബം (വടവാതൂർ)

അഞ്ചാംതലമുറ വടക്കേപ്പറമ്പിൽ വി.വി. നൈനാൻ–മേരി ദമ്പതികളുടെ മൂത്തപുത്രൻ. BCom പാസ്സായി ഈരാററുപേട്ട സൂര്യ പെട്രോൾസിൽ പേഴ്സണൽ & കോമേഴ്സ് മാനേജർ, കേരള ഷിപ്പിംഗ് & ഇൻലന്റ് നാവിഗേഷൻ കോർപ്പറേഷൻ (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ) എന്നീ നിലകളിൽ ജോലിചെയ്തു. എസ്.ബി.ഐ. ലൈഫ് ഇൻഷുറൻസ് ഓഫീസറായി ജോലി ചെയ്യുന്നു. കാട്ടുർ തെക്കേൽ കടക്കേത്ത് കെ.എം. മാത്യു മകൾ ബെറ്റ്സിയെ വിവാഹം കഴിച്ചു. ബെറ്റ്സി MSc, BEd പാസ്സായി. ബേക്കർ വിദ്യാപിഠം അധ്യാപികയായി ജോലി ചെയ്യുന്നു. ഇവർക്ക് ചിന്നു മറിയം ഫിലിപ്പ് എന്നൊരു മകൾ. സ്കൂൾ വിദ്യാർത്ഥിനിയാണ്.

### 183 G. VI. 58 കൊടുവയലിൽ വടക്കേപ്പറമ്പിൽ ബൈജു ജോർജ് നൈനാൻ കുടുംബം (മുംബൈ)

അഞ്ചാംതലമുറ വടക്കേപ്പറമ്പിൽ വി.വി നൈനാൻ–മേരി ദമ്പതികളുടെ ഇളയപുത്രൻ. BSc (Eng), ME (Mech.) ഇപ്പോൾ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിൽ വൈസ് പ്രസിഡന്റായി ജോലി ചെയ്യുന്നു. സുനിതയാണ് ഭാര്യ BSc (Eng) ME എഞ്ചിനീയറിംഗ് കോളജിൽ ലെക്ചററായി ജോലി ചെയ്യുന്നു. ഇവർക്ക് അഭയ്, അയുഷി എന്ന് രണ്ട് മക്കൾ. മുംബെയിൽ താമസിക്കുന്നു.

### 184 G. VI. 59 വടക്കേപ്പറിമ്പിൽ മനോജിന്റെ കുടുംബം

അഞ്ചാം തലമുറ വി.വി. വർക്കി–മറിയാമ്മ ദമ്പതികളുടെ മകൻ. എൻജിനീയറിംഗ് ഡിപ്ലോമാ പാസ്സായി ITC അധ്യാപകനായി ജോലി

ചെയ്യുന്നു. വാകത്താനം ചാക്കച്ചേരിൽ മാത്തുക്കുട്ടി മകൾ എമിലിയെ വിവാഹം കഴിച്ചു. എമിലി റാന്നി മേനാംതോട്ടം ഹോസ്പിറ്റലിൽ സ്റ്റാഫ് നേഴ്സ് ആയി ജോലി ചെയ്യുന്നു. ഇവർക്ക് നവീൻ മനോജ്, നിധിൽ മനോജ് എന്ന് രണ്ട് ആൺമക്കൾ.

### 185 G. VI. 60 വടക്കേപ്പറമ്പിൽ സുഭാഷ് ജോണിന്റെ കുടുംബം (USA)

അഞ്ചാം തലമുറ വടക്കേപ്പറമ്പിൽ വി.വി. ജോൺ-തങ്കമ്മ ദമ്പതികളുടെ മൂത്തപുത്രൻ. BE, MBA ഇവ പാസ്സായി. അമേരിക്കയിൽ വാഷിംഗ്ടൺ ഡി.സിയിൽ സോഫ്റ്റ്വെയർ എൻജിനീയർ ആണ്. ബാംഗ്ലൂരിലുള്ള തോമസ് മകൾ ഷിബു സൂസൻ ജോണാണ് ഭാര്യ. ഷിബു സൂസൻ BTech, MBA, Software Engineer. ഇവർക്ക് ജോഷാ ജോൺ, എന്നൊരു മകനും എമിലി ജോൺ എന്നൊരു മകളുമുണ്ട്.

### 186 G. VI. 61 വടക്കേപ്പറമ്പിൽ രാജേഷ് ജോണിന്റെ കുടുംബം ( USA)

വി.വി. ജോൺ-തങ്കമ്മ ദമ്പതികളുടെ ഇളയപുത്രൻ. B.Tech, MS, Engineering, Software Engineer USA ( Texas). ജിഷ രാജേഷ് ജോൺ B.Tech ആണ് ഭാര്യ. കായംകുളം കുന്തപ്പള്ളിൽ തോമസ് വർഗീസിന്റെ മകൾ. ഇവർക്ക് അലൻ രാജേഷ് ജോൺ എന്ന് ഒരു മകനും അബിയ എന്ന ഒരു മകളും ഉണ്ട്.

### 187 G. VI. 62 മുല്ലശ്ശേരിൽ വർക്കി ജോർജ്ജിന്റെ(മോൻ) കുടുംബം

അഞ്ചാംതലമുറ മുല്ലശ്ശേരിൽ പി.വി. ജോർജ്ജ്-കുഞ്ഞന്നാമ്മ ദമ്പതികളുടെ മകൻ. ITI യ്ക്കു ശേഷം കമ്പനിയിൽ ജോലി ലഭിച്ചു. പുന്നവേലി അമ്പാട്ട് കണ്ണംപ്ലാക്കൽ ജോൺ മകൾ അധ്യാപികയായ സാലിയാണ് ഭാര്യ. സാലി ഇപ്പോൾ കൂത്രപ്പള്ളി സി.എം.സ് എൽ. പി. സ്കൂൾ ഹെഡ്മിസ്ട്രസ് ആയി സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് അൻസു, മിൻസു, എന്ന് രണ്ട് പെൺമക്കളും മോൻസ് ജോർജ്ജ് എന്നൊരു മകനുമുണ്ട്. എല്ലാവരും വിദ്യാർത്ഥികൾ.

### 188 G. VI. 63 മുല്ലശ്ശേരിൽ മനോജ് ജോണിന്റെ കുടുംബം

മുല്ലശ്ശേരിൽ പി.ജെ ജോൺ-മറിയാമ്മ ദമ്പതികളുടെ പുത്രൻ. എൻജിനീയറിംഗ് ഡിപ്ലോമാ പാസ്സായി L & T കമ്പനിയിൽ ജോലി ചെയ്യുന്നു. മാരാമൺ അമയിൽ വർഗീസ് മകൾ ലിജി MSc, BEd

ആണ് ഭാര്യ. ലിജി ബി.എം.എം. ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപികയാണ്. ഇവർക്ക് ഫേബാ മറിയം എന്നൊരു മകൾ.

**189 G. VI. 64 കൊടുവയലിൽ ഇരവുചിറ ലിജോയുടെ കുടുംബം (ഐർലൻഡ്)**

അഞ്ചാംതലമുറ കൊടുവയലിൽ ഉതുപ്പ് കെ വർക്കി-ലില്ലിക്കുട്ടി ദമ്പതികളുടെ പുത്രൻ. B.Com പാസ്സായി ഇപ്പോൾ ഐർലണ്ടിൽ ജോലി ചെയ്യുന്നു. അവിടെ ജോലിയുള്ള തിരുവല്ല സ്വദേശിനി ജൂലിയാണ് ഭാര്യ. ഇവർക്ക് ഒരു കുട്ടിയുണ്ട്.

**190 G. VI. 65 കൊടുവയലിൽ ഇരുവുചിറ റോജി കെ കുര്യന്റെ കുടുംബം (ചെന്നൈ)**

അഞ്ചാംതലമുറ കൊടുവയലിൽ ഇരവുചിറ കുര്യൻ-ശാന്തമ്മ ദമ്പതികളുടെ പുത്രൻ. BCom പാസ്സായി ചെന്നെയിൽ റയിൽവേ ഉദ്യോഗസ്ഥൻ. ചെന്നെയിൽ ഓലിക്കരവീട്ടിൽ ക്ലാരയാണു ഭാര്യ. ക്ലാര MBA അമേരിക്കൻ കമ്പനിയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ആൻ കെ റോജി എന്നൊരു കുട്ടിയുണ്ട്.

**191 G. VII. 3 കൊടുവയലിൽ വഴീപ്പറമ്പിൽ (പെരുമ്പാവൂർ) ബിനു ജോർജ്ജിന്റെ കുടുംബം**

ആറാം തലമുറ വഴീപ്പറമ്പിൽ ജോർജ്ജ്-മോളിക്കുട്ടി ദമ്പതികളുടെ മൂത്തപുത്രൻ. B.Tech പാസ്സായി ദുബായിൽ ജോലിചെയ്യുന്നു. കടമറ്റം നാൻചിറയിൽ കുറിയാക്കോസ് മകൾററിഷ ആണ് ഭാര്യ. റ്റിഷ B.Tech പാസ്സായി ദുബായിൽ തന്നെ ജോലി ചെയ്യുന്നു. ജോർജി എന്ന മകനും ജിയ എന്ന ഒരു മകളും ഉണ്ട്. ഇരുവരും വിദ്യാർത്ഥികൾ.

**G VI 4 റവ. ഫാ. ജിനേഷ് കെ. വർക്കി**

ചെത്തിക്കുളത്തു കൊല്ലമ്പറമ്പിൽ കെ.എ. വർക്കി-കുഞ്ഞുമോൾ ദമ്പതികളുടെ മൂത്തപുത്രൻ B.Sc Maths നുശേഷം പ്രീ സെമിനാരി ട്രെയിനിംഗിന് എം.ജി.ഡി.എം. ആശ്രമം & ബാലഭവൻ കറുകച്ചാലിൽ ചേർന്നു. 2000-ാം ആണ്ടിൽ സെമിനാരിയിൽ ബി.ഡി. പഠനം പൂർത്തിയാക്കി. 2003 വരെ തിരുവനന്തപുരത്തുള്ള കാരുണ്യ വിശ്രാന്തി ഭവനിൽ സേവനം അനുഷ്ഠിച്ചു. 2003 ൽ കർണാടകയിൽ തുംകൂർ കുനിഗള്ളിൽ ഉള്ള സെന്റ് ഗ്രിഗോറിയോസ് ദയാ

ഭവന്റേയും എയ്ഡ്സ് കമ്മ്യൂണിറ്റി കെയർ സെന്ററിന്റേയും, ചൈൽഡ് ഹോമിന്റെയും, അവയർനെസ് പ്രോഗ്രാമിന്റെയും ചുമതല ഏറ്റെടുത്തു. ട്രിനിറ്റി ചന്താലു അസോസിയേഷൻ ബാംഗ്ലൂരിന്റെ സെക്രട്ടറി ആയും, ട്രിനിറ്റി ഇംഗ്ലീഷ് ഹൈസ്കൂൾ ചെയർമാനായും ബാംഗ്ലൂർ നാംസിന്റെയും ഓൾഡ് ഏജ് ഹോമിന്റെയും, ചിൽഡ്രൻസ് ഹോമിന്റെയും സെക്രട്ടറിയായും ഹൂഗ്ലി സെന്റ് മേരീസ് പള്ളിയുടെ വികാരിയായും എം.ജി.ഒ.സി.എസ്.എം. ചാപ്ലീൻ ആയും സേവനം അനുഷ്ഠിക്കുന്നു. ഓർത്തഡോക്സ് സഭയിലെ മിഷൻ പ്രവർത്തനങ്ങളുടെ ചുമതലക്കാരനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയുടെ കീഴിലുള്ള സെന്റ്പോൾ മിഷനിലെ അംഗമാണ്. ദയറാ പട്ടക്കാരനാണ്.

# 13

# തയ്യിൽ

## ആമുഖം

ഇഞ്ചക്കാട്ടു മഹാകുടുംബത്തിന്റെ എട്ടാം തലമുറയിൽപ്പെട്ട മത്തായി (മാത്തുള)യും ഉലഹന്നനും കുടുംബസഹിതം പുതുപ്പള്ളി അങ്ങാടിയിലെത്തി. ഇഞ്ചക്കാട്ടെന്ന വീട്ടുപേരിൽ താമസിച്ചുവന്നതും യാക്കോബായസഭാംഗമായതും ചരിത്രവസ്തുതകളാണ്. ഉലഹന്നൻ തന്റെ മകൻ ഉതുപ്പിനോടൊത്ത് തോട്ടയ്ക്കാട്ട് കൊടുവയൽ ഭാഗത്തു താമസമാക്കിയപ്പോൾ മറ്റൊരു മകനായ ഉലഹന്നൻ പാച്ചിറ കൊച്ചുചക്കാലയിൽ മറിയത്തെ വിവാഹംചെയ്തു പുതുപ്പള്ളിയിൽ താമസം തുടർന്നു. ഇവർക്ക് രണ്ടാൺമക്കൾ. മാത്തനും, കൊച്ചുവർക്കിയും. ഏതാണ്ട് രണ്ടര നൂറ്റാണ്ടുകൾക്കു മുമ്പ് ഈ കുടുംബം കുറിച്ചിയിലേക്ക് താമസം മാറ്റി. കുറിച്ചി വലിയപള്ളിക്കു സമീപം വാങ്ങിയ സ്ഥലത്ത് താമസം തുടങ്ങി. ധാരാളം ചെറുതെങ്ങിൻ തൈകൾ നിന്നിരുന്ന സ്ഥലമായിരുന്നതിനാൽ അവരുടെ വീട്ടുപേര് പിന്നീട് തയ്യിൽ എന്നായി മാറി. കാർഷികവൃത്തിക്ക് പ്രാമുഖ്യം നൽകിയതാണെങ്കിലും തലമുറകൾ പിന്നിട്ടതോടെ കുടുംബാംഗങ്ങൾ വിദ്യാഭ്യാസരംഗത്ത് വൻമുന്നേറ്റമുണ്ടാക്കി. ഡോക്ടർമാർ, എൻജിനീയർമാർ, അധ്യാപകർ, അഭിഭാഷകർ, ബിരുദാനന്തരബിരുദധാരികൾ എന്നിങ്ങനെ നിരവധിപേരെ സമൂഹത്തിന് സംഭാവന ചെയ്യുവാൻ കുടുംബത്തിനു കഴിഞ്ഞു. പുതുപ്പള്ളി ഇഞ്ചക്കാട്ടുകുടുംബത്തിലെ ഉലഹന്നന്റെയും ഭാര്യ മറിയത്തിന്റെയും വംശാവലി ഇന്ന് എട്ടാം തലമുറയിൽ എത്തിനിൽക്കുന്നു. കുടുംബാംഗങ്ങളുടെ വിവരങ്ങൾ താഴെ വിവരിക്കും വിധമാണ്.

## G 1 ഉലഹന്നാന്റെ കുടുംബം

അരുവിത്തുറയിൽ നിന്നും പുതുപ്പള്ളിയിൽ വന്ന ഇഞ്ചക്കാട്ട് കുടുംബക്കാർ പുതുപ്പള്ളി അങ്ങാടിയിലാണ് താമസിച്ചിരുന്നത്. അക്കാലത്ത് ചരക്ക് ഗതാഗതവും യാത്രയും വള്ളത്തിലായിരുന്നു.

പുതുപ്പള്ളി അങ്ങാടിയിൽ നിന്നും കുമരകം, എറണാകുളം, ആലപ്പുഴ, കുറിച്ചി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് വള്ളത്തിൽ യാത്ര ചെയ്തിരുന്നു. ഇഞ്ചക്കാട്ട് വീട്ടിലെ ഉലഹന്നാൻ സമീപസ്ഥലമായ പാച്ചിറ കൊച്ചു ചാക്കാലയിൽ വീട്ടിൽ മറിയയെ വിവാഹം ചെയ്തു. മറിയ കോലോത്തു കളത്തിൽ പുന്നൂസിന്റെ കൊച്ചു മകളായിരുന്നു. ഉലഹന്നാൻ ഉന്നം പിഴയ്ക്കാതെ വെടി വയ്ക്കുമായിരുന്നതിനാൽ അക്കാലത്ത് മുതലകൾ ധാരളമുണ്ടായിരുന്ന കുമരകത്ത് മുതലകളെ വെടി വയ്ക്കുന്നതിന് നിയോഗിക്കപ്പെട്ടു. പിൽക്കാലത്ത് കോലോത്തു കളത്തിൽ പുന്നൂസിന്റെ പ്രേരണമൂലം ഭാര്യ മറിയയും രണ്ട് ആൺ മക്കളും കുറിച്ചിയിൽ വന്ന് താമസിച്ചു. ധാരാളം തൈതെങ്ങുകൾ നിറഞ്ഞുനിന്നിരുന്ന പുരയിടത്തിലാണ് അവർ വീട് വച്ച് താമസിച്ചത്. അതിനാൽ പിൽക്കാലത്ത് തയ്യിൽ എന്ന വീട്ടു പേരിൽ അവരും അവരുടെ പിൻ തലമുറക്കാരും അറിയപ്പെട്ടു വരുന്നു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ മാത്രമാണ് ഉണ്ടായിരുന്നത്. മാത്തനും കൊച്ചുവർക്കിയും. മാത്തൻ വിവാഹിതനാകുംമുമ്പേ മരിച്ചു.

## G 2 കൊച്ചു വർക്കിയുടെ കുടുംബം

കൊച്ചു വർക്കിക്കു രണ്ട് ആൺ മക്കൾ ഉണ്ടായിരുന്നു. പെൺ മക്കളിൽ മൂത്തവൾ മറിയാമ്മയെ വാകത്താനത്ത് ചിറത്തിലാട്ട് വിവാഹം കഴിച്ച് അയച്ചു. രണ്ടാമത്തെ മകൾ മറിയാമ്മയെ മല്ലപ്പള്ളി മുരണിയിൽ തോമസ് വിവാഹം കഴിച്ചു. ആൺ മക്കളിൽ മൂത്തയാൾ ഇട്ടി വസൂരി രോഗം ബാധിച്ച് മരിച്ചു. ശീമയിൽ നിന്ന് കൊച്ചിയിൽ എത്തിയ പാത്രയർക്കീസ് ബാവയെക്കാണാൻ കുറിച്ചിയിൽ നിന്നും വള്ളത്തിൽ കൊച്ചിയിലേക്ക് പോയവരിൽ മൂത്ത മകൻ ഇട്ടിയും ഉണ്ടായിരുന്നു. യാത്രമദ്ധ്യേ വിശ്രമിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനുമായി വള്ളം ഒരു കടവിൽ അടുപ്പിച്ചു. അന്ന് ഭക്ഷണശാലകൾ ഇല്ലാതിരുന്നതിനാൽ ഇറച്ചി ഉലത്തിയതും മറ്റ് ആവശ്യമായ ഭക്ഷണസാധനങ്ങളും കയ്യിൽ കരുതിയിരുന്നു. ഭക്ഷണസാധനങ്ങൾ ചൂടാക്കുന്നതിനു കടവിനു സമീപത്തുള്ള വീട്ടിൽ ചെന്നു. വിളിച്ചിട്ട് ആരെയും കാണാത്തതിനാൽ മുറ്റത്തിരുന്ന ഉരുളി കൊണ്ടുവന്ന് ഭക്ഷണം ചൂടാക്കി കഴിച്ചതിനുശേഷം യഥാസ്ഥാനത്തു വയ്ക്കുന്നതിനു തിരികെ ചെന്നു. ഉള്ളിൽ നിന്നും ഒരാൾ ആവുന്നത്ര ഉച്ചത്തിൽ അവിടെ എല്ലാവർക്കും വസൂരി ആണെന്ന് വിളിച്ചു പറഞ്ഞതിനാൽ യാത്ര മതിയാക്കി തിരികെ

പോരുകയും ചെയ്തു. വീട്ടിൽ എത്തുന്നതിനു മുൻപു തന്നെ (വള്ളം കടവിൽ അടുക്കും മുൻപേ) അനുജൻ ഉലഹന്നാനെ വിളിച്ചു കാര്യം പറഞ്ഞതിനാൽ ഉലഹന്നാൻ അവിടെ നിന്നും രക്ഷപെട്ടു. യാത്ര യിലുണ്ടായിരുന്ന എല്ലാവരും മരിച്ചു. തിരികെ വന്ന ഉലഹന്നാൻ ജ്യേഷ്ഠൻ മരിച്ച ദുഖത്തിൽ വീടും പുരയിടവും വിറ്റ് കുറിച്ചി ഔട്ട് പോസ്റ്റിനു കിഴക്കു വശത്തു താമസം തുടങ്ങി.

## G.3.A ഉലഹന്നാന്റെ കുടുംബം

ഉലഹന്നാൻ ദീർഘകായനും മുടി നീട്ടിവളർത്തിയ ആളും ആയിരുന്നു. ഉലഹന്നാന്റെ പൂർവ്വികർ പലരും ആയുസ്സ് എത്താതെ മരണപ്പെട്ടതിനാൽ ഉലഹന്നാൻ ജനിച്ച ഉടനെ ഉലഹന്നാന്റെ അമ്മ നേർച്ച നേർന്നിരുന്നു. ആയത് ഉലഹന്നാന്റെ മരണംവരെ മുടി മുറി ക്കില്ല എന്നായിരുന്നു. ഏതായാലും AD1830-ൽ ജനിച്ച ഉലഹന്നാൻ 1929 ൽ 99-ാമത്തെ വയസ്സിലാണ് നിര്യാതനായത്. ഉലഹന്നാന്റെ ഭാര്യ മറിയാമ്മയെ ഉലഹന്നാൻ നട്ടാശ്ശേരിയിൽ നിന്നും വിവാഹം ചെയ്തു. ഉലഹന്നാന് മൂന്ന് ആൺമക്കളും ഒരു മകളും ഉണ്ടായി രുന്നു. ആൺ മക്കൾ ഉലഹന്നാൻ എബ്രഹാം, ഉലഹന്നാൻ ഇട്ടി, ഉലഹന്നാൻ തൊമ്മി എന്നിവരാണ്. മകൾ മറിയാമ്മയെ വാകത്താ നത്ത് താന്നിമൂട്ടിൽ വിവാഹം ചെയ്തയച്ചു. ഉലഹന്നാൻ 1929 ൽ മരിച്ച് കുറിച്ചി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

## G.3.B തോമസിന്റെ കുടുംബം

തോമസ് അന്നമ്മ ദമ്പതികൾക്ക് രണ്ട് ആൺ മക്കളും ഒരു മകളും ഉണ്ടായിരുന്നു. ആൺ മക്കൾ മാത്തൻ മാത്തൻ, മാത്തൻ തോമസ് എന്നിവരാണ്. അന്നമ്മ മകളും. മകൾ അന്നമ്മയെ തിരു വല്ല പറപ്പള്ളിയിൽ വിവാഹം ചെയ്ത് അയച്ചു. തോമസും അന്നാ മ്മയും വാർദ്ധക്യത്തിൽ മരിച്ച് കുറിച്ചി വലിയപള്ളി സെമിത്തേരി യിൽ സംസ്കരിക്കപ്പെട്ടു.

## G.4.A അബ്രഹാമിന്റെ കുടുംബം

ഉലഹന്നാന്റെ മൂത്ത മകൻ അബ്രഹാം (അവറാച്ചൻ) കുഴി മറ്റം പട്ടശ്ശേരിയിൽ അച്ചന്റെ സഹോദരി ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മക്കൾ ഒരാണും ഒരു പെണ്ണും, മകൻ ഉലഹന്നാ (കുഞ്ഞ്)നും, മറിയാമ്മയും. മറിയാമ്മയെ ചെങ്ങളത്തിൽ പനയട ത്തുശ്ശേരിൽ വിവാഹം ചെയ്തയച്ചു. അബ്രഹാമും ഏലിയാമ്മയും

വാർദ്ധ്യക്യത്തിൽ മരിച്ചു. കുറിച്ചി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

## G.4.B ഇട്ടി ഉലഹന്നാന്റെ കുടുംബം

ഉലഹന്നാന്റെ രണ്ടാമത്തെ മകൻ ഇട്ടി ഉലഹന്നാനൊപ്പം കുടുംബത്തിൽ താമസിച്ചു. ഇട്ടി ഉലഹന്നാൻ വാകത്താനം പടിഞ്ഞാറേ വീട്ടിൽ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കൾ ജനിച്ചു. കുഞ്ഞപ്പനും ചാണ്ടിക്കുഞ്ഞും. ഇട്ടി ഉലഹന്നാന്റെ ഭാര്യ മറിയാമ്മ രണ്ടാൺ മക്കളുടെ ജനനത്തോടെ മരിച്ചു പോയതിനാൻ ഇട്ടി ഉലഹന്നാൻ വാകത്താനം വാഴയ്ക്കൽ (കൈതയിൽ) ശോശാമ്മയെ രണ്ടാം വിവാഹം ചെയ്തു. ഇവർക്ക് വർഗ്ഗീസ്, തോമസ് എന്ന് രണ്ട് ആൺമക്കളും തങ്കമ്മ, ഏലിയാമ്മ, അമ്മിണി എന്നിങ്ങനെ മൂന്ന് പെൺമക്കളും ജനിച്ചു. തങ്കമ്മയെ കുഴിമറ്റം കാവനാടിയിൽ പാപ്പച്ചനും ഏലിയാമ്മയെ കുഴിമറ്റം എണ്ണശ്ശേരിയിൽ മാത്തുക്കുട്ടിയും അമ്മിണിയെ പേരൂർ മാണലേൽ രാജനും വിവാഹം ചെയ്തു. ഉലഹന്നാൻ താമസിച്ചിരുന്ന കുടുംബ വീട്ടിൽ വലിയൊരു കരിമ്പന നിന്നിരുന്നതിനാൽ പഴയ ആധാരങ്ങളിലും മറ്റും കരിമ്പനയ്ക്കലായ തയ്യിൽ എന്ന വീട്ടുപേര് രേഖപ്പെടുത്തിയിരിക്കുന്നു. കുഞ്ഞപ്പൻ അനാരോഗ്യംമൂലം വിവാഹം കഴിച്ചില്ല. ഇട്ടി ഉലഹന്നാൻ 1980 ഏപ്രിൽ 30 ന് 98-ാം വയസ്സിൽ മരിച്ചു. കുറിച്ചി വലിയപള്ളി സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ സംസ്കരിക്കപ്പെട്ടു. ശോശാമ്മ 1990 ഏപ്രിലിന് 6 ന് മരിച്ചു. കുറിച്ചി വലിയ പള്ളിയിലെ കുടുംബ കല്ലറിയിൽ സംസ്കരിക്കപ്പെട്ടു.

## G .4.C തൊമ്മി ഉലഹന്നാന്റെ കുടുംബം

ഉലഹന്നാന്റെ മൂന്നാമത്തെ മകൻ തൊമ്മി ഉലഹന്നാൻ മീനടത്ത് ഇഞ്ചക്കാടായ വടക്കേക്കര ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഉലഹന്നാൻ തോമസ് (പാപ്പച്ചൻ), വർഗ്ഗീസ് (കുഞ്ഞൂഞ്ഞുകുട്ടി), ഇട്ടി (അവറാച്ചൻ), തോമാച്ചൻ എന്നിങ്ങനെ നാല് ആൺമക്കളും പെണ്ണമ്മ ഏലിയാമ്മ എന്നിങ്ങനെ രണ്ടു പെൺമക്കളും ജനിച്ചു. മൂത്തമകൾ പെണ്ണമ്മയെ കുഴിമറ്റം കൂടത്തുങ്കലും രണ്ടാമത്തെ മകൾ ഏലിയാമ്മയെ പുതുപ്പള്ളി ചാലുങ്കലും വിവാഹം ചെയ്തയച്ചു. ഏലിയാമ്മ 11-11-1981 ലും തൊമ്മി ഉലഹന്നാൻ 14-09-1973 ലും അന്തരിച്ചു. കുറിച്ചി വലിയപള്ളി സെമിത്തേരിയിലെ കുടുംബ കല്ലറയിൽ സംസ്കരിച്ചു.

## G.4.D തയ്യിൽ മാത്തന്റെ കുടുംബം

തോമസിന്റെ G3B മൂത്തമകൻ മാത്തൻ ശോശാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് മാത്തൻ മാത്തൻ (വല്യച്ചൻ) എന്ന ഒരു മകനും മൂന്നു പെൺമക്കളും ജനിച്ചു. പെൺമക്കളിൽ അന്നാമ്മയെ വാകത്താനത്ത് കൊച്ചയത്തിലും മറിയാമ്മയെ വാകത്താനത്ത് കൊച്ചേരിയിലും ശോശാമ്മയെ വാകത്താനത്ത് പഴഞ്ചിറയിലും വിവാഹം ചെയ്തയച്ചു. മാത്തനും ശോശാമ്മയും വാർദ്ധക്യത്തിൽ മരിച്ചു. കുറിച്ചി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

## G .4.E തയ്യിൽ മാത്തൻ തോമസിന്റെ കുടുംബം

മാത്തൻ തോമസ് അഞ്ചേരികളപ്പുരയ്ക്കൽ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് പാപ്പച്ചൻ, തോമാച്ചൻ, കോരച്ചൻ, ജോണി എന്നിങ്ങനെ നാല് ആൺ മക്കളും മറിയാമ്മ അന്നമ്മ എന്നിങ്ങനെ രണ്ട് പെൺമക്കളും ജനിച്ചു. മകൾ മറിയാമ്മയെ കുമ്മനത്ത് നെല്ലിച്ചേരിൽ വിവാഹം ചെയ്തയച്ചു. ഇളയമകൾ അന്നമ്മയെ കുറിച്ചി പാറപ്പറമ്പിൽ തോമസ് വിവാഹം ചെയ്തു. മറിയാമ്മ 23-07-1972 ൽ മരിച്ചു. കുറിച്ചി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു. മാത്തൻ തോമസ് 22-12-1986 ൽ മരിച്ചു. കുറിച്ചി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

## G .5.A ഉലഹന്നാൻ (കുഞ്ഞ്)ന്റെ കുടുംബം

നാലാം തലമുറ അബ്രഹാമിന്റെ ഏകമകൻ ഉലഹന്നാൻ (കുഞ്ഞ്) പള്ളത്ത് വെളുത്തോട്ടത്തിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജോൺ ഉലഹന്നാൻ (അച്ചൻ കുഞ്ഞ്), വർഗ്ഗീസ് ഉലഹന്നാൻ, ബാബു ഉലഹന്നാൻ എന്നിങ്ങനെ മൂന്ന് ആൺമക്കളും കുഞ്ഞൂഞ്ഞമ്മ എന്ന മകളും. കുഞ്ഞുഞ്ഞമ്മയെ പയ്യപ്പാടി ചിരട്ടെ പറമ്പിൽ താഴെ കുറ്റിയിൽ ബേബി വിവാഹം കഴിച്ചു. അവർക്ക് രണ്ട് മക്കൾ ഒരാണും ഒരു പെണ്ണും. ജോൺ ഉലഹന്നാൻ അനാരോഗ്യംമൂലം വിവാഹം കഴിച്ചില്ല. ഉലഹന്നാൻ 01-12-1978 ൽ മരിച്ചു. കുഴിമറ്റം സെന്റ് ജോർജ്ജ് പള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു. ഏലിയാമ്മ 26-05-2001 ൽ മരിച്ചു. കുഴിമറ്റം സെന്റ് ജോർജ്ജ് പള്ളിയിൽ സംസ്കരിച്ചു. ജോൺ ഉലഹന്നാൻ 22-09-2012 ൽ മരിച്ചു. കുഴിമറ്റം സെന്റ് ജോർജ്ജ് പള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

## G.5.B ചാണ്ടി ഇട്ടിയുടെ കുടുംബം.

നാലാം തലമുറ ഉലഹന്നാൻ ഇട്ടിയുടെ മകൻ ചാണ്ടി ഇട്ടി (ചാണ്ടിക്കുഞ്ഞ്) വാകത്താനം നാങ്കുളത്ത് പട്ടാശ്ശേരിൽ ഏലിയാമ്മയെ വിവാഹം ചെയ്തു. ചാണ്ടി ഏലിയാമ്മ ദമ്പതിമാർക്ക് എട്ട് മക്കൾ ജനിച്ചു. ഇവരിൽ അവറാച്ചൻ 13-ാം വയസ്സിലും മറിയാമ്മ പത്താം വയസ്സിലും തോമാച്ചൻ 13-ാം വയസ്സിലും മരിച്ചു. മറ്റു മക്കൾ റ്റി.സി മാത്യു, ഏലിയാമ്മ, റ്റി.സി എബ്രഹാം, റ്റി.സി വർഗ്ഗീസ്, ഡോക്ടർ റ്റി.സി. തോമസ് എന്നിവരാണ്. ചാണ്ടി ഏലിയാമ്മ ദമ്പതികളുടെ ഏകമകൾ ഏലിയാമ്മയെ പാമ്പാടി പതിനാലാം മയിലിൽ വേങ്ങത്താനത്ത് തോമസിന്റെ മകൻ ഈശോ വിവാഹം കഴിച്ചു. ഇവർക്ക് രണ്ട് പെൺമക്കൾ. ചാണ്ടി ഏലിയാമ്മ ദമ്പതികളുടെ മകൻ റ്റി.സി എബ്രഹാം അനാരോഗ്യം മൂലം വിവാഹം കഴിച്ചില്ല. ചാണ്ടി, ഇട്ടി, 02-04-1994 ലും ഏലിയാമ്മ 30-09-2009 ലും മരിച്ചു. കുറിച്ചി വലിയപള്ളി സെമിത്തേരിയിലെ കുടുംബ കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

## G.5.C റ്റി. ഐ. വർഗ്ഗീസന്റെ കുടുംബം

നാലാം തലമുറ ഇട്ടി ഉലഹന്നാന്റെ രണ്ടാമത്തെ മകൻ റ്റി. ഐ വർഗ്ഗീസ് (കുഞ്ഞൂഞ്ഞ്) വാകത്താനം നാലുന്നാക്കൽ മണിയംപുടവത്ത് അന്നാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ബാബു വർഗ്ഗീസ്, ഷാജി വർഗ്ഗീസ് എന്ന് രണ്ട് ആൺമക്കളും ശോശാമ്മ വർഗ്ഗീസ് മേഴ്സി വർഗ്ഗീസ് എന്ന് രണ്ട് പെൺ മക്കളും ജനിച്ചു. Dr. ശോശാമ്മ വർഗ്ഗീസിനെ പിറവം മണീട് ചോളകത്തിൽ Fr. ജോൺസ് എബ്രഹാം വിവാഹം ചെയ്തു. Dr. ശോശാമ്മ വർഗ്ഗീസ് C.M.O ആയി റിട്ടയർ ചെയ്തു. മേഴ്സി വർഗ്ഗീസിന് പള്ളിപ്പാട് കാട്ടിൽ തര്യൻ (രാജു) വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ ഒരാണും ഒരുപെണ്ണും.

## G.5.D .റ്റി. ഐ. തോമസിന്റെ കുടുംബം

നാലാം തലമുറ ഇട്ടി ഉലഹന്നാന്റെ മൂന്നാമത്തെ പുത്രൻ തോമസ് ചങ്ങനാശ്ശേരി S.B. കോളേജിൽ നിന്നും B.A. ബിരുദം നേടി ആർമ്മിയിൽ ചേർന്നു. വാകത്താനം തലക്കുളത്ത് അന്നാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കളാണ്. മകൻ ബിജുവും മകൾ ബ്ലെസിയും. മകൾ ബ്ലെസിയെ പത്തനംതിട്ട ഇടയാറന്മുള

പുതിയവീട്ടിൽ സുനിൽ വിവാഹം ചെയ്തു. സുനിലും ബ്ലസിയും അമേരിക്കയിൽ ജോലിചെയ്യുന്നു. ഇവർക്കു മൂന്നു കുട്ടികൾ. അന്നമ്മ തോമസ് 16-04-2003 ൽ മരിച്ചു. കുറിച്ചി ബ്രദറൺ സെമിത്തേരി യിൽ സംസ്കരിക്കപ്പെട്ടു.

## G.5.E ഉലഹന്നാൻ തോമസിന്റെ കുടുംബം

നാലാം തലമുറ തൊമ്മി ഉലഹന്നാന്റെ മൂത്തമകൻ ഉലഹ ന്നാൻ തോമസ് പൊങ്ങന്താനം നാങ്കുളത്ത് പട്ടശ്ശേരിൽ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് തോമസ്, കുര്യാക്കോസ്, വർഗ്ഗീസ് (റെജി), വർഗ്ഗീസ് എന്നിങ്ങനെ നാല് ആൺ മക്കളും നാലു പെൺ മക്കളുമാണ്. പെൺമക്കളിൽ ഏലിയാമ്മയെ വാകത്താനം മുരിങ്ങത്ര കാലായിൽ മാത്യു വിവാഹം ചെയ്തു. ഇവർക്ക് ഒരു മകനും മക ളും. ശോശാമ്മയെ കൊല്ലാട് മുരിങ്ങത്ര കാലായിൽ മാത്യൂ (അനി യൻ കുഞ്ഞ്) വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. മറിയാമ്മയെ പുതുപ്പള്ളി പടനിലത്ത് ജോൺ എബ്രഹാം വിവാഹം ചെയ്തു. ഇവർക്ക് രണ്ട് പെൺമക്കൾ. കൊച്ചു മോളെ മല്ലപ്പള്ളി ചെള്ളാട്ട് സജി വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. ഉലഹന്നാൻ തോമസ് (പാപ്പ ച്ചൻ) 08-06-2002 ൽ മരിച്ചു. കുറിച്ചി വലിയപള്ളി സെമിത്തേരി യിൽ കുടുംബ കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

## G.5.F വർഗ്ഗീസിന്റെ കുടുംബം

നാലാം തലമുറ തൊമ്മി ഉലഹന്നാന്റെ രണ്ടാമത്തെ മകൻ റ്റി.റ്റി. വർഗ്ഗീസ് ഞാലിയാകുഴി തടത്തിൽ അവറാച്ചൻ സാറാമ്മ ദമ്പതികളുടെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് തോമസ് (ബാബു), യോഹന്നാൻ, റോയി, സിബി എന്നിങ്ങനെ നാല് ആൺ മക്കൾ ആണ്. മറിയാമ്മ 16-12-1988 ൽ മരിച്ചു. കുറിച്ചി വലിയ പള്ളിയിലെ കുടുംബ കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

## G.5.G റ്റി.റ്റി. ഇട്ടിയുടെ കുടുംബം

നാലാം തലമുറ തൊമ്മി ഉലഹന്നാന്റെ മകൻ റ്റി.റ്റി. ഇട്ടി വാക ത്താനം വള്ളിക്കാട്ട് മുണ്ടംപടവത്ത് ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് പെൺമക്കൾ. സിലുവും, വൽസമ്മയും സിലുവിനെ കുറിച്ചി മുക്കാട്ട് ജെയിംസ് വിവാഹം കഴിച്ചു. ഇവർ അമേരിക്കയിൽ ജോലി ചെയ്യുന്നു. വൽസമ്മയെ തുരുത്തി മറ്റക്കര

കുഞ്ഞൂട്ടിയുടെയും അമ്മണിയുടെയും മകൻ ജോൺ തോമസ് വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺ മക്കൾ. ജിജോയും ജിനോയും

## G.5.H റ്റി.റ്റി. തോമസിന്റെ കുടുംബം

നാലാം തലമുറ തൊമ്മി ഉലഹന്നാന്റെ ഇളയമകൻ റ്റി.റ്റി. തോമസ് കുറിച്ചി കാഞ്ഞിരത്തുംമൂട്ടിൽ കെ.ജെ. ജോസഫിന്റെയും അച്ചാമ്മയുടെയും മകൾ റോസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. ലിജു തോമസും ലിസി തോമസും. ലിസി തോമസിനെ പുതുപ്പള്ളി കൊച്ചു പുരയ്ക്കൽ സാജു വർഗീസ് വിവാഹം ചെയ്തു. റ്റി.റ്റി. തോമസ് 06-09-2013 ൽ മരിച്ചു. കുറിച്ചി വലിയ പള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

## G.5.I നാലാം തലമുറ മാത്തൻ തോമസിന്റെ മകൻ കെ.റ്റി. മാത്യുവിന്റെ കുടുംബം

നാലാം തലമുറ മാത്തൻ തോമസിന്റെ മൂത്തമകൻ കെ.റ്റി. മാത്യു കുഴിമറ്റം ചാലിവേലിൽ സി.റ്റി. മേരിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺമക്കൾ. കെ.എം. തോമസും കെ. ജോൺ മാത്യുവും (ബാബു). ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കളാണ്. കെ.എം. മേരിക്കുട്ടിയെ പുത്തനങ്ങാടി ചന്ദ്രവിരുത്തിൽ സി.റ്റി. ഐസക് വിവാഹം ചെയ്തു. ബേബിക്കുട്ടി റ്റി. മാത്യുവിനെ പാമ്പാടി പുതുശ്ശേരി ജോയി വിവാഹം ചെയ്തു. ജെസ്സി സൂസൻ മാത്യുവിനെ മീനടം നെല്ലിക്കാക്കുഴി എൻ.സി. എബ്രഹാം വിവാഹം ചെയ്തു. കെ.റ്റി. മാത്യു 20-01-2003-ൽ മരിച്ചു. മേരിക്കുട്ടി 11-04-1991 -ൽ മരിച്ചു. രണ്ടുപേരെയും കുറിച്ചി വലിയപള്ളിയിലെ കുടുംബകല്ലറയിൽ സംസ്കരിക്കപ്പെട്ടു.

## G.5.J കെ.റ്റി. തോമസിന്റെ കുടുംബം

നാലാം തലമുറ മാത്തൻ തോമസിന്റെ രണ്ടാമത്തെ മകൻ കെ.റ്റി. തോമസ് മല്ലപ്പള്ളി വടക്കേടത്ത് ശോശാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് തോമസ് രാജൻ എന്ന മകനും ലീലാമ്മ എന്ന മകളും ഉണ്ട്. ലീലാമ്മയെ വടവത്തൂർ കരിമ്പനൂർ വീട്ടിൽ ബേബി വിവാഹം ചെയ്തു. കെ.റ്റി. തോമസ് 29-11-1998 ൽ മരിച്ചു. കുറിച്ചി വലിയപള്ളിയിലെ കുടുംബ കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

## G.5.K കെ.റ്റി. കോരയുടെ കുടുംബം

നാലാം തലമുറ മാത്തൻ തോമസിന്റെ മൂന്നാമത്തെ മകൻ കെ.റ്റി. കോര കഞ്ഞിക്കുഴി വടക്കേക്കര സൂസിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഷിബു കോര, ഷിജി കോര എന്നിങ്ങനെ രണ്ട് ആൺ മക്കളും ഷീനാകോര എന്ന മകളുമാണുള്ളത്. ഷീന കോരയെ പയ്യപ്പാടി, മുള്ളൻ കുഴി സ്റ്റെറിൻ വിവാഹം ചെയ്തു. കെ.റ്റി. കോര 23-08-2007-ൽ മരിച്ചു. കുറിച്ചി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

## G.5.L കെ.റ്റി. ജോസഫ് (ജോണി)ന്റെ കുടുംബം

നാലാംതലമുറ മാത്തൻ തോമസിന്റെ നാലാമത്തെ മകൻ കെ.റ്റി. ജോസഫ് പുതുപ്പള്ളി പട്ടശ്ശേരിൽ മഠത്തിൽ വർഗ്ഗീസ് മറിയാമ്മ ദമ്പതികളുടെ മകൾ മോളിയെ വിവാഹം ചെയ്തു. ഇവർക്ക് അജി ജോസഫ്, ബിജു ജോസഫ് എന്ന് രണ്ടാൺമക്കളും ആഷ ജോസഫ്, അനില ജോസഫ് എന്ന് രണ്ട് പെൺമക്കളും ഉണ്ട്. ആഷാ ജോസഫിനെ വടക്കും പാടത്ത് സണ്ണി തോമസ് വിവാഹം ചെയ്തു അനിലാ ജോസഫിനെ No 35/21, ഇളങ്കോ നഗർ തിരുപ്പൂരിൽ J അമാൻ വിവാഹം ചെയ്തു. മോളി 14-03-1991 ൽ മരിച്ചു കുറിച്ചി വലിയപള്ളിയിലെ കുടുംബ കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

## G.5.M മാത്തന്റെ കുടുംബം

നാലാംതലമുറ (G4D) മാത്തൻ മാത്തന്റെ മകൻ മാത്തൻ (വലിയച്ചൻ) വടശ്ശേരിക്കര വലിയ കാലായിൽ പാപ്പച്ചന്റെ മകൾ കുഞ്ഞമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ ജനിച്ചു. ലീനയെ വെള്ളൂർ എലിമുള്ളിൽ സജി ചാക്കോ വിവാഹം ചെയ്തു. ലീലാമ്മയെ പാമ്പാടി മേച്ചേരി പൊയ്കയിൽ രാജു വിവാഹം ചെയ്തു. ലൈസാമ്മയെ പി.ജി. തോമസ് വിവാഹം ചെയ്തു. മാത്തൻ 28-11-1989 ലും കുഞ്ഞമ്മ മാത്തൻ 17-01-2010ലും മരിച്ചു. കുറിച്ചി വലിയപള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

## G.6.A വർഗ്ഗീസ് ഉലഹന്നാന്റെ കുടുംബം (കുഞ്ഞുമോൻ)

അഞ്ചാം തലമുറ ഉലഹന്നാന്റെ (G.5.A) രണ്ടാമത്തെ മകൻ വർഗ്ഗീസ് ഉലഹന്നാൻ കുഴിമറ്റം ചാലുവേലിൽ ചാണ്ടി കുര്യന്റെ നാലാമത്തെ മകളായ ശോഭനാ വർഗ്ഗീസിനെ വിവാഹം ചെയ്തു.

വർഗ്ഗീസ് ശോഭനാ ദമ്പതികൾക്ക് അനൂപ് വർഗ്ഗീസ്, അജു കുര്യൻ വർഗ്ഗീസ് എന്നിങ്ങനെ രണ്ട് ആൺ മക്കളാണുള്ളത്.

## G.6.B ബാബു ഉലഹന്നാന്റെ കുടുംബം

അഞ്ചാം തലമുറ ഉലഹന്നാന്റെ (G5.A) മൂന്നാമത്തെ മകൻ ബാബു ഉലഹന്നാൻ മാർ ബസേലിയോസ് പബ്ലിക് സ്കൂളിൽ ജോലി നോക്കുന്നു. ബാബു തിരുവല്ല മതിൽ ഭാഗത്തു തൈപ്പറ മ്പിൽ ആയ പൂക്കണ്ടത്തിൽ ഏലിയാമ്മയെ (ലില്ലിക്കുട്ടി) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മൂത്ത മകൾ റിയയെ ചെന്നിത്തല അക്കപ്പടി തെക്കേതിൽ റിനു വിവാഹം ചെയ്തു. മകൻ റിനു റ്റി. ബാബു. മസ്കറ്റിൽ ജോലി നോക്കുന്നു.

## G.6.C റ്റി.സി. മാത്യുവിന്റെ കുടുംബം.

അഞ്ചാം തലമുറ ചാണ്ടി ഇട്ടിയുടെ മുത്ത മകൻ (G.5.B) റ്റി.സി. മാത്യു അമയന്നൂർ ഓമത്തിൽ സ്കറിയയുടെയും ഏലിയാമ്മയു ടെയും മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺ മക്കൾ ബിജു മാത്യുവും ബിനു മാത്യുവും.

## G.6.D റ്റി.സി. വർഗ്ഗീസിന്റെ കുടുംബം

അഞ്ചാം തലമുറ ചാണ്ടി ഇട്ടിയുടെ മൂന്നാമത്തെ മകൻ റ്റി. സി. വർഗ്ഗീസ് (രാജൻ) (M.Com) വാകത്താനത്ത് തെക്കെക്കര പിടി ക്കൽ ഉലഹന്നാൻ പുന്നൂസിന്റെയും അന്നമ്മയുടേയും മകൾ അന്ന മ്മയെ (M.Com) വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. അരുൺ വർഗ്ഗീസും അലീന വർഗ്ഗീസും. അരുൺ വർഗ്ഗീസ് ജോർജിയായിൽ മെഡിസിനു പഠിക്കുന്നു. അലീന തലശ്ശേരി കോ-ഓപ്പറേറ്റീവ് കോളേജിൽ B.Sc പഠിക്കുന്നു.

## G.6.E തോമസിന്റെ കുടുംബം

അഞ്ചാം തലമുറ ചാണ്ടി ഇട്ടിയുടെ ഇളയ മകൻ Dr. T.C തോമസ് M.D. ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്ന് M.B.B.S ഉം കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് M.D യും പാസായി. E.S.I വിഭാഗത്തിൽ സർജൻ ആയി ജോലി നോക്കുന്നു. Dr. T.C തോമസ് ചെങ്ങന്നൂർ പടിഞ്ഞാറേതിൽ പ്രൊഫ: മത്തായിയുടേയും അന്ന മ്മയുടേയും മകൾ പ്രിയയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് മക്കൾ. ഒലീവിയ തോമസ്, ജൂലിയ തോമസ്, ഫ്ലവിയ തോമസ്. ഒലീവിയ തോമസ് കോട്ടയം മെഡിക്കൽ കോളേജിൽ M.B.B.S

രണ്ടാം വർഷം പഠിക്കുന്നു. ജൂലിയാ 12-ാം ക്ലാസിലും ഫ്ലവിയ 8-ാം ക്ലാസിലും പഠിക്കുന്നു.

## G.6.F ബാബു വർഗ്ഗീസിന്റെ കുടുംബം

അഞ്ചാം തലമുറ T.I വർഗ്ഗീസിന്റെ (G.5.C) മൂത്തമകൻ ബാബു വർഗ്ഗീസ് (M.A. BEd) ചങ്ങനാശ്ശേരി അറയ്ക്കൽ തുണ്ടിയിൽ വർഗ്ഗീസിന്റെയും മേരിക്കുട്ടിയുടേയും മകൾ ലിസമ്മ വർഗ്ഗീസിനെ (M.A. BEd) വിവാഹം ചെയ്തു. രണ്ടുപേരും ഗവ. ഹയർസെക്കണ്ടറിയിൽ നിന്നും അദ്ധ്യാപകരായി വിരമിച്ചു. ഇവർക്ക് ദീപക് ബാബു, റെയ്സ ബാബു എന്ന രണ്ട് മക്കൾ. ദീപക് ബാബു ഇംഗ്ലണ്ടിലെ അബർട്ടി ഡൺഡി യൂണിവേഴ്സിറ്റിയിൽ നിന്നും എൻജിനീയറിംഗിൽ മാസ്റ്റർ ബിരുദം നേടി ഇറ്റലിയിലെ നൊവാര മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ റിസേർച്ച് ചെയ്യുന്നു. (Phd) റെയ്സാ ബാബു കൊല്ലം TKM ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും എൻജിനീയറിംഗ് ബിരുദം നേടി ഉപരി പഠനത്തിനു ശ്രമിക്കുന്നു.

## G.6.G ഷാജി വർഗ്ഗീസിന്റെ കുടുംബം

അഞ്ചാം തലമുറ T.I വർഗ്ഗീസിന്റെ ഇളയ മകൻ ഷാജി വർഗ്ഗീസ് (M.Com, L.L.B) കുറുമ്പനാടത്ത് മറ്റത്തിൽ ആന്റണി അമ്മണികുട്ടി ദമ്പതികളുടെ മകൾ ബീനയെ (Msc. BEd) വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് മക്കൾ. ദീപ ഷാജി, ജോൺ ഷാജി, ജോർജ്ജിൽ ഷാജി. മൂന്ന് പേരും യഥാക്രമം 10$^{th}$ 9$^{th}$ 7$^{th}$ std എന്നീ ക്ലാസുകളിൽ പഠിക്കുന്നു. ഷാജി വർഗ്ഗീസ് വക്കീലായി പ്രാക്ടീസ് ചെയ്യുന്നു. ബീന ഷാജി ഇത്തിത്താനം N.S.S ഹയർ സെക്കണ്ടറിയിൽ അധ്യാപികയായി ജോലി നോക്കുന്നു.

## G.6.H ബിജു തോമസിന്റെ കുടുംബം

അഞ്ചാം തലമുറ T.I തോമസിന്റെ (G.5.D) ഏകമകൻ ബിജു തോമസ് എൻജിനീയറിംഗ് ബിരുദം നേടി. ബാബാ അറ്റോമിക് റിസേർച്ച് സെന്ററിൽ (മുംബൈ) എൻജിനീയറായി ജോലി നോക്കുന്നു. ബിജു തോമസ് പാമ്പാടി തറക്കുന്നേൽ T.M മത്തായിയുടേയും അന്നമ്മ മത്തായിയുടേയും മകൾ സിനിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ. ജോയൽ ബിജു (10$^{th}$ std), ജോഷ ബിജു (7$^{th}$ std). സിനി ഖത്തറിലെ ദോഹയിൽ സർക്കാർ സർവ്വീസിൽ BSc നഴ്സായി ജോലി നോക്കുന്നു.

## G.6.I റ്റി.ഒ. തോമസിന്റെ കുടുംബം

അഞ്ചാം തലമുറയിലെ (G.5.H) ഉലഹന്നാൻ തോമസിന്റെ (പാപ്പ ച്ചൻ) മൂത്തമകൻ റ്റി.ഒ. തോമസ് ഗവ. സർവ്വീസിൽനിന്ന് വിരമിച്ച് നിലമ്പൂരിൽ താമസിക്കുന്നു. മലപ്പുറം ചിറയിൽ ഇ.ഇ. ചെറിയാ ന്റെയും അന്നമ്മയുടേയും മകൾ വൽസമ്മ തോമസിനെ വിവാഹം ചെയ്തു. റിട്ട. ടീച്ചർ ആണ് വൽസമ്മ. ഇവർക്ക് വിശ്വാസ് തോമസ്, പ്രത്യശ് തോമസ്, സ്നേഹേഷ് തോമസ് എന്ന് മൂന്ന് ആൺമക്കളാ ണുള്ളത്. പ്രത്യാശ് തോമസും, വിശ്വാസ് തോമസും ദുബായിൽ ജോലി നോക്കുന്നു. സ്നേഹേഷ് വിദ്യാർത്ഥിയാണ്.

## G.6.J റ്റി.ഒ. കുര്യക്കോസിന്റെ കുടുംബം

ഉലഹന്നാൻ തോമസിന്റെ രണ്ടാമത്തെ മകൻ റ്റി.ഒ. കുര്യാ ക്കോസ് (തമ്പി) എൻജിനായറിങ് വർക്സ് ചെയ്യുന്നു. പന്നിമറ്റം പാണ്ടിശ്ശേരിയിൽ പി. സി. ജോണിന്റെയും ത്രേസ്യാമ്മയുടേയും മകൾ അന്നമ്മ (ലൗലി)യേയാണ് കുര്യാക്കോസ് വിവാഹം ചെയ്തത്. ഇവർക്ക് ലിന്റു കുര്യാക്കോസ്, ലീനോ കുര്യാക്കോസ് എന്നീ രണ്ടു മക്കളാണ്. ലിന്റു കുര്യാക്കോസ് BSc. നേഴ്സിംഗ് പാസ്സായി തൃശൂർ ജൂബിലി ഹോസ്പിറ്റലിൽ ജോലി നോക്കുന്നു. ലിനോ +2 പഠിക്കുന്നു.

## G.6.K റ്റി.ഒ. വർഗ്ഗീസിന്റെ കുടുംബം

ഉലഹന്നാൻ തോമസിന്റെ മൂന്നാമത്തെ പുത്രൻ റ്റി.ഒ. വർഗ്ഗീസ് (റെജി) വാകത്താനം കൂടത്തിലായ വാഴക്കാലായിൽ വി.പി. തോമ സിന്റെയും കുഞ്ഞമ്മയുടെയും മകൾ സുനി വർഗ്ഗീസിനെ വിവാഹം ചെയ്തു. റെജി ഗൾഫ് ജോലി കഴിഞ്ഞ് തിരികെ എത്തി ബിസി നസ് ചെയ്യുന്നു. സുനി കുറിച്ചി ഗവ. ഹോമിയോ ഹോസ്പിറ്റലിൽ സീനിയർ നേഴ്സായി ജോലി നോക്കുന്നു. ഇവർക്ക് ഇരട്ട കുട്ടിക ളാണ്. ഫേബ വർഗ്ഗീസും, ഫെമി വർഗ്ഗീസും

## G..6.L റ്റി.ഒ. വർഗ്ഗീസന്റെ കുടുംബം.

ഉലഹന്നാൻ തോമസിന്റെ നാലാമത്തെ മകൻ റ്റി.ഒ. വർഗ്ഗീസ് (മോൻ) പേരൂർ വടൂർ കുടുംബത്തിൽ ഇ.സി. വർക്കിയുടേയും മറി യാമ്മയുടേയും മകളായ ബീനയെ വിവാഹം ചെയ്തു. വർഗ്ഗീസ് ബീന ദമ്പതികൾക്ക് രണ്ട് മക്കളാണ്. എമി വർഗ്ഗീസും ഡെന്നി വർഗ്ഗീസും രണ്ടുപേരും വിദ്യാർത്ഥികളാണ്. വർഗ്ഗീസ് ബിസിനസ് ചെയ്യുന്നു.

## G.6.M റ്റി.വി. തോമസിന്റെ കുടുംബം

അഞ്ചാം തലമുറയിൽപ്പെട്ട റ്റി.റ്റി. വർഗ്ഗീസിന്റെ (G.5.F) മൂത്ത മകൻ റ്റി.വി. തോമസ് (ബാബു) ദീർഘകാലമായി ദോഹയിൽ ജോലി ചെയ്യുന്നു. ചീരംഞ്ചിറ തലക്കുളം കുടുംബത്തിൽ തോമസിന്റെയും അന്നമ്മയുടേയും മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ഇവർക്ക് കിഷോ മേരീ തോമസ്, കാജൽ സൂസൻ തോമസ് എന്നിങ്ങനെ രണ്ട് പെൺ മക്കളാണ്. കിഷോ ആരെ നഴ്സിങ്ങ് പാസ്സായി കാരിത്താസിൽ ജോലി നോക്കുന്നു. കാജൽ BCA വിദ്യാർത്ഥിയാണ്.

## G.6.N റ്റി.വി. യോഹന്നാന്റെ കുടുംബം

റ്റി.റ്റി. വർഗ്ഗീസിന്റെ രണ്ടാമത്തെ പുത്രൻ റ്റി.വി. യോഹന്നാൻ മറിയാമ്മയെ വിവാഹം കഴിച്ചു ഇവരുടെ മകൻ ജോബി ബി.കോം രണ്ടാം വർഷം പഠിക്കുന്നു. പെൺ മക്കളിൽ ജോഷ്ന പ്ലസ് ടുവിനും ഇളയ മകൾ ജോസ്‌ലി പത്താം ക്ലാസിലും പഠിക്കുന്നു.

## G.6.O റ്റി. വി. എബ്രഹാമിന്റെ കുടുംബം

അഞ്ചാം തലമുറ റ്റി.റ്റി. വർഗ്ഗീസിന്റെ മൂന്നാമത്തെ മകൻ റ്റി.വി. എബ്രഹാം (റോയ്) കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി നോക്കുന്നു. കാനം കണിയാംപറമ്പിൽ തോമസിന്റെയും അന്നക്കുട്ടിയുടേയും മകൾ ഏലിയാമ്മയെ (നിർമ്മല)യെ വിവാഹം ചെയ്തു. ഇവർക്ക് റോണി എബ്രഹാം, ബോണി എബ്രഹാം എന്നിങ്ങനെ രണ്ട് ആൺ മക്കൾ. റോണി BSc നഴ്സിംങ്ങ് പാസായി ബോംബെ ജൂപിറ്റർ ഹോസ്പിറ്റലിൽ ജോലി നോക്കുന്നു. ബോണി മെക്കാനിക്കൽ എൻജിനീയറിംഗ് ഡിപ്ലോമ പാസായി എറണാകുളം സായി സർവ്വീസിൽ മാരുതി സുസുക്കിയിൽ അഡ്വൈയിസറായി ജോലി നോക്കുന്നു.

## G.6.P സിബി വർഗ്ഗീസിന്റെ കുടുംബം

അഞ്ചാം തലമുറ റ്റി.റ്റി. വർഗ്ഗീസിന്റെ നാലാമത്തെ മകൻ സിബി വർഗ്ഗീസ് പാമ്പാടി പെരുമ്പറകുന്നേൽ വർഗ്ഗീസിന്റെയും ശോശാമ്മയുടെയും മകൾ ബിൻസിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് സാറാ മേരി വർഗ്ഗീസ്, ഹന്നാ സൂസൻ വർഗ്ഗീസ് എന്നീ രണ്ടു മക്കളാണ്. സാറ നാലാം ക്ലാസിലും ഹന്ന ഒന്നാം ക്ലാസിലും ആണ്. ഇവർ കുടുംബസമേതം ഇംഗ്ലണ്ടിലാണ്. ഷിബിയും ബിൻസിയും ഇംഗ്ലണ്ടിലെ കാവന്റിയിൽ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു.

## G.6.Q ജോൺ തോമസിന്റെ കുടുംബം

അഞ്ചാം തലമുറ റ്റി.റ്റി. ഇട്ടിയുടെ (G.5.G) മകൾ വൽസമ്മയെ തുരുത്തി മറ്റക്കര കൂഞ്ഞൂട്ടിയുടെയും അമ്മണിയുടെയും മൂത്ത മകൻ ജോൺ തോമസ് വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺ മക്കളാണ് ഉള്ളത്. ജിജോ ജോസും ജിനോ ജോണും. ജിജോ ഏഴാം ക്ലാസിലും ജിനോ രണ്ടാം ക്ലാസിലും പഠിക്കുന്നു.

## G.6.R ലിജു തോമസിന്റെ കുടുംബം

അഞ്ചാം തലമുറ റ്റി.റ്റി തോമസിന്റെ (G.5.H) മകൻ ലിജു തോമസ്. കഞ്ഞിക്കുഴി പ്ലാപറമ്പിൽ തോമസ് കോരയുടേയും ചിന്നമ്മയുടേയും മകൾ രഞ്ജു തോമസിനെയാണ് വിവാഹം ചെയ്തത്. ഇവർക്ക് കെവിൻ. റ്റി. തോമസ്, കെസ്ന റോസ് തോമസ് എന്നിങ്ങനെ രണ്ട് മക്കൾ കെവിൻ 3rd-ലും, കെസ്ന L.K.G ലും പഠിക്കുന്നു.

## G.6.S കെ.എം.തോമസിന്റെ കുടുംബം

അഞ്ചാം തലമുറ കെ.റ്റി. മാത്യുവിന്റെ (G.5.I) മൂത്തമകൻ കെ. എം. തോമസ് മൂവാറ്റുപുഴ തട്ടിലായിൽ വർക്കി റബേക്ക ദമ്പതികളുടെ മകൾ ഗ്രേസി വർഗ്ഗീസിനെ വിവാഹം ചെയ്തു. കെ.എം തോമസ് എസ്. പി. ഓഫീസിൽ ജൂണിയർ സൂപ്രണ്ടായും ഗ്രേസി വർഗ്ഗീസ് താലൂക്ക് സ്റ്റാറ്റിക്കൽ ഓഫീസറായും റിട്ടയർ ചെയ്തു. ഇവർക്ക് മൂന്ന് മക്കളാണ്. മകൾ റീനു തോമസിനെ പുത്തൻ കാവു കിഴക്കേകുറ്റിയിൽ മാത്യു വർഗ്ഗീസ് വിവാഹം ചെയ്തു. രണ്ടുപേരും അദ്ധ്യാപകരാണ്. രണ്ടാമത്തെ മകൾ രേഖ ഗ്രേയ്സ് തോമസിനെ പാലക്കുഴി കൊച്ചുപുത്തൻപുരയിൽ ആൽവിൻ ബേസിൽ ജോസഫ് വിവാഹം ചെയ്തു. രണ്ടുപേരും ഓസ്ട്രേലിയയിൽ ജോലി നോക്കുന്നു. മൂന്നാമത്തെ മകൻ മാത്യു ടി. തോമസ് വിദ്യാർത്ഥിയാണ്. കെ.എം. തോമസ് 18-04-2008-ൽ മരിച്ചു. കുറിച്ചി വലിയപള്ളിയിലെ കുടുംബ കല്ലറയിൽ സംസ്കരിച്ചു.

## G.6.T ജോൺ മാത്യുവിന്റെ കുടുംബം

അഞ്ചാം തലമുറ കെ.റ്റി. മാത്യുവിന്റെ രണ്ടാമത്തെ മകൻ ജോൺ മാത്യു കെ. (ബാബു) കോത്തല വലിയ പീടികയിൽ വി. റ്റി. സ്കറിയയുടെയും സാറാമ്മ സ്കറിയയുടേയും മകൾ സരസു ജോണിനെ വിവാഹം ചെയ്തു. ജോൺ മാത്യു പ്ലാന്റേഷൻ കോർപ്പ

റേഷനിൽ നിന്നും റിട്ടയർ ചെയ്തു. സരസു ഇന്ത്യൻ ഓവർസീസ് ബാങ്കിൽ നിന്നും റിട്ടയർ ചെയ്തു. ഇവർക്ക് രണ്ട് മക്കളാണ്. മൂത്ത മകൾ നിലീന മേരീ ജോൺ BTech പാസായി തിരുവനന്തപുരം ഇൻഫോസിസിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ നീമ സാറാ ജോൺ കോട്ടയം ബസേലിയോസ് കോളേജിൽ M.Com വിദ്യാർത്ഥിയാണ്.

## G.6.U തോമസ് രാജന്റെ കുടുംബം

അഞ്ചാം തലമുറ കെ.റ്റി. തോമസിന്റെ മകൻ തോമസ് രാജൻ അഞ്ചേരി വടക്കേപറമ്പിൽ വി.പി. പുന്നന്റെയും ഏലിയാമ്മയുടേയും മകൾ സുശീലയെ വിവാഹം ചെയ്തു. തോമസ് രാജൻ ദുബായിൽ ജോലി നോക്കുന്നു. ഇവർക്ക് രണ്ട് ആൺ മക്കൾ. റിറ്റു തോമസ് രാജനും റെനിൻ മാത്യുവും. റിറ്റു ആസ്ട്രേലിയയിൽ ജോലി ചെയ്യുന്നു. റെനിൻ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിൽ ഫാർമസിസ്റ്റായി ജോലി നോക്കുന്നു.

## G.6.V ഷിബു കോരയുടെ കുടുംബം

അഞ്ചാം തലമുറ കെ.റ്റി. കോരയുടെ (G..5.k) മൂത്തമകൻ ഷിബു കോര തിരുവല്ല മണലേത്ത് ജോസഫ് കുഞ്ഞമ്മ ദമ്പതികളുടെ മകൾ ആഷയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കളാണ്. അരുൺ സൂസൻ ഷിബുവും ആൻ ലിയ ഷിബുവും. രണ്ടു പേരും വിദ്യാർത്ഥികളാണ്.

## G.6.W ഷിജി കോരയുടെ കുടുംബം

അഞ്ചാം തലമുറ കെ.റ്റി. കോരയുടെ രണ്ടാമത്തെ മകൻ ഷിജി കോര വടവാതൂർ പതിയാക്കൽ തോമസ്, സോമി ദമ്പതികളുടെ മകൾ പ്രീതയെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ടു മക്കളാണ്. ജോർജ് കെ. ഷിജിയും അൻലിയ ഷിജിയും. ഷിജി കോരയും പ്രീതയും ഷാർജയിൽ ജോലി ചെയ്യുന്നു.

## G.6.X അജി ജോസഫിന്റെ കുടുംബം

അഞ്ചാം തലമുറ കെ.റ്റി. ജോസഫിന്റെ (G.5.L) മകൻ അജി ജോസഫ് പരുത്തുംപാറ, തുണ്ടി പറമ്പിൽ ജോൺ മോളി ദമ്പതികളുടെ മകൾ ജിജിയെ വിവാഹം കഴിച്ചു. ഇവർക്ക് 3-ാം ക്ലാസിൽ പഠിക്കുന്ന അജിൻ ജോസഫ് എന്ന മകൻ ഉണ്ട്. അജി ജോസഫ് കോട്ടയത്ത് ബിസിനസ്സ് നടത്തുന്നു.

## G.6. Y ബിജു ജോസഫിന്റെ കുടുംബം

അഞ്ചാംതലമുറ കെ.റ്റി. ജോസഫിന്റെ മകൻ ബിജു ജോസഫ് ഓമല്ലൂർ മലേപ്പറമ്പിൽ ജോൺ കുഞ്ഞമ്മ ദമ്പതികളുടെ മകൾ ജെസ്സിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ബിനോജ് ബിജു എന്ന ഒരു മകനുണ്ട്. ബിജു ജോസഫും ഭാര്യയും ദുബായിൽ ജോലി ചെയ്യുന്നു.

## G.6.Z പി.ജി. തോമസിന്റെ കുടുംബം

മാത്തൻ മാത്തൻ കുഞ്ഞമ്മ മാത്തൻ ദമ്പതികളുടെ മകൾ ലിസ മ്മയെ ആലപ്പുഴ പാവത്തുശ്ശേരിൽ കെ.റ്റി. ജോർജിന്റെയും തങ്കമ്മ ജോർജിന്റെയും മകൻ പി.ജി. തോമസ് വിവാഹം ചെയ്തു. ഇവർക്ക് രണ്ട് ആൺ മക്കളാണ്. റ്റിജോ തോമസും റ്റിനോ തോമസും. റ്റിജോ പത്താം ക്ലാസിലും റ്റിനോ 9-ാം ക്ലാസിലും പഠിക്കുന്നു. പി.ജി. തോമസ് M.R.F ൽ ജോലി നോക്കുന്നു.

## G.7.A അനൂപ് വർഗ്ഗീസിന്റെ കുടുംബം

ആറാം തലമുറ വർഗ്ഗീസ് ഉലഹന്നാന്റെ (G.6.A) മകൻ അനൂപ് വർഗ്ഗീസ് വെണ്ണിക്കുളം ചൂരല്ലൂർ പി.ഇ. സ്കറിയയുടെയും ലൈലാ സ്കറിയയുടേയും മകൾ നിത സ്കറിയയെ വിവാഹം ചെയ്തു. ഇവർക്ക് വർഗ്ഗീസ് അനൂപ് എന്ന പുത്രനുണ്ട്.

## G.7.B വിശ്വാസ് തോമസിന്റെ കുടുംബം

ആറാം തലമുറയിൽ പെട്ട റ്റി.ഒ. തോമസിന്റെ (G.6.I) മകൻ വിശ്വാസ് തോമസ് തൃപ്പൂണിത്തറ വയലാപ്പള്ളിൽ മാത്യു, ലാലി ദമ്പതികളുടെ മകൾ ടിന്റു (MSc)വിനെ വിവാഹം ചെയ്തു. ഇവർക്ക് ആരോൺ വിശ്വാസ് എന്ന പുത്രനുണ്ട്.

## G.7.C ബിജു മാത്യുവിന്റെ കുടുംബം

ആറാം തലമുറയിൽ പെട്ട റ്റി.സി. മാത്യുവിന്റെ (G..6.C) മകൻ ബിജു മാത്യു മാന്നാനം കൊട്ടാരത്തിൽ സണ്ണിയുടെയും പൊന്ന മ്മയുടെയും മകൾ ബെൻസിയെ വിവാഹം ചെയ്തു. ഇവർക്ക് ബിയോൺ എന്ന പുത്രനുണ്ട്. ബിയോൺ മൂന്നാം ക്ലാസ്സിൽ പഠി ക്കുന്നു.

# 14

# കൊല്ലംപറമ്പിൽ

വലിയവീട്ടിൽ ഇട്ടിച്ചെറിയയുടെ മൂത്തമകൻ തൊമ്മൻ പൂഞ്ഞാർ പുളിക്കപ്പാലത്ത് കൊല്ലന്മാർ താമസിച്ചിരുന്ന സ്ഥലത്ത് താമസമാക്കി. കൊല്ലന്മാർ താമസിച്ചിരുന്ന സ്ഥലമായതിനാൽ കൊല്ലംപറമ്പിൽ എന്ന വീട്ടുപേരിൽ അറിയപ്പെട്ടു. തൊമ്മൻ അരുവിത്തുറ കിഴവഞ്ചിയിൽ നിന്നും വിവാഹം കഴിച്ചു. തൊമ്മന് ഒരു മകൻ ഔസേപ്പ്.

## I. കൊല്ലംപറമ്പിൽ തൊമ്മൻ മകൻ ഔസേപ്പ്

തൊമ്മന്റെ ഏകമകനാണ് ഔസേപ്പ്. അരുവിത്തുറ കുന്നേൽപറമ്പിൽ നിന്നും വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്നുമക്കൾ. ഒരാണും രണ്ട് പെണ്ണും. ശൗര്യാർ ആണ് ഏകമകൻ. കുഞ്ഞേലി, അന്ന എന്നിവർ പെൺമക്കളും. കുഞ്ഞേലിയെ പൂഞ്ഞാർ അമ്പാട്ടും, അന്നയെ തീക്കോയി തയ്യിലും വിവാഹം ചെയ്തയച്ചു.

## IA. കൊല്ലംപറമ്പിൽ ഔസേപ്പ് മകൻ ശൗര്യാർ

ഔസേപ്പിന്റെ ഏകമകനാണ് ശൗര്യാർ. കൊഴുവനാൽ മാരാംകുഴിയിൽനിന്നും വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ആറ് മക്കൾ. രണ്ട് ആൺമക്കളും നാല് പെൺമക്കളും. കുഞ്ഞാപ്പൻ, കൊച്ച് (മത്തായി) എന്നിവരാണ് ആൺമക്കൾ. അന്ന, മറിയം, ഏലി, റോസ എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ അന്നയെ അരുവിത്തുറ ഇടയാടിയിലും, രണ്ടാമത്തെ മകൾ മറിയത്തെ അമ്പാറ എട്ടൊന്നിയിലും വിവാഹം ചെയ്തയച്ചു. മൂന്നാമത്തെ മകൾ ഏലിയെ തീക്കോയി നെല്ലിയേകുന്നേൽ കുരുവിളയും, ഇളയമകൾ റോസയെ ചേന്നാട് അരിമറ്റത്തിൽ ദേവസ്യായും വിവാഹംചെയ്തു.

## IA-1. കൊല്ലംപറമ്പിൽ ശൗര്യാർ മകൻ കുഞ്ഞാപ്പൻ (ജോസഫ്)

ശൗര്യാരുടെ മൂത്തമകനാണ് കുഞ്ഞാപ്പൻ. പാലാ, നരിക്കുഴ കുഞ്ഞേലിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ.

രണ്ടാണും മൂന്ന് പെൺമക്കളും. അന്ന, ഏലിക്കുട്ടി, ത്രേസ്യാ എന്നിവരാണ് പെൺമക്കൾ. കുഞ്ഞൂഞ്ഞ് (സേവ്യർ), തൊമ്മിക്കുഞ്ഞ് (തോമസ്) എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ അന്നയെ പൂഞ്ഞാർ വടക്കേൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ മകൾ ഏലിക്കുട്ടിയെ ചേന്നാട് വാണിയപ്പുരയിൽ മാത്യുവും, ഇളയമകൾ ത്രേസ്യായെ കുന്നോന്നി കളപ്പുരയ്ക്കൽ കുഞ്ഞുവർക്കിയും വിവാഹം കഴിച്ചു.

## IA-1a. കൊല്ലംപറമ്പിൽ കുഞ്ഞാപ്പൻ (ജോസഫ്) മകൻ കൂഞ്ഞൂഞ്ഞ് (സേവ്യർ)

കുഞ്ഞാപ്പന്റെ മൂത്തമകനാണ് സേവ്യർ. അമ്പാറ വില്ലംന്താനത്ത് റോസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. ഒരു മകളും ആറ് ആൺമക്കളും. കുട്ടിയമ്മയാണ് ഏകമകൾ. മാത്തുക്കുട്ടി, ജോയി, തങ്കച്ചൻ, അവിരാച്ചൻ, ഇമ്മാനുവേൽ, ഫാ. ജോസഫ് സേവ്യർ എന്നിവരാണ് ആൺമക്കൾ. ഏകമകൾ കുട്ടിയമ്മയെ മീനച്ചിൽ പാറംതോട് ഔസേപ്പച്ചൻ വിവാഹം ചെയ്തു. 23-10-2018-ൽ സേവ്യർ മരിച്ചു. മലയിഞ്ചിപ്പാറ മാർസ്ലീവാ ദൈവാലയത്തിൽ സംസ്കരിച്ചു.

## IA-1a1. കൊല്ലംപറമ്പിൽ സേവ്യർ മകൻ മാത്തുക്കുട്ടി

സേവ്യറിന്റെ മൂത്തമകനാണ് മാത്തുക്കുട്ടി. വെയിലുകാണാംപാറ കല്ലാച്ചേരിൽ റോസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. സെബിൻ, തോമസ്.

## IA-1a1a. കൊല്ലംപറമ്പിൽ മാത്തുക്കുട്ടി മകൻ സെബിൻ

മാത്തുക്കുട്ടിയുടെ മൂത്തമകനാണ് സെബിൻ. പത്തനംതിട്ട നന്തൂക്കാട് പുത്തൻപറമ്പിൽ അഞ്ചുവാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. അബിയാ എന്ന മകളും എയ്ദൻ എന്ന മകനും.

## IA-1a1b. കൊല്ലംപറമ്പിൽ മാത്തുക്കുട്ടി മകൻ തോമസ്

മാത്തുക്കുട്ടിയുടെ ഇളയമകനാണ് തോമസ്. ഞീഴൂർ മാവേലിൽ മാതുവാണ് ഭാര്യ.

## IA-1a2. കൊല്ലംപറമ്പിൽ സേവ്യർ മകൻ ജോയി

സേവ്യറിന്റെ രണ്ടാമത്തെ മകനാണ് ജോയി. പൈക കപ്പലുമാക്കൽ ലില്ലിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഒരു മകളും രണ്ട് ആൺമക്കളും. ജോയറോസ് ആണ് മകൾ. ജോഫിൻ, ജെറിൻ എന്നിവർ ആൺമക്കളും.

## IA-1a3. കൊല്ലംപറമ്പിൽ സേവ്യർ മകൻ തങ്കച്ചൻ

സേവ്യറിന്റെ മൂന്നാമത്തെ മകനാണ് തങ്കച്ചൻ. പൂഞ്ഞാർ വെള്ളേടത്ത് പുത്തൻപുര ആൻസിയമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളും ഒരു മകളും. ക്രിസ്റ്റോ, ഫെലിക്സ് എന്നീ ആൺമക്കളും അനീറ്റ എന്ന മകളും. തങ്കച്ചൻ 2014 ഡിസംബർ 3-ാം തീയതി മരിച്ചു. മലയിഞ്ചിപ്പാറ മാർസ്ലീവാ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-1a14. കൊല്ലംപറമ്പിൽ സേവ്യർ മകൻ അവിരാച്ചൻ

സേവ്യറിന്റെ നാലാമത്തെ മകനാണ് അവിരാച്ചൻ. കാവാലം ആശാരിപറമ്പിൽ മിനിയാണ് ഭാര്യ. ഈ ദമ്പതികളുടെ ഏകമകനാണ് അലൻ. വിദ്യാർത്ഥിയാണ്.

## IA-1a5. കൊല്ലംപറമ്പിൽ സേവ്യർ മകൻ ഇമ്മാനുവേൽ

സേവ്യറിന്റെ അഞ്ചാമത്തെ മകനാണ് ഇമ്മാനുവേൽ. പാലാ ചെട്ടിപ്പറമ്പിൽ മറിയമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. വില്യം സേവി, രാഹുൽ ജെയിംസ്.

## IA-1a6. കൊല്ലംപറമ്പിൽ സേവ്യർ മകൻ ജോസഫ് (ഫാ. ജോസഫ് സേവ്യർ കൊല്ലംപറമ്പിൽ S.J.)

സേവ്യറിന്റെ ഇളയമകനാണ് ജോസഫ് സേവ്യർ. S.J.സന്യസ്തസഭയിൽ വൈദികനാണ് (ഫാ. ജോസഫ് സേവ്യർ കൊല്ലംപറമ്പിൽ S.J.). 1999 ജനുവരി 2-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. റോമിലാണ് സേവനം.

## IA-1b. കൊല്ലംപറമ്പിൽ കുഞ്ഞാപ്പൻ (ജോസഫ്) മകൻ തോമസ് (തൊമ്മിക്കുഞ്ഞ്)

കുഞ്ഞാപ്പന്റെ രണ്ടാമത്തെ മകനാണ് തോമസ് (തൊമ്മിക്കുഞ്ഞ്). പാതാമ്പുഴ വാളിപ്ലാക്കൽ ഏലിക്കുട്ടിയാണ് ഭാര്യ. ഈ ദമ്പതികൾക്ക്

ആറ് മക്കൾ. മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും. ജോസുകുട്ടി, മാത്തച്ചൻ, ബേബിച്ചൻ (സേവ്യർ) എന്നിവരാണ് ആൺമക്കൾ. ലില്ലി ക്കുട്ടി, ലിസി, റെജി എന്നിവർ പെൺമക്കളും. മൂത്തമകൾ ലില്ലിക്കു ട്ടിയെ കിടങ്ങൂർ കണ്ടത്തിൽ ടോമിയും, രണ്ടാമത്തെ മകൾ ലിസിയെ അറക്കുളം വെച്ചൂർ ബെന്നിയും ഇളയമകൾ റെജിയെ ചോലത്തടം വെട്ടത്ത് ജിജിയും വിവാഹം ചെയ്തു. 19-03-2019-ൽ ഏലിക്കുട്ടി മരിച്ചു. മലയിഞ്ചിപ്പാറ മാർസ്ലീവാ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-1b1. കൊല്ലംപറമ്പിൽ തൊമ്മിക്കുഞ്ഞ് മകൻ ജോസുക്കുട്ടി

തൊമ്മിക്കുഞ്ഞിന്റെ മൂത്തമകനാണ് ജോസുകുട്ടി. കുന്നോന്നി ചോങ്കരയിൽ ലില്ലിക്കുട്ടിയാണ് ഭാര്യ, ഈ ദമ്പതികൾക്ക് ഒരു മകൻ. ജെസ്റ്റിൻ.

## IA-1b2. കൊല്ലംപറമ്പിൽ തൊമ്മിക്കുഞ്ഞ് മകൻ മാത്തച്ചൻ

തൊമ്മിക്കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് മാത്തച്ചൻ. പയ സ്മൗണ്ട് ഒറ്റത്തെങ്ങുങ്കൽ സിനിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. റ്റിനു എന്ന മകളും, റ്റിബിൻ എന്ന മകനും.

## IA-1b3. കൊല്ലംപറമ്പിൽ തൊമ്മിക്കുഞ്ഞ് മകൻ ബേബിച്ചൻ (സേവ്യർ)

തൊമ്മിക്കുഞ്ഞിന്റെ ഇളയമകനാണ് ബേബിച്ചൻ. അരുവിത്തുറ വിളയാനിക്കൽ മോളിയാണ് ഭാര്യ ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ. ബിയോൺ, ഡാരോൺ.

## IA-2. കൊല്ലംപറമ്പിൽ ശൗര്യാർ മകൻ മത്തായി (കൊച്ച്)

ശൗര്യാരുടെ ഇളയമകനാണ് മത്തായി. തിടനാട് മണ്ണൂർ മറി യമാണ് ഭാര്യ. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. നാല് ആൺമക്കളും നാല് പെൺമക്കളും. കുഞ്ഞുകുട്ടി (സേവ്യർ), കുഞ്ഞ് (ജോസഫ്), പാപ്പച്ചൻ (സെബാസ്റ്റ്യൻ), കുഞ്ഞുമോൻ (മാത്യു) എന്നിവരാണ് ആൺമക്കൾ. ഏലിക്കുട്ടി, അന്നമ്മ, മേരി, റോസ എന്നിവർ പെൺമ ക്കളും. മൂത്തമകൾ ഏലിക്കുട്ടിയെ ലബ്ബക്കട പള്ളിപ്പറമ്പിൽ കുഞ്ഞേ പ്പും, രണ്ടാമത്തെ മകൾ അന്നയെ പൂഞ്ഞാർ കടലാടിമറ്റം വാഴ

പ്പള്ളിൽ അവിരാച്ചനും, മൂന്നാമത്തെ മകൾ മേരിയെ ചോലത്തടം വിളക്കുന്നേൽ കുഞ്ഞും വിവാഹംചെയ്തു. 02-12-2016-ൽ മേരി മരിച്ചു. ഇളയമകൾ റോസമ്മയെ ചേന്നാട് കാപ്പിൽപ്പറമ്പിൽ ജോസഫ് (കൊച്ച്) വിവാഹം ചെയ്തു.

## IA-2a. കൊല്ലംപറമ്പിൽ മത്തായി (കൊച്ച്) മകൻ കുഞ്ഞുകുട്ടി (സേവ്യർ)

മത്തായിയുടെ നാല് ആൺമക്കളിൽ മൂത്തമകനാണ് കുഞ്ഞുകുട്ടി. മണിയംകുളം കൊല്ലംപറമ്പിൽ അബ്രാഹം മകൾ ബ്രിജിത്തയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും. ജോസുകുട്ടി (മാത്യു), ബേബി (ജോസഫ്), തങ്കച്ചൻ (സേവ്യർ).

## IA-2a1. കൊല്ലംപറമ്പിൽ കുഞ്ഞുകുട്ടി മകൻ ജോസുകുട്ടി (മാത്യു)

കുഞ്ഞുകുട്ടിയുടെ മൂത്തമകനാണ് ജോസുകുട്ടി. പെരുന്നിലം പ്ലാത്തോട്ടത്തിൽ ഷേർളിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. അനു, അനിറ്റ്.

## IA-2a2. കൊല്ലംപറമ്പിൽ കുഞ്ഞുകുട്ടി മകൻ ബേബി (ജോസഫ്)

കുഞ്ഞുകുട്ടിയുടെ രണ്ടാമത്തെമകനാണ് ബേബി. കാഞ്ഞിരപ്പള്ളി മറ്റത്തിൽ എം. കെ. ജോസഫ് - സിസിലി മകൾ ആൻസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. എബിൻ, സെബിൻ. എബിൻ MBA-യ്ക്കുശേഷം എറണാകുളം ഇൻഫോസിസിൽ ജോലിചെയ്യുന്നു. ഇളയമകൻ സെബിൻ MBA-യ്ക്കുശേഷം കോയമ്പത്തൂര് ജോലിചെയ്യുന്നു.

## IA-2a3. കൊല്ലംപറമ്പിൽ കുഞ്ഞുകുട്ടി മകൻ തങ്കച്ചൻ (സേവ്യർ)

കുഞ്ഞുകുട്ടിയുടെ ഇളയമകനാണ് തങ്കച്ചൻ. ആനക്കല്ല് തെക്കേമുറിയിൽ തോമസ്-ഏലിക്കുട്ടി മകൾ ജെസിയാണ് ഭാര്യ. ജെസി ആനക്കല്ല് ഹൈസ്കൂളിൽ അധ്യാപികയാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. റോഷൻ, രോഹൻ.

## IA-2b. കൊല്ലംപറമ്പിൽ മത്തായി (കൊച്ച്) മകൻ കുഞ്ഞ് (ജോസഫ്)

മത്തായിയുടെ രണ്ടാമത്തെ മകനാണ് കുഞ്ഞ്. ചേന്നാട് നീണ്ടൂക്കുന്നേൽ തോമസ്-മറിയം മകൾ അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും. മാത്യു, ജോണി, ബിൻസ് എന്നിവരാണ് ആൺമക്കൾ. മരീന, ലീന, ഡെൽമി എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ മരീനയെ കൊഴുവനാൽ ചൂരയ്ക്കൽ അപ്പച്ചൻ-റോസമ്മ മകൻ സജി വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ലീന അവിവാഹിതയാണ്. മൂന്നാമത്ത മകൾ ഡെൽമിയെ പൂഞ്ഞാർ പനച്ചിപ്പാറ, പോർക്കാട്ടിൽ തോമസ്-റോസമ്മ മകൻ രാജൻ വിവാഹം ചെയ്തു.

## IA-2b1. കൊല്ലംപറമ്പിൽ കുഞ്ഞ് (ജോസഫ്) മകൻ മാത്യു (ഫാ. മാത്യു MST)

കുഞ്ഞിന്റെ മൂത്തമകനാണ് ഫാ. മാത്യു. MST സഭയിൽ വൈദികനാണ്. 1996 ജനുവരി 4-ന് മേലമ്പാറ ദീപ്തിഭവനിൽവച്ച് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. മഹാരാഷ്ട്രായിലെ കോലാപ്പൂരിലാണ് സേവനം.

## IA-2b2. കൊല്ലംപറമ്പിൽ കുഞ്ഞ് (ജോസഫ്) മകൻ ജോണി

കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് ജോണി. വാളിപ്ലാക്കൽ തോമസ്-ത്രേസ്യാമ്മ മകൾ ഷാന്റിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഷോൺ, അന്ന.

## IA-2b3. കൊല്ലംപറമ്പിൽ കുഞ്ഞ് (ജോസഫ്) മകൻ ബിൻസ്

കുഞ്ഞിന്റെ ഇളയമകനാണ് ബിൻസ്. കുറുഞ്ഞി നെല്ലാപ്പാറ കൊരട്ടിപ്പറമ്പിൽ ജോസഫ്-ഏലിയാമ്മ മകൾ ജൂലിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ലിബിയ, ലിയോൺ.

## IA-2c. കൊല്ലംപറമ്പിൽ മത്തായി (കൊച്ച്) മകൻ പാപ്പച്ചൻ (സെബാസ്റ്റ്യൻ)

മത്തായിയുടെ മൂന്നാമത്തെ മകനാണ് പാപ്പച്ചൻ എന്നു വിളിക്കുന്ന സെബാസ്റ്റ്യൻ. ചോലത്തടം നടുത്തൊട്ടിയിൽ ഏലിയാമ്മ

യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ദീപ എന്ന മകളും റെന്നി എന്ന മകനും. ദീപയെ കാളകെട്ടി കൊല്ലക്കൊമ്പിൽ ബിജോ വിവാഹം ചെയ്തു. 19-03-2016-ൽ പാപ്പച്ചൻ (സെബാസ്റ്റ്യൻ) മരിച്ചു. കുന്നോന്നി ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IA-2d. കൊല്ലംപറമ്പിൽ മത്തായി (കൊച്ച്) മകൻ കുഞ്ഞുമോൻ (മാത്യു)

മത്തായിയുടെ ഇളയമകനാണ് കുഞ്ഞുമോൻ. കുന്നോന്നി (ആലുന്തറ) പതിയിൽ അബ്രാഹം-കത്രീന മകൾ കുട്ടിയമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെൺമക്കളും ഒരു മകനും. മായ, മഞ്ജു, മനു എന്നിവരാണ് പെൺമക്കൾ. മനീഷ് മകനും. മൂത്തമകൾ മായയെ അങ്കമാലി, കാച്ചപ്പള്ളിൽ മാർട്ടിനും, രണ്ടാമത്തെ മകൾ മഞ്ജുവിനെ ചിറക്കടവ്, മരോട്ടിഓലിയിൽ ജോഷിയും, ഇളയമകൾ മനുവിനെ ഇരിട്ടി, ചാത്തനാട്ട് ബിബിനും വിവാഹം ചെയ്തു.

## IA-2d1. കൊല്ലംപറമ്പിൽ കുഞ്ഞുമോൻ (മാത്യു)മകൻ മനീഷ്

കുഞ്ഞുമോന്റെ ഏകമകനാണ് മനീഷ്. ഹോട്ടൽ മാനേജ്മെന്റ് പഠനത്തിനുശേഷം എറണാകുളത്ത് ലുലുമാളിൽ ജോലിചെയ്യുന്നു.

# കൊടുവയലിൽ




റവ. ഫാ. കുര്യൻ ഉതുപ്പ്
കണ്ണൻതുരുത്തിൽ



റവ.ഫാ. ജീനേഷ് വർക്കി
കൊല്ലമ്പറമ്പിൽ

# കൊടുവയലിൽ





# കൊടുവയലിൽ (കണ്ണൻതുരുത്തിൽ)



റവ.ഫാ. കുര്യൻ ഉതുപ്പ് & ഫാമിലി



കണ്ണൻതുരുത്തിൽ
സ്കറിയാ



ക്യാപ്റ്റൻ കെ. എസ്. ജോസഫ് & ഫാമിലി



കെ.എ. ഉതുപ്പ് & ഫാമിലി

# കൊടുവയലിൽ



കൊച്ചുതുപ്പ് & ഫാമിലി



ഉലഹന്നാൻ വർക്കി
മുല്ലശ്ശേരിൽ



ജോൺ
മുല്ലശ്ശേരിൽ
& ഫാമിലി

കെ. യു. പീലിപ്പോസ്
& ഫാമിലി



# കൊടുവയലിൽ



വർക്കി ഉതുപ്പ് & ഫാമിലി



കുഞ്ഞ് മുല്ലശ്ശേരി
& ഫാമിലി



ജോൺ &
ഫാമിലി

# കൊടുവയലിൽ



വർക്കി വടക്കേപ്പറമ്പിൽ & ഫാമിലി



കെ. വി. കുരിയൻ & ഫാമിലി

# കൊടുവയലിൽ



കെ. വി. വർക്കി & ഫാമിലി



ബിന്നി ജോൺ & ഫാമിലി



ജോഷി ജോൺ & ഫാമിലി

# കൊടുവയലിൽ (പുത്തൻപുരയിൽ)



ജോർജുകുട്ടി &
കുഞ്ഞമ്മ
കടുപ്പിൽ



കുട്ടിക്കൊച്ച്
& ഭാര്യ



അബ്രഹാം
പുത്തൻപുരയിൽ
& ഫാമിലി

# കൊടുവയലിൽ (പുത്തൻപുരയിൽ)



ഐസക്ക്
& ഫാമിലി



ജോസഫ്കുട്ടി
& ഫാമിലി



കെ. ഐ. ബാബു
ഓട്ടപുനയ്ക്കൽ & ഫാമിലി



പി.സി. മാണി & ഫാമിലി

# കൊടുവയലിൽ (പുത്തൻപുരയിൽ)



മാണി ഉതുപ്പ്



വർക്കി & ഫാമിലി



പി.വി. ജോസഫ് & ഫാമിലി

# കൊടുവയലിൽ (ചിറപ്പുറത്ത്)



സി.യു. ഉതുപ്പ് & ഏലിയാമ്മ



സി.യു. വർക്കി & ഫാമിലി

# കൊടുവയലിൽ (ചിറപ്പുറത്ത്)



സി.യു. ജോൺ & ഫാമിലി




സി.യു. മാത്യൂസ് & ഫാമിലി



സി.യു. തോമസ് & ഫാമിലി

# കൊടുവയലിൽ (ചിറപ്പുറത്ത്)



റ്റി. എ. ജോർജ് & ഫാമിലി



റ്റി. എ. ഉതുപ്പ് & ഫാമിലി

# കൊടുവയലിൽ



വർക്കി & ഫാമിലി,
വടക്കേപറമ്പിൽ



സി.ഒ. എബ്രഹാം &
ഫാമിലി, കൊല്ലമ്പറമ്പിൽ



സി.യു. എബ്രഹാം & ആച്ചിയമ്മ, ചിറപ്പുറത്ത്

# കൊടുവയലിൽ



ചെത്തികുളത്ത് സി.ഒ.വർക്കി & ഫാമിലി



കെ.എ.വർക്കി & ഫാമിലി, കൊല്ലമ്പറമ്പിൽ



പാപ്പച്ചൻ ഭാര്യ


ശോശാമ്മ

മണലേൽ

# തൈയ്യിൽ



G4B : Itty Ulahannan & Family



G4C : Thommy Ulahannan & Family

# തൈയ്യിൽ



G5B : Chandi Itty & Family



G5C : T.I. Varghese & Family

# തൈയ്യിൽ



G5D : T.I. Thomas & Family



G5E : Ulahannan Thomas & Family



G5F : T.T. Varghese & Family



G5G : T.T. Itty & Family

# തൈയ്യിൽ



G5H : T.T. Thomas & Family



G5I : K.T. Mathew & Family

# തൈയ്യിൽ



G5J : K.T. Thomas & Family



G5K : K.T. Koraha & Family

# തൈയ്യിൽ



G5L : K.T. Joseph & Family



G5M : Mathen Mathen & Family

# തൈയ്യിൽ



G6A : Varghese Ulahannan & Family



G6B : Babu  Ulahannan & Family

# തൈയ്യിൽ



G6C : T.C. Mathew & Family



G6C1 : Biju Mathew  & Family

# തൈയ്യിൽ



G6Da : T.C. Abraham



G6D : T.C. Varghese & Family





# തൈയ്യിൽ



G6F : Babu Varghese & Family





# തൈയ്യിൽ



G6G : Adv. Shaji Varghese & Family



G6H : Biju Thomas & Family

# തൈയ്യിൽ



G6I : T.O. Thomas & Family



G6I1 : Vishwas Thomas & Family



G6J : T.O. Kuriakose & Family



G6K : T.O.Varghese (Reji) & Family

# തൈയ്യിൽ



G6L : T.O.Varghese (Mon) & Family



G6M : T.O.Thomas & Family

# തൈയ്യിൽ



G6O : T.V. Abraham & Family



G6P : Siby Varghese & Family

# തൈയ്യിൽ



G6Q : John Thomas & Family



G6R : Liju Thomas & Family

# തൈയ്യിൽ



G6S : (Late)
K.M. Thomas



G6S : K.M. Thomas & Family



G6T : John Mathew & Family

# തൈയ്യിൽ



G6U : Thomas Rajan & Family



G6W : Shiji Koraha & Family



G6X : Aji Joseph & Family

# തൈയ്യിൽ



G6Y : Biju Joseph & Family



G6Z : T.G. Thomas & Family

# കൊല്ലംപറമ്പിൽ



മത്തായി ജോസഫ് (കുഞ്ഞ്) ഭാര്യ അന്നമ്മ
മകൻ ബിൻസ് & ഫാമിലി



ഫാ. മാത്യു ജോസഫ്
(റോയി)



മത്തായി ജോസഫ് മകൻ ജോണിയും കുടുംബവും

# 15

# വലിയപരയ്ക്കാട്ട്

**പൂ**ഞ്ഞാർ വലിയ പള്ളിക്കു സമീപം കൊല്ലവർഷം 950 ന് ശേഷം (1779 കഴിഞ്ഞ്) താമസിച്ചിരുന്ന വലിയവീട്ടിൽ തറവാട്ടിലെ പുന്നൂസിന്റെ രണ്ട് ആൺമക്കളാണ് ഇട്ടിച്ചെറിയതും അനുജനായ മത്തായിയും. മത്തായിയുടെ സന്താനപരമ്പരകളാണ് കരിയാപുര യിടം ശാഖ, മൂത്തവനായ ഇട്ടിച്ചെറിയതിന്റെ സന്താനപരമ്പരകൾ വലിയപരയ്ക്കാട്ട് എന്ന പേരിലും അറിയപ്പെടുന്നു.

ഇട്ടിച്ചെറിയത് മീനച്ചിൽ ആലഞ്ചേരിൽ തറവാട്ടിലെ ഏലിയെ വിവാഹം ചെയ്തു. 28–8–1863–ൽ ഈ ദമ്പതികളുടെ ഏകമകനായ തൊമ്മൻ ജനിച്ചു. തൊമ്മന്റെ ജനനശേഷം താമസംവിനാ ഇട്ടിച്ചെ റിയത് മരിച്ചു. ഭാര്യ ഏലി സ്വന്തം മകനോടൊപ്പം ആലഞ്ചേരിൽ തറവാട്ടിൽ താമസമാക്കി. അക്കാലത്തെ ഭരണാധികാരിയായിരുന്ന മീനച്ചിൽ കർത്താക്കളുടെ ഉണ്ണികൾക്ക് ശിക്ഷണം നൽകിയിരുന്ന കളരിയിൽ ചേർന്ന് തൊമ്മൻ പഠനം ആരംഭിച്ചു. പഠനം കഴിഞ്ഞ തൊമ്മൻ വളരെ കൈപുണ്യമുള്ള പ്രശസ്തനായ ആയുർവേദ നാട്ടു വൈദ്യനായി. തുടർന്ന് തന്റെ അമ്മയായ ഏലിയോടൊപ്പം പൂഞ്ഞാ റിലെത്തി പിതാവായ ഇട്ടിച്ചെറിയതിന്റെ കുടുംബവീതം സ്വത്തായ കൈപ്പൻപ്ലാക്കൽ പുരയിടം, പേപ്തി പുരയിടം, ഇടച്ചേരാകത്ത് പുരയിടം എന്നിവയിൽ കൈപ്പൻപ്ലാക്കൽ പുരയിടത്തിൽ താമസ മാക്കി. അരുവിത്തുറ ഇടവക ആലയ്ക്കപ്പറമ്പിൽ ചാണ്ടി–ത്രേസ്യാ ദമ്പതികളുടെ മകളായ മറിയത്തെ വിവാഹം ചെയ്തു. ഇട്ടിച്ചെറി യത്, ഏലി, ചാണ്ടി, ഔസേപ്പ്, ത്രേസ്യാ, മറിയം, അന്ന, തൊമ്മൻ എന്നിങ്ങനെ നാല് ആൺമക്കളും നാല് പെൺമക്കളും ജനിച്ചു. അക്കാലത്ത് തൊമ്മൻ അറപ്പുരയോടുകൂടിയ ‘വലിയപരയ്ക്കാട്ട്’ പുരയിടം വാങ്ങുകയും വലിയപരയ്ക്കാട്ട് എന്ന വീട്ടുപേരിൽ അറി യപ്പെടാനും തുടങ്ങി.

കഠിനാദ്ധ്വാനിയും കർമ്മധീരനുമായിരുന്ന തൊമ്മൻ ധാരാളം സ്വത്തു സമ്പാദിക്കുകയും പെൺമക്കളെ കെട്ടിച്ചയയ്ക്കുകയും ആൺമക്കളെ വിവാഹം കഴിപ്പിച്ച് മാറ്റിപ്പാർപ്പിക്കുകയും ചെയ്തു. 1894-ൽ മണ്ണാമറ്റം പുരയിടം വാങ്ങി അതിൽ കിടുമച്ചോടുകൂടിയ അറയും, നിരയുമുള്ള വീട് നിർമ്മിച്ച് താമസമാക്കി. 1948 ജൂലൈമാസം 19-ാം തീയതി തൊമ്മൻ നിര്യാതനായി. 1950 സെപ്റ്റംബർ 6-ാം തീയതി ഭാര്യ മറിയവും മരിച്ചു. ഇരുവരേയും പൂഞ്ഞാർ പള്ളി സെമിത്തേരിയിൽ കുടുംബക്കല്ലറയിൽ സംസ്കരിച്ചു.

ആദ്യകാലത്ത് പഴയപള്ളിയുടെ തെക്കുവശത്ത് സ്ഥിതിചെയ്തിരുന്ന സെമിത്തേരിയുടെ കിഴക്കുഭാഗം ഇഞ്ചക്കാട്ട്, മറ്റക്കാട്ട് കുടുംബക്കാർക്കായി പ്രത്യേകം നീക്കിവച്ചിരുന്നു. പഴയ പൂഞ്ഞാർ വലിയ പള്ളിയുടെ 'മദ്ബഹ' സ്ഥിതി ചെയ്തിരുന്ന സ്ഥലത്ത് വലിയപരക്കാട്ട് ഇട്ടിച്ചെറിയതിന്റെ മകനായ തൊമ്മന്റെ സ്മരണയ്ക്കായി മകൻ തോമസ് അന്നത്തെ പള്ളിയോഗ നിശ്ചയപ്രകാരം നിർമ്മിച്ചുനല്കിയ ഗ്രോട്ടോ സ്ഥിതി ചെയ്യുന്നു.

തൊമ്മന്റെ നാല് ആൺമക്കളെ യഥാക്രമം റോമൻ ലിപിയിൽ I ഇട്ടിച്ചെറിയത്, II ചാണ്ടി, III ഔസേപ്പ്, IV തൊമ്മൻ എന്നിങ്ങനെ രേഖപ്പെടുത്തുന്നു. ഏലി, ത്രേസ്യാ, മറിയം, അന്ന എന്നിവരാണ് പെൺമക്കൾ. പെൺമക്കളിൽ മൂത്ത മകളായ ഏലിയെ ആനിക്കാട് പള്ളി ഇടവക പള്ളിത്താഴെ വിവാഹം ചെയ്തു. മാനന്തവാടിയിലേക്ക് കുടിയേറിയ ഏലിക്ക് ആൺമക്കൾ ഇല്ലായിരുന്നു. രണ്ടാമത്തെ മകളായ ത്രേസ്യായെ പൂഞ്ഞാർ പള്ളി ഇടവക വാണിയപ്പുരയിൽ ഔസേപ്പ് - അന്ന ദമ്പതികളുടെ മകൻ ചാക്കോ വിവാഹം ചെയ്തു. 08-5-2004-നു ത്രേസ്യാ മരിച്ചു. മൂന്നാമത്തെ മകളായ മറിയ(കുഞ്ഞുമറിയം)ത്തെ പൂഞ്ഞാർ പള്ളി ഇടവക കണ്ടംപറമ്പിൽ തൊമ്മൻ - മറിയം മകൻ തോമസ് വിവാഹം ചെയ്തു. 13-8-1983 -ൽ കുഞ്ഞുമറിയം മരിച്ചു. ഭരണങ്ങാനം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. നാലാമത്തെ മകളായ കുഞ്ഞന്ന (അന്നമ്മ)യെ പ്ലാശനാൽ പള്ളി ഇടവക വടക്കേമണ്ഡപത്തിൽ വർക്കി- അന്നമ്മ മകൻ ജോസഫ് വിവാഹം ചെയ്തു. 04-01-2000-ൽ അന്നമ്മ മരിച്ചു. പ്ലാശനാൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## I വലിയപരയ്ക്കാട്ട് തൊമ്മൻ മകൻ ഇട്ടിച്ചെറിയത്

ഇഞ്ചക്കാട്ട്-വലിയപരയ്ക്കാട്ട് തൊമ്മൻ-മറിയം ദമ്പതികളുടെ നാല് ആൺമക്കളിൽ മൂത്ത പുത്രനാണ് ഇട്ടിച്ചെറിയത്. പ്ലാശ നാൽപ്പള്ളി ഇടവക താന്നിപ്പൊതിയിൽ ഏലിയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ ഒരു പുത്രൻ ജനിച്ചു. കുഞ്ഞൗസേപ്പ്. കുഞ്ഞൗസേപ്പിന്റെ ജനനശേഷം ഭാര്യ ഏലി നിര്യാതയായി. തുടർന്ന് പ്ലാശനാൽ പള്ളി ഇടവക വടക്കേ മണ്ഡപത്തിൽ ത്രേസ്യായെ വിവാഹം ചെയ്തു. തന്റെ രണ്ടാംവിവാഹത്തിൽ ത്രേസ്യായിൽ രണ്ട് കുട്ടികൾ ജനിച്ചു. തോമസ് എന്ന മകനും മറിയം എന്ന മകളും. മറിയത്തിന്റെ ജനനശേഷം ത്രേസ്യാ മരിച്ചു. അധികം താമസിയാതെ ഇട്ടിച്ചെറിയതും മരിച്ചു. 14-ാമത്തെ വയസ്സിൽ ഏക മകൾ മറിയവും മരിച്ചു.

## I-A വലിയപരയ്ക്കാട്ട് ഇട്ടിച്ചെറിയത് മകൻ കുഞ്ഞൗസേപ്പ്

ഇട്ടിച്ചെറിയതിന് ആദ്യഭാര്യ ഏലിയിൽ ജനിച്ച ഏക മകനാണ് കുഞ്ഞൗസേപ്പ്. അവിവാഹിതനായിരുന്ന കുഞ്ഞൗസേപ്പ് 1978 ഡിസംബർ 20-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു.

## I-B വലിയപരയ്ക്കാട്ട് ഇട്ടിച്ചെറിയത് മകൻ തോമസ്

ഇട്ടിച്ചെറിയതിന്റെ രണ്ടാംഭാര്യ ത്രേസ്യായിൽ ജനിച്ച മകനാണ് തോമസ്. 1919-ൽ ജനിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം പൂർത്തിയാക്കിയ തോമസ് പെരിങ്ങുളം ഇടവക നടയ്ക്കൽ (ചക്കനാൽ) ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കളും ഒരു മകനും. തങ്കമ്മ, വൽസമ്മ, മോളി എന്നിവരാണ് പെൺമക്കൾ. ജോയി ഏകമകനും. അവിവാഹിതയായിരുന്ന മുത്തമകൾ തങ്കമ്മ 1966-ൽ മരിച്ചു. രണ്ടാമത്തെ മകൾ വത്സമ്മ എം.എ ബിരുദധാരിയാണ്. പൂഞ്ഞാർ കിഴക്കേത്തോട്ടത്തിൽ പി.എൽ. സിറിയക് (സിബിച്ചൻ) വിവാഹം ചെയ്തു. രാഷ്ട്രീയ പ്രവർത്തകനായ സിറിയക് പൂഞ്ഞാർ പഞ്ചായത്ത് പ്രസിഡന്റ്, സഹ. ബാങ്ക് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മൂന്നാമത്തെ മകളായ മോളി എം.എ. ബിരുദധാരിയാണ്. കരിങ്കുന്നം പള്ളി ഇടവക ഈഴക്കുന്നേൽ ജയിംസിനെ വിവാഹം ചെയ്തു. തോമസ് 1956-ലും ത്രേസ്യാ 20-01-2008 ലും മരിച്ചു. ഇരുവരേയും കുന്നോന്നി സെന്റ് ജോസഫ് ദൈവാലയം സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## I-B-1 വലിയപരയ്ക്കാട്ട് ഇട്ടിച്ചെറിയത് തൊമ്മൻ മകൻ ജോയിച്ചൻ (ജോസഫ്)

തോമസ്-ത്രേസ്യാ ദമ്പതികളുടെ ഏക മകനാണ് ജോയിച്ചൻ. 21-02-1953-ൽ ജനിച്ച ജോയിച്ചൻ BSc പാസ്സായശേഷം പ്ലാന്റർ ആണ്. പൈക ഇടവക തൂങ്കുഴിയിൽ ജോസഫ്- ഏലിക്കുട്ടി ദമ്പതികളുടെ മകൾ ടെസ്സിയെ വിവാഹം ചെയ്തു. BSc ബിരുദധാരിയായ ടെസ്സി നല്ല കുടുംബിനിയാണ്. ഈ ദമ്പതികൾക്ക് നാല് മക്കൾ. തെരേസ, മരിയ, അന്ന എന്നീ മൂന്ന് പെൺമക്കളും ബോബി എന്ന ഏകമകനും. മൂത്ത മകൾ തെരേസ 18-03-1985-ൽ ജനിച്ചു. M.Tech നുശേഷം അദ്ധ്യാപികയാണ്. മൂവാറ്റുപുഴ നിർമ്മലമാതാ പള്ളി ഇടവക കൊമ്പനാത്തോട്ടം അഡ്വ. പ്രിൻസ് 20-01-2008-ൽ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മരിയ 06-05-1993-ൽ ജനിച്ചു. M.B.B.S ബിരുദധാരിയാണ് ഇപ്പോൾ M.S.ന് പഠിക്കുന്നു. ഇളയ മകൾ അന്ന 07-08- 2000-ൽ ജനിച്ചു. വിദ്യാർത്ഥിനിയാണ്.

## I-B-1a വലിയപരയ്ക്കാട്ട് ജോയിച്ചൻ (ജോസഫ്) മകൻ ബോബി

ജോയിച്ചൻ-ടെസ്സി ദമ്പതികളുടെ ഏക മകനാണ് ബോബി (ജോസഫ്). 16-06-1986-ൽ ജനിച്ചു. MTech ബിരുദധാരിയാണ്. 7-6-2014-ൽ നീണ്ടതലയ്ക്കൽ ജോസഫ്-വത്സമ്മ മകൾ മരിയ(അഞ്ജലി)യെ വിവാഹം ചെയ്തു. മരിയ അധ്യാപികയാണ്.

## II വലിയപരയ്ക്കാട്ട് തൊമ്മൻ മകൻ ചാണ്ടി

ഇഞ്ചക്കാട്ട് - വലിയപരയ്ക്കാട്ട് തൊമ്മൻ മറിയം ദമ്പതികളുടെ രണ്ടാമത്തെ മകനാണ് ചാണ്ടി. 1892-ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പിതാവിനോടൊപ്പം കൃഷിയിൽ ഏർപ്പെട്ടു. മികച്ച കർഷകനായ ചാണ്ടി പൂവരണി ഇടവക പാറേക്കാട്ട് മറ്റപ്പള്ളിയിൽ മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും നാല് പെൺമക്കളുമടക്കം ഏഴ് മക്കൾ. കുഞ്ഞ്, പാപ്പച്ചൻ, കുട്ടിയച്ചൻ എന്നിവരാണ് ആൺമക്കൾ. മറിയക്കുട്ടി, മാനി, കുട്ടിയമ്മ, ചിന്നമ്മ എന്നിവരാണ് പെൺമക്കൾ. 1936-ൽ ചാണ്ടിയും, 1988-ജനുവരി 2-ാം തീയതി മറിയവും നിര്യാതരായി. കുന്നോന്നി ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

ചാണ്ടിയുടെ മൂത്തമകൾ മറിയക്കുട്ടിയെ നന്ദിക്കാട്ട് ചിലമ്പിക്കുന്നേൽ മാത്യു വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ മാനിയെ

കുന്നോന്നി ഇടവക മണലംകുഴി കുര്യൻ വിവാഹം ചെയ്തു. ഇപ്പോൾ പാണത്തൂരിലാണ് താമസം. മൂന്നാമത്തെ മകൾ കുട്ടിയ മ്മയെ മണിയംകുന്ന് ഇടവക വയലിപ്പറമ്പിൽ തൊമ്മച്ചൻ വിവാഹം ചെയ്തു. ഇളയ മകൾ ചിന്നമ്മയെ പൂഞ്ഞാർ ഇടവക എടയാടി യിൽ ചാണ്ടി വിവാഹം ചെയ്തു.

## II-A വലിയപരയ്ക്കാട്ട് ചാണ്ടി മകൻ തോമസ് (വൈദ്യൻ കുഞ്ഞേട്ടൻ)

വലിയപരയ്ക്കാട്ട് ചാണ്ടി-മറിയം ദമ്പതികളുടെ മൂന്ന് ആൺമ ക്കളിൽ മൂത്ത മകനാണ് തോമസ്. നാട്ടുകാരും വീട്ടുകാരും വൈദ്യൻ കുഞ്ഞേട്ടൻ എന്നാണ് വിളിച്ചിരുന്നത്. 07-03-1915-ൽ ജനിച്ചു. 7-7-1989-ൽ മരിച്ചു. വിദ്യാഭ്യാസത്തിനുശേഷം വലിയപ്പനായ ഇട്ടി ച്ചെറിയത് തൊമ്മനോടൊപ്പം കുടുംബവീട്ടിൽ താമസിച്ച് വൈദ്യ ശുശ്രൂഷയിൽ സഹായിച്ചും പഠിച്ചും അറിയപ്പെടുന്ന വൈദ്യനായി മാറി. അയൽ പ്രദേശങ്ങളിൽ പലവിധ രോഗങ്ങളാൽ കഷ്ടപ്പെട്ടി രുന്ന അനേകം രോഗികൾക്ക് ആശ്രയമായിരുന്നു. പാലാ ഇടവക ഐക്കരയിൽ മറിയത്തെ 14-01-1933-ൽ വിവാഹം ചെയ്തു. 24-11 -1982-ൽ മരിച്ചു. മറിയം വീട്ടിൽ ചികിത്സ തേടി എത്തുന്ന ഏവർക്കും വേണ്ട പരിചരണം നൽകുകയും ഭർത്താവിനെ സഹായിക്കുകയും ചെയ്തിരുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും അഞ്ച് ആൺമക്കളുമടക്കം ഏഴ് മക്കൾ. മേരി, അന്നമ്മ എന്നിവരാണ് പെൺമക്കൾ. ഡോ.ചാണ്ടി (അപ്പച്ചൻ), ജോസഫ് ബി.ഇ. (ജോസു കുട്ടി), കുര്യൻ, ടോമി (തോമസ്), ജോർജുകുട്ടി (ജോർജ്ജ്) എന്നി വർ ആൺമക്കളും. മൂത്തമകൾ മേരി 08-03-1935-ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ മേരിയെ ഉള്ളനാട്ട് ഇടവക ഔസേപ്പ്പറമ്പിൽ കിഴക്കേമുറിയിൽ കൊച്ചപ്പച്ചൻ വിവാഹം ചെയ്തു. 1985 ഡിസംബർ 2-ന് മേരി മരിച്ചു. ഉള്ളനാട് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. രണ്ടാമത്തെ മകൾ അന്നമ്മ 04 -08-1938-ൽ ജനിച്ചു. 08-01-1958-ൽ കുന്നോന്നി ഇടവക മണ്ഡപ ത്തിൽകുന്നേൽ കുര്യൻ മകൻ സെബാസ്റ്റ്യൻ വിവാഹം ചെയ്തു കുന്നോന്നി പോസ്റ്റ് ഓഫീസിൽ പോസ്റ്റ്മാസ്റ്റർ ആയിരുന്നു.

## II-A-1 വലിയപരയ്ക്കാട്ട് തോമസ് (വൈദ്യൻ കുഞ്ഞേട്ടൻ) മകൻ ഡോ.ചാണ്ടി (അപ്പച്ചൻ)

തോമസിന്റെ അഞ്ച് ആൺമക്കളിൽ മൂത്ത മകനാണ് അപ്പ ച്ചൻ എന്ന് വിളിക്കുന്ന ഡോ.ചാണ്ടി DHM. 20-06-1940 -ൽ ജനിച്ചു.

പിതാമഹാന്മാരുടെ പാത പിന്തുടർന്ന് ഡോ.ചാണ്ടി പ്രസക്തമായ രീതിയിൽ വൈദ്യസേവനം ചെയ്യുന്നു. കാഞ്ഞിരപ്പള്ളി രൂപത യിൽപെട്ട കൊല്ലമുള ഇടവക പനച്ചിപ്പുറം ജോസഫ് - അച്ചാമ്മ ദമ്പതികളുടെ മകൾ റോസമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതി കൾക്ക് രണ്ടാണും ഒരു പെണ്ണുമടക്കം മൂന്നു മക്കൾ. സോണി, ബോബി എന്നിവരാണു ആൺമക്കൾ. ലല്ലു എക മകളും. 14-06 -1973-ൽ ജനിച്ച ലല്ലു MA BEd ന് ശേഷം അദ്ധ്യാപികയായി ജോലി നോക്കുന്നു. കോതമംഗലം രൂപത കദളിക്കാട്ട് ഇടവക നെല്ലിക്കു ന്നേൽ ജോസ് ലല്ലുവിനെ വിവാഹംചെയ്തു. MSc BEd പാസ്സായ ജോസ് അദ്ധ്യാപകനാണ്.

## II-A-1a വലിയപരയ്ക്കാട്ട് ഡോ. ചാണ്ടി മകൻ സോണി

ഡോ. ചാണ്ടിയുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് സോണി. 13-04-1971-ൽ ജനിച്ചു. ബിരുദാനന്തര ബിരുദത്തിനുശേഷം SWTD - യിൽ ജോലി ചെയ്യുന്നു. പൂഞ്ഞാർ ഇടവക കൊച്ചുവീട്ടിൽ ജോമി (ബ്രിജിറ്റ്) യെ 30-06-2007-ൽ വിവാഹം ചെയ്തു. MCA ബിരുദാധാരിയായ ജോമി M.G. University യിൽ ജോലിചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ.

## II-A-1b വലിയപരയ്ക്കാട്ട് ഡോ. ചാണ്ടി മകൻ ബോബി (ജോസഫ്)

ഡോ. ചാണ്ടിയുടെ ഇളയ മകനാണ് ബോബി. 30-11-1976-ൽ ജനിച്ചു. MSc BEd ന് ശേഷം അധ്യാപകനായി ജോലി ചെയ്യുന്നു. കോതമംഗലം രൂപത ആനിക്കാട് ഇടവക ദിവ്യായെ 11-09-2008-ൽ വിവാഹം ചെയ്തു. ദിവ്യ MCom ബിരുദാധാരിയാണ്. ഈ ദമ്പതി കൾക്ക് ഒരു കുട്ടി.

## II-A-2 വലിയപരയ്ക്കാട്ട് തോമസ് മകൻ ജോസുകുട്ടി ബി.ഇ.

തോമസ്- മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനാണ് ജോസുകുട്ടി. 20-11-1946-ൽ ജനിച്ചു. എഞ്ചിനീയറിംഗ് പഠനത്തി ന്ശേഷം കാനഡിൽ ജോലി ചെയ്യുന്നു. മരങ്ങാട്ടുപള്ളി ഇടവക രാമരത്തിൽ തോമസ് - ശോശാമ്മ ദമ്പതികളുടെ മകൾ സെലിനെ (ത്രേസ്യാ) 07-07-1971 ൽ വിവാഹം ചെയ്തു കാനഡയിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ജയ്സൻ, ജൂഡി, താര. USA യിലാണ് താമസം. ജോസുകുട്ടിയുടെ രണ്ട് പെൺമക്കളിൽ

മൂത്ത മകളായ ജൂഡി ഡോക്ടറാണ്. USA യിൽ ഡോക്ടറായ തുമ്പി യാംകുഴിയിൽ ബോബി വിവാഹം ചെയ്തു. ഇളയ മകൾ താരയും ഡോക്ടറാണ്. USAയിലാണ് സേവനം. ഭർത്താവ് ഡോക്ടർ റോണിയും USAയിലാണ്.

## II-A-2a വലിയപരയ്ക്കാട്ട് ജോസുകുട്ടി മകൻ ജയ്സൻ

ജോസുകുട്ടിയുടെ ഏകമകനാണ് ജയ്സൻ. ഡോക്ടറായ ജയ്സൻ USAയിൽ ജോലിചെയ്യുന്നു. ഭാര്യ റെജിയും ഡോക്ടറാണ്.

## II-A-3 വലിയപരയ്ക്കാട്ട് തോമസ് മകൻ കുര്യാച്ചൻ

തോമസ്-മറിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനാണു കുര്യാച്ചൻ. 18-01-1950- ൽ ജനിച്ചു. രണ്ട് വിഷയങ്ങളിൽ മാസ്ററർ ബിരുദവും, എം.എഡ് ഉം എം.ഫിൽ ഉം പാസ്സായി. ഇടുക്കി രൂപത യിലെ മുരിക്കാശ്ശേരി പാവനാത്മകോളേജിൽ പ്രിൻസിപ്പൽ ആയി റിട്ടയർ ചെയ്തു. മുരിക്കാശ്ശേരിയിലാണ് താമസം. പൂഞ്ഞാർ ഇട വക വരയാത്തുകരോട്ട് കുര്യൻ - മറിയം ദമ്പതികളുടെ മകൾ റോസ മ്മയാണ് ഭാര്യ. റോസമ്മയും ബിരുദധാരിയാണ്. ഈ ദമ്പതികൾക്ക് രണ്ട് ആണും ഒരു പെണ്ണുമടക്കം മൂന്ന് മക്കൾ. ടോം, ജിം എന്നിവർ ആൺമക്കളും റോസ് ഏക മകളും. റോസ് 22-06-1981-ൽ ജനിച്ചു. MSc MEd-ന് ശേഷം അദ്ധ്യാപികയായി ജോലി ചെയ്യുന്നു. കോത മംഗലം രൂപത ആരക്കക്കുഴ ഇടവക പട്ടരുമഠത്തിൽ മാനോജാണ് ഭർത്താവ്. മനോജ് ഹയർസെക്കന്ററി അദ്ധ്യാപകനാണ്.

## II-A-3a വലിയപരയ്ക്കാട്ട് കുര്യാച്ചൻ മകൻ ടോം (തോമസ്)

കുര്യൻ-റോസമ്മ ദമ്പതികളുടെ രണ്ട് ആൺമക്കളിൽ മൂത്തമ കനാണ് ടോം. 12-12-1978-ൽ ജനിച്ചു. MSc MEd-ന് ശേഷം അദ്ധ്യാ പകനായി ജോലിചെയ്യുന്നു. ഇടുക്കി രൂപത മഞ്ഞപ്പെട്ടി തൈകൂട്ട ത്തിൽ ഫിലിപ്പ്-ഷൈനമ്മ മകൾ ജിന്റുവിനെ 25-05-2012-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. 29-06 -2013-ൽ ജനിച്ച ജോവാക്കീം, 28-07-2014-ൽ ജനിച്ച ജോഹാൻ, 13-11-2017-ൽ ജനിച്ച തോമസ്.

## II-A-3b വലിയപരയ്ക്കാട്ട് കുര്യാച്ചൻ മകൻ ജിം (കുര്യൻ)

കുര്യാച്ചന്റെ ഇളയ മകനാണ് ജിം. 19-07-1984-ൽ ജനിച്ചു. MBA പാസ്സായ ജിം സൗണ്ട് എഞ്ചിനീയറായി ജോലി ചെയ്യുന്നു.

## II-A-4 വലിയപരയ്ക്കാട്ട് തോമസ് മകൻ ടോമി (തോമസ്)

വലിയ പരയ്ക്കാട് തോമസ്-മറിയാമ്മ ദമ്പതികളുടെ നാലാമത്തെ മകനാണ് ടോമി (തോമസ്). 15-03-1954-ൽ ജനനം. MCom ബിരുദാധാരിയായ ടോമി മികച്ച കർഷകൻകൂടിയാണ്. വൈക്കം ഇടവക ഇളംതുരുത്തിയിൽ ജോൺ-ത്രേസ്യാമ്മ മകൾ ജെസ്സിമ്മയെ 25-08-1980- വിവാഹം ചെയ്തു. ജെസ്സിമ്മ ഗൃഹകാര്യങ്ങളുമായി കഴിയുന്നു. ഈ ദമ്പതികൾക്ക് മൂന്ന് കുട്ടികൾ. ഡയന, ആഷ എന്നീ രണ്ട് പെൺമക്കളും ജോമി എന്ന ഏക മകനും. മൂത്തമകൾ ഡയന BCom ബിരുദത്തിനുശേഷം ഫാഷൻ ഡിസൈനർ ആയി ജോലി ചെയ്യുന്നു. പാലാരൂപത വാകക്കാട്ട് ഇടവക പുന്നത്താനിയിൽ ഫാഷൻ ഡിസൈനറായ സോണി (ജോർജ്ജ്) 22-2-2004 ൽ വിവാഹം ചെയ്തു. ഇളയമകൾ ആശ 7-11-1985-ൽ ജനിച്ചു. 21-11-2015-ൽ പാലാ രൂപത ജിയോവാലി ഇടവക പടവിൽ ചെറിയാൻ-കുട്ടിയമ്മ മകൻ ജോബി വിവാഹം ചെയ്തു.

## II-A-4a വലിയപരയ്ക്കാട്ട് ടോമി മകൻ ജോമി

ടോമിയുടെ ഏകമകനാണ് ജോമി. 16-03-2007-ൽ മരിച്ചു.

## II-A-5 വലിയപരയ്ക്കാട്ട് തോമസ് മകൻ ജോർജ്ജുകുട്ടി

തോമസ്-മറിയാമ്മ ദമ്പതികളുടെ ഇളയ മകനാണ് ജോർജ്ജുകുട്ടി. 20-9-1960-ൽ ജനിച്ചു. ഡിഗ്രിക്കുശേഷം കാർഷികവൃത്തിയുമായി കഴിയുന്നു. കുന്നോന്നിയിലാണ് താമസം. പാലാ രൂപത നരിയങ്ങാനം ഇടവക വേലംകുന്നേൽ പാപ്പച്ചൻ-ഏലിക്കുട്ടി ദമ്പതികളുടെ മകൾ മെർലിനെ 26-12-1996-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. അതുൽ (തോമസ്) ജനനം 06-12-1997, അഖിൽ (ജോസഫ്) ജനനം 17-10-1999. ഇരുവരും വിദ്യാർത്ഥികൾ

## II-B ഇഞ്ചക്കാട്ട് വലിയപരയ്ക്കാട്ട് ചാണ്ടി മകൻ പാപ്പച്ചൻ (ജോസഫ്)

വലിയപരയ്ക്കാട്ട് ചാണ്ടി - മറിയം ദമ്പതികളുടെ രണ്ടാമത്തെ മകനാണ് പാപ്പച്ചൻ എന്ന് വിളിക്കുന്ന ജോസഫ്. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കുന്നോന്നി കുഴിവേലിൽ ജോസഫ്-ത്രേസ്യാമ്മ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ദൈവം

പതിനൊന്ന് മക്കളെ നല്കി. അഞ്ച് ആൺമക്കളും ആറ് പെൺമക്കളും. കുഞ്ഞുകുട്ടി (ചാണ്ടി), ഔസേപ്പച്ചൻ, വർക്കിയച്ചൻ, തോമാച്ചൻ, ജോമോൻ എന്നിവരാണ് ആൺമക്കൾ. അച്ചാമ്മ, തെയ്യാമ്മ, എത്സമ്മ, കുട്ടിയമ്മ, ലില്ലി, റോസമ്മ എന്നിവർ പെൺമക്കളും 31-08-2007-ൽ പാപ്പച്ചനും, 29-06-2005 ൽ ത്രേസ്യാമ്മയും മരിച്ചു. ഇരുവരെയും കുന്നോന്നി ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

മൂത്തമകൾ അച്ചാമ്മയെ മൂന്നിലവ് പള്ളി ഇടവക ഓതറയിൽ കുഞ്ഞ് വിവാഹം ചെയ്തു. രണ്ടാമത്ത മകൾ തെയ്യാമ്മയെ പാലാ വയലിപ്പറമ്പിൽ സ്കറിയാ വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ എത്സമ്മയെ വാഴവര പനച്ചിക്കൽ തൊമ്മനും, നാലാമത്തെ മകൾ കുട്ടിയമ്മയെ കാഞ്ഞിരപ്പള്ളി രൂപത അഴങ്ങാട് ഇടവക മുണ്ടക്കൽ ബേബിയും, അഞ്ചാമത്തെ മകൾ ലില്ലിയെ തീക്കോയി ഇടവക വെട്ടിക്കൽ കുട്ടിച്ചനും വിവാഹംചെയ്തു. ആറാമത്തെ മകൾ റോസമ്മ സ്റ്റാഫ് നഴ്സാണ്. അമേരിക്കയിൽ ജോലി ചെയ്യുന്നു.

## II-B-1 വലിയപരയ്ക്കാട്ട് പാപ്പച്ചൻ (ജോസഫ്) മകൻ കുഞ്ഞുകുട്ടി (ചാണ്ടി)

പാപ്പച്ചൻ ത്രേസ്യാമ്മ ദമ്പതികളുടെ അഞ്ച് ആൺമക്കളിൽ മൂത്ത മകനാണ് കുഞ്ഞുകുട്ടി എന്ന് വിളിക്കുന്ന ചാണ്ടി. ഇടുക്കി ജില്ലയിലെ അഴങ്ങാട്ട് ഇടവകയിൽ താമസിച്ചു. ഇപ്പോൾ കാഞ്ഞിരപ്പള്ളി തമ്പലക്കാട് ഇടവകയിൽ നാലാം മൈലിൽ താമസം. പറത്താനം മുട്ടത്തുകുന്നേൽ തോമസ് - അന്ന ദമ്പതികളുടെ മകൾ മറിയക്കുട്ടിയെ 22-10-1962-ൽ വിവാഹം ചെയ്തു. എസ്.എസ്.എൽ.സി.ക്കാരിയായ മറിയക്കുട്ടി ഗൃഹഭരണവുമായി കഴിയുന്നു. ഈ ദമ്പതികൾക്ക് അഞ്ച് ആൺമക്കളും മൂന്ന് പെൺമക്കളും. ജോസുകുട്ടി, ടോമി, ബിജു, അജി, ജോജി എന്നിവരാണ് ആൺമക്കൾ. ലൗലി, ലാലി, സാലി എന്നിവർ പെൺമക്കളും.

പെൺമക്കളിൽ മൂത്തവളായ ലൗലി (മറിയം) എസ്.എസ്.എൽ.സി വിദ്യാഭ്യാസത്തിനുശേഷം കാഞ്ഞിരപ്പള്ളി രൂപത പൊൻകുന്നം ഇടവക കുരീക്കാട്ട് ജോസഫ് 05-2-1996-ൽ വിവാഹം ചെയ്തു. ജോസഫ് കാഞ്ഞിരപ്പള്ളിയിൽ ബിസ്സിനസ് നടത്തുന്നു. രണ്ടാമത്തെ മക്കളായ ലാലി (ത്രേസ്യാ) 23-10-1970 ൽ ജനിച്ചു.

PDC യ്ക്ക് ശേഷം ടൈപ്പ്റൈറ്റിംഗ് പാസ്സായ ലാലി ഗുജറാത്തിൽ ജോലിയിലായിരിക്കേ 19-05-1999-ൽ കാഞ്ഞിരംപുഴ ഇടവക കായൽചിറയിൽ ബെജി (വർഗീസ്) വിവാഹം ചെയ്തു. മൂന്നാമത്തെ മകളായ സാലി (അന്ന) PDC വിദ്യാഭ്യാസത്തിനുശേഷം സന്യസ്തസഭയിൽ ചേർന്നു. സി. അൻസാ എന്ന പേരിൽ അറിയപ്പെടുന്നു. 25-02-1973 -ൽ ജനിച്ച സാലി 27-04-2001-ൽ വ്രതവാഗ്ദാനം ചെയ്തു. ചങ്ങനാശ്ശേരി പുന്നവേലി മഠത്തിലാണ് സേവനം.

## II-B-1a വലിയപരയ്ക്കാട്ട് കുഞ്ഞുകുട്ടി (ചാണ്ടി) മകൻ ജോസുകുട്ടി (ജോസഫ്)

കുഞ്ഞുകുട്ടിയുടെ അഞ്ച് ആൺമക്കളിൽ മൂത്തമകനാണ് ജോസുകുട്ടി (ജോസഫ്). 21-01-1965-ൽ ജനിച്ച ജോസുകുട്ടി MCA ബിരുദത്തിനുശേഷം IHRD യിൽ ലക്ചറർ ആയി ജോലിചെയ്യുന്നു. പാലാ, ഉള്ളനാട് ഔസേപ്പ്പറമ്പിൽ അപ്പച്ചൻ-മേരി ദമ്പതികളുടെ മകൾ റോസിലിയെ 10.07.1996-ൽ വിവാഹം ചെയ്തു. റോസിലി BA ബിരുദധാരിണിയാണ്. അലൻ, അലീന, അപ്പു എന്നീ രണ്ട് ആൺകുട്ടികളും ഒരു മകളും അടക്കം ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. മൂവരും വിദ്യാർത്ഥികളാണ്. അലൻ കാനാഡയിൽ പഠിക്കുന്നു.

## II-B-1b വലിയപരയ്ക്കാട്ട് ചാണ്ടി മകൻ ടോമി (തോമസ്)

ചാണ്ടിയുടെ രണ്ടാമത്തെ മകനാണ് ടോമി (തോമസ്). 16-07-1967 ജനിച്ച ഇദ്ദേഹം കൃഷിയും കച്ചവടവുമായി അഴങ്ങാട്ടിൽ കഴിയുന്നു. കാഞ്ഞിരപ്പള്ളി രൂപത മേരികുളം ഇടവക കിഴക്കേമുറി തോമസ്-അന്ന ദമ്പതികളുടെ മകൾ അന്നമ്മയാണ് ഭാര്യ. BA ബിരുദധാരിണിയായ അന്നമ്മ നല്ല ഗൃഹസ്ഥയാണ്. കാത്തു (കൊച്ചുത്രേസ്യാ), കുഞ്ചു (അന്നമ്മ), മരിയ, അലക്സ് എന്നീ നാലു മക്കൾ.

## II-B-1c വലിയപരയ്ക്കാട്ട് ചാണ്ടി മകൻ ബിജു (അലക്സ്)

ചാണ്ടി-മറിയക്കുട്ടി ദമ്പതികളുട മൂന്നാമത്തെ പുത്രനാണ് ബിജു (അലക്സ്). 25-02-1977 -ൽ ജനിച്ചു. BCom ബിരുദാധാരിയായ ബിജു കേരളാ പോലീസിൽ ജോലി ചെയ്യുന്നു. കാഞ്ഞിരപ്പള്ളി രൂപത മേരികുളം ഇടവക പള്ളിപ്പറമ്പിൽ ജോണി ലിസി ദമ്പതികളുടെ മകൾ ലിജോയാണ് ഭാര്യ. അധ്യാപികയാണ്. ഇവർക്ക് ബെൻലി, ബിയോണ എന്നീ രണ്ടു പെൺമക്കൾ.

## II-B-1d വലിയപരയ്ക്കാട്ട് ചാണ്ടി മകൻ അജി (മാത്യു)

ചാണ്ടിയുടെ നാലാമത്തെ മകനാണ് അജി (മാത്യു). 25-2-1977-ൽ ജനിച്ചു. BA ബിരുദധാരിയായ അജി മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ ആയി ജോലി ചെയ്യുന്നു. പാലാ- മണിയങ്കുളം ഇടവകയിൽ അറയ്ക്കപറമ്പിൽ ജോസഫ് ഏലിയാമ്മ മകൾ എലിസബത്താണ് ഭാര്യ. ഇവർക്ക് രണ്ടു മക്കൾ.

## II-B-1c വലിയപരയ്ക്കാട്ട് ചാണ്ടി മകൻ ജോജി (ജോർജ്ജ്)

ചാണ്ടിയുടെ അഞ്ചാമത്തെ പുത്രനാണ് ജോജി (ജോർജ്ജ്). 18-03-1979-ൽ ജനിച്ചു. BSc നഴ്സായ ജോജി കാനഡയിൽ ജോലി ചെയ്യുന്നു. പാലാരൂപത കൂടല്ലൂർ ഇടവകയിൽ ഉലകംതറകുഴിയിൽ ജോയി ലിസി മകൾ അൽഫോൻസ (ജിനു)യാണ് ഭാര്യ. ഇവർക്ക് ഒരു മകളുണ്ട്.

## II-B-2 വലിയപരയ്ക്കാട്ട് പാപ്പച്ചൻ (ജോസഫ്) മകൻ ഔസേപ്പച്ചൻ (ജോസഫ്)

പാപ്പച്ചന്റെ രണ്ടാമത്തെ പുത്രനാണ് ഔസേപ്പച്ചൻ (ജോസഫ്). പൂഞ്ഞാർ ഇടവക വടക്കേൽ കുര്യൻ-മറിയം ദമ്പതികളുടെ മകൾ സെലിനാണ് ഭാര്യ. 7-11-1978-ൽ ആയിരുന്നു വിവാഹം. ഇവർക്ക് മൂന്നു ആൺകുട്ടികൾ. സോജോ (ജോസഫ്), പയസ്കുട്ടി (ഡൊമിനിക്), അജോ (ജോൺസൺ). കുന്നോന്നിയിലാണ് താമസം.

## II-B-2a വലിയപരയ്ക്കാട്ട് ഔസേപ്പച്ചൻ മകൻ സോജോ (ജോസഫ്)

ഔസേപ്പച്ചന്റെ മൂത്ത പുത്രനാണ് സോജോ.

## II-B-2b വലിയപരയ്ക്കാട്ട് ഔസേപ്പച്ചൻ മകൻ പയസ്കുട്ടി (ഡൊമിനിക്)

ഔസേപ്പച്ചന്റെ രണ്ടാമത്തെ പുത്രനാണ് പയസ്കുട്ടി. IT Professionalist. ചെന്നൈയിലാണ് താമസം. പയസുകുട്ടിയുടെ ഭാര്യ സാനിയ. റേഡിയോളജിസ്റ്റ് ആണ്. ഇവർക്ക് ഒരു പെൺകുട്ടി.

## II-B-2c വലിയപരയ്ക്കാട്ട് ഔസേപ്പച്ചൻ മകൻ അജോ (ജോൺസൺ)

ഔസേപ്പച്ചന്റെ ഇളയമകനാണ് അജോ. അജോയുടെ ഭാര്യ പ്രിയങ്ക. നഴ്സാണ്, ബാംഗ്ലൂരിൽ താമസം.

## II-B-3 വലിയപരയ്ക്കാട്ട് പാപ്പച്ചൻ (ജോസഫ്) മകൻ വർക്കിച്ചൻ (ജോർജ്)

പാപ്പച്ചന്റെ മൂന്നാമത്തെ മകനാണ് വർക്കിച്ചൻ. 25-08-1955-ൽ ജനിച്ചു. 30-01-1984-ൽ പാലാ രൂപത പിണ്ണാക്കനാട് ഇടവക മറ്റപ്പള്ളിൽ ജോർജ്-മേരി ദമ്പതികളുടെ മകൾ റോസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് നാല് മക്കൾ. രണ്ട് പെൺമക്കളും, രണ്ട് ആൺമക്കളും. റോൾവി (തെരേസ), കുഞ്ഞുമോൾ (മേരി) എന്നിവരാണ് പെൺമക്കൾ. ജോജോ (ജോസഫ്), ഡോം (ഡൊമിനിക്) എന്നിവർ ആൺമക്കളും. കുന്നോന്നിയിലാണ് താമസം. റോൾവിയെ കാഞ്ഞിരപ്പള്ളി പഴയിടം ഇടവക തളികപ്പറമ്പിൽ റോഷി ഫ്രാൻസിസും റോസ്മിയെ ഏന്തയാർ ഇടവക കാക്കല്ലിൽ ഷൈജുവും വിവാഹംചെയ്തു. ജോജോ ഷെഫ് ആയി ജോലിചെയ്യുന്നു. ഡോം വിദ്യാർത്ഥിയാണ്.

## II-B-4 വലിയപരയ്ക്കാട്ട് പാപ്പച്ചൻ (ജോസഫ്) മകൻ തോമാച്ചൻ (തോമസ്)

പാപ്പച്ചന്റെ നാലാമത്തെ പുത്രനാണ് തോമാച്ചൻ. 1957 ഡിസംബറിൽ ജനിച്ചു. ബിരുദധാരിയായ തോമാച്ചൻ ബിസ്സിനസ്സിനോടൊപ്പം മികച്ച കർഷകൻ കൂടിയാണ്. കുന്നോന്നിയിൽ താമസിക്കുന്നു. പാലാ രൂപത പാളയം ഇടവക കുന്നയ്ക്കാട്ട് മത്തായി-മറിയം ദമ്പതികളുടെ മകൾ സിസിലി(അന്നമ്മ)യെ 20-10-1986-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. സുബിൻ (ജോസഫ്), അനുമോൾ (ട്രീസാ). സുബിൻ 02-10-1987-ലും അനുമോൾ 02-10-1991-ലും ജനിച്ചു. BSc നഴ്സായ സുബിൻ 9-7-2016-ൽ അടിവാരം ഇടവക അറയ്ക്കപറമ്പിൽ ജോസഫ് സെലിൻ മകൾ നീതുവിനെ വിവാഹം ചെയ്തു. നീതു പോണ്ടിച്ചേരിയിൽ JIPMERൽ Nurse. അനുമോൾ ആലുവായിൽ രാജഗിരി ഹോസ്പിറ്റലിൽ ഡയറ്റീഷ്യനായി ജോലിചെയ്യുന്നു.

## II-B-5 വലിയപരയ്ക്കാട്ട് പാപ്പച്ചൻ (ജോസഫ്) മകൻ ജോമോൻ (മാത്യു)

പാപ്പച്ചന്റെ അഞ്ചാമത്തെ മകനാണ് ജോമോൻ. PDC പാസായ ജോമോൻ ഫിസിയോതെറാപ്പിസ്റ്റ് ആയി ജോലി ചെയ്യുന്നു. കാഞ്ഞി

രപ്പള്ളി രൂപത മുണ്ടക്കയം പള്ളി ഇടവക കോയിപ്പുറം മാത്യു-മറിയാമ്മ ദമ്പതികളുടെ മകൾ റെജി (മറിയാമ്മ)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും ഒരു മകനുമടക്കം മൂന്നു മക്കൾ. അൻജ (ത്രേസ്യാമ്മ), ജോസി (ജോസഫ്), അനിറ്റ് (അന്ന). ജോമോനും കുടുംബവും പനച്ചികപാറയിലാണ് താമസം.

## II-C വലിയപരയ്ക്കാട്ട് ചാണ്ടി മകൻ കുട്ടിയച്ചൻ (ചാണ്ടി)

ചാണ്ടി-മറിയം ദമ്പതികളുടെ മൂന്നാമത്തെ മകനാണ് കുട്ടിയച്ചൻ. മികച്ച കർഷകനായ കുട്ടിയച്ചൻ മണിയംകുന്ന് പള്ളി ഇടവക നാത്തനാൽ തോട്ടത്തിൽ മത്തായി-ഏലി ദമ്പതികളുടെ മകൾ മറിയക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. അഞ്ച് ആൺമക്കളും മൂന്ന് പെൺമക്കളും. ജോയിമോൻ (മാത്യു), കുട്ടപ്പൻ (തോമസ്), ജോർജ്ജുകുട്ടി (വർക്കി), സാബു (കുര്യൻ), ജോസുകുട്ടി (ജോസഫ്) എന്നിവരാണ് ആൺമക്കൾ. ഷേർളി, മിനി, തങ്കമ്മ എന്നിവർ പെൺമക്കളും.

മൂത്തമകൾ ഷേർളി BA ബിരുദധാരിണിയാണ്. കല്ലാർകുട്ടി ഇടവക വാഴേപ്പറമ്പിൽ സ്കറിയാ (ചെറിയാൻ) 12-05-1985-ൽ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മിനിയെ PDC വിദ്യാഭ്യാസത്തിനുശേഷം ഇടുക്കി രൂപത ചെമ്മണ്ണാർ ഇടവക ചെട്ടിശ്ശേരി ജിജി (വർക്കി) 15-01-1981-ൽ വിവാഹം ചെയ്തു. ഇളയമകൾ തങ്കമ്മ (ത്രേസ്യാമ്മ)യെ പാലാരൂപത ഇടപ്പാടി ഇടവക വടക്കേചൂണ്ടിക്കുളം ദേവസ്യാച്ചൻ വിവാഹം ചെയ്തു.

## II-C-1 വലിയപരയ്ക്കാട്ട് കുട്ടിയച്ചൻ(ചാണ്ടി) മകൻ ജോയിമോൻ(മാത്യു)

കുട്ടിയച്ചന്റെ അഞ്ച് ആൺമക്കളിൽ മൂത്ത മകനാണ് ജോയിമോൻ. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജോയിമോൻ ബിസ്സിനസ് നടത്തുന്നു. കാഞ്ഞിരപ്പള്ളി ഇടവക മുല്ലശ്ശേരിൽ തോമസ്-അന്നമ്മ ദമ്പതികളുടെ മകൾ അച്ചാമ്മയെ 3 0-6-1980-ൽ വിവാഹം ചെയ്തു. അച്ചാമ്മ ഗൃഹനായികയാണ്. പൂഞ്ഞാർ തെക്കേക്കരയാണ് താമസം.ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. മനു (ചാണ്ടി), ഷെറിൻ (തോമസ്), ഷാനു (മാത്യു).

## II-C-1a വലിയപരയ്ക്കാട്ട് ജോയിമോൻ(മാത്യു) മകൻ മനു (അലക്സ്)

ജോയിമോന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് മനു. ഇലക്ട്രിക്കൽ സൂപ്പർ വൈസറായി അബുദാബിയിൽ ജോലി ചെയ്യുന്നു. പാലാ രൂപത കോതനല്ലൂർ ഇടവക ആന്റോ-ലിസി മകൾ ആഷ്‌ലിയെ (BSc Nurse) 2013-ൽ വിവാഹം ചെയ്തു. ഏകമകൻ ബനഡിക്ട്.

## II-C-1b വലിയപരയ്ക്കാട്ട് ജോയിമോൻ മകൻ ഷെറിൻ (തോമസ്)

ജോയിമോന്റെ രണ്ടാമത്തെ മകനാണ് ഷെറിൻ. 30-01-1983ൽ ജനിച്ചു. MA Bed, MBA -നു ശേഷം ഓസ്ട്രേലിയായിൽ ജോലി ചെയ്യുന്നു. കോതമംഗലം രൂപത പൈങ്ങോട്ടൂർ ഇടവക പാറയ്ക്കൽ ആഗസ്തി-ലീലമ്മ മകൾ ലല്ലുവിനെ (MSc Nurse) വിവാഹം ചെയ്തു. ഏകമകൾ അൽഫോൻസ.

## II-C-1c വലിയപരയ്ക്കാട്ട് ജോയിമോൻ മകൻ ഷാനു (മാത്യു)

ജോയിമോന്റെ മൂന്നാമത്തെ മകനാണ് ഷാനു. 23-03-1988-ൽ ജനിച്ചു. B.Teh ബിരുദാധാരിയാണ്. ന്യൂസിലാന്റിൽ ജോലിചെയ്യുന്നു. കാഞ്ഞിരപ്പള്ളി രൂപത കൂവപ്പള്ളി ഇടവക മുട്ടത്തുകുന്നേൽ ടോമി -സാലി മകൾ മെറിനെ (BSc Nurse)14-2-2019-ൽ വിവാഹം ചെയ്തു.

## II-C-2 വലിയപരയ്ക്കാട്ട് കുട്ടിയച്ചൻ (ചാണ്ടി) മകൻ കുട്ടപ്പൻ (തോമസ്)

കുട്ടിയച്ചൻ-മറിയക്കുട്ടി ദമ്പതികളുടെ രണ്ടാമത്തെ മകനാണ് കുട്ടപ്പൻ എന്ന് വിളിക്കുന്ന തോമസ്. പൂഞ്ഞാർ തെക്കേക്കരയിലാണ് താമസം. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ബിസിനസ്സ് നടത്തുന്നു. കാഞ്ഞിരപ്പള്ളി രൂപത കപ്പാട് ഇടവക ചിറയ്ക്കൽ ചാക്കോ-മറിയം ദമ്പതികളുടെ പുത്രി തെയ്യാമ്മയെ 11-04-1985-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. ടുട്ടു (അലക്സ്), ആര്യ (മറിയം). മകൾ ആര്യ 11-09-1991-ൽ ജനിച്ചു. വിദ്യാർത്ഥിനിയാണ്.

## II-C-2a വലിയപരയ്ക്കാട്ട് കുട്ടപ്പൻ മകൻ ടുട്ടു (അലക്സ്)

കുട്ടപ്പന്റെ ഏക മകനാണ് അലക്സ്. 09-05-1986 -ൽ ജനിച്ചു. ഡിഗ്രി ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പാസ്സായി. ലണ്ടനിൽ ജോലിചെയ്യുന്നു. പാലാരൂപത മുളക്കുളം ഇടവക കുറ്റികോട്ടയിൽ മാത്യു-ലിസി മകൾ മിന്നുവിനെ 2017-ൽ വിവാഹം ചെയ്തു. മിന്നു അയർലൻണ്ടിൽ നഴ്സായി ജോലിചെയ്യുന്നു.

## II-C-3 വലിയപരയ്ക്കാട്ട് കുട്ടിയച്ചൻ (ചാണ്ടി) മകൻ സാബു (കുര്യൻ)

കുട്ടിയച്ചന്റെ മൂന്നാമത്തെ മകനാണ് സാബു (കുര്യൻ). 30-9-1960-ൽ ജനിച്ചു. ബിസിനസ്സ് നടത്തുന്നു. പാലാരൂപത തിടനാട് ഇടവക വള്ളിയാംതടത്തിൽ തോമസ്-മേരി ദമ്പതികളുടെ മകൾ മേരിക്കുട്ടിയെ 2-09-1983-ൽ വിവാഹം ചെയ്തു. പൂഞ്ഞാർ തെക്കേക്കരയാണ് താമസം. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ലക്സിമോൾ, അലക്സ്, തെരേസ. മൂത്ത മകൾ ലക്സിമോൾ 25-6-1987-ൽ ജനിച്ചു. സ്റ്റാഫ് നഴ്സ്സായി ജോലി ചെയ്യുന്നു. 08-06-1989-ൽ ജനിച്ച അലക്സ് ഹോട്ടൽ മാനേജ്മെന്റ് പഠനശേഷം ജോലിയിലാണ്. 17-06-1995-ൽ ജനിച്ച തെരേസ വിദ്യാർത്ഥിനിയാണ്.

## II-C-4 വലിയപരയ്ക്കാട്ട് കുട്ടിയച്ചൻ (ചാണ്ടി) മകൻ ജോർജ്ജുകുട്ടി (വർക്കി)

കുട്ടിയച്ചന്റെ നാലാമത്തെ മകനാണ് ജോർജ്ജുകുട്ടി (വർക്കി). സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷിക്കാര്യങ്ങളുമായി കഴിയുന്നു. പാലാ രൂപത മുണ്ടാങ്കൽ ഇടവക പൂവേലിൽ മോളി (കൊച്ചുത്രേസ്യാ) യെ 09-11-1992-ൽ വിവാഹം ചെയ്തു. മോളി ഗൃഹഭരണത്തിലാണ്. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. ചാൾസ് (ചാണ്ടി), ഡോൺ (സെബാസ്റ്റ്യൻ), ക്രിസ്റ്റിൻ (വർക്കി), ചാൾസ് 29-08-1993 ലും, ഡോൺ 27-10 1996 ലും ക്രിസ്റ്റി 15-06-2007 ലും ജനിച്ചു. മൂവരും വിദ്യാർത്ഥികളാണ്.

## II-C-5 വലിയപരയ്ക്കാട്ട് കുട്ടിയച്ചൻ (ചാണ്ടി) മകൻ ജോസുകുട്ടി (ജോസഫ്)

കുട്ടിയച്ചന്റെ അഞ്ചാമത്തെ മകനാണ് ജോസുകുട്ടി. 26-02-1972-ൽ ജനിച്ചു. കൃഷികാര്യങ്ങളുമായി കഴിയുന്നു. പൂഞ്ഞാർ ഇടവക വടക്കേൽ (നടുവിലേമുറി) ജോസഫ്-മേരി ദമ്പതികളുടെ

മകൾ ജിൻസി (ക്ലാരീസ്) യെ വിവാഹം ചെയ്തു. ഈ ദമ്പതി കൾക്ക് രണ്ട് മക്കൾ. പ്രിൻസ് (അലക്സ്) 03-02-2003-ൽ ജനിച്ചു. ആൽബർട്ട് (ജോസഫ്) 6-5-2011-ൽ ജനിച്ചു.

## III വലിയപരയ്ക്കാട്ട് തൊമ്മൻ മകൻ കുഞ്ഞൗസേപ്പ് (ജോസഫ്)

ഇഞ്ചക്കാട്ട് വലിയപരയ്ക്കാട്ട് തൊമ്മൻ മറിയം ദമ്പതികളുടെ മൂന്നാമത്തെ മകനാണ് കുഞ്ഞൗസേപ്പ് (ജോസഫ്) 1884-ൽ ജനിച്ചു. പൂഞ്ഞാർ ഇടവക തെള്ളിയിൽ ജോസഫ് ഏലി ദമ്പതികളുടെ മകൾ കുഞ്ഞേലി (ഏലി)യെ വിവാഹം ചെയ്തു. കഠിനാദ്ധ്വാനിയും മികച്ച കർഷകനുമായിരുന്നു. അഞ്ച് പെൺമക്കളും, മൂന്ന് ആൺമക്കളുമടക്കം എട്ട് മക്കൾ. മാമ്മി(മറിയം), ഏലിക്കുട്ടി (ഏലി), കുഞ്ഞന്ന (അന്നമ്മ), കൊച്ചുത്രേസ്യാ (ത്രേസ്യാ), കുഞ്ഞുറോസ (റോസമ്മ) എന്നിവരാണ് പെൺമക്കൾ. കുഞ്ഞ് (തോമസ്), അപ്പച്ചൻ (ജോസഫ്), തങ്കച്ചൻ (ജോർജ്ജ്) എന്നിവർ ആൺമക്കളും. 02-02-1979-ൽ കുഞ്ഞൗസേപ്പും, 26-07-1977-ൽ കുഞ്ഞേലിയും നിര്യാതരായി. ഇരുവരേയും കുന്നോന്നി ദൈവാലയ സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ സംസ്കരിച്ചു.

മൂത്തമകൾ മാമ്മി (മറിയം) സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി, തിടനാട് ഇടവക കുമ്മണ്ണൂപറമ്പിൽ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. മൂത്ത മകൾ മാമ്മി ജനിച്ച് അധികം താമസിയാതെ മരണമടഞ്ഞു. രണ്ടാമത്തെ മകളായ ഏലിക്കുട്ടി (ഏലി)യെ ഭരണങ്ങാനം ഇടവക പൈകടയിൽ കുരുവിള വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് കുട്ടികൾ ഇല്ലായിരുന്നു. ഏലി നിര്യാതയായി. മൂന്നാമത്തെ മകൾ കുഞ്ഞന്ന (അന്നമ്മ). 1097 ധനുമാസം 14-ാം തീയതി ജനിച്ച കുഞ്ഞന്നയെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഭരണങ്ങാനം ഇടവക തോട്ടക്കര വർക്കി-ഏലി ദമ്പതികളുടെ മകൻ തൊമ്മച്ചൻ (തോമസ്) വിവാഹം ചെയ്തു. നാലാമത്തെ മകൾ കൊച്ചുത്രേസ്യാ 16 കർക്കിടകം 1099-ൽ ജനിച്ചു. മലയാളം ഹയർ പാസ്സായ കൊച്ചുത്രേസ്യാ FCC കോൺവന്റ് അംഗമായി സി. ഡിയാഗോ എന്ന പേര് സ്വീകരിച്ചു. സ്കൂൾ അദ്ധ്യാപികയായിരുന്ന സി. ഡിയാഗോ വിരമിച്ചശേഷം മണിയംകുന്ന് മഠത്തിൽ വിശ്രമജീവിതം നയിക്കവേ 2-11-2013-ൽ നിര്യാതയായി. മണിയംകുന്ന് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. അഞ്ചാമത്തെ മകളായ കുഞ്ഞുറോസ (റോസമ്മ) 1102-ൽ ചെമ്പ് ഇടവക കണ്ടത്തിൽ

മാത്യു-കത്രീനാ ദമ്പതികളുടെ മകൻ ജോസഫ് വിവാഹം ചെയ്തു. 25-10-1947-ൽ മകൾ സാലിക്കുട്ടിയുടെ ജനനശേഷം ഭർത്താവ് ജോസഫ് മരിച്ചു. തുടർന്ന് മേലുകാവ്മറ്റം ഇടവക തെക്കേക്കണ്ട ത്തിൽ തൊമ്മച്ചൻ കുഞ്ഞുറോസയെ പുനർ വിവാഹം ചെയ്തു. 2-12-2016-ൽ മരിച്ചു.

## III A വലിയപരയ്ക്കാട്ട് കുഞ്ഞൗസേപ്പ് മകൻ കുഞ്ഞ് (ജോസഫ് തോമസ്)

കുഞ്ഞൗസേപ്പ്-കുഞ്ഞേലി ദമ്പതികളുടെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന തോമസ്. 22-11-1928-ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ കുഞ്ഞ് കാഞ്ഞി രപ്പള്ളി ഇടവക കരിക്കാട്ട് പറമ്പിൽ ഇട്ടിയവിരാ-ബ്രിജിറ്റ് ദമ്പതി കളുടെ മകൾ മേരിയമ്മയെ 21-02-1952-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. ആറ് പെൺമക്കളും രണ്ട് ആൺമക്കളും. ലൗലി, തങ്കമ്മ, ലിജി, ആനിയമ്മ, റെസി, കുസുമം എന്നിവരാണ് പെൺമക്കൾ. സാജു, ലിനോ എന്നിവർ ആൺമക്കളും. 13-09-1988-ൽ കുഞ്ഞ് നിര്യാതനായി. മേരിയമ്മ 29-03-2017-ൽ നിര്യാതയായി. പൂഞ്ഞാർ ദേവാലയ സെമിത്തേരിയിലെ കുടുംബക്കല്ലറയിൽ സംസ്കരിച്ചു.

മൂത്തമകൾ ലൗലി 22-04-1954-ൽ ജനിച്ചു. കോളേജ് വിദ്യാ ഭ്യാസം പൂർത്തിയാക്കിയ ലൗലിയെ പാലാ രൂപത തിടനാട് ഇട വക കള്ളിവയലിൽ ജോർജ്ജ് (ജോയി) 25-05- 1975-ൽ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ തങ്കമ്മ (ബ്രിജിറ്റ്) 17-03-1956-ൽ ജനിച്ചു. തലശ്ശേരി രൂപത പൊൻമല ഇടവക തൊഴുത്തുങ്കവയലിൽ കുറുവച്ചൻ (സിറിയക്) വിവാഹം ചെയ്തു. കണ്ണൂർ ജില്ലയിലെ അരങ്ങ് പൊൻമലയാണ് താമസം. മൂന്നാമത്തെ മകൾ ലിജി (മറിയം)യെ തോട്ടയ്ക്കാട് ഇടവക കയ്യാലാത്ത് ജോജോ (മാത്യു) വിവാഹം ചെയ്തു. ലിജിയുടെ ജനനം 01-10-1959-ൽ ആണ്. അരുവി ത്തുറയിൽ താമസിക്കുന്നു. നാലാമത്തെ മകൾ ആനിയമ്മ (ആനി) 26-02-1961-ൽ ജനിച്ചു. തലശ്ശേരി രൂപത വെള്ളരിക്കുണ്ട് ഇടവക കരിമ്പനയ്ക്കൽ തൊമ്മച്ചൻ 11-01-1987-ൽ വിവാഹംചെയ്തു. തൊമ്മ ച്ചൻ 18-05-1999-ൽ മരിച്ചു. വെള്ളരിക്കുണ്ട് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. അഞ്ചാമത്തെ മകൾ റെസി(റോസ) 28-06-1963-ൽ ജനിച്ചു. പാലാരൂപത മുണ്ടാങ്കൽ പള്ളി ഇടവക ഇല്ലിമൂട്ടിൽ ലാലി

ച്ചൻ (മാത്യു) 06-09-1990-ൽ വിവാഹം ചെയ്തു. ആറാമത്തെ മകൾ കുസുമം (കൊച്ചുത്രേസ്യ) 25-10-1965-ൽ ജനിച്ചു. ചങ്ങനാശ്ശേരി രൂപത ളായിക്കാട്ട് ഇടവക തേവർകാട്ട് ഔസേപ്പച്ചൻ (ജോസഫ്) 20-02-1992-ൽ വിവാഹം ചെയ്തു.

## III A-1 വലിയപരയ്ക്കാട്ട് കുഞ്ഞ് (തോമസ്) മകൻ സാജു (ജോസഫ്)

കുഞ്ഞിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് സാജു (ജോസഫ്), 08-03-1958-ൽ ജനിച്ചു. പാലാ രൂപത സേവ്യർപുരം ഇടവക പെരുംമ്പള്ളിൽ ടെസ്സിയെ 26-03-1989-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. തോമസ്, ബോബിൻ.

## III A-1a വലിയപരയ്ക്കാട്ട് സാജു മകൻ തോമസ്

സാജുവിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് തോമസ്. 21-06-1990-ൽ ജനിച്ചു.

## III A-1b വലിയപരയ്ക്കാട്ട് സാജു മകൻ ബോബിൻ

സാജുവിന്റെ രണ്ടാമത്തെ മകനാണ് ബോബിൻ. 16-01-1995-ൽ ജനിച്ചു.

## III A-2 വലിയപരയ്ക്കാട്ട് കുഞ്ഞ് (തോമസ്) മകൻ ലിനോ (അബ്രാഹം)

കുഞ്ഞിന്റെ ഇളയമകനാണ് ലിനോ (അബ്രാഹം), 02-09 -1967-ൽ ജനിച്ചു. പാലാ രൂപത ഉള്ളനാട് ഇടവക ഒറ്റപ്ലാക്കൽ പ്രീതി (മേരി)യെ 01-01-1995-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. 03-08-1996-ൽ ജനിച്ച ജിജുവും, 27-03-1998-ൽ ജനിച്ച മെറിയും 13-07-2000-ൽ ജനിച്ച മാത്യുസും. മൂവരും വിദ്യാർത്ഥി കൾ. ജിജു BCom നും, മെറി ഡിഗ്രിയ്ക്കും, മാത്യു പ്ലസ്ടുവിനും പഠിക്കുന്നു.

## III B വലിയപരയ്ക്കാട്ട് കുഞ്ഞൗസേപ്പ് മകൻ അപ്പച്ചൻ (ജോസഫ്)

കുഞ്ഞൗസേപ്പിന്റെ രണ്ടാമത്തെ മകനാണ് അപ്പച്ചൻ എന്നു വിളിക്കുന്ന ജോസഫ്. 10-01-1933-ൽ ജനിച്ചു. ഇന്റർ മീഡിയറ്റ് പാസായ അപ്പച്ചൻ കുന്നോന്നിയിലെ മികച്ച കർഷകനാണ്. ചങ്ങ നാശ്ശേരി രൂപത കട്ടച്ചിറ ഇടവക പൊങ്കത്തിൽ കുഞ്ഞൗത-അന്നമ്മ

മകൾ മേരിയെ 09-7-1956-ൽ വിവാഹം ചെയ്തു. PDC വിദ്യാഭ്യാസ മുള്ള മേരി നല്ല ഗൃഹനാഥയായിരുന്നു. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് ആൺമക്കളും ഒരു മകളും. പ്രിൻസ്, സിബി, ബിജു എന്നിവരാണ് ആൺമക്കൾ. സിന്ധു ഏക മകളും. 14-02-1997-ൽ മേരിക്കുട്ടി നിര്യാതയായി. കുന്നോന്നി ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

അപ്പച്ചന്റെ ഏകമകളാണ് സിന്ധു (ഏലി), MA BEd, LLB, MLIS ഡിഗ്രിയുള്ള സിന്ധു ഹൈക്കോടതിയിൽ ലൈബ്രേറിയൻ ആയി ജോലി ചെയ്യുന്നു. മുട്ടുചിറ ഇടവക പറമ്പിൽ കരോട്ട് ജിംസൺ (മാത്യു) വിവാഹം ചെയ്തു. ജിംസൺ കോളേജ് അദ്ധ്യാപകനാണ്.

## III B-1 വലിയപരയ്ക്കാട്ട് അപ്പച്ചൻ (ജോസഫ്) മകൻ പ്രിൻസ് ജോസഫ്

അപ്പച്ചന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് പ്രിൻസ് (ജോസഫ്). 05-05-1960-ൽ ജനിച്ചു. MA, LLB പാസ്സായ പ്രിൻസ് പാലാ ബാറിലെ മികച്ച അഭിഭാഷകനാണ്. കാഞ്ഞിരപ്പള്ളി രൂപത പൊടിമറ്റം ഇടവക വാളിപ്ലാക്കൽ ജോസഫ്-എലിസബത്ത് ദമ്പതികളുടെ മകൾ ജോസി (മറിയം) യെ 10-07-1993-ൽ വിവാഹം ചെയ്തു. BSc BEd പാസ്സായ ജോസി അദ്ധ്യാപികയാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. 17-05-1994-ൽ ജനിച്ച അമല എന്ന മകളും 30-06-1998-ൽ ജനിച്ച അലൻ എന്ന മകനും. ഇരുവരും വിദ്യാർത്ഥികൾ.

## III B-2 വലിയപരയ്ക്കാട്ട് അപ്പച്ചൻ (ജോസഫ്) മകൻ സിബി

അപ്പച്ചന്റെ രണ്ടാമത്തെ മകനാണ് സിബി. 09-07-1962-ൽ ജനിച്ചു. PDC യ്ക്ക് ശേഷം എയ്റോനോട്ടിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ നേടിയ സിബി കുറച്ചുകാലത്തെ ജോലിക്കുശേഷം ഈരാട്ടുപേട്ടയിൽ ബിസിനസ്സ് നടത്തുന്നു. അരുവിത്തുറ ഇടവക കൊട്ടുകാപ്പള്ളിൽ ചെറിയാൻ - ചിന്നമ്മ ദമ്പതികളുടെ മകൾ റെനി (അന്ന)യെ 28-08-1993-ൽ വിവാഹം ചെയ്തു. MSc ബിരുദധാരിയായ റെനി ഗൃഹനാഥയാണ്. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. 01-06-1995-ൽ ജനിച്ച ടോം (ജോസഫ്), 18-12-1997-ൽ ജനിച്ച അരുൺ (ജോർജ്ജ്), 18-12-2001-ൽ ജനിച്ച പോൾ. മൂവരും വിദ്യാർത്ഥികളാണ്.

## III B-3 വലിയപരയ്ക്കാട്ട് അപ്പച്ചൻ (ജോസഫ്) മകൻ ബിജു (മാത്യു)

അപ്പച്ചന്റെ ഇളയ മകനാണ് ബിജു. 23-9-1970-ൽ ജനിച്ചു. BTech ന് ശേഷം MBA പാസ്സായ ബിജു ബിസിനസ്സ് നടത്തുന്നു. പാലാ രൂപത പ്രവിത്താനം ഇടവക ഐപ്പൻപറമ്പിൽ കുന്നേൽ അഞ്ചു(അന്ന)വിനെ 17-08-2002-ൽ വിവാഹം ചെയ്തു. BCom ന് ശേഷം CA ഇന്റർ പാസ്സായ അഞ്ചു ഗൃഹസ്ഥയായി കഴിയുന്നു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ. 21-08-2003-ൽ ജനിച്ച റിച്ചമരിയ (മേരി), 05-06-2006-ൽ ജനിച്ച ഐറിൻ മരിയ (ക്ലാര), 23-11-2007-ൽ ജനിച്ച കാതറിൻ മരിയ (എലിസബത്ത്). മൂവരും വിദ്യാർത്ഥികളാണ്.

## III C വലിയപരയ്ക്കാട്ട് കുഞ്ഞൗസേപ്പ് മകൻ തങ്കച്ചൻ (ജോർജ്ജ്)

കുഞ്ഞൗസേപ്പ്-കുഞ്ഞേലി ദമ്പതികളുടെ ഇളയ മകനാണ് തങ്കച്ചൻ. 14-01-1937-ൽ ജനിച്ചു. BSc Agriculture ബിരുദധാരിയായ ഇദ്ദേഹം ഗവ. സർവ്വീസിൽനിന്നും Deputy Director of Agriculture ആയി വിരമിച്ചു. തൊടുപുഴയിലാണ് താമസം. കാളകെട്ടി വെള്ളൂകുന്നേൽ ലീലാമ്മ (ഏലീശ്വാ)യെ വിവാഹം ചെയ്തു. ലീലാമ്മ നല്ല ഒരു ഗൃഹസ്ഥയാണ്. ഈ ദമ്പതികൾക്ക് രണ്ടാണും രണ്ട് പെണ്ണുമടക്കം നാല് മക്കൾ. റെജി (ജോസഫ്), സജി (സെബാസ്റ്റ്യൻ) എന്നിവരാണ് ആൺമക്കൾ. റീന (ഏലിയാമ്മ), ജീമോൾ (ഗ്രേസി) എന്നിവർ പെൺമക്കളും.

മൂത്തമകൾ റീന (ഏലിയാമ്മ) 14-05-1968-ൽ ജനിച്ചു. BA ബിരുദധാരിയാണ്. ലാൽ ജോർജ്ജ് തോപ്പിൽ ആണ് ഭർത്താവ്. M.Sc Agriculture ബിരുദധാരിയാണ്. ഇപ്പോൾ Deputy Director of Agriculture ആയി ജോലി ചെയ്യുന്നു. ഇളയ മകൾ ജീമോൾ 03-11-1977-ൽ ജനിച്ചു. പാലാ രൂപത മൂന്നിലവ് ഇടവക വടക്കേ ചിറയാത്ത് ബിജോ (ജോർജ്ജ്) വിവാഹം ചെയ്തു. MBA ബിരുദമുള്ള ബിജോ കമ്പനിയിൽ ജോലിചെയ്യുന്നു. ഇപ്പോൾ തൊടുപുഴ കദളിക്കാട്ട് താമസിക്കുന്നു.

## III C-1 വലിയപരയ്ക്കാട്ട് തങ്കച്ചൻ (ജോർജ്ജ്)മകൻ റെജി (ജോസഫ്)

തങ്കച്ചന്റെ മൂത്ത മകനാണ് റെജി. 18-01-1966-ൽ ജനിച്ചു. ബിരുദധാരിയായ റെജി അഡ്വക്കേറ്റായി തൊടപുഴയിൽ പ്രാക്ടീസ് ചെയ്യുന്നു. കുറവിലങ്ങാട് ഇടവക തെങ്ങുംപള്ളിൽ അഗസ്റ്റിൻ-ഏലിക്കുട്ടി ദമ്പതികളുടെ മകൾ ആൻസി (അന്നമ്മ)യെ വിവാഹം ചെയ്തു. ബിരുദധാരിയായ ആൻസി ഗൃഹസ്ഥയാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. 17-11-1995-ൽ ജനിച്ച അന്നു (ഏലിയാമ്മ) എന്ന മകളും, 24 -10-2000-ൽ ജനിച്ച അലൻ (ജോർജ്ജ്) എന്ന മകനും. മാതാപിതാക്കളോടൊപ്പം തൊടുപുഴയിലാണ് താമസം.

## III C-2 വലിയപരയ്ക്കാട്ട് തങ്കച്ചൻ (ജോർജ്ജ്)മകൻ സജി (സെബാസ്റ്റ്യൻ)

തങ്കച്ചന്റെ രണ്ടാമത്തെ മകനാണ് സജി. കോളേജ് വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളുമായി കഴിയുന്നു. 19-1-1970-ൽ ജനിച്ചു. ആരക്കുഴ ഇടവക മാതേക്കൽ മാത്യു- ഏലീശ്വാ മകൾ ദീപ (ഏലീശ്വാ) യെ 30-12-1995-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ലിയ (എലിസബത്ത്), തെരേസ (ആൻഡ്രിയ) എന്നിവരാണ് പെൺമക്കൾ. ജോ (ജോർജ്ജ്) എന്ന മകനും. ലിയാ 29-08-1998-ലും ജോ 20-02-2004-ലും തെരേസ 18-05-2015-ലും ജനിച്ചു. മൂവരും വിദ്യാർത്ഥികളാണ്.

## IV ഇഞ്ചക്കാട്ട് - വലിയപരയ്ക്കാട്ട് തൊമ്മൻ മകൻ കുഞ്ഞ് (തോമസ്)

വലിയപരയ്ക്കാട്ട് തൊമ്മൻ-മറിയ ദമ്പതികളുടെ ഇളയ മകനാണ് കുഞ്ഞ് (തോമസ്). 08-07-1909-ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ കുഞ്ഞ് മികച്ച കർഷകനായി അറിയപ്പെട്ടിരുന്നു. തിടനാട് ഇടവക തയ്യിൽ ജോസഫ് (കുഞ്ഞാപ്പൻ) - അന്നമ്മ ദമ്പതികളുടെ മകൾ കുഞ്ഞന്ന (അന്നമ്മ)യെ 1925-ൽ വിവാഹം ചെയ്തു. ഭാര്യ അന്നമ്മ 1911-ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ കുഞ്ഞന്ന നല്ലൊരു വിട്ടമ്മയായിരുന്നു. ഈ ദമ്പതികൾക്ക് ഏഴ് ആൺമക്കളും അഞ്ച് പെൺമക്കളുമടക്കം പന്ത്രണ്ട് മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. തൊമ്മൻ, ജോസഫ്, ചെറി

യാൻ, തോമസ്, ജോർജ്ജ്, ചാക്കോച്ചൻ, സണ്ണിയച്ചൻ എന്നിവരാണ് ആൺമക്കൾ. മറിയം (മറിയക്കുട്ടി), അന്നക്കുട്ടി (അന്നമ്മ), ഏലിയാമ്മ, ത്രേസ്യാമ്മ(തെയ്യാമ്മ), ഫിലോമിന എന്നിവരാണ് പെൺമക്കൾ. 17-08-1966-ൽ കുഞ്ഞും (തോമസ്), 22-10-2006-ൽ അന്നമ്മയും മരിച്ചു. ഇരുവരേയും പൂഞ്ഞാർ ദൈവാലയ സെമിത്തേരിയിലാണ് സംസ്ക്കരിച്ചിരിക്കുന്നത്.

അഞ്ചു പെൺമക്കളിൽ മൂത്ത മകളായ മറിയക്കുട്ടി (മറിയം) 1933-ൽ ജനിച്ചു. ഭരണങ്ങാനം ഇടവക പാലമറ്റത്തിൽ കുര്യൻ-മറിയം ദമ്പതികളുടെ മകൻ തൊമ്മച്ചൻ (തോമസ്) വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ അന്നക്കുട്ടി (അന്നമ്മ) 1935-ൽ ജനിച്ചു. മരങ്ങാട്ടുപള്ളി ഇടവക കരിപ്പാത്ത് വട്ടമറ്റത്തിൽ മാത്യു വിവാഹം ചെയ്തു. മൂന്നാമത്തെ മകളായ ഏലിയാമ്മ 1945-ൽ ജനിച്ചു. പാലാ രൂപത മണിയംകുളം ഇടവക വടക്കേൽ ജോസഫ്-മറിയം ദമ്പതികളുടെ മകൻ കുഞ്ഞ് (ചാക്കോ) 1964-ൽ വിവാഹം ചെയ്തു. നാലാമത്തെ മകൾ ത്രേസ്യാമ്മ (തെയ്യാമ്മ) 1947-ൽ ജനിച്ചു. പൂവത്തോട് ഇടവക പുന്നത്താനത്ത് മത്തായി-ത്രേസ്യാ മകൻ പാപ്പച്ചൻ (കുര്യാക്കോസ്) 1947 ആഗസ്റ്റ് 21-ാം തീയതി വിവാഹം ചെയ്തു. അഞ്ചാമത്തെ മകൾ ഫിലോമിന 1951-ൽ ജനിച്ചു. 1976-ൽ പൂവത്തോട് ഇടവക പൊരിയത്ത് ജോസഫ് അന്നമ്മ മകൻ മത്തായികുഞ്ഞ് വിവാഹം ചെയ്തു.

## IV-A വലിയപരയ്ക്കാട്ട് കുഞ്ഞ് (തോമസ്) മകൻ തൊമ്മൻ

കുഞ്ഞ് (തോമസ്) അന്നമ്മ ദമ്പതികളുടെ മൂത്ത മകനാണ് തൊമ്മൻ. രണ്ടര വയസ്സുള്ളപ്പോൾ മരിച്ചു.

## IV-B വലിയപരയ്ക്കാട്ട് കുഞ്ഞ് (തോമസ്) മകന് ജോസഫ് (കൊച്ച്)

കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് കൊച്ച് എന്നു വിളിക്കുന്ന ജോസഫ്. 05-05-1931-ൽ ജനിച്ചു. BSc യ്ക്കുശേഷം കാർഷികവൃത്തിയിലേർപ്പെട്ടു. തലശ്ശേരി രൂപത കൊട്ടോടി ഇടവകയിൽപ്പെട്ട ചുള്ളിക്കര (കാസർഗോഡ് ജില്ല) ആണ് താമസം. കാഞ്ഞിരപ്പള്ളി രൂപത ആനക്കല്ല് ഇടവക കുരിശുംമൂട്ടിൽ ജോസഫ്-ബ്രിജീത്താ ദമ്പതികളുടെ മകൾ ഏലിക്കുട്ടിയെ 1956 ഫെബ്രുവരി ആറാം

തീയതി വിവാഹം ചെയ്തു. SSLC വിദ്യാഭ്യാസം കഴിഞ്ഞ നല്ലൊരു ഗൃഹസ്ഥയായിരുന്നു ഏലിക്കുട്ടി. ഈ ദമ്പതികൾക്ക് ആറ് പെൺമക്കളും ഒരു മകനുമടക്കം ഏഴ് മക്കൾ. മോളി (അന്ന), കൊച്ചുറാണി (ബ്രിജീത്ത്), സി. മെർലിൻ (മറിയാമ്മ), കുസുമം, ദീപ, സുപ്രിയ എന്നിവരാണ് പെൺമക്കൾ. ജയൻ ഏക മകനും. 20-11-2008-ൽ ഏലിക്കുട്ടി മരിച്ചു. ഇളംകുളംപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ആറ് പെൺമക്കളിൽ മൂത്ത മകളാണ് മോളി (അന്നമ്മ). 12-11-1985-ൽ ജനിച്ചു. MA ബിരുദധാരിയായ മോളിയെ കുരീക്കാട് ജോസഫ്-മറിയാമ്മ മകൻ സോണി (മാത്യു) വിവാഹം ചെയ്തു.. എറണാകുളം പനമ്പള്ളി നഗറിലാണ് താമസം. രണ്ടാമത്തെ മകൾ കൊച്ചുറാണി (ബ്രിജീത്ത) MA BEd പാസ്സായി. ഹൈദരബാദിൽ അദ്ധ്യാപികയാണ്. 20-01-1962-ൽ ജനിച്ചു. ചങ്ങനാശ്ശേരി അതിരൂപത കടയനിക്കാട് ഇടവക അക്കരക്കടുപ്പിൽ ഫിലിപ്പ്-മറിയം ദമ്പതികളുടെ മകൻ ജയിംസ് വിവാഹം ചെയ്തു. മൂന്നാമത്തെ മകളാണ് സി.മെർലിൻ (മറിയം). 16-10-1965-ൽ ജനിച്ചു. സിസ്റ്റേഴ്സ് ഓഫ് മേരി മീഡിയാട്രിക്സ് സന്യാസിനി സമൂഹത്തിൽ ചേർന്ന് സന്യസ്ത സേവനം നയിക്കുന്നു. ഉപരിപഠനം പൂർത്തിയാക്കിയ സി.മെർലിൻ ഹൈദരാബാദിൽ അദ്ധ്യാപികയാണ്. നാലാമത്തെ മകളായ കുസുമം (ത്രേസ്യാ) 18-04-1970-ൽ ജനിച്ചു. BSc വിദ്യാഭ്യാസമുള്ള കുസുമത്തെ വൈറ്റില പള്ളത്ത് ജോയി (ജോസഫ്) വിവാഹം ചെയ്തു. അഞ്ചാമത്തെ മകൾ ദീപ (ഏലി) 13-03-1972-ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം ഹൈദരാബാദിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ചാലക്കുടി ഇടവക ചേങ്ങിപ്പറമ്പിൽ സേവ്യർ വിവാഹം ചെയ്തു. സേവ്യർ ഹൈദരാബാദിൽ ജോലി ചെയ്യുന്നു. ആറാമത്തെ മകളായ സുപ്രിയ (ഫിലോമിന) 29-03-1975-ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ സുപ്രിയയെ തൃശൂർ കാഞ്ഞൂകാരൻ വിജി (മാത്യു) വിവാഹം ചെയ്തു. വിജി പോലീസ് ഓഫീസർ ആണ്.

## IV-B-1 വലിയപരയ്ക്കാട്ട് കൊച്ച് (ജോസഫ്) മകൻ ജയൻ (തോമസ്)

കൊച്ച് (ജോസഫ്)-ഏലിക്കുട്ടി ദമ്പതികളുടെ ഏക മകനാണ് ജയൻ. 23-04-1968-ൽ ജനിച്ചു. BSc ബിരുദധാരിയായ ജയൻ കൃഷി

കാര്യങ്ങളുമായി കഴിയുന്നു. തൊടുപുഴ വണ്ണപ്പുറം മറ്റത്തിൽ ജോസഫ് നെറ്റിൽ-നെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. കൊച്ചുമോൾ(ഏലിക്കുട്ടി).

## IV-C വലിയപരയ്ക്കാട്ട് കുഞ്ഞ് (തോമസ്) മകൻ കുഞ്ഞുകുട്ടി (ചെറിയാൻ)

കൊച്ചിന്റെ മൂന്നാമത്തെ മകനാണ് കുഞ്ഞുകുട്ടി (ചെറിയാൻ). 08-01-1940-ൽ ജനിച്ചു. 07-01-1960-ൽ പൈക ഇടവക മൂലയിൽ തോമസ്-അന്നമ്മ ദമ്പതികളുടെ മകൾ റോസമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. നാല് പെൺമക്കളും മൂന്ന് ആൺമക്കളും. ആനിയമ്മ, സി.മീര, അനിത, ട്രീസ എന്നിവരാണ് പെൺമക്കൾ. തോമാച്ചൻ, ടോണി, റോണി എന്നിവർ ആൺമക്കളും 20-07-1998-ൽ കുഞ്ഞുകുട്ടി മരിച്ചു. പൈക ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

മൂത്ത മകൾ ആനിയമ്മ 21-9-1961-ൽ ജനിച്ചു. പാലാ രൂപത പാളയംപള്ളി ഇടവക ചെമ്പകമറ്റത്തിൽ ജോസഫ്-ത്രേസ്യാമ്മ മകൻ മൈക്കിൾ വിവാഹം ചെയ്തു. 06-02-1964-ൽ ആയിരുന്നു വിവാഹം. രണ്ടാമത്തെ മകളായ സി. മീര 19-09-1968-ൽ ജനിച്ചു. MSc BEd പാസ്സായ സി. മീര ബാംഗ്ലൂരിൽ തിയോളജി പഠിപ്പിച്ചിരുന്നു. ഇപ്പോൾ റോമിൽ PHD -യ്ക്ക് പഠിക്കുന്നു. അരുവിത്തുറ FCC പ്രൊവിൻസിലെ അംഗമാണ്. മൂന്നാമത്തെ മകൾ അനിത (റോസമ്മ) 26-02-1966-ൽ ജനിച്ചു. മീനച്ചിൽ ഇടവക കടപ്ലാക്കൽ തങ്കച്ചൻ 15-11-1999-ൽ വിവാഹം ചെയ്തു. നാലാമത്തെ മകൾ ട്രീസാ (ത്രേസ്യാമ്മ) 13-07-1972-ൽ ജനിച്ചു. കോതമംഗലം രൂപത വാഴക്കുളം ഇടവക പാലക്കാട്ട് ഷിബു വിവാഹം ചെയ്തു.

## IV-C-1 വലിയപരയ്ക്കാട്ട് കുഞ്ഞുകുട്ടി (ചെറിയാൻ) മകൻ തോമസ് (തോമാച്ചൻ)

കുഞ്ഞുകുട്ടിയുടെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് തോമസ്. 11-11-1960-ൽ ജനിച്ചു. MA പാസ്സായ തോമസ് വി. പബ്ലിഷേഴ്സ് ജനറൽ മാനേജരാണ്. ചങ്ങനാശ്ശേരി അതിരൂപത ലൂർദ്പള്ളി ഇടവക തട്ടിൽ ചീനിക്കൽ ബിന്ദു (ട്രീസാ)വിനെ 05-09-2009-ൽ വിവാഹം ചെയ്തു. ബിന്ദു BSc BHMS ഡോക്ടറാണ്.

## IV-C-2 വലിയപരയ്ക്കാട്ട് കുഞ്ഞുകുട്ടി (ചെറിയാൻ) മകൻ ഫാ. ടോണി (ചെറിയാൻ)

കുഞ്ഞുകുട്ടിയുടെ രണ്ടാമത്ത മകനാണ് ഫാ. ടോണി. 11-12 -1978-ൽ ജനിച്ചു. SSLC യ്ക്കുശേഷം സലേഷ്യൻ സഭയിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. 30-12-2009-ൽ വൈദികപട്ടം സ്വീകരിച്ചു. ഭൂട്ടാനിലാണ് സേവനം. MABed കാരനായ ഫാ. ടോണി വൈദികസേവനത്തോടൊപ്പം അദ്ധ്യാപകനുംകൂടിയാണ്.

## IV-C-3 വലിയപരയ്ക്കാട്ട് കുഞ്ഞുകുട്ടി (ചെറിയാൻ) മകൻ റോണി (മാത്യു)

കുഞ്ഞുകുട്ടിയുടെ ഇളയ മകനാണ് റോണി. 23-08-1981-ൽ ജനിച്ചു. MCom ബിരുദാധാരിയാണ്.

## IV-D വലിയപരയ്ക്കാട്ട് കുഞ്ഞ് (തോമസ്) മകൻ കുഞ്ഞപ്പൻ (തോമസ്)

കുഞ്ഞ് (തോമസ്)ന്റെ നാലാമത്തെ മകനാണ് കുഞ്ഞാപ്പൻ. 1941-ൽ ജനിച്ചു. മികച്ച കർഷകൻ. പ്രവിത്താനം ഇടവക കരീകുന്നേൽ മാത്യു അന്നമ്മ ദമ്പതികളുടെ മകൾ മേരിയെ 28-12-1970-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് ആൺമക്കൾ. തോമസ്കുട്ടി, ബെന്നി, ജോബി, എമിൽ. 19-06-2007-ൽ കുഞ്ഞാപ്പൻ നിര്യാതനായി. പൂഞ്ഞാർ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IV-D-1 വലിയപരയ്ക്കാട്ട് കുഞ്ഞാപ്പൻ മകൻ (തോമസുകുട്ടി)

കുഞ്ഞാപ്പന്റെ നാല് ആൺമക്കളിൽ മൂത്ത മകനാണ് തോമസ്കുട്ടി. 31-10-1972-ൽ ജനിച്ചു. കർഷകനാണ്. ഇടുക്കി രൂപത ചെമ്മണ്ണാർ ഇടവക നാത്തനാൽ തോട്ടത്തിൽ ലിൻസിയെ 24-04-2005-ൽ വിവാഹം ചെയ്തു. ഇരുവരും പി.ഡി.സി. വിദ്യാഭ്യാസക്കാരാണ്. ഈ ദമ്പതികൾക്ക് മൂന്ന് കുട്ടികൾ. ലിന്റോ, ലിനറ്റ്, ലിയ.

## IV-D-2 വലിയപരയ്ക്കാട്ട് കുഞ്ഞാപ്പൻ മകൻ ബെന്നിച്ചൻ (മാത്യു)

കുഞ്ഞാപ്പന്റെ രണ്ടാമത്തെ മകനാണ് ബെന്നിച്ചൻ. 25-03-1973-ൽ ജനിച്ചു. പി.ഡി.സി.യ്ക്കു ശേഷം ഫ്ളവർ മില്ല്, കൊപ്രാകച്ചവടം തുടങ്ങിയ ബിസിനസ്സ് നടത്തുന്നു. അവിവാഹിതനാണ്.

## IV-D-3 വലിയപരയ്ക്കാട്ട് കുഞ്ഞാപ്പൻ മകൻ ജോബി (ജോസഫ്)

കുഞ്ഞാപ്പന്റെ മൂന്നാമത്തെ മകനാണ് ജോബി. 06-03-1977-ൽ ജനിച്ചു. GNM ഡിപ്ലോമ നേടിയ ജോബി മെയിൽ നഴ്സായി ജോലി ചെയ്യുന്നു. അവിവാഹിതനാണ്.

## IV-D-4 വലിയപരയ്ക്കാട്ട് കുഞ്ഞാപ്പൻ മകൻ എമിൽ (എമ്മാനുവൽ)

കുഞ്ഞാപ്പന്റെ ഇളയ മകനാണ് എമിൽ. PDC പാസ്സായ എമിൽ കൃഷിക്കാര്യങ്ങളുമായി കഴിയുന്നു.

## IV-E വലിയപരയ്ക്കാട്ട് കുഞ്ഞ് (തോമസ്) മകൻ തങ്കച്ചൻ (ജോർജ്ജ്)

കുഞ്ഞിന്റെ അഞ്ചാമത്തെ മകനാണ് തങ്കച്ചൻ. 1944-ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളുമായി കഴിയുന്നു. പാലാരൂപത പുവത്തോട് പള്ളി ഇടവക നല്ലിവീട്ടിൽ മത്തായി-മറിയം ദമ്പതികളടെ മകൾ മറിയക്കുട്ടിയെ 24-04-1964-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് പെൺമക്കളും ഒരു മകനും. റീസമ്മ, പൗളി, മിനി എന്നിവരാണ് പെൺമക്കൾ. സിബി ഏക മകനും. 05-05-2006 -ൽ തങ്കച്ചനും, 28-04-1995-ൽ മറിയക്കുട്ടിയും മരിച്ചു. ഇരുവരേയും പൂഞ്ഞാർ ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

മൂത്ത മകൾ റീസമ്മ (അന്നമ്മ) 08-09-1965-ൽ ജനിച്ചു. താമരശ്ശേരി രൂപത തിരുവാമ്പാടി ഇടവക പുഞ്ചകുന്നേൽ വർക്കിയച്ചൻ 11-11-1987-ൽ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ പൗളി (മറിയാമ്മ) 01-05-1968-ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയ പൗളിയെ തിരുവല്ലാ രൂപത ആലടി ഇടവക കുഴിമുറിയിൽ വിൽസൻ (ചെറിയാൻ) 28-05-10990-ൽ വിവാഹം ചെയ്തു. MCom പാസ്സായ വിൽസൺ ബിസിനസ്സ് നടത്തുന്നു. ഇളയമകൾ മിനി അവിവാഹിതയാണ്.

## IV-E-1 വലിയപരയ്ക്കാട്ട് തങ്കച്ചൻ മകൻ സിബി (ജോർജ്ജ്)

തങ്കച്ചന്റെ ഏകമനാണ് സിബി. 03-03-1972 -ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളിൽ ഏർപ്പെട്ടു.

പൂഞ്ഞാർ ഇടവക കാശാംകാട്ടിൽ ജോൺ-കൊച്ചുത്രേസ്യാ മകൾ റാണി (അന്നമ്മ)യെ 21-10-1996-ൽ വിവാഹം ചെയ്തു. കോളേജ് വിദ്യാഭ്യാസമുള്ള റാണി ഗൃഹനായികയാണ്. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഒരു മകനും രണ്ട് പെൺമക്കളും. മാർട്ടിൻ ആണ് ഏക മകൻ. മെർലിൻ (മരിയ), മെറിൻ (കൊച്ചുത്രേസ്യാ) എന്നിവർ പെൺമക്കളും. മാർട്ടിൻ 18-09-1996 ലും, മെർലിൻ 05-06-1999-ലും മെറിൻ 25-05-2004 ലും ജനിച്ചു. മാർട്ടിനും മെർലിനും ഡിഗ്രിക്കു പഠിക്കുന്നു, മെറിൻ കെ.ജി ക്ലാസ്സിൽ പഠിക്കുന്നു.

## IV-F വലിയപരയ്ക്കാട്ട് തോമസ് (കുഞ്ഞ്) മകൻ ഫാ. തോമസ് ചാക്കോ OFM.Cap (Late)

കുഞ്ഞിന്റെ ആറാമത്തെ മകനാണ് ചാക്കോച്ചൻ എന്നു വിളി ക്കുന്ന ഫാ. തോമസ് ചാക്കോ. 03-01-1949-ൽ ജനിച്ചു. 03-01-1980-ൽ വൈദികപട്ടം സ്വീകരിച്ചു. ബിരുദാനന്തര ബിരുദം നേടിയ ഫാ. തോമസ് ചാക്കോ സ്കൂൾ അധ്യാപകനും കൂടിയായിരുന്നു. 2004 സെപ്റ്റംബർ മാസം 16-ാം തീയതി നിര്യാതനായി. ഭരണങ്ങാനം അസ്സീസി ആശ്രമ സെമിത്തേരയിൽ സംസ്കരിച്ചു.

## IV-G വലിയപരയ്ക്കാട്ട് കുഞ്ഞ് (തോമസ്) മകൻ സണ്ണിച്ചൻ (സെബാസ്റ്റ്യൻ)

കുഞ്ഞിന്റെ ഏഴ് ആൺമക്കളിൽ ഇളയ മകനാണ് സണ്ണിയ ച്ചൻ. 04-04-1954-ൽ ജനിച്ചു. കോളേജ് വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളുമായി കഴിയുന്നു. പാലാരൂപത ചേർപ്പുങ്കൽ പള്ളി ഇടവക ചെറുശ്ശേരി, മാന്നാത്തു ദേവസ്യാ-അന്നക്കുട്ടി ദമ്പതിക ളുടെ മകൾ സിസിലി(ബ്രിജിറ്റ്)യെ 25-12-1978-ൽ വിവാഹം ചെയ്തു. സിസിലി നല്ലൊരു വീട്ടമ്മയാണ്. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. നാല് പെൺമക്കളും ഒരു മകനും. സീന (അന്നമ്മ), സകല (കൊ ച്ചുത്രേസ്യാ), സൽകല (ബ്രിജിറ്റ്), സുമം (മറിയം) എന്നിവരാണ് പെൺമക്കൾ സിറിൾ (തോമസ്) ഏകമകനും.

മൂത്ത മകൾ സീന (അന്നമ്മ) 15-10-1979-ൽ ജനിച്ചു. MCA പാസ്സായ സീനയെ 07-09-2006-ൽ കൂടല്ലൂർ ഇടവക ഇഞ്ചിപ്പറമ്പിൽ ചെറിയാൻ-ഏലിയാമ്മ മകൻ ബിൻസു(ജോസഫ്) വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ സകല (കൊച്ചുത്രേസ്യാ) 01-01-1981-ൽ

ജനിച്ചു. സകലയും, സൽകലയും ഇരട്ടകുട്ടികളാണ്. ധനതത്വശാസ്ത്രത്തിൽ മാസ്റ്റർ ഡിഗ്രിയും, BEd ഉം ഉള്ള സകലയെ കോതമംഗലം രൂപത പന്നിമറ്റം ഇടവക തെക്കേൻ ജോർജ്ജ് (ജിതിൻ) 26-01-2009-ൽ വിവാഹം ചെയ്തു. മൂന്നാമത്തെ മകളും ഇരട്ടക്കുട്ടികളിൽ ഇളയവളുമായ സൽകല (ബ്രിജിറ്റ്) 01-01-1981-ൽ ജനിച്ചു. ധനതത്വശാസ്ത്രത്തിൽ മാസ്റ്റർ ഡിഗ്രിയും BEd ഉം ഉള്ള സൽകലയെ പാലാരൂപത ഇലഞ്ഞി ഇടവക തൊട്ടുവേലിൽ പൈലി-മേരി ദമ്പതികളുടെ മകൻ പയസ്സ് 14-05-2007-ൽ വിവാഹം ചെയ്തു. അഡ്വ. പയസ് ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു. നാലാമത്തെ മകൾ സുമം 20-10-1985-ൽ ജനിച്ചു. BCom, PGDCA പാസ്സായ സുമത്തെ പാലാ കരൂർ ഇടവക കുടക്കച്ചിറയിൽ കുര്യാക്കോസ്-ലിസമ്മ മകൻ അനിൽ(മാത്യു) വിവാഹം ചെയ്തു.

## IV-G-1 വലിയപരയ്ക്കാട്ട് സണ്ണിച്ചൻ മകൻ സിറിൾ (തോമസ്)

സണ്ണിയച്ചൻ-സിസിലി ദമ്പതികളുടെ ഏക മകനാണ് സിറിൾ. 09-06-1993-ൽ ജനിച്ചു. LLB വിദ്യാർത്ഥിയാണ്.


# വലിയപരയ്ക്കാട്ട്



ഇട്ടിചെറിയത് തോമ്മൻ
ഭാര്യ മറിയം



തോമ്മൻ മകൻ
കുഞ്ഞ് ഔസേപ്പ്
ഭാര്യ ഏലി



ഔസേപ്പ് മകൻ
കുഞ്ഞ് ഭാര്യ
മേരിയമ്മ

# വലിയപറയ്ക്കാട്ട്



ലൗലി ഭർത്താവ് ജോയി മക്കൾ റിയ & റെജി,
റിനി & കുഞ്ഞുമോൻ, അപ്പു



തങ്കമ്മ ഭർത്താവ് കുറുവച്ചൻ മക്കൾ റിജു, റിനോ



സാജു ഭാര്യ ടെസി, മക്കൾ തോമസ്(റ്റോമിൻ), ബോബിൻ

# വലിയപരയ്ക്കാട്ട്



ലിജി ഭർത്താവ് ജോജോ മക്കൾ
രേണു, അർജുൻ, ആഗ്നൽ, ആഗ്നസ്



ആനിയമ്മ ഭർത്താവ് തൊമ്മച്ചൻ
മക്കൾ അഖിൽ, അഞ്ചിത്ത്, അബിത



റെസി ഭർത്താവ്
ലാലിച്ചൻ മക്കൾ
സിറിയക്ക്, അമ്മു

# വലിയപരയ്ക്കാട്ട്

കുസുമം ഭർത്താവ്
ഔസേപ്പച്ചൻ
മക്കൾ അജു, അഞ്ചു





ലിനോ ഭാര്യ
പ്രീതി മക്കൾ
ജീജു, മെറി, മാത്യൂസ്
അമ്മ
മേരിയമ്മയോടൊപ്പം



അപ്പച്ചൻ ഭാര്യ മേരികുട്ടി മക്കൾ പ്രിൻസ് ഭാര്യ ജോസി മക്കൾ അമല & അലൻ .സിബി ഭാര്യ റെനി മക്കൾ ടോം, അരുൺ & പോൾ. സിന്തു ഭർത്താവ് ജിംസൺ മക്കൾ ക്രിസിറ്റ & സ്റ്റീവ്. ബിജു ഭാര്യ അഞ്ചു മക്കൾ റിച്ച, ഐറിൻ, കാതറിൻ, റയൺ.

# വലിയപരയ്ക്കാട്ട്



അഡ്വ. പ്രിൻസ്
& ഫാമിലി



സിബി & ഫാമിലി



അഡ്വ. ബിജു
& ഫാമിലി



സിന്ധു & ഫാമിലി

# വലിയപരയ്ക്കാട്ട്



തങ്കച്ചൻ (ജോർജ്)
ഭാര്യ ലീലാമ്മ



റെജി
ഭാര്യ ആൻസി
മക്കൾ അന്നു &
അലൻ



സജി ഭാര്യ ദീപാ
മക്കൾ ലിയ,
ജോയൽ &
ആൻഡ്രിയ



റീനാ
ഭർത്താവ് ലാൽ
മക്കൾ ജോർജ് &
റോസ്

# വലിയപരയ്ക്കാട്ട്



ജീമോൾ ഭർത്താവ് ബിജോ മക്കൾ
ജീത്തു, ഏലെന & എയൻജൽ



സി. ഡിയാഗോ എസ്. എച്ച്



കുഞ്ഞന്നായുടെ
മകൾ & ഫാമിലി



കുഞ്ഞന്നായുടെ മകൻ & ഫാമിലി



റോസ & ഫാമിലി

# വലിയപരയ്ക്കാട്ട്



ഡോ. തോമാച്ചൻ & ഫാമിലി



ആലീസ് & ഫാമിലി



സോഫി & ഫാമിലി



തോമസ് ഭാര്യ ത്രേസ്യാമ്മ

# വലിയപരയ്ക്കാട്ട്



ജോയിച്ചൻ ഭാര്യ ടെസ്സി മക്കൾ തെരേസ, മരിയ, അന്ന & ബോബി



വൈദ്യൻ കുഞ്ഞേട്ടൻ
ഭാര്യ മറിയം



ഡോ. ചാണ്ടി (അപ്പച്ചൻ)
ഭാര്യ റോസമ്മ മക്കൾ സോണി &
ജോമി, ബോബി & ദിവ്യ, ലല്ലു & ജോസ്



ജോസ് ഭാര്യ സെലിൻ മക്കൾ ജയിസൺ, ജൂഡി, താര

# വലിയപരയ്ക്കാട്ട്



കുരിയാച്ചൻ
ഭാര്യ റോസമ്മ
മക്കൾ ടോം, ജീം,
റോസ്

ടോമി ഭാര്യ ജെസ്സിമ്മ
മക്കൾ ഡയാന,
ആഷ, ജോമി





ജോർജുകുട്ടി
ഭാര്യ മെർളി
മക്കൾ അതുൽ
& അഖിൽ

# വലിയപരയ്ക്കാട്ട്



കുഞ്ഞൂട്ടി ഭാര്യ മറിയകുട്ടി & ഫാമിലി



ഔസേപ്പച്ചൻ ഭാര്യ സെലിൻ മക്കൾ സോജോ, പയസ്കുട്ടി & അജോ



വർക്കിച്ചൻ ഭാര്യ റോസമ്മ മക്കൾ റോൾവി, റോസ്മി, ജോജോ, ഡോം

# വലിയപരയ്ക്കാട്ട്



തോമാച്ചൻ ഭാര്യ സിസിലി മക്കൾ സുബിൻ, അനുമോൾ





ജോമോൻ ഭാര്യ റെജി മക്കൾ അൻജ, ജോസി & അനിറ്റ്



കുട്ടിയച്ചൻ (ചാണ്ടി) മകൻ കുട്ടപ്പൻ ഭാര്യ തെയ്യാമ്മ മക്കൾ ടുട്ടു, ആര്യ

# വലിയപരയ്ക്കാട്ട്



ജോയിമോൻ (മാത്യു)
ഭാര്യ അച്ചാമ്മ
മക്കൾ മനു,
ഷെറിൻ, ഷാനു



സാബു
ഭാര്യ മേരികുട്ടി
മക്കൾ ലക്സിമോൾ,
അലക്സ് & തെരേസ്



ജോർജുകുട്ടി
ഭാര്യ മോളി
മക്കൾ ചാൾസ്,
ഡോൺ & ക്രിസ്റ്റിൻ

# വലിയപരയ്ക്കാട്ട്



ജോസുകുട്ടി
ഭാര്യ ജിൻസി മക്കൾ
പ്രിൻസ്, ആൽബർട്ട്



കുഞ്ഞ് (തോമസ്) ഭാര്യ കുഞ്ഞന്ന



ഫാ. തോമസ് ചാക്കോ
(ചാക്കോച്ചൻ)OFM. Cap.



തങ്കച്ചൻ
ഭാര്യ മറിയകുട്ടി

# വലിയപരയ്ക്കാട്ട്



റീസമ്മ ഭർത്താവ് വർക്കിച്ചൻ & ഫാമിലി



പൗളി ഭർത്താവ് വിൽസൺ & ഫാമിലി

# വലിയപരയ്ക്കാട്ട്



സിബി ഭാര്യ റാണി മക്കൾ മാർട്ടിൻ, മെർലിൻ, മെറിൻ



സണ്ണിച്ചൻ ഭാര്യ സിസിലി മക്കൾ സീന & ബിൻസു. സകല & ജിതിൻ.
സൽകല & പയസ്. സുമം & അനിൽ. & സിറിൾ

# 16

# കരിയാപുരയിടം

**ഇ**ഞ്ചക്കാട്ട് മഹാകുടുംബത്തിലെ പ്രമുഖശാഖയാണ് കരിയാപുരയിടം. 1717-ൽ പൂഞ്ഞാർ പ്രദേശത്ത് കാട്ടുതീ പടർന്നുപിടിച്ചു. അക്കാലത്ത് പൂഞ്ഞാറിന്റെ അധികഭാഗവും നിബിഡ വനങ്ങളായിരുന്നു. കാട്ടുതീ കൃഷിയിടങ്ങളിലേക്കും പടർന്നു. ധാരാളം വീടുകളും പുരയിടങ്ങളും അഗ്നിക്കിരയായി. ഇഞ്ചക്കാട് കൊച്ചൗസേപ്പിന്റെ പുരയിടം തീ പിടിക്കാതെ സുരക്ഷിതമായി കിടന്നു. അഗ്നിബാധയിൽനിന്നും രക്ഷപ്പെട്ട ഈ പുരയിടം "കരിയാപുരയിടം" (തീ പിടിക്കാത്ത പുരയിടം, കരിയാത്ത പുരയിടം) എന്ന് അറിയപ്പെടാൻ തുടങ്ങി. ഇഞ്ചക്കാട്ട് കുടുംബത്തിലെ കൊച്ചൗസേപ്പിന്റെ പിൻഗാമികൾ തുടർന്ന് കരിയാപുരയിടം എന്ന വീട്ടുപേരിൽ അറിയപ്പെട്ടു.

കരിയാപുരയിടം കൊച്ചൗസേപ്പിന്റെ പിൻതലമുറക്കാരെ സംബന്ധിച്ച് ലഭ്യമായ അറിവുകൾ ഈ ഗ്രന്ഥത്തിന്റെ പ്രാരംഭചരിത്രഭാഗത്ത് കുറിച്ചിട്ടുണ്ട്. തറവാട്ട് വീട്ടിൽ താമസിച്ചിരുന്ന കരിയാപുരയിടം പുന്നൂസിന്റെ പിൻതലമുറക്കാരിൽ ഒരാളായ മത്തായി പൂവരണി പാറേക്കാട്ട് അന്നമ്മയെ വിവാഹം ചെയ്തു. മത്തായിയുടെ രണ്ടു മക്കളാണ് പുന്നൂസും ഔസേപ്പും. പുന്നൂസിന്റെ സഹോദരൻ ഔസേപ്പ് സി.എം.ഐ. സന്ന്യാസ വൈദികനായി. അവരെ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## I കരിയാപുരയിടം മാത്യു (മത്തായി) മകൻ പുന്നൂസ്

കരിയാപുരയിടം മാത്യുവിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകൻ പൈങ്കുളം ഇടവകയിൽപെട്ട വാരിക്കാട്ട് കുടുംബത്തിൽനിന്നും മറിയത്തെ വിവാഹം ചെയ്തു. ഈ കുടുംബം പിന്നീട് തൊടുപുഴ കലയന്താനി ചിലവിലേക്ക് കുടിയേറിപ്പാർത്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. മാത്യു എന്ന ഏകമകനും, അന്നമ്മ, കുഞ്ഞേലി എന്നീ

രണ്ട് പെൺമക്കളും. അന്നമ്മയെ പൂഞ്ഞാർ തോട്ടക്കര ചാക്കോയും, കുഞ്ഞേലിയെ കടനാട് (കൊടുമ്പിടി) കൂന്താനത്ത് ഫ്രഞ്ചുവും വിവാഹം ചെയ്തു.

## I A- കരിയാപുരയിടം പുന്നൂസ് മകൻ മാത്യു

പുന്നൂസിന്റെ ഏക മകനാണ് മാത്യു. ഭരണങ്ങാനം ഇടവക ആലാനിക്കൽ മാണി-മറിയം ദമ്പതികളുടെ മകളായ അന്നമ്മയെ വിവാഹം ചെയ്തു. മാത്യു-അന്നമ്മ ദമ്പതികൾക്ക് ഏഴ് മക്കൾ. നാല് പെൺമക്കളും മൂന്ന് ആൺമക്കളും. മറിയാമ്മ, റോസമ്മ, ത്രേസ്യാമ്മ, കുഞ്ഞേലി എന്നിവരാണ് പെൺമക്കൾ. പുന്നൂസ്, എമ്മാനുവൽ (കുഞ്ഞ്), ജോസഫ് (കുഞ്ഞേപ്പ്) എന്നിവർ ആൺമക്കളും.

### സി. ബിയാട്രീസ് എഫ്.സി.സി (മറിയാമ്മ) (1897-1993)

കരിയാപുരയിടത്ത് മാത്യു-അന്നമ്മ ദമ്പതികളുടെ പ്രഥമ സന്താനമായി 17-12-1897-ൽ ജനിച്ചു. മാമ്മോദീസായിൽ മറിയം എന്ന് പേരിട്ടു. 01-01-1898-ൽ ജ്ഞാനസ്നാനവും, 27-1-1906-ൽ സ്ഥൈര്യലേപനവും സ്വീകരിച്ചു. കേവലം പന്ത്രണ്ട് വയസ്സായപ്പോൾ പിതാവ് മകളെ വിവാഹിതയായി കാണുവാൻ ആഗ്രഹിച്ചു. അതിനായി സ്വർണ്ണാഭരണങ്ങളെല്ലാം പണിയിച്ച് ഒരുങ്ങി. എന്നാൽ മകൾ സന്ന്യസ്ത ജീവിതമാണ് ആഗ്രഹിച്ചത്. അക്കാലത്ത് സന്ന്യാസ സമർപ്പിതർ വളരെ കുറവായിരുന്നു. മണിയംകുന്ന് മഠം സ്ഥാപകനായ ബഹു. കാട്ടറാത്ത് ചാണ്ടിയച്ചൻ മറിയാമ്മയെ മണിയംകുന്ന് മഠത്തിൽ ചേർക്കുവാൻ ആഗ്രഹിച്ചു. ബ. ചാണ്ടിയച്ചൻ അക്കാര്യം പിതാവ് മാത്യുവിനോട് പറഞ്ഞപ്പോൾ, അച്ചന്റെ ആഗ്രഹത്തിന് തടസ്സം പറയാതെ മകളുടെ ആഗ്രഹപ്രകാരം മറിയത്തെ മണിയംകുന്ന് മഠത്തിലേക്ക് പറഞ്ഞയച്ചു. മറിയം ഭരണങ്ങാനം മഠത്തിൽ താമസിച്ച് ഗവ. എൽ.പി.എസ്സിലും മുത്തോലി കർമ്മലീത്താമഠം വക സ്കൂളിലും പഠിച്ച് 1917-ൽ VSLC പാസ്സായി.

19-03-1918-ൽ ശിരോവസ്ത്രവും, 23-02-1919-ൽ സഭാവസ്ത്രവും സ്വീകരിച്ചു. 27-01-1925-ൽ നിത്യവ്രതവാഗ്ദാനവും ചെയ്തു. 1922-ൽ T.T.C പാസ്സായി. അനന്തരം മീനച്ചിൽ താലൂക്കിലെ ആദ്യ വിദ്യാലയങ്ങളിലൊന്നായ മണിയംകുന്ന് എൽ.പി.സ്കൂളിൽ അദ്ധ്യാപികയായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. 19-ാം നൂറ്റാണ്ടിന്റെ

മധ്യകാലഘട്ടംവരെ യാതൊരു വിദ്യാഭ്യാസസൗകര്യങ്ങളുമില്ലാതിരുന്ന ഈ നാട്ടിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം അവരുടെ സ്വഭാവരൂപീകരണത്തിലും അതീവശ്രദ്ധ പതിപ്പിച്ചിരുന്നു. മണിയംകുന്ന് മഠത്തിലെ ആരംഭകാല അംഗമായിരുന്ന ബിയാട്രീസമ്മ, സ്ഥാപനത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കുവേണ്ടി അശ്രാന്ത പരിശ്രമം നടത്തി. ഫാം സൂപ്പർവൈസർ, അസി.മദർ, മദർ എന്നീ നിലകളിൽ നിസ്തുലസേവനം അനുഷ്ഠിച്ചു. മണിയംകുന്ന് മഠം ഭരണങ്ങാനത്തേക്ക് മാറ്റിയപ്പോൾ അവിടുത്തെ അന്തേവാസികളിൽ ഒരാളായി. പൂഞ്ഞാർ തെക്കേക്കര, വടക്കേക്കര എന്നിവിടങ്ങളിലെ സന്ന്യാസ ഭവനങ്ങളിൽ താമസിച്ച് സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

പ്രാർത്ഥനാരൂപി, സാധുജനസേവനം, അടിയുറച്ച ദൈവവിശ്വാസം, ക്രമാനുഷ്ഠാനതല്പരത, അദ്ധ്വാനശീലം, സഭാസ്നേഹം, മരിയഭക്തി, ശുദ്ധീകരണാത്മാക്കളോടുള്ള ഭക്തി, ഇവയെല്ലാം അമ്മയിൽ പ്രകാശിച്ചിരുന്ന വിശിഷ്ട ഗുണങ്ങളാണ്. വീട്ടുകാർ സമ്മാനമായി നല്കിയിരുന്ന പണം അധികാരികളുടെ അനുവാദത്തോടെ ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി കുർബാന അർപ്പിക്കുവാൻ ഉപയോഗിച്ചിരുന്നു. കൂടാതെ സാമ്പത്തിക ബുദ്ധിമുട്ടുള്ള വൈദിക വിദ്യാർത്ഥികൾ, സിസ്റ്റേഴ്സ്, ആശ്രമശുശ്രൂഷികൾ, സാധുജനങ്ങൾ ഇവരെയെല്ലാം വീട്ടുകാരിൽ നിന്ന് പണം വാങ്ങി നൽകി സഹായിച്ചിരുന്നു. നീണ്ട 75 വർഷം സന്യസ്തജീവിതം നയിച്ച അമ്മ, തന്റെ സുവർണ്ണജൂബിലിയും കൊണ്ടാടി. 1993 നവംബർ 22-ാം തീയതി അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് പരലോകപ്രാപ്തയായി. മൃതദേഹം മണിയംകുന്ന് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

മാത്യു-അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ മകളായ റോസമ്മയെ കുറവിലങ്ങാട് പള്ളിവാതുക്കൽ (പള്ളിവീട്ടിൽ) മാത്തൻ വിവാഹം ചെയ്തു. ഇവർക്ക് ഒരാണും ഒരു പെണ്ണുമടക്കം രണ്ട് കുട്ടികൾ ജനിച്ചു. മൂന്നാമത്തെ പ്രസവത്തെ തുടർന്ന് റോസമ്മ നിര്യാതയായി.

മാത്യു-അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ മകളായ ത്രേസ്യാമ്മയെ പൂഞ്ഞാർ തെള്ളിയിൽ (നാത്തനാൽ) ജോസഫ് (കുഞ്ഞ്)

വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ജനിച്ച കുട്ടികൾ ജനിച്ച് അധികനാൾ കഴിയുംമുമ്പ് മരിച്ചു. അങ്ങനെ മക്കളില്ലാതെ ജോസഫും, ത്രേസ്യാമ്മയും ശിഷ്ടകാലം ജീവിച്ചു.

**സിസ്റ്റർ ബനീഞ്ഞാ (കുഞ്ഞേലി)** FCC - 1911-2008

മാത്യു-അന്നമ്മ ദമ്പതികളുടെ നാലാമത്തെ മകളായ കുഞ്ഞേലി 08-03-1911-ൽ മാത്യു അന്നമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായി ജനിച്ചു. മാമ്മോദീസായിൽ ഏലി എന്ന പേര് സ്വീകരിച്ച്, കുഞ്ഞേലി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടു. അതിരംപുഴ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്നും S.S.L.C യും തുടർന്ന് T.T.C യും പാസ്സായശേഷം 1938-ൽ മണിയംകുന്ന് ക്ലാരമഠത്തിൽ ചേർന്നു. 1940-ൽ സഭാവസ്ത്രവും, 1943-ൽ ജൂൺ എട്ടിന് ആദ്യവ്രതവും, 1944 സെപ്റ്റംബർ 07ന് നിത്യവ്രതവാഗ്ദാനവും നടത്തി.

മണിയംകുന്ന്, പൂഞ്ഞാർ, പെരിങ്ങുളം, കണ്ണാടിയുറുമ്പ്, പുലിയന്നൂർ, തിടനാട് എന്നീ മഠങ്ങളിൽ ബോർഡിംഗ് മിസ്ട്രസ്, ട്രഷറർ, സുപ്പീരിയർ, കൗൺസിലർ, ഫാം സൂപ്പർവൈസർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. പൂഞ്ഞാർ മഠത്തിന്റെ സ്ഥാപകരിൽ ഒരാളാകാനുള്ള ഭാഗ്യം ലഭിച്ച അമ്മ, പല പ്രാവശ്യങ്ങളിലായി ജീവിതത്തിന്റെ സിംഹഭാഗവും ചിലവഴിച്ചത് പൂഞ്ഞാർ മഠത്തിലാണ്. പ്രധാന ഹോബി വായനയായിരുന്നു. രോഗീലേപനം സ്വീകരിച്ച അമ്മ 2008 ഫെബ്രുവരി 27-ാം തീയതി 9 a.m ന് 97-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ബനീഞ്ഞാമ്മയുടെ ഭൗതിക ശരീരം പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## I A-I കരിയാപുരയിടം മാത്യു-അന്നമ്മ മകൻ പുന്നൂസ്

മാത്യു-അന്നമ്മ ദമ്പതികളുടെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് പുന്നൂസ്. പതിനഞ്ചാം വയസ്സിൽ മണിയംകുന്ന് കിഴക്കേത്തോട്ടം കുടുംബത്തിലെ കുര്യൻ ഏലി മകൾ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് കുട്ടികൾ ജനിച്ചു. മൂത്ത മകൾ അന്നക്കുട്ടി. ത്രേസ്യാമ്മയുടെ രണ്ടാമത്തെ പ്രസവത്തോടൊപ്പം ത്രേസ്യാമ്മയും ജനിച്ച ആൺകുട്ടിയും മരിച്ചു. അന്നക്കുട്ടിയെ പ്രായപൂർത്തിയായപ്പോൾ മറ്റക്കര (ഇളപ്പാനി) പൂവൻപുഴ

യ്ക്കൽ ഔസേപ്പച്ചൻ (P.M.ജോസഫ് MLA- 1957-59) വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. വത്സമ്മ, ഗ്രേസിക്കുട്ടി, ബാബു, ജോസ്, സോമി, സാലി, റോയി എന്നിവരാണ്.

പുന്നൂസ്, ആദ്യഭാര്യ ത്രേസ്യാമ്മയുടെ മരണശേഷം ചേർപ്പുങ്കൽ ഇടവക കോലടിയിൽ പോത്തൻ-അന്ന മകൾ ത്രേസ്യായെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ ഇവർക്ക് ഒരു മകനും രണ്ട് പെൺകുട്ടികളും ജനിച്ചു. മേരി, ചിന്നമ്മ എന്നിവരാണ് പെൺമക്കൾ. ഏകമകൻ മാത്തച്ചൻ (KP മാത്യു). മാത്തച്ചന് രണ്ട് വയസ്സുള്ളപ്പോൾ പിതാവ് പുന്നൂസ് മരിച്ചു. പുന്നൂസിന്റെ മരണശേഷം ത്രേസ്യാമ്മയെ ചേർപ്പുങ്കൽ നെടുംപുറം വീട്ടിൽ പോത്തൻ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ ഔസേപ്പച്ചൻ (പോത്തൻ ജോസഫ് (1942-2011) നെടുംപുറം), എത്സമ്മ എന്നീ രണ്ട് മക്കൾ ഉണ്ടായി.

പുന്നൂസിന്റെ രണ്ടാംവിവാഹത്തിൽ ജനിച്ച മൂത്ത മകൾ മേരിയെ കുറവിലങ്ങാട് ഇടവക (ഇപ്പോൾ വാക്കാട്) പനങ്കുഴയ്ക്കൽ കുര്യച്ചൻ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. മൂന്ന് ആൺമക്കളും നാല് പെൺമക്കളും. എത്സമ്മ, ജോയിച്ചൻ, തെയ്യാമ്മ, മറിയമ്മ, പാപ്പച്ചൻ, മാത്തച്ചൻ, ആനിയമ്മ എന്നിവരാണ് ഏഴ് മക്കൾ.

ഇളയ മകൾ ചിന്നമ്മയെ തമ്പലക്കാട്, തേക്കുംതോട്ടത്തിൽ അപ്രേം (കൊച്ച്) വിവാഹം ചെയ്തു. ഇവർക്ക് ഏഴ് ആൺമക്കളും ഒരു മകളും ഉണ്ട് ബേബിച്ചൻ (12-8-2007-ൽ മരിച്ചു), അപ്പച്ചൻ, ടോമി, രാജു, ലിറ്റിൽ, ജോസ്, ജോയി, ജെയിംസ് എന്നിവരാണ് മക്കൾ. ചിന്നമ്മ 26-03-2015-ൽ മരണമടഞ്ഞു.

## I A-Ia കരിയാപുരയിടം പുന്നൂസ്-ത്രേസ്യാ മകൻ മാത്തച്ചൻ (KP മാത്യു)

പുന്നൂസിന്റെ ഏകമകനാണ് മാത്തച്ചൻ (KP മാത്യു) കരിയാപുരയിടം. (31/03/1933 - 31/05/1984). ചേന്നങ്കരി മണിമലത്തറ, കാഞ്ഞൂപ്പറമ്പിൽ കുഞ്ചെറിയ-മറിയം ദമ്പതികളുടെ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. നാല് ആൺമക്കളും നാല് പെൺമക്കളും. പുന്നൂസ് (പാപ്പച്ചൻ), കുഞ്ചെറിയ

(സണ്ണി), മാത്യു (സിബി), ബോബി (ഫാ. എമ്മാനുവൽ CMI) എന്നിവരാണ് ആൺമക്കൾ. റൂബി, മറിയമ്മ, റാണി, ബീന എന്നിവർ പെൺമക്കളും. മാത്തച്ചന്റെ ഭാര്യ അന്നമ്മ 1-6-2015-ൽ മരണമടഞ്ഞു.

മാത്തച്ചൻ (KP Mathew) ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം സജീവ കോൺഗ്രസ് പ്രവർത്തകനായി രംഗത്തുവന്നു. കോട്ടയം DCC മെമ്പറായി പ്രവർത്തിച്ചിട്ടുള്ള KP മാത്യു, പി.റ്റി ചാക്കോയുടെ ഉറ്റ മിത്രമായിരുന്നു. 1965-ൽ കേരളാ കോൺഗ്രസ് പാർട്ടി രൂപം കൊണ്ടപ്പോൾ ആ പാർട്ടിയിലേക്ക് മാറുകയും പൂഞ്ഞാർ പ്രദേശത്തെ മുഖ്യ സംഘാടകരിൽ ഒരാളായി പ്രവർത്തിക്കുകയും ചെയ്തു. കേരളാ കോൺഗ്രസ് പൂഞ്ഞാർ നിയോജക മണ്ഡലം പ്രസിഡന്റ്, സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗം എന്നീ നിലകളിൽ വർഷങ്ങളോളം പ്രവർത്തിച്ചു. മീനച്ചിൽ ഈസ്റ്റ് അർബൻ കോപ്പറേറ്റീവ് ബാങ്കിന്റെ സ്ഥാപക പ്രസിഡന്റ്, മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആന്റ് പ്രൊസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ്, കർഷകസംഘം പ്രസിഡന്റ്, പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് മെമ്പർ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. പൂഞ്ഞാർ സെന്റ് ആന്റണീസ് ഹൈസ്കൂൾ അനുവദിപ്പിക്കുന്നതിനും, അതിന്റെ നിർമ്മാണത്തിലും സുപ്രധാന പങ്കു വഹിച്ചു. പൂഞ്ഞാറിന്റെ സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങൾ നേടിയെടുക്കുന്നതിൽ അദ്ദേഹം എന്നും മുൻപന്തിയിലുണ്ടായിരുന്നു. പൂഞ്ഞാറിന്റെ സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിന്നിരുന്ന മാത്തച്ചൻ 1984 മെയ് 31-ന് അന്തരിച്ചു. പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ സംസ്കരിച്ചു.

മാത്തച്ചന്റെ നാല് പെൺമക്കളിൽ മൂത്തമകൾ റൂബിയെ (09-07-1952-ൽ ജനിച്ചു) അരുവിത്തുറ ഇടവക മണ്ഡപത്തിൽ ഔസേപ്പച്ചൻ 29-06-1970-ൽ വിവാഹം ചെയ്തു. ഇവർക്ക് നാല് പെൺമക്കളും ഒരു മകനും ഉണ്ട്.

മാത്തച്ചന്റെ രണ്ടാമത്തെ മകൾ മറിയമ്മയെ (28-07-1960-ൽ ജനിച്ചു) ചങ്ങനാശ്ശേരി മാറാട്ടുകളം ജോണി വിവാഹം ചെയ്തു. 11-08-1998-ൽ ഒരു വാഹനാപകടത്തിൽ ജോണി മരിച്ചു. ഇവർക്ക് രണ്ട് മക്കൾ.

മാത്തച്ചന്റെ മൂന്നാമത്തെ മകൾ റാണിയെ (19-12-1963-ൽ ജനിച്ചു) വാഴൂർ ചെങ്കൽ ഇടവ മൊളോപ്പറമ്പിൽ കുര്യൻ (കുറുവച്ചൻ) 14-06-1987-ൽ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് ആൺമക്കൾ.

മാത്തച്ചന്റെ ഇളയമകൾ ബീന (04-12-1967-ൽ ജനിച്ചു)യെ വാഴൂർ ചെങ്കൽ ഇടവക മൊളോപ്പറമ്പിൽ റോബിൻ (കുഞ്ഞുമോൻ) 07-09-1992-ൽ വിവാഹം ചെയ്തു. റോബിൻ (കുഞ്ഞുമോൻ) റാണിയുടെ ഭർത്താവിന്റെ അനുജനാണ്. ഇവർക്ക് ഒരു മകളുണ്ട്.

## I A-Ia 1 കരിയാപുരയിടം KP മാത്യു (മാത്തച്ചൻ) മകൻ പുന്നൂസ് (പാപ്പച്ചൻ)

മാത്തച്ചന്റെ നാല് ആൺമക്കളിൽ മൂത്ത മകനാണ് പാപ്പച്ചൻ എന്ന് വിളിക്കുന്ന പുന്നൂസ് (K.M പുന്നൂസ് കരിയാപുരയിടം). 24-01-1955-ൽ ജനിച്ചു. കന്യാകുമാരി ജില്ലയിലെ നെട്ട, നാഗനൂലിൽ തോമസ് ചിന്നമ്മ ദമ്പതികളുടെ മകൾ ഷീലമ്മയെ 12-06-1983-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. ബിബിൻ, ജിബിൻ, നിഖിൽ. ബിബിനും ജിബിനും ഇരട്ടക്കുട്ടികളാണ്.

പതിനെട്ട് വർഷത്തോളം കേരളാ കോൺഗ്രസ് (എം) പൂഞ്ഞാർ തെക്കേക്കര മണ്ഡലം പ്രസിഡന്റായി പ്രവർത്തിച്ചു. നിലവിൽ കേരളാകോൺഗ്രസ് (എം) സംസ്ഥാനകമ്മിറ്റി അംഗമാണ്. കെ.എം. മാണിയുടെ പേഴ്സണൽ സ്റ്റാഫ് ആയി ജോലി ചെയ്തിട്ടുണ്ട്. പതിനൊന്ന് വർഷം മീനച്ചിൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഭരണസമിതി അംഗമായും, പതിമൂന്ന് വർഷം മീനച്ചിൽ റബ്ബർമാർക്കറ്റിംഗ് ആന്റ് പ്രൊസസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഭരണസമിതി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. പൂഞ്ഞാർ കർഷകസംഘം പ്രസിഡന്റ്, പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ പള്ളിയുടെ ട്രസ്റ്റി എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ദീപിക ഫ്രണ്ട്സ് ക്ലബ് (DFC) പൂഞ്ഞാർ ഫൊറോന പ്രസിഡന്റായി പ്രവർത്തിക്കുന്നു.

പൂന്നൂസിന്റെ ഇരട്ടക്കുട്ടികളിൽ മൂത്തമകൻ ബിബിൻ (MA, BEd) H.D.C മീനച്ചിൽ ഈസ്റ്റ് അർബർ കോ-ഓപ്പറേറ്റീവ്

ബാങ്കിൽ ജോലി ചെയ്യുന്നു. ജിബിൻ (BSC Nurse) ബാംഗ്ലൂരിൽ (ICU incharge) ജോലി ചെയ്യുന്നു. ജിബിൻ തോടനാൽ ഇടവക, പാറക്കുളങ്ങര ജോസഫ്-ലില്ലി ദമ്പതികളുടെ മകൾ പ്രതിഭയെ (പൊന്നി) വിവാഹം കഴിച്ചു (26-05-2016). രണ്ടുപേരും ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. പുന്നൂസിന്റെ ഇളയമകൻ നിഖിൽ BTech -ന് ശേഷം ബാംഗ്ലൂരിൽ സോഫ്റ്റ് വെയർ എഞ്ചിനീയറായി ജോലി ചെയ്യുന്നു.

## I A-Ia2 കരിയാപുരയിടം മാത്തച്ചൻ മകൻ കുഞ്ചെറിയാ(സണ്ണി)

മാത്തച്ചന്റെ രണ്ടാമത്തെ മകൻ കുഞ്ചെറിയാ എന്ന് വിളിക്കുന്ന സണ്ണി 30-11-1957-ൽ ജനിച്ചു. വെളിയനാട് പഞ്ചാരപുത്തൻപുരയിൽ അപ്പച്ചന്റേയും വിന്നിയുടേയും മകൾ അൽഫോയെ 17-08-1986-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരു മകളും, ഒരു മകനും. ഏക മകൾ ആൻമേരി MBA ബിരുദത്തിനുശേഷം ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. കാഞ്ഞിരപ്പള്ളി, കരിമ്പനാൽ ഇട്ടി ച്ചൻ വിവാഹം ചെയ്തു. ബാംഗ്ലൂരിൽ ഉദ്യോഗസ്ഥനായ ഇട്ടിച്ചനും, ആൻമേരിയും ബാംഗ്ലൂരാണ് താമസം. ഇവർക്ക് ഒരു മകൻ. ഇളയ മകൻ അരുൺ B Tech നുശേഷം സോഫ്റ്റ്വെയർ എൻജിനീയർ ആയി ജോലി ചെയ്യുന്നു. കുഞ്ചെറിയ (സണ്ണി)യും കുടുംബവും ബാഗ്ലൂരിൽ സ്ഥിരതാമസമാണ്.

## I A-Ia3 കരിയാപുരയിടം മാത്തച്ചൻ മകൻ കെ. എം. മാത്യു ( സിബി)

മാത്തച്ചന്റെ മൂന്നാമത്തെ മകനാണ് സിബി എന്ന് വിളിക്കുന്ന കെ.എം. മാത്യു. 20-06-1966-ൽ ജനിച്ചു. പാലാ രൂപത മാനത്തൂർ ഇടവക വെള്ളരിങ്ങാട്ട് ജോയി-എൽസി ദമ്പതികളുടെ മകൾ ബിനു വിനെ വിവാഹം ചെയ്തു. 15-04-1996-ൽ ആയിരുന്നു വിവാഹം. പാലാ രൂപതയുടെ പാസ്റ്ററൽ കൗൺസിൽ അംഗമാണ്. പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ പള്ളിയുടെ സൺഡേസ്കൂൾ അദ്ധ്യാ പകനാണ്. പൂഞ്ഞാർ ഫൊറോനായുടെ ട്രസ്റ്റിയായി പ്രവർത്തി ക്കുന്നു. മിഷൻലീഗിന്റെ പൂഞ്ഞാർ മേഖല പ്രസിഡന്റാണ്. കഴിഞ്ഞ പത്ത് വർഷക്കാലം പൂഞ്ഞാർ RPS-ന്റെ പ്രസിഡന്റായിരുന്നു. സിബി -ബിനു ദമ്പതികൾക്ക് രണ്ട് മക്കൾ. സ്നേഹ, നോയൽ. ഇരുവരും വിദ്യാർത്ഥികൾ.

## I A-Ia 4 കരിയാപുരയിടം മാത്തച്ചൻ മകൻ ബോബി (ഫാ. എമ്മാനുവൽ CMI)

മാത്തച്ചന്റെ ഇളയമകനാണ് ബോബി. 4-12-1967-ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം CMI സഭയിൽ ചേർന്ന് 1988 മാർച്ച് 19-ന് വ്രതവാഗ്ദാനം നടത്തി. വാർദ്ധാ, പൂന എന്നിവിടങ്ങളിൽ വൈദികപരിശീലനം നടത്തിയ അദ്ദേഹം 1998 ഡിസംബർ 29-ാം തീയതി മുത്തോലി ആശ്രമത്തിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. 1998 ഡിസംബർ 30-ാം തീയതി പൂഞ്ഞാർ ആശ്രമ ദൈവാലയത്തിൽ വച്ച് പ്രഥമ ദിവ്യബലി അർപ്പിച്ചു. പട്ടം കിട്ടിയശേഷം ഒരു വർഷം മുത്തോലി CMI മൈനർ സെമിനാരിയിൽ അസി. റെക്ടറായി സേവനം ചെയ്തു. തുടർന്ന് സഭയുടെ ഗുജറാത്തിലെ ഭവനഗർ പ്രൊവിൻസിൽ (രാജ്കോട്ട് രൂപത) ഇടവക വികാരി, സെമിനാരി റെക്ടർ, സ്കൂൾ അദ്ധ്യാപകൻ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. തുടർന്ന് ഉപരിപഠനാർത്ഥം റോമിലെത്തിയ ഫാ. എമ്മാനുവൽ റോമിലെ ക്ലരീഷ്യൻ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ദൈവശാസ്ത്രത്തിൽ ലൈസൻഷ്യേറ്റ് നേടി. തുടർന്ന് ഭവനഗർ ചാവറ പ്രോവിൻസിലെ ആദ്യത്തെ വികാർ പ്രൊവിൻഷ്യൽ ആയി മൂന്നു വർഷം സേവനം ചെയ്തു. അതിനുശേഷം ഗുജറാത്തിലെ മവ്വയിൽ ആശ്രമസുപ്പീരിയറും, സ്കൂൾ അദ്ധ്യാപകനുമായി ജോലി ചെയ്തു. ഇപ്പോൾ ഭവനഗർ പ്രോവിൻസിന്റെ പ്രൊവിൻഷ്യാളായി പ്രവർത്തിക്കുന്നു.

## I A-2 കരിയാപുരയിടം മാത്യു മകൻ എമ്മാനുവൽ (കുഞ്ഞ്) (1916 - 1992)

മാത്യുവിന്റെ മൂന്ന് ആൺമക്കളിൽ രണ്ടാമത്തെ മകനാണ് എമ്മാനുവൽ. കുഞ്ഞ് എന്നു വിളിപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. പാതാമ്പുഴ, പൂണ്ടിക്കുളത്ത് (ഞാവള്ളി തെക്കേൽ - പുതിയിടത്തു പ്രാവിൽ) ദേവസ്യാ-മറിയം ദമ്പതികളുടെ മകൾ അച്ചാമ്മയെ വിവാഹം ചെയ്തു. പ്രതാപശാലിയും, ധനാഢ്യനും, പൊതുകാര്യപ്രസക്തനുമായിരുന്ന കുഞ്ഞ് പൂഞ്ഞാർ രാജകുടുംബവുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. എളമ്പാശ്ശേരി ചേരിക്കൽ, പൂഞ്ഞാർ, മലയിഞ്ചിപ്പാറ എന്നിവിടങ്ങളിലായി മുന്നൂറ് ഏക്കർ സ്ഥലത്തിന്റെ ഉടമയായിരുന്നു. അദ്ദേഹത്തിന്റെ കൃഷിയിടങ്ങളിൽ

ധാരാളം ദേഹണ്ഡക്കാർ ഉണ്ടായിരുന്നു. ഈ സ്ഥലങ്ങളെല്ലാം ഇവർക്ക് കിളച്ചു പാതിക്ക് നല്കിയിരുന്നു. നായാട്ട് അദ്ദേഹത്തിന്റെ മുഖ്യഹോബിയായിരുന്നു. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് മന്നം വാർഡിന്റെ ആദ്യത്തെ മെമ്പറായിരുന്നു. മീനച്ചിൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. എമ്മാനുവൽ (കുഞ്ഞ്) 1992 ഏപ്രിൽ 17 നും അച്ചാമ്മ 1999 മെയ് 10-നും മരിച്ചു. ഇരുവരെയും പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

എമ്മാനുവൽ അച്ചാമ്മ ദമ്പതികൾക്ക് ഒൻപത് മക്കൾ. ആറ് ആൺമക്കളും മൂന്ന് പെൺമക്കളും. ബേബിച്ചൻ (മാത്യു), ജോയിച്ചൻ (സെബാസ്റ്റ്യൻ), ക്ലമന്റ് (തങ്കച്ചൻ), എമ്മാനുവൽ (തമ്പി), പുന്നൂസ് (പുന്നൂസ്കുട്ടി), ഇട്ടിച്ചെറിയത് (സണ്ണി) എന്നിവരാണ് ആൺമക്കൾ. ശാന്തമ്മ, സെലിൻ, ബിജിമോൾ എന്നിവർ പെൺമക്കളും.

മൂന്ന് പെൺമക്കളിൽ മൂത്ത മകളായ ശാന്തമ്മയെ പ്രവിത്താനം ഐപ്പൻപറമ്പിൽകുന്നേൽ സണ്ണി വിവാഹം ചെയ്തു. 1973-ലായിരുന്നു വിവാഹം. 21-01-2001-ൽ സണ്ണി മരണമടഞ്ഞു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ. മഞ്ജു, അഞ്ജു, രഞ്ജു. രണ്ടാമത്തെ മകൾ സെലിമോളെ 1986-ൽ ആനിക്കാട് പുല്ലാട്ട് വലിയവീട്ടിൽ സജിമോൻ വിവാഹം ചെയ്തു. ഇവർക്ക് നാല് മക്കൾ. ലിഡാ, തൊമ്മച്ചൻ, മാണിച്ചൻ, ജോണച്ചൻ.

എമ്മാനുവൽ അച്ചാമ്മ ദമ്പതികളുടെ ഇളയ മകൾ ബിജിമോളെ 1995-ൽ വണ്ടൻമേട് തെക്കേൽ സിബിച്ചൻ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു പെണ്ണും ഒരാണുമടക്കം മൂന്നു മക്കൾ. ചിന്നു, മിന്നു, തോമാച്ചൻ.

## I A-2a കരിയാപുരയിടം എമ്മാനുവൽ (കുഞ്ഞ്) മകൻ ബേബിച്ചൻ (മാത്യു)

എമ്മാനുവലിന്റെ ആറ് ആൺമക്കളിൽ മൂത്ത മകനാണ് ബേബിച്ചൻ എന്ന് വിളിക്കുന്ന മാത്യു. 1941-ൽ ജനിച്ചു. 1964-ൽ കിഴപറയാർ, തറപ്പേൽ (മണ്ണൂപ്പറമ്പിൽ) മാണി-ഏലി ദമ്പതികളുടെ മകൾ ഏലമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ആറ് മക്കൾ. നാല് പെണ്ണും, രണ്ട് ആണും. ടെസി, നെസി, ഗ്ലെസി, ജിൽസി

എന്നിവരാണ് പെൺമക്കൾ. നൈസ്, പ്രിൻസ് എന്നിവർ ആൺമക്കളും. 22-02-1989-ൽ 48-ാം വയസ്സിൽ ബേബിച്ചൻ മരിച്ചു.

മൂത്തമകൾ ടെസ്സിയെ കടനാട് ആയല്ലൂർ ജോസ് (സോജൻ) വിവാഹം ചെയ്തു. ഇവർക്ക് ഒരാണും ഒരു പെണ്ണുമടക്കം രണ്ട് മക്കൾ. ശരത്, ഷാലു. രണ്ടാമത്തെ മകൾ നെസിയെ പ്ലാശനാൽ പുളിക്കത്താഴെ സണ്ണി വിവാഹം ചെയ്തു. ഇവർക്ക് സോനാ സണ്ണി, ജെറിൻ, മെറിൻ എന്നീ മൂന്നു മക്കൾ. മൂന്നാമത്തെ മകൾ ഗ്ലൈസിയെ ചെറുവള്ളി കളത്തൂർ ഷാജി വിവാഹം ചെയ്തു. ഇവർക്ക് ഷാരോൺ, ജോർജ്ജ് എന്നീ രണ്ട് ആൺമക്കൾ. ഇളയമകൾ സിസ്റ്റർ ജിൽസി ഇറ്റലിയിൽ ഉപരിപഠനത്തിനുശേഷം ഭരണങ്ങാനം മേരിഗിരി ഹോസ്പിറ്റലിൽ Tutor ആയി സേവനം ചെയ്യുന്നു. ഇപ്പോൾ മംഗലാപുരത്ത് MSC നഴ്സിംഗിനു പഠിക്കുന്നു. സിസ്റ്റർ ജിൽസി FCC മഠാംഗമാണ്.

## I A-2a 1 കരിയാപുരയിടം ബേബിച്ചൻ (മാത്യു) മകൻ നൈസ്

ബേബിച്ചന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് നൈസ്. 1967-ൽ ജനിച്ചു. 1994-ൽ മേലുകാവുമറ്റം, കാവുകാട്ട് (നെടുംകുന്നേൽ) മാത്യു-ത്രേസ്യാമ്മ ദമ്പതികളുടെ മകളായ ബെറ്റി(ഫിലോമിന)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. റെനീറ്റ (മരിയ ട്രീസാ), അനീറ്റ (ജോസഫൈൻ) എന്നീ രണ്ട് പെൺമക്കളും, മാത്യൂസ് എന്ന ഏക മകനും. മൂവരും വിദ്യാർത്ഥികളാണ്.

## I A-2a2 കരിയാപുരയിടം ബേബിച്ചൻ (മാത്യു) മകൻ പ്രിൻസ്

ബേബിച്ചന്റെ ഇളയമകനാണ് പ്രിൻസ്. മാനത്തൂർ ഇരുവേലിക്കുന്നേൽ (കൈതയ്ക്കൽ) അഗസ്റ്റിൻ-മേരി ദമ്പതികളുടെ മകൾ രാജി (മേരി)യെ 12-09-2005-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു കുട്ടികൾ. ജറിക്സ് (മാത്യു), ജെസ്വിൻ (അഗസ്റ്റിൻ) എന്നീ രണ്ടു പുത്രന്മാരും ജെസിലിറ്റ് (കാതറിൻ) എന്ന പുത്രിയും ഉണ്ട്. പ്രിൻസും രാജിയും ഓസ്ട്രേലിയായിൽ ജോലി ചെയ്യുന്നു.

## I A-2-b കരിയാപുരയിടം എമ്മാനുവൽ (കുഞ്ഞ്) മകൻ സെബാസ്റ്റ്യൻ (ജോയിച്ചൻ)

എമ്മാനുവൽ - അച്ചാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനാണ് ജോയിച്ചൻ (സെബാസ്റ്റ്യൻ). 1944 മെയ് 5-ന് ജനിച്ചു. വെട്ടിക്കാട്ട്

(ചിറക്കടവ്) ഒറ്റപ്ലാക്കൽ ആന്റണി-മറിയം ദമ്പതികളുടെ മകൾ ഗ്രേസിയെ വിവാഹം ചെയ്തു (25-11-1968). ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അനു എന്ന മകളും, നോബി എന്ന മകനും. ഏക മകൾ അനു 1976-ൽ ജനിച്ചു. പൂഞ്ഞാർ, തോട്ടക്കര ചെറിയാച്ചൻ-ലില്ലിക്കുട്ടി (മുരിക്കൻ) ദമ്പതികളുടെ മകൻ ചാക്കോച്ചൻ 2000-ൽ അനുവിനെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് കുട്ടികൾ. ഒരു മകനും, ഒരു മകളും. ഇരുവരും വിദ്യാർത്ഥികളാണ്.

## I A-2-b1 കരിയാപുരയിടം ജോയിച്ചൻ (സെബാസ്റ്റ്യൻ) മകൻ നോബി

ജോയിച്ചന്റെ ഏക മകനാണ് നോബി. 1969-ൽ ജനിച്ചു. 22-04-1999-ൽ ചെങ്ങളത്ത് മണിയൻചിറ (ചേന്നാട്) തോമസ്-ഏലി ദമ്പതികളുടെ മകൾ ഷൈൻ-നെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ മരിയ. മരിയ വിദ്യാർത്ഥിയാണ്.

## I A-2-C കരിയാപുരയിടം എമ്മാനുവൽ (കുഞ്ഞ്) മകൻ ക്ലമന്റ് (തങ്കച്ചൻ)

എമ്മാനുവൽ (കുഞ്ഞ്) ന്റെ മൂന്നാമത്തെ മകനാണ് തങ്കച്ചൻ എന്നു വിളിക്കുന്ന ക്ലമന്റ്. 1948-ൽ ജനിച്ചു. 1975-ൽ കൂവപ്പള്ളി, വടക്കേമുറിയിൽ അടിച്ചിലാമാക്കൽ ജോസഫ്-മേരി ദമ്പതികളുടെ മകൾ ലൂസിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് ആണും ഒരു പെണ്ണും. എമിൽ, ജെഫിൻ (ജോ) എന്നിവരാണ് ആൺമക്കൾ. റ്റിന്റു (അച്ചാമ്മ) വാണ് ഏകമകൾ. മീനച്ചിൽ ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ബോർഡ് മെമ്പർ എന്ന നിലയിലും പൂഞ്ഞാർ കർഷകവേദി, പൂഞ്ഞാറിലെ കർഷകസംഘടനയായ ഭൂമിക എന്ന സന്നദ്ധസംഘടന, പൂഞ്ഞാർ തെക്കേക്കര ഹരിത സ്വാശ്രയ കർഷക വിപണി എന്നിവയുടെയും പ്രസിഡന്റായും ക്ലമന്റ് പ്രവർത്തിച്ചുവരുന്നു. രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം പൂഞ്ഞാറിലെ കർഷകരുടെ ഉന്നമനത്തിനായി മുൻനിരയിൽ പ്രവർത്തിക്കുന്നു.

ഏക മകൾ റ്റിന്റു (അച്ചാമ്മ) MTech പഠനത്തിനുശേഷം ചെന്നൈയിൽ ജോലി ചെയ്യുന്നു. 10-8-2009-ൽ ചെത്തിമറ്റം, കിടങ്ങൂർ, അവന്നൂർ ബേബി - ആനിമ്മ ദമ്പതികളുടെ മകൻ ബോണി വിവാഹം ചെയ്തു. ബോണി ചെന്നൈയിൽ ഉദ്യോഗസ്ഥനാണ്.

ഈ ദമ്പതികൾക്ക് നാല് മക്കൾ. റിഹാന, ജോവി, റോയിസ്. അന്ന മാത്യു - ക്ലമെന്റ്, മൈക്കിൾ.

## I A-2c1 കരിയാപുരയിടം ക്ലമന്റ് (തങ്കച്ചൻ) മകൻ എമിൽ

ക്ലമന്റിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് എമിൽ (എമ്മാനുവൽ). 1976-ൽ ജനിച്ചു. മണിമല, മുട്ടത്ത് ടോമി- ആൻസി (ചങ്ങങ്കേരി) ദമ്പതികളുടെ മൂത്തമകൾ സിമിയെ 2002-ൽ വിവാഹം ചെയ്തു. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിനുശേഷം പൂഞ്ഞാർ IHRDയിൽ ലക്ചററായി ജോലി ചെയ്യുന്നു. ഭാര്യ സിമി വീട്ടമ്മയാണ്. എമിൽ പാലാ, ഈരാറ്റുപേട്ട, പൊൻകുന്നം എന്നിവിടങ്ങളിൽ 'സൈൻഹൗസ്' എന്ന പേരിൽ ഫ്ളെക്സ് പ്രിന്റിംഗ് സ്ഥാപനവും നടത്തിവരുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. എൽസ (എലിസബത്ത്) എന്ന മകളും, എബി (ക്ലമന്റ്) എന്ന മകനും. രണ്ടുപേരും വിദ്യാർത്ഥികളാണ്.

## IA-2c2 കരിയാപുരയിടം ക്ലമന്റ് മകൻ ജെഫിൻ (ജോ)

ക്ലമന്റിന്റെ ഇളയമകനാണ് ജെഫിൻ. 1989-ൽ ജനിച്ചു. ബിരുദവിദ്യാർത്ഥിയാണ്. ഇപ്പോൾ ബാംഗ്ലൂരിൽ ജോലിചെയ്യുന്നു.

## I A-2d കരിയാപുരയിടം എമ്മാനുവൽ (കുഞ്ഞ്) മകൻ തമ്പിച്ചൻ (എമ്മാനുവൽ)

എമ്മാനുവൽ - അച്ചാമ്മ ദമ്പതികളുടെ നാലാമത്തെ മകനാണ് തമ്പിച്ചൻ എന്ന് വിളിക്കുന്ന എമ്മാനുവൽ. 1950-ൽ ജനിച്ചു. 1977-ൽ പൂവരണി പാഴൂക്കുന്നേൽ സെബാസ്റ്റ്യൻ-ഏലിക്കുട്ടി (മാളിയേക്കൽ) ദമ്പതികളുടെ മകൾ വത്സമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും, ഒരാണും. അനി, ലിസ് മരിയ എന്നിവരാണ് പെൺമക്കൾ. മനു ഏക മകനും. മൂത്തമകൾ അനിയെ അതിരമ്പുഴ കൊല്ലപ്പള്ളിൽ ഷിജോ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് ആൺമക്കൾ. ഇളയ മകൾ ലിസ്മരിയ BDS ഡോക്ടറാണ്.

## I A-2d1 കരിയാപുരയിടം (എമ്മാനുവേൽ) തമ്പിച്ചൻ മകൻ മനു

തമ്പിച്ചന്റെ ഏക മകനാണ് മനു. 1982-ൽ ജനിച്ചു. മലയിഞ്ചിപ്പാറ പുളിക്കാട്ട് ഫ്രാൻസീസ്-സാലി (കുന്നത്ത്) ദമ്പതികളുടെ മകൾ ദീപ്തിയെ വിവാഹം ചെയ്തു. മനു MBA കഴിഞ്ഞ് ബിസിനസ്സ്

ചെയ്യുന്നു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. മരിയാനോ മാനുവൽ, ജന്നിഫർ ട്രീസാ മാനുവൽ, മിഖേൽ മാനുവൽ.

## I A-2C കരിയാപുരയിടം എമ്മാനുവേൽ (കുഞ്ഞ്) മകൻ പുന്നൂസ് (പുന്നൂസുകുട്ടി)

എമ്മാനുവൽ - അച്ചാമ്മ ദമ്പതികളുടെ അഞ്ചാമത്തെ മകനാണ് പുന്നൂസ്കുട്ടി എന്നു വിളിക്കുന്ന പുന്നൂസ്. 1956- ൽ ജനിച്ചു. 1983-ൽ കാളകെട്ടി കുന്നേൽ ജോസഫ്-റോസ (പുളിക്കൽ) ദമ്പതികളുടെ മകൾ കുഞ്ഞുമോ(അന്നമ്മ)ളെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ - സിത. സിതയെ ആരക്കുഴ പിട്ടാപ്പിള്ളി മനേഷ് (മാത്യു) വിവാഹം ചെയ്തു. ഇവർക്ക് ഒരു മകൾ - അനബേൽ.

## I A-2f കരിയാപുരയിടം എമ്മാനുവൽ (കുഞ്ഞ്) മകൻ സണ്ണി (ഇട്ടിചെറിത്)

എമ്മാനുവൽ - അച്ചാമ്മ ദമ്പതികളുടെ ആറാമത്തെ മകനാണ് സണ്ണി എന്നു വിളിക്കുന്ന ഇട്ടിചെറിത്. 1957-ൽ ജനിച്ചു. 1989-ൽ പെരുവന്താനം വടശ്ശേരിയിൽ തോമസ് ത്രേസ്യാ (മേടയ്ക്കൽ) ദമ്പതികളുടെ മകളായ ഷേർളിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് പെൺമക്കൾ. ഹണി, ശിൽപ. ഹണിയെ തൊടുപുഴ തോട്ടുപുറം അനിയൻ കുട്ടൻ (ജോപ്പച്ചൻ) വിവാഹം കഴിച്ചു. ഇവർക്ക് ഒരു കുട്ടിയുണ്ട്. ശിൽപ. ഡിഗ്രിക്ക് പഠിക്കുന്നു.

## I A-3 കരിയാപുരയിടം മാത്യു മകൻ ജോസഫ് (കുഞ്ഞേപ്പ്)

മാത്യു-അന്നമ്മ ദമ്പതികളുടെ ഇളയ മകനാണ് കുഞ്ഞേപ്പ് എന്നു വിളിക്കുന്ന കെ.എം. ജോസഫ്. തിടനാട് പുലിക്കുന്നേൽ തൊമ്മൻ-മാമ്മി ദമ്പതികളുടെ മകൾ കുട്ടിയമ്മയെ വിവാഹം ചെയ്തു. പൂഞ്ഞാറിലെ രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിന്ന വ്യക്തിയാണ് ജോസഫ്. പൂഞ്ഞാറിന്റെ വികസന പ്രവർത്തനങ്ങളിൽ മുൻനിരയിൽനിന്ന് നേതൃത്വം കൊടുത്തിരുന്നു. പ്രത്യേകിച്ച് പൂഞ്ഞാർ കാട്ടറാത്ത് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള കമ്മിറ്റിയുടെ കോർഡിനേറ്റർ ആയിരുന്നു. വിമോചന സമരകാലത്ത് അന്നുണ്ടായിരുന്ന ക്രിസ്റ്റഫർ സംഘടനയുടെ തലപ്പത്തും അദ്ദേഹം പ്രവർത്തിച്ചു. പൂഞ്ഞാറിന്റെ സാംസ്കാരിക

രംഗങ്ങളിൽ, നിറഞ്ഞുനിന്ന അദ്ദേഹം അന്നത്തെ പ്രമുഖ നാടക ങ്ങളും മറ്റും അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള തീയേറ്ററിൽ പ്രദർശിപ്പിച്ചിരുന്നു. പൂഞ്ഞാറിലെ സാധാരണ ജനങ്ങൾക്ക് വളരെ പ്രിയങ്കരനായിരുന്ന കെ.എം. ജോസഫ് (കുഞ്ഞേപ്പ്) 1960 നവം ബർ 2-ാം തീയതി നിര്യാതനായി. പൂഞ്ഞാർ ഫൊറോനാ ദൈവാ ലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

ജോസഫ്-കുട്ടിയമ്മ ദമ്പതികൾക്ക് പത്ത് മക്കൾ. ആറ് പെൺമ ക്കളും നാല് ആൺമക്കളും. ലില്ലിയമ്മ, ആലീസ്, റോസമ്മ, സാലി, ലിസി, ലൈല എന്നിവരാണ് പെൺമക്കൾ. ജോസ്, തോമസ്, ഷാജി, ബിജു എന്നിവർ ആൺമക്കളും. ആറ് പെൺമക്കളിൽ മൂത്ത മകൾ ലില്ലിയമ്മ (MBBS DGO)-യെ ഫോർട്ട് കൊച്ചി ഓടത്തക്കൽ അഡ്വ. കൊളംബസ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. സ്നേഹ, സഞ്ചു. ഇരുവരും വിവാഹിതരാണ്.

രണ്ടാമത്തെ മകൾ ആലീസിനെ വൈക്കം ഉല്ലല കാട്ടുമന കുടുംബത്തിൽ ജോർജ്-മറിയക്കുട്ടി ദമ്പതികളുടെ മകൻ ജോർജ് അലക്സാണ്ടർ വിവാഹം ചെയ്തു. ഇവർക്ക് 4 പെൺമക്കളാണ്. കാലംചെയ്ത ബിഷപ് എബ്രാഹം കാട്ടുമനയുടെ സഹോദരനാണ് അലക്സാണ്ടർ. അലക്സാണ്ടർ മരണമടഞ്ഞു. മൂന്നാമത്തെ മകൾ റോസമ്മയെ കൊല്ലപ്പള്ളി കല്ലറയ്ക്കൽ ഡൊമിനിക്കിന്റെ മകൻ വില്യം വിവാഹം ചെയ്തു. ഇവർക്ക് മൂന്നു മക്കൾ. രണ്ട് ആണും, ഒരു പെണ്ണും. മൂവരും വിവാഹിതരാണ്. വില്യം മരണമടഞ്ഞു.

നാലാമത്തെ മകൾ സാലിയെ കുര്യനാട് മറ്റത്തിൽ തോമ സിന്റെ മകൻ ആഗസ്തി (തമ്പി) വിവാഹം ചെയ്തു. രണ്ടാണും രണ്ട് പെണ്ണുമടക്കം നാലു മക്കൾ.നാലുപേരും വിവാഹിതരാണ്. അഞ്ചാമത്തെ മകൾ ലിസി 16-ാമത്തെ വയസ്സിൽ അസുഖത്തെതു ടർന്ന് 21-9-1967-ൽ മരണമടഞ്ഞു. ആറാമത്തെ മകൾ ലൈലയെ വൈക്കം ഉല്ലല കാട്ടുമനയിൽ ജോർജ്ജിന്റെ മകൻ മാത്യു വിവാഹം ചെയ്തു. ബിഷപ് എബ്രഹാം കാട്ടുമനയുടെ സഹോദരനാണ് മാത്യു. മാത്യു-ലൈല ദമ്പതികൾക്ക് മൂന്നു മക്കൾ. മൂന്നുപേരും വിവാഹിതരാണ്. രണ്ടാണും ഒരു പെണ്ണും. ആൺമക്കൾ രണ്ടു പേരും സകുടുംബം ഓസ്ട്രേലിയായിലാണ് താമസിക്കുന്നത്. 25-07-2013-ൽ ലൈല മരണമടഞ്ഞു.

## I A-3a കരിയാപുരയിടം കെ. എം. ജോസഫ് (കുഞ്ഞേപ്പ്) മകൻ ജോസ്

ജോസഫിന്റെ നാല് ആൺമക്കളിൽ മൂത്തമകനാണ് ജോസ്. 24-01-1942-ൽ ജനിച്ചു. തമ്പലക്കാട്, വട്ടക്കാട്ട് ജോർജ്-ഏലിക്കുട്ടി ദമ്പതികളുടെ മകൾ ഓമനയെ 28-11-1966 ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. രണ്ട് പെണ്ണും ഒരാണും. സൈര, സീമ എന്നിവരാണ് പെൺമക്കൾ. സുനിൽ ഏകമകനും. മൂത്തമകൾ സൈരയെ കടുക്കാംതടത്തിൽ ജയ്സൻ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു മക്കൾ. രണ്ടാമത്തെ മകൾ സീമയെ മണ്ണാർക്കാട് വഴുതനപ്പള്ളിൽ തമ്പി വിവാഹം ചെയ്തു. സീമക്ക് എമി, ടോം, ദിയ എന്നീ മൂന്നു മക്കൾ. സീമയും കുടുംബവും മംഗലാപുരത്താണ് താമസം. ജോസ് 13-03-1999-ൽ മരണമടഞ്ഞു.

## I A-3a 1 കരിയാപുരയിടം ജോസ് മകൻ സുനിൽ

ജോസിന്റെ മൂന്ന് മക്കളിൽ ഏക മകനാണ് സുനിൽ. കുറുമണ്ണ് താന്നിക്കൽ ജോസഫ്-ഏലിക്കുട്ടി ദമ്പതികളുടെ മകൾ ജാസ്മിനെ 22-01-1995-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ചിപ്പി, സാന്ദ്ര, അന്ന. മൂവരും വിദ്യാർത്ഥികളാണ്. സുനിൽ ബിസിനസ്സ് ചെയ്യുന്നു.

## I A-3b കരിയാപുരയിടം ജോസഫ് (കുഞ്ഞേപ്പ്) മകൻ തോമസ്

കെ.എം. ജോസഫ്-കുട്ടിയമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനാണ് തോമസ്. പാലാ വെട്ടുകാട്ട് ജോസഫ്-എലിസബത്ത് ദമ്പതികളുടെ മകൾ ലാലിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് സൗമ്യ, രമ്യ എന്നീ രണ്ടു പെൺമക്കൾ. ജോർജ്ജുകുട്ടി എന്ന മകനും. സൗമ്യയെ കൊഴുവനാൽ തെക്കേമുറിയിൽ തോമസ്-ലില്ലി ദമ്പതികളുടെ മകൻ അനോജ് വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. സോഫ്റ്റ് വെയർ എഞ്ചിനീയറായ സൗമ്യയും, അനോജും ബാംഗ്ലൂരാണ് താമസം. രണ്ടാമത്തെ മകൾ രമ്യയെ നോർത്ത് പറവൂർ തെക്കിനേടത്ത് ജോർജ്ജ്-സിസിലി ദമ്പതികളുടെ മകൻ ആന്റോ വിവാഹം ചെയ്തു. ഇവർ ന്യൂസിലാന്റിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഒരു കുട്ടിയുണ്ട്.

## I A-3b 1 കരിയാപുരയിടം തോമസ് മകൻ ജോർജ്ജുകുട്ടി

തോമസിന്റെ മൂന്ന് മക്കളിൽ ഏകമകനാണ് ജോർജ്ജുകുട്ടി. കാഞ്ഞിരപ്പള്ളി പുതുപ്പറമ്പിൽ (പടന്നമാക്കൽ) ജോസഫ് - സാലി ദമ്പതികളുടെ മകൾ ഡോണായെ 15-11-2016 ൽ വിവാഹം ചെയ്തു. അവർക്ക് മിയ എന്ന ഒരു മകൾ ഉണ്ട്. ജോർജുകുട്ടി ഇപ്പോൾ അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലിചെയ്യുന്നു.

## I A-3c കരിയാപുരയിടം ജോസഫ് (കുഞ്ഞേപ്പ്) മകൻ ഷാജി

കെ. എം. ജോസഫ്-കുട്ടിയമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനാണ് ഷാജി. കളത്തൂകടവ്, അധികാരത്തിൽ (കല്ലോലിക്കൽ) ജേക്കബ്-ത്രേസ്യാമ്മ ദമ്പതികളുടെ മകൾ ജയിനിനെ 02-02-1986-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ആഷ്‌ലി, ശ്യാമിലി എന്നീ രണ്ട് പെൺമക്കളും ആശിഷ് എന്ന മകനുമടക്കം മൂന്ന് മക്കൾ. ആഷ്‌ലിയെ എറണാകുളം സ്വദേശി അരുൺ വിവാഹം കഴിച്ചു. രണ്ടുപേരും ഡോക്ടർമാരാണ് (MBBS, MD). ശ്യാമിലി (M Tech) യെ പഠനത്തിനുശേഷം തിരുവനന്തപുരത്ത് വാര്യംപറമ്പിൽ രഞ്ചി വിവാഹം ചെയ്തു. ഇവരുവരും USA യിലാണ്. ഏക മകൻ ആശിഷ് കാഞ്ഞിരപ്പള്ളി അമൽജ്യോതിയിൽ B Tech വിദ്യാർത്ഥിയാണ്.

## I A-3d കരിയാപുരയിടം ജോസഫ് (കുഞ്ഞേപ്പ്) മകൻ ബിജു

കെ. എം. ജോസഫ്-കുട്ടിയമ്മ ദമ്പതികളുടെ പത്തുമക്കളിൽ ഇളയ ആളാണ് ബിജു. ചെമ്മലമറ്റം വെള്ളൂക്കുന്നേൽ എമ്മാനുവേൽ-മേരി ദമ്പതികളുടെ മകൾ മജി (ത്രേസ്യാ)യെ 27-11-1988-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. ജോ, ജിം. ജെഫ്. ജോ ന്യൂസിലാന്റിൽ BTech കഴിഞ്ഞ് ജോലിചെയ്യുന്നു. ജിം ന്യൂസിലാന്റിൽ പഠിക്കുന്നു. ജെഫ് നാട്ടിലും.

## II കരിയാപുരയിടം മാത്യു മകൻ ഔസേപ്പ്
### (വി. കുർബാനയുടെ ബ. യൗസേപ്പച്ചൻ 1864-1933)

കരിയാപുരയിടത്തിൽ മാത്യു-അന്ന ദമ്പതികളുടെ രണ്ടാമത്തെ മകനായ ഔസേപ്പ് 1864 ആഗസ്റ്റ് 11 ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം സെമിനാരിയിൽ ചേർന്ന് വൈദികപഠനം

ആരംഭിച്ചു. 1895 മാർച്ച് 31-ന് തിരുപ്പട്ടം സ്വീകരിച്ചു. ഇടവകപ്പട്ടക്കാരനായി അഭിഷേകം ചെയ്യപ്പെട്ട അച്ചൻ സ്വമനസ്സാ പ്രസ്തുത ജീവിതം ഉപേക്ഷിച്ച് വൈക്കത്തിനടുത്ത് തോട്ടകത്ത് സമാരംഭിച്ച -വിൻസെൻഷ്യൻ സഭയുടെ തുടക്കത്തിൽ-സ്ഥാപകനായ കാട്ടറാത്ത് വല്യച്ചനോട് ചേർന്ന് പത്തൊൻപത് വർഷത്തോളം അവിടെ താമസിച്ച് പ്രവർത്തിച്ചു. എന്നാൽ സഭാസ്ഥാപനത്തിന് തടസ്സം നേരിട്ടതിനാൽ 1914-ൽ ജൂൺ 14-ന് അദ്ദേഹം സുറിയാനി കർമ്മലീത്താ സഭയിൽ (ഇന്നത്തെ സി.എം.ഐ സഭ) ചേർന്ന് 1915 ജൂൺ 23-ന് വി. കുർബാനയുടെ യൗസേപ്പച്ചൻ എന്ന പേരിൽ വ്രതവാഗ്ദാനം നടത്തുകയും ചെയ്തു. സുറിയാനി ഭാഷയിൽ അതിനിപുണനായിരുന്നു അദ്ദേഹം. ബൈബിൾ പണ്ഡിതനും, ധ്യാനപ്രസംഗകനുമായിരുന്നു. സി.എം.ഐ സഭയിലെ പരേതരായ സഭാംഗങ്ങളെക്കുറിച്ചുള്ള അനുസ്മരണക്കുറിപ്പിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: “നിഷ്കപടനും സത്യസന്ധനുമായ യൗസേപ്പച്ചൻ വേദപുസ്തകം വളരെ കരുതലോടെ പഠിക്കുകയും അതിന്റെ അഗാധങ്ങളിൽ മുങ്ങിത്തപ്പി ക്രിസ്തുവിനെക്കുറിച്ച് വളരെ വ്യക്തമായ അറിവ് സമ്പാദിക്കുകയും ചെയ്തിരുന്നു. ഈ വേദപുസ്തക പാണ്ഡിത്യം അദ്ദേഹത്തിന്റെ ധ്യാന പ്രസംഗങ്ങളുടെ അടിത്തറയായി നിലകൊണ്ടു.... വേദപുസ്തകത്തിൽനിന്നും സത്യങ്ങൾ പെറുക്കിയെടുത്ത് നിരത്തിവച്ച് വസ്തുനിഷ്ഠമായി ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ ധ്യാനശൈലി കൂടുതൽ പ്രയോജനകരവും ചിരസ്ഥായിയുമായിരുന്നു” (കർമ്മലസഭയിലെ സൗഗന്ധികങ്ങൾ, 1982, പേജ് 313).

ബ. യസേപ്പച്ചന്റെ സുറിയാനി ഭാഷാ നിപുണത, സുറിയാനി ബൈബിളിന്റെ മലയാള പരിഭാഷയ്ക്ക് ഉപകരിക്കപ്പെട്ടുവെന്ന് ബ. ക. നി. മൂ. സ. മാണിക്കത്തനാർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 1935-ൽ മാന്നാനത്തുനിന്നും പ്രസിദ്ധീകരിച്ച വിശുദ്ധ ഗ്രന്ഥം പഴയനിയമം പഞ്ചഗ്രന്ഥിയുടെ ആമുഖക്കുറിപ്പിൽ ബ. മാണിക്കത്തനാർ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: “സഭയിൽ എന്റെ സഹോദരന്മാരായ ചില വന്ദ്യ വൈദികരുടെയെല്ലാം സഹായം ഇക്കാര്യത്തിൽ എനിക്കുണ്ടായിട്ടുണ്ടെന്ന് കൃതജ്ഞതാപൂർവം ഞാൻ സ്മരിക്കുന്നു. പുണ്യശ്ലോകനും 1933 നവംബറിൽ പരേതനുമായ ക.നി.

മൂ.സ. വി. കുർബാനയുടെ ബ.യൗസേപ്പച്ചൻ അവർകൾ ഈ വിവർത്തനത്തിൽ ആദ്യന്തം ഉൽസാഹിയും സഹായിയുമായിരുന്നു. എന്നും അദ്ദേഹത്തിന്റെ സുറിയാനി ഭാഷാ പാണ്ഡിത്യം എനിക്ക് വളരെ പ്രയോജകീഭവിച്ചിട്ടുണ്ടെന്നുമുള്ള വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്" (വി. ഗ്രന്ഥം - പഞ്ചഗ്രന്ഥി 1953, ആമുഖക്കുറിപ്പ്, പേജ് vii).

ബഹുമാനപ്പെട്ട യൗസേപ്പച്ചൻ മുത്തോലി ആശ്രമത്തിൽ താമസിച്ചിരുന്നപ്പോഴാണ് വേദപുസ്തക പരിഭാഷയിൽ ബ. മാണിക്കത്തനാരുമായി സഹകരിച്ച് പ്രവർത്തിച്ചത്. ഭക്തനും നിഷ്കളങ്കനും ക്രമാനുഷ്ഠാനങ്ങളിൽ വലിയ നിഷ്ഠയുമുള്ള സന്യാസിയും, മാതൃകാ പുരോഹിതനുമായിരുന്ന ബ. യൗസേപ്പച്ചൻ 1933 നവംബർ 11-ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അദ്ദേഹത്തിന്റെ സംപൂജ്യാവശിഷ്ടങ്ങൾ മുത്തോലി ആശ്രമത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു.

# 17

# മാലിക്കൽ

## മാലിക്കൽ–പാഴൂർ പ്രാരംഭചരിത്രം

**പൂ**ഞ്ഞാർ കരിയാപുരയിടം കൊച്ചിട്ടിച്ചെറിയതിന്റെ മൂന്ന് ആൺമക്കളിൽ കൊച്ചുമത്തായി പാലായിൽ കാവുങ്കൽ പുരയിടത്തിൽ താമസമാക്കി. തുടർന്ന് കാവുങ്കൽ എന്ന വീട്ടുപേരിൽ അറിയപ്പെട്ടു. മത്തായിയുടെ സഹോദരി റോസയെ വിവാഹം ചെയ്തത് കിടങ്ങൂർ സുബ്രമണ്യസ്വാമി ക്ഷേത്രത്തിന് പടിഞ്ഞാറ് പുന്നത്തുറ എന്ന സ്ഥലത്തായിരുന്നു. ഇവർ 'പുന്നത്തുറ' എന്ന വീട്ടുപേരിലാണ് അറിയപ്പെട്ടിരുന്നത്. സഹോദരിയുടെ ഭർത്താവ് അകാലത്തിൽ നിര്യാതനായി. മത്തായി തന്റെ സഹോദരിയുടേയും, കുട്ടികളുടേയും സംരക്ഷണാർത്ഥം പാലായിലെ കാവുങ്കൽ പുരയിടം വിറ്റ് പുന്നത്തുറയിൽ വന്നു താമസിച്ചു. കാവുങ്കൽ മത്തായിയെക്കുറിച്ച് "പുന്നത്തുറ" കുടുംബചരിത്രത്തിൽ പറയുന്നത് ഇപ്രകാരമാണ്: "പൂഞ്ഞാറിൽനിന്നും പാലാ കാവുങ്കൽ താമസമാക്കിയ മത്തായി എന്നയാൾ തന്റെ സഹോദരിയുടെ ഭർത്താവിന്റെ നിര്യാണത്തോടെ അവരുടെ സഹായത്തിനായി പുന്നത്തുറ എത്തി സഹോദരിയോടൊപ്പം അതേ മുറ്റത്തുതന്നെ മറ്റൊരു വീടുവച്ച് താമസം ആരംഭിച്ചു". അടുത്തകാലത്ത് കാലം ചെയ്ത ഓർത്തഡോക്സ് സഭയുടെ വലിയ ബാവ ദീദീമോസ് പ്രഥമൻ കാതോലിക്കാ ബാവ മത്തായിയുടെ ഈ സഹോദരിയുടെ സന്താനപരമ്പരയിൽ പെട്ടയാളാണ്.

കുറെ നാളുകൾക്കുശേഷം മത്തായി പുന്നത്തുറയിൽനിന്നും കിടങ്ങൂർ സുബ്രമണ്യസ്വാമി ക്ഷേത്രത്തിന് മറുകരയിൽ ആറ്റുതീരത്ത് താമസമാക്കി. ആറിന്റെ തീരത്തായതിനാൽ ആറ്റുമാലിക്കൽ എന്ന വീട്ടുപേരിൽ അറിയപ്പെട്ടു. ആറിന്റെ തീരം എന്നർത്ഥം വരുന്ന 'ആറ്റുമാലിക്കൽ' രൂപാന്തരപ്പെട്ടതാണ് മാലിക്കൽ എന്ന കുടുംബനാമം.

ഫലഭൂയിഷ്ടമായ തന്റെ പുരയിടത്തിൽ കാർഷികവൃത്തിയിലൂടെ കഠിനാദ്ധ്വാനിയായ മത്തായി കൂടുതൽ സ്വത്ത് സമ്പാദിച്ച് സമ്പന്നനായിത്തീർന്നു. കരിയാപുരയിടത്തിലെ ഈ പൂർവ്വികന്റെ സന്താനപരമ്പരയാണ് ഇന്ന് കിടങ്ങൂരും, കടപ്ലാമറ്റത്തുമുള്ള മാലിക്കൽ, പാഴുർ കുടുംബക്കാർ.

മാലിക്കൽ ചെകിടിയിൽ സി.എം. ഔസേപ്പ് സൂക്ഷിച്ചിരുന്ന തന്റെ പൂർവ്വികരുടെ ആധാരങ്ങൾ, വിൽപ്പത്രങ്ങൾ തുടങ്ങിയ പ്രമാണങ്ങളിൽ ഒരു വിൽപ്പത്രത്തിൽ കരിയാപുരയിടത്തിൽനിന്ന് പാലായിൽ കാവുങ്കൽ താമസിച്ചിരുന്ന മത്തായി എന്ന ആളാണ് തങ്ങളുടെ പുർവ്വികൻ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മാലിക്കൽ, പാഴൂർ കുടുംബങ്ങളിലെ മുതിർന്ന കാരണവാന്മാരിൽനിന്നും പൂഞ്ഞാറിൽ കരിയാപുരയിടമാണ് മൂലകുടുംബം എന്നും കുടുംബപ്പേര് ഇഞ്ചക്കാട്ട് എന്നാണെന്നും പറഞ്ഞ് കേട്ടിട്ടുണ്ട് (കുഞ്ഞൗത ആടിമാക്കീൽ, കുഞ്ഞാക്കോ മേനംമൂട്ടിൽ എന്നിവരുടെ വായ്മൊഴികൾ). ഇതെല്ലാം മാലിക്കൽ, പാഴൂർ കുടുംബങ്ങളുടെ കരിയാപുരയിടം ബന്ധം വ്യക്തമാക്കുന്നു.

കാലക്രമേണ പൂഞ്ഞാറുമായുള്ള സമ്പർക്കം കുറഞ്ഞു. കിടങ്ങുരുനിന്നും പൂഞ്ഞാറ്റിലേക്കുള്ള യാത്ര അതീവ ദുഷ്കരമായിരുന്നു. കാൽനടയായോ, മീനച്ചിലാറ്റിലൂടെ തോണിയിലൂടെയോ മാത്രമേ പൂഞ്ഞാറിലെത്താൻ കഴിയുമായിരുന്നുള്ളു. ഇത്തരം യാത്രയുടെ വൈഷമ്യമാവാം പൂഞ്ഞാറുമായുള്ള സമ്പർക്കം ഇല്ലാതെയാക്കിയത്. 19-ാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടങ്ങളിൽ പൂഞ്ഞാറിലെത്തി കരിയാപുരയിടംകാരോടൊപ്പം ഇഞ്ചികൃഷി നടത്തിയിരുന്നതായി പാഴൂർ കുടുംബത്തിലെ കാരണവന്മാരായിരുന്ന ആടിമാക്കീൽ ഔസേപ്പ് (കുഞ്ഞൗത), മേനോൻവീട്ടിൽ കുഞ്ഞാക്കോ (ചാക്കോ) എന്നിവരിൽനിന്നും പറഞ്ഞു കേട്ടിട്ടുണ്ട്.

മാലിക്കൽ - പാഴൂർ കുടുംബങ്ങളുടെ കരിയാപുരയിടം ബന്ധം അന്വേഷിച്ച് ക്ലമന്റ് കരിയാപുരയിടത്തിന്റെ വീട്ടിൽ എത്തിയ ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ, ജോയി നടുക്കര, ടോമി സഖറിയാ എന്നിവർ കരിയാപുരയിടം കുടുംബാംഗങ്ങളും, കൊല്ലംപറമ്പിൽ സേവ്യർ ചേട്ടനും ആയി നടത്തിയ സംസാരത്തിൽ കരിയാപുരയിടത്തിൽനിന്നും പാലായിലേക്കു പോയ മത്തായിയെ

സംബന്ധിച്ച് പിൽക്കാലത്ത് അവർ നടത്തിയ അന്വേഷണങ്ങളെക്കുറിച്ച് പറഞ്ഞു. അവരുടെ അന്വേഷണത്തിൽ അദ്ദേഹത്തെ കുറിച്ച് ഒരു വിവരവും ലഭിച്ചില്ല. 1960 കാലത്ത് ദീപികയിൽ ഒരു വാർത്തയും നല്കി. പൂഞ്ഞാർ കരിയാപുരയിടത്തിൽ നിന്നും പാലായിലേക്ക് താമസം മാറ്റിയ മത്തായി എന്നയാളുടെ പരമ്പരയിൽപെട്ടവർ ഈ വാർത്ത  അറിയുന്നപക്ഷം മൂലകുടുംബവുമായി ബന്ധപ്പെടണമെന്നായിരുന്നു വാർത്ത. എന്നാൽ തലമുറകൾക്കു മുമ്പേ പാലായിൽ നിന്നും പുന്നത്തുറയലേക്കു താമസംമാറ്റി തുടർന്നു മാലിക്കലും പാഴൂരും താമസമാക്കിയ മത്തായിയുടെ പിൻമുറക്കാരുടെ ശ്രദ്ധയിൽ ആ വാർത്ത ചെന്നില്ല.

പുന്നത്തുറ വെള്ളാപ്പള്ളി പള്ളിയായിരുന്നു മത്തായിയുടെ ആദ്യകാല ഇടവക ദേവാലയം. കിടങ്ങൂരോ പരിസരപ്രദേശങ്ങളിലോ അക്കാലത്ത് ക്രൈസ്തവദേവാലയങ്ങൾ ഉണ്ടായിരുന്നില്ല. ഞായറാഴ്ചകളിലും കടപ്പെട്ട ദിവസങ്ങളിലും കിടങ്ങൂരുനിന്നും തോണിയിലൂടെ എത്തിയാണ് മതാനുഷ്ഠാന കാര്യങ്ങൾ നിർവഹിച്ചിരുന്നത്.

മത്തായിക്ക് മൂന്ന് മക്കൾ. രണ്ട് ആണും ഒരു പെണ്ണും. ഏകമകൾ ഏലീശ്വായെ പുന്നത്തുറ വൈക്കത്തേട്ട്, തൊമ്മൻ വിവാഹം കഴിച്ചു. ഉതുപ്പ് (ഔസേപ്പ്), ഇട്ടി എന്നിവരാണ് ആൺമക്കൾ. മൂത്ത മകനായ ഉതുപ്പ് പിതാവിനോടൊപ്പം മാലിക്കൽ തറവാട്ടിൽ താമസിച്ചു. ഇളയ മകൻ ഇട്ടി കിടങ്ങൂർ കടപ്ലാമറ്റം റൂട്ടിൽ പാഴൂർ പുരയിടത്തിൽ താമസമാക്കുകയും പാഴൂർ എന്ന വീട്ടുപേരിൽ അറിയപ്പെടുകയും ചെയ്തു. തറവാട്ടിൽ താമസമാക്കിയ ഉതുപ്പിന്റെ സന്താനപരമ്പരകൾ മാലിക്കൽ എന്ന വീട്ടുപേരിൽ അറിയപ്പെട്ടു. പാഴൂർ പുരയിടത്തിൽ താമസമാക്കിയ ഇട്ടി കടപ്ലാമറ്റം ഇടവകയിൽ ചേർന്നു.

അനേകം പ്രശസ്തവ്യക്തികളും, വൈദികരും, സന്ന്യസ്തരും മത്തായിയുടെ സന്താനപരമ്പരയിൽ ജനിച്ചു. ഇടുക്കി രൂപതയുടെ പ്രഥമരൂപതാദ്ധ്യക്ഷനായ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മുൻ രാജ്യസഭാംഗം അഡ്വ. ജോയി നടുക്കര എന്നിവർ മത്തായിയുടെ സന്താനപരമ്പരയിൽ നിന്നുള്ളവരാണ്. കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, തിരുവനന്തപുരം തുടങ്ങി കേരളത്തിന്റെ നാനാഭാഗങ്ങളിലും,

ഇതരസംസ്ഥാനങ്ങളിലും വിദേശങ്ങളിലും ആയി ഇന്ന് മാലിക്കൽ -പാഴൂർ കുടുംബക്കാർ വ്യാപിച്ചുകിടക്കുന്നു.

## മാലിക്കൽ ചരിത്രഭാഗം

കരിയാപുരയിടത്തിൽ മത്തായിയുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനായ ഉതുപ്പി(ഔസേപ്പ്)ന്റെ സന്താനപരമ്പരയാണ് മാലിക്കൽ ശാഖാകുടുംബം. മീനച്ചിലാറിന്റെ തീരത്ത് മാലിക്കൽ കടവിനടുത്ത് ആറ്റുമാലിക്കൽ (മാലിക്കൽ) പുരയിടത്തിൽ താമസിച്ചു. ഹൈന്ദവ ആചാരപ്രകാരം മാലിക്കൽ വീടിന്റെ ദർശനം ആറ്റിലേക്കായിരുന്നു. വീടിന് നേരെ മുമ്പിലാണ് മാലിക്കൽ കടവ്. ഇവിടെയാണ് വള്ളങ്ങൾ കെട്ടിയിടുന്നത്. അക്കാലത്ത് റോഡുകൾ ഇല്ലായിരുന്നു. മൂന്നടിപ്പാതകളും, തൊണ്ടുകളും (ഇടവഴി) ആയിരുന്നു വഴികൾ. രണ്ട് പുരയിടങ്ങൾക്ക് മധ്യേയുള്ള അതിർത്തിയാണ് തൊണ്ട്. ഇവ പ്രാചീനകാലത്ത് സർവ്വസാധാരണയായിരുന്നു. മുഖ്യമായും ജലഗതാഗതത്തിനായിരുന്നു പ്രാധാന്യം.

കൊടുങ്ങല്ലൂർ - കൊക്കോമംഗലം - കടുത്തുരുത്തി- കുറുപ്പുന്തറ - അതിരമ്പുഴ - കോട്ടയം (കോടിമത) വഴി മീനച്ചിലാറ്റിലൂടെ പ്രാചീന മലഞ്ചരക്കു വ്യാപാര കേന്ദ്രങ്ങളായ കുമ്മണ്ണൂർ മൂന്നുപീടിക, ചേർപ്പുങ്കൽ, ഈരാറ്റുപേട്ട എന്നീ സ്ഥലങ്ങളിലേക്ക് കച്ചവടാവശ്യത്തിനു പോകുന്ന പത്തേമാരികളും കെട്ടുവള്ളങ്ങളും കെട്ടിയിട്ടിരുന്നത് മാലിക്കൽ കടവിലായിരുന്നു. ഇവിടെനിന്നും മീനച്ചിലാറ്റിലൂടെ ഒരു മൈൽ കിഴക്കു മാറിയാണ് കുമ്മണ്ണൂർ മൂന്നു പീടിക അങ്ങാടി. ക്രിസ്തുവർഷാരംഭത്തിൽ ചെട്ടികൾ ഈ പീടികകളിൽ വ്യാപാരം നടത്തിയിരുന്നു. വി. തോമ്മാശ്ലീഹാ എ.ഡി. 52-ൽ സുവിശേഷം പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഇവിടെ വരികയും കച്ചവടപ്പീടികകളും ആൾക്കൂട്ടവും കണ്ട് ഇവിടെ ഇറങ്ങി സുവിശേഷം പ്രസംഗിച്ചുവെന്നുമാണ് ഐതിഹ്യം. ഇവിടെത്തന്നെയാണ് വി. തോമാശ്ലീഹായുടെ പാദസ്പർശനമേറ്റ ചേർപ്പുങ്കൽ പള്ളി. പിൽക്കാലത്ത് പള്ളി ആറിന്റെ തെക്കേക്കരയിലേക്ക് മാറ്റി സ്ഥാപിച്ചു. ചെരുപ്പ് വച്ച സ്ഥലത്തു നിർമ്മിച്ച കൂടാരം ചെരിപ്പിങ്കലും പിന്നീട് ചേർപ്പുങ്കലുമായി (Ref. ചേർപ്പുങ്കൽപള്ളി - ജോസ്ഫ് മറ്റം).

മൂന്നു പീടിക അങ്ങാടിയിലേക്കും, ചേർപ്പുങ്കൽ ഈരാറ്റുപേട്ട തുടങ്ങിയ സ്ഥലങ്ങളിലേക്കും മറ്റും പോകുന്ന കച്ചവടക്കാരുടേയും

സഞ്ചാരികളുടേയും ഇടത്താവളമായിരുന്നു സമീപത്തുള്ള മാലി ക്കൽ കടവ്. ചായക്കട, ചോറ്റുക്ലബ് (ഹോട്ടൽ) എന്നിവയ്ക്കും പുറമേ വച്ചുവാണിഭക്കടകളും കൈക്കുത്തരി വില്പനശാലകളും ഇവിടെ ഉണ്ടായിരുന്നു. കിടങ്ങൂർ എൻ.എസ്.എസ് ഹൈസ്കൂളിന്റെ മുൻവ ശത്തു കാണുന്ന മേക്കാട്ടുപുരയിടം മാലിക്കൽകുടുംബം വകയാ യിരുന്നു. ഇവിടെ നെല്ല് പുഴുങ്ങിയുണങ്ങി കൈക്കുത്തരിയാക്കി വില്പനയ്ക്കായി കടവിലെത്തിക്കും. ഈ കുത്തരിക്ക് നല്ല പ്രിയമു ണ്ടായിരുന്നതിനാൽ നാനാസ്ഥലങ്ങളിൽനിന്ന് കച്ചവടക്കാർ എത്തി യിരുന്നു. കടവിന് തൊട്ടപ്പുറത്ത് കടുതോട്ടിൽ മണൽപ്പുറത്ത് ഓട്ടു പാത്രങ്ങളും ചെമ്പുപാത്രങ്ങളും വില്പന നടത്തിയിരുന്ന ധാരാളം കടകൾ ഉണ്ടായിരുന്നു.

ഗതാഗത സൗകര്യങ്ങൾ ഏറിയതോടുകൂടി നാട്ടിൻപുറങ്ങളിൽ വലിയ മാറ്റങ്ങൾ ദൃശ്യമായി. റോഡുകളും പാലങ്ങളും കലുങ്കുക ളുമൊക്കെ ധാരാളമായി. കെട്ടിടസമുച്ചയങ്ങൾ നാടിന്റെ സൗന്ദര്യം വർദ്ധിപ്പിച്ചു. മീനച്ചിലാറിന്റെ ആഴം കുറഞ്ഞുതുടങ്ങി. വഞ്ചിയാ ത്രയും വഴിവാണിഭങ്ങളും ഇല്ലാതായി. പകരം നൂതന വാഹന ങ്ങളും വ്യാപാരശാലകളും നിലവിൽവന്നു. നഷ്ടപ്രതാപത്തിന്റെ സ്മരണകളുമായി കാലം കടന്നുപോയി.

മാലിക്കൽ ഉതുപ്പിന് ഒരു പുത്രനേ ഉണ്ടായിരുന്നുള്ളു. സുറി യാനിക്രിസ്ത്യാനികളുടെ നാമകരണ രീതിയനുസരിച്ച് ഇയാൾക്ക് മത്തായി എന്ന് പേരു ലഭിച്ചു. മൂത്തമകന് വല്യപ്പന്റെ പേരാണ് നല്കുക. ഏക സന്താനമായി വളർന്ന കുട്ടി പിതാവിനോടൊത്ത് കുടുംബകാര്യങ്ങൾ നടത്തി. കടപ്ളാമറ്റം കൈപ്പള്ളിയേൽ മാമ്മി യാണ് മത്തായിയുടെ ഭാര്യ. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. രണ്ട് ആണും അഞ്ച് പെൺമക്കളും. ഔസേപ്പ്, മാത്തു എന്നിവരാണ് ആൺമക്കൾ. ഏലി, റോസ, അന്ന, മറിയം, എന്നിവരാണ് പെൺ മക്കൾ. കച്ചവടവും കൃഷിയുമായിരുന്നു തൊഴിൽ. പിതാവ് മത്തായി അകാലത്തിൽ നിര്യാതനായി. അമ്മയായ മാമ്മിയുടെ സംരക്ഷണ യിലാണ് കുട്ടികൾ വളർന്നത്. മൂത്ത മകൻ ഔസേപ്പ് പതിനാലാം വയസ്സിൽ മരിച്ചു. മാലിക്കലെ ഈ 'വല്യമ്മ' വലിയ വൈഭവക്കാരി യായിരുന്നു. അവരുടെ വിപദിധൈര്യത്തെക്കുറിച്ച് പറഞ്ഞുകേട്ട ഒരു സംഭവം. ഇളയ മകൻ മാത്യുവിനേയുംകൂട്ടി കടവിൽ കുളിക്കാ നിറങ്ങി. അമ്മയുടെ മുൻപിൽ നട ചാടിയിറങ്ങി താഴെയെത്തിയ

കുഞ്ഞുമാത്തു കാൽ വഴുതി കയത്തിൽ വീണു. നീന്തൽ നല്ല വശമുണ്ടായിരുന്ന വല്യമ്മ "ദൈവമേ എന്റെ കുഞ്ഞിനെ രക്ഷിക്കണേ" എന്ന് നിലവിളിച്ച് കയത്തിലേക്ക് എടുത്തുചാടി. നീർക്കാം കുഴിയിട്ട് അടിത്തട്ടിലെത്തിയ മാമ്മിയുടെ കൈയിൽനിന്ന് കുട്ടി പിടിവിട്ടുപോയി. രണ്ടാമതും മുങ്ങിത്തപ്പി. ഒരു ഫലവുമുണ്ടായില്ല. ധൈര്യം സംഭരിച്ച് മൂന്നാമതും കയത്തിനടിയിലേക്കു താണ് കുട്ടിയെ വട്ടംപിടിച്ച് പെരുവിരലൂന്നി മുകളിലേക്കു കുതിച്ചു. കരയിലെത്തിച്ച കുഞ്ഞുമാത്തുവിന് പ്രഥമശുശ്രൂഷ നല്കി. കണ്ണു തുറന്ന കുട്ടി അമ്മേ എന്ന് വിളിച്ചുകൊണ്ട് എഴുന്നേററുനിന്നു. പുനർജന്മം ലഭിച്ച സന്തോഷത്തിൽ അമ്മയും മകനും പരസ്പരം ആശ്ലേഷിച്ച് ദൈവത്തിന് നന്ദി പറഞ്ഞു.

## കുഞ്ഞുമാത്യുവിന്റെ സഹോദരിമാർ

കുഞ്ഞുമാത്യുവിന്റെ സഹോദരിമാരിൽ മൂത്തയാളാണ് ഏലി. കടപ്പൂര് മൂസാരിയേട്ട് പൈലോ വിവാഹം ചെയ്തു. ഈ ദമ്പതികളുടെ എട്ടു മക്കളിൽ ഒരാളാണ് ഫാ. സെബാസ്റ്റ്യൻ മൂസാരിയേട്ട്. ഇദ്ദേഹം ചങ്ങനാശ്ശേരി, പാലാ രൂപാതകളിൽ വികാരിയായിരുന്നു. കുഞ്ഞുമാത്യുവിന്റെ രണ്ടാമത്തെ സഹോദരിയായ റോസയെ കിടങ്ങൂർ, മേലേട്ട് (കുഞ്ചറക്കാട്ട്) ദേവസ്യാ വിവാഹം ചെയ്തു. വിവാഹാനന്തരം ദേവസ്യായും കുടുംബവും ഭാര്യ റോസയുടെ സഹോദരൻ 14-ാം വയസ്സിൽ മരിച്ച ഔസേപ്പിന്റെ വീതമായ കുഞ്ചറക്കാട്ട് പുരയിടത്തിൽ താമസമാക്കി.

കുഞ്ഞുമാത്യുവിന്റെ മൂന്നാമത്തെ സഹോദരിയാണ് അന്ന. ആറുമാനൂർ നെടുമറ്റത്തിൽ (അരങ്ങത്ത് മൂലകുടുംബം) വർക്കി വിവാഹം ചെയ്തു. കുഞ്ഞുമാത്യുവിന്റെ നാലാമത്തെ സഹോദരിയാണ് മറിയം. കട്ടച്ചിറയിൽ മുപ്പേനായിൽ ഔസേപ്പ് ദേവസ്യാ വിവാഹം ചെയ്തു. സന്താനങ്ങൾ ഇല്ലാതിരുന്നതിനാൽ തങ്ങളുടെ വക മുപ്പേനായിൽ പുരയിടം കട്ടച്ചിറപ്പള്ളിക്കു ദാനം ചെയ്തു. പ്രസ്തുത സ്ഥലത്താണ് ഇപ്പോഴത്തെ സെന്റ് സേവ്യേഴ്സ് പള്ളി സ്ഥിതി ചെയ്യുന്നത്.

## മാലിക്കൽ ഔസേപ്പ്

മാലിക്കൽ ഉതുപ്പ് (ഔസേപ്പ്)ന്റെ രണ്ട് ആൺമക്കളിൽ മൂത്തമകൻ 14-ാം വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു.. കുഞ്ചറക്കാട്ട്

പുരയിടം ഇദ്ദേഹത്തിന്റെ വീതമായിരുന്നു. മരണാനന്തരം ഈ സ്ഥലം സഹോദരി മേലേട്ട് റോസയ്ക്കു നൽകി.

**മാലിക്കൽ മാത്തു**

മാലിക്കൽ ഉതുപ്പിന്റെ രണ്ടാമത്തെ മകൻ കടപ്ലാമറ്റം, മാറിടത്ത് ഐരമന (എളമ്പാശ്ശേരി) അന്നയെ വിവാഹം ചെയ്തു. ഇദ്ദേഹത്തിന്റെ കാലത്ത് മാലിക്കൽ കുടുംബം പ്രശസ്തിയാർജ്ജിച്ചു. മറ്റം, പുന്നവേലി, മേക്കാട്ട്, വെട്ടിത്തുരുത്തിൽ തുടങ്ങിയ നായർകുടുംബക്കാരും മാളേയ്ക്കൽ, കുന്നത്തുളായിൽ, കടുതോടിൽ, എന്നീ ക്രിസ്ത്യൻ വീട്ടുകാരുമൊക്കെ മാത്തുമാപ്പിളയെ സ്വന്തംപോലെ സ്നേഹിച്ചു. ഹിന്ദുക്രിസ്ത്യൻ വിശേഷദിവസങ്ങളും, അന്വേഷണങ്ങളും പരസ്പരം പങ്കുവച്ചു. കിടങ്ങൂർ നിവാസികൾക്കെല്ലാം വളരെ ആദരണീയനായിരുന്നു.

മാലിക്കൽ മാത്തുമാപ്ലയ്ക്ക് ആറു മക്കൾ. മൂന്ന് ആൺമക്കളും, മൂന്ന് പെൺമക്കളും. ഉതുപ്പ് (പാപ്പൻ), കൊച്ചുലോനൻ, കൊച്ചുമത്തായി എന്നിവരാണ് ആൺമക്കൾ. മാമ്മി, കൊച്ചന്ന, കൊച്ചേലി എന്നീ പെൺമക്കളും.

മൂത്ത മകൾ മാമ്മിയെ കുമ്മണ്ണൂർ മണിമലത്താഴെ ചാക്കോ വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ കൊച്ചന്നയെ ആറുമാന്നൂർ പൂക്കുടിയിലായ കോടിക്കുളത്ത് ഔസേപ്പ് വിവാഹം ചെയ്തു. മൂന്നാമത്തെ മകളായ കൊച്ചേലിയെ ഭരണങ്ങാനം പൈകട ദേവസ്യാ വിവാഹം ചെയ്തു.

## I - മാലിക്കൽ കൊച്ചുമത്തായി (മത്തായി) മകൻ ഉതുപ്പ് (പാപ്പൻ)

മാലിക്കൽ കൊച്ചുമാത്തുവിന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് പാപ്പൻ എന്ന് വിളിക്കുന്ന ഉതുപ്പ്. പാദുവാ കൂർക്കമറ്റത്തിൽ (കളപ്പുരയ്ക്കൽ) ത്രേസ്യായാണ് ഭാര്യ. കുമ്മണ്ണൂർ ചെകിടിയേൽ പുരയിടത്തിലേക്ക് താമസം മാറ്റി, മാലിക്കൽ ചെകിടിയേൽ എന്ന വീട്ടുപേരിൽ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ: മാത്യു. സ്കറിയാ.

## I A - മാലിക്കൽ ഉതുപ്പ് മകൻ മാത്യു

മാലിക്കൽ ഉതുപ്പിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് മാത്യു. പിതാവിനോടൊപ്പം താമസിച്ചു. 52-ാമത്തെ വയസ്സിൽ പിതാ

വായ ഉതുപ്പ് നിര്യാതനായി. തുടർന്ന് കുടുംബഭാരം ഏറ്റെടുത്തു. മികച്ച കർഷകനും പൊതുകാര്യപ്രസക്തനുമായിരുന്ന മാത്യു 14-ാം വയസ്സിൽ വിവാഹിതനായി. മാത്യുവിന്റെ ഭാര്യ കിടങ്ങൂർ മ്ലാവിൽ മറിയാമ്മയാണ്. കഠിനാദ്ധ്വാനിയായിരുന്ന മാത്യുവിനോടൊപ്പം അദ്ദേഹത്തിന്റെ ഭാര്യയും പങ്കുചേർന്നു. നല്ല കൃഷിക്കാരനായിരുന്നു. നാട്ടിലെ ചെറുകിട കൃഷിക്കാരേയും ബന്ധുജനങ്ങളേയും സംഘടിപ്പിച്ച് സമ്പാദ്യശീലം വളർത്തുവാനായി പള്ളിച്ചിട്ടി എന്ന പേരിൽ ഒരു ലേലക്കുറി ആരംഭിച്ചു. ആരംഭകാലം മുതൽ ഇതിന്റെ കണക്കനായി പ്രവർത്തിച്ചു. ക്രമേണ ഇതു ലാഭകരമല്ലാതായപ്പോൾ കമ്മിറ്റി കൂടി കണക്കു പരിശോധിച്ച് പ്രവർത്തനം നിർത്തി. മിച്ചമുണ്ടായിരുന്ന തുക കിടങ്ങൂർ സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂളിന്റെ കെട്ടിടഫണ്ടിലേക്കു സംഭാവന ചെയ്തു. സ്കൂൾ നിർമ്മാണക്കമ്മിറ്റി അംഗമായിരുന്നു. രണ്ട് തവണ ചേർപ്പുങ്കൽ ഹോളിക്രോസ് പള്ളിയുടെ കൈക്കാരനായിരുന്നു. 1998 ഒക്ടോബർ 5 ന് 88-ാമത്തെ വയസ്സിൽ മാത്യു നിര്യാതനായി. 2001 ഏപ്രിൽ 2-ന് ഭാര്യ മറിയാമ്മയും നിര്യാതനായി. ഇരുവരേയും ചേർപ്പുങ്കൽ ഹോളിക്രോസ് ദേവാലയസെമിത്തേരിയിൽ സംസ്കരിച്ചു. മാത്യു-മറിയാമ്മ ദമ്പതികൾക്ക് ഏഴു മക്കൾ. മൂന്നാൺമക്കളും നാല് പെൺമക്കളും. ഔസേപ്പ്, ജയിംസ്, വിൻസന്റ് എന്നിവരാണ് ആൺമക്കൾ. ത്രേസ്യാമ്മ, ചിന്നമ്മ, ഗ്രേസി, റോസമ്മ എന്നിവർ പെൺമക്കൾ.

**പെൺമക്കൾ**

മൂത്തമകളായ ത്രേസ്യാമ്മ 'ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ദി പുവർ മിഷൻ' സമൂഹത്തിലെ അംഗമാണ്. ഇപ്പോൾ ജബൽപൂർ മിഷൻ കേന്ദ്രത്തിൽ സേവനം ചെയ്യുന്നു. 2008 ജനുവരിമാസം ഊട്ടിയിൽ വച്ച് സന്യാസ വ്രതവാഗ്ദാന സുവർണ്ണ ജൂബിലി ആഘോഷിച്ചു.

രണ്ടാമത്തെ മകൾ ചിന്നമ്മ, Rtd. ഹൈസ്കൂൾ അദ്ധ്യാപിക. പാലാ വെള്ളരിങ്ങാട്ട് വി.റ്റി. തോമസ്സാണ് ഭർത്താവ് (Rtd. H.M). മൂന്നാമത്തെ മകൾ ഗ്രേസി, Rtd. ഹൈസ്കൂൾ അദ്ധ്യാപിക. കുന്നംകുളത്ത് ചെമ്മണ്ണൂർ പീറ്റർ (LIC) വിവാഹം ചെയ്തു. കിടങ്ങൂർ ആണ് താമസം. നാലാമത്തെ മകൾ റോസമ്മ (ഓമന), റിട്ട. ഹൈസ്കൂൾ അദ്ധ്യാപിക. മരങ്ങാട്ടുപള്ളി മഞ്ഞക്കാട്ടിൽ അലക്സ് (Rtd BDO) ആണ് ഭർത്താവ്. തൃശൂർ അയ്യന്തോളിൽ താമസിക്കുന്നു.

## I A 1 - മാലിക്കൽ മാത്യു മകൻ ഔസേപ്പ് (C.M. ഔസേപ്പ്) ചെകിടിയേൽ

മാലിക്കൽ മാത്യുവിന്റെ ആൺമക്കളിൽ മൂത്തമകനാണ് ഔസേപ്പ്. മൂഴൂർ വെള്ളവള്ളിയിൽ ത്രേസ്യാമ്മയാണ് ഭാര്യ. മികച്ച ചിത്രകാരനായ ഔസേപ്പ് കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ ചിത്രകലാ അദ്ധ്യാപകനായിരുന്നു. കേരളലളിത കലാ അക്കാഡമി അവാർഡ് ലഭിച്ചിട്ടുള്ള ചിത്രകാരനും മികച്ച അർക്കിടെക്ടും ആണ്. ഭാര്യ ത്രേസ്യാമ്മ. റിട്ടയർ ചെയ്തു. ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപിക. ഔസേപ്പ്-ത്രേ്യസ്യാമ്മ ദമ്പതികൾക്ക് മൂന്നു മക്കൾ. ലീനാ, ടീന, സെസിൽ. മൂത്ത മകൾ ലീന സ്വിറ്റ്സർലണ്ടിൽ നഴ്സാണ്. ഭർത്താവ് ടോമി വിരുത്തിയിൽ അവിടെ ഹോട്ടൽ ബിസിനസ് നടത്തുന്നു. രണ്ട് കുട്ടികൾ. വനേസ, വിവേക്. ഔസേപ്പിന്റെ രണ്ടാമത്തെ മകളാണ് ടീന. ഭർത്താവ് ജോൺ കട്ടക്കയം, കുമരകം. മുംബൈയിൽ ഐറ്റി കമ്പനി മാനേജരാണ്. ഇവർക്ക് കെവിൻ, ഔസ്റ്റിൻ എന്നീ രണ്ടു മക്കൾ.

## I A 1 a - ചെകിടിയേൽ മാലിക്കൽ സെസിൽ ജോസഫ്

ചെകിടിയേൽ സി.എം. ഔസേപ്പിന്റെ ഏകമകനാണ് സെസിൽ. ഇടമറുക് കദളിക്കാട്ടിൽ നീനുവാണ് ഭാര്യ. ഇരുവരും സോഫ്റ്റ് വെയർ എഞ്ചിനീയർമാർ. ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് മൂന്നു കുട്ടികൾ. നിയ, ഐവാൻ, ഐറിൻ.

## I A 2 - മാലിക്കൽ മാത്യു മകൻ ജയിംസ്

മാലിക്കൽ മാത്യുവിന്റെ രണ്ടാമത്തെ മകനാണ് ജയിംസ്. പാലാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ വിവിധ സ്കൂളുകളിൽ അധ്യാപകനായും ഹെഡ്മാസ്റ്ററായും സേവനമനുഷ്ഠിച്ചു. മണലുങ്കൽ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽനിന്നും പ്രഥമാദ്ധ്യാപകനായി വിരമിച്ചു. മികച്ച രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകൻ. നിലവിൽ പാലാ രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, കിടങ്ങൂർ ഹൗസിംഗ് സൊസൈറ്റി, കിടങ്ങൂർ ലയൺസ് ക്ലബ്, കിടങ്ങൂർ വൈസ് മെൻ ക്ലബ്, എന്നിവയുടെ പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കേരളാ കോൺഗ്രസ് (എം) കടുത്തുരുത്തി നിയോജകമണ്ഡലം പ്രസിഡന്റായിരുന്ന ജയിംസ് ഇപ്പോൾ പാർട്ടിയുടെ

സംസ്ഥാന സെക്രട്ടറിയേറ്റ് അംഗമാണ്. മികച്ച വാഗ്മിയും പൊതു കാര്യ പ്രസക്തനുമായ ജയിംസിന്റെ ഭാര്യ കുറിച്ചിത്താനം താമര ക്കാട്ട് മേരിയമ്മയാണ്. കുറിച്ചിത്താനം SKVHSS -ൽ പ്രിൻസിപ്പ ലായിരുന്നു. ജയിംസ്-മേരിയമ്മ ദമ്പതികൾക്ക് മൂന്നു മക്കൾ. ജമി നി, ജിസ്മി എന്നീ പെൺമക്കളും ജസ്റ്റിൻ എന്ന ഏകമകനും. അദ്ധ്യാ പികയായ ജമിനിയെ പാലാ വെള്ളരിങ്ങാട്ട് ബിജു (ചാർട്ടേഴ്ഡ് അക്കൗണ്ടന്റ്) വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. ഈപ്പ ച്ചൻ, ചാക്കോച്ചൻ. അദ്ധ്യാപികയായ ജിസ്മിയെ ചേർപ്പുങ്കൽ മറ്റ ത്തിൽ ജന്നി (എഞ്ചിനീയർ) വിവാഹം ചെയ്തു. മൂന്ന് മക്കൾ. റോജർ, സ്റ്റെഫാൻ, ട്രീസാ.

## IA 2a - മാലിക്കൽ ചെകിടിയേൽ ജയിംസ് മകൻ ജസ്റ്റിൻ MSc.MBA

ചെകിടിയേൽ സി.എം. ജയിംസിന്റെ ഏക മകനാണ് ജസ്റ്റിൻ. ചെന്നൈയിൽ HDFC ബാങ്കിന്റെ ചെന്നൈ റീജിയൻ മാനേജരാണ്. ഭാര്യ ചങ്ങനാശ്ശേരി കൂത്രപ്പള്ളി വാരിക്കാട്ട് ലിറ്റി. സോഫ്റ്റ് വെയർ എഞ്ചിനീയറായ ലിറ്റി ചെന്നൈയിൽ ജോലി ചെയ്യുന്നു. രണ്ട് മക്കൾ. ജയിംസ്കുട്ടിയും മരിയയും.

## I A 3 - മാലിക്കൽ മാത്യു മകൻ വിൻസന്റ് (കൂത്തുപറമ്പ്)

മാലിക്കൽ മാത്യുവിന്റെ മൂന്നുമക്കളിൽ ഇളയവനാണ് വിൻസന്റ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ഉദ്യോഗസ്ഥനായിരുന്നു. കൂത്തുപറമ്പിലാണ് താമസം. കുടക്കച്ചിറ വള്ളോപ്പള്ളി അക്കാമ്മ യാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. റോണി, അനിത, അമൽ. ഏകമകൾ അനിത MA Eng. Litനുശേഷം Mphilന് പഠിക്കുന്നു.

## I A 3a - മാലിക്കൽ വിൻസന്റ് മകൻ റോണി (മാത്യു വിൻസന്റ്)

മാലിക്കൽ വിൻസന്റിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകൻ കടുത്തുരുത്തി വാലാച്ചിറ, വാഴയിൽ ലിജോയെ വിവാഹം ചെയ്തു. ഇരുവരും സോഫ്റ്റ് വെയർ എഞ്ചിനീയർമാരാണ്. എറണാകുളത്തു താമസിക്കുന്നു. മകൾ എയ്ഞ്ജലീൻ റോസ്.

## I A 3b - മാലിക്കൽ വിൻസന്റ് മകൻ അമൽ (ജോർജ് വിൻസന്റ്)

മാലിക്കൽ വിൻസന്റിന്റെ രണ്ട് ആൺമക്കളിൽ ഇളയവനാണ് അമൽ. സോഫ്റ്റ് വെയർ എൻഞ്ചിനീയറായി ഹൈദ്രബാദിൽ ജോലി ചെയ്യുന്നു.

## IB - മാലിക്കൽ മത്തായി മകൻ സ്കറിയാ

മാലിക്കൽ ഉതുപ്പിന്റെ രണ്ട് ആൺമക്കളിൽ ഇളയവനാണ് കറിയാക്കുട്ടൻ എന്ന് വിളിക്കുന്ന സ്കറിയാ. അദ്ധ്വാനശീലനായ കൃഷിക്കാരൻ. "മണ്ണും വിത്തും ഏതുമായിക്കോട്ടെ, കറിയാക്കുട്ടന് നൂറുമേനി". കറിയാക്കുട്ടനെപ്പറ്റി നാട്ടുകാരുടെ സംസാരമാണ്. തന്റെ വക ചെകിടിയേൽ പുരയിടം വിറ്റശേഷം 1958-ൽ വയനാട്ടിലേക്ക് കുടിയേറി. പിന്നീട് വയനാട്ടിൽനിന്നും കോഴിക്കോട്ടു ജില്ലയിലെ താമരശ്ശേരിയിൽ താമസമാക്കി. ഭാര്യ മൂഴൂർ പുളിക്കമൂഴിയിൽ മറിയാമ്മ. ഈ ദമ്പതികൾക്ക് മൂന്നുമക്കൾ. ഒരു പെണ്ണും രണ്ടാണും. ഏക മകൾ ത്രേസ്യാമ്മ. ജോസ്, മാത്യു (ബാബു) എന്നിവരാണ് ആൺമക്കൾ.

ത്രേസ്യാമ്മ ഫ്രാൻസിസ്കൻ സന്യാസിനീ സമൂഹത്തിൽ ചേർന്നു. തലശ്ശേരി, മാനന്തവാടി രൂപതകളിൽ അദ്ധ്യാപികയായിരുന്ന ത്രേസ്യാമ്മ (സി. ഗോരേത്തി) ഹെഡ്മിസ്ട്രസ്സായി സർവ്വീസിൽനിന്നും വിരമിച്ചു. ഇപ്പോൾ രാജസ്ഥാൻ മിഷനിൽ സേവനമനുഷ്ഠിക്കുന്നു. 2-6-2002-ൽ മാലിക്കൽ സ്കറിയയും 3-11-2004-ൽ ഭാര്യ മറിയാമ്മയും നിര്യാതരായി.

## I B1 - മാലിക്കൽ സ്കറിയാ മകൻ ജോസ് (MS ജോർജ്)

മാലിക്കൽ സ്കറിയായുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ജോസ്. Merchant Navy officer ആയി റിട്ടയർ ചെയ്തു. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ, വളവനാനിക്കൽ മോളിയാണ് ഭാര്യ. താമരശ്ശേരി രൂപതവക കണ്ണോത്ത് സെന്റ് ആന്റണീസ് ഹൈസ്കൂളിൽ അദ്ധ്യാപികയാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. അഭിജിത്ത്, ജ്യോതിസ്. അഭിജിത്ത് ഹോമിയോ ഡോക്ടർ. ജ്യോതിസ് എൻജിനീയർ.

**I B2 -** മാലിക്കൽ സ്കറിയായുടെ രണ്ടാമത്തെ മകനാണ് ബാബു എന്നു വിളിക്കുന്ന എം. എസ് മാത്യു. കർഷകനാണ്. വയനാട്ടിൽ ചുണ്ടക്കര ഇടവക വേങ്ങച്ചോട്ടിൽ ലീലാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കളും ഒരു മകനും. ജസ്ന, ജിസ്മി എന്നിവരാണ് പെൺമക്കൾ. ജസ്റ്റിൻ ഏക മകനും.

## II മാലിക്കൽ (മുരിക്കംകുഴി) കൊച്ചുലോനൻ

മാലിക്കൽ മാത്യുവിന്റെ മൂന്ന് ആൺമക്കളിൽ രണ്ടാമത്തെ മകനാണ് കൊച്ചുലോനൻ. കടപ്ളാമറ്റം പഴുപ്ലാക്കീൽ റോസയാണ് ഭാര്യ. മാലിക്കൽനിന്നും പുന്നത്തുറ മുരിയ്ക്കുംകുഴിയിലേക്ക് താമസം മാറ്റിയ കൊച്ചുലോനനും കുടുംബവും മുരിക്കുംകുഴി എന്ന വീട്ടുപേരിൽ അറിയപ്പെടുന്നു. ഇവർക്ക് അഞ്ച് മക്കൾ. രണ്ടാണും മൂന്നു പെണ്ണും. മാത്തൻ, കുഞ്ഞേപ്പ് എന്നിവരാണ് ആൺമക്കൾ. റോസ, കുഞ്ഞന്ന, ത്രേസ്യാ എന്നിവർ പെൺമക്കളും.

പെൺമക്കളിൽ മുത്തവളായ റോസയെ അതിരുംപുഴ മുണ്ടയ്ക്കൽ മത്തായി വിവാഹം കഴിച്ചു. രണ്ടാമത്തെ മകളായ കുഞ്ഞന്നയെ ആറുമാന്നൂർ പുളിക്കൽ ജോസഫ് വിവാഹം ചെയ്തു. ഇളയ മകളായ ത്രേസ്യായെ കൂടല്ലൂർ കൊന്നയ്ക്കൽ ചാക്കോയും വിവാഹം ചെയ്തു.

## II A- മുരിക്കുംകുഴിയിൽ കൊച്ചുലോനൻ മകൻ മാത്തൻ (മാത്യു)

കൊച്ചുലോനന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് മാത്തൻ എന്നു വിളിക്കുന്ന മാത്യു. പിതാവിനൊപ്പം തറവാട്ടിൽ തന്നെ താമസമാക്കി. പുന്നത്തുറ തെനങ്കാലായിൽ റോസയാണ് ഭാര്യ. കൃഷിയും കച്ചവടവുമായിരുന്നു തൊഴിൽ. വീടിനോട് ചേർന്നായിരുന്നു കച്ചവടപ്പീടിക. ദീർഘകാലം പലചരക്ക് ജൗളി ബിസിനസ്സ് നടത്തി. ആറ്റുതീരത്തായിരുന്നു വീടും കടയും. ആലപ്പുഴയിൽനിന്നും കെട്ടുവള്ളങ്ങളിലാണ് ജൗളിത്തരങ്ങളും, പല വ്യഞ്ജനങ്ങളും കൊണ്ടുവന്നിരുന്നത്. പുന്നത്തുറകടവിൽ മറ്റൊരു കട കൂടി ആരംഭിക്കുകയും അതിന്റെ ചുമതല അനുജൻ കുഞ്ഞേപ്പിനെ ഏല്പിക്കുകയും ചെയ്തു. അറുപത് വയസ്സിനോടടുത്തപ്പോൾ കച്ചവടം നിർത്തി പൂർണ്ണമായും കൃഷിക്കാര്യങ്ങളിലേർപ്പെട്ടു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ജോസ് എന്ന മകനും, ത്രേസ്യാമ്മ, സാലി എന്നീ രണ്ട് പെൺമക്കളും. ത്രേസ്യാമ്മയെ കടപ്ളാമറ്റം നെടുംതൊട്ടിയിൽ ചാക്കോ വിവാഹം ചെയ്തു. ഭർത്താവ് ചാക്കോയുടെ മരണശേഷം ത്രേസ്യാമ്മ മുരിക്കുംകുഴിയിൽ സഹോദരൻ ജോസിനൊപ്പം താമസിക്കുന്നു. ഇളയമകളായ സാലിയെ എടത്വാ മണക്കളത്തിൽ എം.ജെ. ജോർജ്ജ് വിവാഹം ചെയ്തു. സാലി എടത്വാ

സെന്റ് മേരീസ് ഹൈസ്കൂളിൽ അദ്ധ്യാപികയായിരുന്നു. സാലിക്ക് രണ്ട് മക്കൾ. ജോസി, റോസ്‌ലിൻ. 1989 നവംബർ 14-ന് മാത്തനും, 1988 മെയ് 5-ാം തീയതി ത്രേസ്യായും മരിച്ചു. ഇരുവരേയും പുന്ന ത്തുറ വെള്ളാപ്പള്ളി ദേവാലയസെമിത്തേരിയിൽ സംസ്കരിച്ചു.

## II A1 - മുരിക്കുംകുഴിയിൽ മാത്തൻ മകൻ ജോസ്

മുരിക്കുംകുഴി മാത്തൻ (മാത്യു)ന്റെ ഏക മകനാണ് ജോസ്. പട്ടിത്താനം കല്ലിടയിൽ ലീലാമ്മയാണ് ഭാര്യ. ഗവ. പോളിടെക്നിക്ക് ജൂനിയർ സൂപ്രണ്ടായിരുന്നു. ഇപ്പോൾ പുന്നത്തുറ പള്ളി സൺഡേ സ്കൂൾ അദ്ധ്യാപകനാണ്. ജോസ്- ലീലാമ്മ ദമ്പതികൾക്ക് രണ്ട് മക്കൾ. മെന്റസ്, റോസിന. മെന്റസ് - ബോംബേ ആറ്റോമിക് റിസേർച്ച് സെന്ററിൽ സൈന്റിസ്ററാണ്. റോസിന BSc നഴ്സാണ്.

## II B - മുരിക്കുംകുഴി കൊച്ചുലോനൻ മകൻ കുഞ്ഞേപ്പ് (ജോസഫ്)

മുരിക്കുംകുഴി കൊച്ചുലോനന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞേപ്പ് എന്നു വിളിക്കുന്ന ജോസഫ്. മുരിക്കുംകുഴി വെളുത്തേ ടത്ത് എന്ന വീട്ടുപേരിൽ അറിയപ്പെടുന്നു. കർഷകനായ കുഞ്ഞേ പ്പിന്റെ ഭാര്യ പുന്നത്തുറ ഏറ്റുകുളത്തിൽ മറിയക്കുട്ടി. ഈ ദമ്പതി കൾക്ക് മൂന്ന് ആൺമക്കളും അഞ്ച് പെൺമക്കളും. അപ്പച്ചൻ (ജോൺ), ജോയി (ജോസഫ്), ബേബി (മാത്യു) എന്നിവരാണ് ആൺമക്കൾ. മോളി, സെലീനാമ്മ, റോസമ്മ, മേരി, ബീന എന്നി വർ പെൺമക്കളും.

പെൺമക്കളിൽ മൂത്തവളായ മോളിയെ അയർക്കുന്നം കുന്ന ത്തേട്ട് ജോർജ് വിവാഹം കഴിച്ചു. ജ്യോതിസ്, ജൂലിറ്റ്, ജോഷി, ജോജോ എന്നീ നാലുമക്കൾ. രണ്ടാമത്തെ മകളായ സെലീനാമ്മയെ പേരൂർ പാലപ്പുഴ മാത്യു വിവാഹം കഴിച്ചു. ഇവർക്ക് അനിത, ജനിൽ എന്നീ രണ്ട് മക്കൾ. മൂന്നാമത്തെ മകളായ റോസമ്മയെ ചങ്ങനാ ശ്ശേരി മാടപ്പള്ളി കുളത്തോട്ട് ജേക്കബ് വിവാഹം കഴിച്ചു. ഇവർക്ക് ജിൻ, മെർലിൻ എന്നീ രണ്ടു മക്കൾ. നാലാമത്തെ മകളായ മേരി അവിവാഹിതയാണ്. പെൺമക്കളിൽ ഇളയമകളായ ബീനയെ മുട്ടു ചിറ കുഞ്ഞാപ്പറമ്പിൽ ബന്നി വിവാഹം കഴിച്ചു. ഒരു കുട്ടിയുണ്ട്.

## II B 1 - മുരിക്കുംകുഴി വെളുത്തേടത്ത് അപ്പച്ചൻ (ജോൺ)

മുരിക്കുംകുഴി കുഞ്ഞേപ്പിന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് അപ്പച്ചൻ എന്നു വിളിക്കുന്ന ജോൺ. കോട്ടയം ജില്ലയിലെ വെമ്പള്ളി എടേട്ട് വീട്ടിൽ ആലീസിനെ വിവാഹം കഴിച്ചു. തൃശൂർ ജില്ലയിലെ പഴയന്നൂർ ആണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജിനോ, മഞ്ജു.

## II B2 - മുരിക്കുംകുഴി വെളുത്തേടത്ത് ജോയി (ജോസഫ്)

മുരിക്കുംകുഴി കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനാണ് ജോയി എന്നു വിളിക്കുന്ന ജോസഫ്. കറുകച്ചാൽ മണിമലക്കരോട്ട് മേഴ്സിയാണ് ഭാര്യ. കണ്ണൂർജില്ലയിലെ ഇരിട്ടിക്കടുത്ത് മാടത്തിൽ എന്ന സ്ഥലത്താണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. സ്റ്റെഫി, ചെൽസി.

## II B3 - മുരിക്കുംകുഴി വെളുത്തേടത്ത് ബേബി (മാത്യു)

കുഞ്ഞേപ്പിന്റെ മൂന്നാമത്തെ മകനാണ് ബേബി എന്ന് വിളിക്കുന്ന മാത്യു. കുമരകം നസ്രത്തുപള്ളി ഇടവക കൊച്ചുപറമ്പിൽ തങ്കമ്മയാണ് ഭാര്യ. കർഷകനായ ബേബി പുന്നത്തുറ തറവാട്ടിൽ അമ്മ മറിയക്കുട്ടിയോടൊപ്പമാണ് താമസം. ബേബി-തങ്കമ്മ ദമ്പതികൾക്ക് മൂന്നു മക്കൾ. അമല, അലൻ, ആനി.

## III - മാലിക്കൽ കൊച്ചുമത്തായി

മാലിക്കൽ മാത്തുവിന്റെ മൂന്ന് ആൺമക്കളിൽ ഇളയമകനാണ് കൊച്ചുമത്തായി. അതിരംപുഴ മുറിക്കൽ മാമ്മിയെ വിവാഹം ചെയ്തു. പിതാവിനൊപ്പം തറവാട്ടിലായിരുന്നു താമസം.

19-ാം നൂറ്റാണ്ടിനുശേഷം കേരളത്തിലുണ്ടായ സാമൂഹ്യ-രാഷ്ട്രീയ മാറ്റങ്ങൾ ഇവിടുത്തെ കുടുംബ, വ്യക്തി ജീവിതത്തെ സാരമായി ബാധിച്ചു. കുടുംബ ബന്ധങ്ങളിലും ഇത് പ്രകടമായി. സാമ്പത്തിക കാര്യങ്ങൾക്കും കുടുംബഭദ്രതയ്ക്കുമായി ഓരോരുത്തരും അവനവന്റെ വഴികൾ തേടി. ഇതുകൊണ്ടാവണം പൈതൃകമായി കിട്ടിയ മാലിക്കൽ പുരയിടവും രണ്ടര ഏക്കർ ചെകിടിയേൽ പുരയിടവും വില്ക്കുവാൻ മാലിക്കൽ കൊച്ചുമത്തായിയെ പ്രേരിപ്പിച്ചത്.

ചെകിടിയേൽ പുരയിടം പടേട്ട് ഗോപാലപിള്ളയ്ക്കും, മാലിക്കൽ വീടും പറമ്പും കോളൂര് നാരായണപിള്ളയ്ക്കും വിറ്റു. കിട്ടിയ പണം മുഴുവൻ നാണയത്തുട്ടുകളായിരുന്നതിനാൽ ചാക്കിൽകെട്ടി അതിരംപുഴയ്ക്ക് കൊണ്ടുപോയി. ഭാര്യാ സഹോദരന്മാരുടെ സഹായത്താൽ അതിരംപുഴയിൽ സ്ഥലംവാങ്ങി. തേങ്ങാക്കച്ചവടവും ഹോട്ടൽ ബിസിനസ്സും നടത്തി. കൊപ്രാ ശേഖരിച്ച് ആലപ്പുഴയിൽ കൊണ്ടുപോയി വില്ക്കുമായിരുന്നു. അനാരോഗ്യം മൂലം ബിസ്സിനസ് നിർത്തി. രോഗബാധിതനായ കൊച്ചുമത്തായി 1938 ഡിസംബർ 2-ന് മരണമടഞ്ഞു. അതിരമ്പുഴ സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

കൊച്ചുമത്തായി മാമ്മി ദമ്പതികൾക്ക് ആറ് മക്കളായിരുന്നു. നാല് ആണും രണ്ട് പെണ്ണും. ഫ്രാൻസീസ് മത്തായി, എം.എം. മാത്യു, മത്തായി കുര്യൻ, ചെറിയാൻ മത്തായി എന്നിവരാണ് ആൺമക്കൾ. മാമ്മി, അന്നമ്മ എന്നീ പെൺമക്കളും. ഇളയ മകൾ അന്നമ്മ (പെണ്ണമ്മ)യെ അതിരമ്പുഴ മാടപ്പാട്ട് വലിയപറമ്പിൽ വിവാഹം കഴിച്ചു.

**III A-** മാലിക്കൽ കൊച്ചുമത്തായിയുടെ നാല് ആൺമക്കളിൽ മൂത്ത മകനാണ് അപ്പി എന്ന് വിളിക്കുന്ന ഫ്രാൻസീസ്. പിതാവിന്റെ മരണശേഷം അതിരമ്പുഴയിലെ സ്ഥലം വിററ് തിരുവനന്തപുരം ജില്ലയിലെ അമ്പൂരിയിലേക്ക് അമ്മയും തന്റെ മൂന്നു സഹോദരങ്ങളോടുമൊപ്പം താമസമാക്കി. ചങ്ങനാശ്ശേരി കുറുമ്പനാടത്തുനിന്നും അമ്പൂരിയിൽ കുടിയേറിയ ഈയാംവേലി കുടുംബത്തിലെ അന്നക്കുട്ടിയെ വിവാഹം ചെയ്തു. അമ്പൂരി ടൗണിൽ ദീർഘകാലം ഹോട്ടൽ ബിസ്സിനസ് നടത്തി. തുടർന്ന് കാർഷിക വൃത്തിയിലേക്കു തിരിഞ്ഞു. ഫ്രാൻസീസ്-അന്നക്കുട്ടി ദമ്പതികൾക്ക് അഞ്ച് മക്കൾ. മൂന്നാണും രണ്ട് പെണ്ണും. ബാബു (മാത്യു ഫ്രാൻസിസ്), ജോയി (സഖറിയാസ് ഫ്രാൻസീസ്) ഷാജി (സെബാസ്റ്റ്യൻ ഫ്രാൻസീസ്) എന്നിവരാണ് ആൺമക്കൾ. ലിസമ്മ, ലിറ്റ എന്നിവർ പെൺമക്കളും.

ലിസമ്മയെ അമ്പൂരി ഇടവക അറയ്ക്കൽ പൗലോസിന്റെ മകൻ (പോൾ) ബേബിച്ചൻ വിവാഹം കഴിച്ചു. പോണ്ടിച്ചേരിയിലാണ് താമസം. ഭർത്താവ് പോൾ ഗുഡ്നൈറ്റ് കമ്പനിയിൽ മാനേജരാണ്. ഷാരോൺ, ജറിൻ എന്നീ രണ്ടു മക്കൾ.

ലിറ്റയെ അമ്പൂരി ഇടവക ഇളംതുരുത്തിൽ ജോസഫിന്റെ മകൻ സണ്ണി വിവാഹം ചെയ്തു. സണ്ണി ബേക്കറി നടത്തുന്നു. സച്ചിൻ, സിൻജോ എന്നീ രണ്ട് മക്കൾ.

## III A-1 മാലിക്കൽ ഫ്രാൻസീസ് മകൻ ബാബു (മാത്യു ഫ്രാൻസീസ്)

മാലിക്കൽ ഫ്രാൻസീസ്സിന്റെ മൂത്ത മകനാണ് ബാബു എന്ന് വിളിക്കുന്ന മാത്യു. മായം ഇടവക പുല്ലുമറ്റത്തിൽ സാലി ആണ് ഭാര്യ. അമ്പൂരി ടൗണിൽ ഫാൻസി കട നടത്തുന്നു. രണ്ടു മക്കൾ. ഗ്രീഷ്മ, ടോണി.

## III A2 - മാലിക്കൽ ഫ്രാൻസീസ് മകൻ ജോയി (സഖറിയാസ് ഫ്രാൻസീസ്)

മാലിക്കൽ ഫ്രാൻസീസിന്റെ രണ്ടാമത്തെ മകനാണ് ജോയി എന്ന് വിളിക്കുന്ന സഖറിയാസ്. അമ്പൂരി ഇടവക നിരപ്പേൽ ത്രേസ്യാമ്മയാണ് ഭാര്യ. ജോയി കേരളാപോലീസിൽ ASI ആയി നെയ്യാർ ഡാം സൈറ്റിൽ ജോലി ചെയ്യുന്നു. അമ്പൂരി സെന്റ് തോമസ് HSS ൽ അദ്ധ്യാപികയാണ് ത്രേസ്യാമ്മ. രണ്ട് മക്കൾ, മനു, മനോ.

## III A3 - മാലിക്കൽ ഫ്രാൻസീസ് മകൻ ഷാജി (സെബാസ്റ്റ്യൻ ഫ്രാൻസീസ്)

മാലിക്കൽ ഫ്രാൻസീസിന്റെ ഇളയമകനാണ് ഷാജി. അമ്പൂരി ടൗണിൽ ബേക്കറി നടത്തുന്നു. അമ്പൂരി ഇടവക ഇടിമൂഴിക്കൽ കുടുംബാഗം അന്നമ്മയാണ് ഭാര്യ. മക്കൾ - ഷാന്റോ, സാന്ദ്രിത.

## III B - മാലിക്കൽ എം.എം. മാത്യു (കുട്ടപ്പൻ)

മാലിക്കൽ കൊച്ചുമത്തായിയുടെ രണ്ടാമത്തെ മകനാണ് കുട്ടപ്പൻ എന്ന് വിളിക്കുന്ന എം.എം.മാത്യു. തൊടുപുഴ പാലക്കാട്ട് വീട്ടിൽ വർഗീസിന്റെ മകൾ ഏലിക്കുട്ടിയാണ് ഭാര്യ. മികച്ച സാമൂഹ്യ, രാഷ്ട്രീയ പ്രവർത്തകനായിരുന്ന കുട്ടപ്പൻ അമ്പൂരിയിൽ ബിസിനസ് നടത്തിയിരുന്നു. പിന്നീട് ബിസിനസ്സ് ഉപേക്ഷിച്ച് കൃഷിയിൽ വ്യാപൃതനായി. 1999 ഓഗസ്റ്റ് 8-ാം തീയതി മരണമടഞ്ഞു കുട്ടപ്പൻ - ഏലിക്കുട്ടി ദമ്പതികൾക്ക് അഞ്ച് മക്കൾ. രണ്ട് ആൺമക്കളും, മൂന്ന് പെൺമക്കളും.

മാത്തുകുട്ടി, രാജൻകുഞ്ഞ് (ജോർജ്ജ് മാത്യു), മിനി, സുമ, ബിന്ദു എന്നിവരാണ് അഞ്ചുമക്കൾ. മിനി കോട്ടയം ജില്ലയിലെ അതിരമ്പുഴ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ അദ്ധ്യാപിക യാണ്. കാഞ്ഞിരപ്പള്ളി പന്തപ്ലാക്കൽ പി.ജെ. അബ്രാഹം / പ്രിൻസി പ്പൽ, സെന്റ് ബർക്കുമാൻസ് ഹയർ സെക്കണ്ടറിസ്കൂൾ ചങ്ങനാ ശ്ശേരി) ആണ് ഭർത്താവ്. മാന്നാനത്ത് താമസിക്കുന്നു. ഇവർക്ക് മൂന്ന് മക്കൾ. കിരൺ, എലിസബത്ത്, ആൻസ്.

നഴ്സായ സുമയെ എരുമേലി നടുവിലേപ്പറമ്പിൽ ഷാജി കുര്യൻ വിവാഹം ചെയ്തു. സൗദിയിൽ എഞ്ചിനീയറാണ്. തിരുവ നന്തപുരത്ത് താമസിക്കുന്നു. ഇവർക്ക് മൂന്നുമക്കൾ. അമൽ, അന്ന, എത്സ. മൂന്നാമത്തെ മകളായ ബിന്ദു അമ്പൂരി മംഗലശ്ശേരി റോയിയെ വിവാഹം ചെയ്തു. അമ്പൂരിയിലാണ് താമസം.

## III B1 - മാലിക്കൽ കുട്ടപ്പൻ മകൻ മാത്തുക്കുട്ടി

മാലിക്കൽ കുട്ടപ്പന്റെ മൂത്ത മകനാണ് മാത്തുക്കുട്ടി. അമ്പൂരി യിൽ റേഷൻകട നടത്തുന്നു. വൈക്കത്തുനിന്നും അമ്പൂരിയിലെ ത്തിയ കുര്യാസ് (പാറപ്പുറത്ത്) വീട്ടിൽ മേരിക്കുട്ടിയാണ് ഭാര്യ. രണ്ട് മക്കൾ. ചിക്കു, ചിത്ത്.

## III B2 - മാലിക്കൽ കുട്ടപ്പൻ മകൻ രാജൻകുഞ്ഞ് (ജോർജ്ജ് മാത്യു)

മാലിക്കൽ കുട്ടപ്പന്റെ രണ്ട് ആൺമക്കളിൽ ഇളയവനാണ് രാജൻകുഞ്ഞ് എന്ന് വിളിക്കുന്ന ജോർജ്ജ് മാത്യു. കുളത്തൂപ്പുഴ ചിറക്കരോട്ട് ലൂസിയാണ് ഭാര്യ. രാജൻകുഞ്ഞ് കൊല്ലത്ത് ബിവറേ ജസ് കോർപ്പറേഷനിൽ ജോലി ചെയ്യുന്നു. ഭാര്യ ലൂസി അമ്പൂരി യിൽ ന്യൂസ് ഏജന്റാണ്. രണ്ട് മക്കൾ - ആഷ്ന, ആഷ്ലിൻ.

## IIIC - മാലിക്കൽ കൊച്ചുമത്തായി മകൻ മത്തായി കുര്യൻ (കുര്യാക്കോസ്)

മാലിക്കൽ കൊച്ചുമത്തായിയുടെ മൂന്നാമത്തെ മകനാണ് കുര്യാ ക്കോസ് എന്നു വിളിക്കുന്ന മത്തായി കുര്യൻ. ആർപ്പൂക്കര ആലു ങ്കൽ ഏലിക്കുട്ടിയാണ് ഭാര്യ. പതിന്നാല് വർഷത്തെ മിലിട്ടറി സേവ നത്തിനുശേഷം അതിരമ്പുഴയിലെത്തി. തുടർന്ന് അട്ടപ്പാടിയിലെത്തി

സ്ഥിരതാമസമാക്കി. കുര്യാക്കോസ് ഏലിക്കുട്ടി ദമ്പതികൾക്ക് ഏഴ് മക്കൾ. നാല് ആൺമക്കളും, മൂന്ന് പെൺമക്കളും. അന്നക്കുട്ടി, മോളി, ക്ലാരമ്മ എന്നിവരാണ് പെൺമക്കൾ, അച്ചൻകുഞ്ഞ്, ജോസ്, തങ്കച്ചൻ (ഡൊമിനിക്), ബേബി (ഫ്രാൻസീസ്) എന്നീ ആൺമക്കളും. 1989 നവംബർ 11-ന് ഏലിക്കുട്ടിയും 2007 ഒക്ടോബർ 2-ന് കുര്യാക്കോസും മരണമടഞ്ഞു. ഇരുവരേയും ജല്ലിപ്പാറ സെന്റ് പീറ്റേഴ്സ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

മൂത്തമകൾ അന്നക്കുട്ടിയെ അമ്പൂരി ഞവനക്കാട്ട് തോമസ് വിവാഹം കഴിച്ചു. നാല് മക്കൾ, ബിന്ദു, ഷാജി, മിനി, സിന്ധു. രണ്ടാമത്തെ മകളായ മോളിയെ ചെമ്പേരി മനയ്ക്കാട്ട്ചിറ പാപ്പച്ചൻ വിവാഹം ചെയ്തു. രണ്ട് മക്കൾ. റീജ, മനു. മൂന്നാമത്തെ മകളായ ക്ലാരമ്മയെ അട്ടപ്പാടി വടക്കേക്കുന്നേൽ ചാക്കോ വിവാഹം ചെയ്തു. മൂന്നു മക്കൾ, ജിമ്മി, ജിബി, ജോബി.

## III C1 - മാലിക്കൽ കുര്യാക്കോസ് മകൻ അച്ചൻകുഞ്ഞ്

മാലിക്കൽ കുര്യാക്കോസിന്റെ നാല് ആൺമക്കളിൽ മൂത്ത മകനാണ് അച്ചൻകുഞ്ഞ്. ചങ്ങനാശ്ശേരി കൊല്ലാർകുന്നേൽ സാലിയാണ് ഭാര്യ. ചങ്ങനാശ്ശേരിയിൽ ബിസിനസ്സ് നടത്തുന്ന അച്ചൻകുഞ്ഞ് ചങ്ങനേശ്ശേരിയിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അലക്സ് (റെനി) എന്ന മകനും, റീജ എന്ന മകളും. ഇരുവരും നഴ്സായി ജോലി ചെയ്യുന്നു.

## III C2 - മാലിക്കൽ കുര്യാക്കോസ് മകൻ ജോസ്

മാലിക്കൽ കുര്യാക്കോസിന്റെ രണ്ടാമത്തെ മകനാണ് ജോസ്. കുറവിലങ്ങാട്ടുനിന്നും പാലക്കാട് ജില്ലയിൽ കുടിയേറി. നടുവീട്ടിൽ ചിന്നമ്മയാണ് ഭാര്യ. കൃഷികാര്യങ്ങളുമായി കഴിയുന്നു. അട്ടപ്പാടിയിലാണ് താമസം. രണ്ട് മക്കൾ. ഫ്ളവർ, പീറ്റർ.

## III C3 - മാലിക്കൽ കുര്യാക്കോസ് മകൻ തങ്കച്ചൻ (ഡൊമിനിക്)

മാലിക്കൽ കുര്യാക്കോസിന്റെ മൂന്നാമത്തെ മകനാണ് തങ്കച്ചൻ എന്ന് വിളിക്കുന്ന ഡൊമിനിക്. അട്ടപ്പാടി കൊടിയൻപ്ലാക്കൽ കവിതയാണ് ഭാര്യ. കൃഷിക്കാരനാണ്. അട്ടപ്പാടിയിലാണ് താമസം. നാല് മക്കൾ. സൂസി, ജൂലി, ജോഗർ ജോഷാ.

## III C4 – മാലിക്കൽ കുര്യാക്കോസ് മകൻ ബേബി (ഫ്രാൻസീസ്)

മാലിക്കൽ കുര്യാക്കോസിന്റെ നാലാമത്തെ മകനാണ് ബേബി എന്ന് വിളിക്കുന്ന ഫ്രാൻസീസ്. ജല്ലിപ്പാറ കുമ്പിളുവീട്ടിൽ റോസ് മോളാണ് ഭാര്യ. ട്രാൻസ്പോർട്ടിംഗ് സർവ്വീസാണ് ജോലി. ബേബി – റോസ് മോൾ ദമ്പതികൾക്ക് രണ്ട് മക്കൾ. സച്ചിൻ, സജൻ.

## III D – മാലിക്കൽ കൊച്ചു മത്തായി മകൻ ചെറിയാൻ മത്തായി

മാലിക്കൽ കൊച്ചുമത്തായിയുടെ നാല് ആൺമക്കളിൽ ഇളയമകനാണ് ചെറിയാൻ. അമ്പൂരി പാലക്കാട്ട് വീട്ടിൽ ഏലിക്കുട്ടിയാണ് ഭാര്യ. അമ്പൂരിയിൽനിന്നും ഇരിട്ടി കീഴ്പ്പള്ളിയിൽ (കരടി മല) എത്തി കാർഷികവൃത്തിയിലേർപ്പെട്ടു. 1971–ൽ മരണമടഞ്ഞു. ഭർത്താവ് ചെറിയാന്റെ മരണശേഷം ഭാര്യ ഏലിക്കുട്ടി ഇളയമകൾ ഷീലയുമൊത്ത് അമ്പൂരി വെള്ളച്ചിപ്പാറയിൽ താമസിക്കുന്നു. ചെറിയാൻ ഏലിക്കുട്ടി ദമ്പതികൾക്ക് അഞ്ച് മക്കൾ. ഒരു മകനും നാല് പെൺമക്കളും. അന്നമ്മ, അച്ചാമ്മ (മരീന), റോസമ്മ, ഷീല എന്നിവരാണ് പെൺമക്കൾ. ഏകമകൻ ജോസ്.

മൂത്ത മകൾ അന്നമ്മയെ പാലപ്പറമ്പിൽ അബ്രാഹം വിവാഹം കഴിച്ചു. കത്തിപ്പാറ നെട്ടയിൽ ആണ് താമസം. ജോസഫ്കുട്ടി, ജോയിച്ചൻ, സൂസ, ഷൈനി എന്നീ നാലു മക്കൾ. രണ്ടാമത്തെ മകളായ അച്ചാമ്മയെ ഏറ്റുമാനൂർ പടികര ഇമ്മാനുവേൽ വിവാഹം ചെയ്തു. ഏറ്റുമാനൂർ ക്ലാമറ്റത്താണ് താമസം. മൂന്നുമക്കൾ. ഷീബ, അമ്പിളി, പൊന്നമ്പിളി. മൂന്നാമത്തെ മകളായ റോസമ്മയെ പാലാ നെല്ലിയാനി ഇടപ്പറമ്പിൽ ജോസ് വിവാഹം ചെയ്തു. ജോസ് മരണമടഞ്ഞു. രണ്ട് പെൺമക്കൾ. നീതു, നിമ്മി. നാലാമത്തെ മകളായ ഷീല തോട്ടത്തിൽ ജോസിനെ വിവാഹം ചെയ്തു. കന്യാകുമാരി ജില്ലയിലെ മേഴക്കോടാണ് താമസം. രണ്ട് മക്കൾ. നിമ്മി, നിബിൻ.

## III D 1 – മാലിക്കൽ ചെറിയാൻ മകൻ ജോസ്

മാലിക്കൽ ചെറിയാന്റെ ഏക മകനാണ് ജോസ്. ഭാര്യ കരിക്കോട്ടക്കരി മടക്കാവുങ്കൽ മേരി. കർഷകനായ ജോസ് മംഗളം ദിനപ്പത്രത്തിന്റെ ഇരിട്ടി ലേഖകനാണ്. ജോസ്–മേരി ദമ്പതികൾക്ക് നാല് മക്കൾ. രാഹൂൽ, അജൻ, പ്രിയങ്ക, തോമസുകുട്ടി.

# 18

# കോച്ചേരിൽ

## പാഴൂർ - കോച്ചേരിൽ പ്രാരംഭ ചരിത്രം

**ഇ**ഞ്ചക്കാട്ട് മഹാകുടുംബത്തിലെ 22 ശാഖകളിൽ 18 മുതൽ 22 വരെയുള്ള ശാഖകളാണ് പാഴൂർ കുടുംബം എന്ന് അറിയപ്പെടുന്നത്. മാലിക്കൽ (കാവുങ്കൽ) മത്തായിയുടെ രണ്ട് ആൺ മക്കളിൽ ഇളയവനായ ഇട്ടി 19-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് കിടങ്ങൂർ കരയിൽത്തന്നെ പാഴൂർ പുരയിടത്തിൽ താമസമാക്കുകയും പാഴൂർ എന്ന വീട്ടുപേര് സ്വീകരിക്കുകയും ചെയ്തു. പാഴൂർ ഇട്ടിയുടെ സന്താനപരമ്പരകൾ പ ാഴൂർ കുടുംബം എന്ന പേരിൽ കടപ്ലാമറ്റം ഇടവകയിൽ അറിയപ്പെടുന്നു.

ഇട്ടിക്ക് അഞ്ച് ആൺ മക്കളായിരുന്നു. ഔസേപ്പ്, കോര, ലൂക്കാ, തൊമ്മൻ, മാത്യു. ഒന്നാമൻ ഔസേപ്പ് കോച്ചേരി പുരയിടത്തിൽ താമസമാക്കുകയും കോച്ചേരി എന്ന വീട്ടുപേരിലും, രണ്ടാമൻ കോര പല്ലിപ്പുഴ എന്ന വീട്ടുപേരിലും, മൂന്നാമൻ ലൂക്കാ മുണ്ടന്താനത്ത് എന്ന വീട്ടുപേരിലും, നാലാമൻ തൊമ്മൻ നടുക്കര എന്ന വീട്ടുപേരിലും, ഇളയ മകൻ മത്തായി തറവാട്ടിൽ പാഴൂർ എന്ന വീട്ടുപേരിലും അറിയപ്പെട്ടു. അവരവർ താമസിച്ച പുരയിടത്തിന്റെ നാമം വീട്ടുപേരായി സ്വീകരിക്കുകയാണുണ്ടായത്. രണ്ടാമനായ കോര പല്ലിപ്പുഴ പുരയിടത്തിൽ നിന്നും ആടിമാക്കീൽ പുരയിടത്തിലേക്ക് താമസം മാറ്റിയപ്പോൾ 'ആടിമാക്കീൽ' എന്നും, മൂന്നാമനായ ലൂക്കാ 'മുണ്ടന്താനത്ത്' എന്ന വീട്ടുപേർ മാറ്റി 'ആനിക്കുഴിക്കാട്ടിൽ' എന്നും അറിയപ്പെടാൻ തുടങ്ങി.

ഇട്ടിയുടെ അഞ്ച് ആൺ മക്കളുടെ പരമ്പരകൾ അഞ്ച് ശാഖകളായി ഇഞ്ചക്കാട്ട് മഹാകുടുംബത്തിൽ അറിയപ്പെടുന്നു. ഇഞ്ചക്കാട്ട് കുടുംബത്തിലെ 18 മുതൽ 22 വരെയുള്ള ഈ അഞ്ച് ശാഖകൾ കോച്ചേരി, ആടിമാക്കീൽ, ആനിക്കുഴിക്കാട്ടിൽ, നടുക്കര, പുതി

യിടത്ത് എന്നിവയാണ്. ഇളയമകൻ, തറവാട്ടിൽ താമസമാക്കിയ മാത്യു, പിതാവായ ഇട്ടിയുടെ മരണശേഷം പാഴൂർ പുരയിടം വിറ്റ് കാഞ്ഞിരപ്പള്ളിയിൽ കറിപ്ലാവ് എന്ന സ്ഥലത്തേക്ക് താമസംമാറ്റി. പുതിയിടത്ത് വർക്കി എന്നയാളുടെ സ്ഥലത്ത് താമസമാക്കിയ മാത്യുവും കുടുംബവും പുതിയിടത്ത് എന്ന നാമത്തിൽ അറിയപ്പെടുന്നു.

അനേകം വൈദികരും സന്ന്യസ്തരും ഇന്ന് പാഴൂർ കുടുംബത്തിൽ ഉണ്ട്. അഭിവന്ദ്യ പിതാവ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മുൻ രാജ്യസഭാംഗമായ ജോയി നടുക്കര എന്നിവർ ഈ കുടുംബത്തിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പ്രഗത്ഭ വ്യക്തികളാണ്. കൂടാതെ സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിലും സർക്കാർ സർവ്വീസിലും ഉയർന്ന നിലയിലെത്തിയ അനേകം മഹത് വ്യക്തികൾ ഈ കുടുംബത്തിന്റെ യശസ്സ് വിളിച്ചോതുന്നു.

മുൻകാലങ്ങളിൽ മാസത്തിലൊരിക്കൽ പാഴൂർ കുടുംബക്കാർ ഒത്തുചേരുന്ന കൂട്ടായ്മ നിലനിന്നിരുന്നു. ഓരോ വീട്ടുകാരും നിശ്ചിത തുക കൂട്ടായ്മക്കെത്തുമ്പോൾ നൽകണമെന്നായിരുന്നു വ്യവസ്ഥ. ഓരോ മാസവും മാറിമാറി എല്ലാ വീടുകളിലും നടത്തപ്പെടത്തക്കവിധമായിരുന്നു കൂട്ടായ്മ നടത്തിയിരുന്നത്. കുടുംബത്തിലെ മുതിർന്ന കാരണവരുടെ നേതൃത്വത്തിലായിരുന്നു കൂട്ടായ്മ. കുടുംബാംഗങ്ങൾ എല്ലാവരും ചേർന്ന് പ്രാർത്ഥനയ്ക്കുശേഷം സ്നേഹോപഹാരങ്ങൾ പങ്കുവയ്ക്കുമായിരുന്നു. വിഭവസമൃദ്ധമായ ഉച്ചഭക്ഷണം ഈ കൂട്ടായ്മയുടെ പ്രത്യേകതയായിരുന്നു. 1966 ഓടെ എന്തുകൊണ്ടോ ഈ കൂട്ടായ്മ നിന്നുപോയി.

1945-1960 കാലഘട്ടങ്ങളിൽ ചില കുടുംബങ്ങൾ മലബാറിലേക്കും ഹൈറേഞ്ചിലേക്കും കുടിയേറി. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, ഇടുക്കി എന്നീ ജില്ലകളിലേക്ക് പാഴൂർ കുടുംബക്കാർ എത്തിച്ചേർന്നു. തൊഴിൽപരമായും മറ്റു കാരണങ്ങളാലും ധാരാളം പേർ രാജ്യത്തിനകത്തും വിദേശത്തുമായി കഴിയുന്നു. 13 വൈദികരും 13 കന്യാസ്ത്രീകളും ഈ കുടുംബത്തിന്റെ അഭിമാനമാണ്.

ഭക്തിയിലും വിശ്വാസത്തിലും വളരെ മുൻപന്തിയിലാണ് പാഴൂർ കുടുംബക്കാർ. തങ്ങളുടെ പൂർവ്വപിതാവായ പാഴൂർ ഇട്ടി

തന്റെ മക്കൾക്ക് പകർന്നു നൽകിയ സഭാവിശ്വാസം, ആചാരരീതികൾ, എളിമ, ശുദ്ധത എല്ലാം കൈവിടാതെ തലമുറകളായി അനുഷ്ഠിച്ചുപോരുന്നു. ത്രിസന്ധ്യാസമയത്ത് വിളക്കുവയ്ക്കുക കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥന നടത്തുക, കഴിയുമെങ്കിൽ എന്നും പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുക, നോമ്പാചരിക്കുക, ദാന ധർമ്മം നടത്തുക, അഗതികളെ സഹായിക്കുക എന്നിവ പാരമ്പര്യമായി ഇന്നും തുടർന്നുപോരുന്നു.

ഇന്ന് കാണുന്ന കടപ്ലാമറ്റം സെന്റ് മേരീസ് ദൈവാലയത്തിന്റെ നിർമ്മാണത്തിൽ പാഴൂർ കുടുംബം നിസ്തുലമായ പങ്കുതന്നെ വഹിച്ചു. നിർമ്മാണ വിദഗ്ദ്ധനായ മേനംമൂട്ടിൽ സ്കറിയായുടെ നേതൃത്വത്തിലായിരുന്നു പള്ളിയുടെ പണികൾ നടത്തിയിരുന്നത്. കുടുംബത്തിലെ യുവാക്കളും കാരണവന്മാരും കൈ മെയ് മറന്ന് ദൈവാലയ നിർമ്മാണത്തിനായി രാപകൽ അദ്ധ്വാനിച്ചു. 1943-ൽ ആഗസ്റ്റ് 15-ാം തീയതി റവ. ഫാ. കുര്യാക്കോസ് മുരിക്കൻ തറക്കല്ലിട്ടു. 1946 മാർച്ച് 31-ന് ചങ്ങനാശ്ശേരി രൂപതയുടെ മെത്രാൻ മാർ ജെയിംസ് കാളാശ്ശേരി വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. ഈ ദൈവാലയം കേരളത്തിലെ തലയെടുപ്പുള്ള ഒരു ദൈവാലയമായി ഇന്നും നിലനില്ക്കുന്നുണ്ടെങ്കിൽ പാഴൂർ കുടുംബത്തിന്റെയും ഇടവകയിലെ മറ്റു ജനങ്ങളുടെയും അശ്രാന്ത പരിശ്രമത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഒത്തൊരുമയുടെയും ഫലം ഒന്നുമാത്രമാണ്.

## കോച്ചേരിൽ കുടുംബചരിത്രഭാഗം

**ഇ**ഞ്ചക്കാട്ട് മഹാകുടുംബത്തിലെ 22 ശാഖകളിൽ 18-ാമത് ശാഖയാണ് കോച്ചേരിൽ ശാഖാകുടുംബം. പാഴൂർ ഇട്ടിയുടെ അഞ്ച് ആൺമക്കളിൽ മൂത്ത മകനായ ഔസേപ്പിന്റെ സന്താനപരമ്പരയാണ് കോച്ചേരിൽ എന്നപേരിൽ അറിയപ്പെടുന്നത്. പരിയാരമംഗലം കരയിൽ കടപ്ലാമറ്റം കിടങ്ങൂർ റൂട്ടിൽ മൂന്നു തോട്ടിൽ കോച്ചേരിൽ എന്ന വീട്ടുപേരിൽ അറിയപ്പെടാൻ തുടങ്ങി. മുഖ്യമായും നാല് വീട്ടുപേരുകളിലാണ് ഇപ്പോൾ ഈ ശാഖ അറിയപ്പെടുന്നത്. മൂക്കാട്ടിൽ, മേനംമൂട്ടിൽ. മേനോൻവീട്ടിൽ, നെടുംതൊട്ടിയിൽ എന്നിവയാണ് ആ നാല് വീട്ടുപേരുകൾ. കൃഷിയും കച്ചവടവുമായിരുന്നു മുഖ്യതൊഴിൽ. സാമ്പത്തികമായും സാമൂഹികമായും വളരെ ഉന്നത

നിലയിലെത്തിച്ചേർന്നത് ഇവരുടെ കഠിനാദ്ധ്വാനത്തിന്റേയും ഒത്തൊരുമയുടേയും ഫലമാണ്.

കോച്ചേരിൽ ഔസേപ്പിന്റെ സഹധർമ്മിണിയായിരുന്നു മറിയം. ഈ ദാമ്പത്യത്തിൽ ഉണ്ടായ ഏകമകനാണ് പൈലോ. പൈലോ യുടെ ചെറുപ്പത്തിൽ തന്നെ അമ്മ മറിയം മരിച്ചു. തുടർന്ന് ഔസേപ്പ് കൊഴുവനാൽ, മേവിട എലവുങ്കൽ മറിയത്തെ വിവാഹം കഴിച്ചു. ഔസേപ്പിന് ഈ രണ്ടാം വിവാഹത്തിൽ രണ്ട് ആൺമക്കൾ ജനിച്ചു. സ്കറിയായും ചാക്കോയും.

## I. കോച്ചേരിൽ ഔസേപ്പ് മകൻ പൈലോ

പാഴൂർ ഇട്ടിയുടെ മൂത്തമകനായ ഔസേപ്പിന്റെ ആദ്യഭാര്യ യിലെ ഏകമകനാണ് പൈലോ. കോതനല്ലൂർ ഇട്ടംപറമ്പിൽ ത്രേസ്യായാണ് പൈലോയുടെ ഭാര്യ. ഈ ദമ്പതികൾക്ക് നാല് പെൺമക്കളായിരുന്നു. കുഞ്ഞുപെണ്ണ്, കുഞ്ഞേലി, ത്രേസ്യാ, റോസ എന്നിവരാണ് മക്കൾ. മൂത്ത മകൾ കുഞ്ഞുപെണ്ണിനെ കോതനല്ലൂർ വട്ടുകുളം ചാക്കോയും, രണ്ടാമത്തെ മകളായ കുഞ്ഞേലിയെ കൂട ല്ലൂർ, കുഴികണ്ണിൽ വർക്കിയും മൂന്നാമത്തെ മകളായ ത്രേസ്യായെ ഏറ്റുമാനൂർ പുഞ്ചായിൽ തൊമ്മനും നാലാമത്തെ മകളായ റോസയെ പുന്നത്തുറ തുമ്പിക്കൽ കുഞ്ഞുകുട്ടനും വിവാഹം കഴിച്ചു. ആൺമക്കളില്ലാതിരുന്ന പൈലോ – ത്രേസ്യാ ദമ്പതികൾ ഇവരുടെ മൂത്തമകളായ കുഞ്ഞുപെണ്ണിന്റെ ഭർത്താവ് ചാക്കോയെ കോച്ചേരിൽ ദത്തു നിർത്തി. അതുപോലെ തന്നെ മൂന്നാമത്തെ മകളായ ത്രേസ്യാ യുടെ ഭർത്താവ് പുഞ്ചായിൽ തൊമ്മനെ മുക്കാട്ടിൽ പുരയിടത്തിലും ദത്തു നിർത്തി.

ചാക്കോ കുഞ്ഞുപെണ്ണ് ദമ്പതികൾക്ക് രണ്ട് ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ടായി. മൂത്ത മകൾ മാമ്മിയെ കടപ്ലാമറ്റം കുറിച്ചിയേൽ ഔസേപ്പ് വിവാഹം കഴിച്ചു. രണ്ടാമത്തെ മകൾ ഏലീ ശ്വായെ കുടക്കച്ചിറ ചിറപ്പാട്ട് പാപ്പച്ചനും വിവാഹം കഴിച്ചു. മൂന്നാ മത്തെ മകൾ തെയ്യാമ്മയെ മരങ്ങാട്ടുപള്ളി ആനശ്ശേരി തൊമ്മൻ വിവാഹം ചെയ്തു. മൂത്ത മകൻ മത്തായി വിവാഹശേഷം അകാല ത്തിൽ നിര്യാതനായി. പിന്നീട് ഭാര്യ മാമ്മിയും മകൻ കുഞ്ഞും മല ബാറിൽ നിലമ്പൂർ ഭാഗത്ത് താമസമാക്കി. രണ്ടാമത്തെ മകൻ

പൈലോയും ഭാര്യ കുഞ്ഞേലിയും കോച്ചേരിൽ പുരയിടം വിറ്റ ശേഷം വയനാട്ടിൽ കല്പറ്റക്കടുത്ത വൈത്തിരിയിലാണ് താമസം.

മൂന്നാമത്തെ മകളായ ത്രേസ്യായും ഭർത്താവ് പുഞ്ചായിൽ തൊമ്മനും മുക്കാട്ടിൽ പുരയിടത്തിൽ താമസമാക്കിയപ്പോൾ മുക്കാട്ടിൽ എന്ന വീട്ടുപേരിൽ അറിയപ്പെടാൻ തുടങ്ങി. തൊമ്മൻ ത്രേസ്യാ ദമ്പതികൾക്ക് ആറ് മക്കൾ. മൂന്ന് ആൺ മക്കളും, മൂന്ന് പെൺമക്കളും. ഓനച്ചൻ (ഉലഹന്നാൻ), പൈലോച്ചൻ, കുഞ്ഞേപ്പ് (ജോസഫ്) എന്നിവരാണ് ആൺമക്കൾ. ഏലിക്കുട്ടി, തെയ്യാമ്മ, അന്നമ്മ എന്നിവരാണ് പെൺമക്കൾ.

പെൺമക്കളിൽ മൂത്തവളായ ഏലിക്കുട്ടിയെ വയലാ ചേരവേലിൽ ജോസഫ് വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ തെയ്യാമ്മയെ കടപ്ലാമറ്റം ചെറുതൊടുകയിൽ കുഞ്ഞുവർക്കി വിവാഹം ചെയ്തു. ഇപ്പോൾ ഇവർ വയനാട് ജില്ലയിലെ അരീക്കോട് വെറ്റിലപ്പാറയിലാണ് താമസം. മൂന്നാമത്തെ മകൾ അന്നമ്മയെ കാഞ്ഞിരത്താനം വട്ടുകുളം ജോസഫ് വിവാഹം കഴിച്ചു.

## I A. കോച്ചേരിൽ മുക്കാട്ടിൽ-തൊമ്മൻ മകൻ ഓനച്ചൻ (ഉലഹന്നാൻ)

മുക്കാട്ടിൽ തൊമ്മന്റെ മൂന്ന് ആൺ മക്കളിൽ മൂത്ത മകനാണ് ഓനച്ചൻ. മികച്ച കർഷകനായിരുന്ന ഓനച്ചൻ കാഞ്ഞിരത്താനം തെന്നാട്ടിൽ ദേവസ്യാ-മറിയം ദമ്പതികളുടെ മകളായ മറിയക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് മൂന്ന് ആൺമക്കൾ. അപ്പച്ചൻ (തോമസ്), ജോസ്, സണ്ണി എന്നിവരാണ് മക്കൾ. 2009 ആഗസ്റ്റ്19-ാം തീയതി ഓനച്ചൻ മരിച്ചു. 2014 ആഗസറ്റ് 29-ാം തീയതി മറിയക്കുട്ടിയും മരിച്ചു. ഇരുവരേയും കടപ്ലാമറ്റം പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## I A1. മുക്കാട്ടിൽ ഓനച്ചൽ മകൻ അപ്പച്ചൻ (തോമസ്)

മുക്കാട്ടിൽ ഓനച്ചന്റെ മൂത്ത മകനാണ് അപ്പച്ചൻ എന്ന് വിളിക്കുന്ന തോമസ്. കൃഷികാര്യങ്ങളുമായി കഴിയുന്നു. പ്രവിത്താനം ചന്ദ്രൻകുന്നേൽ ഔസേപ്പ്-അന്നമ്മ മകൾ മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ സിമി, നിമി. സൗദിയിൽ സ്റ്റാഫ് നഴ്സായ മൂത്ത മകൾ സിമിയെ പാലാ ഇടമറ്റം വരകിൽ വിൽസ്

വിവാഹം കഴിച്ചു. രണ്ടാമത്തെ മകളായ നിമിയും സൗദിയിൽ സ്റ്റാഫ് നഴ്സാണ്. വയലാ പാണച്ചിറ വക്കച്ചൻ-മേരി മകൻ ഷിജോയാണ് നിമിയുടെ ഭർത്താവ്.

### I A2. മുക്കാട്ടിൽ ഓനച്ചൻ മകൻ ജോസ്

മുക്കാട്ടിൽ ഓനച്ചന്റെ രണ്ടാമത്തെ മകനാണ് ജോസ്. 1981 ജൂൺ മാസം 29 -ന് 25-ാം വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. കടപ്ലാമറ്റം ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

### I A3. മുക്കാട്ടിൽ ഓനച്ചൻ മകൻ സണ്ണി

മുക്കാട്ടിൽ ഓനച്ചന്റെ മൂന്നാമത്തെ മകനാണ് സണ്ണി. മികച്ച സാമൂഹ്യപ്രവർത്തകനും കഷർഷകനുമാണ്. കടപ്ലാമറ്റം പാലാം തട്ടേൽ (ഓരത്തേൽ), ആഗസ്തി-ത്രേസ്യാമ്മ മകൾ ജസ്സിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഡോൺ എന്ന മകനും ഗീതു എന്ന മകളും. ഗീതു BSc നഴ്സാണ്. സൗദിയിൽ ജോലിചെയ്യുന്നു.

### I A3. മുക്കാട്ടിൽ സണ്ണി മകൻ ഡോൺ

മുക്കാട്ടിൽ സണ്ണിയുടെ ഏക മകനാണ് ഡോൺ. മികച്ച പൊതു പ്രവർത്തകനാണ്. കേരളാകോൺഗ്രസ് (M) ന്റെ സജീവ പ്രവർത്തകൻ. KSC യിലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച ഡോൺ KSC (M) ന്റെയും, യൂത്ത് ഫ്രണ്ടിന്റേയും കടപ്ലാമറ്റം മണ്ഡലം പ്രസിഡന്റായിരുന്നു. ഇപ്പോൾ കടപ്ലാമറ്റം കോ-ഓപ്പറേറ്റീവ് ബാങ്ക് ജീവനക്കാരനാണ്.

### I B. മുക്കാട്ടിൽ തൊമ്മൻ മകൻ പൈലോ (MTപൗലോസ്)

മുക്കാട്ടിൽ തൊമ്മന്റെ രണ്ടാമത്തെ മകനാണ് പൈലോച്ചൻ എന്നു വിളിക്കുന്ന പൗലോസ്. മറ്റക്കര പാദുവാ ഇടപ്പള്ളിപ്പള്ളിൽ തോമസ്-മറിയം ദമ്പതികളുടെ മകളായ അന്നക്കുട്ടിയാണ് ഭാര്യ. കർഷകനായിരുന്ന പൈലോച്ചൻ മൂന്നുതോട്ടിൽ തെങ്ങുംപള്ളി പുര യിടത്തിൽ താമസമാക്കി. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും ഒരു മകളുമാണുള്ളത്. ജോയി (തോമസ്), ബേബി, ജോണി എന്നി വരാണ് ആൺമക്കൾ. ഏകമകൾ സോഫിയെ കുടക്കച്ചിറ ആക്കാ ട്ടുക്കുന്നേൽ ജോർജ്-മേരി ദമ്പതികളുടെ മകൻ ബെന്നി വിവാഹം

കഴിച്ചു. സോഫി ഇൻഡോറിൽ അദ്ധ്യാപികയാണ്. ബെന്നി അതേ സ്കൂളിൽ തന്നെ ഉദ്യോഗസ്ഥനാണ്. 19-07-2012-ൽ പൈലോ നിര്യാതനായി. 3-8-2016-ന് ഭാര്യ അന്നക്കുട്ടിയും നിര്യാതയായി. ഇരുവരെയും കടപ്ലാമറ്റം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### I B1. മുക്കാട്ടിൽ പൈലോ മകൻ ജോയി (തോമസ് പോൾ)

കർഷകനായ ജോയി ചേർപ്പുങ്കൽ ചിറയ്ക്കനാൽ ചെറിയാൻ -അന്നമ്മ ദമ്പതികളുടെ മകളായ റോസമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കൾ. ജിറ്റോ, ജിനോ, ജിതിൻ. ജോയിയും കുടുംബവും മൂന്നുതോട്ടിൽ മുടന്തയ്ക്കൽ പുരയിടത്തിൽ താമസിക്കുന്നു.

### I B1a. മുക്കാട്ടിൽ ജോയിമകൻ ജിറ്റോ (Fr. ജിറ്റോ)

മുക്കാട്ടിൽ ജോയിയുടെ മൂത്ത മകനാണ് Fr. ജിറ്റോ. 2008-April 28-ാം തിയതി വൈദിക പട്ടം സ്വീകരിച്ച് കല്യാൺ രൂപതയിൽ സേവനം ചെയ്യുന്നു.

### I B1b. മുക്കാട്ടിൽ ജോയി മകൻ ജിനോ

മുക്കാട്ടിൽ ജോയിയുടെ രണ്ടാമത്തെ മകനാണ് ജിനോ. കടപ്ലാമറ്റം കുന്നത്ത് ബേബിയുടേയും മേരിയുടേയും മകളായ ജയ്സിയാണ് ഭാര്യ. ദുബായിൽ ജോലി ചെയ്തിരുന്ന ജിനോ ഇപ്പോൾ കടപ്ലാമറ്റത്ത് ബിസിനസ് ചെയ്യുന്നു.

### I B1c. മുക്കാട്ടിൽ ജോയി മകൻ ജിതിൻ

മുക്കാട്ടിൽ ജോയിയുടെ മൂന്നാമത്തെ മകനാണ് ജിതിൻ. ഹോട്ടൽ മാനേജ്മെന്റ് പാസ്സായ ജിതിൻ കുര്യനാട് പടിഞ്ഞാറേ തണങ്ങാട്ട് ബേബി-മേരി മകൾ ലിനുവിനെ വിവാഹം കഴിച്ചു. രണ്ടുപേരും വിദേശത്ത് ജോലി ചെയ്യുന്നു.

### I B2. മുക്കാട്ടിൽ പൈലോ മകൻ ബേബി (കടനാട്)

മുക്കാട്ടിൽ പൈലോയുടെ രണ്ടാമത്തെ മകനാണ് ബേബി. (ബേബി.എം.പോൾ). കടനാട് ആണ് താമസം. കുറുമണ്ണ് കിഴക്കേപ്പറമ്പിൽ ഐസക്-മറിയം മകൾ ത്രേസ്യാമ്മയാണ് ഭാര്യ. രണ്ടുപേരും സൗദിയിൽ നിന്നും തിരിച്ചെത്തി നാട്ടിൽ കാർഷിക വൃത്തി

യിലാണ്. ഏക മകൻ ബിറ്റു പഠനാനന്തരം സ്വകാര്യസ്ഥാപനത്തിൽ ജോലിചെയ്യുന്നു.

### I B3. മുക്കാട്ടിൽ പൈലോ മകൻ ജോണി

മുക്കാട്ടിൽ പൈലോച്ചന്റെ മൂന്ന് ആൺ മക്കളിൽ ഇളയവനാണ് ജോണി. അയർക്കുന്നം നടുവിലേപ്പറമ്പിൽ ഫിലിപ്പിന്റേയും മറിയത്തിന്റേയും മകൾ മിനിയാണ് ഭാര്യ. മിനി സൗദിയിൽ സ്റ്റാഫ് നഴ്സാണ്. സൗദിയിൽ ജോലി ചെയ്തിരുന്ന ജോണി ഇപ്പോൾ തെങ്ങുംപള്ളി തറവാട്ടിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് പെൺകുട്ടികൾ. ആൻ മരിയ, അൻസു മരിയ. ഇരുവരും വിദ്യാർത്ഥിനികളാണ്.

### I C. മുക്കാട്ടിൽ തൊമ്മൻ മകൻ ജോസഫ് (കുഞ്ഞേപ്പ്)

മുക്കാട്ടിൽ തൊമ്മന്റെ മൂന്ന് ആൺ മക്കളിൽ ഇളയ മകനാണ് കുഞ്ഞേപ്പ് എന്ന് വിളിക്കുന്ന ജോസഫ്. മികച്ച കർഷകനും കഠിനാദ്ധ്വാനിയും ആയിരുന്നു. പരിയാരമംഗലം പുത്തൂപ്പള്ളിയിൽ ഏലിക്കുട്ടിയാണ് ഭാര്യ. ഇവർക്ക് അഞ്ച് മക്കൾ. ഗ്രേസി എന്ന ഏകമകളും, തോമസ് (കുഞ്ഞ്), ടോമി, ഷാജി, ബിജു എന്നീ ആൺമക്കളും. ഏകമകൾ ഗ്രേസിയെ അന്തീനാട് ഉറുമ്പത്ത് ഡോമിനിക് വിവാഹം കഴിച്ചു. 06-03-2014-ൽ കുഞ്ഞേപ്പ് നിര്യാതനായി. കടപ്ലാമറ്റം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### I C1. മുക്കാട്ടിൽ കുഞ്ഞേപ്പ് മകൻ തോമസ് (കുഞ്ഞ്)

മുക്കാട്ടിൽ കുഞ്ഞേപ്പിന്റെ നാല് ആൺ മക്കളിൽ മൂത്ത മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന തോമസ്. കേരളാ കോൺഗ്രസ് (M) ന്റെ സജീവ പ്രവർത്തകനായ കുഞ്ഞ് വാർഡ് പ്രസിഡന്റ് കൂടിയാണ്. മികച്ച കർഷകനും, പൊതുപ്രവർത്തകനുമായി അറിയപ്പെടുന്നു. നെല്ലിയാനി ചേലയ്ക്കൽ പെണ്ണമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ബിജോയും ജിജോയും. മൂന്നു തോട് ഭാഗത്ത് പുത്തൂപ്പള്ളി പുരയിടത്തിലാണ് താമസം.

### I C1a. മുക്കാട്ടിൽ തോമസ് (കുഞ്ഞ്) മകൻ ബിജോ

മുക്കാട്ടിൽ കുഞ്ഞിന്റെ മൂത്ത മകനാണ് ബിജോ. നാട്ടകം ചിറ

യിൽ തോമസ്-ആലീസ് മകൾ അനുവാണ് ഭാര്യ. ഇരുവരും അമേരിക്കയിൽ ജോലി ചെയ്യുന്നു. രണ്ട് മക്കൾ. കാൽവിൻ, എയ്ഡൻ.

## I C1b. മുക്കാട്ടിൽ തോമസ് (കുഞ്ഞ്) മകൻ ജിജോ

മുക്കാട്ടിൽ കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് ജിജോ. പുന്നത്തുറ തളികപ്പറമ്പ് അവറാച്ചന്റേയും-മേരിയുടേയും മകളായ ദവീനയാണ് ഭാര്യ. മകൻ റിച്ചോ.

## I C2. മുക്കാട്ടിൽ കുഞ്ഞേപ്പ് മകൻ ടോമി

മുക്കാട്ടിൽ കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനാണ് ടോമി. പാലാ രാജ് കൺസ്ട്രക്ഷൻസിൽ ജോലി ചെയ്യുന്നു. മുതലക്കോടം കൊട്ടാരത്തിൽ മാത്യുവിന്റേയും ഏലമ്മയുടേയും മകളായ ബിന്ദുവാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരു മകനും ഒരു മകളും. ഡോണായും എബിനും. ഡോണാ BTech-നുശേഷം എറണാകുളത്ത് സോഫ്റ്റ് വെയർ എഞ്ചിനീയറാണ്. എബിൻ BTech വിദ്യാർത്ഥിയും.

## I C3. മുക്കാട്ടിൽ കുഞ്ഞേപ്പ് മകൻ ഷാജി

മുക്കാട്ടിൽ കുഞ്ഞേപ്പിന്റെ മൂന്നാമത്തെ മകനാണ് ഷാജി. പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ അദ്ധ്യാപകനാണ്. തെള്ളകം കൊട്ടാരമുകളേൽ വർക്കിയുടേയും ഏലിക്കുട്ടിയുടേയും മകളായ ഷൈനിയാണ് ഭാര്യ. സൗദിയിൽ സ്റ്റാഫ് നഴ്സായിരുന്ന ഷൈനി ഇപ്പോൾ ഗൃഹഭരണത്തിലാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ക്രിസ്റ്റോ, നോയൽ. ഇരുവരും വിദ്യാർത്ഥികളാണ്.

## I C4. മുക്കാട്ടിൽ കുഞ്ഞേപ്പ് മകൻ ബിജു

മുക്കാട്ടിൽ കുഞ്ഞേപ്പിന്റെ നാലാമത്തെ മകനാണ് ബിജു. ITI യിൽ നിന്നും ഇലക്ട്രിക്കൽ സർട്ടിഫിക്കറ്റ് നേടിയ ശേഷം കൂടല്ലൂർ MRM PCS ൽ ഇല്ട്രിക്കൽ സൂപ്പർ വൈസറായി ജോലി ചെയ്തിരുന്നു. ഇപ്പോൾ കടപ്ലാമറ്റത്ത് ബിസിനസ്സ് നടത്തുന്നു. രാഷ്ട്രീയ സാമൂഹ്യരംഗത്ത് സജീവപ്രവർത്തകനാണ്. KSC (M) ന്റെ കടപ്ലാമറ്റം മണ്ഡലം പ്രസിഡന്റായിരുന്നു. പാളയം ചേന്നാട് ജോർജ്ജിന്റേയും മേരിയുടേയും മകൾ സോണിയയാണ് ഭാര്യ. ഈ

ദമ്പതികൾക്ക് രണ്ട് മക്കൾ. ഡെൽനാ എന്ന മകളും ഡെൽബിൻ എന്ന മകനും. ഇരുവരും വിദ്യാർത്ഥികൾ.

## കോച്ചേരിൽ മേനംമൂട്ടിൽ

കോച്ചേരിൽ ഔസേപ്പിന്റെ രണ്ടാം വിവാഹത്തിൽ ജനിച്ച ആൺമക്കളാണ് സ്കറിയായും ചാക്കോയും. കോച്ചേരിൽ നിന്നും നെടുംതൊട്ടിയിൽ പുരയിടത്തിൽ താമസമാക്കിയ സ്കറിയായും ചാക്കോയും നെടുംതൊട്ടിയിൽ എന്ന വീട്ടുപേരിൽ അറിയപ്പെട്ടു. ചാക്കോ നെടുംതൊട്ടിയിൽ പുരയിടത്തിൽ താമസിക്കുകയും സ്കറിയാ അല്പം തെക്കോട്ടുമാറി മറ്റൊരു പുരയിടത്തിലും താമസമാക്കി.

സ്കറിയാ താമസമാക്കിയ ഈ പുരയിടത്തിൽ മുൻപ് മേനോൻമാരായിരുന്നു താമസിച്ചിരുന്നത്. അവരിൽ നിന്നും ഈ പുരയിടം വാങ്ങി താമസമാക്കിയപ്പോൾ “മേനോൻമാർ താമസിച്ചിരുന്ന വീട്” എന്ന അർത്ഥത്തിൽ “മേനോൻവീട്ടിൽ” എന്ന് അറിയപ്പെട്ടു. ഈ വീട്ടുപേര് ലോപിച്ച് പിൽക്കാലത്ത് ‘മേനംമൂട്ടിൽ’ എന്ന് അറിയപ്പെടാൻ തുടങ്ങി. മേനംമൂട്ടിൽ സ്കറിയായുടെ മകനായ ചാക്കോയും കുടുംബവും മേനോൻവീട്ടിൽ എന്നാണ് അറിയപ്പെടുന്നത്.

### II. മേനംമൂട്ടിൽ സ്കറിയാ

കോച്ചേരിൽ ഔസേപ്പിന്റെ രണ്ടാം വിവാഹത്തിലെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് സ്കറിയാ. കഠിനാദ്ധ്വാനിയായ സ്കറിയാ നല്ല നിർമ്മാണ വിദഗ്ധൻ കൂടിയായിരുന്നു. ഇന്നു കാണുന്ന കടപ്ലാമറ്റം സെന്റ് മേരീസ് ദൈവാലയത്തിന്റെ കൽ ഭിത്തികൾ സ്കറിയായുടെയും കൂടി കരവിരുതാണ്. കുറിച്ചിത്താനം ആളാത്ത് ഏലിയാണ് സ്കറിയായുടെ ഭാര്യ. ഇവർക്ക് മൂന്ന് ആൺമക്കളും ഒരു മകളും ജനിച്ചു. ജോസഫ് (കുഞ്ഞൗത), ചാക്കോ (കുഞ്ഞാക്കോ), തോമസ് (തോമാ) എന്നിവരാണ് ആൺമക്കൾ. ഏകമകൾ മറിയക്കുട്ടിയെ കൂടല്ലൂർ കുരീക്കാട്ടിൽ ചാക്കോ വിവാഹം ചെയ്തു. സ്കറിയാ 01-04-1962-ൽ നിര്യാതനായി. കടപ്ലാമറ്റം സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## II A. കോച്ചേരി-മേനംമൂട്ടിൽ സ്കറിയാ മകൻ കുഞ്ഞൗത (ജോസഫ്)

മേനംമൂട്ടിൽ സ്കറിയായുടെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് കുഞ്ഞൗത എന്നു വിളിക്കുന്ന ജോസഫ്. ചേർപ്പുങ്കൽ മ്ലാവിൽ മറിയമാണ് കുഞ്ഞൗതയുടെ ഭാര്യ. 1967-ൽ കുഞ്ഞൗതയും കുടുംബവും കോഴിക്കോട് ജില്ലയിലെ തിരുവാമ്പാടിയിൽ പുന്നയ്ക്കൽ എന്ന സ്ഥലത്തേക്ക് കുടിയേറി. മികച്ച കർഷകനും കഠിനാദ്ധ്വാനിയുമായിരുന്നു. ഈ ദമ്പതികൾക്ക് നാല് പെൺമക്കളും ഒരു മകനുമാണ്. ഏലീശ്വാ, മാമ്മി, അന്നക്കുട്ടി, റോസ എന്നിവരാണ് പെൺമക്കൾ. എക മകൻ ജോസ് (കുഞ്ഞ്). മൂത്ത മകൾ ഏലീശ്വായെ ഏറ്റുമാനൂർ ക്ലാമറ്റം പാടിയത്ത് ചാക്കോ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മാമ്മിയെ പടിഞ്ഞാറേ കൂടല്ലൂർ മങ്ങരയിൽ വർക്കി വിവാഹം കഴിച്ചു. മാമ്മിയുടെ അകാല നിര്യാണത്തെതുടർന്ന് വർക്കി മാമ്മിയുടെ ഇളയ സഹോദരിയായ അന്നക്കുട്ടിയെ വിവാഹം ചെയ്തു. ഈ കുടുംബം കോഴിക്കോട് കൂടരഞ്ഞിയിലാണ് താമസിക്കുന്നത്. നാലാമത്തെ മകൾ റോസയെ തോടനാൽ വെള്ളാപ്പള്ളിയേൽ വർക്കി വിവാഹം ചെയ്തു. ഈ കുടുംബം കാസർഗോഡ് ജില്ലയിലെ കാഞ്ഞാങ്ങാടാണ് താമസം. കുഞ്ഞൗത 15-07-2006 ലും, മറിയം 08-07-1991 ലും നിര്യാതരായി ഇരുവരേയും പുന്നയ്ക്കൽ പളളി സെമിത്തേരിയിൽ സംസ്കരിച്ചു

## II A1. മേനംമൂട്ടിൽ കുഞ്ഞൗത മകൻ ജോസ് (കുഞ്ഞ്) പുന്നയ്ക്കൽ

മേനംമൂട്ടിൽ കുഞ്ഞൗതയുടെ ഏക മകനാണ് കുഞ്ഞ് എന്നു വിളിക്കുന്ന ജോസ്. മണ്ണയ്ക്കനാട് കൂഴാമ്പാലയിൽ തങ്കമ്മ (റോസ) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. മൂന്ന് പെണ്ണും മൂന്ന് ആണും. മായ, നിർമ്മല, മിനി എന്നിവരാണ് പെൺ മക്കൾ. ജെയ്സൻ (സെബാസ്റ്റ്യൻ), ജോണി (ഉലഹന്നാൻ), ജിൻസ് (ജോസഫ്) എന്നിവർ ആൺമക്കളും. മൂത്ത മകൾ മായ സെന്റ് മർത്താസ് സന്ന്യാസ സമൂഹത്തിൽ അംഗമാണ്. സി. ഫ്ളവർടോം എന്ന പേരിൽ അറിയപ്പെടുന്നു. രണ്ടാമത്തെ മകൾ നിർമ്മല. സി. നിർമ്മല എന്ന പേരിൽ പാലാ ആരാധനാമഠത്തിൽ അധ്യാപികയായി സേവനം ചെയ്യുന്നു. ഇളയ മകൾ മിനി, സി. സൗമ്യ എന്ന പേരിൽ

ജോസഫൈൻ സന്ന്യാസ സമൂഹത്തിൽ അംഗമാണ്. 1967-ൽ പിതാവ് കുഞ്ഞൗതയോടൊപ്പം തിരുവാമ്പാടി പുന്നയ്ക്കലേക്ക് കുടിയേറിയ കുഞ്ഞ് കർഷകനാണ്.

### II A1a. മേനംമൂട്ടിൽ ജോസ് (കുഞ്ഞ്) മകൻ ജയ്സൻ (സെബാസ്റ്റ്യൻ) പുന്നയ്ക്കൽ

മേനംമൂട്ടിൽ ജോസ്(കുഞ്ഞ്) ന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് ജയ്സൻ. കണ്ണോത്ത് ഇടവക ചന്ദ്രൻകുന്നേൽ തോമസിന്റെ മകൾ സെലിനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജെറാൾഡ് (ജോസ്), തോമസ്. ജയ്സൻ ഇലക്ട്രിക്കൽ വർക്ക് ചെയ്യുന്നു. ഭാര്യ സെലിൻ നഴ്സാണ്.

### II A1b. മേനംമൂട്ടിൽ ജോസ് മകൻ ജോണി (ഉലഹന്നാൻ) പുന്നയ്ക്കൽ

മേനംമൂട്ടിൽ ജോസ് (കുഞ്ഞ്) ന്റെ രണ്ടാമത്തെ മകനാണ് ജോണി. ചിപ്പിലിത്തോട് കുറ്റിപ്പൂവത്തുങ്കൽ തോമസിന്റെ മകൾ ലിജി (അന്നമ്മ) യാണ് ഭാര്യ. കർഷകനാണ്. രണ്ട് ആൺ മക്കൾ. ഡോൺ (ജോസ്), ഷോൺ (തോമസ്).

### II A1C. മേനം മൂട്ടിൽ ജോസ് മകൻ ജിൻസ് (ഫാ. ജോസഫ്)

മേനംമൂട്ടിൽ ജോസ് (കുഞ്ഞ്) ന്റെ ഇളയ മകനാണ് ജിൻസ്. 2010 ഡിസംബർ 30 ന് വൈദികപട്ടം സ്വീകരിച്ച ജിൻസ് ഇടുക്കി രൂപതയിൽ വൈദികനാണ്.

### II B. കോച്ചേരി മേനോൻവീട്ടിൽ സ്കറിയാ മകൻ ചാക്കോ (കുഞ്ഞാക്കോ)

മേനംമൂട്ടിൽ സ്കറിയായുടെ മൂന്ന് ആൺ മക്കളിൽ രണ്ടാമത്തെ മകനാണ് കുഞ്ഞാക്കോ എന്നു വിളിക്കുന്ന ചാക്കോ. ചാക്കോയുടെ സന്താന പരമ്പരകൾ "മേനോൻവീട്ടിൽ"എന്ന വീട്ടുപേരിലാണ് അറിയപ്പെടുന്നത്. ചാക്കോയുടെ ഭാര്യ ഏറ്റുമാനൂർ ക്ലാമറ്റം പാടിയത്ത് റോസയാണ്. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും ഒരു മകളുമാണ്. കറിയാക്കുട്ടി (എം. സി. സഖറിയാസ്) , ചാക്കോ (ചാക്കോച്ചൻ), തോമസ് (കുഞ്ഞുമോൻ), ജോയി എന്നിവരാണ് ആൺമക്കൾ. ഏക മകൾ ആലീസിനെ പാലാ കത്തീഡ്രൽ ഇടവക

കുളത്തറ വർക്കിച്ചൻ വിവാഹം ചെയ്തു. അദ്ധ്യാപികയായി വിരമിച്ചു. 02-01-2002-ൽ റോസയും 17-9-2012-ൽ കുഞ്ഞാക്കോയും നിര്യാതരായി. ഇരുവരേയും കടപ്ലാമറ്റം സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## II B1. മേനോൻവീട്ടിൽ കുഞ്ഞാക്കോ മകൻ കറിയാക്കുട്ടി (എം.സി. സഖറിയാസ്)

മേനോൻവീട്ടിൽ കുഞ്ഞാക്കോയുടെ നാല് ആൺ മക്കളിൽ മൂത്ത മകനാണ് കറിയാക്കുട്ടി. 1962-ൽ കളത്തൂർ സെന്റ് മേരീസ് യു.പി. സ്കൂളിൽ കായികാദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. രണ്ട് വർഷത്തിനുശേഷം അറക്കുളം സെന്റ് തോമസ് യു.പി. സ്കൂളിൽ രണ്ട് വർഷവും തുടർന്ന് മൂന്ന് വർഷം കളത്തൂരും അതിനുശേഷം 1975 മുതൽ കോതനല്ലൂർ എമ്മാനുവൽ ഹൈസ്കൂളിലുമായിരുന്നു സേവനം. 1992-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. കേരളാ കോൺഗ്രസിന്റെ സജീവ പ്രവർത്തകനായിരുന്ന കറിയാക്കുട്ടി കടപ്ലാമറ്റം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഡയറക്ടർ ബോർഡ് അംഗമായിരുന്നു. കുറുപ്പുംതറ ഏറ്റുമാനൂക്കാരൻ, കുമരേട്ട് അബ്രാഹത്തിന്റെ മകൾ അന്നമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. ജിംസൻ (ചാക്കോ), എബിസൻ (അബ്രാഹം), സിജി (ജയ്സൻ) എന്നിവരാണ് ആൺമക്കൾ. റോസിലി (റോസമ്മ), ജാസ്മിൻ എന്നിവരാണ് പെൺമക്കൾ. റോസിലിയെ പയപ്പാർ, കാനാട്ട് പ്രമോദ് വിവാഹം ചെയ്തു. ഇളയ മകളായ ജാസ്മിനെ മരങ്ങാട്ടുപള്ളി കരിപ്പാത്ത് ജിജു വിവാഹം ചെയ്തു. കറിയാക്കുട്ടിയുടെ കുടുംബം മൂന്നുതോട് ജംഗഷനടുത്ത് കാവുംതറപ്പേൽ പുരയിടത്തിൽ താമസിക്കുന്നു. കറിയാക്കുട്ടി 30-03-2017-ൽ നിര്യാതനായി. കടപ്ലാമറ്റം പള്ളി സമിത്തേരിയിൽ സംസ്കരിച്ചു.

## II A1. മേനോൻ വീട്ടിൽ സഖറിയാസ് മകൻ ജിംസൻ

സഖറിയാസിന്റെ (കറിയാക്കുട്ടി) മൂത്ത മകനാണ് ജിംസൻ (ചാക്കോ). തെള്ളകം കാരിത്താസ് പോളശ്ശേരിൽ ജോസഫ്-ത്രേസ്യാ മകൾ മിനിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മകൻ ഓസ്റ്റിൻ, മകൾ ട്രസീന. ജിംസൻ ഡൽഹിയിൽ ന്യൂക്ലിയർ സർവ്വീസ് സെന്ററിൽ എഞ്ചിനീയറായി ജോലി ചെയ്യുന്നു. ഭാര്യ മിനി വിദേശത്ത് സ്റ്റാഫ് നഴ്സാണ്. മക്കൾ വിദ്യാർത്ഥികൾ.

## II B1b. മേനോൻവീട്ടിൽ എം.സി. സഖറിയാസ് മകൻ എബിസൻ (തിരുവനന്തപുരം)

എം. സി. സഖറിയാസിന്റെ രണ്ടാമത്തെ മകനാണ് എബിസൻ (അബ്രാഹം). കുടമാളൂർ ഉലുത്തുവാ ചാക്കോച്ചൻ-ലീലാമ്മ ദമ്പതികളുടെ മകൾ റെനിയാണ് ഭാര്യ. രണ്ട് മക്കൾ. ഒരു മകനും ഒരു മകളും. റെബിൻ, റിയാന. എബി എറണാകുളം ലുലു മാളിൽ മാനേജരായി ജോലി ചെയ്യുന്നു. തിരുവനന്തപുരം ജില്ലയിലെ മുട്ടടയിലാണ് താമസം. മക്കൾ വിദ്യാർത്ഥികൾ.

## II B1C. മേനോൻവീട്ടിൽ എം.സി. സഖറിയാസ് മകൻ ജയ്സൻ (സിജി)

എം.സി. സഖറിയാസിന്റെ മൂന്നാമത്തെ മകനാണ് സിജി എന്നു വിളിക്കുന്ന ജയ്സൻ. വിദേശത്തും നാട്ടിലുമായി ബിസിനസ്സ് ചെയ്യുന്നു. അവിവാഹിതനാണ്.

## II B2. മേനോൻവീട്ടിൽ ജയിംസ് ജേക്കബ് (ചാക്കോച്ചൻ)

മേനോൻവീട്ടിൽ കുഞ്ഞാക്കോയുടെ രണ്ടാമത്തെ മകനാണ് ചാക്കോച്ചൻ എന്ന് വിളിക്കുന്ന ജയിംസ് ജേക്കബ്. പാറമ്പുഴ പാത്തനാകുഴി ജോസഫ്-ത്രേസ്യാമ്മ ദമ്പതികളുടെ മകൾ ത്രേസ്യാമ്മയാണ് ഭാര്യ. മൂന്നു തോട്ടിലെ ആദ്യകാല പലചരക്ക് വ്യാപാരിയായിരുന്നു. മികച്ച കർഷകൻ കൂടിയാണ്. നാല് മക്കൾ. രണ്ട് ആണും രണ്ട് പെണ്ണും. റെൻസൻ, റോഷി എന്നിവർ ആൺമക്കളും, രശ്മി, ജിൻസി എന്നിവർ പെൺമക്കളും. പെൺമക്കളിൽ മൂത്തവളായ രശ്മി (റോസമ്മ) യെ നാട്ടകം പാക്കിൽ വാലയിൽതുണ്ടിയിൽ ജിജി വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ ജിൻസി (കത്രീന)യെ പാദുവ മന്നത്താനി ബിജു വിവാഹം കഴിച്ചു. ചാക്കോച്ചനും കുടുംബവും മൂന്നുതോട്ടിൽ തൊഴുത്തുകര പുരയിടത്തിൽ താമസിക്കുന്നു.

## II B2a. മേനോൻവീട്ടിൽ ചാക്കോ മകൻ റെൻസൻ

മേനോൻവീട്ടിൽ ചാക്കോയുടെ മൂത്ത മകനാണ് റെൻസൻ. കിഴക്കമ്പലം വാഴച്ചാലിൽ ജോളിയാണ് ഭാര്യ. ഇരുവരും വിദേശത്ത് ജോലി ചെയ്യുന്നു. രണ്ട് പെൺമക്കൾ. റെയോന, റെനീറ്റ.

## II B2b. മേനോൻവീട്ടിൽ ചാക്കോ മകൻ റോഷി

മേനോൻവീട്ടിൽ ചാക്കോയുടെ രണ്ട് ആൺ മക്കളിൽ ഇളയ വനാണ് റോഷി. തിരുവല്ല കുറുന്തോട്ടിക്കൽ ഷെറിനെ വിവാഹം ചെയ്തു. റോഷിയും ഷെറിനും വിദേശത്ത് ജോലി ചെയ്യുന്നു. രണ്ടു കുട്ടികൾ. മകൻ ആൽഡൻ, മകൾ അലക്സിയാ.

## II B3. മേനോൻവീട്ടിൽ കുഞ്ഞാക്കോ മകൻ തോമസ് ജേക്കബ് (കുഞ്ഞുമോൻ) കൂടല്ലൂർ

മേനോൻവീട്ടിൽ കുഞ്ഞാക്കോയുടെ മൂന്നാമത്തെ മകനാണ് കുഞ്ഞുമോൻ എന്നു വിളിക്കുന്ന തോമസ് ജേക്കബ്. ഭാര്യ അതിര മ്പുഴ കൊല്ലപ്പിള്ളിൽ കുഞ്ഞേപ്പ് (ജോസഫ്)-റോസമ്മ ദമ്പതിക ളുടെ മകളായ റോസമ്മയാണ്. തിരുവനന്തപുരത്ത് ISRO യിൽ സ്റ്റാഫ് നഴ്സായിരുന്ന റോസമ്മ 2005 മാർച്ചിൽ സർവ്വീസിൽ നിന്നും വിരമിച്ചു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. അരുൺ, സുമൻ, കിരൺ. ഏക മകളായ സുമൻ (റോസമ്മ) നെ റാന്നി ഇടശ്ശേരി അനിൽചാണ്ടി വിവാഹം കഴിച്ചു. കുഞ്ഞുമോന്റെ കുടുംബം പടി ഞ്ഞാറേ കുടല്ലൂരാണ് താമസം. കുഞ്ഞുമോൻ 17-10-2016-ൽ നിര്യാ തനായി. പടിഞ്ഞാറെ കൂടല്ലൂർ ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## IIB 3a. മേനോൻവീട്ടിൽ തോമസ് മകൻ അരുൺ

മേനോൻവീട്ടിൽ തോമസിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് അരുൺ (ചാക്കോ). പാറോലിക്കൽ കുഴുംതൊട്ടിയിൽ മിനിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. എമിലി, ഇമ്മാ നുവൽ. എഞ്ചിനീയറായ അരുണും നഴ്സായ മിനിയും വിദേശത്ത് ജോലി ചെയ്യുന്നു.

## II B 3b. മേനോൻവീട്ടിൽ തോമസ് മകൻ കിരൺ

മേനോൻവീട്ടിൽ തോമസിന്റെ ഇളയ മകനാണ് കിരൺ. (ജോ സഫ്). കാട്ടാംപാക്ക് പാക്കരമേൽ രജിതയാണ് ഭാര്യ. ഒരു മകൻ എയ്ഡൻ. എഞ്ചിനീയർമാരായ കിരണും രജിതയും വിദേശത്ത് ജോലി ചെയ്യുന്നു.

## II B 4. മേനോൻവീട്ടിൽ കുഞ്ഞാക്കോ മകൻ ജോയി ജേക്കബ്

മേനോൻവീട്ടിൽ കുഞ്ഞാക്കോയുടെ നാലാമത്തെ മകനാണ് ജോയി (ജോസഫ്). കൂരോപ്പട പുതുശ്ശേരിൽ ജോസഫിന്റെ മകൾ കുട്ടിയമ്മ(റോസമ്മ)യാണ് ഭാര്യ. ജോയി കിഴക്കേ കൂടല്ലൂരിൽ പല ചരക്ക് വ്യാപാരം നടത്തുന്നു. രണ്ട് ആണും ഒരു പെണ്ണുമാണ് ഈ ദമ്പതികൾക്കുള്ളത്. ദീപു (ചാക്കോ), ദീപക്ക് (ജോസഫ്) എന്നിവ രാണ് ആൺ മക്കൾ. ദീപ (റോസമ്മ)ഏക മകളും. ദീപയെ മേവെ ള്ളൂർ പാലത്തുങ്കൽ ബൻസ് (ജോസഫ്) വിവാഹം ചെയ്തു. ജോയിയും കുടുംബവും തറവാട്ടിൽ താമസിക്കുന്നു.

## II B4a. മേനോൻവീട്ടിൽ ജോയി മകൻ ദീപു

മേനോൻവീട്ടിൽ ജോയിയുടെ മൂത്ത മകനാണ് ദീപു. ചെമ്മ ലമറ്റം കണ്ണേത്തുകുന്നേൽ ടെറിനെ വിവാഹം കഴിച്ചു. എഞ്ചിനീയ റായ ദീപുവും, നഴ്സായ ടെറിനും വിദേശത്ത് ജോലി ചെയ്യുന്നു.

## II B4b. മേനോൻവീട്ടിൽ ജോയി മകൻ ദീപക്

മേനോൻവീട്ടിൽ ജോയിയുടെ രണ്ട് ആൺ മക്കളിൽ ഇളയവ നാണ് ദീപക്. സിവിൽ എഞ്ചിനീയറായ ദീപക് മുട്ടുചിറ പറമ്പിൽ കുര്യന്റെയും സെലിന്റെയും മകൾ ദിവ്യയെ വിവാഹം കഴിച്ചു. മകൾ ഹന്ന റോസ്. കെട്ടിടനിർമ്മാണ പ്രവർത്തനവുമായി ദീപക് നാട്ടിൽ കഴിയുന്നു.

## II C. മേനംമൂട്ടിൽ സ്കറിയാ മകൻ തോമസ് (തോമാസാർ)

മേനംമൂട്ടിൽ സ്കറിയായുടെ മൂന്ന് ആൺ മക്കളിൽ ഇളയ മകനാണ് തോമാ എന്ന് വിളിക്കുന്ന തോമസ്. കടപ്ലാമറ്റം സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിൽ അദ്ധ്യാപകനായിരുന്ന തോമസ് അതേ സ്കൂളിലെ പ്രധാനാദ്ധ്യാപകനായി 1972-ൽ വിരമിച്ചു. ഭാര്യ ഏലിക്കുട്ടി ആർപ്പൂക്കര, വില്ലൂന്നി, മുക്കേൽ വീട്ടിൽ ഫിലിപ്പ്-ഏലി യാമ്മ ദമ്പതികളുടെ മകളാണ്. തോമസ് ഏലിക്കുട്ടി ദമ്പതികൾക്ക് ഒരു മകളും മൂന്ന് ആൺമക്കളുമാണുള്ളത്. കുഞ്ഞുമോൻ (സക്കറി യാ), ലീലാമ്മ, ബേബി (ഫിലിപ്പ്), ജോസ് എന്നിവരാണ് മക്കൾ. ഏക മകൾ ലീലാമ്മയെ പാലാ കത്തീഡ്രിൽ ഇടവക കുളത്തറ ജോണി വിവാഹം ചെയ്തു. 17-9-2006 ൽ തോമസ് നിര്യാതനായി.

കടപ്ലാമറ്റം പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. മകൾ ലീലാമ്മ 25-8-2017-ൽ അകാലചരമം പ്രാപിച്ചു.

## IIC1. മേനംമൂട്ടിൽ തോമസ് മകൻ സക്കറിയാ തോമസ് (കുഞ്ഞുമോൻ)

മേനംമൂട്ടിൽ തോമസിന്റെ മൂന്ന് ആൺ മക്കളിൽ മൂത്ത മകനാണ് കുഞ്ഞുമോൻ എന്ന് വിളിക്കുന്ന സക്കറിയാ തോമസ്. കോട്ടയം പോളിടെക്നിക്കിൽ നിന്നും സിവിൽ എഞ്ചിനീയറിംഗ് ഡിപ്ളോമ കരസ്ഥമാക്കിയ കുഞ്ഞുമോൻ പ്രതിരോധ വകുപ്പിൽ MES വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി 2005-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. കാഞ്ഞിരത്താനം തെന്നാട്ടിൽ മത്തായിയുടേയും മേരിയുടേയും മകളായ കുട്ടിയമ്മ (അന്നമ്മ) യാണ് ഭാര്യ. ഇവർക്ക് ഇരട്ടക്കുട്ടികളാണ് ഉണ്ടായത്. ബിനു (തോമസ്), ബിന്ദു (എലിസബത്ത്). ഹയർ സെക്കന്ററി അദ്ധ്യാപികയായ ബിന്ദുവിനെ കുറുപ്പന്തറ, പ്ലാക്കീൽ ചാക്കോയുടെ മകൻ പ്രൊഫ. ജയ്സൻ വിവാഹം കഴിച്ചു. കുഞ്ഞുമോനും കുടുംബവും നെടുംതൊട്ടി പുരയിടത്തിൽ താമസിക്കുന്നു.

## IIC1a. മേനംമൂട്ടിൽ സക്കറിയാ തോമസ് മകൻ ബിനു

മേനംമൂട്ടിൽ കുഞ്ഞുമോന്റെ ഏക മകനാണ് ബിനു. കുറവിലങ്ങാട് പഞ്ഞാക്കിയിൽ തോമസിന്റെ മകൾ ലിറ്റി (തെരേസ)യാണ് ഭാര്യ. രണ്ട് കുട്ടികൾ. പൊന്നു (ആഞ്ചലീന), കെവിൻ (സക്കറിയാ). MCA ബിരുദധാരികളായ ബിനുവും ഭാര്യയും അമേരിക്കയിൽ ജോലി ചെയ്യുന്നു.

## II C1a. മേനംമൂട്ടിൽ ഫിലിപ്പ് തോമസ് (ബേബി) തൊടുപുഴ

മേനംമൂട്ടിൽ തോമസിന്റെ രണ്ടാമത്തെ മകനാണ് ബേബി എന്ന് വിളിക്കുന്ന ഫിലിപ്പ് തോമസ്. ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന ബേബി DEO ആയി 2009-ൽ വിരമിച്ചു. പൊന്നന്താനം ഇടവക ചെങ്ങനാംതടത്തിൽ വർഗീസിന്റെ മകൾ എൽസിയാണ് ഭാര്യ. വിദേശത്ത് സ്റ്റാഫ് നഴ്സായിരുന്ന എൽസി, പിന്നീട് കേരളാ ഗവ. സർവ്വീസിൽ നിന്നും 2011-ൽ നഴ്സിംഗ് സൂപ്രണ്ട് ആയി വിരമിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനും ഒരു മകളുമാണുള്ളത്. എൽബി

(എലിസബത്ത്) എന്ന മകളും വിനോദ് (തോമസ്) എന്ന മകനും. അമേരിക്കയിൽ നഴ്സായ എൽബിയെ തൊടുപുഴ മടക്കത്താനം മാടപ്പള്ളിൽ ഐബിൻ വിവാഹം കഴിച്ചു. അമേരിക്കയിലാണ് താമസം. ഏക മകൻ വിനോദ് സോഫ്റ്റ്വെയർ എഞ്ചിനീയറാണ്. ബേബിയും കുടുംബവും തൊടുപുഴ മടക്കത്താനത്ത് താമസിക്കുന്നു.

## II C3. മേനംമൂട്ടിൽ തോമസ് മകൻ ജോസ് തോമസ്

മേനംമൂട്ടിൽ തോമസിന്റെ മൂന്നാമത്തെ മകനാണ് ജോസ്. കടപ്ലാമറ്റം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ മാനേജരാണ്. ഭരണങ്ങാനം കുന്നേമുറിയിൽ സ്കറിയായുടെയും, റോസയുടെയും മകൾ സെലിനാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. അഞ്ചു (എലിസബത്ത്), അനു (റോസ). അഞ്ചു MBA ബിരുദധാരിണിയാണ്. തൊടുപുഴ കരിമണ്ണൂർ ചിലമ്പിൽ ആന്റോ അഞ്ചുവിനെ വിവാഹം കഴിച്ചു. അനു എഞ്ചിനീയറിംഗ് പഠനം കഴിഞ്ഞ് സിംഗപ്പൂരിൽ ജോലിചെയ്യുന്നു. തറവാടായ നെല്ലിക്കുന്നേൽ പുരയിടത്തിൽ താമസിക്കുന്നു.

## III. നെടുംതൊട്ടിയിൽ ചാക്കോ (പാപ്പൻ)

കോച്ചേരിൽ ഔസേപ്പിന്റെ പുനർ വിവാഹത്തിൽ ജനിച്ച രണ്ട് ആൺ മക്കളിൽ ഇളയ മകനാണ് ചാക്കോ. നെടുംതൊട്ടിയിൽ എന്ന വീട്ടുപേരിൽ അറിയപ്പെട്ടു. കടപ്ലാമറ്റം കന്നിക്കാട്ടിൽ മറിയാമ്മയാണ് ചാക്കോയുടെ ഭാര്യ. ഈ ദമ്പതികൾക്ക് ഏപ്പച്ചൻ (ജോസഫ്) എന്ന ഏകമകനും അന്നമ്മ, മുണ്ടി എന്നീ രണ്ട് പെൺമക്കളുമായിരുന്നു. അന്നമ്മയെ കുടല്ലൂർ തേരകംനില്ക്കുന്നതിൽ തോമസ് വിവാഹം ചെയ്തു. മുണ്ടി അവിവാഹിതയായിരുന്നു. അന്നമ്മയുടെ അകാല നിര്യാണത്തോടെ ഏക മകനായ കുര്യാക്കോസ് (പാപ്പച്ചൻ) നെടുംതൊട്ടിയിൽനിന്നു വളർന്നു. ആടിമാക്കിൽ ലൂക്കാ (കുഞ്ചിലോ) യുടെ ഇളയ മകളായ ക്ലാരമ്മയെ വിവാഹം കഴിച്ച് ദത്തുനില്ക്കുന്നു.

## III A. നെടുംതൊട്ടിയിൽ ചാക്കോ മകൻ ഏപ്പച്ചൻ

നെടുംതൊട്ടിയിൽ (പാപ്പൻ) ചാക്കോയുടെ ഏക മകനാണ് ഏപ്പച്ചൻ. വലവൂർ മുണ്ടന്താനത്ത് മാണിയുടെ മകൾ ഏലിയാണ്

ഭാര്യ. ഏപ്പ്-ഏലി ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് ആണും ഒരു മകളും. ചാക്കോ, മാണി, ജോസഫ് (കുഞ്ഞ്) എന്നിവരാണ് ആൺ മക്കൾ. ഗ്രേസി ഏക മകളും. 1979-ൽ നെടുംതൊട്ടിപുരയിടം മേനംമൂട്ടിൽ തോമസിന് വിറ്റശേഷം കണ്ണൂർ ജില്ലയിലെ ചെറുപുഴക്കടുത്ത മഞ്ഞക്കാട്ടേയ്ക്ക് ഏപ്പച്ചനും കുടുംബവും താമസമാക്കി. ഏകമകളായ ഗ്രേസിയെ മണക്കടവ് കാഞ്ഞിരത്തുങ്കൽ ജിമ്മി വിവാഹം ചെയ്തു. 1994 ഏപ്രിൽ മാസം 2-ാം തീയയി ഏപ്പച്ചനും 1989 ജനുവരി 28-ാം തീയതി ഏലിയും മരിച്ചു. ഇരുവരേയും സംസ്കരിച്ചിരിക്കുന്നത് ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയ സെമിത്തേരിയിലാണ്.

## II A1. നെടുംതൊട്ടിയിൽ ഏപ്പച്ചൻ മകൻ ചാക്കോ

നെടുംതൊട്ടിയിൽ ഏപ്പച്ചന്റെ മൂത്ത മകനാണ് ചാക്കോ. പുന്നത്തുറ മുരിക്കുംപുഴ ത്രേസ്യായെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് സന്താനഭാഗ്യം ഉണ്ടായില്ല. രോഗ ബാധിതനായ ചാക്കോ 1977 മാർച്ച് 25-ന് അകാലത്തിൽ നിര്യാതനായി.

## III A2. നെടും തൊട്ടിയിൽ ഏപ്പച്ചൻ മകൻ മാണി (തിരുമേനി)

നെടുംതൊട്ടിയിൽ ഏപ്പച്ചന്റെ രണ്ടാമത്തെ മകനാണ് മാണി. കണ്ണൂർ ജില്ലയിലെ തിരുമേനിയിലാണ് താമസം. മികച്ച കർഷകനാണ്. മരങ്ങാട്ടുപള്ളി പള്ളിപ്പുറത്ത് മത്തായിയുടെ മകൾ മറിയക്കുട്ടിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. മാത്യു എന്ന ഏക മകനും ലിസ്സി (ഏലി), ആലീസ് (അന്നമ്മ), ഗ്രേസി (ത്രേസ്യാ), ജോളി (കൊച്ചുത്രേസ്യാ), മിനി (കത്രീനാ), സിനി (മറിയം) എന്നീ പെൺമക്കളും.

മൂത്തമകൾ ലിസിയെ ചെറുപാറ മുളങ്ങാശ്ശേരിൽ ദേവസ്യായും, രണ്ടാമത്തെ മകൾ ആലീസിനെ പാലാ വയൽ വട്ടമറ്റത്തിൽ ജോസും, മൂന്നാമത്തെ മകൾ ഗ്രേസിയെ വെള്ളാട് മൈലാടൂർ സെബാസ്റ്റ്യനും വിവാഹം കഴിച്ചു. നാലാമത്തെ മകൾ ജോളിയെ മാലോം പറയാനിക്കൽ ആന്റണിയും, അഞ്ചാമത്തെ മകൾ മിനിയെ വയനാട് നിരവിൽ പുഴ, വടക്കേൽ പൗലോസും, ആറാമത്തെ മകൾ സിനിയെ വാഴക്കണ്ടം ചിറ്റാട്ടിൽ ബിനോയിയും വിവാഹം കഴിച്ചു.

06-8-2009-ൽ മാണി നിര്യാതനായി. തിരുമേനി സെന്റ് ആന്റണീസ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## III A2a. നെടുംതൊട്ടിയിൽ മാണി മകൻ മാത്യു (കൊച്ച്)

നെടുംതൊട്ടിയിൽ മാണിയുടെ ഏഴ് മക്കളിൽ ഏക പുത്രനാണ് കൊച്ച് എന്ന് വിളിക്കുന്ന മാത്യു. പുളിങ്ങോം ഇടവക വലിയ മാത്താങ്കൽ അഗസ്റ്റ്യന്റെ മകൾ ക്ലാരയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് ആണും ഒരു പെണ്ണും. ഷൈനി (സ്റ്റെല്ലാ മരിയ), ഷൈൻ (ഇമ്മാനുവൽ), ഷൈബിൻ (അഗസ്റ്റിൻ).

## III A3. നെടുംതൊട്ടിയിൽ ഏപ്പച്ചൻ മകൻ ജോസഫ് (കുഞ്ഞ്) ചെറുപുഴ

നെടുംതൊട്ടിയിൽ ഏപ്പച്ചന്റെ മൂന്നാമത്തെ മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന ജോസഫ്. കുറിച്ചിത്താനം നെച്ചിമാരിൽ മത്തായിയുടെ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. അനിൽ (ജോസഫ്), സുനിൽ (മാത്യു). മാതാപിതാക്കൾക്കൊപ്പം തറവാട്ടിൽ താമസമാക്കിയ കുഞ്ഞ് കൃഷി കാര്യങ്ങളുമായി കഴിയുന്നു.

## III A3a. നെടുംതൊട്ടിയിൽ കുഞ്ഞിന്റെ മകൻ അനിൽ

നെടുംതൊട്ടിയിൽ കുഞ്ഞിന്റെ മൂത്ത മകനാണ് അനിൽ. മാലോം, പൂവക്കുളം വർഗീസിന്റെ മകൾ ബിന്ദു (ഏലിയാമ്മ) വാണ് ഭാര്യ. ഈ ദമ്പതികൾക്ക് ഒരു മകൻ. അബിൻ (ജോസഫ്) JCB ടിപ്പർ ലോറി മുതലായവയുമായി ബിസിനസ് നടത്തിയിരുന്ന അനിൽ 17-04-2015-ൽ അകാലചരമം പ്രാപിച്ചു.

## III A3b. നെടുംതൊട്ടിയിൽ കുഞ്ഞിന്റെ മകൻ സുനിൽ (മാത്യു)

നെടുംതൊട്ടിയിൽ കുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് സുനിൽ. ചിറ്റാരിക്കാൽ, പെരുമ്പിൽ ജോണിന്റെ മകൾ ഷിജി (റോസ)യാണ് ഭാര്യ. ഇവർക്ക് ഒരു മകൻ ആദിത്ത് (ജോസഫ്). JCB, ടിപ്പർ ലോറികളുമായി സുനിൽ ബിസിനിസ്സ് നടത്തുന്നു.

# കരിയാപുരയിടം



മാത്യു & അന്നമ്മ മാത്യു
കരിയാപുരയിടം



സി. ബിയാട്രിസ്



സി. ബെനീജ്ഞ



കെ. പി. മാത്യു &
അന്നമ്മ മാത്യു



ജിബിൻ പുന്നൂസ്
& ഫാമിലി

# കരിയാപുരയിടം



കെ. എം പുന്നൂസ് & ഫാമിലി



കുഞ്ചെറിയ & ഫാമിലി



ഫാ. എമ്മാനുവൽ CMI



കെ..എം. മാത്യു & ഫാമിലി



ബേബിച്ചൻ

# കരിയാപുരയിടം



എമ്മാനുവൽ (കുഞ്ഞ്)
ഭാര്യ അച്ചാമ്മ



നൈസ് & ഫാമിലി



പ്രിൻസ് & ഫാമിലി



സെബാസ്റ്റ്യൻ & ഫാമിലി



സി. ജിൽസി

# കരിയാപുരയിടം



ക്ലെമന്റ് & ഫാമിലി



തമ്പിച്ചൻ & ഫാമിലി



പൂന്നൂസ് & ഫാമിലി



സണ്ണി & ഫാമിലി

# കരിയാപുരയിടം



ജോസഫ് & ഫാമിലി



ശ്രീ. ജോസ്



സുനിൽ & ഫാമിലി



തോമസ് & ഫാമിലി

# കരിയാപുരയിടം



ഷാജി & ഫാമിലി




ഫാ. ഔസേപ്പച്ചൻ



ബിജു & ഫാമിലി

# മാലിക്കൽ



മാമിയും (റോസമ്മ) ഭർത്താവ് നടയ്ക്കൽ
(പ്ളക്കിത്തോട്ടി) വർക്കി തോമസും



മാലിക്കൽ മേരി
(പെണ്ണമ്മ)



മാലിക്കൽ കൊച്ചേലിയും
ഭർത്താവ്
പൈകട ദേവസ്യായും

# മാലിക്കൽ (ചെകിടിയിൽ)



ഉതുപ്പു മാത്യുവും കുടുംബവും



മാത്യു മകൾ
സി. എമ്മാനുവൽ LSP



മാത്യു മകൻ ഔസേപ്പും കുടുംബവും

# മാലിക്കൽ (ചെകിടിയിൽ)



വിൻസന്റ് മകൻ റോണിയും കുടുംബവും





സ്കറിയാ ഭാര്യ മറിയാമ്മ

സി. ഗൊരേത്തി FCC

# മാലിക്കൽ (ചെകിടിയിൽ)



മാത്യു മകൻ ജെയിംസും കുടുംബവും



ജെയിംസ് മകൻ
ജെസ്റ്റിനും കുടുംബവും



മാത്യു മകൻ വിൻസന്റും കുടുംബവും

# മാലിക്കൽ



സ്കറിയാ മകൻ
ജോസും
കുടുംബവും



മാത്തൻ മകൻ
ജോസും
കുടുംബവും
(മുരിക്കുംകുഴി)



ബേബിയും
കുടുംബവും
(മുരിക്കുംകുഴി)

# മാലിക്കൽ



ഫ്രാൻസീസ് (അപ്പി)
മകൻ ബാബുവും
കുടുംബവും



ഫ്രാൻസീസ് മകൻ
ജോയിയും
കുടുംബവും



ഫ്രാൻസീസ് മകൻ
ഷാജിയും
കുടുംബവും

# മാലിക്കൽ



എം. എം. മാത്യുവും (കുട്ടപ്പൻ) കുടുംബവും



മിനിയും കുടുംബവും



കുട്ടപ്പൻ മകൻ മാത്തുകുട്ടിയും
കുടുംബവും

# മാലിക്കൽ



കുട്ടപ്പൻ മകൻ രാജൻ
കുഞ്ഞും
കുടുംബവും



കുരിയച്ചനും
ഭാര്യ ഏലിക്കുട്ടി
മകൻ തങ്കച്ചനും
കുടുംബവും



കുരിയച്ചൻ മകൻ
അച്ചൻകുഞ്ഞും
കുടുംബവും

# മാലിക്കൽ



കുരിയച്ചൻ
മകൻ ജോസും
കുടുംബവും



കുരിയച്ചൻ മകൻ
ബേബിയും
കുടുംബവും



ചെറിയാൻ
മകൻ ജോസും
കുടുംബവും

# കോച്ചേരിൽ മുക്കാട്ടിൽ



മുക്കാട്ടിൽ ഓനച്ചൻ & മറിയകുട്ടി



മുക്കാട്ടിൽ അപ്പച്ചൻ ഭാര്യ
മേരി, മക്കൾ സിമി, നിമി



ഓനച്ചൻ മകൻ ജോസ്

മുക്കാട്ടിൽ സണ്ണി
ഭാര്യ ജെസ്സി
മക്കൾ ഡോൺ,
ഗീതു



# കോച്ചേരിൽ മുക്കാട്ടിൽ



മുക്കാട്ടിൽ പൈലോ ഭാര്യ അന്നക്കുട്ടി



മുക്കാട്ടിൽ (തെങ്ങുംപള്ളിൽ)
ജോയി ഭാര്യ റോസമ്മ



ഫാ. ജിറ്റോ
തെങ്ങുംപള്ളിൽ



തെങ്ങുംപള്ളിൽ
ജിനോ ഭാര്യ ജയ്സി



തെങ്ങുംപള്ളിൽ
ജിതിൻ ഭാര്യ ലിനു

# കോച്ചേരിൽ മുക്കാട്ടിൽ



തെങ്ങുംപള്ളിൽ
ബേബി ഭാര്യ
ത്രേസ്യമ്മ
മകൻ ബിറ്റു



തെങ്ങുംപള്ളിൽ
ജോണി
ഭാര്യ മിനി മക്കൾ
ആൻമരിയ,
അൻസുമരിയ



മുക്കാട്ടിൽ കുഞ്ഞേപ്പ്
ഭാര്യ ഏലികുട്ടി
മകൻ ബിജു ഭാര്യ
സോണിയ മക്കൾ
ഡെൽനാ, ഡെൽബിൻ

# കോച്ചേരിൽ മുക്കാട്ടിൽ



മുക്കാട്ടിൽ തോമസ് ജോസഫ് (കുഞ്ഞ്) ഭാര്യ പെണ്ണമ്മ മകൻ ജിജോ ഭാര്യ ദവീന, മകൻ ബിജോ ഭാര്യ അനു & കൊച്ചുമക്കൾ

മുക്കാട്ടിൽ ടോമി ഭാര്യ ബിന്ദു മക്കൾ ഡോണാ, എബിൻ





മുക്കാട്ടിൽ ഷാജി ഭാര്യ ഷൈനി മക്കൾ ക്രിസ്റ്റോ, നോയൽ

# കോച്ചേരിൽ മേനംമൂട്ടിൽ



മേനംമൂട്ടിൽ സ്കറിയാ



മേനംമൂട്ടിൽ
കുഞ്ഞൗത ഭാര്യ മറിയം



മേനംമൂട്ടിൽ ജോസ് (കുഞ്ഞ്)
ഭാര്യ തങ്കമ്മ



ഫാ. ജോസഫ് (ജിൻസ്)
മേനംമൂട്ടിൽ

# കോച്ചേരിൽ മേനംമൂട്ടിൽ



സി. ഫ്ളവർ ടോം



സി. നിർമല



സി. സൗമ്യ



മേനംമൂട്ടിൽ
ജയ്സൺ
ഭാര്യ സെലിൻ
മക്കൾ ജെറാൾഡ്,
തോമസ്

മേനംമൂട്ടിൽ
ജോണി
ഭാര്യ ലിജി
മക്കൾ
ഡോൺ, ഷോൺ



# കോച്ചേരിൽ മേനോൻവീട്ടിൽ



മേനോൻവീട്ടിൽ കുഞ്ഞാക്കോ
ഭാര്യ റോസ



മേനോൻവീട്ടിൽ
കറിയാകുട്ടി ഭാര്യ അന്നമ്മ



മേനോൻവീട്ടിൽ
ജിംസൺ
ഭാര്യ മിനി
മക്കൾ ഓസ്റ്റിൻ, ട്രസീന



മേനോൻവീട്ടിൽ എബിസൺ
ഭാര്യ റെനി
മക്കൾ റെബിൻ, റിയാനാ



മേനോൻവീട്ടിൽ
ജെയ്സൺ (സിജി)

# കോച്ചേരിൽ മേനോൻവീട്ടിൽ



മേനോൻവീട്ടിൽ
ചാക്കോച്ചൻ ഭാര്യ ത്രോസ്യാമ്മ



മേനോൻവീട്ടിൽ
റെൻസൺ
ഭാര്യ ജോളി
മക്കൾ റെയോന,
റെനീറ്റാ




മേനോൻവീട്ടിൽ
റോഷി ഭാര്യ ഷെറിൻ
മക്കൾ ആൽഡൻ,
അലക്സിയ

# കോച്ചേരിൽ മേനോൻവീട്ടിൽ



മേനോൻവീട്ടിൽ
തോമസ്
(കുഞ്ഞുമോൻ)
ഭാര്യ റോസമ്മ



മേനോൻവീട്ടിൽ അരുൺ
ഭാര്യ മിനി
മക്കൾ എമിലി, ഇമ്മാനുവൽ



മേനോൻവീട്ടിൽ കിരൺ
ഭാര്യ രെജിത മകൻ എയ്ഡൺ

# കോച്ചേരിൽ മേനോൻവീട്ടിൽ



മേനോൻവീട്ടിൽ
ജോയി
ഭാര്യ കുട്ടിയമ്മ



മേനോൻവീട്ടിൽ
ദീപു ഭാര്യ ടെറിൻ
മകൾ റോസ് മരിയ



മേനോൻവീട്ടിൽ
ദീപക് ഭാര്യ ദിവ്യ
മകൾ
ഹന്നറോസ്

# കോച്ചേരിൽ മേനംമൂട്ടിൽ



മേനംമൂട്ടിൽ തോമസ്
ഭാര്യ ഏലികുട്ടി



മേനംമൂട്ടിൽ സക്കറിയ
(കുഞ്ഞ്)
ഭാര്യ കുട്ടിയമ്മ



മേനംമൂട്ടിൽ ബിനു ഭാര്യ ലിറ്റി
മക്കൾ എയ്ഞ്ചലീനാ, കെവിൻ



മേനംമൂട്ടിൽ ബേബി
ഭാര്യ എൽസി മകൻ വിനോദ്

# കോച്ചേരിൽ മേനംമൂട്ടിൽ



മേനംമൂട്ടിൽ
ജോസ്
ഭാര്യ സെലിൻ
മക്കൾ അനു
സെൽമ &
അഞ്ചു സെൽമ

നെടുംതൊട്ടിയിൽ
മാണി
ഭാര്യ മറിയംകുട്ടി





നെടുംതൊട്ടിയിൽ മാത്യു
ഭാര്യ ക്ലാര
മക്കൾ ഷൈനി,
ഷൈൻ, ഷൈബിൻ

# കോച്ചേരിൽ മേനോൻവീട്ടിൽ



നെടുംതൊട്ടിയിൽ കുഞ്ഞ് (ജോസഫ്)
ഭാര്യ ത്രേസ്യാമ്മ മകൻ അനിൽ ഭാര്യ ബിന്ദു മകൻ അബിൻ



നെടുംതൊട്ടിയിൽ സുനിൽ ഭാര്യ ഷിജി മകൻ ആദിത്ത്

# 19

# ആടിമാക്കീൽ

പാഴൂർ ഇട്ടിയുടെ അഞ്ച് ആൺമക്കളിൽ രണ്ടാമനായ കോര (കറിയാ) കിഴക്കേ കൂടല്ലൂർ പള്ളിയുടെ തെക്കുഭാഗത്ത് പല്ലിപ്പുഴ പുരയിടത്തിൽ താമസമാക്കുകയും പല്ലിപ്പുഴ എന്ന വീട്ടുപേരിൽ അറിയപ്പെടാനും തുടങ്ങി. കുറച്ച് കാലങ്ങൾക്കുശേഷം കോരയും മക്കളും കടപ്ലാമറ്റത്ത് പരിയാരമംഗലം കരയിൽ ആനിക്കുഴിക്കാട്ടിൽ പുരയിടത്തിൽ താമസമാക്കിയപ്പോൾ ആനിക്കുഴിക്കാട്ടിൽ എന്ന വീട്ടുപേരിൽ അറിയപ്പെട്ടു.

കോരയ്ക്ക് ആറ് ആൺ മക്കളും മൂന്ന് പെൺമക്കളുമായിരുന്നു. ഔസേപ്പ്, മുണ്ടേച്ചൻ, തോമാ, മത്തായി, വർക്കി, ലൂക്കാ എന്നിവരാണ് ആൺ മക്കൾ. ഇവരിൽ മൂത്തവനായ ഔസേപ്പും (കൊച്ചപ്പൻ) ലൂക്കാ ഒഴികെയുള്ള സഹോദരങ്ങളും പിതാവായ കോരയോടൊപ്പം ആടിമാക്കീൽ പുരയിടത്തിലേക്ക് താമസം മാറ്റുകയും ആടിമാക്കീൽ എന്ന വീട്ടുപേരിൽ അറിയപ്പെടാനും തുടങ്ങി. ക്രമേണ ആനിക്കുഴിക്കാട്ടിൽ പുരയിടത്തിൽ താമസിച്ചിരുന്ന കോരയുടെ ഇളയ മകൻ ലൂക്കായും ആടിമാക്കീൽ എന്ന വീട്ടുപേര് സ്വീകരിച്ചു. ലൂക്കായുടെ പുരയിടത്തിന് തെക്കുവശം താമസിച്ചിരുന്ന ഇട്ടിയുടെ മൂന്നാമത്തെ മകനായ ലൂക്കായും കുടുംബവും മുണ്ടന്താനത്ത് എന്ന വീട്ടുപേര് ഉപേക്ഷിക്കുകയും ആനിക്കുഴിക്കാട്ടിൽ എന്ന് അറിയപ്പെടാനും തുടങ്ങി.

കോരയും കുടുംബവും താമസമാക്കിയ ആടിമാക്കീൽ പുരയിടത്തിൽ വീടിന് തെക്കുവശത്തായി ഒരു പാണ്ടിമാവ് നിന്നിരുന്നു. നിലത്തുനിന്നും പത്തടി ഉയരത്തിനുശേഷം പടിഞ്ഞാറോട്ട് വളഞ്ഞ് തടിപ്പാലംപോലെ നീണ്ട് ഒരു പ്രത്യേകതയോടുകൂടിയ ഈ മരത്തിൽ ഊഞ്ഞാലുകെട്ടി ആടുന്നത് അക്കാലത്ത് കുട്ടികളുടേയും മുതിർന്നവരുടേയും പ്രധാന വിനോദമായിരുന്നു. ഞരള എന്ന പേരിലറിയപ്പെടുന്ന വള്ളിച്ചെടിയുടെ തണ്ട് മുറിച്ചാണ്

ഊഞ്ഞാലുകെട്ടിയിരുന്നത്. മാവിൽ ഊഞ്ഞാലുകെട്ടി ആടുന്നതിനാൽ മാവിന് "ആടിമാവെന്നും" പുരയിടം "ആടിമാക്കീൽപ്പുരയിടം" എന്നും അറിയപ്പെട്ടിരുന്നു. ഈ പുരയിടത്തിൽ താമസമാക്കിയപ്പോൾ മേല്പറഞ്ഞ കാരണത്താൽ ആടിമാക്കീൽ എന്ന വീട്ടുപേരുണ്ടായി. 1984 ൽ പഴയ വീട് പൊളിച്ച് പുതിയ വീടിനായി തറനിരത്തിയപ്പോൾ ഈ മാവ് വെട്ടിമാറ്റുകയുണ്ടായി. ഈ തറവാടിരുന്ന സ്ഥലത്ത് ഇപ്പോൾ ആടിമാക്കീൽ എ.ജെ. സഖറിയാസും കുടുംബവുമാണ് താമസിക്കുന്നത്.

ആടിമാക്കീൽ കുടുംബക്കാർ മാലിക്കൽ-പാഴൂർ കുടുംബക്കാരിൽ അംഗസംഖ്യയിൽ ഏറ്റവും മുന്നിലാണ്. തികഞ്ഞ കഠിനാദ്ധ്വാനികളായ ഇവർ ധൈര്യശാലികളും സാഹസികരുമായിരുന്നു. 20-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിലെ ദാരിദ്ര്യം ഇവർക്ക് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള കുടിയേറ്റത്തിന് പ്രചോദനമേകി. ഇന്ന് കോട്ടയം, കോഴിക്കോട്, കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്നു.

1960 ൽ കോരയുടെ മൂത്ത മകനായ ഔസേപ്പിന്റെ മക്കളായ സ്കറിയാ (കൊച്ചുകുട്ടി), ഔസേപ്പ് (കുഞ്ഞൗത), തോമാ എന്നിവർ കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിലെ തിരുമേനിയിൽ അൻപതേക്കർ ഭൂമി അന്ന് സ്ഥലത്തെ ജന്മിയായിരുന്ന ബാലൻ നൈനാരുടെ പക്കൽനിന്നും ഏക്കറിന് 75 (എഴുപത്തഞ്ച്) രൂപാ നിരക്കിന് വിലയ്ക്കുവാങ്ങി. കൊടുംവനമായ ഈ ഭൂമിയിൽ ആന, കടുവ, കാട്ടുപന്നി, കാട്ടുപോത്ത് തുടങ്ങിയ വന്യമൃഗങ്ങളും വിഷപ്പാമ്പുകളും മറ്റ് കാട്ടു മൃഗങ്ങളും യഥേഷ്ടം വിഹരിച്ചിരുന്നു.

ആടിമാക്കീൽ സ്കറിയായുടെ മകനായ എ.എസ്. സ്കറിയാ (വല്യകുഞ്ഞ്). ഔസേപ്പിന്റെ മക്കളായ ജോസഫ് (കുട്ടി), ഏ.ജെ. സഖറിയാസ് (കറിയ), തോമായുടെ മകനായ തോമസ് (കൊച്ചുകുഞ്ഞ്) എന്നിവർ തന്താങ്ങളുടെ ഭൂമിയിൽ കുറച്ചുഭാഗം വെട്ടിത്തെളിച്ച് കുടിൽ കെട്ടി ഭാര്യയും മക്കളുമായി താമസം തുടങ്ങി. മുളയും കാട്ടുകമ്പുകളും കൊണ്ട് നിർമ്മിച്ച കുടിലുകൾ പുല്ലുകൊണ്ടാണ് മേഞ്ഞിരുന്നത്. വശങ്ങൾ വലിയ ഓട (ഈറ്റ) വെട്ടിയെത്ത് നെടുകെ കീറി ചെറുതായി ചതച്ച് പരത്തിയെടുത്ത് കെട്ടിമറയ്ക്കും.

രാത്രികാലങ്ങളിൽ കടുവയുടെയും കാട്ടുപന്നിയുടെയും ആക്രമണത്തിൽ നിന്നു രക്ഷപെടാൻ പന്തങ്ങൾ കത്തിച്ചും ആഴികൂട്ടിയും വലിയ തേയില പെട്ടികളിൽ അടിച്ച് ശബ്ദമുണ്ടാക്കിയുമാണ് കഴിഞ്ഞിരുന്നത്.

ഘട്ടം ഘട്ടമായി വനഭൂമി വെട്ടിത്തെളിച്ച് കപ്പ, നെല്ല്, വാഴ എന്നിവ കൃഷി ചെയ്തു. തുടർന്ന് കുരുമുളക് കൃഷി വ്യാപകമാക്കി. അക്കാലത്ത് ഈ മലനിരകളിൽ സമൃദ്ധമായിരുന്ന തെരുവ എന്ന പുല്ല് ചെത്തി വാറ്റിയെടുത്തുണ്ടാക്കുന്ന പുൽത്തൈലം (തെരുവത്തൈലം) പയ്യന്നൂർ ചന്തയിൽ വിറ്റു കിട്ടുന്ന പണം കൊണ്ടാണ് ഉപജീവനം നടത്തിയിരുന്നത്. രണ്ട് വർഷത്തിനുശേഷം തോമായുടെ മകനായ പാപ്പച്ചൻ (ജോസഫ്) ഉം ഇവരോടൊപ്പം ചേരുകയും എല്ലാവരും പരസ്പര സഹകരണത്തോടെ കഴിയുകയും ചെയ്തു. ഇവരുടെ ഒരുമയുടെയും കഠിനാദ്ധ്വാനത്തിന്റെയും സാഹസികതയുടെയും ഇച്ഛാശക്തിയുടെയും ഫലായി സാമ്പത്തികവും സാമൂഹികവുമായി ഉന്നതനിലയിലെത്തി. ഇന്ന് തിരുമേനിയിലും ചെറുപുഴയിലും ഈ കുടുംബം വളരെ പ്രശസ്തമാണ്. അൻപതേക്കർ സ്ഥലത്ത് ഒരുമിച്ചു കഴിഞ്ഞിരുന്ന ഇവരെ പേരിനൊപ്പം "അൻപതേക്കറിൽ" എന്ന് നാട്ടുകാർ വിളിച്ചിരുന്നത് ഇന്നും തിരുമേനിയിൽ പ്രസിദ്ധമാണ്.

ഈ കാലഘട്ടങ്ങളിൽ തിരുമേനിയിൽ ധാരാളം കുടിയേറ്റക്കാർ മധ്യതിരുവിതാംകൂറിൽ നിന്നും എത്തിക്കൊണ്ടിരുന്നു. ഇവർക്ക് മതാനുഷ്ഠാനങ്ങൾക്കായി ഒരു ദൈവാലയം ഇല്ലായിരുന്നു. ആത്മീയാവശ്യങ്ങൾക്കായി ചെറുപുഴ ദൈവാലയത്തെ ആശ്രയിക്കണമായിരുന്നു. കാട്ടുപാതകളിലൂടെ കുന്നും മലകളും തോടുകളും താണ്ടിവേണം ചെറുപുഴയിലെത്താൻ. പരിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ സാധിക്കുക വിശേഷദിവസങ്ങളിൽ മാത്രമായിരുന്നു. ഈ കുറവ് അവരെ മാനസികമായി വളരെ വേദനിപ്പിച്ചു.

1961-ൽ തിരുമേനിയിലെ സുറിയാനി ക്രൈസ്തവർ ഒത്തുചേർന്ന് ഒരു ദൈവാലയം നിർമ്മിക്കുവാൻ തീരുമാനിച്ചു. തലശ്ശേരി രൂപതയുടെ അഭിവന്ദ്യപിതാവ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയുമായി ഇവർ തങ്ങളുടെ ദുഃഖം പങ്കുവച്ചു. പിതാവ് ദൈവാലയ

ത്തിന് അനുമതി നൽകി, ഒരു വൈദികനെയും നിശ്ചയിച്ചു. തിരുമേനിത്തോടിന് വടക്കുഭാഗത്ത് കൊട്ടത്തലച്ചിമലയുടെ അടിവാരത്തിൽ വി. അന്തോനീസിന്റെ നാമത്തിൽ കാട്ടുകമ്പുകളിൽ തീർത്ത് പുല്ലുകൊണ്ട് മേഞ്ഞ ഒരു ദൈവാലയം നിർമ്മിച്ച് ആരാധന തുടങ്ങി. തുടർന്ന് 1969 ൽ ഇപ്പോഴത്തെ ദൈവാലയം ഇരിക്കുന്ന സ്ഥലത്ത് 100 പേർക്ക് വി. കുർബാന അർപ്പിക്കുവാൻ വിധത്തിൽ ഓടുമേഞ്ഞ ദൈവാലയവും പള്ളിമുറിയും നിർമ്മിച്ചു. ഈ ദൈവാലയത്തിന്റെ മുഖവാരത്തിൽ സ്ഥാപിച്ചിരുന്ന മരക്കുരിശ് ആടിമാക്കീൽ തോമാ കടപ്ലാമറ്റത്തുവന്ന് അറയ്ക്കൽ ഭാസ്കരൻ പണിക്കനെക്കൊണ്ട് നിർമ്മിച്ച് നൽകിയതാണ്.

കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് തിരുമേനിയം വളർന്നു. ഇടവഴികൾ മൺറോഡുകളായും തുടർന്ന് ടാർ ചെയ്ത റോഡുകളും നിലവിൽ വന്നു. ധാരാളമായെത്തിയ കുടിയേറ്റക്കാർ തിരുമേനിയെ ഒരു വലിയ ജനവാസകേന്ദ്രമാക്കിത്തീർത്തു. കാർഷികോല്പന്നങ്ങളായ കുരുമുളക്, റബ്ബർ, തേങ്ങ, അടയ്ക്ക എന്നിവയിലൂടെ ഏവരും സാമ്പത്തികമായി വളരെ ഉയർന്നനിലയിലെത്തി. ധാരാളം ബസ് സർവ്വീസുകൾ തിരുമേനിയിലേക്ക് എത്തിത്തുടങ്ങി. പഴയ ദൈവാലയം പൊളിച്ച് ആധുനിക നിലവാരത്തിലുള്ള ഒരു ദൈവാലയം ആവശ്യമെന്നുതോന്നി. 05-05-2000 ൽ പഴയ ദൈവാലയം പൊളിച്ചുമാറ്റുകയും ഇന്നു കാണുന്ന മനോഹരമായ ദൈവാലയം നിർമ്മിക്കുകയും ചെയ്തു.

## വെളിയംകുളത്തോൽ ശാഖ

ആടിമാക്കീൽ ശാഖാ കുടുംബത്തിലെ പ്രമുഖമായ മറ്റൊരു ശാഖയാണ് വെളിയംകുളത്തോൽ. ആടിമാക്കീൽ കോരയുടെ മൂന്നാമത്തെ മകനായ തോമായുടെ സന്താനപരമ്പരകളാണ് വെളിയംകുളത്തോൽ എന്ന പേരിൽ അറിയപ്പെടുന്നത്. മരങ്ങാട്ടുപള്ളി മണിമലത്തറപ്പേൽ ജോസഫിന്റെ മകൾ അന്നയെ വിവാഹം ചെയ്തു. ഈ കുടുംബം വെളിയംകുളത്തോൽ പുരയിടത്തിൽ താമസമാക്കിയപ്പോൾ വെളിയംകുളത്ത് എന്ന് വീട്ടുപേരിൽ അറിയപ്പെടാൻ തുടങ്ങി. കടപ്ലാമറ്റം-മരങ്ങാട്ടുപള്ളി റൂട്ടിൽ വലിയമരുതികുന്നിന് വലതുവശത്തായിരുന്നു ഈ പുരയിടം.

ഈ ദമ്പതികൾക്ക് രണ്ട് മക്കളാണുള്ളത്. സ്കറിയാ എന്ന മകനും മറിയം എന്ന മകളും. സ്കറിയായുടെ 28-ാം വയസ്സിൽ പിതാവ് തോമാ അകാലത്തിൽ നിര്യാതനായി. കുടുംബഭാരം സ്കറിയായിലെത്തിച്ചേർന്നു. തോമായുടെ ഭാര്യ അന്ന ഔസേപ്പ് എന്നയാളെ പുനർവിവാഹം ചെയ്തു. ചെറുപ്പത്തിലേ പിതാവും മാതാവും നഷ്ടപ്പെട്ട സ്കറിയാ 1943 ൽ തന്റെ പുരയിടം അമ്മയുടെ രണ്ടാം ഭർത്താവായ ഔസേപ്പിന് വിറ്റശേഷം കോഴിക്കോട് ജില്ലയിലെ കല്ലാനോട് എന്ന സ്ഥലത്ത് ഏക്കറിന് 11 രൂപാ വിലയ്ക്ക് 11 ഏക്കർ സ്ഥലം വാങ്ങി തന്റെ ഭാര്യയും കുട്ടികളുമായി താമസമാരംഭിച്ചു.

അരോഗദൃഢഗാത്രനും കഠിനാദ്ധ്വാനിയുമായ സ്കറിയാ മികച്ച ഒരു കർഷകനുമായിരുന്നു. തന്റെ സ്വന്തക്കാരോ കുടുംബാംഗങ്ങളോ ബന്ധുക്കളോ ഇല്ലാത്ത അന്യനാട്ടിൽ തന്റെ ഭാര്യയും കുട്ടികളുമായി ഒറ്റയ്ക്കു കഴിഞ്ഞപ്പോൾ ഒറ്റപ്പെടലിന്റെ നെടുവീർപ്പുകൾ അദ്ദേഹത്തിൽ പ്രകടമായിരുന്നു. കല്ലാനോടും പരിസരപ്രദേശങ്ങളിലുമുള്ള മറ്റ് കുടിയേറ്റ കർഷകരുമായി നല്ല സൗഹൃദം സ്ഥാപിച്ചു. മികച്ച സാമൂഹിക പ്രവർത്തകനായിരുന്ന ഇദ്ദേഹം കല്ലാനോടിന്റെ വളർച്ചയിൽ മുഖ്യപങ്കുവഹിച്ചു. കല്ലാനോടിന്റെ ആദ്യകാല കുടിയേറ്റ കർഷകനായ സ്കറിയാ അന്നാട്ടുകാർക്ക് വളരെ ആദരണീയനായിരുന്നു.

കല്ലാനോട് നിന്നും ഇരുപത്തഞ്ച് കിലോ മീറ്റർ അകലെ എസ്റ്റേറ്റുമുക്കുവരെ അക്കാലത്ത് കോഴിക്കോട് നിന്ന് ബസ്സ് സർവ്വീസ് ഉണ്ടായിരുന്നു. എസ്റ്റേറ്റ് മുക്കിൽ ബസ്സിറങ്ങി ഇരുപത്തഞ്ച് കിലോമീറ്റർ നടന്നാണ് കല്ലാനോട് എത്തിയിരുന്നത്. കടപ്ലാമറ്റത്ത് മുത്തിയമ്മയുടെ വലിയ ഭക്തനായിരുന്നു സ്കറിയാ. എത്രമാത്രം ബുദ്ധിമുട്ടുകളുണ്ടായാലും ഒന്നും വകവയ്ക്കാതെ എല്ലാവർഷവും പതിവായി മുത്തിയമ്മയുടെ തിരുനാളിന് കടപ്ലാമറ്റത്തെത്തുമായിരുന്നു. എസ്റ്റേറ്റ് മുക്കിനടുത്ത് എകലൂർ എന്ന സ്ഥലത്ത് ഒരു സർക്കാർ ഡിസ്പൻസറി ഉണ്ടായിരുന്നു. രോഗാവസ്ഥയിൽ ആശ്രയിക്കുവാനുള്ള ഏക ഇടം ഇതായിരുന്നു. ഒരു കമ്പോണ്ടറുടെ സേവനം മാത്രമാണ് ലഭിച്ചിരുന്നത്. 1961-ൽ കക്കയം വരെ ബസ്സ് സർവ്വീസ് നിലവിൽ വന്നു.

## വംശാവലി

പാഴൂർ ഇട്ടിയുടെ രണ്ടാമത്തെ മകനായ കോര (കറിയ) ആടിമാക്കീൽ പുരയിടത്തിൽ താമസമാക്കുകയും ആടിമാക്കീൽ എന്ന വീട്ടുപേരിൽ അറിയപ്പെടുകയും ചെയ്തു. ഈ കോരയാണ് ആടിമാക്കീൽ കുടുംബത്തിന്റെ കാരണവർ. കോരയുടെ ഭാര്യയുടെ പേരോ മറ്റു വിവരങ്ങളോ ലഭ്യമല്ല. കോരയ്ക്ക് ആറ് ആൺ മക്കളും മൂന്ന് പെൺ മക്കളും ആയിരുന്നു. ജോസഫ്, മുണ്ടേച്ചൻ, തോമാ, മത്തായി, വർക്കി, ലൂക്കാ എന്നിവരായിരുന്നു ആൺ മക്കൾ. പെൺമക്കളുടെ പേരോ വിവരങ്ങളോ ലഭ്യമല്ല.

### I . ആടിമാക്കീൽ കോര മകൻ ഔസേപ്പ്

കോരയുടെ ആറ് ആൺ മക്കളിൽ മൂത്ത മകനാണ് ഔസേപ്പ്. ചെറുവാണ്ടൂർ തെള്ളോത്തുകുഴിയിൽ മറിയത്തെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് ആൺ മക്കളായിരുന്നു സ്കറിയാ, ഔസേപ്പ്, തോമസ്.

### IA . ആടിമാക്കീൽ ഔസേപ്പ് മകൻ സ്കറിയാ (കൊച്ചുകുട്ടി)

ഔസേപ്പിന്റെ മൂത്ത മകനാണ് കൊച്ചുകുട്ടി എന്ന് വിളിക്കുന്ന സ്കറിയാ. കടപ്ലാമറ്റത്ത് എൽ.പി.സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം വയലാ ഗവ. യു. പി. സ്കൂളിൽ നിന്നും തേർഡ് ഫോറം (ഏഴാംക്ലാസ്സ്) പാസ്സായി. അരോഗദൃഢഗാത്രനും ആറടിയിലേറെ ഉയരവുമുണ്ടായിരുന്ന സ്കറിയാ എക്സൈസിൽ കോൺസ്റ്റബിളായിരുന്നു. അനിയന്മാർ രണ്ടുപേരും തികഞ്ഞ ബഹുമാനത്തോടെയാണ് കണ്ടിരുന്നത്. ഭാര്യ കോതനല്ലൂർ ചീനോത്ത് വട്ടുകുളത്തേൽ തോമസ് മകൾ അന്നമ്മയാണ്. പെൺകുട്ടികളില്ലാതിരുന്ന ഇവർക്ക് മൂന്ന് ആൺ കുട്ടികളായിരുന്നു. കുട്ടപ്പൻ (ജോസഫ്), തൊമ്മച്ചൻ (തോമസ്), കുഞ്ഞ് (സ്കറിയാ).

1956-ൽ ഹെഡ്കോൺസ്റ്റബിളായി സർവ്വീസിൽ നിന്നും വിരമിച്ച ശേഷം കണ്ണൂർ ജില്ലയിലെ തിരുമേനിയിൽ ഇളയമകൻ കുഞ്ഞ് (എ.എസ്. സ്കറിയാ)നോടൊപ്പമായിരുന്നു താമസം. സ്കറിയായുടെ ഭാര്യ അന്നമ്മ സ്കറിയാ 1975 ഡിസംബർ മൂന്നാം തീയതി മരിച്ചു. സ്കറിയാ 1999 ഓഗസ്റ്റ് മാസം 22-ാം തീയതി മരിച്ചു. ഇരുവരേയും

സംസകരിച്ചിരിക്കുന്നത്. തിരുമേനി സെന്റ് ആന്റണീസ് പള്ളി സെമിത്തേരിയിലാണ്.

## IA-1. ആടിമാക്കീൽ സ്കറിയാ (കൊച്ചുക്കുട്ടി) മകൻ കുട്ടപ്പൻ (ജോസഫ്)

സ്കറിയായുടെ മൂത്ത മകനാണ് കുട്ടപ്പൻ. സ്കൂൾവിദ്യാർത്ഥിയായിരിക്കേ അപകടത്തിൽപ്പെട്ട് മരിച്ചു. കടപ്ലാമറ്റം ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## IA-2. ആടിമാക്കീൽ സ്കറിയാ മകൻ തൊമ്മച്ചൻ

സ്കറിയായുടെ രണ്ടാമത്തെ മകനാണ് തൊമ്മച്ചൻ. മികച്ച കർഷകനായി അറിയപ്പെടുന്നു. കൃഷിയോടുള്ള അമിത താല്പര്യം മൂലം 1976 ൽ കടപ്ലാമറ്റത്തുനിന്നും എറണാകുളം ജില്ലയിലെ ആരക്കുഴ എന്ന സ്ഥലത്തേയ്ക്ക് താമസം മാറ്റി. 1959 ൽ തോടനാൽ കല്ലൂർ അബ്രാഹത്തിന്റെ മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഇവർക്കു നാല് പെൺകുട്ടികളും രണ്ട് ആൺ കുട്ടികളുമാണുള്ളത്. ഷേർളി (അന്നമ്മ), ബീന (മറിയം), ബെറ്റി (ക്ലാര), ബിനി (ത്രേസ്യാമ്മ) എന്നിവരാണ് പെൺമക്കൾ. ബന്നി (സ്കറിയാ), ഷാജി (അബ്രാഹം) എന്നിവർ ആൺമക്കളും. 13-08-2012 ൽ തൊമ്മച്ചന്റെ ഭാര്യ ത്രേസ്യാ മരിച്ചു. ആരക്കുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളി കുടുംബക്കല്ലറയിൽ സംസ്കരിച്ചു.

മൂത്ത മകൾ ഷേർളിയെ പുതുപ്പാടി കാവുംപുറത്ത് ചാക്കോ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ബീനയെ മീങ്കുന്നം പാലയത്തിൽ ഷാജിയും മൂന്നാമത്തെ മകൾ ബെറ്റിയെ മീങ്കുന്നം ഏർത്തടത്തിൽ വിൻസെന്റും വിവാഹം ചെയ്തു. ഇളയ മകൾ ബിനി അവിവാഹിതയാണ്.

## IA-2a. ആടിമാക്കീൽ തൊമ്മച്ചൻ മകൻ ബെന്നി (സ്കറിയാ)

തൊമ്മച്ചന്റെ മൂത്ത മകനാണ് ബെന്നി. ആരക്കുഴയിൽ പിതാവിനോടൊപ്പമാണ് താമസം. കർഷകനാണ്. പുറപ്പുഴ ആറ്റുപുറത്ത് ജോസഫിന്റെ മകൾ ജോസിയാണ് ഭാര്യ. ഇവർക്ക് ഒരാണും ഒരു പെണ്ണുമടക്കം രണ്ട് കുട്ടികൾ. ട്രീസാമരിയാ, ജോസ് മോൻ.

## IA2b. ആടിമാക്കീൽ തൊമ്മച്ചൻ മകൻ ഷാജി (അബ്രാഹം)

തൊമ്മച്ചന്റെ രണ്ടാമത്തെ മകനാണ് ഷാജി. ആരക്കുഴയിൽ ബിസ്സിനസ്സ് നടത്തുന്നു. തറവാടിനടുത്താണ് താമസം. തൃശൂർ, അങ്കമാലി ഞാളിയത്ത് പീറ്ററിന്റെ മകൾ പ്രസീദയാണ് ഭാര്യ. രണ്ട് ആൺ മക്കൾ. അമൽദേവ്, ഓസ്റ്റിൻ ദേവ്.

## IA-3. ആടിമാക്കീൽ സ്കറിയാ മകൻ എ.എസ്. സ്കറിയാ (കുഞ്ഞ്)

സ്കറിയായുടെ മൂന്നാമത്തെ മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന സ്കറിയാ. പിതാവിനോടൊപ്പം ചെറുപ്പത്തിൽ തന്നെ കണ്ണൂർ ജില്ലയിലെ തിരുമേനിയിലേക്ക് കുടിയേറി. മികച്ച കർഷകനും പൊതുപ്രവർത്തകനുമാണ്. 1962 നവമ്പർ മാസം 7-ാം തീയതി തിരുമേനി കിഴുക്കരക്കാട്ട് തൊമ്മൻ-അന്ന ദമ്പതികളുടെ മകൾ മേരിയെ വിവാഹം ചെയ്തു. ഇവർക്ക് അഞ്ച് ആൺ മക്കളും അഞ്ച് പെൺ മക്കളുമുണ്ട്. ജോസ്, ടോമി, അലക്സ്, സജി, സിജോ എന്നിവരാണ് ആൺമക്കൾ. ഗ്രേസ്, ആൻസി, ലിസി, റോസിലി, ഷൈനി എന്നിവരാണ് പെൺമക്കൾ.

മൂത്തമകൾ ഗ്രേസ് (എലിസബത്ത്) നെ കുടിയാന്മല കാഞ്ഞിരക്കാട്ട്കുന്നേൽ ജോസഫ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ആൻസി (അന്നമ്മ)യെ കാർത്തികപുരം വരിയ്ക്കാനിക്കൽ തോമസ് വിവാഹം ചെയ്തു.

മൂന്നാമത്തെ മകൾ ലിസി (മേരി) തിരുഹൃദയ സമൂഹത്തിന്റെ മാനന്തവാടി പ്രോവിൻസിൽ സന്ന്യാസിനിയാണ്. സി. വിജില എസ്. എച്ച്. നാലാമത്തെ മകൾ റോസിലിയെ മാനന്തവാടി കാവുംമന്ദം കണ്ണംകുന്നേൽ ജോർജ് വിവാഹം ചെയ്തു. പാടിയോട്ടുചാൽ ചിന്താർമണി ബെന്നിയാണ് ഷൈനിയുടെ ഭർത്താവ്.

## I A-3a. ആടിമാക്കീൽ സ്കറിയാ മകൻ ജോസ്

സ്കറിയായുടെ മൂത്തമകനാണ് ജോസഫ്. 1990 മാർച്ച് 17-ാം തീയതി 25-ാം വയസ്സിൽ കാൻസർ ബാധിതനായി മരിച്ചു. തിരുമേനിപ്പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## I A-3b. ആടിമാക്കീൽ എ.എസ്. സ്കറിയാ മകൻ ടോമി (തോമസ്)

സ്കറിയായുടെ രണ്ടാമത്തെ മകനാണ് ടോമി. പാലാവയൽ വേങ്ങത്തടത്തിൽ വർഗീസിന്റെ മകൾ ജോളി(അന്നമ്മ)യെ വിവാഹം ചെയ്തു. ജിബിൻ (ജോസഫ്), എബിൻ (വർഗീസ്) എന്നിവരാണ് മക്കൾ.

## I A-3c. ആടിമാക്കീൽ എ.എസ്. സ്കറിയാ മകൻ അലക്സ്

സ്കറിയായുടെ മൂന്നാമത്തെ മകനാണ് അലക്സ്. കച്ചേരിക്കടവ് മുതുപ്ലാക്കൽ ജോസഫ് മകൾ ജിഷ(മേരി)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഡെലിൻ മരിയ എന്ന മകളും ഡോമിൻ അലക്സ് എന്ന മകനും.

## I A-3d. ആടിമാക്കീൽ എ.എസ്. സ്കറിയാ മകൻ സജി (അഗസ്റ്റിൻ)

സ്കറിയായുടെ മൂന്നാമത്തെ മകനാണ് സജി. വിലങ്ങാട്ട് പുത്തൻപുരയ്ക്കൽ ജോയിയുടെ മകൾ ജിൽസ് (മേരി) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ആൻമെറിൻ, ആൻസല, ആൻറീസ.

## I A-3e. ആടിമാക്കീൽ എ.എസ്. സ്കറിയാ മകൻ സിജോ (ആന്റണി)

സ്കറിയായുടെ ഇളയ മകനാണ് സിജോ. കണ്ണൂർ ജില്ലയിലെ കാര്യപ്പള്ളി അരീക്കുന്നേൽ ജോയി എന്ന ദേവസ്യായുടെയും മേരിയുടെയും മകളായ മെർലിൻ (മേരി) ആണ് ഭാര്യ. ഹോട്ടൽ മാനേജുമെന്റിനുശേഷം സിജോ അയർലൻഡിൽ ജോലി ചെയ്യുന്നു. ഭാര്യ മെർലിൻ അയർലൻഡിൽ സ്റ്റാഫ് നഴ്സാണ്. ഒരു മകൻ.

## I B. ആടിമാക്കീൽ ഔസേപ്പ് മകൻ ഔസേപ്പ് (കുഞ്ഞൗത)

ഔസേപ്പിന്റെ രണ്ടാമത്തെ മകനാണ് കുഞ്ഞൗത എന്ന് വിളിക്കുന്ന ഔസേപ്പ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പിതാവിനോടൊപ്പം കാർഷികവൃത്തിയിലേർപ്പെട്ടു. ഭാര്യ കോതനല്ലൂർ പാറേപ്പള്ളിക്കു സമീപം കുമാരമംഗലം സ്കറിയായുടെ മകൾ അന്നമ്മയാണ്. ഔസേപ്പ്-അന്നമ്മ ദമ്പതികൾക്ക് ഒരു പെൺ കുട്ടിയും മൂന്ന് ആൺ മക്കളും ജനിച്ചു. മറിയമെന്ന ഏക മകൾ ചെറുപ്പത്തിലേ

മരിച്ചു. ജോസഫ് (കുട്ടി), സ്കറിയാ (എ.ജെ. സഖറിയാസ്), വർക്കി (ജോർജ്) എന്നിവരാണ് ആൺമക്കൾ. ഔസേപ്പിന്റെ ഭാര്യ അന്നമ്മ 1996 ജനുവരി 22-ാം തീയതിയും ഔസേപ്പ് 2001 ഡിസംബർ 25-ാം തീയതിയും നിര്യാതരായി. ഇരുവരേയും കടപ്ലാമറ്റം പള്ളിസെമി ത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## I B-1. ആടിമാക്കീൽ ഔസേപ്പ് ഔസേപ്പ് (കുഞ്ഞൗത) മകൻ കുട്ടി (ജോസഫ്)

കുഞ്ഞൗതയുടെ മൂത്ത മകനാണ് കുട്ടി. കർഷകനും കഠിനാ ദ്ധ്വാനിയുമായ കുട്ടി 1960 ൽ തിരുമേനിയിൽ കുടുംബസമേതം താമ സമാക്കി. ആനിക്കാട് വലിയപറമ്പിൽ മാത്യു മകൾ മറിയക്കുട്ടിയെ 1947 നവമ്പർ മാസത്തിൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് എട്ട് മക്കൾ. അഞ്ച് ആൺ മക്കളും മൂന്ന് പെൺമക്കളും. ജോയി, മാത്യു, ഉമ്മച്ചൻ, കുഞ്ഞൂഞ്ഞ് എന്നിവരാണ് ആൺമക്കൾ. അന്നമ്മ (കുട്ടിയമ്മ) നിർമ്മല (ത്രേസ്യാമ്മ), വിമല (മേരി) എന്നിവരാണ് പെൺമക്കൾ.

മൂത്ത മകളായ കുട്ടിയമ്മ (അന്നമ്മ)യെ തയ്യേനി കാരി ക്കാട്ടുവടക്കേൽ തോമസിന്റെ മകൻ മാത്യു വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ നിർമ്മലയെ റെയ്റോം ഇടവക പയ്യമ്പള്ളി മാത്യുവും മൂന്നാമത്തെ മകൾ വിമലയെ ആലക്കോട് തോലമ്പുഴ ബേബി (റോക്കി) യും വിവാഹം ചെയ്തു. കുട്ടിയുടെ ഭാര്യ മറിയ ക്കുട്ടി 28-11-2011 ലും കുട്ടി 25-09-2014 ലും നിര്യാതരായി. ഇരു വരേയും തിരുമേനി സെന്റ് ആന്റണീസ് പള്ളി സെമിത്തേരിയി ലാണ് സംസ്കരിച്ചിരിക്കുന്നത്.

## IB-1a. ആടിമാക്കീൽ ജോസഫ് (കുട്ടി) മകൻ ജോയി (ഫാ. ജോസഫ് ആടിമാക്കീൽ)

ജോസഫിന്റെ മൂത്ത മകനാണ് ജോയി. 17-12-1955-ൽ ജനി ച്ചു. കടപ്ലാമറ്റം സെന്റ് ജോസഫ് എൽ.പി. സ്കൂളിൽനിന്നും പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ നിന്നും എസ്.എസ്.എൽ.സി. ഫസ്റ്റ് ക്ലാസ്സോടെ പാസ്സായി. തല ശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ ചേർന്ന് (1971 -1974) വൈദികപഠനം ആരംഭിച്ചു. ഈ കാലയളവിൽ കൂത്തുപ

റമ്പ് നിർമ്മലഗിരി കോളജിൽ നിന്നും P.D.C. ഫസ്റ്റ് ക്ലാസ്സിൽ പാസ്സായി. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് മേജർ സെമിനാരിയിൽ നിന്നും (ഫിലോസഫി-1974-1977, തിയോളജി 1977 -1980) വൈദികപഠനം പൂർത്തിയാക്കി. 23-12-1980 ൽ തിരുമേനി സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ച് തലശ്ശേരി രൂപതയുടെ അഭിവന്ദ്യ പിതാവ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു.

ലൂർദ്ദ് ഫോറോന ചർച്ച് ചെമ്പേരി, സെന്റ് ജോസഫ് ഫൊറോന ചർച്ച് പേരാവൂർ, സെന്റ് തോമസ് ചർച്ച് തോമാപുരം, എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായും കാപ്പിമല, ചിറ്റാരിക്കാൽ തുടങ്ങിയ ദൈവാലയങ്ങളിൽ വികാരിയായും, കാവുന്തല, തയ്യേനി, വിജയഗിരി (കാപ്പിമല), കരുവഞ്ചാൽ, വെളിമാനം, വായാട്ടുപറമ്പ് എന്നീ ദൈവാലയങ്ങളിൽ വികാരിയായും സേവനം ചെയ്തു.

2001-ൽ അമേരിക്കയിൽ സേവനത്തിനായി നിയോഗിക്കപ്പെട്ട അച്ചൻ മിഷിഗണിലെ Marquetter രൂപതയിലെ Escanabaയിലെ St. Joseph's & St. Patrick's Churchൽ (2001-2002) Parochial Vicarആയും, Holy Rosary parish Grand Marais, St. Thimothy's Mission Curtis, St. Theres Mission Germfask (2002-2004), St.Barbara Church Wakefield, St Catherines's Mission Marinesco (2007-2012) എന്നിവിടങ്ങളിൽ പാസ്റ്ററായി സേവനം ചെയ്തു.

2012 മുതൽ ടെക്സാസിലെ Austin രൂപതയിലേക്ക് സേവനത്തിനായി നിയോഗിക്കപ്പെട്ടു. 2015 വരെ St. Joseph's Chruch Waco യിലെ സേവനത്തിനുശേഷം St. Joseph's Church Dim Box, Holy Family Mission Lexington എന്നിവിടങ്ങളിൽ സേവനം ചെയ്യുന്നു.

## IB-1b. ആടിമാക്കീൽ ജോസഫ് (കുട്ടി) മകൻ മാത്യു (മത്തച്ചൻ)

കുട്ടിയുടെ രണ്ടാമത്തെ മകനാണ് മാത്യു. ടി.ടി.സി. പാസ്സായ ശേഷം താബോർ എൽ.പി. സ്കൂളിൽ പ്രധാന അദ്ധ്യാപകനായിരുന്നു. താബോറിലാണ് താമസം. താബോർ ചിറയ്ക്കൽ ജോസഫ് മകൾ ഏലിയാമ്മയാണ് ഭാര്യ. ഏലിയാമ്മയും ഇതേ സ്കൂളിൽ അധ്യാപികയായിരുന്നു. ഈ ദമ്പതികൾക്ക് മൂന്ന് പെൺമ

ക്കൾ. മെർലിൻ (മേരി), ആഷ്ലി (അന്നമ്മ). ഷാലിമ (എലിസബ ത്ത്) മെർലിനെ വയനാട്ടിൽ മാനന്തവാടിക്കടുത്ത് നിരവിൽപുഴ കുന്നംപുറത്ത് ജോസിന്റെയും വത്സയുടെയും മകൻ സന്തോഷ് വിവാഹം ചെയ്തു. മെർലിൻ ന്യൂസിലാൻഡിൽ സ്റ്റാഫ് നഴ്സാണ്. ഭർത്താവ് സന്തോഷ് ന്യൂസിലാൻഡിൽ കമ്പനിയിൽ ജോലിചെ യ്യുന്നു. രണ്ടാമത്തെ മകൾ ആഷ്ലി പടന്നക്കാട് ഗവ. ആയൂർവേദ ഹോസ്പിറ്റലിൽ ഫിസിയോതെറാപ്പിസ്റ്റായി ജോലി ചെയ്യുന്നു. കാഞ്ഞാങ്ങാട് മുളങ്ങാട്ടിൽ അഗസ്റ്റിൻ-ഏലിയാമ്മ മകൻ ജയേഷ് ആണ് ഭർത്താവ്. ജയേഷ് BSNL ൽ ജൂണിയർ എഞ്ചിനീയറാണ്. ഇളയ മകൾ ഷാലിയ BDS നു ശേഷം മംഗലാപുരം AB ഷെട്ടി മെഡിക്കൽ കോളജിൽ പ്രാക്ടീസ് ചെയ്യുന്നു.

## IB-1c. ആടിമാക്കീൽ ജോസഫ് (കുട്ടി) മകൻ ചെറിയാൻ (ഫാ. ചെറിയാൻ ജോസഫ്)

കുട്ടിയുടെ മൂന്നാമത്തെ മകനാണ് ചെറിയാൻ. തിരുമേനി SNDP LP സ്കൂളിൽ നാലാം ക്ലാസ്സ് വിദ്യാഭ്യാസത്തിനുശേഷം ഫ്രാപ്പൊ യിൽ ഗവ. യു.പി. സ്കൂളിൽ നിന്നും ഏഴാം ക്ലാസ്സ് പൂർത്തിയാക്കി. കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ നിന്നും എട്ടാം ക്ലാസ്സിന് ശേഷം SVD സഭയുടെ സെന്റ് പോൾ അപ്പസ്തോലിക് സ്കൂളിൽ ചേർന്ന് കടുത്തുരുത്തിയിൽ വൈദിക പഠനം ആരംഭിച്ചു. കടുത്തുരുത്തി സെന്റ് മൈക്കിൾ ഹൈസ്കൂളിൽ നിന്നും SSLC പാസ്സായി. ചങ്ങനാശ്ശേരി സെന്റ് ജോൺസ് മിഷൻ സെമിനാരി യിൽ നിന്ന് PDC പഠനത്തിനുശേഷം മദ്ധ്യപ്രദേശിലെ ഇൻഡോർ, പൽഡാ കാത്തലിക് ആശ്രമത്തിൽ ഒരു വർഷത്തെ ജൂനിയറേറ്റിന് ശേഷം മൈസൂർ വിദ്യാനികേതനിൽ ഡിഗ്രി പഠനം പൂർത്തിയാ ക്കി. മദ്ധ്യപ്രദേശിലെ കുർദാ കാത്തലിക് ആശ്രമത്തിൽ നിന്ന് നൊവിഷിയേറ്റിന് ശേഷം പ്രഥമവ്രതവാഗ്ദാനം സ്വീകരിച്ചു. പൂനെ ഡിവൈൻ വേഡ് സെമിനാരിയിൽ നിന്നും ഫിലോസഫി എടുത്തു. ജാർക്കണ്ട് തുർബുംഗയിൽ റീജൻസി പരിശീലനത്തിന് ശേഷം പൂനാ ഡിവൈൻ വേഡ് സെമിനാരിയിൽ നിന്നും തിയോളജിയും നേടി. 1989 ഏപ്രിൽ 25 ന് തിരുമേനി സെന്റ് ആന്റണീസ് ദൈവാല യത്തിൽ വച്ച് തലശ്ശേരി രൂപതയുടെ മെത്രാനായിരുന്ന മാർ സെബാ സ്റ്റ്യൻ വള്ളോപ്പള്ളി പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

ഒറീസ്സയിലെ സാബൽപൂർ രൂപതയിൽപ്പെട്ട മധപ്പൂർ കാത്തലിക് ചർച്ചിൽ മൂന്നുവർഷം അസിസ്റ്റന്റ് പാരിഷ് പ്രീസ്റ്റും അസി. ഹോസ്റ്റൽ സൂപ്രണ്ടും ആയിരുന്നു. തുടർന്ന് ഡെങ്കനാൽ മോണ്ട്ഫോർട്ട് സ്കൂൾ ട്രഷറർ, സാബൽ പൂർ കാത്തലിക് രൂപതയുടെ ട്രഷററായി ഒൻപതുവർഷവും റൂർക്കല സെന്റ് പോൾസ് സ്കൂൾ ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചു. നിലവിൽ ജാർസുഗുഡയിൽ SVD സഭയുടെ സോഷ്യൽ സർവ്വീസ് സെന്റർ ഡയറക്ടറാണ്.

## IB-1d. ആടിമാക്കീൽ ജോസഫ് (കുട്ടി) മകൻ തോമസ് (ഉമ്മച്ചൻ)

കുട്ടിയുടെ നാലാമത്തെ മകനാണ് ഉമ്മച്ചൻ. തിരുമേനിയിലാണ് താമസം. ടി.ടി.സി.ക്ക് ശേഷം അദ്ധ്യാപകനായി ജോലി ചെയ്യുന്നു. വെട്ടിമുകൾ വലിയകുളം സെബാസ്റ്റ്യന്റെ മകൾ ഗ്രേസിയാണ് ഭാര്യ. തിരുമേനി ഗവ. ഹൈസ്കൂളിൽ അദ്ധ്യാപികയാണ് ഗ്രേസി. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ. ജോമോൻ (ജോസഫ്). ഷാരോൺ (സെബാസ്റ്റ്യൻ). ഇരുവരും വിദ്യാർത്ഥികളാണ്.

## IB-1e. ആടിമാക്കീൽ ജോസഫ് (കുട്ടി) മകൻ കുഞ്ഞൂഞ്ഞ് (ജോർജ്)

കുട്ടിയുടെ അഞ്ചാമത്തെ മകനാണ് കുഞ്ഞൂഞ്ഞ്. ചെറുപുഴ മഞ്ഞക്കാട്ടാണ് താമസം. അവിവാഹിതനായ കുഞ്ഞൂഞ്ഞ് ചെറുപുഴയിൽ വ്യാപാരിയാണ്.

## IB-2. ആടിമാക്കീൽ ഔസേപ്പ് ഔസേപ്പ് (കുഞ്ഞൗത) മകൻ എ.ജെ. സഖറിയാസ് (കറിയ)

കുഞ്ഞൗതയുടെ രണ്ടാമത്തെ മകനാണ് കറിയാ. കഠിനാദ്ധ്വാനിയും ധൈര്യശാലിയുമായ കറിയാ മികച്ച കർഷകൻ കൂടിയാണ്. 1960 ൽ ഭാര്യയും മകനായ ടോമിയുമൊപ്പം തിരുമേനിയിലേക്ക് കുടിയേറിയെങ്കിലും 1983 മുതൽ കടപ്ലാമറ്റത്ത് തന്റെ മാതാപിതാക്കൾക്കൊപ്പം തറവാട്ടിൽ താമസമാക്കി. കോതനല്ലൂർ ആനിത്തോട്ടം പറമ്പിൽ ഉലഹന്നന്റേയും മറിയാമ്മയുടെയും മൂത്ത മകൾ മാമ്മി (മേരി)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് ആൺ മക്കളും ഒരു പെൺകുട്ടിയുമടക്കം അഞ്ച് മക്കൾ. ടോമി. ജോൺസൺ, ജോഷി, സജി എന്നിവരാണ് ആൺമക്കൾ. ആൻസി (അന്നമ്മ) യാണ് ഏക

മകൾ. ആൻസിയെ പ്രവിത്താനം, ഉള്ളനാട് മാടയ്ക്കൽ ആഗസ്തി – ഏലിക്കുട്ടി മകൻ ജയിൻ (ജയിംസ്) വിവാഹം ചെയ്തു. ജയിൻ കൊല്ലപ്പള്ളിയിൽ ഐശ്വര്യാ ഹോളോബ്രിക്സ് ഉടമയാണ്.

## IB-2a. ആടിമാക്കീൽ ഏ.ജെ. സഖറിയാസ് മകൻ ടോമി (ജോസഫ്)

സ്കറിയായുടെ മൂത്ത മകനാണ് ടോമി. കടപ്ലാമറ്റത്ത് തറവാടിനടുത്താണ് താമസം. 20 വർഷത്തെ സൈനിക സേവനത്തിനുശേഷം സർവ്വീൽനിന്നും വിരമിച്ചു. ഇന്ത്യൻ ആർമിയിലെ ആർട്ടിലറി വിഭാഗത്തിൽപ്പെട്ട 70 മീഡിയം റെജിമെന്റിലായിരുന്നു സേവനം. ഹൈദരാബാദ് ആർട്ടിലറി ട്രെയിനിംഗ് സെന്ററിൽ ട്രെയിനിംഗ് പൂർത്തിയാക്കിയശേഷം ഗുജറാത്തിലെ സുരേന്ദ്രനഗറിനടുത്ത ദ്രാഗദ്ര, ജമ്മുവിലെ കട്ടുവ, പൂഞ്ച്, റജോറി, ലേ-ലഡാക്ക്, ചൈനാ ബോർഡർ തൃശൂൽ, രാജസ്ഥാനിലെ നസീറാബാദ്, അൽവർ എന്നിവിടങ്ങളിലും നാസിക് റോഡിലെ ഫസ്റ്റ് ആർട്ടിലറി സെന്ററിലും സേവനം ചെയ്തിട്ടുണ്ട്. 2000 ഫെബ്രുവരിയിൽ വിരമിച്ചു. രാമപുരം അർത്തിയിൽ മത്തായി-അന്നമ്മ ദമ്പതികളുടെ മകൾ ഡാലി (ഫിലോമിന) യാണ് ഭാര്യ. ഡാലി 2010 നവമ്പറിൽ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണ സമിതിയിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ആയിരുന്നു. ഈ ദമ്പതികൾക്ക് ഒരു പെണ്ണും ഒരാണുമടക്കം രണ്ട് മക്കൾ. ശില്പ (മേരി), നിതിൻ (സ്കറിയ). ഏക മകൾ ശില്പ അണ്ണാ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷനിൽ ബി.ടെക്കും എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും വി.എൽ.എസ്.ഐ. ആൻഡ് എമ്പഡഡ് സിസ്റ്റത്തിൽ എം.ടെക് ഉം പാസായി. ചെന്നൈ HCL-ൽ ജോലി ചെയ്യുന്നു. നിധിൻ ബി.സി.എ ബിരുദധാരിയാണ്. ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

## IB-2b. ആടിമാക്കീൽ എ.ജെ. സഖറയാസ് മകൻ ജോൺസൻ (ഉലഹന്നാൻ)

കറിയായുടെ രണ്ടാമത്തെ മകനാണ് ജോൺസൻ. കടപ്ലാമറ്റത്താണ് താമസം. മികച്ച കർഷകനായി അറിയപ്പെടുന്നു. പത്തു വർഷം സൗദിയിലായിരുന്നു. കുറവിലങ്ങാട് ചേലങ്ങാട്ടുശ്ശേരി

മാത്യുവിന്റെ മകൾ റോസിലിയാണ് ഭാര്യ. സൗദിയിൽ സ്റ്റാഫ് നഴ്സായിരുന്ന റോസിലി ഇപ്പോൾ ഓമാനിലാണ് സേവനം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജെറിൻ (മരിയറ്റ്) എന്ന മകളും ജഫ്രിൻ (സ്കറിയ) എന്ന മകനും. ഇരുവരും വിദ്യാർത്ഥികളാണ്.

## IB-2c. ആടിമാക്കീൽ എ.ജെ. സഖറിയാസ് മകൻ ജോഷി (തോമസ്)

കറിയായുടെ മൂന്നാമത്തെ മകനാണ് ജോഷി. കർഷകനായ ജോഷി തറവാടിനടുത്താണ് താമസം. കുമ്മണ്ണൂർ പുതിയവീട്ടിൽ സ്കറിയായുടെ മകൾ സിജി (ഏലിയാമ്മ) യാണ് ഭാര്യ. കാളകെട്ടി സ്കൂളിൽ അദ്ധ്യാപികയാണ്. ജോഷി-സിജി ദമ്പതികൾക്ക് ഒരു മകൾ. മനീഷ (മരിയറ്റ്). വിദ്യാർത്ഥിനിയാണ്.

## IB-2d. ആടിമാക്കീൽ എ.ജെ. സഖറിയാസ് മകൻ സജി (ജോർജ്ജ്)

കറിയായുടെ ഇളയ മകനാണ് സജി. മാതാപിതാക്കൾക്കൊപ്പം കടപ്ലാമറ്റത്ത് തറവാട്ടിലാണ് താമസം. വെട്ടിമുകൾ ആറാംമ്യാലിൽ തോമസിന്റെ മകൾ ഷൈനി (മേരി) യാണ് ഭാര്യ. ഷൈനി ഇഗ്ല ണ്ടിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു. ദിവ്യാ (മരീന), ഡോണ (കാതറീൻ) എന്നീ രണ്ട് പെൺകുട്ടികളാണ് ഇവർക്കുള്ളത്. സജി കുടുംബത്തോടൊപ്പം ഇംഗ്ലണ്ടിലാണ് ഇപ്പോൾ താമസം.

## IB-3. ആടിമാക്കീൽ ഔസേപ്പ് ഔസേപ്പ് (കുഞ്ഞൗത) മകൻ വർക്കി (ജോർജ്)

കുഞ്ഞൗതയുടെ ഇളയമകനാണ് വർക്കി. വെളിയന്നൂർ പഞ്ചായത്തിലെ പൂവക്കുളം മേലൊഴുകയിൽ (കുന്നേൽ) തോമസിന്റെ മകൾ മേരിയെ 1962 ൽ വിവാഹം ചെയ്തു. ആൺമക്കളില്ലാതിരുന്ന തോമസ് വർക്കിയെ ദത്തുപുത്രനായി സ്വീകരിച്ചു. പൂവക്കുളത്താണ് താമസം. ഈ ദമ്പതികൾക്ക് അഞ്ച് മക്കൾ. നാല് പെൺമക്കളും ഒരു മകനും. ജസ്സി (അന്നമ്മ), മിനി (മറിയം), രമി (ഏലിയാമ്മ), സുമി (ഫിലോമിന) എന്നിവരാണ് പെൺമക്കൾ. അനുരാജ് (ജോസഫ്) ആണ് ഏക മകൾ. പൂവക്കുളത്താണ് താമസം. മൂത്ത മകൾ ജസ്സിയെ പാലാ നെല്ലിക്കൽ സോയി വിവാഹം ചെയ്തു. ഇരുവരും അദ്ധ്യാപകരാണ്. രണ്ടാമത്തെ മകൾ മിനിയെ കാത്തിര

ത്താനം വടക്കേൽ വിൻസെന്റ് വിവാഹം ചെയ്തു. മിനി സൗദിയിൽ സ്റ്റാഫ് നഴ്സാണ്. ഭർത്താവ് വിൻസെന്റ് സൗദിയിൽ ജോലി ചെയ്യുന്നു. മൂന്നാമത്തെ മകൾ രമിയെ കരിമണ്ണൂർ താന്നിയ്ക്കൽ പീറ്ററിന്റെയും അന്നക്കുട്ടിയുടെ മകൻ സജി വിവാഹം ചെയ്തു. സൗദിയിൽ നഴ്സായിരുന്ന രമി ഇപ്പോൾ മുതലക്കോടം ഹോളി മൗണ്ട് ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. ഭർത്താവ് സജി തൊടുപുഴയിൽ ജില്ലാകൃഷിഭവൻ ഓഫീസ് ജീവനക്കാരനാണ്. നാലാമത്തെ മകൾ സുമിയെ മുതലക്കോടം തെക്കേകൊച്ചംകരിക്കൽ ജോസഫ് മകൻ റോബിൻ ജോസഫ് വിവാഹം ചെയ്തു.

## IB-3a. ആടിമാക്കീൽ (മേലൊഴുകയിൽ) വർക്കി മകൻ അനുരാജ് (ജോസഫ്)

വർക്കിയുടെ ഏക മകനാണ് അനുരാജ്. മികച്ച കർഷകനാണ്. വാഴക്കുളം അയ്യങ്കോലിൽ ജോസഫിന്റെ മകൾ സീനയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ. ടെസ്സാ മരിയ (മേരി), ജിപ്സാ (അൽഫോൻസാ), ജോർജിയ.

## IC. ആടിമാക്കീൽ ഔസേപ്പ് മകൻ തോമാ

ഔസേപ്പിന്റെ മൂന്നാമത്തെ മകനാണ് തോമാ. മാതാപിതാക്കൾക്കൊപ്പം കടപ്ലാമറ്റത്ത് തറവാട്ടിലായിരുന്നു താമസം. 1966 ൽ മൂത്ത സഹോദരൻ കുഞ്ഞൗതയ്ക്ക് തന്റെ സ്ഥലം വിറ്റശേഷം കണ്ണൂർ ജില്ലയിലെ തേർത്തല്ലിക്കടുത്ത ബലിയടക്കാംപൊയിൽ എന്ന സ്ഥലത്ത് താമസമാക്കി. കർഷകനായ തോമായുടെ ഭാര്യ മാറിടം ചെന്നല്ലിയേൽ ഫിലിപ്പോസിന്റെ മകൾ ഏലിയാണ്. തോമസ്-ഏലി ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് ആണും ഒരു പെണ്ണും. പാപ്പച്ചൻ (ജോസഫ്), കുഞ്ഞ് (തോമസ്), ലൂക്കാ എന്നിവരാണ് ആൺമക്കൾ. മേരി (പെണ്ണ്) യാണ് ഏക മകൾ. മേരിയെ കോഴിച്ചാൽ പരുത്തുംവീട്ടിൽ ഈപ്പച്ചൻ വിവാഹം ചെയ്തു. ഇപ്പോൾ പെരുമ്പടപ്പിലാണ് താമസം.

## IC-1. ആടിമാക്കീൽ തോമാ മകൻ പാപ്പച്ചൻ (ജോസഫ്)

തോമായുടെ മൂത്തമകനാണ് പാപ്പച്ചൻ. മികച്ച കർഷകനും കഠിനാദ്ധ്വാനിയുമായിരുന്നു. 1962-ൽ തിരുമേനിയിൽ താമസമാക്കി.

മരങ്ങാട്ടുപള്ളി മുക്കേട്ട് ത്രേസ്യായെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ രണ്ട് കുട്ടികൾ ജനിച്ചു. ഒരു മകനും, ഒരു മകളും. ജോയിയാണ് മകൻ. മകൾ ജനിച്ച് താമസംവിനാ മരിച്ചു. അസുഖ ബാധിതയായ ത്രേസ്യാ 30-ാം വയസ്സിൽ മരിച്ചു. തുടർന്ന് 1972 ൽ തേർത്തല്ലി മഞ്ഞപ്പിള്ളിൽ ദേവസ്യാ മകൾ കത്രിയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ പാപ്പച്ചന് മൂന്ന് ആൺ കുട്ടികൾ ജനിച്ചു. ബെന്നി (ജോസഫ്), ജെയിംസ്, സിനോ (സെബാസ്റ്റ്യൻ). ജെയിംസ് 8-ാം വയസ്സിൽ അപകടത്തിൽ മരിച്ചു. പാപ്പച്ചനും കുടും ബവും തിരുമേനിയിലാണ് താമസം. 2-9-2018-ൽ പാപ്പച്ചൻ മരിച്ചു. തിരുമേനി ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കു ന്നത്.

## IC-1a. ആടിമാക്കീൽ പാപ്പച്ചൻ മകൻ ജോയി (തോമസ്)

പാപ്പച്ചന് ആദ്യഭാര്യ ത്രേസ്യായിൽ ജനിച്ച ഏക മകനാണ് ജോയി. കർഷകനായ ജോയി തിരുമേനി സൺഡേസ്കൂൾ അദ്ധ്യാ പകനാണ്. പാലാവയൽ നെല്ലൻകുഴി സ്കറിയായുടെ മകൾ റോസി ലിയെ വിവാഹം ചെയ്തു. റോസിലി ചെറുപുഴ ഗ്രാമപഞ്ചായത്ത് മെമ്പറാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. ജിന്റോ (ജോസഫ്) യാണ് മകൻ. അലീനാ (മേരി) മകളും. ജിന്റോ MCom ബിരുദത്തിനുശേഷം ചെറുപുഴ നവജ്യോതി കോളജിൽ അദ്ധ്യാപകനാണ്. അലീന BCom വിദ്യാർത്ഥിനിയും.

## IC-1b. ആടിമാക്കീൽ പാപ്പച്ചൻ മകൻ ബെന്നി (ജോസഫ്)

പാപ്പച്ചന്റെ രണ്ടാം വിവാഹത്തിൽ കത്രിയിൽ ജനിച്ച മൂന്ന് ആൺ മക്കളിൽ മൂത്ത മകനാണ് ബെന്നി. തിരുമേനിയിലാണ് താമസം. കർഷകനാണ്. പുളിങ്ങോം വലിയപുരയ്ക്കൽ ജോസ ഫിന്റെ മകൾ ബീന (റോസമ്മ) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് കുട്ടികൾ. ക്രിസ്റ്റീന (കത്രീന) എന്ന മകളും. ക്രസ്റ്റോ എന്ന മകനും.

## IC-1c. ആടിമാക്കീൽ പാപ്പച്ചൻ മകൻ ജയിംസ്

പാപ്പച്ചന് കത്രിയിൽ ജനിച്ച രണ്ടാമത്തെ മകനാണ് ജെയിംസ്. 8-ാം വയസ്സിൽ അപകടത്തിൽപ്പെട്ട് മരിച്ചു. തിരുമേനി ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## IC-1d. ആടിമാക്കീൽ പാപ്പച്ചൻ മകൻ സിനോ (സെബാസ്റ്റ്യൻ)

പാപ്പച്ചന് കത്രിയിൽ ജനിച്ച മൂന്നാമത്തെ മകനാണ് സിനോ. മികച്ച കർഷകൻ. കണ്ണൂർ ചെമ്പേരി കല്ലുവാതുക്കൽ ജോണിന്റേയും മേരിക്കുട്ടിയുടെയും മകൾ ഷീന (അന്നമ്മ) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് ആൺമക്കൾ. സാവിയോ, സിറിൾ, സേവ്യർ, കുട്ടാപ്പി. തിരുമേനിയിലാണ് താമസം.

## IC-2. ആടിമാക്കീൽ തോമാ മകൻ കുഞ്ഞ് (തോമസ്)

തോമായുടെ രണ്ടാമത്തെ മകനാണ് കുഞ്ഞ്. തിരുമേനിയിലാണ് താമസം. സഹോദരന്മാർക്കിടയിലും തിരുമേനിയിലും കൊച്ചുകുഞ്ഞ് എന്നാണ് അറിയപ്പെടുന്നത്. തോട്ടയ്ക്കാട്ട് കൊണ്ടാടുംകടുപ്പിൽ തോമസിന്റെ മകൾ സിസിലിയാണ് ഭാര്യ. തോമസ്-സിസിലി ദമ്പതികൾക്ക് അഞ്ച് മക്കൾ. മൂന്ന് ആൺ മക്കളും രണ്ട് പെൺമക്കളും. സാബു, രാജേഷ്, പ്രിയേഷ് എന്നിവരാണ് ആൺ മക്കൾ. മിനി (ഏലിയാമ്മ), ബിൻസി (മേരി) എന്നിവർ പെൺമക്കളും. മിനിയെ എടൂർ മണലേൽ ഐസക് വിവാഹം ചെയ്തു. ബിൻസിയെ വെമ്പുവ ചേന്നാട്ട് മാത്യു വിവാഹം ചെയ്തു.

## IC-2a. ആടിമാക്കീൽ കുഞ്ഞ് മകൻ സാബു (ഫാ. സാബു ആടിമാക്കീൽ VC)

കൊച്ചുകുഞ്ഞിന്റെ മൂത്ത മകനാണ് സാബു (ഫാ. സാബു ആടിമാക്കീൽ VC).

തിരുമേനി SNDP. സ്കൂളിൽ പ്രൈമറിവിദ്യാഭ്യാസത്തിനുശേഷം തിരുമേനി ഗവ. യു.പി. സ്കൂളിൽനിന്നും ഏഴാം ക്ലാസും ചെറുപുഴ സെന്റ് മേരീസ് ഹൈസ്കൂളിൽ നിന്നും SSLC-യും പാസ്സായി. 1988-ൽ എറണാകുളം തൃക്കാക്കര ക്രിസ്തുനിവാസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. 1990-1991-ൽ വയനാട് മീനങ്ങാടി വിൻസെൻഷ്യൻ സെമിനാരിയിൽനിന്നും നൊവിഷ്യേറ്റ് പൂർത്തിയാക്കി. 1994-ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്നും ഫിലോസഫിയും സോഷ്യോളജിയും നേടി. 1995-ൽ ആന്ധ്രാപ്രദേശിലെ എളരു (Elaru) പിണക്കടാമി സെന്റ് വിൻസെന്റ് കോളജിൽ നിന്നും റീജൻസിയും 1999-ൽ ആലുവ സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയിൽനിന്നും തിയോളജിയും കരസ്ഥമാക്കി.

1999– ജൂൺ മുതൽ 2002വരെ മുംബൈ താബോർ റിട്രീറ്റ് ആശ്രമത്തിന്റെ ഫൈനാൻസിംഗ് ഓഫീസറായി പ്രവർത്തിച്ചു. ഇക്കാലയളവിൽ ധ്യാനകേന്ദ്രത്തിന്റെ സാമ്പത്തിക കാര്യങ്ങൾ നിർവഹിച്ചിരുന്നത് അച്ചനായിരുന്നു. മികച്ച ഗായകനും ധ്യാനപ്രസംഗകനുമായിരുന്ന സാബു അച്ചൻ ജൂണിയർ വൈദികരുടെയും, സെമിനാരി വിദ്യാർത്ഥികളുടെയും സ്പിരിച്ചൽ കൗൺസിലറും ഒപ്പം ധാരാളം സെമിനാറുകളും സംഘടിപ്പിച്ചിരുന്നു.

ജൂലൈ 2002 മുതൽ ആഗസ്റ്റ് 2011–വരെ ഫരീദബാദ് ഡിവൈൻ റിട്രീറ്റ് സെന്ററിന്റെ അസിസ്റ്റന്റ്ഡയറക്ടറായും, ഡയറക്ടറായും പ്രവർത്തിച്ചു. പിന്നീട് ഒരു വർഷക്കാലം (2011–2012) എറണാകുളം പച്ചാളം വിൻസെൻഷ്യൻ ഹൗസിൽ സേവനം ചെയ്തു. 2012 ഫെബ്രുവരിയിൽ ഓസ്ട്രേലിയായിൽ സേവനത്തിന് നിയോഗിക്കപ്പെട്ട അച്ചൻ വിക്ടോറിയാ St. Lawrance O' Toole പാരീഷിൽ അസിസ്റ്റന്റ് വികാരിയായി ഏപ്രിൽ 2013 വരെ സേവനം ചെയ്തു. മെയ് 2013–മുതൽ വിക്ടോറിയാ നരേവാറൻ (Narre warren) ഔർ ലേഡി ഹെൽപ്പ് ഓഫ് ക്രിസ്റ്റ്യൻസ് പാരീഷിൽ അസിസ്റ്റന്റ് പാരീഷ് പ്രീസ്റ്റായി സേവനം ചെയ്യുന്നു.

## IC-2b. ആടിമാക്കീൽ കുഞ്ഞ് മകൻ രാജേഷ്

കൊച്ചുകുഞ്ഞിന്റെ രണ്ടാമത്തെ മകനാണ് രാജേഷ്. തിരുമേനിയിലാണ് താമസം. സ്നേഹം സിൻഡിക്കേറ്റ് എന്ന പേരിൽ തിരുമേനിയിൽ ബിസിനസ്സ് നടത്തിവരുന്നു. മികച്ച സാമൂഹിക പ്രവർത്തകനാണ്. തിരുമേനി വെളിയത്ത് ചാക്കോയുടെ മകൾ ജ്യോതി(സോഫിയ)യാണ് ഭാര്യ. രാജേഷ്–ജ്യോതി ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. സ്നേഹ (കാതറിൻ), ക്ലാര ഇരുവരും വിദ്യാർത്ഥികൾ.

## IC-2c. ആടിമാക്കീൽ തോമസ് (കൊച്ചുകുഞ്ഞ്) മകൻ പ്രിയേഷ്

കൊച്ചുകുഞ്ഞിന്റെ മൂന്നാമത്തെ മകനാണ് പ്രിയേഷ്. കൊന്നക്കാട് കൈതയ്ക്കൽ മാത്യുവിന്റെ മകൾ സിന്ധുവാണ് ഭാര്യ. MCom ബിരുദധാരിയാണ്. പ്രിയേഷ് ദുബായിൽ ജോലി ചെയ്യുന്നു.

## IC-3. ആടിമാക്കീൽ തോമാ മകൻ ലൂക്കാ (ലൂക്കാച്ചൻ)

തോമായുടെ മൂന്നാമത്തെ മകനാണ് ലൂക്കാച്ചൻ എന്ന് വിളിക്കുന്ന ലൂക്കാ. കണ്ണൂർ ജില്ലയിലെ തേർത്തല്ലിക്കടുത്ത് ബലിയ

ടുക്കാം പൊയിലിലാണ് താമസം. കർഷകനാണ്. തേർത്തല്ലി പുളി നില്ക്കുന്നതിൽ അബ്രാഹം (പാപ്പച്ചൻ) റോസമ്മ ദമ്പതികളുടെ മകൾ ചിന്നമ്മയാണ് ഭാര്യ. ലൂക്കാ-ചിന്നമ്മ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഒരു പെണ്ണും രണ്ട് ആണും. ബിനോ (തോമസ്), ബിനേഷ് (ജോസഫ്) എന്നിവരാണ് ആൺ മക്കൾ. ഏക മകൾ ബിൻസി (ഏലി) യെ രാജഗിരി നെല്ലൂക്കുന്നേൽ മാത്യു (മത്തച്ചൻ)-അന്ന ക്കുട്ടി ദമ്പതികളുടെ മകൻ ജോബി വിവാഹം ചെയ്തു.

### IC-3a. ആടിമാക്കീൽ ലൂക്കാ മകൻ ബിനോ (തോമസ്)

ലൂക്കായുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ബിനോ. ദുബായിൽ ജോലിചെയ്യുന്നു. തിരുമേനി ആലയ്ക്കൽ ജോർജ്-ഏലി യാമ്മ ദമ്പതികളുടെ മകൾ ലിജിയെ വിവാഹം ചെയ്തു. ലിജി സൗദിയിൽ സ്റ്റാഫ് നഴ്സാണ്.

### IC-3b. ആടിമാക്കീൽ ലൂക്കാ മകൻ ബിനേഷ് (ജോസഫ്)

ലൂക്കായുടെ ഇളയ മകനാണ് ബിനേഷ്. ITC വിദ്യാഭ്യാസത്തി നുശേഷം ചെറുപുഴയിൽ ഓട്ടോ മൊബൈയിൽ വർക്ക്ഷോപ്പിൽ ജോലി ചെയ്യുന്നു.

### III. ആടിമാക്കീൽ വെളിയം കുളത്ത് തോമാ

ആടിമാക്കീൽ കോരയുടെ മൂന്നാമത്തെ മകനാണ് തോമാ. വെളിയംകുളത്തേൽ പുരയിടത്തിൽ താമസമാക്കിയ തോമായുടെ സന്താനപരമ്പര വെളിയംകുളത്തേൽ എന്ന വീട്ടുപേരിൽ അറിയ പ്പെടുന്നു.

മരങ്ങാട്ടുപള്ളി തറപ്പേൽ അന്നയാണ് തോമായുടെ ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. സ്കറിയാ എന്ന മകനും മറിയം എന്ന മകളും. ഏക മകൻ സ്കറിയായുടെ 28-ാമത്തെ വയസ്സിൽ തോമാ നിര്യാതനായി. കടപ്ലാമറ്റം ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

### III A. ആടിമാക്കീൽ വെളിയം കുളത്തേൽ തോമാ മകൻ സ്കറിയാ

തോമായുടെ ഏക മകനാണ് സ്കറിയാ. 1943-ൽ കോഴിക്കോട് ജില്ലയിലെ കല്ലാനോട് എന്ന സ്ഥലത്ത് താമസമാക്കി. കല്ലാനോട്ടെ

ആദ്യകാല കുടിയേറ്റ കർഷകരായ സ്കറിയാ ഏവർക്കും ആദര ണീയനും പൊതുകാര്യപ്രസക്തനുമായിരുന്നു. വെട്ടിമുകൾ ശൗര്യാം തടത്തിൽ ഏലിയാണ് ഭാര്യ. സ്കറിയാ-ഏലി ദമ്പതികൾക്ക് എട്ട് മക്കൾ. ആറ് ആൺമക്കളും രണ്ട് പെൺ മക്കളും. തോമസ്, ജോസ ഫ്, മത്തായി, വർക്കി, ലൂക്കാ, സ്കറിയാ എന്നിവരാണ് ആൺ മക്കൾ. ഏലി, ത്രേസ്യാ എന്നിവർ പെൺമക്കളും.

പെൺമക്കളിൽ മൂത്തവളായ ഏലിയെ പെരുവണ്ണാമൂഴി കുമ്ബ്ലാ നിയിൽ അബ്രാഹവും (കുഞ്ഞൂഞ്ഞ്), ഇളയ മകൾ ത്രേസ്യാമ്മയെ കുളത്തുവയൽ സ്രാമ്പിക്കൽ ജോസഫ് മകൻ അബ്രാഹവും വിവാഹം ചെയ്തു. സ്കറിയാ 1998ലും ഭാര്യ ഏലി 1988ലും നിര്യാ തരായി. ഇരുവരേയും കല്ലാനോട് ഫൊറോനാ ദൈവാലയ സെമി ത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## III A-1. ആടിമാക്കീൽ സ്കറിയാ മകൻ തോമസ് (വി.എസ്. തോമസ്)

സ്കറിയായുടെ ആറ് ആൺമക്കളിൽ മൂത്ത മകനാണ് തോമ സ്. തിരുവാമ്പാടി മണ്ഡപത്തിൽ ഫ്രാൻസിസിന്റെ മകൾ മറിയാമ്മ യാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാലാണും നാല് പെണ്ണുമടക്കം എട്ട് മക്കൾ. സ്കറിയാ, ഫ്രാൻസിസ്, തോമസ്, ടോമി എന്നിവ രാണ് ആൺമക്കൾ. ഏലി, മോളി, മേരി, ഗ്രേസി എന്നിവർ പെൺമ ക്കളും. മൂത്ത മകൾ ഏലി ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരിയാണ്. ഭർത്താവ് കുമ്ബ്ലോലിയ്ക്കൽ ഫിലിപ്പ്. രണ്ടാ മത്തെ മകൾ മോളിയെ കണ്ണൂർ എരുവാട്ടിവടക്കേക്കുന്നേൽ സ്കറിയാ വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ മേരി കോഴി ക്കോട് മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സാണ്. മുക്കാട്ട് അബ്രാ ഹമാണ് മേരിയുടെ ഭർത്താവ്. നാലാമത്തെ മകൾ ഗ്രേസി കോഴി ക്കോട് മടവൂർ പി.എച്ച്.എസ്.സി. സെന്ററിൽ ജീവനക്കാരിയാണ്. എടശ്ശേരിപ്പൊയിൽ റെജിനോർഡാണ് ഗ്രേസിയുടെ ഭർത്താവ്. 10-09-2008-ൽ തോമസും 26-12-2015-ൽ മറിയാമ്മയും മരിച്ചു.

## III A-1a. വെളിയംകുളത്തേൽ തോമസ് മകൻ സ്കറിയാ (സ്കറിയാ വി.റ്റി.) അപ്പച്ചൻ

തോമസിന്റെ മൂത്ത മകനാണ് അപ്പച്ചൻ എന്ന് വിളിക്കുന്ന സ്കറിയാ. കർഷകനാണ്. കുളത്തുവയൽ മുക്കത്ത് ഫിലോമിനായെ

വിവാഹം ചെയ്തു. സ്കറിയാ-ഫിലോമിനാ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ. ഷീന, നിഷ, നീതു, മൂത്ത മകൾ ഷീനയെ പെരുവണ്ണാമൂഴി പേഴത്തുങ്കൽ തോമസ് മകൻ റോബിൻ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ നിഷ കുവൈറ്റിൽ സ്റ്റാഫ് നഴ്സാണ്. കോട്ടയം ജില്ലയിലെ ഇടമറുക് മേലുകുന്നേൽ സ്കറിയാ മകൻ ലൈജു വിവാഹം ചെയ്തു. ലൈജു കുവൈറ്റിൽ മെയിൽ നഴ്സായി ജോലി ചെയ്യുന്നു. ഇളയ മകൾ നീതുവിനെ പുൽപ്പള്ളി കാനാട്ട് തോമസ് വിവാഹം ചെയ്തു. തോമസ് ബാംഗ്ലൂരിൽ ജോലിചെയ്യുന്നു.

### III A-1b. വെളിയംകുളത്തേൽ തോമസ് മകൻ ഫ്രാൻസീസ് (ഫ്രാൻസീസ് വി.റ്റി.) തങ്കച്ചൻ

തോമസിന്റെ രണ്ടാമത്തെ മകനാണ് തങ്കച്ചൻ എന്നു വിളിക്കുന്ന ഫ്രാൻസീസ്. കോടഞ്ചേരി ഇടവക റാണിക്കാട്ട് തോമസ് മകൾ ആലീസാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഡയാന, ഡാർവിൻ.

### III A-1c. വെളിയംകുളത്തേൽ തോമസ് മകൻ തോമസ് വി.റ്റി. (കുഞ്ഞ്)

തോമസിന്റെ മൂന്നാമത്തെ മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന വി. റ്റി. തോമസ്. കോൺട്രാക്ട് വർക്കുകൾ നടത്തുന്നു. മികച്ച കർഷകനും പൊതുപ്രവർത്തകനുമാണ്. കോന്നൂർ ഇടവക പള്ളത്തുകാട്ടിൽ പൗലോസിന്റെ മകൾ ആനിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ബിബിൻ (തോമസ്) എന്ന മകനും, ബിൻസി (മേരി) എന്ന മകളും. ഐ.റ്റി.ഐ. പാസ്സായ ബിബിൻ സൗദിയിൽ ജോലിചെയ്യുന്നു. ബിടെക് ബിരുദ ധാരിയായ ബിൻസി റോസ് ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥയാണ്. വെറ്റിലപ്പാറ പ്ലാക്കിയിൽ ബേബി (പോൾ) മകൻ ബിബിൻ വിവാഹം ചെയ്തു.

### III A-1d. വെളിയംകുന്നേൽ തോമസ് മകൻ ടോമി വി. റ്റി. (ഡൊമിനിക്)

തോമസിന്റെ നാലാമത്തെ മകനാണ് ഡൊമിനിക് എന്ന് വിളിക്കുന്ന ടോമി വി. റ്റി. പാരലൽ കോളേജ് നടത്തുന്നു. പുന്നക്കൽ കിഴക്കേൽ ഡാർലിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. സാന്ദ്ര, സോണ, ജീവൻ.

## III A-2. ആടിമാക്കീൽ-വെളിയംകുന്നേൽ സ്കറിയാ മകൻ ജോസഫ് (കുഞ്ഞേപ്പ്)

വെളിയംകുന്നേൽ തോമായുടെ മകൻ സ്കറിയായുടെ രണ്ടാമത്തെ മകനാണ് ജോസഫ്. കുഞ്ഞേപ്പ് എന്നാണ് വിളിക്കുന്നത്. കല്ലാനോട് തോട്ടത്തിൽ ജോണിന്റെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ദൈവം പത്ത് മക്കളെ നൽകി. ആറ് ആൺമക്കളും നാല് പെൺമക്കളും. സ്കറിയാ, ജോൺസൻ, സ്കറിയാ, ജോസ്, തോമസ്, ബാബു എന്നിവരാണ് ആൺമക്കൾ. അച്ചാമ്മ, മേരി, മോളി (ത്രേസ്യാ), ഷൈനി എന്നിവർ പെൺമക്കളും.

മൂത്ത മകൾ അച്ചാമ്മയെ കരിത്തുംപാറ ഇടവക ചെത്തിപ്പുഴ അന്തോണിയുടെ മകൻ തൊമ്മച്ചൻ (തോമസ്) വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ മേരിയെ പൂഴിത്തോട് മണിക്കൊമ്പേൽ ജോസഫ് മകൻ ജോർജും മൂന്നാമത്തെ മകൾ മോളിയെ മണ്ണാർക്കാട് ചിറപ്പുറത്ത് തമ്പിയും നാലാമത്തെ മകൾ ഷൈനിയെ ആനിക്കാംപൊയിൽ ഇടവക ചാമപ്പറമ്പിൽ (കോട്ടപ്പുറം) ബെന്നിയും വിവാഹം ചെയ്തു.

## III A-2a. വെളിയംകുളത്തേൽ കുഞ്ഞേപ്പ് മകൻ സ്കറിയാ

കുഞ്ഞേപ്പിന്റെ മൂത്ത മകനാണ് സ്കറിയാ. രണ്ടാം വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു.

## III A-2b. വെളിയംകുളത്തേൽ കുഞ്ഞേപ്പ് മകൻ ജോൺസൻ

കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനാണ് ജോൺസൻ. കർഷകനാണ്. ചെമ്പനോട് തടിക്കാട്ട് വർക്കി മകൾ ലിസി (എലിസബത്ത്) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് കുട്ടികൾ. ദീപ (അൽഫോൻസാ), ബാജിയോ (ജോസഫ്), ഡാനി (മേരി), മൂത്ത മകൾ ദീപയെ തോട്ടുമുക്കം പനംപ്ലാവ് ബിജു വിവാഹം ചെയ്തു.

## III A-2c. വെളിയം കുളത്തേൽ കുഞ്ഞേപ്പ് മകൻ സ്കറിയാ

കുഞ്ഞേപ്പിന്റെ മൂത്തമകൻ സ്കറിയായുടെ മരണത്തിനുശേഷം മൂന്നാമത് ജനിച്ച മകനും സ്കറിയാ എന്ന് പേരിട്ടു. നാലാമത്തെ വയസ്സിൽ ഈ മകനും മരിച്ചു.

## III A-2d. വെളിയംകുളത്തേൽ കുഞ്ഞേപ്പ് മകൻ ജോസ് (വി.ജെ. ജോസ്)

കുഞ്ഞേപ്പിന്റെ നാലാമത്തെ മകനാണ് ജോസ്. കർഷകനായ ജോസ് കക്കയത്താണ് തോമസം. ചമൽ മുളവേലികുന്നേൽ ജോസഫിന്റെ മകൾ ബെറ്റി (മേരി) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഡിൽനാ (ഏലി), ഡെൽവിൻ, ഡോൺ. മൂവരും വിദ്യാർത്ഥികൾ.

## III A-2e. വെളിയംകുളത്തേൽ കുഞ്ഞേപ്പ് മകൻ തോമസ് (തോമസ് വി. ജെ.)

കുഞ്ഞേപ്പിന്റെ അഞ്ചാമത്തെ മകനാണ് തോമസ്. അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. മികച്ച കർഷകനും സാമൂഹികപ്രവർത്തകനുമാണ്. കക്കയം സെന്റ് സെബാസ്റ്റ്യൻസ് പള്ളി കൈക്കാരനായി നിലവിൽ പ്രവർത്തിക്കുന്നു. പുഷ്പഗിരി കുടകശ്ശേരിയിൽ തോമസിന്റെ മകൾ റീന(ഏലമ്മ)യാണ് ഭാര്യ. തോമസ്-റീന ദമ്പതികൾക്ക് രണ്ട് മക്കൾ. അലൻ (ജോസഫ്) എന്ന മകനും ന്യൂമ എന്ന മകളും.

## III A-2f. വെളിയംകുളത്തേൽ കുഞ്ഞേപ്പ് മകൻ ബാബു (ബാബു ജോസഫ്)

കുഞ്ഞേപ്പിന്റെ ആറ് ആൺമക്കളിൽ ഇളയ മകനാണ് ബാബു. കക്കയത്താണ് താമസം. ചാർട്ടേഡ് അക്കൗണ്ടന്റാണ്. മരുതോങ്കര ഇടവക പാലക്കുന്നേൽ അഗസ്റ്റിൻ-മേരി ദമ്പതികളുടെ മകൾ ബിനിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. റോസ്ന (എലിസബത്ത്), റോഷൻ (ജോസഫ്).

## III A-3. ആടിമാക്കീൽ-വെളിയംകുളത്തേൽ സ്കറിയാ മകൻ മത്തായി

സ്കറിയായുടെ മൂന്നാമത്തെ മകനാണ് മത്തായി (വി.എസ്. മാത്യു). കല്ലാനോടാണ് താമസം. പള്ളത്തുകുഴി തോമസിന്റെ മകൾ ത്രേസ്യായെ ഭാര്യയായി സ്വീകരിച്ചു. ഈ ദമ്പതികളേയും ദൈവം പത്ത് മക്കളെ നല്കി അനുഗ്രഹിച്ചു. എട്ട് ആൺമക്കളും രണ്ട് പെൺമക്കളും. സ്കറിയാ, തോമസ്, മാത്തുക്കുട്ടി, ജോസ്, ജോണി, ജോർജ്, ബേബി, ജേക്കബ് എന്നിവരാണ് ആൺ മക്കൾ. സെലിൻ, ജസി എന്നിവർ പെൺമക്കളും. 17-09-2018-ൽ മത്തായിയും

5-3-2015-ൽ ഭാര്യ ത്രേസ്യായും നിര്യാതരായി. ഇരുവരെയും കല്ലാനോട് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

രണ്ടാമനായ തോമസ് പതിനേഴ് വയസ്സുള്ളപ്പോഴും എട്ടാമത്തെ പുത്രനായ ജേക്കബ് ഇരുപത്തൊൻപതാം വയസ്സിലും നിര്യാതരായി. പെൺമക്കളിൽ മൂത്ത മകൾ സെലിനെ കക്കയം മുളയ്ക്കൽ ജോസും, ഇളയ പുത്രിയായ ജെസി(മേരി)യെ പന്തിരിക്കര ഇരവുചിറ ജെയിംസും വിവാഹം ചെയ്തു.

## III A-3a. വെളിയംകുളത്തേൽ മത്തായി മകൻ സ്കറിയാ (കുഞ്ഞൂഞ്ഞ്)

മത്തായിയുടെ എട്ട് ആൺ മക്കളിൽ മൂത്ത മകനാണ് കുഞ്ഞൂഞ്ഞ് എന്ന് വിളിക്കുന്ന സ്കറിയാ. കർഷകനാണ്. കല്ലാനോട് ചിറ്റാട്ടുകുഴി ജോസഫിന്റെ മകൾ മേരിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. മനോജ്, മാക്സിൻ, സീന.

## III A-3a1. വെളിയംകുളത്തേൽ കുഞ്ഞൂഞ്ഞ് മകൻ മനോജ്

കുഞ്ഞൂഞ്ഞിന്റെ മൂത്ത മകനാണ് മനോജ്.

## III A-3a2. വെളിയംകുളത്തേൽ കുഞ്ഞൂഞ്ഞ് മകൻ മാക്സിൻ

കുഞ്ഞൂഞ്ഞിന്റെ രണ്ടാമത്തെ മകനാണ് മാക്സിൻ.

## III A-3b. വെളിയംകുളത്തേൽ മത്തായി മകൻ തോമസ്

മത്തായിയുടെ രണ്ടാമത്തെ മകനാണ് തോമസ്. 17-ാം വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു.

## III A-3c. വെളിയംകുളത്തേൽ മത്തായി മകൻ മാത്തുക്കുട്ടി

മത്തായിയുടെ മൂന്നാമത്തെ മകനാണ് മാത്തുക്കുട്ടി (മാത്തുക്കുട്ടി മാത്യു). പെരുവണ്ണാമൂഴിയിലാണ് താമസം. കർഷകനാണ്. മുതുകാട്ട് പേഴത്തുങ്കൽ തോമസിന്റെ മകൾ സിസിലിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് പെൺമക്കൾ. ലിൻസി, ലിസ, ആൻസി.

## III A-3d. വെളിയംകുളത്തേൽ മത്തായി മകൻ ജോസ്

മത്തായിയുടെ നാലാമത്തെ മകനാണ് ജോസ് (ജോസ് മാത്യു). കർഷകനാണ്. വയനാട് ചൂടിയാങ്കൽ വർക്കിയുടെ മകൾ സെലി

നാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ലിജിൻ, ബോണി, സോണി. മൂത്ത മകൾ ബോണിയെ കുടിയാന്മല കണ്ണേഴത്ത് ജോസഫ് മകൻ ജോബിൻ വിവാഹം ചെയ്തു. ഇളയ മകൾ സോണി ബി.ബി.എ. പഠനം പൂർത്തിയാക്കി.

### III A-3d1. വെളിയംകുളത്തേൽ ജോസ് മകൻ ലിജിൻ

ജോസിന്റെ ഏക മകനാണ് ലിജിൻ. ഇലക്ട്രോണിക്സിൽ ഡിപ്ലോമ നേടിയശേഷം മുംബൈയിൽ ജോലി ചെയ്യുന്നു.

### III A-3e. വെളിയംകുളത്തേൽ മത്തായി മകൻ ജോണി

മത്തായിയുടെ അഞ്ചാമത്തെ മകനാണ് ജോണി (ജോണി മാത്യു). നിലമ്പൂർ ഈന്തുങ്കൽ ജോസഫിന്റെ മകൾ ഡെയ്സിയാണ് ഭാര്യ. രണ്ട് മക്കൾ. ഹിമ, ഹാരിൻ.

### III A-3f. വെളിയംകുളത്തേൽ മത്തായി മകൻ ജോർജ്

മത്തായിയുടെ ആറാമത്തെ മകനാണ് ജോർജ് (ജോർജ് മാത്യു). കൂരാച്ചുണ്ട് പനയ്ക്കവയൽ വർക്കിയുടെ മകൾ ജോയി സിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ജോമി, ജോമോൻ, ജിനോ.

### III A-3g. വെളിയംകുളത്തേൽ മത്തായി മകൻ സെബാസ്റ്റ്യൻ (ബേബി)

മത്തായിയുടെ ഏഴാമത്തെ മകനാണ് ബേബി എന്ന് വിളിക്കപ്പെടുന്ന സെബാസ്റ്റ്യൻ (സെബാസ്റ്റ്യൻ മാത്യു). തോട്ടുമുക്കം ഏറ്റുമാനൂർക്കാരൻ ജോസഫിന്റെ മകൾ ജയ്സയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ദിയ (ത്രേസ്യാ), ദിലു (മാത്യു), ആൽഫി (അൽഫോൻസ). ബേബി മാതാപിതാക്കൾക്കൊപ്പം തറവാട്ടിലാണ് താമസം.

### III A-3h. വെളിയംകുളത്തേൽ മത്തായി മകൻ ജേക്കബ്

മത്തായിയുടെ എട്ട് ആൺമക്കളിൽ ഇളയ മകനാണ് ജേക്കബ് (ജേക്കബ് മാത്യു). 21-ാം വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു.

### III A-4. വെളിയംകുളത്തേൽ സ്കറിയാ മകൻ വർക്കി

വെളിയംകുളത്തേൽ സ്കറിയായുടെ നാലാമത്തെ മകനാണ് വർക്കി (വർക്കി സ്കറിയാ). കോഴിക്കോട് ജില്ലയിലെ കൂരാച്ചു

ണ്ടാണ് താമസം. കൂരാച്ചുണ്ട് ചെമ്പ്ലായിൽ മത്തായിയുടെ മകൾ മേരിയെ വിവാഹം ചെയ്തു. വർക്കി-മേരി ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ടാണും ഒരു പെണ്ണും. സ്കറിയാ, ജോസഫ് എന്നിവ രാണ് ആൺ മക്കൾ. വത്സ (ഏലി) യാണ് ഏക മകൾ. വത്സമ്മയെ മരഞ്ചാട്ടി തെക്കേക്കരോട്ട് ജോയി വിവാഹംചെയ്തു. 23-06-2016-ൽ വർക്കിയും 24-01-2011-ൽ ഭാര്യ മേരിയും നിര്യാതരായി.

## III A-4a. വെളിയംകുളത്തേൽ വർക്കി മകൻ സ്കറിയാ

വർക്കിയുടെ മൂത്ത മകനാണ് സ്കറിയാ (സ്കറിയാ വർക്കി). സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് ജീവനക്കാരനാണ് പാറോപ്പടി തടത്തിൽ തോമസിന്റെ മകൾ ഷാജി (മറിയാമ്മ) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് കുട്ടികൾ. ഗ്യാരി (വർക്കി), ഹാരി (തോമസ്).

## III A-4b. വെളിയംകുളത്തേൽ വർക്കി മകൻ ജോസഫ്

വർക്കിയുടെ രണ്ടാമത്തെ മകനാണ് ജോസഫ് (ജോസഫ് വർക്കി). വേട്ടോമ്പാറ കൈതയ്ക്കൽ ജോർജിന്റെ മകൾ വിജിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺകുട്ടികൾ. മിഷേൽ, ഏയ്ഞ്ച ലിറ്റോ.

## III A-5. ആടിമാക്കീൽ-വെളിയംകുളത്തേൽ സ്കറിയാ മകൻ ലൂക്കാ (പാപ്പച്ചൻ)

വെളിയംകുളത്തേൽ സ്കറിയായുടെ അഞ്ചാമത്തെ മകനാണ് പാപ്പച്ചൻ എന്ന് വിളിക്കുന്ന ലൂക്കാ. കൂടരഞ്ഞി കക്കാടം പൊയ്‌ലി യിലാണ് താമസം. കൂരാച്ചുണ്ട് ഇടവക കുംബ്ലാനിയിൽ മേരിയെ ഭാര്യയായി സ്വീകരിച്ചു. ലൂക്കാ-മേരി ദമ്പതികൾക്ക് അഞ്ച് മക്കൾ. നാല് ആണും ഒരു പെണ്ണും. അബ്രാഹം, സ്കറിയാ, ലൂക്കോസ്, ജോസ് എന്നിവരാണ് ആൺ മക്കൾ. മോളിയാണ് ഏക മകൾ. പെരു മ്പൂള കോട്ടൂർ ജോർജ് മോളിയെ വിവാഹം ചെയ്തു.

## III A-5a. വെളിയംകുളത്തേൽ പാപ്പച്ചൻ മകൻ അബ്രാഹം

പാപ്പച്ചന്റെ മൂത്ത മകനാണ് അബ്രാഹം (അബ്രാഹം ലൂക്കാ). കളപ്പുരയ്ക്കൽ സെബാസ്റ്റ്യന്റെ മകൾ ലീനയാണ് ഭാര്യ. ഈ ദമ്പ തികൾക്ക് രണ്ട് മക്കൾ. ജിത്തുമോൻ, ജിസ്മോൻ.

### III A-5b. വെളിയംകുളത്തേൽ ലൂക്കാ മകൻ സ്കറിയാ (സണ്ണി)

പാപ്പച്ചന്റെ രണ്ടാമത്തെ മകനാണ് സണ്ണി (സ്കറിയാ ലൂക്കാ). കാക്കനാട്ട് സെബാസ്റ്റ്യന്റെ മകൾ ആൻസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ചിഞ്ചു, പിഞ്ചു, സഞ്ചൻ.

### III A-5c. വെളിയംകുളത്തേൽ ലൂക്കാ മകൻ ലൂക്കോസ് (ലൂക്കോച്ചൻ)

ലൂക്കായുടെ മൂന്നാമത്തെ മകനാണ് ലൂക്കാച്ചൻ. കുഴിവേലിൽ ജോസഫിന്റെ മകൾ ഷീലയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. അൽഫോൻസ, അൽജീന, ആൽബിൻ.

### III A-5d. വെളിയംകുളത്തേൽ ലൂക്കാ മകൻ ജോസ്

ലൂക്കായുടെ നാല് ആൺമക്കളിൽ ഇളയ മകനാണ് ജോസ്. കരുവാരക്കുണ്ട് മേത്താനിയിൽ മാത്യു മകൾ ജാൻസിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഹെൻറിക്, എഡ്വിൻ, ഇമ്മാനുവേൽ.

### III A-6. ആടിമാക്കീൽ-വെളിയംകുളത്തേൽ സ്കറിയാ സ്കറിയാ (കൊച്ച്)

ആടിമാക്കീൽ വെളിയംകുളത്തേൽ തോമാ മകൻ സ്കറിയായുടെ ആറ് ആൺ മക്കളിൽ ഇളയ മകനാണ് കൊച്ച് എന്ന് വിളിക്കുന്ന സ്കറിയാ സ്കറിയാ. കല്ലാനോട് കറുപ്ലാക്കൽ സേവ്യറിന്റെ മകൾ ത്രേസ്യായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ട് ആണും രണ്ട് പെണ്ണും. സ്കറിയാ, സേവ്യർ എന്നിവരാണ് ആൺ മക്കൾ. മിനിയെ പാടത്തു കടവ് പാറാംതോട്ടം ജോസ് വിവാഹം ചെയ്തു. ഇളയ മകൾ മേരിയെ മണിമല കോട്ടാങ്ങൽ മേലേട്ട് കൊച്ചിയിൽ ലൂയിസ് (ബിൻസാ) തന്റെ ഭാര്യയായി സ്വീകരിച്ചു. മേരി നഴ്സായി ജോലി ചെയ്യുന്നു.

### III A-6a. വെളിയംകുളത്ത് സ്കറിയാ മകൻ തങ്കച്ചൻ (സ്കറിയാ)

സ്കറിയാ സ്കറിയായുടെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് തങ്കച്ചൻ എന്ന് വിളിക്കുന്ന സ്കറിയാ. കോട്ടയം ജില്ലയിലെ

രാമപുരം മംഗലം കുന്നേൽ കുര്യന്റെ മകൾ ആലീസിനെ വിവാഹം ചെയ്തു. തങ്കച്ചൻ-ആലീസ് ദമ്പതികളുടെ മകളാണ് അഞ്ചലി (ത്രേസ്യാ). ഈ വിവാഹബന്ധം 2012 ൽ നിയമപരമായി വേർപെടുത്തി. പിന്നീട് തങ്കച്ചൻ അനു (അന്നക്കുട്ടി) വിനെ പുനർവിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ ജനിച്ച കുട്ടിയാണ് ട്രീസാ മരിയ സ്കറിയാ. ഇവർ ഡൽഹിയിൽ ജോലി ചെയ്യുന്നു.

## III A-6b. വെളിയംകുളത്തേൽ സ്കറിയാ സ്കറിയാ മകൻ സജി (സേവ്യർ)

സ്കറിയായുടെ രണ്ടാമത്തെ മകനാണ് സജി എന്ന് വിളിക്കുന്ന സേവ്യർ. തേനേരി തച്ചിലേട്ട് ജോണിന്റെ മകൾ മോളി (മേരി) യാണ് ഭാര്യ. ഈ ദമ്പതികളുടെ മകളാണ് അഞ്ജന (കൊച്ചു ത്രേസ്യാ).

## IV. ആടിമാക്കീൽ കോര മകൻ പാറക്കണ്ടത്തിൽ മത്തായി

കോരയുടെ നാലാമത്തെ മകനാണ് മത്തായി. മത്തായിയുടെ ഭാര്യയുടെ പേരോ മറ്റു വിവരങ്ങളോ ലഭ്യമല്ല. മത്തായിക്ക് രണ്ട് ആൺമക്കൾ. ഔത (ജോസഫ്), മാത്യു. പാറക്കണ്ടം പുരയിടത്തിൽ താമസമാക്കിയ മത്തായിയും കുടുംബവും പാറക്കണ്ടത്തിൽ എന്ന വീട്ടുപേരിലാണ് അറിയപ്പെടുന്നത്. മൂത്ത മകൻ ഔത വിവാഹ ശേഷം മൂഴൂർ ഭാര്യവീട്ടിൽ ദത്തുനിന്നു. ഔതയുടെ ഭാര്യയുടെ പേരോ, വീട്ടുപോരോ ലഭ്യമല്ല. മക്കളില്ലായിരുന്ന ഔതയും ഭാര്യയും മരിച്ചു. മൂഴൂർ പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. മത്തായിയുടെ രണ്ടാമത്തെ മകനാണ് മാത്യു. മാത്യുവിന് രണ്ട് പെൺ മക്കളായിരുന്നു. കാഞ്ഞിരപ്പള്ളിയിൽ എസ്റ്റേറ്റ് സൂപ്രണ്ടായിരുന്നു. മറ്റ് വിവരങ്ങൾ ലഭ്യമല്ല.

## V. ആടിമാക്കീൽ കോര മകൻ വർക്കി

കോരയുടെ അഞ്ചാമത്തെ മകനാണ് വർക്കി. അവിവാഹിതനായിരുന്നു. മരണശേഷം കടപ്ലാമറ്റം പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## VI. ആടിമാക്കീൽ കോര മകൻ ലൂക്കാ (കുഞ്ചിലോ)

കോരയുടെ ആറ് ആൺമക്കളിൽ ഇളയ മകനാണ് കുഞ്ചിലോ എന്ന് വിളിക്കുന്ന ലൂക്കാ. താഴെത്തപ്പൻ എന്നാണ് വീട്ടുകാർക്കിട

യിൽ അറിയപ്പെട്ടിരുന്നത്. ആടിമാക്കീൽ കോര ആദ്യം താമസിച്ചിരുന്ന ലൂക്കായുടെ വീട് മറ്റു വീടുകളെ അപേക്ഷിച്ച് താഴ്ന്ന പ്രദേശമായിരുന്നു. താഴെ എന്ന അർത്ഥത്തിൽ ബഹുമാന പുരസ്സരം താഴെത്തപ്പൻ എന്ന് വിളിച്ചിരുന്നു. കിടങ്ങൂർ ചെകിടിയേൽ (മാലിയ്ക്കൽ ചെകിടിയേൽ അല്ല) ഏലിയാണ് ഭാര്യ. ആൺമക്കൾ ഇല്ലായിരുന്ന ഈ ദമ്പതികൾക്ക് ആറ് പെൺ മക്കൾ ആണ് ഉണ്ടായിരുന്നത്. മുണ്ടി (മറിയം), അന്നക്കുട്ടി, ഏലി (ഏലികൊച്ച്), ത്രേസ്യാമ്മ, റോസക്കുട്ടി, ക്ലാരമ്മ എന്നിവരാണ് പെൺമക്കൾ. മരണശേഷം ലൂക്കായേയും ഭര്യ ഏലിയേയും കടപ്ലാമറ്റം പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

ലൂക്കായുടെ മൂത്ത മകൾ മുണ്ടിയെ വയലാ പുള്ളേലിപ്പാറ ചെറിയാനും, രണ്ടാമത്തെ മകളായ അന്നക്കുട്ടിയെ കാട്ടാംപാക്ക് മാപ്പിളപ്പറമ്പിൽ ഔസേപ്പും, മൂന്നാമത്തെ മകൾ ഏലിയെ ചെമ്പിളാവ് വാർക്കൊഴുപ്പിൽ മത്തായിയും, നാലാമത്തെ മകൾ ത്രേസ്യാമ്മയെ കൂടല്ലൂർ പര്യാത്ത് ചാക്കോയും വിവാഹം ചെയ്തു. അഞ്ചാമത്തെ മകൾ റോസമ്മ അവിവാഹിതയായിരുന്നു. കടപ്ലാമറ്റം സെന്റ് ജോസഫ് എൽ.പി. സ്കൂളിൽ അദ്ധ്യാപികയായിരുന്ന റോസകുട്ടി സഹോദരിമാർക്കെല്ലാം താങ്ങും തണലുമായിരുന്നു. സർവ്വീസിൽ നിന്നും വിരമിച്ചശേഷം പൊതുരംഗത്ത് സജീവമായി. കടപ്ലാമറ്റം സർവ്വീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗമായിരുന്നു. ഇടവക ദൈവാലയമായ കടപ്ലാമറ്റം പള്ളിയിലെ ഭക്തസംഘടനകൾക്ക് നേതൃത്വം നൽകി. മാതൃജ്യോതിയുടെ രൂപീകരണത്തിനും പ്രവർത്തനങ്ങളിലും മുഖ്യമായ പങ്കുവഹിച്ചു. നാട്ടുകാർക്കെല്ലാം ആദരണീയയായ റോസക്കുട്ടിടീച്ചർ 14-11-2006 ൽ 72-ാം വയസ്സിൽ നിര്യാതയായി. കടപ്ലാമറ്റം പള്ളിസെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

ലൂക്കായുടെ ഇളയമകൾ ക്ലാരമ്മയെ കൂടല്ലൂർ തേരകംനില്ക്കുന്നതിൽ പാപ്പച്ചൻ (കുര്യാക്കോസ്) വിവാഹം കഴിച്ചു. പാപ്പച്ചൻ ക്ലാരയോടൊപ്പം തറവാട്ടിൽ ദത്തുനില്ക്കുന്നു.

# 20

# ആനിക്കുഴിക്കാട്ടിൽ

ഇഞ്ചക്കാട്ട് മഹാ കുടുംബത്തിലെ 20-ാമതു ശാഖയാണ് ആനിക്കുഴിക്കാട്ടിൽ. ഇടുക്കി രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ അഭിവന്ദ്യ പിതാവ് മാർ മാത്യു ആനിക്കുഴിക്കാട്ടിലും മറ്റനേകം വൈദികരും സന്യസ്തരും ഈ കുടുംബത്തിന്റെ സംഭാവനയാണ്. പാഴൂർ ഇട്ടിയുടെ മൂന്നാമത്തെ മകനായ ലൂക്കാ (ഇട്ടിക്കുഞ്ഞ്) കിടങ്ങൂർ വില്ലേജിൽപ്പെട്ട പരിയാരമംഗലം കരയിൽ മൂന്നുതോടിന് തെക്കുവശം മുണ്ടന്താനത്ത് പുരയിടത്തിൽ താമസമാക്കിയപ്പോൾ മുണ്ടന്താനത്ത് എന്ന വീട്ടുപേരിൽ അറിയപ്പെട്ടു. പിന്നീട് അദ്ദേഹം തന്റെ സഹാദരങ്ങൾക്കൊപ്പം മൂന്നുതോടിന് വടക്കുവശം ആനിക്കുഴിക്കാട്ടിൽ പുരയിടത്തിൽ താമസമാക്കിയപ്പോൾ 'ആനിക്കുഴിക്കാട്ടിൽ' എന്ന വീട്ടുപേരിൽ അറിയപ്പെടാൻ തുടങ്ങി. ആനിക്കുഴിക്കാട്ടിൽ ഇട്ടിക്കുഞ്ഞ് എന്നാണ് ലൂക്കാ അറിയപ്പെട്ടിരുന്നത്. കൊഴുവനാൽ കിഴക്കേക്കുറ്റ് മത്തായിയുടെ മകൾ ത്രേസ്യായായിരുന്നു ഭാര്യ. ലൂക്കാ -ത്രേസ്യാ ദമ്പതികളുടെ സന്താന പരമ്പരകളാണ് പിൽക്കാലത്ത് അറിയപ്പെടുന്ന പ്രശസ്തമായ ആനിക്കുഴിക്കാട്ടിൽ കുടുംബം.

ലൂക്കാ-ത്രേസ്യാ ദമ്പതികൾക്ക് ഏഴ് മക്കൾ. രണ്ട് ആണും അഞ്ച് പെൺമക്കളും. മക്കളിൽ മൂത്തയാൾ തൊമ്മനും ഏറ്റവും ഇളയവനായ മത്തായിയുമാണ് ആൺമക്കൾ. ഏലി, അന്ന, കുഞ്ഞാച്ചി, മാമ്മി, റോസ എന്നിവരാണ് പെൺമക്കൾ. മൂത്ത മകളായ ഏലിയെ പാലക്കാട്ട്മല വട്ടോത്തുകുന്നേൽ ഔസേപ്പ് വിവാഹം ചെയ്തു. അന്നയെ കുടക്കച്ചിറ കൊല്ലാനിക്കൽ തോമായും, കുഞ്ഞാച്ചിയെ കടപ്ലാമററം ചാത്തംവേലി പൈലിയും, റോസയെ കൊഴുവനാൽ മാന്തറ - മാമ്പുഴക്കൽ മത്തായിയും വിവാഹം ചെയ്തു. പെൺമക്കളിൽ മൂന്നാമത്തെ മകളായ മാമ്മിയെ കിടങ്ങൂർ തറപ്പേൽ ഔസേപ്പ് വിവാഹം ചെയ്തു.

ഇട്ടിക്കുഞ്ഞിന്റെ മൂത്ത മകനായ തൊമ്മൻ ആനിക്കുഴിക്കാട്ടിൽ പുരയിടത്തിന്റെ തെക്കുവശത്ത് മുല്ലൂർ പുരയിടത്തിൽ താമസമാക്കിയപ്പോൾ മൂല്ലൂർ എന്ന വീട്ടുപേരിൽ അറിയപ്പെടാൻ തുടങ്ങി. ഇളയമകനായ മത്തായി തറവാട്ടിൽ മാതാപിതാക്കൾക്കൊപ്പം താമസമാക്കി.

## I ആനിക്കുഴിക്കാട്ടിൽ ലൂക്കാ (ഇട്ടിക്കുഞ്ഞ്) മകൻ തൊമ്മൻ

ആനിക്കുഴിക്കാട്ടിൽ ലൂക്കായുടെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് തൊമ്മൻ. മുല്ലൂർ പുരയിടത്തിൽ താമസമാക്കിയപ്പോൾ മുല്ലൂർ എന്ന വീട്ടുപേരിൽ അറിയപ്പെടുന്നു. മരങ്ങാട്ടുപള്ളി കുന്നത്തുതറപ്പിൽ ഉലഹന്നാന്റെ മകൾ അന്നമ്മയെ ഭാര്യയായി സ്വീകരിച്ചു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും: ലൂക്കായും, ത്രേസ്യായും. ഏകമകൾ ത്രേസ്യാ, ചെറുപ്പത്തിൽ ത്തന്നെ മരിച്ചു.

## I A മുല്ലൂർ തൊമ്മൻ മകൻ ലൂക്കാ (കൊച്ചുകുട്ടി)

തൊമ്മന്റെ ഏക മകനാണ് കൊച്ചുകുട്ടി എന്നു വിളിക്കുന്ന ലൂക്കാ. നാട്ടുപ്രമാണിയും, ധനാഢ്യനും, പൊതുകാര്യ പ്രസക്തനുമായിരുന്ന കൊച്ചുകുട്ടി നാട്ടുകാരുടേയും വീട്ടുകാരുടേതുമായിരുന്ന പ്രശ്നങ്ങൾക്ക് തീർപ്പു കല്പിക്കുമായിരുന്നു. ഏവർക്കും വളരെ ആദരണീയനായിരുന്ന കൊച്ചുകുട്ടിയുടെ ഭാര്യ കടപ്ലാമറ്റം പറമ്പേട്ടുമല മത്തായിയുടെ മകൾ ത്രേസ്യായാണ്. ലൂക്കാ-ത്രേസ്യാ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും ആറ് പെൺമക്കളുമടക്കം ഒൻപത് മക്കളായിരുന്നു. തോമസ്, ജോസഫ് (പാപ്പച്ചൻ), ജോസ് എന്നിവരാണ് ആൺമക്കൾ. മുണ്ടി, അന്നക്കുട്ടി, മാമ്മി (റോസ), തെയ്യാമ്മ, ത്രേസ്യാ, മേരി, ഏലിയാമ്മ (പെണ്ണമ്മ) എന്നിവരാണ് പെൺമക്കൾ. 24-07-2011-ൽ 99-ാം വയസ്സിൽ കൊച്ചുകുട്ടിയും, 27-09-1996-ൽ 89-ാം വയസ്സിൽ ത്രേസ്യായും നിര്യാതരായി. ഇരുവരേയും കടപ്ലാമറ്റം പള്ളി സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

ലൂക്കാ (കൊച്ചുകുട്ടി)യുടെ മൂത്ത മകളായ മുണ്ടിയും മൂത്ത മകനായ തോമസും ചെറുപ്പത്തിലേ മരിച്ചു. പെൺമക്കളിൽ രണ്ടാമത്തെ മകളായ അന്നക്കുട്ടിയെ കുരുവിനാൽ മണ്ണനാൽ മാത്യു

വിവാഹം ചെയ്തു. മാമ്മി (റോസ) കർമ്മലീത്താസഭയുടെ പാലാ പ്രൊവിൻസിൽ ചേർന്ന് സന്യസ്തയായി. സി. ജെനേസിയൂസ് CMC എന്ന പേര് സ്വീകരിച്ചു. MBBS -ന് ശേഷം ഗൈനോക്കോളജിയിൽ ഉപരിപഠനം നടത്തി. ജർമ്മനിയിൽ സേവനമാരംഭിച്ച ഡോ.സി. ജെനേസിയൂസ് CMC 1976 മുതൽ പാലാ ചെറുപുഷ്പം ഹോസ്പി റ്റലിലും, തുടർന്ന് പാലാ കാർമ്മൽ ഹോസ്പിറ്റലിലും ഗൈനോ ക്കോളജിസ്റ്റായി സേവനം ചെയ്തു. ഡോ. സി. മുല്ലൂർ എന്നാണ് അറിയപ്പെട്ടിരുന്നത്. 11-08-2010-ൽ 72-ാമത്തെ വയസ്സിൽ കർത്താ വിൽ നിദ്ര പ്രാപിച്ചു. പാലാ കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

മൂന്നാമത്തെ മകളായ തെയ്യാമ്മയെ കടനാട് കോട്ടയ്ക്കകത്ത് ആഗസ്തിയും, നാലാമത്തെ മകളായ മേരിയെ കാഞ്ഞിരത്താനം പൂവക്കോട്ട് ജോയിയും വിവാഹം ചെയ്തു. അഞ്ചാമത്തെ മകളായ ഏലിയാമ്മ (പെണ്ണമ്മ)യെ കൂടല്ലൂർ നരിമറ്റത്തിൽ സി.റ്റി. ജോസ് വിവാഹം ചെയ്തു. കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ പ്രധാന അദ്ധ്യാപകനായിരുന്ന ജോസ് 4-7-2008-ൽ നിര്യാതനായി. കടപ്ലാമറ്റം ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കു ന്നത്.

## I A-1 മുല്ലൂർ കൊച്ചുകുട്ടി (ലൂക്കാ) മകൻ തോമസ്

കൊച്ചുകുട്ടിയുടെ മൂത്തമകനാണ് തോമസ്. ചെറുപ്പത്തിൽ തന്നെ മരിച്ചു.

## I A-2 മുല്ലൂർ കൊച്ചുകുട്ടി മകൻ പാപ്പച്ചൻ

കൊച്ചുകുട്ടിയുടെ രണ്ടാമത്തെ മകനാണ് പാപ്പച്ചൻ എന്ന് വിളി ക്കുന്ന ജോസഫ്. വിളക്കുമാടം കോക്കാട്ട് അബ്രാഹത്തിന്റെ മകൾ തെരേസ്സായെ ഭാര്യയായി സ്വീകരിച്ചു. ഈ ദമ്പതികൾക്ക് സന്താന ഭാഗ്യം ഉണ്ടായില്ല. സൗത്ത് ആഫ്രിക്കയിൽ അദ്ധ്യാപകനായിരുന്ന പാപ്പച്ചൻ തിരിച്ചെത്തിയശേഷം ഇൻഡ്യൻ നാഷണൽ കോൺഗ്ര സിന്റെ സജീവ പ്രവർത്തകനായി. 1992-ൽ കടപ്ലാമറ്റം ഗ്രാമപഞ്ചാ യത്തിന്റെ മൂന്നുതോട് വാർഡിൽനിന്നും ജനപ്രതിനിധിയായി തിര ഞ്ഞെടുക്കപ്പെട്ടു. 04-03-1999-ൽ 55-ാം വയസ്സിൽ കർത്താവിൽ നിദ്ര

പ്രാപിച്ചു. കടപ്ലാമറ്റം ദൈവലായസെമിത്തേരിയിൽ സംസ്കരിച്ചു. ഹൈസ്കൂൾ അദ്ധ്യാപികയായിരുന്ന തെരേസാ 2011-ൽ സർവ്വീസിൽനിന്നും വിരമിച്ചു.

## I A-3 മുല്ലൂർ കൊച്ചുകുട്ടി മകൻ ജോസ്

കൊച്ചുകുട്ടിയുടെ മൂന്നാമത്തെ മകനാണ് ജോസ്. പാലാ, ളാലം വടക്കേമുറി വർക്കിയുടെ മകൾ ഫിലോമിനായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് ആണും ഒരു പെണ്ണും. ബോബിൻ (ലൂക്കാ), ആനന്ദ് (ജോർജ്ജ്), രേണു (തെരേസ) എന്നിവരാണ് മക്കൾ. ജോസ് 26-07-1992-ൽ 40-ാം വയസ്സിൽ നിര്യാതനായി. കടപ്ലാമറ്റം ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. ഏകമകൾ രേണു ഡൽഹിയിൽ സ്റ്റാഫ് നഴ്സായി ജോലിചെയ്യുന്നു. ചങ്ങനാശ്ശേരി കൂരയ്ക്കനാൽ പുളിയംപറമ്പിൽ മാത്യു - സൂസമ്മ മകൻ ബിബിൻ വിവാഹം ചെയ്തു.

## I A-3a മുല്ലൂർ ജോസ് മകൻ ബോബിൻ (ലൂക്കാ)

മുല്ലൂർ ജോസിന്റെ മൂത്ത മകനാണ് അപ്പു എന്ന് വിളിക്കുന്ന ബോബിൻ. എഞ്ചിനീയറായ ബോബിൻ ദുബായ്യിൽ ജോലിചെയ്യുന്നു. അറക്കുളം കുരിശുംമൂട്ടിൽ മാത്യു-മേരിക്കുട്ടി മകൾ ലിഷ (മേരി)യാണ് ഭാര്യ. ലിഷ ഡൽഹിയിൽ സ്റ്റാഫ് നഴ്സാണ്.

## I A-3b മുല്ലൂർ ജോസ് മകൻ ആനന്ദ് (ജോർജ്ജ്)

മുല്ലൂർ ജോസിന്റെ രണ്ട് ആൺമക്കളിൽ ഇളയ മകനാണ് ആനന്ദ്. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക രംഗത്ത് സജീവപ്രവർത്തകനാണ്. യൂത്ത് ഫ്രണ്ട് (M)-ന്റെ കടപ്ലാമറ്റം മണ്ഡലം പ്രസിഡന്റായിരുന്നു.

## II ആനിക്കുഴിക്കാട്ടിൽ ലൂക്കാ മകൻ മത്തായി (മത്തേച്ചൻ)

പാഴൂർ ഇട്ടിയുടെ മൂന്നാമത്തെ മകനായ ലൂക്കായുടെ രണ്ടാമത്തെ മകനാണ് മത്തായി. കടപ്ലാമറ്റം കുളിരാനിയിൽ മത്തായിയുടെ മകൾ അന്നമ്മയാണ് ഭാര്യ. നാല് ആണും രണ്ട് പെണ്ണുമടക്കം ആറുമക്കൾ. പെൺമക്കളായ റോസയും, ത്രേസ്യയും ചെറുപ്പത്തിൽത്തന്നെ മരിച്ചു. ലൂക്കാ, മത്തായി, ജോസഫ് (കുഞ്ഞേപ്പ്), തോമാ (തോമസ്) എന്നിവരാണ് ആൺമക്കൾ.

## II A ആനിക്കുഴിക്കാട്ടിൽ മത്തായി മകൻ ലൂക്കാ (കുട്ടി)

ലൂക്കായുടെ നാല് ആൺമക്കളിൽ മൂത്ത മകനാണ് കുട്ടി എന്ന് വിളിക്കുന്ന ലൂക്കാ. കുരുവിനാൽ കൊട്ടാരത്തിൽ മത്തായിയുടെ മകൾ ഏലിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് പതിനഞ്ച് മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. 1951-ൽ കടപ്ലാമറ്റത്തുനിന്നും ഇടുക്കി ജില്ലയിലെ കുഞ്ചിത്തണ്ണിയിലേക്ക് കുടിയേറി. തികഞ്ഞ ഈശ്വര വിശ്വാസികളായിരുന്നു ലൂക്കായും-ഭാര്യ ഏലിയും. കഠിനാദ്ധ്വാനിയായ ലൂക്കായുടെ ഭാര്യ എന്തു സംഭവിച്ചാലും നല്ലതിന് എന്ന വിശ്വാസം പുലർത്തിയിരുന്നു. ഹൈറേഞ്ചിലെ മലമടക്കുകളിൽ യാത്രാസൗകര്യം പോലുമില്ലാതെ കൊടുംവനത്തിന് നടുവിൽ കാട്ടുമൃഗങ്ങളോടും, രോഗങ്ങളോടും മല്ലിട്ട് കഴിയുമ്പോഴും തന്റെ പതിനഞ്ച് മക്കളേയും ദൈവത്തിന്റെ ദാനമായി സ്വീകരിച്ചു. മോനിക്ക എന്ന മകൾ ജനിച്ച് ഏതാനും നാൾക്കകം മരിച്ചു. ബാക്കി പതിന്നാലുപേരേയും നല്ല നിലയിൽത്തന്നെ വളർത്തി. ആ അമ്മയുടെ ശുഭാപ്തിവിശ്വാസം ഒന്നുകൊണ്ടുതന്നെ ദൈവം ആ കുടുംബത്തെ കനിഞ്ഞനുഗ്രഹിച്ചു. പതിന്നാല് മക്കളിൽ പത്തുപേരും സമർപ്പിത ദൈവവിളി സ്വീകരിച്ചു: ആറ് വൈദികരും നാല് കന്യാസ്ത്രീകളും. ഇന്ന് കേരള സുറിയാനി കത്തോലിക്കാസഭയിൽ ഇത്രമാത്രം വൈദികരും സന്യസ്തരുമുള്ള മറ്റൊരു കുടുംബം ഇല്ല എന്ന് നിസ്സംശയം പറയാം.

ലൂക്കാ-ഏലി ദമ്പതികൾക്ക് പതിനഞ്ച് മക്കൾ, എട്ട് ആൺമക്കളും ഏഴ് പെൺമക്കളും. മാത്യു (കുഞ്ഞ്), മാനുവൽ (കുട്ടിച്ചൻ), തോമസ് (തൊമ്മച്ചൻ), മൈക്കിൾ (അപ്പച്ചൻ), ജോസഫ് (ജോയിച്ചൻ), ലൂക്കാ (ടോമി), ആന്റണി (സണ്ണി), ഡൊമിനിക് സാവിയോ എന്നിവയാണ് ആൺമക്കൾ. അന്ന (അന്നക്കുട്ടി), റോസ (മാമ്മി), ത്രേസ്യാ (തെയ്യാമ്മ), മേരി, ഏലീശ്വാ (ആലീസ്), മോനിക്ക, മരിയാഗൊരേത്തി (ലിസമ്മ) എന്നിവരാണ് പെൺമക്കൾ.

പെൺമക്കളിൽ മൂന്നാമത്തെ മകളായ തെയ്യാമ്മ (ത്രേസ്യാ)യെ പൊട്ടങ്കാട് വെങ്ങാലൂർ ഫിലിപ്പിന്റെ മകൻ പാപ്പച്ചൻ (മാത്യു) വിവാഹം ചെയ്തു. ആറാമത്തെ മകളായ മോനിക്ക ജനിച്ച് മൂന്നാം ദിവസം മാമ്മോദീസാ സ്വീകരിച്ച് അന്നുതന്നെ മരിച്ചു. പെൺമക്കളിൽ ഏഴാമത്തവളും പതിനഞ്ച് മക്കളിൽ ഇളയവളുമായ ലിസമ്മ

(മരിയാഗൊരേത്തി)യെ എല്ലക്കല്ല് പാലക്കുഴയിൽ ദേവസ്യാ മകൻ തങ്കച്ചൻ (സെബാസ്റ്റ്യൻ) വിവാഹം ചെയ്തു.

ലൂക്കാ-ഏലി ദമ്പതികളുടെ മൂത്ത മകൾ അന്ന എന്ന അന്നക്കുട്ടി സലേഷ്യൻ സന്യാസിനീ സമൂഹത്തിന്റെ ബംഗളൂരു പ്രൊവിൻസിൽ അംഗമാണ്, സി. ആനി FMA. രണ്ടാമത്തെ മകൾ മാമ്മി എന്ന് വിളിക്കുന്ന റോസ ഫ്രാൻസിസ്കൻ സന്യാസിനീ സമൂഹത്തിന്റെ ചെന്നൈ പ്രൊവിൻസിൽ അംഗമാണ്, സി. റോസക്കുട്ടി F.M.M. നാലാമത്തെ മകളായ മേരി ലൂക്കായും ഫ്രാൻസിസ്കൻ സന്യാസിനീ സമൂഹത്തിന്റെ ഭാഗമാണ്.

**സിസ്റ്റർ ആനി ലൂക്കാ ആനിക്കുഴിക്കാട്ടിൽ F.M.A.**

ലൂക്കാ ഏലി ദമ്പതികളുടെ മൂത്ത മകളാണ് കെ.എം. ചിന്നമ്മ (അന്നക്കുട്ടി). 14-01-1938-ൽ പുലിയന്നൂർ തെക്കുംമുറിയിലാണ് ജനനം. കുരുവിനാൽ St. Michael's School ൽ (1944-48) എൽ.പി. വിദ്യാഭ്യാസവും, ചേർപ്പുങ്കൽ ചൈൽഡ് ജീസസ് H.S.ൽ നിന്നും U.P. വിദ്യാഭ്യാസവും, തുടർന്ന് മുത്തോലി സെന്റ്ജോസഫ് ഗേൾസ് ഹൈസ്കൂളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. 1956-ൽ ചെന്നൈ ബ്രോഡ്വേയിലെ St. Francis Xavier Convent-ൽ ചേർന്നു സി. ആനി ലൂക്കാ എന്ന പേരിൽ സന്യസ്ത ജീവിതം ആരംഭിച്ചു. 1956-58 കാലഘട്ടത്തിൽ പ്രസ്തുത മഠത്തിൽനിന്നും Aspirantate and Postulancy യ്ക്കു ശേഷം 1959-60-ൽ കാട്പാടി Sacred Heart Convent-ൽ നിന്നും നൊവിഷ്യേറ്റ് പൂർത്തിയാക്കി. 1960 ആഗസ്റ്റ് 5-ന് സഭാവസ്ത്രം സ്വീകരിച്ചു. ഷില്ലോങിലെ ഗണേഷ്ദാസ് ഹോസ്പിറ്റലിൽ നിന്നും ജനറൽ നേഴ്സിംഗ് പാസ്സായ സി. ആനി ലൂക്കാ പള്ളിക്കോണ്ട ലിറ്റിൽ ഫ്ളവർ ഡിസ്പൻസറിയിൽ ജോലിയിൽ പ്രവേശിച്ചു.

1966 ആഗസ്റ്റ് 5-ാം തീയതി കാട്പാടി S. H. Convent-ൽ വച്ച് നിത്യവ്രതവാഗ്ദാനം നടത്തി. നഴ്സ്, ബോർഡിംഗ് ഇൻചാർജ്ജ്, ആനിമേറ്റർ, ബർസാർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. 1985 ആഗസ്റ്റ് 5-ന് സന്യസ്ത ജീവിതത്തിന്റെ സിൽവർ ജൂബിലിയും 2010 ആഗസ്റ്റ് 5-ാം തീയതി സുവർണ്ണജൂബിലിയും ആഘോഷിച്ചു.

ആർനി സെന്റ് ജോസഫ്സ് കോൺവെന്റ്, പോളൂർ എസ്. എച്ച് കോൺവെന്റ്, നീലഗിരി വെല്ലിംഗ്ടൻ, ഡോൺബോസ്കോ ഏർക്കാട് (സേലം), ഫാത്തിമാ കോൺവെന്റ് കോടമ്പക്കം (ചെന്നൈ), Auxilium കോൺവെന്റ് കോഴിക്കോട്, ഹാസൻ (കർണാടക), നവജീവന സ്ട്രീറ്റ് ചിൽഡ്രൻസ് ഹോം ബാംഗളൂർ, Auxilium കോൺവെന്റ് പള്ളുരുത്തി, മാറാട്ടിയൂർ (കർണാടക) എന്നിവിടങ്ങളിൽ സേവനം ചെയ്ത സിസ്റ്റർ ഇപ്പോൾ ഹാസൻ Auxilium കോൺവെന്റിൽ നഴ്സായി സേവനം ചെയ്യുന്നു.

### സിസ്റ്റർ റോസക്കുട്ടി FMM (KM റോസക്കുട്ടി)

ആനിക്കുഴിക്കാട്ടിൽ ലൂക്കായുടെ പെൺമക്കളിൽ രണ്ടാമത്തെ മകളാണ് റോസ (മാമ്മി). 20-06-1940-ൽ ജനിച്ചു. 1946-ൽ കുരുവിനാൽ എൽ.പി.സ്കൂളിൽ പ്രാഥമികവിദ്യാഭ്യാസം ആരംഭിച്ച റോസക്കുട്ടി കടപ്ലാമറ്റം സെന്റ് ആന്റണീസ് ME സ്കൂളിൽ നിന്നും ഏഴാംക്ലാസ് പാസ്സായി. മുത്തോലി സെന്റ് ജോസഫ്സ് ഹൈസ്കൂളിൽനിന്നും എസ്.എസ്.എൽ.സി.യ്ക്കുശേഷം ചെന്നൈ അടയാറിലെ അരുൺ ഡെയ്ൽ ട്രെയിനിംഗ് സെന്ററിൽനിന്നും 1962 -ൽ പ്രീ നൊവിഷ്യേറ്റും 15-12-1962-ൽ വെസ്റ്റിഷനുശേഷം 15-12 -1963-ൽ റോമിലെ Grottaferrrata സെന്റ് റോസ് കോൺവെന്റിൽ നൊവിഷ്യേറ്റു കഴിഞ്ഞ് 15-12-1964-ൽ അവിടെത്തന്നെ ഫസ്റ്റ് പ്രൊഫഷൻ നടത്തി. Via Giusti, ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് മേരിയിൽ 16-12-1964 മുതൽ 30-04-1965 വരെ ജൂനിയറേറ്റിന് ചേർന്നു. ടീച്ചർ, സിസ്റ്റർ ട്രെയിനിംഗ്, Perpetual Profession Training, ഹെഡ്മിസ്ട്രസ്, സുപ്പീര്യർ, കാൻഡിഡേറ്റ് ഇൻചാർജ്ജ് എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം ചെയ്തു. 15-12-2012-ൽ നിത്യവ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചു.

Our Lady's Covent Palluruthy, St. Michael's Convent Ketty (Nilgiris), St Rose Convent, Grottaferrata (Rome), Franciscan Missionaries of Mary, Via Giusti, FMM.Cold Ash Centre, Berkshire (England), HolyAngels's Convent T.Nagar, Chennai, Instistute Mater Dei, Santa Monica Convent (Goa), Vimalagam, St. Francis School Thirumangalam (Madurai), St.Thomas Convent, Rosary Matriculation HSS, Elizabeth Home, St Thomas Convent, Mylapore എന്നിവിടങ്ങളിൽ സേവനം ചെയ്തു. 2018 മെയ് 27-ന്

78-ാം വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. സെന്റ് തോമസ് മൗണ്ടിലെ സിമിത്തേരിയിൽ സംസ്കരിച്ചു.

## സിസ്റ്റർ മേരി ലൂക്കാ FMM. (മേരി ലൂക്കാ ആനിക്കുഴിക്കാട്ടിൽ)

ലൂക്കായുടെ പെൺമക്കളിൽ നാലാമത്തെ മകളാണ് മേരി ലൂക്കാ. 03-10-1946-ൽ ജനിച്ചു. കുഞ്ചിത്തണ്ണി ഗവ. യു.പി. സ്കൂളിൽ നിന്നും അഞ്ചാംക്ലാസ് പാസ്സായ മേരി ചിത്തിരപുരം ഗവ. ME സ്കൂളിൽനിന്നും 1961-ൽ ഏഴാം ക്ലാസ് പാസ്സായി. വെള്ളത്തൂവൽ ഗവ. ഹൈസ്കൂളിൽനിന്നും 1966-ൽ S.S.L.C. പാസ്സായി. 1967 ജൂണിൽ കോട്ടഗിരി സെന്റ് മേരീസ് കോൺവെന്റിൽ ചേർന്നു. കെട്ടി(നീലഗിരി) സെന്റ് മൈക്കിൾസ് കോൺവെന്റിൽ (ജൂൺ 1968) നൊവിഷ്യേറ്റും കഴിഞ്ഞു. ട്രിച്ചി ചൈൽഡ് ജീസസ് കോൺവെന്റിൽ 16-12-1970 മുതൽ ജൂൺ 1971 വരെ സേവനം ചെയ്തു. Staff Nurse, Infirmarian, Superior, Social Work Director, Hospital Superintendent, Administrator എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു.

St. Mary's Covent Kotagiri (Nilgirs), St. Michael's Convent Ketty (Nilgiris), Child Jesus Convent Trichy, Stella Maris Convent Chennai, Assunta Dispensary Fathima Nagar, Shanti Illam vippedu (Dispensary Incharge), Anugraha, Puliyanthoppe (Director Social work), St. John's Hospital Banglore, St. Joseph's Leprosy Hospital Tuticorin എന്നിവിടങ്ങളിലായിരുന്നു സേവനം. തിരുച്ചിറപ്പള്ളി ചൈൽഡ് ജീസസ് കോൺവെന്റിലായിരിക്കേ 13-02-2014-ൽ 60-ാം വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചു. തിരുച്ചിറപ്പള്ളി ചൈൽഡ് ജീസസ് കോൺവെന്റ് വക സിമിത്തേരിയിൽ സംസ്കരിച്ചു.

## സിസ്റ്റർ ആലീസ് ആനിക്കുഴിക്കാട്ടിൽ എസ്.എച്ച്.

ആനിക്കുഴിക്കാട്ടിൽ ലൂക്കായുടെ പെൺമക്കളിൽ അഞ്ചാമത്തെ മകളാണ് ആലീസ് (ഏലീശ്വാ). 15-05-1955-ൽ ജനിച്ചു. കുഞ്ചിത്തണ്ണി ഗവ. യു.പി.സ്കൂളിൽനിന്നും (1961-1968) ഏഴാം ക്ലാസ്സിനു ശേഷം പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽനിന്നും 1974-ൽ എസ്.എസ്.എൽ.സി. പാസ്സായി. ജൂൺ 1974-ൽ കോതമംഗലം എസ്. എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ ചേർന്ന് സന്യസ്തജീവിതം ആരം

ഭിച്ച സി. ആലീസ് 01-നവം. 1977-ൽ ഫസ്റ്റ് പ്രൊഫഷൻ നടത്തി. കല്ലാർകുട്ടി എസ്.എച്ച് കോൺവെന്റ് (1978), രണ്ടാർ എസ്.എച്ച് കോൺവെന്റ് (1978-1980) എന്നിവിടങ്ങളിൽ കമ്യൂണിറ്റി സിസ്റ്ററായി സേവനം ചെയ്തു. മുതലക്കോടം എസ്.എച്ച് കോൺവെന്റിലായിരിക്കേ പി.ഡി.സി പാസ്സായ (1983) സി. ആലീസ് മുതലക്കോടം ഹോളി ഫാമിലി ഹോസ്പിറ്റലിൽനിന്നും 1986-ൽ നഴ്സിംഗ് പാസ്സായി. രാജാക്കാട് മേഴ്സി ഹോസ്പിറ്റലിൽ (1986-1993) ബോണ്ട് എക്സ്പീരിയൻസിനുശേഷം നെടുംങ്കണ്ടം കരുണാ ഹോസ്പിറ്റൽ (1993-1995), കൊട്ടാരക്കര, ഓടനവട്ടം ജയമാതാ ഹോസ്പിറ്റൽ (1995 -1999), മേഴ്സി ഹോസ്പിറ്റൽ രാജക്കാട് എന്നിവിടങ്ങളിൽ സ്റ്റാഫ് നഴ്സായി സേവനം ചെയ്തു. തുടർന്ന് മൂവാറ്റുപുഴ മിഷൻ ഓറിയന്റേഷൻ സെന്ററിൽ (1999-2000) ഫോർമേറ്റേഴ്സ് കോഴ്സും, ബാംഗളൂരു സെന്റ് ജോൺസ് ഹോസ്പിറ്റലിൽ നിന്നും (2005-2007) ഇൻ സർവ്വീസ് ട്രെയിനിംഗും പൂർത്തിയാക്കി. 2007 മുതൽ നെടുംങ്കണ്ടം കരുണാ ഹോസ്പിറ്റലിൽ നഴ്സിംഗ് സൂപ്രണ്ടായി സേവനം ചെയ്യുന്നു.

## II A-1 ആനിക്കുഴിക്കാട്ടിൽ ലൂക്കാ (കുട്ടി) മകൻ മാത്യു (കുഞ്ഞ്)/ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

കുട്ടിയുടെ എട്ട് ആൺമക്കളിൽ മൂത്ത മകനാണ് കുഞ്ഞ് എന്ന് വിളിക്കുന്ന മാത്യു. 23-09-1942-ൽ ജനിച്ചു. കൂടല്ലൂർ സെന്റ് ജോസഫ് എൽ.പി. സ്കൂളിൽ (1948-1950) രണ്ടാം ക്ലാസ്സ് വിദ്യാഭ്യാസത്തിനുശേഷം മാതാപിതാക്കൾക്കൊപ്പം ഇടുക്കി ജില്ലയിലെ കുഞ്ചിത്തണ്ണിയിലേക്ക് കുടിയേറി. കുഞ്ചിത്തണ്ണി ഗവ. യു.പി. സ്കൂളിൽ (1951 -1958) നിന്നും ഏഴാംക്ലാസ് പൂർത്തിയാക്കി. തുടർന്ന് മുത്തോലി സെന്റ് ആന്റണീസ് ഹൈസ്കൂളിൽനിന്നും (1958-1960) 90.47% മാർക്കോടെ എസ്.എസ്.എൽ.സി പാസ്സായി.

1960- ജൂണിൽ കോതമംഗലം മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു (ജൂൺ 1960- 24 മെയ് 1962). കോട്ടയം, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് മേജർ സെമിനാരിയിൽനിന്നും (1963-1971) ഫിലോസഫിയും, തിയോളജിയും പൂർത്തിയാക്കി. 1971 മാർച്ച് 15-ാം തീയതി കുഞ്ചിത്തണ്ണി ഹോളിഫാമിലി ദൈവാലയത്തിൽവച്ച് കോതമംഗലം രൂപതയുടെ

മെത്രാനായിരുന്ന മാർ മാത്യു പോത്തനാംമൂഴിയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

കോതമംഗലം സെന്റ് ജോർജ്ജ് കത്തീഡ്രൽ ചർച്ചിൽ (1971 -1973) അസി. വികാരി, ജോസ്ഗിരി സെന്റ് ജോസഫ് ചർച്ച് (1973 -1980), സെന്റ് തോമസ് ചർച്ച് ചുരുളി (ജൂൺ, ജൂലൈ, 1980) എഴുകുംവയൽ ജയമാതാ ചർച്ച് (ആഗസ്റ്റ് 1980) എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തു. 1980 മുതൽ 1984 വരെ മൂവാറ്റുപുഴ ജീവജ്യോതി ഡയറക്ടറായും, Diocesan Presbyteral Council മെമ്പർ എന്ന നിലകളിലും പ്രവർത്തിച്ചു.

1989-ൽ The Katholieke universiteit, Leuven - നിൽ നിന്നും Negativity in Human Life, An Ecclesial Response എന്ന വിഷയത്തിൽ P.H.D കരസ്ഥമാക്കി. 1990 മുതൽ 2000 വരെ കോതമംഗലം ബിഷപ്പ് ഹൗസിൽ ചാൻസലറും സെക്രട്ടറിയും ആയിരുന്നു. 2000 മുതൽ 2003 വരെ കോതമംഗലം മൈനർ സെമിനാരിയുടെ റെക്ടർ ആയി സേവനം ചെയ്തു. 2002 ഡിസംബറിൽ ഇടുക്കി രൂപതയുടെ നിയുക്തമെത്രാനായി പ്രഖ്യാപിച്ചു. 2003 മാർച്ച് 3-ാം തീയതി കോതമംഗലംരൂപത വിഭജിച്ച് പുതുതായി രൂപംകൊണ്ട ഇടുക്കി രൂപതയുടെ പ്രഥമ മെത്രാനായി അഭിഷിക്തനായി. 15 വർഷക്കാലം ഇടുക്കി രൂപതയ്ക്ക് നേതൃത്വം നല്കിയ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ 2018 ഏപ്രിൽ 5-ന് ഈ ശുശ്രൂഷയിൽ നിന്നും വിരമിച്ചു. ഇപ്പോൾ വിശ്രമജീവിതം നയിക്കുന്നു.

Doctoral Thesis - Negativity in Human Life, An Ecclesial Response (Oriental Institute Kottayam-1994), വിശുദ്ധ കുർബാനയാകുന്ന വിസ്മയം (സെന്റ് മാർത്താസ് പ്രസ്സ്, മുരിക്കാശ്ശേരി, ഇടുക്കി-2005) എന്നീ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

## II A-2 ആനിക്കുഴിക്കാട്ടിൽ ലൂക്കാ (കുട്ടി) മകൻ മാനുവൽ (കുട്ടിച്ചൻ)

ലൂക്കാ (കുട്ടി)യുടെ രണ്ടാമത്തെ മകനാണ് മാനുവൽ (കുട്ടിച്ചൻ) എന്ന മികച്ച മലയോര കർഷകൻ. സ്ലീവാമല, വടക്കേയറ്റത്ത് മത്തായിയുടെ മകൾ മേരി (ഏലി)യെ ഭാര്യയായി സ്വീകരിച്ചു. മാനുവൽ-മേരി ദമ്പതികൾക്ക് മൂന്ന് മക്കൾ. റോയ്സൻ (ലൂക്കാ), റെജിസൻ (മാത്യു) എന്നീ രണ്ട് ആൺമക്കളും റീജ (ഏലിയാമ്മ) എന്ന

മകളും. റീജയെ കാന്തിപ്പാറ, പുന്നോലിൽ സ്റ്റാൻലി (ദേവസ്യാ) വിവാഹം ചെയ്തു.

## II A-2a ആനിക്കുഴിക്കാട്ടിൽ മാനുവൽ (കുട്ടിച്ചൻ) മകൻ റോയ്സൻ

മാനുവലിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് റോയ്സൻ. പൊൻമുടി, അമ്പാട്ട് അബ്രാഹത്തിന്റെയും ത്രേസ്യാമ്മയുടേയും മകൾ ബിന്ദു (അന്നമ്മ) വാണ് ഭാര്യ. റോയ്സൻ കുഞ്ചിത്തണ്ണിയിൽ ആനിക്കുഴിക്കാട്ടിൽ ടെക്സ്റ്റയിൽസ് നടത്തുന്നു. BSc BEd ബിരുദധാരിയായ ബിന്ദു പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ അദ്ധ്യാപികയാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. മനു (മാനുവൽ), മെബിൻ (അബ്രാഹം) വിദ്യാർത്ഥികളാണ്.

## II A-2b ആനിക്കുഴിക്കാട്ടിൽ മാനുവൽ (കുട്ടിച്ചൻ) മകൻ റെജിസൻ

മാനുവലിന്റെ രണ്ടാമത്തെ മകനാണ് റെജിസൻ. ഇരട്ടയാർ വെട്ടുകാട്ടിൽ വർക്കിയുടെയും അന്നമ്മയുടെയും മകൾ ഷേർളിയാണ് ഭാര്യ. റെജിസൻ ചെമ്മണ്ണാർ സെന്റ് സേവിയേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ ലാബ് അസിസ്റ്റന്റായി ജോലി ചെയ്യുന്നു. BCom ബിരുദധാരിയാണ്. ഭാര്യ ഷേർളി ജോസ്ഗിരി സെന്റ് ജോസഫ്സ് യു.പി.സ്കൂൾ അദ്ധ്യാപികയാണ്. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. അലസ്റ്റിൻ, സെലസ്റ്റിൻ, ക്രിസ്റ്റീന. മൂവരും വിദ്യാർത്ഥികൾ.

## II A-3 ആനിക്കുഴിക്കാട്ടിൽ ലൂക്കാ മകൻ തൊമ്മച്ചൻ (തോമസ്) ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ

ലൂക്കായുടെ മൂന്നാമത്തെ മകനാണ് തൊമ്മച്ചൻ, 05-08- 1951-ൽ ജനിച്ചു. കുഞ്ചിത്തണ്ണി ഗവ. എൽ.പി സ്കൂളിൽനിന്നും 1964-ൽ അഞ്ചാം ക്ലാസ്സ് പാസ്സായ തൊമ്മച്ചൻ ചിത്തിരപൂരം ഗവ. ME സ്കൂളിൽനിന്നും 1965-ൽ ഏഴാംക്ലാസ്സ് പൂത്തിയാക്കി. കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിൽ നിന്നും 1968-ൽ S.S.L.C. പാസ്സായി. 1968 മെയ്മാസത്തിൽ കോതമംഗലം മൈനർ സെമിനാരിയിൽ വൈദികപഠനം ആരംഭിച്ചു. മൂവാറ്റുപുഴ നിർമ്മലാ കോളേജിൽ ചേർന്ന് 1971-ൽ പ്രീഡിഗ്രി പൂർത്തിയാക്കി. 01-06-1971-ൽ

കോട്ടയം വടവാതൂർ മേജർ സെമിനാരിയിൽ ചേർന്ന് ഫിലോസഫിയും തിയോളജിയും പൂർത്തിയാക്കിയ തൊമ്മച്ചൻ 1978-ൽ വൈദികപട്ടം സ്വീകരിച്ചു. 1997-ൽ തിയോളജിയിൽ മാസ്റ്റർ ബിരുദം കരസ്ഥമാക്കി. 1999-ൽ തിയോളജിയിൽ PHD യും സ്വന്തമാക്കി.

1978 മാർച്ച് 6-ന് തിരുപ്പട്ടം സ്വീകരിച്ച ഫാ. തോമസ് 1978-ൽ വാഴക്കുളം സെന്റ് ജോർജ്ജ് ഫൊറോനായിലും 1979-ൽ ചുരുളി സെന്റ് തോമസ് ഫൊറോനായിലും അസിസ്റ്റന്റ് വികാരിയും, ഒപ്പം ഇടുക്കി കഞ്ഞിക്കുഴി സെന്റ് മേരീസ് പള്ളി, സെന്റ് സെബാസ്റ്റ്യൻസ് പള്ളി പഴയരിക്കണ്ടം, വെൺമണി സെന്റ് ജോർജ്ജ് പള്ളി എന്നിവിടങ്ങളിൽ വികാരി ഇൻചാർജ്ജും ആയിരുന്നു.

സെന്റ് മേരീസ് ചർച്ച് കഞ്ഞിക്കുഴി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പഴയരിക്കണ്ടം, സെന്റ് ബനഡിക്ട്സ് ചർച്ച് സ്ലീവാമല, ഫാത്തിമാമാതാ ചർച്ച് കരിമല, വിജയമാതാ ചർച്ച് ഈട്ടിത്തോപ്പ് തട്ടേക്കണ്ണി സെന്റ് ജോർജ്ജ് ചർച്ച്, ഉദയഗിരി സെന്റ് മേരീസ് ചർച്ച്, അടിമാലി സെന്റ് ജൂഡ് ചർച്ച് എന്നിവിടങ്ങളിൽ വികാരിയായി സേവനം ചെയ്തു. ഇപ്പോൾ ചുരുളി സെന്റ് തോമസ് ഫൊറോനാ പള്ളി വികാരിയായി ശുശ്രൂഷ ചെയ്യുന്നു.

സത്നാ സെന്റ് എഫ്രേം തിയോളജിക്കൽ കോളേജ് (1999 -2003), ഇടുക്കി മാർ എഫ്രേം മൈനർ സെമിനാരി (2003-2008) എന്നിവയുടെ റെക്ടറായിരുന്നു. തുടർന്ന് തലശ്ശേരി കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയുടെ സ്പിരിച്ച്വൽ ഡയറക്ടറായി 28-05-2008-ൽ നിയമിതനായി. തുടർന്ന് സെമിനാരിയുടെ ഡീൻ ഓഫ് സ്റ്റഡീസ് ആയി നിയമിക്കപ്പെട്ടു. 22 മെയ് 2009-ൽ മേജർ സെമിനാരിയുടെ റെക്ടറായി. മെയ് 2011 വരെ സേവനം ചെയ്തു. 2013-2017 കാലയളവിൽ അടിമാലി ആത്മജ്യോതി രൂപതാ പാസ്റ്ററൽ സെന്ററിന്റെ ഡയറക്ടറായും സേവനം ചെയ്തു.

Jesus Christ Saviour, Soteriology According to East Syriac Tradition (Doctoral Thesis), പരിത്രാണനം, മാർത്തോമ്മ നസ്രാണിസഭയുടെ ശ്ലൈഹിക ലിറ്റർജി, ദൈവശാസ്ത്ര നിഘണ്ടു (സഹരചയിതാവ്) എന്നീ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

## II A-4 ആനിക്കുഴിക്കാട്ടിൽ ലൂക്കാ മകൻ അപ്പച്ചൻ (ഫാ. മൈക്കിൾ ആനിക്കുഴിക്കാട്ടിൽ)

ലൂക്കായുടെ നാലാമത്തെ മകനാണ് അപ്പച്ചൻ എന്ന് വിളിക്കുന്ന ഫാ. മൈക്കിൾ. 19-09-1954-ൽ ജനിച്ചു.1959-ൽ കുഞ്ചിത്തണ്ണി ഗവ. എൽ പി. സ്കൂളിൽ ചേർന്ന് 1963-ൽ നാലാംക്ലാസ് പാസ്സായി. ചിത്തിരപുരം ഗവ. ഹൈസ്കൂളിൽ 1963-ൽ അഞ്ചാക്ലാസ്സിൽ ചേർന്നു. 1970-ൽ SSLC പാസ്സായി. ലക്നൗ ഇന്റർ മീഡിയറ്റ് കോളേജിൽനിന്നും 1975-ൽ ഇന്റർമീഡിയറ്റ് പാസ്സായ അച്ചൻ നാഗപ്പൂർ യൂണിവേഴ്സിറ്റിയിൽനിന്നും ബി.എ.യും, എം.എ.യും കരസ്ഥമാക്കി. തുടർന്ന് ചെന്നൈ അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്നും B.Ed എടുത്തു. റോമിലെ പൊന്തിഫിക്കൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്നും തിയോളജിയിൽ മാസ്റ്റർ ബിരുദവും കരസ്ഥമാക്കി.

പാലാ സെന്റ് ജോസഫ് മിഷൻ ഹോമിൽ വൈദിക പഠനത്തിനായി 1971 ജൂൺ മാസത്തിൽ ചേർന്ന് ഓറിയന്റേഷനുശേഷം ലക്നൗ സെന്റ് പോൾസ് മൈനർ സെമിനാരി, നാഗപ്പൂർ സെന്റ് ചാൾസ് സെമിനാരി എന്നിവിടങ്ങളിൽ നിന്ന് ഫിലോസഫിയും, തിയോളജിയും പൂർത്തിയാക്കി. 7-4-1983-ൽ വൈദികപട്ടം സ്വീകരിച്ചു.

വൈദികപട്ടം സ്വീകരിച്ചശേഷം പഞ്ചാബിലെ ജലന്തർ രൂപതയിൽ സേവനം ചെയ്യുന്നു. St. Jude's Catholic Church Nakodar, St Michael's Catholic Church Ajnala, Catholic Church Fathegarh Churian, St Joseph's Church Pagwarah, St Francis Church Gurudaspur എന്നിവിടങ്ങളിൽ പാരീഷ് പ്രീസ്റ്റ്, ചാപ്ളിൻ, ഡയറക്ടർ എന്നീ നിലകളിൽ സേവനം ചെയ്തു. 1997 മുതൽ 2002 വരെ ജലന്തർ രൂപതയുടെ ചാൻസലർ, പ്രോക്യുറേറ്റർ, എഡ്യുക്കേഷൻ ബോർഡ് ചെയർമാൻ റീജണൽ കാത്തലിക് കൗൺസിൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു.

ജലന്തർ സെന്റ് മേരീസ് കത്തീഡ്രൽ (2002-2003) Holy Trinity regional Major Seminary, ജലന്തർ, എന്നിവയുടെ റെക്ടർ, Regional confrence of the Dioceson Priests of North India യുടെ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ ജലന്തർ കന്റോൺമെന്റ് സെന്റ് മേരീസ് കത്തീഡ്രലിന്റെ റെക്ടറും, Gakhal St. Mary's Convent

High School Director ആയും സേവനം ചെയ്യുന്നു. അനേകം പുസ്തകങ്ങളുടെയും, പ്രസിദ്ധീകരണങ്ങളുടെയും രചയിതാവും എഡിറ്ററും ആണ്. നിലവിൽ ഫാ. മൈക്കിൾ ആനി Conference of the Diocesian Priests of India (CDPI) യുടെ പ്രസിഡന്റാണ്.

## II A-5 ആനിക്കുഴിക്കാട്ടിൽ ലൂക്കാ മകൻ ജോയിച്ചൻ (ഫാ. ജോസ് ആനിക്കുഴിക്കാട്ടിൽ)

ലൂക്കായുടെ അഞ്ചാമത്തെ മകനാണ് ജോയിച്ചൻ എന്ന് വിളിക്കുന്ന ഫാ. ജോസ് ആനിക്കുഴിക്കാട്ടിൽ 02-11-1957-ൽ ജനിച്ചു. കുഞ്ചിത്തണ്ണി ഗവ. എൽ.പി.സ്കൂളിൽനിന്നും പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കുഞ്ചിത്തണ്ണി ഗവ. എം.ഇ. സ്കൂളിൽ നിന്നും 7-ാം ക്ലാസ് പാസ്സായി. പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽനിന്നും 1973-ൽ SSLC പാസ്സായി. തുടർന്ന് സലേഷ്യൻ സഭയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. ഷില്ലോങ്ങിലെ സാവിയോ ജൂണിയറേറ്റിൽ നിന്നും ജൂണിയറേറ്റും, അപ്പർ ഷില്ലോങ്ങിലെ Don Bosco Sunnyside-ൽ നിന്നും നൊവിഷ്യേറ്റും പൂർത്തിയാക്കി. 1976-ൽ ഷില്ലോങ്ങിലെ സെന്റ് ആന്റണീസ് കോളേജിൽ നിന്നും പ്രീ യൂണിവേഴ്സിറ്റി (PUC) പാസ്സായി.

1979-ൽ ഫിലോസഫിയും 1985-ൽ തിയോളജിയും പൂർത്തിയാക്കി. 1986 ജൂൺ 4-ന് തിരുപ്പട്ടം സ്വീകരിച്ചു. തുടർന്ന് റോമിൽ നിന്നും തിയോളജിയിൽ മാസ്റ്റർ ബിരുദം കരസ്ഥമാക്കി. Hidutva as the challenge to Evangelisation in the Tribal context of North east India എന്ന വിഷയത്തിൽ റോമിലെ ജോർജ്ജിയാന പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും PHD കരസ്ഥമാക്കി.

സലേഷ്യൻ സഭയുടെ കീഴിൽ ഷില്ലോങ്ങിൽ സേവനം ആരംഭിച്ച അച്ചൻ അദ്ധ്യാപകൻ, ഹെഡ്മാസ്റ്റർ, പ്രിൻസിപ്പാൾ, വാർഡൻ, ഡയറക്ടർ, അഡ്മിനിസ്ട്രേറ്റർ, പ്രൊവിൻഷ്യൽ ഡെലിഗേറ്റ്, കൗൺസിലർ എന്നീ നിലകളിൽ അവസ്മരണീയമായ സേവനം കാഴ്ചവച്ചു. Don Bosco Parish Mendal, St.Peters and Paul Parish pynthorukhrah എന്നീ പള്ളികളിൽ അസിസ്റ്റന്റ് വികാരിയായും സേവനം അനുഷ്ഠിച്ചു. മികച്ച വാഗ്മിയും, തത്ത്വചിന്തകനും, സാമൂഹ്യപ്രവർത്തകനുമാണ്.

2002-ൽ ഷില്ലോങ്ങിലെ DBCIC പ്രസിദ്ധീകരിച്ച Understanding tribal cultures for effective Education എന്ന പുസ്തകത്തിന്റെ എഡിറ്ററാണ്. അച്ചന്റെ ഗവേഷണ ഗ്രന്ഥമായ Hindutva as the challenge to Evangelisation in the tribal context of North east India എന്ന പുസ്തകം 2006-ൽ റോമിലെ PUG പ്രസിദ്ധീകരിച്ചു.

## II A-6 ആനിക്കുഴിക്കാട്ടിൽ ലൂക്കാ മകൻ ടോമി (ഫാ. ടോമി ലൂക്ക് ആനിക്കുഴിക്കാട്ടിൽ)

ലൂക്കായുടെ ആറാമത്തെ മകനാണ് ഫാ.ടോമി ലൂക്ക്. 21-04-1961-ൽ ജനിച്ചു. കുഞ്ചിത്തണ്ണി ഗവ.യു.പി സ്കൂളിൽനിന്നും ഏഴാംക്ലാസ്സും പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽനിന്നും SSLCയും പാസ്സായി. 1977-ൽ കോതമംഗലം സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. കോതമംഗലം MA കോളേജിൽ നിന്നും PDC യും കേരളാ യൂണിവേഴ്സിറ്റിയിൽനിന്നും BA (Eco) ബിരുദവും കരസ്ഥമാക്കി. ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ കോളേജിൽനിന്നും 1986-ൽ ഫിലോസഫിയും, 1989-ൽ ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽനിന്നും തിയോളജിയും നേടി. 1990 ജനു. 4-ന് തിരുപ്പട്ടം സ്വീകരിച്ചു. തായ്‌ലണ്ടിലെ ബാങ്കോക്ക് FABC Centre for SCC (Small Christian Communities) യിൽനിന്നും 1993-ൽ ഡിപ്ളോമയും 2000-ൽ നാഗപ്പൂർ SAC യിൽനിന്നും Course Certificate ഉം കരസ്ഥമാക്കി.

മുതലക്കോടം, നെടിയശാല, ആരക്കുഴ, കാരക്കുന്നം, കോതമംഗലം, കൂമ്പൻപാറ, കല്ലാനിക്കൽ, പൈങ്ങോട്ടൂർ എന്നീ സ്ഥലങ്ങളിൽ അസിസ്റ്റന്റ് വികാരിയായും, പച്ചടി, കാന്തിപ്പാറ, തോക്കുപാറ, മൂന്നാർ, മരിയനഗർ, ആനച്ചാൽ, രാജാക്കാട്, ഇടമറ്റം, മുല്ലക്കാനം എന്നിവിടങ്ങളിൽ വികാരിയായും സേവനം അനുഷ്ഠിച്ചു. 2015 മുതൽ ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ചർച്ചിൽ വികാരിയായി സേവനം ചെയ്യുന്നു.

"സണ്ണിച്ചൻ", "So Great a Mother" എന്നീ പുസ്തകങ്ങളുടെ എഡിറ്ററായ റ്റോമിച്ചൻ കൃപാസീരീസിന്റെ (1-15) വിവർത്തനവും നടത്തിയിട്ടുണ്ട്.

## II A-7 ആനിക്കുഴിക്കാട്ടിൽ ലൂക്കാ മകൻ സണ്ണി (ഫാ. ആന്റണി)

ലൂക്കായുടെ ഏഴാമത്തെ മകനാണ് സണ്ണി എന്ന് വിളിക്കുന്ന ഫാ. ആന്റണി. 04-02-1963-ൽ ജനിച്ചു. കുഞ്ചിത്തണ്ണി ഗവ.യു.പി. സ്കൂളിൽ ഏഴാംക്ലാസ് പാസ്സായശേഷം പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽനിന്നും 1979-ൽ SSLC പാസ്സായി.

മിഷനറീസ് ഓഫ് സെന്റ് തോമസ് (MST) എന്ന സമൂഹത്തിന്റെ ഭരണങ്ങാനം ദീപ്തി ഭവനിൽ ചേർന്ന് 1979-ൽ വൈദികപഠനം ആരംഭിച്ചു. 1983-ൽ കേരളാ യൂണിവേഴ്സിറ്റിയിൽനിന്നും PDC പാസ്സായി. മാംഗളൂർ സെന്റ് ജോസഫ്സ് കോളേജിൽനിന്നും ഫിലോസഫിയും ഉജ്ജൈൻ ബിഷപ് ഹൗസിൽ (1986) റീജൻസിയും പൂർത്തിയാക്കി. 1989-ൽ കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്നും തീയോളജിയും നേടി. 04-01-1990-ൽ വൈദികപട്ടം സ്വീകരിച്ചു.

കല്യാൺ രൂപതയ്ക്കുവേണ്ടി സേവനത്തിനായി നിയോഗിക്കപ്പെട്ട അച്ചൻ കോലാപൂർ സംഗ്ളിയിൽ അസിസ്ററന്റ് വികാരിയായി സേവനമനുഷ്ഠിച്ച് വരവേ 1992-ൽ മുംബൈ-പൂനാ ഹൈവേയിൽ വാഹനാപകടത്തിൽ മരിച്ചു. കുഞ്ചിത്തണ്ണി ദൈവാലയത്തിലാണ് സംസ്കരിച്ചിരിക്കുന്നത്.

## II A-8 ആനിക്കുഴിക്കാട്ടിൽ ലൂക്കാ മകൻ സാവിയോ

ലൂക്കായുടെ ഇളയ മകനാണ് സാവിയോ. PDC പഠനത്തിനുശേഷം മൂവാറ്റുപുഴ K.M. ജോർജ്ജ് ITC-യിൽ പഠനം നടത്തി. 20-ാം വയസ്സിൽ ഗില്ലൻബാരി സിൻഡ്രോം (പോളിനെവുറിറ്റിസ്) എന്ന ശ്വാസകോശ രോഗം ബാധിച്ചു. 02-05-2000-ൽ 35-ാം വയസ്സിൽ നിര്യാതനായി. കുഞ്ചിത്തണ്ണി ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## II B ആനിക്കുഴിക്കാട്ടിൽ മത്തായി മകൻ മത്തായി

മത്തേയച്ചന്റെ രണ്ടാമത്തെ മകനാണ് മത്തായി. മരങ്ങാട്ടുപള്ളി ആനശ്ശേരിൽ ഔസേപ്പിന്റെ മകൾ റോസയാണ് ഭാര്യ. മൂന്ന് ആൺമക്കളും നാല് പെൺമക്കളുമടക്കം ഏഴ് മക്കൾ. മാത്യു (കുഞ്ഞ്), ജോസ് (ജോസഫ്) മാമച്ചൻ (തോമസ്) എന്നിവരാണ് ആൺമക്കൾ. മേരി, ആനീസ്, സെലിൻ, ട്രീസ എന്നിവർ പെൺമക്കളും. 1955-ൽ

മത്തായിയും കുടുംബവും ഇടുക്കി ജില്ലയിലെ രാജകുമാരിയിൽ കുടിയേറി താമസമാക്കി. 1988-ൽ കാസർഗോഡ് ജില്ലയിൽ ബ്ളാൽ എന്ന സ്ഥലത്ത് താമസം തുടങ്ങി. 2008 ജൂൺ 13ന് റോസ നിര്യാത യായി. 2017 ആഗസ്റ്റ് 8-ന് മത്തായി മരിച്ചു. ഇരുവരെയും ബ്ളാൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചിരിക്കുന്നു.

മൂത്തമകൾ മേരിയെ പഞ്ചാബിയായ മെമ്മോൻ റോബിൻസൺ വിവാഹം ചെയ്തു. അമേരിക്കയിലാണ് താമസം. രണ്ടാമത്തെ മകൾ ആനീസ് ഫ്രാൻസിസ്കൻ മിഷനറീസ് ഓഫ് സേക്രട്ട് ഹാർട്ട് സന്യാ സിനീ സമൂഹത്തിൽ അംഗമാണ്. ഡോ. സി. ആനീസ് FMSC ആന്ധ്രാപ്രദേശിൽ ഡോക്ടറായി സേവനം ചെയ്യുന്നു. മൂന്നാമത്തെ മകൾ സെലിനെ വണ്ടിപ്പെരിയാർ ശാന്തിനിലയം തങ്കച്ചൻ (മാ ത്യു) വിവാഹം ചെയ്തു. ഇളയ മകൾ ട്രീസായെ തോപ്പുംപടി സ്രാമ്പിക്കൽ സോണി കുര്യൻ വിവാഹം ചെയ്തു.

## II B-1 ആനിക്കുഴിക്കാട്ടിൽ മത്തായി മകൻ മാത്യു (കുഞ്ഞ്) പ്രൊഫ. എ.എം. മാത്യു ആനിക്കുഴിക്കാട്ടിൽ MA, MEd

ആനിക്കുഴിക്കാട്ടിൽ മത്തായിയുടേയും റോസമ്മയുടേയും മൂത്ത മകനായി 29-07-1942-ൽ ജനിച്ചു. പാലക്കാട്ട്മല എൽ.പി. സ്കൂൾ, മരങ്ങാട്ടുപള്ളി സെന്റ് തോമസ് ഹൈസ്കൂൾ എന്നിവിട ങ്ങളിൽനിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. സെന്റ് ആമ്പ്രോസ് കോളേജ് Neuzvid (വിജയവാഡ)-ൽ നിന്നും BA ലിറ്റ റേച്ചർ എടുത്തു. ഉത്ക്കൽ യൂണിവേഴ്സിറ്റിയിൽനിന്നും MA യ്ക്കുശേഷം നാഗപ്പൂർ യൂണിവേഴ്സിറ്റിയിൽനിന്നും MEd കരസ്ഥ മാക്കി. തുടർന്ന് ലയോള ഇംഗ്ലീഷ് സ്കൂൾ ശ്രീകാര്യം (1967-1970), ഓർഡിനൻസ് ഫാക്ടറി ജൂണിയർ കോളേജ് ചന്ദ്രപ്പൂർ, (1970-2002), മാർ അഗസ്തീനോസ് കോളേജ് രാമപുരം (2005-2011) എന്നിവിടങ്ങ ളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. 1992-ൽ ഡിഫൻസ് "മിനിസ്ട്രി ഓഫ് ഇൻഡ്യ" ബെസ്റ്റ് ടീച്ചർ അവാർഡ് നൽകി ആദരിച്ചു.

രാമപുരം തോട്ടുങ്കൽ പ്രൊഫ.കെ. കുര്യാക്കോസിന്റെയും ത്രേസ്യാമ്മയുടെയും മകൾ റ്റി. കെ. ലീലാമ്മയാണ് ഭാര്യ. MA ബിരു ദധാരിയായ ലീലാമ്മ ചന്ദ്രപ്പൂർ ACS കോളേജിന്റെ പ്രിൻസിപ്പൽ ആയി വിരമിച്ചു. മാത്യുവും കുടുംബവും രാമപുരം മരങ്ങാട്ട് ആണ്

താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ബോബി എന്ന മകനും, രേഷ്മ എന്ന മകളും. രേഷ്മ 05-01-1977-ൽ ജനിച്ചു. OFWSS ചാന്ദാ, സ്റ്റെല്ലാ മാരിസ് കോളേജ് ചെന്നൈ, ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം ബാംഗ്ലൂർ എന്നിവിടങ്ങളിൽ MA പഠനം പൂർത്തിയാക്കി. തുടർന്ന് അമേരിക്കയിലെ ബൂസ്റ്റൻ യൂണിവേഴ്സിറ്റിയിൽനിന്നും PHD കരസ്ഥമാക്കി. ഇപ്പോൾ ബാഗ്ലൂരിൽ ജോലി ചെയ്യുന്നു. ശരത്ചന്ദ്ര MBA ആണ് ഭർത്താവ്. ഇദ്ദേഹം ബാഗ്ലൂർ TCS -ൽ ജോലി ചെയ്യുന്നു.

## II B-1a ആനിക്കുഴിക്കാട്ടിൽ എ.എം. മാത്യു മകൻ ബോബി മാത്യു

മാത്യുവിന്റെ ഏക മകനാണ് ബോബി. 15-08-1974-ൽ ജനിച്ചു. ചാന്ദാ OFHSS-ലെ വിദ്യാഭ്യാസത്തിനുശേഷം നാഗപ്പൂർ RKN എഞ്ചിനീയറിംഗ് കോളേജിൽനിന്നും (നാഗപ്പൂർ യൂണിവേഴ്സിറ്റി) BTeh പാസ്സായി. ഹൈദരാബാദ് ഇൻഫോസിസിൽ സോഫ്റ്റ് വെയർ എഞ്ചിനീയറാണ്. ഭാര്യ റോഷൻ കടപ്ലാമറ്റം പറമ്പേട്ട്മല പ്രൊ. ചാണ്ടി സഖറിയായുടേയും പ്രൊ. ആൻസി സഖറിയായുടേയും മകൾ. റോഷൻ MA MEd ആണ്. റോഷൻ ഹൈദരാബാദിൽ അദ്ധ്യാപികയായിരുന്നു. ഈ ദമ്പതികൾക്ക് രണ്ട് കുട്ടികൾ. ഈതൻ ബോബി, നിഖിത ആൻ ബോബി. ഇപ്പോൾ ഈ കുടുംബം കാലിഫോർണിയായിലാണ് താമസം.

## II B-2 ആനിക്കുഴിക്കാട്ടിൽ മത്തായി മകൻ ജോസ് (ജോസഫ്)

മത്തായിയുടെ രണ്ടാമത്തെ മകനാണ് ജോസ്. നെടുംങ്കണ്ടം മാന്തുപള്ളിൽ ജോസഫിന്റെ മകൾ പെണ്ണമ്മ (ത്രേസ്യാമ്മ) യാണ് ഭാര്യ. പെണ്ണമ്മ 1996-ൽ ഒക്ടോബർ 7-ന് നിര്യാതയായി. ഈ ദമ്പതികൾക്ക് നാല് ആൺമക്കൾ-സുനിൽ (മാത്യു), അനിൽ (ജോസഫ്), റ്റാനിൽ (സാവിയോ), പ്രീതൽ (അബ്രാഹം).

## II B-2a ആനിക്കുഴിക്കാട്ടിൽ ജോസ് മകൻ സുനിൽ ജോസ് (മാത്യു)

ജോസിന്റെ നാല് ആൺമക്കളിൽ മൂത്ത മകനാണ് MA BEd ബിരുദധാരിയായ സുനിൽ. 03-04-1969-ൽ ജനിച്ചു. കോഴിക്കോട്ട് സെന്റ് ജോസഫ്സ് ബോയിസ് ഹയർ സെക്കൻണ്ടറിസ്കൂളിൽ അദ്ധ്യാപകനാണ്. കുടിയാന്മല പായിക്കോട് ജോസഫിന്റെ മകൾ

ലാലി (ത്രേസ്യാ)യാണ് ഭാര്യ. MA BEdകാരിയായ ലാലി കോഴി ക്കോട് സെന്റ് ജോസഫ്സ് BHSS -ൽ അദ്ധ്യാപികയാണ്. ഈ ദമ്പ തികൾക്ക് രണ്ട് മക്കൾ. നീൽ (ജോർജ്), നെവിൻ (ജോസഫ്) ഇരു വരും വിദ്യാർത്ഥികൾ.

## II B-2b ആനിക്കുഴിക്കാട്ടിൽ ജോസ് മകൻ അനിൽ (ജോസഫ്)

ജോസിന്റെ രണ്ടാമത്തെ മകനാണ് അനിൽ. 15-09-1971-ൽ ജനിച്ചു. മികച്ച കർഷകനാണ്. ബളാലിൽ പിതാവ് ജോസിനൊപ്പം താമസിക്കുന്നു. സാമൂഹ്യ സാംസ്കാരിക രംഗത്ത് മികച്ച പ്രവർത്തനം നടത്തിവരുന്നു. ബളാൽ സെന്റ് ആന്റണീസ് ദൈവാ ലയത്തിലെ പാരീഷ് കൗൺസിൽ സെക്രട്ടറിയാണ്. പാലാവയൽ തേവർകുന്നേൽ അബ്രാഹത്തിന്റെ മകൾ ഷാന്റി (ആൻസി)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെണ്ണും ഒരാണും. എയ്ഞ്ചൽ (ത്രേസ്യാമ്മ) ജനനം 23-09-1999, മെർലിൻ (മേരി) ജനനം 01-05-2010 എന്നിവരാണ് പെൺമക്കൾ. 13-04-2008-ൽ ജനിച്ച ഗോഡ്സൻ (മാത്യു)നാണ് മകൻ. എയ്ഞ്ചൽ BASLP വിദ്യാർത്ഥി യാണ്.

## II B-2c ആനിക്കുഴിക്കാട്ടിൽ ജോസ് മകൻ റ്റാനിൽ ജോസ് (സാവിയോ)

ജോസിന്റെ മൂന്നാമത്തെ മകനാണ് BA ബിരുദധാരിയായ റ്റാനിൻ. 29-12-1974-ൽ ജനിച്ചു. കുവൈത്തിൽ കെമിക്കൽ സൂപ്പർവൈ സറായി ജോലി ചെയ്യുന്നു. നടവയൽ തൊണ്ടിപ്പറമ്പിൽ പൗലോ സിന്റെ മകൾ ആശ (എൽസമ്മ) യാണ് ഭാര്യ. ആശ കുവൈത്തിൽ സ്റ്റാഫ് നഴ്സാണ്. നടവയലിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. 12-4-2007-ൽ ജനിച്ച മിക്കി (മൈക്കിൾ) എന്ന മകനും 01-08-2011-ൽ ജനിച്ച ഇസബെൽ എന്ന മകളും.

## II B-2d ആനിക്കുഴിക്കാട്ടിൽ ജോസ് മകൻ പ്രീതൽ ജോസ് (അബ്രാഹം)

ജോസിന്റെ ഇളയ മകനാണ് പ്രീതൽ. 13-05-1977-ൽ ജനിച്ചു. BA ജയിച്ചു. കോഴിക്കോട്ട് ജോലിചെയ്യുന്നു. ചെമ്പനോട പേഴത്തു ങ്കൽ മാത്യുവിന്റെ മകൾ അമ്പിളി (ക്ലാര)യെ 27-03-2008-ൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ. 13-10-2009-ൽ ജനിച്ച മിഷിൽ (ത്രേസ്യാ).

## II B-3 ആനിക്കുഴിക്കാട്ടിൽ മത്തായി മകൻ മാമച്ചൻ (തോമസ്)

മത്തായിയുടെ ഇളയ മകനാണ് മാമച്ചൻ. കാസർഗോഡ് ജില്ല യിലെ ബ്ളാലിലാണ് താമസം. കർഷകനാണ്. വെള്ളിരിക്കുണ്ട് മാന്തറ ആന്റണി മറിയം ദമ്പതികളുടെ മകൾ മോളി (അന്നമ്മ) യാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. രണ്ട് പെൺമക്കളും ഒരു മകനും. ചഞ്ചൽ (റോസ്), ശീതൾ (മരിയ) എന്നിവരാണ് പെൺമക്കൾ. നോയൽ (മാത്യു) ഏക മകനും. മൂത്ത മകൾ ചഞ്ചൽ റോസ് തോമസ് MSc യ്ക്കുശേഷം മംഗലാപുരം എക്സ്പെർട്ട് കോളേജിൽ അദ്ധ്യാപികയാണ്. രണ്ടാമത്തെ മകൾ ശീതൾ മരിയാ തോമസ് തൃശൂർ ജൂബിലി മെഡിക്കൽ മിഷൻ മെഡിക്കൽ കോളേ ജിൽ നിന്നും MBBS എടുത്തു. അവിടെ ജോലി ചെയ്യുന്നു.

## II B-3a ആനിക്കുഴിക്കാട്ടിൽ മാമച്ചൻ മകൻ നോയൽ തോമസ്

മാമ്മച്ചന്റെ ഏക മകനാണ് നോയൽ എന്നു വിളിക്കുന്ന തോമസ്. തലശ്ശേരി രൂപതയ്ക്കായി മംഗലപ്പുഴ സെമിനാരിയിൽ വൈദികപഠനം നടത്തുന്നു.

## III C ആനിക്കുഴിക്കാട്ടിൽ മത്തായി മകൻ കുഞ്ഞേപ്പ് (ജോസഫ്)

ആനിക്കുഴിക്കാട്ടിൽ ലൂക്കാ മകൻ മത്തായിയുടെ മൂന്നാമത്തെ മകനാണ് കുഞ്ഞേപ്പ്. മരങ്ങാട്ടുപള്ളി ഗോപുരത്ത് കുളത്തൂർ ഔസേ പ്പിന്റെ മകൾ മറിയക്കുട്ടിയെ ഭാര്യയായി സ്വീകരിച്ചു. ഈ ദമ്പതി കൾക്ക് രണ്ട് പെണ്ണും നാല് ആൺമക്കളുമടക്കം ആറ് മക്കൾ. അന്നമ്മ, ബേബി (മാത്യു), ലില്ലി (അന്നമ്മ), ജോസ്, സിറിയക്, സാജൻ (എമ്മാനുവൽ) എന്നിവരാണ് മക്കൾ. മൂത്ത മകൾ അന്നമ്മ ചെറുപ്പത്തിലേ മരിച്ചു. ഹൈസ്കൾ അദ്ധ്യാപികയായ ലില്ലിയെ കണ്ണൂർ ജില്ലയിലെ കുന്നോത്ത് താന്നിക്കൽ മാത്തുകുട്ടി വിവാഹം ചെയ്തു. കുഞ്ഞേപ്പിന്റെ ഭാര്യ മറിയം 22-05-2016-ൽ നിര്യാതയായി. കരിക്കോട്ടക്കരി സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ സംസ്ക രിച്ചു. കുഞ്ഞേപ്പ് മൂന്നാമത്തെ മകനായ സിറിയക്കിനൊപ്പം കരി ക്കോട്ടക്കരിയിലാണ് താമസം.

## III C-1 ആനിക്കുഴിക്കാട്ടിൽ കുഞ്ഞേപ്പ് മകൻ ബേബി (മാത്യു) BSc BEd.

കുഞ്ഞേപ്പിന്റെ മൂത്ത മകനാണ് ബേബി. നെല്ലിക്കാംപൊയിലി

ലാണ് താമസം. 15-2-1950-ൽ ജനിച്ചു. ഇരിട്ടി ഹൈസ്കൂളിൽനിന്നും ഹെഡ്മാസ്റ്ററായി സർവ്വീസിൽനിന്നും വിരമിച്ചു. മികച്ച സംഘാട കനും പൊതുപ്രവർത്തകനുമാണ്. അദ്ധ്യാപകവൃത്തിയിൽനിന്നും വിരമിച്ചശേഷം മദ്യവിരുദ്ധസമിതി തലശ്ശേരി അതിരൂപതാ പ്രസി ഡന്റ്, പാസ്റ്ററൽ കൗൺസിൽ അംഗം, അമൃതം ശുദ്ധജല വിതരണ പദ്ധതി പ്രസിഡന്റ്, ഇരിക്കൂർ ഹൗസിങ് സൊസൈറ്റി ഡയറക്ടർ എന്നീ നിലകളിൽ നിസ്തുലമായ സേവനം അനുഷ്ഠിക്കുന്നു.

നെല്ലക്കാംപൊയിൽ ശാസ്ത്രാംകുന്നേൽ ലില്ലി (ലില്ലിയോ സ)യെ 21-04-1977-ൽ വിവാഹം ചെയ്തു. BA.BEd കാരിയായ ലില്ലി ഇരിട്ടി ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസ് ആയിരിക്കേ സർവ്വീസിൽ നിന്നും വിരമിച്ചു. ഇരിട്ടി അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി യുടെ ഡയറക്ടർ ബോർഡ് അംഗമാണ്. ബേബി-ലില്ലി ദമ്പതി കൾക്ക് രണ്ട് മക്കൾ. മഞ്ജു എന്ന മകളും, ബിപിൻ എന്ന മകനും. മകൾ മഞ്ജു (മഞ്ജു മരിയ) 21-9-1978-ൽ ജനിച്ചു. 11-01-2001-ൽ കണ്ണൂർ കയ്യാലപ്പറമ്പിൽ മാത്യു കെ. ജോർജ്ജ് വിവാഹം ചെയ്തു.

## III C-1a ആനിക്കുഴിക്കാട്ടിൽ ബേബി മകൻ ബിപിൻ (വില്യം മാർട്ടിൻ)

ബേബിയുടെ ഏക മകനാണ് ബിപിൻ. 26-11-1982-ൽ ജനിച്ചു. MSc നഴ്സിംഗിന് ശേഷം ലക്നൗ വിവേകാനന്ദ കോളേജ് ഓഫ് നഴ്സിംഗിൽ ലക്ചർ ആയിരുന്നു. ഇപ്പോൾ കാസർഗോഡ് മാലി ക്ദിനാർ കോളജിൽ പ്രൊഫസറായി സേവനം ചെയ്യുന്നു. കടപ്ലാ മറ്റം വയലാ ഓരത്തേൽ ജോസിന്റെ മകൾ ആഷ്ലിയാണ് ഭാര്യ. 9-9-2010-ൽ ആയിരുന്നു വിവാഹം. MSc നഴ്സായ ആഷ്ലി കണ്ണൂർ ധനലക്ഷമി നേഴ്സിംഗ് കോളേജിൽ അസോസിയേറ്റ് പ്രഫസറായി ജോലി ചെയ്യുന്നു. കണ്ണൂരിലാണ് താമസം. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. ക്രിസ് മാത്യുവും ജോർജ് ജോസഫും.

## III C-2 ആനിക്കുഴിക്കാട്ടിൽ കുഞ്ഞേപ്പ് മകൻ ജോസ് (ജോസഫ്)

കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനാണ് ജോസ്. ഉഴവൂർ സെന്റ് സ്റ്റീഫൻ കോളേജിൽനിന്നും BSc യും, മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കേളേജിൽനിന്നും BEd ഉം കരസ്ഥമാക്കിയ ജോസ് കണ്ണൂർ ജില്ലയിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. തേർത്തല്ലി മേരിഗിരി ഹൈസ്കൂൾ പ്രധാന അദ്ധ്യാപകനായിരിക്കേ

സർവ്വീസിൽനിന്നും വിരമിച്ചു. കണ്ണൂർ കേളകം ചെട്ടിയാപറമ്പ്, ചോലമറ്റത്തിൽ ചാക്കോയുടെ മകൾ സി.സി. മേരിയെ വിവാഹം ചെയ്തു. കണ്ണൂർ കുത്തുപറമ്പ് നിർമ്മൽഗിരി കോളേജിൽനിന്നും BSc യ്ക്കു ശേഷം BEd കരസ്ഥമാക്കിയ മേരി റിട്ടയേർഡ് ഹൈസ്കൂൾ അദ്ധ്യാപികയാണ്.

ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജറാൾഡ് ജോസ് (ജോസഫ്), ചിഞ്ചു ജോസ് (ട്രീസ മരിയ). ഏക മകൾ ഡോ. ചിഞ്ചു ജോസ് MVSc 15-6-1984-ൽ ജനിച്ചു. കോഴിക്കോട് കൂടരഞ്ഞി, വെള്ളിയാപ്പ ള്ളിൽ മാണിയുടെയും എൽസമ്മയുടേയും മകൻ ബേബത്ത് മാണി MBA, LLB വിവാഹം ചെയ്തു. ബംഗളൂരുവിൽ ജോലി ചെയ്യുന്നു. ചിഞ്ചു ശ്രീകണ്ഠപുരത്ത് ഗവ. വെറ്റിനറി ഡോക്ടറാണ്.

## III C-2a ആനിക്കുഴിക്കാട്ടിൽ ജോസ് മകൻ ജറാൾഡ് ജോസ് (ജോസഫ്)

ജോസിന്റെ ഏക മകനാണ് ജറാൾഡ്. 15-05-1982-ൽ ജനിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും M.Tech ബിരുദം കരസ്ഥ മാക്കി. അമേരിക്കയിലെ ന്യൂയോർക്കിൽ ബാങ്ക് ഉദ്യോഗസ്ഥനാ ണ്. എറണാകുളം മുളയ്ക്കൽ പോൾ-നിർമ്മല മകൾ റീബയാണ് ഭാര്യ. ന്യൂയോർക്കിൽ കോൾഗേറ്റ് ആന്റ് പാമൊലിവ് കമ്പനിയിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺകുട്ടികൾ. ജൂവൽ, ജോവാൻ.

## III C-3 ആനിക്കുഴിക്കാട്ടിൽ കുഞ്ഞേപ്പ് മകൻ സിറിയക് ജോസഫ്

കുഞ്ഞേപ്പിന്റെ മൂന്നാമത്തെ മകനാണ് സിറിയക്. സൈനിക സേവനത്തിനുശേഷം ട്രാവൻകൂർ മാൻപവർ സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഡയറക്ടറാണ്. കണ്ണൂർ കിളിയ ന്തറ പാറക്കടവിൽ ജോസഫ്-സിസിലി മകൾ ബിന്നിയാണ് ഭാര്യ. ബിന്നി വെളിമാനം ഹയർസെക്കൻഡറി സ്കൂളിൽ അധ്യാപിക യാണ്. ഈ ദമ്പതികൾക്ക രണ്ട് പെൺമക്കൾ. ഡോ. അഞ്ജു, ഡോ. സിബിയ. മൂത്തമകൾ ഡോ. അഞ്ജുവിനെ ശ്രീകണ്ഠാപുരം മരു തുങ്കൽ പ്രൊഫ. M.A സിറിയക്കിന്റേയും ഡോ. ടെസ്സി സിറിയക്കി ന്റേയും മകൻ ഡോ. അഗസ്റ്റിൻ ജോർജ് വിവാഹം ചെയ്തു. അഗ സ്റ്റിൻ കണ്ണൂർ ജില്ലാ ഹോസ്പിറ്റലിൽ സേവനം ചെയ്യുന്നു. അഞ്ജു കണ്ണൂർ പഴയങ്ങാടിയിൽ സേവനം ചെയ്യുന്നു. സിബിയയെ (അക്കു)

നാഗർകോവിൽ കോഴിമല കെ.പി. ജോസഫ് - ഡോ. ഗ്രേസ് മകൻ റ്റിജോ ജോസഫ് BTh വിവാഹം ചെയ്തു. നാഗർകോവിൽ റോട്ടോ പ്ലാസ്റ്റ് കമ്പനി ഉടമയാണ്.

## IIIC-4 ആനിക്കുഴിക്കാട്ടിൽ കുഞ്ഞേപ്പ് മകൻ സാജൻ ജോർജ് (ഇമ്മാനുവൽ)

കുഞ്ഞേപ്പിന്റെ നാല് ആൺമക്കളിൽ ഇളയമകനാണ് സാജൻ. കടപ്ലാമറ്റത്താണ് താമസം. കർഷകനാണ്. കണ്ണൂർ, വെണ്ണക്കല്ല്, തട ത്തിൽ ജോൺ അന്നമ്മ (അമ്മിണി) ദമ്പതികളുടെ മകൾ വത്സമ്മ യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ടു മക്കൾ. രാഹുൽ (ജോസ ഫ്) എന്ന മകനും, രഹന (ആൻമരിയ) എന്ന മകളും. രഹന BASLP പാസ്സായശേഷം നാഗപ്പൂരിൽ ജോലി ചെയ്യുന്നു. NTTF പാസ്സായ രാഹുൽ പൂനയിൽ ജോലിചെയ്യുന്നു.

## III D ആനിക്കുഴിക്കാട്ടിൽ മത്തേച്ചൻ മകൻ തോമാ (തോമസ്)

ആനിക്കുഴിക്കാട്ടിൽ മത്തായിയുടെ ഇളയ മകനാണ് തോമാ എന്ന് വിളിക്കുന്ന തോമസ്. കടപ്ലാമറ്റം നീലിപിലാക്കിയിൽ ജോസ ഫിന്റെ മകൾ കുഞ്ഞാമ്മി എന്ന് വിളിക്കുന്ന ഏലിയാണ് ഭാര്യ. കർഷകനായ തോമായ്ക്ക് അഞ്ച് മക്കൾ. മൂന്ന് പെൺമക്കളും രണ്ട് ആൺമക്കളും. ജോയി (ജോസഫ്), ടോമി (മാത്യു) എന്നിവരാണ് ആൺമക്കൾ. ഗ്രേസി (അന്നമ്മ), സൂസൻ(മേരി), സെലിൻ എന്നി വരാണ് പെൺമക്കൾ. മൂത്ത മകൾ ഗ്രേസി ASMI എറണാകുളം സെന്റ് ജോസഫ്സ് പ്രൊവിൻസിൽ സന്യസ്തസേവനം ചെയ്യുന്നു. സി. സിൽവെസ്റ്റർ എന്ന പേരിൽ അറിയപ്പെടുന്നു.

രണ്ടാമത്തെ മകൾ മേരി തോമസിനെ(സൂസൻ) പാളയം ആഞ്ഞിലിപ്പറമ്പിൽ അച്ചൻകുഞ്ഞ് (കുര്യൻ) വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ സെലിനെ ചിറക്കടവ് പടിപ്പുരയ്ക്കമുറിയിൽ ജോസുകുഞ്ഞ് (ജോസഫ്) വിവാഹം ചെയ്തു. സൂസന് സിബിയ, ബിബിൻ എന്നിവരാണ് മക്കൾ. സെലിന് അലക്സ്, ജോസ്‌ലിൻ എന്നിവരാണ് കുട്ടികൾ.

### സി. സിൽവെസ്റ്റർ മേരി ASMI

തോമ്മ-കുഞ്ഞാമ്മി ദമ്പതികളുടെ മൂത്തമകൾ ഗ്രേസിയുടെ ജനനം 1949 സെപ്റ്റംബർ 21ന് ആയിരുന്നു. ഇട്ടിയേപ്പാറ എൽ.പി.

സ്കൂളിലും കടപ്ലാമറ്റം സെന്റ് ആന്റണീസ് ഹൈസ്കൂളിലും വിദ്യാഭ്യാസം നടത്തി. 1967-ൽ ASMI സന്യാസസമൂഹത്തിൽ ചേർന്നു. 1970-ൽ സഭാവസ്ത്രം സ്വീകരിച്ചു. 1977 മാർച്ച് 17ന് നിത്യവ്രതം ചെയ്തു. ചേർത്തല അസ്സീസ്സി S.H. മഠവും ചേട്ട്പട്ട് ജർമ്മൻ ലപ്രസി ആശുപത്രിയുമായിരുന്നു ശുശ്രൂഷാരംഗങ്ങൾ. ഒരു വർഷം ആഗ്രാ മിഷനിലും തലവാടിയിൽ 4 വർഷവും ആതുരശുശ്രൂഷയിൽ മുഴുകി. ചേർത്തല ചാലിൽ 2 വർഷവും മാൻവെട്ടത്ത് 1 വർഷവും സാമൂഹികപ്രവർത്തനം നടത്തിയ ശേഷം ആന്ധ്രാപ്രദേശിൽ കുഷ്ഠരോഗികളുടെ ഇടയിൽ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടു. 1993-ൽ ലബോറട്ടറി പരിശീലനം പൂർത്തിയാക്കിയ സിസ്റ്റർ കോട്ടഗിരി ഹോളിഫാമിലി മഠത്തിൽ ശുശ്രൂഷ ആരംഭിച്ചു. ഇക്കാലയളവിൽ കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ നിന്നും BA പാസ്സായി. 1999-2001 കാലത്ത് വൈക്കം വല്ലകവും 2002മുതൽ എറണാകുളം ലൂർദ്ദ് ഭാഗത്ത് ASMI പ്രൊവിൻഷ്യൽ ഹൗസുമാണ് സേവനരംഗങ്ങൾ. 2018 ജൂൺ 30-ന് സന്ന്യാസ സമർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചു.

## III D-1 ആനിക്കുഴിക്കാട്ടിൽ  തോമാ മകൻ ജോയി

തോമായുടെ മൂത്ത മകനാണ് ജോയി. കർഷകനായിരുന്നു. പഴയിടം പാതാലിൽ മാത്യുവിന്റെ മകൾ അമ്മിണിക്കുട്ടി (ഫിലോമിന)യെ വിവാഹം ചെയ്തു. ഈ ദമ്പതികളുടെ ഏക മകളാണ് ജോഫി (എലിസബത്ത്). നഴ്സായ ജോഫിയെ കണ്ണിമല പന്തിരുവേലിൽ അലക്സാണ്ടർ - അന്നമ്മ ദമ്പതികളുടെ മകൻ മോനച്ചൻ എന്ന് വിളിക്കുന്ന ബിക്ക്സ് (സുപ്രിയാനോസ്) വിവാഹം ചെയ്തു. കടപ്ലാമറ്റം ഇടവകയിലെ സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററായി സേവനം ചെയ്തിരുന്ന ജോയി 2001 ഏപ്രിൽ ഒന്നിന് അപകടത്തിൽപെട്ട് മരിച്ചു. കടപ്ലാമറ്റം സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## III D-2 ആനിക്കുഴിക്കാട്ടിൽ തോമാ മകൻ ടോമി (ഫാ. ടോമി SDB)

തോമായുടെ രണ്ട് ആൺമക്കളിൽ ഇളയ മകനാണ് ഫാ. ടോമി ആനിക്കുഴിക്കാട്ടിൽ SDB. 17-04-1955-ൽ ജനിച്ചു. കടപ്ലാമറ്റം സെന്റ്


ജോസഫ് എൽ.പി. സ്കൂളിൽ നാലാം ക്ലാസ് വരെയും സെന്റ് ആന്റണീസ് ഹൈസ്കൂളിൽ ഏഴാം ക്ലാസ് വരെയും പഠിച്ചു. 1967-ൽ വടുതല(എറണാകുളം) ഡോൺബോസ്കോ അപ്പസ്തോലിക് സെമിനാരിയിൽ ഒരു വർഷത്തെ പരിശീലനത്തിനുശേഷം ഷില്ലോംഗ് സാവിയോ ജൂണിയറേറ്റ് അപ്പസ്തോലിക് സ്കൂളിൽ(68-74) 8-ാം ക്ലാസ്സുമുതൽ 12-ാം ക്ലാസ്സുവരെ പഠിച്ചു. തുടർന്ന് ഷില്ലോംഗ് സണ്ണി സൈഡ് നൊവിഷ്യേറ്റിൽനിന്നും സലേഷ്യൻ നോവിഷ്യേറ്റും ഡാർജലിംഗ് മൈനർ സെമിനാരിയിൽ നിന്നും (1975-1978) ഫിലോസഫിയും BA ഡിഗ്രിയും കരസ്ഥമാക്കിയശേഷം ഷില്ലോംഗ് ഉമ്രാൻ അപ്പസ്തോലിക് സ്കൂളിൽ (1978) റീജിയൻസി ഒന്നാം വർഷവും സലേഷ്യൻ നൊവിഷ്യേറ്റിൽ (1979-80) റീജൻസി രണ്ടാം വർഷവും പൂർത്തിയാക്കി. 1983-ൽ ഷില്ലോംഗ് Mawlai SH തിയോളജിക്കൽ കോളേജിൽ തിയോളജിയും പൂർത്തിയാക്കി. 29-12-1983-ൽ കടപ്ലാമറ്റം സെന്റ് മേരീസ് ദൈവാലയത്തിൽവച്ച് ആലപ്പുഴ ബിഷപ് പീറ്റർ ചേനപ്പറമ്പിൽ പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു.

മേഘാലയിലെ Rongjeng, Garohills Catholic Church Asst. വികാരിയായും സ്കൂൾ പ്രിൻസിപ്പൽ ആയും (1984-1990), 1990-1994 വരെ Haflong NC Hills ഫ്രാൻസിസ് സേവ്യർ ചർച്ചിൽ വികാരിയായും സ്കൂൾ പ്രിൻസിപ്പലും ആയും സേവനംചെയ്തു. 1994 മുതൽ 1997 വരെ Sojong Christ the King Church-ൽ Asst. Vicar, 1997മുതൽ 2009 വരെ ആസ്സാമിലെ Sojong ലെ Karbianglong Church-ൽ Parish priest-ഉം സ്കൂൾ പ്രിൻസിപ്പലും ആയിരുന്നു. 2008-ൽ തന്റെ പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. 2009 മുതൽ 2015 വരെ Karbianglong Amkachi സെന്റ്പോൾ ദൈവാലയത്തിൽ വികാരിയായും സ്കൂൾ പ്രിൻസിപ്പൽ ആയും സേവനംചെയ്തു. 2015 മുതൽ Umswai Mary Mother of Church-ൽ Parish priest ആയി സേവനംചെയ്യുന്നു. ഈ കാലയളവിൽ മനോഹരമായ ഒരു ദൈവാലയം നിർമ്മിച്ച് 1917-ൽ കൂദാശചെയ്തു.

## ANIKUZHIKKATTIL LUKA FAMILY CALENDER

| Name | Birthday | Baptism | Feastday | 1st Profe-ssion Day | Final Profe-ssion Day | Ordination Day | Wedding/ Consecration Day | D.Day |
|---|---|---|---|---|---|---|---|---|
| Mr. Luka Mathai | 19-02-1919 | 26-02-1919 | 18-10 | | | | 05-02-1934 | 03-05-2006 |
| Mrs. Aleyamma Luka | 22-01-1921 | 29-01-1921 | 05-11 | | | | 05-02-1934 | 14-07-2011 |
| Sr. Annie | 14-01-1938 | 20-01-1938 | 26-07 | 05-08-1960 | 05-08-1966 | | | |
| Sr. Rosakutty | 20-06-1940 | 27-06-1940 | 04--09 | 15-12-1964 | 15-12-1970 | | | 28-05-2018 |
| MAR. Mathew | 23-09-1942 | 30-09-1942 | 21-09 | | | 15-03-1971 | 02-03-2003 | |
| Mrs. Thressiamma | 16-08-1944 | 30-08-1944 | 01-10 | | | | 31-01-1963 | |
| Sr. Mary Luka | 03-10-1946 | 14-10-1946 | 08-09 | 15-12-1970 | 17-12-1978 | | | 13-02-2014 |
| Mr. Manuel | 06-09-1949 | 13-09-1949 | 25-12 | | | | 04-05-1970 | |
| Fr. Thomas | 05-08-1951 | 10-08-1951 | 03-07 | | | 06-03-1978 | | |
| Fr. Michael Ani. | 17-09-1954 | 24-09-1954 | 29-09 | | | 07-04-1983 | | |
| Sr. Alice | 15-05-1955 | 24-05-1955 | 05-11 | 01 -11 -1977 | 01-05-1986 | | | |
| Fr. Jose | 02-11-1957 | 09-11-1957 | 19-03 | 30-06-1977 | 12-02-1983 | 04-01-1986 | | |
| Monica | 14-02-1960 | 18-02-1960 | 27-08 | | | | | 20-02-1960 |
| Fr. Tomy Luka | 21-04-1961 | 26-04-1961 | 18-10 | | | 04-01-1990 | | |
| Fr. Antony | 04-02-1963 | 07-02-1963 | 13-06 | | | 04-01-1990 | | 02-06-1992 |
| Mr. Savio | 03-07-1965 | 14-07-1965 | 06-05 | | | | | 02-05-2000 |
| Mrs. Lissamma | 15-07-1968 | 21-07-1968 | 06-07 | | | | 22-04-1991 | |

# ആടിമാക്കീൽ കുടുംബം



റവ. ഫാ. ജോസഫ് (ജോയി)
ആടിമാക്കീൽ



റവ. ഫാ. ചെറിയാൻ
ആടിമാക്കീൽ



റവ. ഫാ. സാബു V.C
ആടിമാക്കീൽ



സി. വിജില എസ്. എച്ച്
ആടിമാക്കീൽ

# ആടിമാക്കീൽ കുടുംബം



സ്കറിയ (കൊച്ചുകുട്ടി)
ആടിമാക്കീൽ
മരണം 22-8-1999



തൊമ്മച്ചൻ & ത്രേസ്യാമ്മ
ആടിമാക്കീൽ



ബെന്നി & ഫാമിലി
ആടിമാക്കീൽ



ഷാജി &
ഫാമിലി
ആടിമാക്കീൽ

# ആടിമാക്കീൽ കുടുംബം



കുഞ്ഞ് സ്കറിയായും (കൊച്ചുകുട്ടിയുടെ മകൻ) കുടുംബവും



ജോസ് (കുഞ്ഞിന്റെ മകൻ)
മരണം 17-3-1990



ടോമിയും (സ്കറിയായുടെ (കുഞ്ഞ്) മകൻ) കുടുംബവും



സജി & ഫാമിലി

# ആടിമാക്കീൽ കുടുംബം



അലക്സും (സ്കറിയായുടെ (കുഞ്ഞ്) മകൻ) കുടുംബവും



സിജോ (ആന്റണി സ്കറിയ) യും കുടുംബവും

ഔസേപ്പ് (കുഞ്ഞഔത) &
അന്നമ്മ
ആടിമാക്കീൽ





ഔസേപ്പ് ഔസേപ്പ് മകൻ കുട്ടിയും (ജോസഫും) കുടുംബവും

# ആടിമാക്കീൽ കുടുംബം

ജോസഫ് (കുട്ടി)
മകൻ മാത്യു
ജോസഫും
കുടുംബവും





ജോസഫ് (കുട്ടി) മകൻ തോമസ്
ജോസഫും (ഉമ്മച്ചൻ) കുടുംബവും



ഔസേപ്പ് ഔസേപ്പ് മകൻ
എ.ജെ സഖറിയാസും
ഭാര്യ മാമ്മി (മേരി)യും



അടിമാക്കീൽ എ. ജെ. സഖറിയാസ് മകൻ ടോമി സഖറിയാസ്
ഭാര്യ ഡാലി മക്കൾ ശില്പ, നിധിൻ

# ആടിമാക്കീൽ കുടുംബം



എ.ജെ. സഖറിയാസ് മകൻ
ജോൺസനും കുടുംബവും



എ.ജെ. സഖറിയാസ് മകൻ
ജോഷി സഖറിയാസും കുടുംബവും

എ.ജെ.സഖറിയാസ് മകൻ
ജോർജ് സഖറിയാസും (സജി)
കുടുംബവും





ഔസേപ്പ് ഔസേപ്പ്
മകൻ വർക്കിയും
കുടുംബവും

# ആടിമാക്കീൽ കുടുംബം



ആടിമാക്കീൽ തോമസ്
ഭാര്യ ഏലിയാമ്മ തോമസ്



ജോസഫ് (പാപ്പച്ചൻ)
ഭാര്യ കത്രീന



പാപ്പച്ചന്റെ മകൻ
ജോയിയും കുടുംബവും

പാപ്പച്ചന്റെ മകൻ
ബെന്നിയും
കുടുംബവും



# ആടിമാക്കീൽ കുടുംബം



തോമസ് (കൊച്ചുകുഞ്ഞ്) & ഫാമിലി



രാജേഷ് & ഫാമിലി

# ആടിമാക്കീൽ കുടുംബം



ആടിമാക്കീൽ
തോമസ് മകൻ
ലൂക്കാ &
ഫാമിലി



ബിനോ & ഫാമിലി



വെളിയംകുളത്തേൽ
സക്കറിയാ തോമസ്
ഭാര്യ ഏലി

# ആടിമാക്കീൽ കുടുംബം

വെളിയംകുളത്തേൽ



വെളിയംകുളത്തേൽ
V.S. തോമസ്
& ഫാമിലി



വെളിയംകുളത്തേൽ
വി. എസ്. അപ്പച്ചൻ
& ഫാമിലി



വെളിയംകുളത്തേൽ
വി. റ്റി. ഫ്രാൻസീസ്
(തങ്കച്ചൻ) & ഫാമിലി



വെളിയംകുളത്തേൽ
വി. എസ്. ജോസഫ്
& ഫാമിലി

# ആടിമാക്കീൽ കുടുംബം





വെളിയംകുളത്തേൽ
ബേബി (സെബാസ്റ്റ്യൻ)
& ഫാമിലി



വെളിയംകുളത്തേൽ
മത്തായി &
ത്രേസ്യാമ്മ



വെളിയംകുളത്തേൽ
സഖറിയ (കൊച്ച്)
& ഫാമിലി

# ആനികുഴിക്കാട്ടിൽ



ആനികുഴിക്കാട്ടിൽ കുടുബത്തിലെ അഞ്ച് കരണവൻ

## ആനികുഴിക്കാട്ടിൽ (മുല്ലൂർ)



ലൂക്കാ (ഇട്ടിക്കുഞ്ഞ്)
മകൻ തൊമ്മനും
കുടുംബവും



തൊമ്മൻ മകൻ
കൊച്ചുകുട്ടിയും
ഭാര്യ ത്രേസ്യായും

# ആനികുഴിക്കാട്ടിൽ (മുല്ലൂർ)



കൊച്ചുകുട്ടി മകൾ
സി. ജെനേസിയൂസ് CMC
(ഡോ. റോസ് മൂല്ലൂർ)



കൊച്ചുകുട്ടി മകൻ
പാപ്പച്ചനും ഭാര്യ തെരേസായും



കൊച്ചുകുട്ടി മകൻ
ജോസുംഭാര്യ
ഫിലോയും



ജോസ് മകൻ ജോബിൻ ഭാര്യ ലിഷ,
ജോസ് മകൾ രേണു ഭർത്താവ് ബിബിൻ
ജോസ് മകൻ ആനന്ദ് എന്നിവർ അമ്മയോടൊപ്പം

# ആനികുഴിക്കാട്ടിൽ



ആനികുഴിക്കാട്ടിൽ മത്തായി മകൻ
ലൂക്കാ ഭാര്യ ഏലിക്കുട്ടി



സമർപ്പിതരായ 10 മക്കൾ മതാപിതാക്കളോടും മുൻ കോതമംഗലം
മെത്രൻ മാർ ജോർജ് പുന്നക്കോട്ടിലിനും ഒപ്പം

# ആനികുഴിക്കാട്ടിൽ



ലൂക്കായും ഏലികുട്ടിയും പതിനാലു മക്കളുമൊത്ത്

# ആനികുഴിക്കാട്ടിൽ



ലൂക്കാ മകൾ
സി. ആനി FMA



ലൂക്കാ മകൾ
സി. റോസക്കുട്ടി



ലൂക്കാ മകൻ അഭി. മാർ മാത്യു
ആനികുഴിക്കാട്ടിൽ



ലൂക്കാ മകൾ
ത്രേസ്യായും കുടുംബവും



ലൂക്കാ മകൾ
സി. മേരി ലൂക്കാ FMM

# ആനികുഴിക്കാട്ടിൽ



ലൂക്കാ മകൻ മാനുവലും ഭാര്യ മേരിയും



ലൂക്കാ മകൻ മാനുവലും ഭാര്യ മേരിയും മാതാപിതാക്കളോടും ജേഷ്ഠ സഹോദരിമാരോടും മക്കളോടും ഒത്ത്



മാനുവൽ മകൻ റോയിസണും കുടുംബവും



മാനുവൽ മകൻ റെജിസണും കുടുംബവും



മാനുവൽ മകൾ റീജ സ്റ്റാൻലി പുന്നോലിലും കുടുംബവും

# ആനികുഴിക്കാട്ടിൽ



ലൂക്കാ മകൻ
ഫാ. തോമസ്



ലൂക്കാ മകൻ
ഫാ. മൈക്കിൾ



ലൂക്കാ മകൾ
സി. ആലീസ് S.H



ലൂക്കാ മകൻ
ഫാ. ജോസ് SDB



ലൂക്കാ മകൾ
മോനിക്കാ



ലൂക്കാ മകൻ
ഫാ. റ്റോമി ലൂക്കാ

# ആനികുഴിക്കാട്ടിൽ



ലൂക്കാ മകൻ
ഫാ. ആന്റെണി
(സണ്ണി) MST




ലൂക്കാ മകൻ സാവിയോ
തന്റെ ചിത്ര രചനകൾക്കു നടുവിൽ



ലൂക്കാ മകൾ ലിസമ്മ തങ്കച്ചൻ
പാലക്കുഴിയും കുടുംബവും

# ആനികുഴിക്കാട്ടിൽ



മത്തായി മകൻ
മത്തായിയും
ഭാര്യ റോസയും

മത്തായി മകൻ
പ്രൊഫ. എ.എം. മാത്യുയും
ഭാര്യ ലീലാമ്മയും





മാത്യു മകൻ
ബോബിയും
കുടുംബവും

# ആനികുഴിക്കാട്ടിൽ



മത്തായി മകൻ
എ.എം. ജോസ്



ജോസ് ഭാര്യ പെണ്ണമ്മ
മരണം 07.10.1996



ജോസ് മകൻ സുനിലും
കുടുംബവും



ജോസ് മകൻ റ്റാനിലും
കുടുംബവും



ജോസ് മകൻ അനിലും
കുടുംബവും



ജോസ് മകൻ പ്രീതലും
കുടുംബവും

# ആനികുഴിക്കാട്ടിൽ



മത്തായി മകൾ
സി. ഡോ. ആനീസ് FMSC



മത്തായി മകൻ മാമച്ചനും
കുടുംബവും



മത്തായി മകൻ കുഞ്ഞേപ്പും
ഭാര്യ മറിയക്കുട്ടിയും



കുഞ്ഞേപ്പ് മകൻ എ.ജെ ബേബിയും
കുടുംബവും



കുഞ്ഞേപ്പ് മകൾ
ലില്ലി മാത്യു
താന്നിക്കലും
കുടുംബവും

# ആനികുഴിക്കാട്ടിൽ



കുഞ്ഞേപ്പ് മകൻ എ.ജെ. ജോസും കുടുംബവും



കുഞ്ഞേപ്പ് മകൻ
എ.ജെ. സിറിയക്കും കുടുംബവും
മാതാപിതാക്കളോടൊപ്പം



കുഞ്ഞേപ്പ് മകൻ
എ.ജെ സാജൻ ജോർജും
(ഇമ്മാനുവേൽ)
കുടുംബവും

# ആനികുഴിക്കാട്ടിൽ



മത്തായി മകൻ തോമസും കുടുംബാംഗങ്ങളും അഭി. മാർ
മാത്യു ആനികുഴിക്കാട്ടിൽ പിതാവിനോടൊപ്പം

തോമസ് മകൻ
ജോയിയും ഭാര്യ
അമ്മിണികുട്ടിയും
മകൾ ജോഫിയും





തോമസ് മകൾ
സി. സിൽവെസ്റ്റർ
മേരി ASMI



തോമസ് മകൻ
ഫാ.റ്റോമി SDB

# 21

# നടുക്കര

**പാ**ഴൂർ ഇട്ടി (തൊമ്മൻ)യുടെ നാലാമത്തെ മകനായ തൊമ്മൻ, 1860-കളിൽ കടപ്ലാമറ്റം നടുക്കര പുരയിടത്തിൽ താമസമാക്കി. ഈ കുടുംബം നടുക്കര എന്ന വീട്ടുപേരിൽ അറിയപ്പെട്ടു. മൂന്നുവശം തോടുകളാലും ഒരുവശം വർഷകാലത്ത് വെള്ളമൊഴുക്കുള്ള വലിയ തൊണ്ടിനാലും അതിരു തിരിഞ്ഞു കിടന്നിരുന്ന സ്ഥലം എന്നതിനാലാണ് ഈ പുരയിടത്തിന് നടുക്കര എന്ന പേരു ലഭിച്ചത്. തൊമ്മന്റെ പ്രഥമഭാര്യ അന്നമ്മ ആദ്യപ്രസവത്തോടെ മരണമടഞ്ഞു. ടി വിവാഹത്തിലെ ഏക മകൾ അക്കാമ്മ. പിന്നീട് തൊമ്മൻ പാറയടിയിൽ-പാണ്ടമ്പടത്തിൽ ഔസേപ്പ്-മാമ്മി ദമ്പതികളുടെ മകളായ ഏലിയെ വിവാഹം ചെയ്തു. തൊമ്മൻ-ഏലി ദമ്പതികൾക്ക് ആറ് മക്കൾ. രണ്ട് ആണും നാലും പെണ്ണും. ജോസഫ് (കുട്ടൻ), മാത്യു എന്നിവരാണ് ആൺമക്കൾ. അന്നമ്മ, ത്രേസ്യാമ്മ, ഏലി, മറിയാമ്മ എന്നിവരാണ് പെൺമക്കൾ. തൊമ്മന്റെ ഭാര്യ ഏലി 90-ാമത്തെ വയസ്സിൽ 19.6.1944-ൽ മരിച്ചു. കടപ്ലാമറ്റം സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

തൊമ്മന്റെ ആദ്യവിവാഹത്തിലെ മകൾ അക്കാമ്മയെ മീനച്ചിൽ, ഞണ്ടുപാറ കാഞ്ഞമല മത്തായി വിവാഹം ചെയ്തു. രണ്ടാം വിവാഹത്തിലെ മൂത്ത മകൾ അന്നമ്മയെ കൊഴുവനാൽ വയലിൽ മത്തായി-അന്ന മകൻ ചാക്കോ വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ ത്രേസ്യാമ്മയെ പാദുവാ, കുഴിപ്പാലയിൽ, ഔസേപ്പ്-ഏലി മകൻ ഔസേപ്പ് വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ ഏലിയെ കാഞ്ഞിരമറ്റം തോലാനിയ്ക്കൽ തൊമ്മൻ-അന്നമ്മ മകൻ മാത്യുവും, നാലാമത്തെ മകളായ മറിയാമ്മയെ കൊഴുവനാൽ തെക്കേമുറി മാത്യുവും വിവാഹം ചെയ്തു.

നടുക്കര തൊമ്മന്റെ രണ്ട് ആൺമക്കളിൽ ഇളയവനായ മാത്യു ചെറുപ്പത്തിലേ മരിച്ചു. മൂത്തമകൻ കുട്ടൻ എന്നു വിളിക്കുന്ന ജോസഫിന്റെ സന്താനപരമ്പരയാണ് ഇന്ന് അറിയപ്പെടുന്ന പ്രശസ്തമായ

നടുക്കരകുടുംബം. കോട്ടയം ജില്ലയിലെ കടപ്ലാമറ്റം സെന്റ് മേരീസ് പള്ളിയാണ് ഇടവക ദൈവാലയം. 1965-ന് ശേഷം ഈ കുടുംബ ത്തിൽനിന്നും ചിലർ കോഴിക്കോട്, എറണാകുളം, ഇടുക്കി ജില്ലക ളിലേക്ക് കുടിയേറി.

## I നടുക്കര തൊമ്മൻ മകൻ ജോസഫ് (കുട്ടൻ)

പാഴൂർ ഇട്ടിയുടെ നാലാമത്തെ മകനായ തൊമ്മന്റെ മൂത്തമ കനായ കുട്ടൻ എന്നു വിളിക്കുന്ന ജോസഫ്, മരങ്ങാട്ടുപള്ളി മുതി രക്കാലായിൽ വർഗ്ഗീസ്-അന്ന മകൾ റോസയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഏഴ് മക്കൾ. രണ്ട് പെൺമക്കളും, അഞ്ച് ആൺമ ക്കളും. എലിസബത്ത്, റോസ എന്നിവരാണ് പെൺമക്കൾ. ഏറ്റുമാ നൂർ, ചോരേട്ട് ആയ പറവേലിൽ ചാക്കോ-മറിയം മകൻ കുര്യൻ ആണ് എലിസബത്തിന്റെ ഭർത്താവ്. ഇളയ മകൾ റോസ പാലാ തിരുഹൃദയമഠത്തിൽ അംഗമായി സി. റോസ്‌ലിൻ എന്ന പേരു സ്വീക രിച്ചു. സി. റോസ്‌ലിൻ രാമപുരം, ചക്കാമ്പുഴ, വയലാ എന്നിവിടങ്ങ ളിലുള്ള എസ്സ്. എച്ച്. കോൺവെന്റുകളിൽ ജോലി ചെയ്തു. അധ്യാ പികയായിരുന്ന സിസ്റ്റർ 16.3.2005-ൽ നിര്യാതയായി. രാമപുരം സെന്റ് അഗസ്റ്റിൻ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ആൺ മക്കൾ തോമസ്, വർഗ്ഗീസ്, എബ്രാഹം, ജോസഫ്, മാത്യൂസ് എന്നിവരാണ്. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ജീവിച്ചിരുന്ന, കുട്ടൻചേട്ടനെന്ന് നാട്ടുകാർ വിളിച്ചിരുന്ന ജോസഫ്, സ്വാതന്ത്ര്യസമരപരിപാടികളിൽ സജീവമായിരുന്നു. സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന പൂവത്തു ങ്കൽ പി.സി. ജോസഫ് രചിച്ച ആത്മകഥയിൽ കുട്ടൻചേട്ടന്റെ സമ രരംഗത്തേയ്ക്കുള്ള ധീരമായ കാൽവയ്പുകൾ വിവരിക്കുന്നുണ്ട്. സമരത്തിൽ പങ്കെടുക്കുന്നവരുടെ സ്വത്തുക്കൾവരെ കണ്ടുകെട്ടു മെന്ന സർ.സി.പി.യുടെ ഭീഷണിയെ വെല്ലുവിളിച്ചുകൊണ്ട് കുട്ടൻചേ ട്ടൻ തന്റെ സ്ഥലത്ത് സി.പി.യ്ക്കെതിരെ പ്രതിഷേധയോഗം നട ത്തുവാൻ അനുമതി നല്കി. കോൺഗ്രസ്സിന്റെ പ്രമുഖനേതാക്കൾ പങ്കെടുത്ത ആ സ്വാതന്ത്ര്യസമര പ്രചരണയോഗം കടപ്ലാമറ്റത്ത് പുതിയൊരു സമരാവേശംതന്നെ സൃഷ്ടിക്കുകയുണ്ടായി. ഏറെ പേരെ സ്വാതന്ത്ര്യ സമരത്തിലേയ്ക്കാകർഷിച്ച ഒരു സംഭവമായി അതുമാറി. കുട്ടനെന്ന ജോസഫ് 25.10.1971-ൽ തന്റെ 85-ാം വയ സ്സിൽ നിര്യാതനായി.

## I-A. നടുക്കര ജോസഫ് മകൻ തോമസ് (കുട്ടി)

നടുക്കര കുട്ടൻ എന്ന ജോസഫിന്റെ അഞ്ച് ആൺമക്കളിൽ മൂത്ത മകനായ കുട്ടി എന്നു വിളിക്കുന്ന തോമസ്, കൃഷിയോടൊപ്പം

ബിസിനസ്സിലും സജീവമായിരുന്നു. ആദ്യം കൂടല്ലൂർ ചന്തയിൽ തുടങ്ങിയ കച്ചവടം പിന്നീട് കടപ്ലാമറ്റത്തേക്കു മാറ്റി. 1950-കളിൽ കടപ്ലാമറ്റം നിവാസികളുടെ ഏക വാണിജ്യാശ്രയമായിരുന്നു കുട്ടിയുടെ കച്ചവട സ്ഥാപനം. മഹാത്മാഗാന്ധിയുടെ നിസ്സഹരണപ്രസ്ഥാനത്തിൽ ആകൃഷ്ടനായ തോമസ് കച്ചവടത്തിനിടയിലും തന്റെ പിതാവിനോടൊപ്പം സ്വാതന്ത്ര്യസമരത്തിൽ പങ്കുചേർന്നു. അദ്ദേഹത്തിന്റെ മാതൃസഹോദരപുത്രനായിരുന്ന മുതിരക്കാലായിൽ വർഗ്ഗീസ് വക്കീൽ അന്ന് മീനച്ചിൽ താലൂക്കിലെ സ്വാതന്ത്ര്യസമരരംഗത്ത് ആർ.വി. തോമസ്, കെ. എം. ചാണ്ടി, ചെറിയാൻ കാപ്പൻ തുടങ്ങിയവർക്കൊപ്പം നിന്ന കരുത്തനായ നേതാവായിരുന്നു. ഡേവിഡ് മഹാപിള്ളയെന്ന പേരു സ്വീകരിച്ച വർഗ്ഗീസ് വക്കീലിനോടൊപ്പം തോമസും സമരത്തിൽ സജീവപങ്കാളിയായി.

മറ്റക്കര പൂവൻപുഴയ്ക്കൽ മത്തായി-ഏലി ദമ്പതികളുടെ മകളും മുൻ എം.എൽ.എ. പി.എം. ജോസഫിന്റെ സഹോദരിയുമായ ഏലിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ആറ് മക്കൾ. മൂന്ന് ആൺമക്കളും, മൂന്ന് പെൺമക്കളും. ബേബി (ജോസ് ചന്ദർ), ജോയി (ജോയി നടുക്കര), ജോർജ്ജ് (മാമച്ചൻ) എന്നിവരാണ് ആൺമക്കൾ. റോസമ്മ (ഗ്രേസി), ഏലമ്മ (ഗ്രേസ്), റോസിലി എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ റോസമ്മ (ഗ്രേസി) 20-1-1946-ൽ പ്രൈമറി സ്കൂൾ പഠനകാലത്തു തന്നെ നിര്യാതയായി. രണ്ടാമത്തെ മകളായ ഏലമ്മ (ഗ്രേസ്)യെ കുടക്കച്ചിറ നെല്ലിക്കയം വർക്കി-മേരി മകൻ സി.വി.ജോസ് വിവാഹം ചെയ്തു. ഇളയ മകൾ റോസിലി അവിവാഹിതയാണ്. കുട്ടിയെന്ന തോമസ് 5-2-1999-ൽ 87-ാം വയസ്സിലും ഭാര്യ ഏലി 27-9-2009-ൽ 96-ാം വയസ്സിലും നിര്യാതരായി.

## I-A-1. നടുക്കര തോമസ് മകൻ ജോസ് ചന്ദർ (ബേബി)

നടുക്കര കുട്ടി(തോമസ്)യുടെ മൂന്ന് ആൺമക്കളിൽ മൂത്തമകനായ ബേബി എന്നു വിളിക്കുന്ന ഡോ. എൻ. ജോസ് ചന്ദർ, പാലാ സെന്റ് തോമസ് കോളേജിൽ പൊളിറ്റിക്സ് വിഭാഗം പ്രൊഫസറായിരുന്നു. തുടർന്ന് 1978 -ൽ കേരളാ യൂണിവേഴ്സിറ്റി കറസ്പോണ്ടൻസ് വിഭാഗം ഡയറക്ടർ ആയി നിയമിതനായി. 1998-ൽ വിരമിച്ചു. പഠനകാലത്തു തന്നെ തന്റെ മികവ് പ്രകടിപ്പിച്ചിരുന്ന ബേബി കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും പൊളിറ്റിക്സ് ബി.എ. ഒന്നാം റാങ്കോടെയാണ് പാസ്സായത്. അന്ന് കേരളത്തിൽ ഒരു യൂണിവേഴ്സിറ്റിയേ ഉണ്ടായിരുന്നുള്ളു. മദ്രാസ് പ്രസിഡൻസി കോളേജിൽ

നിന്നും എം. എ. പാസ്സായി. പാലാ സെന്റ് തോമസ് കോളേജിൽ അദ്ധ്യാപകനായിരിക്കെയാണ് ഡോക്ടറേറ്റ് എടുത്തത്. വിദ്യാർത്ഥി യായിരുന്ന കാലം അദ്ദേഹം പാലാ സെന്റ് തോമസ് കോളേജ് യൂണിയൻ ചെയർമാനായിരുന്നു. വയലാർ രവി, ജോർജ് തരകൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ കെ.എസ്സ്.യുവിന്റെ ആദ്യ എക്സി ക്യൂട്ടിവ് രൂപംകൊള്ളുമ്പോൾ അതിലെ അംഗമായിരുന്നു. റിട്ട യർമെന്റിനുശേഷം സീനിയർ സിറ്റിസൻസ് ഫോറം എന്ന സംഘ ടനയിൽ സജീവമാവുകയും 2012-13-ൽ അതിന്റെ സംസ്ഥാന പ്രസി ഡന്റാവുകയും ചെയ്തു. തലയോലപ്പറമ്പ്, കള്ളിക്കാട്ട് (കരിമഠം) കെ.വി. ജോസഫിന്റെയും റോസക്കുട്ടിയുടെയും മകൾ ആലീ സിനെയാണ് വിവാഹം കഴിച്ചത്. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ഒരാണും, രണ്ട് പെൺമക്കളും. റോജൻ ആണ് മകൻ. ജീനാ, റീനാ എന്നിവർ പെൺമക്കളും. ജീനായെ ചാലക്കുടി പുതുശ്ശേരി ഔസേ പ്പ്-മേരി ദമ്പതികളുടെ മകനായ ബർണാർദ് വിവാഹം ചെയ്തു. റബ്ബർബോർഡിൽ ഫീൽഡ് ഓഫീസറായി ജോലി ചെയ്തിരുന്ന ജീനാ പിൽക്കാലത്ത് ജോലി രാജിവയ്ക്കുകയുണ്ടായി. ഇളയമക ളായ റീനായെ സുൽത്താൻ ബത്തേരി, കോളിയാടി മൂലഞ്ചേരി ജോസഫ്-അന്നമ്മ മകൻ മാത്യൂസ് വിവാഹം ചെയ്തു. റീനാ സൗത്ത് ഗ്രാമീൺ ബാങ്കിൽ ഉദ്യോഗസ്ഥയാണ്.

## I-A-1a. നടുക്കര ജോസ് ചന്ദർ മകൻ റോജൻ

നടുക്കര ജോസ് ചന്ദറിന്റെ (ബേബി) മകനാണ് റോജൻ. പോസ്റ്റ് ഗ്രാജുവേറ്റ് ബിരുദധാരിയായ റോജൻ എം.ജി. യൂണിവേ ഴ്സിറ്റിയിൽ ജോലി ചെയ്യുന്നു. ളാക്കാട്ടൂർ മണ്ണനാൽ ജോസഫ്-റോസമ്മ മകൾ ജസ്സിയാണ് ഭാര്യ. ഗ്രാജുവേറ്റായ ജസ്സി അകല ക്കുന്നം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. നീതി ലിസ്സ (എലിസബത്ത്), ദിവ്യറോസ് (റോസ്).

## I-A-2. നടുക്കര തോമസ് മകൻ ജോയി (ജോയി നടുക്കര)

നടുക്കര കുട്ടി(തോമസ്)യുടെ രണ്ടാമത്തെ മകനാണ് ജോയി. ബി.എസ്സ്.സി. പാസായശേഷം കടപ്ലാമറ്റം സെന്റ് ആൻറണീസ് ഹൈസ്കൂളിൽ ചുരുങ്ങിയ കാലം അദ്ധ്യാപകനായി ജോലി ചെയ്ത ജോയി അദ്ധ്യാപക ജോലിയിൽ തുടർന്നില്ല. അടുത്തവർഷം എറ ണാകുളം മഹാരാജാസ് ലോ കോളേജിൽ ചേർന്ന് പഠനം തുടരു

കയും നിയമബിരുദം കരസ്ഥമാക്കുകയും ചെയ്തു. തടുർന്ന് പാലായിൽ പ്രഗത്ഭനായ ഒരു അഭിഭാഷകൻ കൂടിയായിരുന്ന കെ.എം. മാണിയുടെ ജൂനിയറായി അഭിഭാഷകവൃത്തിയാരംഭിച്ചു. അഭിഭാഷകനായി പ്രവർത്തിച്ചിരുന്ന അവസരത്തിൽ തന്നെ തന്റെ ഗുരുവിനോടൊപ്പം രാഷ്ട്രീയത്തിലും സജീവമായി. കേരളാകോൺഗ്രസ്സിന്റെ യുവജനവിഭാഗമായ യൂത്ത് ഫ്രണ്ടിന്റെ സ്ഥാപകസംസ്ഥാന സെക്രട്ടറിയായിരുന്നു. കേരളാ കോൺഗ്രസ്സിന്റെ ജില്ലാ സെക്രട്ടറി, പ്രസിഡന്റ്, സംസ്ഥാന സെക്രട്ടറി എന്നീ തലങ്ങളിൽ ദീർഘനാളുകൾ പ്രവർത്തിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറിയായിരിക്കെ 1995-ൽ രാജ്യസഭയിലേയ്ക്ക് തിഞ്ഞെടുക്കപ്പെട്ടു. എ.കെ.ആന്റണി രാജ്യസഭാംഗത്വം രാജിവച്ച ഒഴിവിൽ ടി സ്ഥാനത്തേയ്ക്കാണ് തെരഞ്ഞെടുക്കപ്പെട്ടത്. ജോയി നടുക്കരയ്ക്ക് 20 മാസക്കാലം മാത്രമാണ് രാജ്യസഭാംഗമായിരിക്കാൻ കഴിഞ്ഞത്. പ്രമുഖ സഹകാരികൂടിയായ ജോയി നടുക്കര സംസ്ഥാനത്തെ പ്രമുഖ സഹകരണസ്ഥാപനങ്ങളിലൊന്നായ മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് & പ്രോസസ്സിംഗ് സഹകരണസംഘത്തിന്റെ പ്രസിഡന്റായി 25 വർഷം സേവനമനുഷ്ഠിച്ചു.

മീനച്ചിൽ കാർഷികവികസന ബാങ്ക്, പാലാ മാർക്കറ്റിംഗ് സഹകരണ സംഘം, സംസ്ഥാനജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം, മീനച്ചിൽ സഹകരണ സർക്കിൾ യൂണിയൻ തുടങ്ങിയവയുടെ ഭരണസമിതികളിലും അംഗമായിരുന്നു. കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രഥമ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. രണ്ട് പ്രാവശ്യം പഞ്ചായത്ത് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. പ്രഥമ കോട്ടയം ജില്ലാ കൗൺസിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ജോയി നടുക്കര, ജില്ലാ കൗൺസിൽ പ്രതിപക്ഷനേതാവായും പ്രവർത്തിക്കുകയുണ്ടായി. പാലാ ബാറിലെ പ്രമുഖ അഭിഭാഷകനായ ജോയി നടുക്കര കേരള സംസ്ഥാന ബാർ കൗൺസിൽ മെമ്പർ, ബാർ കൗൺസിൽ ഡിസിപ്ലിനറി കമ്മിറ്റി ചെയർമാൻ, പാലാ ബാർ അസോസിയേഷൻ പ്രസിഡന്റ്, പാലാ സീനിയർ ലോയേഴ്സ് ഫോറം പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. ജോയി നടുക്കര ചെയർമാനായ നടുക്കര ചാരിറ്റബിൾ ട്രസ്റ്റ് വിദ്യാഭ്യാസരംഗത്തും ആതുര സേവനരംഗത്തും മാതൃകാപരമായ സേവനം നടത്തിവരുന്നു. “പുനർചിന്ത” എന്ന രാഷ്ട്രീയമാസികയുടെ പത്രാധിപനും പബ്ലിഷറുമായി പ്രവർത്തിച്ചിട്ടുണ്ട്. പി.ടി. ചാക്കോ സ്റ്റഡി സെന്റർ എന്ന പേരിൽ ജോയി നടുക്കര നേതൃത്വം

നൽകിയ സാംസ്കാരിക സംഘടന ദീർഘകാലം കേരളരാഷ്ട്രീയരംഗത്ത് ചർച്ചയായിരുന്നു.

കൂടല്ലൂർ ഇടവകയിൽ കീറ്റുപ്ലാക്കീൽ പൈലി-റോസ (ചിന്നമ്മ) ദമ്പതികളുടെ മകളായ സിസിലിയെ വിവാഹം ചെയ്തു. ലേബർ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്തിരുന്ന സിസിലി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറായി 2002-ൽ റിട്ടയർ ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. മനേഷ്, സുനേഷ്.

## IA-2a. ജോയി നടുക്കര മകൻ മനേഷ്

ജോയി നടുക്കരയുടെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് മനേഷ്. ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരുന്ന അവസരത്തിൽ ലെതർ ടെക്നോളജിയിൽ ഉന്നതപഠനത്തിനായി നാഗ്പൂരിലെ വാർദ്ധയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലെതർ ടെക്നോളജിയിൽ ചേർന്നു. പഠനത്തിനുശേഷം കളമശേരിയിൽ കൊച്ചിൻ ലെതേഴ്സ് എന്ന സ്ഥാപനത്തിന്റെ ഡയറക്ടറായി പ്രവർത്തിച്ചു. പിന്നീട് കുടുംബസംരഭമായ കൊച്ചിൻ സാനിവെയേഴ്സ് എന്ന ബിൽഡിംഗ് മെറ്റീരിയൽ ഷോപ്പിന് തുടക്കം കുറിച്ചു. ഒരു പാർട്ട്ണർഷിപ്പ് സ്ഥാപനമായ കൊച്ചിൻ സാനിവെയേഴ്സിന്റെ മാനേജിംഗ് പാർട്ട്ണർ ആണ് മനേഷ്. ടി. സ്ഥാപനത്തിന് ഇപ്പോൾ പാലാ, പൊൻകുന്നം, പൂത്തോട്ട (എറണാകുളം), റാന്നി (പത്തനംതിട്ട), തിരുവാങ്കുളം, തിരുവല്ല എന്നിവിടങ്ങളിൽ ബ്രാഞ്ചുകളുണ്ട്. മനേഷ് കുമളി ഒന്നാംമൈൽ വടക്കേക്കുഴിക്കാട്ടിൽ ജോൺ-ലിസമ്മ ദമ്പതികളുടെ മകളായ ദീപയെ വിവാഹം ചെയ്തു. ഗ്രാജുവേറ്റായ ദീപയും ബിസിനസ്സിൽ പങ്കാളിയാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. റെൻസൺ മനേഷ് എന്ന മകനും റെയോണാ മനേഷ് എന്ന മകളും.

## IA-2b. ജോയി നടുക്കര മകൻ സുനേഷ്

ജോയി നടുക്കരയുടെ രണ്ടാമത്തെ മകനാണ് സുനേഷ്. ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജിലും ഉടുപ്പിയിലെ വൈകുണ്ഠ ബാലികാ കോളേജ് ഓഫ് ലോയിലും പഠിച്ചു. എൽ.എൽ.ബി ബിരുദം നേടിയശേഷം പാലായിൽ പിതാവിനോടൊപ്പം പ്രാക്ടീസ് ആരംഭിച്ച സുനേഷ് പിന്നീട് സഹോദരനോടൊപ്പം കൊച്ചിൻ സാനിവെയേഴ്സിന്റെ പാർട്ടണർ ആയി ബിസിനസ്സ് രംഗത്ത് പ്രവർത്തിക്കുന്നു. പടിഞ്ഞാറ്റിൻകര ചെമ്പകമറ്റത്തിൽ മൈക്കിൾ-സിസിലി ദമ്പതിക

ളുടെ മകളായ ആൻ മരിയായെ ജീവിതപങ്കാളിയാക്കി. ഗ്രാജുവേറ്റായ ആൻമരിയായും കുടുംബബിസിനസ്സിൽ പങ്കാളിത്തം വഹിക്കുന്നു. ഇവർക്ക് നാലു മക്കൾ. രണ്ട് ആൺകുട്ടികളും, രണ്ട് പെൺകുട്ടികളും. റിയ മരിയ സുനേഷ്, റോൺ മാത്യു സുനേഷ്, റൂത്ത് എത്സാ സുനേഷ്, റോണി മൈക്കിൾ സുനേഷ്.

## I A-3. നടുക്കര തോമസ് മകൻ ജോർജ്ജ്

നടുക്കര തോമസ് (കുട്ടി)-ന്റെ മൂന്ന് ആൺമക്കളിൽ ഇളയവനായ മാമച്ചൻ എന്നു വിളിക്കുന്ന ജോർജ്ജ്, ബി.എഡ്. ബിരുദധാരികൂടിയാണ്. ജോർജ്ജ്, കുളുവാലിയിലും, ബൂട്ടാൻ, എത്യോപ്യാ തുടങ്ങിയ വിദേശനാടുകളിലും അദ്ധ്യാപകനായി ജോലി ചെയ്തു. തലയോലപ്പറമ്പ് തുരുത്തിക്കര കെ.മാത്തൻ-അന്നക്കുട്ടി ദമ്പതികളുടെ മകളായ ടെസ്സി (ത്രേസ്യാമ്മ)യാണ് ഭാര്യ. ടെസ്സിയും ഏത്യോപ്യയിൽ ജോർജ്ജിനൊപ്പം അദ്ധ്യാപകവൃത്തിയിലായിരുന്നു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. സിന്ധു എന്നു വിളിക്കുന്ന ലിസ്സാ മരിയാ, ദീപ്തി. ഇവരിൽ സിന്ധു എം.ബി.എ ബിരുദം നേടിയ ശേഷം പബ്ലിക് റിലേഷൻസിൻ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ സമ്പാദിച്ചു. ചെന്നൈയിൽ ജോലി ചെയ്ത സിന്ധു പിന്നീട് ന്യൂസിലാന്റിൽ ഉപരി വിദ്യാഭ്യാസത്തിനുശേഷം ഇപ്പോൾ ദുബായിൽ ഐറിഷ് പബ്ലിക് റിലേഷൻസ് എന്ന ബിസിനസ്സ് സ്ഥാപനം സ്വന്തമായി നടത്തുന്നു. സിന്ധു എന്ന ലിസാമരിയ ഒരു എഴുത്തുകാരി കൂടിയാണ്. അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്നു. രണ്ടാമത്തെ മകളും എൻജിനീയറിംഗ് ബിരുദധാരിയുമായ ദീപ്തിയെ ചങ്ങനാശ്ശേരി പാറേൽ പള്ളി ഇടവക അരിങ്ങളം വീട്ടിൽ തോമസ് കുട്ടി - റോസമ്മ മകൻ സോണി വിവാഹം കഴിച്ചു. അവർ ഇപ്പോൾ നെതർലാന്റിലെ ഹെയ്ഗിൽ ജോലി ചെയ്യുന്നു. ദീപ്തിക്ക് രണ്ടു മക്കൾ, റാഫേൽ സോണിയും മൈക്കിൾ സോണിയും.

## I-B നടുക്കര ജോസഫ് മകൻ വർഗ്ഗീസ്

നടുക്കര ജോസഫ് (കുട്ടൻ) ന്റെ അഞ്ച് ആൺമക്കളിൽ രണ്ടാമത്തെ മകനാണ് വർഗ്ഗീസ്. കുടക്കച്ചിറ മുണ്ടയ്ക്കൽ എബ്രാഹത്തിന്റെയും മറിയത്തിന്റേയും മകളായ മറിയത്തെ വിവാഹം ചെയ്തു. കർഷകനായ വർഗ്ഗീസ് പുതിയ കൃഷിയിടങ്ങൾ തേടി കോതമംഗലം വേട്ടാമ്പാറയിലെത്തി. 1973 മുതൽ അവിടെ സ്ഥിരതാമസ

മായി. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും രണ്ട് പെൺമക്കളു മാണ്. മേരി, ആലീസ് എന്നിവരാണ് പെൺമക്കൾ. മൂത്തമകളായ മേരിയെ (കുട്ടിയമ്മ) കോതനല്ലൂർ കണിയോടിയ്ക്കൽ ചാക്കോ യുടെയും റോസയുടെയും മകനായ ബേബി വിവാഹം ചെയ്തു. കുട്ടിയമ്മ അദ്ധ്യാപികയായിരുന്നു. മക്കളിൽ ഏറ്റവും ഇളയവളായ ആലീസിനെ കരിങ്കുന്നം നെടിയകാട്ട് ഈറ്റിയ്ക്കൽ ആഗസ്തിയു ടെയും ഏലിയുടെയും മകനായ വർക്കിച്ചനാണ് വിവാഹം ചെയ്തത്. ജോസഫ് (കൊച്ച്), എബ്രാഹം (അവിരാച്ചൻ), ജോർജ്ജ്, മത്തച്ചൻ എന്നിവരാണ് ആൺമക്കൾ. 1998 ജൂൺ 15-ാം തീയതി വർഗ്ഗീസും, 2002 സെപ്റ്റംബർ 10-ാം തീയതി മറിയവും മരിച്ചു. ഇരുവരേയും വേട്ടാമ്പാറ സെന്റ് സെബാസ്റ്റ്യൻസ് ദേവലായത്തി ലാണ് സംസ്കരിച്ചിരിക്കുന്നത്.

## I B-1 നടുക്കര വർഗ്ഗീസ് മകൻ ജോസഫ് (കൊച്ച്)

നടുക്കര വർഗ്ഗീസിന്റെ നാല് ആൺമക്കളിൽ മൂത്തമകനാണ് കൊച്ച് എന്ന് വിളിക്കുന്ന ജോസഫ്. കൊഴുവനാൽ എലവുങ്കൽ മാണി-ത്രേസ്യാമ്മ ദമ്പതികളുടെ മകളായ ത്രേസ്യാമ്മയാണ് ഭാര്യ. ഇവർക്ക് മൂന്ന് ആൺമക്കളും ഒരു മകളുമാണുള്ളത്. ഏക മകളായ സിസ്റ്റർ ലിബിയ സെന്റ് മാർത്താസ് സന്യാസിനീ സമൂഹത്തിലെ അംഗമാണ്. ഇപ്പോൾ ഗുജറാത്തിൽ ജോലിചെയ്യുന്നു. ആൺമക്കൾ ബേബി, ഷാജി, സിബി എന്നിവരാണ്. കൊച്ച് കർഷകനായതു കൊണ്ട് ഭാര്യയോടൊപ്പം പുതിയ കൃഷിസ്ഥലങ്ങൾ തേടി ഇടുക്കി ജില്ലയിലെത്തുകയും നെല്ലിപ്പാറയിൽ താമസമാക്കുകയും ചെയ്തു. 2014-ൽ നിര്യാതനായി. കൊച്ചിന്റെ ഭാര്യ ത്രേസ്യാമ്മയും 2014-ൽ തന്നെ മരിച്ചു. ഇരുവരെയും നെല്ലിപ്പാറ പള്ളിയിൽ സംസ്കരിച്ചു.

## IB-1a. നടുക്കര ജോസഫ് (കൊച്ച്) മകൻ ബേബി

നടുക്കര ജോസഫിന്റെ മൂന്ന് ആൺമക്കളിൽ മൂത്തമകനാണ് ബേബി. കീരിത്തോട് കുരുവൻപ്ലാക്കൽ പാപ്പച്ചന്റെയും അന്നമ്മയു ടെയും മകളായ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതി കൾക്ക് രണ്ട് മക്കൾ. എബിൻ, അമലു. എബിൻ ബി. എസ്സ്.സി നഴ്സിംഗ് പഠനം പൂർത്തിയാക്കി, ദൽഹിയിൽ ജോലി ചെയ്യുന്നു. അമലു BSc നഴ്സിംഗ് പൂർത്തിയാക്കി മുംബൈയിൽ ജോലിചെ യ്യുന്നു. ഇവർ കീരിത്തോട് ഇടവകാംഗങ്ങളാണ്.

## 1B-1b. നടുക്കര ജോസഫ് (കൊച്ച്) മകൻ ഷാജി

നടുക്കര ജോസഫിന്റെ രണ്ടാമത്തെ മകനാണ് ഷാജി. കണ യങ്കവയൽ മാളിയേക്കൽ കുഞ്ഞപ്പൻ-അന്നമ്മ മകൾ എൽസമ്മ യാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്നുമക്കൾ. ഷൈജു, അപ്പു, ഉണ്ണി. ഷാജി നെല്ലിപ്പാറ ഇടവകയിലാണ് താമസം.

## IB-1c. നടുക്കര ജോസഫ് (കൊച്ച്) മകൻ സിബി

നടുക്കര ജോസഫിന്റെ മൂന്നാമത്തെ മകനാണ് സിബി. കട്ട പ്പന പ്ലാക്കൽ ആന്റണിയുടെയും അന്നമ്മയുടെയും മകളായ ബെൻസിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. അനുഗ്രഹ, ആൻമരിയ എന്ന പെൺമക്കളും അഡോൺ സിബി എന്ന മകനും. സിബി നെല്ലിപ്പാറ ഇടവകയിലാണ് താമസം.

## I B-2. നടുക്കര വർഗ്ഗീസ് മകൻ എബ്രാഹം (അവിരാച്ചൻ)

നടുക്കര വർഗ്ഗീസിന്റെ രണ്ടാമത്തെ മകനാണ് അവിരാച്ചൻ എന്നു വിളിക്കുന്ന ഏബ്രാഹം. വാക്കാട് ഊന്നുകല്ലേൽ മത്തായി യുടെയും, മറിയത്തിന്റെയും മകളായ മേരിയാണ് ഭാര്യ. ഈ ദമ്പ തികൾക്ക് ഒരു മകൾ ഷിനി. ഷിനിയെ ഊന്നുകൽ മാന്തോട്ടിൽ ഫ്രാൻസീസ്-കുഞ്ഞമ്മ മകൻ സാജുവാണ് വിവാഹം ചെയ്തത്. സാജു മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ ജോലിചെയ്യുന്നു. ഇവർക്ക് ഒരു മകൾ - ദിൽനാ മരിയാ സാജു.

## I B-3. നടുക്കര വർഗ്ഗീസ് മകൻ ജോർജ്ജ്

നടുക്കര വർഗ്ഗീസിന്റെ മൂന്നാമത്തെ മകനാണ് ജോർജ്ജ്. പോത്താനിക്കാട് ഇല്ലിക്കൽ ജോസഫിന്റെയും, മറിയത്തിന്റെയും മകളായ മേരിക്കുട്ടിയാണ് ഭാര്യ. ആർമിയിൽ ജോലിയിലായിരുന്ന ജോർജ്ജ് 1992-ൽ സുബേദാർ റാങ്കിൽ റിട്ടയർ ചെയ്തു. ഈ ദമ്പ തികൾക്ക് രണ്ട് മക്കൾ. മഞ്ജു എന്ന മകളും ലഞ്ചു എന്നു വിളി ക്കുന്ന റോഹിത് ജോർജ്ജ് എന്ന മകനും. മഞ്ജു ബഹറനിൽ സ്റ്റാഫ് നഴ്സാണ്. മുംബൈ നിവാസിയായ നീരജാണ് ഭർത്താവ്. അവർക്ക് രണ്ടു മക്കൾ. ജനി എന്ന മകളും ആരവ് എന്ന മകനും. 18.4.2005-ൽ ജോർജ്ജ് മരിച്ചു. വേട്ടാമ്പാറ സെന്റ് സെബാസ്റ്റ്യൻസ് ദൈവാ ലയ സെമിത്തേരിയിലാണ് സംസ്കരിച്ചരിക്കുന്നത്.

## I B-3a. നടുക്കര ജോർജ്ജ് മകൻ ലഞ്ചു

നടുക്കര ജോർജിന്റെ ഏകമകനായ ലഞ്ചു വിവാഹം കഴിച്ചത് അങ്കമാലി ഞാളിയത്ത് ജോസ്-റീനാ ദമ്പതികളുടെ മകളായ ലിജിയായെയാണ്. അവർ ഓസ്ട്രേലിയായിൽ ജോലി ചെയ്യുന്നു. അവർക്ക് രണ്ടു പെൺമക്കൾ. ഒലീവിയായും, എബിലിനും.

## I B-4. നടുക്കര വർഗ്ഗീസ് മകൻ മത്തച്ചൻ

നടുക്കര വർഗ്ഗീസിന്റെ നാല് ആൺമക്കളിൽ ഇളയവനാണ് മത്തച്ചൻ. മാലപ്പാറ പൈനാപ്പിള്ളി തോമസ് റോസമ്മ മകൾ ലില്ലി എന്ന കൊച്ചുത്രേസ്യായെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ബൈജു, ബൈനു എന്നീ ആൺമക്കളും ബിന്ദു എന്ന മകളും. ബിന്ദുവിനെ ഇടുക്കി കഞ്ഞിക്കുഴി, തിരുതാളിൽ ജോസ് ഇത്താമ്മ മകൻ ലിജു വിവാഹം കഴിച്ചു. ബിന്ദു ബാംഗ്ലൂരിൽ ഓഡിയോളജിസ്റ്റായി ജോലിചെയ്യുന്നു.

## I B-4a. നടുക്കര മത്തച്ചൻ മകൻ ബൈജു

നടുക്കര മത്തച്ചന്റെ മൂത്തമകനായ ബൈജു ചീമ്പനായിൽ ജോസഫ് മേരി മകൾ ജോളിയെ വിവാഹം ചെയ്തു. ഇവർ കുറവിലങ്ങാട് താമസിക്കുന്നു.

## I B-4b. നടുക്കര മത്തച്ചൻ മകൻ ബൈനു

നടുക്കര മത്തച്ചന്റെ രണ്ടാമത്തെ മകനായ ബൈനു വേട്ടാമ്പാറ പുളിഞ്ചുവട്ടിൽ ജോണി ഏലിയാമ്മ മകൾ അനിലയെ വിവാഹം ചെയ്തു. ഇവർക്ക് അജയ്, അക്ഷയ് എന്നീ രണ്ട് ആൺമക്കൾ.

## I C. നടുക്കര ജോസഫ് (കുട്ടൻ) മകൻ എബ്രാഹം (പാപ്പുക്കുട്ടി)

നടുക്കര ജോസഫ് (കുട്ടൻ)ന്റെ അഞ്ച് ആൺമക്കളിൽ മൂന്നാമത്തെ മകനാണ് എബ്രാഹം. പാപ്പുക്കുട്ടി എന്നാണ് വിളിക്കുന്നത്. കുറവിലങ്ങാട് മാമ്പള്ളിക്കുന്നേൽ ഔസേപ്പിന്റെയും ഏലിയുടെയും മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ച് ആൺമക്കളും മൂന്ന് പെൺമക്കളും ആണുള്ളത്. ആൺമക്കൾ - ജോസ്, തോമസ് (മാമച്ചൻ), മാത്യു (സണ്ണി), ടോമി, ജോർജ്ജുകുട്ടി എന്നിവരാണ്. റോസമ്മ, ലില്ലി, ജാൻസി എന്നിവരാണ് പെൺമക്കൾ. റോസമ്മയെ ഏറ്റുമാനൂർ പുല്ലുകാലായിൽ ലൂക്കോസ് - ബ്രിജിത്ത് മകൻ അപ്പച്ചൻ (ലൂക്കോസ്) വിവാഹം കഴിച്ചു. രണ്ടാ

മത്തെ മകളായ ലില്ലിയെ കുറവിലങ്ങാട് ഈറ്റാനിയേൽ ദേവസ്യാ യുടെയും, റോസയുടെയും മകനായ അപ്പച്ചൻ (മാത്യു) വിവാഹം ചെയ്തു. ലില്ലി കേരളാ കോൺഗ്രസ് (എം)ന്റെ സജീവ പ്രവർത്ത കയാണ്. ഗ്രാമപഞ്ചായത്ത് മെമ്പർ, ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പെൺമക്കളിൽ ഇളയമകളായ ജാൻസിയെ കണ്ണൂർ ജില്ലയിലെ തേർത്തല്ലി മേരിഗിരി, തൊണ്ടൻ കുളം കുര്യാക്കോസ് ഏലി ദമ്പതികളുടെ മകനായ ജോയിയാണ് വിവാഹം ചെയ്തത്. പരിയാരമംഗലം ഭാഗത്ത് തറപ്പുതൊട്ടിയിൽ പുരയിടത്തിൽ താമസിച്ച എബ്രാഹം 10-07-2005-ലും ഭാര്യ മറി യാമ്മ 3-1-2012 ലും മരിച്ചു. കടപ്ലാമറ്റം സെന്റ് മേരീസ് പള്ളി സെമി ത്തേരിയിലാണ് ഇരുവരേയും സംസ്കരിച്ചിരിക്കുന്നത്.

## IC-1. നടുക്കര എബ്രാഹം മകൻ ജോസ് (റ്റി.എ. ജോസഫ്)

നടുക്കര പാപ്പുകുട്ടി എന്നു വിളിക്കുന്ന എബ്രാഹത്തിന്റെ അഞ്ച് ആൺമക്കളിൽ മൂത്തമകനാണ് ജോസ്. സി.ആർ.പി.എഫ്-ൽ ഉദ്യോഗസ്ഥനായിരുന്ന ജോസ്, 35 വർഷത്തെ സേവനത്തിനുശേഷം സർവ്വീസിൽനിന്നും 2000-ൽ ഹവീൽദാർ റാങ്കിൽ വിരമിച്ചു. മണ്ണാ റപ്പാറ വള്ളിപ്പറമ്പിൽ ജോസഫ് ഏലി മകൾ മേരിയെ വിവാഹം ചെയ്തു. മേരി മീനച്ചിൽ താലൂക്ക്, സപ്ലൈ ഓഫീസിൽ റേഷൻ ഇൻസ്പെക്ടറായിരുന്നു. 31-08-2001-ൽ സർവ്വീസിൽ നിന്നും വിര മിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. ഷാരോൺ, ഷാലറ്റ്. മൂത്തമകൾ ഷാരോണിനെ നെടുങ്കുന്നം പടിയറ ജോസഫ് മറിയാമ്മ മകൻ മോനായി (ജോസഫ്) വിവാഹം ചെയ്തു. ഷാരോൺ കുവൈ ത്തിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്യുന്നു, ഭർത്താവും കുവൈ ത്തിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടു പെൺകുട്ടികൾ. ജിയാമ രിയാ ജോസഫ്, ജിയോണാ അൽസി ജോസഫ്. ഇളയമകൾ ഷാല റ്റിനെ കുടക്കച്ചിറ അവനാപുരത്ത് പാപ്പച്ചൻ മേരി മകൻ ഡിന്റോ വിവാഹം ചെയ്തു. ഷാലറ്റ് യു.കെ.യിൽ സ്റ്റാഫ് നഴ്സാണ്. ഭർത്താവും യു.കെ.യിൽ തന്നെ ജോലി ചെയ്യുന്നു. ഇവർക്കും രണ്ട് പെൺമക്കൾ. ഇവാനിയാ ഡിന്റോ, എമേലിയാ ഡിന്റോ.

## I C-2. നടുക്കര എബ്രാഹം മകൻ തോമസ് (മാമച്ചൻ)

നടുക്കര എബ്രാഹത്തിന്റെ ആൺമക്കളിൽ രണ്ടാമനാണ് മാമ ച്ചൻ എന്ന് വിളിക്കുന്ന തോമസ്. അയർക്കുന്നം വലിയചേന്നാട്

ചാക്കോ ഏലി മകൾ സെലിനെ വിവാഹം ചെയ്തു. 13.4.2008-ൽ സെലിൻ അകാലത്തിൽ നിര്യാതയായി. കടപ്ലാമറ്റം സെന്റ് മേരീസ് ദേവാലയ സിമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. രഞ്ചു, രേണു. രഞ്ചു സൗദിയിൽ സ്റ്റാഫ് നഴ്സാണ്. വെമ്പള്ളി കക്കാട്ടിക്കാലായിൽ തോമസ്-തെയ്യാമ്മ ദമ്പതികളുടെ മകൻ ടിജോ ആണ് രഞ്ചുവിന്റെ ഭർത്താവ്. ടിജോയും സൗദിയിൽ തന്നെ ജോലി ചെയ്യുന്നു. അവർക്ക് രണ്ടു മക്കൾ. സിയ എന്ന മകളും കാൽവിൻ എന്ന മകനും. രേണുവിനെ വിവാഹം കഴിച്ചിരിക്കുന്നത് കോഴിക്കോട് രാമനാട്ടുകരയിൽ നെല്ലിക്കോട്ട് കുറ്റിപ്പാറയിൽ രാജന്റെയും പ്രേമയുടെയും മകൻ പ്രതീഷാണ്. രേണുവും പ്രതീഷും ഇപ്പോൾ യു.കെ.യിൽ നഴ്സുമാരായി ജോലി ചെയ്യുന്നു. അവർക്ക് ഒരു മകൾ, വേദ പ്രതീഷ്.

## I C- 3. നടുക്കര എബ്രാഹം മകൻ സണ്ണി (മാത്യു)

നടുക്കര എബ്രാഹത്തിന്റെ മൂന്നാമത്തെ മകനാണ് സണ്ണി എന്നു വിളിക്കുന്ന മാത്യു. വാലില്ലാപ്പുഴ കയ്യുന്നാംപാറ ദേവസ്യാ-അന്നമ്മ മകൾ ഷേർളിയെ ജീവിതപങ്കാളിയാക്കി. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. സൗമ്യ, സിമ്യ. മരുതോങ്കര കാപ്പിൽ ജോർജ്ജ് -റോസിലി മകൻ ബിനു സൗമ്യയെ വിവാഹം ചെയ്തു. ബി.എഡ്സ്. ബിരുദധാരിയായ സൗമ്യ കോഴിക്കോട് സ്കൂളിൽ അധ്യാപികയായി ജോലി ചെയ്യുന്നു. മർച്ചന്റ് നേവിയിൽ ജോലി ചെയ്തിരുന്ന ബിനു റിട്ടയർ ചെയ്തു. അവർക്ക് നാലു മക്കൾ. ഷാനു റോസ് മാത്യു, ഷാനറ്റ് ആൻ മാത്യു എന്നീ പെൺകുട്ടികളും, ഷോൺ ജോർജ് കാപ്പൻ, സ്കോട്ട് മാത്യു കാപ്പൻ എന്നീ ആൺകുട്ടികളും. ഇളയമകൾ സിമ്യ ബി.സി.എ. ബിരുദധാരിയാണ്. മരങ്ങാട്ടുപള്ളി ചെങ്കോന്തയിൽ സണ്ണി-ഏലമ്മ ദമ്പതികളുടെ മകൻ സോഫ്റ്റ് വെയർ എൻജിനീയറായ അഭിലാഷ് സണ്ണിയാണ് ഭർത്താവ്. സിമ്യയും അഭിലാഷും ഹൈദരബാദിൽ ജോലി ചെയ്യുന്നു. സണ്ണി മൂക്കത്ത് നടുക്കര സൂപ്പർമാർക്കറ്റ് എന്ന ബിസിനസ്സ് സ്ഥാപനം നടത്തുന്നു.

## I C-d. നടുക്കര എബ്രാഹം മകൻ ടോമി

നടുക്കര എബ്രാഹത്തിന്റെ നാലാമത്തെ മകനാണ് ടോമി. കടപ്ലാമറ്റത്ത് 'സൽക്കാരാ ബേക്കറി' എന്ന വ്യാപാരസ്ഥാപനം നടത്തുന്നു. അവിവാഹിതനാണ്.

## I C-4. നടുക്കര എബ്രാഹം മകൻ ജോർജ്ജുകുട്ടി

നടുക്കര എബ്രാഹത്തിന്റെ അഞ്ചാമത്തെ മകനാണ് ജോർജ്ജുകുട്ടി. ചേർപ്പുങ്കൽ പുത്തോട്ടയിൽ തോമസ്-ഏലിക്കുട്ടി മകൾ റോസിലിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് പെൺമക്കൾ. നീതുവും, നീനുവും. എൻജിനീയറിംഗ് ബിരുദധാരിയായ നീതു ബാംഗ്ലൂരിൽ സയന്റിസ്റ്റായി ജോലിചെയ്യുന്നു. നീതുവിന്റെ ഭർത്താവ് കോടഞ്ചേരി ചൊള്ളാമഠത്തിൽ സ്കറിയാ-ത്രേസ്യാ ദമ്പതികളുടെ മകൻ സാം സ്കറിയ. അവർക്ക് ഒരുമകൻ. എയ്ഞ്ചൽ ജോസഫ്. ഇളയമകൾ നീനു C.A. പഠനം നടത്തുന്നു. ഏറെക്കാലം കോഴിക്കോട് താമരശ്ശേരിയിൽ ബിസിനസ്സ് നടത്തിയിരുന്ന ജോർജ്ജ്കുട്ടി ഇപ്പോൾ കടപ്ലാമറ്റത്ത് മരിയാ സ്റ്റോഴ്സ് എന്ന ബിസിനസ്സ് സ്ഥാപനം നടത്തുന്നു.

## ID. നടുക്കര ജോസഫ് (കുട്ടൻ) മകൻ ജോസഫ്

നടുക്കര ജോസഫ് (കുട്ടൻ)-ന്റെ നാലാമത്തെ മകനാണ് ജോസഫ്. ഇലഞ്ഞി പെരിയപ്പുറം തൊട്ടുവേലിൽ പത്രോസ്-അന്ന മകൾ അന്നക്കുട്ടിയെ ജീവിതസഖിയാക്കി. ഭാര്യാ ഭവനമായ തൊട്ടുവേലിൽ വീട്ടിലായിരുന്നു താമസം. ജോസഫ് ഡ്രോയിംഗ് ആന്റ് ഡ്രിൽ അദ്ധ്യാപകനായിരുന്നു. ജോസഫ്-അന്നക്കുട്ടി ദമ്പതികൾക്ക് ആറു മക്കൾ. രണ്ട് ആൺമക്കളും നാല് പെൺമക്കളും. ജോയി, ജോഷി എന്നിവരാണ് ആൺമക്കൾ. മൂത്തമകൾ ഡോറയെ കുറിച്ചിത്താനം തുലാമറ്റത്തിൽ ഉലഹന്നാൻ - അന്ന മകൻ ജോൺ വിവാഹം ചെയ്തു. ഗവൺമെന്റ് കോളേജ് പ്രഫസറായിരുന്ന ജോൺ റിട്ടയർ ചെയ്ത് എറണാകുളത്ത് താമസിക്കുന്നു. രണ്ടാമത്തെ മകളായ ഡോളിയെ അന്ത്യാളം ആണ്ടുക്കുന്നേൽ മാത്യു-ഏലിക്കുട്ടി മകൻ അഡ്വക്കേറ്റ് അലക്സാണ്ടർ വിവാഹം ചെയ്തു. ഡോളി അദ്ധ്യാപികയായിരുന്നു. റിട്ടയർ ചെയ്തു. മൂന്നാമത്തെ മകൾ ജാൻസിയെ വിവാഹം ചെയ്തത് മണലുങ്കൽ ആനിക്കാട് പാലാപ്പറമ്പിൽ പി.ജെ. ജോസഫ്-അന്നമ്മ മകൻ ആന്റണിയാണ്. ജാൻസി ഗവൺമെന്റ് കോളേജിൽ പ്രഫസറായിരുന്നു. റിട്ടയർ ചെയ്തു. ആന്റണി സ്പൈസസ് ബോർഡിൽ ആയിരുന്നു. പെൺമക്കളിൽ ഇളയവളായ കൊച്ചുറാണിയെ ചിറ്റൂർ അമ്പാട്ടുപാളയം നെടുമ്പാറ ഉമ്മൻ-തങ്കമ്മ മകൻ ജോർജ്ജ് (വക്കച്ചൻ) വിവാഹം ചെയ്തു. കൊച്ചുറാണി കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിൽ അസി. രജിസ്ട്രാറാണ്. മികച്ച ചിത്രകാരനായിരുന്നു ജോസഫ്. 25.4.2013-ൽ ജോസ

ഫിന്റെ ഭാര്യ അന്നക്കുട്ടിയും 24.11.2010-ൽ ജോസഫും മരിച്ചു. ഇരുവരേയും പെരിയപ്പുറം സെന്റ് ജോൺ ബാപ്റ്റിസ്റ്റ് ദൈവാലയ സിമിത്തേരിയിൽ സംസ്കരിച്ചു.

## I D-1. നടുക്കര ജോസഫ് മകൻ ജോയി

നടുക്കര ജോസഫിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ജോയി. മുത്തോലി കുന്നുംപുറത്ത് നാഗനോലിൽ ജോണിന്റെയും അന്നക്കുട്ടിയുടെയും മകളായ കുഞ്ഞൂഞ്ഞമ്മയെ വിവാഹം ചെയ്തു. കെ.എസ്.ഈ.ബി. ഉദ്യോഗസ്ഥനായിരുന്ന ജോയി സീനിയർ അസിസ്റ്റന്റായി 2006-ൽ റിട്ടയർ ചെയ്തു. പെരിയപുറം ഇടവകയിൽ പൊതിയിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഹോജിൻ ടി.ജോയി, അനു. അനു ചെറുപ്പത്തിൽതന്നെ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. ഹോജിൻ എം.സി.എ. ബിരുദധാരിയാണ്. വിവാഹിതനാണ്. ഭാര്യ ഇത്തിത്താനം ഇടവക കൂട്ടത്തിൽ തോമസ്സ്-ലിസ്സമ്മ മകൾ നീതു. നീതുവും ഹോജിനും യു.എസ്സ്.എ.യിൽ ന്യൂജേഴ്സിയിൽ സോഫ്റ്റ്വെയർ എൻജിനീയർമാരായി ജോലിചെയ്യുന്നു. ഹോജിൻ-നീതു ദമ്പതികൾക്ക് ഒരു മകൻ. പേര് ജോസഫ്കുഞ്ഞ്.

## I D-2. നടുക്കര ജോസഫ് മകൻ ജോഷി

നടുക്കര ജോസഫിന്റെ രണ്ടാമത്തെ മകനാണ് ജോഷി. പാറമ്പുഴ പുല്ലത്തിൽ വർക്കിയുടെയും ഏലിയാമ്മയുടെയും മകളായ ബിൻസിയെ (അന്നമ്മ) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. പീറ്റർ, ഗീവർഗ്ഗീസ്, അക്കു (അന്നക്കുട്ടി). ഇവർ പെരിയപുറം ഇടവകാംഗങ്ങളാണ്.

## I E നടുക്കര ജോസഫ് (കുട്ടൻ) മകൻ മാത്യൂസ്

നടുക്കര കുട്ടൻ എന്നു വിളിക്കുന്ന ജോസഫിന്റെ അഞ്ച് ആൺമക്കളിൽ ഇളയമകനാണ് മാത്യൂസ്. മിലിട്ടറിയിൽ ആർമി പോസ്റ്റൽ സർവ്വീസിൽ ജോലി ചെയ്തു. മിലിട്ടറിയിൽനിന്നും റിട്ടയർ ചെയ്തതിനെ തുടർന്ന് ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് ജീവനക്കാരനായി. ഹെഡ്പോസ്റ്റുമാസ്റ്ററായി 1983-ൽ സർവ്വീസിൽനിന്നും വിരമിച്ചു. നീലൂർ കാപ്പിൽ ദേവസ്യാ-ത്രേസ്യാമ്മ ദമ്പതികളടെ മകളായ അച്ചാമ്മ (ത്രേസ്യാമ്മ) ആണ് ഭാര്യ. ഈ ദമ്പതികൾക്ക് ആറ് മക്കൾ. രണ്ട് ആണും നാല് പെണ്ണും. ജോഷി,

ജോബി എന്നിവരാണ് ആൺമക്കൾ. റോസമ്മ, ലിസ്സി, ബീന, ഷേർലി എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ റോസമ്മയെ (സുമ) പട്ടിത്താനം കുഴിക്കാട്ടിൽ തോമസ് ത്രേസ്യാമ്മ മകൻ ബേബി തോമസ് വിവാഹം ചെയ്തു. ബി.എഡ്ഡ് ബിരുദധാരിയായ റോസമ്മ ഗവൺമെന്റ് സ്കൂൾ അദ്ധ്യാപികയായിരുന്നു. ഹെഡ്മിസ്ട്രസ് ആയി റിട്ടയർ ചെയ്തു. വലവൂർ മല്ലപ്പാട്ട് ജോസഫ്-മേരി ദമ്പതികളുടെ മകനായ ഇ.ജെ. ജോസഫ് രണ്ടാമത്തെ മകളായ ലിസ്സിയെ വിവാഹം ചെയ്തു. ഇവർ ഗുരുവായൂരിൽ താമസിക്കുന്നു. ബി. എഡ്ഡ് ബിരുദധാരിയായ ലിസ്സി ഗുരുവായൂർ ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിൽ അദ്ധ്യാപികയായിരുന്നു. ഇ. ജെ. ജോസഫ് വലവൂർ സഹകരണബാങ്ക് സെക്രട്ടറിയായി റിട്ടയർ ചെയ്തു. മൂന്നാമത്തെ മകളായ ബീനയെ ഈരാറ്റുപേട്ട മേക്കാട്ട് കുര്യൻ ഏലിക്കുട്ടി മകൻ പ്രൊഫസർ എം.കെ. കുര്യൻ വിവാഹം ചെയ്തു. കുര്യൻ മേലുകാവ് കോളേജിൽനിന്നും റിട്ടയർ ചെയ്തു. ബീനാ പോസ്റ്റ് ഗ്രാജുവേറ്റ് ബിരുദധാരിയാണ്. ഇളയ മകൾ ഷേർളിയെ കുടമാളൂർ കുഴിവേലിൽ തോമസ്-എലിസബത്ത് മകൻ കെ.റ്റി. രാജു വിവാഹംചെയ്തു. ഷേർളിയും രാജുവും ഡോക്ടർമാരാണ്. ഇപ്പോൾ യു.കെ.യിൽ ജോലി ചെയ്യുന്നു. 30-9-2000-ൽ മാത്യൂസ് നിര്യാതനായി. കടപ്ലാമറ്റം സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.

## I E-1. നടുക്കര മാത്യൂസ് മകൻ ജോഷി

നടുക്കര മാത്യൂസിന്റെ രണ്ട് ആൺമക്കളിൽ മൂത്തമകനാണ് ജോഷി. കടപ്ലാമറ്റത്തെ അറിയപ്പെടുന്ന കർഷകനാണ്. കർഷകസംഘടനകളിൽ സജീവമാണ്. കടുത്തുരുത്തി പാലത്തുങ്കൽ തോമസ്-ഏലിക്കുട്ടി മകൾ റാണിയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. മാത്യൂസും, ടെസ്സായും.

## I E-2. നടുക്കര മാത്യൂസ് മകൻ ജോബി

നടുക്കര മാത്യൂസിന്റെ രണ്ടാമത്തെ മകനാണ് ജോബി. മദ്രാസ് എസ്സ്.ആർ.എം. കോളേജിൽനിന്നും ഫിസിയോതെറാപ്പി ബിരുദം കരസ്ഥമാക്കിയ ജോബി ഫിസിയോതെറാപ്പിസ്റ്റ് ആയി ജോലി ചെയ്യുന്നു. കുറവക്കാട്ട് കെ.ജെ.ജോൺ-മേരിക്കുട്ടി ദമ്പതികളുടെ മകളായ അഞ്ജലിയാണ് ഭാര്യ. അഞ്ജലി കെ.എസ്സ്.ആർ.ടി.സി ജീവനക്കാരിയാണ്. ഇവർക്ക് ഒരു മകൻ, ഏബൽ (മാത്യു).

# 22

# പുതിയിടത്ത്

**പാ**ഴൂർ ഇട്ടിയുടെ അഞ്ച് ആൺമക്കളിൽ ഇളയ മകനായ മാത്യു പിതാവിനൊപ്പം തറവാട്ടിൽ തന്നെ താമസിച്ചു. കടപ്ലാമറ്റം കിടങ്ങൂർ റൂട്ടിൽ പിറയാർ കരയിൽ പാഴൂർ പുരയിടത്തിൽ ആയിരുന്നു തറവാട്. കടപ്ലാമറ്റം ആയിരുന്നു ഇടവക ദൈവാലയം. കഠിനാദ്ധ്വാനിയും മികച്ച കർഷകനുമായിരുന്നു. മീൻ പിടുത്തം ഒരു ഹോബിയായിരുന്നു. നിത്യേന മീനച്ചിലാറ്റിൽ വലയെറിഞ്ഞ് മീൻ പിടിക്കുന്നത് മാത്യുവിനും മക്കൾക്കും ഹരമായിരുന്നു. രണ്ട് ആൺമക്കളും ആറ് പെൺമക്കളുമായിരുന്നു അദ്ദേഹത്തിന്. ആറു പെൺമക്കളുടെയും വിവാഹം സാമാന്യം ഭംഗിയായിതന്നെ നിർവ്വഹിച്ചു. അതോടെ സാമ്പത്തികമായി കനത്ത ബാദ്ധ്യതയിലായി. ഈ വിവരം തന്റെ സഹോദരന്മാരുമായി പങ്കുവയ്ക്കാനോ, അവരുടെ സഹായം തേടാനോ മാത്യു മുതിർന്നില്ല. തന്റെ വക പാഴൂർ പുരയിടം വിറ്റ് സാമ്പത്തിക ബാദ്ധ്യത തീർത്തശേഷം ബാക്കി തുകയുമായി 1913-ൽ കാഞ്ഞിരപ്പള്ളിക്കടുത്ത് മണ്ണാറക്കയം, കുന്നുംഭാഗത്ത് പുതിയിടത്ത് പീലി വർക്കിയുടെ വക രണ്ടേക്കർ സ്ഥലം വാങ്ങി താമസമാരംഭിച്ചു.

മികച്ച കർഷകരായിരുന്ന മാത്യുവിനും മക്കൾക്കും തങ്ങളുടെ കൃഷിയിടം കുറവാണെന്ന തോന്നൽ ഉണ്ടായി. ഇത് അവരെ ഫലഭൂയിഷ്ടമായ കൃഷിയിടം തേടാൻ പ്രേരിപ്പിച്ചു. മീൻ പിടുത്തത്തോടുള്ള കമ്പവും കൃഷിയോടുള്ള അമിത താല്പര്യവും മൂലം കുന്നുംഭാഗത്തെ സ്ഥലം വിറ്റശേഷം കാഞ്ഞിരപ്പള്ളിക്കടുത്ത് കരിപ്ലാവ് എന്ന സ്ഥലത്തേക്ക് താമസം മാറ്റി. കാഞ്ഞിരപ്പള്ളി വലിയ തോടിന്റെ തീരത്തായതിനാൽ ഫലഭൂയിഷ്ടവും കൃഷിക്കനുയോജ്യവുമായ സ്ഥലമായിരുന്നു. മാത്രമല്ല മീൻപിടുത്തവും സുഗമമായി നടത്താനായി. തന്റെ പുരയിടത്തിന്റെ കിഴക്കുഭാഗം അക്കാലത്ത് നിബിഢ വനമായിരുന്നു. ഇവിടെ മാൻ, കേഴ, കാട്ടുപോത്ത് മുതലായ കാട്ടുമൃഗങ്ങൾ ധാരാളമായിരുന്നു. മാത്യുവിനും മക്കൾക്കും നായാട്ടും മീൻപിടുത്തവും പ്രധാനവിനോദങ്ങളായിരുന്നു.

പുതിയിടത്ത്പറമ്പിൽ നിന്നും വന്നതിനാൽ ക്രമേണ പാഴൂർ എന്ന വീട്ടുപേര് മാറി 'പുതിയിടത്ത്' എന്നറിയപ്പെടാൻ തുടങ്ങി. പാഴൂർ മാത്യുവിന്റെ ഭാര്യ കടപ്ലാമറ്റം കുറുവാച്ചിറ മറിയയാണ്. ഈ ദമ്പതികൾക്ക് രണ്ട് ആൺമക്കളും ആറ് പെൺമക്കളും. കൊച്ച് (ജോസഫ്), കൊച്ചുകുട്ടി (മാത്യു) എന്നിവരാണ് ആൺമക്കൾ. മറിയം, ഏലി, അന്നമ്മ, റോസാ, ത്രേസ്യാ, മോനിക്ക എന്നിവരാണ് പെൺമക്കൾ.

മൂത്ത മകൾ മറിയത്തെ കോതനല്ലൂർ തെക്കെക്കുറ്റ് ജോസഫ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ഏലിയെ കൂടല്ലൂർ അമ്പലത്തുരുത്തേൽ തോമസും മൂന്നാമത്തെ മകൾ അന്നമ്മയെ മേവിട കുരീക്കാട്ടുകുന്നേൽ ഐസക്കും, നാലാമത്തെ മകൾ റോസയെ കുമ്മണ്ണൂർ കാഞ്ഞിരക്കാട്ട് തോമസും, അഞ്ചാമത്തെ മകൾ ത്യേസ്യായെ പാലാ നെല്ലിയാനിയിൽ ജോസഫും, ആറാമത്തെ മകൾ മോനിക്കായെ ചെങ്ങളത്ത് തണ്ണിപ്പാറ തോമസും വിവാഹം ചെയ്തു. മാത്യുവും ഭാര്യ മറിയവും കാഞ്ഞിരപ്പള്ളിയിൽ വച്ച് നിര്യാതരായി. ഇരുവരേയും കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ദൈവാലയ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്.

## I. പുതിയിടത്ത് മാത്യു മകൻ കൊച്ച് (ജോസഫ്)

പുതിയിടത്ത് മാത്യുവിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് കൊച്ച് എന്ന് വിളിക്കുന്ന ജോസഫ്. പൈങ്ങളം (പാലാ) തറപ്പേൽ റോസയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് ആൺ മക്കളും മൂന്ന് പെൺ മക്കളുമടക്കം ഏഴ് മക്കൾ. മാത്യു, ഏബ്രാഹം, ചാക്കോ, ജോസഫ് എന്നിവരാണ് ആൺമക്കൾ. മറിയം, ഏലി, ത്രേസ്യാ എന്നിവർ പെൺമക്കളും. മൂത്ത മകൾ മറിയത്തെ തിരുവനന്തപുരം താന്നിവേലിൽ ജോസഫും രണ്ടാമത്തെ മകൾ ഏലിയെ കുമളി, അഴകമ്പ്രായിൽ ഉലഹന്നാനും, മൂന്നാമത്തെ മകൾ ത്രേസ്യായെ ഇളങ്ങുളം പാത്രപാങ്കൽ ജോസഫും വിവാഹം ചെയ്തു.

## I A. പുതിയിടത്ത് കൊച്ച് (ജോസഫ്) മകൻ മാത്യു (കുഞ്ഞാപ്പൻ)

പുതിയിടത്ത് കൊച്ചിന്റെ നാല് ആൺ മക്കളിൽ മൂത്ത മകനാണ് കുഞ്ഞാപ്പൻ എന്ന് വിളിക്കുന്ന മാത്യു. കാഞ്ഞിരപ്പള്ളി നെടുംപറമ്പിൽ (കാവുങ്കൽ) ജോസഫിന്റെ മകൾ മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് ആൺമക്കളും മൂന്ന് പെൺ

മക്കളും. ജോസഫ്, മാത്യു, സെബാസ്റ്റ്യൻ, എബ്രാഹം എന്നിവരാണ് ആൺ മക്കൾ. റോസ, ഏലിയാമ്മ, ഗ്രേസി എന്നിവരാണ് പെൺമക്കൾ. മൂത്തമകൾ റോസമ്മ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ മംഗലാപുരം പ്രോവിൻസിൽ ചേർന്ന് സന്ന്യസ്ത ജീവിതം ആരംഭിച്ചു. സി. അന്ന ലിസാ എന്ന പേരിൽ അറിയപ്പെട്ടു. 1999-ൽ ആഫ്രിക്കയിലെ സാംബിയാ രാജ്യത്ത് വച്ച് കർത്താവിൽ നിദ്രപ്രാപിച്ചു.

രണ്ടാമത്തെ മകൾ ഏലിയാമ്മ പാറ്റ്ന എസ്.എച്ച്. കോൺവെന്റിൽ സന്ന്യസ്തജീവിതം നയിക്കുന്നു. സി. എലിസിറ്റ എന്ന പേരിൽ അറിയപ്പെടുന്നു. ഇപ്പോൾ എസ്.എച്ച്. കോൺഗ്രിഗേഷന്റെ ജനറാൾ ആയി പാറ്റ്നായിൽ സേവനം ചെയ്യുന്നു. മൂന്നാമത്തെ മകൾ ഗ്രേസിയെ ആനക്കല്ല് മടുക്കക്കുഴിയിൽ കുരുവിള വിവാഹം ചെയ്തു. മാത്യു 1994 ലും മറിയം 1996 ലും നിര്യാതരായി. കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## I A 1. പുതിയിടത്ത് മാത്യു (കുഞ്ഞാപ്പൻ) മകൻ പാപ്പു (ജോസഫ്)

പുതിയടത്ത് കുഞ്ഞാപ്പന്റെ നാല് ആൺ മക്കളിൽ മൂത്ത മകനാണ് പാപ്പു എന്ന് വിളിക്കുന്ന ജോസഫ്. വെച്ചുച്ചിറ, കാക്കനാട്ട് ജോർജിന്റെ മകൾ അച്ചാമ്മയെ വിവാഹം ചെയ്തു. മികച്ച കർഷകനും പൊതുക്കാര്യ പ്രസക്തനുമാണ്. പാപ്പു-അച്ചാമ്മ ദമ്പതികൾക്ക് അഞ്ച് ആൺ മക്കൾ. ബിജു, ബൈജു, റെജു, സജു, അജു എന്നിവരാണ് മക്കൾ.

## I A1a. പുതിയിടത്ത് പാപ്പു മകൻ ബിജു (ഫാ. മാത്യു പുതിയടം Jr.)

പുതിയടത്ത് പാപ്പുവിന്റെ അഞ്ച് ആൺ മക്കളിൽ മൂത്ത മകനാണ് ബിജു എന്നു വിളിക്കുന്ന ഫാ. മാത്യു പുതിയടത്ത്. ഓറീസായിൽ റായ്ഗഡ് രൂപതയിൽ വൈദികനായി സേവനം ചെയ്യുന്നു. ഫാ. മാത്യു 1997 മെയ്മാസം 3-ാം തീയതി കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ഒറീസ്സായിലെ ബാലസോർ രൂപതയിലെ ബിഷപ്പ് മാർ തോമ്മസ് തിരുതാളിൽ പിതാവിൽനിന്ന് കൈവയ്പ് ശുശ്രൂഷവഴി വൈദികപട്ടം സ്വീകരിക്കുകയും പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. തദവസരത്തിൽ ബെറാംപൂർ ബിഷപ് മാർ ജോസഫ് ദാസ് സന്നിഹിതനായിരുന്നു. തുടർന്ന് പല ദൈവാലയങ്ങളിലും സേവനം ചെയ്തു. ജൽത്തർ

ഇടവകയിൽ വികാരിയായി സേവനം ചെയ്യുമ്പോൾ രൂപതാ പ്രൊക്കുറേറ്റർ ആയി അഞ്ചു വർഷം സേവനം ചെയ്തു. തുടർന്ന് സോഷ്യൽ സർവീസിൽ ഡയറക്ടറായി ജോലി ചെയ്തു. ബറാപൂർ രൂപത വിഭജിച്ച് റായ്ഗഡ രൂപത ഉണ്ടായി. അവിടെ രൂപത വക ഒരു സ്കൂളിന്റെ മാനേജരായും അദ്ധ്യാപകനായും സേവനം ചെയ്യുന്നു.

## I A1b. പുതിയിടത്ത് പാപ്പു മകൻ ബൈജു (ജോർജ്)

പാപ്പുവിന്റെ രണ്ടാമത്തെ മകനാണ് ബൈജു. കോതമംഗലം കവളങ്ങാട്ട് മഠത്തിൽ പൗലോസിന്റെ മകൾ ബിൽജി (മറിയം)യെ വിവാഹം ചെയ്തു. ഇരുവരും മഹാരാഷ്ട്രയിലെ ഔറംഗാബാദിൽ ജോലി ചെയ്യുന്നു. ബൈജു MAYO INDIA Ltd കമ്പനിയിൽ ജനറൽ മാനേജരായി ജോലി ചെയ്യുന്നു. ഒരു മകൻ ബോബി (ജോസഫ്).

## I A1C. പുതിയിടത്ത് പാപ്പു മകൻ റെജു (ജോസഫ്)

പാപ്പുവിന്റെ മൂന്നാമത്തെ മകനാണ് റെജു. കോട്ടയം വടവാതൂർ, അരയശ്ശേരിൽ ആന്റണിയുടെ മകൾ സ്വപ്ന എന്ന് വിളിക്കുന്ന എൽസമ്മയെ വിവാഹം ചെയ്തു. റെജു കെ.എസ്.ആർ.ടി.സി. ജീവനക്കാരനാണ്. സ്വപ്ന സ്കൂൾ അദ്ധ്യാപികയും. റെജു-സ്വപ്ന ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. മാത്യൂസ് (മാത്യു), ആന്റോസ് (ആന്റണി).

## I A1d. പുതിയിടത്ത് പാപ്പു മകൻ സജു (എബ്രാഹം)

പുതിയടത്ത് പാപ്പുവിന്റെ നാലാമത്തെ മകനാണ് സജു. കാഞ്ഞിരപ്പള്ളി പുത്തൻപുരയ്ക്കൽ ജോണിയുടെ മകൾ മഞ്ജു (മറിയാമ്മ) വാണ് ഭാര്യ. സഹകരണബാങ്ക് ജീവനക്കാരനാണ്. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഔസേപ്പച്ചൻ, അന്നക്കുട്ടി (അന്നാ മരിയാ).

## I A1c. പുതിയിടത്ത് പാപ്പു മകൻ അജു (ഡോമിനിക്)

പാപ്പുവിന്റെ അഞ്ച് ആൺ മക്കളിൽ ഇളയ മകനാണ് അജു. പൂനയിൽ പ്രൈവറ്റ് കമ്പനിയിൽ Electrical technician ആയി ജോലി ചെയ്യുന്നു. കാഞ്ഞിരമറ്റത്തു ചെരിവിൽ പറമ്പിൽ ജോസിന്റെ മകൾ സുമി(ത്രേസ്യാ)യാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ടു പെൺമക്കൾ - ഏയ്ഞ്ചലീന (അന്നമ്മ), എലീന (മേരി).

## A2. പുതിയിടത്ത് കുഞ്ഞാപ്പൻ (മാത്യു) മകൻ ബേബിച്ചൻ (ഫാ. മാത്യു Sr.)

കുഞ്ഞപ്പന്റെ രണ്ടാമത്തെ മകനാണ് ബേബിച്ചൻ എന്നു വിളിക്കുന്ന മാത്യു. 1973 ഡിസംബർ 18-ാം തീയതി കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് മാർ ജോസഫ് പൗവത്തിൽ പിതാവിന്റെ കൈവയ്പു ശുശ്രൂഷവഴി വൈദികപട്ടം സ്വീകരിക്കുകയും പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. ഒറീസ്സയിൽ ഭുവനേശ്വർ രൂപതയിൽ വൈദികനായി സേവനം ചെയ്യുന്നു. പല പള്ളികളിലും കൊച്ചച്ചനായും, ബെല്ലിഗുഡ പള്ളിയിൽ വികാരിയായും സേവനം ചെയ്തു. ഈ അവസരത്തിൽ ധാരാളം ആദിവാസി കുട്ടികളെ പള്ളിവക ഹോസ്റ്റലിൽ താമസിപ്പിച്ച് പഠിപ്പിച്ചു. പലരും വൈദികരായി. അതിൽ ഒരു വൈദികൻ സാമ്പൽപൂർ രൂപതയുടെ മെത്രാനാണ്. ബല്ലിഗുഡയിൽനിന്ന് ഫുൽബാനി പള്ളിയുടെ വികാരിയായി സേവനം അനുഷ്ഠിച്ചിരുന്ന അവസരത്തിലാണ് ഒറിസ്സയിൽ മതപീഡനം ഉണ്ടായത്. ഈ സംഭവത്തിൽ അച്ചനുണ്ടായ അനുഭവം ഇവിടെ വിവരിക്കുന്നു.

ഒറിസ്സായിലെ കാന്തമാൽ ജില്ലയിൽ 2007 ഡിസംബർ 23,24,25 തീയതികളിൽ സ്വാമി ലക്ഷ്മണാനന്ദസ്വരസ്വതിയും അയാളുടെ അനുയായികളും ചേർന്ന് ക്രിസ്തുമസ്സിനുവേണ്ടി തയ്യാർ ചെയ്തുകൊണ്ടിരുന്ന ഒരു മിഷൻസ്റ്റേഷനിൽ ചെന്ന് എല്ലാ പരിപാടികളും നിർത്താൻ ആവശ്യപ്പെട്ടു. ഇത് ഹിന്ദുരാജ്യമാണ്. ക്രിസ്തുമസ് ആഘോഷം ഇവിടെ നടത്താൻ പാടില്ല എന്നവർ പറഞ്ഞു. എന്നാൽ ആ ഗ്രാമവാസികൾ അവരെ ആക്രമിക്കുകയും ഉന്തും തള്ളും ഉണ്ടായി. അതിൽ കോപിച്ച സ്വാമിജി ഈ വർഷം കാന്തമാൽ ജില്ലയിൽ ക്രിസ്തുമസ് വേണ്ട എന്ന് എല്ലായിടത്തും പ്രസംഗിച്ചു. വളരെയധികം നാശങ്ങൾ വരുത്തി. 30 പള്ളികൾ, മഠങ്ങൾ, ഡിസ്പൻസറി, ഹോസ്റ്റൽ എല്ലാം നശിപ്പിച്ചു. പക്ഷേ ഫാ. മാത്യു താമസിച്ചിരുന്ന ഫുൽബാനിയിൽ R.S.S., B.J.P. എന്നിവർ വന്ന് ബഹളം വച്ച് ഇവരെ ഭയപ്പെടുത്തി. എന്നാൽ പോലീസിന്റെ സഹായം ഉണ്ടായിരുന്നതിനാൽ നാശനഷ്ടങ്ങൾ ഉണ്ടായില്ല.

2008 ആഗസ്റ്റ് 23-ാം തീയതി സ്വാമി ലക്ഷ്മണനന്ദ സരസ്വതിയെ ആരോ വധിച്ചു. R.S.S വിശ്വ ഹിന്ദു പരിഷത്ത്, മറ്റ് ഹിന്ദുക്കൾ എന്നിവർ ഇത് ക്രിസ്ത്യാനികൾ ആണ് ചെയ്തതെന്നു ആരോപിച്ചു. അവർ ആൾക്കാരെ കൂട്ടി ക്രിസ്ത്യാനികളെ

ആക്രമിക്കാൻ തുടങ്ങി. സ്വാമിയുടെ മൃതശരീരവുമായി 250-300 കിലോമീറ്റർ പ്രദക്ഷിണമായി ജീപ്പിൽ യാത്ര ചെയ്തു. റോഡരികിലുള്ള എല്ലാ പള്ളികളും മഠങ്ങളും മിഷനറിമാരുടെ എല്ലാ സ്ഥാപനങ്ങളും നശിപ്പിച്ചു. അച്ചന്മാരും സിസ്റ്റേഴ്സും വിശ്വാസികളും എല്ലാം ഉപേക്ഷിച്ചു വനത്തിലേക്കും മറ്റു ജില്ലകളിലേക്കും ഓടിപ്പോയി. ഫാ. മാത്യു താമസിച്ചിരുന്ന സ്ഥലം സ്വാമിജിയെ വധിച്ച സ്ഥലവുമായി വളരെ അകലമുണ്ടായിരുന്നു. അതിനാൽ അക്രമം ഉണ്ടാകില്ലെന്ന് അവർ വിചാരിച്ചു. 24-ാം തീയതി വളരെ ഫോൺ വന്നു. വിലപിടിപ്പുള്ള സാധനങ്ങൾ എല്ലാം മാറ്റാൻ അറിയിച്ചു. അതുകൊണ്ട് വിലപിടിപ്പുള്ള പള്ളിവക സാധനങ്ങൾ വിശ്വസിക്കാവുന്ന ഹിന്ദുക്കളുടെ വീട്ടിൽ എത്തിച്ചു. 25-ാം തീയതി രാവിലെ 7 മണിക്ക് ഭയങ്കര ശബ്ദം കേട്ടു. ക്രിസ്ത്യാനികളെ നശിപ്പിക്കുക, പള്ളി കത്തിക്കുക എന്നു ആർത്തുവിളിച്ചു അവർ വന്നു. ഇവരുടെ വരവ് കണ്ട് കൊച്ചച്ചന്റെ ബൈക്കിൽ രണ്ടുപേരും കൂടി അടുത്തുള്ള കോളേജു കുട്ടികൾ താമസിക്കുന്ന ഹോസ്ററലിൽ എത്തി. ഈ സമയത്തു പള്ളിയുടെ ഗെയിറ്റ് പള്ളിമുറി എന്നിവ തകർക്കാൻ തുടങ്ങി. പോലീസുകാർ ഒന്നും ചെയ്തില്ല. സ്വാമിയുടെ ജഡം പള്ളിയുടെ മുൻപിൽ വച്ച് പൂജ നടത്തി. അച്ചൻ ഒരു കുട്ടിയെ പള്ളിക്കലോട്ട് അയച്ചു. അൾത്താര രൂപങ്ങൾ, കസേര എല്ലാം നശിപ്പിച്ചതായി അറിഞ്ഞു. ഈ സമയം കൂടുതൽ പോലീസ് ഫോഴ്സ് വന്നു എല്ലാവരെയും ഓടിച്ചു. പക്ഷേ അച്ചൻ താമസിച്ചിരുന്ന ഒളിസ്ഥലം അവർ എങ്ങനെയോ അറിഞ്ഞു. ഒരു വലിയ ആൾക്കൂട്ടം ആ വീടിന്റെ വാതിൽ തല്ലിതകർത്തു. അവിടെ ഉണ്ടായിരുന്ന ആളുകൾ വീടിന്റെ ഭിത്തി വഴി കയറി രക്ഷപെട്ടു. അച്ചന് കയറാൻ കഴിഞ്ഞില്ല. വീടിന് ഒരു വാതിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. അച്ചൻ മുറിക്കകത്തുകൂടി തപ്പിനടന്നു. അവിടെ ഒരു പഴയ ഉപയോഗിക്കാത്ത കക്കൂസ് കുഴി കണ്ടു. അതിന്റെ ഒരു മൂലയിൽ ഒളിച്ചിരുന്നു. അക്രമികൾ ആരെയും കാണാതിരുന്നതിനാൽ പിന്നെ കാണാം എന്നു പറഞ്ഞുപോയി. മോട്ടോർ സൈക്കിൾ കത്തിച്ചു. മൂന്നു മണി കഴിഞ്ഞ് അച്ചൻ പുറത്തിറങ്ങി നോക്കി. വലിയ ആൾക്കൂട്ടം ഇതേ ഫാദർ എന്നുപറഞ്ഞ് അച്ചന്റെ അടുത്തേക്ക് ഓടിവന്നു. അച്ചൻ ഓടി അര കിലോമീറ്റർ അകലെ ഒരു വീട്ടിൽ എത്തി. ആ വീട്ടിൽ ഒരു സ്ത്രീ ഉണ്ടായിരുന്നു. ഒരു പയ്യൻ വന്ന് അച്ചനെ സഹായിച്ചു. പയ്യനോട് കുടിക്കാൻ ചൂടുവെള്ളം ചോദിച്ചു. പയ്യൻ ചൂടുവെള്ളം ഉണ്ടാക്കി കൊടുത്തു.

ഉച്ചയോടുകൂടി രണ്ടു പയ്യൻമാരെ കൂട്ടി പള്ളിയിൽ എത്തി. പള്ളിയിൽ പോലീസ് ഉണ്ടായിരുന്നു. മുറിയുടെ താക്കോലും മൊബൈൽ ഫോണും ഓട്ടത്തിനിടയിൽ നഷ്ടപ്പെട്ടു. വിവരം പോലീസിനോടു പറഞ്ഞു. അവർ പൂട്ട് തല്ലിതകർത്തു. മുറി തുറന്നു. മുറിക്കകത്ത് ഇരിക്കുമ്പോൾ Land Phone ബെല്ലടിച്ചു. വിളിച്ചത് കൊച്ചച്ചനായിരുന്നു. വിവരം അറിഞ്ഞ് കൊച്ചച്ചൻ രാത്രിയിൽ വന്നു. അവർ മാത്യു അച്ചനെ അന്വേഷിക്കുകയായിരുന്നു. അവർ രാത്രിയിൽ തന്നെ അവിടെനിന്ന് ഓടി ഒരു വനത്തിൽ എത്തി. ഒളിച്ചു താമസിച്ചു. മൂന്നു ദിസം അവിടെ താമസിച്ചു. ഒരു സ്ത്രീ ഇവർക്കു ഭക്ഷണം ഉണ്ടാക്കി കൊടുത്തു. കഴിച്ചുകൊണ്ടിരുന്ന മരുന്ന് തീർന്നതിനാൽ രാത്രിയിൽ പള്ളിയിൽ എത്തി. ഒരു ടാക്സി പിടിച്ചു രക്ഷപെടാൻ നോക്കി. എന്നാൽ ടാക്സിക്കാർ ഭയംകൊണ്ട് പോകാൻ തയ്യാറായില്ല. മൃതപ്രായനായ ബർണാർഡ് എന്ന അച്ചനെ ഫുൽബാനി ആശുപത്രിയിൽ കൊണ്ടുവന്നു. എന്നാൽ ആശുപത്രിയിൽ സൗകര്യം ഇല്ലാതിരുന്നതിനാൽ കട്ടാക്കിലേക്ക് കൊണ്ടുപോകാൻ തീരുമാനിച്ചു. അതിനുവേണ്ടി ഒരു ആംബുലൻസ് തയ്യാറാക്കി. ആ വണ്ടിയിൽ ഫാ. മാത്യുവും കൊച്ചച്ചനും കയറി ഒളിച്ചിരുന്നു. അങ്ങനെ അവർ ഭുവനേശ്വരത്ത് എത്തി. കുറച്ചു ദിവസങ്ങൾക്കു ശേഷം കാഞ്ഞിരപ്പള്ളിയിലെ വീട്ടിൽ എത്തി. ഇപ്പോൾ രൂപതവക സ്കൂളിന്റെ മാനേജരായി സേവനം ചെയ്യുന്നു.

## I A3. പുതിയിടത്ത് കുഞ്ഞാപ്പൻ മകൻ ജോപ്പി (സെബാസ്റ്റ്യൻ)

കുഞ്ഞാപ്പന്റെ മൂന്നാമത്തെ മകനാണ് ജോപ്പി. കർഷകനായ ജോപ്പിയുടെ ഭാര്യ കാഞ്ഞിരപ്പള്ളി ആര്യംകുളത്ത് ചാക്കോയുടെ മകൾ ലൈസാമ്മയാണ്. ഇവർക്ക് രണ്ട് ആൺമക്കൾ. മൂത്ത മകൻ സുബിൻ (മാത്യു), ചാക്കോച്ചൻ (ചാക്കോ). ജോപ്പി 2010-ൽ 62-ാമത്തെ വയസ്സിൽ നിര്യാതനായി. കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ കുടുംബക്കല്ലറയിൽ സംസ്കരിച്ചു.

## I A4. പുതിയിടത്ത് കുഞ്ഞാപ്പൻ മകൻ എബ്രാഹം (അവിരാച്ചൻ)

കുഞ്ഞാപ്പന്റെ നാല് ആൺ മക്കളിൽ ഇളയ മകനാണ് അവി രാച്ചൻ എന്ന് വിളിക്കുന്ന എബ്രാഹം. ഫെഡറൽ ബാങ്കിൽ മാനേ ജരാണ്. പൈക പല്ലാട്ട് എബ്രാഹത്തിന്റെ മകൾ എൽസമ്മ (ഏ ലി)യെ വിവാഹം ചെയ്തു. ഇവർക്ക് മൂന്ന് ആൺ മക്കൾ. മൂത്ത മകൻ അനീഷ് എന്നു വിളിക്കുന്ന മാത്യു. എംടെക്ക് കഴിഞ്ഞ് ജർമ്മനിയിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൻ ആൽബി എന്നു

വിളിക്കുന്ന ആൽബർട്ട് ബിടെക്ക് കഴിഞ്ഞു പൂനയിൽ ജോലി ചെയ്യുന്നു. ഇളയ മകൻ അലൻ എന്നു വിളിക്കുന്ന അലക്സ് ബി.കോം വിദ്യാർത്ഥിയാണ്.

## I B. പുതിയിടത്ത് കൊച്ച് (ജോസഫ്) മകൻ അബ്രാഹം (കുട്ടി)

കൊച്ച് (ജോസഫ്) റോസ ദമ്പതികളുടെ രണ്ടാമത്തെ മകനാണ് കുട്ടി എന്നു വിളിക്കുന്ന എബ്രാഹം. ചെങ്ങളം തണ്ണിപ്പാറ തോമസ്സിന്റെ മകൾ ത്രേസ്യയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒൻപത് മക്കൾ. മൂന്ന് ആൺമക്കളും ആറ് പെൺമക്കളും. ജോസഫ്, തോമസ്, മത്തായി എന്നിവരാണ് ആൺ മക്കൾ. റോസ, മേരി, അന്നക്കുട്ടി, ത്രേസ്യാ, എൽസമ്മ, സാലി എന്നിവർ പെൺമക്കൾ.

മൂത്ത മകൾ ചേച്ചമ്മ എന്നു വിളിക്കുന്ന റോസയെ വെള്ളാരംകുന്ന് കിടങ്ങിത്താഴ വർക്കിയും രണ്ടാമത്തെ മകൾ മേരിയെ ഡൈമുക്ക് കണികുന്നേൽ എബ്രാഹമും വിവാഹം ചെയ്തു. മൂന്നാമത്തെ മകളായ അന്നക്കുട്ടി സെന്റ് അഗസ്റ്റിൻസ് കോൺവെന്റിൽ ചേർന്നു. സി. അനിറ്റ എന്ന പേരിൽ അറിയപ്പെടുന്നു. നാലാമത്തെ മകൾ ഗ്രേസിയെ തോവാള അഞ്ചേരി വർഗീസ് വിവാഹം ചെയ്തു. അഞ്ചാമത്തെ മകൾ എൽസമ്മ മിഷനറീസ് ഓഫ് ചാരിറ്റിയിൽ ചേർന്നു. സി. ആർലിൻ എന്ന പേര് സ്വീകരിച്ചു. 2004-ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ആറാമത്തെ മകൾ സാലിയെ മുണ്ടിയെരുമ തടത്തിൽ ജേക്കബ് വിവാഹം ചെയ്തു. കുമളി വെള്ളാരംകുന്നിലാണ് താമസം.

## I B1. പുതിയിടത്ത് കുട്ടി (എബ്രഹാം) മകൻ ജോസഫ് (അപ്പച്ചൻ)

കുട്ടിയുടെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് അപ്പച്ചൻ എന്ന് വിളിക്കുന്ന ജോസഫ്. മേരികുളം മണപ്പാട്ട് സ്കറിയാ മകൾ തങ്കമ്മ (ഫിലോമിന) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ടാണും രണ്ട് പെണ്ണും. ഷാജി, ഷിബി എന്നിവരാണ് ആൺ മക്കൾ. ഡയ്സി, ഡെൻസി എന്നിവർ പെൺ മക്കളും. മൂത്ത മകൾ ഡെയ്സി (ത്രേസ്യാ) യെ ഇരട്ടയാർ വെട്ടത്ത് തോമസ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ഡെൻസി (അന്നമ്മ) യെ ഉപ്പുതറ കൊച്ചുപറമ്പിൽ ജോർജ് മകൻ ഫ്രാൻസീസ് വിവാഹം ചെയ്തു.

## I B 1a. പുതിയിടത്ത് അപ്പച്ചൻ മകൻ ഷാജി (അബ്രാഹം)

പുതിയടത്ത് അപ്പച്ചന്റെ രണ്ട് ആൺ മക്കളിൽ മൂത്ത മകനാണ് ഷാജി (അബ്രാഹം). ആനവിലാസം കാന്തശ്ശേരിൽ തോമസിന്റെ മകൾ മിനി (മറിയം) യെ വിവാഹം ചെയ്തു. ഷാജി-മിനി ദമ്പതി കൾക്ക് രണ്ട് ആൺ മക്കൾ. ജോസഫ്, തോമസ്.

## I B1b. പുതിയിടത്ത് അപ്പച്ചൻ മകൻ ഷിബി

പുതിയടത്ത് അപ്പച്ചന്റെ രണ്ടാമത്തെ മകനാണ് ഷിബി. അവി വാഹിതനായിരുന്ന ഷിബി 2002 ൽ 33-ാമത്തെ വയസ്സിൽ നിര്യാത നായി.

## I B2. പുതിയിടത്ത് അബ്രാഹം (കുട്ടി) മകൻ തോമസ് (തോമാച്ചൻ)

പുതിയിടത്ത് കുട്ടിയുടെ രണ്ടാമത്തെ മകനാണ് തോമാച്ചൻ എന്നു വിളിക്കുന്ന തോമസ്. എഴുകുംവയൽ മഞ്ഞനാംകുന്നേൽ ആന്റണിയുടെ മകൾ ലീലാമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് ആൺ മക്കൾ. എബി എന്നു വിളിക്കുന്ന അബ്രാഹം BSC Nursing കഴിഞ്ഞു ഫ്രാൻസിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൻ ബിബിൻ.

## I B3. പുതിയിടത്ത് അബ്രാഹം (കുട്ടി) മകൻ മത്തായി (മത്തായിച്ചൻ)

കുട്ടിയുടെ മൂന്നാമത്തെ മകനാണ് മത്തായിച്ചൻ എന്നു വിളി ക്കുന്ന മത്തായി. 1949-ൽ ജനിച്ച മത്തായിച്ചൻ 1977-ൽ നിര്യാത നായി. അവിവാഹിതനായിരുന്നു.

## I C. പുതിയിടത്ത് ജോസഫ് (കൊച്ച്) മകൻ ചാക്കോ

പുതിയടത്ത് കൊച്ചിന്റെ മൂന്നാമത്തെ മകനാണ് ചാക്കോ. കാസർകോട് ജില്ലയിലെ ഭീമനടിയിലാണ് താമസം. കണ്ണൂർ ജില്ല യിലെ പേരാവൂർ, പന്തപ്ലാക്കൽ വർക്കിയുടെ മകൾ അന്നമ്മയാണ് ഭാര്യ. ഇവർക്ക് ആറ് ആൺ മക്കളും അഞ്ച് പെൺ മക്കളുമാണ്. ജോസഫ്, മാത്യു, വർക്കി, എബ്രാഹം, ചാക്കോ, തോമസ് എന്നിവ രാണ് ആൺ മക്കൾ. ഏലിക്കുട്ടി റോസമ്മ, അന്നമ്മ (മേരി), ലില്ലി, മറിയാമ്മ എന്നീ പെൺ മക്കളും.

മൂത്തമകൾ ഏലിക്കുട്ടിയെ ഇരുട്ടി കാലാങ്കി ഇടവക പുളി മൂട്ടിൽ ചാക്കോ വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ റോസമ്മ

തലശ്ശേരി എസ്. എച്ച്. കോൺവെന്റിൽ സന്ന്യസ്ത സേവനം ചെയ്യുന്നു. സി. റോസ് ജെയിംസ് എന്ന പേരിലറിയപ്പെടുന്നു. തലശ്ശേരിയിൽ വിവിധ ഇടവകകളിൽ സേവനം ചെയ്തു. പേരാവൂർ, വയട്ടുപറമ്പ്, ആലക്കോട് പൈസക്കരി, കർണ്ണാടകയിൽ സിദ്ധാപുരം (കൂർഗ്ഗ്) മംഗലാപുരം എന്നിവടങ്ങളിലും കൂത്തുപറമ്പ് ഹോസ്റ്റലിലും കരുവഞ്ചാൽ ഹോസ്പിറ്റലിലും മാനന്തവാടി നോർബർ ടൈൻ സെമിനാരിയിലും ജോലി ചെയ്തിട്ടുണ്ട്. Social work, Craft, തയ്യൽ എന്നീ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്നു. 1969-ൽ പേരാവൂരിൽ നൊവിഷ്യേറ്റ് നടത്തി. 1971-ൽ ആദ്യവ്രതം ചെയ്തു. 1996-ൽ സിൽവർ ജൂബിലി കഴിഞ്ഞു. ഇപ്പോൾ നീലേശ്വരം കോൺവന്റിലാണ്. മൂന്നാമത്തെ മകൾ അന്നമ്മ (മേരി) കടുമേനി ഇടവക വയലിൽ തോമസ് വിവാഹം ചെയ്തു. നാലാമത്തെ മകൾ ലില്ലി(ത്രേസ്യാമ്മ)യെ ചേമ്പളം മാമലശ്ശേരിൽ സേവ്യർ വിവാഹം ചെയ്തു. അഞ്ചാമത്തെ മകൾ ലിസി(മറിയാമ്മ)യെ ചെറുപാറ കൊന്നക്കാട്ട് മാക്കത്തിചാലിൽ സണ്ണി വിവാഹം ചെയ്തു.

### I C1. പുതിയിടത്ത് ചാക്കോ മകൻ ജോസഫ് (ജോസ്)

പുതിയടത്ത് ചാക്കോയുടെ ആറ് ആൺമക്കളിൽ മൂത്ത മകനാണ് ജോസ് എന്നു വിളിക്കുന്ന ജോസഫ്. പേരാവൂർ (വെള്ളൂർ പള്ളി) പാലകുന്നേൽ റോസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. രണ്ടാണും രണ്ട് പെണ്ണും. ജയ്സൺ, ബിനോയ് എന്നിവരാണ് ആൺ മക്കൾ. സോഫി, ജെസി എന്നിവർ പെൺമക്കളും.

മൂത്ത മകളായ സോഫിയെ ഉരുപ്പക്കുടി ഇടവക കുത്തുളിയിൽ ബേബി വിവാഹം ചെയ്തു. രണ്ടാമത്തെ മകളായ ജെസിയെ പേരാവൂർ തൊണ്ടി ഇടവക തങ്കച്ചൻ വിവാഹം ചെയ്തു.

### I C1a. പുതിയിടത്ത് ജോസ് മകൻ ജയ്സൺ

പുതിയടത്ത് ജോസിന്റെ രണ്ട് ആൺമക്കളിൽ മൂത്ത മകനാണ് ജയ്സൺ. കൊന്നക്കാട്ട് ഇടവക മേഴ്സിയാണ് ഭാര്യ. ഇവർക്ക് രണ്ട് മക്കൾ. സ്നേഹ, ശരത്ത് (ഉണ്ണി). സ്നേഹയെ കളപ്പുരയ്ക്കൽ ജോസഫിന്റെ മകൻ വിൽസൺ വിവാഹം ചെയ്തു.

### I C1b. പുതിയിടത്ത് ജോസ് മകൻ ബിനോയി

ജോസിന്റെ രണ്ടാമത്തെ മകനാണ് ബിനോയി. ഭാര്യ അനിത. ഇവർക്കു രണ്ടുമക്കൾ. എബിൻ, അഖിൽ

### I C2. പുതിയിടത്ത് ചാക്കോ മകൻ പാപ്പച്ചൻ (മാത്യു)

ചാക്കോയുടെ രണ്ടാമത്തെ മകനാണ് പാപ്പച്ചൻ എന്നു വിളിക്കുന്ന മാത്യു. ഭീമനടിയിൽ താമസം. ഇറാനിയിൽ കുട്ടിയമ്മ എന്നു വിളിക്കുന്ന കത്രീനയാണ് ഭാര്യ. ഈ ദമ്പതികൾക്ക് നാല് മക്കൾ. മൂന്ന് ആണും ഒരു പെണ്ണും. സാബു, ബേബി, ബിനോദ് എന്നീ ആൺമക്കൾ. ഏകമകൾ ബിനി.

### I C2a. പുതിയിടത്ത് പാപ്പച്ചൻ (മാത്യു) മകൻ സാബു

പാപ്പച്ചന്റെ മൂത്ത മകനാണ് സാബു. നാട്ടക്കല്ലിൽ പാലമറ്റം ലില്ലിയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു മക്കൾ ഒരാണും. ഒരു പെണ്ണും. ലിജോ, ലിറ്റി.

### I C2b. പുതിയിടത്ത് പാപ്പച്ചൻ മകൻ ബേബി

പാപ്പച്ചന്റെ രണ്ടാമത്തെ മകനാണ് ബേബി. ഭാര്യ കുഞ്ഞുമോൾ. രണ്ട് ആൺമക്കൾ

### I C2c. പുതിയിടത്ത് പാപ്പച്ചൻ (മാത്യു) മകൻ ബിനോദ്

പാപ്പച്ചന്റെ മൂന്നാമത്തെ മകനാണ് ബിനോദ്. ചിറ്റാരിക്കര കുറ്റിക്കാട്ടുക്കുന്നേൽ ബിജിയാണ് ഭാര്യ. ഈ ദമ്പതികൾക്കു മൂന്നു മക്കൾ ഒരാണും രണ്ടു പെണ്ണും. അപ്പു, അനിറ്റാ, ആൻറോസ്.

### I C3. പുതിയിടത്ത് ചാക്കോ മകൻ ബേബി (വർക്കി)

ചാക്കോയുടെ മൂന്നാമത്തെ മകനാണ് ബേബി എന്ന് വിളിക്കുന്ന വർക്കി. മാലക്കാട്ട് ഇടവക ഗ്രേസിയാണ് ഭാര്യ. ഇവർ പേരാവൂരിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ലതീഷ്, അനീഷ്, ഉണ്ണി.

### I C3a. പുതിയിടത്ത് ബേബി മകൻ ലതീഷ്

ബേബിയുടെ മൂത്തമകനാണ് ലതീഷ്. ഭാര്യ മരിയ, രണ്ടു പെൺമക്കൾ.

### I C3b. പുതിയിടത്ത് ബേബി മകൻ അനീഷ്

ബേബിയുടെ രണ്ടാമത്തെ മകനാണ് അനീഷ്. ഒരു പെൺകുട്ടി.

### I C4. പുതിയിടത്ത് ചാക്കോ മകൻ കുട്ടിയച്ചൻ (അബ്രാഹം)

ചാക്കോയുടെ നാലാമത്തെ മകനാണ് കുട്ടിയച്ചൻ എന്നു വിളിക്കുന്ന അബ്രാഹം. ബിരിക്കുളത്താണ് താമസം. വായാട്ടുപറമ്പ് ഇടവക വെണ്ണായ്പ്പള്ളിയിൽ ഔതയുടെ മകൾ റോസമ്മയെ വിവാഹം

ചെയ്തു. ഇവർക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. സുഷൽ, സുഖി. സുഖിയെ പേരട്ട മാളികക്കൽ ജിജി വിവാഹം ചെയ്തു. കുട്ടിയച്ചൻ 2011–ൽ മരണമടഞ്ഞു.

**I C4a. പുതിയിടത്ത് കുട്ടിയച്ചൻ മകൻ സുഷൻ**

കുട്ടിയച്ചന്റെ ഏകമകൻ സുഷൻ ബീഹാറിൽ സ്കൂളിൽ പഠിപ്പിക്കുന്നു. ഭാര്യ മിനി. ഇവർക്കു ഒരു മകൻ. ക്രിസ്റ്റോ (കിത്തു).

**I C5. പുതിയിടത്ത് ചാക്കോ മകൻ തങ്കച്ചൻ (ചാക്കോ)**

പുതിയിടത്ത് ചാക്കോയുടെ അഞ്ചാമത്തെ മകനാണ് തങ്കച്ചൻ എന്ന് വിളിക്കുന്ന ചാക്കോ. ചിറ്റാരിക്കാലിലാണ് താമസം. മോളി എന്നു വിളിക്കുന്ന ബ്രിജീത്തായെ വിവാഹം ചെയ്തു.ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അഭിലാഷ്, അനിമോൾ. അനിമോളെ കോയിക്കൽ പുളിക്കൽ സാബു വിവാഹം ചെയ്തു.

**I C5a. പുതിയിടത്ത് തങ്കച്ചൻ മകൻ അഭിലാഷ്**

തങ്കച്ചന്റെ ഏക മകനാണ് അഭിലാഷ്. മുത്തു എന്നു വിളിക്കുന്ന അൽഫോൻസായെ വിവാഹം ചെയ്തു. ഇവർക്കു ഒരു പെൺകുട്ടി. അഭിലാഷ് ദുബായിൽ ജോലി ചെയ്യുന്നു.

**I C6. പുതിയിടത്ത് ചാക്കോ മകൻ തോമ്മാച്ചൻ (തോമസ്)**

ചാക്കോയുടെ ആറാമത്തെ മകനാണ് തോമ്മാച്ചൻ എന്നു വിളിക്കുന്ന തോമസ്. നീലിശ്വേരത്താണ് താമസം. മല്ലപ്പള്ളി കുഞ്ഞുമോളെ വിവാഹം ചെയ്തു. ഇവർക്ക് മൂന്നു മക്കൾ. റിനുമോൾ, റിജോ, റിനമോൾ. റിജോ ദുബായിൽ ജോലി ചെയ്യുന്നു. റിനു ബോംബെയിൽ പഠിക്കുന്നു.

**I D. പുതിയിടത്ത് ജോസഫ് (കൊച്ച്) മകൻ അവുത (ജോസഫ്)**

പുതിയടത്ത് കൊച്ചിന്റെ നാലാമത്തെ മകനാണ് അവുത (ജോസഫ്). എരുമേലി കണ്ണിമലയിൽ താമസിക്കുന്നു. പുത്തൻപുരയിൽ ജോസഫ് മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഇവർക്ക് നാല് ആൺമക്കളും അഞ്ച് പെൺ മക്കളും. ബേബി (ജോസഫ്), പാപ്പച്ചൻ (എമ്മാനുവേൽ), ജോണി (മാത്യു), ലാലിച്ചൻ (എബ്രാഹം) എന്നിവരാണ് ആൺ മക്കൾ. മേരി, റോസമ്മ, ഗ്രേസി, എൽസമ്മ, ആനിയമ്മ എന്നിവർ പെൺമക്കളും. മൂത്തമകൾ മേരിയെ ചാത്തൻതറ പെരുഞ്ചേരിൽ ജോണും, രണ്ടാമത്തെ മകൾ റോസമ്മയെ മണ്ണൂത്തി പുത്തൂർ ആന്റണിയും മൂന്നാമത്തെ മകൾ

ഗ്രേസിയെ ചാത്തൻതറ തുണ്ടത്തിൽ ജോസും നാലാമത്തെ മകൾ എൽസമ്മയെ കൊല്ലമുള കണ്ടത്തിൽ സിറിയക്ക് (അപ്പച്ചൻ) ഉം, അഞ്ചാമത്തെ മകൾ ആനിയമ്മയെ കണമല ആലപ്പാട്ട് രാജനും വിവാഹം ചെയ്തു.

## I D1. പുതിയിടത്ത് അവുത മകൻ ബേബി (ജോസഫ്)

പുതിയടത്ത് അവുതയുടെ മൂത്ത മകനാണ് ബേബി എന്നു വിളിക്കുന്ന ജോസഫ്. പാമ്പനാറിൽ ആണ് താമസം. കൂത്രപ്പള്ളി ദേവസ്യയുടെ മകൾ വത്സമ്മയാണ് ഭാര്യ. ജോസഫ് (ബേബി), വിജയപുരം രൂപത കുടുംബകൂട്ടായ്മ കോഡിനേറ്റർ Small Christian Community, നാഷണൽ റിസോർട്ട് ടീ മെമ്പർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ഇവർക്ക് രണ്ട് പെൺമക്കൾ. സുജിത, റെജീന മൂത്തമകൾ സുജിതയെ മധുര മിസ്റ്റിക്കൽ റോഡിൽ രവി വില്യം വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ റെജീന പൂനയിൽ ജോലി ചെയ്യുന്നു.

## I D2. പുതിയിടത്ത് അവുത മകൻ പാപ്പച്ചൻ (എമ്മാനുവേൽ)

അവുതയുടെ രണ്ടാമത്തെ മകനാണ് പാപ്പച്ചൻ എന്നു വിളിക്കുന്ന എമ്മാനുവേൽ ഇടത്തിക്കാവിൽ താമസിക്കുന്നു. ചാത്തൻതറ കിഴക്കേമുറിയിൽ ഡോമിനിക് മകൾ ഫിലോമിനായെ വിവാഹം ചെയ്തു. ഇവർക്ക് രണ്ടാണും ഒരു പെണ്ണുമടക്കം മൂന്നു മക്കൾ. അനീഷ് (ജോസഫ്), അനൂപ്, അനിത.

## I D2a. പുതിയിടത്ത് പാപ്പച്ചൻ മകൻ അനീഷ്

പാപ്പച്ചന്റെ മൂത്ത മകനാണ് അനീഷ് എന്നു വിളിക്കുന്ന ജോസഫ് എലിക്കുളം പ്ലാത്തോട്ടത്തിൽ സോന (ഏലിയാമ്മ)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൻ ക്രിസ്റ്റോ (എമ്മാനുവേൽ).

## I D2b. പുതിയിടത്ത് പാപ്പച്ചൻ മകൻ അനൂപ്

പാപ്പച്ചന്റെ രണ്ടാമത്തെ മകനാണ് അനൂപ്

## I D3. പുതിയിടത്ത് അവുത മകൻ ജോണി (മാത്യു)

അവുതയുടെ മൂന്നാമത്തെ മകനാണ് ജോണി എന്ന് വിളിക്കുന്ന മാത്യു. കിഴുകണ്ടയിൽ ജോണിന്റെ മകൾ അൽഫോൻസായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. അനു (എലിസബത്ത്), അനൂപ് (വർഗ്ഗീസ്), മരിയ.

## I D4. പുതിയിടത്ത് അവുത മകൻ ലാലിച്ചൻ (എബ്രാഹം)

അവുതയുടെ നാല് ആൺമക്കളിൽ ഇളയ മകനാണ് ലാലിച്ചൻ (അബ്രാഹം). കണ്ണിമലയിൽ താമസിക്കുന്നു. പുഞ്ചവയൽ, കൊട്ടാരത്തിൽ കുര്യന്റെ മകൾ ജെസ്സിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ലിജിൽ (ജോസഫ്), ലിന്റാമോൾ (എലിസബത്ത്), കുര്യൻ (കുര്യച്ചൻ).

## II. പുതിയിടത്ത് മാത്യു മകൻ കൊച്ചുകുട്ടി (മാത്യു)

പുതിയടത്ത് മാത്യുവിന്റെ രണ്ട് ആൺ മക്കളിൽ ഇളയവനാണ് കൊച്ചുകുട്ടി എന്നു വിളിക്കുന്ന മാത്യു. കുമ്മണ്ണൂർ ചെകിടിയിൽ (മാലിക്കൽ ചെകിടിയേൽ അല്ല) മറിയത്തെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാല് ആൺ മക്കൾ. മത്ത (മാത്യു), മർക്കോസ്, ചാക്കോ, ജോസഫ് (അവുത).

## II A. പുതിയിടത്ത് കൊച്ചുകുട്ടി മകൻ മത്ത (മാത്യു)

കൊച്ചു കുട്ടിയുടെ നാല് ആൺമക്കളിൽ മൂത്തമകനാണ് മത്ത എന്ന് വിളിക്കുന്ന മാത്യു. തിടനാട് ചോങ്കര ജോസഫിന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ആറ് മക്കൾ. നാല് ആൺ മക്കളും, രണ്ട് പെൺ മക്കളും. ജോസഫ് (കുറുവച്ചൻ), മാത്യു (തങ്കച്ചൻ), ജോർജ്, ജെയിംസ് എന്നിവരാണ് ആൺ മക്കൾ. മേരി, ചിന്നമ്മ എന്നിവർ പെൺമക്കളും. മൂത്ത മകൾ മേരി (മറിയം) യെ ചെമ്മല മറ്റം മൂഴിയാങ്കൽ കുര്യാക്കോസ് വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ചിന്നമ്മ പാറ്റ്നായിൽ എസ്. എച്ച്. കോൺവെന്റിൽ ചേർന്ന് സി. ആനിസ് മേരി എന്ന പേരു സ്വീകരിച്ച് സന്ന്യസ്ത ജീവിതം നയിക്കുന്നു. BA, BEd ഡിഗ്രി പഠിച്ച് ബീഹാറിൽ വിവധ സ്കൂളിൽ പഠിപ്പിച്ചു. ഇപ്പോൾ റിട്ടയർമെന്റായി റാഞ്ചി പ്രൊവിൻസിൽ സോഷ്യൽ വർക്കു ചെയ്യുന്നു.

## II A1. പുതിയിടത്ത് മത്ത മകൻ കുറുവച്ചൻ (ജോസഫ്)

പുതിയടത്ത് മത്തയുടെ മൂത്ത മകനാണ് കുറുവച്ചൻ എന്ന് വിളിക്കുന്ന ജോസഫ്. കാഞ്ഞിരപ്പള്ളി വാഴയിൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ മകൾ ലീലാമ്മ (ഏലിക്കുട്ടി) യെ വിവാഹം ചെയ്തു. ഏക മകൾ ലിന്റ (അന്നമ്മ). ലിന്റ സൗദിയിൽ നഴ്സായി ജോലി ചെയ്യുന്നു. മണിപ്പുഴ പീടികയിൽ ചാണ്ടി മകൻ അലക്സ് വിവാഹം ചെയ്തു.

## I A2. പുതിയിടത്ത് മത്ത മകൻ തങ്കച്ചൻ (മാത്യു)

മത്തയുടെ രണ്ടാമത്തെ മകനാണ് തങ്കച്ചൻ (മാത്യു). മലയിഞ്ചിപ്പാറ കരുവൻമാക്കൽ ജോസഫിന്റെ മകൾ ആൻസി (അന്നമ്മ) യെ വിവാഹം ചെയ്തു. തങ്കച്ചൻ-ആൻസി ദമ്പതികൾക്ക് രണ്ട് ആൺമക്കൾ. ജോയിസ് (മാത്യു), ജോംസി (ജോസഫ്).

## II A2a. പുതിയിടത്ത് തങ്കച്ചൻ മകൻ ജോയ്സ് (മാത്യു)

പുതിയടത്ത് തങ്കച്ചന്റെ രണ്ട് ആൺ മക്കളിൽ മൂത്തമകനാണ് ജോയ്സ്. ദുബായിൽ ജോലി ചെയ്യുന്നു. മുതലക്കോടം നടൂപ്പറമ്പിൽ ജോസഫിന്റെ മകൾ വിനീത (അൽഫോൻസ)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു ആൺമക്കൾ, ഫെലിക്സ് (മത്തായി), ജെറിക്സ് (വർഗ്ഗീസ്) എന്നിവരാണ്.

## II A2b.- പുതിയിടത്ത് തങ്കച്ചൻ മകൻ ജോംസി (ജോസഫ്)

തങ്കച്ചന്റെ രണ്ടാമത്തെ മകനാണ് ജോംസി. കുവൈറ്റിൽ ജോലി ചെയ്യുന്നു. പാലാക്കാട്ട് പ്രീതകടിയേൽ ജോയിയുടെ മകൾ പ്രിറ്റി (മറിയം) യാണ് ഭാര്യ.

## II A3. പുതിയിടത്ത് മത്ത മകൻ ജോർജ്

മത്തയുടെ മൂന്നാമത്തെ മകനാണ് ജോർജ്. കണ്ണിമല വൈദ്യരുപറമ്പിൽ ജോസഫിന്റെ മകൾ ലാലി (അന്നമ്മ) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഒരാണും ഒരു പെണ്ണും. ലിജി, ലിജോ ഏക മകൾ ലിജിയെ (അന്നമ്മ) കാഞ്ഞിരപ്പള്ളി കരിപ്ലാക്കൽ ലൂയീസ് വിവാഹം ചെയ്തു.

## II A3a. പുതിയിടത്ത് ജോർജ് മകൻ ലിജോ

ജോർജിന്റെ ഏക മകനാണ് ലിജോ.

## II A4. പുതിയിടത്ത് മത്ത മകൻ ചാക്കോച്ചൻ (ജെയിംസ്)

മത്തയുടെ നാലാമത്തെ മകനാണ് ചാക്കോച്ചൻ എന്ന് വിളിക്കുന്ന ജെയിംസ്. മാങ്കുളം കിഴക്കേൽ ജോസഫിന്റെ മകൾ ബിൻസി (മറിയം) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. അപ്പു, (മാത്യു), അമ്മു (അന്നമ്മ), അമലു. അമ്മു രണ്ടര വയസ്സുള്ളപ്പോൾ മരണമടഞ്ഞു.

## II A4a. പുതിയിടത്ത് ചാക്കോച്ചൻ മകൻ അപ്പു (മാത്യു)

ചാക്കോച്ചന്റെ ഏകമകനാണ് അപ്പു എന്ന് വിളിക്കുന്ന മാത്യു.

## II B. പുതിയിടത്ത് കൊച്ചുകുട്ടി മകൻ മർക്കോസ്

കൊച്ചുകുട്ടിയുടെ രണ്ടാമത്തെ മകനാണ് മർക്കോസ്. മാങ്കുളത്തു താമസിക്കുന്നു. ചിറക്കടവ് വാളിക്കൽ ജോൺ മകൾ ത്രേസ്യായെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് ആൺമക്കളും, അഞ്ച് പെൺ മക്കളുമടക്കം എട്ട് മക്കൾ. മാത്യു, ബേബി (ജോൺ), ടോമി (ഡോമിനിക്) എന്നിവരാണ് ആൺ മക്കൾ. മേഴ്സി (മോളി), ജെസ്സി (ത്രേസ്യാ), ലീന, ഷാജി, സൂസൻ എന്നിവരാണ് പെൺ മക്കൾ. മൂത്ത മകളായ മേഴ്സിയെ അടിമാലി ആയിരം ഏക്കറിൽ, പുന്നന്താനത്ത് മാത്യു വിവാഹം ചെയ്തു. രണ്ടാമത്തെ മകൾ ജെസ്സിയെ വാഴക്കുളം കൊല്ലിക്കടവിൽ എമ്മാനുവലും മൂന്നാമത്തെ മകൾ ലീനയെ കാളിയാർ അമ്മിയാനിയിൽ തോമസും നാലാമത്തെ മകൾ ഷിജിയെ ആനക്കുളം പീടികയിൽ ജേക്കബും വിവാഹം ചെയ്തു.

## II B1. പുതിയിടത്ത് മർക്കോസ് മകൻ മാത്തുക്കുട്ടി (മാത്യു)

മർക്കോസിന്റെ മൂന്ന് ആൺമക്കളിൽ മൂത്ത മകനാണ് മാത്തുക്കുട്ടി. തൊടുപുഴ കോ-ഓപ്പറേറ്റീവ് കോളേജിൽ അദ്ധ്യാപകനാണ്. അതിരംപുഴ മണ്ണംചേരിൽ ദേവസ്യയുടെ മകൾ റോസമ്മയാണ് ഭാര്യ. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. അജു, അജിത്.

## II B2. പുതിയിടത്ത് മർക്കോസ് മകൻ ബേബി (ജോൺ)

പുതിയടത്ത് മർക്കോസിന്റെ രണ്ടാമത്തെ മകനാണ് ബേബി എന്നു വിളിക്കുന്ന ജോൺ. മാങ്കുളം, അറക്കുളം പാലക്കാട്ടു കുന്നേൽ മേരിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകൾ ട്രീസ.

## II B3. പുതിയിടത്ത് മർക്കോസ് മകൻ ടോമി (ഡോമിനിക്)

മർക്കോസിന്റെ മൂന്നാമത്തെ മകനാണ് ടോമി. കമ്പിളികണ്ടം പടിഞ്ഞാറെകൈതക്കൽ എൽസിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ഡെയിസി, ഡെനിൽ. 1997-ൽ ടോമി മരിച്ചു.

## II C. പുതിയിടത്ത് കൊച്ചുകുട്ടി മകൻ ചാക്കോ

കൊച്ചുകുട്ടിയുടെ മൂന്നാമത്തെ മകനാണ് ചാക്കോ. കാഞ്ചിയാർ കൊച്ചുകരിമ്പനാൽ അപ്രേൽ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഏഴു മക്കൾ. രണ്ട് ആണും അഞ്ച് പെൺ മക്കളും. ജോസ്, ജോപ്പച്ചൻ (അബ്രാഹം) എന്നിവരാണ് ആൺ മക്കൾ. ആനിയമ്മ, മറിയാമ്മ, കുഞ്ഞമ്മിണി (ത്രേസ്യാ).

റോസമ്മ, സുജ എന്നിവർ പെൺമക്കളും. മൂത്ത മകൾ ആനിയമ്മയെ കൊച്ചറ നന്തികാട്ടിൽ ചാക്കോയും, രണ്ടാമത്തെ മകൾ മറിയാമ്മയെ ഏന്തയാർ ആനമലയിൽ സെബാസ്റ്റ്യനും, മൂന്നാമത്തെ മകൾ കുഞ്ഞമ്മിണിയെ മണിമല പൊരുന്നുക്കാട്ട് ജോയിയും നാലാമത്തെ മകൾ റോസമ്മയെ നെടുങ്കണ്ടം കുളങ്ങര ചാക്കോയും (മോനിച്ചൻ) അഞ്ചാമത്തെ മകൾ സുജ (ലൂസി) യെ കൂവപ്പള്ളി ആലപ്പാട്ട് പോൾ (പാപ്പച്ചൻ) ഉം വിവാഹം ചെയ്തു.

## II C1. പുതിയിടത്ത് ചാക്കോ മകൻ ജോസ്

ചാക്കോയുടെ മൂത്ത മകനാണ് ജോസ്. അമ്പാറനിരപ്പേൽ നടുത്തൊട്ടിയിൽ കൊച്ചിന്റെ മകൾ മോളിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ട് മക്കൾ. ജോസ് എന്ന മകനും അൽഫോൻസ എന്ന മകളും.

## II C2. പുതിയിടത്ത് ചാക്കോ മകൻ ജോപ്പച്ചൻ (അബ്രാഹം)

ചാക്കോയുടെ രണ്ടാമത്തെ മകനാണ് ജോപ്പച്ചൻ. ചങ്ങനാശ്ശേരി വടക്കുമുറിയിൽ ജോസഫിന്റെ മകൾ സാലിയമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. ലിജോ (ചാക്കോ), ലിജി (അൽഫോൻസ), ലിഷ (തെരേസ).

## II D. പുതിയിടത്ത് കൊച്ചുകുട്ടി മകൻ കുഞ്ഞൗത (ജോസഫ്)

കൊച്ചുകുട്ടിയുടെ നാലാമത്തെ മകനാണ് കുഞ്ഞൗതയെന്ന് വിളിക്കുന്ന ജോസഫ്. കുന്നോന്നി തോട്ടപ്പള്ളിൽ ദേവസ്യാ മകൾ റോസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് രണ്ട് മക്കൾ ജിജി (മാത്യു), നിഷ. കാഞ്ഞിരപ്പള്ളി പുളിക്കൽ ലിജോ നിഷയെ വിവാഹം ചെയ്തു. കുഞ്ഞൗതയും റോസമ്മയും 2008-ൽ മരണമടഞ്ഞു. കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിയിലെ സിമിത്തേരിയിൽ ഇരുവരെയും സംസ്കരിച്ചു.

## II D1. പുതിയിടത്ത് കുഞ്ഞൗത മകൻ ജിജി (മാത്യു)

കുഞ്ഞൗതയുടെ ഏക മകനാണ് ജിജി. ആനക്കുളം കാരക്കാട്ടുപറമ്പിൽ ജോസഫിന്റെ മകൾ ത്രേസ്യാ (ബീന) യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മൂന്ന് മക്കൾ. ആശിസ് (ജോസഫ്), അശ്വിൻ (ഇമ്മാനുവൽ), അലൻ (മാത്യു).

# നടുക്കര



ജോസഫ് (കുട്ടൻ) ഭാര്യ റോസ



ജോസഫ് മകൻ തോമസ് (കുട്ടി) ഭാര്യ ഏലി



തോമസ് മകൻ ഡോ. എൻ. ജോസ് ചന്ദർ ഭാര്യ ആലീസ്

# നടുക്കര



ഡോ. എൻ. ജോസ് ചന്ദർ മകൻ റോജൻ ഭാര്യ ജെസ്സി
മക്കൾ നീതി ലിസ്സ, ദിവ്യ റോസ്



തോമസ് മകൻ ജോയി നടുക്കര ഭാര്യ സിസിലി സഹോദരി
റോസിലി, മക്കൾ, കൊച്ചുമക്കൾ എന്നിവരൊപ്പം.
(ഇടത്തുനിന്ന്) റോണി മൈക്കിൾ സുനേഷ്, റൂത്ത്
എത്സാ സുനേഷ്, റോൺ മാത്യു സുനേഷ്, റിയാ മരിയാ സുനേഷ്,
ആൻമരിയാ സുനേഷ്, സുനേഷ് ജോയി, റെൻസൺ
മനേഷ്, മനേഷ് ജോയി, ദീപാ മനേഷ്, റെയോണാ മനേഷ്

# നടുക്കര



തോമസ് മകൻ
ജോർജ് ഭാര്യ ടെസ്സി,
മക്കൾ ലിസ്സാ മരിയാ
(സിന്ധു), ദീപ്തി

വർഗ്ഗീസ്
ഭാര്യ മറിയം





വർഗ്ഗീസ് മകൻ
എബ്രാഹം
ഭാര്യ മേരി

# നടുക്കര



വർഗ്ഗീസ് മകൾ ഷിനി ഭർ
ത്താവ് ഷാജു



വർഗ്ഗീസ് മകൻ ജോർജ് ഭാര്യ മേരിക്കുട്ടി മകൻ രോഹിത്
ജോർജ്ജ് & ലിജിയ, ജോർജ് മകൾ മഞ്ജു

# നടുക്കര



ജോസഫ് മകൻ
എബ്രാഹം
ഭാര്യ മറിയാമ്മ

എബ്രാഹം മകൻ
ജോസ്, ഭാര്യ മേരി
മക്കൾ ഷാരോൺ,
ഷാലറ്റ്





എബ്രാഹം മകൻ തോമസ് (മാമ്മച്ചൻ) ഭാര്യ സെലിൻ
മക്കൾ രഞ്ചു, രേണു

# നടുക്കര



എബ്രാഹം മകൻ സണ്ണി ഭാര്യ ഷേർളി
മക്കൾ സൗമ്യ, സിമ്യ



എബ്രാഹം മകൻ ടോമി




എബ്രാഹം മകൻ ജോർജ്ജ്കുട്ടി ഭാര്യ
റോസിലി, മക്കൾ നീതു, നീനു

# നടുക്കര



ജോസഫ് മകൻ
ജോസഫ് ഭാര്യ
അന്നക്കുട്ടി


ജോസഫ് മകൻ
ജോഷി ഭാര്യ
ബിൻസി മക്കൾ
പീറ്റർ, ഗീവർഗ്ഗീസ്,
അക്കു





ജോസഫ് മകൻ
മാത്യൂസ് ഭാര്യ
അച്ചാമ്മ

# നടുക്കര



മാത്യൂസ് മകൻ ജോഷി ഭാര്യ റാണി
മക്കൾ മാത്യൂസ്,ടെസ്സാ



മാത്യൂസ് മകൻ ജോബി ഭാര്യ അഞ്ജലിമകൻഏബൽ

# പുതിയേടത്ത്



പുതിയേടത്ത് പി. എം. ജോസഫ്
& ഫാമിലി



ഫാ. മാത്യു ജൂണിയർ



ബിജു & ഫാമിലി

# പുതിയേടത്ത്




പുതിയേടത്ത്
രജു & ഫാമിലി





പുതിയേടത്ത്
സജു & ഫാമിലി



പുതിയേടത്ത്
അജു & ഫാമിലി

# പുതിയേടത്ത്



ഫാ. മാത്യു പുതിയടം



സി. എൽസിറ്റ പുതിയടം



പുതിയേടത്ത്
അവിരാച്ചൻ
& ഫാമിലി

പുതിയേടത്ത്
ഷാജി & ഫാമിലി



# പുതിയേടത്ത്



പുതിയേടത്ത് അപ്പച്ചൻ & ഫാമിലി



പുതിയേടത്ത് തോമച്ചൻ & ഫാമിലി



പുതിയേടത്ത് പാപ്പച്ചൻ & കത്രീന

# പുതിയേടത്ത്



പുതിയേടത്ത്
പാപ്പച്ചൻ & കത്രീന



സി. റോസ് ജെയിംസ്



പുതിയേടത്ത് തോമാച്ചൻ & ഫാമിലി

# പുതിയേടത്ത്



പുതിയേടത്ത് തങ്കച്ചൻ & ഫാമിലി



പുതിയേടത്ത്
ജോസ് ചാക്കോ



പുതിയേടത്ത്
ബേബി ജോസഫ് & ഫാമിലി

# പുതിയേടത്ത്



ലാലിച്ചൻ ജോസഫ് & ഫാമിലി



ജോണി ജോസഫ് & ഫാമിലി

# പുതിയേടത്ത്



സി. ആൻസി മേരി



തങ്കച്ചൻ മാത്യു & ഫാമിലി



ജോയിസ് & ഫാമിലി

# ഉപസംഹാരം

ഉറവിടങ്ങളെ നിർഭയം അംഗീകരിക്കുക

"നീ ആ ശാഖകളെക്കാൾ വലിയവനാണ് എന്ന് അഭിമാനിക്കരുത്. അഭിമാനിക്കുന്നെങ്കിൽ, നീ വേരിനെ താങ്ങുകയല്ല, വേരു നിന്നെ താങ്ങുകയാണ് എന്ന് ഓർത്തുകൊള്ളുക" (റോമാ 11,18). ബൈബിളിലെ ഈ വാക്യം ചരിത്രരചനയുടെ പല ഘട്ടങ്ങളിലും ഞാൻ അനുസ്മരിച്ചിട്ടുണ്ട്. ഓരോ ശാഖയുടേയും ചരിത്രരചന നടത്തുമ്പോൾ തങ്ങളെക്കുറിച്ച് അവർ പുലർത്തുന്ന അഭിമാനബോധം അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ചില അവസരങ്ങളിൽ, പ്രസ്തുത അഭിമാനബോധം എന്നെ സങ്കടപ്പെടുത്തിയിട്ടുമുണ്ട്. ഒരു കുടുംബം മറ്റൊരു ശാഖാകുടുംബത്തെ വേണ്ടത്ര ആദരവോടെ അംഗീകരിക്കാത്ത സന്ദർഭങ്ങളിലാണ് ദുഃഖം തോന്നിയത്. നിലയ്ക്കലിൽ, മാർത്തോമ്മാ ശ്ലീഹായിൽ നിന്നും വിശ്വാസം സ്വീകരിച്ചവരും അവരുടെ പിൻമുറക്കാരും നമ്മുടെ വേരുകളാണ്. അവർ ഒരുക്കിത്തന്ന വിശ്വാസകുടുംബ വൃക്ഷത്തിന്റെ ശാഖകളായിട്ടാണ് ഇന്ന് 22 കുടുംബങ്ങൾ അഭിമാനപൂർവം ജീവിക്കുന്നത്. നമ്മുടെ ഉറവിടങ്ങളെ നിർഭയം അംഗീകരിക്കുകയും പരസ്പരം ബഹുമാനിക്കുന്നതിൽ മുന്നിട്ടു നിൽക്കുകയും ചെയ്യാം (റോമാ 12,10).

ഈ ചരിത്രരചനയിൽ നമ്മുടെ ഉറവിടങ്ങളിലെ ചരിത്രസത്യങ്ങൾ അനിഷേധ്യമായി നിലനില്ക്കും. കൈമാറപ്പെട്ട പാരമ്പര്യങ്ങൾക്കും മൂല്യമുണ്ട്. നസ്രാണിപൈതൃകം സ്വന്തമാക്കാൻ കഴിഞ്ഞ ഒരു മൂലകുടുംബത്തിന്റെ ജീവിതയാത്രയിൽ കൃഷിയും കച്ചവടവും ഉപജീവനമാർഗ്ഗങ്ങളായിരുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. നമ്മുടെ പൂർവികർ 'മണ്ണിൽ  പൊന്ന് വിളയിച്ചവർ' തന്നെ. നിലയ്ക്കലിലെ കുരുമുളക് കൃഷിയും കച്ചവടവും പൂഞ്ഞാറിലും തുടർന്നു. എവിടെയെല്ലാം ഈ കുടുംബത്തിന്റെ ശാഖകൾ

ഇടംകണ്ടെത്തിയോ അവിടെയെല്ലാം അവർ അഭിമാനബോധമുള്ള കർഷകരായിരുന്നു. ഇക്കാര്യത്തിൽ നമുക്ക് സന്തോഷിക്കാം. ആധുനികലോകത്തിന്റെ അടയാളങ്ങൾ തിരിച്ചറിയാനും വിവിധ മേഖലകളിൽ പ്രവർത്തിക്കുവാനും നമ്മുടെ കുടുംബാംഗങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. ചരിത്രഗതിയിൽ, ജീവിതശൈലിയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായാലും ഈ മണ്ണിനേയും മനുഷ്യനേയും ദൈവമഹത്ത്വത്തിന് യോഗ്യമാക്കുന്നതിൽ നമുക്ക് ശ്രദ്ധ വേണം. ആധുനികകാലത്ത്, സഭാജീവിതത്തിലും സാമൂഹികജീവിതത്തിലും വ്യക്തിമുദ്രപതിപ്പിച്ചവർ നമ്മുടെ കുടുംബത്തിൽ ധാരാളമുണ്ട്. തൊഴിൽരംഗത്തും വിദ്യാഭ്യാസരംഗത്തും പ്രശോഭിച്ചവർ നിരവധിയാണ്. നമ്മുടെ വരുംതലമുറയിൽ സഭാസ്നേഹം ജീവിതശൈലിയാക്കി സമർപ്പിതജീവിതം നയിക്കുന്നവർ ധാരാളം ഉണ്ടാകണം. രാഷ്ട്രീയരംഗത്ത് കറയില്ലാത്ത വ്യക്തിത്വം പുലർത്തുന്നവർ വളർന്നുവരണം. രാഷ്ട്രസുരക്ഷയ്ക്കും രാജ്യസേവനത്തിനും ഉതകുന്ന വ്യക്തിത്വം പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കണം. അങ്ങനെ ഇഞ്ചക്കാട്ട് കുടുംബത്തിന് സഭയിലും രാഷ്ട്രത്തിലും ശ്രദ്ധാർഹമായ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയട്ടെ എന്ന് ആശിക്കുന്നു.

ചരിത്രഗ്രന്ഥമായതിനാൽ തെറ്റുകുറ്റങ്ങൾക്ക് അധീതമായിരിക്കേണ്ടതാണ് ‘മണ്ണിൽ പൊന്ന് വിളയിച്ചവർ’. ഏതെങ്കിലും മേഖലയിൽ കുറവുകൾ വന്നിട്ടുണ്ടെങ്കിൽ ആയത് ചൂണ്ടിക്കാണിക്കാനും മാന്യവായനക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ചരിത്രരചനയോട് ബന്ധപ്പെട്ടാണ് ശാഖാകുടുംബങ്ങൾ കൂടുതൽ അടുത്ത് പരിചയപ്പെട്ടത്. ഈ പരിചയവും നിഷ്കളങ്കമായ സ്നേഹവും നമ്മിൽ വലിയ അഭിമാനബോധവും സന്തോഷവും ഉളവാക്കി. കുടുംബചരിത്രം പൂർത്തിയാകുന്നില്ല. ചരിത്രരചന ആരംഭിച്ച കാലത്ത് സഹകരിച്ച പലരും ഈ ലോകത്തോട് വിടപറഞ്ഞു. പുതിയപൂക്കൾ ധാരാളം വിരിഞ്ഞു. നാളെയും ഇക്കാര്യങ്ങൾ തുടരും. പക്ഷേ, എഴുതപ്പെട്ട ചരിത്രം ഇഞ്ചക്കാട്ട് കുടുംബങ്ങൾക്കുള്ള പൊതുസമ്പത്തായി നിലനില്ക്കും.

# കൃതജ്ഞത

ഏകദേശം രണ്ടു വ്യാഴവട്ടക്കാലം നെഞ്ചോടു ചേർത്തു വച്ച ഒരു സ്വപ്നമാണ് ഇഞ്ചക്കാട്ട് കുടുംബചരിത്രം. ആരംഭം മുതൽ ഇക്കാര്യത്തിൽ സർവ്വാത്മനാ സഹകരിക്കുവാൻ കഴിഞ്ഞതിൽ അനല്പമായ ചാരിതാർത്ഥ്യമുണ്ട്. ഇഞ്ചക്കാട്ട് കുടുംബത്തെ തന്റെ ഉള്ളം കൈയിൽ സംരക്ഷിക്കുന്ന ഉടയതമ്പുരാൻ ചരിത്രരചന എന്ന ഞങ്ങളുടെ ഉദ്യമത്തെ ആശീർവ്വദിച്ചു എന്നതിൽ സംശയമില്ല. കുടുംബയോഗത്തിന്റെ രക്ഷാധികാരി അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശങ്ങളും നന്ദിയോടെ അനുസ്മരിക്കുന്നു. കുടുംബയോഗത്തിന്റെ പ്രസിഡന്റ് അഡ്വ. ശ്രീ ജോയി നടക്കരയുടെ പങ്കാളിത്തം പ്രശംസനീയമാണ്. ചരിത്രകമ്മിറ്റി ചെയർമാൻ ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ എനിക്കും കമ്മിറ്റിക്കാർക്കും എപ്പോഴും പ്രചോദനം നല്കുന്ന സാന്നിധ്യമാണ്. ഇവർ മൂന്നു പേരോടുമുള്ള നന്ദി നിസ്സീമമാണ്.

ചരിത്ര കമ്മിറ്റി അംഗമായ ശ്രീ എം.എം. ജോസഫ് മൂഴിയാങ്കൽ പ്രായത്തെ വെല്ലുന്ന തീക്ഷ്ണതയാണ് ചരിത്രരചന എന്ന സംരംഭത്തിൽ പ്രകടമാക്കിയത്. ശാഖാകുടുംബങ്ങളെ നേരിട്ടു കാണുവാനും വിശദാംശങ്ങൾ ശേഖരിക്കുവാനും അദ്ദേഹം നടത്തിയിട്ടുള്ള ദീർഘയാത്രകൾ എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങളായ റോയി പള്ളിപ്പറമ്പിൽ, സണ്ണി വലിയ പരയ്ക്കാട്ട്, ജോഷി മൂഴിയാങ്കൽ എന്നിവർ ചരിത്രരചനയിൽ തികഞ്ഞ ആത്മാർത്ഥത പുലർത്തിയവരാണ്. ഒത്തിരി നന്ദി! ഓരോ ശാഖയുടേയും ഭാരവാഹികൾ ഇക്കാര്യത്തിൽ പ്രകടമാക്കിയ താല്പര്യം നന്ദിപൂർവം ഓർക്കുന്നു.

ചരിത്രരചന പൂർത്തിയായപ്പോൾ പുസ്തകത്തിന്റെ പ്രിന്റിംഗ് തീർക്കുന്ന കാര്യവും പ്രകാശനപരിപാടിയും എക്സി

ക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ചചെയ്തു. ഓരോ ശാഖാകുടുംബവും തങ്ങളുടെ സാഹചര്യമനുസരിച്ച് ഇക്കാര്യത്തിൽ സഹകരിക്കുവാൻ തയ്യാറായി. പുസ്തകത്തിന്റെ അച്ചടിയും പുസ്തകപ്രകാശന സമ്മേളനത്തിനുമായി കുടുംബങ്ങൾ പങ്കുവച്ച തുക ഇവിടെ കുറിക്കുന്നത് ഹൃദയംനിറയെ നന്ദിയുള്ളതിനാലാണ്. മൂഴിയാങ്കൽ (68600), കല്ലുവരപ്പറമ്പിൽ (10000), തടവനാൽ (26000), കല്ലോലിൽ(15000), കൊച്ചുപുരയ്ക്കൽ (7500), വയലിൽ (30000), വയലിൽ കോരോട്ട് (5000), പള്ളിപ്പറമ്പിൽ (50000), അരയത്തിനാൽ (10000), പുതുപ്പള്ളി-ഇഞ്ചക്കാട്ട് (20000), കൊടുവയലിൽ (29000), തയ്യിൽ (20000), കൊല്ലംപറമ്പിൽ (6000), വലിയപരയ്ക്കാട്ട് (20000), കരിയാപുരയിടം (20000), മാലിയ്ക്കൽ (20000), കോച്ചേരിൽ (20000), അടിമാക്കീൽ (22000), ആനിക്കുഴിക്കാട്ടിൽ (50000), നടക്കര (30000), പുതിയിടത്ത് (12000).

2019 മെയ് 18-ന് പുസ്തകപ്രകാശനം നിശ്ചയിച്ചിട്ടുണ്ടല്ലോ. നമുക്ക് അഭിമാനപൂർവം നമ്മുടെ ചരിത്രപുസ്തകം 'മണ്ണിൽ പൊന്നുവിളയിച്ചവർ' - നമ്മുടെ മക്കൾക്ക് നല്കാം. പൂർവ്വികരുടെ സ്മരണ അവർക്ക് ഉണർവ് തരുന്നതാകട്ടെ. നമ്മുടെ മക്കളും വിശ്വാസജീവിതത്തിലും സമൂഹജീവിതത്തിലും ഔന്നത്യം കാത്തുസൂക്ഷിക്കുവാൻ ചരിത്രബോധം ഉപയുക്തമാകട്ടെ.

സഹകരിച്ച ഓരോരുത്തർക്കും നന്ദി!

**റ്റോമി സക്കറിയാസ്**
ആടിമാക്കീൽ
ചരിത്രകമ്മിറ്റി കൺവീനർ

# ചരിത്ര സ്രോതസ്സുകൾ

1. വെരി.റവ.ഫാ.ഡോ.തോമസ് അരയത്തിനാൽ - A Short History of Irapuzhai or Aruvithura Church, Aruvithura, 1953.

2. റവ.ഫാ.സെബാസ്റ്റ്യൻ കിടങ്ങുതാഴെ (എഡിറ്റർ), കാലത്തിന്റെ കുറിമാനം - മറ്റക്കാട്ട്

3. ഇഞ്ചക്കാട്ട് കുടുംബചരിത്രം

4. കൊടുവയലിൽ കുടുംബചരിത്രം

5. തയ്യിൽ കുടുംബചരിത്രം

6. റ്റോമി ആടിമാക്കീൽ, ആടിമാക്കീൽ കുടുംബവും പുരാതന ക്രൈസ്തവസമൂഹവും, 2014 (കുടുംബചരിത്രം)

7. കൊല്ലംപറമ്പിൽ ജോസഫ് സേവ്യർ കൈവശം സൂക്ഷിക്കുന്ന 'ഇഞ്ചക്കാട്ട് കുടുംബ ചരിത്ര പേടകം'

8. ഇമ്മാനുവേൽ സേവ്യർ, കൊല്ലംപറമ്പിൽ (പബ്ലിഷർ), ഇഞ്ചക്കാടൻ കുറിമാനത്തിലൂടെ

9. പൂഞ്ഞാർ രാജകുടുംബ ചരിത്ര രേഖകൾ - തിരുവനന്തപുരം കവടിയാർ രാജകൊട്ടാരത്തിൽ സൂക്ഷിക്കുന്നു.

10. 1913 ൽ മാലിക്കൽ മാത്യു എഴുതിയ മരണപത്രം.

11. റവ.സി. ബനീഞ്ഞ കരിയാപുരയിടം സി.എം.സി. - കുടുംബ ചരിത്രം, 2005.